കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 മാർച്ച് 6, തിങ്കൾ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 191 - നമ്പർ 14

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 മാർച്ച് 6, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി	: ശ്രീ. അഹമ്മദ് ദേവർകോവിൽ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. ആന്റണി രാജു
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. കെ. രാധാകൃഷ്ണൻ
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം **പേജ്**

I. **ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

II. **അടിയന്തരപ്രമേയം**

ഏഷ്യാനെറ്റ് ന്യൂസിന്റെ കൊച്ചി റീജിയണൽ ഓഫീസിലെ എസ്.എഫ്.ഐ. ആക്രമണം

- ശ്രീ. പി. സി. വിഷ്ണുനാഥ്

(അവതരണാനുമതി നിഷേധിച്ചു)

III. **ശ്രദ്ധ ക്ഷണിക്കൽ**

1. ഇ-പോസ് മെഷീനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി റേഷൻ വിതരണം കുറ്റമറ്റതാക്കൽ

- ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

2. മലപ്പുറം ജില്ലയിൽ ആരോഗ്യമേഖല നേരിടുന്ന വെല്ലുവിളി

- ശ്രീ. പി. അബ്ദുൽ ഹമീദ്

IV. **സബ്മിഷൻ**

1. ബ്രഹ്മപുരം മാലിന്യപ്ലാന്റിലെ തീപിടുത്തം

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

2. ആശാ വർക്കർമാരുടെ പ്രശ്നങ്ങൾ

- ശ്രീ. രമേശ് ചെന്നിത്തല

3. ചക്കിട്ടപ്പാറ ഐ.ടി.ഐ. കെട്ടിട നിർമ്മാണം

- ശ്രീ. ടി. പി. രാമകൃഷ്ണൻ

4. ആയിരവല്ലി പാറ ഖനനം

- ശ്രീ. ജി. എസ്. ജയലാൽ

5. കാരോട്-കുളത്തൂർ കുടിവെള്ള പദ്ധതി

- ശ്രീ. കെ. ആൻസലൻ

6. നട്ടിക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്

- ശ്രീ. എം. വിജിൻ

7. കടുവ ആക്രമണം

- ശ്രീ. ഐ. സി. ബാലകൃഷ്ണൻ

8. തൃശ്ശൂർ ജില്ലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ

- ശ്രീ. എ. സി. മൊയ്തീൻ

9. തിരുവല്ല ബൈപാസിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് പദ്ധതി

- ശ്രീ. മാത്യു ടി. തോമസ്

10. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ വിവിധ റോഡ് പ്രവൃത്തികൾ
- ശ്രീ. നജീബ് കാന്തപുരം

V. ധനകാര്യം

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ V	–	ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും
ധനാഭ്യർത്ഥന നമ്പർ VI	–	ഭൂനികുതി
ധനാഭ്യർത്ഥന നമ്പർ VII	–	മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും
ധനാഭ്യർത്ഥന നമ്പർ XI	-	ജില്ലാഭരണവും പലവകയും
ധനാഭ്യർത്ഥന നമ്പർ XXI	-	ഭവനനിർമ്മാണം
ധനാഭ്യർത്ഥന നമ്പർ XXVI	-	പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്
ധനാഭ്യർത്ഥന നമ്പർ XXVIII	-	പലവക സാമ്പത്തിക സർവ്വീസുകൾ

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 മാർച്ച് 6, തിങ്കൾ

വാല്യം 191} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 14

നിയമസഭ 2023 മാർച്ച് മാസം 6-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *331

സംരംഭക വർഷം പദ്ധതി

1(*331) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതി പ്രതീക്ഷിത ലക്ഷ്യത്തിലുമേറെ നേട്ടം കൈവരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയെക്കുറിച്ച് ചില കേന്ദ്രങ്ങൾ നടത്തുന്ന ദുഷ്പ്രചാരണം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വ്യവസായ വികസനം അസാധ്യമാക്കാൻ ചില നിക്ഷിപ്ത താത്പര്യക്കാർ നിക്ഷേപകരെ പിന്തിരിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കണോമിക് റിവ്യൂ പ്രകാരം വ്യവസായ മേഖലയിലും ഉല്പന്ന നിർമ്മാണ മേഖലയിലും സംസ്ഥാനം കൈവരിച്ച വളർച്ചാ നിരക്ക് എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) അൻപത് കോടിയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ ഏഴ് ദിവസത്തിനകം അനുമതി നൽകുമെന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച നിക്ഷേപ വാഗ്ദാനത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) 2022-23 സംരംഭക വർഷമായി കേരളാ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് പരമാവധി ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ലക്ഷം സംരംഭങ്ങൾ എന്ന ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ മാർച്ച് 1 വരെയുള്ള കണക്കുപ്രകാരം 134558 പുതിയ

സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്ത് 8039.27 കോടി രൂപയുടെ നിക്ഷേപവും 288769 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. സംരംഭക വർഷം പദ്ധതി വഴി ലക്ഷ്യമിട്ടതിനെക്കാളും കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

രാജ്യത്തിന്റെ ചരിത്രത്തിൽതന്നെ ചുരുങ്ങിയ കാലയളവിനുള്ളിൽ സൃഷ്ടിക്കപ്പെട്ട സംരംഭങ്ങളുടെ എണ്ണത്തിലും, സർക്കാർ ഒരുക്കി നൽകിയ പശ്ചാത്തല സൗകര്യം, വനിതാ സംരംഭകരുടെ എണ്ണം തുടങ്ങിയ നിരവധി റെക്കോർഡുകൾ സൃഷ്ടിച്ച ഈ പദ്ധതിയെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി അദ്ധ്യക്ഷത വഹിച്ച സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ ദേശീയ കോൺഫറൻസിൽ രാജ്യത്തെ 'ബെസ്റ്റ് പ്രാക്ടീസായി' അംഗീകരിച്ചുകൊണ്ട് അവതരിപ്പിച്ചിരുന്നു. പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (ഇക്കോ സിസ്റ്റം) സൃഷ്ടിക്കുകയെന്നുള്ളതാണ് സംരംഭക വർഷം പദ്ധതിയുടെ ആത്യന്തികമായ ലക്ഷ്യം. സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുകയെന്നതിലുപരി സംരംഭങ്ങൾ തുടങ്ങാൻ അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്നുള്ളതാണ് പ്രധാനം. 2022 ഏപ്രിൽ 1 മുതൽ പ്രവർത്തനം തുടങ്ങിയ എല്ലാ സംരംഭങ്ങളുടെയും

വിവരങ്ങൾ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പോർട്ടലിൽ ശേഖരിക്കുന്നുണ്ട്. വിരലിലെണ്ണാവുന്ന ചില സംരംഭങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് പദ്ധതിക്കെതിരെ പ്രചാരണങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അവ വസ്തുതാപരമാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. സംരംഭക വർഷത്തിന്റെ ഭാഗമായി തുടങ്ങിയ സംരംഭങ്ങളുടെ ഡാറ്റ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി കൃത്യമായ ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്.

(ബി) ചില ഒറ്റപ്പെട്ട ശ്രമങ്ങൾ നടക്കുന്നുണ്ട്. എന്നാൽ, പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (ഇക്കോ സിസ്റ്റം) സൃഷ്ടിക്കുകയെന്നുള്ളതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ഇതിനുവേണ്ട വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നയങ്ങൾ, വിവിധ പരിശീലന പരിപാടികൾ, വിപണനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ എന്നിവ കൂടാതെ സംരംഭക വർഷത്തിന്റെ ഭാഗമായുള്ള വിവിധ പദ്ധതികളും ഈ മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിരിക്കുന്നു.

വ്യവസായ വികസനം സാധ്യമാക്കുന്നതിനായി സർക്കാർ നടത്തുന്ന ശ്രമങ്ങൾക്കുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കിക്കൊണ്ട് നിലവിൽ പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കേരളത്തിൽ ആഭ്യന്തര ഉല്പാദനവും തൊഴിൽ/സംരംഭ/നിക്ഷേപ അവസരങ്ങളും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 'മേക്ക് ഇൻ കേരള' പദ്ധതിക്ക് 1000 കോടി രൂപ അധികമായി പ്രഖ്യാപിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നിലവിലുള്ള സംരംഭങ്ങളിൽനിന്ന് തെരഞ്ഞെടുത്ത 1000 സംരംഭങ്ങൾക്ക് 4 വർഷംകൊണ്ട് 1,00,000 കോടി രൂപ വിറ്റുവരവ് കൈവരിക്കുന്ന രീതിയിലുള്ള ഒരു സ്കെയിൽ അപ്പ് പദ്ധതി നടപ്പിലാക്കാൻ പോകുന്നു. 2022-23-ൽ 'സംരംഭക വർഷം' പദ്ധതിയിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ ഒരു ലക്ഷത്തിലധികം സംരംഭങ്ങളാണ് സംസ്ഥാനത്ത് പുതുതായി തുടങ്ങിയത്. ഇവയുടെ സുസ്ഥിരതയ്ക്കും വളർച്ചയ്ക്കുമായി വിവിധ പദ്ധതികളും മെന്റർഷിപ് സേവനങ്ങളും ലഭ്യമാകുന്നതാണ്.

(സി) ഇക്കണോമിക് റിവ്യൂ പ്രകാരം വ്യവസായ മേഖലയിലെ വളർച്ചാ നിരക്ക് 17.3 ശതമാനവും ഉല്പന്ന നിർമ്മാണ മേഖലയിലെ വളർച്ചാ നിരക്ക് 18.9 ശതമാനവുമാണ്.

(ഡി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത എം.എസ്.എം.ഇ.-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ആക്ട്, 2021' നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിക്കുകയും ചെയ്തു. ഇപ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും പ്രോസസ്സ് ചെയ്യുന്നതിനും കെ-സ്വിഫ്റ്റിൽ ഒരു പ്രത്യേക മൊഡ്യൂൾ തയ്യാറാക്കിവരുന്നു.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, 'സംരംഭക വർഷം' പദ്ധതി വളരെ അഭിമാനകരമായി മുന്നേറുന്നതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയെയും പ്രത്യേകമായി അഭിനന്ദിക്കുന്നു.

പ്രധാനമന്ത്രി അദ്ധ്യക്ഷത വഹിച്ച ചീഫ് സെക്രട്ടറിമാരുടെ അവലോകനയോഗത്തിൽ ഒരു ലക്ഷം സംരംഭക പദ്ധതിയെക്കുറിച്ച് രാജ്യത്തെതന്നെ ബെസ്റ്റ് പ്രാക്ടീസ് ഇൻ എം.എസ്.എം.ഇ. സെക്ടർ എന്നൊരു വിലയിരുത്തലുണ്ടായി. ഏത് സാഹചര്യത്തിലാണ് അങ്ങനെയൊരു വിലയിരുത്തലുണ്ടായത്?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട പ്രധാനമന്ത്രി ചീഫ് സെക്രട്ടറിമാരുടെ യോഗം വിളിച്ചുചേർക്കുന്നതിന് മുന്നോടിയായി എല്ലാ സംസ്ഥാനങ്ങളോടും ഓരോരോ മേഖലകൾക്കകത്തുള്ള ബെസ്റ്റ് പ്രാക്ടീസ് സമർപ്പിക്കാനാവശ്യപ്പെട്ടിരുന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും വ്യവസായ മേഖലയിൽ അവരവർ കണ്ടിട്ടുള്ള ബെസ്റ്റ് പ്രാക്ടീസ് സമർപ്പിക്കുകയും അതിൽനിന്ന് ഷോർട്ട് ലിസ്റ്റ് ചെയ്ത പദ്ധതികൾ തെരഞ്ഞെടുക്കപ്പെട്ട മുതിർന്ന ഉദ്യോഗസ്ഥരുടെ മുൻപിൽ അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതികൾ പ്രത്യേകമായി പരിശോധന നടത്തിയാണ് എം.എസ്.എം.ഇ. സെക്ടറിലെ ഇന്ത്യയിലെ ബെസ്റ്റ് പ്രാക്ടീസായി ഒരു ലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കാനുള്ള സംസ്ഥാനത്തിന്റെ 'സംരംഭക വർഷം' പദ്ധതി തെരഞ്ഞെടുത്തത്.

ശ്രീ. കെ. വി. സുമേഷ്: സർ, ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതിയുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് വലിയ മുന്നേറ്റമുണ്ടായി. ആരംഭിച്ച സംരംഭങ്ങൾ നിലനിർത്താനും സംരംഭകരെ സഹായിക്കാനും എന്തെല്ലാം തരത്തിലുള്ള പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ പ്രസക്തമായൊരു ചോദ്യമാണ്. നമ്മുടെ രാജ്യത്ത് എം.എസ്.എം.ഇ. സെക്ടറിൽ പുതിയതായി ആരംഭിക്കുന്ന സംരംഭങ്ങളുടെ മോർട്ടാലിറ്റി റേറ്റ് 30 മുതൽ 40 ശതമാനംവരെയാണ്. എന്നാൽ സ്റ്റാർട്ടപ്പുകളുടെ ഇന്ത്യയിലെ മോർട്ടാലിറ്റി റേറ്റ് 80 ശതമാനത്തോളമാണ്. ഇത് രണ്ടും പരിഗണിച്ചുകൊണ്ട് നിലവിൽ ആരംഭിച്ച സംരംഭങ്ങൾ നിലനിർത്തുന്നതിനുള്ള വിവിധ തലത്തിലുള്ള പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഫിനാൻഷ്യൽ മാനേജ്മെന്റ്, ടെക്നോളജി, മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ പ്രശ്നമുണ്ടായാൽ ഉടൻതന്നെ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് പാനൽ ഓഫ് എക്സ്പെർട്ട്സിനെയും പാനൽ ഓഫ് ഇൻസ്റ്റിറ്റ്യൂഷനെയും ലിസ്റ്റ് ചെയ്തിട്ടുണ്ട്. അതിനാവശ്യമായ റെമ്യൂണറേഷൻ

ഗവൺമെന്റ് നൽകുന്നതാണ്. ഇതുകൂടാതെ ഈ സംരംഭങ്ങൾ നിലനിർത്തുന്നതിനായുള്ള വിപുലമായ പദ്ധതിയുടെ ഭാഗമായി മാർച്ച് 31 കഴിഞ്ഞാൽ, അതായത് സംരംഭക വർഷത്തിന്റെ ഈ വർഷത്തെ പ്രധാന പരിപാടി കഴിഞ്ഞാൽ എല്ലാ സംരംഭങ്ങളും നേരിട്ട് സന്ദർശിക്കാൻ ഇന്റേൺസിനോടാവശ്യപ്പെട്ടിട്ടുണ്ട്. സംരംഭങ്ങളിൽ നിലവിൽ കൊമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിച്ചവ, പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവ തുടങ്ങിയവ സംബന്ധിച്ച് വിവിധ കളറുകളിൽ ഓൺലൈനിൽ എന്റർ ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ആവശ്യമായ പിന്തുണ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതുകൂടാതെ ഇവ നിലനിർത്തുന്നതിനുള്ള സസ്റ്റെയിനബിൾ പ്ലാൻ ഈ ബഡ്ജറ്റിന്റെകൂടി ഭാഗമായി അടുത്ത സാമ്പത്തിക വർഷം രൂപീകരിക്കാൻ ആലോചിക്കുന്നുണ്ട്. ആവശ്യമായ ഹാൻഡ്ഹോൾഡ് നൽകിക്കൊണ്ട് നിലവിലുള്ള സംരംഭങ്ങൾ പ്രധാനമായും നിലനിർത്തുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുമായി യോഗം ചേർന്ന് സഹകരണ വകുപ്പുകളുടെ സ്റ്റോർറൂമുകളിലും കൺസ്യൂമർഫെഡിന്റെ ഷോപ്പുകളിലും കേരളത്തിലുല്പാദിപ്പിക്കുന്ന ചെറുകിട സംരംഭങ്ങളുടെ ഉല്പന്നങ്ങൾ

വിറ്റഴിക്കുന്നതിനായി പ്രത്യേകമായൊരു സ്ഥലം കണ്ടെത്താമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുകയും റേഷൻ ഷോപ്പുകളുടെ മുഖം മാറുന്നതിനനുസരിച്ച് അതത് പഞ്ചായത്തുകളിൽ ഉല്പാദിപ്പിക്കുന്ന വിവിധ സ്വഭാവത്തിലുള്ള ഉല്പന്നങ്ങളുടെ വിപണനത്തിനുവേണ്ടി റേഷൻ ഷോപ്പുകളിൽ പ്രത്യേക കൗണ്ടർ ആരംഭിക്കാമെന്ന പൊതുധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ വകുപ്പുകളും ചേർന്ന് ഇത് നിലനിർത്തുന്നതിനുള്ള ഒരു ബൃഹത് പദ്ധതിയാണ് അടുത്ത വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങളും സംരംഭങ്ങളും നിലനിൽക്കില്ലെന്ന് വളരെക്കാലമായി ചില പ്രത്യേക വിഭാഗം ആളുകളും മാധ്യമങ്ങളും പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു മലയാളി സംരംഭകന്റെ ഏറ്റവും വലിയ വെല്ലുവിളി സംരംഭം തുടങ്ങാനുള്ള ആത്മവിശ്വാസം ആർജ്ജിക്കുകയെന്നതാണ്. ഈയൊരു ആക്ഷേപത്തിന് ഒരു പരിധിവരെ വളമിട്ട് കൊടുത്തത് ലൈസൻസെടുത്ത് സംരംഭം ആരംഭിക്കുന്നതിനുള്ള സർക്കാർ നടപടികളും നൂലാമാലകളും ഉദ്യോഗസ്ഥരുടെ മനോഭാവവുമാണ്. എന്നാൽ കേരളത്തെക്കുറിച്ചുള്ള മോശം

കാഴ്ചപ്പാട് മാറ്റി ചെറുതും വലുതുമായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചത്. ഒരു സംരംഭം വിജയിക്കുന്നതിലൂടെ സംരംഭകന്റെ കുടുംബവും അത് സൃഷ്ടിക്കുന്ന തൊഴിലവസരങ്ങളിലൂടെ ഒട്ടനവധി പേരുടെ കുടുംബങ്ങളും സ്വയംപര്യാപ്തത കൈവരിക്കും. ആരംഭിച്ച് 8 മാസംകൊണ്ട് ലക്ഷ്യംകണ്ട പദ്ധതി ഒരു വർഷം പൂർത്തിയാകുമ്പോൾ ഒന്നര ലക്ഷം സംരംഭങ്ങളെന്ന വലിയ റിസൾട്ടിലേയ്ക്കെത്തുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളം നിക്ഷേപസൗഹൃദമല്ലായെന്ന ചീത്തപ്പേര് മാറ്റാനും മലയാളികളുടെ മനസ്സിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും കഴിഞ്ഞതിനോടൊപ്പം കേരളത്തെ നിക്ഷേപകരുടെ പറുദീസയാക്കി മാറ്റാനും ഈ പദ്ധതിക്ക് കഴിഞ്ഞു.

മി. സ്പീക്കർ: പ്രസംഗത്തിനുപകരം ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ ചോദ്യത്തിലേയ്ക്ക് വരികയാണ്. ഇത്തരത്തിൽ മികച്ച രീതിയിൽ മുന്നേറുന്ന മലയാളികളുടെ അഭിമാന പദ്ധതിക്കെതിരെ കേരളത്തിലെ ഒരു പ്രമുഖ മാധ്യമം ഒന്നോ രണ്ടോ ഒറ്റപ്പെട്ട സംഭവങ്ങളെടുത്തുകാട്ടി പദ്ധതിയെയാകെ താറടിക്കുവാനും നിക്ഷേപകരുടെ മനസ്സിൽ ഭീതി നിറയ്ക്കാനും ശ്രമിച്ചു. ഈ കണക്കെല്ലാം

തയ്യാറാക്കുന്ന ഉദ്യോഗസ്ഥർ മനുഷ്യരാണെന്നും അവർക്ക് മിനിമം 0.1 ശതമാനമെങ്കിലും തെറ്റുപറ്റാമെന്ന് കരുതിയാൽപോലും നൂറ് തെറ്റുകൾ ചൂണ്ടിയത് ഉണ്ടാകാമെന്നിരിക്കെ ഒന്നോരണ്ടോ സംരംഭങ്ങളുടെ പേരിൽ കേരള വിരുദ്ധ പ്രചരണമാണ് ഒരു മാധ്യമം സൃഷ്ടിച്ചത്. ഈ വാർത്തയെ പിന്തുടർന്ന് ഒരു ജില്ലയിലെ നിക്ഷേപസംഗമം നടക്കുന്ന സ്ഥലത്തേയ്ക്ക് യൂത്ത്കോൺഗ്രസ് പ്രവർത്തകർ മാർച്ച് നടത്തുകയും സംഘർഷാവസ്ഥ സൃഷ്ടിക്കുകയും ചെയ്തു. (....ബഹളം.....)

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്... പ്രഭാഷണം നടത്താതെ പോയിന്റിലേയ്ക്ക് വരൂ.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പ്രധാനപ്പെട്ടൊരു കാര്യമാണ്. ഒരു മാധ്യമം സൃഷ്ടിച്ച വ്യാജ പ്രചരണത്തിൽപ്പെട്ട് ഒരു ജില്ലയിലെ നിക്ഷേപസംഗമം നടക്കുന്ന സ്ഥലത്തേയ്ക്ക് യൂത്ത് കോൺഗ്രസ് യുവജനപ്രസ്ഥാനം മാർച്ച് നടത്തിയെന്ന ഗൗരവമുള്ള കാര്യമാണ് ഞാൻ ഉന്നയിക്കുന്നത്. ഇത് ശരിയാണോ? നമ്മുടെ നാട്ടിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഗവൺമെന്റ് മുൻകയ്യെടുത്താൽ അതിനെ അനുകൂലിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നതിനുപകരം താറടിക്കാൻ ഒരു മാധ്യമം പ്രത്യേക പ്രതിനിധികളെ അയയ്ക്കുകയാണ്. അത് ഈ നാടിന് അപമാനകരമല്ലേ?

<u>ശ്രീ. പി. രാജീവ്</u>: സർ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിൽ സംരംഭങ്ങൾ സാധ്യമാകും; അതിനനുകൂലമായ നല്ലൊരു അന്തരീക്ഷം ഇവിടെയുണ്ടെന്നൊരു ആത്മവിശ്വാസം സംരംഭക സമൂഹത്തിലും പൊതു സമൂഹത്തിലും സൃഷ്ടിക്കുന്നതിനാണ് സംരംഭക വർഷം പദ്ധതി ആവിഷ്കരിച്ചത്. ആ പദ്ധതിക്ക് എല്ലാ വകുപ്പുകളുടെയും ഏകോപനമാണ് ഏറ്റവും പ്രധാനമായി വേണ്ടത്. തദ്ദേശസ്വയംഭരണം, കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, വിനോദസഞ്ചാരം, തൊഴിൽ, ധനകാര്യം തുടങ്ങിയ വകുപ്പുകളെയെല്ലാം ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനത്തിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല സമിതിയും എല്ലാ ജില്ലകളിലും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ അദ്ധ്യക്ഷരായ സമിതിയും നിയോജകമണ്ഡലങ്ങളിൽ എം.എൽ.എ.-മാർ അദ്ധ്യക്ഷരായ സമിതിയും രൂപീകരിച്ചിരുന്നു. കക്ഷി രാഷ്ട്രീയത്തിനും മുന്നണി വ്യത്യാസത്തിനുമതീതമായി എല്ലാ എം.എൽ.എ.-മാരും അതത് മണ്ഡലങ്ങളിലെ റിവ്യൂ മീറ്റിംഗുകളിലും വിവിധ പരിപാടികളിലും പങ്കെടുത്തിട്ടുണ്ട്. ചില എം.എൽ.എ.-മാർ നമ്മൾ ആവിഷ്കരിച്ചതിലുമപ്പുറത്തേയ്ക്ക് സംരംഭകരെത്തന്നെ പ്രത്യേകം ക്ഷണിച്ചുകൊണ്ട് വലിയ സംരംഭക സംഗമം നടത്തിയിരുന്നു. പഞ്ചായത്ത്

ഭരണസമിതികളും നല്ല രീതിയിൽ പ്രവർത്തിച്ചു. ഇന്റേണുകൾ പഞ്ചായത്തുകൾക്കകത്താണ് പ്രവർത്തിച്ചത്. ഇതിന്റെയെല്ലാം ഭാഗമായി സംരംഭക സമൂഹത്തിൽ നല്ല ആത്മവിശ്വാസം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ റാങ്ക് 28-ൽ നിന്ന് 15-ലേയ്ക്ക് ഉയർത്താൻ കഴിഞ്ഞുവെന്നത് ഏറെ അഭിമാനകരമാണ്. വ്യവസായ വളർച്ച 17.3 ശതമാനത്തിലേയ്ക്കെത്തി. മാനുഫാക്ചറിംഗ് സെക്ടറിന്റെ കോൺട്രിബ്യൂഷൻ 18.9 ശതമാനത്തിലേയ്ക്കെത്തി. ഇന്ത്യയുടെ പുതിയ കരാറിന്റെ സാധ്യതകൂടി ഉപയോഗപ്പെടുത്തിയതിന്റെ ഭാഗമായി കേരളത്തിൽനിന്ന് യു.എ.ഇ.-യിലേയ്ക്കുള്ള കയറ്റുമതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഈ സാമ്പത്തിക വർഷം 51 ശതമാനത്തിന്റെ വളർച്ചയുണ്ടായി എന്നത് ഓരോ മലയാളിക്കും അഭിമാനകരമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷം 10,000 കോടി രൂപയുടെ അധിക വായ്പ കേരളത്തിലെ എം.എസ്.എം.ഇ.-കൾക്ക് ബാങ്കുകൾ നൽകിയെന്നതും അഭിമാനകരമാണ്. അങ്ങനെയൊരു അന്തരീക്ഷത്തെ തടസ്സപ്പെടുത്തുന്നതിനായി ചില ഒറ്റപ്പെട്ട ശ്രമങ്ങളുണ്ടായി. അതെല്ലാം ശരിയായ രൂപത്തിൽ പരിശോധിച്ചു. വീഴ്ചകളെയും ക്രിയാത്മകമായ വിമർശനങ്ങളെയുമെല്ലാം സ്വാഗതം

ചെയ്യേണ്ടതാണ്. എന്നാൽ ഈ പദ്ധതിയാകെ പ്രശ്നമാണെന്ന മട്ടിലുള്ള പ്രചാരവേല നിഷേധാത്മകമാണ്. അതിനെയാണ് ശക്തമായി എതിർത്തത്. വിമർശനങ്ങളുടെയും ജനറലായി മാധ്യമങ്ങൾ അവതരിപ്പിച്ച ഓരോ പ്രശ്നങ്ങളുടെയും വസ്തുത പ്രത്യേകമായി പരിശോധിച്ചു. നല്ല രീതിയിലുള്ള മുന്നേറ്റമാണ് സംരംഭക വർഷം പദ്ധതിക്കുണ്ടായിട്ടുള്ളത്. കേരളത്തിൽ സംരംഭങ്ങൾ സാധ്യമാകുമെന്നും അതിന് കേരളം ഒറ്റക്കെട്ടാണെന്നും ഓരോ മലയാളിക്കും കക്ഷി രാഷ്ട്രീയത്തിനതീതമായി അഭിമാനത്തോടുകൂടി പറയാവുന്നതാണ്. കഴിഞ്ഞ രണ്ട് നിയമസഭാ സമ്മേളനങ്ങൾക്കുമുമ്പ് ഇവിടെവച്ചുതന്നെ ഈ പദ്ധതിയിൽ എം.എൽ.എ.-മാരുടെ ഇടപെടൽ സംബന്ധിച്ച് ശില്പശാല നടത്തുകയുണ്ടായി. എല്ലാവരും ഒറ്റക്കെട്ടായി നടത്തിയ പ്രവർത്തനങ്ങൾ ഇവിടേയ്ക്ക് കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിൽ സൃഷ്ടിക്കുന്നതിനും സഹായകരമായി. അത് ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുവരാൻ നാം ഒറ്റക്കെട്ടായി നിൽക്കുകയാണ് ചെയ്യേണ്ടത്. ജനങ്ങളും സംരംഭക സമൂഹവും അതാണ് ആഗ്രഹിക്കുന്നത്.

ശ്രീ. എം. രാജഗോപാലൻ: സർ, സംരംഭക വർഷത്തിൽ ആരംഭിച്ച സ്ഥാപനങ്ങൾ നിലനിന്നുപോകാനുള്ള സർക്കാർ പദ്ധതികളും വീടുകളിൽ നടത്തിവരുന്ന സൂക്ഷ്മസംരംഭങ്ങൾക്കുള്ള വൈദ്യുതി ചാർജ്ജ് നിരക്കിനെ

സംബന്ധിച്ചുള്ള ചർച്ചകളും വ്യവസായസമൂഹത്തിൽ ഉയർന്നുവരുന്നുണ്ട്. ഒരു സംരംഭകൻ സംരംഭവുമായി ബന്ധപ്പെട്ട് നൽകുന്ന പരാതി 30 ദിവസത്തിനകം തീർപ്പുകല്പിക്കുന്ന ഒരു സംവിധാനം കേരളത്തിലുള്ളതുപോലെ രാജ്യത്തെവിടെയുമില്ലാതിരുന്നിട്ടാണ് പ്രതിപക്ഷം ഇതിനെ വിമർശിക്കുന്നത്. ക്രിയാത്മകമായി പ്രതിപക്ഷത്തിന് വിമർശിക്കാം. പക്ഷേ ചികിത്സ രോഗം മാറാനുള്ളതായിരിക്കണം; കൊല്ലാനുള്ളതാകാൻ പാടില്ല. പരാതിയുടെ വിചാരണവേളയിൽ പരാതി കേൾക്കുന്ന സംസ്ഥാന സമിതികൾക്ക് കോടതിക്കുതുല്യമായ അധികാരം നൽകിവന്ന ഉത്തരവ് നിലവിൽ വന്നതിനുശേഷമുണ്ടായ ഗുണപരമായ മാറ്റങ്ങൾ വിശദീകരിക്കാമോ; മാറിയ കാലഘട്ടത്തിനനുസരിച്ച് അനുയോജ്യമായവിധം കേരളത്തിൽ ഒരു വ്യവസായനയം രൂപീകരിക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇതിന് രണ്ട് ഭാഗങ്ങളാണുള്ളത്. പരാതി പരിഹാര സംവിധാനം സംബന്ധിച്ച് ഈ സഭ ഏകകണ്ഠമായി നിയമം പാസ്സാക്കിയിരുന്നു. വ്യവസായവുമായി ബന്ധപ്പെട്ട വിവിധ ലൈസൻസുകൾ നൽകാൻ ഇന്ന് കേരളത്തിൽ 17 വകുപ്പുകൾക്കാണ് അധികാരമുള്ളത്. അധികാരമില്ലാത്ത ഒരു വകുപ്പ് വ്യവസായ വകുപ്പാണ്. ബാക്കി

ലൈസൻസുകളെല്ലാം നൽകുന്നത് മറ്റ് 17 വകുപ്പുകളാണ്. ഈ വകുപ്പുകളും വ്യവസായ വകുപ്പും ചേർന്നിട്ടുള്ള ഒരു സമിതിയാണ് സംസ്ഥാനതലത്തിൽ സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് അഡ്രസ് മെക്കാനിസം എന്ന തരത്തിൽ രൂപീകരിച്ചിട്ടുള്ളത്. ജില്ലാതലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലകളിലെ വിവിധ വകുപ്പുകളിൽ നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കഴിഞ്ഞദിവസം അതിനൊരു പ്രത്യേക സോഫ്റ്റ്വെയർ അടിസ്ഥാനപ്പെടുത്തിയുള്ള ഓൺലൈൻ സംവിധാനവും രൂപീകരിച്ചു. സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതുമായോ നടത്തിക്കൊണ്ടുപോകുന്നതുമായോ ബന്ധപ്പെട്ട സേവനങ്ങൾ സംബന്ധിച്ച പരാതികൾ ഓൺലൈനായി സമർപ്പിക്കാം. അതിന്മേൽ 30 ദിവസത്തിനുള്ളിൽ കമ്മിറ്റി തീർപ്പുകല്പിക്കണം. അതിന് ജില്ലാതല കമ്മിറ്റി വൈകിയാൽ ഓട്ടോമാറ്റിക്കായി ഓൺലൈനായി സംസ്ഥാനതല കമ്മിറ്റിക്ക് കൈമാറപ്പെടും. എടുക്കുന്ന തീരുമാനം എല്ലാ വകുപ്പ് ഉദ്യോഗസ്ഥരും 15 ദിവസത്തിനകം നടപ്പിലാക്കണം. അതിന് ഒരു ദിവസം വൈകിയാൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽനിന്നും പതിനായിരം രൂപവരെ ഫൈൻ ഈടാക്കാനുള്ള സംവിധാനവും ക്രമീകരിച്ചിട്ടുണ്ട്. ഇന്ത്യയിലൊരിടത്തും ഈ രൂപത്തിലുള്ള സംവിധാനമില്ലെന്നുള്ളത്

സംരംഭകർക്ക് ആത്മവിശ്വാസം പകരുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിന്റെ അഭിമാനമായ പരമ്പരാഗത വ്യവസായമാണ് കയർ. സമീപകാലത്ത് അത് നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ഗവൺമെന്റും നടത്തുന്ന പരിശ്രമങ്ങൾ അങ്ങേയറ്റം പ്രശംസനീയമാണ്. ഈ മേഖലയ്ക്ക് ഉണർവ് പകരുന്നതിനും പുത്തൻ വിപണി കണ്ടെത്തുന്നതിനുമായി ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ ആവിഷ്കരിക്കുന്നത്; കയർ ഉല്പന്നങ്ങൾക്ക് പുതിയ ഉപയോഗസാധ്യത കണ്ടെത്താനായി ഗവേഷണങ്ങളും പഠനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ഇത് പൊതുചോദ്യത്തിൽനിന്നും വേറിട്ടുള്ളതാണെങ്കിലും ഗൗരവമായ പ്രശ്നമെന്ന നിലയിൽ മറുപടി പറയാം. കയർ മേഖല നേരിടുന്ന പ്രതിസന്ധിയുടെ അടിസ്ഥാന കാരണങ്ങൾ പരിശോധിക്കാനായി ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഉല്പാദനച്ചെലവ് കൂടുതലും അതിനനുസരിച്ചുള്ള വിപണിയില്ലെന്നുമുള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. കേരള സംസ്ഥാന കയർ കോർപ്പറേഷൻ ഓരോ

വർഷവും പുതിയ ഗോഡൗണുകൾ വാങ്ങി ഉല്പന്നങ്ങൾ സംഭരിച്ചുകൊണ്ടിരിക്കുകയാണ്. കയർഫെഡ് 17 ഗോഡൗണുകളാണ് സംഭരണത്തിനായി വാടകയ്ക്കെടുത്തിട്ടുള്ളത്. ഓരോ വർഷവും ഓരോ പുതിയ ഗോഡൗണെടുത്ത് സംഭരിക്കുക എന്ന രീതിയാണ് പൊതുവെ സ്വീകരിച്ചുവരുന്നത്. വില്പനയുടെ കാര്യത്തിൽ വലിയ പരിമിതി നിലനിൽക്കുന്നുണ്ട്. നമ്മുടെ വിലയും മറ്റ് സംസ്ഥാനങ്ങളിലെ വിലയും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്ന് മാത്രമല്ല നമുക്ക് നൽകുന്ന സംഘങ്ങൾതന്നെ പുറത്ത് ഇതിനെക്കാളും കുറഞ്ഞവിലയ്ക്ക് വിൽക്കുന്നുണ്ട്. കയർ ഭൂവസ്ത്രം ഏകദേശം 60 രൂപയ്ക്ക് സംഘങ്ങളിൽനിന്നും വാങ്ങി 70 രൂപയ്ക്കാണ് നമ്മുടെ സ്ഥാപനങ്ങൾ വിൽക്കുന്നത്. എന്നാൽ ഇതേ സംഘങ്ങൾ 53 രൂപയ്ക്ക് കേരളത്തിൽതന്നെ വിൽക്കുന്നുണ്ട്. ഇത്തരത്തിലുള്ള അടിസ്ഥാനപരമായ കുറേയേറെ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. കയർ മേഖലയിൽ നല്ല രീതിയിലുള്ള മാറ്റം സൃഷ്ടിക്കുന്നതിന് വിദഗ്ധ സമിതിയുടെ പഠനം സഹായകരമായിരിക്കും. അതിനുമുന്നോടിയായി വിപണിയിൽ കെട്ടിക്കിടക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് സംബന്ധിച്ച ശിപാർശ നൽകാൻ കയർ ഫെഡും കയർ കോർപ്പറേഷനുമടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ചിരുന്നു. വലിയ ഇളവോടുകൂടി കയറും കയറുല്പന്നങ്ങളും

വിൽക്കണമെന്ന പ്രസ്തുത സമിതിയുടെ ശിപാർശ പരിഗണിച്ചുകൊണ്ട് ആവശ്യമായ തീരുമാനമെടുക്കും. അതോടൊപ്പം ബന്ധപ്പെട്ട കയറ്റുമതിക്കാർ, മറ്റാളുകൾ എന്നിവരെ വിളിച്ചുചേർത്ത് പരമാവധി സംഭരിക്കുന്നതിനാവശ്യമായ തീരുമാനവുമെടുക്കണം. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് കയർ ഭൂവസ്ത്രത്തിന്റെ വിപണനത്തിനാവശ്യമായ സൗകര്യമൊരുക്കിയിട്ടുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, പ്രതിരോധ വകുപ്പ്, റെയിൽവേ എന്നിവയുമായി ബന്ധപ്പെട്ട് കയർ ഭൂവസ്ത്രത്തിന്റെയും കയർ ഉല്പന്നങ്ങളുടെ ഓൺലൈൻ വിപണനത്തിനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട്. വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായാൽ എല്ലാവരുമായി ചർച്ചചെയ്ത് ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പിലാക്കും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വ്യവസായ സംരംഭക വർഷം പദ്ധതിയെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ഗവൺമെന്റ് പരാമർശിച്ച ഒരു ലക്ഷം പുതിയ വ്യവസായങ്ങളിൽ ഉൾപ്പെട്ട ചില സംരംഭങ്ങൾ വളരെ പരിഹാസ്യമായ രീതിയിലേയ്ക്കുപോയി. ഇവിടെ വ്യവസായ വികസനമുണ്ടാകേണ്ട എന്നോ നിങ്ങൾ ഭരിക്കുന്നതുകൊണ്ട് ഇതെല്ലാം മോശമാകണമെന്നോ ഉള്ള ഒരു കാഴ്ചപ്പാടും ഞങ്ങൾക്കില്ല. പക്ഷേ, ഞാൻ ഒരുദാഹരണം പറയാം. മലപ്പുറത്ത് 'തോരപ്പ ക്ലിനിക് എന്ന പേരിൽ, ഒരു

ഹോമിയോ ക്ലിനിക്കുണ്ടായിരുന്നു. എല്ലാവരും ബാപ്പുക്ക എന്നുവിളിച്ചിരുന്ന ഒരു ഡോക്ടറാണ് അത് നടത്തിയിരുന്നത്. അദ്ദേഹം മരണപ്പെട്ടിട്ട് 7 വർഷത്തോളമായി. ഇപ്പോൾ അദ്ദേഹത്തിന്റെ മകൻ അവിടെ ഹോമിയോ ഡോക്ടറായി തുടരുകയാണ്. ഒരു ലക്ഷം പുതിയ സംരംഭങ്ങളുടെ പട്ടികയിൽ ആദ്യം കാണിക്കുന്നത് മലപ്പുറത്തെ തോരപ്പ ക്ലിനിക്കാണ്. അതുപോലെ ചില തട്ടുകടകൾ, ഹോട്ടലുകൾ തുടങ്ങിയവയുമുണ്ട്. ഈ പദ്ധതിയെ പരിഹാസ്യമാക്കിയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങുൾപ്പെടെയുള്ള എം.എൽ.എ.-മാർ എല്ലായിടത്തും മേൽനോട്ടം വഹിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യത്തിൽ സ്വാഭാവികമായും ചില കുറവുകൾ ഞങ്ങളും പ്രതീക്ഷിക്കുന്നുണ്ട്. ഇപ്പോൾ ഈ മേഖലയിൽ 1751 ഇന്റേൺസ് പ്രവർത്തിക്കുന്നുണ്ട്. അങ്ങ് പറഞ്ഞത് മുഹമ്മദ് യൂനസിന്റെ ക്ലിനിക്കിനെക്കുറിച്ചാണ്. അത് നേരത്തെ പ്രവർത്തിച്ചിരുന്നതാകാമെന്ന് അങ്ങ് പറഞ്ഞതിനോട് ഞാൻ തർക്കിക്കുന്നില്ല. പക്ഷേ അദ്ദേഹം ലൈസൻസിന് അപേക്ഷിച്ചിരിക്കുന്ന തീയതി 08-06-2022-ഉം ലൈസൻസ് കൊടുത്തിരിക്കുന്നത് 07-11-2022-നുമാണ്. സ്വാഭാവികമായും

ഗവൺമെന്റിന്റെ കണക്കിൽ ഇത് പുതിയ സ്ഥാപനമായാണ് വരുന്നത്. നിലവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏതൊരു സ്ഥാപനവും രജിസ്റ്റർ ചെയ്യുമ്പോൾ പുതിയ സ്ഥാപനമായി വരുന്നത് സ്വാഭാവികമാണ്. ഒരു ഗവൺമെന്റ് സ്ഥാപനത്തിൽ ഒരാൾ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു, എന്നാൽ അവിടെ രജിസ്റ്ററിലൊന്നുമില്ല. കുറച്ചുനാൾ കഴിഞ്ഞ് അവിടെത്തന്നെ നിയമിച്ചുകൊണ്ട് ആ വ്യക്തിക്ക് അപ്പോയ്മെന്റ് ഓർഡർ നൽകുകയും പി.എഫ്.-ഉം ഇ.എസ്.ഐ.-യും ആരംഭിക്കുകയും ചെയ്യുമ്പോഴാണ് ഗവൺമെന്റിന്റെ കണക്കിൽ വരുന്നത്. അങ്ങ് പറഞ്ഞ പ്രശ്നവുമായി ബന്ധപ്പെട്ട വിമർശനം വന്നപ്പോൾ അതിനെ ശക്തമായി പ്രതിരോധിക്കുന്നതിനോടൊപ്പം ഇതിന്റെ വസ്തുതകളെ സംബന്ധിച്ചും പ്രത്യേകം പരിശോധിക്കുകയുണ്ടായി. ഇവിടെ ഉന്നയിച്ച ഓരോ കേസിന്റെയും വസ്തുത സംബന്ധിച്ച് ഞങ്ങൾ പരിശോധിച്ചിട്ടുണ്ട്. ഇന്റേൺസ് സംരംഭങ്ങൾ സന്ദർശിക്കുന്നതിനെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട്. നേരത്തെ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാപനങ്ങളിൽ ലൈസൻസുള്ളവയുണ്ടോ എന്നകാര്യം പ്രത്യേകിച്ച് ഒന്നുകൂടി പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്തായാലും അങ്ങയുടെ

മണ്ഡലത്തിലുൾപ്പെടെ എല്ലാവർക്കും നല്ല ആത്മവിശ്വാസം വന്നിട്ടുണ്ട്. എല്ലാ എം.എൽ.എ.-മാരും ആ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. ഓരോ എം.എൽ.എ.-യും അവരവരുടെ മണ്ഡലങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളുടെ പൂർണ്ണവിവരങ്ങളുണ്ട്. അതുമായി ബന്ധപ്പെട്ട് ഓരോ എം.എൽ.എ.-യും പഞ്ചായത്ത് മെമ്പർമാരും പങ്കെടുത്ത് ഉദ്ഘാടനം ചെയ്ത സ്ഥാപനങ്ങളുടെ എല്ലാ കണക്കുകളും സർക്കാരിൽ ലഭ്യമാണ്. ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടാകാം. ക്രിയാത്മകമായ എല്ലാ വിമർശനങ്ങളെയും ഗവൺമെന്റ് സ്വാഗതം ചെയ്യുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സംരംഭക വർഷവുമായി ബന്ധപ്പെട്ട് ഇങ്ങനെയൊരു ആക്ഷേപമുന്നയിച്ചത് ഞാൻ തന്നെയാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഞാനുൾപ്പെടെ എല്ലാ എം.എൽ.എ.-മാരും അവരവരുടെ നിയോജകമണ്ഡലങ്ങളിൽ പോയി. ഒരു വർഷം സംസ്ഥാനത്തെല്ലായിടത്തുമായി ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിക്കുകയും രണ്ടുലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ കൊടുക്കുകയും ചെയ്തുവെന്നാണ് പറയുന്നത്. ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ എന്റെ നിയോജകമണ്ഡലത്തിൽ അറുന്നൂറിലധികം സംരംഭങ്ങൾ ആരംഭിച്ചുവെന്നത് എനിക്ക് അവിശ്വസനീയമായിത്തോന്നി.

ഞാനതിന്മേലും മറ്റുപല സ്ഥലങ്ങളിലും അന്വേഷണം നടത്തിയപ്പോൾ എനിക്ക് ഒരു കാര്യം ബോധ്യപ്പെട്ടു. വ്യവസായ വകുപ്പ് എല്ലാ ലോക്കൽ ബോഡികളിലും ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്. അവർ ലോക്കൽ ബോഡിയിൽ പോയി ആ ഒരു വർഷം രജിസ്ട്രേഷൻ നടത്തിയിരിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും കണക്കെടുത്തു. ബാങ്കുകളിൽ പോയി ബാങ്കുകൾ വായ്പ കൊടുത്തിരിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും കണക്കെടുത്തു. അതിനുശേഷം ഇതെല്ലാം സമാഹരിച്ചാണ് സംരംഭക പരിപാടിയുടെ ഭാഗമായി കഴിഞ്ഞ ഒരുവർഷത്തിനകം തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം കൊടുത്തിരിക്കുന്നത്. നാട്ടിലെ ആളുകൾ എന്തെല്ലാം പരിപാടികൾ തുടങ്ങുന്നു. ആ വിവരം സർക്കാർ അറിയണോ. പ്രത്യേകിച്ച് പാൻഡമിക് സിറ്റുവേഷൻ കഴിഞ്ഞ് വിദേശത്തുനിന്നും തിരിച്ചുവന്ന ധാരാളം ആളുകൾ ബാങ്കിൽനിന്നും ലോണെടുത്തും ലോണെടുക്കാതെയും സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട്. അതെല്ലാം എല്ലാക്കാലത്തും ഉണ്ടായിട്ടുള്ളതാണ്. സർക്കാർ തുടങ്ങിയ പരിപാടിയുടെ ഭാഗമായിട്ടാണെന്നുള്ള പ്രചരണത്തെയാണ് ഞങ്ങൾ ചോദ്യം ചെയ്തിട്ടുള്ളത്. അല്ലാതെ ഈ പരിപാടിയെ അല്ല. ആ പരിപാടിയെ ഞങ്ങൾ പിന്തുണയ്ക്കുകയും എല്ലാവരോടും സഹകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. പ്രതിപക്ഷത്തുള്ള എല്ലാ ജനപ്രതിനിധികളും

പൂർണ്ണമായും സഹകരിക്കുകയും ഞാനുൾപ്പെടെയുള്ളയാളുകൾ ആ പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു. പക്ഷേ തെറ്റായ ഒരു അവകാശവാദം പറഞ്ഞുകൊണ്ട് അതിന്മേൽ വ്യാപക പ്രചരണം നടത്തുന്നതിനെയാണ് ഞങ്ങൾ ചോദ്യം ചെയ്തത്; അത് ശരിയല്ലേ?

ശ്രീ. പി. രാജീവ്: സർ, അങ്ങയോട് എനിക്ക് പ്രത്യേകം നന്ദിയുണ്ട്. കാരണം ബാങ്ക് വായ്പ എടുത്തും ഗവൺമെന്റുമായി ഒരു ബന്ധമില്ലാതെയും കഴിഞ്ഞ ഒരുവർഷം കേരളത്തിൽ ഇത്തരം സംരംഭങ്ങൾ സ്ഥാപിച്ചുവെന്ന് പറഞ്ഞതിനെ ഞാൻ നന്ദിപൂർവ്വം സ്വീകരിക്കുന്നു. ഗവൺമെന്റ് സംരംഭം തുടങ്ങുകയെന്നത് സംരംഭക വർഷത്തിന്റെ ഭാഗമേയല്ല. സംരംഭകർക്ക് ആത്മവിശ്വാസം പകരുകയെന്നതാണ് പൊതുവെയുള്ള കാര്യം. പ്രവാസികൾക്ക് സംരംഭം തുടങ്ങാൻ കഴിയുന്നില്ല, അവരെപ്പോലുള്ള ആളുകളെ നിങ്ങൾ പിന്തുണയ്ക്കണമെന്ന് അങ്ങ് ഈ സഭയിൽ ഉന്നയിച്ചതായാണ് എന്റെ ഓർമ്മ. ഇപ്പോൾ അങ്ങുതന്നെ പറഞ്ഞു, പ്രവാസികൾ കേരളത്തിൽ സംരംഭം ആരംഭിച്ചിരിക്കുന്നുവെന്ന്. അത് നമ്മുടെ കണക്കുകളാണല്ലോ? അങ്ങേയ്ക്കും എനിക്കും അഭിപ്രായങ്ങളുണ്ടാകും, ആ അഭിപ്രായങ്ങൾ ശരിയാണോ എന്ന് നോക്കുന്നത് വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയാണ്. ഓരോരുത്തർക്കും ഓരോ അഭിപ്രായമുണ്ടാകും.

നമ്മൾ ഇരിക്കുന്ന സ്ഥാനത്തിനനുസരിച്ച് അഭിപ്രായങ്ങളുടെ ശക്തി കൂടുകയും കുറയുകയും ചെയ്യും. കേരളത്തിന്റെ വ്യവസായ വളർച്ചാ നിരക്ക് 17.3 ശതമാനമായി മാറിയെന്നകാര്യവും ഉൽപ്പാദന മേഖലയുടെ സംഭാവന 18.9 ശതമാനമായി എന്നതും അങ്ങ് അംഗീകരിക്കുന്നുണ്ടല്ലോ? എല്ലാം ഈ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സ്ഥാപനങ്ങളാണെന്ന ഒരവകാശവാദവും ഞങ്ങൾക്കില്ല. കേരളത്തിൽ സർക്കാർപോലും അറിയാതെ സംരംഭം തുടങ്ങാൻ ഒരു സാഹചര്യമുണ്ടായിയെന്നുണ്ടെങ്കിൽ ഓരോ മലയാളിക്കും അഭിമാനിക്കാം. നമുക്കെല്ലാവർക്കും ആത്മവിശ്വാസത്തോടുകൂടി പറയാം, ഇവിടെ വന്ന് സംരംഭം ആരംഭിക്കാം, അതിന് നമുക്ക് ഒറ്റക്കെട്ടായി നിൽക്കാം. അങ്ങും ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളും എല്ലാ പിന്തുണയും നൽകി. ഞാൻ നേരിട്ട് അങ്ങയെ സംരംഭക സംഗമത്തിലേയ്ക്ക് ക്ഷണിച്ചതാണ്. അവിടെ നേരത്തെ തീരുമാനിച്ച പ്രകാരം പതിനായിരം സംരംഭകർ വന്നിരുന്നു. അവരെ കാണാനും നേരിട്ട് സംവദിക്കാനും നമ്മൾ ഒന്നിച്ചാണ് എന്നൊരു ആത്മവിശ്വാസം പകരാനുമായി പ്രസ്തുത പരിപാടിക്ക് വരാമെന്ന് അങ്ങ് സമ്മതിച്ചതാണ്. പക്ഷേ, എന്താണെന്നറിയില്ല അവസാനനിമിഷം അങ്ങ് മാറി. മറ്റ് പ്രതിപക്ഷ എം.എൽ.എ.-മാർക്കും വരണമെന്ന് താൽപ്പര്യമുണ്ടായിരുന്നു. പക്ഷേ,

പൊതുതീരുമാനമിതാണ്. അവരെല്ലാവരും ഇതിന്റെ ഭാഗമായി നിന്നതാണ്. അതുകൊണ്ട് അവരെയെല്ലാം ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഇത്തരം കാര്യങ്ങളിൽ നമ്മൾ ഒന്നിച്ചുനിൽക്കുകയാണ് വേണ്ടത്.

ശ്രീ. പി. വി. അൻവർ: സർ, കേരളത്തിലെ വ്യവസായ മേഖലയിൽ കഴിഞ്ഞ അഞ്ചാറുവർഷങ്ങളായുണ്ടായ കുതിപ്പിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇവിടെ നടന്ന കാര്യങ്ങൾ നടന്നിട്ടില്ലായെന്ന് വരുത്തിത്തീർക്കാനായി വ്യാപക ശ്രമങ്ങൾ നടക്കുന്നു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കൊട്ടിഘോഷിക്കപ്പെട്ട ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ (GIM) പതിനായിരം കോടി രൂപയുടെ നിക്ഷേപമാണ് ലക്ഷ്യംവച്ചിരുന്നത്. എന്നാൽ നൂറുകോടി രൂപപോലും അന്ന് സംഭരിക്കാൻ സാധിച്ചില്ല. ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതി ഈയൊരു അവസ്ഥയിലെത്തി നിൽക്കുമ്പോൾ ജനങ്ങൾ ഇതുകാണുന്നുണ്ട്. സംരംഭകത്വത്തിന്റെ ഭാഗമായി ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ 5 എച്ച്.പി. വൈദ്യുതി വരെ സ്വന്തം വീടുകളിൽ ലൈസൻസില്ലാതെ ഉപയോഗിക്കാൻ അനുമതിയുണ്ട്. അത് 10 എച്ച്.പി. ആയി ഉയർത്താൻ സാധിക്കുമോയെന്ന് ചെറുകിട കച്ചവടക്കാരും വ്യവസായികളും ആവശ്യപ്പെടുന്നുണ്ട്. അതിനായി സർക്കാരിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, പലരും ഉന്നയിക്കുന്നൊരു പ്രശ്നമാണിത്. തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്നാണ് ഇത്തരം കാര്യങ്ങൾ വരുന്നത്. ഇതുസംബന്ധിച്ച് പ്രത്യേകമായി ആലോചിക്കാവുന്നതാണ്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ എല്ലാവരുടെയും പിന്തുണയുണ്ടായിട്ടുണ്ടെന്നകാര്യം എടുത്തുപറയുകയാണ്. ഇരിക്കൂർ എം.എൽ.എ. ശ്രീ. സജീവ് ജോസഫിന്റെയും കല്ല്യാശ്ശേരി എം.എൽ.എ. ശ്രീ. എം. വിജിന്റെയും പേരുകൾ ഞാൻ പ്രത്യേകം എടുത്തുപറയുകയാണ്. കണ്ണൂരിൽ പോയപ്പോൾ ഞാൻ ഈ രണ്ടുസ്ഥലങ്ങളിലെയും പരിപാടികളിൽ പങ്കെടുത്തിരുന്നു. ഇരിക്കൂർ കർണ്ണാടക അതിർത്തിയിലാണ്. ആ പ്രദേശത്ത് 450 കോടി രൂപയുടെയോ മറ്റോ നിക്ഷേപ വാഗ്ദാനങ്ങളാണുള്ളത്. ഞങ്ങൾ രണ്ടുപേരും പങ്കെടുത്ത് റിവ്യൂ നടത്തിയതാണ്. ചില പഞ്ചായത്തുകളിൽ പ്രത്യേക സാഹചര്യമുള്ളതിനാൽ സംരംഭം ആരംഭിക്കാൻ സാദ്ധ്യത കുറവാണെന്നും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അതുകഴിഞ്ഞ് കല്ല്യാശ്ശേരിയിലേയ്ക്കാണ് പോയത്. ശ്രീ. എം. വിജിൻ, എം.എൽ.എ.യുടെ നേതൃത്വത്തിൽ, നല്ലരീതിയിൽ പരിപാടി സംഘടിപ്പിച്ചിരുന്നു, അവിടത്തെ ഹാൾ നിറഞ്ഞുകവിഞ്ഞ് ആളുകളുണ്ടായിരുന്നു; സംരംഭകരുടെ പ്രദർശനവുമുണ്ടായിരുന്നു. ഒരു ജില്ലയിലെ രണ്ടുപേരെ മാത്രം എടുത്തു

പറഞ്ഞെന്നേയുള്ളൂ. മറ്റെല്ലാ എം.എൽ.എ.-മാരും അതുപോലെ തന്നെയാണ് പ്രവർത്തിച്ചത്. അതിന്റെ ഫലം നമ്മൾ ഒന്നിച്ച് നാടിന് പകർന്നുനൽകലാണ് ഈ ഘട്ടത്തിൽ ചെയ്യേണ്ടത്.

കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

2(*332) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എം. നൗഷാദ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ ബഹുഭ്രരിപക്ഷവും പ്രവർത്തനരഹിതമാണെന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) മൂന്ന് ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ താല്പര്യം പരിഗണിച്ച് കശുവണ്ടി വ്യവസായ രംഗം നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കാൻ രൂപീകരിച്ച സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിന് ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്ത് ആവശ്യത്തിന് ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡിന് കഴിയുന്നുണ്ടോ; കാഷ്യൂ ബോർഡിന്റെ സാമ്പത്തിക ക്ഷമത ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വ്യവസായത്തെ കൈപിടിച്ച് ഉയർത്തുന്നതിനായി മുൻ സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി കശുവണ്ടി വ്യവസായത്തിനായി സ്വകാര്യ വ്യവസായികൾ ബാങ്കുകളിൽ നിന്നെടുത്ത് NPA ആയ ലോണുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) പ്രഖ്യാപിക്കുന്നതിനായി ഒരു ഫോർമുല രൂപീകരിക്കുന്നതിന് മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ ഉറപ്പാക്കിക്കൊണ്ട് ഈ സർക്കാർ ബാങ്കുകളുമായും വ്യവസായികളുമായും ട്രേഡ് യൂണിയനുകളുമായും വിവിധ തലങ്ങളിൽ നിരവധി ചർച്ചകൾ നടത്തുകയും ബാങ്കുകളും വ്യവസായികളുമായി സമവായത്തിലെത്തിയതിന്റെ അടിസ്ഥാനത്തിൽ 14-03-2022-ലെ സ.ഉ (സാധാ)നം. 224/2022/വ്യവ

പ്രകാരം OTS പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. തുടർന്ന് വ്യവസായികളുടെ നിരന്തര ആവശ്യം മുൻനിർത്തി ബാങ്കുകളുമായി വ്യവസായികൾ കരാറിലേർപ്പെടാനുള്ള തീയതി 16-06-2022-ലെ സ.ഉ (സാധാ) നം.562/2022/വ്യവ പ്രകാരം 31-03-2022-ൽനിന്നും 31-12-2022 ആയി നീട്ടി നൽകുകയും ചെയ്തു.

കോവിഡ് മഹാമാരിമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനത്തിനും ആധുനികീകരണത്തിനുള്ള മൂലധന സഹായത്തിനും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി വ്യവസായ വാണിജ്യ വകുപ്പുഡയറക്ടറുടെ ശീർഷകത്തിൽ വകയിരുത്തിയിരുന്ന 7 കോടി രൂപ കൂടാതെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 30 കോടി രൂപ കൂടി അധികമായി വകയിരുത്തി. സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സാമ്പത്തിക സാങ്കേതിക മാനേജ്മെന്റ് വിദഗ്ധർ ഉൾപ്പെടെയുള്ള ഒരു വിദഗ്ധ സമിതി സർക്കാർ രൂപീകരിച്ചു. ടി സമിതി ഈ മേഖലയിൽ പ്രവർത്തിക്കുന്ന

വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, കാപെക്സ്, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ, കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തുകയും കശുവണ്ടി ഫാക്ടറികൾ സന്ദർശിച്ച് പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയ്ക്ക് അടിയന്തര ആശ്വാസം നൽകാനുതകുന്നതും ഉടൻ നടപ്പിലാക്കാൻ സാധിക്കുന്നതുമായ ഹ്രസ്വകാല പദ്ധതികൾ ഉൾപ്പെടുത്തിയുള്ള ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ഇതനുസരിച്ച് 37 കോടി രൂപയിൽ 20 കോടി രൂപ തൊഴിലാളികളുടെ ESI-EPF ആനുകൂല്യങ്ങൾ നൽകുന്നതിനും സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിനായി 5 കോടി രൂപയും ഷെല്ലിംഗ് യൂണിറ്റുകളുടെ നവീകരണത്തിനായി 5 കോടി രൂപയും വിനിയോഗിക്കാനും അനുമതി നൽകി. കൂടാതെ സ്വകാര്യ മേഖലയിലെ ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന/ആധുനികീകരണ മൂലധനമായി ബഡ്ജറ്റിൽ വകയിരുത്തിയ 7 കോടി രൂപയ്ക്കും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി വഴി, പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക്

മൂലധന ഗ്രാന്റ് നൽകുന്നു. സ്ത്രീകൾ, യുവജനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, വികലാംഗർ എന്നിവരുടെ സംരംഭങ്ങൾക്ക് പരിഗണന നൽകും. ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾ ഇപ്പോൾ പ്രവർത്തിക്കുന്നതും കഴിഞ്ഞ വർഷം പ്രവർത്തന മൂലധനമായി ബാങ്കുകൾ, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ വഴി വായ്പ കൈപ്പറ്റിയതുമായ യൂണിറ്റുകൾക്ക് പലിശ താങ്ങുസഹായം നൽകുന്നതാണ്. വായ്പയ്ക്ക് പലിശയുടെ 50% അതായത് പരമാവധി 10 ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് നൽകുന്നത്. പൊതുമേഖലാ ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, റൂറൽ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ വഴി റീ-ഇംബേഴ്മെന്റ് എന്ന നിലയ്ക്കാണ് സഹായം നൽകുന്നത്. പരമാവധി 3 വർഷം വരെ അർദ്ധ വാർഷികമായി പണം നൽകുന്നതാണ്. കൂടാതെ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവന പാക്കേജിനായി 30 കോടി രൂപ ഉൾപ്പെടെ ആകെ 58 കോടി രൂപയുടെ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി അക്കാദമിക്-മാനേജ്മെന്റ് വിദഗ്ധർ അടങ്ങുന്ന അഞ്ചംഗ വിദഗ്ധ സമിതി

13-10-2022-ലെ സ.ഉ(സാധാ) നം.1111/2022/വ്യവ പ്രകാരം രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) കഴിയുന്നുണ്ട്. തോട്ടണ്ടി സംസ്ഥാനത്തിനകത്തുനിന്നും സംഭരിക്കുന്നതിനും വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുനൽകുന്നതിനും വേണ്ടിയാണ് സർക്കാർ കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചത്. 2018-19-ൽ 6700 മെട്രിക് ടൺ, 2019-20 സാമ്പത്തിക വർഷത്തിൽ 13600 മെട്രിക് ടൺ, 2020-21-ൽ 10051 മെട്രിക് ടൺ, 2021-22-ൽ 10647 മെട്രിക് ടൺ ഇറക്കുമതി ചെയ്തു. 2022-2023-ൽ നാളിതുവരെ 7852 മെട്രിക് ടൺ തോട്ടണ്ടി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്തും മൊസാംബിക്കിൽനിന്ന് 2100 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തും മൊത്തം 9952 മെട്രിക് ടൺ (7852+2100) തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നീ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് ഘാനയിൽനിന്ന് 3000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി എഗ്രിമെന്റിൽ ഒപ്പുവച്ചു. ഇതുകൂടാതെ ഐവറികോസ്റ്റിൽനിന്നും ലെറ്റർ ഓഫ് ക്രെഡിറ്റ് വ്യവസ്ഥയിൽ 5000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനും ഘാനയിൽനിന്നും 3000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനും ടെണ്ടർ

നടപടികൾ പുരോഗമിക്കുന്നു. കാഷ്യൂ ബോർഡിന്റെ ആഗോള ടെണ്ടറുകൾ വഴി യഥാസമയം തടസ്സം കൂടാതെ ഗുണമേന്മയുള്ള കശുവണ്ടി ന്യായമായ വിലയ്ക്ക് ഇറക്കുമതി ചെയ്യുന്നതിന് കൂടുതൽ സപ്ലൈയേഴ്സിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കേരള ബാങ്കുമായി ചർച്ച നടത്തുകയും എസ്.ബി.ഐ. മുഖാന്തരം ടെണ്ടറുകളിൽ ലെറ്റർ ഓഫ് ക്രഡിറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കേരള കാഷ്യൂ ബോർഡിന് കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് കേരള ബാങ്കിൽനിന്ന് പ്രതിവർഷം പരമാവധി 100 കോടി രൂപ വായ്പ എടുക്കുന്നതിന് (സ.ഉ (കൈ) നം.63/2018/വ്യവ തീയതി 13-08-2018 പ്രകാരം) സംസ്ഥാന സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. ഇതുകൂടാതെ സർക്കാരിൽനിന്നും പ്രവർത്തന മൂലധന വായ്പയായി പ്ലാൻ ഫണ്ട് മുഖേന 2017-18 വർഷം 15 കോടി രൂപയും 2018-19-ൽ 9.5 കോടി രൂപയും 2020-21-ൽ 53.30 കോടിയും 2021-22-ൽ 37.30 കോടി രൂപയും 2022-23 സാമ്പത്തിക വർഷം 60.85 കോടി രൂപയും അനുവദിക്കുകയും ആയത് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 43.55 കോടി രൂപ കാഷ്യൂ ബോർഡിന് ലോൺ ധനസഹായം

പ്രഖ്യാപിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപെക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തോട്ടണ്ടി സംസ്ഥാനത്തിനകത്തുനിന്നും സംഭരിക്കുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ്, ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പ്, ബഹുമാനപ്പെട്ട കൃഷി വകുപ്പ് എന്നീ മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ 25-01-2023-ന് യോഗം ചേരുകയും പ്ലാന്റേഷൻ കോർപ്പറേഷൻ, ഫാമിംഗ് കോർപ്പറേഷൻ, ആറളം ഫാം എന്നിവിടങ്ങളിൽനിന്നും കശുവണ്ടി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ സഹകരണ സംഘങ്ങൾ വഴി പ്രാദേശിക മാർക്കറ്റുകളിൽനിന്നും കശുവണ്ടി സംഭരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

ഡോ. സുജിത് വിജയൻപിള്ള ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. എച്ച്. സലാം: സർ, ഈ മേഖലയിൽ കാപെക്സിന്റെയും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കീഴിൽ ഫാക്ടറികൾ മാത്രമാണ് തുറന്നുപ്രവർത്തിക്കുന്നത്. സ്വകാര്യമേഖലയിലെ ഭൂരിപക്ഷം ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. ഇതുമൂലം തൊഴിലാളികൾ നേരിടുന്ന

ജീവിത പ്രതിസന്ധി ഏറെ ഗൗരവകരമാണ്. കശുവണ്ടി മേഖലയിൽ നിലനിൽക്കുന്ന ഈ പ്രതിസന്ധി പരിഹരിക്കാൻ, തദ്ദേശീയ തോട്ടണ്ടി സംഭരണമുൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന നിലപാട് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, പ്രധാന ഉത്തരത്തിൽത്തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. രണ്ടുതരത്തിലാണ് കേരള കാഷ്യൂ ബോർഡ് തോട്ടണ്ടി വിതരണം ചെയ്യുന്നത്. ഒന്ന്, വിദേശത്തുനിന്നും ഇറക്കുമതി ചെയ്യും. ടെണ്ടർ വിളിച്ചാണ് ഇറക്കുമതി ചെയ്യുന്നതെങ്കിൽ ആഫ്രിക്കൻ രാജ്യങ്ങളിലെ ഗവൺമെന്റുമായി നേരിട്ട് ചർച്ച നടത്തി ഇറക്കുമതി ചെയ്യാൻ കഴിയുമോയെന്നതാണ് ബോർഡ് രൂപീകരിക്കുമ്പോൾ തീരുമാനിച്ചിരുന്നത്. ഈ ഘട്ടത്തിൽ അതിൽ നല്ല വിജയം കൈവരിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം മുതൽ വിവിധ രാജ്യങ്ങളുടെ ഉടമസ്ഥതയിലുള്ള ബോർഡുകളുമായി നേരിട്ട് ചർച്ച ചെയ്ത് ഇറക്കുമതി ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. രണ്ട്, ആഭ്യന്തര തോട്ടണ്ടി വിപണനത്തിനായി ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

എന്നിവരുമായി യോഗം ചേർന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു ഉദ്യോഗസ്ഥ കമ്മിറ്റി രൂപീകരിച്ചു. അവർ അടിസ്ഥാന വില നിശ്ചയിച്ചിട്ടുണ്ട്. തോട്ടണ്ടി ആഭ്യന്തര സംഭരണവും ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എച്ച്. സലാം: സർ, പൂട്ടിക്കിടക്കുന്ന സ്വകാര്യ ഫാക്ടറികളിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് പി.എഫ്. ആനുകൂല്യങ്ങൾ ലഭിക്കാത്തൊരു സാഹചര്യമുണ്ട്. ഉടമകൾ ഇല്ലാത്തതുമൂലം രേഖകൾ യഥാസമയം സമർപ്പിക്കാൻ കഴിയാത്തതിനാൽ തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കുന്നില്ല. ഈയൊരു സാഹചര്യത്തിൽ ഇത് ലഭ്യമാക്കാൻവേണ്ട പ്രത്യേക നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, പി.എഫ്.-ൽ അടച്ച തുക ലഭിക്കുന്നതിലുള്ള സാങ്കേതിക പ്രശ്നമാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി പ്രത്യേകമായി പരിശോധിക്കുന്നതായിരിക്കും.

ശ്രീ. എം. നൗഷാദ്: സർ, പിരിഞ്ഞുപോകുന്ന കശുവണ്ടി തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി പിരിയുന്നതിന്റെ തൊട്ടടുത്ത ദിവസംതന്നെ നൽകാൻ സംവിധാനം ഏർപ്പെടുത്തുകയും പിരിഞ്ഞുപോയ മുഴുവൻ പേർക്കും ഗ്രാറ്റുവിറ്റി നൽകുകയും ചെയ്ത ഗവൺമെന്റിനെ ഈ സന്ദർഭത്തിൽ

അഭിനന്ദിക്കുകയാണ്. പൊതുമേഖല സ്ഥാപനങ്ങളായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും കൈവശം എത്ര അസംസ്കൃത തോട്ടണ്ടി സ്റ്റോക്കുണ്ട്; അതുപയോഗിച്ച് ഇനി എത്രദിവസം തൊഴിൽ നൽകാൻ കഴിയും; കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ എത്രദിവസം തൊഴിൽ നൽകിയെന്നതിന്റെ കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ അതുൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗത്തിന് ഓരോ വർഷത്തെയും കണക്ക് ലഭ്യമാക്കാം. ഓരോ വർഷവും തോട്ടണ്ടി ഇറക്കുമതി ചെയ്ത് രണ്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയതിന്റെ കണക്ക് നേരത്തേ പ്രധാന ചോദ്യത്തിന് ഉത്തരമായി സൂചിപ്പിച്ചിരുന്നു. ഇപ്പോൾ കാപെക്സിനും കശുവണ്ടി വികസന കോർപ്പറേഷനും മാത്രമാണ് നമ്മൾ ഇറക്കുമതി ചെയ്ത തോട്ടണ്ടി നൽകുന്നത്. അതിന്റെ കണക്ക് പ്രധാന ഉത്തരത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്.

ശ്രീമതി യു. പ്രതിഭ: സർ, യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് അടച്ചിട്ടിരുന്ന കശുവണ്ടി ഫാക്ടറികളെല്ലാം (സ്വകാര്യ ഫാക്ടറികളൊഴികെ) തുറന്നുപ്രവർത്തിപ്പിക്കാൻ ഇടതുപക്ഷ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കശുവണ്ടി മേഖലയുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് ധാരാളം

നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കുടിശ്ശികയായിരുന്ന ഗ്രാറ്റുവിറ്റിയടക്കം നൽകിക്കൊണ്ടാണ് കശുവണ്ടി മേഖലയിലെ തൊഴിലാളികളെ സഹായിക്കാനായി നാം ഇടപെട്ടത്. കശുവണ്ടി തൊഴിലാളികൾക്ക് സമയബന്ധിതമായി ഗ്രാറ്റുവിറ്റി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഇതുസംബന്ധിച്ച് നേരത്തെ സൂചിപ്പിച്ചതാണ്. 2022-ൽ വിരമിച്ച 228 തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി വിതരണം ചെയ്തു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അഞ്ചുവർഷത്തെ ഗ്രാറ്റുവിറ്റി കുടിശ്ശികയുണ്ടായിരുന്നു. അത് 2016-21-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് പൂർണ്ണമായും വിതരണം ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യവർഷംതന്നെ ബാക്കി കുടിശ്ശികയുണ്ടായിരുന്ന അഞ്ചുവർഷത്തെ ഗ്രാറ്റുവിറ്റി പൂർണ്ണമായും വിതരണം ചെയ്തു. വിരമിക്കുമ്പോൾതന്നെ ഗ്രാറ്റുവിറ്റി നൽകുകയാണ് ഇപ്പോൾ ചെയ്യുന്നത്. പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾ വിരമിച്ച് ദീർഘകാലം ഗ്രാറ്റുവിറ്റിക്കുവേണ്ടി കാത്തിരിക്കേണ്ട സാഹചര്യം ഒഴിവാക്കണമെന്നാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി ഇപ്പോൾ വിരമിച്ച കശുവണ്ടി തൊഴിലാളികൾക്ക് കഴിഞ്ഞദിവസം കശുവണ്ടി

കോർപ്പറേഷനിൽ വച്ചുനടന്ന ചടങ്ങിൽ വച്ച് ഗ്രാറ്റുവിറ്റി വിതരണം ചെയ്യുകയുണ്ടായി. ഭാവിയിലും ഇതുപോലെ പ്രത്യേക ചടങ്ങൊന്നും സംഘടിപ്പിക്കാതെ വിരമിക്കുമ്പോൾതന്നെ ഗ്രാറ്റുവിറ്റി നൽകാൻ കഴിയുന്നൊരു സാഹചര്യം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, വിദേശ രാജ്യങ്ങളിൽ നിന്നുള്ള തോട്ടണ്ടി ഇറക്കുമതി സുഗമമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കമോ?

ശ്രീ. പി. രാജീവ്: സർ, ഇതുസംബന്ധിച്ച കണക്കുകൾ നേരത്തെ സൂചിപ്പിച്ചിരുന്നു. ഈ വർഷം ഇതുവരെ 9952 മെട്രിക് ടൺ തോട്ടണ്ടിയാണ് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നീ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തത്. അതിൽ 7852 മെട്രിക് ടൺ നേരത്തെ നൽകി. ഇപ്പോൾ ഇറക്കുമതി ചെയ്ത 2100 മെട്രിക് ടൺ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. മൊസാംബിക്കിൽനിന്നും 2100 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും 20 ദിവസം അധികമായി തൊഴിൽ ദിനങ്ങൾ നൽകാൻ സാധിക്കുന്നുണ്ട്. അടുത്ത സാമ്പത്തികവർഷം ഘാനയിൽനിന്ന് 3000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള

എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. ഐവറികോസ്റ്റിൽനിന്ന് 5000 മെട്രിക് ടണ്ണും ഘാനയിൽനിന്ന് 3000 മെട്രിക് ടണ്ണുംകൂടി ഇറക്കുമതി ചെയ്യുന്നതിനും ടെണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ടെണ്ടറുകൾ ഓപ്പൺ ചെയ്തതിനുശേഷം ഐവറികോസ്റ്റിൽനിന്ന് മൂവായിരവും ഗിനിയബിസാവോയിൽ നിന്ന് അയ്യായിരവും മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. വരുംവർഷങ്ങളിൽ വിവിധ രാജ്യങ്ങളിൽനിന്ന് സീസണനുസരിച്ച് കൃത്യമായി തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ ശ്രമിക്കുന്നുണ്ട്. അതോടൊപ്പംതന്നെ അതത് രാജ്യങ്ങളിലെ ഔദ്യോഗിക ബോർഡുകളുമായി നേരിട്ട് ചർച്ച നടത്തി ഗവൺമെന്റ് സംവിധാനങ്ങളിലൂടെ തോട്ടണ്ടി ഇറക്കുമതി ചെയ്യാനും ശ്രമിക്കുന്നുണ്ട്. അത് വിജയിക്കുകയാണെങ്കിൽ ടെണ്ടർ സമ്പ്രദായം മാറ്റി നേരിട്ടുതന്നെ തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, ഈ മേഖലയിലെ കശുവണ്ടി കർഷകരെ ഗവൺമെന്റ് പരിഗണിക്കുകയോ അവർക്ക് ന്യായമായ വില കൊടുക്കാൻ തയ്യാറാകുകയോ ചെയ്യുന്നില്ല. കശുവണ്ടി സീസൺ ആരംഭിച്ചിട്ടും സംഭരണത്തിന് ഫലപ്രദമായ സംവിധാനമേർപ്പെടുത്തിയിട്ടില്ല. മാർക്കറ്റിലുണ്ടായിരുന്ന വിലയേക്കാൾ കുറഞ്ഞ വിലയാണ് തറവിലയായി

നിശ്ചയിച്ചിരിക്കുന്നത്. മുൻവർഷങ്ങളിൽ സംഭരിച്ച കശുവണ്ടിയുടെ വില ഇതുവരെയും കിട്ടാത്ത സഹകരണബാങ്കുകളുണ്ട്. യോഗങ്ങളിൽ പങ്കെടുക്കാൻ കർഷക പ്രതിനിധികൾ ആരെയുംതന്നെ വിളിക്കുന്നില്ല. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും കശുവണ്ടി കൃഷിയെ പ്രോൽസാഹിപ്പിക്കാനും കർഷകരെ പരിഗണിക്കാനും വ്യക്തവും ശക്തവുമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യനായ അംഗം പറഞ്ഞതിനനുസരിച്ചുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കൃഷി-ധനകാര്യ-സഹകരണ-പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിമാരുമായി ചേർന്ന് ഒരു യോഗം നടത്തിയിരുന്നു. ഒരു പ്രധാനപ്പെട്ട തോട്ടമായ ആറളം ഫാം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കൈവശമുള്ളതുകൊണ്ടാണ് പ്രസ്തുത വകുപ്പുമന്ത്രിയുമായി യോഗം ചേർന്നത്. അതിന്റെയടിസ്ഥാനത്തിൽ കഴിഞ്ഞ തവണത്തേക്കാൾ ഉയർന്ന വിലയായ 114 രൂപയാണ് ഇപ്പോൾ കിലോഗ്രാമിന് തോട്ടണ്ടിയുടെ തറവിലയായി നിശ്ചയിച്ചിട്ടുള്ളത്. സഹകരണസംഘങ്ങൾ വഴിയാണ് ഇവ സംഭരിക്കുന്നത്. പ്രാദേശികതലത്തിൽ കർഷകരുടെയും കർഷക സംഘങ്ങളുടെയും യോഗം

വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. വടക്കൻ കേരളത്തിലെ കാര്യം പരിശോധിക്കുകയാണെങ്കിൽ കശുമാവ് പൂവിടുമ്പോൾതന്നെ വില്പന നടത്തുന്നുവെന്നതാണ് പ്രായോഗികമായ പ്രശ്നം. അതുകൊണ്ടാണ് ഇത് മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത്. കശുവണ്ടി സംഭരണത്തിൽ ഇവിടത്തെ ഏജൻസികൾക്ക് നേരിട്ട് ഇടപെടാൻ ചില പരിമിതികളുണ്ട്. ഇവിടെ സംഘങ്ങൾ സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷനിലെത്തിക്കുമ്പോൾ അത് കട്ട് ചെയ്ത് നോക്കിയാണ് ക്വാളിറ്റി നിശ്ചയിക്കുന്നത്. ചില സന്ദർഭങ്ങളിൽ അവർ വാങ്ങിയ വിലയുടെ ക്വാളിറ്റി ഉണ്ടാകണമെന്നില്ല. ഇതുകൂടാതെ കർഷകർ കശുവണ്ടി ഉണക്കുന്നതിനുമുമ്പ് നേരിട്ട് വിൽക്കുന്നതുമൂലമുള്ള ചില പ്രയോഗിക പരിമിതികളുമുണ്ട്. അത്തരം കാര്യങ്ങൾ പരിഹരിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ആഭ്യന്തരമായി കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കാനായി കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ എന്ന സഹകരണ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ സൂചിപ്പിച്ച നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇനിയും ഇക്കാര്യത്തിൽ ഇടപെടേണ്ടതുണ്ടെങ്കിൽ അതിനും സർക്കാർ തയ്യാറാണ്. തോട്ടണ്ടി വാങ്ങിയ ഇനത്തിൽ പണം

കൊടുക്കാനുണ്ടെങ്കിൽ അക്കാര്യത്തിൽ പ്രത്യേകം ഇടപെടൽ നടത്തുന്നതായിരിക്കും.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, 21-02-2023-ലെയും 17-02-2023-ലെയും സർക്കാർ ഉത്തരവുകളെ സ്വാഗതം ചെയ്യുകയാണ്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാക്ടറികൾക്കാണ് പ്രസ്തുത ഉത്തരവുകളുടെ പ്രയോജനം ലഭിക്കുകയെന്നുള്ളത് അങ്ങേയ്ക്കറിയാമല്ലോ; പ്രതിസന്ധിയിലായ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിച്ചെങ്കിൽ മാത്രമേ ഈ വ്യവസായത്തെ സംരക്ഷിക്കാനും തൊഴിൽ നൽകാനും സാധിക്കുകയുള്ളൂ. സർക്കാർ എസ്.എൽ.ബി.സി. (സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി)-യുമായി ചേർന്ന് നടപ്പാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുണ്ട്. വായ്പയുടെ പത്ത് ശതമാനം തുക അടച്ചവരുടെ കാര്യത്തിൽപ്പോലും ആയത് സെറ്റിൽ ചെയ്യുന്നതിന് ബാങ്കുകൾ വലിയ വിമുഖതയാണ് കാണിക്കുന്നത്. ഗവൺമെന്റ് ഈ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുമ്പോൾതന്നെ ജപ്തി നടപടികളുമായി ബാങ്കധികൃതർ വ്യവസായികളുടെ വീടിനുമുമ്പിൽ വന്നുനിൽക്കുകയാണ്. കശുവണ്ടി വ്യവസായികൾക്ക് 60 കോടി രൂപ നമ്മൾ കൊടുക്കാൻ തയ്യാറായാൽ അവരത് പിന്നീട് തിരിച്ചടയ്ക്കും. ഇതൊരു നിർദ്ദേശമായി പരിഗണിക്കണം.

600-ഓളം വ്യവസായികളെ ഈ പദ്ധതിയിൽ കൊണ്ടുവരാനും ഒരു ലക്ഷത്തോളം പേർക്ക് നേരിട്ട് തൊഴിൽ നൽകാനും കഴിയും. ഇക്കാര്യത്തിൽ 60 കോടി രൂപയുടെ ആവശ്യം മാത്രമെയുള്ളൂ. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻവേണ്ടി എസ്.എൽ.ബി.സി.യുമായി ചേർന്ന് അങ്ങും ധനകാര്യ വകുപ്പുമന്ത്രിയും ഇപ്പോൾ എടുക്കുന്ന ഇനിഷ്യേറ്റീവ് ഫലപ്രദമായി പൂർത്തിയാക്കാൻ കഴിയുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങേയ്ക്ക് കാര്യങ്ങൾ വിശദമായി അറിയാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എസ്.എൽ.ബി.സി. പ്രതിനിധികൾ, വ്യവസായികൾ, ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവരുമായി പല തവണ ചർച്ച ചെയ്തു. അദ്ദേഹം ചുമതലപ്പെടുത്തിയതനുസരിച്ച് ആ പ്രവർത്തനം ഞാനും ധനകാര്യ വകുപ്പുമന്ത്രിയും മുന്നോട്ടുകൊണ്ടുപോയതിന്റെ അടിസ്ഥാനത്തിലാണ് ഈ പാക്കേജ് തയ്യാറാക്കിയത്. അതെന്താണെന്ന് അങ്ങേയ്ക്കറിയാവുന്നതാണ്. 2 കോടി രൂപ വരെ വായ്പയെടുത്തവരുടെ പലിശയും പിഴപ്പലിശയും പൂർണ്ണമായി എഴുതിത്തള്ളാനും അതിന്റെ 50 ശതമാനമായ ഒരു കോടി രൂപ അടച്ചാൽ മതിയെന്നും ബാങ്കുകൾ സമ്മതിച്ചു. അതിൽ ഒരു കോടി രൂപയുടെ 10 ശതമാനമായ 10 ലക്ഷം രൂപ 6 മാസത്തിനുള്ളിൽ അടയ്ക്കണം. ആ നിലയ്ക്ക്

പത്ത് ലക്ഷം രൂപ പോലും അടയ്ക്കാൻ കഴിയാത്തൊരാൾക്ക് ഇപ്പോൾ സർക്കാർ സപ്പോർട്ട് നൽകിയാൽ അത് എങ്ങനെ മുന്നോട്ടുകൊണ്ടുപോകും; അവർ തുക തിരിച്ചടയ്ക്കുമെന്നാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്. ഇതിനേക്കാൾ നല്ലൊരു സ്കീം എങ്ങനെ ഉണ്ടാക്കാൻ സാധിക്കും. 2 കോടിക്കും 10 കോടി രൂപയ്ക്കുമുള്ളിൽ വായ്പയെടുത്തവരുടെ പലിശയും പിഴപലിശയും പൂർണ്ണമായി എഴുതിത്തള്ളാമെന്നും അതിന്റെ 60 ശതമാനം തിരിച്ചടച്ചാൽ മതിയെന്നും ബാങ്കുകൾ സമ്മതിച്ചു. 4 കോടി രൂപ വായ്പയെടുത്തിട്ടുണ്ടെങ്കിൽ 2 കോടി 40 ലക്ഷം രൂപ തിരിച്ചടച്ചാൽ മതി. ഇതിന്റെ 10 ശതമാനമായ 24 ലക്ഷം രൂപ ആറ് മാസത്തിനുള്ളിൽ അടയ്ക്കണം. ആ പാക്കേജിന്മേൽ 345 കോടി രൂപയുടെ വായ്പകളിൽ ധാരണയായി. അങ്ങ് സൂചിപ്പിച്ചതുപോലെ 10 ശതമാനംപോലും തിരിച്ചടയ്ക്കാൻ കഴിയാത്തവരുണ്ട്. അത് വളരെ കൃത്യമായ കാര്യമാണ്. പക്ഷേ ഒരു പരിധിക്കപ്പുറം ആരെയും സഹായിക്കാൻ സർക്കാരിന് സാധിക്കില്ല. അതിനിടയിൽ ചില സംഘടനകൾ സർക്കാർ ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളൊന്നും ഇതംഗീകരിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി കോടതിയെ സമീപിക്കാൻ തീരുമാനിച്ചിട്ട് എന്നെ കാണാൻ വന്നു. ഈ വിഷയം കോടതിയിൽ നിലനിൽക്കില്ലെന്നും നിങ്ങൾ

വലിയൊരപകടമാണ് ചെയ്യുന്നതെന്നും ഞാൻ പറഞ്ഞെങ്കിലും അതൊന്നും പരിഗണിക്കാതെ അവർ കോടതിയെ സമീപിച്ച് ഉത്തരവ് വാങ്ങിച്ചു. ബാങ്ക്, യൂണിയൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായതിനാൽ സംസ്ഥാന ഗവൺമെന്റിന് അതിൽ അധികാരമില്ലെന്നും അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ ഈ ഉത്തരവ് നിലനിൽക്കില്ലെന്നുമാണ് കോടതി പറഞ്ഞത്. ബാങ്കുകൾക്ക് റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം മാനുഷികപരിഗണനയുടെ അടിസ്ഥാനത്തിൽ ഇളവ് നൽകാമെന്നാണ് ഇപ്പോൾ വന്നിട്ടുള്ള വിധി. അത് സർക്കാരിന് ചില പരിമിതികൾ സൃഷ്ടിച്ചിട്ടുണ്ട്. ഓരോ കേസിലും പരമാവധി ഇടപെടാൻ സർക്കാർ ഒരു സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. എസ്.എൽ.ബി.സി. കൺവീനറും അക്കാര്യത്തിൽ ഗവൺമെന്റുമായി സഹകരിക്കുന്നുണ്ട്.

വ്യവസായ വികസനത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രാധാന്യം

3(*333) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയുടെ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് നിർണ്ണായക പങ്കുവഹിക്കാനാകുമെന്നത് പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ ഇത്തരം സംരംഭങ്ങളുടെ പ്രാധാന്യം വിലയിരുത്തി ആവശ്യമായ പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭക ഹെൽപ്ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കും കൂടുതൽ പ്രാധാന്യം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) ഗ്രാമീണ മേഖലയുടെ വികസനത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പങ്ക് അവലോകനം ചെയ്തുകൊണ്ട് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പഠനങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല. എങ്കിലും കേരളത്തിന്റെ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ പ്രധാന പങ്കുവഹിക്കുന്നുവെന്നുള്ള കാര്യം മുന്നിൽകണ്ടുകൊണ്ട് ഈ മേഖലയിൽ കൂടുതൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും തുടർന്ന് ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാനസൗകര്യങ്ങളൊരുക്കി നൽകുകയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയുംവഴി കേരളത്തെ മികച്ച നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യംവച്ചുകൊണ്ട്, വ്യവസായ വകുപ്പ് വിവിധ പദ്ധതികളാവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നയങ്ങൾ, വിവിധ പരിശീലന പരിപാടികൾ, വിപണനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ എന്നിവ കൂടാതെ സംരംഭക വർഷത്തിന്റെ ഭാഗമായുള്ള വിവിധ പദ്ധതികളും ഈ മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിരിക്കുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്.

1. സംരംഭക സഹായ പദ്ധതി
2. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്
3. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി
4. സമ്മർദ്ദമുള്ള (stressed) വ്യവസായങ്ങൾ/പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായ പദ്ധതികൾ
   (a) The Kerala stressed MSMEs Revival & Rehabilitation Scheme
   (b) Revival and Rehabilitation scheme for defunct MSMEs and cashew processing units.
5. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

6. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായപദ്ധതി
7. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം.

(സി) കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ്ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി പരിശീലന പരിപാടികൾ, ധനസഹായ പരിപാടികൾ, പ്രദർശന വിപണന മേളകൾ, അടിസ്ഥാനസൗകര്യ വികസനം മുതലായ സഹായങ്ങൾ വ്യവസായ വകുപ്പ് മുഖാന്തരം നൽകിവരുന്നുണ്ട്. ഈ പദ്ധതികളെല്ലാംതന്നെ വനിതാ സംരംഭകർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മുൻഗണന നൽകിവരുന്നു. സംരംഭക സഹായപദ്ധതിയിൽ (ESS) സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 15% (പരമാവധി 30 ലക്ഷം രൂപ) വരെ സബ്സിഡി നൽകുമ്പോൾ വനിത/എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 25% (പരമാവധി 40 ലക്ഷം

രൂപ) വരെ നൽകുന്നു. ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതിയിൽ 30% സ്ത്രീ സംരംഭകരായിരിക്കണമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്. 30% ഗ്രാന്റ്, 30% ഋണഭോക്തൃ വിഹിതം, 40% ബാങ്ക് വായ്പയെന്ന അനുപാതം നിശ്ചയിച്ചിട്ടുള്ള പദ്ധതിയിൽ വനിതാ സംരംഭകർ/പട്ടികജാതി/പട്ടികവർഗ്ഗം എന്നിവരുൾപ്പെടുന്ന മുൻഗണനാ വിഭാഗത്തിന് 40% ഗ്രാന്റ്, 20% ഋണഭോക്തൃ വിഹിതം, 40% ബാങ്ക് വായ്പ എന്ന അനുപാതം നിശ്ചയിച്ചിരിക്കുന്നു. നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ വനിത/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 8% വരെ സബ്സിഡി റീ-ഇംബേഴ്സ്മെന്റ് വഴി നൽകുന്നു. 50% സ്ത്രീ സംരംഭകർക്കായി അനുവദിക്കാൻ വിഭാവന ചെയ്തിട്ടുള്ള 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിയിൽ 10 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പയുടെ 4% അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകും. വ്യവസായ വകുപ്പ് സംരംഭകർക്ക് നൽകുന്ന അവാർഡുകളിലും സ്ത്രീ സംരംഭകർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും പ്രത്യേക അവാർഡ് നൽകുന്നുണ്ട്. കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, വകുപ്പ് നടപ്പിലാക്കുന്ന വിവിധ

പദ്ധതികളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കും കൂടുതൽ പ്രാധാന്യം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരളത്തിന്റെ വ്യവസായ വളർച്ച റെക്കോർഡ് ഉയർച്ചയിലായതിന് ഗവൺമെന്റിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതനുസരിച്ച് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെയും വ്യവസായ-വാണിജ്യ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉല്പന്നങ്ങൾക്ക് വിപണി ലഭ്യതയ്ക്കായി ഇ-പോർട്ടൽ രൂപീകരിക്കാനും എം.എസ്.എം.ഇ. മേഖലകളിലെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള എക്സിബിഷൻ സംഘടിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യം വളരെ പ്രസക്തമാണ്. യഥാർത്ഥത്തിൽ ഇപ്പോൾ ധാരാളം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ സംരംഭങ്ങൾ ഭാവിയിൽ നേരിടുന്ന ഒരു പ്രതിസന്ധി മാർക്കറ്റിംഗാണ്. അതായത്, ഉല്പന്നങ്ങൾ വിൽക്കാൻ കഴിയേണ്ടതുണ്ട്. അക്കാര്യം സർക്കാർ മുന്നിൽ കാണുന്നുമുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച മേക്ക് ഇൻ കേരള പദ്ധതിയുടെ സഹായത്തോടെ വിപണനത്തിനാവശ്യമായ സൗകര്യമൊരുക്കാം. ഡിജിറ്റൽ യൂണിവേഴ്സിറ്റിയും

കെൽട്രോണും വ്യവസായ വകുപ്പുംചേർന്ന് ചർച്ച നടത്തി ഇ-പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. പോസ്റ്റൽ ഡിപ്പാർട്ടുമെന്റാണ് അതിന്റെ ലോജിസ്റ്റിക് പാർട്ട് കൈകാര്യം ചെയ്യുന്നത്. അവരുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ പല ഇ-കോമേഴ്സും അവരാണ് ചെയ്യുന്നത്. ഓൺലൈൻ വഴി ഉല്പന്നങ്ങൾ വിൽക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ താലൂക്കുകളിലും ഇതിനോടകംതന്നെ മേളകൾ നടത്തിയിട്ടുണ്ട്. അത് തുടരാനും സംസ്ഥാനതലത്തിൽ വലിയ എക്സിബിഷനുകൾ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഫുഡ് പ്രോസ്സസിംഗ് സംബന്ധിച്ച് തൃശ്ശൂരിലും പ്ലാന്റേഷൻ സംബന്ധിച്ച് തിരുവനന്തപുരത്തും എക്സിബിഷനുകൾ സംഘടിപ്പിച്ചിരുന്നു. മേഖലതിരിച്ചുള്ള എക്സിബിഷനുകൾ വിപണനത്തിന് സഹായകരമായ രൂപത്തിൽ ആരംഭിക്കുന്നുണ്ട്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, വ്യവസായ വളർച്ചയോടൊപ്പം കാർഷിക അനുബന്ധമേഖലയുടെ വളർച്ചയും ഉറപ്പാക്കേണ്ടതുണ്ട്. പ്രസ്തുത മേഖല 6.7% വളർച്ച കൈവരിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതിന്റെ ഭാഗമായി കേരളത്തിന്റെ തനത് കാർഷിക ഉല്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം ഭക്ഷ്യസംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

സ്വീകരിക്കുമോ; നിലവിൽ അടഞ്ഞുകിടക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായ പാക്കേജ് തയ്യാറാക്കാനുള്ള ഇടപെടലുണ്ടാകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, രണ്ട് ചോദ്യങ്ങളാണുള്ളത്. ഒന്ന്, ഡ്രാഫ്റ്റ് ഇൻഡസ്ട്രിയൽ പോളിസിയിൽ ഫുഡ് പ്രോസസിംഗ് ഒരു പ്രയോരിറ്റി മേഖലയായാണ് കണ്ടിട്ടുള്ളത്. പുതിയതായി ആരംഭിച്ച എം.എസ്.എം.ഇ.-കളിൽ ഇരുപത്തിനാലായിരത്തിലധികം ഫുഡ് പ്രോസസിംഗ് സംരംഭങ്ങളാണുള്ളത്. അവ ആരംഭിക്കുന്നതിന് നിർബന്ധമായും ലൈസൻസ് ഉണ്ടായിരിക്കണം. അതിനർത്ഥം ഈ വർഷം തന്നെ ഇത്രയും സംരംഭങ്ങൾ ആരംഭിച്ചുവെന്നും അതിൽതന്നെ നല്ലൊരു പങ്കും സ്ത്രീ സംരംഭകരാണെന്നതുമാണ്. അവർക്കാവശ്യമായ പിന്തുണ ഗവൺമെന്റ് നൽകുന്നുണ്ട്. ഇന്ത്യയിൽ ആദ്യമായി ഇതിനായി സർക്കാർ ഒരു മിഷൻ രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായും കൃഷി-വ്യവസായ വകുപ്പുമന്ത്രിമാർ വൈസ് ചെയർമാൻമാരായും മറ്റ് വിവിധ വകുപ്പുമന്ത്രിമാർ അംഗങ്ങളായുള്ള ഒരു മിഷൻ രൂപീകരിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ പ്രൊഡക്ടിവിറ്റി വർദ്ധിപ്പിച്ച് അതിന്റെ അടിസ്ഥാനത്തിൽ അവയെ ഉല്പന്നങ്ങളാക്കി മാറ്റുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ആദ്യഭാഗം കൃഷി വകുപ്പിന്റേതും രണ്ടാമത്തെ ഭാഗമായ ഫുഡ് പ്രോസസിംഗ് വ്യവസായ വകുപ്പിന്റേതുമാണ്. ഈ രണ്ട് വകുപ്പുകളുടെ ഏകോപനത്തോടെയും മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടിയും ഇന്ത്യയിലാദ്യമായി ഒരു മിഷൻ രൂപീകരിച്ചിട്ടുണ്ട്. അതിലൂടെ വ്യവസായ രംഗത്ത് നല്ല മുന്നേറ്റമുണ്ടാക്കാനും കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. രണ്ടാമത്, അങ്ങ് പറഞ്ഞത് അടഞ്ഞുപോയ അല്ലെങ്കിൽ പ്രതിസന്ധി നേരിടുന്ന സംരംഭങ്ങളെപ്പറ്റിയാണ്. അതിനായി സംരംഭങ്ങൾ ആരംഭിച്ച് വിജയിച്ചവരോടൊപ്പംതന്നെ പരാജയപ്പെട്ടവരുടെയും ഒരു പ്രത്യേക യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പരാജയത്തിലേയ്ക്ക് നയിച്ച പ്രതിസന്ധികളെന്താണെന്ന് അവരിൽനിന്നും മനസ്സിലാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ആലോചിക്കുന്നതിനും വേണ്ടിയാണ് അവരുടെ യോഗം വിളിച്ചുചേർക്കാൻ തീരുമാനിച്ചത്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകത്വ പരിശീലനവും സാങ്കേതികവിദ്യാ മേഖലയിൽ പ്രായോഗിക പരിശീലനവും നൽകുന്നുണ്ടോ;

എക്സിബിഷനെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചു. പതിനായിരക്കണക്കിന് സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ ഗ്രാമീണ മേഖലയിൽ ആരോഗ്യ-വിദ്യാഭ്യാസ-വ്യാവസായിക-സാംസ്കാരിക പരിപാടികളെല്ലാം സംയോജിപ്പിച്ചുകൊണ്ട് മാർക്കറ്റിംഗിനുവേണ്ടി പഞ്ചായത്തുകൾതോറും അത്തരമൊരു പരിപാടി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്കുള്ള പരിശീലനം എല്ലാ പഞ്ചായത്തുകളിലും നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ രണ്ട് ലക്ഷത്തോളം പേർ പങ്കെടുത്തതിൽ 177599 പേരാണ് സംരംഭകരാകാൻ താല്പര്യം പ്രകടിപ്പിച്ചത്. അവർക്കാവശ്യമായ പരിശീലനവും നൽകിയിട്ടുണ്ട്. ഇതിനുപുറമെ എം.എസ്.എം.ഇ. ക്ലിനിക്കുകൾ ആരംഭിച്ച് സംരംഭകർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്. വിപണനത്തിന്റെ കാര്യത്തിൽ താലൂക്ക് അടിസ്ഥാനത്തിലാണ് മേളകൾ നടത്തിയിട്ടുള്ളത്. സിവിൽ സപ്ലൈസും സഹകരണ വകുപ്പുമായി ചേർന്ന് വിപണം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

ശ്രീമതി സി. കെ. ആശ: സർ, തനത് കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട സംരംഭങ്ങളെ കൂടുതലായി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട ഇടപെടൽ നടത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞു. കേരളത്തിന്റെ മത്സ്യസമ്പത്തിന്റെ കാര്യവും അതുപോലെയാണ്. നിരവധി മത്സ്യകർഷകർ ഈ സംരംഭത്തിലേയ്ക്ക് കടന്നുവന്നിരിക്കുന്ന സാഹചര്യത്തിൽ മത്സ്യസമ്പത്തിനെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുവേണ്ടി മത്സ്യകർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുമോ?

ശ്രീ. പി. രാജീവ്: സർ, വളരെ പ്രസക്തമായൊരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. ഇപ്പോൾ കേരളത്തിൽ നടത്തുന്ന മത്സ്യകൃഷിയിൽനിന്ന് ലഭിക്കുന്ന മത്സ്യം കഴിക്കാൻവേണ്ടി മാത്രം ഉപയോഗിക്കുകയാണെങ്കിൽ കർഷകർക്ക് നഷ്ടമായിരിക്കും സംഭവിക്കുന്നത്. അതുകൊണ്ട് അതിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കണം. വലിയ മത്സ്യത്തിന്റെ മുള്ളിൽനിന്ന് കാൽസ്യവും ബ്രയിനിൽനിന്ന് മെമ്മറി വർദ്ധിപ്പിക്കുന്നതിനുള്ള ഫുഡ് സപ്ലിമെന്റുകളും സ്കിന്നിൽനിന്ന് പ്രായം കുറയ്ക്കുന്നതിനുള്ള സപ്ലിമെന്റുകളൊക്കെ ലോക വിപണിയിൽ വരുന്നുണ്ട്. അത്തരം സാധ്യതകളെ സംബന്ധിച്ച് വ്യവസായ വകുപ്പ് മത്സ്യവകുപ്പുമായി

യോഗം ചേർന്ന് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവർ ചില പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. മത്സ്യോല്പാദനത്തിൽ നേരത്തെ കേരളമായിരുന്നു മുന്നിൽ നിന്നിരുന്നത്. ഇപ്പോൾ ആന്ധ്രാപ്രദേശാണ് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. ഇപ്പോൾ 67% മത്സ്യവും ആന്ധ്രാപ്രദേശിൽ നിന്നാണ് വരുന്നത്. കേരളത്തിലെ 75% സീ ഫുഡ് പ്രോസസ്സിംഗ് സ്ഥാപനങ്ങളും ഇ.യു. സർട്ടിഫൈഡാണ്. 1000 കോടി രൂപ ടേൺ ഓവറുള്ള ഒന്നിലധികം സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. എന്നാൽ സംസ്ഥാനത്ത് മത്സ്യത്തിന്റെ ലഭ്യതയിൽ കുറവുണ്ടാകുന്നുണ്ട്. അത് പരിഹരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് പ്രത്യേകമായി ചില പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. ഇരുവകുപ്പുകളും ചേർന്ന് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, നിലവിൽ അടഞ്ഞുകിടക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇക്കാര്യത്തെക്കുറിച്ച് നേരത്തെ വിശദമായി പറഞ്ഞതാണ്. എല്ലാ യൂണിറ്റുകളും തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചുവെന്ന് വരില്ല. 30-40 ശതമാനം അടഞ്ഞുപോകുന്നതാണ്.

എന്നാൽ സർക്കാർ സഹായത്തോടെ രക്ഷപ്പെടുത്താൻ സാധിക്കുമെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാർ ഇടപെടുന്നതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ സംരംഭകർക്ക് ലഭിക്കുന്ന വരുമാനത്തിന്റെ ചെറിയ ഭാഗം അതത് കർഷകർക്ക് ലഭ്യമാക്കണമെന്ന നയം നേരത്തെ ചർച്ച ചെയ്തതും തീരുമാനമെടുത്തതുമാണ്. അത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് നേതൃത്വം നൽകിയിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, അങ്ങ് ചോദിച്ചത് വളരെ ന്യായവും കാർഷിക സമൂഹത്തിൽ വളരെ പ്രസക്തവുമായൊരു ചോദ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിമാരും ഈ പ്രശ്നം ഉന്നയിക്കുന്നുമുണ്ട്. സർക്കാർ രൂപീകരിച്ച മിഷൻ ഇക്കാര്യവും ചർച്ച ചെയ്യുന്നുണ്ട്. ഇന്നലെ മാഞ്ഞാലി സർവ്വീസ് സഹകരണ ബാങ്ക് സംഘടിപ്പിച്ച ഒരു പരിപാടിയിൽ ഞാനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഒരുമിച്ച് പങ്കെടുത്തിരുന്നു. പ്രസ്തുത ബാങ്ക് ഇപ്പോൾ കൂവ സംരംഭം ആരംഭിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ കൂവ കൃഷി ചെയ്യുമായിരുന്നില്ല. എന്നാൽ ഇപ്പോൾ കൂവ കൃഷി വ്യാപകമായിട്ടുണ്ട്. വ്യാപകമായി കൂവ കൃഷി ചെയ്ത് പൊടിയാക്കി ഇന്റർനാഷണൽ നിലവാരത്തിൽ പായ്ക്ക് ചെയ്യുകയാണ്. നെതർലാൻഡിൽനിന്ന് ഇപ്പോൾ കൂവപ്പൊടിക്കുവേണ്ടിയുള്ള ഓർഡർ

ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ക്കുറെ സംരംഭങ്ങൾ വരുന്നുണ്ട്. സ്വാഭാവികമായും അതെല്ലാം വരുന്നതോടുക്കൂടി കർഷകർക്ക് വരുമാനം വർദ്ധിക്കും. മൂല്യവർദ്ധനവ് വരുമ്പോൾത്തന്നെ ക്വാളിറ്റി പ്രോഡക്ടിലേയ്ക്ക് വരും. 'വൈഗ' പദ്ധതി നടപ്പിലാക്കിയപ്പോൾ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ ബി2 ബി മീറ്റിൽ കർഷകരും വ്യവസായികളും പങ്കെടുത്തിരുന്നു. വ്യവസായികൾക്ക് ആവശ്യമായ ക്വാണ്ടിറ്റിയും ക്വാളിറ്റിയും സംബന്ധിച്ച് കർഷകർ ഉറപ്പ് നൽകുകയും അങ്ങനെയുള്ള നിരവധി ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുകയും ചെയ്തു. ഞാനും അതിൽ പങ്കെടുത്തിരുന്നു. അതിന്റെ ഭാഗമായി ഫുഡ് പ്രോസസ്സിംഗ് വാല്യു അഡീഷനിലൂടെ കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കുകയെന്നതാണ് പ്രധാനപ്പെട്ട ഉദ്ദേശ്യം.

കിഫ്ബി മുഖേനയുള്ള വൻകിട വികസന പദ്ധതികൾ

4 (*334) <u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീ എ. സി. മൊയ്തീൻ</u>:
<u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്ക് വേണ്ടത്ര പണം വകയിരുത്തിയിട്ടില്ലെന്ന് കിഫ്ബിയെ വിമർശിച്ചവർ തന്നെ ആക്ഷേപം ഉന്നയിച്ചത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കിഫ്ബിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയെത്രയെന്ന് അറിയിക്കാമോ;

(ബി) തിരുവനന്തപുരം വികസന ഇടനാഴി, കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി, വ്യവസായ പാർക്കുകൾ എന്നിവ ഉൾപ്പെടെ കിഫ്ബി മുഖേനയുള്ള വൻകിട വികസന പദ്ധതികൾ സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പണം ലിവറേജ് ചെയ്ത് പല മടങ്ങ് മൂലധന നിക്ഷേപം ഉറപ്പ് വരുത്തുകയെന്ന ബദൽ വികസന മാർഗ്ഗമെന്ന നിലയിലുള്ള കിഫ്ബിയുടെ പ്രാധാന്യം വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) കിഫ്ബിക്ക് വേണ്ടത്ര പണം വകയിരുത്തിയിട്ടില്ലെന്ന രീതിയിലുള്ള പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് വസ്തുതയല്ല. മോട്ടോർ വാഹന നികുതിയുടെ വിഹിതമായി 2215 കോടി രൂപയും പെട്രോളിയം സെസ്സ് ഇനത്തിൽ 594 കോടി രൂപയുമുൾപ്പടെ 2809 കോടി രൂപ കിഫ്ബിക്കായി 2023-24 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഡീറ്റെയിൽഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് – volume 2-ലെ

പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധം-1+ ആയി നൽകുന്നു. കൂടാതെ കോർപ്പസ് ഫണ്ട്, മോട്ടോർ വാഹന നികുതിയുടെ വിഹിതം, പെട്രോളിയം സെസ്സ്, ഗ്രാന്റ് എന്നീ ഇനങ്ങളിലായി ഇതിനോടകം 15,103.96 കോടി രൂപ സർക്കാരിൽനിന്നും കിഫ്ബിക്ക് നൽകിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധം-2+ ആയി നൽകുന്നു.

(ബി) 27-02-2023-ലെ കിഫ് ബോർഡ് മീറ്റിംഗിൽ അംഗീകാരം നൽകിയ പദ്ധതികളുൾപ്പെടെ കിഫ്ബിയിലുൾപ്പെടുത്തി സംസ്ഥാനത്ത് നാളിതുവരെ വിവിധ വകുപ്പുകളിലായി 80,352.04/- കോടി രൂപയുടെ 1057 പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം 3+ ആയി ചേർത്തിട്ടുണ്ട്. 60,352.04/- കോടി രൂപയുടെ 1050 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും 20,000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തി ഏഴ് പദ്ധതികൾക്കുമാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. 20,000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിലുൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികൾ പ്രധാനമായും വ്യവസായ ഇടനാഴികളുടെയും വ്യവസായ പാർക്കുകളുടെയും സ്ഥലമേറ്റെടുപ്പിനും ദേശീയപാതാ വികസനത്തിനുള്ള സ്ഥലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏറ്റെടുക്കുന്നതിനുള്ള സംസ്ഥാന വിഹിതം നൽകുന്നതിനുമുള്ള പദ്ധതികളാണ്. വിശദാംശം അനുബന്ധം 4+ ആയി ചേർത്തിട്ടുണ്ട്. തിരുവനന്തപുരത്തെ ബയോ ലൈഫ് സയൻസ് പാർക്ക്, കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, പെട്രോകെമിക്കൽ പാർക്ക്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്ഥലമേറ്റെടുക്കൽ, കണ്ണൂർ-പാലക്കാട് വ്യവസായ പാർക്കുകൾക്കുള്ള സ്ഥലമേറ്റെടുക്കൽ, ഗിഫ്റ്റ് സിറ്റി എന്നിവയാണ് വ്യവസായ മേഖലയ്ക്ക് കീഴിലുള്ള പദ്ധതികൾ. ഇതിൽ ബയോ ലൈഫ് സയൻസ് പാർക്കിനുള്ള മുഴുവൻ തുകയും കിഫ്ബി നൽകിക്കഴിഞ്ഞു. കൊച്ചി അമ്പലമുകളിൽ പെട്രോകെമിക്കൽ പാർക്കിനുള്ള സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, കണ്ണൂർ-പാലക്കാട് വ്യവസായ പാർക്ക് എന്നിവയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ മറ്റ് വൻകിട അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെയും പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി അതത് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുകയും കൃത്യമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇടവേളകളിൽ പദ്ധതി പുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികൾ, വകുപ്പുകൾ എന്നിവരെയുൾപ്പെടുത്തി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ആവശ്യമായ ഇടപെടലുകളും സഹായങ്ങളും നൽകുകയും ചെയ്തുവരുന്നു.

(സി) സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016-ലെ ബഡ്ജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ വിഭാവനം ചെയ്തത്. ഭാവി വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട്, ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തുനിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തലസൗകര്യം ഇപ്പോൾത്തന്നെ സൃഷ്ടിക്കുകയെന്നതാണ് കിഫ്ബിയിലൂടെ നടപ്പാക്കിവരുന്നത്. വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷംതോറും കിഫ്ബിക്ക് സർക്കാർ വിഹിതമായി നൽകിക്കൊണ്ട് വിദൂരഭാവിയിൽ മാത്രം സാധ്യമാകുമായിരുന്ന നാടിന്റെ പശ്ചാത്തല സൗകര്യ വികസനം ഇന്നുതന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ

കൈവരിക്കുന്നത്. കിഫ്ബി ആകട്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം കിഫ്ബിക്ക് വാർഷികമായി നൽകേണ്ട വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്നും കിഫ്ബിയുടെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുണ്ടെന്നതും സർക്കാർ ഉറപ്പുവരുത്തുന്നു. കിഫ്ബി മുഖേന നാളിതുവരെ ആകെ 80,352 കോടി രൂപയുടെ 1057 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിനോടകം 23,095 കോടി രൂപയാണ് കിഫ്ബി പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചത്. കോവിഡിനെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിൽ അടിസ്ഥാന സൗകര്യപദ്ധതികൾക്കായുള്ള ഈ ധനവിനിയോഗം സഹായകമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ മൂലധനച്ചെലവ് 2020-21 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച കണക്കനുസരിച്ച് ജി.എസ്.ഡി.പി (ഗ്രോസ് സ്റ്റേറ്റ് ഡൊമെസ്റ്റിക് പ്രോഡക്ട്)-യുടെ 2 ശതമാനത്തിലേറെയായിരുന്നു. തൊട്ടുമുമ്പുള്ള എട്ടുവർഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറ്റവും ഉയർന്നതാണിത്. കിഫ്ബിയുടെയും സംസ്ഥാന സർക്കാരിന്റെയും കൂടിയുള്ള സംയോജിത മൂലധന ചെലവ് ജി.എസ്.ഡി.പി.-യുടെ 2.30 ശതമാനത്തിലെത്തിയതാണ് ഈ നേട്ടത്തിന് കാരണമായത്. വരുന്ന സാമ്പത്തിക വർഷം കിഫ്ബിയുടെയും സംസ്ഥാന സർക്കാരിന്റെയും

സംയോജിത മൂലധന ചെലവ് ജി.എസ്.ഡി.പി.-യുമായുള്ള താരതമ്യത്തിൽ ഇതിലും മികച്ച നിലയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. പ്രളയവും കോവിഡ് മഹാമാരിയും നാശം വിതച്ച കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് പ്രത്യക്ഷമായും പരോക്ഷമായും ഒരു കൈത്താങ്ങായിമാറാൻ കിഫ്ബി മുഖേനയുള്ള പ്രവർത്തനങ്ങൾക്കായിയെന്ന് ആത്മവിശ്വാസത്തോടെ പറയുവാൻ സാധിക്കും. ആധുനിക വിദ്യഭ്യാസ സൗകര്യങ്ങൾ, കെ-ഫോൺ, ട്രാൻസ്ഗ്രിഡ് 2.0, ആശുപത്രികൾ, ഡയാലിസിസ് യൂണിറ്റുകൾ, കാത്ത്‌ലാബുകൾ, കായിക സമുച്ചയങ്ങൾ, സാംസ്കാരിക സമുച്ചയങ്ങൾ, റോഡുകൾ, പാലങ്ങൾ, റെയിൽവേ മേൽപ്പാലങ്ങൾ, തീരദേശ ഹൈവേ, മലയോര ഹൈവേ, തുരങ്കപാത, തീരദേശ സംരക്ഷണം, തുറമുഖ സംരക്ഷണം, പുലിമുട്ടുകൾ സ്ഥാപിക്കൽ, പട്ടികജാതി വകുപ്പിനുകീഴിൽ ഐ.റ്റി.ഐ.കൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, വ്യവസായ വകുപ്പിനുകീഴിൽ ഓങ്കോളജി പാർക്ക്, ജലപാതകളുടെ നവീകരണം, വിവിധ ജലസേചന പദ്ധതികൾ എന്നിങ്ങനെ കേരളത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്ന വികസനമാണ് കിഫ്ബി വഴി പുരോഗമിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം ചൂമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഐ. ബി. സതീഷ്: സർ, കിഫ്ബി പദ്ധതിയെ ദുർബലപ്പെടുത്താൻ കേന്ദ്ര സർക്കാർ

ശ്രമിക്കുന്നുണ്ടോ; കിഫ്ബി പദ്ധതിയെ തുരങ്കം വയ്ക്കാൻ ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ പ്രത്യേക ആക്ട് പാസ്സാക്കി അതനുസരിച്ചൊരു വിഹിതം എല്ലാവർഷവും സംസ്ഥാന ബഡ്ജറ്റിൽനിന്നും ഉറപ്പാക്കിയും ബാക്കി കടമെടുക്കുകയും ചെയ്യുകയെന്ന നിലയ്ക്കാണ് കിഫ്ബി ആരംഭിച്ചത്. കടം കൃത്യമായി തിരിച്ചടിക്കുന്നതിനായുള്ള അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് സ്കീം അനുസരിച്ച് തിരിച്ചടവും കാര്യങ്ങളും നടന്നുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ, രണ്ടുവർഷം മുമ്പാണ് കിഫ്ബിയുടെയും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയുടെയും ലോണും കടവും സംസ്ഥാന ബഡ്ജറ്റിന്റെ ഭാഗമാകണമെന്ന നിലപാട് കേന്ദ്ര സർക്കാർ എടുത്തത്. അതിനെതിരെ സംസ്ഥാന സർക്കാർ ശക്തമായ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഇതൊന്നും സംസ്ഥാനത്തിന്റെ ബോറോയിംഗിന്റെ ഭാഗമാക്കാൻ പാടില്ലെന്ന നിയമനിർദ്ദേശമാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്. പക്ഷേ, ഇതെല്ലാം സംസ്ഥാന ബോറോയിംഗിന്റെ ഭാഗമാക്കി ഈ വർഷം പതിനയ്യായിരത്തിലധികം

കോടി രൂപ നമ്മുടെ കടമെടുപ്പ് പരിധിയിൽ കുറയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു. അതിന്റെ നാലിലൊന്ന് തുക ഈ സാമ്പത്തികവർഷം കുറച്ചുവെന്ന് മാത്രമല്ല, ഫെബ്രുവരി രണ്ടാം തീയതി കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ തൊട്ടടുത്ത ദിവസം ഈ വർഷം ലഭിക്കേണ്ട കടത്തിൽ 2700 കോടി രൂപ വെട്ടിക്കുറയ്ക്കുകയും ചെയ്തു. ഇങ്ങനെ സംസ്ഥാന ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെയാകെ ശ്വാസംമുട്ടിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് നാഷണൽ ഹൈവേയ്ക്കും മറ്റ് കാര്യങ്ങൾക്കുമായി ഇതുപോലെ പണം കടമെടുക്കുകയും ഗ്യാരന്റി കൊടുക്കുകയും ചെയ്യുന്ന സമീപനം സ്വീകരിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിനോട് കാണിച്ചുകൊണ്ടിരിക്കുന്ന ഇരട്ടത്താപ്പിനെക്കുറിച്ച് നിയമസഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായങ്ങൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുമുണ്ട്. സംസ്ഥാന സർക്കാർ ക്യാബിനറ്റിൽ ചർച്ച ചെയ്ത് അംഗീകരിച്ച അഭിപ്രായങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കത്തുമുഖേന അറിയിച്ചിട്ടുണ്ട്. അതിന്റെ മറുപടി പ്രതീക്ഷിക്കുകയാണ്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, വിദ്യാഭ്യാസ മേഖലയിൽ എത്ര

സ്ഥാപനങ്ങൾക്കാണ് കിഫ്ബി മുഖേന തുക അനുവദിച്ചിട്ടുള്ളത്; ഈയിനത്തിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, വിദ്യാഭ്യാസ മേഖലയിൽ പ്രധാനമായും സ്കൂൾ പദ്ധതികൾക്കാണ് കിഫ്ബിയിലൂടെ ഫണ്ടനുവദിക്കുന്നത്. ഇപ്പോൾ ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കാവശ്യമായ തുകയും കഴിഞ്ഞ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. 888 സ്കൂളുകൾ, 11300 ലബോറട്ടറികൾ, 44705 ഹൈടെക് ക്ലാസ് റൂമുകൾ എന്നിങ്ങനെ 2901 കോടി രൂപയുടെ പദ്ധതികളാണ് സ്കൂൾ മേഖലയ്ക്കുവേണ്ടി മാത്രമായി മാറ്റിവച്ചത്. ഇതിൽ 269 സ്കൂളും 44705 ഹൈടെക് ക്ലാസ് റൂമുകളും 11257 ലാബുകളും പൂർത്തീകരിച്ചുകഴിഞ്ഞു. നാളിതുവരെ 1780 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരികയാണ്. കൂടാതെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ എല്ലാ സർവ്വകലാശാലകളിലും ആധുനികസൗകര്യങ്ങളോടുകൂടിയ ഗവേഷണശാലകളും സൗകര്യങ്ങളും ഏർപ്പെടുത്താനുള്ള തുകയും മാറ്റിവച്ചിട്ടുണ്ട്. ഏകദേശം 600 കോടിയിലധികം രൂപയാണ് ഈ വർഷം ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചിട്ടുള്ളത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിന്റെ വികസനത്തിൽ പശ്ചാത്തലസൗകര്യ വികസനമേഖലയിലെ ബദൽ മാർഗ്ഗമായ കിഫ്ബിയെ തകർക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമം കുറച്ചുകാലമായി തുടരുകയാണ്. മസാല ബോണ്ട് വിവാദം അത്തരത്തിൽ ഉയർന്നുവന്ന ഒന്നാണ്. റിസർവ് ബാങ്കിന്റെ അനുമതിയില്ല, ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ടിന്റെ (ഫെമ) ലംഘനമാണ് തുടങ്ങിയ ആക്ഷേപമായിരുന്നു മസാല ബോണ്ടിനെപ്പറ്റി ഉയർന്നുവന്നിരുന്നത്. എന്നാലിപ്പോൾ കേരളത്തിന്റെ ബഡ്ജറ്റിന് പുറത്തുള്ള വിഭവസമാഹരണത്തെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. എക്സ്റ്റേണൽ സബ്സിഡിയറി റിസോഴ്സസ് സർക്കാരിന്റെ പൊതു കടത്തിൽ ഉൾപ്പെടുത്തില്ലെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പാർലമെന്റിൽ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞ സാഹചര്യത്തിൽ കേരളത്തോടുള്ള നിലപാടിനെതിരെ എന്ത് സമീപനമാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്; നിയമ-ഭരണഘടനാപരമായ നിലയിൽ ഇക്കാര്യത്തിൽ ഇടപെടാൻ സർക്കാരിന് സാധിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാടിന്റെ പൊള്ളത്തരം പാർലമെന്റിൽ ഒരു

ചോദ്യത്തിന് നൽകിയ മറുപടിയിൽ വ്യക്തമായിട്ടുണ്ട്. രാഷ്ട്രീയമായി ഈ പ്രശ്നത്തെ സമീപിക്കാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. എങ്കിലും ലോകസഭയിൽ പ്രസ്തുത മറുപടിയെത്തുടർന്ന്, കേരളത്തോട് ഇങ്ങനെയൊരു സമീപനം സ്വീകരിക്കുന്നത് എന്തുകൊണ്ടാണെന്ന് അപ്പോൾത്തന്നെ കേരളത്തിൽനിന്നുള്ള 18 എം.പി.മാർ ചോദിക്കേണ്ടതായിരുന്നു. കേരളത്തിന്റെ താല്പര്യത്തിനുവേണ്ടി പാർലമെന്റിൽ അക്കാര്യം ഉന്നയിക്കേണ്ടതായിരുന്നു. അവിടത്തെ ഏറ്റവും പ്രധാനപ്പെട്ട വേദിയിൽ കേരളത്തിന്റെ താല്പര്യം പരിഗണിച്ചെങ്കിലും കേരളത്തിലെ എം.പി.മാർ അക്കാര്യം ഉന്നയിച്ചില്ലെന്ന കാര്യത്തിലുള്ള വിഷമം ഞാൻ പറയുന്നുവെന്നേയുള്ളൂ. രാഷ്ട്രീയമായി വിമർശിക്കാനല്ല. ഇക്കാര്യത്തിൽ നിയമപരമായിട്ടുള്ള സമീപനം സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ സമീപനങ്ങൾ ശരിയല്ലെന്നുള്ള നിയമോപദേശമാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രധാനമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. ഇക്കാര്യം നേരത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലുംപെടുത്തിയിരുന്നു. ഭരണഘടനാപരവും നിയമപരവുമായ കാര്യങ്ങളുമുന്നയിച്ച് ഇക്കാര്യം വീണ്ടും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിന്റെ സമസ്ത മേഖലയ്ക്കുമായി 80,000

കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ച് നീങ്ങണം. ഇന്ത്യൻ പാർലമെന്റിൽ ഇക്കാര്യത്തെ സംബന്ധിച്ച് ഏറ്റവും സജീവമായി പറയാൻ സാധിക്കുന്നത് കോൺഗ്രസ് എം.പി.മാർക്കാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽനിന്ന് രണ്ട് എം.പി.മാർ മാത്രമാണ് ലോകസഭയിലുള്ളത്. അതുകൊണ്ട് നിങ്ങൾ ഒരു കാര്യം ഉറപ്പാക്കണം. കേരളത്തോട് കാണിക്കുന്ന വിവേചനപരമായ നിലപാട് അവസാനിപ്പിക്കാനും കിഫ്ബി, സംസ്ഥാനത്തിന്റെ കടമെടുപ്പ് തുടങ്ങിയ കാര്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റിയും പാർലമെന്റ് പോലുള്ള വേദികളിൽ ഉന്നയിക്കാൻ തയ്യാറാവണം. അതിന് എം.പി.മാരുടെ എല്ലാവിധ സഹായവുമുണ്ടാകണം. അതാണ് നിയമപരമായ കാര്യങ്ങളോടൊപ്പം ചെയ്യേണ്ടത്.

ശ്രീ. വി. ജോയി: സർ, കേരളത്തിൽ ഇന്ന് കാണുന്ന എല്ലാ വികസന പ്രവർത്തനങ്ങളിലും അത് റോഡാണെങ്കിലും പാലങ്ങളാണെങ്കിലും കെട്ടിടങ്ങളാണെങ്കിലും കിഫ്ബിയുടെ പങ്ക് വളരെ വലുതാണ്. ഭരണപക്ഷത്താണെങ്കിലും പ്രതിപക്ഷത്താണെങ്കിലും ഈയൊരു സഹായം വളരെ പ്രധാനപ്പെട്ട ഒന്നാണ്. കിഫ്ബിയുടെ പ്രവർത്തനങ്ങൾക്ക് തടയിടുന്നതിനുവേണ്ടി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നടത്തുന്ന ശ്രമങ്ങൾ

അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാവും. ഇതിനെതിരെ ആർ.ബി.ഐ. എന്ത് മറുപടിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നടത്തുന്ന ശ്രമങ്ങളെ സംബന്ധിച്ച് ധാരാളം വാർത്തകൾ എല്ലാവരും വായിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിസർവ് ബാങ്ക് പറഞ്ഞത്, എല്ലാ നോംസും നിയമവുമനുസരിച്ചും അവരുടെ അഭിപ്രായം ആരാഞ്ഞതിനുംശേഷമാണ് മസാലാ ബോണ്ട് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തിട്ടുള്ളത് എന്നാണ്. സാധാരണഗതിയിൽ എല്ലാ ധനകാര്യ നിയമങ്ങളും റിസർവ് ബാങ്കാണ് നോക്കുന്നത്. അതുകൊണ്ട് അക്കാര്യത്തെക്കുറിച്ച് അങ്ങനെ പറഞ്ഞുവെങ്കിലും ഇതിനെയെല്ലാം രാഷ്ട്രീയമായി കാണുന്ന തരത്തിലാണ് ഇ.ഡി. പ്രവർത്തിക്കുന്നത്. ഇക്കാര്യങ്ങളെ സംബന്ധിച്ച് എം.പി.മാർ പാർലമെന്റിൽ ഉന്നയിക്കേണ്ടതിനെക്കുറിച്ച് വളരെ ഗൗരവമായി പറഞ്ഞിട്ടും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് കേട്ടതായി പോലും നടിച്ചില്ല. അദ്ദേഹം അത് കേൾക്കേണ്ടതും അതിനെപ്പറ്റി പ്രതികരിക്കേണ്ടതുമായിരുന്നു എന്നതാണ് എന്റെ അഭിപ്രായം. കോൺഗ്രസിന്റെ കഴിഞ്ഞ പ്ലീനറി സമ്മേളനത്തിലുൾപ്പെടെ ഇ.ഡി.യുടെ പൊതുവായ നിലപാടുകളെയും

രാഷ്ട്രീയ സമീപനത്തെയുംകുറിച്ച് പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തെയും രാഷ്ട്രീയമായി ഉപയോഗിക്കുന്ന തരത്തിലേയ്ക്കുള്ളൊരു ഏജൻസിയെന്ന നിലയിലേയ്ക്ക് ഇ.ഡി. മാറുന്നുവെന്ന അതിശക്തമായ പ്രശ്നം നിലനിൽക്കുകയാണ്. അതുതന്നെയാണ് ഇപ്പോൾ പ്രയോഗത്തിൽ കാണുന്നത്. റിസർവ് ബാങ്ക് പറഞ്ഞ കാര്യങ്ങളും കേരളത്തിലെ കിഫ്ബിയും മറ്റ് ഏജൻസികളും എടുത്ത നിലപാടുകളും നൂറ് ശതമാനം നിയമപരമായും ഭരണപരമായും ധനകാര്യ നിയമമനുസരിച്ചും ശരിയാണെന്ന് തെളിയിക്കുന്നതാണ്.

ശ്രീ. പി. വി. ശ്രീനിജിൻ ചൂമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, കാൽനൂറ്റാണ്ടുകാലംകൊണ്ട് നടത്തേണ്ട പ്രാദേശിക പ്രവർത്തനങ്ങൾ ഒരുമിച്ച് ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കിഫ്ബിയുടെ പല പ്രവൃത്തികളും സമയബന്ധിതമായി ആരംഭിക്കാൻ കഴിയുന്നില്ല. സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനും മറ്റുമായി സർവ്വേ വകുപ്പിന് ആവശ്യമായ സർവ്വേയർമാരെ ലഭിക്കുന്നില്ലെന്നതാണ് അതിന്റെ പ്രധാനപ്പെട്ട കാരണമായി ചൂണ്ടിക്കാണിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഏതെങ്കിലും അക്രെഡിറ്റഡ് ഏജൻസികളെ സമാന്തരമായി നിയോഗിച്ച് സർവ്വേ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കാൻ നേതൃത്വം നൽകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുസംബന്ധിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി സർവ്വേ മേഖലയിലെ പുതിയ ഉദ്യോഗസ്ഥർക്ക് ചുമതലകൾ ഏൽപ്പിച്ചിട്ടുണ്ട്. അതിലേയ്ക്കായി അഡീഷണലായി ജീവനക്കാരെ റിക്രൂട്ട് ചെയ്തിട്ടുള്ളതിനാൽ ഇനി യാതൊരു തടസ്സവുമുണ്ടാകില്ല. പ്രോജക്ട് ബേയ്സ്ഡായി ഇക്കാര്യങ്ങൾ ചെയ്യുന്നതിന് സജീവമായി ഇടപെടൽ നടത്തും. ഇപ്പോൾത്തന്നെ അക്കാര്യങ്ങൾക്കായി ധാരാളം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ

5(*335) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. കെ. ആൻസലൻ:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടന പ്രകാരം സംസ്ഥാന പട്ടികയിൽ വരുന്ന സഹകരണ മേഖലയിൽ സഹകരണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്തുന്ന തരത്തിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും ക്ഷീര, മത്സ്യ സഹകരണ സംഘങ്ങളും ആരംഭിക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാര്യം പരിശോധിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാടിനെതിരെ നിയമ നടപടികളുൾപ്പെടെ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) സഹകരണ മന്ത്രാലയം രൂപീകരിച്ചശേഷം കേന്ദ്ര സർക്കാർ സഹകരണ മേഖലയിൽ സ്വീകരിച്ചുവരുന്ന നടപടികൾ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്.

- സംസ്ഥാന സഹകരണ സ്ഥാപനങ്ങളെ നേരായ മാർഗ്ഗത്തിലല്ലാതെ നിയന്ത്രിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതിന് മുന്നോടിയായി സംഘങ്ങളുടെ രഹസ്യ ഡാറ്റ വ്യക്തിപരമായ വിവരങ്ങൾ സഹിതം കേന്ദ്ര സർവ്വറിലേയ്ക്ക് അപ്ലോഡ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്;

- കേന്ദ്ര സർക്കാർ രാജ്യത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത ബൈലാ നടപ്പിലാക്കുന്നതിനുവേണ്ടി ഒരു ഏകീകൃത ബൈലാ എല്ലാ സംസ്ഥാനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമേ ബൈലാ തയ്യാറാക്കാൻ അധികാരമുള്ളൂ. അതിനാൽ ഇത്തരം നീക്കങ്ങൾ സഹകരണ തത്വങ്ങൾക്ക് വിരുദ്ധമാണ്;

- **ഡാറ്റാ ബേസ്** : രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ഡയറി സംഘങ്ങൾ, മത്സ്യസംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ കേന്ദ്രം തയ്യാറാക്കുന്ന ഡാറ്റാ ബേസിലേയ്ക്ക് നൽകണമെന്ന നിർദ്ദേശം കേന്ദ്ര സഹകരണ മന്ത്രാലയം നൽകിയിരുന്നു. രാജ്യത്തെ ഇത്തരം സംഘങ്ങളെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുന്നതിലൂടെ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും ക്ഷീരകർഷകർക്കും കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലൊരു ഡാറ്റ ബേസ് തയ്യാറാക്കുന്നതെന്നാണ് അറിയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളുടെയും

സംഘങ്ങളുടെയും അടിസ്ഥാനവിവരങ്ങൾ പ്രസ്തുത ഡാറ്റാ ബേസിലേയ്ക്ക് നൽകുകയും ചെയ്തു;

- കേന്ദ്ര സർക്കാർ സഹകരണ മേഖലയിലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാരംഭിക്കുന്നതിന് ദേശീയതലത്തിൽ 3 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി;

    1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി
    2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി
    3. ജൈവ ഉല്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം

ഇവയാണ് രൂപീകരിക്കാൻ തീരുമാനിച്ച പുതിയ സംഘങ്ങൾ. ഇവയുടെ പ്രവർത്തനം രാജ്യവ്യാപകമാണ്. ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ സംഘങ്ങൾ മൾട്ടി സ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വം എടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിലാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.

സഹകരണം ഒരു സംസ്ഥാന വിഷയമാണെന്ന് ഭരണഘടന നിഷ്കർഷിക്കുകയും സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്ന പേരിൽ സ്ഥാപനങ്ങൾ ആരംഭിച്ച് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനങ്ങളിൽ നിയമപരമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുമാണ് കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം സമീപനങ്ങളെ നിയമപരമായും രാഷ്ട്രീയപരമായും നേരിടുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാടിനെതിരെ നിയമവശങ്ങൾ പരിശോധിച്ചശേഷം നിയമനടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. സംഘങ്ങളുടെ കരുതൽ ധനം, അഗ്രിക്കൾച്ചറൽ ക്രെഡിറ്റ്, സ്റ്റെബിലൈസേഷൻ ഫണ്ട്, ഗവൺമെന്റ് സഹായം എന്നിവ ഉപയോഗിച്ച്, സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി

സഹകരണ നിക്ഷേപ പ്രോത്സാഹന പുനരുദ്ധാരണ നിധി പദ്ധതി നടപ്പിലാക്കുന്നതാണ്;

2. സഹകരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു;

3. സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ പ്രതിമാസ നിക്ഷേപ പദ്ധതികൾക്ക് ഒരു ഏകീകൃത അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്;

4. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

5. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ രംഗത്ത് ഉയർന്നുവരുന്ന

ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ രീതിയിലും സമഗ്ര നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു;

6. കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനും 2022-2023 സാമ്പത്തിക വർഷം മുതൽ ഒരു പുതിയ സംരംഭമായ " സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" ആരംഭിച്ചിരിക്കുന്നു. ടി പദ്ധതിക്കായി 2250 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദനം, സമാഹരണം (വീട്ടു പടിക്കൽ ശേഖരണം), സംഭരണം, മൂല്യവർദ്ധിത ഉല്പന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം;

7. കേരള ബാങ്കിലെ എല്ലാ ബ്രാഞ്ചുകളുടെയും പ്രവർത്തനത്തെ കോർത്തിണക്കി സമ്പൂർണ്ണ സി.ബി.എസ്. സിസ്റ്റം നടപ്പിലാക്കി എല്ലാ സേവനങ്ങളും ഓൺലൈനായി ഇടപാടുകാർക്ക് ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു;

8. സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത ഗുണമേന്മയുള്ള ഉല്പന്നങ്ങൾ, ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതുട്രേഡ് മാർക്കോടെ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു;

9. സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വില്പന നടത്തുന്നതിനും അവരുടെ ബിസിനസ് പ്രൊമോട്ട് ചെയ്യുന്നതിനുമുള്ള വേദിയൊരുക്കുന്നതിനായി സഹകരണ എക്സ്പോ എല്ലാ വർഷവും ഏറ്റെടുത്തുനടത്തുന്നു;

10. സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് വിവിധ പദ്ധതികളിലുൾപ്പെടുത്തി സംഘങ്ങൾക്ക് സഹായ ധനം അനുവദിച്ചുവരുന്നു;

11. ചെറുകിട വഴിയോര കച്ചവടക്കാർ, ചെറുസംരംഭകർ എന്നിവർക്കായി വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചു വരുന്നു;

12. വ്യക്തികൾക്ക് സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്നതിനായി വായ്പകൾ നൽകുന്ന പദ്ധതി ആവിഷ്കരിച്ചു വരുന്നു;

13. തൊഴിൽ അന്വേഷകർക്കും നൈപുണ്യ വികസനത്തിൽ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും സ്കിൽ ലോൺ അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, സഹകരണ ബാങ്കുകളെയെല്ലാം യോജിപ്പിച്ചുകൊണ്ട് ത്രിതല സംവിധാനത്തിൽനിന്നും ട്വ ടയർ സംവിധാനത്തിലേയ്ക്ക് വന്നതിന്റെ അടിസ്ഥാനത്തിലാണ് കേരളാ ബാങ്ക് നിലവിൽ വന്നത്. കേരളാ ബാങ്ക് വന്നപ്പോൾ മലപ്പുറം ജില്ലാ ബാങ്ക് അതിൽനിന്നും മാറി നിൽക്കുകയും അവർ കേസ് കൊടുക്കുകയും ചെയ്തിരുന്നു. അതിന്റെ ഇപ്പോഴത്തെ നിലയെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ മലപ്പുറം ജില്ലാ ബാങ്ക് കേരളാ ബാങ്കിൽ ലയിച്ച് അതിന്റെ 54 ശാഖകളും കേരളാ ബാങ്കിന്റെ ഭാഗമായി പ്രവർത്തിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന കാര്യം അറിയിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ചോദ്യങ്ങളുടെ ഉത്തരങ്ങൾ അനുബന്ധം I+ ആയി ചേർത്തിരിക്കുന്നു)

10.00 a.m]

II അടിയന്തരപ്രമേയം

ഏഷ്യാനെറ്റ് ന്യൂസിന്റെ കൊച്ചി റീജിയണൽ ഓഫീസിലെ എസ്.എഫ്.ഐ. ആക്രമണം

മി. സ്പീക്കർ: ഏഷ്യാനെറ്റ് ന്യൂസിന്റെ കൊച്ചി റീജിയണൽ ഓഫീസിൽ എസ്.എഫ്.ഐ. പ്രവർത്തകർ അതിക്രമിച്ചുകയറി ജീവനക്കാരെ ഭീഷണിപ്പെടുത്തി ഭീകരാന്തരീക്ഷം സൃഷ്ടിച്ചതുമൂലം സമൂഹത്തിൽ ആശങ്കയുളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഏഷ്യാനെറ്റ് ന്യൂസ് ചാനലിൽ 2022 നവംബർ മാസത്തിൽ, പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയെ സ്കൂൾ യൂണിഫോമിൽ അവതരിപ്പിച്ചുകൊണ്ട് പൊതുവിദ്യാലയങ്ങൾ മയക്കുമരുന്നിന്റെ പിടിയിലാണെന്ന് തെറ്റിദ്ധരിപ്പിക്കുംവിധം ഒരു വീഡിയോ സംപ്രേഷണം ചെയ്യുകയുണ്ടായി. 2022 ആഗസ്റ്റ് മാസത്തിൽ മൈനറായ മറ്റൊരു പെൺകുട്ടിയെ ഉപയോഗിച്ച് തയ്യാറാക്കിയ വീഡിയോയിൽ പ്രതിപാദിച്ച കാര്യങ്ങൾ സത്യവിരുദ്ധമാണെന്ന് പോലീസ് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. പ്രസ്തുത കേസിനാസ്പദമായ വീഡിയോയിലെ ഓഡിയോ സംഭാഷണം മറ്റൊരു കുട്ടിയെ ഉപയോഗിച്ച് പുനഃസൃഷ്ടിച്ച് സംപ്രേഷണം ചെയ്തുവെന്നാണ് പുതിയ പരാതിയിൽ പറയുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട പി. വി. അൻവർ, എം.എൽ.എ. സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയെത്തുടർന്ന് കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 101/2023 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മേൽച്ചേർത്ത കേസിനാസ്പദമായ വീഡിയോ നിർമ്മാണത്തെയും പ്രായപൂർത്തിയാകാത്ത കുട്ടിയെ അതിന് ദുരുപയോഗിച്ചുവെന്നും മറ്റുമുള്ള സംഭവത്തിനെതിരായി സംസ്ഥാനത്തിന്റെ

പലഭാഗത്തും പ്രതിഷേധം ഉയർന്നുവരികയുണ്ടായി. എറണാകുളം ജില്ലയിൽ പ്രസ്തുത ചാനലിന്റെ ഓഫീസിലേയ്ക്ക് എസ്.എഫ്.ഐ. പ്രവർത്തകർ ഒരു പ്രതിഷേധ മാർച്ച് നടത്തിയിരുന്നു. പ്രവർത്തകർ ഓഫീസിനുള്ളിലേയ്ക്ക് അതിക്രമിച്ച് കയറി ഓഫീസിന്റെ പ്രവർത്തനം തടസ്സപ്പെടുത്തിയെന്ന സ്ഥാപനത്തിന്റെ പരാതിയെത്തുടർന്ന് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 143, 147, 149, 447, 506 വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 454/2023 ആയി പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും എട്ട് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേസിന്റെ തുടരന്വേഷണം നടന്നുവരികയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കഴിഞ്ഞ വെള്ളിയാഴ്ചയാണ് ഏഷ്യാനെറ്റ് ന്യൂസിന്റെ കൊച്ചി റീജിയണൽ ഓഫീസിൽ മുപ്പതോളംവരുന്ന എസ്.എഫ്.ഐ. സംഘം അതിക്രമിച്ചുകയറി ആക്രമണം നടത്തിയത്. എസ്.എഫ്.ഐ.-യുടെ ജില്ലാ സെക്രട്ടറി, ജില്ലാ പ്രസിഡന്റ്, ജില്ലാ ജോയിന്റ് സെക്രട്ടറി, എറണാകുളം ഏരിയ സെക്രട്ടറി തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ഇങ്ങനെയൊരു അതിക്രമം നടത്തിയത്. ഇക്കാര്യത്തിൽ എസ്.എഫ്.ഐ.-യുടെ പ്രകോപനമുണ്ടാകാൻ കാരണം ഏഷ്യാനെറ്റ് സംപ്രേഷണം ചെയ്ത ലഹരി മാഫിയയ്ക്കെതിരെയുള്ള ഒരു

വാർത്തയായിരുന്നു. ഈ വിഷയത്തിൽ പ്രതിപക്ഷം നിയമസഭയിൽ അടിയന്തരപ്രമേയം കൊണ്ടുവന്നിരുന്നു. നമ്മുടെ കുഞ്ഞുങ്ങളെ ചതിയിൽപ്പെടുത്താൻ കെണിയൊരുക്കി കാത്തിരിക്കുന്ന ലഹരി മാഫിയയ്ക്കെതിരെ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ പോസിറ്റീവായി എടുക്കുകയും അദ്ദേഹം എല്ലാ സമൂഹത്തിന്റെയും പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്തു. ഇതുസംബന്ധിച്ച് ഏഷ്യാനെറ്റ് ഒരു ക്യാമ്പയിൻ ആരംഭിച്ചു. അതിന്റെ ഭാഗമായി സംപ്രേഷണം ചെയ്ത ഒരു വാർത്തയെ സംബന്ധിച്ചാണ് എസ്.എഫ്.ഐ. പ്രകോപിതരായത്. (...ബഹളം....) സ്വാഭാവികമായും ലഹരി മാഫിയയ്ക്കെതിരായി ഒരു വാർത്ത വന്നാൽ അതിൽ വെറളി കൊള്ളേണ്ടത് ലഹരി മാഫിയയാണ്. ഇവിടെ എസ്.എഫ്.ഐ.-ക്കോ സി.പി.ഐ.(എം.)-നോ സർക്കാരിനോ എതിരായിട്ടല്ല വാർത്ത വന്നത്. ലഹരി മാഫിയയ്ക്കെതിരായ വാർത്തയിൽ എസ്.എഫ്.ഐ. പ്രവർത്തകർ പ്രകോപിതരാകുന്നത് എന്തിനാണ്; ഇത്തരം വാർത്തകളൊന്നും സംപ്രേഷണം ചെയ്യേണ്ടെന്നും ക്യാമ്പയിനുകളൊന്നും വേണ്ടെന്നുമാണോ പറയുന്നത്? (...ബഹളം....)

<u>മി. സ്പീക്കർ</u>: പ്ലീസ് .....പ്ലീസ്.....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരാമർശിച്ച പരാതിയിൽ പറയുന്നത് സർക്കാരിനെതിരായ ശ്രദ്ധാലോചനയാണെന്നാണ്. ലഹരി മാഫിയയ്ക്കെതിരെയുള്ള ഒരു വാർത്ത സർക്കാരിനെതിരായ ശ്രദ്ധാലോചനയായി മാറുന്നത് എങ്ങനെയാണെന്ന് എത്രയാലോചിച്ചിട്ടും മനസ്സിലാകുന്നില്ല. (...ബഹളം....) ഏഷ്യാനെറ്റ് ന്യൂസിന്റെ ഓഫീസിൽ ക്രൈംബ്രാഞ്ച് കഴിഞ്ഞ ദിവസം റെയ്ഡ് നടത്തി. കഴിഞ്ഞയാഴ്ച ഗുജറാത്ത് കലാപത്തെ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി സംപ്രേഷണം ചെയ്ത ബി.ബി.സി.-യുടെ ഡൽഹിയിലെയും മുംബൈയിലെയും ഓഫീസുകൾ നരേന്ദ്ര മോദി സർക്കാർ റെയ്ഡ് ചെയ്യുകയുണ്ടായി. അന്ന് സി.പി.ഐ. (എം.) പുറപ്പെടുവിച്ച ഒരു പ്രസ്താവന ഇങ്ങനെയാണ്, ' The Communist Party of India (Marxist) condemns the searches conducted by the Income Tax department in the BBC offices in Delhi and Mumbai. This is a blatant attempt to intimidate and harass the television channel for having telecast the documentary, it is a standard tactic of the Modi government to intimidate the Indian media through raids conducted by the Income Tax department and other agencies. This coercive action will further reinforce internationally the image of the

Modi government as an authoritarian regime which seeks to suppress media criticism'. ഈ പ്രസ്താവനയിലെ രണ്ട് വാക്കുകൾ മാറ്റിയാൽ മതി. 'മോദി'-യുടെ സ്ഥാനത്ത് 'പിണറായി വിജയൻ' എന്നും, 'ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ്' എന്ന സ്ഥാനത്ത് 'ക്രൈംബ്രാഞ്ച്' എന്നും എഴുതിച്ചേർക്കുക. ഈ പ്രസ്താവന അതുപോലെ ബാധകമാണ്. (...ബഹളം....) അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ഒരു പ്രസ്താവനയുണ്ട്. ബി.ബി.സി.-യുടെ ഡൽഹിയിലെയും മുംബൈയിലെയും ഓഫീസുകളിലെ ആദായനികുതി വകുപ്പിന്റെ നടപടികളുടെ ഉദ്ദേശ്യശുദ്ധി അങ്ങേയറ്റം സംശയകരമാണ്. (...ബഹളം....) ഗുജറാത്ത് വംശഹത്യയുമായി ബന്ധപ്പെട്ട ബി.ബി.സി. ഡോക്യുമെന്ററിയിൽ ബി.ജെ.പി. ഭരണകൂടം പ്രകോപിതരായിരുന്നുവെന്നെല്ലാം പറഞ്ഞതിനുശേഷം അദ്ദേഹം പറയുന്നത്, മാധ്യമ സ്വാതന്ത്ര്യത്തിനുനേരെയുണ്ടാകുന്ന ഏതൊരു തെറ്റായ നടപടിയും പ്രതിഷേധാർഹമാണ്, ഇതിനെ ജനാധിപത്യസമൂഹം ആശങ്കയോടെ കാണണം എന്നാണ്. അങ്ങ് കഴിഞ്ഞയാഴ്ച പ്രകടിപ്പിച്ച അതേ ആശങ്ക ഇന്ന് ഞങ്ങൾ പ്രകടിപ്പിക്കുമ്പോൾ അങ്ങയുടെ പാർട്ടിയുടെ എം.എൽ.എ.-മാരും മന്ത്രിമാരും അതിനെ തടസ്സപ്പെടുത്തുന്നത് എന്തിനാണ്; അങ്ങ് കഴിഞ്ഞയാഴ്ച ബി.ബി.സി. റെയ്ഡിൽ കാണിച്ച ആശങ്കയല്ലേ

ഏഷ്യാനെറ്റിന്റെ റെയ്ഡിൽ ഞങ്ങളും കാണിക്കുന്നത്? (...ബഹളം....) ഇവിടെ നരേന്ദ്ര മോദിയുടെ ഭരണക്കൂടവും പിണറായി വിജയന്റെ ഭരണക്കൂടവും തമ്മിലുള്ള വ്യത്യാസമെന്താണ്? മാധ്യമപ്രവർത്തകനായ വിനോദ് ദുവെയെ അറസ്റ്റ് ചെയ്തു. എ.ഐ.സി.സി. സമ്മേളനത്തിന് പോകുമ്പോൾ എ.ഐ.സി.സി.-യുടെ മീഡിയ സമിതിയുടെ ചെയർമാനായ ശ്രീ. പവൻ ഖേരയെ ഇൻഡിഗോ വിമാനത്തിനകത്തുനിന്നും അറസ്റ്റ് ചെയ്തു. ഏഷ്യാനെറ്റിന്റെ എക്സിക്യൂട്ടീവ് എഡിറ്ററായ ശ്രീമതി സിന്ധു സൂര്യകുമാർ ഒരു സർജറിയെത്തുടർന്ന് തിരുവനന്തപുരം കോസ്മോപൊളിറ്റൻ ആശുപത്രിയിൽ കഴിയുകയാണ്. നാളെ രാവിലെ കോഴിക്കോട് പോലീസിന് മുമ്പിൽ ഹാജരാകണമെന്ന് ഇന്നലെ രാത്രി 9.30-ന് അവർക്ക് ഒരു വാട്സ്ആപ്പ് സന്ദേശം ലഭിച്ചു. ഈ നാട്ടിൽ എന്താണ് നടക്കുന്നത്? ഇതുസംബന്ധിച്ച് ഒരു പോലീസ് ഉദ്യോഗസ്ഥനും ഫോൺ ചെയ്തപോലും അറിയിക്കുന്നില്ല. (...ബഹളം....) സർജറിയെത്തുടർന്ന് ആശുപത്രിയിൽ കഴിയുന്ന, ഒരു മാധ്യമ സ്ഥാപനത്തിന്റെ വാർത്താവിഭാഗത്തിന്റെ തലപ്പത്തിരിക്കുന്ന വനിതാ മാധ്യമപ്രവർത്തകയ്ക്കാണ് രാത്രി 9.30-ന് ഇങ്ങനെയൊരു വാട്സ്ആപ്പ് സന്ദേശം അയയ്ക്കുന്നത്. ശ്രീ. നരേന്ദ്ര മോദിയുടെ ഭരണക്കൂടവും ശ്രീ. പിണറായി വിജയന്റെ ഭരണക്കൂടവും തമ്മിൽ ഒരു വ്യത്യാസവുമില്ല. ഒരു

മാധ്യമ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ പരിഹരിക്കാൻ വ്യവസ്ഥാപിതമായ നിരവധി മാർഗ്ഗങ്ങൾ ഈ രാജ്യത്തുണ്ട്. അവർ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങൾക്കത് പരിശോധിക്കുകയും ശിക്ഷിക്കുകയും ചെയ്യാം. എന്നാൽ ആ ചുമതല എസ്.എഫ്.ഐ.-ക്കാർക്ക് ആരാണ് നൽകിയത്? എസ്.എഫ്.ഐ.-യ്ക്ക് സെൻസർഷിപ്പിന്റെ ഉത്തരവാദിത്വം ഗവൺമെന്റ് നൽകിയിട്ടുണ്ടോ; ഈ ഗുണ്ടാപ്പടയല്ലേ വയനാടിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിൽ കയറി ആക്രമണം നടത്തിയത്? കെ.എസ്.യു. പ്രവർത്തകർ 'ഒരണ' സമരത്തിലൂടെ നേടിയെടുത്ത വിദ്യാർത്ഥികളുടെ യാത്രാ കൺസഷൻ ഈ സർക്കാർ ഇല്ലാതാക്കുകയാണ്.

മി. സ്പീക്കർ: ഔട്ട് ഓഫ് സിലബസ്സ് പറയാൻ പാടില്ല. പ്ലീസ്.....പ്ലീസ്..... (.....ബഹളം.....)

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അവിടെ സമരം ചെയ്യാൻ കെ.എസ്.യു. ഉള്ളപ്പോൾ എസ്.എഫ്.ഐ. ഭരണപാർട്ടിക്കുവേണ്ടി ഗുണ്ടാപ്പണി ചെയ്യുകയാണ്. സെക്രട്ടേറിയറ്റിൽ മാധ്യമനിയന്ത്രണവും മാധ്യമ സ്ഥാപനങ്ങളിൽ റെയ്ഡുമാണ് നടക്കുന്നത്. (.....ബഹളം.....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം നൽകിയ നോട്ടീസിലുള്ളതും പറയുന്നതും തമ്മിൽ ബന്ധമില്ല. അങ്ങ് ഔട്ട് ഓഫ് സിലബസ്സാണ് അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. (.....ബഹളം.....) പ്ലീസ്.....പ്ലീസ്..... ശ്രീ. പി. സി. വിഷ്ണുനാഥ് അങ്ങ് സംസാരിക്കൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എത്ര ഭീഷണിയുണ്ടായാലും ഏഷ്യാനെറ്റ് ഓഫീസിൽ എസ്.എഫ്.ഐ. നടത്തിയത് ഗുണ്ടായിസമാണെന്നതന്നെ പറയും. (.....ബഹളം...) മാധ്യമ നിയന്ത്രണവും മാധ്യമ സ്ഥാപനങ്ങളിലെ റെയ്ഡും നടത്തിയശേഷം പുരപ്പുറത്ത് കയറിനിന്ന് ആവിഷ്കാര സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സപ്താഹജ്ഞാനയജ്ഞം ബുദ്ധിജീവികളും സാംസ്കാരിക നായകന്മാരും നടത്തുകയാണ്. ഏഷ്യാനെറ്റ് ഓഫീസിലുണ്ടായ ആക്രമണം മറ്റ് മാധ്യമങ്ങൾക്കുള്ള മുന്നറിയിപ്പാണ്. അതായത് നിങ്ങൾ സർക്കാരിനെതിരെ വാർത്ത കൊടുക്കരുതെന്നും സർക്കാരിന്റെ കൊള്ളരുതായ്മകൾ പുറത്തുകാട്ടരുതെന്നും ജനങ്ങൾക്കുവേണ്ടി ശബ്ദിക്കരുതെന്നും ഭരണകൂടത്തിന്റെ മുമ്പിൽ ഏറാൻമൂളികളായി പഞ്ചപുച്ഛമടക്കി നിൽക്കണമെന്നുമാണ്. നിങ്ങൾക്ക് കഴിയുമെങ്കിൽ 'ശ്രീ. പിണറായി വിജയൻ ഈ സ്ഥാപനത്തിന്റെ ഐശ്വര്യം' എന്ന് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞതുപോലെ ഒരു ബോർഡ്/സ്റ്റിക്കർ എല്ലാ മാധ്യമ

സ്ഥാപനത്തിന്റെയും മുമ്പിൽ പതിക്കണം. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... അദ്ദേഹം കൺക്ലൂഡ് ചെയ്യാൻ പോകുകയാണ്. (.....ബഹളം...) പ്ലീസ്.....പ്ലീസ്..... നിങ്ങൾ ശബ്ദമുണ്ടാക്കിയാൽ സമയം നീണ്ടുപോകും.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഏഷ്യാനെറ്റ് ഓഫീസിനുനേരെയുള്ള ആക്രമണം ഒറ്റപ്പെട്ട സംഭവമല്ല. ഏഷ്യാനെറ്റ് അവതാരകൻ ശ്രീ. വിനു വി. ജോണിനെതിരെയുള്ള കേസിൽ പറയുന്നത് എന്താണെന്ന് അങ്ങ് കേൾക്കണം. കുറ്റകൃത്യം നടന്ന സമയം രാത്രി എട്ടിനും ഒൻപതിനും ഇടയിലാണ്. കാരണം, ചാനലിന്റെ ന്യൂസവർ ചർച്ച നടക്കുന്നത് ആ സമയത്താണ്. ആ ചർച്ചയിൽ പരോക്ഷ പരാമർശം/പാസ്സിംഗ് കമന്റ് നടത്തിയതിനാണ് അദ്ദേഹത്തിനെതിരെ കേസെടുത്തത്. എന്നാൽ പോലീസ് അക്കാര്യം അദ്ദേഹത്തെ അറിയിച്ചില്ല. പാസ്പോർട്ട് പുതുക്കാൻ ചെല്ലുമ്പോഴാണ് അദ്ദേഹത്തിനെതിരെ കേസ് നിലനിൽക്കുന്നുവെന്ന് അറിയുന്നത്. (....ബഹളം....)

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (....മൈക്ക് ഓഫ്....)

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇരുന്നാൽ മാത്രമേ ഞാൻ സംസാരിക്കുകയുള്ളൂ. (....ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഇരിക്കണം. അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകും. ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങ് തുടർന്ന് സംസാരിക്കൂ. (.....ബഹളം...).

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സംസ്ഥാനത്ത് നടക്കുന്ന ഒരു ചാനൽ ചർച്ചയിലെ പരോക്ഷ പരാമർശത്തെപ്പോലും ഉൾക്കൊള്ളാൻ കഴിയാത്ത അസഹിഷ്ണുതയാണ് ഈ നാട് ഭരിക്കുന്നവർക്കെങ്കിൽ അത് വകവച്ചുകൊടുക്കാൻ കേരളത്തിലെ ജനങ്ങൾ തയ്യാറല്ല. അതിനെ എതിർക്കുകയും ചെറുക്കുകയും പ്രതിരോധിക്കുകയും ചെയ്യും. ഇവിടത്തെ മാധ്യമ സ്ഥാപനങ്ങളെ മുഴുവൻ ഭീഷണിപ്പെടുത്തി വരുതിയിൽ നിർത്തുകയാണ്. കേരളചരിത്രത്തിൽ ഇതുവരെ ഒരു മാധ്യമ സ്ഥാപനത്തിലും കയറി ഇതുപോലൊരു അതിക്രമം നടത്തിയിട്ടില്ല. എസ്.എഫ്.ഐ. അതിക്രമവും ഗുണ്ടായിസവുമാണ് നടത്തിയത്. മുപ്പത്തിനാല് കൊല്ലം പശ്ചിമ ബംഗാളിലും ഇതുതന്നെയാണ് ചെയ്തത്. പാർട്ടിഗുണ്ടകളെ ഭരണമേൽപ്പിച്ചപ്പോൾ സന്ദർശക പാസ്സെടുത്താൽ മാത്രമേ അസംബ്ലിയിൽ കയറാൻ സാധിക്കുമായിരുന്നുള്ളൂ. അതെടുക്കാതെ അസംബ്ലിയിൽ കയറാൻ

കഴിയുമായിരുന്നില്ല. പശ്ചിമബംഗാൾ വൂട്ടിലേയ്ക്കാണ് കേരള ഭരണവും പോകുന്നത്. ശ്രീ. പിണറായി വിജയൻ കേരളത്തിലെ സി.പി.ഐ.(എം.)-ന്റെ അവസാനത്തെ മുഖ്യമന്ത്രിയായിരിക്കും. അതുകൊണ്ട് ഈ ഭരണക്കൂടഭീകരത സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ ആദ്യം പറഞ്ഞതുപോലെ, പ്രത്യേകമായ അടിയന്തര പ്രാധാന്യമുള്ള ഒരു വസ്തുതയും ഇതിലില്ല. പ്രതിപക്ഷത്തിന് എൽ.ഡി.എഫ്. സർക്കാരിനെ ആക്ഷേപിക്കാൻ അവസരം വേണം. പ്രത്യേകിച്ച്, മുഖ്യമന്ത്രി എന്ന നിലയ്ക്ക് എനിക്കെതിരെ പള്ളുപറയാനുള്ള ഒരു അവസരവും വേണം. അതിനുള്ള സന്ദർഭമെന്നനിലയ്ക്ക് ഈ വാർത്ത എടുത്തുവെന്നുമാത്രമേയുള്ളൂ. ഏതെങ്കിലും ഘട്ടത്തിൽ മാധ്യമസ്വാതന്ത്ര്യത്തിന് വിലക്കിടുന്ന അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ മാധ്യമസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന ഒരു നടപടിയും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെന്ന് എൽ.ഡി.എഫ്.-നെക്കുറിച്ച് മനസ്സിലാക്കിയ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് ഒരു മഹാകാര്യമായി പറഞ്ഞത്, ഏഷ്യാനെറ്റിലെ ഒരു മാധ്യമപ്രവർത്തകയ്ക്ക് പോലീസ് നോട്ടീസ് കൊടുത്തുവെന്നുള്ളതാണ്.

പോലീസ് ഒരാൾക്ക് നോട്ടീസ് കൊടുക്കുന്നതിനുമുമ്പ് അവരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിശോധിക്കാറുണ്ടോ; അവർക്ക് എന്തെങ്കിലും രോഗമുണ്ടോ ഉണ്ടെങ്കിൽ ചികിത്സയിലാണോ തുടങ്ങി ഡോക്ടർ സർട്ടിഫിക്കറ്റ് ഉൾപ്പെടെ വാങ്ങിയിട്ടാണോ പോലീസ് നോട്ടീസ് കൊടുക്കുന്നത്? നോട്ടീസ് ലഭ്യമാകുമ്പോൾ അവർക്ക് ഹാജരാകാൻ വിഷമമുണ്ടെങ്കിൽ സ്വാഭാവികമായും അത് പോലീസിനെ അറിയിക്കും. അറിയിച്ചതിനുശേഷം അത് അംഗീകരിക്കാത്ത ഒരു അതിക്രമം പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായാൽ ഈ പറഞ്ഞതിനൊക്കെ ന്യായമുണ്ടാകുമായിരുന്നു. അല്ലാതെ എന്തടിസ്ഥാനത്തിലാണ് ഒരു നോട്ടീസ് കൊടുത്തുവെന്നതിന്റെ പേരിൽ ഇവിടെ ബഹളം വയ്ക്കുന്നത്? എന്നെ ആക്ഷേപിക്കാനുള്ള ഒരു അവസരമായാണ് ഇതിനെ കാണുന്നതെങ്കിൽ നല്ലത്. അതിന്റെ ഭാഗമായാണ് ഇതെല്ലാം നടത്തുന്നത്. മാധ്യമ സ്വാതന്ത്ര്യത്തിന്റെ വിഷയം ഈ പ്രശ്നത്തിൽ ഉൾപ്പെട്ടിട്ടില്ല. ക്രിമിനൽ കുറ്റകൃത്യത്തിലേർപ്പെടുന്ന വ്യക്തിക്കെതിരെ നിയമപരമായ നടപടിയെടുക്കുന്നത് ബന്ധപ്പെട്ട വ്യക്തിയുടെ തൊഴിൽ നോക്കിയല്ല. അങ്ങനെ ചെയ്യാൻ നിയമം അനുവദിക്കുന്നുമില്ല. വ്യാജ വീഡിയോ നിർമ്മിച്ച് സംപ്രേഷണം നടത്തുന്നത് മാധ്യമപ്രവർത്തനത്തിന്റെ ഭാഗമേയല്ല. പ്രായപൂർത്തിയാകാത്ത ഒരു

പെൺകുട്ടിയെ അവൾ അറിയാതെ അതിൽപ്പെടുത്തുകകൂടി ചെയ്തിട്ട് മാധ്യമപ്രവർത്തനത്തിന്റെ പരിരക്ഷ വേണമെന്ന് പറയുന്നത് ധീരമായ പത്രപ്രവർത്തനമല്ല. (....ബഹളം.....)

ശ്രീ. എം. വിൻസെന്റ്: സർ, (...മൈക്ക് ഓഫ്....)

ശ്രീ. പിണറായി വിജയൻ: സർ, അത് ശ്രീ. എം. വിൻസെന്റിന് മനസ്സിലായിട്ടില്ലേ? ആ നടപടിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. (....ബഹളം...) പ്രമേയാവതാരകന്റെയും ഇപ്പോൾ അവിടെ ശബ്ദമുയർത്തിയ വ്യക്തിയുടെയും വികാരമല്ല മഹാഭ്രരിഭാഗം മാധ്യമപ്രവർത്തകരിലുമുള്ളതെന്ന് ആദ്യം മനസ്സിലാക്കണം. മാധ്യമപ്രവർത്തകരിൽ മഹാഭ്രരിഭാഗവും ഇത്തരം ദുഷിപ്പുകൾ മാധ്യമരംഗത്ത് ഉണ്ടാകരുതെന്ന് ആഗ്രഹിക്കുന്നവരാണ്. കേരളത്തിലെ മാധ്യമപ്രവർത്തകരിൽ മഹാഭ്രരിഭാഗവും അങ്ങനെ ചിന്തിക്കുന്നുവെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. വ്യാജ വീഡിയോ നിർമ്മിക്കുക, അതിനുവേണ്ടി പെൺകുട്ടികളെ ദുരുപയോഗം ചെയ്യുക എന്നിവയെല്ലാം നടത്തിയശേഷം മാധ്യമ പ്രവർത്തനത്തിന്റേതായ പരിരക്ഷ വേണമെന്ന് വാദിക്കുകയാണ്. ഒരു ഉദാഹരണം പറയാം. ഏതെങ്കിലും ഒരു വ്യക്തി, മറ്റൊരു വ്യക്തിയെ വാർത്താസംപ്രേഷണ ജോലിക്കിടയിൽ കൊലപ്പെടുത്തിയെന്ന് കരുതുക, അപ്പോൾ അത് മാധ്യമപ്രവർത്തനത്തിന്റെ

ഭാഗമായി മാറുമോ? പറഞ്ഞുപറഞ്ഞ് നമ്മൾ എവിടേയ്ക്കാണ് പോകുന്നത്; മാധ്യമപ്രവർത്തനത്തിന്റെ ഭാഗമായി എന്തെല്ലാമാകാം, അതിൽ നിയതമായ കാര്യങ്ങളില്ലേ; എന്തുമാകാമോ? ഏഷ്യാനെറ്റ് ചാനലിലുണ്ടായ നടപടിയെ ബി.ബി.സി. റെയ്ഡുമായി താരതമ്യപ്പെടുത്തേണ്ടതില്ല. ഇതിന് അതുമായി ഒരു താരതമ്യവുമില്ല. ബി.ബി.സി.-ക്കെതിരായ നടപടി ഒരു ഭരണാധികാരിയുടെ വർഗ്ഗീയ കലാപത്തിലെ പങ്ക് വെളിച്ചത്തുകൊണ്ടുവന്നതിനായിരുന്നു. ഇവിടെയുണ്ടായ വ്യാജ വീഡിയോ നിർമ്മാണം ഏതെങ്കിലും സർക്കാരിനോ ഭരണാധികാരിക്കോ എതിരെയുള്ള തുറന്നുകാട്ടലല്ല. അതുകൊണ്ടുതന്നെ അധികാരത്തിലുള്ള ആർക്കെങ്കിലും അതിലെന്തെങ്കിലും വിരോധമുണ്ടാകേണ്ട കാര്യമില്ല. അത് ഗവൺമെന്റിനെതിരായ വാർത്തയായിട്ടല്ല വരുന്നത്. അതുകൊണ്ടുതന്നെ ഇവിടെ പ്രതികാര നടപടിയെന്നോ വൈരനിര്യാതന നടപടിയെന്നോ പറഞ്ഞാൽ വിലപ്പോകില്ല. ആ വ്യാജ വാർത്ത ഏതെങ്കിലും തരത്തിലുള്ള പ്രകോപനവുമുണ്ടാക്കുന്നില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിൽ മാത്രമല്ല ലോകത്ത് എവിടെയും സ്ത്രീ പീഡനങ്ങൾ, പോക്സോ കേസുകൾ എന്നിവ റിപ്പോർട്ട് ചെയ്യുമ്പോൾ ബന്ധപ്പെട്ട വ്യക്തിയെ കാണിക്കാറില്ല. മാത്രമല്ല, ലോകത്ത്

എവിടെയുള്ള ചാനലാണെങ്കിലും കൃത്രിമമായി വീഡിയോ സൃഷ്ടിച്ചാൽ സംപ്രേഷണം ചെയ്യുമ്പോൾ അതിന്റെ താഴെ കൃത്രിമമായി നിർമ്മിച്ചതെന്ന് എഴുതിക്കാണിക്കുകയാണ് ചെയ്യുന്നത്. ഇതിൽ അങ്ങനെ എഴുതിക്കാണിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. അത് വ്യാജ വീഡിയോ ആണെന്നുള്ള പ്രചരണം ശരിയല്ല. അങ്ങനെമാത്രമേ അത് കാണിക്കാൻ കഴിയുകയുള്ളൂ. മയക്കുമരുന്നിനെതിരായുള്ള ക്യാമ്പയിന്റെ ഭാഗമായി ചെയ്ത കാര്യമാണിത്. ആ സദുദ്ദേശ്യത്തെ മാനിച്ചുകൊണ്ട് അങ്ങ് ഇക്കാര്യങ്ങളിൽ ഇടപെടുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് അതിരുകവിഞ്ഞ ഒരു ന്യായീകരണമായിപ്പോയി. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് എന്താണ് അങ്ങനെയൊരു ന്യായീകരണത്തിലേയ്ക്ക് പുറപ്പെട്ടതെന്ന് അറിയില്ല. സാധാരണയായി മാധ്യമങ്ങൾ ഇരയായ ആളുകളുടെ മുഖം കാണിക്കാറില്ലെന്ന് മാത്രമല്ല അവരുടെ ഐഡന്റിറ്റിയും വെളിപ്പെടുത്താറില്ല. അത് എപ്പോഴും നടക്കാറുള്ള കാര്യമാണ്. അതല്ല ഇവിടെയുണ്ടായിട്ടുള്ളത്, വ്യാജ രീതിയിൽ കാര്യങ്ങൾ സൃഷ്ടിക്കുകയാണ് ചെയ്തിട്ടുള്ളത്. അത് മാധ്യമ ധർമ്മത്തിൽപ്പെട്ടതല്ലെന്നതാണ് നാം കാണേണ്ടത്. ഏഷ്യാനെറ്റിനെ കൂടുതൽ സംരക്ഷിച്ചെടുക്കാനാണ് അങ്ങ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ വാദം

അവരെ കൂടുതൽ കുഴപ്പത്തിലേയ്ക്ക് എത്തിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ ഒരു വ്യക്തി ഒരു സംഭവത്തിന്റെ പേരിൽ പരാതിയുമായി വരുന്നു. പരാതി നൽകുകയെന്നുള്ളത് ആ വ്യക്തിയുടെ സ്വാതന്ത്ര്യമാണ്. അങ്ങനെയൊരു പരാതി വന്നാൽ പോലീസ് എന്താണ് ചെയ്യേണ്ടത്? ഇത് മാധ്യമവുമായി ബന്ധപ്പെട്ടതായതിനാൽ അന്വേഷണം വേണ്ടെന്നുപറഞ്ഞ് പരാതി കീറി കുട്ടയിലിടണോ; അതല്ലല്ലോ അവിടെ നടക്കേണ്ടത്; അതല്ലല്ലോ ഇവിടുത്തെ നിയമ വ്യവസ്ഥ? ഇവിടെ ഭരിക്കുന്നത് യു.ഡി.എഫ്. ഗവൺമെന്റായിരുന്നെങ്കിൽ നിങ്ങൾ എന്താണ് ചെയ്യുക? സർക്കാരിനെതിരായ വാർത്ത നൽകിയതിന്റെ പേരിൽ പ്രതികാര നടപടികളുണ്ടായിട്ടുണ്ട്. പക്ഷേ അത് ഇവിടെയല്ല. 'ദ വയർ', 'ന്യൂസ് ചെക്ക്,' അദാനി ഗ്രൂപ്പ് ഏറ്റെടുക്കുന്നതിനുമുമ്പുള്ള എൻ.ഡി.ടി.വി. എന്നീ മാധ്യമങ്ങൾക്കെതിരെയുള്ള നടപടികളൊന്നും വാർത്തേതര കാര്യങ്ങൾ മുൻനിർത്തിയല്ല, സർക്കാരിനെതിരെ വാർത്ത നൽകിയതുകൊണ്ടായിരുന്നു. അന്നൊന്നും ഈ പ്രതിഷേധക്കാരെ കണ്ടിട്ടില്ല. കുറ്റകൃത്യം ചെയ്യുന്നത് മാധ്യമ പ്രവർത്തകരാണെങ്കിൽ നടപടി വേണ്ടെന്ന് പറയുന്നതല്ല ഐ.പി.സി.-യും സിആർ.പി.സി.-യും. മാധ്യമപ്രവർത്തകരെന്നും അല്ലാത്തവരെന്നും ജനങ്ങളെ ഭരണഘടന രണ്ടായി വേർതിരിച്ച്

കാണുന്നില്ല. സ്വതന്ത്രവും നിർഭയവുമായ മാധ്യമപ്രവർത്തനത്തിന് എല്ലാ പരിരക്ഷയുമുണ്ടാകും. ഈ സർക്കാരിനെതിരെ ചാനലുകളിലായാലും അച്ചടി മാധ്യമങ്ങളിലായാലും എന്തെല്ലാം വിമർശനങ്ങൾ കഴിഞ്ഞ കാലത്ത് ഉയർന്നുവന്നിട്ടുണ്ട്. അതിനെതിരെ ഏതെങ്കിലും തരത്തിലുള്ള പകപോക്കൽ നടപടിയുണ്ടായിട്ടുണ്ടോ? അതുപോലല്ല ഈ പ്രമേയത്തിന് അടിസ്ഥാനമായ കുറ്റകൃത്യം. "ഈശ്വരൻ തെറ്റ് ചെയ്താലും ഞാൻ അത് റിപ്പോർട്ട് ചെയ്യും" എന്ന് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പറഞ്ഞത് നമ്മൾ ഓർക്കണം. വ്യാജ റിപ്പോർട്ടുകൾ നൽകുന്നവർക്ക് ആ പേര് ഇന്നത്തെക്കാലത്ത് ഉച്ചരിക്കാൻ പോലും അവകാശമില്ല. പെൺകുട്ടികളെവരെ ദുരുപയോഗം ചെയ്ത് വ്യാജവാർത്ത സൃഷ്ടിക്കുന്നവരുണ്ടാകുമെന്ന് സ്വപ്നത്തിൽപ്പോലും സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെപ്പോലുള്ളവർ കരുതിയിട്ടുണ്ടാകില്ല. വിദ്യാർത്ഥികളുടെ പ്രതിഷേധം നിയമത്തിന്റെ അതിര് ലംഘിച്ചിട്ടുണ്ടെങ്കിൽ സ്വാഭാവികമായും അതിനെതിരെ നടപടിയുണ്ടാകും. അക്രമമുണ്ടായിട്ടില്ലെന്നും സമാധാനപരമായ പ്രതിഷേധ പ്രകടനം മാത്രമാണ് ഉണ്ടായിട്ടുള്ളതെന്നുമാണ് വ്യാജ വീഡിയോ നിർമ്മിച്ചതായ പരാതി നേരിടുന്ന ചാനലിലെ വിഷ്വലിൽനിന്നുപോലും വ്യക്തമായിട്ടുള്ളത്. അതേസമയം പരാതിക്കുമേൽ നടപടിയുണ്ടായിട്ടുമുണ്ട്.

മാധ്യമസ്വാതന്ത്ര്യമെന്നത് അസത്യമറിയിക്കാനുള്ള സ്വാതന്ത്ര്യമല്ല, മറിച്ച് വായനക്കാരന്റെ സത്യം അറിയാനുള്ള സ്വാതന്ത്ര്യമാണ്. അത് സർക്കാർ പരിരക്ഷിക്കും. മാധ്യമസ്വാതന്ത്ര്യത്തിൽനിന്ന് ധാർമ്മികത ചോർത്തിക്കളയുന്നതിനെതിരെയാണ് സ്വാഭാവികമായും ഉത്കണ്ഠ പ്രകടിപ്പിക്കേണ്ടത്. എതിരഭിപ്രായം എഴുതുന്ന മാധ്യമങ്ങൾക്കെതിരെ ആക്രമണം നടത്തുന്ന രീതി ഞങ്ങളുടേതല്ല, കോൺഗ്രസിന്റെയും ബി.ജെ.പി.-യുടെയുമാണ്. അടിയന്തരാവസ്ഥയിൽ നടന്ന സെൻസർഷിപ്പ്, കുൽദീപ് നയ്യാരെപ്പോലുള്ളവരുടെ അറസ്റ്റ്, അടിയന്തരാവസ്ഥ പ്രഖ്യാപിച്ച ദിവസം ആ വാർത്ത പുറത്തുവരാതിരിക്കാൻ മാധ്യമങ്ങൾക്ക് വൈദ്യുതി നിഷേധിച്ചത് തുടങ്ങിയവയൊന്നും മറക്കാനാകില്ല. ഏഴ് വിദേശ റിപ്പോർട്ടർമാരെ രാജ്യത്തുനിന്ന് പുറത്താക്കി, 250 പത്രപ്രവർത്തകരെ ജയിലിലടച്ചു, 54 പേർക്ക് അക്രഡിറ്റേഷൻ നിഷേധിച്ചു, ഭീകര വിരുദ്ധ രീതികൾവരെ പത്രക്കാർക്കെതിരെ പ്രയോഗിച്ചു. ഇതൊക്കെയായിരുന്നു കോൺഗ്രസിന്റെ രീതി. പത്ര സ്ഥാപനങ്ങളിൽ റെയ്ഡ് നടത്തുന്നതും പത്രക്കാരെ ജയിലിലടയ്ക്കുന്നതും പത്രമാരണ നിയമങ്ങളുണ്ടാക്കുന്നതും പത്രങ്ങളെ തങ്ങളുടെ ചങ്ങാത്ത മുതലാളിത്ത കോർപ്പറേറ്റുകളെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതും പത്രങ്ങൾക്ക് ന്യൂസ്പ്രിന്റ് ക്വാട്ട വെട്ടിക്കുറയ്ക്കുന്നതും

പരസ്യങ്ങൾ നിഷേധിക്കുന്നതും കോൺഗ്രസിന്റെയും ബി.ജെ.പി.-യുടെയും രീതിയാണ്. വാർത്താ ഏജൻസികൾ സംഘ്പരിവാറിന്റെ കീഴിലാക്കുന്നതും പത്ര സ്ഥാപനങ്ങളെ പൂട്ടിക്കുന്നതുമൊക്കെയാണ് ബി.ജെ.പി.-യുടെ രീതി. ഇതൊന്നും എൽ.ഡി.എഫ്.-ന്റേതാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കേണ്ട. എൽ.ഡി.എഫ്. എന്നും എപ്പോഴും മാധ്യമസ്വാതന്ത്ര്യത്തിനുവേണ്ടി പേരാടിയിട്ടുണ്ട്, ഇനിയും പോരാടുകതന്നെ ചെയ്യും. ദേശാഭിമാനി റിപ്പോർട്ടറെ പ്രതിപക്ഷ പത്രസമ്മേളനത്തിൽനിന്നും ഇറക്കിവിട്ടതിൽ ഇവിടെ പ്രതിഷേധമെന്നും കണ്ടില്ല. എവിടെയോ ചില ഇരട്ടത്താപ്പുകൾ കാണുന്നുണ്ട്. കേന്ദ്ര മന്ത്രി ശ്രീ. അനുരാഗ് താക്കൂർ കോഴിക്കോട് വന്ന് ചില പ്രത്യേക മാധ്യമ സ്ഥാപനങ്ങളുടെ പ്രതിനിധികളെ കണ്ടതുമുതൽ ഇവിടെ ഇടതുപക്ഷ വേട്ട ചില മാധ്യമ സ്ഥാപനങ്ങൾ ശക്തമാക്കിയിരിക്കുകയാണ്. മുമ്പ് ഗുജറാത്തിൽ കണ്ടതുപോലെയുള്ള വ്യാജ വാർത്തകളുടെ നിർമ്മിതിയും പ്രചാരണവുമൊന്നും എൽ.ഡി.എഫ്.-നെ ബാധിക്കുന്ന പ്രശ്നമല്ല. ഇപ്പോൾ ഈ നോട്ടീസിന് ആധാരമായ പ്രശ്നവും ഗവൺമെന്റിനെ ബാധിക്കുന്നതല്ല. കുറ്റകൃത്യത്തെ മാധ്യമസ്വാതന്ത്ര്യത്തിന്റെ പരിവേഷമണിയിച്ച് ന്യായീകരിക്കാൻ പ്രതിപക്ഷം ശ്രമിക്കുകയാണ്. ജനങ്ങൾക്ക് സത്യം അറിയാം. ഒരു കുറ്റകൃത്യം നടന്നതിനാൽ നിയമം

അതിന്റെ വഴിക്ക് പോകുകതന്നെ ചെയ്യും. ഇവിടെ നാം ശ്രദ്ധിക്കേണ്ട കാര്യം, വ്യാജ വാർത്തകൾ ധാരാളം വരുന്നതിന്റെ ഭാഗമായി നമ്മുടെ രാജ്യത്തെ പരമോന്നത കോടതിയായ സുപ്രീംകോടതിയുടെ ചീഫ് ജസ്റ്റിസിനുപോലും അതിനെക്കുറിച്ച് പരാമർശിക്കേണ്ടി വന്നിരിക്കുന്നു. അദ്ദേഹം പറഞ്ഞത് ഞാൻ ഉദ്ധരിക്കാം. ചിലപ്പോൾ നിങ്ങളുടെ കൈയിലുമുണ്ടാകുമെന്നതിനാൽ ഞാൻ ഉദ്ധരിച്ച് സമയം കളയേണ്ട ആവശ്യമില്ലെന്നാണ് തോന്നുന്നത്. എങ്കിലും സുപ്രീംകോടതിയുടെ ഉത്തരവിലുള്ള ഒരു കാര്യം പറയാം. 02-08-2018-ലെ ഉത്തരവിൽ, " In the interest of the minor girls, we restrain the Electronic Media from telecasting or broadcasting the images of the girls even in a morphed or blurred form. We request the media not to interview the minor girls. This request is being made in the interest of minor girls. News of the events may, of course, be disseminated but the interests of the minor girls should be kept in mind.' 07-08-2018-ൽ മറ്റൊരു നീരിക്ഷണം കൂടി സുപ്രീംകോടതി നടത്തുകയുണ്ടായി. അതിൽ പറയുന്നത്, 'We expect the electronic, print and social media to ensure that the photographs of the victims of sexual abuse anywhere should not be

displayed either in morphed or blurred form for the safety, mental and physical health of the victims and in public interest.' മാധ്യമപ്രവർത്തന സ്വാതന്ത്ര്യത്തെ എന്തുവില കൊടുത്തും സംരക്ഷിക്കുമെന്ന നിലപാടാണ് സർക്കാരിനുള്ളത്. സർക്കാരിനെതിരെയുള്ള മാധ്യമ വാർത്തകൾ ഞങ്ങൾക്ക് എത്രയോ പരിചയമുള്ളതാണ്. എത്ര വാർത്തകൾ ഉയർന്നുവന്നാലും ഞങ്ങൾ സാധാരണഗതിയിൽ ഭയചകിതരാകാറില്ല. കാരണം, തെറ്റായ വാർത്തകൾ പ്രചരിപ്പിച്ചാലും അതിന്റെ ഭാഗമായി ചർച്ചകൾ സംഘടിപ്പിച്ചാലും ജനങ്ങൾ അവരുടെ സ്വന്തം അനുഭവം അടിസ്ഥാനപ്പെടുത്തിയാണ് വിലയിരുത്തുന്നത്. അതുകൊണ്ടുതന്നെ ഞങ്ങളെക്കുറിച്ച് ജനങ്ങൾ തെറ്റായി ചിന്തിക്കില്ലെന്ന ഉറപ്പ് ഞങ്ങൾക്കുണ്ട്. മയക്കുമരുന്നിനെതിരെ നാടൊന്നാകെ പോരാട്ടത്തിൽ ഏർപ്പെടുന്ന ഘട്ടമാണിത്. അതിൽ മാധ്യമങ്ങളും ബഹുജന പ്രസ്ഥാനങ്ങളും ജനങ്ങളൊന്നാകെയും പങ്കാളികളായിട്ടുണ്ട്. ആ പോരാട്ടത്തിൽ പങ്കുചേർന്ന് മയക്കുമരുന്ന് വ്യാപനത്തിനെതിരായ വാർത്താ പരമ്പര സംപ്രേഷണം ചെയ്യുന്നതിൽ നമുക്ക് എല്ലാവർക്കും സന്തോഷമേയുള്ളൂ. അതിൽ ആരും കുണ്ഠിതപ്പെടുകയില്ല. പക്ഷേ അത്തരമൊരു പരമ്പരയിൽ വ്യാജ ദൃശ്യങ്ങൾ ചേർത്ത് പ്രായപൂർത്തിയാകാത്ത കുട്ടിയെ തെറ്റായി ചിത്രീകരിച്ച്, അതിനായി ഗൂഢാലോചന നടത്തിയെന്ന പരാതിയാണ്

ഉയർന്നുവന്നിരിക്കുന്നത്. പരാതിയുടെ ഉള്ളടക്കത്തിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. പക്ഷേ ഒരു പരാതി ലഭിച്ചാൽ പോലീസ് എന്ത് ചെയ്യണം? അത് വച്ചുകൊണ്ട് അനങ്ങാതിരിക്കാൻ പറ്റില്ല. മയക്കുമരുന്നിനെതിരെ പരമ്പര ചെയ്തതുകൊണ്ടാണ് പോലീസ് തിടുക്കപ്പെട്ട് കേസ്സെടുത്തതെന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണ്. മയക്കുമരുന്നിനെതിരായ പോരാട്ടത്തിൽ എല്ലാ മാധ്യമങ്ങളും അണിചേർന്ന് ശക്തമായ പ്രചരണം ഏറ്റെടുത്തിട്ടുണ്ട്. അതിൽ സർക്കാരിനെ അതിനിശിതമായി വിമർശിക്കുന്ന മാധ്യമങ്ങളുമുണ്ട്. അവരൊന്നും തങ്ങളുടെ റിപ്പോർട്ടിംഗിൽ ഇങ്ങനെയൊരു കുറ്റകൃത്യം നടത്തിയതായി പരാതി ഉയർന്നിട്ടില്ല. ഉയർന്നുവന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് അന്വേഷണം. കുറ്റം ചെയ്തുവെന്ന് സംശയിക്കപ്പെടുന്നവരുടെ വലിപ്പം നോക്കി കേസന്വേഷണത്തിന്റെ വേഗം കുറയ്ക്കണമെന്നാണോ ആഗ്രഹിക്കുന്നത്. നിയമത്തിന് മുന്നിലുള്ള സമത്വവും തുല്യമായ പരിരക്ഷയും നിയമ സംരക്ഷണവും ഉറപ്പുനൽകുന്ന ഭരണഘടനയുള്ള രാജ്യമാണിത്. ഒരാൾക്കും പ്രത്യേക ആനുകൂല്യമോ പ്രത്യേക പരിരക്ഷയോ നൽകുമെന്ന് ആരും പ്രതീക്ഷിക്കേണ്ടതില്ല. മാധ്യമ വിമർശനങ്ങൾ ഞങ്ങൾ സാധാരണഗതിയിൽ കേട്ടുകൊണ്ടിരിക്കുന്നതാണെന്ന് ഞാൻ ആവർത്തിച്ചു പറയുകയാണ്.

വിമർശനങ്ങൾ, സ്വയം വിമർശനങ്ങളിലേയ്ക്കും തിരുത്തലിലേയ്ക്കും നയിക്കുമെന്ന് കരുതുന്നവരാണ് ഞങ്ങൾ. വ്യാജ നിർമ്മിതികളെ തടയാൻ നിയമങ്ങളുണ്ട്. അതുകൊണ്ട് നിയമത്തെ വെല്ലുവിളിക്കുകയോ നീതി നടപ്പാക്കുന്നതിന് കൂച്ചുവിലങ്ങിടുകയോ ചെയ്യരുത്. അത്തരം ശ്രമങ്ങൾ ജനവിരുദ്ധമാണ് എന്നത് ഓർക്കേണ്ടതാണ്. സംസ്ഥാനത്ത് ഇപ്പോൾ എൽ.ഡി.എഫ്. സർക്കാർ മാധ്യമങ്ങൾക്ക് കൂച്ചുവിലങ്ങിടാൻ വേണ്ടി ശ്രമം നടത്തുന്നുവെന്നും അതിന് മുഖ്യമന്ത്രിയെന്ന നിലയിൽ എന്റെ പങ്കിനെക്കുറിച്ചുമൊക്കെ ബഹുമാനപ്പെട്ട പ്രമേയാവതാരകൻ പറയുകയുണ്ടായി. ബി.ബി.സി-യുടെ പഴയ ഒരു പ്രശ്നമില്ലേ, അത് അദ്ദേഹം ഓർമ്മിക്കാതിരിക്കാൻ വഴിയുണ്ടെന്ന് തോന്നുന്നില്ല. ബി.ബി.സി.-യുടെ ഇന്ത്യൻ ചീഫായിരുന്ന മാർക്ക് ടെല്ലിയെ അറസ്റ്റ് ചെയ്ത് പാന്റ്സ് ഊരി ബെൽറ്റുകൊണ്ട് അടിക്കാനാണ് ഗുജ്റാളിനോട് സഞ്ജയ് ഗാന്ധി ആവശ്യപ്പെട്ടത്. അന്ന് ബി.ബി.സി. ചെയ്ത തെറ്റ് എന്തായിരുന്നു? ജഗ്ജീവൻ റാമിനെ ഇന്ദിരാ ഗാന്ധി സർക്കാർ വീട്ടുതടങ്കലിലാക്കിയെന്ന വാർത്ത റിപ്പോർട്ട് ചെയ്തു. ബി.ബി.സി.-യുടെ അന്നത്തെ ഇന്ത്യയിലെ തലവനായ മാർക്ക് ടെല്ലി തന്റെ 'From Raj to Rajiv: 40 years of Indian Independence' എന്ന പുസ്തകത്തിൽ ഇക്കാര്യം പിന്നീട് എഴുതിയപ്പോഴാണ്

ലോകം അറിയുന്നത്. താളത്തിന് തുള്ളാത്തതിന് ഗുജ്റാളിനെ വകുപ്പുമന്ത്രി സ്ഥാനത്തുനിന്ന് പുറത്താക്കാനാണ് ഇന്ദിരാ ഗാന്ധി തയ്യാറായത്. പകരം വി.സി. ശുക്ലയെ അവരോധിച്ചു. അക്കാലത്ത് ഇന്ത്യൻ എക്സ്പ്രസ് പത്രത്തിന്റെ ഗ്രൂപ്പ് ഓഫീസുകളിൽ എത്ര പ്രാവശ്യം റെയ്ഡ് നടന്നു. വാർത്താ എജൻസികൾ പിടിച്ചെടുത്ത് സർക്കാരിന്റെ നിയന്ത്രണത്തിലാക്കി. ഇതേ പാതതന്നെയല്ലേ ഇപ്പോൾ ബി.ജെ.പി. സർക്കാരും തുടരുന്നത്. നിങ്ങൾ പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യ (പി.ടി.ഐ.), യുണൈറ്റഡ് ന്യൂസ് ഓഫ് ഇന്ത്യ (യു.എൻ.ഐ.) എന്നിവയെ ഒന്നിച്ചുചേർത്ത് 'സമാചാർ' എന്ന ഒറ്റ ഏജൻസിയാക്കി നിയന്ത്രണം പോലീസ് ഓഫീസറായിരുന്ന കെ. എൻ. പ്രസാദിന് നൽകി. ഗീബൽസിനെ വെല്ലുന്ന നുണപ്രചാരണമാണ് പിന്നെ നടന്നത്. പത്രം ഓഫീസുകൾ പോലീസ് ഓഫീസർമാരുടെയും സെൻസർമാരുടെയും കേന്ദ്രങ്ങളായി മാറി. ഇപ്പോൾ ദൂരദർശനും ആകാശവാണിക്കും വാർത്ത നൽകാൻ സംഘ്പരിവാർ ഏജൻസിയെ ഏൽപ്പിക്കുന്നു. എന്താണ് രണ്ടും തമ്മിലുള്ള വ്യത്യാസം? ബി.ബി.സി.-ക്കെതിരെ മോദി സർക്കാർ എടുത്ത നടപടിയും നിങ്ങൾ ചെയ്ത കാര്യങ്ങളും തമ്മിൽ ഒരു വ്യത്യാസവുമില്ല. ആ ബി.ബി.സി.-യുമായിട്ടാണോ പെൺകുട്ടിയെ വ്യാജ വീഡിയോയിൽ ചിത്രീകരിച്ചതിനെ ബഹുമാന്യനായ

പ്രമേയാവതാരകൻ താരതമ്യം ചെയ്തത്. നമ്മുടെ സംസ്ഥാനത്തുവന്ന മാധ്യമ വാർത്തകൾ നിങ്ങൾ ശ്രദ്ധിക്കുന്നുണ്ടാവുമല്ലോ. അതിൽ ഒരു വാർത്ത മുസ്ലീം ലീഗിന്റെ കണ്ണൂർ ജില്ലാ കമ്മിറ്റി നടത്തിയ പ്രസ്താവനയാണ്. ഏഷ്യാനെറ്റ് ന്യൂസ് വ്യാജ വീഡിയോയ്ക്കെതിരെ മുസ്ലീം ലീഗ് ജില്ലാ കമ്മിറ്റിക്കുവേണ്ടി പ്രസിഡന്റ് ശ്രീ. അബ്ദുൽ കരിം ചേലേരി വാർത്താക്കുറിപ്പിൽ കടുത്ത വിമർശനം രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ മുസ്ലീംലീഗ് നേതാവിന്റെ മകന്റെ പ്രസ്താവന വിശദമായി റിപ്പോർട്ടുചെയ്തിട്ടുണ്ട്. 'ഏഷ്യാനെറ്റ് എന്റെ ജീവിതം തകർത്തു, മയക്കുമരുന്ന് കരിയറാക്കിയെന്ന് പ്രചരിപ്പിച്ചു' എന്നുപറഞ്ഞുകൊണ്ടാണ് അദ്ദേഹം പ്രസ്താവന നടത്തിയത്. ഇതൊന്നും സാധാരണനിലയ്ക്ക് മാധ്യമ സ്വാതന്ത്ര്യത്തിൽപ്പെട്ടതല്ല. മാധ്യമ സ്വാതന്ത്ര്യത്തിന് ഒരുതരത്തിലുള്ള നിയന്ത്രണവുമുണ്ടാവില്ല. എന്നാൽ വ്യാജ വാർത്തകൾക്ക് സാധാരണഗതിയിലുള്ള നിയമ നടപടി നേരിടേണ്ടിവരും. അതുകൊണ്ട് ഇവിടെ നീതി നടപ്പിലാക്കുന്നതിന് തടസ്സം നിൽക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അത് ജനവിരുദ്ധമായ ശ്രമമായി പോകും. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവും ഇതിൽ ഉയരുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മാധ്യമങ്ങൾ തെറ്റ് ചെയ്താൽ വിമർശിക്കാനും പ്രതിഷേധിക്കാനും അവർ ക്രിമിനൽ കുറ്റം ചെയ്താൽ കേസെടുക്കാനുമെല്ലാം അവകാശമുണ്ട്. എന്നാൽ ആ അവകാശങ്ങൾ മാധ്യമങ്ങളെ വേട്ടയാടാനുള്ള അവസരമായി ഉപയോഗിക്കുന്നുവെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരിമരുന്നുപയോഗത്തെക്കുറിച്ച് നിയമസഭയിൽ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെതിരായി വലിയൊരു ക്യാമ്പയിൻ പ്രഖ്യാപിച്ചതിന് ഞങ്ങൾ പിന്തുണ നൽകുകയും ചെയ്തതാണ്. മയക്കുമരുന്നുപയോഗത്തെയും അത് സൃഷ്ടിക്കുന്ന സാമൂഹ്യവിപത്തുകളെയും കുറിച്ച് വിവിധ മാധ്യമങ്ങളുടെ ഗൗരവതരമായ റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. അതിന്റെ ഭാഗമായാണ് ഏഷ്യാനെറ്റ് ഒരു പരമ്പര ചെയ്തത്. അതിനുമുമ്പ് ആഗസ്റ്റ് മാസത്തിൽ ഇപ്പോൾ വിവാദമായ വാർത്തയിലെ അതേ പെൺകുട്ടിയുടെ ശബ്ദത്തിൽ ഒരു വീഡിയോ വന്നിട്ടുണ്ടായിരുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, അത് വസ്തുതാപരമായി തെറ്റാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ആ വീഡിയോയുടെ അടിസ്ഥാനത്തിൽ പെൺകുട്ടിയുടെ പിതാവ് നൽകിയ പരാതിയിന്മേൽ കേസ്സെടുത്ത് അന്വേഷണം നടത്തി ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. ഏഷ്യാനെറ്റ് പരമ്പര ചെയ്ത സമയത്ത് ഈ പെൺകുട്ടിയുടെ ശബ്ദം ഉപയോഗിച്ചുകൊണ്ട് ഇങ്ങനെയൊരു സംഭവംകൂടിയുണ്ടായത് റിപ്പോർട്ട് ചെയ്തു. അതിൽ മറ്റൊരു പെൺകുട്ടിയുടെ ചിത്രം കാണിച്ചുവെന്നാണ് പറയുന്നത്. ഇതെല്ലാം അവ്യക്തമായ ചിത്രങ്ങളാണ്; ആർക്കും മനസ്സിലാക്കാൻ സാധിക്കാത്തവയാണ്. അവർ മറ്റൊരു വീഡിയോ വച്ചാണ് അത് ചിത്രീകരിച്ചതെങ്കിൽപ്പോലും ചിത്രം വ്യക്തമല്ല. അതുമാത്രമല്ല ആരുടെയും ചിത്രം വ്യക്തമല്ല. ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതുപോലെ, അതിന്റെ അടിയിൽ 'ഈ വീഡിയോ യഥാർത്ഥമല്ല' എന്നുവേണമെങ്കിൽ കൊടുക്കാമായിരുന്നു. (....ബഹളം.....) ഞാൻ സംസാരിച്ച് പൂർത്തിയാക്കട്ടെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അര മണിക്കൂറിൽക്കൂടുതൽ സംസാരിച്ചല്ലോ; ഞാൻ എന്റെ പോയിന്റ് പറയുകയല്ലേ?

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, പ്രസംഗിക്കുമ്പോൾ ഒരു സംഘം നിരന്തരമായി ശല്യപ്പെടുത്തുകയാണ്. ഇത് വളരെ ആസൂത്രിതമായ സംഭവമാണ്; നവംബർ മാസത്തിൽ നടന്നതാണ്. പോലീസിൽ പരാതി നൽകിയ എം.എൽ.എ. ഫെബ്രുവരി 25-ാം തീയതി 'പണിവരുന്നുണ്ട് അവറാച്ച' എന്നൊരു ഫെയ്സ്ബുക്ക് പോസ്റ്റിട്ടിരുന്നു. ഫെബ്രുവരി അവസാനം മറ്റൊരു വാർത്ത വന്നു. ഈ എം.എൽ.എ. നൽകിയതും മാർച്ച് 3-ാം തീയതി സഭയിൽ വരുന്നതുമായ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ സ്ക്രീൻഷോട്ട് ഫെബ്രുവരി അവസാനം സോഷ്യൽ മീഡിയയിൽ വന്നു. സഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ അടിയന്തരപ്രമേയത്തിന്റെ വിഷയത്തെക്കുറിച്ച് വാർത്ത വരുന്നത് സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട സ്പീക്കർ പരാമർശിച്ചിരുന്നു. എന്നാൽ മാർച്ച് 3-ാം തീയതി നിയമസഭയിൽ വരുന്ന ചോദ്യത്തിന്റെ സ്ക്രീൻഷോട്ട് ഫെബ്രുവരി അവസാനം സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുകയാണ് ചെയ്തത്. മാർച്ച് 2-ന് കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് സ്വദേശിയായ നിയമ വിദ്യാർത്ഥി ഇ-മെയിൽ മുഖേന പരാതി നൽകി. മാർച്ച് 3-ന് മുഖ്യമന്ത്രി നിയമസഭയിൽ മറുപടി പറഞ്ഞു. അന്നുതന്നെ ഡി.ജി.പി.-ക്ക് എം.എൽ.എ. പരാതി കൊടുത്തു. മാർച്ച് 3-ന് വൈകുന്നേരം ഏഷ്യാനെറ്റ് ഓഫീസിൽ എസ്.എഫ്.ഐ.-യുടെ

അതിക്രമം നടക്കുന്നു. മാർച്ച് 4-ന് ഏഷ്യാനെറ്റിനെതിരെ വെള്ളയിൽ പോലീസ് കേസ്സെടുക്കുന്നു. പരാതിക്കാരന്റെ മൊഴിയെടുത്തോയെന്ന് എനിക്കറിയില്ല. മൊഴിയെടുക്കുന്നതിനുമുമ്പുതന്നെ 5-ാം തീയതി ഏഷ്യാനെറ്റിന്റെ കോഴിക്കോട് ഓഫീസിലെ ജീവനക്കാരെ മുഴുവൻ ബന്ധികളാക്കി വൻപോലീസ് സംഘം നാല് മണിക്കൂർ റെയ്ഡ് ചെയ്തു. ഇതെല്ലാം ഒരു തുടർച്ചയാണ്. ഇന്നുരാവിലെ പോലീസ് സ്റ്റേഷനിലെത്താൻവേണ്ടി ഏഷ്യാനെറ്റിന്റെ എക്സിക്യൂട്ടീവ് എഡിറ്റർക്ക് ഇന്നലെ രാത്രി വാട്സ്ആപ്പ് സന്ദേശത്തിലൂടെ കൊടുക്കുന്ന സമൻസ് വരെയുള്ള ഒരു പരമ്പരയാണ്. നവംബറിൽ നടന്ന ഒരു സംഭവവുമായി ബന്ധപ്പെട്ട് വളരെ ആസൂത്രിതമായി കാര്യങ്ങൾ ചെയ്തിരിക്കുകയാണ്. ഒരു പെൺകുട്ടിയുടെയും ചിത്രം വിഷ്വലിൽ വ്യക്തമല്ല. ഏതെങ്കിലുമൊരു പെൺകുട്ടിയുടെ ചിത്രം വ്യക്തമാക്കിക്കൊണ്ട് ആ പെൺകുട്ടിയാണ് പറഞ്ഞതെന്നുപറഞ്ഞാൽ അത് പൂർണ്ണമായും വ്യാജവാർത്തയാണ്.

<u>ശ്രീമതി വീണാ ജോർജ്</u>: സർ, വഴങ്ങുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ വഴങ്ങുന്നില്ല. പ്രക്ഷേപണവുമായി ബന്ധപ്പെട്ട് ഏഷ്യാനെറ്റ് തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കാനുള്ള അവകാശമുണ്ട്. എന്നാൽ ഇതൊരു

വ്യാജവാർത്തയാണെന്ന് നിരന്തരം പറയുകയാണ്. കണ്ണൂരിൽ പാർട്ടി ഏഷ്യാനെറ്റിനെതിരെ തിരിയാനുള്ള കാര്യമെന്താണ്? പയ്യന്നൂരിലെ രക്തസാക്ഷി ഫണ്ട് വെട്ടിപ്പിനെക്കുറിച്ചുള്ള വാർത്ത കൊടുത്തത് ഏഷ്യാനെറ്റാണ്. കണ്ണൂരിൽ നൗഫൽ ബിൻ യൂസഫ് എന്ന ഏഷ്യാനെറ്റ് റിപ്പോർട്ടറാണ് ആകാശ് തില്ലങ്കേരിയെ സംബന്ധിച്ച വാർത്തകൾ മുഴുവൻ കൊടുത്തത്. അവിടെ ഗുണ്ടകൾ നടത്തുന്ന സ്വർണ്ണക്കള്ളക്കടത്തിനെക്കുറിച്ചും സ്വർണ്ണം പൊട്ടിക്കലുമായി പാർട്ടിക്കുള്ള ബന്ധത്തെക്കുറിച്ചും ഡി.വൈ.എഫ്.ഐ. നേതാവ് ആകാശ് തില്ലങ്കേരിക്ക് ട്രോഫി സമ്മാനിക്കുന്ന വാർത്ത കൊടുത്തതുമെല്ലാം ഈ ഏഷ്യാനെറ്റ് ലേഖകനാണ്. നൗഫൽ ബിൻ യൂസഫിനെ കണ്ണൂർ ജില്ലാ പാർട്ടി സെക്രട്ടറി പരസ്യമായി വിശേഷിപ്പിച്ചത് 'നൗഫൽ ബിൻ ലാദൻ' എന്നാണ്. സെക്യുലറായ ഒരു മാധ്യമപ്രവർത്തകനെയാണ് പരസ്യമായി അധിക്ഷേപിച്ചത്. (.....ബഹളം.....) അയാളെ വേട്ടയാടാനുള്ള ശ്രമമാണ് യഥാർത്ഥത്തിൽ നടക്കുന്നത്. (.....ബഹളം.....)

ശ്രീമതി വീണാ ജോർജ്: സർ, വഴങ്ങുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വഴങ്ങുന്നില്ല; നിങ്ങളെന്തിനാണ് നിരന്തരം ശല്യപ്പെടുത്തുന്നത്? I am on my legs, you have no right to

stand up. ഞാൻ വഴങ്ങുന്നില്ല, അങ്ങ് മന്ത്രിയല്ലേ; മന്ത്രിമാർതന്നെ ശല്യപ്പെടുത്തുകയാണ്. (.....ബഹളം.....)

മി. സ്പീക്കർ: അങ്ങോട്ട് നോക്കേണ്ട, ചെയറിനെ അഭിസംബോധന ചെയ്താൽ മതി.

ശ്രീ. വി. ഡി. സതീശൻ: സർ, പുതിയ പരാതിയിൽ പറയുന്നത് എന്താണ്? സമൂഹത്തിൽ തെറ്റിദ്ധാരണ പരത്തുന്നവിധത്തിൽ കേരളത്തിലെ സർക്കാർ വിദ്യാലയങ്ങളാകെ മയക്കുമരുന്ന് ലോബിയുടെ പിടിയിലാണെന്നും ഇക്കാര്യത്തിൽ പോലീസ്-എക്സൈസ് വകുപ്പുകൾ നിഷ്ക്രിയരാണെന്നും സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾക്ക് അടുത്തകാലത്തുണ്ടായ വലിയ മുന്നേറ്റത്തെ തടയിടുകയെന്ന ഗൂഢോദ്ദേശ്യത്തോടെ നിർമ്മിച്ചതാണ് ഈ വീഡിയോയെന്നും സർക്കാർ സ്കൂളുകൾ സുരക്ഷിത കേന്ദ്രങ്ങളല്ലെന്ന തോന്നൽ രക്ഷിതാക്കളുടെ മനസ്സിൽ ജനിപ്പിച്ചും ഭീതിയുണ്ടാക്കിയും പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കാനുള്ള വാർത്തയാണിതെന്നും സർക്കാരിനെതിരെ ഏഷ്യാനെറ്റ് ന്യൂസ് സംഘം ക്രിമിനൽ ഗൂഢാലോചന നടത്തിയാണ് ഈ വാർത്ത സൃഷ്ടിച്ചതെന്നുമാണ് പരാതിയിൽ പറയുന്നത്. ഏഷ്യാനെറ്റ് സംപ്രേഷണം ചെയ്ത മയക്കുമരുന്നിനെ സംബന്ധിച്ച പരമ്പര സ്വാഗതാർഹവും

അഭിനന്ദനീയവുമാണെന്നാണ് എക്സൈസ് വകുപ്പുമന്ത്രിയായ ശ്രീ. എം. ബി. രാജേഷ് പറഞ്ഞത്. അദ്ദേഹം പറഞ്ഞത് ശരിയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, മയക്കുമരുന്നുപയോഗത്തെക്കുറിച്ച് മാധ്യമങ്ങൾ സംപ്രേഷണം ചെയ്ത പരമ്പരകളെയെല്ലാം സർക്കാർ സ്വാഗതം ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുകൊണ്ടാണ് ഞാനിത് പറയുന്നത്. പിന്നീട് ഈ വാർത്തയെക്കുറിച്ച് ഞാൻ പ്രത്യേകിച്ചൊന്നും പറഞ്ഞിട്ടില്ലെന്ന് വ്യക്തമാക്കുകയും ചെയ്തതാണ്. ഈ വാർത്തയെ സംബന്ധിച്ച് വളരെ ഗുരുതരമായ പരാതി ഉയർന്നുവരികയുണ്ടായി. മയക്കുമരുന്നുപയോഗത്തെക്കുറിച്ചുള്ള പരമ്പരകളെ സ്വാഗതം ചെയ്തതിൽനിന്നും മാധ്യമങ്ങളുടെ ഇത്തരത്തിലുള്ള സംപ്രേഷണങ്ങളിൽ സർക്കാരിന് എതിരഭിപ്രായമില്ലെന്നത് വ്യക്തമാണ്. വ്യാജവാർത്തയും വീഡിയോയുമാണ് ഇവിടത്തെ പ്രശ്നം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അങ്ങനെ കുറ്റപ്പെടുത്തിയല്ല പറഞ്ഞത്. സംസ്ഥാനത്ത് മയക്കുമരുന്നിനെതിരായ ക്യാമ്പയിൻ സർക്കാരും ജനങ്ങളുമെല്ലാം ഏറ്റെടുത്തതിനെയും മാധ്യമങ്ങൾ അതിനായി മുന്നോട്ടുവന്നതിനെയും സ്വാഗതം ചെയ്യുന്നുവെന്നാണ് അങ്ങ് പറഞ്ഞത്;

അത് ശരിയായ നടപടിയാണ്. എന്നാൽ കേരളത്തിലെ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കാനും അവയെ തകർക്കാനുംവേണ്ടി മന:പൂർവ്വമുണ്ടാക്കിയ വീഡിയോ ആണെന്നാണ് പരാതി. പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥിനിയുടെ വെളിപ്പെടുത്തലായതിനാൽ സംഭവത്തിൽ പോക്സോ ഉൾപ്പെടെയുള്ള വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്നാണ് മറ്റൊരു പരാതി. വ്യാജ വാർത്തയാണെങ്കിൽ പോക്സോ കേസ് രജിസ്റ്റർ ചെയ്ത് എങ്ങനെയാണ് അന്വേഷണം നടത്തുന്നത്? ഇത് പരസ്പരവിരുദ്ധമായ പരാതിയാണ്. ഇതിനകത്തെ വിഷയം വേറെയാണ്; നേരത്തെ വന്ന ഒരു വാർത്തയുടെ അടിസ്ഥാനത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം നടത്തി ചാർജ് ഷീറ്റ് സമർപ്പിച്ചു. ആ വാർത്ത യാഥാർത്ഥ്യമാണ്. അതിന്റെ അവ്യക്തമായ വീഡിയോ മാത്രമേ കൊടുക്കാൻ സാധിക്കുകയുള്ളൂ; അത് കൊടുത്തിട്ടുമുണ്ട്. 'വീഡിയോ യാഥാർത്ഥ്യമല്ല' എന്നുകൂടി കൊടുത്തിരുന്നെങ്കിൽ അവസാനിക്കാവുന്ന കാര്യം മാത്രമേയുള്ളൂ. എന്നാൽ വ്യാജ വാർത്ത ചമച്ചു എന്നുപറയുന്നത് ശരിയല്ല. കിട്ടുന്ന അവസരം മാധ്യമങ്ങളെ വേട്ടയാടാൻ ഉപയോഗിക്കുകയാണ്. ഇതുതന്നെയാണ് പ്രധാനമന്ത്രി ചെയ്തതിനെക്കുറിച്ച് ഞങ്ങൾ പറഞ്ഞത്. പ്രധാനമന്ത്രി

ശ്രീ. നരേന്ദ്ര മോദിയെക്കുറിച്ച് ബി.ബി.സി. ഒരു റിപ്പോർട്ട് കൊടുത്തപ്പോൾ അവരെ വേട്ടയാടാൻവേണ്ടി റെയ്ഡ് നടത്തിയതിനെക്കുറിച്ചാണ് സി.പി.ഐ.(എം.) പറയുകയും മുഖ്യമന്ത്രി ഫെയ്സ്ബുക്കിൽ പോസ്റ്റിടുകയും നമ്മളെല്ലാവരും അപലപിക്കുകയും എതിർക്കുകയും ചെയ്തത്. ഗൗരീ ലങ്കേഷിനെ വെടിവച്ച് കൊന്നതും സിദ്ദിഖ് കാപ്പനെ അറസ്റ്റ് ചെയ്ത് ജയിലിലാക്കിയതുൾപ്പെടെ രാജ്യവ്യാപകമായി ഈ ഫാസിസ്റ്റ് ഭരണകൂടം നടത്തുന്ന നടപടികൾക്കെതിരായി ഒരുമിച്ച് ശബ്ദമുയർത്തുന്നവരാണ് നമ്മളെല്ലാവരും. എന്നാൽ കേരളത്തിൽ അത്തരമൊരു നടപടിയെടുക്കുമ്പോൾ വൈരനിര്യാതന ബുദ്ധിയോടും മന:പൂർവ്വമായി അവരെ ഉപദ്രവിക്കണമെന്നുള്ള ലക്ഷ്യത്തോടുംകൂടി പെരുമാറുകയാണ്. എസ്.എഫ്.ഐ. പ്രവർത്തകർ ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിച്ച കാര്യം ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞു. രാഹുൽ ഗാന്ധിയെപ്പോലുള്ള ഒരു ദേശീയനേതാവിന്റെ ഓഫീസ് അടിച്ച് തകർത്തതും ഏഷ്യാനെറ്റിന്റെ ഓഫീസിൽ കയറി ബാനർ കെട്ടി അധിക്ഷേപിച്ചതുമൊക്കെ ഇതിന്റെ ഭാഗമാണ്. ശ്രീ. വിനു വി. ജോണിനെതിരായി നിങ്ങൾ കേസെടുത്തു. അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് മാർച്ച് നടത്തുകയും അധിക്ഷേപിക്കുന്നതരത്തിലുള്ള പോസ്റ്ററുകൾ ആ

പ്രദേശത്ത് മുഴവൻ പതിക്കുകയും പ്രചരണങ്ങൾ നടത്തുകയും ചെയ്തു. അങ്ങനെയാണെങ്കിൽ ഇവിടെ എന്തെല്ലാം നടന്നിട്ടുണ്ട്. ശബരിമല തീർത്ഥാടന കാലത്ത് ദേശാഭിമാനിയിൽ ഒരു വാർത്ത വന്നത് ഇങ്ങനെയാണ്, "ശബരിമല മൂന്നരനൂറ്റാണ്ട് മുമ്പ് ദ്രാവിഡ ആരാധനാകേന്ദ്രമായിരുന്നുവെന്നും അവിടെ വൈദിക ചടങ്ങുകളോ അനുഷ്ഠാനങ്ങളോ ഉണ്ടായിരുന്നില്ലെന്നും വ്യക്തമാക്കുന്ന പന്തളം കൊട്ടാരം രേഖ കണ്ടെത്തി. കല്ലൂരിലെ ഡോ. മോൻസൻ മാവുങ്കലിന്റെ സ്വകാര്യശേഖരത്തിലാണ് ഈ രേഖയുള്ളത്. പന്തളം കോവിലധികാരി മകരവിളക്കിനും അനുബന്ധചടങ്ങുകൾക്കും പണം അനുവദിച്ച് ശബരിമല കോവിലധികാരികൾക്ക് കൊല്ലവർഷം 843-ൽ എഴുതിയ ചെമ്പോല തിട്ടൂരമാണ് ശബരിമലയുടെ പ്രാചീന ചരിത്രത്തിലേയ്ക്ക് വെളിച്ചം വീശുന്നത്." മോൻസൻ മാവുങ്കലിന്റെ ശേഖരത്തിൽനിന്നുമാണ് ചെമ്പോല തിട്ടൂരം ദേശാഭിമാനി കണ്ടെത്തിയിരിക്കുന്നത്. ഇവിടെ ഞാൻ പ്രസംഗിച്ചപ്പോൾ ബഹളമുണ്ടാക്കിയ വനിത അംഗങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ആറ്റുരിൽ ആത്മഹത്യ ചെയ്ത സാജൻ എന്ന പ്രവാസിയുടെ ഭാര്യയെ അധിക്ഷേപിച്ചുകൊണ്ട് നിങ്ങളുടെ മുഖപത്രമായ ദേശാഭിമാനിയിൽ വാർത്തകൾ വന്നപ്പോൾ, ഞാനും മോളും ആത്മഹത്യ

ചെയ്യുമെന്ന് സാജന്റെ ഭാര്യ മാധ്യമങ്ങളോട് പറഞ്ഞപ്പോഴാണ് നിങ്ങൾ നിർത്തിയത്. നിങ്ങൾ വലിയ ആളുകളായി പുണ്യാളന്മാരായി മാറല്ലേ; നിങ്ങളെല്ലാം ചെയ്തുവച്ചിരിക്കുന്ന കാര്യങ്ങൾ നമുക്കറിയാം. മലയാള മനോരമ ദിനപത്രത്തിന്റെ ചീഫ് എഡിറ്ററായിരുന്ന കെ. എം. മാത്യുവിന്റെ പേരിൽ ഒരു ലെറ്റർ ഹെഡ് ഉണ്ടാക്കി കത്തയയ്ക്കുന്നതായി വ്യാജരേഖ ചമച്ചവരാണ് ദേശാഭിമാനി. നല്ല പാരമ്പര്യമാണ് നിങ്ങൾക്കുള്ളത്; എല്ലാം എന്നെക്കൊണ്ട് പറയിപ്പിക്കരുത്. നിങ്ങൾ ചെയ്ത അര ഡസൻ കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കാം. (.....ബഹളം.....) ദേശാഭിമാനി ലേഖകനെ പുറത്തിറക്കിവിട്ടുവെന്ന് പറഞ്ഞു. എന്റെ പേര് പറഞ്ഞില്ല, ഞാനാണ് പറഞ്ഞതെന്നുള്ള അർത്ഥത്തിലാണ് പറഞ്ഞത്. നേരത്തെ മുഖ്യമന്ത്രിയും പറഞ്ഞിട്ടുള്ളതാണ്. വയനാട്ടിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിച്ചതിന്റെ പിറ്റേദിവസം ഞാൻ അവിടെയെത്തി ഡി.സി.സി. ഓഫീസിൽ പത്രസമ്മേളനം നടത്തുമ്പോൾ ദേശാഭിമാനിയുടെ ലേഖകൻ ഒരു ചോദ്യം ചോദിച്ചതിന് മറുപടി പറഞ്ഞു. അതേ ചോദ്യം അദ്ദേഹം രണ്ടാമതും മൂന്നാമതും ചോദിച്ചപ്പോഴും ഞാൻ വിശദമായി മറുപടി പറഞ്ഞു. മറ്റ് പത്രപ്രവർത്തകർക്ക് അവസരം നൽകാതെ നിരന്തരമായി ഒരേ ചോദ്യം വള്ളിപുള്ളി വ്യത്യാസമില്ലാതെ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞത്, 'ഞങ്ങൾ

ക്ഷണിച്ചിട്ടാണ് താങ്കൾ ഇവിടെ വന്നിരിക്കുന്നത്. ഞങ്ങൾ പുറത്തുപോകാൻ പറഞ്ഞാൽ പോകേണ്ടിവരും. പക്ഷേ, ഞാനത് ചെയ്യുന്നില്ല' എന്നാണ്. മുഖ്യമന്ത്രി പത്രസമ്മേളനം നടത്തുന്നതുപോലെയല്ല ഞാൻ നടത്തുന്നത്. അദ്ദേഹം ഒരു മണിക്കൂർ പത്രസമ്മേളനത്തിൽ 50 മിനിറ്റ് സംസാരിക്കും. അവസാനം മൂന്ന് ചോദ്യങ്ങൾ ചോദിക്കാൻ അവസരം നൽകും. അതിൽ നേരത്തെ തയ്യാറാക്കി വച്ചിരിക്കുന്ന രണ്ട് ചോദ്യങ്ങൾക്ക് മറുപടി പറയും. മൂന്നാമത്തെ ചോദ്യത്തിന് ഇഷ്ടമുണ്ടെങ്കിൽ മറുപടി പറയും ഇല്ലെങ്കിൽ പറയില്ല. അതുകഴിഞ്ഞ് 7 മണിയായി എന്നുപറഞ്ഞ് എഴുന്നേറ്റുപോകും. ഞങ്ങളാരും അങ്ങനെ പത്രസമ്മേളനം നടത്തുന്നവരല്ല. ഒരു യു.ഡി.എഫ്. നേതാവും അങ്ങനെ പത്രസമ്മേളനം നടത്തുന്നവരല്ല. (.....ബഹളം.....) ഇവിടെ ഒരു സംഘം നിരന്തരമായി എന്റെ പ്രസംഗം തടസ്സപ്പെടുത്താൻ ശ്രമിക്കുന്നതുപോലെ എന്റെ പത്രസമ്മേളനം തടസ്സപ്പെടുത്താൻ കൈരളിയിൽനിന്നും ദേശാഭിമാനിയിൽനിന്നും 5 പേരെ തുടർച്ചയായി അയയ്ക്കുകയാണ്. വേറൊരു പത്രലേഖകനെക്കൊണ്ടും ചോദ്യം ചോദിപ്പിക്കില്ല. നിരന്തരം ബഹളമുണ്ടാക്കി ഇവിടെ എന്റെ പ്രസംഗത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്നതിനായി ഒരു സംഘത്തെ നിയോഗിച്ചതുപോലെ പത്രസമ്മേളനം തടസ്സപ്പെടുത്താനും ഒരു സംഘത്തെ നിയോഗിച്ചു.

(.....ബഹളം.....) ഇതൊക്കെ കണ്ട് ഞങ്ങൾ എന്തെങ്കിലും പറയാതെ പോകുമോ? ഞങ്ങൾ പറഞ്ഞിട്ടേ പോകുകയുള്ളൂ. ഇത്തരം വേട്ടയാടലുകൾ നല്ലതല്ല. നമ്മുടെ നാട്ടിൽ എന്ത് തെറ്റ് ചെയ്താലും അത് പരിശോധിക്കാൻ നിയമപരമായ സംവിധാനങ്ങളുണ്ട്; പ്രസ്സ് കൗൺസിലിൽ പോകാനുള്ള അവകാശമുണ്ട്. ഇതൊന്നും ഉപയോഗിക്കാതെ റെയ്ഡും ബഹളവും ഓഫീസിൽ കയറി അതിക്രമവും കാണിക്കുന്നത് എന്തിനാണ്? ഇത് ഭീഷണിപ്പെടുത്തുന്നതാണ്. ഏഷ്യാനെറ്റിനോട് മാത്രമല്ല, എല്ലാ മാധ്യമങ്ങളോടും മര്യാദയ്ക്കിരിക്കാൻ പറയുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഈ മാധ്യമങ്ങളെല്ലാം ഏതെല്ലാം രീതിയിൽ അദ്ദേഹത്തെയും ഗവൺമെന്റിനെയും ആക്ഷേപിച്ചു. അദ്ദേഹം നടത്തുന്ന പത്രസമ്മേളനത്തിൽ പത്രപ്രവർത്തകർ കഠിനമായ വാക്കുകൾ പറഞ്ഞപ്പോഴൊന്നും ഞങ്ങളാരും ഇങ്ങനെയല്ല പ്രതികരിച്ചിട്ടുള്ളത്. ഞങ്ങൾ 'കടക്ക് പുറത്ത് എന്ന് ഒരാളോടും പറഞ്ഞിട്ടില്ല; ഒരാളെയും അധിക്ഷേപിച്ചിട്ടുമില്ല. എല്ലാ ചോദ്യങ്ങൾക്കും ഞങ്ങൾക്കറിയാവുന്ന ഉത്തരം പറയാൻ ശ്രമിക്കും. ശ്രീ. പ്രണോയ് റോയിയുടെ ഒരു ക്വാട്ടിംഗാണ് എനിക്ക് മാധ്യമപ്രവർത്തകരോട് പറയാനുള്ളത്. അതായത്, " If you crawl, they will come for you, so stand up." നിങ്ങൾ ഇഴഞ്ഞാൽ/മുട്ടുകുത്തിയാൽ

അവർ നിങ്ങളുടെ പിന്നാലെ വരും. അതുകൊണ്ട് എഴുന്നേറ്റുനിന്ന് ചെറുത്തുനിൽക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. എനിക്ക് കേരളത്തിലെ മാധ്യമപ്രവർത്തകരോട് പറയാനുള്ളത്, " If you crawl, this Government will come after you, so stand up" എന്നാണ്. സർക്കാരിന് എല്ലാവരെയും പേടിയാണ്. പ്രതിപക്ഷത്തെയും വിമർശനങ്ങളെയും ചോദ്യങ്ങളെയും നിങ്ങൾക്കെതിരെ വിരൽ ചൂണ്ടുന്നവരെയും ഭയമാണ്. ഞാൻ മുമ്പ് ജർമ്മൻ കവിയായ ബെർടോൾട്ട് ബ്രെഹ്തിനെ ക്വാട്ട് ചെയ്ത് പറഞ്ഞിട്ടുണ്ട്. ഹിറ്റ്ലറുടെ ഭരണക്കൂടം വധിക്കുമായിരുന്നതിനാൽ അദ്ദേഹം ജർമ്മനിയിൽനിന്നും രക്ഷപ്പെട്ട് യു.എസ്.-ൽ പോയി. അവിടെവച്ച് ഒരു ജർമ്മൻകാരനെ കണ്ടപ്പോൾ അദ്ദേഹം ചോദിച്ചത് ഇപ്പോഴും നമ്മുടെ രാജ്യം ഭരിക്കുന്നത് ഭയമാണോയെന്നാണ്. ഹിറ്റ്ലറാണോയെന്നല്ല, ഭയമാണോയെന്നാണ് ചോദിച്ചത്. എല്ലാ ഏകാധിപതികളും ഭയന്നാണ് ഭരിക്കുന്നത്. അവർ അരക്ഷിതത്വത്തിലാണ്. ഒരു സമരമുണ്ടായാലോ വിമർശനമുണ്ടായാലോ പേടിയാണ്. അതുകൊണ്ടാണ് രണ്ട് കുട്ടികൾ കരിങ്കൊടി കാണിക്കുമ്പോൾ ആയിരം പോലീസുകാർക്കിടയിൽ ഓടിയൊളിക്കുന്നത്. ബെർടോൾട്ട് ബ്രെഹ്ത് പറഞ്ഞതുപോലെ, ഈ ഭരണക്കൂടത്തെ ഭരിക്കുന്നത് ഭയമാണ്. മാധ്യമങ്ങൾക്കെതിരായും

പ്രതിപക്ഷത്തിനെതിരായും അടിയന്തരപ്രമേയത്തിനെതിരായുമുള്ള നിങ്ങളുടെ അസഹിഷ്ണുതയുടെ അടയാളമാണ്. മാധ്യമപ്രവർത്തനത്തിന് കൂച്ചുവിലങ്ങിടാനും അവരെ അധിക്ഷേപിക്കാനും വേട്ടയാടാനും നടത്തുന്ന ശ്രമങ്ങൾക്കെതിരായി അതിശക്തിയായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. ബഷീർ: സർ, സി.പി.ഐ.(എം.)-ഉം എൽ.ഡി.എഫ്.-ഉം മാധ്യമസ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും സംരക്ഷകരാണെന്ന് ഇവിടെ പറയുന്നതുകേട്ടാൽ തോന്നും. 1975-ലെ അടിയന്തരാവസ്ഥ കാലത്ത് കോൺഗ്രസ് ചെയ്ത കാര്യങ്ങളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിമർശിക്കുകയുണ്ടായി. 48 വർഷങ്ങൾക്കുമുമ്പ് നടന്ന സംഭവങ്ങളല്ലേ നിങ്ങൾ ഇവിടെ ആവർത്തിക്കുന്നത്? മാധ്യമസ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുന്നവരാണ് നിങ്ങളെങ്കിൽ എന്തിനാണ് ഒരു ചാനലിൽ രാത്രി 8 മണി മുതൽ 9 മണി വരെ ഹർത്താലിനെക്കുറിച്ച് നടന്ന ചർച്ചയിൽ അവതാരകൻ 'നിങ്ങളുടെ നേതാക്കളുടെ കുടുംബത്തിൽപ്പെട്ടയാളുകൾക്ക് ഇതുപോലുള്ള

അനുഭവങ്ങളുണ്ടായാൽ എന്തായിരിക്കും സ്ഥിതി' എന്ന് ചോദിച്ചതിന് അദ്ദേഹത്തിനെതിരെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ കേസ് കൊടുത്തത്; നിങ്ങൾക്ക് എവിടെയാണ് മാധ്യമസ്വാതന്ത്ര്യമുള്ളത്? ചാനലിൽ സംപ്രേഷണം ചെയ്ത വാർത്ത വ്യാജമെന്ന് പറയുന്നു. ദേശാഭിമാനി പത്രത്തിൽ വരുന്ന വാർത്തകളിൽ ഏതിനാണ് സത്യസന്ധതയുള്ളത്? സാങ്കേതികത്വം പറഞ്ഞാണ് നിങ്ങൾ എല്ലാവരെയും പ്രതി ചേർക്കുന്നത്. നിങ്ങളെ പുകഴ്ത്തിയാൽ മാധ്യമ അവാർഡും നിങ്ങൾക്കെതിരെ തിരിഞ്ഞാൽ കേസും അറസ്റ്റുമല്ലാതെ വേറെ എന്താണ് ഇവിടെ സംഭവിക്കുന്നത്. ഒരു കാര്യം വ്യക്തമാണ്. നിങ്ങൾ ചലിക്കുന്നത് ശ്രീ. നരേന്ദ്ര മോദിക്കുവേണ്ടിയാണ്. ഇപ്പോൾ നിങ്ങളുടെ മുമ്പിൽ വെറ്റില വയ്പ്പിക്കുന്ന സ്ഥിതിയിലേയ്ക്കാണ് അദ്ദേഹത്തെ എത്തിച്ചിട്ടുള്ളത്. നിങ്ങൾക്ക് പൊളിറ്റിക്കൽ പവറും മണി പവറുമുണ്ട്. ഇനി നിങ്ങൾക്ക് മീഡിയ പവറാണ് ലഭിക്കാനുള്ളത്. അതിനുവേണ്ടി എല്ലാ പത്രക്കാരെയും നിങ്ങളുടെ വരുതിയിലാക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. പ്രതിപക്ഷത്തുനിന്ന് ആരെങ്കിലുമോ അല്ലെങ്കിൽ പ്രതിപക്ഷനേതാവോ പ്രസംഗിക്കുമ്പോൾ നിങ്ങളുടെ ഭാഗത്തുനിന്നും നാലഞ്ചംഗങ്ങൾ ബഹളമുണ്ടാക്കുന്നത് എന്തിനാണ്; മിണ്ടാതിരുന്നാൽ പോരേ? ജനാധിപത്യം, അഭിപ്രായ

സ്വാതന്ത്ര്യം, മാധ്യമ സ്വാതന്ത്ര്യം, നീതി തുടങ്ങിയവയെക്കുറിച്ചൊന്നും നിങ്ങൾ പറയണ്ട. നിങ്ങളുടെ വാക്കും കീറച്ചാക്കും ഒരുപോലെയാണ്. മാധ്യപ്രവർത്തകരെയും പത്രപ്രവർത്തകരെയും നിങ്ങൾ സെക്രട്ടേറിയറ്റിൽ പ്രവേശിപ്പിക്കുന്നുണ്ടോ; മന്ത്രിമാരെ കാണാനായി പത്രപ്രവർത്തകർ അനുവാദം ചോദിച്ചാൽ നൽകാതെ തിരിച്ചയയ്ക്കുന്ന അവസ്ഥയല്ലേ? മാധ്യമ സ്വാതന്ത്ര്യത്തിനുമേൽ കൈകടത്തുന്ന പിണറായി വിജയൻ സർക്കാരിന്റെ നടപടിയിലും നിയമം കൈയിലെടുക്കുന്ന എസ്.എഫ്.ഐ.-യുടെ നടപടിയിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. ബഷീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, മാധ്യമ സ്വാതന്ത്ര്യത്തിന് ഏറ്റവും കൂടുതൽ വില കൽപ്പിക്കുന്ന നാടാണ് കേരളം. മാധ്യമ പ്രവർത്തകർക്കും മാധ്യമ സ്വാതന്ത്ര്യത്തിനുംനേരെ കടന്നാക്രമണങ്ങളുണ്ടായ സന്ദർഭങ്ങളിലെല്ലാം കേരളം ഒറ്റക്കെട്ടായി പ്രതിഷേധിച്ച ചരിത്രമാണുള്ളത്. എന്നാൽ മാധ്യമപ്രവർത്തകരുടെ നേരെ രാഷ്ട്രീയ പ്രതികാരത്തിന്റെ സാഹചര്യമുണ്ടാകുന്നത് നിർഭാഗ്യകരമാണ്. ഏഷ്യാനെറ്റ് പ്രവർത്തകനായ ശ്രീ. വിനു വി. ജോണിനെതിരായി ഗവൺമെന്റെടുത്തിരിക്കുന്ന സമീപനം

ഭരണരംഗത്തെ പ്രതികാര രാഷ്ട്രീയമായിട്ടാണ് കാണാൻ സാധിക്കുന്നത്. ഇത് കേരളത്തിന് അപമാനകരമാണ്. ശ്രീ. വിനു വി. ജോണിന്റെയോ മറ്റ് മാധ്യമപ്രവർത്തകരുടെയോ ഭാഗത്തുനിന്ന് തെറ്റായ നടപടിയുണ്ടായാൽ അതിനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ നിയമത്തെ ദുർവിനിയോഗം ചെയ്തുകൊണ്ട് തെറ്റായ മാർഗ്ഗങ്ങളിലൂടെ പ്രതികാരത്തിനുവേണ്ടി ശ്രമിക്കുന്നത് ജനാധിപത്യ ഗവൺമെന്റിന് ഭ്രഷണമല്ല. ഇത്തരത്തിലുള്ള സാഹചര്യം നമ്മുടെ സംസ്ഥാനത്ത് അവസാനിപ്പിക്കേണ്ടതായിട്ടുണ്ട്. ഇന്നത്തെ അടിയന്തരപ്രമേയ നോട്ടീസും അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയും രണ്ടായിത്തന്നെ കാണുകയാണ്. എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിൽ ഏഷ്യാനെറ്റ് ഓഫീസിലേയ്ക്ക് നടത്തിയ അതിക്രമവും ഗുണ്ടായിസവും ഉൾപ്പെടെയുള്ള വിഷയങ്ങളാണ് അടിയന്തരപ്രമേയ നോട്ടീസിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ അതിനെക്കുറിച്ച് കാര്യമായി ഒന്നും പറയാതെ മറ്റ് വിഷയങ്ങൾ പരാമർശിച്ചതിൽനിന്നും ഈ അക്രമത്തെ ഗവൺമെന്റ് സംരക്ഷിക്കുന്നുവെന്ന തെറ്റായ സമീപനംകൂടി ചൂണ്ടിക്കാണിക്കുകയാണ്. മാധ്യമ സ്വാതന്ത്ര്യത്തിനുനേരെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന കടന്നുകയറ്റം അവസാനിപ്പിക്കണം. മാധ്യമ

പ്രവർത്തകർക്കും മാധ്യമ ഓഫീസുകൾക്കും നേരെയുള്ള ഗുണ്ടായിസം ഭരണമുന്നണിയുടെ സംരക്ഷണയിൽ നടക്കുന്നത് കേരളത്തിന് അപമാനകരമാണ്. ഇത്തരം സാഹചര്യങ്ങൾ ചർച്ച ചെയ്യുന്നതിന് പ്രതിപക്ഷം നൽകിയ നോട്ടീസ് ചർച്ചയ്ക്കെടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, നിയമ നടപടികൾ സ്വീകരിക്കേണ്ട സന്ദർഭങ്ങളിൽ അത് ചെയ്യാതെ അക്രമത്തിന് വഴിവയ്ക്കുന്നുവെന്നതിലേയ്ക്കാണ് കഴിഞ്ഞ ദിവസം കൊച്ചി ഏഷ്യാനെറ്റ് ഓഫീസിൽ നടന്ന സംഭവം വെളിച്ചം വീശുന്നത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിനെ അടിവരയിടാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്താൻ പോലീസുൾപ്പെടെയുള്ള സംവിധാനം ഗവൺമെന്റിനുണ്ടെങ്കിലും അതിലേയ്ക്കൊന്നും പോകാതെ എസ്.എഫ്.ഐ. പ്രവർത്തകർ മാധ്യമ സ്ഥാപനത്തിലേയ്ക്ക് അതിക്രമിച്ചു കയറി വലിയ രീതിയിൽ അഴിഞ്ഞാട്ടം

നടത്തിയ സാഹചര്യമുണ്ടായത് അപലപനീയമാണ്. മാധ്യമ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമായി ഇതിനെ കാണേണ്ടതുണ്ട്. മയക്കുമരുന്നുമായി ബന്ധപ്പെട്ട വിഷയമാണ് ഇതിനാസ്പദമായ സംഭവം. അതുമായി ബന്ധപ്പെട്ട വാർത്തകൾ വിവിധതലങ്ങളിൽ വന്നതാണ്. മയക്കുമരുന്ന വ്യാപനം കേരളത്തിൽ വർദ്ധിതമായി മുന്നോട്ടുപോകുകയാണ്. ഇത് സോഷ്യൽ ക്യാമ്പയിനിലൂടെ അവസാനിപ്പിക്കാൻ കഴിയുന്നതല്ല. ഈ വിഷയം പല പ്രാവശ്യം നിയമസഭയിൽ ചർച്ച ചെയ്തതാണ്. കേരളത്തിൽ ശക്തമായി മുന്നോട്ടുപോകുന്ന മയക്കുമരുന്ന് മാഫിയയെ അടിച്ചമർത്താൻ എക്സൈസ്-പോലീസ് വകുപ്പുകൾക്ക് കഴിയാത്ത സാഹചര്യം നിലവിലുണ്ടെന്നത് യാഥാർത്ഥ്യമാണ്. അത് ഏറ്റവും കൂടുതൽ ടാർഗറ്റ് ചെയ്യുന്നത് നമ്മുടെ കുട്ടികളെയും വിദ്യാർത്ഥികളെയുമാണ്. അത്തരത്തിലുള്ള വിഷയങ്ങൾ മാധ്യമങ്ങൾ ചൂണ്ടിക്കാട്ടുമ്പോൾ അതിന്റെ യാഥാർത്ഥ്യം ഉൾക്കൊള്ളാനോ വിമർശന വിധേയമായ കാര്യങ്ങളെ സഹിഷ്ണതയോടെ മനസ്സിലാക്കാനോ ശ്രമിക്കാതെ മാധ്യമസ്ഥാപനങ്ങൾക്കുനേരെ നടത്തുന്ന അതിക്രമങ്ങൾ വളരെയേറെ അപലപനീയമാണ്. ഈ വിഷയം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, സംസ്ഥാനത്ത് ലഹരി മാഫിയ വലിയതോതിൽ സ്കൂളുകളിലും കോളേജുകളിലുമൊക്കെ പിടിമുറുക്കുകയാണ്. നമ്മുടെ കൊച്ചു കുട്ടികൾപോലും ലഹരി മാഫിയയുടെ പിടിയിലാകുന്ന സാഹചര്യത്തിനെതിരെയാണ് സംസ്ഥാന സർക്കാർ അതിശക്തമായ പ്രചരണം കൊണ്ടുവന്നത്. അതിന് ഏഷ്യാനെറ്റ് ഉൾപ്പെടെയുള്ള ചാനലുകൾ പിന്തുണ നൽകി കൂടെനിന്നു. അതുമായി ബന്ധപ്പെട്ട് ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ വളരെ നന്നായി പരിപാടികൾ നടത്തിയതാണ്. പക്ഷേ അത്തരം പ്രചരണങ്ങളൊക്കെ റദ്ദ് ചെയ്യുന്ന രീതിയിൽ, മാധ്യമ സ്ഥാപനത്തിന് നേരെയുള്ള അക്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ലഹരി മാഫിയയ്ക്കെതിരെയുള്ള പ്രചരണങ്ങൾ ആരെയാണ് പൊള്ളിക്കുന്നത്; ആർക്കാണ് പ്രശ്നങ്ങളുണ്ടാകുന്നത്? മാഫിയയ്ക്കെതിരെ നടത്തുന്ന പ്രവർത്തനങ്ങൾ ആരെയൊക്കെയോ പൊള്ളിക്കുന്നുണ്ടെന്നതുകൊണ്ടാണ്

മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥയുടെ ഭാഗമായി ഇത്തരത്തിലുള്ള അക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ ഒരു കാരണവശാലും പ്രതികരിക്കാതിരിക്കാൻ കഴിയില്ല. ഇതിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

11.06 a.m]

III ശ്രദ്ധ ക്ഷണിക്കൽ

(1) ഇ-പോസ് മെഷീനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി റേഷൻ വിതരണം കുറ്റമറ്റതാക്കൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നമ്മുടെ സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയതിനെത്തുടർന്ന് റേഷൻ വിതരണം സുതാര്യമാക്കുന്നതിനും സ്മാർട്ടാക്കുന്നതിനും മുഴുവൻ റേഷൻകടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ചത് പരക്കെ സ്വാഗതം ചെയ്യപ്പെട്ടതാണ്.

റേഷൻ വിതരണ സമ്പ്രദായം അഴിമതിരഹിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിൽ ഇ-പോസ് മെഷീൻ നിർണ്ണായക പങ്കാണ് വഹിച്ചിട്ടുള്ളത്. പൊതുവിതരണ സമ്പ്രദായത്തിന്റെ ചരിത്രത്തിൽ ഇന്നുവരെയില്ലാത്ത രീതിയിൽ റേഷൻകടകൾ ഓരോ മലയാളിയുടെയും ജീവിതത്തിൽ അവിഭാജ്യഘടകമായി മാറിയിരിക്കുകയാണ്. എന്നാൽ കഴിഞ്ഞ കുറച്ച് മാസങ്ങളായി ഇ-പോസ് മെഷീനെക്കുറിച്ച് വ്യാപക പരാതികൾ ഉയരുകയാണ്. മാസാവസാനം സാധനങ്ങൾ വാങ്ങാൻ വരുമ്പോൾ മൊബൈൽ ഫോണിലേയ്ക്ക് ഒ.ടി.പി. കൃത്യമായി വരുന്നില്ലെന്ന് മാത്രമല്ല ബയോമെട്രിക് സംവിധാനം പാതിവഴിയിൽ നിശ്ചലമാകുകയും ബിൽ വരാതെതന്നെ സാധനങ്ങൾ റേഷൻകടകളിലെ സ്റ്റോക്കിൽനിന്നും കുറയുന്നതായുമുള്ള നിരവധി പരാതികളാണ് കഴിഞ്ഞ ദിവസങ്ങളിലുണ്ടായത്. എന്നാൽ മാസത്തിന്റെ ആദ്യ ആഴ്ചകളിൽ ഇത്രയധികം പരാതികൾ ഉണ്ടാകുന്നുമില്ല. മരം കയറ്റ തൊഴിലാളികൾക്കും ആസിഡ് കൈകാര്യം ചെയ്യുന്ന മാർബിൾ-ടൈൽ തൊഴിലാളികൾക്കും വിരലിലെ പാടുകൾ മാഞ്ഞുപോകുന്നതിനാൽ ബയോമെട്രിക് സംവിധാനം ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ലെന്ന പരാതിയും ഉയരുന്നുണ്ട്. അതുപോലെ ഒരു ഫോൺ നമ്പർ മാത്രമാണ് റേഷൻ കാർഡുമായി ലിങ്ക്

ചെയ്യാൻ സാധിക്കുന്നത്. അത് മക്കളുടേതാണെങ്കിൽ അവർ പഠിക്കാനോ ജോലിക്കോ പോകുമ്പോൾ ഒ.ടി.പി. എടുക്കാനും ബുദ്ധിമുട്ടേറുകയാണ്. ഇതിനുപകരം ഒന്നിലധികം ഫോൺ നമ്പറുകൾ ലിങ്ക് ചെയ്യുകയാണെങ്കിൽ ഒ.ടി.പി. വഴിയുള്ള റേഷൻ വിതരണം കുറെക്കൂടി എളുപ്പമാകുമെന്ന ചർച്ചയും ഉയരുന്നുണ്ട്. ഇ-പോസ് മെഷീന്റെ നിലവിലുള്ള സെർവ്വറിന്റെ കപ്പാസിറ്റി മതിയാകുന്നില്ലെന്ന പരാതിയുമുണ്ട്. 88 ലക്ഷമുണ്ടായിരുന്ന റേഷൻ കാർഡ് ഇപ്പോൾ 92 ലക്ഷമോ അതിലധികമോ ആയി ഉയർന്നിട്ടുണ്ട്. ആതന്റിക്കേഷൻ നടത്തി നിലവിൽ റേഷൻ വാങ്ങാൻ ഏകദേശം പത്ത് മിനിറ്റ് എടുക്കുന്നുണ്ട്. പണ്ട് ഏകദേശം മൂന്ന് മിനിറ്റുകൊണ്ട് നടന്നിരുന്നതാണ്. ഇപ്പോൾ റേഷൻകടകളിൽ കൃവാണ്. കുറച്ചുകൂടി പ്രയാസകരമായ സ്ഥിതിയിലേയ്ക്ക് വരികയാണ്. ഇത് എങ്ങനെയും തകർക്കണമെന്ന് ആഗ്രഹിക്കുന്നവർ സങ്കുചിത രാഷ്ട്രീയ ലക്ഷ്യത്തോടെ സമൂഹമാധ്യമങ്ങളിൽ അനാവശ്യമായി വാർത്തകൾ പ്രചരിപ്പിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും ഇ-പോസ് മെഷീനെതിരെ പൊതുഅഭിപ്രായം രൂപീകരിക്കുന്നതിനുള്ള ഗൂഢശ്രമങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണത്തിലുണ്ടായതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളെല്ലാം

പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര ശ്രദ്ധയുണ്ടാകണമെന്നും വ്യാജ പ്രചരണങ്ങൾ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയോടും സർക്കാരിനോടും അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കലായി അവതരിപ്പിച്ചത് വളരെ ഗൗരവമേറിയ വിഷയമാണ്. ഇത്തരം ഘട്ടങ്ങളിൽ ഭരണ-പ്രതിപക്ഷ എം.എൽ.എ.മാർ എന്നോട് നേരിട്ട് ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ ആരായുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇതുസംബന്ധിച്ച ചില വസ്തുതകൾ സഭയെ അറിയിക്കണമെന്ന് ആഗ്രഹിക്കുകയാണ്. 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം കേരളത്തിൽ നടപ്പാക്കിയതിന്റെ ഭാഗമായി 2017 മുതലാണ് സംസ്ഥാനത്ത് റേഷൻ വിതരണം ആധാർ അധിഷ്ഠിതമായ ഇ-പോസ് മെഷീൻവഴി നടപ്പാക്കിയിട്ടുള്ളത്. ഹൈദ്രാബാദ് ആസ്ഥാനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.)-നാണ് ഇതിന്റെ ചുമതല നൽകിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ വിരലടയാളം ഉപയോഗിച്ച് ബയോമെട്രിക് ആതന്റിക്കേഷൻവഴി റേഷൻ വിതരണം ചെയ്യുന്നതിനാൽ

പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യമാകുന്നതിനും യഥാർത്ഥ ഗുണഭോക്താവിനുതന്നെ അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നതിനും സാധിക്കുന്നു. ബയോമെട്രിക് ആതന്റിക്കേഷൻ ഉപയോഗിച്ചുള്ള റേഷൻ വിതരണം സാധ്യമാകുന്നത് Authentication User Agency (AUA), Authentication Service Agency (ASA), Unique Identification Authority of India (UIDAI) എന്നിവയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ്. റേഷൻകടയിലെത്തുന്ന ഒരു ഗുണഭോക്താവിന്റെ റേഷൻകാർഡ് നമ്പർ/ആധാർ നമ്പർ ഇ-പോസ് മെഷീനിൽ നൽകുമ്പോൾ പ്രസ്തുത സന്ദേശം സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ പി.ഡി.എസ്. സെർവ്വറിൽ എത്തുകയും കാർഡംഗങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത മെഷീനിൽ എത്തിക്കുകയും ചെയ്യുകയാണ്. അടുത്തഘട്ടമായ ബയോമെട്രിക് പരിശോധനയ്ക്കായി റേഷൻ വാങ്ങാനെത്തുന്നയാളുടെ പേര് സെലക്ട് ചെയ്ത് ഇ-പോസ് മെഷീനിലെ സ്കാനറിൽ വിരൽ പതിപ്പിക്കുന്നു. മൂന്നാമതായി, പ്രസ്തുത ബയോമെട്രിക് വിവരങ്ങൾ പി.ഡി.എസ്. സെർവ്വർ വഴി കേരള ഐ.ടി. മിഷന്റെ നിയന്ത്രണത്തിലുള്ള Authentication User Agency സെർവ്വറിലേയ്ക്കും അവിടെനിന്നും ബി.എസ്.എൻ.എൽ. കൈകാര്യം ചെയ്യുന്ന Authentication Service Agency സെർവ്വറിലേയ്ക്കും പിന്നീട് ആധാർ

സെർവ്വറിലേയ്ക്കും കൈമാറ്റം ചെയ്ത് ആതന്റിക്കേഷൻ ഉറപ്പുവരുത്തുന്നു. അതിനുശേഷം വിവരം അതേ ചാനലിലൂടെ തിരികെ ഇ-പോസ് മെഷീനിൽ എത്തും. ഇത്രയും നടപടിക്രമങ്ങൾ പൂർത്തിയാകുമ്പോൾ മാത്രമാണ് ഒരാൾക്ക് റേഷൻ ലഭിക്കുന്നത്. മേൽ പരാമർശിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് സാധാരണഗതിയിൽ 45-60 സെക്കന്റ് സമയമാണെടുക്കുന്നത്. ബയോമെട്രിക് ആതന്റിക്കേഷൻ പരാജയപ്പെട്ടാൽ എന്ത് ചെയ്യണമെന്ന ചോദ്യം ബഹുമാനപ്പെട്ട അംഗം ഉന്നയിക്കുകയുണ്ടായി. ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുമ്പോഴാണ് ഒ.ടി.പി. മുഖേന റേഷൻ വിതരണം നടത്താൻ ശ്രമിക്കുന്നത്. ഒ.ടി.പി.യും പരാജയപ്പെട്ടാൽ റേഷൻ കാർഡുമായി ബന്ധപ്പെടുത്തിയ മൊബൈൽ നമ്പരിലേയ്ക്ക് സി-ഡാക് (സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കംപ്യൂട്ടിംഗ്)-ന്റെ ഗേറ്റ്വേ മുഖാന്തരം ഒ.ടി.പി. നൽകി ആയത് ഇ-പോസ് മെഷീനിൽ രേഖപ്പെടുത്തിയാണ് റേഷൻ വിതരണം നടത്തുന്നത്. ആധാർ ആതന്റിക്കേഷനും ഒ.ടി.പി. സൗകര്യവും പരാജയപ്പെട്ടാൽ മാനുവലായി ബില്ലെഴുതി റേഷൻ വിതരണം നടത്താൻ കഴിയുന്ന സാഹചര്യവും നിലവിലുണ്ട്. എന്നാൽ അങ്ങനെയുള്ള റേഷൻ വിതരണം കേന്ദ്രസർക്കാർ അംഗീകരിക്കില്ല. കാരണം യഥാർത്ഥ കാർഡുടമയ്ക്ക് റേഷൻ ലഭിച്ചുവെന്ന്

ഉറപ്പിക്കാൻ ഈ സംവിധാനത്തിൽ തെളിവില്ലെന്നാണ് കേന്ദ്രസർക്കാർ പറയുന്നത്. മാത്രമല്ല, പ്രസ്തുത റേഷൻ വിതരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട ട്രാൻസ്പോർട്ടേഷൻ കൂലി, കമ്മീഷൻ തുടങ്ങിയവ ലഭ്യമാകാത്ത സാഹചര്യവും ഇതിലൂടെയുണ്ടാകുന്നു. ആയതിനാൽ ആധാർ ആതന്റിക്കേഷൻ, ഒ.ടി.പി. എന്നീ സംവിധാനങ്ങൾ ഉപയോഗിച്ചുമാത്രമേ നിലവിലെ സാഹചര്യത്തിൽ റേഷൻ വിതരണം നടത്താൽ സാധിക്കുകയുള്ളുവെന്ന വസ്തുത അംഗങ്ങൾ അറിയേണ്ടതുണ്ട്. ഈ വിഷയത്തെ സംബന്ധിച്ച് വിദഗ്ധരുമായി പലവട്ടം ചർച്ച നടത്തുകയുണ്ടായി. സംസ്ഥാനത്തെ റേഷൻവിതരണത്തിൽ നേരിടുന്ന പ്രധാനപ്രശ്നം മാസത്തിന്റെ അവസാന ദിവസങ്ങളിൽ കാർഡുടമകൾ ഒരുമിച്ച് റേഷൻ വാങ്ങാനെത്തുന്ന സാഹചര്യമാണ്. റേഷൻ വാങ്ങുന്നവരിൽ 45-50 ശതമാനംപേരും ഭക്ഷ്യധാന്യങ്ങൾ വാങ്ങാൻ റേഷൻകടകളിലെത്തുന്നത് മാസത്തിന്റെ അവസാനദിനങ്ങളിലാണ്. ആയിരക്കണക്കിന് ഇടപാടുകൾ ഒരേസമയത്തുണ്ടാകുന്നത് സിസ്റ്റത്തിൽ തടസ്സത്തിന് കാരണമായേക്കാമെന്നാണ് വിദഗ്ധർ പറയുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് റേഷൻ വാങ്ങുന്നതിനായി ഏഴ് ജില്ലകളിൽ രാവിലെയും ബാക്കി ഏഴ് ജില്ലകളിൽ വൈകുന്നേരവുമായി സമയം

ക്രമീകരിച്ച് നൽകിയത്. എന്നാൽ ഇത്തരം ക്രമീകരണം ഏർപ്പെടുത്തിയിട്ടും മാസത്തിന്റെ അവസാനദിവസങ്ങളിൽ മാത്രമാണ് കാർഡുടമകൾ റേഷൻ വാങ്ങാനെത്തുന്നതെന്നുള്ളതുകൊണ്ട് പ്രതീക്ഷിച്ച പ്രയോജനമുണ്ടായിട്ടില്ല. റേഷൻ വിതരണവുമായി ബന്ധപ്പെട്ട ഈ വസ്തുതകൾ സഭ അറിയേണ്ടതാണ്. സംസ്ഥാനത്ത് റേഷൻ വിതരണം സാങ്കേതിക തകരാറുകളാൽ ആകെ കുഴപ്പത്തിലാണെന്ന് വരുത്താൻ ശ്രമിക്കുന്നവർ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ഈ സാങ്കേതിക തകരാറുകൾക്കിടയിലും സംസ്ഥാനത്തെ അഞ്ചുമാസത്തിനിടയിലെ ശരാശരി റേഷൻ വിതരണത്തോത് 80 ശതമാനത്തിലധികമാണ്. ഇത് കഴിഞ്ഞ ഒക്ടോബറിൽ 79.75-ഉം നവംബറിൽ 84.69 ശതമാനവുമാണ്. അതിൽ എ.എ.വൈ. കാർഡുകാർ 97.85 ശതമാനവും പി.എച്ച്.എച്ച്. കാർഡുകാർ 96.25 ശതമാനവുമാണ്. ഡിസംബർ മാസത്തിൽ 78.33 ശതമാനമാണ്. അതിൽ എ.എ.വൈ. കാർഡുകാർ 96.67 ശതമാനവും പി.എച്ച്.എച്ച്. കാർഡുകാർ 93.96 ശതമാനവുമാണ്. ജനുവരിയിൽ ആകെ 77.31 ശതമാനമാണ്; അതിൽ എ.എ.വൈ. കാർഡുകാർ 97.59 ശതമാനവും പി.എച്ച്.എച്ച്. കാർഡുകാർ 93.17 ശതമാനവുമാണ്. ഫെബ്രുവരി 27-ാം തീയതിയാണ് കേരളത്തിലെ പൊതുവിതരണരംഗമാകെ തകരാറിലായി എന്ന

പ്രചരണമുണ്ടായത്. അന്നേ ദിവസം 795038 കാർഡുടമകൾ കേരളത്തിൽ റേഷൻ വാങ്ങിയിട്ടുണ്ട്. ഫെബ്രുവരി മാസം 83.46 ശതമാനം റേഷൻ കാർഡുടമകളാണ് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയിരിക്കുന്നത്. അതിൽ എ.എ.വൈ. കാർഡുകാർ 97.65-ഉം പി.എച്ച്.എച്ച്. കാർഡുകാർ 95.70 ശതമാനവുമാണ്. സംസ്ഥാനത്തെ എ.എ.വൈ., പി.എച്ച്.എച്ച് കാർഡുടമകളിൽ 97 ശതമാനംപേരും എല്ലാമാസവും റേഷൻ വിഹിതം കൈപ്പറ്റുന്നുവെന്നാണ് രേഖകൾ കാണിക്കുന്നത്. സംസ്ഥാനത്തെ നീല, വെള്ള കാർഡുകളുപയോഗിച്ച് റേഷൻ വാങ്ങുന്നവരുടെ എണ്ണത്തിൽ കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വലിയ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും വെള്ള കാർഡുടമകളിൽ ഏകദേശം 30 ശതമാനം പേരും റേഷൻ വിഹിതം കൈപ്പറ്റുന്നില്ലെന്നാണ് കണക്കുകളിലൂടെ കാണാൻ കഴിയുന്നത്. ഈ സാങ്കേതിക പ്രശ്നത്തിന് പരിഹാരം കാണാൻ പല പരിശ്രമങ്ങളും നടത്തി. ഒരു മാസത്തിൽ 20 ദിവസത്തോളം അവസരമുള്ളപ്പോൾ മാസത്തിന്റെ അവസാനത്തെ നാലഞ്ചുദിവസങ്ങൾ മാത്രം റേഷൻ വാങ്ങാനെത്തുന്ന രീതിയിൽ മാറ്റം വരുത്തണമെന്നതാണ് പൊതുവായി വന്ന ഒരു നിർദ്ദേശം. മഞ്ഞ, പിങ്ക്, നീല, വെള്ള കാർഡുടമകൾക്ക് റേഷൻ വാങ്ങുന്നതിന് പ്രത്യേക ദിവസം നിശ്ചയിക്കണമെന്ന നിർദ്ദേശവും ഉയർന്നുവന്നിട്ടുണ്ട്.

അതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. റേഷൻ വിതരണത്തിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവരുമായി ഇതിനോടകം നിരവധി ചർച്ചകൾ നടത്തി. ഹൈദ്രാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന എൻ.ഐ.സി.യിൽ ഞാൻ നേരിട്ട് പോയി ഉദ്യോഗസ്ഥരുമായി ഈ വിഷയം ചർച്ച ചെയ്തപ്പോൾ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെയും നിലവിലെ സംഭവവികാസങ്ങളുടെയും അടിസ്ഥാനത്തിൽ ഈ മാസം 10-ാം തീയതി എൻ.ഐ.സി. ഹൈദ്രാബാദിലെ ഉദ്യോഗസ്ഥരടക്കം പ്രസ്തുത മേഖലകളിലെ മുഴുവൻ ഉദ്യോഗസ്ഥരുടെയും ഒരു യോഗം തലസ്ഥാനത്ത് വിളിച്ചിട്ടുണ്ട്. പ്രസ്തുത ചർച്ചകളിലൂടെ ഉയർന്നുവരുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഇപ്പോൾ ഉപയോഗിക്കുന്ന ടെക്നോളജി അപ്ഡേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ? ഒറ്റപ്പെട്ട ഊരുകളും മലയോര മേഖലകളും ഉൾപ്പെട്ട ആദിവാസിമേഖലകളിൽ ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലായ്മയും ഇക്കാര്യത്തിൽ ശരിയായ

അറിവില്ലാത്തതിനാലുണ്ടാകുന്ന നിരവധി വിഷയങ്ങളും ഉയർന്നുവരുന്നുണ്ട്. അവ പരിഹരിക്കാൻ പ്രത്യേക പരിപാടി സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, കേരളത്തിലെ 134 ആദിവാസി ഊരുകളിൽ നേരിട്ട് ഭക്ഷ്യധാന്യങ്ങൾ എത്തിച്ചുകൊടുക്കുകയാണ്. അത്തരം പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിച്ചിട്ടുണ്ടെന്നതാണ് യാഥാർത്ഥ്യം. അതുപോലെ ക്ഷേമ സ്ഥാപനങ്ങൾക്കും ദുർബലർക്കും സമൂഹത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നവർക്കും അതിദരിദ്രർക്കും ഉല്പന്നങ്ങൾ കൃത്യമായി നേരിട്ടെത്തിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് 97-98 ശതമാനം എ.എ.വൈ., പി.എച്ച്.എച്ച്. കാർഡുകാർ റേഷൻ വാങ്ങുന്നതിന്റെ കണക്കുകൾ ഞാനിവിടെ സൂചിപ്പിച്ചത്.

(2) മലപ്പുറം ജില്ലയിൽ ആരോഗ്യമേഖല നേരിടുന്ന വെല്ലുവിളി

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതി, ജീവനക്കാരുടെ അഭാവം, മരുന്നുകളുടെ ലഭ്യതക്കുറവ് എന്നിവയാണ് മലപ്പുറം ജില്ലയിലെ ആരോഗ്യമേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ. ഇക്കാരണത്താൽ ജില്ലയിലെ പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജുവരെ ഗുരുതര പ്രതിസന്ധി നേരിടുകയാണ്. 1000 പേർക്ക് ഒരു ഡോക്ടർ വേണമെന്നാണ് ലോകാരോഗ്യ സംഘടന

നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ 6000 പേർക്ക് ഒരു ഡോക്ടർ എന്നാണ് കേരളത്തിലെ അനുപാതം. ഇതിൽത്തന്നെ മലപ്പുറം ജില്ലയിലെ സ്ഥിതി അതിരൂക്ഷമാണ്. 1970-ലെ സ്റ്റാഫ് പാറ്റേണാണ് പ്രാഥമിക ആരോഗ്യകേന്ദ്രം മുതൽ ജനറൽ ആശുപത്രികളിൽവരെ ഇപ്പോഴുള്ളത്. ജില്ലയിൽ ആകെയുള്ള ഡോക്ടർമാരിൽ ബഹുഭൂരിഭാഗവും വിവിധ ഭരണചുമതലകളിലുമാണ്. പുതിയ പദ്ധതികൾ സർക്കാർ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും അവയുടെ നിർവ്വഹണവും ഏകോപനവും കൃത്യമായി നടക്കാത്തതിനാൽ ആരോഗ്യവകുപ്പിന്റെ പ്രവർത്തനം ജില്ലയിലാകെ താളംതെറ്റിയിരിക്കുകയാണ്. മലപ്പുറം ജില്ലയിൽ ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്. ജനസംഖ്യയിൽ ഏറ്റവും മുമ്പിൽ നിൽക്കുന്ന ജില്ലയാണ് മലപ്പുറം; ഏകദേശം 50 ലക്ഷത്തോളമാണ് ഇവിടത്തെ ജനസംഖ്യ. ദൗർഭാഗ്യകരമെന്നുപറയട്ടെ, ജനസംഖ്യാനുപാതികമായി ആരോഗ്യമേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ ഒന്നുംതന്നെയില്ല. സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണത്തിൽ ഏറെ മുന്നിൽനിൽക്കുന്ന മലപ്പുറം ജില്ലയിൽ അവർക്കായി സർക്കാർ മേഖലയിൽ കൃത്യമായ ഒരു

ആശുപത്രിയില്ലെന്നത് ഖേദകരമാണ്. ആരോഗ്യരംഗത്ത് ജില്ല നേരിടുന്ന അവഗണനയുടെ നേർസാക്ഷ്യം കൂടിയാണിത്. ജനസംഖ്യയിലും വിസ്തൃതിയിലും ഏറെ മുന്നിൽനിൽക്കുന്ന ജില്ലയിൽ ജനസംഖ്യാനുപാതികമായി ഡോക്ടർമാരോ നഴ്സുമാരോ ഫീൽഡ് വർക്കർമാരോ മറ്റ് പാരാമെഡിക്കൽ ജീവനക്കാരോ ഇല്ലെന്നുള്ളതാണ് സത്യം. ജനസംഖ്യയുടെയും വിസ്തൃതിയുടെയും കാര്യത്തിൽ മലപ്പുറം ജില്ലയേക്കാൾ ഏറെ പിന്നിൽ നിൽക്കുന്ന മറ്റ് ജില്ലകളുടെ ആരോഗ്യരംഗത്തെ അടിസ്ഥാന സൗകര്യനിലവാരം എത്രയോ മെച്ചമാണ്. മറ്റുജില്ലകളിലെ നേട്ടങ്ങളെ ഞാൻ സങ്കുചിത ചിന്തയോടെ നോക്കിക്കാണുകയല്ല; മറിച്ച് മലപ്പുറത്തെ ശോചനീയാവസ്ഥ ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടി മാത്രമാണ് ഈ വിഷയം അവതരിപ്പിക്കുന്നത്. മറ്റ് ജില്ലകളിലും ആരോഗ്യരംഗം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ ഒരു ജനറൽ ആശുപത്രി മാത്രമാണുണ്ടായിരുന്നത്. എന്നാൽ പ്രസ്തുത ആശുപത്രിയെ മെഡിക്കൽ കോളേജാക്കിമാറ്റി. പകരം ജനറൽ ആശുപത്രി വേണമെന്ന ജില്ലയുടെ ആവശ്യം ഇതുവരെ നടപ്പിലായില്ലെന്നത് ഖേദകരമാണ്. അതുപോലെ ആകെ മൂന്ന് ജില്ലാ ആശുപത്രികളാണ് മലപ്പുറം

ജില്ലയിലുള്ളത്. ഇവ അടുത്ത കാലത്ത് താലൂക്ക് ആശുപത്രികൾ ജില്ലാ ആശുപത്രികളായി ഉയർത്തിയവയാണ്. എന്നാൽ ഇവ ഇപ്പോഴും താലൂക്ക് ആശുപത്രികളുടെ നിലവാരത്തിലാണ് പ്രവർത്തിക്കുന്നത്. ജില്ലാ ആശുപത്രികളിലെ ഡോക്ടർമാർക്ക് അധിക ചുമതലകളായ കുത്തിവയ്പ്, വി.ഐ.പി. ഡ്യൂട്ടി, കോടതി ഡ്യൂട്ടി എന്നിങ്ങനെ നൽകുമ്പോൾ ദൈനംദിനം മൂവായിരത്തോളം വരുന്ന രോഗികളെ പരിശോധിക്കാനുള്ള ഡോക്ടർമാരുടെ സേവനം ഫലത്തിൽ ലഭിക്കാറില്ല. മിക്ക ആശുപത്രികളിലും പ്രധാന വിഭാഗമായ ഗൈനക്കോളജി, പീഡിയാട്രിക്സ്, ഇ.എൻ.ടി. ഡോക്ടർമാരുടെ ഒഴിവുകൾ നികത്താത്ത അവസ്ഥയാണ്. മറ്റു ജില്ലകളെക്കാൾ കൂടുതൽ ആശുപത്രികൾ ആവശ്യമുള്ള മലപ്പുറത്ത് ആറ് താലൂക്കാശുപത്രികൾ മാത്രമേയുള്ളൂ. അതുപോലെ 20 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും 66 പി.എച്ച്. സെന്ററുകളുമാണുള്ളത്. മലപ്പുറം ജില്ലയുടെ പകുതി ജനസംഖ്യയുള്ള മറ്റു പല ജില്ലകളിലും ഇവയുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ആശുപത്രികളുടെയും കിടക്കകളുടെയും ഡോക്ടർമാരുടെയും കാര്യമെടുത്താലും ഇതേ അവസ്ഥയാണ്. മലപ്പുറം ജില്ലയുടെ പകുതി മാത്രം ജനസംഖ്യയുള്ള ആലപ്പുഴയിൽ 3424 കിടക്കകളുള്ളപ്പോൾ മലപ്പുറം ജില്ലയിലാകട്ടെ അത്

2604 എണ്ണം മാത്രമാണ്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കാത്തതുകാരണം മഞ്ചേരി മെഡിക്കൽ കോളേജിൽനിന്നും റഫറൽ കേസുകൾ കൂടിയിരിക്കുകയാണ്. അത്യാഹിതമായി വന്നാൽ കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുകയാണ്. ന്യൂറോളജി, കാർഡിയോളജി, എമർജൻസി മെഡിസിൻ യൂണിറ്റ്, ക്രിട്ടിക്കൽ കെയർ വിഭാഗം എന്നിവിടങ്ങളിൽ മതിയായ സൗകര്യങ്ങളില്ല. പല യൂണിറ്റുകളിലും സീനിയർ റസിഡന്റ്സ് ഡോക്ടർമാരില്ല. ജനറൽ ആശുപത്രികളിലെ കിടക്കകളിൽ നാമമാത്ര വർദ്ധനവ് മാത്രമാണുണ്ടായത്. അറ്റകുറ്റപ്പണികൾക്കായി ഓപ്പറേഷൻ തിയേറ്റർ പൂട്ടിയിട്ട് മാസങ്ങളായി. ആർദ്രം പദ്ധതിയുടെ ഭാഗമായി ജില്ലയിലെ പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. ഫാമിലി ഹെൽത്ത് സെന്ററുകളിലെ മൂന്ന് ഡോക്ടർമാരിൽ ഒരാളുടെ വേതനം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് നൽകണമെന്നാണ് സർക്കാർ ഉത്തരവ്. ബഹുഭ്രൂരിപക്ഷം വരുന്ന പഞ്ചായത്തുകളും സാമ്പത്തിക ഞെരുക്കത്തിലായതിനാൽ ഡോക്ടർമാരുടെ ശമ്പളം നൽകുവാൻ സാധിക്കുന്നില്ല. ആയതിനാൽ വൈകുന്നേരം മൂന്നുമണിയോടെ ഫാമിലി ഹെൽത്ത് സെന്ററുകൾ അടച്ചിടേണ്ട അവസ്ഥയാണ്. ഇതുമനസ്സിലാക്കി താലൂക്കാശുപത്രികളിലെ സ്റ്റാഫ് നഴ്സുമാർ

ഫാമിലി ഹെൽത്ത് സെന്ററുകളിലേയ്ക്ക് നിയമനം വാങ്ങുന്നതുകാരണം താലൂക്ക് ആശുപത്രികളിൽ രാത്രി കാലങ്ങളിൽ ഡ്യൂട്ടി ചെയ്യാൻ ആളില്ലാത്ത അവസ്ഥയാണ്. അതുപോലെ ഫാമിലി ഹെൽത്ത് സെന്ററുകളിൽ ലാബ് സൗകര്യം ഒരുക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല. ജില്ലയിൽ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ രൂപീകരിച്ച ആശുപത്രികളിൽ പുതിയ തസ്തികകളൊന്നുംതന്നെ സൃഷ്ടിച്ചിട്ടില്ല. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് മലപ്പുറം ജില്ലയിൽ ആരോഗ്യ മേഖലയിൽ നിലനിൽക്കുന്ന അസന്തുലിതാവസ്ഥ പരിഹരിച്ച് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ആവശ്യത്തിന് ജീവനക്കാരും മരുന്നുകളും ലഭ്യമാക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്. കോഴിക്കോട് ജില്ലയിലെ ഫാത്തിമ ആശുപത്രിയിൽ ഒരു ഡോക്ടറെ കയ്യേറ്റം ചെയ്തതുകാരണം സമരം നടക്കുകയാണ്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും കേരള മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷനും ഈ സമരത്തിൽ പങ്കാളികളാണ്. പാവപ്പെട്ട രോഗികൾ ഇതുമൂലം കഷ്ടപ്പെടുകയാണ്. അതുകൊണ്ട് സമരം ഒഴിവാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നുകൂടി അപേക്ഷിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം അവസാനമായി ഉന്നയിച്ച വിഷയം ഒരു സ്വകാര്യ ആശുപത്രിയിലെ ഡോക്ടറെ വളരെ ക്രൂരമായി ആക്രമിച്ചതുമായി ബന്ധപ്പെട്ടാണ്. ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയാത്ത അത്യന്തം അപലപനീയമായ കാര്യമാണത്. അദ്ദേഹം ഇപ്പോൾ ആശുപത്രിയിലാണ്. പ്രസ്തുത പ്രശ്നം ഗൗരവത്തോടുകൂടി കാണുകയും കർശന നടപടി സ്വീകരിക്കുകയും ചെയ്യും. സ്വകാര്യ ആശുപത്രിയിലുണ്ടായ നിർഭാഗ്യകരമായ ഈ സംഭവം ഒരിടത്തും ആവർത്തിക്കാൻ പാടില്ലെന്ന് നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ആരോഗ്യപ്രവർത്തകരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമത്തിൽ ആവശ്യാനുസരണം ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് അതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഇന്ത്യയിലെ പൊതുസാഹചര്യം പരിശോധിച്ചാൽ ജനസംഖ്യാനുപാതികമായി ഏറ്റവുമധികം ആശുപത്രികളും ആരോഗ്യകേന്ദ്രങ്ങളും ഡോക്ടർമാരും മറ്റ് ആരോഗ്യപ്രവർത്തകരുമുള്ള സംസ്ഥാനം കേരളമാണ്. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ പുരസ്കാരം

കേരളത്തിന് സമീപകാലത്തായി ലഭിച്ചിട്ടുമുണ്ട്. ആരോഗ്യ കുടുംബക്ഷേമ, ആയുഷ് വകുപ്പുകളിലായി സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ആരോഗ്യകേന്ദ്രങ്ങൾ/സ്ഥാപനങ്ങളുള്ള ജില്ല മലപ്പുറമാണ്. ആരോഗ്യ വകുപ്പിൽ (ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ട്മെന്റ്) മാത്രമായി ആശുപത്രികളുൾപ്പെടെ 773 ആരോഗ്യകേന്ദ്രങ്ങൾ ജില്ലയിലുണ്ട്. ഇതിനുപുറമെ ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന മഞ്ചേരിയിലെ സർക്കാർ മെഡിക്കൽ കോളേജ് ഈ സർക്കാരിന്റെ കാലത്ത് അണ്ടർ ഗ്രാജ്വേറ്റ് കോളേജായിരുന്നു. എം.ബി.ബി.എസ്. മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. പക്ഷേ, ഇപ്പോൾ അവിടെ പോസ്റ്റ് ഗ്രാജ്വേഷൻ ആരംഭിച്ചിട്ടുണ്ട്, പി.ജി. കോളേജായി അത് ഉയർത്തുകയുണ്ടായി. അതുമാത്രമല്ല നടപ്പ് സാമ്പത്തിക വർഷം മഞ്ചേരിയിൽ പുതിയ നഴ്സിംഗ് കോളേജ് ആരംഭിച്ചു. 60 കുട്ടികൾ അവിടെ പഠിക്കുന്നുണ്ട്. ഈ നിലയിൽ ജില്ലയിലെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ വളരെ പ്രാധാന്യത്തോടുകൂടിയാണ് സർക്കാർ കാണുന്നത്. അതുപോലെ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ആയുർവ്വേദ ആശുപത്രികളുൾപ്പെടെ 125 ആരോഗ്യസ്ഥാപനങ്ങളും ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ ആശുപത്രികളുൾപ്പെടെ 103 ആരോഗ്യസ്ഥാപനങ്ങളും

ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിന് കീഴിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ജനറൽ ആശുപത്രിയെയാണ് ഗവൺമെന്റ് മെഡിക്കൽ കോളേജാക്കി മാറ്റിയത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞു. ഈ സർക്കാരിന്റെ കാലത്ത് ഹോസ്റ്റലുകളുൾപ്പെടെയുള്ളവയുടെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞു. ഇതുകൂടാതെ മലപ്പുറം ജില്ലയിൽ ജില്ലാ ആശുപത്രികൾ-3, താലൂക്ക് ആസ്ഥാന ആശുപത്രികൾ-4, താലൂക്ക് ആശുപത്രികൾ-3, സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ-16, കുടുംബാരോഗ്യ/പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ - 89, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി എന്നിവയുമുണ്ട്. മലപ്പുറം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി ആശുപത്രിയില്ലെന്ന് അദ്ദേഹം പറഞ്ഞു. പൊന്നാനി മലപ്പുറം ജില്ലയിലാണ്. കൂടാതെ ജില്ലാ ടി.ബി. സെന്റർ മലപ്പുറം, ടി. ബി. ക്ലിനിക് പൊന്നാനി, ഡിസ്പെൻസറികൾ/മൊബൈൽ യൂണിറ്റ്/ഹെൽത്ത് ക്ലിനിക്-6, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ-589, നഗര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ-13, നഗര കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ-46 എന്നിവയുമുണ്ട്. ഇതുകൂടാതെ ഞാൻ മുമ്പ് പറഞ്ഞതുപോലെ മെഡിക്കൽ കോളേജും നഴ്സിംഗ് കോളേജുമുണ്ട്. ആയുഷ്

വകുപ്പിന്റെ കീഴിൽ ഭാരതീയ ചികിത്സാ വകുപ്പിന് ആയുർവ്വേദ ആശുപത്രികൾ-12, ആയുർവ്വേദ ഡിസ്പെൻസറികൾ-77, ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററുകൾ-34, ഹോളിസ്റ്റിക് സെന്റർ (ആയുഷ് മിഷൻ)-2 എന്നിങ്ങനെയാണുള്ളത്. ഹോമിയോപ്പതി വകുപ്പിൻ കീഴിൽ ഹോമിയോ ആശുപത്രികൾ-4, ഹോമിയോ ഡിസ്പെൻസറികൾ-56, എൻ.എച്ച്.എം. ഡിസ്പെൻസറികൾ-36, എൻ.സി.പി. ഡിസ്പെൻസറികൾ-4, പെരിഫറൽ ഒ.പി. സെന്ററുകൾ-3 എന്നിവയുണ്ട്. ഇതിൽ മഞ്ചേരിയിലെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി (ജനറൽ ആശുപത്രി), പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മൂന്ന് ജില്ലാ ആശുപത്രികൾ, നാല് താലൂക്ക് ആസ്ഥാന ആശുപത്രികൾ, മൂന്ന് താലൂക്ക് ആശുപത്രികൾ, 15 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, നാല് കുടുംബാരോഗ്യ/ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കിടത്തി ചികിത്സാ സൗകര്യങ്ങളുണ്ട്. 581 വിവിധ വിഭാഗം ഡോക്ടർമാരുടെയും പാരാമെഡിക്കൽ വിഭാഗം ജീവനക്കാരുടേതും ഉൾപ്പെടെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ 4210 സ്ഥിരം തസ്തികകൾ മലപ്പുറം ജില്ലയിലുണ്ട്. കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തുമാത്രമായി 368 തസ്തികകളാണ് മലപ്പുറം ജില്ലയിൽ സൃഷ്ടിച്ചിട്ടുള്ളത്. നാഷണൽ ഹെൽത്ത്

മിഷൻ മുഖേന വിവിധ തസ്തികകളിൽപ്പെട്ട 1400-ഓളം ജീവനക്കാരെയാണ് ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ നിയമിച്ച് സേവനം ലഭ്യമാക്കി വരുന്നത്. പൊതുജനാരോഗ്യരംഗത്ത് ആരോഗ്യപ്രവർത്തകർക്ക് സഹായവും സഹകരണവും നൽകി വിവിധ സർക്കാർ പദ്ധതികൾ വിജയിപ്പിക്കുന്നതിലേയ്ക്കായി 3185 ആശാ വർക്കർമാർ നമ്മുടെ ജില്ലയിലെ വിവിധ ആരോഗ്യസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. നവകേരള കർമ്മ പദ്ധതി-ആർദ്രം മിഷന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 17, രണ്ടാം ഘട്ടത്തിൽ 42, മൂന്നാം ഘട്ടത്തിൽ 29 എന്നിങ്ങനെ 88 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഉത്തരവായത്. ഇതിൽ 48 സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി കുടുംബാരോഗ്യകേന്ദ്രങ്ങളായി പൂർണമായും മാറിക്കഴിഞ്ഞു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 13.20 കോടി രൂപയാണ് നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ചത്. ഇതുകൂടാതെ 15 സി.എച്ച്.സി.-കളെ രണ്ടുഘട്ടങ്ങളിൽ ഉൾപ്പെടുത്തി ബ്ലോക്ക് എഫ്.എച്ച്.സി.-കളാക്കി മാറ്റാൻ തെരഞ്ഞെടുത്തു. രണ്ടു സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. മറ്റു സ്ഥാപനങ്ങളിൽ പ്രവൃത്തികൾ

നടന്നുവരുന്നു. ആയതിന് 5.17 കോടി രൂപയാണ് അനുവദിച്ചത്. 314 ആരോഗ്യ ഉപകേന്ദ്രങ്ങളെ മൂന്ന് ഘട്ടങ്ങളിലായി ഉൾപ്പെടുത്തി ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി ഉയർത്തുന്നതിന് 21.91 കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ 20 എണ്ണം പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നത്. 79 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ വൈകിട്ട് 6 മണിവരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. മുഴുവൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും വൈകിട്ട് 6 മണിവരെ ഒ.പി. ഉണ്ടാകണമെന്നുള്ളതാണ്. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ രണ്ട് ഡോക്ടർമാരിൽ ഒരാളെ പി.എസ്.സി.-യിൽനിന്നും ഒരാളെ എൽ.എസ്.ജി.ഡി.-യിൽനിന്നുമാണ് നിയമിക്കുന്നത്. മലപ്പുറം ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വലിയ പ്രാധാന്യം സർക്കാർ നൽകിവരുന്നുണ്ട്. 6 ജില്ലാ/താലൂക്കുതല ആശുപത്രികളിൽ കിഫ്ബി ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി തയ്യാറാക്കി ഭരണാനുമതി നൽകി തുടർപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രി, നിലമ്പൂർ - 9.38 കോടി രൂപ; ജില്ലാ ആശുപത്രി,

പെരിന്തൽമണ്ണ – 11.89 കോടി രൂപ; താലൂക്കാസ്ഥാന ആശുപത്രി, തിരുരങ്ങാടി - 10.42 കോടി രൂപ; താലൂക്കാസ്ഥാന ആശുപത്രി, പൊന്നാനി - 9.06 കോടി രൂപ; താലൂക്കാസ്ഥാന ആശുപത്രി, കൊണ്ടോട്ടി - 36.19 കോടി രൂപ; താലൂക്കാശുപത്രി, അരീക്കോട് എന്നിവയാണവ. നബാർഡ് പദ്ധതിയിലുൾപ്പെടുത്തി തിരൂർ ജില്ലാ ആശുപത്രിയിൽ 33.70 കോടി രൂപ ചെലവഴിച്ച് പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കി. ഊർങ്ങാട്ടിരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നബാർഡ് മുഖേനയുള്ള നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ജില്ലയിൽ 16 നിയോജകമണ്ഡലങ്ങളിൽ ഓരോന്നിലുമുൾപ്പെടുന്ന ഒരു ആരോഗ്യസ്ഥാപനത്തിൽ 10 ബെഡ്ഡുകളോടുകൂടിയ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2023 മാർച്ച് മാസത്തിൽ സംസ്ഥാനത്ത് എഴുപത്തിയഞ്ചോളം ഐസൊലേഷൻ ബ്ലോക്കുകൾ പൂർത്തിയാകും. ഇപ്പോൾ വകുപ്പ് നടത്തുന്ന മറ്റ് പ്രവർത്തനങ്ങളും സാക്ഷാത്കരിച്ച കാര്യങ്ങളുംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. നാഷണൽ ഹെൽത്ത് മിഷൻ മുഖേന 2022-24 കാലഘട്ടത്തിൽ ജില്ലയിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കായി 15.14 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോവിഡ്

പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മലപ്പുറം ജില്ലയിലെ 7 മേജർ ആശുപത്രികളിൽ പീഡിയാട്രിക് ഐ.സി.യു., ഹൈ ഡിപ്പെൻഡൻസി യൂണിറ്റ് (HDU), നെഗറ്റീവ് പ്രഷർ വാർഡ്, ഐ.സി.യു. തുടങ്ങിയവ സ്ഥാപിക്കുന്നതിനും ഫീൽഡ് ഹോസ്പിറ്റൽ വിഭാഗത്തിൽ മറ്റ് രണ്ട് പ്രധാന ആശുപത്രികളുടെ വികസന പ്രവർത്തനങ്ങൾക്കുമായി 15.11 കോടി രൂപ അനുവദിക്കുകയും ഇതിൽ മുഴുവൻ സ്ഥാപനങ്ങളുടെയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. പെരിന്തൽമണ്ണ ജില്ലാ ആശുപത്രി, പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിൽ 15 പീഡിയാട്രിക് ഓക്സിജൻ സപ്പോർട്ടഡ് ബെഡ്ഡുകളും 6 എച്ച്.ഡി.യു. ബെഡ്ഡുകളും അനുവദിച്ചു. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ 35 ബെഡ് നെഗറ്റീവ് പ്രഷർ വാർഡിന് 2.28 കോടി രൂപ അനുവദിച്ചു. താലൂക്കാസ്ഥാന ആശുപത്രി തിരുരങ്ങാടിയിൽ 8 ബെഡ് നെഗറ്റീവ് പ്രഷർ ഐ.സി.യു., നെഗറ്റീവ് പ്രഷർ ഓപ്പറേഷൻ തിയേറ്റർ, ബയോമെഡിക്കൽ വേസ്റ്റ് ഡിസ്പോസൽ യൂണിറ്റ് എന്നിവയ്ക്കും എമർജൻസി ഡിപ്പാർട്ടുമെന്റ്, ഒ.പി. ബ്ലോക്ക് എന്നിവയുടെ നവീകരണത്തിനും നിർമ്മാണത്തിനുമായി 3 കോടി രൂപയാണ് അനുവദിക്കപ്പെട്ട് പ്രവർത്തനങ്ങൾ നടക്കുന്നത്. ജില്ലാ ആശുപത്രി തിരൂരിൽ 10 ഐ.സി.യു. ബെഡ്ഡുകളും താലൂക്കാസ്ഥാന

ആശുപത്രികളായ തിരുരങ്ങാടി, മലപ്പുറം, താലൂക്കാശുപത്രി കുറ്റിപ്പുറം എന്നിവിടങ്ങളിലായി 5 ഐ.സി.യു. ബെഡ്ഡുകൾ വീതവും അനുവദിച്ചു. പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 9 ഫോട്ടോതെറാപ്പി എം.എൻ.സി.യു. ബെഡ്ഡുകൾ അനുവദിച്ചു. കാവനൂർ പി.എച്ച്.സി.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1.14 കോടി രൂപയും പരപ്പനങ്ങാടി പി.എച്ച്.സി.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1.43 കോടി രൂപയും വാളന്തോട് ടൈബൽ ഹബ്ബിനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് 67.5 ലക്ഷം രൂപയും തിരുരങ്ങാടി താലൂക്കാസ്ഥാന ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 1.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ചാത്തല്ലൂർ എഫ്.എച്ച്.സി.-യിൽ 30 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന പുതിയ ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഇങ്ങനെ നിരവധി നിർമ്മാണപ്രവർത്തനങ്ങൾ നടക്കുകയാണ്. ജില്ലയിലെ 17 ആരോഗ്യ സ്ഥാപനങ്ങൾക്ക് ഈ ഘട്ടത്തിൽ NQAS (National Quality Assurance Standards) അംഗീകാരം ലഭിച്ചിട്ടുണ്ട്. ക്വാളിറ്റി അഷ്വർ ചെയ്തുകൊണ്ടാണത് ലഭിച്ചത്. കുടുംബാരോഗ്യ കേന്ദ്രങ്ങളായ തിരുനാവായ, ചാലിയാർ, അമരമ്പലം, പാണ്ടിക്കാട്, കോട്ടയ്ക്കൽ, ചോക്കാട്, വഴിക്കടവ്, മൊറയൂർ, അത്താണിക്കൽ, ഒഴൂർ, കരുളായി, അർബൻ കുടുംബാരോഗ്യ

കേന്ദ്രങ്ങളായ മുമ്മുള്ളി, മംഗലശ്ശേരി, എരവിമംഗലം, ബിയ്യം, പൊന്നാനി, വേട്ടേക്കോട് എന്നിവയ്ക്കാണ് NQAS അംഗീകാരം ലഭിച്ചിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ, ഇനി ഒരുപാട് സമയം വേണ്ടിവരുമോ?

ശ്രീമതി വീണാ ജോർജ്: സർ, ജില്ലയിലെ മേൽപ്പറഞ്ഞ 17 ആരോഗ്യ കേന്ദ്രങ്ങൾക്ക് KASH (Kerala Accreditation Standards for Hospitals) അംഗീകാരവും ലഭിച്ചു. ഡബ്ല്യു.&സി. പൊന്നാനി, ജില്ലാശുപത്രി നിലമ്പൂർ, താലൂക്കാശുപത്രി മലപ്പുറം, ജില്ലാശുപത്രി മഞ്ചേരി, താലൂക്കാശുപത്രി തിരുരങ്ങാടി എന്നീ അഞ്ച് സ്ഥാപനങ്ങൾക്ക് MBFHI (Mother-Baby Friendly Hospital Initiative) അംഗീകാരവും ഡബ്ല്യു.&.സി. പൊന്നാനിക്ക് 'ലക്ഷ്യ' അംഗീകാരവും ലഭിച്ചു. ഇതൊക്കെ ഇൻഫ്രാസ്ട്രക്ചറുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഒന്നര വയസ്സുവരെയുള്ള കുട്ടികൾക്കായുള്ള ഹൃദ്യം പ്രോഗ്രാമിൽ 2230 പേരാണ് മലപ്പുറം ജില്ലയിൽ നിന്നുമാത്രം രജിസ്റ്റർ ചെയ്തത്. അതിൽ 1160 പേർക്ക് സൗജന്യമായി ഹൃദയ ശസ്ത്രക്രിയകൾ നടത്തുന്നതിന് സാധിച്ചു. ഈ പദ്ധതി വലിയരീതിയിൽ മലപ്പുറം ജില്ലയിൽ നടത്താൻ സാധിച്ചു. ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് കുറയ്ക്കാനും സാധിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ, ഇതെല്ലാം മലപ്പുറത്താണോ കൊടുക്കുന്നത്?

ശ്രീമതി വീണാ ജോർജ്: സർ, മലപ്പുറത്തിനുള്ളതാണ്. നേരത്തേ പറഞ്ഞ 773 ആരോഗ്യകേന്ദ്രങ്ങൾ കൂടാതെ 14 അർബൻ പി.എച്ച്.സി.-കളുടെ കീഴിലായി 42 അർബൻ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ ആരംഭിക്കുന്നതിനായി നടപടികൾ പുരോഗമിക്കുന്നു. ഇത് വായിച്ചുകേൾക്കുമ്പോൾ എല്ലാ എം.എൽ.എ.-മാരും അവരവരുടെ മണ്ഡലങ്ങളെ പരിഗണിക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. 14 അർബൻ പി.എച്ച്.സി.കളുടെ കീഴിലായി 42 അർബൻ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ ആരംഭിക്കുന്നതിനായി നടപടികൾ പുരോഗമിക്കുന്നു. സൗജന്യ ട്രീറ്റ്മെന്റ്, സൗജന്യ മരുന്നുകൾ, സൗജന്യ പരിശോധന എന്നിവ അർബൻ ഹെൽത്ത് സെന്ററുകളിൽ നടപ്പിലാക്കിവരികയാണ്. ഇതുകൂടാതെ സർക്കാർ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ കൂടിയുണ്ട്. മലപ്പുറത്ത് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ഇല്ലെന്ന് പറഞ്ഞു. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് 8 കോടി രൂപ അനുവദിക്കുകയും ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ച് ഹൃദയ ചികിത്സ നൽകുകയും ചെയ്യുന്നുണ്ട്.

ഹൃദ്രോഗബാധിതരായ രോഗികളുടെ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ഉതകുന്ന ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി ചികിത്സ സജ്ജമാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രിയിലെ ഒ.പി. നവീകരണത്തിനും മറ്റ് പ്രവൃത്തികൾക്കുമായി വിവിധ ഘട്ടങ്ങളിലായി 2.85 കോടി രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈയൊരു ഘട്ടത്തിൽ അവിടെ ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ വൃക്കരോഗികളും ഡയാലിസിസ് ചെയ്യുന്നവരുമുള്ളത് മലപ്പുറം ജില്ലയിലാണ്. ഇവർ കോഴിക്കോട്, പാലക്കാട്, എറണാകുളം മുതലായ മറ്റ് ജില്ലകളിൽ പോയാണ് ഡയാലിസിസ് ചെയ്യുന്നത്. മലപ്പുറം ജില്ലയിൽ സർക്കാർ മുതൽമുടക്കിൽ ഡയാലിസിസ് കേന്ദ്രങ്ങളില്ല. മഞ്ചേരി മെഡിക്കൽ കോളേജിൽ ഡയാലിസിസ് കേന്ദ്രമില്ലെന്നുള്ളത് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെതന്നെ തിരുവനന്തപുരം ആർ.സി.സി.-യിലേയ്ക്ക് മലബാറിൽനിന്നും വരുന്ന രോഗികളിൽ ഏറ്റവുമധികവും മലപ്പുറം ജില്ലയിൽ നിന്നുള്ളവരാണ്. ഇത് പരിഗണിച്ചുകൊണ്ടാണ് മലപ്പുറം ജില്ലയിലെ ഊരകത്ത് ഇൻകെൽ എന്ന

പൊതുമേഖലാ സ്ഥാപനത്തിന്റെ പക്കലുള്ള സ്ഥലത്ത് തലശ്ശേരി മോഡൽ കാൻസർ സെന്റർ ആരംഭിക്കാൻ തീരുമാനമെടുത്തത്. ഇതിന്റെ തുടർനടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം മനസ്സിലായി. ഒറ്റച്ചോദ്യം ചോദിക്കേണ്ടതാണ്.

ശ്രീമതി വീണാ ജോർജ്: സർ, മലപ്പുറം ജില്ലയിൽ വിവിധ ആശുപത്രികളിൽ കിഡ്നി രോഗികൾക്കുവേണ്ടി ഡയാലിസിസ് നടത്തുന്ന കാര്യം അങ്ങേയ്ക്കറിയാവുന്നതാണ്. ഡയാലിസിസ് കേന്ദ്രം ഇല്ല എന്നാണ് അദ്ദേഹം പറഞ്ഞത്. മെഷീനുകളുടെയും രോഗികളുടെയും എണ്ണം, ഡയാലിസിസ് നടത്തുന്ന ആശുപത്രികളുടെ വിശദാംശം തുടങ്ങിയവ ലഭ്യമാക്കുന്നതാണ്. അതുപോലെ ജീവിതശൈലീരോഗങ്ങളുടെ ചികിത്സയ്ക്കൊപ്പംതന്നെ പെരിട്ടോണിയൽ ഡയാലിസിസ് ഉൾപ്പെടെ ആവിഷ്കരിച്ചിട്ടുണ്ട്. അത് മലപ്പുറം ജില്ലയിലുൾപ്പെടെയുണ്ട്. ചികിത്സയ്ക്കൊപ്പം പ്രധാനമാണ് രോഗം വരാതിരിക്കുക എന്നതിനനുസരിച്ച് ജീവിതശൈലീരോഗങ്ങളുടെ പ്രതിരോധത്തിനുവേണ്ടി മലപ്പുറം ജില്ലയിൽ 30 വയസ്സിന് മുകളിലുള്ള 1524832 പേരെ 06-03-2023 വരെ സ്ക്രീൻ ചെയ്തിട്ടുണ്ട്. ഇത് ക്വാളിറ്റിയുമായി ബന്ധപ്പെട്ടുള്ളതാണ്. ഈ

രീതിയിലുള്ള പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നുണ്ട്. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് വളരെ പ്രാധാന്യത്തോടുകൂടിയാണ് മലപ്പുറം ജില്ലയിലെ പ്രവർത്തനങ്ങൾ കണ്ടിട്ടുള്ളത്. അത് കൂടുതൽ ഊർജ്ജിതമായി തുടരുകയും ചെയ്യും.

11.37 a.m]

IV സബ്മിഷൻ

(1) ബ്രഹ്മപുരം മാലിന്യപ്ലാന്റിലെ തീപിടിത്തം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കൊച്ചി കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ മാർച്ച് 2-ന് വൈകുന്നേരം തുടങ്ങിയ വൻതീപിടിത്തം ഇതുവരെ പൂർണ്ണമായി നിയന്ത്രിക്കാൻ സാധിക്കാത്ത ഗുരുതര സാഹചര്യം നിലനിൽക്കുകയാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി അവിടെ ശേഖരിച്ചിട്ടുള്ള പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ എത്ര ടൺ ഉണ്ടെന്നുപോലും അറിയില്ല. 15 ഏക്കറോളം സ്ഥലത്ത് മലപോലെ കൂട്ടിയിട്ടിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾക്കാണ് തീപിടിച്ചിരിക്കുന്നത്. ആരും വീട്ടിൽനിന്ന് പുറത്തിറങ്ങരുതെന്നാണ് ജില്ലാ കളക്ടർ ഇന്നലെ (05-03-2023) ആവശ്യപ്പെട്ടിരിക്കുന്നത്. ഇന്ന് സ്കൂളുകൾക്കും അവധി

നൽകിയിരിക്കുകയാണ്. പുക ശ്വസിച്ച് ഒരുപാട് ആളുകൾ തലചുറ്റലും ഛർദ്ദിയുമായി കഴിയുകയാണ്. ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കുമുള്ള ഗുരുതര ആരോഗ്യപ്രശ്നങ്ങളാണ് ഒരു പ്രദേശത്തെ മുഴുവൻ ബാധിച്ചിട്ടുള്ളത്. കഴിഞ്ഞ നാല് ദിവസമായി കത്തിക്കൊണ്ടിരിക്കുന്നതിൽനിന്നുള്ള പുക കൊച്ചി നഗരസഭയുടെ പരിസരപ്രദേശത്ത് മാത്രമല്ല, പിറവം, കുന്നത്തുനാട്, തൃപ്പൂണിത്തുറ നിയോജകമണ്ഡലങ്ങളുൾപ്പെടെയുള്ള നിരവധി പ്രദേശങ്ങളിലേയ്ക്ക് പടരുകയാണ്. പുക പ്രതിരോധിക്കുന്നതിനോ തീകെടുത്തുന്നതിനോവേണ്ടി സർക്കാരിന് ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. അവിടത്തെ മാലിന്യം സംസ്കരിക്കാത്തത് സംബന്ധിച്ച വിഷയം മാധ്യമങ്ങളും മറ്റും നേരത്തേ പുറത്തുകൊണ്ടുവന്നിട്ടുള്ളതാണ്. ബ്രഹ്മപുരത്തെ മാലിന്യ സംസ്കരണ പ്ലാന്റിലെ പ്ലാസ്റ്റിക് മാലിന്യങ്ങളും ജൈവമാലിന്യങ്ങളും വേർതിരിച്ച് സംസ്കരിക്കുന്നതിന് കരാറെടുത്ത രണ്ടുപേരും അതിനനുസരിച്ചുള്ള കാര്യങ്ങൾ ചെയ്യുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനം. നീക്കം ചെയ്യേണ്ട പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒരു സ്ഥലത്ത് മലപോലെ കൂട്ടിയിട്ടിരിക്കുകയാണ്. ജൈവമാലിന്യങ്ങൾ മാത്രമാണ് സംസ്കരിക്കുന്നത്. എന്നാൽ അത് സംസ്കരിക്കുന്നതിന് പ്രത്യേക സംവിധാനങ്ങളൊന്നുമില്ലാത്തതുകൊണ്ട് മണ്ണിട്ടുമൂടുകയാണ് ചെയ്യുന്നത്.

അങ്ങനെ മണ്ണിട്ടുമൂടുകപോലും ചെയ്യാതെ ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംയുക്തമായി കിടക്കുന്ന സ്ഥലത്താണ് തീപിടിച്ചിരിക്കുന്നത്. ഒരു കരാറുകാരന്റെ കരാർ കാലാവധി മാർച്ച് 3-ന് അവസാനിക്കുന്നതിനാൽ എക്സ്റ്റൻഷൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇങ്ങനെ എക്സ്റ്റൻഷൻ ആവശ്യപ്പെടുമ്പോൾ പരിശോധന നടത്തേണ്ടതുണ്ട്. എന്നാൽ മാലിന്യങ്ങളൊന്നും നീക്കം ചെയ്യപ്പെട്ടിട്ടില്ലെന്ന് പരിശോധനയ്ക്ക് വരുമ്പോൾ കൃത്യമായി വ്യക്തമാകുമെന്നതുകൊണ്ട് അവരെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി മന:പൂർവ്വമായുണ്ടാക്കിയ തീപിടിത്തമാണിതെന്ന് കൊച്ചുകുട്ടികൾക്കുവരെ അറിയാം. ആദ്യം തീപിടിത്തമുണ്ടായ സ്ഥലത്തുനിന്നും 800 മീറ്റർ അകലെയാണ് മറ്റൊരു തീപിടിത്തമുണ്ടായത്. മന:പൂർവ്വമായുണ്ടാക്കിയ തീപിടുത്തമാണിത്; വളരെ അപകടകരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിതെളിക്കുന്ന ഒന്നാണിത്. മാത്രമല്ല, കൊച്ചി നഗരത്തിൽ തീപിടിത്തമുണ്ടായതിനുശേഷം മാലിന്യനീക്കം പൂർണ്ണമായും സ്തംഭിച്ചിരിക്കുന്നതിനാൽ മറ്റുതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളുമുണ്ടാകും. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തുമ്പോഴുണ്ടാകുന്ന വിഷപ്പുകമൂലമുള്ള പ്രശ്നങ്ങൾ ഗുരുതരമായി മാറിയിരിക്കുകയാണ്; ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ്. വീട്ടിൽനിന്നും പുറത്തിറങ്ങിയില്ലെങ്കിലും വീടിനകത്തേയ്ക്ക്

പുക കയറുന്ന സാഹചര്യമാണ്. കാക്കനാട് തുടങ്ങിയ പ്രദേശങ്ങളിലെ ഫ്ലാറ്റുകളിൽനിന്നും ആളുകൾ ഒഴിഞ്ഞുപോകുകയാണ്. ഇത്രയും ഗുരുതരമായ പ്രശ്നം ഗൗരവത്തോടുകൂടി സർക്കാർ കൈകാര്യം ചെയ്തില്ലെന്ന പരിഭവവും പ്രതിഷേധവും ഞാനീ അവസരത്തിൽ രേഖപ്പെടുത്തുകയാണ്. ആരോഗ്യപ്രശ്നങ്ങളുൾപ്പെടെ കൈകാര്യം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. ഹ്രസ്വ-ദീർഘകാലത്തേയ്ക്ക് ചെയ്യേണ്ട കാര്യങ്ങളുൾപ്പെടെ ചെയ്യണം. മാത്രമല്ല, ഇതിന്റെ പിന്നിൽ നടന്നിരിക്കുന്ന കോടിക്കണക്കിന് രൂപയുടെ അഴിമതി അന്വേഷിക്കുന്നതിന് ഫലപ്രദമായ സംവിധാനമുണ്ടാകണം. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിൻ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ബ്രഹ്മപുരത്തെ തീപിടിത്തം സംബന്ധിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. പക്ഷേ ഇതിനെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് വസ്തുതാപരമല്ല. തീപിടിത്തമുണ്ടായ 02-03-2023-നുതന്നെ ഞാനും എറണാകുളത്തുനിന്നുള്ള മന്ത്രി ശ്രീ. പി.

രാജീവും കൊച്ചി മേയറുമായും ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ.-യുമായും നിരന്തരം ബന്ധപ്പെട്ട് സ്ഥിതിഗതികൾ വിലയിരുത്തിക്കൊണ്ടിരുന്നു. 05-03-2023-ന് രാവിലെ ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി, ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി എന്നിവർ നേരിട്ടും ഞാൻ ഓൺലൈനിലൂടെയും പങ്കെടുത്തുകൊണ്ട് ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും ഉന്നതതല യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരും കോർപ്പറേഷനും ജില്ലാ ഭരണകൂടവും യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പരിഭ്രാന്തിയുണ്ടാക്കുന്ന സാഹചര്യം കൊച്ചിയിലില്ല. തീ അണയ്ക്കുന്നതിൽ ഏറെക്കുറെ വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഒറ്റപ്പെട്ട ചില സ്ഥലങ്ങളിൽ ഇപ്പോഴും തീ നിലനിൽക്കുന്നുണ്ട്; ഇന്നത്തോടുകൂടി പൂർണ്ണമായും അണയ്ക്കാൻ കഴിയുമെന്നാണ് കരുതുന്നത്. സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണ്. അവിടത്തെ എയർ ക്വാളിറ്റി നിരന്തരമായി മോണിറ്റർ ചെയ്യുന്നുണ്ട്. അത് 2-ാം തീയതിയിലെ സ്ഥിതിയിൽനിന്നും മെച്ചപ്പെട്ടുവരികയാണ്. ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഇതുവരെ അവിടെനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഹെൽത്ത് എമർജൻസിയെന്ന സാഹചര്യവും അവിടെ നിലനിൽക്കുന്നില്ല.

മാലിന്യ കൂമ്പാരത്തിനടുത്തേയ്ക്ക് ഫയർ ഫോഴ്സ് വാഹനങ്ങൾക്ക് എത്തിച്ചേരാൻ കഴിയാതിരുന്ന സാഹചര്യമുണ്ടായിരുന്നു. ഇപ്പോൾ വാഹനങ്ങൾക്ക് അടിയന്തരമായി എത്തിച്ചേരാനുള്ള റോഡ് സംവിധാനമൊരുക്കിയിട്ടുണ്ട്. അതുപോലെ ഏകോപനത്തിന് ഒരു സംവിധാനമൊരുക്കുന്നതിന് ഇന്നലെ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ഭാവിയിൽ ഇത്തരം സാഹചര്യങ്ങളുണ്ടായാൽ കൈകാര്യം ചെയ്യുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ഓരോ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ട് ഏകോപന സംവിധാനമൊരുക്കിയിട്ടുണ്ട്. അതോടൊപ്പം ജില്ലാതലത്തിൽ ജില്ലാ ഭരണകൂടം, കോർപ്പറേഷൻ, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി അദ്ധ്യക്ഷന്മാരടങ്ങുന്ന ഒരു മോണിറ്ററിംഗ് സമിതി യോഗം ചേർന്ന് റിവ്യൂ നടത്തണമെന്നും തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കളമശ്ശേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലും ഡി.എം.ഒ. ഓഫീസിലുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന രണ്ട് കോൾ സെന്ററുകൾ ആരംഭിക്കുകയും അധിക പശ്ചാത്തല സൗകര്യമെന്ന നിലയിൽ എറണാകുളം ഗവൺമെന്റ് ആശുപത്രിയിൽ 100 ബെഡ്ഡുകളും തൃപ്പൂണിത്തുറ താലൂക്കാശുപത്രിയിൽ 20 ബെഡ്ഡുകളും

ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. കളമശ്ശേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സ്മോക്ക് കാഷ്വാലിറ്റിയും പീഡിയാട്രിക് ഹൈ ഡിപ്പൻഡൻസി യൂണിറ്റും സജ്ജീകരിച്ചിട്ടുണ്ട്. ബ്രഹ്മപുരത്തിനടുത്തുള്ള വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിലുൾപ്പെടെയുള്ള പൾമണോളജിസ്റ്റുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ബ്രഹ്മപുരത്ത് രണ്ട് ഓക്സിജൻ പാർലറുകൾ 4-ാം തീയതി വൈകുന്നേരം മുതൽ സജ്ജീകരിച്ചിട്ടുണ്ടെങ്കിലും അതിന്റെ സേവനം ആരും ഉപയോഗപ്പെടുത്തിയിട്ടില്ലെന്നതിൽനിന്നും നിലവിൽ അവിടെ ഗുരുതര സാഹചര്യമില്ലെന്നും സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണെന്നും കാണാൻ കഴിയും. തീ കെടുത്തുന്നതിന് ഫയർ ഫോഴ്സിനുപുറമെ ഇന്ത്യൻ നേവിയുടെ ഹെലികോപ്റ്ററും പ്രവർത്തനരംഗത്തുണ്ടായിരുന്നു. കൂടാതെ ബി.പി.സി.എൽ. (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്), എച്ച്.പി.സി.എൽ. (ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്), എഫ്.എ.സി.ടി. (ഫെർട്ടിലൈസേഴ്സ് & കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്), കൊച്ചിൻ പോർട്ട് ട്രസ്റ്റ് തുടങ്ങിയ സ്ഥാപനങ്ങളുടെ സംവിധാനങ്ങളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. 250-ഓളം ജീവനക്കാർ, 32 ഫയർ യൂണിറ്റുകൾ,

നിരവധി ഹിറ്റാച്ചികൾ, ഉയർന്ന ശേഷിയുള്ള മോട്ടോർ പമ്പുകൾ എന്നിവ ഉപയോഗിച്ചാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. ഇതിന്റെയെല്ലാം പ്രവർത്തനഫലമായാണ് തീ വൻതോതിൽ നിയന്ത്രിക്കാൻ കഴിഞ്ഞത്. വർഷങ്ങളായി നിക്ഷേപിച്ച വിവിധതരത്തിലുള്ള മാലിന്യങ്ങൾക്കാണ് തീപിടിച്ചിട്ടുള്ളത്. മാലിന്യങ്ങൾ പല അടുക്കുകളായിട്ടുള്ളതിനാൽ തീ പൂർണ്ണമായും കെടുത്തുന്നതിന് കുറച്ച് സമയമെടുത്തിട്ടുണ്ടെന്നുള്ളത് ശരിയാണ്. മാത്രമല്ല, നേരത്തെ പറഞ്ഞതുപോലെ ആ പ്രദേശത്തേയ്ക്ക് യന്ത്രങ്ങൾക്കും വാഹനങ്ങൾക്കും കടന്നുചെല്ലാനുള്ള ബുദ്ധിമുട്ടുകളുമുണ്ടായിരുന്നു. 2018-ലെ പ്രളയകാലത്ത് ഓടകളിലെ വെള്ളം വറ്റിക്കുന്നതിനായി കൊച്ചിയിൽ ഉപയോഗിച്ച ഉയർന്നശേഷിയുള്ള മോട്ടോർ പമ്പുകൾ ഉപയോഗിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. തീ അണയ്ക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ളവരുടെ ആരോഗ്യ സംരക്ഷണത്തിനുള്ള നടപടികളും ഡി.എം.ഒ.-യുടെ നേതൃത്വത്തിൽ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ നാല് വർഷങ്ങളിലും ബ്രഹ്മപുരത്ത് ഇത്തരത്തിലുള്ള തീപിടിത്തമുണ്ടായിട്ടുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും അവിടെനിന്നുള്ള ജനപ്രതിനിധികൾക്കുമെല്ലാം അറിയാവുന്ന കാര്യമാണ്. ഇന്നലെ നടന്ന യോഗത്തിലും അക്കാര്യങ്ങൾ

ചൂണ്ടിക്കാണിക്കപ്പെട്ടു. അതുകൊണ്ടുതന്നെ ഭാവിയിൽ ഇത്തരത്തിലുള്ള അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇപ്പോൾ സ്വീകരിച്ച ഹ്രസ്വകാല നടപടികൾക്കുപുറമെ ദീർഘകാല നടപടികൾ സ്വീകരിക്കുന്നതിന് നമുക്ക് കൂട്ടായി പരിശ്രമിക്കാം. അതിന് ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുകളുണ്ടാകും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എറണാകുളം ജില്ലയിൽനിന്നുള്ള അംഗമാണ്. അദ്ദേഹത്തിന്റെയും അവിടത്തെ ജനപ്രതിനിധികളുടെയും കോർപ്പറേഷന്റെയും ജില്ലാ ഭരണകൂടത്തിന്റെയുമെല്ലാം നേതൃത്വത്തിൽ ഈ അനുഭവത്തിന്റെകൂടി അടിസ്ഥാനത്തിൽ ദീർഘകാല നടപടികളെക്കുറിച്ച് നമുക്ക് ആലോചിക്കാം. അവിടെ പ്രത്യേക യോഗം ചേർന്ന് വളരെ ഗൗരവമായ നടപടി സർക്കാർ സ്വീകരിക്കും. അദ്ദേഹം വളരെ പ്രധാനപ്പെട്ട കാര്യമാണ് ഉന്നയിച്ചതെന്നുള്ളതുകൊണ്ട് ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയാം. തീപിടിത്തത്തിന്റെ കാരണം സംബന്ധിച്ച് ഒരാരോപണം അദ്ദേഹമിവിടെ ഉന്നയിക്കുകയുണ്ടായി. പോലീസിന്റെയും ഏജൻസികളുടെയും നേതൃത്വത്തിൽ നടക്കുന്ന അന്വേഷണം പൂർത്തിയാകുന്നതോടെ മാത്രമേ തീപിടിത്തത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്താനാകൂ. ഇപ്പോൾ

കേരളത്തിൽ വ്യാപകമായി തീപിടിത്തമുണ്ടായിക്കൊണ്ടിരിക്കുന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കാസർഗോഡ്, കണ്ണൂർ തുടങ്ങി പല ജില്ലകളിലും ഇപ്പോൾ തീപിടിത്തം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഉയർന്ന അന്തരീക്ഷ താപനില ഇതിനൊരു കാരണമാണ്. ബ്രഹ്മപുരത്തെ തീപിടിത്തത്തിന്റെ തീവ്രത മുൻകാലങ്ങളിലേതിനേക്കാൾ കൂടുന്നതിന് ഉയർന്ന അന്തരീക്ഷ താപനില ഒരു കാരണമായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് കക്ഷിരാഷ്ട്രീയത്തിനതീതമായി ഒരുമിച്ച് നിൽക്കേണ്ടതിന്റെ പ്രാധാന്യംകൂടി ഈ അനുഭവം ബോദ്ധ്യപ്പെടുത്തുന്നുണ്ട്. നിലവിൽ 500 ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള വേസ്റ്റ് ടു എനർജി പ്ലാന്റ് ബ്രഹ്മപുരത്ത് വിഭാവനം ചെയ്തിട്ടുണ്ട്. അതിനുപുറമെ 200 ടൺ ജൈവ മാലിന്യം പ്രതിദിനം സംസ്കരിക്കാൻ ശേഷിയുള്ള ജൈവവള നിർമ്മാണ യൂണിറ്റും സജ്ജമാകുന്നതോടെ കൊച്ചിയിലെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എത്രയുണ്ടെന്ന് കണക്കാക്കാൻ കഴിയാത്ത മാലിന്യമാണ് അവിടെയുള്ളതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. പക്ഷേ അവയെപ്പറ്റി കൃത്യമായ

കണക്കുണ്ട്. ബ്രഹ്മപുരത്തെ 40.24 ഏക്കർ ഭൂമിയിലായി 559103 ക്യൂബിക് മീറ്റർ ലഗസി വേസ്റ്റാണുള്ളത്. ഇതിനകം 30 ശതമാനം വേസ്റ്റ് ബയോ മൈനിംഗിലൂടെ നീക്കം ചെയ്യാൻ സാധിച്ചിട്ടുണ്ട്. കരാർ കാലാവധി കഴിഞ്ഞുവെന്നാണ് അദ്ദേഹം പറഞ്ഞത്. യഥാർത്ഥത്തിൽ ബയോ മൈനിംഗ് പൂർത്തിയാക്കേണ്ടിയിരുന്നത് സെപ്റ്റംബർ മാസത്തിലായിരുന്നു. പക്ഷേ കേരളത്തിൽ മഴയുടെ അളവ് കൂടിയതും കോവിഡ് മഹാമാരിമൂലമുണ്ടായ കെടുതികളുംകാരണം ഇതെല്ലാം പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഞാൻ കോർപ്പറേഷൻ മേയറുടെയും ബന്ധപ്പെട്ട അധികാരികളുടെയും യോഗം തിരുവനന്തപുരത്ത് വിളിച്ചുചേർക്കുകയും സമയബന്ധിതമായി ബയോ മൈനിംഗ് പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 24 മണിക്കൂറും ബയോ മൈനിംഗ് നടത്താനും അതിനുള്ള സജ്ജീകരണങ്ങളേർപ്പെടുത്താനും ആ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അക്കാര്യത്തിൽ കുറവുണ്ടായിട്ടുണ്ടോയെന്നത് സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്. ബയോ മൈനിംഗ് നടപടികൾ പൂർത്തിയാക്കുന്നതിനായി 2023 ജൂൺ 30 വരെയാണ് ഇപ്പോൾ സമയം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ്

24 മണിക്കൂറും ബയോ മൈനിംഗ് നടത്തണമെന്ന് കർശനമായി നിർദ്ദേശിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണം അടിയന്തര പ്രാധാന്യത്തോടെ കൈകാര്യം ചെയ്യേണ്ടതാണെന്നുള്ളതാണ് ഈ പാഠം നമുക്ക് നൽകുന്ന സന്ദേശം. സർക്കാർ അടിയന്തര പ്രാധാന്യം കൊടുക്കുന്ന ഒരു കാര്യമാണ് മാലിന്യ സംസ്കരണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കൊച്ചിയിൽ നടന്ന കോൺക്ലേവിൽ പങ്കെടുത്തിരുന്നു. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെകൂടി സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാരണം ഇതൊരു കക്ഷിരാഷ്ട്രീയ പ്രശ്നമല്ല. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണപക്ഷവും പ്രതിപക്ഷവും മാറിമാറി ഭരണം നടത്തുന്നുണ്ട്. അതിനാൽ സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനങ്ങൾ തുടങ്ങിയ എല്ലാവരും ഒറ്റക്കെട്ടായി ഈ പ്രശ്നം പരിഹരിക്കണം. 2026-ഓടുകൂടി സമ്പൂർണ്ണമായും മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ നമുക്ക് കൂട്ടായി മുന്നോട്ടുപോകാം, അതിനുള്ള പിന്തുണകൂടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(2) ആശാ വർക്കർമാരുടെ പ്രശ്നങ്ങൾ

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിലെ ആശാ വർക്കർമാർ നേരിടുന്ന പ്രശ്നങ്ങളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ

ആഗ്രഹിക്കുന്നത്. 31200 ആശാ വർക്കർമാർ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വീട്ടിൽ കഴിയുന്ന രോഗികൾക്ക് മരുന്ന് എത്തിക്കൽ, വിവരശേഖരണം, റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ മുതൽ നിശ്ചിത ദിവസം സർക്കാർ ആശുപത്രികളിലെ സേവനം വരെ ഇവരുടെ ഉത്തരവാദിത്വമാണ്. ആയിരം പേർക്ക് ഒരു ആശാ വർക്കർ എന്നായിരുന്ന നേരത്തെ സങ്കൽപ്പമെങ്കിലും ഒരു വാർഡിൽ ഒരു ആശാ വർക്കറാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ദിവസവും 8 മണിക്കൂറിലധികം ജോലി ചെയ്യുന്ന ഇവരുടെ ജീവിതം ദുരിതപൂർണ്ണമാണ്. സന്നദ്ധസേവകരായി പരിഗണിച്ച് ഇവർക്ക് ഓണറേറിയമായി 6,000 രൂപ മാത്രമാണ് നൽകിവരുന്നത്. എന്നാൽ ഇവരെക്കൊണ്ട് നിരവധി ജോലികൾ ചെയ്യിപ്പിക്കുകയാണ്. തൊഴിലുറപ്പ് തൊഴിലാളികൾക്കുപോലും ദിവസം 311 രൂപ ലഭിക്കുന്നുണ്ട്. സർവ്വേ അടക്കമുള്ള കാര്യങ്ങൾ ചെയ്യേണ്ടിവരുന്ന അവസരത്തിൽ തുച്ഛമായ തുകയാണ് ഇൻസെന്റീവായി നൽകുന്നത്. മഴയും വെയിലും കണക്കാക്കാതെ ഗ്രാമ-നഗര പ്രദേശങ്ങളിലൂടെ യാത്ര ചെയ്ത് ഭവന സന്ദർശനം നടത്തുന്ന ഇവർക്ക് യാത്രപ്പടിയായി ഒരു രൂപപോലും നൽകുന്നില്ല. ആരോഗ്യ വകുപ്പ് ധാരാളം ജോലികൾ ഇവരെ ഏൽപ്പിക്കുന്നുണ്ട്. 30 വയസ്സ് കഴിഞ്ഞ എല്ലാ വ്യക്തികളുടേയും ജീവിതശൈലീ രോഗനിർണ്ണയത്തിന്റെ ഭാഗമായി

നിലവിൽ ആശാ വർക്കർമാർ വിവരശേഖരണം നടത്തുകയാണ്. ഓരോ ആളിന്റേയും വിവരം മൊബൈൽ ഫോണിൽ ശേഖരിക്കണം; എന്നാൽ മൊബൈൽ ഫോൺ ചാർജ്ജിനായി ഒരു സഹായവും കൊടുക്കുന്നില്ല. സർക്കാർ പരിപാടികൾക്ക് ആളെ സംഘടിപ്പിക്കുന്ന ജോലിയും ഇവരുടെ ഉത്തരവാദിത്വമാണ്. കടുത്ത വേനലിലും മഴയത്തും വീടുകൾ കയറിയിറങ്ങി സേവനം ചെയ്യുന്നവരാണിവർ. വിവിധ മേഖലകളിൽ തൊഴിലാളികൾക്ക് വേനലിന്റെ കാഠിന്യം കണക്കിലെടുത്ത് തൊഴിൽ സമയങ്ങൾ പുന:ക്രമീകരിച്ചിട്ടുണ്ടെങ്കിലും ആശാ വർക്കർമാർക്ക് ആശ്വാസം നൽകുന്ന ഒരു തീരുമാനവുമുണ്ടായിട്ടില്ല. ചുട്ടുപൊള്ളുന്ന വെയിലിൽ അവർ ഇപ്പോഴും പ്രവർത്തിക്കുകയാണ്. കോവിഡിന്റെ കാലഘട്ടത്തിൽ ഇവർ ചെയ്ത സേവനം കേരളക്കരയ്ക്ക് ഒരിക്കലും മറക്കാൻ കഴിയാത്തതാണ്. കോവിഡ് ഉൾപ്പെടെയുള്ള ഏത് മഹാമാരിയിലും കേരളത്തിന് പിടിച്ചുനിൽക്കാൻ കഴിയുന്നത് ഇവരെപ്പോലെയുള്ളവരുടെ പ്രവർത്തനംകൊണ്ടാണ്. ഇതുസംബന്ധിച്ച് രണ്ടുമൂന്ന് നിർദ്ദേശങ്ങൾ ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. ആശാവർക്കർമാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് പ്രത്യേക സമിതിയെ നിയോഗിക്കുകയും ഇവരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുകയും ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക്

ലഭ്യമാകുന്ന ഏറ്റവും കുറഞ്ഞ ശമ്പള സ്കെയിലിന് തുല്യമായ ഓണറേറിയം ഉറപ്പുവരുത്തുകയും ചെയ്യണം. സർക്കാർ ജീവനക്കാർക്ക് പ്രഖ്യാപിക്കുന്ന ക്ഷാമബത്തയ്ക്ക് ആനുപാതികമായ ഓണറേറിയം വർദ്ധനവ് ആശാ വർക്കർമാർക്കും അനുവദിക്കണം. കേരളത്തിലെ സർക്കാർ മേഖലയിലെ കരാർ ജീവനക്കാർക്ക് അത് ലഭിക്കുന്നുണ്ട്. ആശാ വർക്കർമാരുടെ ജോലികൾ ഓരോന്നും കൃത്യമായി നിർവ്വചിക്കണം. നിരന്തരം യാത്രചെയ്യേണ്ടി വരുന്ന ജോലിയായതുകൊണ്ട് അതിന് കൺസോളിഡേറ്റഡായ ഒരു തുക അവരുടെ പ്രവൃത്തി ഫലപ്രദമായി നടപ്പിലാക്കാനായി നൽകണം. ആശാ വർക്കർമാരെ ഇ.എസ്.ഐ.-യുടെ പരിധിയിൽ ഉൾപ്പെടുത്താൻ പ്രയാസമില്ലാത്തതിനാൽ അത് ഗവൺമെന്റ് ശ്രദ്ധിക്കണം. ആശാ വർക്കർമാർക്ക് എല്ലാ മാസവും നിശ്ചിതതുക പെർമനന്റ് കൺവേയൻസ് അലവൻസായി നൽകണം. മുഴുവൻ ആശാ വർക്കർമാരേയും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിന്റെ ഭാഗമാക്കണം. അവരുടെ സേവനത്തിന്റെ മാഹാത്മ്യം കണക്കിലെടുത്ത് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കണമെന്ന് അങ്ങയിലൂടെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ച വിഷയം ആശാ വർക്കർമാരുമായി ബന്ധപ്പെട്ടുള്ളതാണ്. നമ്മുടെ പൊതുജനാരോഗ്യമേഖലയിലെ ഏറ്റവും അവിഭാജ്യഘടകമാണ് ആശാ വർക്കർമാർ. കേരളത്തിൽ ആശാ പദ്ധതി 2007 മുതലാണ് നടപ്പിലാക്കിയത്. 2016-17-ൽ പ്രതിമാസം അവർക്ക് നൽകിയിരുന്ന ഓണറേറിയം 1500 രൂപയായിരുന്നു. ഇത് ഘട്ടംഘട്ടമായി വർദ്ധിപ്പിച്ച് 6,000 രൂപയാക്കിയത് എൽ.ഡി.എഫ്. സർക്കാരാണ്. ഇന്ത്യയിൽത്തന്നെ ആശാ വർക്കർക്ക് സംസ്ഥാന വിഹിതമായി ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനമാണ് കേരളം. ഇതിനുപുറമേ ആശാ വർക്കർമാരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ വിഹിതമായ ഇൻസെന്റീവുകൾ വർദ്ധിപ്പിച്ച് നൽകാനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുമുണ്ട്. കേരളത്തിൽ അംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവർത്തകരായി സംസ്ഥാനത്തുടനീളം ആശാ പ്രവർത്തകരെ തെരഞ്ഞെടുക്കുകയും വിവിധ ഘട്ടങ്ങളിലായി പരിശീലനം നൽകിവരികയും ചെയ്യുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ 21694, നഗരപ്രദേശങ്ങളിൽ 4205, ട്രൈബൽ മേഖലയിൽ 549 എന്നിങ്ങനെ

ആകെ 26448 ആശാ പ്രവർത്തകരാണ് 14 ജില്ലകളിലായി നിലവിൽ ജോലി ചെയ്തുവരുന്നത്. ആശാ വർക്കർ, ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. മുതലായ ആരോഗ്യപ്രവർത്തകരുടെ roles and responsibility-യെ സംബന്ധിച്ച് ചർച്ചചെയ്ത് ആശാ വർക്കർമാർക്ക് പ്രവർത്തിക്കുന്നതിന് എളുപ്പമാകുന്നൊരു സാഹചര്യമുണ്ടാക്കാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. ആശാ പ്രവർത്തകർക്ക് 2022 ഡിസംബർ, 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ഓണറേറിയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2023 ജനുവരി വരെയുള്ള എല്ലാ ഓണറേറിയവും ഇൻസെന്റീവുകളും വിതരണം ചെയ്തിട്ടുണ്ട്. 02-03-2023-ലെ സർക്കാർ ഉത്തരവുപ്രകാരം ആശാ പ്രവർത്തകരുടെ ജോലികൾ കൃത്യമായി നിർവ്വചിക്കുകയും യോഗ്യത, തെരഞ്ഞെടുപ്പ്, പരിശീലനം, സേവന കാലാവധി, ഓണറേറിയം, പ്രശ്നപരിഹാര സംവിധാനങ്ങൾ, സേവനത്തിൽ നിന്ന് മാറിനിൽക്കൽ എന്നിവ സംബന്ധിച്ച് സമഗ്രമായ ആശാ പദ്ധതി മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. 2022 ഏപ്രിൽ മുതൽ ആശാ വർക്കർമാർക്ക് പ്രതിമാസം 200 രൂപ ടെലിഫോൺ അലവൻസായി നൽകിവരുന്നുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ജീവൻ നഷ്ടപ്പെട്ട 12 ആശാ വർക്കർമാരുടെ കുടുംബങ്ങൾക്ക്

സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതികൾക്കിടയിലും കഴിയുന്നരീതിയിൽ സഹായം ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കൊപ്പം സംസ്ഥാന സർക്കാരിന്റെ നവകേരള കർമ്മ പദ്ധതി 2-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുക, അതിന്റെ സ്ക്രീനിംഗ്, അനീമിയയ്ക്കെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി സ്ത്രീകൾക്കിടയിൽ വിളർച്ചയിൽനിന്ന് വളർച്ചയിലേയ്ക്ക് എന്ന 'വിവ കേരളം' പദ്ധതി നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ആശാ വർക്കർമാരേയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആശാ വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് ചർച്ചയുടെ മറുപടിയിൽ പറഞ്ഞത് എൽ.ഡി.എഫ്. സർക്കാരിന് ആശാ വർക്കർമാരോടുള്ള സമീപനവും പ്രതിബദ്ധതയും വ്യക്തമാക്കുന്നതാണ്. അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കും.

(3) ചക്കിട്ടപ്പാറ ഐ.ടി.ഐ. കെട്ടിട നിർമ്മാണം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചക്കിട്ടപ്പാറ പഞ്ചായത്തിൽ മുതുകാട് പേരാമ്പ്ര ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്കുവേണ്ടി റവന്യൂ വകുപ്പ് 4 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചിട്ടും ഭൂമിയിലെ മരം

മുറിച്ചുമാറ്റാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. മരങ്ങൾ മുറിച്ചുമാറ്റാനായി നിശ്ചയിച്ച അടിസ്ഥാനവില വളരെ ഉയർന്നതായതിനാൽ ലേലത്തിൽ പങ്കെടുക്കാൻ ആരും തയ്യാറാകാത്ത സ്ഥിതിയാണുള്ളത്. പ്രസ്തുത സ്ഥലത്തുള്ള റബ്ബർ മരങ്ങൾക്ക് വില നിശ്ചയിച്ചിട്ടുമില്ല. കരാർ ഏറ്റെടുത്ത കോൺട്രാക്ടർ പ്രവൃത്തിയിൽനിന്ന് പിന്മാറുകയാണെന്ന് കാണിച്ച് കത്ത് നൽകിയിരിക്കുകയാണ്. മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ റവന്യൂ വകുപ്പിന് ഐ.ടി.ഐ. അധികൃതർ കത്ത് നൽകിയെങ്കിലും ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മരം മുറിച്ചുമാറ്റാൻ കരാറുകാരെ ലഭിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. മരം മുറിച്ചുമാറ്റാൻ വില്ലേജ് ഓഫീസറെയോ പഞ്ചായത്ത് സെക്രട്ടറിയെയോ ചുമതലപ്പെടുത്തി നിർദ്ദേശം നൽകണം. നിലവിൽ ഐ.ടി.ഐ.-യ്ക്കുവേണ്ടി കൈമാറിക്കിട്ടിയ ഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റി ഐ.ടി.ഐ.-യ്ക്ക് അടിയന്തരമായി കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ടെണ്ടറായിട്ട് രണ്ടുമൂന്ന് വർഷം കഴിഞ്ഞിട്ടും വർക്ക് ആരംഭിക്കാൻ കഴിയുന്നില്ലെന്നത് ഗൗരവമുള്ള പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിന് റവന്യൂ

വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും അടിയന്തര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ടി. പി. രാമകൃഷ്ണൻ ഉന്നയിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽപ്പെട്ട ചക്കിട്ടപ്പാറയിലെ മുതുകാട് എന്ന സ്ഥലത്ത് ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കാനായി അനുവദിച്ച ഭൂമിയിലെ 29 മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഉത്തരവ് പ്രകാരം അടിസ്ഥാനവിലയായ 6,13,367 രൂപ നിശ്ചയിച്ച് ലേലം നടത്തിയെങ്കിലും വില ഉയർന്നതാണെന്ന കാരണത്താൽ ആരുംതന്നെ ലേലത്തിൽ പങ്കെടുക്കാത്തതിനാൽ ലേലനടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. പുറമ്പോക്ക് ഭൂമിയിലോ മിച്ചഭൂമിയിലോ നിൽക്കുന്ന ഉണങ്ങിയതും കേടുവന്നതുമായ മരങ്ങൾക്ക് നിലവിലെ സീനിയറേജ് പ്രകാരമുള്ള പൊതുവായ വിലയ്ക്ക് ലേലംകൊള്ളാൻ ആരും തയ്യാറാകാത്തത് സർക്കാരിന് കനത്ത സാമ്പത്തിക നഷ്ടമുണ്ടാക്കുമെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 05-07-2019-ലെ ഗവൺമെന്റ് ഉത്തരവ്

1802/2019/റവന്യൂ പ്രകാരം പൊതുജനതാത്പര്യമുള്ള വിഷയങ്ങളായി പരിഗണിച്ച് ടി മരങ്ങൾക്ക് നിശ്ചിത വിലയേക്കാൾ കുറഞ്ഞ വിലയാണ് ലഭിക്കുന്നതെങ്കിൽ, ലഭിക്കുന്ന പരമാവധി വിലയ്ക്ക് അവ ലേലം നടത്താൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിൽ പ്രതിപാദിച്ചിട്ടുള്ള മരങ്ങൾ നിലവിൽ ഉണങ്ങാത്ത നല്ല മരങ്ങളായതിനാൽ 05-07-2019-ലെ ഉത്തരവുപ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. പക്ഷേ ഉന്നയിക്കപ്പെട്ട പ്രശ്നം വളരെയധികം ഗുരുതരവും പലയിടങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കുന്നതുമാണ്. സ്മാർട്ട് വില്ലേജുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നേരത്തെ ഇത്തരം പ്രശ്നം ഗൗരവമായി ഉയർന്നുവന്നിരുന്നു. ഈ പ്രതിസന്ധിയുടെ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണ ഏജൻസിതന്നെ തനത് പ്രോജക്ടിന്റെ ഫണ്ടിൽനിന്നും പണം കണ്ടെത്തി മരം മുറിക്കുന്നതിനും ആയത് 2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി വനം വകുപ്പിന്റെ തടി ഡിപ്പോയിൽ എത്തിച്ച് രസീത് വാങ്ങി വനം വകുപ്പിന് കൈമാറുന്നതിനും അനുമതി നൽകിക്കൊണ്ട് 07-01-2021-ൽ 8/2022/വനം

എന്ന പ്രത്യേക ഉത്തരവ് വനം വകുപ്പ് പുറപ്പെടുവിച്ചിരുന്നു. ഐ.ടി.ഐ.-യുടെ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ച് രണ്ട് വർഷമായ സാഹചര്യത്തിൽ അത് വളരെ വേഗതയിൽ ആരംഭിക്കണമെന്നുള്ളതിനാൽ മരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റേണ്ട സാഹചര്യമുണ്ടെന്നതും യാഥാർത്ഥ്യമാണ്. മേൽ പരാമർശിച്ച ഉത്തരവിലെ വ്യവസ്ഥകൾ ഈ വിഷയത്തിൽക്കൂടി ബാധകമാക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച് പരിശോധിക്കാനായി വനം, തൊഴിൽ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെയുള്ളവരുടെ ഒരു ഉന്നതതല യോഗം അടുത്ത ആഴ്ചതന്നെ ചേർന്നുകൊണ്ട് ഇതുമായി ബന്ധപ്പെട്ട തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.

(4) ആയിരവല്ലി പാറ ഖനനം

ശ്രീ. ജി. എസ്. ജയലാൽ: സർ, എക്കാലവും സംരക്ഷിക്കപ്പെടേണ്ട അത്യധികം പാരിസ്ഥിതിക പ്രാധാന്യമുള്ള കൊല്ലം ജില്ലയിലെ ആയിരവല്ലി പാറഖനനത്തിന് നൽകിയ എൻ.ഒ.സി.യുമായി ബന്ധപ്പെട്ടാണ് സബ്മിഷൻ ഉന്നയിക്കുന്നത്. കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ ഇളമാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 27-ൽ റീസർവ്വേ നമ്പർ 130/3-ൽ ഉൾപ്പെട്ട 12.7726 ഹെക്ടർ വരുന്ന ആയിരവല്ലി പാറയിലെ ഏതാണ്ട് 7

ഹെക്ടറോളം സ്ഥലം പാറഖനനം ചെയ്യുന്നതിനായി ഒരു സ്വകാര്യ കമ്പനിക്ക് എൻ.ഒ.സി. നൽകിയ വിവരം അങ്ങേയ്ക്കും അറിയാമല്ലോ. അതുമായി ബന്ധപ്പെട്ട് അവിടെ നടക്കുന്ന ജനങ്ങളുടെ അതിജീവന സമരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. പ്രസ്തുത പ്രദേശം അപൂർവ്വമായ തരുപക്ഷിമൃഗാദികളും സസ്യലതാദികളും നിറഞ്ഞ ജൈവവൈവിധ്യ കേന്ദ്രമാണ്. ഗോത്രവർഗ്ഗ സംസ്കാരമൂല്യമുള്ളതും ആചാരവിശ്വാസങ്ങൾ നിറഞ്ഞതും നിബിഢവും വിപുലവുമായ കാവും ക്ഷേത്രവും മറ്റ് നിരവധി ആരാധനാലയങ്ങളുമുള്ളതുമായ ഈ സ്ഥലം ചെറിയവെളിനല്ലൂരിന്റെ പ്രധാനപ്പെട്ട ഒരു ജലസ്രോതസ്സുകൂടിയാണ്. പരിസ്ഥിതി പ്രാധാന്യമുള്ള പ്രസ്തുത പ്രദേശം സംരക്ഷിക്കേണ്ടത് ഈ തലമുറയുടെ ചുമതലയാണ്. എന്നാൽ പരിസ്ഥിതിയെയും ജനജീവിതത്തെയും ഗുരുതരമായി ബാധിക്കുന്ന തരത്തിൽ ആയിരവല്ലി പാറ ഖനനം ചെയ്യുന്നതിന് അനുമതി നൽകിയിരിക്കുകയാണ്. പ്രസ്തുത അനുമതി ഉടൻ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഇളമാട്-വെളിനല്ലൂർ പഞ്ചായത്തുകളിലെ ജനങ്ങളൊന്നാകെ ഒരേ മനസ്സോടെ അതിജീവന സമരം നടത്താൻ തുടങ്ങിയിട്ട് ഇപ്പോൾ ഇരുനൂറ്റി അൻപതിലധികം ദിവസമായി. സമരത്തിന് എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വർദ്ധിച്ചുവരികയാണ്. ഈ തലമുറയുടെതന്നെ ഒരാവശ്യമായി അത്

മാറിയിരിക്കുകയാണ്. പ്രസ്തുത വിഷയം ഇതിനുമുമ്പും ബഹുമാനപ്പെട്ട പുനലൂർ എം.എൽ.എ., പി.എസ്. സുപാൽ സബ്മിഷനിലൂടെ അവതരിപ്പിക്കുകയും ആവശ്യമായ പരിശോധന നടത്തി എൻ.ഒ.സി. സംബന്ധമായ വിഷയത്തിൽ നടപടിയുണ്ടാകുമെന്ന് അങ്ങ് മറുപടി നൽകുകയും ചെയ്തതാണ്. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി അവർകളുടെ സാന്നിദ്ധ്യത്തിൽ അങ്ങും ബന്ധപ്പെട്ടവരുമെല്ലാം ചർച്ച നടത്തിയെങ്കിലും ഇതുവരെ തീരുമാനമായിട്ടില്ല. ബഹുജനസമരം ഇപ്പോൾ കൂടുതൽ ശക്തവും സജീവവുമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ആയിരവല്ലി പാറഖനനത്തിന് നൽകിയ എൻ.ഒ.സി. അടിയന്തരമായി റദ്ദ് ചെയ്യണമെന്നാണ് ആവശ്യപ്പെടുന്നത്. എൻ.ഒ.സി.യുടെ കാലാവധി അവസാനിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. അത് വീണ്ടും പുതുക്കിനൽകാതെ പൂർണ്ണമായും റദ്ദ് ചെയ്തുകൊണ്ട് പരിസ്ഥിതിയെ സംരക്ഷിക്കുന്ന നിലപാടെടുത്ത് സമരം അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രസക്തമായ വിഷയമാണ്.

കൊട്ടാരക്കര താലൂക്കിലെ ഇളമാട് വില്ലേജിൽപ്പെട്ട ആയിരവല്ലി പാറ ജാതിമത ഭേദമെന്യേ എല്ലാ പ്രദേശവാസികളും വളരെ പ്രാധാന്യത്തോടെ കാണുന്ന ജൈവവൈവിധ്യങ്ങളുടെ കലവറയാണ്. പാരിസ്ഥിതിക പ്രാധാന്യമുള്ള ഒരു പ്രദേശത്തെ സംരക്ഷിക്കാനുള്ള നടപടികൾ ഈ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആയിരവല്ലി പാറ സ്ഥിതിചെയ്യുന്ന കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ ഇളമാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 27-ൽ റീസർവ്വേ നമ്പർ 130/3-ൽ ഉൾപ്പെട്ട പാറപുറമ്പോക്കിൽനിന്നും ഖനനം ചെയ്യുന്നതിനായി നിരാക്ഷേപപത്രം ലഭിക്കുന്നതിനായി ടസ്ന മൈൻസ് കമ്പനിയുടെ മാനേജിംഗ് പാർട്ണർ കൊല്ലം ജില്ലാ കളക്ടർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നതും ആയതിന്മേൽ രണ്ടാഴ്ചക്കുള്ളിൽ തീരുമാനമെടുക്കണമെന്ന കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് യോഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 6.9033 ഹെക്ടർ സ്ഥലത്തിന് 23-01-2020-ൽ നിരാക്ഷേപപത്രം നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി സ്ഥലത്തുനിന്നും പാറ ഖനനം ചെയ്യുന്നതിനെതിരെ പ്രദേശവാസികളും വിവിധ സംഘടനകളും പരാതികളുന്നയിക്കുകയും പ്രദേശവാസികൾ ദീർഘകാലമായി സമരം സംഘടിപ്പിക്കുകയും ചെയ്ത

സംഭവമുണ്ടായി. ബഹുമാനപ്പെട്ട ക്ഷീരവികസന വകുപ്പുമന്ത്രിയും പ്രസ്തുത മണ്ഡലത്തിലെ എം.എൽ.എ.യുമായ ശ്രീമതി ജെ. ചിഞ്ചുറാണി ഈ വിഷയം ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട പുനലൂർ എം.എൽ.എ. പി. എസ്. സുപാൽ ഒരു സബ്മിഷനായും ഈ പ്രശ്നം ഉന്നയിച്ചിരുന്നു. ബന്ധപ്പെട്ട സമരസമിതിയുടെ ആളുകൾ ഞങ്ങളെയെല്ലാം സമീപിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ ആയിരവല്ലി പാറ ഖനനം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ചചെയ്യാനും നാട്ടുകാരുടെ ആവശ്യം പരിശോധിച്ച് പരിഹരിക്കാനുമായി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ജെ. ചിഞ്ചുറാണിയുടെയും ശ്രീ. പി. എസ്. സുപാൽ എം.എൽ.എ.-യുടെയും സാന്നിദ്ധ്യത്തിലും ഒരു യോഗം 02-11-2022-ന് ചേർന്നിരുന്നു. ഇതിനെത്തുടർന്ന് പൊതുവികാരവും പ്രദേശവാസികൾ ഉന്നയിച്ചിട്ടുള്ള വിവിധവിഷയങ്ങളും കണക്കിലെടുത്ത് പ്രദേശത്ത് ഖനനപ്രവർത്തനം നടത്തുന്നതിനുള്ള അനുമതി നൽകാനുണ്ടായ സാഹചര്യം പരിശോധിക്കാൻ തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് ആയിരവല്ലി പാറ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, അതിന്റെ സാംസ്കാരികവും പാരിസ്ഥിതികവുമായ പ്രാധാന്യം, ടി പാറ പൊട്ടിക്കുന്നതിനെതിരെയുള്ള

പൊതുജനവികാരം എന്നിവ വ്യക്തമാക്കുന്ന ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് 02-11-2022-ൽ ചേർന്ന യോഗതീരുമാനപ്രകാരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിൽ പ്രസ്തുത സ്ഥലത്തിന്റെ ജൈവവൈവിധ്യ പ്രാധാന്യത്തെയും പാരിസ്ഥിതിക വിഷയങ്ങളെയും സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന കേന്ദ്രം ഡയറക്ടറോടും ടൂറിസം സാദ്ധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിരുന്നു. അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടില്ല. പാറഖനനത്തിനായി എൻ.ഒ.സി. നൽകിയിരുന്നെങ്കിലും ആവശ്യമായ മറ്റ് അനുമതികൾ നൽകാത്തതുമൂലം ഖനനവുമായി ബന്ധപ്പെട്ട യാതൊരു നടപടിയും നാളിതുവരെ ആരംഭിച്ചിട്ടില്ല. മാത്രമല്ല ജില്ലാ കളക്ടർ നൽകിയ നിരാക്ഷേപപത്രത്തിന്റെ കാലാവധി 23-02-2023-ഓടുകൂടി അവസാനിക്കുകയും ചെയ്തിട്ടുണ്ട്. അതിനെത്തുടർന്ന് എൻ.ഒ.സി. ഇതുവരെയും പുതുക്കി നൽകിയിട്ടില്ല; അങ്ങനെയൊരു ആലോചനയുമില്ല. പാരിസ്ഥിതിക പ്രാധാന്യവും പ്രദേശവാസികളുടെ

അഭിപ്രായവും കണക്കിലെടുത്തുമാത്രമേ ഇതുമായി ബന്ധപ്പെട്ട തീരുമാനമെടുക്കാൻ പാടുള്ളൂവെന്ന് ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. എൻ.ഒ.സി. പുതുക്കിക്കൊടുക്കാത്ത സാഹചര്യത്തിൽ പേടിക്കേണ്ടതായ മറ്റുപ്രശ്നങ്ങളൊന്നുമില്ലെന്ന് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

(5) കാരോട്-കുളത്തൂർ കുടിവെള്ള പദ്ധതി

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016-17-ലെ ബഡ്ജറ്റിൽ അനുവദിച്ച കാരോട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട വിഷയമാണ് സബ്മിഷനായി ഉന്നയിക്കുന്നത്. 89 കോടി രൂപയാണ് അടങ്കൽ തുകയായി പ്രഖ്യാപിച്ചത്. പദ്ധതിക്കാവശ്യമായ രണ്ട് ഏക്കറിലധികം വരുന്ന ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്. ട്രീറ്റ്മെന്റ് പ്ലാന്റിനാവശ്യമായ ഏകദേശം 50 കോടിയിലധികം രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കപ്പെടാത്ത അവസ്ഥയാണ് നിലവിലുള്ളത്. 27 ശതമാനത്തിൽ കൂടുതൽ തുകയ്ക്കാണ് ഏജൻസി ടെണ്ടർ ക്വാട്ട് ചെയ്തത്. നേരത്തെയുണ്ടായിരുന്ന എസ്റ്റിമേറ്റ് നിരക്കിൽ ഇപ്പോൾ വർക്ക് ചെയ്യാൻ കഴിയാത്ത പ്രശ്നവുമുണ്ട്. മൂന്ന് പഞ്ചായത്ത് പ്രദേശങ്ങളിലാണ് ഈ കുടിവെള്ള പദ്ധതിയുടെ ഗുണം ലഭിക്കുന്നത്. കുളത്തൂർ-കാരോട് പഞ്ചായത്തുകളിലെ തീരദേശമുൾപ്പെടുന്ന പൊഴിയൂർ അടക്കമുള്ള

പ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളപ്രശ്നമുണ്ട്. വാട്ടർ അതോറിറ്റിയുടെ പദ്ധതിയുമായി ബന്ധപ്പെട്ട് ചില പ്രദേശങ്ങളിൽ മാത്രമേ കുടിവെള്ളം ലഭ്യമാക്കാൻ കഴിയുന്നുള്ളൂ. ആവശ്യമായ ജലം നെയ്യാറിൽനിന്നും ട്രീറ്റ്മെന്റ് പ്ലാന്റിലെത്തിച്ച് സർവ്വീസ് ചെയ്യുന്നതിനെക്കുറിച്ചാണ് ആലോചിച്ചിട്ടുള്ളത്. ചെങ്കൽ പഞ്ചായത്തിൽ ജൽജീവൻ മിഷന്റെ പ്രവൃത്തികൾ ഏകദേശം പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. കാരോട്-കുളത്തൂർ പഞ്ചായത്തുകളിലെ ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികളായിട്ടുണ്ട്. നാലഞ്ച് മാസം കഴിയുമ്പോൾ മുഴുവൻ വീടുകളിലും പൈപ്പ് കണക്ഷനെത്തുന്ന പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടുമ്പോൾ ആവശ്യത്തിന് ജലമെത്തിച്ചുകൊടുക്കേണ്ടത് നിർദ്ദിഷ്ട പദ്ധതിയിൽനിന്നാണ്. അത് അനന്തമായി വൈകുന്നത് സാങ്കേതികമായ ചില തടസ്സങ്ങൾകൊണ്ടാണ്. പദ്ധതി വൈകുന്തോറും ചെലവ് അധികരിക്കുന്ന നിലയിലേയ്ക്ക് പോകുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ നേരിട്ട് ഇടപെട്ടിട്ടുണ്ട്. പ്രശ്നങ്ങൾ പരിഹരിച്ച് അടിയന്തരമായി പ്രവൃത്തി ഏറ്റെടുത്ത് നടത്താനാവശ്യമായ ക്രമീകരണം വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കാരോട്-കുളത്തൂർ ജലവിതരണവുമായി ബന്ധപ്പെട്ട പ്രധാന വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷനായി ഉന്നയിച്ചത്. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലുൾപ്പെട്ട കാരോട്, കുളത്തൂർ, ചെങ്കൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തിക്ക് 86 കോടി രൂപയുടെ ഭരണാനുമതിയും 07-09-2019-ൽ കിഫ്ബി വഴി 89.189 കോടി രൂപയുടെ ഫണ്ടിംഗ് അനുമതിയും നൽകിയിരുന്നു. ഈ പദ്ധതിയുടെ ഭാഗമായ ജലശുദ്ധീകരണശാലയ്ക്കാവശ്യമായ രണ്ട് ഏക്കർ സ്ഥലം പൊൻവിളയിൽ റവന്യൂ വകുപ്പ് കേരള ജലഅതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. കിണറും പമ്പുഹൗസും നിർമ്മിക്കുന്നതിനുള്ള സ്ഥലം മാവിളക്കടവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉപരിതല ജലസംഭരണികൾ നിർമ്മിക്കുന്നതിന് വിവിധ സ്ഥലങ്ങളിൽ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലങ്ങൾ ലഭ്യമായതിനെത്തുടർന്ന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി 61.51 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും തുടർന്ന് തടയണ ഒഴികെയുള്ള എല്ലാ ഘടകങ്ങളുടെയും ദർഘാസ് ക്ഷണിക്കുകയും ചെയ്തു. 54.85 കോടി

രൂപയായിരുന്ന അടങ്കൽ തുക. പ്രസ്തുത ദർഘാസിൽ 3 കരാറുകാർ പങ്കെടുത്തെങ്കിലും ഒരു കരാറുകാരന് മാത്രമാണ് സാങ്കേതികവും സാമ്പത്തികവുമായ ദർഘാസ് വ്യവസ്ഥകൾ അനുസരിച്ച് യോഗ്യത നേടാൻ കഴിഞ്ഞത്. തുടർന്ന് പ്രസ്തുത ദർഘാസ് റദ്ദാക്കുകയും 22-03-2022 അവസാന തീയതിയായി നിശ്ചയിച്ച് അതേ അടങ്കൽ തുകയ്ക്ക് പുനർദർഘാസ് ക്ഷണിക്കുകയും 24-03-2022-ന് ദർഘാസ് തുറക്കുകയും ചെയ്തു. ആദ്യ ദർഘാസിൽ യോഗ്യത നേടിയ കരാറുകാരൻതന്നെ പുനർദർഘാസിൽ പങ്കെടുക്കുകയും അടങ്കൽ തുകയെക്കാളും 27.63 ശതമാനം കൂടുതൽ തുക ക്വാട്ട് ചെയ്യുകയും ചെയ്തു. എന്നാൽ നിലവിലെ നിയമമനുസരിച്ച് ക്വാട്ട് ചെയ്ത തുക, വിപണി നിരക്ക്, എസ്റ്റിമേറ്റ് നിരക്കിനെക്കാളും പത്ത് ശതമാനം കൂടിയ തുക എന്നിവയിൽ ഏതാണോ കുറവ് അതിനുമാത്രമേ കരാർ അനുമതി നൽകാൻ കഴിയൂവെന്നുള്ളതിനാൽ വിപണി നിരക്കിന് കരാർ നൽകുന്നതിന് തീരുമാനിക്കുകയും പ്രസ്തുത പ്രവൃത്തി 27-04-2022-ൽ കരാറുകാരന് നൽകുകയും ചെയ്തു. വർക്ക് ഓർഡർ നൽകിയ തുക എസ്റ്റിമേറ്റ് തുകയെക്കാളും 9.76 ശതമാനം കൂടുതലായിരുന്നു. എന്നാൽ കരാറുകാർ പ്രസ്തുത വർക്ക് ഓർഡർ നിരസിക്കുകയും ക്വാട്ട് ചെയ്ത തുകയ്ക്കുതന്നെ പ്രവൃത്തി നൽകുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ്

പ്രൈസ് 3 സോഫ്റ്റ്വെയറിൽ പുതുക്കി നിർണ്ണയിച്ച് പുതിയ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. മൂന്ന് മാസത്തിനുള്ളിൽ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിരവധി പദ്ധതികൾ ഇങ്ങനെ മുടങ്ങുകയും പ്രശ്നം പരിഹരിക്കാൻ സാധിക്കാതെയും വരുന്ന സ്ഥിതി നിലവിലുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ പരിശോധന നടത്താനും ദീർഘമായി നീണ്ടുപോകുന്ന വിഷയങ്ങൾ പരിഹരിച്ച് ഉത്തമമായ തീരുമാനം കൈക്കൊള്ളുന്നതിനും ഗവൺമെന്റ് അടിയന്തരമായി ശ്രദ്ധിക്കുന്നതാണ്.

(6) നട്ടിക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. എം. വിജിൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചെറുതാഴം പഞ്ചായത്തിലെ നട്ടിക്കടവിൽ പെരുമ്പപ്പുഴയ്ക്ക് കുറുകെ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 2020-2021 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഉപ്പുവെള്ളം കാരണം ബുദ്ധിമുട്ടുന്ന കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുതാഴം, കടന്നപ്പള്ളി, പാണപ്പുഴ ഗ്രാമപഞ്ചായത്തുകളിലെയും പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെയും ജനങ്ങൾക്ക് ഈ പദ്ധതി വലിയൊരു

അനുഗ്രഹമാകും. ആ പ്രദേശങ്ങളിലെ കൃഷി, ജലസേചനാവശ്യങ്ങൾ, കുടിവെള്ളം, ഗതാഗതം എന്നിവയുൾപ്പെടെ ജനങ്ങൾക്ക് പ്രയോജനപ്രദമാകും. നട്ടിക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പര്യവേക്ഷണ പ്രവൃത്തി നേരത്തേതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. എത്രയുംവേഗം ഐ.ഡി.ആർ.ബി. (ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ്)-ൽനിന്ന് ഡിസൈൻ തയ്യാറാക്കി വിശദമായ എസ്റ്റിമേറ്റും ഭരണാനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, 8 കോടി രൂപയാണ് പ്രസ്തുത പ്രവൃത്തിക്കുവേണ്ടി അനുവദിച്ചിട്ടുള്ളത്. ജലസേചനത്തിനും കുടിവെള്ളത്തിനും ഗതാഗതത്തിനുമെല്ലാം ഉപകാരപ്രദമായ പ്രവൃത്തി നടപ്പിലാക്കേണ്ടത് അനിവാര്യവുമാണ്. എന്നാൽ പദ്ധതി പ്രദേശത്തേയ്ക്ക് എത്തിച്ചേരുന്നതിനുള്ള അനുബന്ധ റോഡുകൾ സംബന്ധിച്ചുള്ള വിഷയം കാരണമാണ് പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാതെ വന്നിട്ടുള്ളത്. ഒരു വശത്ത് പഞ്ചായത്തും മറുവശത്ത് മുനിസിപ്പാലിറ്റിയുമാണ് അപ്രോച്ച് റോഡ് ക്രമപ്പെടുത്താനാവശ്യമായ സ്ഥലം കണ്ടെത്തേണ്ടത്. ബഹുമാനപ്പെട്ട എം.എൽ.എ. താൽപ്പര്യമെടുത്ത്

09-03-2023-ന് ഇതുസംബന്ധിച്ച് ഒരു യോഗം ചേരുന്നുണ്ടെന്നറിയാൻ കഴിഞ്ഞു. റോഡുകളെ സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിഞ്ഞാൽ എത്രയും പെട്ടെന്ന് പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) കടുവ ആക്രമണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വയനാട് ജില്ലയിൽ കടുവകളുടെ സാന്നിദ്ധ്യം വർദ്ധിച്ചുവരികയാണ്. 6 പേരെ ആക്രമിച്ച് കൊലപ്പെടുത്തിയതിൽ 5 പേരെ പൂർണ്ണമായും കടുവ ഭക്ഷിക്കുകയാണ് ചെയ്തത്. അവസാനമായി കൊലപ്പെടുത്തിയത് മാനന്തവാടിയിലെ തോമസിനെയാണ്. കടുവയും ആനയും കൊലപ്പെടുത്തുന്ന കുടുംബങ്ങളിലെ അംഗത്തിന് ഗവൺമെന്റ് നൽകുന്ന താൽക്കാലിക ജോലി സ്ഥിരപ്പെടുത്താനുള്ള സാഹചര്യമുണ്ടാകണം. ഫോറസ്റ്റ് ഉദ്യോഗസ്ഥർ മാസത്തിൽ അഞ്ചോ പത്തോ ദിവസങ്ങൾ മാത്രം ജോലി നൽകുന്ന പ്രവണത നിലനിൽക്കുകയാണ്. ജനവാസകേന്ദ്രങ്ങളിലേയ്ക്കിറങ്ങിയ 5 കടുവകളെ പിടിച്ച് കൂട്ടിലടച്ച് പരിചരിച്ചുവരുന്നു. എന്റെ നിയോജകമണ്ഡലത്തിൽ ഒരു കടുവ കഴിഞ്ഞദിവസം കിണറ്റിൽ വീണ് മരണപ്പെടുകയുണ്ടായി. മറ്റൊരു കടുവ ജനവാസകേന്ദ്രത്തിലിറങ്ങി കൂടുക്കിൽ

കരുങ്ങി മരണപ്പെടുകയുണ്ടായി. മൂന്നാമത്തെ കടുവ വനത്തിനുള്ളിൽ അസുഖം ബാധിച്ച് മരണപ്പെട്ടു. എന്റെ നിയോജകമണ്ഡലത്തിലെ എടയ്ക്കൽ ഗുഹയിലാണ് ഒരു കടുവ കരുക്കിൽപ്പെട്ട് മരണപ്പെട്ടത്. അവിടെ മറ്റൊരു കടുവ ഒരു വിദ്യാർത്ഥിയെ ആക്രമിക്കാൻ ശ്രമിച്ചു. ആ കുട്ടിക്ക് ഇന്നും ഭയം വിട്ടുമാറിയിട്ടില്ല. ഒരു കർഷകൻ ആറ് മണിക്ക് ജോലി കഴിഞ്ഞുവരുമ്പോൾ കടുവ ആക്രമിച്ചു. നിരവധി വളർത്തുമൃഗങ്ങളെയും കടുവ പിടികൂടി. 130 ദിവസമായിട്ടും ആ കടുവയെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. ടൂറിസ്റ്റ് കേന്ദ്രമായ എടയ്ക്കൽ ഗുഹയുടെ പരിസരത്താണ് കടുവ ഇറങ്ങിയിരിക്കുന്നത്. ആയിരക്കണക്കിനാളുകൾ വരുന്ന ടൂറിസം മേഖലയിലാണ് 130 ദിവസമായി കടുവയുടെ സാന്നിദ്ധ്യമുള്ളത്. ഇന്നും ആ കടുവയെ പിടികൂടാനുള്ള നിലപാടുകൾ സ്വീകരിച്ചിട്ടില്ല. മാത്രമല്ല, നിരവധി കർഷകരുടെ പേരിൽ കള്ളക്കേസെടുത്തിരിക്കുകയാണ്. ഒരു കടുവ കൂടുക്കിൽകുരുങ്ങി കൊല്ലപ്പെട്ടതിന്റെ പേരിൽ അവിടത്തെ വൃദ്ധനായ ഭൂവുടമയുടെ പേരിൽ കള്ളക്കേസ് ചുമത്തിയിരിക്കുകയാണ്. നിരവധി പ്രശ്നങ്ങൾ ഇന്ന് വയനാട് ജില്ലയിലുണ്ട്. ആനകളുടെ സാന്നിദ്ധ്യവും കൂടിവരികയാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി വയനാട് ജില്ലയുടെ ചാർജ്ജ് വഹിക്കുന്ന മന്ത്രിയാണ്. ഇക്കാര്യത്തിൽ ശാശ്വത പരിഹാരമുണ്ടാകണം. ആനയോ കടുവയോ

കാരണം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സ്ഥിരജോലി നൽകാനുള്ള സംവിധാനമുണ്ടാകണം. മാത്രമല്ല, മരണപ്പെട്ട തോമസിന്റെ മകന് താൽക്കാലിക ജോലിയാണ് കൊടുത്തത്. സ്ഥിരമായ ജോലിയാണ് അവർക്കാവശ്യം. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് ശക്തമായി ഇടപെടേണ്ടതുണ്ട്. കടുവയുടെയും ആനയുടെയും ആക്രമം കൂടിവരികയും കൃഷി നശിപ്പിക്കുകയും കർഷകർ വലിയ പ്രതിസന്ധിയിലാകുകയും ചെയ്യുന്ന സാഹചര്യത്തിൽ, ജില്ലയുടെ ചാർജ്ജുള്ള മന്ത്രിയെന്ന നിലയ്ക്ക് അങ്ങയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ഉന്നത ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട്, സംസ്ഥാന തലത്തിൽ ഒരു യോഗം വിളിച്ച് കടുവയെ പിടികൂടുന്നതിനും ആനയുടെ ആക്രമണത്തിന്റെയും കൃഷിനാശം സംഭവിച്ചതിന്റെയും സ്ഥിതിഗതികൾ വിലയിരുത്തി ജനങ്ങൾക്കുവേണ്ടി ശക്തമായ തീരുമാനമെടുക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ, മലയോര മേഖലയിൽ വന്യമൃഗങ്ങൾ കാട്ടിൽനിന്നും നാട്ടിലിറങ്ങി മനുഷ്യന്റെ ജീവനും കൃഷിക്കും നാശനഷ്ടങ്ങളുണ്ടാക്കുന്നുവെന്നത് ശരിയാണ്. വന്യജീവികളുടെ എണ്ണം

വർദ്ധിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്നാണ് പരക്കെ പറഞ്ഞ് കേൾക്കുന്നത്. എന്നാൽ ആധികാരിക രേഖയുടെ അടിസ്ഥാനത്തിലല്ല അത്തരം വാദഗതികൾ വന്നിട്ടുള്ളത്. അഖിലേന്ത്യാ തലത്തിൽ നാല് വർഷം കൂടുമ്പോഴാണ് കടുവകളുടെ സെൻസസ് എടുക്കുന്നത്. ഏറ്റവും അവസാനം സെൻസസ് എടുത്തത് 2022-ലാണെങ്കിലും കേന്ദ്ര സർക്കാർ ഇതുവരെയും റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 2018-ലെ കണക്കാണ് നിലവിൽ പിന്തുടരുന്ന ആധികാരിക രേഖ. എന്നാലത് വസ്തുതയുമായി പൊരുത്തപ്പെടുന്നതല്ലായെന്ന് എല്ലാവർക്കും ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ വയനാട് മേഖലയിലെ കടുവകളുടെ സെൻസസ് എടുക്കുന്നതിനുള്ള നടപടികൾ സംസ്ഥാന വനം വകുപ്പ് ഉടനടി സ്വീകരിക്കുന്നതാണ്. സംസ്ഥാനാടിസ്ഥാനത്തിൽ ആനകളുടെ സെൻസസ് സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആനയുടെയോ മറ്റ് വന്യമൃഗങ്ങളുടെയോ ആക്രമണംമൂലം മരണപ്പെടുന്നവരുടെ കുടുംബത്തിന് ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി നൽകണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച ഒരാവശ്യം. അതിന് ആശ്രിത നിയമനം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതിരിക്കാൻ വനം വകുപ്പിന്

കഴിയില്ലായെന്ന് അങ്ങയെപോലെ പരിചയസമ്പന്നനായ ഒരു എം.എൽ.എ.-യ്ക്ക് ബോദ്ധ്യമുള്ള കാര്യമാണ്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ആശ്വാസ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. അന്തിമമായി എല്ലാ കാര്യങ്ങളും ഏറ്റെടുക്കുന്ന ഒരു നിലപാടിലേയ്ക്ക് സർക്കാർ എത്തിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മറ്റും ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് മാത്രമേ അത്തരം നടപടികളിലേയ്ക്ക് പോകാൻ വനം വകുപ്പിന് സാധിക്കുകയുള്ളൂ. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് വയനാട്ടിൽ വനം വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇപ്പോൾ വലിയ തോതിൽ നൈറ്റ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. അധിനിവേശ സസ്യങ്ങളുടെ ആധിക്യമാണ് ആനകളെയും വന്യമൃഗങ്ങളെയും കാട്ടിൽനിന്ന് പുറത്തേയ്ക്കുകൊണ്ടുവരാൻ പ്രേരിപ്പിക്കുന്നതെന്ന വാദഗതി സമൂഹത്തിൽ ഉയർന്നുവന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മഞ്ഞക്കൊന്നപോലുള്ള മരങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. മറ്റൊരു പരിഹാരമായി ഫെൻസിംഗ് ഹാങിംഗ് ഫെൻസിംഗ് നിർമ്മിക്കുക, മതിൽകെട്ടുക, ട്രഞ്ചുകൾ കുഴിക്കുക തുടങ്ങിയ നടപടികളാണ് ഇതുവരെ പരീക്ഷിച്ചുകൊണ്ടിരുന്നത്. അവയ്ക്ക് ഒരു കോട്ടവും

വരുത്താതെ ത്വരിതഗതിയിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഏതാണ്ട് നാൽപ്പത്തയ്യായിരത്തോളം കന്നുകാലികൾ വയനാട് വനമേഖലയിലുണ്ടെന്നാണ് കഴിഞ്ഞ ദിവസം പറഞ്ഞത്. നാൽപ്പത്തയ്യായിരം കന്നുകാലികൾ അവിടെയുള്ളവരുടെതാകാൻ ഇടയില്ല. അവിടത്തെ കർഷകരും ആദിവാസികളും ഉപജീവനാർത്ഥം നടത്തുന്ന പശുപരിപാലനത്തോടൊപ്പം മറ്റുള്ളവരുടെ മൃഗങ്ങളെക്കൂടി അവിടെ വളർത്തുന്നുണ്ടെന്നാണ് റിപ്പോർട്ട് ലഭിച്ചത്. കൃത്യമായി പരിശോധിച്ചതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച അന്തിമ നിഗമനത്തിൽ എത്താൻ സാധിക്കുകയുള്ളൂ. അങ്ങനെയുണ്ടോയെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യെപോലെയുള്ളവർ പരിശോധിക്കുന്നത് നല്ലതാണെന്ന് കരുതുന്നു. നിലവിലുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ട് പരമാവധി ശ്രമങ്ങൾ വനം വകുപ്പിലെ ജീവനക്കാരും മറ്റുദ്യോഗസ്ഥരും നിർവ്വഹിക്കുന്നുണ്ടെന്നതിന് അങ്ങ് തന്നെ സാക്ഷിയാണ്. അതിനാൽ നിലവിലുള്ള വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് വന്യമൃഗങ്ങളുടെ ഭീഷണിയിൽനിന്ന് ജനങ്ങളെ രക്ഷിക്കാനാവശ്യമായ നടപടികൾക്ക് കൂടുതൽ കരുത്ത് നൽകാനാവശ്യമായ കാര്യങ്ങളാണ് സർക്കാർ നിലവിൽ ആലോചിക്കുന്നത്. ഏതായാലും ഈ വേദന പങ്കുവയ്ക്കുന്നതിൽ ഗവൺമെന്റ്

പിന്നോട്ടുപോകുകയില്ലായെന്ന് ബഹുമാനപ്പെട്ട അംഗത്തിനെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

(8) തൃശ്ശൂർ ജില്ലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ

ശ്രീ. എ. സി. മൊയ്തീൻ: സർ, വ്യവസായ വകുപ്പിന്റെയും വകുപ്പിന്റെ കീഴിലുള്ള ഏജൻസികളുടെയും കൈവശമുള്ളതും ലഭ്യമാകുന്നതുമായ ഭൂമിയിൽ സംരംഭങ്ങൾ ആരംഭിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. പുഴയ്ക്കൽ കോർപ്പറേഷൻ അതിർത്തിയിൽ കിൻഫ്രയുടെ കൈവശമുള്ള 40 ഏക്കർ ഭൂമി 25 വർഷമായി അക്വയർ ചെയ്തിട്ടും ഒന്നും ചെയ്യാൻ സാധിക്കാതെ കിടക്കുകയാണ്. അതിനോടനുബന്ധമായി വ്യവസായ വകുപ്പിന്റെ കീഴിലുള്ള പതിനൊന്നര ഏക്കർ സ്ഥലത്ത് ഈ ഗവൺമെന്റിന്റെ കാലത്ത് പണിപൂർത്തീകരിച്ച രണ്ട് ബഹുനില വ്യവസായ സമുച്ചയങ്ങൾ ചെറുകിട സംരംഭകർക്ക് നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതിവേഗത്തിൽ വിതരണം പൂർത്തീകരിച്ച് അവിടെ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കണം. അവിടെ ബാക്കിയുള്ള സ്ഥലത്ത് എക്സിബിഷൻ സെന്ററും കൺവെൻഷൻ സെന്ററും സ്ഥാപിക്കണമെന്ന് ചെറുകിട വ്യവസായികൾ ഉൾപ്പെടെയുള്ളവർ ദീർഘകാലമായി ആവശ്യപ്പെടുകയാണ്. റോഡിന്റെയും കോർപ്പറേഷന്റെയും സാമീപ്യവും പ്രധാനപ്പെട്ട

പട്ടണപ്രദേശവും ആണെന്നുള്ളതുകൊണ്ട് അത് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റൊന്ന്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ (സിൽക്ക്) ഹെഡ് ഓഫീസ് സ്ഥിതി ചെയ്യുന്ന അത്താണിയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനോട് ചേർന്നുകിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്താൻ സാധിക്കണം. കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡും പവർ ഡിവൈസസ് ലിമിറ്റഡും നിലനിന്നിരുന്ന അത്താണി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനോട് ചേർന്നുള്ള പന്ത്രണ്ടര ഏക്കർ സ്ഥലം വർഷങ്ങളായി കേസ്സും മറ്റുമായി കിടക്കുകയാണ്. അതും പ്രയോജനപ്പെടുത്താൻ കഴിയുന്ന ഏറ്റവും നല്ല സ്ഥലങ്ങളിൽ ഒന്നാണ്. കൊരട്ടിയിൽ വൈഗ ത്രെഡ്സിന്റെ ഏകദേശം എൺപത് ഏക്കർ ഭൂമിയുണ്ട്. അവിടെത്തന്നെ ഇൻഫോ പാർക്കും കിൻഫ്രയുടെ മറ്റുസംരംഭങ്ങളുമുണ്ട്. ഈ ഭൂമിയുടെ ലഭ്യതയും ഉറപ്പാക്കണം. വ്യവസായ ഇടനാഴിയെന്ന സങ്കൽപ്പത്തിൽ തൃശ്ശൂർ ജില്ലയുടെ പങ്കാളിത്തംകൂടി ഉറപ്പുവരുത്താനും പുതിയ സംരംഭങ്ങൾ ആരംഭിക്കാനും ഭൂമിയുടെ ലഭ്യത പ്രയോജനപ്പെടുത്താനുമാവശ്യമായ ഇടപെടൽ വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എന്റെ ആവശ്യം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ പ്രസക്തമായ കാര്യമാണ് ബഹുമാന്യനായ അംഗം ഉന്നയിച്ചത്.

പരമാവധി ഭൂമി വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. കൊരട്ടിയിൽ കിൻഫ്രയുടെ 33.66 ഏക്കറിൽ സ്ഥാപിച്ച വ്യവസായ പാർക്കിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിച്ച് 33 വ്യവസായ സംരംഭങ്ങൾ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. അവിടെത്തന്നെ 3 ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം പൂർത്തീകരിച്ച് 19 സംരംഭങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. അദ്ദേഹം പ്രതിപാദിച്ച തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ പാടത്ത് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് 40 ഏക്കർ ഭൂമിയാണ് കൈമാറിയത്. ഇതിൽ 10 ഏക്കർ ഭൂമി മൊബിലിറ്റി ഹബ്ബിനുവേണ്ടി ജില്ലാഭരണകൂടത്തിന് കൈമാറിയിട്ടുണ്ട്. ഈ ഭൂമി റവന്യൂ രേഖകളിൽ നിലമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വ്യാവസായികാവശ്യത്തിന് ഏറ്റെടുത്തതിനാലും ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കിൻഫ്ര ആരംഭിച്ചിരുന്നു. എന്നാൽ 2017-ൽ തൃശ്ശൂർ ജില്ലാകളക്ടർ ഈ ഭൂമി തരംമാറ്റുന്നതിന് സർക്കാരിന്റെ അനുമതി വാങ്ങണമെന്ന് അറിയിച്ചതിനെതുടർന്ന് അത്തരം കാര്യങ്ങൾ നിർത്തിവയ്ക്കുകയാണ് ചെയ്തത്. ഭൂമി തരംമാറ്റത്തിനുവേണ്ടി കളക്ടർക്ക്

കിൻഫ്ര അപേക്ഷ നൽകിയിട്ടുണ്ട്. അതുസംബന്ധിച്ച് റവന്യൂ-കൃഷി വകുപ്പുമന്ത്രിമാർ പങ്കെടുത്തുകൊണ്ടുള്ള ഉന്നതതല യോഗം ചേരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പ്രതിപാദിച്ച അയ്യന്തോളിലെ 11.41 ഏക്കർ ഭൂമിയിൽ രണ്ടുഘട്ടങ്ങളിലായി 261530 ചതുരശ്ര അടിയുള്ള വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും പൂർത്തീകരിച്ചതിനുശേഷം രണ്ട് മാസത്തിനുള്ളിൽ സംരംഭകർക്ക് അനുവദിക്കാൻ കഴിയും. മുളങ്കുന്നത്തുകാവിൽ കെൽട്രോണുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള എല്ലാ രേഖകളും കൈമാറികഴിഞ്ഞു. ഹൈക്കോടതിയുടെ ഒഫിഷ്യൽ ലിക്വിഡേറ്റർ കൈവശാവകാശം കെൽട്രോണിന് വിട്ടുനൽകിയാൽ ഈ വസ്തുവിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. കൊരട്ടി വൈഗ ത്രെഡ്സുമായി ബന്ധപ്പെട്ട് നിലവിൽ വിവിധ കോടതികളിൽ കേസ്സുകളുള്ളതാണ്. ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം സ്ഥാപനത്തിന്റെ അസെറ്റ്സ് ഒഫിഷ്യൽ ലിക്വിഡേറ്റർ ഓഫ് കർണ്ണാടകയുടെ സംരക്ഷണയിലാണെന്നാണ് കാണുന്നത്. ബഹുമാനപ്പെട്ട

ഹൈക്കോടതിയിൽ അവർ നൽകിയ കേസ്സുകളെല്ലാം തള്ളിപ്പോകുകയും അവശേഷിക്കുന്ന ഭൂമി തിരിച്ചെടുക്കുന്നതിനും നിലവിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ഉത്തരവാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ കൈവശത്തിൽ അവശേഷിച്ചിട്ടുള്ള 30.57 ഏക്കർ ഭൂമിക്കൂടി റവന്യൂ വകുപ്പിലേയ്ക്ക് തിരികെ ഏറ്റെടുത്തിട്ടുണ്ട്. കർണ്ണാടക ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ മുഴുവൻ അസെറ്റ്സ് ആൻഡ് ഇഫക്ട്സ്, ഒഫിഷ്യൽ ലിക്വിഡേറ്റർ ഓഫ് കർണ്ണാടക ഹൈക്കോർട്ടിന്റെ സംരക്ഷണയിലായിരുന്ന സാഹചര്യത്തിൽ കമ്പനിയുടെ പേരിൽ നിലവിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കർണ്ണാടക ഹൈക്കോടതിയിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സിൽക്കിൽ ഒരു ഗാൽവനൈസിംഗ് പ്ലാന്റും സിൽക്കിന്റെ കോർപ്പറേറ്റ് ഓഫീസും പ്രോജക്ട് ഡിവിഷനും സ്ഥാപിക്കുന്നതിനുമുള്ള തീരുമാനം മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ തലത്തിൽ വെഹിക്കിൾ സ്ക്രാപ്പിംഗ് പദ്ധതി കൊണ്ടുവരുന്നതിന്റെ ഭാഗമായി അത്താണിയിലെ ഭൂമി ഉപയോഗപ്പെടുത്തി സിൽക്ക് വെഹിക്കിൾ സ്ക്രാപ്പിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടുവരുന്നു. സീതാറാം മിൽ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ അധിക ഭൂമി വ്യവസായ

പാർക്കുകളാക്കി മാറ്റാൻ കഴിയുമോയെന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. ഇതുപ്രകാരം തൃശ്ശൂർ ജില്ലയിലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി ഉപയോഗപ്പെടുത്തി വ്യത്യസ്ത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(9) തിരുവല്ല ബൈപാസിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് പദ്ധതി

ശ്രീ. മാത്യു ടി. തോമസ്: സർ, 2021 ഫെബ്രുവരി മാസം തുറന്നുകൊടുത്ത തിരുവല്ല ബൈപാസിൽ റോഡപകടങ്ങൾ തുടർക്കഥയാണ്. 1996-ലെ ഡിസൈൻ അനുസരിച്ചാണ് ഭൂമിയേറ്റെടുത്തത്. ഇതുസംബന്ധിച്ച് കേസുകളും സാങ്കേതിക പിഴവുകളുമുണ്ടായി. 2016-ലെ സർക്കാർ വന്നതിനുശേഷമാണ് കേസുകളെല്ലാം തീർപ്പാക്കി സാങ്കേതിക പിഴവുകൾ പരിഹരിച്ചുകൊണ്ട് ഒരു പുതിയ ഡിസൈനിൽ നിർമ്മാണം പൂർത്തീകരിച്ചത്. ഇരുപത്തിയഞ്ച് വർഷം മുമ്പ് തയ്യാറാക്കിയ ഡിസൈനാണ്. മാത്രമല്ല അന്നത്തെ കണക്കനുസരിച്ചുള്ള വാഹനങ്ങളല്ല ഇപ്പോഴുള്ളത്; വാഹനങ്ങളുടെ എണ്ണം വളരെയധികം വർദ്ധിച്ചു. തിരുവല്ല ടൗണിൽ തുടർച്ചയായുണ്ടായിരുന്ന ട്രാഫിക് ജാം ഈ ബൈപാസ് വന്നതിനുശേഷം ഒഴിവായിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചപ്പോൾ,

എം.സി. റോഡിൽ രാമഞ്ചിറയും മഴുവങ്ങാടും ഉൾപ്പെടെ മറ്റ് നാല് സ്ഥലങ്ങളുംകൂടി ചേർത്ത് ആറ് പുതിയ ജംഗ്ഷനുകൾ രൂപപ്പെട്ടു. ഈ ജംഗ്ഷനുകൾ അപകടങ്ങൾക്ക് ഒരു കാരണമാണ്. ഡിസൈനിൽവന്ന പിഴവുകൾമൂലം സംസ്ഥാനത്തെ ഒരു മന്ത്രിയുടെ വാഹനമടക്കം അപകടത്തിൽപ്പെട്ടിട്ടുണ്ട്; നിരവധിപേർ മരണപ്പെട്ടിട്ടുമുണ്ട്. എം.എൽ.എ.-യുടെ ആസ്തി വികസ ഫണ്ടിൽനിന്ന് തുക ചെലവഴിച്ച് പ്രധാന ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലാമ്പുകൾ സ്ഥാപിച്ചെങ്കിലും ഇപ്പോഴും അവിടെ അപകടങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കെ.എസ്.ടി.പി. (കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്)-യാണ് നിർമ്മാണ പ്രവൃത്തികൾ നടത്തിയത്. നിർമ്മാണം പൂർത്തീകരിച്ച സമയത്ത്, ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണം കെ.എസ്.ടി.പി.-യുടെ റോഡ് സേഫ്റ്റി വിംഗ് അവിടെ ഇൻസ്പെക്ഷൻ നടത്തുകയും പ്രത്യേകമായ റോഡ് സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനായി നിർമ്മാണ പ്രവൃത്തിയിൽ ചില നിർദ്ദേശങ്ങൾ/പരിഹാര നടപടികൾ മുന്നോട്ടുവയ്ക്കുകയുമുണ്ടായി. ഇപ്പോൾ റോഡ് പി.ഡബ്ല്യു.ഡി.-യുടെ കൈവശമാണ്. കെ.എസ്.ടി.പി. തയ്യാറാക്കിയ ഈ പ്രോജക്ട് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ടെന്നാണ് ഞാൻ

മനസ്സിലാക്കുന്നത്. നിർമ്മാണപ്രവർത്തനങ്ങൾക്കായി അറുപത് ലക്ഷം രൂപ ആവശ്യമായിവരും. ഇവിടെ നിരന്തരമായുണ്ടാകുന്ന അപകടങ്ങൾ പരിഹരിക്കുന്നതിനും അപകട മരണങ്ങൾ ഇല്ലാതാക്കുന്നതിനുംവേണ്ടി കെ.എസ്.ടി.പി. റോഡ് സേഫ്റ്റി വിംഗ് തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കാൻ തയ്യാറാകണം. ഈ ബൈപാസിലുണ്ടാകുന്ന അപകടങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് സത്വര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം ഉന്നയിച്ച വിഷയം വളരെ പ്രധാനപ്പെട്ട ഒന്നാണ്. മഴുവങ്ങാട് നിന്നാരംഭിച്ച് രാമഞ്ചിറയിൽ അവസാനിക്കുന്ന തിരുവല്ല ബൈപാസിലെ ആറ് ജംഗ്ഷനുകളിൽ കെ.എസ്.ടി.പി. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ അറുപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി പരിശോധിച്ചുവരികയാണ്. തിരുവല്ല ബൈപാസിൽ അപകടങ്ങൾ കുറയ്ക്കാനുള്ള പദ്ധതി നടപ്പിലാക്കണമെന്നുതന്നെയാണ് പൊതുമരാമത്ത് വകുപ്പിന്റെ താൽപര്യം. റോഡ് സുരക്ഷാ

പദ്ധതികളിലുൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാനുള്ള എല്ലാ ശ്രമവും വകുപ്പ് നടത്തുന്നതാണ്.

(10) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ വിവിധ റോഡ് പ്രവൃത്തികൾ

ശ്രീ. നജീബ് കാന്തപുരം: സർ, നേരത്തെ ശ്രദ്ധക്ഷണിക്കലിൽ ബഹുമാന്യയായ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി മലപ്പുറം ജില്ലയിലെ നിരവധി കാര്യങ്ങളെക്കുറിച്ച് അക്കമിട്ട് പറയുകയുണ്ടായി. എണ്ണത്തിന്റെ കാര്യത്തിൽ വളരെ ഉഷാറാണെങ്കിലും പ്രവർത്തന രംഗത്ത് എല്ലാ വകുപ്പുകളും ഒരുപോലെയാണെന്നതാണ് സങ്കടകരമായ കാര്യം. വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയുടെ പേരിൽ നിയോജകമണ്ഡലങ്ങളിൽ നിരവധി പദ്ധതികൾ മുടങ്ങിക്കിടക്കുന്ന അവസ്ഥയാണുള്ളത്. പ്രധാനമായും പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളുമായി ബന്ധപ്പെട്ട് നടക്കുന്ന തർക്കങ്ങളും പ്രശ്നങ്ങളും കാരണം എന്റെ നിയോജകമണ്ഡലത്തിലെ വട്ടപ്പറമ്പ്-പാറക്കണ്ണി വില്ലേജ് ഓഫീസ് റോഡ്, ആനമങ്ങാട്-മണലായ-മുതുകുറിശ്ശി റോഡ്, പാലക്കാട്-പെരിന്തൽമണ്ണ റോഡ്, പുലാമന്തോൾ-മേലാറ്റൂർ റോഡ് എന്നിവയുടെയെല്ലാം പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. വകുപ്പുകൾ തമ്മിൽ ഏകോപിപ്പിക്കുന്നതിനുവേണ്ടി ജലസേചന വകുപ്പുമായി ബന്ധപ്പെട്ട

നിരവധി യോഗങ്ങൾ നിരന്തരമായി നടക്കുന്നുണ്ട്. പക്ഷേ റെസ്റ്റോറേഷൻ വർക്കുമായി ബന്ധപ്പെട്ട തർക്കങ്ങൾ ഒരു തരത്തിലും പരിഹരിക്കാൻ കഴിയാത്തവിധം ഉദ്യോഗസ്ഥർ പിടിവാശി കാണിക്കുകയാണ്. രണ്ട് രാജ്യങ്ങൾ തമ്മിലുള്ള യുദ്ധമാണോയെന്നാണ് ഉദ്യോഗസ്ഥരുടെ മീറ്റിംഗ് വിളിച്ചാൽ നമുക്ക് തോന്നുന്നത്. അത്തരത്തിൽ ഈഗോയിസ്റ്റുകളായ ഉദ്യോഗസ്ഥർ പരസ്പരം ഏറ്റുമുട്ടുന്ന പ്രയാസകരമായ സാഹചര്യമാണുള്ളത്. ജനങ്ങളെ സംബന്ധിച്ച് ചെറിയ പ്രശ്നമല്ല ഇതുണ്ടാക്കുന്നത്. ഒന്നുംരണ്ടും വർഷങ്ങൾ കഴിഞ്ഞിട്ടും റോഡ് പ്രവൃത്തി യാതൊരു തരത്തിലും തുടങ്ങാൻ കഴിയാതെ ബുദ്ധിമുട്ടുന്ന പല റോഡുകളുമുണ്ട്. അതിലൊരു റോഡാണ് ഞാൻ നേരത്തെ സൂചിപ്പിച്ച മണലായ-മുതുകുറിശ്ശി റോഡ്. രണ്ട് വർഷമായി ആ റോഡ് പൂർണ്ണമായും തകർന്ന് ജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്തവിധമായിരിക്കുകയാണ്. ഇപ്പോൾ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം നടക്കുന്ന ഈ പ്രദേശങ്ങളിലെല്ലാം വലിയ കുഴികൾ രൂപപ്പെട്ടിരിക്കുകയാണ്. ഒരു മഴ പെയ്താൽ കുളവും വെയിൽ തുടങ്ങിയാൽ പൊടിമയവുമാകുന്ന സ്ഥിതിയാണുള്ളത്. ജനങ്ങൾക്ക് ജീവിക്കാൻ കഴിയാതായിരിക്കുന്നു. ഒരുപാട് ആളുകൾ രോഗബാധിതരായിരിക്കുകയാണ്. ഇത് പൊലിപ്പിച്ച് പറയുന്ന കാര്യമല്ല. ഇതിന്റെ ഭാഗമായി ധാരാളം കുട്ടികളും

വൃദ്ധരും രോഗികളായിത്തീരുന്ന സാഹചര്യമുണ്ട്. റോഡ് പണി തുടങ്ങിയാൽ ആളുകളെയെല്ലാം ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകേണ്ട സാഹചര്യമാണുള്ളത്. അത്തരത്തിൽ ഒരു പരിഹാരവുമില്ലാതെ നീണ്ടുപോകുന്ന നിരവധി റോഡ് പ്രവൃത്തികൾ നമ്മുടെ നാട്ടിലുണ്ട്. അതുകൊണ്ട് ഈ കണക്കുകൾക്കെല്ലാമപ്പുറത്ത് യാഥാർത്ഥ്യങ്ങൾ പ്രവൃത്തിയായി രൂപപ്പെടുന്ന സാഹചര്യമുണ്ടാക്കുന്നതിനായി വകുപ്പുകളുടെ ഏകോപനത്തിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? അതുപോലെ പി.ഡബ്ല്യു.ഡി.-ക്ക് കോ-ഓർഡിനേറ്റിംഗ് വർക്ക് ചെയ്യുന്നതിനായി ഒരു നിയോജകമണ്ഡലത്തിൽ ഒരുദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉദ്യോഗസ്ഥന് ബന്ധപ്പെട്ട വകുപ്പിന്റെ കാര്യം പറയാമെന്നല്ലാതെ വകുപ്പുകളെ ഏകോപിപ്പിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് വകുപ്പുകൾ തമ്മിൽ ഏകോപിപ്പിക്കാൻ കഴിയുന്ന ഒരുദ്യോഗസ്ഥനെ ചുമതലപ്പെടുത്തി പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ സാധിക്കുമോ?

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, റോഡ് പ്രവൃത്തിയും ജലവിതരണ

പൈപ്പ്‌ലൈനിടലും ഒരുമിച്ച് വരുമ്പോഴുണ്ടാകുന്ന ചില പ്രശ്നങ്ങളാണ് ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ. സബ്മിഷനിലൂടെ അവതരിപ്പിച്ചത്. അദ്ദേഹം ചൂണ്ടിക്കാട്ടിയ റോഡുകളിൽ രണ്ട് റോഡുകളുടെ പ്രവൃത്തി പുനരാരംഭിക്കാൻ കഴിയുന്ന ഘട്ടത്തിലേയ്ക്കെത്തുകയാണ്. ആനമങ്ങാട്-മണലായ-മുതുകുറിശ്ശി റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയും പ്രവൃത്തി കരാറുകാരന് കൈമാറുകയും ചെയ്തു. ഉടൻതന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്. ആനമങ്ങാട്-പെരിന്തൽമണ്ണ റോഡ്/പാലക്കാട്-പെരിന്തൽമണ്ണ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തിക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ഉടൻ പ്രവൃത്തി ആരംഭിക്കാൻ കഴിയും. 2019-20-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ വട്ടപ്പറമ്പ്-പാറക്കണ്ണി വില്ലേജ് ഓഫീസ് റോഡ് 0/000 മുതൽ 2/410 വരെ ബി.എം.&ബി.സി. ചെയ്ത് നവീകരിക്കുന്ന പ്രവൃത്തിക്ക് കരാർ നൽകിയിട്ടുണ്ട്. ഇവിടെയും വാട്ടർ അതോറിറ്റി പ്രവൃത്തി നിർദ്ദേശിച്ചിട്ടുണ്ട്. റെസ്റ്റോറേഷൻ ചാർജ് അടയ്ക്കാൻ ആവശ്യപ്പെട്ടെങ്കിലും അടച്ചിട്ടില്ല. റോഡ് പ്രവൃത്തി ഉടൻതന്നെ ആരംഭിക്കേണ്ടിവരുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. മേലാറ്റൂർ-പുലാമന്തോൾ റോഡ് പ്രവൃത്തി കെ.എസ്.ടി.പി.-യാണ് നടത്തുന്നത്. കേരള

വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാനാണ് കെ.എസ്.ടി.പി.-ക്ക് നൽകിയിരിക്കുന്ന നിർദ്ദേശം. വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പുമായുള്ള ഏകോപനം ശക്തിപ്പെടുത്തിയാണ് മുന്നോട്ടുപോകുന്നത്. പരസ്പരം ചർച്ച ചെയ്ത് പരമാവധി പ്രശ്നങ്ങൾ പരിഹരിക്കാറുണ്ട്. കഴിഞ്ഞ ഒരു വർഷത്തെ അനുഭവത്തിന്റെകൂടി പശ്ചാത്തലത്തിൽ പ്രവൃത്തികളിൽ ഏകോപനം ശക്തമാക്കാനുള്ള നടപടികളോടുകൂടിയ ഒരുത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

12.37 p.m]

V ധനകാര്യം

2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ

കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

		ബഡ്ജറ്റ് എസ്റ്റിമേറ്റ് 2023-2024		
		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക		
ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	റവന്യൂ (₹)	മൂലധനം (₹)	ആകെ (₹)
(1)	(2)	(3)	(4)	(5)
V	ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും	398,56,26,000	-	398,56,26,000
VI	ഭൂനികുതി	803,55,39,000	-	803,55,39,000
VII	മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും	303,32,81,000	-	303,32,81,000
XI	ജില്ലാഭരണവും പലവകയും	854,55,16,000	-	854,55,16,000
XXI	ഭവനനിർമ്മാണം	76,24,31,000	61,36,01,000	137,60,32,000
XXVI	പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്	1284,66,00,000	-	1284,66,00,000
XXVIII	പലവക സാമ്പത്തിക സർവ്വീസുകൾ	264,34,64,000	4232,25,08,000	4496,59,72,000

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ചെയർമാൻ: ഏഴ് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്. ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ V - ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വില വർദ്ധനവിന് ഇടയാക്കുന്നതായി പറയപ്പെടുന്നതിനാൽ, പെട്രോളിനും ഡീസലിനും സെസ്സ് ഏർപ്പെടുത്താനുള്ള നിർദ്ദേശം പിൻവലിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഐ.ജി.എസ്.ടി. വിഹിതം നേടുന്നതിൽ വരുത്തിയ വീഴ്ചമൂലം ഖജനാവിന് നഷ്ടമുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചെക്ക് പോസ്റ്റുകളിൽ സ്ഥാപിച്ച

ഓട്ടോമാറ്റിക് ഇന്റലിജൻസ് ക്യാമറകൾ പ്രവർത്തിക്കാത്തതിനാലും ഇ-വേ ബിൽ പരിശോധന നടക്കാത്തതിനാലും നികുതി നഷ്ടം വന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തിന് കൂടുതൽ നികുതി വിഹിതം ലഭ്യമാക്കാൻ ജി.എസ്.ടി. കൗൺസിലിൽ ഇടപെടൽ നടത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പറയപ്പെടുന്ന തെറ്റായ ധനകാര്യ മാനേജ്മെന്റ്, നികുതി പിരിവിലെ കെടുകാര്യസ്ഥത എന്നിവമൂലം

ഉണ്ടായതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഉണ്ടായതായി പറയപ്പെടുന്ന ധൂർത്തുകളും ദുർചെലവുകളും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തിന് ലഭിക്കാനുള്ള നികുതി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാതെ ജനങ്ങൾക്ക് മേൽ നികുതി ഭാരം അടിച്ചേൽപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പാലുൽപ്പന്നങ്ങളുടെ ജി.എസ്.ടി. വർദ്ധിപ്പിച്ച തീരുമാനത്തിൽ ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനം എതിർപ്പ് രേഖപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ആംനെസ്റ്റി സ്കീമുകൾ തുടർച്ചയായി പരാജയപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി

കുറവുചെയ്യേണ്ടതാണ് (അരിയുടെ ജി.എസ്.ടി. ഉയർത്തുന്ന വിഷയത്തിൽ ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനം എതിർപ്പ് രേഖപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീമതി കെ. കെ. രമ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിലുള്ള 2043-00-001-97-02(5) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 31,96,000 രൂപ നീക്കം ചെയ്യേണ്ടതാണ് (പി.എസ്.സി.യെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും ഒഴിവാക്കി താൽക്കാലിക നിയമനങ്ങളും പിൻവാതിൽ നിയമനങ്ങളും നടത്തുന്നതിനായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപയിൽനിന്ന് നൂറ് രൂപ

കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കുറുക്കോളി മൊയ്തീൻ
2. ശ്രീ. എൻ. ഷംസുദ്ദീൻ
3. ശ്രീ. പി. ഉബൈദുള്ള
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. നജീബ് കാന്തപുരം

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റീ സർവ്വെ നടപടികൾ പൂർത്തീകരിക്കാതെ നീട്ടിക്കൊണ്ടു പോകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭ്രനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മലയോര മേഖലകളിൽ ദീർഘനാളായി താമസിച്ചു വരുന്നവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഭ്രനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനായി നൽകുന്ന അപേക്ഷകളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഭ്രനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പുറംപോക്കു ഭ്രമിയിലെ കൈയേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഭ്രനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റീ സർവ്വെ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതായും ഭ്രനികുതി ഈടാക്കുന്നതിന് വില്ലേജ് ഓഫീസർ വിമുഖത കാണിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഭ്രനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭ്രമിക്ക് ന്യായവില ഏർപ്പെടുത്തിയ നാൾ മുതൽ നാളിതുവരെ ന്യായവിലയിൽ 120 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടുള്ളതായും എന്നാൽ വീണ്ടും ന്യായവില വർദ്ധനവ് നടത്തി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഭ്രനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ റവന്യൂ ഓഫീസുകളുടെ

കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (യൂണിക് തണ്ടപ്പേർ സംവിധാനം ഏർപ്പെടുത്തുമ്പോൾ ഭൂരേഖകൾ ദുരുപയോഗം ചെയ്യപ്പെടുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടയഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രളയ ഫണ്ട് കൈകാര്യം ചെയ്തതിൽ

ക്രമക്കേട് നടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരികെ പിടിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സിൽവർലൈൻ പദ്ധതിക്കായി വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിൽ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റവന്യൂ വകുപ്പിന്റെ പ്രവർത്തനം

സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഭ്രൂനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തീരദേശവാസികളുടെ താമസ സ്ഥലത്തിന് പട്ടയം നൽകുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ഭ്രൂനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ശ്രീ. പി. ഉബൈദുള്ള
5. ശ്രീ. കുറുക്കോളി മൊയ്തീൻ
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. നജീബ് കാന്തപുരം

ധനാഭ്യർത്ഥന നമ്പർ VII – മുദ്രപത്രങ്ങളും രജിസ്ട്രേഷനും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്വന്തമായി കെട്ടിടമില്ലാത്ത സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അണ്ടർ വാല്യുവേഷന്റെ പേരിൽ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായി പറയപ്പെടുന്ന വിഷയം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഫ്ലാറ്റ്/അപ്പാർട്ട്മെന്റ് എന്നിവ കൈമാറ്റം ചെയ്യുന്നതിനുള്ള മുദ്രവില നിരക്കുകൾ വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന നിർദ്ദേശം പിൻവലിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗഹാനുകളും

ഗഹാൻ ഒഴിവുകുറികളും ഫയൽ ചെയ്യുന്നതിന് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതായി പറയപ്പെടുന്ന സർവ്വീസ് ചാർജ് പിൻവലിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമിയുടെ ന്യായവില വർദ്ധിപ്പിക്കുന്നതുമൂലം ഭൂരഹിതരായവർക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമിയുടെ ന്യായവില ഉയർത്തുന്നതായി പറയപ്പെടുന്നതിനാൽ ക്രയവിക്രയങ്ങൾ കുറയുകയും നികുതി വരുമാനം കുറയുകയും ചെയ്യാനുള്ള സാധ്യത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
2. ശ്രീ. എൻ. ഷംസുദ്ദീൻ
3. ശ്രീ. പി. ഉബൈദുള്ള
4. ശ്രീ. യു. എ. ലത്തീഫ്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. കുറുക്കോളി മൊയ്തീൻ
7. ശ്രീ. നജീബ് കാന്തപുരം
8. ശ്രീ. എ. കെ. എം. അഷ്റഫ്
9. ശ്രീമതി കെ. കെ. രമ
10. ശ്രീ. പി. സി. വിഷ്ണുനാഥ്
11. ശ്രീ. എം. വിൻസെന്റ്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. അൻവർ സാദത്ത്
14. ശ്രീ. സി. ആർ. മഹേഷ്
15. ശ്രീ. ടി. ജെ. വിനോദ്

16. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

17. ശ്രീമതി ഉമ തോമസ്

18. ശ്രീ. സജീവ് ജോസഫ്

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അനധികൃത മണൽകടത്ത് തടയാൻ റവന്യൂ അധികാരികൾ ഫലപ്രദമായ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പാട്ടവ്യവസ്ഥകൾ ലംഘിച്ച്, ദീർഘകാലമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജനസംഖ്യയ്ക്കനുസൃതമായി താലൂക്കുകളും വില്ലേജുകളും വിഭജിക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനർഹർ കൈക്കലാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകളെ സമീപിക്കുന്ന സാധാരണക്കാരോട് ചില സർക്കാർ ഉദ്യോഗസ്ഥർ നിഷേധാത്മക നിലപാട് സ്വീകരിക്കുന്നതായും അത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
2. ശ്രീ. ടി. വി. ഇബ്രാഹിം
3. ശ്രീ. യു. എ. ലത്തീഫ്
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. പി. ഉബൈദുള്ള
7. ശ്രീ. കുറുക്കോളി മൊയ്തീൻ
8. ശ്രീ. നജീബ് കാന്തപുരം
9. ശ്രീ. എ. കെ. എം. അഷ്റഫ്
10. ശ്രീമതി കെ. കെ. രമ
11. ശ്രീ. ടി. ജെ. വിനോദ്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സണ്ണി ജോസഫ്

14. ശ്രീ. പി. സി. വിഷ്ണുനാഥ്

15. ശ്രീ. സജീവ് ജോസഫ്

16. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

17. ശ്രീ. എം. വിൻസെന്റ്

18. ശ്രീമതി ഉമ തോമസ്

19. ശ്രീ. സി. ആർ. മഹേഷ്

ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചെലവു കുറഞ്ഞ ഭവനനിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന

ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന്റെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഭവനനിർമ്മാണ ബോർഡിനെ ഏൽപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സഹായങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ

ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലൈഫ് ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിലെ അഴിമതി അന്വേഷിച്ച് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭവനനിർമ്മാണ സാമഗ്രികളിലെ വിലക്കയറ്റം തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഇരട്ട വീടുകൾ ഒറ്റ വീടാക്കി പുനരുദ്ധാരണം നടത്തുന്ന പദ്ധതിയിലുണ്ടായിട്ടുള്ള വലിയ കാലതാമസംമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇ.എം.എസ്. ഭവന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിച്ച ഭവനനിർമ്മാണ ബോർഡിനെ ലൈഫ് ഭവന പദ്ധതിയിൽനിന്ന് ഒഴിവാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
2. ശ്രീ. എൻ. ഷംസുദ്ദീൻ
3. ശ്രീ. ടി. വി. ഇബ്രാഹിം
4. ശ്രീ. പി. ഉബൈദുള്ള
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. യു. എ. ലത്തീഫ്
7. ശ്രീ. കുറുക്കോളി മൊയ്തീൻ

8. ശ്രീ. നജീബ് കാന്തപുരം

9. ശ്രീ. എ. കെ. എം. അഷ്റഫ്

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

12. ശ്രീ. പി. സി. വിഷ്ണുനാഥ്

13. ശ്രീ. ടി. ജെ. വിനോദ്

14. ശ്രീ. സണ്ണി ജോസഫ്

15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

16. ഡോ. മാത്യു കുഴൽനാടൻ

17. ശ്രീ. സജീവ് ജോസഫ്

18. ശ്രീ. സി. ആർ. മഹേഷ്

19. ശ്രീമതി ഉമ തോമസ്

ധനാഭ്യർത്ഥന നമ്പർ XXVI-പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരന്ത നിവാരണത്തിനു ലഭിക്കുന്ന തുക വകമാറ്റി

ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരന്ത നിവാരണ അതോറിറ്റി സംഘടിപ്പിച്ച മോക്ഡ്രില്ലിൽ യുവാവ് മുങ്ങി മരിച്ച സംഭവം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരന്ത നിവാരണ അതോറിറ്റിയുടെ മോക്ഡ്രില്ലിൽ യുവാവ് മരിച്ച സംഭവത്തിൽ ഉദ്യോഗസ്ഥർക്കുണ്ടായതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭംമൂലം, ഭവനത്തിനോ വസ്തുവകകൾക്കോ സംഭവിക്കുന്ന നാശനഷ്ടത്തിനുള്ള നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നത് അനന്തമായി നീട്ടി ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള

ധനസഹായം അനർഹരായവർ തട്ടിയെടുത്തതായി പറയപ്പെടുന്ന സംഭവത്തിൽ ഉത്തരവാദികളായവരെ കണ്ടെത്തി നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭംമൂലം ദുരിതമനുഭവിക്കുന്നവർക്ക് യഥാസമയം നഷ്ടപരിഹാരം നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രളയ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച തുക വകമാറ്റി ചെലവഴിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. കുറുക്കോളി മൊയ്തീൻ
3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
5. ശ്രീ. പി. ഉബൈദുള്ള
6. ശ്രീ. ടി. വി. ഇബ്രാഹിം
7. ശ്രീ. നജീബ് കാന്തപുരം
8. ശ്രീ. എ. കെ. എം. അഷ്റഫ്
9. ശ്രീ. യു. എ. ലത്തീഫ്
10. ശ്രീമതി കെ. കെ. രമ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീമതി ഉമ തോമസ്
13. ശ്രീ. അൻവർ സാദത്ത്

14. ശ്രീ. ടി. ജെ. വിനോദ്

15. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

16. ശ്രീ. സണ്ണി ജോസഫ്

17. ശ്രീ. സജീവ് ജോസഫ്

18. ശ്രീ. പി. സി. വിഷ്ണുനാഥ്

19. ശ്രീ. എം. വിൻസെന്റ്

ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. നജീബ് കാന്തപുരം: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം ഫലപ്രദമല്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മസാല ബോണ്ട് വഴി സമാഹരിച്ച തുക, വിവിധ ന്യൂജെൻ ബാങ്കുകളിൽ കുറഞ്ഞ

പലിശ നിരക്കിൽ നിക്ഷേപിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി 50,000 കോടി രൂപയുടെ പദ്ധതി പൂർത്തിയാക്കുമെന്ന് അവകാശപ്പെട്ടിരുന്നെങ്കിലും 6200 കോടി രൂപയുടെ പദ്ധതി മാത്രമാണ് പൂർത്തീകരിച്ചതെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബിയുടെ പ്രധാന വരുമാന സ്രോതസ്സ് സംസ്ഥാന സഞ്ചിത നിധിയിൽ നിന്നാണെന്ന് പറയപ്പെടുന്നതിനാൽ സി.ആൻഡ്.എ.ജി. നിയമത്തിന്റെ 20(2) പ്രകാരം ഓഡിറ്റ് നടത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബിയുടെ ഓഫീസ് പ്രവർത്തനങ്ങൾക്കായി വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബഡ്ജറ്റിന് പുറത്ത് കിഫ്ബി മുഖേന വൻതോതിൽ കടമെടുക്കുകയും തിരിച്ചടവ് ബാധ്യതയായി സാധാരണക്കാരനുമേൽ അടിച്ചേൽപ്പിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി വായ്പയുടെ തിരിച്ചടവിനായി തുടർച്ചയായ രണ്ടാം വർഷവും മോട്ടോർ വാഹന

നികുതി വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
2. ശ്രീ. എൻ. ഷംസുദ്ദീൻ
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. പി. ഉബൈദുള്ള
5. ശ്രീ. കുറുക്കോളി മൊയ്തീൻ
6. ശ്രീ. ടി. വി. ഇബ്രാഹിം
7. ശ്രീ. യു. എ. ലത്തീഫ്
8. ശ്രീ. നജീബ് കാന്തപുരം
9. ശ്രീ. എ. കെ. എം. അഷ്റഫ്
10. ശ്രീമതി കെ. കെ. രമ

11. ശ്രീ. സണ്ണി ജോസഫ്

12. ശ്രീ. അൻവർ സാദത്ത്

13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

14. ശ്രീ. ടി. ജെ. വിനോദ്

15. ഡോ. മാത്യു കുഴൽനാടൻ

16. ശ്രീ. സജീവ് ജോസഫ്

17. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

18. ശ്രീ. എം. വിൻസെന്റ്

19. ശ്രീ. സി. ആർ. മഹേഷ്

20. ശ്രീമതി ഉമ തോമസ്

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുമ്പോഴും നമ്മുടെ സംസ്ഥാനത്ത് ജനങ്ങൾക്ക് ഉയർന്ന ജീവിത നിലവാരം ഉറപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സാക്ഷരതാ നിരക്ക്, ജീവിതദൈർഘ്യം, കുറഞ്ഞ ശിശുമരണ നിരക്ക് എന്നിവയിലെല്ലാം അഖിലേന്ത്യാ ശരാശരിയെക്കാൾ മുന്നിലാണ് കേരളം. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന സൂചികയിൽ രാജ്യത്തിന്റെ സ്കോർ 65 ശതമാനമാണെങ്കിൽ കേരളത്തിന്റേത് 75 ആണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റിൽ അവതരിപ്പിച്ച പ്രധാനപ്പെട്ട ഒന്നുരണ്ട് കാര്യങ്ങളാണ്

ഞാനിവിടെ സൂചിപ്പിക്കുന്നത്. 13 വർഷം കഴിയുമ്പോൾ കേരളത്തിലെ ജനസംഖ്യയിൽ അഞ്ചിലൊരാൾ വൃദ്ധനായിരിക്കുമെന്നാണ് ജനന-മരണനിരക്ക് പരിശോധിച്ചാൽ മനസ്സിലാകുന്നത്. അതിനർത്ഥം 84 ലക്ഷം വയോധികർ കേരളത്തിലുണ്ടാകുമെന്നാണ്. നിലവിൽ അവരുടെ സംരക്ഷണം ഉറപ്പാക്കുന്നത് 15-നും 59-നുമിടയിൽ പ്രായമുള്ള ഇക്കോണമിക് എയ്ജുകാരാണ്. ഇവരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഈ ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നുവെന്ന സൂചനയാണ് അതിലുള്ളത്. അതിനാൽ വയോജന സംരക്ഷണമുറപ്പാക്കാൻ കെയർ ഇക്കോണമിയിലേയ്ക്ക് പണം കണ്ടെത്തിയേ മതിയാകൂ. കേന്ദ്ര ഗവൺമെന്റ്, കിഫ്ബിയുടെ ബാധ്യതയെ സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി പരിഗണിച്ച് നമ്മുടെ കടമെടുക്കാനുള്ള ശേഷിയെ പരിമിതപ്പെടുത്തുക മാത്രമല്ല പദ്ധതിവിഹിതവും വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. വായ്പാപരിധി ഒരു ശതമാനം വർദ്ധിപ്പിക്കാൻപോലും അവർ തയ്യാറല്ലാത്ത സ്ഥിതിക്ക് ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയുന്നത് എങ്ങനെയാണ്? ഏകദേശം 62 ലക്ഷം പാവപ്പെട്ടവർക്ക് 1600 രൂപ ക്ഷേമ പെൻഷൻ നൽകുന്നതിന് രണ്ടുരൂപാ നിരക്കിൽ സാമൂഹ്യ സുരക്ഷാ സെസ്സ് ഏർപ്പെടുത്തിയപ്പോൾ ബി.ജെ.പി.-യുമായി ഒത്തുചേർന്ന് യു.ഡി.എഫ്. നടത്തിയ സമരാഭാസം

കേരളം കണ്ടതാണ്. ഇതാണോ യു.ഡി.എഫ്.-ന്റെ ക്രിയാത്മകമായ പിന്തുണ; ഈ സാമ്പത്തിക ഞെരുക്കം പ്രതിപക്ഷവുംകൂടി കാണേണ്ടതും മനസ്സിലാക്കേണ്ടതുമല്ലേ? കേരളത്തിന്റെ ലീക്കേജ് ഇക്കോണമിയാണ് രണ്ടാമത്തെ പ്രശ്നം. ഒരു വർഷം അന്യസംസ്ഥാനങ്ങളിൽനിന്നും മറ്റുമായി ഒന്നേകാൽലക്ഷം കോടി രൂപയിലേറെ സാധനങ്ങൾ കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നുണ്ട്. എന്നാൽ കയറ്റുമതി ചെയ്യുന്നതിൽനിന്നും 74,000 കോടി രൂപ മാത്രമാണ് ലഭിക്കുന്നത്. ഇറക്കുമതിക്കാനുപാതികമായി ഖജനാവിലേയ്ക്ക് വരുന്ന നികുതിയിലുണ്ടാകുന്ന ചോർച്ച തടയാനാവശ്യമായ ഇടപെടൽ ധനമന്ത്രാലയത്തിൽ നിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആഭ്യന്തര വരുമാനത്തിന്റെ ഗണ്യമായ ചോർച്ച തടയാൻ 'മേക്ക് ഇൻ കേരള പദ്ധതി' പ്രഖ്യാപിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു.

പ്രതിപക്ഷത്തുനിന്നും ശ്രീ. പി. സി. വിഷ്ണുനാഥ് ഏഷ്യാനെറ്റുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് ഇന്ന് റൂൾ 50 പ്രകാരം അവതരിപ്പിച്ചത്. കഴിഞ്ഞദിവസം ചാനലുകാരുടെ ചോദ്യത്തിനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മറുപടി പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ ബി.ബി.സി. റെയ്ഡും സംസ്ഥാന ക്രൈംബ്രാഞ്ചിന്റെ ഏഷ്യാനെറ്റ് റെയ്ഡും

ഒന്നാണെന്നാണ് പ്രചരിപ്പിക്കുന്നത്. അതുരണ്ടും ഒന്നാണോ; പ്രതിപക്ഷത്തിന് അതറിയില്ലേ? ബഹുമാന്യ പ്രതിപക്ഷനേതാവും പ്രതിപക്ഷകക്ഷികളും ഒരുകാര്യം മനസ്സിലാക്കുന്നത് നല്ലതാണ്. ഗുജറാത്ത് കലാപത്തിനിടയിൽ മതന്യൂനപക്ഷങ്ങളായ മുസ്ലീം സമുദായത്തിൽപ്പെട്ട രണ്ടായിരത്തോളംപേരെയാണ് അവർ കശാപ്പുചെയ്യുകയും കൂട്ടത്തോടെ ചുട്ടെരിക്കുകയും പാവപ്പെട്ട മുസ്ലീം സഹോദരിമാരെ കൂട്ടബലാത്സംഗത്തിന് ഇരയാക്കുകയും ചെയ്തത്. അതിനുപുറകിൽ പ്രവർത്തിച്ച, മതഭ്രാന്തിന് നേതൃത്വം കൊടുത്ത ആർ.എസ്.എസ്., ബി.ജെ.പി., വിശ്വഹിന്ദു പരിഷത്ത്, ബജ്റംഗ് ദൾ എന്നിവയ്ക്കൊപ്പം ശ്രീ. നരേന്ദ്ര മോദിയുടെ അദൃശ്യകരങ്ങളുമുണ്ടെന്ന ചരിത്രസത്യം വെളിപ്പെടുത്തിയത് ബി.ബി.സി.യാണ്. ആ ബി.ബി.സി.-യെ അടച്ചുപൂട്ടുന്നതിനാണ് റെയ്ഡ് നടത്തിയത്. ഇ.ഡി.-യുടെയും സംസ്ഥാന ക്രൈംബ്രാഞ്ചിന്റെയും അന്വേഷണങ്ങൾ ഒന്നാണോ? സ്വന്തം ആഫീസിലെ ജീവനക്കാരിയുടെ പ്രായപൂർത്തിയാകാത്ത മകളെ മാനസിക സമ്മർദ്ദത്തിലാക്കി എൽ.ഡി.എഫ്.-നെതിരെ സംസാരിപ്പിച്ച മാധ്യമവിരുദ്ധ ധർമ്മമല്ലേ ഏഷ്യാനെറ്റ് നിർവ്വഹിച്ചത്. നേരുംനെറിയുമില്ലാത്ത ഇത്തരക്കാർക്കുവേണ്ടി കൂട്ടുനിൽക്കുന്നയാളുകളെ നാട്ടിൻപുറത്തുകാർ വിളിക്കുന്ന ഒരു പേരുണ്ട്.

പാർലമെന്റിൽ ആ പദം ഇപ്പോഴും നിരോധിക്കപ്പെട്ടിട്ടില്ല. പക്ഷേ സഭയുടെ അന്തസ്സ് മാനിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഞാൻ ആ പേര് വിളിക്കുന്നില്ല.

'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ രേഖയും ഡിജിറ്റൽ' എന്ന മുദ്രാവാക്യവുമായി റവന്യൂ വകുപ്പ് മുന്നോട്ടുപോകുകയാണ്. ഒരു വർഷം 27000 പട്ടയങ്ങൾ നൽകാനാണ് തീരുമാനിച്ചിരുന്നതെങ്കിൽ 54535 പട്ടയങ്ങൾ നൽകാൻ സാധിച്ചു. നാല്പതിനായിരത്തിലേറെ പട്ടയങ്ങൾ നൽകാൻ ബാക്കിയുണ്ട്. ഒരു റേഷൻ കാർഡാണ് ഒരു കുടുംബം എന്ന നിലയിൽ പരിഗണിക്കപ്പെടുന്നതെങ്കിൽ 9292398 കുടുംബങ്ങളുണ്ടെന്നാണ് നിലവിലുള്ള കണക്ക്. അവർക്ക് മൂന്ന് സെന്റ് സ്ഥലം വീതം അനുവദിക്കണമെങ്കിൽ 10500 ഏക്കർ ഭൂമിയെങ്കിലും കേരളത്തിലുണ്ടാകണം. അതുപോലെ ലൈഫ് മിഷനിലൂടെ വീടിനായി അപേക്ഷ സമർപ്പിച്ച 341000 പേർക്കും ഭൂമി കണ്ടെത്തണം. അതിനായി വിവിധ ലാൻഡ് ബോർഡുകളിലായുള്ള 1342 കേസുകൾ തീർപ്പാക്കിക്കൊണ്ട് 23000 ഏക്കർ ഭൂമി വീണ്ടെടുക്കാൻ റവന്യൂ വകുപ്പിന് സാധിക്കുന്നതാണ്. റവന്യൂ വകുപ്പിന്റെ അത്തരം പ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കി 50

വർഷം കഴിഞ്ഞിട്ടും പരിധിയിൽക്കൂടുതൽ ഭൂമി കൈവശം വച്ചനുഭവിക്കുന്നവർ കേരളത്തിലുണ്ടെന്നാണ് കണക്ക്. ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ സംവിധാനത്തിലൂടെ ഒരാൾക്ക് സംസ്ഥാനത്ത് എത്ര ഭൂമിയുണ്ടെന്ന് കണ്ടെത്തിയാൽ പരിധിയിൽക്കൂടുതലുള്ളവരിൽനിന്ന് ഭൂമി വീണ്ടെടുത്ത് മിച്ചഭൂമിയായി പ്രഖ്യാപിച്ച് ഭൂരഹിതർക്ക് നൽകാൻ കഴിയുമെന്നതും ആശാവഹമാണ്. 50 വർഷം നിരന്തരമായി പരിശ്രമിച്ചാൽ നടക്കാത്ത റീസർവ്വേ, ഡിജിറ്റൽ റീസർവ്വേയിലൂടെ നാല് വർഷംകൊണ്ട് പൂർത്തീകരിക്കുന്നതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെയും വകുപ്പിനെയും അഭിനന്ദിക്കുന്നു. നമ്മുടെ വീടുകൾ പോലെ വില്ലേജ് ഓഫീസുകളെല്ലാം സ്മാർട്ടായിരിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് വില്ലേജ് ഓഫീസുകളുടെ സേവനം 'ഓൺ ദി ലൈൻ' ആയിരുന്നു; ക്യൂ നിന്ന് കാൽകുഴഞ്ഞ് പോകുന്ന സ്ഥിതിയായിരുന്നു. ഇന്നതെല്ലാം ഓൺലൈനായി മാറ്റാൻ കഴിഞ്ഞുവെന്നത് അഭിമാനാർഹമാണ്. ഭരണപരമായി ചർച്ച ചെയ്യാനും തീരുമാനമെടുക്കാനും വകുപ്പുതല ഉന്നത ഉദ്യോഗസ്ഥരുടെ റവന്യൂ സെക്രട്ടേറിയറ്റ്, ജില്ലകളിൽ നിയമസഭാ സാമാജികർ പങ്കെടുക്കുന്ന ജില്ലാ റവന്യൂ അസംബ്ലികൾ, പ്രശ്നപരിഹാരത്തിനായി വില്ലേജുതല ജനകീയ സമിതികൾ എന്നിവയെല്ലാം കൃത്യതയോടെ നടപ്പാക്കുന്ന സ്മാർട്ടായ

വകുപ്പുമന്ത്രിയെയും ഉദ്യോഗസ്ഥരെയും ഒരിക്കൽക്കൂടി അഭിനന്ദിക്കുകയാണ്. ഭവനരഹിതർക്കുവേണ്ടി നടപ്പിലാക്കിയതാണ് എം.എൻ. ഭവന പദ്ധതി. അന്നവർക്ക് ഇരട്ടവീടുകൾ മതിയായിരുന്നു; എന്നാൽ ഇന്നവർ ഒന്നുറക്കെ വർത്തമാനം പറയാനും ചിരിക്കാനും കരയാനും കഴിയാതെ ആ വീടുകളിൽ അടക്കം പറഞ്ഞിരിക്കേണ്ട സ്ഥിതിയിലാണ്. ഈ ലക്ഷം വീടുകൾ ഒറ്റവീടാക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. അടിയന്തരമായി അതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം അതിനായി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്താൻ സാധിച്ചാൽ ഉപകാരപ്രദമാകുമെന്നും സൂചിപ്പിക്കുകയാണ്. നെന്മാറയോ അല്ലെങ്കിൽ മലയോര മേഖലയോ കേന്ദ്രീകരിച്ച് ഒരു താലൂക്ക് ഓഫീസ് ആരംഭിക്കണമെന്ന നെന്മാറ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

കോവിഡാനന്തരമുള്ള മണ്ഡലകാലത്ത് ശബരിമല ദർശനത്തിന് അൻപതുലക്ഷത്തിലധികംപേർ പങ്കെടുത്തുവെന്നാണ് അറിയുന്നത്. ആരോപണങ്ങൾക്കിടനൽകാത്ത രൂപത്തിൽ എല്ലാ വകുപ്പുകളെയും സമന്വയിപ്പിച്ച് മണ്ഡലകാല പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത

വകുപ്പുമന്ത്രിയെയും മറ്റ് മന്ത്രിമാരെയും ഉദ്യോഗസ്ഥരെയും അയ്യപ്പഭക്തർക്കുവേണ്ടി അഭിനന്ദനം അറിയിക്കുകയാണ്. കേരളത്തിൽ 5 ദേവസ്വം ബോർഡുകളുടെ കീഴിലായി 3100 ക്ഷേത്രങ്ങളും 14000 ജീവനക്കാരും 7600 പെൻഷൻകാരുമുണ്ട്. ഇവയിൽ ഏകദേശം 10 മുതൽ 20 ശതമാനത്തിൽ താഴെ ക്ഷേത്രങ്ങൾക്കുമാത്രമാണ് വരുമാനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തതയുള്ളത്. രണ്ട് പ്രളയങ്ങളിലായി തകർന്ന ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും കോവിഡ് കാലത്ത് അടഞ്ഞുകിടന്ന ക്ഷേത്രങ്ങളിലേയ്ക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിനും മലബാർ ദേവസ്വം ബോർഡുപോലുള്ളവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമുൾപ്പെടെ കേരളത്തിന്റെ ഖജനാവിൽനിന്നാണ് ചെലവഴിക്കുന്നത്. എന്നാൽ ഹൈന്ദവ ക്ഷേത്രങ്ങളിലെ സമ്പത്ത് സംസ്ഥാന ഗവൺമെന്റ് എടുക്കുകയാണെന്നാണ് ചിലയാളുകൾ പ്രചരിപ്പിക്കുന്നത്. അത്തരം പ്രചരണം തിരിച്ചറിഞ്ഞ് മറുപടി നൽകണം. പൊതുവെ ദൈവങ്ങൾ സമ്പന്നരാണെന്ന വിശ്വാസമാണ് ഭക്തജനങ്ങൾക്കുള്ളത്. പക്ഷേ ദൈവസാമീപ്യമുണ്ടെന്ന് വിശ്വസിക്കുന്ന ക്ഷേത്രങ്ങൾ ദാരിദ്ര്യാവസ്ഥയിലുമാണ്. 60 ശതമാനം ക്ഷേത്രങ്ങളും അഷ്ടിക്കുവകയില്ലാത്തവയാണ്. കുചേലഗൃഹമായ ക്ഷേത്രങ്ങളെ

കൃഷ്ണഗൃഹമാക്കി മാറ്റാൻ പരിശ്രമിക്കുന്ന ദൈവനാമ സാമ്യമുള്ള നമ്മുടെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് എല്ലാവിധ പിന്തുണയും അർപ്പിക്കുകയാണ്.

നാളെയാണ് ആറ്റുകാൽ പൊങ്കാല. സ്വാഭാവികമായും ആ മഹോത്സവത്തിനാവശ്യമായ നേതൃത്വപരമായ പങ്ക് നിർവ്വഹിച്ചുകൊണ്ട് ഏറ്റവും നല്ലരീതിയിൽ നടത്തുമെന്ന വിശ്വാസത്തിലാണ് ജനങ്ങൾ. സംസ്കാരത്തിന്റെയും സാംസ്കാരികതയുടെയും കേന്ദ്രങ്ങളായ ക്ഷേത്രങ്ങളും ഉത്സവങ്ങളും ആഘോഷങ്ങളും ജനകീയ പങ്കാളിത്തത്തോടെ ആചാരാനുഷ്ഠാനങ്ങളോടെ നടത്താൻ നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് കേരളത്തിന്റെ ജനപിന്തുണയുണ്ടെന്ന് സൂചിപ്പിക്കുകയാണ്. ഉത്സവങ്ങളും ആഘോഷങ്ങളും സംരക്ഷിക്കാൻ നിയമം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വെടിക്കെട്ട്, ആന എഴുന്നള്ളത്ത്, ആളുകൾ കൂട്ടംകൂടുന്നത് എന്നിവ പാടില്ലെന്ന അവസ്ഥയിൽനിന്നും അത്തരം ആഘോഷങ്ങളെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള തരിശ് ഭൂമിയിൽ ക്ഷേത്രത്തിനാവശ്യമായ പൂക്കൾ, ധാന്യങ്ങൾ എന്നിവ ഉൽപ്പാദിപ്പിച്ചാൽ ക്ഷേത്രത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. ചിലയിടങ്ങളിൽ അത്തരം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടൽമാണിക്യ ക്ഷേത്രവളപ്പിൽ വഴുതന കൃഷി ചെയ്യുന്നുണ്ട്.

അടിയന്തരമായി നിയമപരിഷ്കരണം നടപ്പിലാക്കി മലബാർ ദേവസ്വം ബോർഡിനെ രക്ഷപ്പെടുത്താനാവശ്യമായ തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അധികാര രാഷ്ട്രീയം പിടിച്ചെടുക്കാൻ മുട്ടൻ വടിയുമായി കവാത്ത് നടത്തുന്ന കപടവിശ്വാസികളെ ക്ഷേത്രാങ്കണത്തിൽനിന്നും പുറത്താക്കാനും ഗവൺമെന്റിന് കഴിയണമെന്ന് ഓർമ്മപ്പെടുത്തുന്നു. ശത്രുനാശമുണ്ടാകാനും ഈ സർക്കാരിന് ആത്മവീര്യവും ഭൗതികനേട്ടവുമുണ്ടാക്കാനും ജനങ്ങളിപ്പോൾ രക്തപുഷ്പാഞ്ജലിയും ശത്രുസംഹാര പൂജയും മാത്രമല്ല ചെയ്യുന്നത്. അതിനുമപ്പുറം ദേവീമാഹാത്മ്യത്തിലെ മന്ത്രോച്ചാരണംകൂടി ചെയ്യുന്നുണ്ടെന്നത് യു.ഡി.എഫ്. മനസ്സിലാക്കുന്നത് നല്ലതാണ്.

"സർവ്വബാധാ പ്രശമനം ത്രൈലോക്യസ്യാഖിലേശ്വരി|

ഏവമേവ ത്വയാകാര്യം അസ്മത് വൈരി വിനാശനം|"

അതിനർത്ഥം ഈ ഗവൺമെന്റിന് എതിരായിവരുന്ന എല്ലാ ശത്രുവിനും വിനാശമുണ്ടാകുമെന്നാണ്. ആത്മവീര്യം വർദ്ധിക്കാനും ഭൗതികനേട്ടമുണ്ടാക്കാനും ഈ സർക്കാരിന് കഴിയുമെന്നത് ദേവീമാഹാത്മ്യത്തിലെ മന്ത്രമുച്ചരിക്കുന്ന കേരളത്തിലെ ജനങ്ങളുടെ

ആഗ്രഹമാണ്. അതുകൊണ്ടാണ് ഈ ഗവൺമെന്റ് ഇപ്പോഴും മുന്നോട്ടുപോകുന്നത്.

നിയമസഭകളിലേയ്ക്കുള്ള കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വട്ടപൂജ്യത്തിലുണ്ടായിരുന്ന ത്രിപുരയിൽ കോൺഗ്രസിന് 5 സീറ്റുകിട്ടി. പക്ഷേ ഞങ്ങൾ പരാജയപ്പെട്ടു. അതിൽ സ്വാഭാവികമായും ആഹ്ലാദം കൊള്ളുന്നവരാണ് ഇവിടത്തെ യു.ഡി.എഫ്./കോൺഗ്രസ്സുകാർ. ആ വട്ടപൂജ്യത്തിൽനിന്നും അഞ്ചിലെത്തിച്ചതും ബംഗാളിലെ ഉപതെരഞ്ഞെടുപ്പിൽ ശ്രീമതി മമതാ ബാനർജിയെ പരാജയപ്പെടുത്തുന്നതിന് കോൺഗ്രസിന് പിന്തുണ നൽകിയതും ഈ ചെങ്കൊടിയുടെ പ്രസ്ഥാനമാണെന്നത് മറന്നുപോകരുതെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഒരിക്കൽക്കൂടി ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ശ്രീ. കെ. ബാബു (നെന്മാറ) പ്രസംഗത്തിൽ ദൈവങ്ങളെയും ക്ഷേത്രങ്ങളെയും കൂട്ടു ചെയ്തതിനെ അഭിനന്ദിക്കുന്നു. ഏറെ ഉപദ്രവങ്ങൾ ചെയ്ത് അവസാനം ദൈവത്തിലേയ്ക്ക് അദ്ദേഹം എത്തിയെന്നുള്ളതാണ് ഏറ്റവും വലിയ യാഥാർത്ഥ്യം. കേരളത്തിലെ ജനങ്ങളുടെ നട്ടെല്ലൊടിക്കുന്നതാണ് ഈ ബഡ്ജറ്റ്. 2018-19, 2020-21

കാലഘട്ടങ്ങളിലുണ്ടായ പ്രളയവും കോവിഡ് മഹാമാരിയും കാരണം ജനങ്ങൾക്ക് സ്വൈര്യമായി ജീവിക്കാനോ ജീവിത നിലവാരമുയർത്താനോ സാധിച്ചിട്ടില്ല. ഇന്ന് രാവിലെ പ്രിയപ്പെട്ട ശ്രീ. പി. സി. വിഷ്ണുനാഥ് അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിച്ച് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി പലപ്രാവശ്യം എഴുന്നേറ്റുനിന്ന് തടസ്സപ്പെടുത്താൻ ശ്രമിച്ചു. മാത്രമല്ല, പ്രതിപക്ഷനേതാവ് വാക്കൗട്ട് പ്രസംഗം നടത്തുമ്പോഴും തടസ്സപ്പെടുത്താൻ ശ്രമിച്ചു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ക്ലാരിഫിക്കേഷൻ ചോദിച്ചതാണ്. 'വഴങ്ങുന്നോ' എന്നൊരു റിക്വസ്റ്റാണ് നടത്തിയത്; അത് തടസ്സപ്പെടുത്തലല്ല. ഇപ്പോൾ ഞാൻ അങ്ങയോട് ചോദിച്ചതുപോലെ, ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു കാര്യത്തിൽ റിക്വസ്റ്റ് ചെയ്യാൻ അവകാശമുണ്ടല്ലോ. 'തടസ്സപ്പെടുത്തുക' എന്ന വാക്ക് രേഖയിൽ വരുന്നത് ശരിയല്ല.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വഴങ്ങില്ല എന്നുപറഞ്ഞിട്ടും വീണ്ടും വീണ്ടും എഴുന്നേൽക്കുകയാണ്. ഈ ആവേശം വയനാട് മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ചെയ്തെങ്കിൽ അനുഗ്രഹമായിരുന്നു. വയനാട്

മെഡിക്കൽ കോളേജ് 2013-ൽ പ്രഖ്യാപിച്ചതാണ്. 2016-ലും 2021-ലും അധികാരത്തിൽവന്ന ഗവൺമെന്റുകൾ അതിനെ അവഗണിക്കുകയാണ് ചെയ്തത്. അത് യാഥാർത്ഥ്യമായിരുന്നെങ്കിൽ ഞാൻ ഇന്നിവിടെ സബ്മിഷനിൽ ചൂണ്ടിക്കാണിച്ച തോമസ് എന്ന വ്യക്തി കടുവയുടെ ആക്രമണത്തിൽ മരണപ്പെടില്ലായിരുന്നു. മാത്രമല്ല പ്രസ്തുത മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിൽ സൗജന്യമായി ലഭിച്ച 50 ഏക്കർ ഭൂമിയുണ്ട്. ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്ക് അതറിയാവുന്നതാണ്. ഈ മെഡിക്കൽ കോളേജുമായും ഭൂമിയുമായും ബന്ധപ്പെട്ട ചർച്ചകളിൽ വയനാടിനെ പ്രതിനിധീകരിച്ച് പല സർവ്വകക്ഷിയോഗങ്ങളിലും പങ്കെടുത്ത വ്യക്തിയാണ് അദ്ദേഹം. ഇന്ന് ആ മെഡിക്കൽ കോളേജിനെ ഇല്ലാതാക്കുന്നതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അവിടെ അഡ്മിറ്റ് ചെയ്യുന്ന രോഗികളെ തൊട്ടടുത്ത താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുകയാണ്. അവിടെ ആവശ്യത്തിന് സ്റ്റാഫോ നഴ്സുമാരോ ഡോക്ടർമാരോ മരുന്നോ ഇല്ല; വലിയ പ്രതിസന്ധിയിലാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം പരിശോധിക്കണം. വയനാട് ആസ്പിറേഷണൽ ജില്ലയാണ്. കേന്ദ്രഗവൺമെന്റ് ഏറ്റെടുത്തതാണ്. കേന്ദ്ര-സംസ്ഥാന

ഗവൺമെന്റുകൾ സംയുക്തമായി ആ ജില്ലയുടെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ടുപോകണം. നഞ്ചൻകോട്-നിലമ്പൂർ റെയിൽപാത സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് അറിയാം. ഇതുസംബന്ധിച്ച് നമ്മൾ ധാരാളം ചർച്ച ചെയ്തതാണ്. ശ്രീ. ഇ. ശ്രീധരന്റെ പേപ്പർ സർവ്വേയിൽ ഫീസിബിളാണെന്ന് കണ്ടെത്തിയ പ്രസ്തുത റെയിൽപാത അട്ടിമറിച്ചത് ഈ ഗവൺമെന്റാണ്. 7 തവണ ബ്രിട്ടീഷുകാർ സർവ്വേ നടത്തി ഒഴിവാക്കിയ മൈസൂർ-തലശ്ശേരി പാതയ്ക്ക് 18 കോടി രൂപ മുടക്കി ഹെലി-ബോൺ സർവ്വേ നടത്തുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. ഗവൺമെന്റിന് ആ തുക നഷ്ടപ്പെടുകയാണുണ്ടായത്. ആ പാത ഫീസിബിളാണെങ്കിൽ അതിന്റെ റിപ്പോർട്ട് ഗവൺമെന്റ് സഭയിൽ വയ്ക്കേണ്ടതല്ലേ? നഞ്ചൻകോട്-നിലമ്പൂർ പാതയുടെ സർവ്വേയ്ക്കുവേണ്ടി 8 കോടി രൂപയാണ് അനുവദിച്ചത്. അത് മാറ്റിയിട്ടാണ് 18 കോടി രൂപയ്ക്ക് മൈസൂർ-തലശ്ശേരി പാതയുടെ സർവ്വേ നടത്തി തുക ദുർവിനിയോഗം ചെയ്തത്. അതുപോലെ വയനാട് ചുരത്തിൽ നിരന്തരം ഗതാഗത തടസ്സമാണ്. ഇന്നലെ രാത്രി 11 മണി മുതൽ രാവിലെ 10 വരെ ചുരം ബ്ലോക്കായിരുന്നു. അത് ഒഴിവാക്കുന്നതിനുവേണ്ടി ഒരു തുരങ്കപാത 2020-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുമുമ്പ് പ്രഖ്യാപിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി

ഓൺലൈനായി ഉദ്ഘാടനം നടത്തുകയും ചെയ്തു. എന്നാൽ അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. വയനാടിന് തുരങ്കം വയ്ക്കുന്ന പദ്ധതികളായി ഈ ബഡ്ജറ്റിന്മേലുള്ള ധനാഭ്യർത്ഥന ചർച്ച നടക്കുകയാണ്. വയനാട്ടിലെ വന്യമൃഗശല്യത്തെക്കുറിച്ച് ഞാൻ പറഞ്ഞു; കടുവ ആറു പേരെ ഭക്ഷിച്ചു, ആന നിരവധി ആളുകളെ കൊന്നു. ഇവിടെ ഞാൻ ഉന്നയിച്ചതിനൊന്നും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി വ്യക്തമായ മറുപടി നൽകിയിട്ടില്ല. അദ്ദേഹം വയനാട് ജില്ലയുടെ ചാർജ്ജുള്ള മന്ത്രിയാണ്. വയനാടിനെക്കുറിച്ച് അറിയാവുന്ന മന്ത്രിമാർക്ക് അതിന്റെ ചാർജ്ജ് നൽകണം. വയനാടിലെ നാല് ചുരത്തിനുമുകളിൽ തുറന്നിട്ട ജയിലിൽ അവിടത്തെ ജനങ്ങളെ അടയ്ക്കുന്ന സാഹചര്യമാണ് ഈ ഗവൺമെന്റ് സൃഷ്ടിക്കുന്നത്. അതുസംബന്ധിച്ചൊന്നും അദ്ദേഹം പറഞ്ഞില്ല. അവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കിഫ്ബിയിലൂടെ അനുവദിച്ച പദ്ധതികളുണ്ട്. ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ്, ഹാംഗിംഗ് ഫെൻസിംഗ് തുടങ്ങിയവ എന്താണെന്നുപോലും അറിയാതെ, ഞങ്ങളുടെ കത്തിന് വ്യക്തമായ മറുപടി നൽകാതെ വനം വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ മുന്നോട്ടുപോകുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച്

രണ്ടുതവണ സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ എല്ലാ റിപ്പോർട്ടുകളും കൃത്യമായി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കോളേജ് ആരംഭിക്കുന്നതിന് സാമ്പത്തിക സ്ഥിതി പരിശോധിക്കണമെന്നാണ് രണ്ടുതവണയും സബ്മിഷന് മറുപടി പറഞ്ഞത്. പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള ഒരു കോളേജിന്റെകാര്യം ഉന്നയിക്കുമ്പോൾ സാമ്പത്തിക സ്ഥിതി പരിശോധിക്കണമെന്നാണ് പറയുന്നത്. ഈ ഗവൺമെന്റിന്റെ നിലപാട് അതാണോ; അങ്ങനെയാണോ വിദ്യാർത്ഥികളോട് ചെയ്യേണ്ടത്? ഗവൺമെന്റ് ഇതിനെ രാഷ്ട്രീയമായി ഉപയോഗിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയടക്കം ഇക്കാര്യത്തിൽ ഇടപെടണം. എന്റെ നിയോജകമണ്ഡലത്തിൽ ഒരു ഗവൺമെന്റ് കോളേജാണ് ആവശ്യപ്പെടുന്നത്. മറ്റെല്ലാ നിയോജകമണ്ഡലങ്ങളിലും ഗവൺമെന്റ് കോളേജുണ്ട്. ആദിവാസി കുട്ടികളും കർഷകരുടെ മക്കളുമടക്കം തിങ്ങിപ്പാർക്കുന്ന വയനാട് ജില്ലയിൽ ഒരു ഗവൺമെന്റ് കോളേജ് അനുവദിക്കാൻ ഈ ഗവൺമെന്റ് എന്തിനാണ് രാഷ്ട്രീയം കളിക്കുന്നത്? രാഷ്ട്രീയം കളിച്ചിട്ട് രാഷ്ട്രീയമായ ആയുധങ്ങളുമായി മറ്റുചിലയിടങ്ങളിലേയ്ക്ക് അവർ പോകുകയാണ്. എനിക്ക് രാഷ്ട്രീയമായി പ്രതികരിക്കാൻ അറിയാത്തതുകൊണ്ടല്ല. ആ കോളേജിനുവേണ്ടി ഞാൻ

ഇതുവരെ രാഷ്ട്രീയമായി പ്രതികരിച്ചിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യത്തിൽ ഇടപെടണം.

റവന്യൂ വകുപ്പുമന്ത്രിയെ ഞാൻ രാഷ്ട്രീയമായല്ല വ്യക്തിപരമായി അഭിനന്ദിക്കുകയാണ്. കാരണം, സി.പി.ഐ.-യുടെ വയനാട് ജില്ലാ സെക്രട്ടറിയായി അദ്ദേഹത്തിന് ചാർജ്ജുണ്ടായിരുന്നപ്പോൾ ഞാൻ ഡി.സി.സി. പ്രസിഡന്റായിരുന്നു. അന്ന് ഞങ്ങളൊരുമിച്ച് പലകാര്യങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. ഇന്ന് വയനാട് ജില്ലയിൽ ഭൂമി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അദ്ദേഹം നിലപാടുകൾ സ്വീകരിച്ചു. പക്ഷേ ചില ഉദ്യോഗസ്ഥർ അതുസംബന്ധിച്ച ഫയലുകൾ ചുവപ്പുനാടയിൽ കെട്ടി സെക്രട്ടേറിയറ്റിലും കളക്ടറേറ്റിലും വച്ചിരിക്കുകയാണ്. ആ ചുവപ്പുനാട പൊട്ടിക്കുന്നതിനുള്ള സാഹചര്യം അങ്ങ് ഉണ്ടാക്കണം. ധാരാളം ആളുകൾക്ക് പട്ടയം കൊടുക്കുന്നതിനായി അങ്ങ് നാളെ വയനാട് ജില്ലയിൽ വരുമ്പോൾ അവിടത്തെ പൊതുസാഹചര്യങ്ങൾ വിലയിരുത്താൻ തയ്യാറാകണം. എന്റെ നിയോജകമണ്ഡലത്തിൽ ഇരുളം, മരിയനാട്, ഫെയർലാൻഡ് എന്നിവിടങ്ങളിലെ ഭൂമിപ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാൻ അങ്ങയുടെ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. മറ്റൊന്ന്, എൽ.എ. പട്ടയം നൽകുന്നത് സംബന്ധിച്ചാണ്; പതിച്ചുനൽകിയ ഭൂമിയിൽ വീടുവയ്ക്കാൻ അനുമതി

നിഷേധിക്കുന്ന സാഹചര്യമാണുള്ളത്. വീടോ ചെറിയ കടകളോ നിർമ്മിക്കാൻ കഴിയാത്ത സ്ഥിതിയിലേയ്ക്ക് ഈ ഗവൺമെന്റ് സാധാരണക്കാരായ ജനങ്ങളെ എത്തിച്ചിരിക്കുകയാണ്. മാത്രമല്ല, വയനാട് ജില്ലയിൽ 2018-ലും 2019-ലുമുണ്ടായ പ്രളയത്തിൽ ദുരന്തങ്ങൾ സംഭവിച്ച പല കുടുംബങ്ങൾക്കും ഇതുവരെ നഷ്ടപരിഹാരം നൽകാനും കഴിഞ്ഞിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ അമ്പലവയൽ പ്രദേശത്ത് പട്ടയവുമായി ബന്ധപ്പെട്ട വിഷയവുമുണ്ട്. പ്ലാന്റേഷൻ എന്നുപറഞ്ഞ് പട്ടയം നൽകാതെ പാവപ്പെട്ട അഞ്ഞൂറോളം കുടുംബങ്ങളെ റവന്യൂ വകുപ്പിലെ ചില ഉദ്യോഗസ്ഥർ ദ്രോഹിക്കുകയാണ്. ഇക്കാര്യത്തിൽ അങ്ങ് ഇടപെടണം. മാത്രമല്ല, വന മേഖലകളിലും കൃഷിയിടങ്ങളിലും തീ ആളിപ്പടരുന്നതിനെതിരെ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നില്ല.

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ഏകദേശം 322 കോടി രൂപ നൽകാനുള്ളതിൽ ഗവൺമെന്റ് ആകെ നൽകിയത് 52 കോടി രൂപ മാത്രമാണ്. എല്ലാ വകുപ്പുകളും യോജിച്ചുകൊണ്ട് നാടിന്റെ വികസനത്തിനുവേണ്ടി പൊതുവായി പ്രവർത്തിക്കേണ്ടതുണ്ട്. ഒരു ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുന്നോടിയായി കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ നടപ്പായിട്ടുണ്ടോയെന്ന് റിവ്യൂ നടത്താൻപോലും ഈ ഗവൺമെന്റ്

തയ്യാറാകുന്നില്ല. ജില്ലാ-സംസ്ഥാനതലങ്ങളിൽ റിവ്യൂ നടത്തുന്നതിൽപ്പോലും ഈ ഗവൺമെന്റ് പരാജയമാണ്. അതുകൊണ്ടാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നത്.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുകയാണ്. ഇപ്പോൾ ടഷറി പൂട്ടുമെന്നും ശമ്പളവും പെൻഷനും വികസനപ്രവർത്തനങ്ങളുമെല്ലാം മുടങ്ങുമെന്നുമാണ് ഈ ഗവൺമെന്റ് അധികാരത്തിൽവന്നനാൾമുതൽ സ്ഥിരമായി കേൾക്കുന്നത്. ഈ ഗവൺമെന്റ് രണ്ടാം വർഷത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. ശമ്പളമോ പെൻഷനോ വികസനപ്രവർത്തനങ്ങളോ മുടങ്ങിയിട്ടില്ലെന്ന് മാത്രമല്ല കൂടുതൽ വികസന ക്ഷേമപ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയുമാണ്. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ട്; പക്ഷേ അത് ഇവിടെ മാത്രമാണോ ഉള്ളത്? കോവിഡ് സാഹചര്യത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ലോകത്തിലെ മിക്കവാറും രാജ്യങ്ങളും വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഇവിടത്തെ സാമ്പത്തിക പ്രതിസന്ധി സംസ്ഥാന സർക്കാരിന്റെ സൃഷ്ടിയാണോ; കേന്ദ്ര സർക്കാരിന് അതിലൊരു പങ്കുമില്ലേ; അതിനെക്കുറിച്ച് പ്രതിപക്ഷം ഒരക്ഷരം മിണ്ടുന്നില്ലല്ലോ?

കോവിഡ്-പ്രളയ പശ്ചാത്തലത്തിലും കേരളത്തിന്റെ വളർച്ചാനിരക്ക് കൂടിയെന്നുള്ളത് ശ്രദ്ധേയമാണ്. 2021-22-ലെ ദേശീയ വളർച്ചയെക്കാൾ ഉയർന്ന വളർച്ചാനിരക്കാണ് കേരളത്തിലേതെന്ന് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് സൂചിപ്പിക്കുന്നുണ്ട്. 2021-22-ലെ ദേശീയ വളർച്ചാനിരക്ക് 8.75 ശതമാനമായിരുന്നുവെങ്കിൽ കേരളം നേടിയത് 12.8 ശതമാനമാണ്. നമുക്ക് നികുതി പിരിവിലുൾപ്പെടെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. സബ്സിഡികളെല്ലാം നിർത്തലാക്കണമെന്നും പാവപ്പെട്ടവരെ സഹായിക്കാൻ പാടില്ലെന്നുമാണ് കേന്ദ്ര സർക്കാർ പറയുന്നത്. അവരെ സഹായിക്കുന്നതിനായി നൽകുന്ന ആനുകൂല്യങ്ങൾ മധുരംകിനിയുന്ന എള്ളുണ്ടയാണെന്നാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പരിഹസിച്ചത്. വായ്പ വാങ്ങി പാവപ്പെട്ടവരെ സഹായിക്കുന്ന രീതി മാറ്റണമെന്നും ബഡ്ജറ്റിൽ ഒതുങ്ങി സഹായിക്കുന്ന നിലപാട് സ്വീകരിക്കണമെന്നുമാണ് ബഹുമാന്യരായ പ്രധാനമന്ത്രിയും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയും പറയുന്നത്. വായ്പയെടുക്കാതെ വികസനപ്രവർത്തനങ്ങൾ നടത്താനും പാവപ്പെട്ടവരെ സഹായിക്കാനും എങ്ങനെയാണ് കഴിയുന്നത്? അതൊരിക്കലും സാധിക്കില്ല. ഈ സർക്കാർ സബ്സിഡികൾ നിർത്തലാക്കിയാൽ അത് സാധാരണക്കാരെ ബാധിക്കും. സാമൂഹ്യക്ഷേമ പെൻഷനും കുറഞ്ഞ

നിരക്കിൽ വൈദ്യുതിയും കുടിവെള്ളവും നൽകാൻ കഴിയാതെ വരികയും യാത്രാചെലവ് വർദ്ധിക്കുകയും സൗജന്യ റേഷൻ വിതരണവും കുടുംബശ്രീക്കുള്ള സൗജന്യ പലിശ നിരക്കും നിലയ്ക്കുകയും ഭവനനിർമ്മാണ സബ്സിഡിയെയും കിഫ്ബി മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുകയും ചെയ്യും. ഇത്തരത്തിൽ അതിക്രൂരമായ ജനദ്രോഹ നയമാണ് കേന്ദ്രം മുന്നോട്ടുവയ്ക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വാദമെന്താണ്? ധനഉത്തരവാദിത്വ നിയമം അനുശാസിക്കുംപ്രകാരം ധനക്കമ്മി മൂന്ന് ശതമാനത്തിലൊതുക്കണമെന്നാണ് അവർ പറയുന്നത്. ധനക്കമ്മി സംബന്ധിച്ച കേന്ദ്ര നിലപാട് യാഥാസ്ഥിതികമാണെന്ന് സംസ്ഥാന ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ആരോപിച്ചത് ശരിയാണ്. ധനക്കമ്മി അല്പം വർദ്ധിച്ചാൽ ആകാശം ഇടിഞ്ഞുവീഴുമോ? ധന ഉത്തരവാദിത്വ നിയമം കേരളത്തിന് മാത്രമല്ല, കേന്ദ്രത്തിനും ബാധകമല്ലേ; കേരളത്തിന്റെ ധനക്കമ്മി ഒരിക്കൽപ്പോലും മൂന്ന് ശതമാനത്തിൽ ഒതുങ്ങിയിട്ടില്ലെന്നതല്ലേ യാഥാർത്ഥ്യം. ഇപ്പോഴത്തെ ധനക്കമ്മി 6 ശതമാനത്തിന് മുകളിലാണ്. കഴിഞ്ഞ വർഷം ഇത് 6.9 ശതമാനമായിരുന്നു. കേന്ദ്രത്തിന് ധനക്കമ്മിയാകാം, എന്നാൽ കേരളത്തിന് പാടില്ലെന്ന നിലപാടാണ് അവർ

സ്വീകരിക്കുന്നത്. കേന്ദ്രത്തിന്റെ സംസ്ഥാന വിരുദ്ധ നയങ്ങളോട് യു.ഡി.എഫ്.-ന്റെയും കോൺഗ്രസിന്റെയും നിലപാടെന്താണെന്ന് വ്യക്തമാക്കേണ്ടതാണ്. കടം വാങ്ങുന്നത് തടസ്സപ്പെടുത്തുന്ന കേന്ദ്രം സംസ്ഥാനത്തിന് അർഹമായ വിഹിതം നൽകുന്നില്ലെന്നതാണ് വസ്തുത. ജി.എസ്.ടി. വിഹിതം നിർത്തലാക്കുകയും കേന്ദ്ര നികുതി വിഹിതം നൽകാതിരിക്കുകയും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഓരോ വർഷവും വെട്ടിക്കുറയ്ക്കുകയും കടമെടുപ്പ് പരിധി നിയന്ത്രിക്കുകയും ചെയ്യുകയാണ്. ഇത്തരത്തിൽ ഏകദേശം 32,000 കോടി രൂപയുടെ കുറവാണ് സംസ്ഥാന സർക്കാരിന് ഒരു വർഷമുണ്ടാകുന്നത്. ഈ രീതിയിലെങ്ങനെയാണ് സംസ്ഥാനത്തിന് മുന്നോട്ടുപോകാൻ സാധിക്കുന്നത്? കേന്ദ്ര വരുമാനത്തിന്റെ 41 ശതമാനമാണ് എല്ലാ സംസ്ഥാനങ്ങൾക്കുമായി വീതിച്ചുനൽകേണ്ടത്. എന്നാൽ അത് നൽകാതിരിക്കാൻ സെസ്സും സർച്ചാർജ്ജുമായി കേന്ദ്രം ലെവിയായി പിരിച്ചെടുക്കുകയാണ്. ഫലത്തിൽ 41 ശതമാനത്തിന്റെ സ്ഥാനത്ത് 21.6 ശതമാനം മാത്രമാണ് കേന്ദ്രം സംസ്ഥാനങ്ങൾക്കായി നീക്കിവയ്ക്കുന്നത്. ഫെഡറൽ സംവിധാനത്തിന്റെ ശക്തമായ ലംഘനമാണിത്. മറ്റ് ബഡ്ജറ്റിതര വായ്പകൾ പാടില്ലെന്ന് വിലക്കുന്ന കേന്ദ്ര ഗവൺമെന്റ് അവർക്ക് ഇത് ബാധകമാക്കാതെ പൊതുമേഖലസ്ഥാപനങ്ങളെയും

ബാങ്കുകളെയും ഉപയോഗിച്ചുകൊണ്ട് കോടിക്കണക്കിന് രൂപയാണ് സമാഹരിക്കുന്നത്. 2016-2019 വരെ 5.99 ലക്ഷം കോടി രൂപയാണ് അവർ ഇത്തരത്തിൽ സ്വരൂപിച്ചത്. കിഫ്ബിയെ എതിർക്കുന്ന കേന്ദ്ര സർക്കാർ നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ എന്ന പേരിൽ 111 ലക്ഷം കോടി രൂപയാണ് അത്തരത്തിൽ കടമെടുത്തത്. അവിടെ ഒരു നയവും ഇവിടെ മറ്റൊരു നയവും എന്നതാണ് ഇവരുടെ സമീപനം.

'എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന മുദ്രാവാക്യവുമായാണ് കേരളത്തിലെ റവന്യൂ വകുപ്പ് മുന്നോട്ടുപോകുന്നത്. റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ വളരെ സുസ്മേരവദനനായി ഇവിടെ ഇരിക്കുകയാണ്. അദ്ദേഹം ചെയ്ത പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യാൻ പോകുന്നവയെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയുമാണ്. അത്രയേറെ ആത്മവിശ്വാസത്തോടെയാണ് അദ്ദേഹം അത്തരം കാര്യങ്ങളെ കാണുന്നത്. കാരണം വലിയ മാറ്റങ്ങളാണ് റവന്യൂ വകുപ്പിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പട്ടയവിതരണത്തിൽ വലിയ മുന്നേറ്റമാണ് കേരളത്തിലുണ്ടായത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 177494 പട്ടയങ്ങളാണ് നൽകിയത്. ബഹുമാനപ്പെട്ട ശ്രീമതി സോണിയാ ഗാന്ധി പട്ടയം നൽകിയതുപോലെയല്ല. ആളുകൾക്ക്

വ്യക്തമായി പട്ടയം ലഭിച്ച കാര്യമാണ് ഞാൻ പറയുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ വർഷം 54535 പട്ടയങ്ങളും ഈ വർഷം 40000 പട്ടയങ്ങളുംകൂടി നൽകാൻ പോകുകയാണ്. മാത്രമല്ല, 'പട്ടയം മിഷൻ' രൂപീകരിച്ച് അർഹതയുള്ള മുഴുവൻ ആളുകൾക്കും പട്ടയം നൽകാനാവശ്യമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഇതൊരു വലിയ മുന്നേറ്റമാണ്. വെറുതെ പട്ടയം കൊടുത്തതല്ല. ലാൻഡ് ട്രൈബ്യൂണലിൽ കെട്ടിക്കിടന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്. അതിന്റെ ഭാഗമായി 60000 കേസുകളാണ് തീർപ്പാക്കിയത്. നാൽപ്പതിനായിരത്തോളം ക്രയ സർട്ടിഫിക്കറ്റുകൾ വിതരണം നടത്താൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഇങ്ങനെയാണ് പട്ടയവുമായി ബന്ധപ്പെട്ട കാര്യത്തിൽ വലിയ മുന്നേറ്റം ഉണ്ടായിട്ടുള്ളത്. മലയോര-ആദിവാസി മേഖലകളിലെ അർഹതപ്പെട്ടവർക്ക് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടലുകളുണ്ടാകണം. ജോയിന്റ് വെരിഫിക്കേഷൻ നടത്താത്ത സ്ഥലങ്ങളിൽ അതിനാവശ്യമായ സംവിധാനമൊരുക്കാൻ നടപടി സ്വീകരിക്കണം. അതുപോലെ കനാൽ-റോഡ് പുറമ്പോക്കുകളിലും വിവിധ കോളനികളിലും താമസിക്കുന്നവർ

പലപ്പോഴും പട്ടയം ലഭിക്കാതെ പ്രയാസങ്ങൾ നേരിടുന്ന സാഹചര്യമുള്ളതിനാൽ അവർക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഭൂമിയില്ലാത്തവരുടെ പ്രശ്നം അതില്ലാത്തവർക്ക് മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ. അതറിയുന്ന ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. നമ്മുടെ സംസ്ഥാനത്ത് പതിനായിരക്കണക്കിനാളുകൾ ഭൂമിയില്ലാത്ത പ്രയാസം നേരിടുകയാണ്. അതുകൊണ്ട് പരിധിയിൽ കവിഞ്ഞ ഭൂമിയും അനധികൃതമായി സർക്കാർ ഭൂമിയും കൈവശം വച്ചിരിക്കുന്നവരിൽനിന്നും അത് തിരിച്ചെടുത്ത് അർഹരായവരുടെ കരങ്ങളിലെത്തിക്കാൻ സാധിക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലാവധിക്കുള്ളിൽ ഭൂമിയില്ലാത്ത മുഴുവൻ ആളുകൾക്കും ഭൂമി നൽകാൻ സാധിക്കുന്ന തരത്തിലുള്ള നടപടികളുമായി മുന്നോട്ടുപോകണമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. റവന്യൂ വകുപ്പിനെ ശക്തിപ്പെടുത്തിയാൽ വലിയ രീതിയിലുള്ള മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുന്നതാണ്. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട വിഷയത്തിൽ അത് കാണാൻ കഴിഞ്ഞതാണ്. ഇതുസംബന്ധിച്ച് ധാരാളം അപേക്ഷകൾ കെട്ടിക്കിടന്നിരുന്നു. 990-ഓളം താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 340 വാഹനങ്ങൾ ക്രമീകരിച്ച് കമ്പ്യൂട്ടറും

അനുബന്ധ സംവിധാനവും ഒരുക്കി ഒരു വലിയ പരിപാടി നടത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ടരലക്ഷത്തോളം അപേക്ഷകൾക്ക് തീർപ്പുകൽപ്പിച്ചതിന്റെ ഫലമായി 1000 കോടി രൂപയിലധികം വരുമാനമാണ് നമ്മുടെ ഖജനാവിലേയ്ക്ക് വന്നത്. ഇത് ചെറിയ കാര്യമാണോ? പരാതികൾക്ക് പരിഹാരമുണ്ടാകുകയും സർക്കാരിന് വരുമാനം ലഭിക്കുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. വില്ലേജ് ആഫീസുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. വില്ലേജ് ഓഫീസുകളുടെ സ്ഥിതി സംബന്ധിച്ച് ഗൗരവമായി പരിശോധിക്കണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും റവന്യൂ വകുപ്പുമന്ത്രിയോടും സൂചിപ്പിക്കാനുള്ളത്. 80 ശതമാനത്തിലധികം ഫീൽഡ് ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുള്ള വില്ലേജ് ഓഫീസിന് സ്വന്തമായി വാഹനമില്ലാത്തതിനാൽ പരാതിക്കാരുടെ/അപേക്ഷകരുടെ വാഹനത്തിൽ അവർക്ക് സഞ്ചരിക്കേണ്ടി വരുന്നുണ്ട്. ഇത് നല്ലൊരു കാര്യമാണോ; ഇത് അഴിമതിക്ക് കാരണമാകില്ലേ; അതുകൊണ്ട് അവർക്ക് വാഹനം നൽകുന്നതിന് സാധിക്കണം. എല്ലാ വില്ലേജ് ഓഫീസുകൾക്കും വാഹനം നൽകാൻ സാധിച്ചാൽ നല്ലതാണ്. ഒരുപക്ഷേ അതിന് സാധിക്കില്ലെങ്കിൽ രണ്ടുമൂന്ന് വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ഒരു

വാഹനം നൽകിയാൽ നല്ലരീതിയിൽ അവർക്ക് പ്രവർത്തിക്കാൻ സാധിക്കുന്നതിലൂടെ ധാരാളം പരാതികൾക്ക് പരിഹാരമുണ്ടാക്കാനും നികുതിപിരിവ് വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്. ജനങ്ങളുമായി ഏറ്റവുമടുത്ത് നിൽക്കുന്ന ഒരു ഓഫീസ് എന്ന നിലയിൽ അതിന്റെ പ്രവർത്തനം വളരെ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും; അത് ജനങ്ങൾക്ക് വളരെ പ്രയോജനകരമായി മാറുന്ന സാഹചര്യവുമുണ്ടാക്കുന്നതാണ്.

ഏറ്റവും കൂടുതൽ പ്രളയം ബാധിച്ചതും പ്രളയ സാധ്യത കൂടുതലുള്ളതുമായ സംസ്ഥാനമാണ് നമ്മുടേത്. ഒരു സംസ്ഥാനത്ത് പ്രളയമുണ്ടാകുമ്പോൾ സഹായിക്കാനുള്ള ബാധ്യത കേന്ദ്ര സർക്കാരിനുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് നൽകുന്ന കാര്യത്തിൽ കേന്ദ്രസർക്കാരിന് വിവേചനമുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. പല സംസ്ഥാനങ്ങൾക്കും വാരിക്കോരി നൽകുമ്പോൾ സംസ്ഥാനത്തിന് അർഹമായ പ്രളയഫണ്ട് നൽകാത്ത നിലപാട് കേന്ദ്രസർക്കാർ സ്വീകരിക്കുന്നതുസംബന്ധിച്ച് ഗൗരവമായി പറയേണ്ടതുണ്ടെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ട്

മുന്നോട്ടുപോകുകയാണ്. ജനവിശ്വാസം ആർജ്ജിച്ച സർക്കാരാണിത്. വീണ്ടും കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റിനെ അധികാരത്തിലേറ്റി. ആ പ്രതീക്ഷ ഈ സർക്കാർ പാലിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുകയാണ്.

(അദ്ധ്യക്ഷവേദയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. നജീബ് കാന്തപുരം)

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സർക്കാരിന്റെ കൊള്ളരുതായ്മയും ഫിനാൻഷ്യൽ മിസ്മാനേജ്മെന്റും കാരണം ജനങ്ങൾ പൊറുതിമുട്ടുകയാണ്. പുതിയതായി പെട്രോൾ/ഡീസൽ സെസ്സ് ഏർപ്പെടുത്തി 750 കോടി രൂപ സമാഹരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പാവപ്പെട്ട ഓട്ടോ ഡ്രൈവർമാരുടെയും ബൈക്ക് യാത്രക്കാരുടെയും പോക്കറ്റിൽ കയ്യിട്ട് പണം സമാഹരിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. എന്നാൽ ഇവിടത്തെ യഥാർത്ഥ ചിത്രം എന്താണ്? 750 കോടി രൂപയുടെ 30 ഇരട്ടിയുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. വമ്പന്മാരെ ഒഴിവാക്കി പാവങ്ങളെ പിടിച്ചുടുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സി.&എ.ജി. റിപ്പോർട്ടുപ്രകാരം നികുതിയിനത്തിൽ 21797.86 കോടി രൂപ പിരിച്ചെടുക്കാനുണ്ട്. ഇതിൽ അഞ്ച് വർഷമായുള്ള കുടിശ്ശിക 7160.32 കോടി

രൂപയാണ്. ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾത്തന്നെ സംസ്ഥാനത്ത് ഫിനാൻഷ്യൽ മിസ്മാനേജ്മെന്റാണെന്ന് പ്രതിപക്ഷം ചൂണ്ടിക്കാണിച്ചതാണ്. സി.&എ.ജി. റിപ്പോർട്ടും അത് ശരിവയ്ക്കുന്നുണ്ട്. ബാർ ഹോട്ടലുകളുടെ പിഴയിനത്തിലുള്ള 88 കോടി രൂപ ഇതുവരെ പിരിച്ചെടുത്തിട്ടില്ല. ബാർ കൈമാറ്റ ഫീസിലെ കുടിശ്ശിക പ്രസ്തുത തുകയുടെ നാലിരട്ടി വരുമെന്നാണ് പറയുന്നത്. ഇതൊന്നും പിരിച്ചെടുക്കാതെ പാവപ്പട്ടവന്റെ പോക്കറ്റിൽ കയ്യിടുന്ന നടപടി ഒരിക്കലും അംഗീകരിക്കാൻ സാധിക്കില്ല. അതിനെതിരെയുള്ള പ്രതിഷേധമാണ് സംസ്ഥാനത്ത് ആളിക്കത്തുന്നത്.

കുറുപ്പ് നിറം കാണുമ്പോൾ ഈ ഗവൺമെന്റിന് കലിയിളകുകയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പർദ്ദ ധരിച്ച് പോയ ഒരു പെൺകുട്ടിയെ പോലീസ് വളഞ്ഞിട്ട് പിടിക്കുന്ന ചിത്രം ഇന്നലത്തെ പത്രങ്ങളിലുണ്ടായിരുന്നു. നമ്മുടെ സംസ്ഥാനം എങ്ങോട്ടാണ് പോകുന്നത്? പർദ്ദ ധരിക്കുന്നത് മലബാറിൽ, പ്രത്യേകിച്ച് മലപ്പുറത്ത് സാധാരണയാണ്. ഹോസ്റ്റലിൽ പോയി പർദ്ദ മാറ്റിയതിനുശേഷമാണ് ആ കുട്ടിക്ക് പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചത്. ശബരിമല മണ്ഡലകാലം കഴിഞ്ഞുപോയത് ഈ നാടിന്റെ മഹാഭാഗ്യമാണ്. അല്ലെങ്കിൽ നിങ്ങളുടെ

കുപ്പ് വിരോധംകൊണ്ട് പാവപ്പെട്ട അയ്യപ്പഭക്തർ പ്രയാസപ്പെടേണ്ടിവരുമായിരുന്നു. ഈ സംസ്ഥാനത്ത് ഇപ്പോൾ കരുതൽ തടങ്കലാണ് കാണാൻ സാധിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സന്ദർശനത്തിന് മുന്നോടിയായി അവിടെയുള്ള കെ.എസ്.യു.-ന്റെയും എം.എസ്.എഫ്.-ന്റെയും വിദ്യാർത്ഥി നേതാക്കളെയും യൂത്ത് കോൺഗ്രസിലെയും യൂത്ത് ലീഗിലെയും യുവജന നേതാക്കളെയും കരുതൽ തടങ്കലിൽ വയ്ക്കുകയാണ് ചെയ്യുന്നത്. ജനാധിപത്യ ഭാരതത്തിലെ ഒരു സംസ്ഥാനമാണിതെന്ന് നിങ്ങൾ ഓർക്കണം. ഇത് കിം ജോങ്-ഉൻ-ന്റെ ഉത്തര കൊറിയ അല്ലെന്ന് ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുകയാണ്. കിം ജോങ്-ഉൻ-ന് ഒരു കുട്ടി ജനിച്ചപ്പോൾ പേരിട്ടിട്ട് പറഞ്ഞത്, രാജ്യത്ത് മറ്റാരും പ്രസ്തുത പേരിടാൻ പാടില്ലെന്നാണ്. അതുപോലെ രണ്ടുമൂന്നുതരം ഹെയർ കട്ടിംഗ് മാത്രമേ ഉത്തര കൊറിയയിൽ അനുവദിക്കുകയുള്ളൂ; മറ്റ് തരത്തിലുള്ളവ അവിടെ പാടില്ലെന്നാണ്. അതിന് സമാനമായ സമീപനങ്ങളാണ് ഈ സർക്കാരും സ്വീകരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന് നേതൃത്വം നൽകുന്ന പാർട്ടി ഇപ്പോഴൊരു പ്രതിരോധ ജാഥയിലാണ്. സഭയിലിരിക്കേണ്ട ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററും ഡോ. കെ. ടി. ജലീലും അടക്കമുള്ള അംഗങ്ങൾ ഇപ്പോൾ ഒരു ജാഥയുമായി

പുറത്താണ്. അത് നിങ്ങളുടെ പാർട്ടിക്കാര്യമാണ്. പക്ഷേ, നിങ്ങൾ ആരെയാണ് പ്രതിരോധിക്കുന്നത്? ആദ്യം ഞങ്ങൾ കേട്ടത് സംഘ്പരിവാറിനെ പ്രതിരോധിക്കുമെന്നാണ്. എന്നാൽ ജാഥയിൽ ശ്രീ. നരേന്ദ്ര മോദിയെക്കുറിച്ചോ ശ്രീ. അമിത് ഷായെക്കുറിച്ചോ ഒരു വാക്കുപോലും കേൾക്കുന്നില്ല. ഇപ്പോൾ സ്വയം പ്രതിരോധത്തിലാണ്. സ്വപ്ന സുരേഷിന്റെ വെളിപ്പെടുത്തലുകൾക്കെതിരായി പ്രതിരോധജാഥ നടത്തേണ്ടിവന്ന ഗതികേടിലാണ് നിങ്ങളുടെ പാർട്ടി. മാത്രമല്ല, ആയങ്കിമാരുടെ വെളിപ്പെടുത്തലിനും പ്രതിരോധമാണ്. എന്നാൽ ഇവരൊക്കെ ആരാണ്? നിങ്ങൾ വളർത്തിയ കുട്ടികളാണ്, ക്രിമിനലുകളാണ്. അവരെയാണ് ഈ ജാഥകൊണ്ട് പ്രതിരോധിക്കുന്നത്. കൂടാതെ ജാഥയിൽ വമ്പിച്ച ബഡായിയാണ് പറയുന്നത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ നാട്ടിലെ കുറ്റനാടിൽ പോയി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞത് കെ-റെയിൽ വരാൻ പോകുകയാണെന്നാണ്. അവിടെ കുടിൽ വ്യവസായം പോലെ ചില ആളുകൾ അപ്പമുണ്ടാക്കുന്നുണ്ട്. നമ്മൾ മുമ്പ് അപ്പപ്പാട്ട് കേട്ടിട്ടുണ്ട്. 'അപ്പങ്ങളെമ്പാടും... ചുട്ടമ്മായി' എന്ന പഴയൊരു പാട്ടിനെ 'ഉസ്താദ് ഹോട്ടൽ' എന്ന സിനിമയിൽ മാറ്റിപ്പാടിയിട്ടുണ്ട്. അതുപോലെയുള്ള ഒരു

അപ്പപ്പാട്ടാണിപ്പോൾ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പാടുന്നത്. കൂറ്റനാടുനിന്നും അപ്പമുണ്ടാക്കി കൊച്ചിയിൽ വന്ന് വിൽപ്പന നടത്തിയതിനുശേഷം വീട്ടിൽ ചെന്ന് ഭക്ഷണം കഴിക്കാമെന്നും അത്രയേറെ യാത്രാസൗകര്യമാണ് കെ-റെയിൽ വന്നാലുണ്ടാകാൻ പോകുന്നതെന്നുമാണ് അദ്ദേഹം പറയുന്നത്. അത് സമ്മതിച്ചു. പക്ഷേ കൂറ്റനാടുനിന്നും കെ-റെയിലിൽ കയറാൻ കഴിയില്ല. പാലക്കാട് ജില്ലയെന്നത് പട്ടികയിലില്ലാത്തതിനാൽ അവിടെ അതിന് സ്റ്റോപ്പില്ല. കൂറ്റനാടുനിന്ന് കെ-റെയിലിൽ കയറണമെങ്കിൽ ഒന്നര മുതൽ രണ്ട് മണിക്കൂർ വരെ യാത്ര ചെയ്ത് തിരുരിലേയ്ക്കോ തൃശ്ശൂരിലേയ്ക്കോ പോകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കിൻഫ്രാ പാർക്കിൽ വീട്ടമ്മമാർ തയ്യാറാക്കുന്ന ഹോം മെയ്ഡ് ഭക്ഷണ സാധനങ്ങൾ കോഴിക്കോടുനിന്നുള്ള ഫ്ലൈറ്റിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് പോകുന്നുണ്ടെന്നത് അങ്ങേയ്ക്കറിയാമോ? ഭക്ഷണസാധനങ്ങളെ തള്ളിപ്പറയരുത്. വീട്ടമ്മമാരുടെ സഹായത്തോടെ നല്ല നാടൻ ഭക്ഷണ സാധനങ്ങളുണ്ടാക്കി കയറ്റി അയയ്ക്കുന്ന ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ കിൻഫ്രാ പാർക്കിലുണ്ട്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഭക്ഷണ സാധനങ്ങളെ തരംതാഴ്ത്തി പറഞ്ഞതല്ല. ഒരു കുട്ട അപ്പവുമായി തിരുരിൽനിന്നോ തൃശ്ശൂരിൽനിന്നോ കെ-റെയിലിൽ കയറി കൊച്ചിയിൽ കൊണ്ടുപോയി വിറ്റ് വരാമെന്നാണ് നിങ്ങൾ പറയുന്നത്. അതിന് ഒരു ഭാഗത്തേയ്ക്കുള്ള ടിക്കറ്റ് ചാർജ്ജ് 700 രൂപയാണ്. ഒരുദിവസം കൊച്ചിയിൽ പോയി തിരിച്ചുവരുന്നതിന് ടിക്കറ്റ് ചാർജ്ജായി മാത്രം 1400 രൂപയാകും; മറ്റ് ചെലവുകളുൾപ്പെടെ 2000 രൂപയാകും. ഒരു കുട്ട അപ്പം വിറ്റാൽ 2000 രൂപ കിട്ടുമോ; പത്ത് കുട്ട വിറ്റാലെങ്കിലും കിട്ടുമോ? ഇതൊന്നും സംഭവിക്കുന്ന കാര്യമല്ല. ആരോടാണ് നിങ്ങൾ ഈ ബഡായി പറയുന്നത്? മാധ്യമസ്വാതന്ത്ര്യത്തെ സംബന്ധിച്ച് പറയുകയാണങ്കിൽ വല്ലാത്തൊരു അവസ്ഥയിലാണ്. ഏഷ്യാനെറ്റിലെ ശ്രീ. വിനു വി. ജോണും ശ്രീമതി സിന്ധു സൂര്യകുമാറും കേസുകൾ നേരിടുകയാണ്. നമ്മൾ ഫാസിസത്തിനെതിരെയും പത്ര സ്വാതന്ത്ര്യത്തിനുവേണ്ടിയുമെല്ലാം വാദിക്കുമ്പോൾ ഈ സംസ്ഥാനത്ത് നടക്കാൻ പാടില്ലാത്ത കാര്യങ്ങളാണ് സംഭവിക്കുന്നത്. ജനാധിപത്യവിരുദ്ധ രീതിയിലൂടെയാണ് ഈ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.

ഐ.ജി.എസ്.ടി, ജി.എസ്.ടി. നഷ്ടപരിഹാരത്തുക വാങ്ങിയെടുക്കുന്നതിൽ സർക്കാരിന് വീഴ്ചയുണ്ടായി എന്നത് പാർലമെന്റിൽ ചർച്ച ചെയ്യപ്പെട്ടു. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിമാർ പറയുന്നത് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, എം.പി. ചോദ്യം അങ്ങനെ ചോദിക്കരുതായിരുന്നുവെന്നും അതുകൊണ്ടാണ് ഉത്തരം ഇങ്ങനെ ആയതെന്നുമാണ്. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, എം.പി. എന്താണ് ചോദിച്ചത്? കേന്ദ്രസർക്കാർ സംസ്ഥാനത്തെ അവഗണിക്കുകയാണെന്നും അർഹമായ തുക നൽകുന്നില്ലെന്നും നിങ്ങൾ വർഷങ്ങളായി പറയുകയാണ്. അക്കാര്യം ഞങ്ങളും അംഗീകരിക്കുന്നു. ഐ.ജി.എസ്.ടി. ഇനത്തിൽ 5000 കോടി രൂപ വാങ്ങിയെടുക്കുന്നതിൽ കേരളത്തിന് വീഴ്ചയുണ്ടെന്ന് പറഞ്ഞത് കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയാണ്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്റെ കണ്ടെത്തലാണത്. അതുകൊണ്ടാണ് കൊല്ലം എം. പി. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ കേരളത്തിന് അർഹമായ വിഹിതം നൽകാതിരിക്കുന്നത് ശരിയാണോയെന്ന് പാർലമെന്റിൽ ചോദ്യം ഉന്നയിച്ചത്. ഇതിന് ശ്രീമതി നിർമ്മല സീതാരാമൻ മറുപടി പറഞ്ഞപ്പോൾ നിങ്ങളുടെ ചില വീഴ്ചകൾ ചൂണ്ടിക്കാട്ടി. അതിനെന്തിനാണ് ശ്രീ. എൻ. കെ. പ്രേമചന്ദ്രനെതിരെ തിരിയുന്നത്? 18 എം.പി.-മാർ നിങ്ങൾക്കുവേണ്ടി ഒന്നും

ചെയ്യുന്നില്ലെന്ന് എപ്പോഴും പറയാറുണ്ട്. നിങ്ങൾക്കുവേണ്ടി പറഞ്ഞ ഒരാളുടെ സ്ഥിതി ഇതാണെങ്കിൽ ബാക്കിയുള്ളവരുടെ കാര്യം പറയാനുണ്ടോ? ഈ രീതിയിലാണ് നിങ്ങൾ പോകുന്നത്.

ഭൂമിയുടെ ന്യായവില സംബന്ധിച്ചാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 2010-ൽ ഭൂമിയുടെ ന്യായവില നിശ്ചയിച്ചത് തെറ്റായിരുന്നു, അത് മുഴുവൻ അബദ്ധ പഞ്ചാംഗമാണ്. തലസ്ഥാനത്തെ കണ്ണായ സ്ഥലത്ത് ഒരു സെന്റിന് പത്ത് ലക്ഷം രൂപയും വയനാട്ടിൽ 11 ലക്ഷം രൂപയും തൃശ്ശൂരിലെ സ്വരാജ് ഗ്രൗണ്ടിൽ ഒരു കോടി രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഒരേറോഡിന്റെ ഇരുവശത്തുമുള്ള സ്ഥലത്തിന് വ്യത്യസ്ത വിലയാണ് നിലവിലുള്ളത്. ഇടയ്ക്കിടക്ക് ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ചു, 13 വർഷം കൊണ്ട് 264 ശതമാനമാണ് വർദ്ധിപ്പിച്ചത്. ഇപ്പോൾ വീണ്ടും 20 ശതമാനം വർദ്ധിപ്പിച്ചപ്പോൾ എന്താണ് സംഭവിച്ചത്? മുമ്പ് ഒരു സെന്റ് ഭൂമി രജിസ്റ്റർ ചെയ്യാൻ രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും കൂടി പതിനായിരം രൂപ മതിയായിരുന്നുവെങ്കിൽ ഇപ്പോൾ പന്ത്രണ്ടായിരം രൂപ വേണം. നിങ്ങൾ ചൂളവിൽ ആളുകളുടെ പോക്കറ്റടിക്കുകയാണ്. അഞ്ച് സെന്റും പത്ത് സെന്റുമുള്ള എത്രയോ ഭൂമികൾ ആളുകൾക്ക് രജിസ്റ്റർ ചെയ്യേണ്ടിവരും. ആ സ്ഥാനത്താണ് ഭൂമിയുടെ

ന്യായവില വർദ്ധിപ്പിച്ചിരിക്കുന്നത്. മാത്രമല്ല സർക്കാരിന്റെ ഭാഗത്തുനിന്നും ഇപ്പോൾ തട്ടിപ്പാണ് നടക്കുന്നത്. പഴയകാലത്ത് 'തിരുട്ട് ഗ്രാമം' എന്നൊരു തമിഴ് പ്രയോഗമുണ്ട്, അതുപോലെ 'ഇന്ത ഇടത്തിൽ തിരുട്ട് അരസാങ്കം' ആണ്. എല്ലാവരും എല്ലാവരേയും പറ്റിക്കുകയാണ്, സർവ്വത്ര തട്ടിപ്പ് നടത്തുകയാണ്. പ്രളയ ഫണ്ട് പാർട്ടിക്കാർ തട്ടിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ കൈവച്ചത് സഹിക്കാൻ കഴിയില്ല. അതിലേയ്ക്ക് ആരെല്ലാം സംഭാവന നൽകിയ തുകയാണുള്ളത്? ഇവിടെ ഒരു മാധ്യമ പ്രവർത്തകൻ പറഞ്ഞതുപോലെ ഇതൊരു വൈകാരിക സഞ്ചയമാണ്. ഒരു നശിച്ച കാലത്ത് അരപട്ടിണിക്കാർ നൽകിയ പവിത്ര മൂലധനമാണ് ഒരു പറ്റം നരാധമന്മാർ അടിച്ചുകൊണ്ടുപോയത്. ഇടതുപക്ഷക്കാരനും ബീഡി തെറുപ്പുകാരനുമായ കണ്ണൂരിലെ ജനാർദ്ദനൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് രണ്ട് ലക്ഷം രൂപയാണ് കൊടുത്തത്. സ്വന്തം ഭർത്താവിനെ ചികിത്സിക്കേണ്ട സുബൈദ ആടിനെ വിറ്റുകിട്ടിയ അയ്യായിരം രൂപയാണ് ദുരിതാശ്വാസ നിധിയിലേയ്ക്ക് കൊടുത്തത്. അതുപോലെ പ്രാവിനെ വിറ്റ പതിനൊന്നുവയസ്സുകാരന്റെ പണവും ഇതിലേയ്ക്ക് കൊടുത്തു. മോണകാട്ടി ചിരിച്ച കുരുന്നുകൾ അവരുടെ കുടുക്ക പൊട്ടിച്ച് കൊടുത്ത പണവുമുണ്ട്. ആ പണമാണ് ഒരു പറ്റം

നരാധമന്മാർ, ഒരു കോക്കസ് അടിച്ചുമാറ്റിയത്. എങ്ങനെ അടിച്ചുമാറ്റാതിരിക്കും. 'കത്തുന്ന വീട്ടിൽനിന്നും ഊരുന്ന കഴുക്കോൽ ലാഭം ' എന്ന് പറയുന്നതുപോലെ എല്ലാവരും അടിച്ചുമാറ്റുകയാണ്. എൻ.ജി.ഒ. യൂണിയന്റെ വക ഒരുഭാഗത്ത് അടിച്ചുമാറ്റൽ നടക്കുകയാണ്. താഴെത്തട്ടിൽ പ്രളയ ഫണ്ട് അടിച്ചുമാറ്റുകയാണ്. മേലെതട്ടിൽ കേരളത്തിന്റെ ചരിത്രത്തിലില്ലാത്ത വലിയ അഴിമതികളല്ലേ നടക്കുന്നത്? ഇവിടെ സ്വർണ്ണം ഇങ്ങോട്ടുവന്നു, ഡോളർ അങ്ങോട്ടുപോയി എന്നൊക്കെ ശ്രീമതി സ്വപ്ന സുരേഷ് ഇടയ്ക്കിടയ്ക്ക് പറയുകയാണ്. ഞാനൊറ്റ കാര്യമേ ചോദിക്കുന്നുള്ളൂ.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം... പ്ലീസ് കൺക്ലൂഡ്...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ നിർത്തുകയാണ്. ശ്രീമതി സ്വപ്ന സുരേഷ് പറയുന്നത് തെറ്റാണെങ്കിൽ അവർക്കെതിരെ ഒരു മാനനഷ്ടക്കേസ് കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. കാരണം നിങ്ങളെക്കുറിച്ച് ഒരു സ്ത്രീ അപവാദം പറഞ്ഞതിൽ എന്തുകൊണ്ടാണ് പ്രതികരിക്കാത്തത്? അതുകൊണ്ട് അഴിമതിയിൽ മുങ്ങിക്കുളിച്ചൊരു സർക്കാരാണിതെന്നുള്ളതാണ് ഇതെല്ലാം തെളിയിക്കുന്നത്. ശ്രീ. എം. ശിവശങ്കർ ഇ.ഡി.-യുടെ പിടിയിലായി; വീണ്ടും കസ്റ്റഡിയിലായി. ശ്രീ. സി. എം. രവീന്ദ്രനെ വീണ്ടും ചോദ്യം ചെയ്യാൻ

പോകുകയാണ്. അപ്പോൾ ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇതൊക്കെ വലിയ നാണക്കേടാണ്. ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളിൽ ഒരുപാട് വീഴ്ചകൾ ചൂണ്ടിക്കാണിക്കാനുണ്ട്. ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് എന്റെ എളിയ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ബഹുമാന്യനായ മണ്ണാർക്കാട് അംഗത്തിന് തെറ്റിദ്ധാരണ ഉണ്ടായിയെന്നാണ് തോന്നുന്നത്. കാരണം യു.ഡി.എഫ്. ഭരണകാലത്തെ ബഡ്ജറ്റിന്മേൽ നടത്തിയ പ്രസംഗം പോലെയാണ് അദ്ദേഹം സംസാരിച്ചത്. ആദിവാസി സ്ത്രീയുടെ കച്ച കുത്തതാണെന്ന് പറഞ്ഞ് അഴിച്ചുമാറ്റിയ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഒരു കാലം കേരളത്തിലുണ്ടായിരുന്നു. ആ ഹാംഗ്ഓവർ വച്ച് പിണറായി വിജയൻ ഗവൺമെന്റിനെ വിലയിരുത്തരുത്. ഞങ്ങൾക്ക് ഒരു കുറുപ്പിനോടും വിദ്വേഷമില്ല. സംസ്ഥാനത്തോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തെക്കുറിച്ച് നിങ്ങളാരും ഒന്നും പറയാത്തത് എന്തുകൊണ്ടാണ്? രാജ്യത്ത് നിലനിൽക്കുന്ന ഫെഡറൽ സിസ്റ്റത്തിന് വിരുദ്ധമായാണ് കേന്ദ്രഗവൺമെന്റ് പ്രവർത്തിക്കുന്നത്. ഇത് ധനകാര്യ വകുപ്പുമന്ത്രി

ശ്രീ. കെ. എൻ. ബാലഗോപാലിന്റെയോ ഈ ഗവൺമെന്റിന്റെയോ പ്രശ്നമല്ലല്ലോ? പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് അനുസരിച്ച് നമുക്ക് ലഭ്യമാകേണ്ട 3.84 ശതമാനം വിഹിതം 1.92 ശതമാനമായി വെട്ടിച്ചുരുക്കിയില്ലേ? നിങ്ങൾ പുകഴ്ത്തിപ്പറഞ്ഞ ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ നേതൃത്വത്തിൽ പാർലമെന്റിന് മുമ്പിൽ ബഹുമാന്യരായ പാർലമെന്റ് അംഗങ്ങൾ ഒരു ധർണ്ണ നടത്താതിരുന്നത് എന്തുകൊണ്ടാണ്? ശ്രീ. നരേന്ദ്ര മോദി നടപ്പാക്കുന്ന രാഷ്ട്രീയ വിരോധത്തിന് എരിവ് പകരുന്നതും അതിന് കൂടെ നിൽക്കുന്നതുമായ സമീപനമല്ലേ യു.ഡി.എഫ്. എം.പി.-മാർ പാർലമെന്റിൽ സ്വീകരിച്ചത്. ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾക്കെതിരെ ഇവിടെ നിങ്ങൾ സമരം ചെയ്തല്ലോ; പാചക വാതകത്തിന്റെ വില 50 രൂപ വർദ്ധിപ്പിച്ചപ്പോൾ പാർലമെന്റിന് മുമ്പിൽ എന്താണ് ഒരു ധർണ്ണാസമരം നടത്താതിരുന്നത്. നിങ്ങൾ ആരുടെ കൂടെയാണ് നിൽക്കുന്നത്; നിങ്ങൾ ആരെയാണ് പിന്തുണയ്ക്കുന്നത്? കേരളം പോലൊരു സംസ്ഥാനം ഈ ലോകത്തിന് മാതൃകയല്ലേ. ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ അവസാനത്തെ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയായിരിക്കുമെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞു. പക്ഷേ അങ്ങേയ്ക്ക് തെറ്റി, കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ കീഴിലുള്ള നാളുകളാണ്

കേരളത്തിൽ വരാൻ പോകുന്നത്. ശ്രീ. പിണറായി വിജയനെ തകർത്തുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി രാഷ്ട്രീയത്തെ ദുർബലപ്പെടുത്താമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്; ശ്രീ. നരേന്ദ്ര മോദിക്ക് സമമാണ് ശ്രീ. പിണറായി വിജയൻ എന്നത് നിങ്ങളുടെ ആഗ്രഹം മാത്രമാണ്. ഒരു secular and secure സ്റ്റേറ്റാണ് കേരളം. കേരളത്തിൽനിന്നുള്ള മുസ്ലീംലീഗിന്റെ പ്രതിനിധിസംഘം ഉത്തർപ്രദേശിൽ ഇലക്ഷൻ പ്രചരണത്തിന് പോയതിന്റെ അനുഭവമെന്താണ്; അവിടെയെന്തെങ്കിലും പറയാൻ സാധിച്ചോ; എവിടെയെങ്കിലും പ്രചരണത്തിന്റെ ഭാഗമായി നിങ്ങളെ പങ്കെടുപ്പിച്ചോ; കേരളത്തിൽ എവിടെയെങ്കിലും ജാതിയും മതവും ആരെങ്കിലും ചോദിക്കുമോ; എന്തുകൊണ്ടാണ് അങ്ങനെ ചോദിക്കാത്തത്? കേരളത്തിൽ ധൈര്യമുള്ള ഒരാൾ മുഖ്യമന്ത്രിക്കസേരയിലും ധൈര്യമുള്ള ഒരു ഗവൺമെന്റും ഉള്ളതുകൊണ്ട് ആർ.എസ്.എസ്.-കാരന്റെ ഒരു ഉഡായിപ്പും ഇവിടെ നടപ്പാകില്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി നൽകുന്ന സുരക്ഷിതത്വബോധത്തിന് കീഴിലാണ് സംസ്ഥാനത്തെ ജനങ്ങൾ. ഇത് ആയങ്കിമാരുടെയും ക്വട്ടേഷൻകാരുടെയും പാർട്ടിയല്ല; കയ്യൂരിലും കരിവെള്ളൂരിലും പുന്നപ്ര-വയലാറിലും ഒഞ്ചിയത്തും നടത്തിയിട്ടുള്ള അനവധി

പോരാട്ടങ്ങളുടെ ഭാഗമായി ഉയർന്നുവന്ന പാർട്ടിയാണ്. കുത്തുപറമ്പിൽ നടത്തിയത് വലിയ സമരമാണ്. അതിന്റെ ഭാഗമായി രക്തസാക്ഷികൾ വളർത്തിയെടുത്ത ചോര വീണ മണ്ണാണ് കേരളം. ഒരു ക്വട്ടേഷൻകാരന്റെയും ആനുകൂല്യത്തിൽ വളർന്ന പാർട്ടിയല്ല സി.പി.ഐ.(എം.)-ഉം ഇടതുപക്ഷ ജനാധിപത്യ മുന്നണിയും. ഞങ്ങളെ ആക്ഷേപിക്കാൻ നോക്കരുത്, ഞങ്ങൾ ആ വഴിയേ നടക്കുന്നവരല്ല. 'ഇന്ത്യയെന്നാൽ ഇന്ദിരയെന്നും ഇന്ദിരയെന്നാൽ ഇന്ത്യയെന്നും' പ്രഖ്യാപിച്ച് അടിയന്തരാവസ്ഥ വരെ നടപ്പിലാക്കിയവർ ഞങ്ങളെ ജനാധിപത്യം പഠിപ്പിക്കരുത്; അത് നല്ല പഠനം തന്നെയാണ്. പാർലമെന്ററി പാർട്ടി സെക്രട്ടറിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണന്റെ അനുഭവമാണ് എനിക്ക് ഓർമ്മവരുന്നത്. അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി നളിനി ഭർത്താവിനെ കാണാനില്ലെന്ന് പറഞ്ഞ് പോകുമ്പോൾ കണ്ട കാഴ്ചയെന്താണ്; അത്ര ഭീകരമായ ഏകാധിപത്യ പ്രവണത നടപ്പിലാക്കിയ സംസ്ഥാനമല്ലേ കേരളം; ആ നിങ്ങളാണോ വർത്തമാന കേരളത്തെ ചൂണ്ടിക്കാണിക്കുന്നത്; നിങ്ങളുടെ താൽപ്പര്യം ആരോടാണ്? സംഘ്പരിവാറിന്റെ അജണ്ട ഞങ്ങൾക്കറിയാം. സംസ്ഥാനത്തെ സാമ്പത്തികമായി തകർത്ത് പിടിച്ചെടുക്കുകയാണ് ലക്ഷ്യം. അതിന് ഇടതുപക്ഷ സർക്കാർ വഴങ്ങില്ല. കിഫ്ബി പദ്ധതി ഇവിടെ

നടപ്പിലാക്കിയില്ലേ; കിഫ്ബി മുഖേന 80,352 കോടി രൂപ ചെലവാക്കി 2462 പ്രോജക്ടുകളാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾപോലെ ലോകത്ത് മറ്റെവിടെയാണുള്ളത്? ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയുണ്ട്. ആധുനികരീതിയിൽ ദീർഘവീക്ഷണത്തോടുകൂടി കാലത്തിന് യോജിച്ചനിലയിൽ ശക്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ മുന്നോട്ടുകൊണ്ടുപോകുകയല്ലേ ചെയ്യുന്നത്; ഒരു നാടിനെ ദീർഘവീക്ഷണത്തോടെ നയിക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനം ആ നാട്ടിലെ വിദ്യാലയങ്ങളായിരിക്കണമെന്ന കാഴ്ചപ്പാടോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയല്ലേ ചെയ്യുന്നത്. സമ്പദ്ഘടനയെ ചലിപ്പിക്കാൻ ബഡ്ജറ്റിന് പുറത്ത് ധനസമാഹരണം നടത്തി അതിനെ മെച്ചപ്പെടുത്തുകയെന്ന ഏറ്റവും മികച്ച ധനകാര്യ മാനേജ്മെന്റല്ലേ കേരളത്തിൽ നടപ്പിലാക്കിയത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വളരെ നന്നായിട്ടാണ് പട്ടയവിതരണം നിർവ്വഹിച്ചത്. പട്ടയം ലഭിക്കാത്തതാണ് ഒരു കാലത്ത് കേരളത്തിലെ ഏറ്റവും വലിയ പ്രശ്നം. 27000 പട്ടയം കൊടുക്കാൻ തീരുമാനിച്ചതിൽ 54535 പട്ടയങ്ങൾ കൊടുത്തു. 40000 പട്ടയങ്ങൾ കൊടുക്കാനായി തയ്യാറായിക്കഴിഞ്ഞു. ഡിജിറ്റൽ സർവ്വേ, യുണീക് തണ്ടപ്പേർ എന്നിവയൊക്കെ നടപ്പാകാൻപോകുന്നു. കേരളത്തിലെ

1666 വില്ലേജ് ഓഫീസുകളും സ്മാർട്ടാകാൻ പോകുകയാണ്. കേരളത്തിലെ സാധാരണ മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രങ്ങളെ ആധുനികവൽക്കരിച്ച് ശക്തമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് കേന്ദ്രസർക്കാർ പണം നൽകാതിരുന്നപ്പോൾ 'അയ്യോ; ഇവിടെ മുണ്ട് മുറുക്കിയുടുക്കണം, ഒന്നുമില്ല' എന്നല്ല ബഹുമാനപ്പെട്ട പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പറഞ്ഞത്. ഞങ്ങൾ ചെയ്യുമെന്നും അതിനായി ബദൽ മാർഗ്ഗം കണ്ടെത്തുമെന്നും പറഞ്ഞുകൊണ്ട് അതെല്ലാം ഇവിടെ നടപ്പിലാക്കി. വിശ്വാസങ്ങളുടെ അട്ടിപ്പേറവകാശം അക്കാലത്ത് നിങ്ങളാണല്ലോ അവകാശപ്പെടാറുള്ളത്. ശബരിമലയിലുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്? ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ മനോഹരമാക്കിയ ശബരിമലയിൽ 50 ലക്ഷത്തിലേറെ ഭക്തജനങ്ങൾ വന്നില്ലേ; ഇടത്താവളത്തിനുവേണ്ടി 200 കോടി രൂപയുടെ പദ്ധതി നടപ്പിലാവുകയല്ലേ; ഞങ്ങൾ വിശ്വാസത്തിനെതിരല്ല, അവരെ സംരക്ഷിക്കുകയും അനുകൂല നിലപാടുകൾ സ്വീകരിക്കുകയും ചെയ്യുന്നവരാണ്. എന്നാൽ, വിശ്വാസകേന്ദ്രങ്ങൾ നടപ്പിലാക്കാൻ അനുവദിക്കില്ലെന്ന ശക്തമായ നിലപാട് സ്വീകരിച്ചവരാണ് ആർ.എസ്.എസ്. എന്നതിൽ ഏതെങ്കിലും വിശ്വാസിക്ക് പരാതിയുണ്ടോ?

ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളെയും വിശ്വാസകേന്ദ്രങ്ങളെയും ഈ ഗവൺമെന്റ് നല്ലരീതിയിലാണ് മുന്നോട്ടുകൊണ്ടുപോകുന്നത്. ഏറ്റവും മികച്ച ആധുനിക കാഴ്ചപ്പാടോടുകൂടി സംസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകുന്ന ഗവൺമെന്റിനെയാണ് ഏത് മേഖല പരിശോധിച്ചാലും കാണാൻ കഴിയുന്നത്. ഞങ്ങൾ ഒരു മാധ്യമ സ്വാതന്ത്ര്യത്തിനുമെതിരല്ല. മാധ്യമത്തിന്റെ പരിലാളനയിൽ വളർന്ന പാർട്ടിയൊന്നുമല്ല സി.പി.ഐ.(എം.). ഞങ്ങൾ ആരുടെയും പിന്തുണയിലോ ആരെങ്കിലും നൽകിയ ഔദാര്യത്തിന്റെ ഭാഗമായോ വളർന്നുവന്നവരല്ല. ഒരു സ്ഥാപനത്തിനും ഞങ്ങൾ എതിരല്ല. പാർട്ടിയുടെ കണ്ണൂർ ജില്ലാ സെക്രട്ടറി മാധ്യമപ്രവർത്തകനെ ബിൻ ലാദനെന്ന് വിളിച്ചെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. അത് അദ്ദേഹം പരിശോധിക്കുന്നത് നല്ലതായിരിക്കും. അങ്ങനെ വിളിച്ചിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. അങ്ങയെപ്പോലൊരാൾ തെറ്റിദ്ധരിക്കപ്പെടാൻ പാടില്ലെന്നതുകൊണ്ട് പറയുകയാണ്. അത് വളരെ പ്രധാനപ്പെട്ട കാര്യമായതിനാൽ അങ്ങ് പരിശോധിക്കണം. മാധ്യമ പ്രവർത്തകരോടെല്ലാം ബഹുമാനവും ആദരവും ഏറ്റവും ശക്തമായി പുലർത്തുന്നവരാണ് ഞങ്ങൾ; അതിൽ വീഴ്ചകളുണ്ടാകാം. അങ്ങനെയുണ്ടായിട്ടുണ്ടെങ്കിൽ അതിലെല്ലാം ഏറ്റവും ശക്തമായ സമീപനം

ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അതല്ലാതെ മാധ്യമസ്വാതന്ത്ര്യത്തിനുവേണ്ടി കേരളത്തിൽ വാദിക്കുകയെന്ന് പറയുന്നതിന്റെ യുക്തിയെന്താണ്? ഇന്ത്യ ഗവൺമെന്റിനെ/നരേന്ദ്ര മോദിയെപ്പോലെയാണ് സംസ്ഥാന ഗവൺമെന്റെന്ന് സ്ഥാപിക്കാൻവേണ്ടിയാണ്. നിങ്ങൾക്ക് ചില ദുഷ്ടലാക്കും ലക്ഷ്യങ്ങളുണ്ട്. കേരളത്തിൽ ആദ്യമായി ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് തുടർഭരണമുണ്ടായി. അത് പലർക്കും സഹിക്കുന്നില്ല. തുടർഭരണമുണ്ടായി എന്നുമാത്രമല്ല, ഏറ്റവും ശക്തമായ ആധുനികവൽക്കരണത്തിലേയ്ക്ക് ആ ഗവൺമെന്റ് പോകുകയും ചെയ്തു. പ്രതിസന്ധിഘട്ടത്തിൽ 62 ലക്ഷം കുടുംബങ്ങൾക്ക് ക്ഷേമ പെൻഷൻ നൽകാനായി 11000 കോടി രൂപ അനുവദിച്ചു. ഇനി എന്തുചെയ്യണം ഈ ഗവൺമെന്റ്? തിരുവനന്തപുരത്ത് വന്നപ്പോൾ ശ്രീമതി നിർമ്മല സീതാരാമൻ ചോദിച്ചത് കടമെടുത്തിട്ട് എന്തിനാണ് പെൻഷൻ കൊടുക്കുന്നതെന്നാണ്. അത് തീരുമാനിക്കേണ്ടത് ശ്രീമതി നിർമ്മല സീതാരാമനല്ല, ജനങ്ങൾ തെരഞ്ഞെടുത്ത ഗവൺമെന്റാണ്. ആ തീരുമാന പ്രകാരമാണ് 62 ലക്ഷം കുടുംബങ്ങൾക്ക് പെൻഷൻ കൊടുത്തത്. ലോകത്താകെ അസാധാരണ സാമ്പത്തിക പ്രതിസന്ധിയുണ്ടായി. ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിൽനിന്ന് രാജ്യങ്ങൾ വിത്ത്ഡ്രോ ചെയ്തു. എന്നാൽ ഇവിടെയെന്താണ് ചെയ്തത്? പെൻഷൻ

കൊടുക്കാൻ കഴിയില്ലെന്ന് പറഞ്ഞ് മിണ്ടാതിരിക്കുകയല്ല ഈ ഗവൺമെന്റ് ചെയ്തത്. ഏത് പ്രതിസന്ധിയുണ്ടായാലും അർഹരായവർക്കെല്ലാം പെൻഷൻ കൊടുക്കുമെന്ന് പ്രഖ്യാപിക്കുന്ന ബഹുമാന്യരായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അതിന് നേതൃത്വം കൊടുക്കുന്ന റവന്യൂ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരുമല്ലേ കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങളെ ചേർത്തുനിർത്തി പ്രശ്നങ്ങളെന്താണെന്ന് മനസ്സിലാക്കി അവർക്കനുകൂലമായ നിലപാട് സ്വീകരിക്കുകയാണ്. കേരളം നമ്മുടെ നാടല്ലേ; രാഷ്ട്രീയമായ വ്യത്യസ്ത അഭിപ്രായങ്ങളും ചിന്തകളും നമുക്കിടയിലുണ്ടാവാം. എന്നാൽ, കേരളത്തെ തകർക്കാൻ ശ്രമിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെതിരെ ഒറ്റക്കെട്ടായി ഏറ്റവും ശക്തിയേറിയ സമീപനം സ്വീകരിക്കണം. ഇനി ഞങ്ങളല്ല, നിങ്ങളാണ് ഭരിക്കുന്നതെന്ന് വിചാരിച്ചാൽ, എങ്ങനെ നിങ്ങൾക്ക് മുന്നോട്ടുപോകാൻ സാധിക്കും? ജനങ്ങൾക്ക് അമിതഭാരം ഏൽപ്പിക്കാതെ ഒരു സംസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള ഏറ്റവും മികച്ച ധനകാര്യ മാനേജ്മെന്റിനല്ലേ ഇതൊക്കെ ചെയ്യാൻ കഴിയൂ. അല്ലെങ്കിൽ എന്ത് ചെയ്യാൻ കഴിയുമെന്നതിന് നിങ്ങൾ ബദൽ പറയണം. വൈരനിര്യാതന ബുദ്ധിയോടെയും രാഷ്ട്രീയവിമോചനത്തോടെയും ഒരു സംസ്ഥാനത്തെ തകർക്കാൻ ശ്രമിക്കുമ്പോൾ, ജനങ്ങൾക്ക് വലിയ

ബാധ്യതയില്ലാതെ സംസ്ഥാനത്തെ നയിക്കുകയെന്ന മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റാണ് ഇവിടെ സാധ്യമാക്കിയിരിക്കുന്നത്. ഈ സർക്കാർ പരിശ്രമിക്കുന്നതും മുന്നോട്ടുവയ്ക്കുന്ന ആശയവും അതാണ്. അതുകൊണ്ട്, ഇന്നത്തെക്കാലത്ത് അസാധാരണമായ സാമ്പത്തിക പ്രതിസന്ധി അതിജീവിക്കാൻ ഈ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകൾ അനിവാര്യമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തെ ആദ്യം അളന്നെടുത്ത് രൂപപ്പെടുത്തിയത് പരശുരാമനാണെന്ന ഐതിഹ്യമുണ്ട്. സത്യത്തിൽ അതൊരു കഥയോ മിത്തോ ആയിരിക്കാം. പക്ഷേ ആധുനിക കാലഘട്ടത്തിൽ കേരളത്തെ അളന്ന് തിട്ടപ്പെടുത്താൻ റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പ് തയ്യാറാകുന്നുവെന്നത് ഐതിഹ്യമല്ല, യാഥാർത്ഥ്യമാണെന്നതിൽ സംശയമില്ല. വർഷങ്ങളായി അവസാനിക്കാത്ത കേരളത്തിലെ ഭൂപ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനുള്ള ഒരു നല്ല ഇടപെടലായാണ് ഞാനിതിനെ കാണുന്നത്. തകഴി ശിവശങ്കരപ്പിള്ളയുടെ ഏറ്റവും മനോഹരമായ നോവലുകളിലൊന്നാണ് 'കയർ'. മനുഷ്യനും ഭൂമിയും തമ്മിലുള്ള ബന്ധങ്ങൾ സൃഷ്ടിക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ ഒരു കയറുപോലെ

ഇഴചേർന്നുകിടക്കുന്ന അസാധാരണമായ ഇതിവൃത്തത്തിൽ രൂപപ്പെടുത്തിയ ആ നോവൽ കേരളത്തിലെ ഭൂപ്രശ്നങ്ങൾ വളരെ കൃത്യമായി അവലോകനം ചെയ്തിട്ടുണ്ട്. ഒരിക്കലും പരിഹരിക്കപ്പെടാത്ത പ്രശ്നത്തിന് റവന്യൂ വകുപ്പിലൂടെ പരിഹാരമുണ്ടാകുകയാണ്. 'ഡിജിറ്റൽ കേരള' പദ്ധതിയോടൊപ്പം റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ തുടങ്ങിയ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് ഒരു ഇന്റഗ്രൽ പോർട്ടൽ രൂപീകരിച്ചുകൊണ്ട് ഭൂപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിച്ചതിനെ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കാൻ എനിക്ക് ലഭിച്ച അഞ്ച് മിനിട്ടിനുള്ളിൽ മൂന്ന് പ്രധാനപ്പെട്ട വകുപ്പുകളെക്കുറിച്ച് അധികം കാര്യങ്ങൾ പറയാൻ കഴിയില്ല. ഇവിടെ ഞാൻ പറയാനുദ്ദേശിച്ച പല കാര്യങ്ങളും ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞുകഴിഞ്ഞു. കേരളത്തിലെ വില്ലേജുകൾ സ്മാർട്ടാകുന്നതുപോലെ റവന്യൂ ഡിപ്പാർട്ടുമെന്റും വളരെ സ്മാർട്ടായി വരുന്നുവെന്നതിൽ സംശയമില്ല. അത് കേരളത്തിലെ ഭരണസംവിധാനത്തിന്റെ ഏറ്റവും മികച്ച ഉദാഹരണങ്ങളിലൊന്നാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ വരുമാനവുമായി ബന്ധപ്പെട്ട് ഐ.ജി.എസ്.ടി.-യിൽനിന്ന് 25,000 കോടി രൂപ ലഭിച്ചില്ലെന്നത് സംബന്ധിച്ച് കഴിഞ്ഞ ദിവസങ്ങളിൽ ചർച്ച ചെയ്തതാണ്. ഈ കണക്ക്

എവിടെനിന്ന് ലഭിച്ചതാണെന്ന് കൃത്യമായി അറിയില്ല. വസ്തുതകൾ മറച്ചുവയ്ക്കുന്നത് ശരിയല്ല. 'Lies, damned lies and statistics' എന്ന് സാധാരണഗതിയിൽ പറയാറുണ്ട്. പക്ഷേ പിന്നീട് കണക്കുകൾ പലപ്പോഴും സത്യത്തെ ബോധ്യപ്പെടുത്തുന്നില്ലെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഐ.ജി.എസ്.ടി. ഇനത്തിൽ കേരളത്തിന് ലഭിക്കേണ്ട തുക നേടിയെടുക്കാൻ കഴിയാത്തതിന്റെ യഥാർത്ഥ കാരണമെന്താണ്? കേരളത്തിൽ പ്രധാനമായും ഐ.ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് ധാരാളം സങ്കീർണ്ണതകളുണ്ട്. ജി.എസ്.ടി. നടപ്പാക്കിയ കാലം മുതൽ ഇതുമായി ബന്ധപ്പെട്ട സങ്കീർണ്ണതകൾ പരിഹരിക്കാനുള്ള ബാധ്യത കേന്ദ്ര ഗവൺമെന്റും ജി.എസ്.ടി. കൗൺസിലും നിർവ്വഹിക്കുന്നില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട വിഷയം. ക്രോസ് ക്രെഡിറ്റ്, യൂട്ടിലൈസേഷൻ പാറ്റേൺ, റീഫണ്ട്, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തുടങ്ങിയവയിലെ പ്രശ്നങ്ങളൊന്നും ഇതുവരെ സിസ്റ്റത്തിൽ പരിഹരിക്കാത്തതുകൊണ്ടാണ് കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് അർഹമായ തുക ലഭിക്കാത്തത്. മാത്രമല്ല, ജി.എസ്.ടി. നിയമത്തിലെ സെക്ഷൻ 17 അനുസരിച്ച് സംസ്ഥാനത്തിന് ലഭിക്കാനുള്ള വിഹിതം കേന്ദ്ര ഗവൺമെന്റ് നൽകുന്നുമില്ല. അതുകൊണ്ട് സാങ്കേതികമായ പിഴവുകളും ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങളും പരിഹരിക്കണം.

ഭരണഘടനാപരമായി നൽകിയിട്ടുള്ള അധികാരം പൂർണ്ണമായും ഉപയോഗിക്കാതിരിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് ഒന്നാം സ്ഥാനത്താണ്. വിഹിതം നേടിയെടുക്കാത്തത് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ അപാകതയാണെന്ന് പലപ്പോഴും ചർച്ചയിൽ ചൂണ്ടിക്കാണിക്കുന്നത് യാഥാർത്ഥ്യമല്ലെന്ന് പറയാനാണ് ആഗ്രഹിക്കുന്നത്.

2017-2018 സാമ്പത്തിക വർഷം ഏതാണ്ട് 1,76,000 കോടി രൂപ ഐ.ജി.എസ്.ടി. പൂളിൽനിന്ന് കേന്ദ്ര ഗവൺമെന്റിന്റെ സഞ്ചിത നിധിയിലേയ്ക്ക് മാറ്റിയത് സംബന്ധിച്ച് സി.&എ.ജി. റിപ്പോർട്ടിൽ വളരെ കൃത്യമായി പറയുന്നുണ്ട്. സെൻട്രൽ പൂളിൽനിന്ന് കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് മാറ്റിയത് ഒരിക്കലും ശരിയല്ലെന്നാണ് സെൻട്രൽ ഗവൺമെന്റ് ഉദ്യോഗസ്ഥനായ സി.&എ.ജി. പറയുന്നത്. കാരണം, അത് സംസ്ഥാനങ്ങൾക്കുള്ള വിഹിതമാണ്. 50:50 എന്ന അനുപാതത്തിലാണ് അത് ലഭിക്കേണ്ടത്. എന്നാൽ പല മാനദണ്ഡങ്ങളും പരിശോധിച്ചാൽ സംസ്ഥാനത്തിന് അർഹമായ തുക സെൻട്രൽ പൂളിൽനിന്നുൾപ്പെടെ പൂർണ്ണമായും ലഭിക്കുന്നില്ലെന്നാണ് മനസ്സിലാകുന്നത്. 14-ാം ധനകാര്യ കമ്മീഷന്റെ ഫോർമുലപ്രകാരം സംസ്ഥാനങ്ങൾക്ക് സെൻട്രൽ പൂളിൽനിന്ന് ലഭിക്കാനുള്ള പണം വിഭജിക്കാനെടുത്ത തീരുമാനം തികച്ചും

ഭരണഘടനാവിരുദ്ധമാണ്. ഇതിനെതിരെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ആരും സംസാരിക്കാത്തത് അപലപനീയമാണ്. ഇക്കാര്യത്തിൽ യഥാർത്ഥത്തിൽ സംഭവിച്ചത് എന്താണ്? 2022-23 സാമ്പത്തിക വർഷം ജനുവരി മാസം വരെയുള്ള കണക്കുപ്രകാരം സംസ്ഥാനത്ത് ഏതാണ്ട് 14,775 കോടി രൂപ ഐ.ജി.എസ്.ടി. വിഹിതമായി ലഭിച്ചിട്ടുണ്ട്. ഈ വർഷം പൂർത്തീകരിക്കുമ്പോൾ, അത് ഏതാണ്ട് 17,500 കോടി രൂപയായി വർദ്ധിക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സ്വാഭാവികമായും ഈ കാലയളവിൽ ഐ.ജി.എസ്.ടി.-യിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കാനുള്ള ഫണ്ടിന്റെ അളവ് വർദ്ധിച്ചുവെന്നത് ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ്. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റായതിനാൽ കൂടുതൽ ജി.എസ്.ടി. ആനുകൂല്യം ലഭിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. Place of supply കൃത്യമായി നിർവ്വചിക്കാൻ ജി.എസ്.ടി. സംവിധാനത്തിലെ സിസ്റ്റത്തിന് ഇപ്പോഴും കഴിഞ്ഞിട്ടില്ല. അത് കണ്ടെത്താനുള്ള സംവിധാനം ആവശ്യമാണ്. അതിനുവേണ്ടി ഇ-വേ ബില്ലും ഇ-ഇൻവോയിസുമുൾപ്പെടെയുള്ള പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തി സംസ്ഥാനത്തിന് അർഹമായ ഫണ്ട് ലഭ്യമാക്കാൻ നടപടിയുണ്ടാകണം. ഇത് സംസ്ഥാന ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിലെ

അപാകതകൾമൂലമല്ലെന്ന് സൂചിപ്പിക്കുകയാണ്. കേന്ദ്ര നിലപാടുകളും ജി.എസ്.ടി. സമ്പ്രദായത്തിൽ ഘടനാപരമായ മാറ്റങ്ങളും സംബന്ധിച്ച ആവശ്യങ്ങൾ നിരന്തരമായി പരിഗണിക്കാതെ പോകുന്നത് സംസ്ഥാനത്തെ ദോഷകരമായി ബാധിക്കും. കഴിഞ്ഞ ശബരിമല സീസണിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചതാണ്. യാതൊരു പരാതിയുമില്ലാതെ ഓരോ സമയങ്ങളിലും കൃത്യമായി ശബരിമല തീർത്ഥാടന കാലത്തെ പ്രശ്നങ്ങൾ വിലയിരുത്താനും ഏറ്റവും ഭംഗിയായി കൊണ്ടുപോകാനും കഴിഞ്ഞതിൽ ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പിനെയും പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വില്ലേജ് ഓഫീസുകൾ മാത്രം സ്മാർട്ടായാൽ പോര, സേവനങ്ങൾകൂടി സ്മാർട്ടാവുകയെന്നതാണ് ആവശ്യം. വിവിധ വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കാനുള്ള പദ്ധതിയുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നുവെന്നത് സ്വാഗതാർഹമാണ്. പക്ഷേ സേവനങ്ങൾ ഏറ്റവും വേഗതയിലെത്തുമ്പോഴാണ് ഓഫീസ് 'സ്മാർട്ട്' ആകുന്നത്. ഭൗതിക സാഹചര്യത്തിൽ മാത്രമല്ല, സർവ്വീസിൽ കിട്ടുകയെന്നുള്ളതാണ് പ്രധാനം. പോക്കുവരവ്, ഭൂമി തരംമാറ്റം തുടങ്ങിയവയ്ക്കായി സാധാരണക്കാർ വില്ലേജ്

ഓഫീസുകളിൽ കയറിയിറങ്ങി ബുദ്ധിമുട്ടുന്ന സാഹചര്യം ഇപ്പോഴുമുണ്ട്. വില്ലേജ് ഓഫീസുകളിലെ ചില ഭാഗങ്ങളിൽ ഇപ്പോഴും കറപ്ഷൻ ഒളിഞ്ഞിരിപ്പുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇത്തരത്തിലുള്ള വിഷയങ്ങൾ പലപ്പോഴുമുണ്ടാകാറുണ്ട്. വിമർശന വിധേയമായി ഇക്കാര്യങ്ങൾ അങ്ങേയ്ക്ക് പരിശോധിക്കാവുന്നതാണ്. സാധാരണക്കാർ ഏറ്റവും കൂടുതൽ ആശ്രയിക്കുകയും ജീവിതത്തിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിൽ പോകേണ്ടി വരികയും ചെയ്യുന്ന ഒരു മേഖലകൂടിയാണിത്. ഭൂമി തരംമാറ്റുന്നതുമായി ബന്ധപ്പെട്ട് എൽ.എം.സി. (ലാൻഡ് മാനേജ്മെന്റ് കമ്മിറ്റി) അനുവദിച്ച കേസുകളിൽപ്പോലും കാലതാമസം വരുത്തുന്നുണ്ട്. ആദ്യഘട്ടങ്ങളിൽ റീ-സർവ്വേ പൂർത്തീകരിച്ച കണയന്നൂർ താലൂക്കിലെ ചിലരുടെ ഭൂമി ഇപ്പോഴും പുറമ്പോക്കായി കിടക്കുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ട്. റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാതെ അവിടെ ഇപ്പോൾ ഡിജിറ്റൽ സർവ്വേ തുടങ്ങിയിട്ടുണ്ട്. സ്ഥിരമായി പരാതിയുമായി വരുന്ന ഒരു വ്യക്തി കഴിഞ്ഞ ദിവസം എന്നെ കണ്ടപ്പോൾ പറഞ്ഞത്, താലൂക്കിൽ ഡിജിറ്റൽ സർവ്വേ തുടങ്ങാൻ പോകുന്നതിനാൽ അതുകഴിഞ്ഞേ അദ്ദേഹത്തിന്റെ ആവശ്യം പരിഗണിക്കുകയുള്ളൂവെന്നാണ്. അദ്ദേഹത്തിന്റെ ആവശ്യവുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസിൽനിന്ന് ലഭിച്ച അനുഭവം എന്നോട്

പങ്കുവച്ചതാണ്. ഇങ്ങനെയുള്ള പല ന്യൂനതകളും അപാകതളും നിലനിൽക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. നിങ്ങൾ ഇവിടെ പട്ടയത്തെക്കുറിച്ച് ആവർത്തിച്ച് പറയുന്നുണ്ട്. പുഴ, തോട്, കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കാത്തതിന് കാരണമായി നിയമപ്രശ്നങ്ങളാണ് പലപ്പോഴും ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. അത്തരത്തിലുള്ള കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കാരണം, അനവധി ആളുകൾ പട്ടയമില്ലാതെ കഷ്ടപ്പെടുന്ന സാഹചര്യമാണ്. എന്റെ നിയോജകമണ്ഡലത്തിലുള്ള പോത്തോളി കോളനിയിൽ ഏതാനും കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ല. അവിടെയുള്ള ചില സ്ഥലങ്ങൾ മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത് റവന്യൂ വകുപ്പിലേയ്ക്ക് മാറ്റി കിട്ടാത്തതിനാലാണ് പട്ടയം ലഭിക്കാത്തത്. പക്ഷേ അതിൽ ആര് തീരുമാനമെടുക്കുമെന്നുള്ളതാണ് പ്രധാന പ്രശ്നം. പല കാര്യങ്ങളിലും തീരുമാനമെടുക്കാൻ ഉദ്യോഗസ്ഥർ തയ്യാറാകാത്തതിനാലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എത്ര വലുതാണെന്നത് അങ്ങയോട് പറഞ്ഞുതരേണ്ട ആവശ്യമില്ല. പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ഫണ്ട് ലഭിക്കുന്നതിൽ

കാലതാമസമുണ്ടാകുന്നുണ്ട്. പലപ്പോഴും പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിന് സഹായകരമാകുന്നത് ഇത്തരത്തിലുള്ള ഫണ്ടുകളായതിനാൽ അവ എത്രയുംവേഗം ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. അതോടൊപ്പം, കാലാവസ്ഥ വ്യതിയാനത്തിന്റെയും മറ്റും ഭാഗമായുണ്ടാകുന്ന പ്രകൃതിദുരന്തത്തിൽ വീടുകൾക്കും വസ്തുക്കൾക്കും മൃഗങ്ങൾക്കുമടക്കം നാശനഷ്ടങ്ങളുണ്ടാകാറുണ്ട്. എന്നാൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുമെങ്കിലും പ്രസ്തുത തുക അപര്യാപ്തമാണെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. വീടിന്റെ സുരക്ഷയ്ക്ക് കെട്ടിയ മതിൽ തകർന്നതിന് ധനസഹായം നൽകുന്ന കാര്യം റവന്യൂ വകുപ്പ് ഇപ്പോഴും പരിഗണിച്ചിട്ടില്ല. വീട് തകർന്നാൽ നഷ്ടപരിഹാരം നൽകും. എന്നാൽ സംരക്ഷണഭിത്തി തകർന്നതിന് ധനസഹായം നൽകുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകുന്നില്ല. അക്കാര്യം എത്ര അപഹാസ്യമാണ്. വർഷങ്ങളായി ഈ വിഷയം ചർച്ച ചെയ്തിട്ടും ഏറ്റവും അടിയന്തരമായും വേഗതയിലും ഇടപെടേണ്ട വിഷയത്തിൽ ലാഘവസമീപനം ഉണ്ടാകുന്നുവെന്ന് സൂചിപ്പിക്കുകയാണ്. ഭൂമിയുടെ അവകാശം റവന്യൂ വകുപ്പിനാണ്. ഇന്ന് സംസ്ഥാനത്ത് നടക്കുന്ന മണ്ണ്, പാറ തുടങ്ങിയവയുടെ അനിയന്ത്രിത ഖനനം

പ്രതിസന്ധി സൃഷ്ടിക്കുകയാണ്. പ്രത്യേകിച്ച് മണ്ണ് ഖനനം വർദ്ധിച്ചിരിക്കുകയാണ്. ഹൈവേയുടെ പദ്ധതികൾക്കായി മണ്ണെടുക്കുന്നതിന് എൻവയോൺമെന്റൽ ക്ലിയറൻസിന്റെ ആവശ്യമില്ല. അതിന് യാതൊരു മാനദണ്ഡവുമില്ലെന്നുള്ളതാണ് വസ്തുത. ഹൈവേയ്ക്കുവേണ്ടിയാണെങ്കിൽ എത്ര ഉയരമുള്ള മലയിടിച്ചും മണ്ണ് പൂർണ്ണമായി എടുത്തുകൊണ്ടുപോകാം. അത് തീർച്ചയായും എതിർക്കപ്പെടേണ്ടതാണ്. ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധയും ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുമുണ്ടാകേണ്ട വിഷയമാണിത്. കാരണം, ഇതിന്റെ മറവിൽ മറ്റ് ആവശ്യങ്ങൾക്കായി മണ്ണെടുത്തുകൊണ്ടുപോകുകയാണ്. ഇങ്ങനെയുള്ള വിഷയങ്ങൾ വലിയ രീതിയിലുള്ള പ്രതിസന്ധികൾ സൃഷ്ടിക്കുന്നതാണ്. നമ്മുടെ പുഴകളും അന്തരീക്ഷവുമൊക്കെ മലിനമായിക്കൊണ്ടിരിക്കുന്ന സാഹചര്യം നിലനിൽക്കുകയാണ്. ബ്രഹ്മപുരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയം ഇന്ന് രാവിലെ സബ്മിഷനായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചു. വളരെ ഗുരുതരമായ ആരോഗ്യപ്രശ്നം ആ ഭൂപ്രദേശത്തെ ജനങ്ങൾ അനുഭവിക്കുകയാണ്. കഴിഞ്ഞ ദിവസം ഞാൻ തിരുവാങ്കുളം, ഇരുമ്പനാട് തുടങ്ങിയ പ്രദേശങ്ങളിൽ പോയി അവിടത്തെ സ്ത്രീകളോടും കുട്ടികളോടും സംസാരിച്ചു. അവിടെയുള്ളവർ വിഷപ്പുക ശ്വസിച്ച് ബോധംകെട്ടുവീഴുകയാണ്.

അവിടെയുള്ളവർക്ക് ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഒന്നുംതന്നെ ഉണ്ടാകുന്നില്ലെന്നാണ് ഇന്ന് രാവിലെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞത്. അങ്ങനെയില്ലെങ്കിൽ എന്തിനാണ് എറണാകുളം ജില്ലാ കളക്ടർ രണ്ടുമൂന്ന് ദിവസത്തേയ്ക്ക് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കടക്കം അവധി പ്രഖ്യാപിച്ചിരിക്കുന്നത്? അവിടെയുള്ളവർ വളരെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. പ്ലാസ്റ്റിക് മാലിന്യങ്ങളാണ് കത്തുന്നത്. അവിടെ തീ പിടിച്ചത് ചൂടുകൊണ്ടാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി രാവിലെ പറഞ്ഞത്. അതെങ്ങനെയാണ് സംഭവിക്കുന്നത്? അത് ബോധപൂർവ്വം തീയിട്ടതാണ്. നാലഞ്ച് പ്രദേശത്ത് ഒരുമിച്ച് തീയിട്ട് വലിയൊരു അട്ടിമറിയാണ് നടന്നത്. അതുസംബന്ധിച്ച് അന്വേഷണം നടത്തേണ്ടതുണ്ട്. ജനങ്ങളുടെ ജീവിക്കാനുള്ള അവകാശത്തെ ചോദ്യം ചെയ്യുന്ന രീതിയിലാണ് ഈ വിഷയങ്ങൾ വന്നിരിക്കുന്നത്. അതുകൊണ്ട് ബന്ധപ്പെട്ട എല്ലാ വകുപ്പുകളും കൃത്യമായ അന്വേഷണം നടത്തി കുറ്റക്കാരായവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരണമെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ലെന്നും ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്താങ്ങുകയാണ്. ഇന്ന് സഭയിൽ പ്രതിപക്ഷം അവതരിപ്പിച്ച അടിയന്തരപ്രമേയത്തിലെ 'അടിയന്തരം' എന്തായിരുന്നുവെന്നതിൽ എല്ലാവർക്കും സംശയമാണ്. 14 വയസ്സുകാരിയായ പെൺകുട്ടിയുടെ വീഡിയോ തയ്യാറാക്കി പ്രചരിപ്പിച്ചതിനെതിരെ നാടുമുഴുവൻ ഒറ്റക്കെട്ടായി നിൽക്കുന്ന സാഹചര്യത്തിലാണ്, വീഡിയോ തയ്യാറാക്കിയ ആളെ സപ്പോർട്ട് ചെയ്ത് പ്രതിപക്ഷനേതാവ് സഭയിൽ സംസാരിച്ചത്. ഇതിൽനിന്നും എന്താണ് വ്യക്തമാകുന്നത്? നാട്ടിലുള്ള സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകേണ്ടത് ജനപ്രതിനിധികളും ഗവൺമെന്റുമെല്ലാമാണ്. പക്ഷേ അതുപോലും മാനിക്കാത്ത രീതിയിൽ, പെൺകുട്ടികൾക്കുപോലും എതിരായ നടപടിയാണ് അടിയന്തരപ്രമേയത്തിലൂടെ സഭയിൽ അവതരിപ്പിച്ചത്. ഇത് ജനങ്ങൾ കാണുന്നുണ്ട്. ഏതുകാലത്ത് യു.ഡി.എഫ്. നന്നാകുമെന്നതാണ് എല്ലാവരുടെയും ചോദ്യം. ഇന്ന് ഫാസിസ്റ്റ് തേരോട്ടത്തിന് താളം പിടിച്ച് വലതുപക്ഷ രാഷ്ട്രീയകക്ഷികളും മാധ്യമങ്ങളും പിണറായി വിജയൻ സർക്കാരിനെ കഴുത്തുഞെരിച്ച് ശ്വാസം മുട്ടിക്കുമ്പോൾ, തളരില്ല ഞങ്ങളെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരാണിത്.

സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ പരിഹസിച്ചുകൊണ്ട് പ്രതിപക്ഷത്തുള്ളവർ സഭാതലത്തിൽപ്പോലും കഥകളുണ്ടാക്കി മുന്നോട്ടുപോകുന്ന സ്ഥിതിയാണുള്ളത്. എന്നാൽ യാഥാർത്ഥ്യമെന്താണ്? കേന്ദ്രസർക്കാർ രാഷ്ട്രീയ വൈരാഗ്യത്തോടെ സാമ്പത്തിക രംഗത്ത് അപ്രഖ്യാപിത പ്രതിരോധങ്ങൾ ഏർപ്പെടുത്തുന്നതിനുമുന്നിൽ നിസ്സഹായരായിനിന്ന് ക്ഷേമ നടപടികളിൽനിന്ന് പിന്നോട്ടുപോകുകയെന്നത് ഈ സർക്കാരിന്റെ നയമല്ല. കിഫ്ബിയെ ചൂണ്ടിക്കാണിച്ചുകൊണ്ടായിരുന്ന വികസന പദ്ധതികൾക്ക് കടിഞ്ഞാണിടാൻ കേന്ദ്രസർക്കാർ ശ്രമിച്ചത്. സമസ്ത മേഖലകളിലും സാമ്പത്തിക നിയന്ത്രണങ്ങൾകൊണ്ടുവന്ന് സംസ്ഥാന സർക്കാരിനെ ഞെരുക്കാനും തങ്ങളുടെ വഴിക്കുകൊണ്ടുവരാനുമാണ് അവർ ശ്രമിക്കുന്നത്. കേന്ദ്രസർക്കാർ നൽകുന്ന ധനസഹായംകൊണ്ടാണ് കേരളം പിടിച്ചുനിൽക്കുന്നതെന്ന മറ്റൊരു കുപ്രചരണവും നടത്തുന്നുണ്ട്. കണക്കുകൾ പരിശോധിച്ചാൽ ഈ കള്ളപ്രചരണങ്ങളുടെ പൊള്ളത്തരം മനസ്സിലാകും. ഇന്ത്യയിലെ ആകെ സംസ്ഥാനങ്ങളുടെ ശരാശരിയെടുത്താൽ റവന്യൂ വരുമാനത്തിന്റെ 45 ശതമാനം കേന്ദ്ര വിഹിതമായി ലഭിക്കുന്നുണ്ട്. എന്നാൽ കേരളത്തിന് റവന്യൂ വരുമാനത്തിന്റെ 36 ശതമാനം മാത്രമാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്.

ചില സ്ഥാപിത താല്പര്യക്കാർ പ്രചരിപ്പിക്കുന്നത് കേരളം കാര്യക്ഷമമായി നികുതി പിരിക്കുന്നില്ലെന്നാണ്. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ. അടക്കമുള്ളവർ അങ്ങനെയാണ് സംസാരിച്ചത്. ഇവിടെ കേന്ദ്രത്തെക്കുറിച്ച് പറയുന്നതിൽ എന്താണർത്ഥം. 1,34,097 കോടി രൂപയുടെ റവന്യൂ വരുമാനത്തിൽ 85,867 കോടി രൂപയും സംസ്ഥാനത്തിന്റെ തനത് വരുമാനമാണ്. ഏകദേശം 64 ശതമാനം നികുതി പിരിവിലൂടെ കേരളം കണ്ടെത്തിയിട്ടുള്ളതാണ്. ദേശീയ ശരാശരി 55 ശതമാനമാണെന്നത് ഓർക്കണം.

ജനങ്ങളോട് ഏറെ അടുത്തിടപഴകുന്ന വകുപ്പാണ് റവന്യൂ. 'എല്ലാവർക്കും ഭൂമി, എല്ലാവർക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്നത് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. 2016 മുതൽ ഇതുവരെ 231546 പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് 54535 പട്ടയങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. ഭൂമിയുടെ കൈവശാവകാശം എന്നതുപോലെ ഏറെ പ്രാധാന്യമുള്ളതാണ് ഭൂമിയുടെ രേഖകൾ കൃത്യമായി ലഭിക്കുകയെന്നുള്ളത്. 2016-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് റീസർവ്വേ നടപടികൾ നിർത്തിവച്ചിരുന്ന

സാഹചര്യമാണുണ്ടായിരുന്നത്. 2016-ൽ റീസർവ്വേ നടപടികൾക്ക് തുടക്കംകുറിച്ചെങ്കിലും വേണ്ടത്ര വേഗത കൈവരിക്കാൻ സാധിക്കാത്തതിനാലാണ് ഡിജിറ്റൽ റീസർവ്വേ പദ്ധതിയുമായി മുന്നോട്ടുപോകാൻ ഈ സർക്കാർ തയ്യാറായത്. 'എന്റെ ഭൂമി' എന്ന ഡിജിറ്റൽ സർവ്വേ പദ്ധതിക്ക് തുടക്കമിട്ടത് കേരളപ്പിറവി ദിനത്തിലാണ്. 858 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിക്കായി 438 കോടി രൂപയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽനിന്നും അനുവദിച്ചിട്ടുള്ളത്. പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും തമ്മിൽ കൂട്ടായ ചർച്ച നടത്തുന്നതിനായി വില്ലേജ് ജനകീയ സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസർ അദ്ധ്യക്ഷനായുള്ള പ്രസ്തുത സമിതിയിൽ ഡെപ്യൂട്ടി തഹസീൽദാർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷന്മാർ, നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിത, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ള പ്രതിനിധി എന്നിവർ അംഗങ്ങളാണ്. അങ്ങനെ എല്ലാവിഭാഗം ജനങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ജനകീയ പങ്കാളിത്തത്തോടെ ഭരണ നിർവ്വഹണം

സാധ്യമാകുന്നതരത്തിലാണ് വില്ലേജുതല ജനകീയസമിതികളെ പുനഃസംഘടിപ്പിച്ചിട്ടുള്ളത്. ഭൂമിയുടെ കൈവശാവകാശം, കൃത്രിമം, ഇരട്ടിപ്പ് തുടങ്ങിയതൊന്നുമുണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താൻവേണ്ടിയാണ് 'യുണീക് തണ്ടപ്പേർ' സംവിധാനം നടപ്പാക്കിയിട്ടുള്ളത്. റവന്യൂ വകുപ്പിന്റെ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം സോഫ്‌വെയറിൽ യുണീക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള മൊഡ്യൂൾ വികസിപ്പിച്ചിട്ടുണ്ട്. എല്ലാ വില്ലേജ് ഓഫീസുകളിലും ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കാനുള്ള ഉപകരണങ്ങൾ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സംവിധാനം നടപ്പിലാക്കുന്നതിലൂടെ നിരവധി നേട്ടങ്ങളാണുണ്ടാകുന്നത്. സംസ്ഥാനത്തെ ഏത് വില്ലേജ് ഓഫീസിൽനിന്നും ഒരാൾക്ക് തന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സേവനങ്ങളുടെ വിവരങ്ങളും ഒറ്റ തണ്ടപ്പേർ നമ്പറിൽ ലഭ്യമാകും. ഭൂരേഖകൾ കൃത്യവും സുരക്ഷിതവുമാണെന്ന് ഉറപ്പുവരുത്താനും സഹായിക്കും. കേരളത്തിലെ വില്ലേജ് ഓഫീസുകളും സ്മാർട്ടാകുകയാണ്. ആകെയുള്ള 1542 വില്ലേജുകളിൽ 622 എണ്ണം സ്മാർട്ട് വില്ലേജ് ഓഫീസുകളായി. ഈ വർഷം 200 എണ്ണംകൂടി സ്മാർട്ടാകുകയാണ്.

ക്ഷേത്രങ്ങളെ ആരാധനാലയങ്ങളായി മാത്രമല്ല, സാംസ്കാരിക കൈമാറ്റത്തിനുള്ള ഇടങ്ങളായി കൂടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കാണുന്നത്. ക്ഷേത്രങ്ങൾ നിരവധി ആളുകളുടെ ഉപജീവന മാർഗ്ഗംകൂടിയാണ്. അതുകൊണ്ട് അവിടത്തെ ജീവനക്കാരെ സംരക്ഷിക്കുന്ന നയങ്ങൾ നടപ്പാക്കിയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഇപ്പോൾ കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രവർത്തനങ്ങൾ എല്ലാ മേഖലകളും ചേർത്തുപിടിക്കുന്നതാണ്. പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും കാരണം ദേവസ്വം ബോർഡുകൾക്ക് വരുമാനം കുറഞ്ഞപ്പോൾ അവർക്ക് താങ്ങായി 273 കോടി രൂപയാണ് സർക്കാർ നൽകിയത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1720 കോടി രൂപയാണ് ക്ഷേത്രങ്ങളുടെ അടിസ്ഥാനസൗകര്യത്തിനും വികസനത്തിനും മറ്റുമായി സംസ്ഥാന ഖജനാവിൽനിന്നും ചെലവാക്കിയിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ദേവസ്വം ബോർഡുകളോടുള്ള കരുതലാണ് ഇത് കാണിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം 21 കോടി രൂപയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകിയത്. മലബാർ ദേവസ്വം ബോർഡിന് 32 കോടി രൂപയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് 2.37 കോടി രൂപയും

നൽകുകയുണ്ടായി. ഇതിൽനിന്നുതന്നെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ നൽകുന്ന സഹായം വ്യക്തമാണ്. ഇതുകൂടാതെയാണ് ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ സർക്കാർ ഒരുങ്ങുന്നത്. 2050 വരെയുള്ള വികസന പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ഇത് പ്രാവർത്തികമാക്കുന്നത്.

കേരളത്തിലെ വികസനപ്രവർത്തനങ്ങളെ കണ്ടില്ലെന്ന് നടിച്ച് ഒരു പ്രത്യേക രീതിയിൽ യു.ഡി.എഫ്. മുന്നോട്ടുപോകുകയാണ്. ഗ്യാസിന്റെ വില വർദ്ധനവിനെതിരെ ഇന്നലെയും മിനിഞ്ഞാന്നും സമരം നടന്നു. എന്നാൽ സംഘടനകളുടെ സമരത്തിൽ യു.ഡി.എഫ്.-ന്റെ കൊടി പിടിച്ചുകൊണ്ടുള്ള സമരം എവിടെയും കാണാൻ കഴിഞ്ഞില്ല. കേരളത്തിൽ സി.പി.ഐ.(എം.) നടത്തുന്ന ജാഥയുടെ കാര്യം നേരത്തെ ഇവിടെ പറയുകയുണ്ടായി. പ്രസ്തുത ജാഥയിലേയ്ക്ക് ജനങ്ങൾ ഒഴുകി വരികയാണ്. ആ ജാഥയിൽ അപ്പത്തിന്റെ കഥ പറഞ്ഞുവെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ. പറഞ്ഞു. അവിടെ അപ്പത്തിന്റെ കഥയല്ല ഭക്ഷണത്തിന്റെ കാര്യമാണ് പറഞ്ഞിട്ടുള്ളത്. ഭക്ഷണമെന്നത് പ്രാധാന്യമുള്ളതാണ്. അതിലൂടെ ഉപജീവനം നടത്തുന്ന ആയിരക്കണക്കിനാളുകൾ നമ്മുടെ നാട്ടിലുണ്ട്. ഭക്ഷണത്തിന്റെ കാര്യത്തിൽ മാത്രമല്ല, വ്യവസായ മേഖലയുടെ വളർച്ചയിലാണെങ്കിലും കെ-റെയിൽ പോലെയുള്ള അതിവേഗ ഗതാഗത സംവിധാനങ്ങൾ വരുമ്പോഴുണ്ടാകുന്ന

സുഖകരമായ കാര്യങ്ങൾ മറന്നുകൊണ്ടാണ് ഇവർ സംസാരിക്കുന്നത്. ഇന്നലെ ഞങ്ങൾ യാത്രചെയ്തപ്പോൾ ധാരാളം പ്രയാസങ്ങൾ നേരിടേണ്ടിവന്നു. നാളെ നടക്കുന്ന ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ട്രെയിനിൽ കാലെടുത്ത് വയ്ക്കാൻ സാധിക്കാത്തത്ര തിരക്കായിരുന്നു. ആറ്റുകാൽ പൊങ്കാലയെ വലിയ രീതിയിൽ ഗവൺമെന്റും അനുകൂലിക്കുന്നതാണ്. കെ-റെയിൽ പദ്ധതി കൊണ്ടുവന്നാലുണ്ടാകുന്ന നേട്ടം ചെറുതൊന്നുമല്ല. എന്നാൽ ഇവിടെ അപ്പത്തിന്റെ കാര്യം മാത്രം പറഞ്ഞ് അതിനെ കളിയാക്കുന്ന രീതിയാണുണ്ടായത്. ഇടതുപക്ഷത്തിന്റെ ജാഥയിൽ കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി നിൽക്കുകയാണ്. ഇടതുപക്ഷത്തിന്റെ ആളുകൾ മാത്രമല്ല, എല്ലാ വിഭാഗം ജനങ്ങളും അതിൽ പങ്കെടുക്കുന്നുണ്ട്. ഞങ്ങളുടെ ലീഡർ നയിക്കുന്ന ജാഥ ഏതുപ്രദേശത്ത് വന്നാലും വരവേൽക്കാൻവേണ്ടി ജനങ്ങൾ കൂടുകയാണ്. അത് കാണാത്ത രീതിയിലുള്ള കളിയാക്കലാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. ജോഡോ യാത്ര നടത്തിയപ്പോൾ ഞങ്ങളാരും കളിയാക്കിയിട്ടില്ല. പക്ഷേ അത് പോയിട്ടുള്ള ഏതെങ്കിലും ഒരു ഭാഗത്ത് ഇതുപോലെ ജനങ്ങൾ കൂടിയിട്ടുണ്ടോ; അതിലുള്ള നിരാശയാണ് ഇവർ കാണിക്കുന്നത്.

<u>മി. ചെയർമാൻ</u>: പ്ലീസ്, കൺക്ലൂഡ് .....രണ്ട് മിനിട്ട് കഴിഞ്ഞു.

ശ്രീമതി കാനത്തിൽ ജമീല: സർ, ഒരു മിനിട്ടുകൊണ്ട് നിർത്താം. ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന തീയതിയും സമയവും മുൻകൂർ നിശ്ചയിച്ചുകൊണ്ട് ഓൺലൈൻ ടോക്കൺ എടുക്കുന്ന സംവിധാനം സർക്കാർ നടപ്പിലാക്കി. ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം ഏർപ്പെടുത്തി. വില്ലേജ് ഓഫീസുകളിലെ പുതിയ സംവിധാനങ്ങളെ ഏറ്റവും ആശ്വാസകരമായാണ് ജനങ്ങൾ കാണുന്നത്. ഇതിനെയെല്ലാം തള്ളിപ്പറയുന്ന പ്രതിപക്ഷം ഒരിക്കലും നന്നാകില്ലെന്ന രീതിയിലാണ് ജനങ്ങളും കാണുന്നത്. ഇവരുടെ മനഃസ്ഥിതി മാറ്റാനുള്ള സമയമായെന്ന് പറഞ്ഞുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ: സർ, 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. സംസ്ഥാനത്തിന്റെ വികസനത്തെയും സമഗ്ര വളർച്ചയെയും മുന്നോട്ടുനയിക്കുന്നതും പുരോഗമനപരവും എല്ലാവിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്നതും അടിസ്ഥാന സൗകര്യവികസനം, ഉന്നതവിദ്യാഭ്യാസം, ഗവേഷണം, സാമൂഹികക്ഷേമം തുടങ്ങിയ മേഖലകളിൽ അനവധി പദ്ധതികൾ പ്രഖ്യാപിക്കുന്നതുമാണ് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ.

നവകേരള നിർമ്മിതിയെ ത്വരിതപ്പെടുത്തുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയങ്ങളാണ് ബഡ്ജറ്റിൽ പ്രകടമാകുന്നത്. കേരളം കടക്കെണിയിലല്ലെന്നും കൂടുതൽ വായ്പയെടുക്കാൻ എല്ലാവിധ സാഹചര്യവുമുണ്ടെന്നും വ്യക്തമാക്കിയാണ് സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. സാമ്പത്തിക പ്രതിസന്ധി മറികടക്കാനും ആഭ്യന്തര, വ്യാവസായിക, കാർഷിക മേഖലകൾ മെച്ചപ്പെടുത്താനുമുള്ള നടപടികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന പല പദ്ധതികളും സംസ്ഥാനത്തിന്റെ ആവശ്യത്തെയും ശേഷിയെയും ഭാവിതലമുറയെയും പരിഗണിച്ചുകൊണ്ട് വിഭാവന ചെയ്യപ്പെട്ടവയാണ്. വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലൂന്നിയ ഒരു വികസന മോഡൽ ഈ ബഡ്ജറ്റിലൂടെ കേരളത്തിൽ അവതരിപ്പിക്കപ്പെടുകയാണ്. വലിയ വികസന മാറ്റം ഈ ബഡ്ജറ്റിലൂടെ സംസ്ഥാനം ലക്ഷ്യമിടുകയാണ്. രാജ്യത്തെ വിവിധ സംസ്ഥാന സർക്കാരുകൾ ഇക്കാലയളവിൽ അവതരിപ്പിച്ച ബഡ്ജറ്റുകളുമായി താരതമ്യം ചെയ്താൽ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റാണ് ഏറ്റവും മികച്ചതെന്ന് വളരെയേറെ സന്തോഷത്തോടെ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് തൊട്ടുമുമ്പ്

കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങൾ നിരവധി പ്രചാരണങ്ങളാണ് നടത്താൻ തയ്യാറായത്. കടമെടുപ്പിനും നികുതി പിരിവിനും മാത്രമായുള്ള ബഡ്ജറ്റ് പ്രഖ്യാപിക്കപ്പെടാൻ പോകുന്നുവെന്നാണ് അവർ പറഞ്ഞത്. വാസ്തവം മറച്ചുവച്ച് അവാസ്തവങ്ങളാണ് ബഡ്ജറ്റുമായി ബന്ധപ്പെട്ട് അവർ പ്രചരിപ്പിച്ചുകൊണ്ടിരുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാന കുടിശ്ശികയിൽ 15,220 കോടി രൂപ പിരിച്ചെടുക്കാനുണ്ട്. വിൽപ്പന നികുതി കുടിശ്ശികയിൽ 6,879 കോടി രൂപയുടെ റവന്യൂ റിക്കവറി നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ 5,577 കോടി രൂപയുടെ റവന്യൂ റിക്കവറി നടപടികൾ കോടതികൾ സ്റ്റേ ചെയ്തിരിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. കുടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാർ ധനസഹായത്തിൽ മാത്രമാണ് പിടിച്ചുനിൽക്കുന്നത്. പൊതുമേഖലാ സ്ഥാപനമെടുക്കുന്ന കടം സർക്കാരിന്റെ കടമായി കണക്കാക്കുമെന്ന തീരുമാനം രാജ്യത്തിന്റെ ചരിത്രത്തിലാദ്യമായി കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിച്ചിരിക്കുകയാണ്. മാധ്യമങ്ങൾ നിരന്തരം പ്രചരിപ്പിക്കുന്ന നികുതി കുടിശ്ശികയുടെ പൊള്ളത്തരം സി.&എ.ജി.-യുടെ റിപ്പോർട്ട് പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. 2022 മാർച്ച് 31-ൽ ആകെ റവന്യൂ കുടിശ്ശിക 19,921 കോടി രൂപയാകുമെന്ന് ബഡ്ജറ്റ് രേഖകൾ

പറയുമ്പോൾ 35,000 അല്ലെങ്കിൽ 40,000 കോടി രൂപയാകുമെന്നാണ് മാധ്യമങ്ങൾ പറയുന്നത്. എന്നാൽ 19921 കോടി രൂപയെന്നതാണ് യാഥാർത്ഥ വസ്തുത. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ പുരോഗതിയുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. നികുതി കുടിശ്ശികയുടെ മുഖ്യഭാഗവും സമാഹരിക്കുന്നതിലും കിട്ടാനികുതികൾ പിരിച്ചെടുക്കുന്നതിലും ശക്തമായ നടപടി സ്വീകരിക്കാൻ സർക്കാരിന് ഇതിനകം സാധിച്ചിട്ടുണ്ട്. ഈ വിവരങ്ങളെല്ലാം സി.&എ.ജി.-യുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. അഞ്ചുവർഷത്തിലേറെ നികുതി കുടിശ്ശികയായ 7,100 കോടി രൂപ പിരിച്ചെടുക്കുന്നതിന് ധനകാര്യ വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കി ശ്വാസംമുട്ടിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ എല്ലാക്കാലത്തും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയമായി വഴങ്ങാത്ത കേരളത്തെ സാമ്പത്തികമായി നേരിടുകയെന്ന തന്ത്രമാണ് രാജ്യം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ കേരളത്തിനുനേരെ പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ നടപടിയെ ഉറന്ന് എതിർക്കുന്നതിൽ കേരളത്തിലെ മുഖ്യ പ്രതിപക്ഷവും കേരളത്തിൽനിന്നുള്ള എം.പി.-മാരും ശക്തമായി രംഗത്ത് വരുന്നില്ലെന്നത് ഖേദകരമാണ്. സാമൂഹ്യക്ഷേമ പെൻഷനുകളുടെയും മഹാത്മാഗാന്ധി ദേശീയ

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപോലെ സമൂഹത്തിൽ നേരിട്ടുനടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങളുടെയും കടയ്ക്കൽ കത്തിവയ്ക്കുന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരിന് യാഥേഷ്ടം കടമെടുക്കാം, എന്നാൽ സംസ്ഥാനത്തിന് അത് പാടില്ലെന്ന നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കിഫ്ബി ബഡ്ജറ്റിന് പുറത്ത് സമാഹരിക്കുന്ന തുക സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾക്കൊള്ളിക്കുമെന്ന് പറയുന്നത് കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്നതിന് കേന്ദ്രസർക്കാർ രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയോടുകൂടി ബോധപൂർവ്വമായെടുക്കുന്ന നിലപാടുകളുടെ ഭാഗമാണെന്ന് കാണേണ്ടതുണ്ട്. ഇതെല്ലാം കണ്ട് ഗ്യാലറിയിലിരുന്ന് കയ്യടിക്കുന്ന സമീപനമാണ് സംസ്ഥാനത്തെ മുഖ്യപ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കോൺഗ്രസും ബി.ജെ.പി.-യും ഒരേ സാമ്പത്തിക നയം നടപ്പിലാക്കാനാണ് ആഗ്രഹിച്ചുകൊണ്ടിരിക്കുന്നത്. കോൺഗ്രസിന്റെ ആഗോളവൽക്കരണ നയമാണ് ബി.ജെ.പി.-യും പിന്തുടരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കാൻ കോൺഗ്രസ് എടുത്ത തീരുമാനം ബി.ജെ.പി. ഗവൺമെന്റ് രാജ്യത്ത് ഭംഗിയായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനം കടക്കെണിയിലാണെന്ന

വ്യാജപ്രചാരണമാണ് മറ്റൊരുരംഗത്ത് പ്രകടമായും മുന്നോട്ടുവയ്ക്കുന്നത്. എന്നാൽ എല്ലാസമയത്തും കടത്തിന്റെ വളർച്ച ഏകദേശം തുല്യനിരക്കിലായിരുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2006-ലും 2016-ലും യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ ആരംഭത്തിലുള്ളതിനേക്കാൾ ഇരട്ടിയിലേറെ കടബാധ്യതയാണുണ്ടായിരുന്നത്. കടം വാങ്ങി ചെലവഴിക്കൽ കേരളത്തിലെ സാമ്പത്തിക വളർച്ചയെ സഹായിക്കുന്നതാണെന്ന വസ്തുത മറച്ചുവച്ചുകൊണ്ടാണ് പത്രമാധ്യമങ്ങളുടെ സഹായത്തോടെ വ്യാജപ്രചാരണങ്ങൾ നടത്തുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഷയിൽപ്പറഞ്ഞാൽ, കേരളം കട്ടപ്പുറത്താകുമെന്നാഗ്രഹിക്കുന്ന ചിലരുടെ നടക്കാത്ത സ്വപ്നങ്ങളാണ് വരുംവർഷങ്ങളിൽ കട്ടപ്പുറത്താകാൻ പോകുന്നതെന്ന് നമുക്ക് വിലയിരുത്തേണ്ടിവരും. കടമെടുപ്പ് പരിധി 2017-നുമുമ്പുള്ള സ്ഥിതിയിലേയ്ക്ക് പുനഃസ്ഥാപിക്കണമെന്നാണ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നത്. ഭരണഘടനാപരമായോ സാമ്പത്തിക നിയമങ്ങളുടെയോ പിൻബലമില്ലാതെയാണ് കേന്ദ്രസർക്കാർ കടമെടുപ്പ് പരിധി നിശ്ചയിച്ചിരിക്കുന്നത്. സംസ്ഥാനങ്ങളെ ബുദ്ധിമുട്ടിക്കാനുള്ള

നടപടിയാണിതെന്നുള്ളത് വ്യക്തമാണ്. കോവിഡാനന്തരം കേരളത്തിന്റെ സമ്പദ്ഘടന, വളർച്ചാ മുരടിപ്പും തകർച്ചയും മറികടക്കുന്നതാണെന്നുള്ള കേന്ദ്ര സാമ്പത്തികാസൂത്രണ വിഭാഗത്തിന്റെ വിലയിരുത്തൽ പുറത്തുവന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കേരളത്തിലെ പട്ടയവിതരണം ഊർജ്ജിതപ്പെടുത്തുന്നതിന് വിവിധ പദ്ധതികളാണ് റവന്യൂ വകുപ്പും സർക്കാരും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും ഡിജിറ്റൽ' എന്നത് സാക്ഷാത്കരിക്കപ്പെടുന്ന സംസ്ഥാനമായി ഇന്ത്യയിൽ കേരളം മാറുകയാണ്. ഭൂപ്രശ്നങ്ങളിൽ ശരിയായ ഇടപെടൽ നടത്തി അർഹരായവരെ ഭൂമിയുടെ അവകാശികളാക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ, സ്വന്തമായി ഭൂമിയും തലചായ്ക്കാൻ ഒരിടവുമില്ലാത്ത ഏതൊരു വ്യക്തിയുടെയും ജീവിത സ്വപ്നങ്ങളെ സഫലീകരിക്കുന്നതാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കര നിയോജകമണ്ഡലത്തിലെ ചെറ്റച്ചലിൽ കഴിഞ്ഞ 20 വർഷമായി ഭൂമിക്കുവേണ്ടി സമരം നടത്തിക്കൊണ്ടിരുന്ന ആദിവാസി ജനവിഭാഗങ്ങളിലെ 34 കുടുംബങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയും രേഖയും നൽകുന്നതിന് നടപടി സ്വീകരിച്ചത്

സന്തോഷകരമാണ്. അതുപോലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ 95 ആദിവാസികൾക്കാണ് കൈവശാവകാശരേഖ നൽകുന്നതിന് ഈ സർക്കാർ തീരുമാനമെടുത്തത്. സ്വാതന്ത്ര്യാനന്തരം നീണ്ടഇടവേളയ്ക്കുശേഷം ഭൂമിക്കുവേണ്ടി കാത്തിരുന്ന മുണ്ടേല കോട്ടവിളയിലെ 39 പേർക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയം നൽകുന്നതിന് തീരുമാനമെടുത്തത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ 54535 പട്ടയങ്ങളാണ് വിതരണം ചെയ്തത്. 40000 പേർക്കുകൂടി പട്ടയം നൽകുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കിക്കൊണ്ട് സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. 'യുണീക് തണ്ടപ്പേർ' സംവിധാനത്തിലൂടെ പരിധിക്കപ്പുറം ഭൂമി കൈവശംവയ്ക്കുന്നവരിൽനിന്നും ഭൂമി ഏറ്റെടുത്ത് ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് നൽകുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ നിരന്തരം സൂചിപ്പിക്കുന്ന വാക്കായ 'ഡിജിറ്റൽ വേലി' സൃഷ്ടിക്കപ്പെടുന്നതോടെ ഭൂമിയും രേഖയുമായി ബന്ധപ്പെട്ട

പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരമുണ്ടാകാൻ പോകുകയാണ്. വില്ലേജ് ഓഫീസുകൾ സ്മാർട്ടാകണമെന്ന അഭിപ്രായം കേരളത്തിലെ ഗവൺമെന്റ് നടപ്പിലാക്കുകയാണ്. സാധാരണക്കാർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന വില്ലേജ് ഓഫീസുകളിലെ പ്രവർത്തനം സ്മാർട്ടാക്കുന്നതിനുവേണ്ടി സർക്കാരിന്റെ ആഹ്വാനപ്രകാരം അരുവിക്കര നിയോജകമണ്ഡലത്തിലെ 9 വില്ലേജുകളിൽ 10,74,000/- രൂപയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും സ്കാനറുമടക്കമുള്ള ഉപകരണങ്ങൾ വാങ്ങിക്കൊടുത്തു. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമിതരംമാറ്റലിനുള്ള രണ്ടരലക്ഷം അപേക്ഷകൾക്കാണ് ഇതിനകം തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞത്. ഈ നിലയിൽ എല്ലാരംഗത്തും അതിശക്തമായ നിലപാടുകളുമായി സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ബഡ്ജറ്റിന്റെ ഭാഗമായ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഒരു പട്ടണത്തിന്റെ ഊടും പാവും നിർണ്ണയിക്കുന്നതും അതിനെ പട്ടണമാക്കുന്നതും അവിടെ തിങ്ങിനിൽക്കുന്ന കെട്ടിടങ്ങളാണ്. കെട്ടിടങ്ങളില്ലെങ്കിൽ പട്ടണങ്ങളില്ല. എല്ലാ കെട്ടിട ഉടമകളും വലിയ കെട്ടിട സമുച്ചയങ്ങളുള്ളവരല്ല. ബഹുഭൂരിഭാഗംപേരും മറ്റ് തൊഴിലില്ലാതെ വന്നപ്പോൾ

ജീവിക്കാൻ വേണ്ടിയാണ് ബാങ്ക് ലോണെടുത്തും ആഭരണങ്ങൾ വിറ്റും പണയം വച്ചും സിമന്റ്, കമ്പി, മണൽ എന്നിവയുടെ കുതിച്ചുകയറുന്ന വിലയും കൂലിച്ചെലവും മറികടന്ന് വളരെയധികം ബുദ്ധിമുട്ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. ഇത്രയധികം നികുതി കൊടുക്കുന്ന മറ്റൊരു വിഭാഗം കേരളത്തിലില്ല. പ്രോപ്പർട്ടി ടാക്സ്, ബിൽഡിംഗ് ടാക്സ്, ലേബർ സെസ്, വൺ ടൈം ടാക്സ്, ലക്ഷ്വറി ടാക്സ്, കൊമേഴ്സ്യൽ ടാക്സ്, ഇൻകം ടാക്സ്, സർവ്വീസ് ടാക്സ് എന്നിവയ്ക്കുപുറമെ ക്രമീകരണ ഫീസ്, ലൈബ്രറി സെസ്, വിനോദ നികുതി, ഏകീകരണ ഫീസ്, അപേക്ഷാ ഫീസ്, ഫൈൻ തുടങ്ങിയവയും നൽകുന്നുണ്ട്. അതുകൊണ്ട് കെട്ടിട നികുതി വീണ്ടും വർദ്ധിപ്പിക്കുന്നത് ന്യായീകരിക്കാൻ സാധിക്കില്ല, പ്രത്യേകിച്ച് പ്രളയവും കോവിഡും വരിഞ്ഞുമുറുക്കിയപ്പോൾ കേരളത്തിലെ ലക്ഷക്കണക്കിന് കടമുറികളാണ് ഒഴിഞ്ഞുകിടക്കുന്നത്. ഒരിക്കൽ മുറി വാടകയ്ക്ക് കൊടുത്താൽ പിന്നീട് ഉടമയുടെ സമ്മതം കൂടാതെതന്നെ ആർക്കുവേണമെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിനൽകുന്നു. അതുകൊണ്ട് കെട്ടിട നികുതിയിൽ ഇളവ് വരുത്തി മാതൃകാ വാടക പരിഷ്കരണ നിയമം നടപ്പാക്കണം. ഭൂമിയുടെ ഫെയർ വാല്യു വർദ്ധിപ്പിക്കുമെന്നതാണ് ബഡ്ജറ്റിലെ മറ്റൊരു നിർദ്ദേശം. ശാസ്ത്രീയമായ

പരിഷ്കരണത്തിലൂടെയല്ല 2010-ൽ ന്യായവില നിലവിൽ വന്നത്. അതിനുശേഷം ആറാമത്തെ തവണയാണ് നികുതി വർദ്ധിപ്പിക്കുന്നത്. 2014-ൽ 50 ശതമാനം വർദ്ധിപ്പിച്ചു. പിന്നീട് 10 ശതമാനം വീതം വർദ്ധിപ്പിച്ചു. 2010-ലെ വിലയുടെ 220 ശതമാനമാണ് ഇപ്പോഴത്തെ വില. അതിന്മേലാണ് ഇപ്പോൾ 20 ശതമാനം വർദ്ധിപ്പിച്ചിരിക്കുന്നത്. ഇതോടൊപ്പം സ്റ്റാമ്പ് ഡ്യൂട്ടിയും വർദ്ധിക്കും. അതുകൊണ്ട് ഇത് ശാസ്ത്രീയമായി പരിഷ്കരിച്ച് അപാകതകൾ പരിഹരിക്കുകയും റിയൽ എസ്റ്റേറ്റ് പ്രവർത്തകരുടെ ന്യായമായ ആവശ്യങ്ങൾ അനുവദിക്കുകയും വേണം. നികുതിയിനത്തിലും മറ്റുമായി 21797.86 കോടി രൂപ പിരിച്ചെടുക്കാനുണ്ടെന്നാണ് കഴിഞ്ഞ ദിവസം സഭയുടെ മേശപ്പുറത്തുവച്ച 2020-21-ലെ സി.&എ.ജി. റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്. ഇന്ധനത്തിന് രണ്ടുരൂപ സെസ് ചുമത്തിയതുകൊണ്ട് 750 കോടി രൂപയുടെ വരുമാനമാണ് ഈ ബഡ്ജറ്റിലൂടെ പ്രതീക്ഷിക്കുന്നത്. മേൽപ്പറഞ്ഞ നികുതി കുടിശ്ശിക പിരിച്ചെടുത്തിരുന്നെങ്കിൽ ഇന്ധന സെസ്, വാട്ടർ ചാർജ്ജ്, കറണ്ട് ചാർജ്ജ്, ഭൂനികുതി, കെട്ടിട നികുതി തുടങ്ങിയവ വർദ്ധിപ്പിച്ച് ജനങ്ങളുടെമേൽ അധികഭാരം അടിച്ചേല്പിക്കേണ്ടിവരില്ലായിരുന്നു. നികുതി പിരിക്കുന്നതിൽ ഗവൺമെന്റിനുണ്ടായ അനാസ്ഥ കാരണം റവന്യൂ കമ്മി നികത്താൻ

സാധാരണക്കാരുടെ ചുമലിൽ നികുതി അടിച്ചേൽപ്പിക്കുന്നത് ഇടതുപക്ഷ സ്വഭാവമല്ല. 'ക്ഷനിന്മേൽ ക്ഷ' എന്നതുപോലെ കേന്ദ്രസർക്കാരും നികുതിയും ഗ്യാസിന്റെ സെസ്സും വർദ്ധിപ്പിക്കുന്നു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ജനങ്ങളെ ദ്രോഹിക്കുന്നതിൽ മത്സരിക്കുകയാണ്. നികുതി വർദ്ധനവിനെതിരെ യൂത്ത് ലീഗ് പ്രവർത്തകർ സെക്രട്ടേറിയറ്റിനുമുമ്പിൽ നടത്തിയ സമരം പിരിച്ചുവിടാൻ പോലീസ് ലാത്തിച്ചാർജ്ജ് നടത്തി. യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് ശ്രീ. പി. കെ. ഫിറോസടക്കമുള്ള പ്രവർത്തകരെ ജയിലിലടച്ചതിൽ പ്രതിഷേധിച്ച് മലപ്പുറം ജില്ലയിലെ ധാരാളം സ്ഥലങ്ങളിൽ യൂത്ത് ലീഗ് പ്രവർത്തകർ ജാഥകൾ സംഘടിപ്പിച്ചു. ജാഥകളിൽ പങ്കെടുത്ത ഓരോരുത്തരുടെയും പേരിൽ പോലീസ് കേസ്സെടുക്കുകയാണുണ്ടായത്. ഇതുസംബന്ധിച്ച് എം.എൽ.എ. എന്നനിലയിൽ ഞാൻ പോലീസ് ഉദ്യോഗസ്ഥരുമായും എസ്.പി.-യുമായും ബന്ധപ്പെട്ടപ്പോൾ മുകളിൽനിന്നുള്ള നിർദ്ദേശമനുസരിച്ചാണെന്നാണ് അവർ പറഞ്ഞത്. മുഖ്യമന്ത്രിക്കെതിരെ കരിങ്കൊടി കാണിച്ചാൽ അറസ്റ്റും പ്രിവന്റീവ് അറസ്റ്റുമാണുണ്ടാകുന്നത്. മുൻമന്ത്രിയായിരുന്ന എം. വി. രാഘവന്റെ കാറിനുമുമ്പിലേയ്ക്ക് കരിങ്കൊടി കാണിച്ചുകൊണ്ട് എടുത്തുചാടിയത് സി.പി.ഐ.(എം.) മറന്നുപോയോ? ചുരുക്കത്തിൽ പ്രധാനമന്ത്രി

ശ്രീ. നരേന്ദ്രമോദിയും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും വിമർശനങ്ങളെ അടിച്ചമർത്തുന്നതിൽ വളരെ യോജിപ്പിലാണെന്ന് ഞങ്ങൾ ആരോപിക്കുകയാണ്. പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾ ഭരണപക്ഷത്തെ പിൻഭാഗത്തുള്ള എം.എൽ.എ.-മാർ ബഹളം വയ്ക്കുന്നത് സാധാരണയാണ്. പക്ഷേ ഇന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് അടിയന്തരപ്രമേയത്തിൽ ഏഷ്യാനെറ്റുമായി ബന്ധപ്പെട്ട വിഷയം അവതരിപ്പിച്ചപ്പോൾ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയും നിരവധിതവണ എഴുന്നേറ്റുനിന്ന് അദ്ദേഹത്തിന്റെ പ്രസംഗം തടസ്സപ്പെടുത്താൻ ശ്രമിച്ചത് വളരെ വിഷമത്തോടെ ഓർക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുപോലും പണം തട്ടിയെടുത്തത് സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിക്കുകയുണ്ടായി. ദിവസേന പുറത്തുവരുന്ന വിവരങ്ങൾ അമ്പരപ്പിക്കുന്നതാണ്. ഇന്ന് കേരളത്തിലെ പൗരന്മാർക്ക് ചാരിറ്റിയിലേയ്ക്ക് സംഭാവന നൽകാൻപോലും ഭയമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

എന്റെ നിയോജകമണ്ഡലത്തിലെ രണ്ടുമൂന്ന് കാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. മലപ്പുറം ജില്ലയിലെ മഞ്ചേരി

മെഡിക്കൽ കോളേജിന്റെയും ജില്ലാശുപത്രിയുടെയും വികസനത്തിനായി സർവ്വകക്ഷി സമിതി കണ്ടെത്തിയ 50 ഏക്കർ സ്ഥലം ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിൽ 25 ഏക്കർ സ്ഥലം സൗജന്യമായി നൽകിക്കൊണ്ട് സ്ഥലമുടമകൾ കളക്ടർക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും എഴുതി സമർപ്പിച്ചിട്ടുണ്ട്. അതുപോലെ എല്ലാ നടപടികളും പൂർത്തിയാക്കിയ മഞ്ചേരി പുല്ലൂർ യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണം. ഡി.ഡി.ഇ.-യും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അതിന്റെ ഫീസിബിലിറ്റി പരിശോധിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിപോലും അംഗീകാരം നൽകി ഗവൺമെന്റിനോട് ആവശ്യപ്പെട്ടതാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ മന്ത്രിസഭ അത് പാസ്സാക്കിയിരുന്നു. ആയതിനാൽ പുല്ലൂർ യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണമെന്ന് വിനയത്തോടെ ആവശ്യപ്പെടുകയാണ്. എലമ്പ്രയിൽ ഒരു എൽ.പി. സ്കൂൾ നിർമ്മിക്കുന്നതിനായി സൗജന്യമായി സ്ഥലം ലഭ്യമായിട്ടുണ്ട്. അത് ഉടൻ ആരംഭിക്കണമെന്ന് ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അതിനെതിരായി ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ്. ഒരു എൽ.പി. സ്കൂൾപോലും അനുവദിക്കാൻ സർക്കാർ തയ്യാറാകാത്തതിൽ വിഷമമുണ്ട്. അടുത്ത വർഷമെങ്കിലും എലമ്പ്രയിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കണമെന്ന്

അഭ്യർത്ഥിക്കുകയാണ്. മഞ്ചേരി മുനിസിപ്പൽ ഐ.ജി.ബി.ടി. ബസ് സ്റ്റാൻഡിൽ രണ്ട് മുറികളിലായി ഫയർ ഫോഴ്സ് ആഫീസ് പ്രവർത്തിക്കുന്നത് വലിയ ബുദ്ധിമുട്ടായതിനാൽ അതിന്റെ കെട്ടിടനിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കണം. അതുപോലെ മഞ്ചേരി മുനിസിപ്പൽ ബസ് സ്റ്റാൻഡിൽ പ്രവർത്തിച്ചിരുന്ന സ്റ്റേഷൻമാസ്റ്ററുടെ ഓഫീസ് കോവിഡ് കാലത്ത് നിർത്തലാക്കിയിരുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് യാതൊരു ബാധ്യതയുമില്ലാത്ത, നഗരസഭ സൗജന്യമായി നൽകിയ സ്ഥലത്ത് സ്റ്റേഷൻമാസ്റ്ററുടെ ഓഫീസ് പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ആക്കുപ്പറമ്പ്-പട്ടിക്കാട് റോഡ്, മുള്ളമ്പാറ-കോണിക്കല്ല് റോഡ്, പാണ്ടിക്കാട്-ഒലിപ്പുഴ റോഡ്, പാണ്ടിക്കാട് വൺവേ റോഡിലെ പാണ്ടിക്കാട് മുതൽ കാക്കത്തോട് വരെയുള്ള റോഡുകൾ എന്നിവ അടിയന്തരമായി ഗതാഗതയോഗ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. വി. അൻവർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെതിരെ ശക്തമായി പിടിമുറുക്കുമ്പോഴും സാമ്പത്തികമായി പ്രതിരോധം തീർക്കുമ്പോഴും അതിനെയെല്ലാം മറികടന്ന് സംസ്ഥാനത്തെ ജനങ്ങൾക്ക്

ആശ്വാസം നൽകുന്ന ഒട്ടനവധി പദ്ധതികൾ തുടർന്നുകൊണ്ടുപോകുകയും നാടിന്റെ പൊതുവായ വികസനം ഉറപ്പുവരുത്തി മുന്നോട്ടുപോകുകയും ചെയ്യുന്ന ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. ഇന്ന് രാവിലെ ഇവിടെയൊരു അടിയന്തരപ്രമേയം കൊണ്ടുവരികയുണ്ടായി. അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും കൃത്യമായി അറിയാവുന്നതാണ്. ഈ അടിയന്തരപ്രമേയം ഒരു വലിയ പാപഭാരമാണെന്ന് അറിഞ്ഞുകൊണ്ടാണ് പ്രതിപക്ഷം സഭയിൽ കൊണ്ടുവന്നതെന്നാണ് അവതരണരീതി കാണുമ്പോൾ നമുക്ക് മനസ്സിലാകുന്നത്. ഈ സഭയിൽ രാജീവ് ബ്രിഗേഡിന്റെ വീരശൂര പരാക്രമികളൊക്കെയുള്ള സമയത്ത് സാധുവായ ശ്രീ. പി. സി. വിഷ്ണുനാഥിനെക്കൊണ്ട് ഇത് അവതരിപ്പിച്ചപ്പോൾതന്നെ കാര്യം വ്യക്തമാണ്. ഈ വിഷയത്തിൽ ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിന്റെ നിലപാടെന്താണെന്നും നമുക്കറിയാം. മുസ്ലീംലീഗിനുവേണ്ടി വാക്കൗട്ട് പ്രസംഗം നടത്തിയത് ബഹുമാനപ്പെട്ട പി. കെ. ബഷീർ എം.എൽ.എ.-യാണ്. ഈ വിഷയത്തിന്റെ നിജസ്ഥിതി എന്താണ്? എസ്.എഫ്.ഐ. വിദ്യാർത്ഥികൾ മൂന്നുദിവസംമുൻപ് എറണാകുളത്തുള്ള ഏഷ്യാനെറ്റ് ന്യൂസിന്റെ ഓഫീസിലേയ്ക്ക് മാർച്ച് നടത്തിയെന്ന വിഷയമാണ്

ഇവിടെ അവതരിപ്പിച്ചത്. വിദ്യാർത്ഥി സംഘടനയായ എസ്.എഫ്.ഐ. ഒരു സമരം നടത്തണമെങ്കിൽ സ്വാഭാവികമായും അതിനൊരു കാരണമുണ്ടാകും. ആ സമരത്തെ എതിർത്തുകൊണ്ട് യു.ഡി.എഫ്. പ്രത്യേകിച്ച് കോൺഗ്രസ്സ് നേതാക്കൾ കാര്യമെന്താണെന്ന് അറിയാതെയാണ് പത്രമാധ്യമങ്ങൾക്ക് വാർത്തകൾ നൽകിയത്. കൊല്ലം ജില്ലയിലെ എം.പി. ഒരുമണിക്കൂറോളം നിന്നുകൊണ്ടാണ് ഏഷ്യാനെറ്റിനുവേണ്ടി പ്രസംഗിച്ചത്. അവസാനം ഇതുമായി ബന്ധപ്പെട്ട് നവമാധ്യമ സുഹൃത്തുക്കൾ ചോദിച്ചത് പിറ്റേദിവസത്തെ വാർത്താമാധ്യമങ്ങളിൽ വന്നതാണ്. എസ്.എഫ്.ഐ. നടത്തിയ സമരത്തിന്റെ വിഷയമെന്താണെന്നുപോലും അറിയാതെ വലിയ അക്രമമാണെന്ന രീതിയിൽ ഇവിടെ അവതരിപ്പിക്കപ്പെടുകയാണ്. യഥാർത്ഥത്തിൽ വിദ്യാർത്ഥി സമൂഹവുമായി ബന്ധപ്പെട്ട ഈ വിഷയം നാലഞ്ച് ദിവസങ്ങളായി കേരളം അതീവ ഗൗരവത്തോടെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. എട്ടും പൊട്ടും തിരിയാത്ത 14 വയസ്സുകാരിയായ ഒരു പെൺകുട്ടിയെ സ്റ്റുഡിയോയിൽ കൊണ്ടിരുത്തി വ്യാജ വീഡിയോ ചിത്രീകരിച്ചിരിക്കുകയാണ്. പ്രസ്തുത വീഡിയോ ബഹുമാനപ്പെട്ട അംഗങ്ങൾ കാണണം. വീഡിയോയിലെ പെൺകുട്ടിയെ തിരിച്ചറിയാൻ കഴിയില്ലെന്നാണ് പ്രതിപക്ഷനേതാവ് പറഞ്ഞത്. എന്നാൽ ആ കുട്ടിയുടെ

മുഖം മാത്രമാണ് കാണിക്കാത്തത്. സർക്കാർ സ്കൂളിൽ പഠിക്കുന്ന, യൂണിഫോമിട്ട ആ വിദ്യാർത്ഥിനിയുടെ മുടിയുടെ ഓരോ ഇഴകൾവരെ നമുക്ക് എണ്ണാൻ സാധിക്കും. അത്തരത്തിൽ വ്യക്തമായാണ് വീഡിയോ ചിത്രീകരിച്ചിരിക്കുന്നത്. ലഹരി ഉപയോഗിച്ചിട്ടുണ്ടെന്നും ലഹരിക്കടിമയാണെന്നും തന്നെപ്പോലെ 10 കുട്ടികൾക്കുടി ഇതിന് അഡിക്റ്റാണെന്നുമാണ് ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന ആ കുട്ടി പറയുന്നത്. ഇത് കേൾക്കുന്ന രക്ഷിതാക്കളുടെ മനസ്സിലുണ്ടാകുന്ന ഫീലിംഗ് എന്താണ്? ആഗസ്റ്റ് മാസത്തിൽ കണ്ണൂർ ജില്ലയിലുണ്ടായ ഒരു സംഭവമാണ്. അതെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചതാണ്. ആ സംഭവത്തോടനുബന്ധിച്ച് അന്നെടുത്ത ഒരു വീഡിയോ പൊടിപ്പും തൊങ്ങലും നൽകി പുതിയ സെറ്റിട്ട് സ്റ്റുഡിയോയിൽ ചിത്രീകരിച്ചു. ഏഷ്യാനെറ്റിലെ ഒരു ജീവനക്കാരിയുടെ മകളാണ് ഈ കുട്ടിയെന്നും പറയുന്നുണ്ട്. ആ കുട്ടിയെക്കൊണ്ട് ഇക്കാര്യങ്ങൾ വിശദീകരിച്ചിട്ട് കേരളത്തിലെ വിദ്യാലയങ്ങളാകെ മയക്കുമരുന്നിന്റെ പിടിയിലാണെന്ന് വരുത്തി തീർക്കുകയാണ് ചെയ്യുന്നത്. മയക്കുമരുന്നിനെതിരെ ശക്തമായ നിലപാടെടുത്ത ഒരു ഗവൺമെന്റാണ് ഇവിടെയുള്ളത്. അതിനായി 'വിമുക്തി' എന്നൊരു പദ്ധതിക്ക് രൂപം നൽകി. കഴിഞ്ഞ എത്രയോ മാസങ്ങളായി

പൊതുസമൂഹത്തിന്റെ പിന്തുണയോടുകൂടി കലാലയങ്ങളിൽ മയക്കുമരുന്നിനെതിരെയുള്ള പരിപാടികൾ നടത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം നമ്മളൊക്കെ കേരളത്തിൽ അങ്ങോളമിങ്ങോളം ഈ പരിപാടിയിൽ പങ്കെടുത്ത് പ്രതിജ്ഞ ചൊല്ലിയവരാണ്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഗ്രാമ-വാർഡ് തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് മയക്കുമരുന്നിനെതിരെ പ്രതിരോധം തീർത്ത് കുട്ടികൾ ഇതിലേയ്ക്ക് എത്തിപ്പെടാതിരിക്കുന്നതിനായി എല്ലാ മാർഗ്ഗങ്ങളുമടച്ച് നമ്മൾ മുന്നോട്ടുപോകുകയാണ്. ഇവിടെ മയക്കുമരുന്ന് ഉപയോഗമുണ്ടെന്നുള്ള കാര്യം ഗവൺമെന്റ് സ്ഥിരീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ധാരാളം കേസുകളുമെടുത്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് നാലുദിവസംമുൻപ് പുറത്തുവിട്ട കണക്കിൽ ഇൻഡ്യയിൽ ഏറ്റവും കൂടുതൽ മയക്കുമരുന്ന് ഉപയോഗിക്കുന്ന 5 സംസ്ഥാനങ്ങളിൽ കേരളത്തിന്റെ പേരില്ല. പക്ഷേ, ഇവിടെ കേസുകളുടെ എണ്ണം കൂടുതലാണ്. അതിന് കാരണമെന്താണ്? ഈ ഗവൺമെന്റ് ശക്തമായ നിലപാടെടുത്ത് എക്സൈസ് ഡിപ്പാർട്ടുമെന്റിനെയും പോലീസിനെയും ജനങ്ങളെയും ഒരുമിച്ചുനിർത്തിക്കൊണ്ട് പരമാവധി കേസുകളെടുത്ത് പ്രതിരോധിക്കാൻ ശ്രമിക്കുകയാണ്. ആ കേസുകളുടെ എണ്ണം പെരുപ്പിച്ച് കാണിച്ചുകൊണ്ടാണ് ഇവിടെ പ്രസംഗം നടത്തുന്നത്. ഇവിടെ അതിനെ

തകർക്കാൻ ശ്രമിക്കുമ്പോൾ മനുഷ്യരുടെ മനസ്സിൽ ഭീകരത സൃഷ്ടിക്കുകയാണ്. ഇവർ റിപ്പോർട്ട് ചെയ്തതുമുഴുവൻ കേരളത്തിലെ പൊതുവിദ്യാലയങ്ങളെക്കുറിച്ചാണ്. ഇവിടെ കഴിഞ്ഞ നാലഞ്ചുവർഷമായി പൊതുവിദ്യാലയങ്ങളിലുണ്ടായ വളർച്ച ചെറുതല്ല. 1080000 വിദ്യാർത്ഥികൾ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ വർദ്ധിച്ചിട്ടുണ്ട്. ഒട്ടനവധി പ്രൈവറ്റ് സ്കൂളുകൾ ഇവിടെ അടയ്ക്കാൻ പോകുകയാണ്; ചിലത് അടച്ചുകൊണ്ടിരിക്കുകയാണ്. മലാപ്പറമ്പ് സ്കൂളടക്കമുള്ള സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടാൻ റിസർച്ച് നടത്തിയവരാണ് അപ്പുറത്തിരിക്കുന്നത്. ഇതിന്റെ പിന്നിൽ ഒരു ലോബി പ്രവർത്തിക്കുന്നുണ്ടോയെന്ന് സംശയിക്കണ്ടേ? സാമ്പത്തികശേഷിയില്ലാത്തവരാണ് പണ്ട് സർക്കാർ വിദ്യാലയങ്ങളിൽ പഠിച്ചിരുന്നതെങ്കിൽ, ഇന്ന് സാമ്പത്തികശേഷിയുള്ള കുട്ടികളും പഠിക്കുന്നുണ്ട്. സർക്കാർ വിദ്യാലയങ്ങളാകെ രാസലഹരിയുടെയും മറ്റും പിടിയിലാണെന്ന് വരുത്തിത്തീർത്ത് ഫീസടയ്ക്കാൻ കഴിവുള്ളവരുടെ കുട്ടികളെ സർക്കാർ വിദ്യാലയത്തിൽനിന്ന് തിരിച്ച് പ്രൈവറ്റ് സ്കൂളുകളിലേയ്ക്ക് എത്തിക്കാനുള്ള ഉദ്ദേശ്യം ഇവർക്കുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കേരളത്തിൽ സർക്കാർ വിദ്യാലയങ്ങളിലെ കുട്ടികൾ മാത്രമാണോ ലഹരി ഉപയോഗിക്കുന്നത്? ഇതിന്റെ എത്രയോ ഇരട്ടി ഉപയോഗിക്കുന്ന കുട്ടികൾ

ഇവിടെയുള്ള പ്രൈവറ്റ് സ്കൂളുകളിലും മറ്റുമുണ്ടെന്ന് നമുക്കറിയാം. അതൊന്നും വാർത്തയാകുന്നില്ല. പൊടിപ്പും തൊങ്ങലും വച്ച് ഇത്തരത്തിലുള്ള വാർത്തകൾ സൃഷ്ടിക്കുന്നതിനെതിരെ എസ്.എഫ്.ഐ. സമരം ചെയ്തു. ബർണാഡ് ഷാ പറഞ്ഞിട്ടുള്ളത്, നിങ്ങൾ പറയുന്ന ന്യായമായ കാര്യം പൊതുസമൂഹം ശ്രദ്ധിച്ചില്ലെങ്കിൽ നിങ്ങൾ കാലിലെ ചെരുപ്പൂരി അവന്റെ മുഖത്തടിക്കണം എന്നാണ്. അതാണ് എസ്.എഫ്.ഐ. ഇവിടെ ചെയ്തത്. അപ്പോഴാണ് അവർ സമരം നടത്തിയതിന്റെ കാരണം കേരളത്തിലെ ജനങ്ങൾക്ക് ബോധ്യമാകുന്നത്. കോൺഗ്രസ്സിന്റെ പ്ലീനറി സമ്മേളനം ഒരാഴ്ചമുൻപല്ലേ അവസാനിച്ചത്; അവർ വലിയ പ്രതീക്ഷയിലായിരുന്നു; നമുക്കൊന്നും ഒരു പ്രതീക്ഷയുമില്ല. XXXXXX+ ഇപ്പോൾ മഹാത്മാഗാന്ധിയുടെ ഖദർ മാത്രമാണ് ബാക്കിയുള്ളത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.... XXXXXX+ കോൺഗ്രസ്സ് ഭരണഘടനയിലെ സെക്ഷൻ 5C അമെന്റ് ചെയ്ത് XXXX+. അതുകൊണ്ട് വാസ്തവവിരുദ്ധമായ പ്രസ്തുത പരാമർശം രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: അത് പരിശോധിക്കാം.

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 3926/ഇ.ബി/2023/നി.സെ. തീയതി 06-03-2023) രേഖയിൽനിന്ന് നീക്കം ചെയ്തു.

ശ്രീ. പി. വി. അൻവർ: സർ, അത് എന്നെ ബോധ്യപ്പെടുത്തേണ്ട, ശ്രീ. വി. എം. സുധീരനെ ബോധ്യപ്പെടുത്തിയാൽ മതി. വേറെ ആരെയും ബോധ്യപ്പെടുത്തേണ്ട ആവശ്യമില്ല. കോൺഗ്രസ് പ്ലീനറി സമ്മേളനത്തിൽ ഇന്ത്യയിലെ ജനങ്ങളൊന്നും പ്രതീക്ഷിച്ചിട്ടില്ല. പക്ഷേ ഇതുപോലുള്ള തീരുമാനങ്ങൾ ജീവിതത്തിൽ ഒരിക്കലും പ്രതീക്ഷിച്ചിട്ടുണ്ടാകില്ല. 'ഭരണകൂട ഭീകരത' എന്ന വാക്ക് കേട്ടാൽ ഞെട്ടുമല്ലേ. എന്നാൽ ഇവിടെ യഥാർത്ഥത്തിൽ പ്രതിപക്ഷ ഭീകരതയല്ലേ നടക്കുന്നത്? മുഖ്യമന്ത്രിയെ കേരളത്തിലൂടെ യാത്ര ചെയ്യാൻ അനുവദിക്കില്ലെന്നത് പ്രതിപക്ഷം ഒരുപ്രാവശ്യം എടുത്ത തീരുമാനമല്ല. ഒരുപാട് മുഖ്യമന്ത്രിമാർ ഇവിടെ യാത്ര ചെയ്തിട്ടുണ്ട്, നിരവധി സമരങ്ങൾ കണ്ടിട്ടുമുണ്ട്. എന്നാൽ 'ഒളിയാക്രമണം' എന്നത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? മുഖ്യമന്ത്രി യാത്ര ചെയ്യുന്ന വഴിയിലൊക്കെ ഒളിയാക്രമണമാണ്, രണ്ടും മൂന്നും ആളുകൾ കല്ലുംപിടിച്ച് ഒളിച്ചിരിക്കുകയാണ്; പോലീസ് ഇവരെ തെരഞ്ഞ് കൂഴയുകയാണ്. ആണുങ്ങളാണെങ്കിൽ, ധൈര്യമുണ്ടെങ്കിൽ അവർ ഏറ്റെടുക്കുന്ന മുദ്രാവാക്യം ശരിയാണെങ്കിൽ ശക്തമായി കൂട്ടമായിട്ടാണ് പ്രതികരിക്കാറുള്ളത്. എന്നാൽ ഇവിടെ ഒളിയാക്രമണമാണ് നടത്തുന്നത്. ഇതെന്താ ഭീകരാക്രമണമാണോ? ഭൂമിയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നടക്കാൻ

സമ്മതിക്കുകയില്ലെന്നാണ് പറയുന്നത്. നിവൃത്തിയില്ലാതെ വിമാനത്തിൽ പോയാലോ അവിടെയും ഭീകരത സൃഷ്ടിക്കുകയാണ്. ഇതാണോ ഭരണകൂട ഭീകരത? ഇവരെ നേരിടാൻ ഞങ്ങൾക്ക് കഴിയാത്തതുകൊണ്ടല്ല. ഇതിനൊക്കെ ഒരു പരിധിയുണ്ട്; ഈ ക്ഷമയ്ക്കും ഒരവസാനമുണ്ട്. കേരളത്തിലെ 99 എം.എൽ.എ.-മാരുടെ പിന്തുണ ലഭിച്ച് ലക്ഷക്കണക്കിന് വോട്ട് വാങ്ങി അധികാരത്തിൽ വന്ന മുഖ്യമന്ത്രിയെ വഴി നടക്കാൻ ഇവർ ഇനിയും അനുവദിക്കാതെ ഇത്തരത്തിൽ ഒളിയാക്രമണം നടത്തുകയാണെങ്കിൽ പ്രതിപക്ഷനേതാവിന് ഒന്ന് ആലോചിക്കേണ്ടിവരും. രണ്ടരക്കോടിയോളം രൂപയാണ് ഒരു വർഷം പ്രതിപക്ഷത്തിനുവേണ്ടി ചെലവാക്കുന്നത്.

മി. സ്പീക്കർ: പ്ലീസ് ..... കൺക്ലൂഡ് ....

ശ്രീ. പി. വി. അൻവർ: സർ, ഇന്നലെ കോഴിക്കോടെത്തി ഏഷ്യാനെറ്റ് ചാനലുകാരെ കണ്ടിട്ട് പി. വി. അൻവറിന് തടയണ പൊളിച്ച വിരോധമാണെന്നാണ് അവർ പറഞ്ഞത്. അവർക്ക് തടയണയില്ലാതെ പോയതിന് ഞാനെന്ത് ചെയ്യാനാണ്? 2008-ലും 2009-ലും നിർമ്മിച്ച തടയണയാണ്. ശ്രീ. ടി. സിദ്ദിഖിന് വേണമെങ്കിൽ നാല് തടയണ നമ്മൾ കെട്ടിക്കൊടുക്കാം.

മി. സ്പീക്കർ: പ്ലീസ് ..... കൺക്ലൂഡ് ....

ശ്രീ. പി. വി. അൻവർ: സർ, കൃത്തിത്തിരിപ്പിനല്ലാതെ പ്രതിപക്ഷത്തിന് ഈ നാടിന്റെ എന്തെങ്കിലും ഒരാവശ്യത്തിന് പോസിറ്റീവായ കാര്യം ജനങ്ങൾക്ക് സംഭാവന ചെയ്യാൻ സാധിച്ചിട്ടുണ്ടോ? ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. സഭയിൽ കുറച്ച് ദിവസങ്ങളായി നടക്കുന്ന ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും പലപ്പോഴായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വളരെ മോശപ്പെട്ട രീതിയിൽ ചിത്രീകരിക്കുകയാണ്. അതേസമയം രാജ്യത്തെ ജനങ്ങളെ ദ്രോഹിക്കുന്ന കേന്ദ്രം ഭരിച്ചു കൊണ്ടിരിക്കുന്ന ശ്രീ. നരേന്ദ്ര മോദിയെക്കുറിച്ച് ഒരക്ഷരം പറയാൻ അവർ ധൈര്യം കാണിക്കുന്നുമില്ല. അഥവാ പറയുന്നുണ്ടെങ്കിൽ മുഖ്യമന്ത്രിയെ കൂട്ടിപ്പറയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എവിടെ നിൽക്കുന്നു; ശ്രീ. നരേന്ദ്ര മോദി എവിടെ നിൽക്കുന്നുവെന്നുള്ളത് നമുക്കറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങളുടെ ആശ്രയമായി, എല്ലാ പാവപ്പെട്ടവർക്കും ആവശ്യമായ കാര്യങ്ങൾ ചെയ്തുകൊടുത്തുകൊണ്ട് മുന്നോട്ടുപോകുകയാണ്. അതുപോലെയാണ് നമ്മുടെ

എല്ലാ മന്ത്രിമാരും പ്രവർത്തിക്കുന്നത്. ഏത് വകുപ്പെടുത്ത് പരിശോധിച്ചാലും അത് കാണാൻ സാധിക്കുന്നതാണ്.

ഭൂമിയും വസ്തുക്കളും രജിസ്റ്റർ ചെയ്യുന്നതിലുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് ഈ സർക്കാർ പ്രഖ്യാപിച്ച ആധാർ അധിഷ്ഠിത നടപടിയിലൂടെ പൊതുജനങ്ങളുടെ പലതരത്തിലുള്ള പ്രശ്നങ്ങളും പ്രയാസങ്ങളും ഒഴിവാകുന്നതിനിടയാകുമെന്ന് കരുതുകയാണ്. ഇതിലൂടെ രജിസ്ട്രേഷൻ നടപടികൾ വേഗത്തിലാക്കാനും ബിനാമി ഇടപാടുകൾ ഇല്ലാതാക്കുന്നതിനും രജിസ്ട്രേഷനെത്തുന്നവർ സാക്ഷികളെ ഹാജരാക്കേണ്ട അവസ്ഥ ഒഴിവാക്കുന്നതിനും സാധിക്കുന്നതാണ്. വെണ്ടർമാരെയും ആധാരമെഴുത്തുകാരെയും സംരക്ഷിച്ചുകൊണ്ടായിരിക്കണം ഏപ്രിൽ മാസം മുതൽ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കേണ്ടതെന്ന് അവർ അഭ്യർത്ഥിച്ചിട്ടുണ്ട്. കേരളത്തിൽ വെണ്ടർമാരും ആധാരമെഴുത്തുകാരും വർഷങ്ങളായി ചെയ്തുവന്ന സേവനങ്ങൾ കാണാതെ പോകരുത്. അതുകൊണ്ട് അവരുടെ തൊഴിൽ നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിന് നടപടിയുണ്ടാകണം. പരിഷ്കരണം ആവശ്യമാണ് എന്ന വസ്തുത അംഗീകരിക്കപ്പെടുന്നതോടൊപ്പംതന്നെ തൊഴിൽ സംരക്ഷിക്കുക എന്നതും ഈ സർക്കാരിന്റെ പ്രധാനപ്പെട്ട ലക്ഷ്യമായതിനാൽ അത് നടപ്പിലാക്കണം. രജിസ്ട്രേഷൻ വകുപ്പിൽ

അഴിമതിയില്ലാതാക്കുന്നതിനായി ഈ സർക്കാർ ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്. ഓൺലൈൻ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പൂർണ്ണമായും ഓൺലൈനിലൂടെ നൽകുന്ന സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ പ്രധാന രജിസ്ട്രാർ ഓഫീസുകളിൽ നടപ്പാക്കിയിട്ടുണ്ട്. വാണിജ്യ ബാങ്കുകളിൽനിന്നും സൂക്ഷ്മ-ചെറുകിട വ്യവസായങ്ങൾക്കുള്ള വായ്പാ കരാറുകൾ ഓൺലൈനായി തയ്യാറാക്കുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം നടപ്പിൽ വരുത്തുകയുണ്ടായി. ആധാരം രജിസ്ട്രേഷന്റെ ഭാഗമായുള്ള വിരൽ പതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽത്തന്നെ ആധാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ബാധ്യതാ സർട്ടിഫിക്കറ്റ് ഓൺലൈൻ മുഖാന്തരമാക്കിയത് അഴിമതി ഒഴിവാക്കുന്നതിനും കാലതാമസമില്ലാതാക്കുന്നതിനും സഹായകമായിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടിവരുന്ന രജിസ്ട്രേഷൻ സംബന്ധമായ എല്ലാ മുദ്രപത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തിയത് പ്രശംസനീയമാണ്. വകുപ്പിന്റെ സേവനങ്ങൾക്ക് വേണ്ടിവരുന്ന ഫീസുകൾ ഓൺലൈനായി അടയ്ക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഭൂമിയുടെ ന്യായവിലയും ഉടമസ്ഥാവകാശവും

രജിസ്ട്രേഷൻ വകുപ്പിന്റെ പ്രത്യേക സൈറ്റിലൂടെ പൊതുജനങ്ങൾക്ക് പരിശോധിക്കാമെന്നതും രജിസ്ട്രേഷനുവേണ്ടി ഓൺലൈൻ ടോക്കൺ സൗകര്യം ഏർപ്പെടുത്തിയതും സ്വാഗതാർഹമാണ്. ഒരു ജില്ലയിലെ ഏത് സബ്-രജിസ്ട്രാർ ഓഫീസിലും ആ ജില്ലയിലെ ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള 'Anywhere Registration' സൗകര്യം ഏറെ സഹായകരമാണ്. 2021-22 വർഷത്തെ കേരളത്തിലെ സ്ഥിരവിലയിലുള്ള മൊത്ത ആഭ്യന്തര ഉൽപ്പാദന വളർച്ചാ നിരക്ക് 12.1 ശതമാനമാണ്. പ്രസ്തുത വളർച്ച ഇപ്പോഴത്തെ വിലയിൽ കണക്കാക്കിയാൽ 17.63 ശതമാനമാണ്. ദേശീയ നിരക്ക് 8.7 ശതമാനത്തിൽ നിൽക്കുമ്പോഴാണ് കേരളത്തിന്റെ ഈ വളർച്ച എന്നത് ഓർക്കണം. എന്നാൽ അതിനനുസരിച്ച് നമ്മുടെ സർക്കാരിനെ പ്രകീർത്തിക്കാൻ പ്രതിപക്ഷത്തുനിന്ന് ആരും തയ്യാറാകുന്നില്ല. സാമൂഹ്യക്ഷേമ വികസനത്തിന് സർക്കാർ പ്രാധാന്യം നൽകിയതുമൂലം ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെട്ടുവെന്നാണ് പ്രതിശീർഷ വരുമാനത്തിലുണ്ടായ വളർച്ച കാണിക്കുന്നത്.

ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണമാണ് സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ ചില പ്രയാസങ്ങളുണ്ടായത്. 2022 ജൂലൈ മാസം കേന്ദ്രസർക്കാർ ജി.എസ്.ടി. നഷ്ടപരിഹാര വിഹിതം

നിർത്തലാക്കിയതാണ് ഇതിന് പ്രധാനപ്പെട്ട കാരണം. ഇത് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്കതീതമായ ഘടകമായതുകൊണ്ട് സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചു. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കേരളം ഭരിക്കുമ്പോൾ ബി.ജെ.പി.-ക്ക് ഇവിടെ ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. ഹിന്ദുത്വ അജണ്ടയ്ക്കെതിരെ സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കുന്നതുകൊണ്ട് ഇത്തരത്തിലുള്ള നയത്തിലൂടെ കേരള സർക്കാരിനെ ഞെരുക്കാമെന്നാണ് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. കരുതുന്നത്. കേരളത്തിൽ നിന്നുള്ള യു.ഡി.എഫ്. എം.പി.മാർ ഇക്കാര്യം ഒരിക്കൽപോലും പാർലമെന്റിൽ ഉന്നയിക്കാത്തതിൽനിന്നും അവരും ബി.ജെ.പി.ക്ക് ഒപ്പമാണോ എന്നതാണ് മനസ്സിലാക്കേണ്ടത്.

നികുതി വരുമാന ചോർച്ച ഒഴിവാക്കിയെടുക്കുന്നതിന് ഫലപ്രദമായ നടപടികളാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. ലക്കി ബിൽ സ്കീം പോലുള്ളവ ഈ രംഗത്ത് പ്രധാനപ്പെട്ടതാണ്. സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിന് സംസ്ഥാന ജി.എസ്.ടി. വകുപ്പ് ഫലപ്രദമായി ഇടപെടുന്നുണ്ട്. അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ വിന്യസിച്ചതുവഴി

അന്തർസംസ്ഥാന നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിന് സാധിച്ചിട്ടുണ്ട്. 2022-ലെ മഴക്കെടുതിയിലുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർത്ത് അടിയന്തര ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രളയ സഹായം ലഭിച്ചവർക്ക് കൂടുതൽ സഹായകരമായി ലൈഫ് മിഷൻ പദ്ധതിയിലൂടെ 4 ലക്ഷം രൂപ നൽകുന്നതിനുള്ള ഉത്തരവ് ഇറക്കിയിരിക്കുകയാണ്. നേരത്തെയുണ്ടായ പ്രകൃതിക്ഷോഭത്തിലും മറ്റും ഇതുപോലുള്ള നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായത്. പ്രതിപക്ഷം ഈ ഘട്ടത്തിലെല്ലാം രാഷ്ട്രീയം കളിക്കാനാണ് ശ്രമിച്ചത്. കേന്ദ്രത്തിൽനിന്നും അർഹമായ സഹായങ്ങൾ നേടിയെടുക്കാൻ കേരളത്തിൽ നിന്നുള്ള യു.ഡി.എഫ്. എം.പി.മാർ ശ്രമിച്ചിരുന്നില്ല. ബി.ജെ.പി. ആകട്ടെ ഏതൊക്കെ രീതിയിൽ സർക്കാരിനെ ഞെക്കിഞെരുക്കാൻ സാധിക്കുമോ അതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് പ്രതിപക്ഷം ഈ സർക്കാരിനോടൊപ്പം നിൽക്കണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. പ്രളയവും പ്രകൃതിക്ഷോഭവും കോവിഡുംകൊണ്ട് പൊറുതിമുട്ടിയ കേരള ജനതയെ അപമാനിച്ചതിനുതുല്യമാണ് സൗജന്യമെന്ന് പറഞ്ഞ് കേന്ദ്രസർക്കാർ

നൽകിയ അരിക്ക് പിന്നീട് തുക ഈടാക്കിയത്. എന്നാൽ അതിനെതിരെ ഒരക്ഷരംപോലും മിണ്ടാൻ കേരളത്തിലെ യു.ഡി.എഫോ ബി.ജെ.പി.യോ തയ്യാറായിട്ടില്ല. ഈ സർക്കാരിന്റെ ധനസഹായ പദ്ധതികൾ കണ്ടതുകൊണ്ടാണ് 4342.37 കോടി രൂപ കേരളത്തിലെ വിവിധ വിഭാഗം ജനങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കഴിഞ്ഞകാലത്ത് നൽകിയത്. പ്രളയ ദുരിതാശ്വാസ ധനസഹായം അനുവദിച്ച സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്താണ് കേരളം.

റവന്യൂ വകുപ്പ് വളരെ നല്ല രീതിയിൽ ഇടപെട്ട് പട്ടയം ലഭിക്കാത്തവർക്ക് അത് നൽകിവരികയാണ്. വർഷങ്ങളായി കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ഭൂമിക്കുപോലും പട്ടയം ലഭിക്കാത്ത സാഹചര്യമാണ്. ഏപ്രിൽ മാസത്തോടുകൂടി പട്ടയരഹിതരായ മുഴുവൻ ആളുകൾക്കും പട്ടയം ലഭിക്കുമെന്ന് പറയുന്നത് ആശാവഹമാണ്. പാവപ്പെട്ട കർഷകർക്കും ഭൂവുടമകൾക്കും പട്ടയം നൽകി സഹായിക്കാൻ സർക്കാർ മുന്നോട്ടുവരണമെന്ന് ഒന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എല്ലാ അർത്ഥത്തിലും പിന്തുണയ്ക്കുന്നു.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കേന്ദ്രസർക്കാർ സ്വീകരിക്കുന്ന കടുത്ത

സാമ്പത്തിക നിലപാടിന്റെ ഭാഗമായുണ്ടായ പ്രതിസന്ധികളിലും ക്ഷേമകരമായ ഒട്ടേറെ നയങ്ങൾ സ്വീകരിച്ച് മുന്നോട്ടുപോകുന്ന ഗവൺമെന്റാണിത്. യഥാർത്ഥത്തിൽ പകപോക്കൽ നയമാണ് കേന്ദ്രഗവൺമെന്റ് കേരളത്തിനോട് കാണിക്കുന്നത്. എന്നാൽ ഇതിനെക്കുറിച്ച് പ്രതിപക്ഷം ഒരക്ഷരം സംസാരിക്കുന്നില്ല. പകരം ഒരു ചാനലിനുവേണ്ടി വക്കാലത്തുപിടിച്ച് ഈ സഭയിൽ അടിയന്തരപ്രമേയം കൊണ്ടുവരികയാണുണ്ടായത്. ബഹുമാനപ്പെട്ട നിരവധി അംഗങ്ങൾ ഈ വിഷയം സംബന്ധിച്ച് സംസാരിച്ചു. 14 വയസ്സുള്ള പെൺകുട്ടിയെ ഉപയോഗപ്പെടുത്തി ഫാബ്രിക്കേറ്റഡ് വീഡിയോ മീഡിയ വഴി പ്രചരിപ്പിക്കുന്നതിന് ഒരു ചാനൽ നേതൃത്വം കൊടുത്തുവെന്നതാണ് ഈ വിഷയത്തിൽ ഞങ്ങളുടെ ആക്ഷേപം. ഇതൊക്കെ ചെയ്യാൻ ഇവിടെ നിയമപരമായി അനുവാദമുണ്ടോ? പ്രതിപക്ഷത്തുള്ള വനിതാ അംഗങ്ങളെങ്കിലും ഇക്കാര്യത്തിൽ ഒരു വിചിന്തനം നടത്തേണ്ടതായിരുന്നു. പലരുമിവിടെ വാക്കൗട്ട് പ്രസംഗം നടത്തുന്നത് കണ്ടു. ഇവിടെ ഇരിക്കുന്ന പലർക്കും പെൺകുട്ടികളുണ്ട്. അവരെ മാധ്യമ മധ്യത്തിൽ തുറന്നുകാണിക്കാൻ അവസരം നൽകുന്ന ചാനലുകൾക്കെതിരെ ശക്തമായ പ്രതിഷേധം ഉയരുന്നതിനുപകരം മാധ്യമ സ്വാതന്ത്ര്യം

ലംഘിച്ചുവെന്നപേരിൽ പ്രതിപക്ഷം നടത്തുന്ന ആഭാസനാടകം കേരളീയ സമൂഹം കണ്ടുകൊണ്ടിരിക്കുകയാണ്. സമരം നടത്തിയവർക്കെതിരെ കേസെടുക്കുക എന്നത് സ്വാഭാവികമാണ്. അത്തരത്തിൽ ചാനലിനെതിരെ കേസെടുക്കുകയാണ് ഇവിടെയും ചെയ്തത്. കുട്ടികളുമായി ബന്ധപ്പെട്ട കേസ്സുകളിൽ മീഡിയകൾ പുലർത്തേണ്ട മാനദണ്ഡത്തെ സംബന്ധിച്ച് 2012-ലെ പോക്സോ നിയമത്തിലെ സെക്ഷൻ 23-ൽ " Procedure for media - (1) No person shall make any report or present comments on any child from any form of media or studio or photographic facilities without having complete and authentic information, which may have the effect of lowering his reputation or infringing upon his privacy. (3) The publisher or owner of the media or studio or photographic facilities shall be jointly and severally liable for the acts and omissions of his employee" വളരെ വ്യക്തമായി പറയുന്നുണ്ട്. ഇത്തരം വ്യവസ്ഥകൾ പ്രകാരമാണ് നിയമസംവിധാനങ്ങൾ കേസ്സെടുത്ത് മുന്നോട്ടുപോകുന്നത്. ഇക്കാര്യത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുമ്പോൾ ചാനലിനെ സപ്പോർട്ട് ചെയ്യുന്ന സമീപനം പ്രതിപക്ഷം സ്വീകരിക്കുന്നത് ഉചിതമാണോ? ഏഷ്യാനെറ്റ് ചാനലിന്റെ ചാരിത്ര്യത്തെ

സംബന്ധിച്ച് നിരവധി തവണ പത്രങ്ങളിൽ വന്നതാണ്. 2019-ലുണ്ടായ മഹാപ്രളയത്തിനുമുന്നിൽ കേരളം പകച്ചുനിന്ന സമയത്ത്, നമ്മുടെ സഹപ്രവർത്തകനായ ശ്രീ. ഓമനക്കുട്ടൻ ആലപ്പുഴയിലെ ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് ഭക്ഷണം കൊണ്ടുവന്ന ഓട്ടോറിക്ഷയ്ക്ക് കൊടുക്കാൻ കയ്യിൽ പണമില്ലാത്തതിനാൽ ക്യാമ്പിൽനിന്നും 70 രൂപ വാങ്ങി നൽകിയപ്പോൾ ദുരിതാശ്വാസ ക്യാമ്പിൽനിന്നും സി.പി.ഐ.(എം.) പ്രവർത്തകർ പണപ്പിരിവ് നടത്തുന്നുവെന്നാണ് അന്ന് ഏഷ്യാനെറ്റ് പ്രചരിപ്പിച്ചത്. അവസാനം വസ്തുത പുറത്തുവന്നില്ലേ; അതിന്റെ അടിസ്ഥാനത്തിൽ മാപ്പുപറയേണ്ട അവസ്ഥ വന്നില്ലേ? ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ വാർത്തകൾ പ്രചരിപ്പിക്കുകയാണ്. നാട്ടിലെ പാവപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും പരിരക്ഷ നൽകാൻ ഉത്തരവാദിത്വമുള്ള ജനപ്രതിനിധികൾ നിയമം നടപ്പാക്കുന്നതിനൊപ്പം നിൽക്കുകയാണ് വേണ്ടത്. നിങ്ങളെ എങ്ങനെയാണ് ജനങ്ങൾ വിശ്വസിക്കുന്നത്? ഇത്തരം ആഭാസകരമായ അഭിപ്രായപ്രകടനങ്ങൾ സഭയിലും പുറത്തുമുണ്ടാകുന്നത് പ്രതിപക്ഷത്തിന് ഇപ്പോഴുള്ള ഇമേജുപോലും തകർന്നടിയാൻ കാരണമാകും. നമ്മുടെ നാട്ടിൽ ഒട്ടേറെ പ്രശ്നങ്ങളുണ്ട്. നിലനിൽക്കാൻ കഴിയാത്തവിധത്തിൽ കേരള ഗവൺമെന്റിനെ ഞെക്കിപ്പിഴിയുന്ന കേന്ദ്രഗവൺമെന്റ് നയങ്ങൾക്കെതിരെ

അഭിപ്രായം പറയാൻ പ്രതിപക്ഷം സമയം കണ്ടെത്തുന്നുണ്ടോ? അതൊന്നുമല്ല ഇവിടത്തെ കാര്യമെന്നത് നമ്മളെല്ലാവരും മനസ്സിലാക്കിയതാണ്. ഇപ്പോൾ കേന്ദ്രഗവൺമെന്റ് കേരളത്തെ സാമ്പത്തികമായി ഞെരുക്കുമ്പോഴും നാട്ടിലെ പാവപ്പെട്ട മനുഷ്യരെ സംരക്ഷിക്കാനുള്ള ഉത്തേജക പാക്കേജുകൾ നൽകി സമ്പദ്ഘടനയെ കുതിപ്പിച്ച് മുന്നോട്ടുപോകുന്നതിൽ കേരളം മുന്നിലാണ്. അതിന്റെ ഒട്ടേറെ കണക്കുകൾ നമ്മുടെ മുന്നിലുണ്ട്. കേരളത്തിലെ പാവപ്പെട്ട 62 ലക്ഷം പേർക്ക് നൽകുന്ന സാമൂഹ്യ സുരക്ഷാ പെൻഷനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചു. അയൽസംസ്ഥാനങ്ങളായ കർണ്ണാടകയിലും തമിഴ്നാട്ടിലുമുൾപ്പെടെ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. 6.61 കോടി ജനങ്ങളുള്ള കർണ്ണാടകയിൽ 58 ലക്ഷം പേർക്ക് 600 രൂപ നിരക്കിലും 7.21 കോടി ജനങ്ങളുള്ള തമിഴ്നാട്ടിൽ 33.94 ലക്ഷംപേർക്ക് 1000 രൂപ നിരക്കിലും പെൻഷൻ നൽകുന്നുണ്ട്. എന്നാൽ കേരള ഗവൺമെന്റ് 1600 രൂപവച്ച് 62 ലക്ഷംപേർക്ക് പെൻഷൻ നൽകുന്നതിലൂടെ 11,000 കോടി രൂപയാണ് ഒരു വർഷം ജനങ്ങളുടെ കൈകളിലെത്തിക്കുന്നത്. ഇതൊരു ചെറിയ കാര്യമല്ല. അതേസമയം യു.ഡി.എഫ്.ന്റെ കാലഘട്ടത്തിൽ ഒരാൾക്ക് 600 രൂപവച്ച് 3262 കോടി

ത്രുപയാണ് കൊടുത്തിരുന്നത്. ഈ വ്യത്യാസം കാണണ്ടേ? കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ ഞെക്കിഞെരുക്കുമ്പോൾ അത് ശരിയല്ലെന്ന അഭിപ്രായം പ്രകടിപ്പിക്കാനുള്ള മര്യാദപോലും പ്രതിപക്ഷം കാണിക്കുന്നില്ല. ഈ സാഹചര്യത്തിലും കേന്ദ്ര രാസവളം വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം എന്റെ മണ്ഡലത്തിൽവന്ന് പറയുന്നത്, വീട്, കക്കൂസ് തുടങ്ങി കേന്ദ്രഗവൺമെന്റ് കൊടുക്കുന്നതെല്ലാം ശ്രീ. പിണറായി വിജയൻ പേര് മാറ്റി സംസ്ഥാന ഗവൺമെന്റിന്റേതാക്കി നാട്ടിലെ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നുവെന്നാണ്. പ്രതിപക്ഷവും ഇതിന് കൂടച്ചൂടുകയല്ലേ ചെയ്യുന്നത്? കേന്ദ്രഗവൺമെന്റ് നൽകുന്ന വിഹിതംകൊണ്ടാണോ ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്? തനത് വരുമാനവും നികുതി വരുമാനവും ആഭ്യന്തര വരുമാനവും വർദ്ധിപ്പിക്കാൻ കേരളം പുലർത്തുന്ന ജാഗ്രത ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും കാണാൻ സാധിക്കില്ല. അത്തരം നടപടികളുമായാണ് കേരളം മുന്നോട്ടുപോകുന്നത്. ഇന്ത്യയിലെ ആകെയുള്ള സംസ്ഥാനങ്ങളുടെ റവന്യൂ വരുമാനത്തിന്റെ ശരാശരി പരിശോധിച്ചാൽ, 41 ശതമാനം കേന്ദ്രവിഹിതമാണെന്ന് മനസ്സിലാകും. എന്നാൽ 36 ശതമാനമാണ് കേരളത്തിന് കേന്ദ്രം നൽകുന്നത്. കേരളത്തിന്റെയത്രയും ജനസംഖ്യയില്ലാത്ത പല സംസ്ഥാനങ്ങൾക്കും വളരെ അനുഭാവപൂർവ്വമായ

സമീപനം സ്വീകരിച്ച് 75 ശതമാനം വരെ കേന്ദ്രവിഹിതം കൊടുക്കുന്നുണ്ട്. ഇത് നെറികേടല്ലേ, ഇരട്ടത്താപ്പല്ലേ; ഇതിനെതിരെ ഒരക്ഷരം പ്രതിപക്ഷം സംസാരിക്കുന്നുണ്ടോ? പത്താം ധനകാര്യ കമ്മീഷൻ കേരളത്തിന് നൽകിയ വിഹിതം 3.88 ശതമാനമാണ്. ഇതുസംബന്ധിച്ച് നിരവധി തവണ നാം ചർച്ച ചെയ്തതാണ്. ഇപ്പോൾ 15-ാം ധനകാര്യ കമ്മീഷൻ നൽകുന്നത് 1.92 ശതമാനമാണ്. ഇത്തരത്തിൽ കേരളത്തിന് അർഹമായ വിഹിതം ലഭിക്കാതെ പോകുകയാണ്. ആഭ്യന്തര വരുമാനത്തിന്റെ വളർച്ച സംബന്ധിച്ച് പത്രങ്ങളിലെല്ലാം റിപ്പോർട്ട് ചെയ്യപ്പെടുന്നതുകൊണ്ട് ഞാനിവിടെ സൂചിപ്പിക്കുന്നില്ല. സംസ്ഥാനം ഏകദേശം 64 ശതമാനം നികുതി പിരിവ് വർദ്ധിപ്പിച്ചുകഴിഞ്ഞു. ദേശീയ ശരാശരി 55 ശതമാനമാണ്. ഈ നിലയിൽ കേരളത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ നമ്മുടെ ഗവൺമെന്റെടുക്കുന്ന ജാഗ്രത നാട്ടിലെ ജനങ്ങളറിയുന്നുണ്ട്. അതിൽ അവർ വളരെയേറെ സംതൃപ്തരാണ്. അവർ ഈ ഗവൺമെന്റിനെ മുന്നോട്ടുകൊണ്ടുപോകാനുള്ള താൽപ്പര്യത്തിലുമാണ്. അവരെ സുരക്ഷിതമായി ഉയർത്തിപ്പിടിക്കാൻ കേരളത്തിലെ ഗവൺമെന്റ് തയ്യാറായിക്കൊണ്ടിരിക്കുകയാണ്.

സംസ്ഥാനത്ത് റവന്യൂ, നികുതി വകുപ്പുകൾ ശ്ലാഘനീയമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. മലയാളികൾ ലോകത്തെവിടെ ഭൂമി വാങ്ങിയാലും യുണീക് തണ്ടപ്പേർ എന്ന നിലയിൽ ആധാരം ലഭിക്കാനുള്ള സംവിധാനമുണ്ട്. എനിക്ക് ഇത്തരുണത്തിൽ ഒന്നുരണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിമാരോട് സൂചിപ്പിക്കാനുണ്ട്. ഭൂരഹിതരായ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർക്കായി ലാൻഡ് ബാങ്കിലേയ്ക്ക് നൽകുന്ന ഭൂമിക്ക് ഭീമമായ രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നത് ഒഴിവാക്കാൻ ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ ശ്രദ്ധയുണ്ടാകണം. വനാതിർത്തികളിൽ നിരവധി പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഡി.എഫ്.ഒ.യുടെ എൻ.ഒ.സി. വാങ്ങി സ്ഥലം കൊടുത്തിട്ടുണ്ട്. പക്ഷേ അവിടെ വീട് വയ്ക്കാൻ നിരവധി തടസ്സങ്ങളാണ് അവർ നേരിടുന്നത്. ലൈഫ് മിഷനിൽ വീട് ലഭ്യമായിട്ടുപോലും അവർക്ക് അതനുസരിച്ച് എൻ.ഒ.സി. ലഭിക്കാത്ത സാഹചര്യമുണ്ട്. അതിനാൽ നിയമതടസ്സങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ട് നിരവധി എം.എൽ.എ.മാർ ചൂണ്ടിക്കാണിച്ച വിഷയമാണ് രണ്ടാമതായി എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്റെ മണ്ഡലമായ കോങ്ങാടുള്ള തിരുമാന്ധാംകുന്ന് ദേവീക്ഷേത്രത്തിന്റെ നൂറ് ഏക്കർ സ്ഥലം തരിശായി കിടക്കുകയാണ്.

ശ്രീ. മോഹൻലാൽ അഭിനയിച്ച 'ഒടിയൻ' എന്ന സിനിമയുടെ പ്രധാന ലൊക്കേഷൻ അവിടെയാണ്. ഇത്തരത്തിലുള്ള സ്ഥലങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കണം. 2008-ൽ രൂപീകരിക്കപ്പെട്ടതും 1400-ൽ അധികം ക്ഷേത്രങ്ങളടങ്ങുന്നതുമായ മലബാർ ദേവസ്വം ബോർഡിന് ഒരു പൊതുഭരണ സംവിധാനമില്ല. അതുകൊണ്ട് പ്രസ്തുത ബോർഡിന് പൊതുവായ ഭരണസംവിധാനം കൊണ്ടുവരുന്നതിനുള്ള ശ്രമമുണ്ടാകണം.

മി. സ്പീക്കർ: പ്ലീസ്..... കൺക്ലൂഡ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, 70 ശതമാനം ക്ഷേത്രങ്ങളും പ്രവർത്തിക്കുന്നത് സർക്കാർ നൽകുന്ന ധനസഹായംകൊണ്ടാണ്. അതുകൊണ്ട് ക്ഷേത്രങ്ങളിലെ തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളെ ഉപയോഗപ്പെടുത്തണം. ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി ഉമ തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ കിട്ടാക്കടങ്ങൾ പിരിച്ചെടുക്കാൻ ശ്രമിക്കുന്നതിന് പകരം സാധാരണക്കാരുടെ മേൽ വീണ്ടും നികുതി ചുമത്തുകയെന്ന എളുപ്പവഴിയാണ് ഈ ബഡ്ജറ്റിലൂടെ സർക്കാർ

മുന്നോട്ടുവച്ചിരിക്കുന്നത്. സി.&എ.ജി.യുടെ റിപ്പോർട്ട് പ്രകാരം വിവിധ വകുപ്പുകളിൽനിന്ന് 21797.86 കോടി രൂപ സർക്കാർ പിരിച്ചെടുക്കാനുണ്ട്. അതിൽത്തന്നെ അഞ്ചുവർഷത്തോളമായി കുടിശ്ശികയായിരിക്കുന്നത് 7100.32 കോടി രൂപയാണ്. സാമ്പത്തികരംഗത്തെ സർക്കാരിന്റെ മിസ്മാനേജ്മെന്റാണ് ഈ അവസ്ഥയ്ക്ക് കാരണം. നികുതികൾ ഉയർത്തുകയും പുതുതായി സെസ്സ് ഏർപ്പെടുത്തുകയും ചെയ്തതിലൂടെ ഇതുവരെ കാണാത്ത ധനപ്രതിസന്ധിയാണ് സംസ്ഥാനം നേരിടുന്നതെന്ന് വിലയിരുത്തേണ്ടിവരുന്നു. പെട്രോളിനും ഡീസലിനും ലിറ്ററിന് 2 രൂപ വീതം സാമൂഹ്യസുരക്ഷാ സെസ് ഏർപ്പെടുത്തിയ നടപടി പ്രതിഷേധാർഹമാണ്. ഈ വിഷയത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും പുനർവിചിന്തനം ഉണ്ടാവണമെന്നതിൽ ലവലേശം സംശയമില്ല. വിലക്കയറ്റത്തിൽ പൊറുതിമുട്ടിയ സാധാരണ ജനങ്ങളെ വീണ്ടും വിലവർദ്ധനയുടെ ഭാരം താങ്ങാൻ നിർബന്ധിക്കുന്നതാണ് ഈ സെസ്സ്. മദ്യത്തിന്റെ നികുതി വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുന്നത് മദ്യപാനികളെ നിരുത്സാഹപ്പെടുത്താനാണെന്ന ന്യായം പറയുകയും കൂണുപോലെ പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുകയും ചെയ്യുന്ന രീതി മയക്കുമരുന്നുകളിലേയ്ക്ക് ആളുകളെ ആകർഷിക്കാൻ ഉതകുന്നതാണെന്ന

വസ്തുത തള്ളിക്കളയാനാവില്ല. ഭൂമി ക്രയവിക്രയം, കെട്ടിടങ്ങൾ, വാഹനങ്ങൾ, വൈദ്യുതി തുടങ്ങി എല്ലാത്തിനും നികുതി കൂടുകയാണ്. അടഞ്ഞുകിടക്കുന്ന വീടുകൾക്ക് ഏർപ്പെടുത്തിയ കരം പ്രവാസികളുടെ ആവശ്യപ്രകാരം പിൻവലിച്ചതിൽ സന്തോഷമുണ്ട്. എന്നാൽ ജീവിതത്തിലെ മുഴുവൻ സമ്പാദ്യങ്ങളും ഉപയോഗിച്ച് റിട്ടയർമെന്റ് കാലത്ത് രണ്ടാമതൊരു വീട് നിർമ്മിച്ച് അതിന്റെ വാടകകൊണ്ട് ശിഷ്ടകാലം കഴിയാമെന്ന് വിചാരിക്കുന്നവരുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുന്ന അധിക നികുതി പുനഃപരിശോധിക്കണം. ഭൂമിയുടെ താരിഫ് വാല്യു നിശ്ചയിച്ചിരിക്കുന്നത് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കാതെ ഓഫീസിലിരുന്നുകൊണ്ടായതിനാൽ പല സ്ഥലങ്ങളിലും അത് ഫെയർ വാല്യു, മാർക്കറ്റ് വാല്യു എന്നിവയെക്കാൾ ഇരട്ടിയോളമാണ്. ഇത് പുനഃപരിശോധിക്കാൻ നടപടിയുണ്ടാവണം. കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് ശ്രുക്ഷമായ പ്രതിസന്ധിയിലായതിനാൽ അതിനെ പൊതുമേഖലയിൽ സംരക്ഷിച്ച് നിർത്തുന്നതിനും കുടിശ്ശിക തുക അനുവദിക്കുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം.

കുരുന്നുകുഞ്ഞുങ്ങൾക്ക് അക്ഷരലോകത്ത് അറിവ് പകർന്നുകൊണ്ട് ഉരുകിത്തീരുന്ന ജന്മങ്ങളാണ് ഇന്നത്തെ അങ്കണവാടി ടീച്ചർമാർ. ഇവരുടെ സേവനവേതന വ്യവസ്ഥകൾ വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം.

ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ സമയാസമയങ്ങളിൽ നിരീക്ഷിക്കപ്പെടാത്തതുകൊണ്ടോ അവരുടെ പ്രവൃത്തികൾ അവലോകനം ചെയ്യപ്പെടാത്തതുകൊണ്ടോ അതുമല്ലെങ്കിൽ കൃത്യകമുതലാളിയെയോ അല്ലെങ്കിൽ കോർപ്പറേറ്റുകളെയോ ഭയന്നതുകൊണ്ടോ ആണ് പിരിച്ചെടുക്കാനുള്ള കിട്ടാക്കടം കോടിക്കണക്കിന് രൂപയിൽ എത്തിനിൽക്കുന്നതെന്നതിൽ സംശയമില്ല. കെടുകാര്യസ്ഥതയുടെ മറ്റൊരു ഉദാഹരണമാണ് നാലുദിനമായി എരിഞ്ഞുതീരുന്ന ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റ്. സ്വജനപക്ഷപാതം മുൻനിർത്തി മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് നിങ്ങളുടെ സമുന്നതനായ ഒരു നേതാവിന്റെ അടുത്ത ബന്ധുവിനാണ് ഇതിന്റെ കരാർ നൽകിയിരിക്കുന്നത്. മാലിന്യ സംസ്കരണംപോലും ഒരു കറവപശുവായി കണക്കാക്കിയതുകൊണ്ടും മേൽനോട്ടമില്ലാത്ത പ്രവൃത്തിമൂലവും എന്റെ നിയോജകമണ്ഡലത്തിലെ ഒട്ടനവധിപേർ ഇതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മാലിന്യ കൂമ്പാരങ്ങളിൽനിന്നുള്ള മലിനജലം കടന്ത്രയാറിൽ ഒഴുകിയെത്തി ജലസ്രോതസ് മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അന്തരീക്ഷ മലിനീകരണം, ജല മലിനീകരണം, ആരോഗ്യപ്രശ്നങ്ങൾ തുടങ്ങിയവയെല്ലാം മാലിന്യ സംസ്കരണത്തിലുള്ള വീഴ്ചമൂലം സാധാരണ ജനങ്ങൾ

അനുഭവിക്കുകയാണ്. ഇവിടെ വസിക്കുന്ന ഭൂരിഭാഗം ആളുകളിലും ത്വക്ക് രോഗങ്ങളും ശ്വാസസംബന്ധമായ രോഗങ്ങളുമുണ്ട്. ഇപ്പോഴുണ്ടായ തീപിടിത്തത്തെക്കുറിച്ച് ഒരുപാട് സംശയങ്ങളുണ്ട്. ഇത് അന്വേഷണവിധേയമാക്കണം. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുമ്പോഴുണ്ടാകുന്ന പുക ശ്വസിക്കുന്നതുമൂലം അർബുദരോഗത്തിനുള്ള സാധ്യത അറുപത് ഇരട്ടിയാണെന്നത് ക്ലിനിക്കലി തെളിയിച്ച കാര്യമാണ്. ഇനിയെങ്കിലും ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടിയെടുക്കണം. പ്രളയഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട കേസിലെ നിലവിലെ സ്ഥിതി എന്താണ്? എറണാകുളം കളക്ടറേറ്റ് കേന്ദ്രീകരിച്ച് തട്ടിപ്പ് നടത്തിയവർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല, അത് സ്വീകരിക്കുകയുമില്ല. ഇടതുപക്ഷം ചേർന്ന് പ്രവർത്തിക്കുന്നവർക്ക് അഴിമതി നടത്തിയാലും ഒരു പ്രത്യേക പരിഗണനയാണ് ലഭിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലെ തട്ടിപ്പുമായി ബന്ധപ്പെട്ടവർക്കും ഇതേ ആനുകൂല്യം തന്നെയല്ലേ കിട്ടിക്കൊണ്ടിരിക്കുന്നത്. തൊഴിലും ആരോഗ്യവും നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടി ലോൺ തിരിച്ചടവ് മുടങ്ങിയവർക്ക് ജപ്തി നോട്ടീസ് കൊടുക്കുന്നതിന്റെ ഒരു ശതമാനം ആത്മാർത്ഥത കൂടിശ്ശിക വരുത്തിയ

വൻകിടക്കാരിൽനിന്ന് തുക ഈടാക്കുന്നതിൽ കാണിച്ചാൽ ഈ സ്ഥിതി വരില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

മാധ്യമസ്വാതന്ത്ര്യത്തെ ഹനിക്കുംവിധം അല്ലെങ്കിൽ ക്ഷുഭിതവിലങ്ങിടുംവിധം കഴിഞ്ഞ ദിവസം മാർച്ച് മൂന്നിന് മുപ്പതോളം വരുന്ന എസ്.എഫ്.ഐ. പ്രവർത്തകർ എന്റെ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ഏഷ്യാനെറ്റ് ഓഫീസിൽ അതിക്രമിച്ചുകയറി നാലാം നിലയിലുള്ള ന്യൂസ് റൂമിൽവരെ ചെല്ലുകയും മീറ്റിംഗ് നടത്തി രണ്ടുപേർ പ്രസംഗിക്കുകയും ചെയ്തു. വളരെ ആസൂത്രിതമായി അരമണിക്കൂറിലേറെ ജംഗ്ഷനിൽ കാത്തിരുന്നതിനുശേഷമാണ് അവർ അവിടെ ചെന്നത്. 'Trespassers will be prosecuted' എന്ന് കേട്ടിട്ടില്ലേ. തീർച്ചയായും അവർക്കെതിരെ IPC 448, 452 എന്നിവ പ്രകാരം കേസെടുക്കണം.

ശ്രീമതി ശാന്തകുമാരി കെ.: .....(മൈക്ക് ഓഫ്....)

ശ്രീമതി ഉമ തോമസ്: സർ, ഞാൻ പറഞ്ഞത് അവരുടെ വാർത്തകളെക്കുറിച്ചല്ല, അവർ അതിക്രമിച്ചുകയറിയതിനെക്കുറിച്ചാണ്. എന്റെ ഒരു സഹമെമ്പർ പറഞ്ഞത് തെറ്റിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടത്തെ ക്രമസമാധാനപരിപാലനം ഏൽപ്പിച്ചിരിക്കുന്നത് എസ്.എഫ്.ഐ.-യെയും ഡി.വൈ.എഫ്.ഐ.-യെയും ആണോ? പി.എസ്.സി. ലിസ്റ്റിൽ തിരിമറി നടത്തി പോലീസിൽ കയറിപ്പറ്റാൻ

സാധിക്കാത്തതിന്റെ ജാള്യതയാണോ നേരിട്ട് ക്രമസമാധാനം ഏറ്റെടുക്കാൻ എസ്.എഫ്.ഐ.-ക്കാരെ പ്രേരിപ്പിക്കുന്നത്. മുമ്പൊരിക്കൽ നമ്മുടെ മുഖ്യൻ 'കടക്ക് പുറത്ത്' എന്ന് മാധ്യമപ്രവർത്തകരോട് പറഞ്ഞത് കേരള ജനത മറന്നിരിക്കാൻ വഴിയില്ല. ഭരണത്തിന്റെ ശക്തിയോടെയും പിന്തുണയോടെയും എതിർപ്പിന്റെ ശബ്ദങ്ങളെ ഇല്ലായ്മ ചെയ്യുന്നത് നീതിയുക്തമല്ല. അവ്യക്തമായ ചിത്രം പ്രദർശിപ്പിച്ചത് കണ്ടപ്പോൾത്തന്നെ 'എന്നെ കണ്ടാൽ കിണ്ണം കട്ടോ' എന്നു തോന്നുമോയെന്ന രീതിയിലുള്ള ഈ പ്രവർത്തനം ശരിയല്ല. ഗതാഗതകുരുക്കിനെക്കാൾ തിരക്കേറിയ എന്റെ മണ്ഡലത്തിലെ വാഴക്കാല പ്രദേശത്ത് റോഡ് ക്രോസ് ചെയ്യാൻ ട്രാഫിക് പോലീസിന്റെ സഹായം അഭ്യർത്ഥിച്ചപ്പോൾ രസകരമായ മറുപടിയാണ് ലഭിച്ചത്. ആളെ കിട്ടാനില്ല, അമ്പത്തിരണ്ടോളംപേരെ റിക്വസ്റ്റ് ചെയ്തിട്ട് ഇതുവരെ കിട്ടിയിട്ടില്ലെന്നാണ് അവർ അറിയിച്ചത്. പറ്റില്ലെന്ന് പറയുന്നതിനുപകരം വളരെ സോഫ്റ്റായിട്ട്, കാര്യകാരണസഹിതമുള്ള ഒരു മറുപടിയാണ് എനിക്ക് കിട്ടിയത്. അല്ലെങ്കിലും ഇപ്പോൾ പോലീസുകാർക്ക് റോഡിലുള്ള കുറ്റ കൊടികൾ മാറ്റുവാനും പെറ്റിയടിക്കുവാനുമല്ലേ സമയമുള്ളൂ. ഞാൻ ഈ ബഡ്ജറ്റിനെ നിശിതമായി വിമർശിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേന്ദ്രഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തിനോട് സ്വീകരിക്കുന്ന നിലപാടുകൾ സഭയിൽ കഴിഞ്ഞ ദിവസം പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. ഡീസൽ, പെട്രോൾ, പാചകവാതകം എന്നിവയുടെ വില വർദ്ധനവിനെതിരെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ദേശവ്യാപകമായ പ്രക്ഷോഭത്തിലേയ്ക്ക് നീങ്ങുകയാണ്. വിലവർദ്ധനവിന് തുടക്കം കുറിച്ചത് കോൺഗ്രസാണെങ്കിലും ഭീകരമായ രീതിയിലാണ് ബി.ജെ.പി. ഗവൺമെന്റ് ഇപ്പോഴത് നടപ്പാക്കികൊണ്ടിരിക്കുന്നത്. കുടുംബ ബഡ്ജറ്റുകളെല്ലാം തകരുന്നു. ചൂണ്ടയിടുന്നതുപോലെ, ശ്രീ. നരേന്ദ്ര മോദി ആദ്യം സാധാരണക്കാരോട് പാചകവാതകം ഉപയോഗിക്കാൻ പറഞ്ഞു. അതിനുശേഷം ബാങ്ക് അക്കൗണ്ട് ആരംഭിക്കാൻ പറഞ്ഞു. ഓരോ തവണ ഗ്യാസ് വാങ്ങുമ്പോഴും നിങ്ങൾക്ക് സബ്സിഡി ലഭിക്കുമെന്നും പറഞ്ഞു. എന്നാൽ 'വാണംപോലെ' എന്നുപറയുന്നത് അക്ഷരാർത്ഥത്തിൽ ശരിയായിക്കൊണ്ട് ഇപ്പോൾ പാചകവാതകത്തിന് വില വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഇതിനെതിരെ സംഘടിതമായ ഒരു പ്രക്ഷോഭണം രാജ്യത്തുയരുന്നതിന് പക്ഷം നോക്കാതെയുള്ള ഒരു ജനകീയ ചെറുത്തുനിൽപ്പ് അനിവാര്യമാണെന്ന കാര്യത്തിൽ തർക്കമില്ല.

ഇന്നത്തെ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് റവന്യൂ, സർവ്വേ വകുപ്പുകളെ സംബന്ധിച്ചാണ് ഏറ്റവും കൂടുതൽ വിഷയങ്ങൾ ഉയർന്നുവരുന്നത്. വളരെ വേഗതയിൽ ഭൂപ്രശ്നങ്ങൾ പരിഹരിക്കാനുള്ള തീവ്രശ്രമം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നുവെന്നത് അഭിമാനാർഹമാണ്. കേരളത്തിലെ ജനങ്ങൾ അതിനെ ഏറെ പ്രതീക്ഷയോടെ നോക്കികാണുകയാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനവും സ്മാർട്ട് എന്ന ലക്ഷ്യത്തിലേയ്ക്കാണ് നീങ്ങുന്നത്. കഴിഞ്ഞവർഷം ആ ലക്ഷ്യവും മറികടന്ന് 54535 പട്ടയങ്ങൾ നൽകി. ഇപ്പോൾ പട്ടയം മിഷൻ പ്രഖ്യാപിച്ച് അടുത്ത നൂറുദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് 40000 പട്ടയങ്ങൾ നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. മനുഷ്യന് ഏറ്റവും ആവശ്യമായതാണ് വീടും അതിനാവശ്യമായ ഭൂമിയും. ഭൂമിയുടെ പ്രശ്നങ്ങൾ പരിഹരിക്കുകയെന്ന ജനാധിപത്യ ഗവൺമെന്റിന്റെ ചുമതലയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പ് നിർവ്വഹിക്കുന്നത്. പ്രത്യേകിച്ച് നമ്മൾ ഒരുകാര്യംകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ലൈഫ് മിഷൻ പദ്ധതി പ്രകാരം ലിസ്റ്റിൽ പേരുവന്നപ്പോൾ വീട് ലഭിക്കുമെന്ന ആഗ്രഹം ഭൂമിയില്ലാത്തവർക്കുമുണ്ടായി. പക്ഷേ ഭൂമിയില്ല. അതുകൊണ്ട് ഈ വിഷയം

എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. റവന്യൂ വകുപ്പ് ലാൻഡ് ട്രിബ്യൂണൽ കേസ്സുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് 60000 കേസ്സുകൾ തീർപ്പാക്കുകയും 40000 സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. 1342 കേസ്സുകൾകൂടി തീർപ്പാക്കിയാൽ 23000 ഏക്കർ ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാൻ കഴിയുന്നതാണ്. സംസ്ഥാനത്തെ ലാൻഡ് ബോർഡുകളെ നാല് മേഖലകളായി തിരിച്ച് ഓരോ മേഖലയുടെയും ചുമതല ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകിക്കൊണ്ട് വളരെ വേഗതയിൽ ആ പ്രവർത്തനം പൂർത്തീകരിക്കാൻ ലക്ഷ്യം വച്ചാണ് നീങ്ങുന്നത്. വളരെ ഭാവനാപൂർണ്ണമായ പദ്ധതിയായ ഇ-പട്ടയം നടപ്പാക്കുന്നതുവഴി പട്ടയങ്ങളുടെ ആധികാരികത പരിശോധിക്കുന്നതിനും അതുവഴി വ്യാജപട്ടയങ്ങൾ തടയുന്നതിനും ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്. യഥാർത്ഥത്തിൽ ആധുനികവത്കരണം നടപ്പിലാക്കികൊണ്ടിരിക്കുന്നതിന്റെ ഭാഗമായി കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള ശക്തമായ നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഡിജിറ്റൽ റീസർവ്വേ. 1966-ൽ സംസ്ഥാനത്ത് റീസർവ്വേ

നടപടികളാരംഭിച്ചെങ്കിലും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. സർവ്വേ നടക്കാത്ത സ്ഥലങ്ങൾപോലും നമ്മുടെ സംസ്ഥാനത്തുണ്ട്. 56 വർഷങ്ങൾ കഴിഞ്ഞിട്ടും സർവ്വേ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പരമ്പരാഗത രീതിയിൽ മുന്നോട്ടുപോയാൽ ഇനിയും നിരവധി വർഷങ്ങളെടുക്കും എന്നതിന്റെയടിസ്ഥാനത്തിലാണ് ഡിജിറ്റൽ റീസർവ്വേ നടപടികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ഡിജിറ്റൽ റീസർവ്വേ നടപടികൾ ആരംഭിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ താൽക്കാലികമായി നിയമിക്കുന്നതിനും നടപടി സ്വീകരിച്ചു. ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽത്തന്നെ 1666 വില്ലേജുകളിലും സർവ്വേ നടപടികൾ പൂർത്തീകരിക്കാനുള്ള വിപ്ലവകരമായ നടപടികളുമായാണ് റവന്യൂ വകുപ്പ് മുന്നോട്ടുപോകുന്നത്.

യുണീക് തണ്ടപ്പേർ എന്നത് മറ്റൊരു ശ്രദ്ധേയ ചുവടുവയ്പാണ്. ഭൂപരിഷ്കരണം നടപ്പിലാക്കി 50 വർഷങ്ങൾ പിന്നിടുമ്പോഴും പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിരിക്കുന്നവരിൽനിന്നും അത് പിടിച്ചെടുക്കാൻ കഴിയാത്തത് മിച്ചഭൂമി കണ്ടെത്തുന്നതിന് മാർഗ്ഗമില്ലാത്തതുകൊണ്ടായിരുന്നു. ഈ ന്യൂനത പരിഹരിക്കുന്നതിനാണ് രാജ്യത്ത് ആദ്യമായി യുണീക്

തണ്ടപ്പേർ സംവിധാനം നടപ്പാക്കുന്നത്. ഇതോടുകൂടി പരിധിയിൽ കവിഞ്ഞ ഭൂമി കണ്ടെത്തുന്നതിനും മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുമുള്ള സാഹചര്യമുണ്ടാവുകയാണ്. വില്ലേജ് ഓഫീസുകൾ സ്മാർട്ടായി ജനങ്ങൾക്ക് ഇ-സേവനങ്ങൾ ലഭ്യമാക്കുകയും അടിസ്ഥാനസൗകര്യങ്ങളില്ലാത്ത റവന്യൂ ഓഫീസുകൾ എന്ന രീതിക്ക് മാറ്റം വരികയും ചെയ്യുകയാണ്. നമ്മുടെ സംസ്ഥാനത്ത് 622 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറുകയുണ്ടായി. ഈ വർഷം 200 വില്ലേജ് ഓഫീസുകൾകൂടി സ്മാർട്ടാകും. ഈ സർക്കാരിന്റെ കാലയളവിൽ മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായാണ് മുന്നോട്ടുപോകുന്നത്.

മിത്രം ഓൺലൈൻ പോർട്ടൽ (MITRAM - Minister's Interactive, Transparent, Redressal and Assistance Mission) മുഖേന അപേക്ഷകർക്ക് ഡെപ്യൂട്ടി കളക്ടർ (ആർ.ആർ.)-ന്റെ നേതൃത്വത്തിൽ സമയബന്ധിതമായി മറുപടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ആർ.എം. സെൽ (റവന്യൂ മിനിസ്റ്റേഴ്സ് സെൽ) എന്ന സംവിധാനം രൂപീകരിച്ച് റവന്യൂ-സർവ്വേ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരടങ്ങിയ റവന്യൂ സെക്രട്ടേറിയറ്റ് എല്ലാ ചൊവ്വാഴ്ചയും യോഗം ചേർന്ന് റിവ്യൂ നടത്തി

പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ജില്ലാ റവന്യൂ അസംബ്ലി എല്ലാ എം.എൽ.എ.-മാരെയും പങ്കെടുപ്പിച്ചുകൊണ്ട് രണ്ടുതവണയാണ് ഇപ്പോൾ യോഗം ചേർന്നത്. ജില്ലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ട് എം.എൽ.എ. ഡാഷ് ബോർഡ് രൂപീകരിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നത് തീർച്ചയായും ഈ വകുപ്പിൽവന്ന മാറ്റത്തിന്റെ ഭാഗമാണെന്നത് നമുക്ക് കാണാൻ സാധിക്കും. ജനകീയവത്കരണത്തിന്റെ ഭാഗമായി വില്ലേജുതല ജനകീയസമിതികൾ രൂപീകരിച്ച് അതിന്റെ മോണിറ്ററിംഗ് സംവിധാനം വില്ലേജുതലത്തിൽ ഉയർന്നുവന്നതും ഒരു വലിയ മാറ്റമാണ്. രണ്ടരലക്ഷം ഭൂമിതരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കിയതിലൂടെ ഈ കാലയളവിൽ 900,93,51,692 രൂപ നമുക്ക് ലഭിച്ചിട്ടുണ്ട്. ആശ്വാസ് വാടക വീടുകൾ 5 വർഷത്തിനകം എല്ലാ മെഡിക്കൽ കോളേജുകളിലും നടപ്പിലാക്കാൻ പോകുകയാണ്.

ഡാമുകൾ നിറയുകയും അവയുടെ സ്റ്റോറേജ് കപ്പാസിറ്റി കുറയുകയും ചെയ്യുകയാണ്. ഡാമുകളിൽനിന്നും മണ്ണെടുക്കാനും അത് നമ്മുടെ വരുമാനമാർഗ്ഗമാക്കുന്നതിനുമുള്ള സംവിധാനങ്ങളുണ്ടാകണം. അതോടൊപ്പം ഡിജിറ്റൽ സർവ്വേ നടക്കുന്നതിന്റെ ഭാഗമായി നദികളുടെയും പുഴകളുടെയും

വാട്ടർ ലെവൽ പരിശോധിച്ച് മണ്ണെടുക്കാൻ സാധിക്കുമോയെന്നുള്ളതും പരിശോധിക്കണം. നേരത്തേ സൂചിപ്പിച്ചതുപോലെ അതൊരു വലിയ വരുമാനമാർഗ്ഗമായി വരുമെന്ന കാര്യത്തിൽ തർക്കമില്ല. കാരണം 50 വർഷത്തിനിടയ്ക്ക് അതിഭീകരമായ പ്രളയത്തിന്റെയും വരൾച്ചയുടെയും കാലയളവ് കടന്നുവരാൻ പോകുന്നുവെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. അതിൽ നൂറ് സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. അതുകൊണ്ട് മണ്ണും ചെളിയും നീക്കം ചെയ്ത് നമ്മുടെ നദികളും പുഴകളും തോടുകളും സുഗമമായി ഒഴുകുന്നൊരു സംവിധാനം ഇതിന്റെ ഭാഗമായി ഉയർന്നുവരേണ്ടതുണ്ട് എന്നുകൂടി സൂചിപ്പിക്കുന്നു.

പ്രളയ ഫണ്ടിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കൂടുതൽ പ്രളയസാധ്യതയുള്ളതും ഏറ്റവും കൂടുതൽ സഹായങ്ങൾ നൽകുന്നൊരു സംസ്ഥാനവുമായ നമ്മളോട് കാണിക്കുന്ന ചിറ്റമ്മ നയത്തിനെതിരെ സംഘടിതമായി എതിർപ്പ് പ്രകടിപ്പിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ നമ്മുടെ ഗ്രാമീണറോഡുകളും തകർന്നുപോയ റോഡുകളുമൊക്ക പുനഃസൃഷ്ടിക്കാൻ കഴിയുകയുള്ളൂ. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് നേരത്തേ ഇവിടെ സൂചിപ്പിച്ചത് ഞാൻ അടിവരയിടുകയാണ്. രജിസ്ട്രേഷൻ വകുപ്പ് നവീകരിച്ച് മുന്നോട്ടുപോകുകയാണ്. പുതിയ സംവിധാനത്തിലൂടെ

ആർക്കുവേണമെങ്കിലും വസ്തുവിന്റെ ആധാരം സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യാൻ കഴിയുന്ന നിലയിലേയ്ക്ക് വരുന്നുണ്ട്. അതിന്റെ ഭാഗമായി ശ്രീ. കെ. പി. മോഹനൻ സൂചിപ്പിച്ചതുപോലെ ആധാരമെഴുത്തുകാരുടെ പ്രശ്നങ്ങളൊക്കെയുണ്ട്. അത് പരിഹരിച്ചുകൊണ്ട് പ്രസ്തുത സംവിധാനം നടപ്പിലാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഏതായാലും അതുകൂടി നമുക്ക് സഹായകരമായിരിക്കുമെന്ന് സൂചിപ്പിക്കുകയാണ്. ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ നാടിന്റെ വികസന ക്ഷേമപ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകാൻ ഓരോ വകുപ്പും ആവശ്യപ്പെടുന്ന ഡിമാന്റ് ഐകകണ്ഠ്യേന നമ്മൾ അംഗീകരിക്കേണ്ടതാണ്. ഇവിടെ പ്രതിപക്ഷം വ്യാജ ആരോപണങ്ങളും കളവുകളും പ്രചരിപ്പിച്ച് വാർത്തകളിലും മാധ്യമങ്ങളിലും ഇടംനേടാൻ നോക്കുകയാണ്. എന്നാൽ ഗവൺമെന്റാകട്ടെ, ജനക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് ജനങ്ങളുടെ മനസ്സിൽ ഇടംനേടി മുന്നോട്ടുപോകുകയാണ്. ഇതാണ് വ്യത്യാസം. പ്രതിപക്ഷം കുറെ ആക്ഷേപങ്ങൾ ഉന്നയിക്കുന്നുണ്ട്. ഈ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുക എന്നതാണ് കേന്ദ്രഗവൺമെന്റിന്റെ നിലപാട്. അക്കൂട്ടത്തിൽ,

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, എം.പി. പാർലമെന്റിൽ സംസ്ഥാനത്തിനുവേണ്ടി സംസാരിച്ചതിനെ കുറ്റപ്പെടുത്തുകയാണെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ പ്രസംഗിച്ചു. അതിലെ കാതലായ വിഷയമെന്താണ്? നികുതി മുഴുവൻ കേന്ദ്രഗവൺമെന്റ് പിരിച്ചെടുക്കുന്ന സന്ദർഭത്തിൽ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം; പ്രത്യേകിച്ച് കോവിഡ് കാലമായപ്പോൾ സാമ്പത്തികമായി വലിയ നഷ്ടമാണ് സംഭവിച്ചത്. ആ നഷ്ടം നികത്തുന്നതിനുവേണ്ടി ജി.എസ്.ടി. കോമ്പൻസേഷൻ കാലാവധി നീട്ടണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടു. എന്നാൽ കോമ്പൻസേഷൻ നിർത്തിവയ്ക്കുകയാണ് ചെയ്തത്. കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ആവശ്യമാണത്. എന്നാൽ ആ ആവശ്യം ഉന്നയിക്കുന്നതിനുപകരം ഇല്ലാത്തൊരു തർക്കമുയർത്തി സംസ്ഥാനത്തെ പ്രതിക്കൂട്ടിലാക്കാൻ വേണ്ടിയുള്ള ചോദ്യമുന്നയിക്കുകയാണ് അദ്ദേഹം ചെയ്തത്. അതെങ്ങനെയാണ് സംസ്ഥാന താൽപ്പര്യമാകുന്നത്? രാഷ്ട്രീയ ദുഷ്ടലാക്കോടുകൂടിയ നീക്കങ്ങളാണ് കേരളത്തിൽ പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. കമ്മ്യൂണിസ്റ്റുകാരുടെ അവസാന മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയനെന്ന് ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് പറയുന്നത് കേട്ടു. അതൊരു വ്യാമോഹമാണ്, സ്വപ്നം മാത്രമാണ്. ഇതുപോലൊരു സ്വപ്നം പണ്ടൊരു മാധ്യമ മുതലാളി കണ്ടിട്ടുണ്ട്.

100 വർഷക്കാലത്തേയ്ക്ക് ഇനി കമ്മ്യൂണിസ്റ്റുകാർ കേരളത്തിൽ അധികാരത്തിൽ വരില്ലെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട എ. കെ. ആന്റണിയും പറഞ്ഞു. ഇതൊന്നുമല്ല കേരളത്തിലെ ജനങ്ങൾ അംഗീകരിച്ചത്. ചരിത്രം പരിശോധിച്ചാൽ ഇതൊക്കെ മനസ്സിലാകും. സ്വപ്നം കാണാനുള്ള അവകാശത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ അത് മലർപ്പൊടിക്കാരന്റെ സ്വപ്നമായി മാത്രം അവശേഷിക്കുമെന്ന് മനസ്സിലാക്കണം. പ്രയാസങ്ങളെയും കോർപ്പറേറ്റുവൽക്കരണം സൃഷ്ടിച്ച സാമ്പത്തിക അസമത്വത്തേയും അതിജീവിക്കാൻ ജനപക്ഷ ബദലുയർത്തി മാതൃക കാണിച്ച ഒരു ഗവൺമെന്റാണ് ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരുകൾ. ലോകം മുഴുവനും അതിന്ന് അംഗീകരിക്കുകയാണ്. ആ ബദലുയർത്തിപ്പിടിച്ചുകൊണ്ടുതന്നെ മുന്നോട്ടുപോകും. നികുതി വർദ്ധിപ്പിച്ചുവെന്നും പറഞ്ഞാണ് ഇവിടെ വലിയ ആക്ഷേപമുള്ളത്. കേരളത്തിലാദ്യമായിട്ടാണ് ഒരു ഗവൺമെന്റ് നികുതി വർദ്ധിപ്പിക്കുന്നതെന്ന ധ്വനിയിലാണ് പ്രചാരവേല നടത്തുന്നത്. 2015-ൽ നിയമസഭാംഗവും പിന്നീട് സ്പീക്കറുമായിരുന്ന ശ്രീ. പി. ശ്രീരാമകൃഷ്ണൻ സഭയിൽ ഒരു ചോദ്യം ചോദിച്ചിരുന്നു. "പെട്രോൾ-ഡീസൽ വിലയോടൊപ്പം സംസ്ഥാന സർക്കാർ ഏതെല്ലാം ഇനത്തിൽ എത്ര ശതമാനം തുക സംസ്ഥാനത്ത് ഈടാക്കി

വരുന്നുണ്ട്; വിശദമാക്കാമോ?" അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നൽകിയ മറുപടി; "പെട്രോൾ-ഡീസൽ എന്നിവയുടെമേൽ 31.80%, 24.52% യഥാക്രമം വിൽപ്പന നികുതി ചുമത്തിവരുന്നു. കൂടാതെ വിൽപ്പന നികുതിയിന്മേൽ ഒരു ശതമാനം സോഷ്യൽ സെക്യൂരിറ്റി സെസ്സും 01-04-2015 മുതൽ ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക വിൽപ്പന നികുതിയും ചുമത്തിവരുന്നു". അടുത്തചോദ്യം; "റോഡ്/ഹൗസിംഗ്/സൗജന്യ മരുന്ന് വിതരണം തുടങ്ങിയ ഏതെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് അധിക സെസ്സ്?" ഉത്തരം: "ഈ ആവശ്യങ്ങൾക്കായി പെട്രോളിയം ഉൽപ്പന്നങ്ങൾക്കുമേൽ യാതൊരു സെസ്സും ചുമത്തുന്നില്ല. ഹൗസിംഗ്/റോഡ് തുടങ്ങിയവയ്ക്കായി ലിറ്ററിന് ഒരു രൂപ അധിക നികുതിയാണ് ചുമത്തുന്നത്. ഇത് 01-04-2015 മുതൽ നിലവിൽ വന്നു." കോവിഡും പ്രളയവും സൃഷ്ടിച്ച സാമ്പത്തിക പ്രയാസങ്ങളൊന്നുമില്ലാത്ത കാലത്ത്, നിങ്ങളുടെ മുഖ്യമന്ത്രി പെട്രോളിയം ഉൽപ്പന്നങ്ങൾക്കുമേൽ ചുമത്തിയ നികുതിയുടെ കാര്യമാണിത്. നിങ്ങളുടെ സർക്കാർ നൽകിയ മറുപടിയാണിത്, രേഖയിലുള്ളതാണ്. ഇത് ആദ്യത്തെ സംഭവമാണോ? രണ്ടുരൂപ നികുതി ചുമത്തിയതുകൊണ്ടാണ് വിലക്കയറ്റം ആകമാനമുണ്ടായതെന്ന് പറയുന്നതിൽ എന്ത് യുക്തിയാണുള്ളത്? പെട്രോളിന്റെയും ഡീസലിന്റെയും വില ലിറ്ററിന് 116

ശ്രപവരെയാകുമ്പോൾ അതല്ല വിലക്കയറ്റം സൃഷ്ടിച്ചത്? 62 ലക്ഷം കുടുംബങ്ങൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ മുടങ്ങാതിരിക്കാൻ നിവൃത്തികേടുകൊണ്ട് നികുതി ചുമത്തിയപ്പോഴാണ് നിങ്ങൾക്ക് കൊണ്ടിളകുന്നത്. ഈ ഗവൺമെന്റിന് മദ്യത്തിനും പെട്രോളിയം ഉൽപ്പന്നങ്ങൾക്കും മാത്രമേ നികുതി ചുമത്താൻ കഴിയുകയുള്ളൂ. ഇപ്പോൾ കേന്ദ്രഗവൺമെന്റ് പാചക വാതകത്തിന് വില വർദ്ധിപ്പിച്ചതിന് നിങ്ങൾക്ക് എന്തെങ്കിലും ന്യായമുണ്ടോ? നമുക്കെല്ലാം ഒരു ധാരണയുണ്ട്, പെട്രോളിയം ഉൽപ്പന്നങ്ങളുടെയും പാചക വാതകമടക്കമുള്ളവയുടെയും വില നിയന്ത്രിക്കാനുള്ള അവകാശം കേന്ദ്ര ഗവൺമെന്റിനില്ലായെന്ന്. അങ്ങനെ പറയാൻ സാധിക്കുമോ? ഇപ്പോൾ മൂന്ന് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് വന്നപ്പോൾ വോട്ടിംഗ് കഴിയുന്നതുവരെ ഒരു നികുതിയും വർദ്ധിപ്പിച്ചില്ല. അതായത് കേന്ദ്ര ഗവൺമെന്റും കോർപ്പറേറ്റുകളും തമ്മിലുള്ള അന്തർധാരയ്ക്ക് ഒരു കുറവുമില്ല. മുമ്പ് ഉത്തർപ്രദേശിൽ തെരഞ്ഞെടുപ്പ് നടന്നപ്പോഴും ഇതായിരുന്നു സ്ഥിതി. തെരഞ്ഞെടുപ്പ് കഴിയുംവരെ കാത്തുനിൽക്കും. അതിനുശേഷം നികുതി വർദ്ധിപ്പിക്കും. എന്നാൽ ഇതൊന്നുമല്ല വിലക്കയറ്റം സൃഷ്ടിക്കുന്നതെന്ന് പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ യു.ഡി.എഫ്. ഇറങ്ങിപ്പുറപ്പെടാമോ? നിങ്ങൾ

ജനങ്ങളിൽനിന്നും ഒറ്റപ്പെട്ടുപോകുമെന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

സംസ്ഥാന സർക്കാരിനും എൽ.ഡി.എഫ്.-നും കുറ്റപ്പിനെ പേടിയാണെന്ന് പറഞ്ഞു. ഞങ്ങൾക്ക് കുറ്റപ്പിനേയും കാവിയേയുമൊന്നും പേടിയില്ല, അതിനെയെല്ലാം നിങ്ങൾക്കാണ് ഭയം. കരിങ്കൊടി കാണിച്ച് പ്രതിഷേധ പ്രകടനം നടത്തിയാൽ സ്വാഭാവികമായും നിയമ നടപടിയുണ്ടാകും. എന്നാൽ ഇവിടെ നടക്കുന്നത് ചാവേറാക്രമണവും ഒളിപ്പോരുമാണ്. ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളുടെ നേർക്ക് ചാടിച്ചാകാൻ പുറപ്പെട്ടാൽ അനുവദിക്കില്ല, പോലീസ് ഇടപെടും. അതുതന്നെയാണ് ഞങ്ങളുടെയും നിലപാട്. കരിങ്കൊടി പ്രദർശിപ്പിക്കുന്നവരെ നിങ്ങൾ ആദ്യമായിട്ടാണോ കാണുന്നത്? നിങ്ങളുടെ കാലത്ത് എന്തായിരുന്നു സമീപനം? ഇവിടെ പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷ് അക്കാര്യം സൂചിപ്പിച്ചതുമാണ്. 2011-ൽ അന്ന് നിയമസഭാംഗവും ഇന്ന് ദേവസ്വം വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ അതുമായി ബന്ധപ്പെട്ട് ചോദിച്ച ചോദ്യവും ഉത്തരവും നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അദ്ദേഹം ചോദിച്ചത്: "വയനാട്ടിൽ മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട്,

സുരക്ഷാ സംവിധാനങ്ങളുടെ പേരിൽ ആദിവാസി സ്ത്രീയുടെ കച്ചയഴിപ്പിച്ച പോലീസ് നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?" അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നൽകിയ മറുപടി: "16-09-2011-ലെ മുഖ്യമന്ത്രിയുടെ വയനാട് ജില്ലാ സന്ദർശനവേളയിൽ കൽപ്പറ്റ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽവച്ച് മുഖ്യമന്ത്രിക്ക് നിവേദനം നൽകാൻ വേദിയിലേയ്ക്കുപോയ ആദിവാസി സ്ത്രീകളിൽ മൂന്നുപേർ മേൽവസ്ത്രത്തിനുപുറമെ കറുത്ത തുണി അരയിൽ കച്ചയായി ധരിച്ചിരുന്നതായി കാണപ്പെട്ടു. മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ച് അവഹേളിക്കാനുള്ള സാധ്യത കണക്കിലെടുത്ത്, സുരക്ഷാപരമായ കാരണങ്ങളാൽ തൽക്കാലത്തേയ്ക്ക് കച്ച ഒഴിവാക്കാൻ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് പറഞ്ഞു" എന്നാണ്. എല്ലാ കാലങ്ങളിലും പോലീസ് ഇതുപോലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെ പ്രതിഷേധങ്ങൾ ആഹ്വാനം ചെയ്യുമ്പോൾ സ്വാഭാവികമായും പോലീസ് ഇടപെടും. അത് മുഖ്യമന്ത്രിയായാലും മറ്റ് മന്ത്രിമാരായാലും അവരുടെ സുരക്ഷയ്ക്കായി പോലീസ് ഇടപെടും. അതിന് ഗവൺമെന്റിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമുണ്ടോ? ഇതിന്റെ ഉത്തരവാദി നിങ്ങളാണ്. രണ്ടുംമൂന്നും ആളുകളെ കൊടിയും പിടിച്ച്, ഓടുന്ന വണ്ടിയുടെ മുന്നിലേയ്ക്ക് ചാടാനായി എറിഞ്ഞുകൊടുക്കുന്നത്

നിങ്ങളല്ലേ? ചാടട്ടെയെന്നാണോ നിങ്ങളുടെ നിലപാട്. ഇത്തരത്തിലാണ് നിങ്ങളുടെ പ്രചാരവേലകൾ മുന്നോട്ടുപോകുന്നതെന്ന് കാണാതെ പോകരുത്. അതുകൊണ്ട് ഇക്കാര്യങ്ങളെല്ലാം പറഞ്ഞ് ഈ ഗവൺമെന്റിന്റെ സ്വീകാര്യതയും ജനകീയതയുമൊന്നും നിങ്ങൾ തകിടം മറിക്കാൻ നോക്കണ്ട. ഞങ്ങൾക്ക് കൊടികളെയൊന്നും ഭയമില്ല. ഞങ്ങൾക്ക് ജനങ്ങളെ ഭയമുണ്ട്, അവരെ വിശ്വാസവുമുണ്ട്. ഞങ്ങൾക്ക് ജനങ്ങൾ നൽകുന്ന പിന്തുണയിലും ആത്മവിശ്വാസത്തിലുമാണ് ഓരോ നടപടിയുമായി മുന്നോട്ടുപോകുന്നത്. സാമ്പത്തികമായി ഞെരുക്കാൻ കേന്ദ്ര ഗവൺമെന്റും അതിന് കൂട്ടുപിടിക്കാൻ നിങ്ങളും; വ്യാജ പ്രചരണങ്ങൾ നടത്തുകയും മുഖ്യമന്ത്രിയെ ആക്രമിക്കാൻ ശ്രമിക്കുകയും മുഖ്യമന്ത്രിയുടെ കുടുംബാംഗങ്ങൾക്കെതിരെ ആക്ഷേപമുയർത്തുകയും ചെയ്യുന്നു. വാർത്തകളിൽ പേരുവരാൻ നിങ്ങൾക്ക് അത്തരം പ്രവൃത്തികൾ ഉതകും. പക്ഷേ ജനങ്ങളുടെ മനസ്സിൽനിന്നും നിങ്ങൾ അനുദിനം അകന്നുപോകുന്നുവെന്നുള്ള വസ്തുത മറന്നുപോകരുതെന്നാണ് പറയാനുള്ളത്.

ഓരോ വകുപ്പിന്റെയും കാര്യം ഇവിടെ എല്ലാവരും പറഞ്ഞതാണ്. റവന്യൂ വകുപ്പ്, 54535 പട്ടയങ്ങളാണ് വിതരണം ചെയ്തത്. "പാമ്പുകൾക്കുമാളമുണ്ട്, പറവകൾക്കാകാശമുണ്ട്, മനുഷ്യ പുത്രനു തല

ചായ്ക്കാൻ മണ്ണിലിടമില്ല" എന്നുള്ള അവസ്ഥയിൽനിന്നും എല്ലാവർക്കും ഭൂമിയും എല്ലാ ഭൂമിക്കും രേഖയുമുണ്ടാകുന്ന കാലത്തിലേയ്ക്ക് ഈ കേരളത്തിനെ മാറ്റിയെടുത്തെങ്കിൽ അതിന്റെ എല്ലാ ക്രെഡിറ്റും അവകാശപ്പെടുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനാണ്, പിണറായി വിജയൻ ഗവൺമെന്റിനാണ്, റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജനാണ്. അതുപോല രജിസ്ട്രേഷൻ വകുപ്പിലും ആധുനികവൽക്കരണം നടന്നുകൊണ്ടിരിക്കുകയാണ്. നവീന പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ സേവനങ്ങൾ യഥാക്രമം ജനങ്ങളിലെത്തുകയാണ്. ദേവസ്വം വകുപ്പിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഇത്രയധികം വിശ്വാസ്യതയെയും ക്ഷേത്രങ്ങളെയും സംരക്ഷിച്ച ഒരു കാലമുണ്ടോ? കഴിഞ്ഞ ശബരിമല തീർത്ഥാടനകാലം നിങ്ങൾ ഓർത്തുനോക്കൂ, ഒരു കുഴപ്പവുമുണ്ടായില്ല. യാതൊരു ആക്ഷേപവും കേൾക്കാതെ ശബരിമല തീർത്ഥാടനം അവസാനിപ്പിക്കാൻ കഴിഞ്ഞുവെങ്കിൽ ഈ ഗവൺമെന്റ് നടത്തിയ നല്ല പ്ലാനിംഗ് കൊണ്ടാണത്. അങ്ങനെ ഓരോ വകുപ്പിലും ജനങ്ങൾക്ക് ആവശ്യമുള്ള കാര്യങ്ങൾ മനസ്സിലാക്കി, ക്രമീകരണങ്ങൾ നടത്തി സുശക്തമായി രാജ്യത്തിന് മാതൃകയായി മുന്നോട്ടുപോകുന്ന ഈ

ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സർക്കാരിന്റെ പിടിപ്പുകേടിനും ധനകാര്യ കെടുകാര്യസ്ഥതയ്ക്കും ജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്ന ഒരു ബഡ്ജറ്റാണിത്. ഇതിന്റെ ഏറ്റവും വലിയ തെളിവ്, സർക്കാർ സ്ഥാപനമായ ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്), 2021 ഡിസംബറിൽ പുറത്തിറക്കിയ 'കേരള ഇക്കോണമി' എന്ന പ്രസിദ്ധീകരണത്തിലെ ഒരു ലേഖനത്തിൽ വളരെ കൃത്യമായി നൽകിയിട്ടുണ്ട്. അതിൽ പറയുന്നത്, 'Why Kerala is not collecting comfortable revenue from GST despite ranked first in per-capita consumption of goods and services among all States as depicted by NSSO data?' നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷന്റെ (എൻ.എസ്.എസ്.ഒ.) ഡാറ്റ പ്രകാരം ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിനാണ് ഐ.ജി.എസ്.ടി.-യുടെ ഏറ്റവും കൂടിയ വരുമാനം ലഭിക്കേണ്ടിയിരുന്നത്. എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. റേഷ്യോ 2:3 എന്ന അനുപാതത്തിലാണ് വരുന്നത്. അതായത് 50,000 കോടി രൂപ

എസ്.ജി.എസ്.ടി. കളക്ട് ചെയ്യുകയാണെങ്കിൽ 75,000 കോടി രൂപ ഐ.ജി.എസ്.ടി.-യായി നമുക്ക് ലഭിക്കേണ്ടതാണ്. എന്നാൽ അത് ലഭിച്ചിട്ടില്ല. രാജ്യത്ത് ജി.എസ്.ടി. നടപ്പിലാക്കി. പക്ഷേ നിലവിലുള്ള സാമ്പത്തിക പ്രയാസങ്ങളുടെ പൂർണ്ണ ഉത്തരവാദി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കെ. എൻ. ബാലഗോപാൽ അല്ല. അദ്ദേഹത്തിന്റെ മുൻഗാമി ഡോ. ടി. എം. തോമസ് ഐസക് കാണിച്ച ധനകാര്യ മിസ്മാനേജ്മെന്റിന്റെ കെടുതി അനുഭവിക്കാൻ ബാദ്ധ്യസ്ഥനായ ധനകാര്യ വകുപ്പുമന്ത്രിയാണ് ശ്രീ. കെ. എൻ. ബാലഗോപാൽ. പൂർണ്ണമായും അദ്ദേഹത്തിന്റെ കുറ്റംകൊണ്ടുള്ള ദുരിതമല്ല ഇപ്പോൾ അനുഭവിക്കുന്നത്. കാരണം ജി.എസ്.ടി. വന്നപ്പോൾ 25 മുതൽ 30 ശതമാനം വരെ വളർച്ചയുണ്ടാകുമെന്നൊക്കെ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞതാണ്. പക്ഷേ യഥാർത്ഥത്തിൽ ഐ.ജി.എസ്.ടി. വരുമാനത്തിൽ 25,000 കോടി രൂപയുടെ നഷ്ടമാണ് നമുക്കുണ്ടായത്. 2011-12-ൽ 22.64 ആയിരുന്ന റവന്യൂ റെസീപ്റ്റിന്റെ ഗ്രോത്ത് റേറ്റ് 2012-13-ൽ 11 ആയിരുന്നു. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് റവന്യൂ റെസീപ്റ്റിന്റെ ഗ്രോത്ത് റേറ്റ് രണ്ടക്കത്തിൽ താഴെ വന്നിട്ടില്ല. കഴിഞ്ഞ 6 വർഷക്കാലവും രണ്ടുതവണ മാത്രമാണ് രണ്ടക്കം കടന്നത്. 2019-20-ൽ അത് -2.83 ആയിരുന്നു;

നെഗറ്റീവ് ഗ്രോത്ത് കാണിക്കുന്ന സ്ഥിതിപോലും റവന്യൂ റെസീപ്റ്റിന്റെ ഗ്രോത്ത് റേറ്റിന്റെ കാര്യത്തിലുണ്ടായിട്ടുണ്ട്. നിലവിലെ പ്രശ്നങ്ങളുടെ പൂർണ്ണ ഉത്തരവാദി അങ്ങല്ലെങ്കിൽപ്പോലും ഈ സംസ്ഥാനവും ജനങ്ങളും അതിന്റെ കെടുതികൾ അനുഭവിക്കുകയാണ്. ജി.ഡി.പി. വളർച്ച 12.5 ശതമാനമാണെന്ന് ബഡ്ജറ്റിലും അങ്ങ് പറഞ്ഞു, അതിന്റെ കണക്കുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിന്റെ സ്റ്റാറ്റിസ്റ്റിക്സിലേയ്ക്ക് പോകുന്നില്ല. യഥാർത്ഥത്തിൽ ജി.ഡി.പി. വളർച്ചാനിരക്ക് 12.05 ശതമാനമാണെങ്കിൽ അത് ഇക്കോണമിയിൽ റിഫ്ലക്ട് ചെയ്യേണ്ടതാണല്ലോ. അങ്ങനെയാണെങ്കിൽ പാവങ്ങളുടെ കയ്യിൽനിന്നും 2 രൂപ സെസ്സ് വാങ്ങുന്നതും എല്ലാ നികുതികളും വർദ്ധിപ്പിക്കുന്നതും എന്തിനാണ്? 12.05 ശതമാനം വളർച്ചാനിരക്ക് റിയൽ ഗ്രോത്താണെങ്കിൽ നികുതി വർദ്ധനവിന്റെയൊന്നും ആവശ്യമില്ലല്ലോ; ജനങ്ങളുടെ മുൻപിൽ നിങ്ങൾ ഇത്രയും അൺപോപ്പുലർ ആകുകയുമില്ലല്ലോ? ശ്രീ. നരേന്ദ്ര മോദി കാണിക്കുന്നതുപോലെ ഒരു മാജിക്ക് ജി.ഡി.പി. വളർച്ചയുമായി ബന്ധപ്പെട്ടുള്ള കണക്കുകളിലുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കുന്നതിന്റെ ഭാഗമായി ഇതെല്ലാം ചെയ്യേണ്ടിവരുമെന്ന് ഇന്നത്തെ ചർച്ചയിൽ ഭരണപക്ഷാംഗങ്ങൾ പറയുകയുണ്ടായി. പാർട്ടി ലോക്കൽ കമ്മിറ്റി സെക്രട്ടറി മുതൽ സംസ്ഥാന

ധനകാര്യ വകുപ്പുമന്ത്രിവരെ ആവർത്തിച്ചുപറയുന്നതും സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നതുമായ കാര്യം ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 18 മാസം സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശികയായിരുന്നുവെന്നാണ്. എന്ത് രേഖയുടെ അടിസ്ഥാനത്തിലാണ് ഇത് പറയുന്നതെന്ന് മനസ്സിലാകുന്നില്ല. എന്റെ കയ്യിലുള്ളത് പതിനാലാം കേരള നിയമസഭാംഗമായിരുന്ന ശ്രീ. കെ. ദാസന്റെ ചോദ്യത്തിന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നൽകിയ മറുപടിയാണ്. ചോദ്യം: "മുൻസർക്കാരിന്റെ കാലത്ത് അവശവിഭാഗങ്ങൾക്കുള്ള ക്ഷേമ പെൻഷനുകൾ പലതും മാസങ്ങൾ കുടിശ്ശികയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്ഷേമ പെൻഷനുകൾ ഓരോന്നും നിലവിൽ എത്ര മാസത്തേയ്ക്ക് കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ?" മറുപടി: "ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക 2014 ഒക്ടോബർ മുതൽ 2014 ഡിസംബർ വരെയാണ്". അതായത് മൂന്നുമാസത്തെ കുടിശ്ശികയുണ്ട്. "മറ്റ് ക്ഷേമ പെൻഷനുകളായ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവയുടെ കുടിശ്ശിക 2014 ഒക്ടോബർ മുതൽ 2015 ജനുവരി വരെയാണ്." അതായത് നാലുമാസത്തെ കുടിശ്ശികയുണ്ട്. അതിന്റെ കാരണവും അദ്ദേഹം പറയുന്നുണ്ട്. "2015

ഫെബ്രുവരി മുതൽ ഡി.ബി.റ്റി. മുഖാന്തരം ക്ഷേമ പെൻഷൻ വിതരണം ചെയ്ത് തുടങ്ങുന്നതിനുമുമ്പ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വ്യത്യസ്ത കാലയളവുകൾ അടിസ്ഥാനമാക്കിയാണ് തുക വിതരണം ചെയ്തിരുന്നത് എന്നതിനാലും സംസ്ഥാനത്താകെ നടപ്പാക്കിയ സമ്പൂർണ്ണ പെൻഷൻ പദ്ധതിപ്രകാരം പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയതിൽ കാലതാമസമുണ്ടായതിനാലും ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മേൽ സൂചിപ്പിച്ച കാലയളവിനേക്കാളും കൂടിശ്ശികയുണ്ട്. മൊത്തം കൂടിശ്ശിക 1000 കോടി രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ട്". ഈ നിയമസഭയിൽ സമർപ്പിച്ച ധവളപത്രമാണ് രണ്ടാമതായി ഞാൻ ചൂണ്ടിക്കാണിക്കുന്ന തെളിവ്. 2016-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നിയമസഭയുടെ മേശപ്പുറത്തുവച്ച ധവളപത്രത്തിലെ അടിയന്തരവും ഹ്രസ്വകാല ബാദ്ധ്യതകളുടെയും പട്ടികയിൽ തീർക്കേണ്ട ബാദ്ധ്യതകളായി പറയുന്നത് 6302 കോടി രൂപയാണ്. അതിൽ സാമൂഹ്യസുരക്ഷാ പെൻഷൻ ബാധ്യതയായി പറയുന്നത് 800 കോടി രൂപയാണ്. ഇത് നിയമസഭയിൽ ഡോ. ടി. എം. തോമസ് ഐസക് സമർപ്പിച്ച ധവളപത്രമാണ്. 800 കോടി രൂപയെന്ന് പറയുമ്പോൾ ക്ഷേമ

പെൻഷന്റെ എത്രമാസത്തെ കുടിശ്ശികയാണ് നൽകാനുള്ളത്? ഡോ. ടി. എം. തോമസ് ഐസക് മുൻ എം.എൽ.എ., ശ്രീ. കെ. ദാസന് കൊടുത്ത മറുപടി ശരിവയ്ക്കുന്നതാണ് ഈ ധവളപത്രത്തിൽ പറയുന്നത്. ഇപ്പോൾ സേവന വെബ്സൈറ്റ് പരിശോധിച്ചപ്പോൾ പുതുതായി 52 ലക്ഷം ഗുണഭോക്താക്കൾക്കാണ് സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കുന്നതെന്ന് മനസ്സിലായി. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് സാമൂഹ്യക്ഷേമ പെൻഷൻ ആകെ കൊടുത്തിരുന്നത് 12.9 ലക്ഷം പേർക്കാണ്. 2016-ൽ ഉമ്മൻ ചാണ്ടി ഗവൺമെന്റ് അധികാരം വിട്ടൊഴിയുമ്പോൾ അത് 34.47 ലക്ഷമായി. അതായത് 166 ശതമാനത്തിന്റെ വർദ്ധനവ്. ഇപ്പോൾ അത് 52 ലക്ഷമായി, അതായത് 51 ശതമാനത്തിന്റെ വർദ്ധനവ്. ഡോ. തോമസ് ഐസക് 7 ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും 300 രൂപയാണ് സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ നൽകിയിരുന്നത്, അതിൽ 5 ബഡ്ജറ്റ് വരെ 250 രൂപ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പെൻഷൻ 250 രൂപയിൽനിന്ന് 300 രൂപയായി വർദ്ധിപ്പിച്ച 2010-ലെ ഓർഡറാണിത്. (ഒരു പേപ്പർ ഉയർത്തിക്കാട്ടി) ഞങ്ങൾ 2011-ൽ തന്നെ 300 എന്നത് 400 രൂപയായി വർദ്ധിപ്പിച്ചു. ഇതെല്ലാം സർക്കാരിന്റെ ഉത്തരവുകളാണ്. പിന്നീട് 400 രൂപയിൽനിന്നും 900 രൂപയായി വർദ്ധിപ്പിച്ചു. അതുകഴിഞ്ഞ് 75

വയസ്സുകഴിഞ്ഞവർക്ക് 1500 രൂപയായി പെൻഷൻ വർദ്ധിപ്പിച്ചു. 23-09-2020-ലെ ഉത്തരവാണ് അടുത്തതായി ഞാൻ വായിക്കുന്നത്. (.....ബഹളം.....) പ്രസംഗത്തിൽ ഇതുവരെ ആരും ഇടപെട്ടിട്ടില്ല. രാവിലെ എന്റെ അടിയന്തരപ്രമേയ പ്രസംഗത്തിലും ബഹളമുണ്ടാക്കി. ഇപ്പോൾ സാമൂഹ്യക്ഷേമ പെൻഷനെക്കുറിച്ചുള്ള എന്റെ പ്രസംഗം ഇവർ തടസ്സപ്പെടുത്തുകയാണ്. ഈ ഗവൺമെന്റിന്റെ 2020-ലെ ഉത്തരവിൽ പറയുന്നത്, "വാർദ്ധക്യകാല പെൻഷൻ - 75 വയസ്സിന് മുകളിലുള്ളവർക്ക് വർദ്ധിപ്പിച്ച നിരക്കിൽ പെൻഷന് അർഹതയുണ്ട് (നിലവിൽ 1500 രൂപ, 01-04-2016 മുതൽ)". അന്ന് പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടുണ്ടോ? മേയ് മാസത്തിലാണ് നിങ്ങൾ അധികാരത്തിൽ വന്നത്. ഞാൻ എല്ലാ രേഖകളും മേശപ്പുറത്തുവയ്ക്കാം. ഞങ്ങൾ 18 മാസം കൂടിശ്ശികയാക്കിയിട്ടുണ്ടെങ്കിൽ ഏതെങ്കിലും മന്ത്രി അതുസംബന്ധിച്ച രേഖ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

മി. സ്പീക്കർ: നാല് മന്ത്രിമാരുടെ മറുപടിയുണ്ട്. 30 മിനിറ്റാണ് അനുവദിച്ചിരിക്കുന്നത്. മന്ത്രിമാർ മറുപടി പറയുമ്പോൾ ചുരുക്കി

അവതരിപ്പിച്ചാൽ നല്ലതാണ്, പ്രത്യേകിച്ച് ആറ്റുകാൽ പൊങ്കാലയുടെ തിരക്ക് നഗരത്തെ ബാധിച്ചുകൊണ്ടിരിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ വളരെ ചുരുക്കി മറുപടി പറയാം. പഴയ കാര്യങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നൊരു പ്രതിപക്ഷമാണെന്നുള്ളതുകൊണ്ട് കുറച്ച് കാര്യങ്ങൾ പറയാതിരിക്കാനും കഴിയില്ല; പക്ഷേ എല്ലാം ഞാൻ പറയുന്നില്ല. ശ്രീ. പി. സി. വിഷ്ണുനാഥ് സംസാരിച്ച കാര്യങ്ങൾക്കുള്ള മറുപടി നേരത്തെ എത്രയോ തവണ പറഞ്ഞതാണ്. 18 മാസത്തെ ക്ഷേമ പെൻഷൻ കുടിശ്ശികയെ സംബന്ധിച്ച് ഡോ. ടി. എം. തോമസ് ഐസകിന്റെ സമയത്തുതന്നെ പറഞ്ഞതാണ്. അങ്ങ് ഈ കണക്കൊക്കെ മേശപ്പുറത്ത് വച്ചോളൂ. (.....ബഹളം.....) ഞാൻ പറഞ്ഞു തുടങ്ങിയതല്ലേയുള്ളൂ. ഞാൻ തിരിച്ചുപോകാൻ ടെയിനോ ഫ്ലൈറ്റോ ബുക്ക് ചെയ്തിട്ടില്ല. ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുകൊണ്ട് ദീർഘിപ്പിക്കുന്നത് ശരിയല്ല. ഈ ബഡ്ജറ്റിന്റെ ഭാഗമായി പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നത് എന്തിനാണ്? സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ കൊടുക്കുന്നത് 62 ലക്ഷം പേർക്കാണെന്നുള്ളതിലും ഇതിനായി പ്രതിവർഷം ഏകദേശം 11,000 കോടി

രൂപ സംസ്ഥാനത്തിന് കൊടുക്കേണ്ടിവരുന്നതെന്നുള്ളതിലും ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 3,500 കോടി രൂപയാണ് ഒരു വർഷം കൊടുക്കേണ്ടിയിരുന്ന ബാദ്ധ്യതയെന്നുള്ളതിലും തർക്കമുണ്ടോ? ഇതൊക്കെ കണക്കുകളാണല്ലോ; ഇതെല്ലാം സത്യമാണ്. കൂടിശ്ശികയുണ്ടെന്ന് അന്നത്തെ വകുപ്പുമന്ത്രിയായിരുന്ന ഡോ. എം. കെ. മുനീർ പറഞ്ഞത് സംബന്ധിച്ച് പലതവണ സഭയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ വേണ്ടത്ര കാര്യക്ഷമമല്ലെന്ന് സ്ഥാപിക്കാൻ ശ്രമിച്ചാൽ ആർക്കാണ് ഗുണമുണ്ടാകുന്നത്? കഴിഞ്ഞ നാലഞ്ച് വർഷക്കാലത്തെ വരുമാനത്തെക്കുറിച്ച് പറഞ്ഞു. അതിൽ 2019-20-ൽ സംസ്ഥാനത്ത് നെഗറ്റീവ് ഗ്രോത്തായിരുന്നുവെന്ന് സൂചിപ്പിച്ചു. ഇന്ത്യയിൽ എന്നല്ല ലോകം മുഴുവൻ അടഞ്ഞുകിടന്ന കോവിഡ് കാലത്ത്, ലോക ഇക്കോണമിയാകെ തകർന്ന സമയത്താണ് നെഗറ്റീവ് ഗ്രോത്തുണ്ടായത്. പക്ഷേ അന്ന് ലോകത്തെ ഏറ്റവും വലിയ മുതലാളിത്ത രാജ്യമായ അമേരിക്കയിൽ കോവിഡ് രോഗികളുടെ ശവശരീരങ്ങൾ അടക്കം ചെയ്യാനാകാതെ ആംബുലൻസുകളും വാഹനങ്ങളും കൃവായി കിടക്കുന്ന വല്ലാത്തൊരവസ്ഥ വരികയും ചികിത്സ കിട്ടാതെ രോഗികൾ റോഡിലിറങ്ങി നടക്കുകയും ചെയ്യുന്ന സമയത്ത്, ഇവിടെ സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും

ഒരാൾക്കുപോലും അങ്ങനെയുള്ള ദുരിതം വരാതെ കാത്തുസൂക്ഷിക്കുകയും എല്ലാ വീടുകളിലേയ്ക്കും ഭക്ഷണമടക്കം എത്തിക്കുകയും ചെയ്തൊരു ഗവൺമെന്റുണ്ടായിരുന്നുവെന്നത് കേരളത്തിന്റെ പ്രത്യേകതയാണ്. അന്നത്തെ ആ സാമ്പത്തിക സ്ഥിതിപോലും മനസ്സിലാക്കാതെ നെഗറ്റീവ് ഗ്രോത്തായിരുന്നുവെന്ന് പറഞ്ഞിട്ടെന്താണ് കാര്യം? ഇന്ത്യയിലെ സംസ്ഥാനങ്ങൾക്ക് ആകെ ലഭിക്കുന്ന റവന്യൂ വരുമാനത്തിന്റെ കണക്കെടുത്താൽ കേരളത്തിന് 5-ാം സ്ഥാനമാണ്. കേരളത്തിന് മുൻകാലങ്ങളിൽ ആകെ കിട്ടിയിരുന്ന റവന്യൂ വരുമാനം 55% ആയിരുന്നെങ്കിൽ ഇപ്പോൾ 63% വരുമാനം സംസ്ഥാനം സ്വന്തമായുണ്ടാക്കുന്നതാണ്. കേരളത്തിനെപ്പോലെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ മഹാരാഷ്ട്രയും കർണ്ണാടകയും തമിഴ്നാടും തെലങ്കാനയുമുണ്ട്. ഞാൻ സംസ്ഥാനങ്ങളെ തമ്മിൽ താരതമ്യപ്പെടുത്താൻ ശ്രമിക്കുകയല്ല. ഉത്തർപ്രദേശിന്റെ റവന്യൂ വരുമാനത്തിന്റെ 33% മാത്രമേ സംസ്ഥാനത്തിന്റെ സ്വയാർജ്ജിത വരുമാനമായുള്ളൂ, ബാക്കി തുക മുഴുവൻ പലതരത്തിലുള്ള ഗ്രാന്റുകളായി ലഭിക്കുന്നതാണ്. എന്നിട്ടും ഇക്കാര്യങ്ങളെല്ലാം ചർച്ച ചെയ്യുമ്പോൾ നമുക്കാർക്കും എന്തുകൊണ്ടാണ് പൊള്ളാത്തത്? ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്

അധികാരത്തിലിരിക്കുന്നുവെന്നത് ശരിയാണ്. ഇതെല്ലാം നശിച്ചുപോകട്ടെയെന്ന നിലയിൽ നിങ്ങൾ സംസാരിക്കുന്നത് ഒരിക്കലും യു.ഡി.എഫ്. അധികാരത്തിലേയ്ക്ക് വരില്ലെന്നതുകൊണ്ടല്ലേ; കേരളത്തിലെ അവസാനത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ് പിണറായി വിജയൻ ഗവൺമെന്റെന്ന് നിങ്ങൾ രാവിലെ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി പറഞ്ഞില്ലേ? യഥാർത്ഥത്തിൽ നിങ്ങൾ അങ്ങനെ വിശ്വസിക്കുന്നില്ലെന്ന് മാത്രമല്ല, നിങ്ങൾ ഇനിയൊരിക്കലും അധികാരത്തിലേയ്ക്ക് വരില്ലെന്നും അറിയാം. 'മകൻ ചത്താലും വേണ്ടില്ല മരുമകളുടെ കണ്ണുനീര് കണ്ടാൽമതി' എന്ന തരത്തിൽ കേരളത്തിന്റെ സാമ്പത്തികസ്ഥിതി ആകെ തകരട്ടെ എന്നുപറഞ്ഞുകൊണ്ടുള്ള ഇടപെടൽ നിങ്ങൾ നടത്തുന്നത് അതുകൊണ്ടല്ലേ; അല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിന് അർഹമായ വരുമാനം ലഭ്യമാക്കുന്നതിനുവേണ്ടി പാർലമെന്റിൽ ശബ്ദമുയർത്തുമായിരുന്നല്ലോ? പ്രസ്തുത പ്രശ്നം പാർലമെന്റിൽ ഉന്നയിക്കാൻ നമ്മുടെ ബഹുമാന്യരായ എം.പി.-മാരോട് പറയുമോയെന്ന് പ്രതിപക്ഷനേതാവിനോട് ഞാൻ രാവിലെ പലതവണ അപേക്ഷിച്ചെങ്കിലും അതൊന്നും അദ്ദേഹം കേട്ടതായി നടിച്ചില്ല, സാധാരണയായി അദ്ദേഹം ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നതാണ്. ഇന്ത്യയിലെ ഇന്നത്തെ അവസ്ഥയെപ്പറ്റിയും കേന്ദ്ര ഗവൺമെന്റിന്റെ

നിലപാടിനെപ്പറ്റിയും നമുക്കെല്ലാവർക്കുമറിയാം. ഓരോ സംസ്ഥാനത്തിനോടും അവർ എന്തൊക്കെയാണ് ചെയ്യുന്നതെന്നും നമുക്കറിയാം. പ്രതിപക്ഷ സംസ്ഥാനങ്ങളെ തിരഞ്ഞുപിടിച്ച് കൈകാര്യം ചെയ്യുകയാണ്. നേരത്തെ ബഹുമാനപ്പെട്ട ഒരംഗം ചർച്ചയിൽ സൂചിപ്പിച്ചതുപോലെ രാഷ്ട്രീയമായി കേരളത്തെ വേണ്ടത്ര കൈകാര്യം ചെയ്യാൻ സാധിക്കാത്തതുകൊണ്ട് സാമ്പത്തികമായി ഉപയോഗിച്ചുകൊണ്ട് അതുവഴി രാഷ്ട്രീയമായി കൈകാര്യം ചെയ്യാനല്ലേ ശ്രമിക്കുന്നത്; അങ്ങനെ ചെയ്യുന്നത് ഇടതുപക്ഷത്തോട് മാത്രമാണോ? അടുത്ത ലക്ഷ്യം കേരളമാണെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി കഴിഞ്ഞദിവസം ത്രിപുരയിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പറഞ്ഞു. അദ്ദേഹത്തിന്റെ സ്വപ്നം കഴിഞ്ഞതവണയും പറഞ്ഞെങ്കിലും കേരളത്തിലെ ജനങ്ങൾ അത് അംഗീകരിച്ചില്ല. ഇത് കേരളത്തിലെ ഇടതുപക്ഷത്തിന്റെ മാത്രം പ്രശ്നമാണോ? സാമ്പത്തിക രംഗത്ത് നമ്മൾ ഒരു പെർഫോമൻസും നടത്തിയില്ലെന്ന് പറയുന്നത് ശരിയാണോ? കേരളത്തിന്റെ ജി.ഡി.പി. കോൺസ്റ്റന്റ് പ്രൈസിൽ 12.5% വളർച്ചയുണ്ടെന്നത് ശരിയാണെങ്കിൽ ടാക്സ് ഈടാക്കുന്നതെന്തിനാണെന്ന് ചോദിച്ചുകൊണ്ടാണ് ശ്രീ. പി. സി. വിഷ്ണുനാഥ് അവസാനിപ്പിച്ചത്. കോൺസ്റ്റന്റ് പ്രൈസിൽ 12.5 ശതമാനവും

കറന്റ് പ്രൈസിൽ 17 ശതമാനവും വളർച്ച നമുക്കുണ്ട്. വ്യാവസായിക-ഉത്പാദന-കാർഷിക-സേവന മേഖലകളിലെല്ലാം കേരളത്തിന് നല്ല പുരോഗതിയുണ്ട്, ഈ വളർച്ച ഇന്ത്യയിലെ എല്ലാ സ്ഥിതിവിവരക്കണക്കുകളിലും സൂചിപ്പിക്കപ്പെട്ടിട്ടുമുണ്ട്. എന്നിട്ടും നമുക്ക് ഇപ്പോഴും സാമ്പത്തികപ്രശ്നങ്ങളുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് ചിന്തിക്കണ്ടേ? സംസ്ഥാനത്തെ എല്ലാ നികുതി വരുമാനവും കൂട്ടിച്ചേർത്ത് 2021 മാർച്ച് മാസത്തിൽ കിട്ടിയിരുന്നത് 47,000 കോടി രൂപ മാത്രമാണ്. എന്നാൽ രണ്ട് വർഷം കഴിഞ്ഞപ്പോൾ അത് 71,000 കോടി രൂപയിലേയ്ക്ക് ഉയരുകയാണ്. നോൺ ടാക്സ് കൂടി കണക്കിലെടുത്താൽ 23,000 കോടിയോളം രൂപ അധികമുണ്ടാകും, കഴിഞ്ഞ വർഷം ഈയിനത്തിൽ 13,000 കോടി രൂപയുടെ വർദ്ധനവുണ്ടായിരുന്നു, ഈ വർഷവും ഈയിനത്തിൽ വർദ്ധനവുണ്ട്. സംസ്ഥാനത്ത് നമ്മളെല്ലാവരും നല്ലതുപോലെ ഒരുമിച്ച് പ്രവർത്തിച്ചതുകൊണ്ടാണ് അത്തരത്തിൽ ഉയർച്ചയുണ്ടായത്, കുറച്ചാളുകൾമാത്രം പ്രവർത്തിച്ചുവെന്നൊന്നും ഞങ്ങൾ അവകാശപ്പെടുന്നില്ല. പ്രളയത്തിന്റെയും പിന്നീടുണ്ടായ കോവിഡിന്റെയും ഘട്ടത്തിലുണ്ടായ സാമ്പത്തിക തകർച്ചയ്ക്കുശേഷമാണ് ഈ വളർച്ചയുണ്ടായത്. എന്നാലും നികുതി വരുമാനം ഇനിയും വർദ്ധിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

ഇതുസംബന്ധിച്ച് GIFT-ന്റെ ഒരു അക്കാദമിക് ലേഖനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതുസംബന്ധിച്ച വിഷയങ്ങൾ ഉന്നയിച്ചപ്പോഴും ഞാൻ പറഞ്ഞിരുന്നു. കേരളത്തിന് ഇനിയും നികുതി വരുമാനം കിട്ടാനുണ്ടെന്ന ആവശ്യം സർക്കാരിന്റെ ഭാഗത്തുനിന്നും ഔദ്യോഗികമായിത്തന്നെ ഉന്നയിച്ചിട്ടുണ്ട്, ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരും ജി.എസ്.ടി. വകുപ്പും മറ്റ് പല സ്ഥാപനങ്ങളും അതിനായി പ്രയത്നിക്കുന്നുണ്ട്. നമ്മുടെ നിരന്തരമായ പോരാട്ടത്തിന്റെ ഫലമായാണ് നികുതി വരുമാനം വർദ്ധിച്ചുവരുന്നത്. ആദ്യത്തെ രണ്ടുവർഷം ഇ-വേ ബിൽ പോലുമുണ്ടായിരുന്നില്ലെന്ന് അങ്ങേയ്ക്കറിയാം. എങ്ങനെയാണ് ജി.എസ്.ടി. സമ്പ്രദായം നടപ്പിലാക്കുന്നത്; അതിനെ എങ്ങനെ അസസ്സ് ചെയ്യും തുടങ്ങിയവയെക്കുറിച്ചും നമുക്ക് ആദ്യഘട്ടത്തിൽ അറിവില്ലായിരുന്നു. എപ്പോഴും രേഖകളിൽ തെറ്റായ കാര്യങ്ങൾ വരുത്തുന്നതിന് ശ്രമിക്കുന്നതുകൊണ്ടാണ് നിങ്ങൾ ഇങ്ങനെയൊക്കെ സംസാരിക്കുന്നത്. ഈ വിഷയത്തിൽ കേരളത്തിനെ ന്യായീകരിക്കുന്ന തരത്തിൽ ഇന്ത്യൻ പാർലമെന്റിലുൾപ്പെടെ ഉന്നയിക്കുന്നില്ലെന്ന പ്രശ്നമാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിന് മാത്രമല്ല, ഇന്ത്യയിലെ എല്ലാ

സംസ്ഥാനങ്ങൾക്കും ലഭിക്കേണ്ട നികുതിവിഹിതത്തെക്കുറിച്ചാണ് ഞങ്ങൾ സംസാരിക്കുന്നത്. ഐ.ജി.എസ്.ടി. (Integrated Goods and Services Tax) എന്താണ്? സാധാരണഗതിയിൽ അങ്ങോ ഞാനോ കടയിൽപ്പോയി 100 രൂപ വിലയുള്ള സാധനം വാങ്ങുമ്പോൾ 10 രൂപ നികുതിയിനത്തിൽ നൽകുകയാണെങ്കിൽ അതിൽ പകുതി സി.ജി.എസ്.ടി. (കേന്ദ്ര ജി.എസ്.ടി.)-യും പകുതി എസ്.ജി.എസ്.ടി. (സംസ്ഥാന ജി.എസ്.ടി)-യുമായിരിക്കും. എന്നാൽ ഇവിടെയുള്ള ഒരു കച്ചവടക്കാരൻ ഡൽഹിയിൽനിന്ന് ഒരു ലക്ഷം രൂപയുടെ തുണി വാങ്ങിക്കുന്നുവെന്നും അവിടെ 10% നികുതി നൽകിയെന്നും കരുതുക. അദ്ദേഹം 1,10,000 രൂപ നൽകിയായിരിക്കും തുണി വാങ്ങുന്നത്. ഡൽഹിയിലുള്ള കച്ചവടക്കാരൻ ആ തുക കാണിച്ചുകൊണ്ട് ടാക്സ് റിട്ടേൺ ഫയൽ ചെയ്യും. 1,10,000 രൂപയ്ക്ക് ഇവിടെ കൊണ്ടുവരുന്ന സാധനം ഇവിടത്തെ കച്ചവടക്കാരൻ ചെറിയ ലാഭത്തോടെ 1,30,000 രൂപയ്ക്ക് വിൽക്കുമ്പോൾ അദ്ദേഹം യഥാർത്ഥത്തിൽ കൊടുക്കേണ്ട ടാക്സ് 13,000 രൂപയായിരിക്കുമെങ്കിലും ടാക്സ് റിട്ടേൺ സമർപ്പിക്കുമ്പോൾ 3,000 രൂപ അടയ്ക്കുകയും 10,000 രൂപ ഡൽഹിയിൽ അടച്ചതായി കാണിക്കുകയും ഡൽഹിയിൽനിന്നുള്ള അക്കൗണ്ട് അനുസരിച്ച് ടാക്സ് ഇവിടെ വരികയും ചെയ്യണം. ഇവിടെനിന്ന് അങ്ങോട്ട് കച്ചവടം

ചെയ്യുമ്പോഴും ഇതുപോലെതന്നെ സംഭവിക്കും. ഇങ്ങനെ ലക്ഷക്കണക്കിന് രൂപയുടെ കച്ചവടം ഓരോ ദിവസവും നടക്കുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും ചംക്രമണം ചെയ്യപ്പെടേണ്ട നികുതിയുടെ കണക്കാണിത്, വളരെയേറെ സങ്കീർണ്ണതയുള്ള ഒരു വിഷയമാണ്. ഇതിൽത്തന്നെ ഓൺലൈൻ കച്ചവടത്തിന്റെ കാര്യങ്ങളൊക്കെ ഉൾപ്പെടുത്താനുണ്ട്. ഓൺലൈൻ കച്ചവടം സംബന്ധിച്ച് പഠിക്കുന്നതിനായി ഹരിയാന ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ കൺവീനറായി മന്ത്രിമാരുടെ ഒരു കമ്മിറ്റി നിലവിൽ വന്നിട്ടുണ്ട്. ഇപ്പോഴും നികുതി വിഷയത്തിൽ കുറേയേറെ കാര്യങ്ങൾ പരിഹരിക്കാനുണ്ട്. ഇതെല്ലാം പരമാവധി കൈകാര്യം ചെയ്തുവരുന്നതിന്റെ ഭാഗമായി നല്ലൊരു മാറ്റം കാണുന്നുണ്ട്. പ്രസ്തുത വിഷയം അക്കാദമികമായ പഠനത്തിനും ഗവേഷണത്തിനും വിധേയമാക്കേണ്ട പ്രശ്നങ്ങളാണ്. ഏതായാലും നമുക്ക് അർഹമായ വിഹിതം ലഭിക്കാനായി സംസ്ഥാനം പരമാവധി ശ്രമിക്കുന്നുണ്ട്. എന്നിട്ടും ഇതുസംബന്ധിച്ച് മറ്റെന്തൊക്കെയോ ഉണ്ടെന്ന് പ്രതിപക്ഷം ആരോപിക്കുകയാണ്. 26,000 കോടി രൂപയുടെ നികുതി വരുമാനം അധികമായി വന്നതെല്ലാം നമ്മുടെ സംസ്ഥാനം നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾകൊണ്ടാണ്. ഒരു പ്രധാനപ്പെട്ട കാര്യംകൂടി പറയുകയാണ്, നമ്മൾ ജി.എസ്.ടി. കോമ്പൻസേഷൻ വേണമെന്ന് പറയാൻ തീരുമാനിച്ചത്

എന്തുകൊണ്ടാണ്? ജി.എസ്.ടി. എന്ന പുതിയ നികുതി സമ്പ്രദായം നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ധാരാളം പ്രശ്നങ്ങളുണ്ടായിരുന്നു. നമുക്ക് വ്യവസ്ഥാനുസാരമായ ധാരാളം പ്രശ്നങ്ങളുണ്ടെന്നും പുതിയ നികുതി വ്യവസ്ഥ നടപ്പിലാക്കിയപ്പോൾ മുൻപത്തെപ്പോലെ നികുതി പിരിവ് ഫലവത്തായി വരുന്നില്ലെന്നും അതുകൊണ്ട് ആ നികുതി നഷ്ടത്തിന് പരിഹാരമുണ്ടാക്കാനായി നഷ്ടപരിഹാരം തരണമെന്നും ആദ്യംമുതൽതന്നെ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളായ രാജസ്ഥാനും ഛത്തീസ്ഗഢും മറ്റ് ബി.ജെ.പി. ഇതര സംസ്ഥാനങ്ങളുമെല്ലാം നഷ്ടപരിഹാര കാലാവധി നീട്ടിത്തരണമെന്ന് പറഞ്ഞെങ്കിലും കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിട്ടില്ല. നഷ്ടപരിഹാരം നീട്ടിത്തരാത്തതുകൊണ്ട് ഒരു വർഷം 12,000 കോടി രൂപയുടെ നഷ്ടമുണ്ടാകുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് ഡിവിസിബിൾ പൂളിൽനിന്നുള്ള പങ്കിന്റെ സമവാക്യം മാറ്റിയതുകൊണ്ട് പത്താം ധനകാര്യ കമ്മീഷനുമായി താരതമ്യപ്പെടുത്തുകയാണെങ്കിൽ ഇപ്പോൾ 18,000 കോടി രൂപയുടെ നഷ്ടമുണ്ട്, തൊട്ടുമുമ്പിലുള്ള ധനകാര്യ കമ്മീഷനെ അവലംബിച്ചാണെങ്കിൽ 10,000 കോടി രൂപയുടെ നഷ്ടമുണ്ട്. കോവിഡ് സമയത്ത് ജി.എസ്.ഡി.പി. (ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട്)-യുടെ 5% ലോൺ

എടുക്കാമായിരുന്നു, എന്നാൽ കടമെടുപ്പ് പരിധി ഇപ്പോൾ 3 - 3.5 ശതമാനമായി കുറച്ചിരിക്കുന്നതുമൂലവും വലിയ നഷ്ടമുണ്ട്. ഇതുകൂടാതെ കിഫ്ബിയുടെയും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയുടെയും പേരിൽ കടമെടുത്ത തുകകൂടി സംസ്ഥാനത്തിന്റെ ബാധ്യതയായി പരിഗണിച്ചുകൊണ്ട് നമ്മുടെ കടമെടുക്കാനുള്ള ശേഷിയെ പരിമിതപ്പെടുത്തി. ഇക്കാര്യങ്ങളെല്ലാം നമ്മൾ നേരത്തേ ചർച്ച ചെയ്തതാണ്. ഒരുമിച്ച് ഇത്രയും കോടി രൂപയുടെ നഷ്ടമുണ്ടാകുകമ്പോൾ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവാണ് വരുമാനത്തിൽ വരുന്നത്. എന്നാൽ നമ്മുടെ സംസ്ഥാനം സ്വയാർജ്ജിതമായി 26,000 കോടി രൂപ കണ്ടെത്തിയതുകൊണ്ടാണ് വികസന കാര്യങ്ങളിൽ നാം മുമ്പിൽ വന്നത്. പക്ഷേ ചെയ്യാനുള്ള കാര്യങ്ങൾ മുന്നിൽ വീണ്ടും കിടക്കുകയാണ്. സംസ്ഥാനം ധാരാളം കാര്യങ്ങൾ ചെയ്യുന്നുവെന്നത് എടുത്തുകാണിക്കാൻ വേണ്ടിയാണ് ഞാനിത് പറയുന്നത്. ധനകാര്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പല വിഷയങ്ങളും ഓരോ വകുപ്പും ചർച്ച ചെയ്തുവരുന്നതും അവയെല്ലാം സംസ്ഥാനത്തെ ജനജീവിതം കൂടുതൽ മെച്ചപ്പെടുത്താൻ സഹായകരമായതുമാണ്. സ്കൂളുകൾ, കോളേജുകൾ, ആരോഗ്യരംഗം, ആയുർദൈർഘ്യം തുടങ്ങി എല്ലാമേഖലകളിലും ഇന്ത്യയിലെ മറ്റുപല

സംസ്ഥാനങ്ങളേക്കാൾ ഏറെ മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് നാം പൊയ്ക്കൊണ്ടിരിക്കുകയാണ്. ആരോഗ്യരംഗത്തെ സംബന്ധിച്ച് ലോകബാങ്കിന്റെ കണക്ക് കഴിഞ്ഞദിവസം വന്നു; ഇന്ത്യയിലാകെ ആയുർദൈർഘ്യം വർദ്ധിച്ചിട്ടുണ്ട്, മൊത്തത്തിൽ അത് 69 വയസ്സാണെങ്കിൽ കേരളത്തിൽ ആയുർദൈർഘ്യം 10 വർഷം അധികമാണ്. കേരളത്തിൽ ജനിച്ചാൽ 10 വർഷം ആയുസ്സ് അധികമായി കിട്ടുമെന്ന ഗ്യാരന്റിയുണ്ട്, അത് എല്ലാവർക്കുമുണ്ട്, യു.ഡി.എഫ്.-ന് അതിൽ വ്യത്യാസമൊന്നുമില്ല. അങ്ങനെ എല്ലാ മേഖലകളിലും നേട്ടമുണ്ടാക്കുന്നതിനായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഓരോന്നായി എടുത്തുപറയുന്നില്ല.

മി. സ്പീക്കർ: സമയം അധികരിച്ചു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത്രയും അംഗങ്ങൾ ചർച്ച ചെയ്തതിന് മറുപടി പറയണ്ടേ. ഞാൻ ദീർഘിപ്പിക്കുന്നില്ല. കേരളത്തിന്റെ പൊതുകടം ഇപ്പോൾ 39 ശതമാനമാണ്. എന്നാൽ രാജസ്ഥാനിൽ ഇത് 42.4 ശതമാനവും പഞ്ചാബിൽ 47 ശതമാനവുമാണ്. ഓരോ സ്റ്റേറ്റിന്റെയും കാര്യങ്ങൾ നോക്കിയാൽ സമയമെടുത്ത് പറയാനാവുള്ള വിഷയങ്ങൾ ധാരാളമുണ്ട്. വിലക്കയറ്റം ഏറ്റവും കുറവ് അനുഭവപ്പെടുന്നത് കേരളത്തിലാണ്. കേന്ദ്രം നൽകിക്കൊണ്ടിരുന്ന സ്കോളർഷിപ്പുകളിൽ 2000

എണ്ണം വെട്ടിക്കുറച്ചെങ്കിൽ കേരളം അധികമായി 1000 എണ്ണം നൽകുകയാണ് ചെയ്തത്. തൊഴിലുറപ്പ് പദ്ധതിക്കുള്ള ബഡ്ജറ്റ് വിഹിതം കേന്ദ്രം വലിയതോതിൽ വെട്ടിക്കുറച്ചത് കേരളത്തിലുൾപ്പെടെ വലിയ പ്രശ്നമുണ്ടാക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യ സബ്സിഡി പകുതിയായി വെട്ടിക്കുറച്ചു, പാചകവാതകത്തിനുള്ള സബ്സിഡിയും വെട്ടിക്കുറച്ചു. പാചകവാതക സിലിണ്ടർ ഒന്നിന് 50 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽ പ്രതിഷേധിച്ച് ഒരു സംയുക്ത പ്രമേയം കൊണ്ടുവരാമെന്ന് പ്രതിപക്ഷം പറയേണ്ടതല്ലേ? വേണമെങ്കിൽ അങ്ങനെ ചെയ്യാമെന്ന് ഞങ്ങൾ പറയുന്നു. കൊമേഴ്സ്യൽ സിലിണ്ടറിന് 350 രൂപ വർദ്ധിപ്പിച്ചതിനാൽ കടയിൽപ്പോയി ദോശയോ ഇഡ്ഡലിയോ കഴിക്കാമെന്നുവച്ചാലും സാധിക്കില്ല. ഗാർഹിക ഗ്യാസ് സിലിണ്ടറിന് രണ്ട് വർഷംകൊണ്ട് 400 രൂപയിലധികമാണ് വർദ്ധിപ്പിച്ചത്. അതിനെതിരെ കരിങ്കൊടിയുമില്ല, പ്രതിഷേധവുമില്ല. എന്നാൽ ഇപ്പോൾ ബി.ജെ.പി.-യുടെ പ്രചരണമുണ്ട്; നിർഭാഗ്യവശാൽ യു.ഡി.എഫ്.-ന്റെ ചില ആളുകളും അത് പ്രചരിപ്പിക്കുന്നുണ്ട്. ഗ്യാസിന്റെ വിലയായ 1100 രൂപയിൽ ടാക്സ് ഇനത്തിൽ ഏകദേശം 50 രൂപയാണ് കേന്ദ്രത്തിന് നൽകുന്നത്, 305 രൂപയാണ് സംസ്ഥാനം വാങ്ങുന്നതെന്നതിനാൽ സഖാക്കളോട് പോയി ഗ്യാസിന്റെ വില കുറയ്ക്കാൻ പറയണമെന്നാണ് അവരുടെ വാദം. കേരളം

തനതായി ഇതിൽനിന്നും ടാക്സ് പിരിക്കുന്നില്ല, കാരണം ഇത് ജി.എസ്.ടി.-യിലാണ് വരുന്നത്. ഇതിൽനിന്നും സംസ്ഥാനത്തിന് ടാക്സ് വാങ്ങാൻ അവകാശമില്ല. അതുകൊണ്ടാണ് ഗ്യാസിന്റെ നികുതി കൂട്ടിയത്. നേരത്തെ ഇവർ പറഞ്ഞ തിയറിയുണ്ട്. കേന്ദ്രം പെട്രോളിന് 20 രൂപ സെസ് വാങ്ങുന്നുണ്ട്. 20 rupees is much lesser than 2 rupees or 2 rupees is greater than 20 rupees എന്ന രീതിയിലുള്ള വാദമാണ് കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും സെസ്സിന്റെ കാര്യത്തിൽ ഇവർ സ്വീകരിക്കുന്നത്. ഇപ്പോൾ 50 രൂപ ഗ്യാസ് സിലിണ്ടറിന് ടാക്സ് വാങ്ങുന്നതിനെക്കുറിച്ച് അഭിപ്രായം പറയണ്ടേ? വാഹനം ഓടിക്കുന്നതിനേക്കാളും പ്രധാനമല്ലേ പാചകം. സംസ്ഥാനം ഇക്കാര്യത്തിൽ ശക്തമായ നിലപാടാണെടുക്കുന്നത്. ഓരോ സംസ്ഥാനങ്ങളിലും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേന്ദ്രനേതാക്കളും മന്ത്രിമാരും മറ്റ് നേതാക്കന്മാരുമൊക്കെ വന്നപ്പോൾ നിങ്ങൾ കരിങ്കൊടി കാണിച്ചില്ല. സംസ്ഥാന താൽപ്പര്യത്തിനായി ഒരുമിച്ച് പ്രതിഷേധിക്കണം. ഇന്ന് ധനകാര്യ വകുപ്പിന്റെയും നികുതി വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും ധനാഭ്യർത്ഥനകളാണ് വന്നിരിക്കുന്നത്. കേരളത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ സഹായകരമാകുന്ന കാര്യങ്ങളാണ് ഇവിടെ

പറഞ്ഞിരിക്കുന്നത്. അതിന് പ്രതിപക്ഷമുൾപ്പെടെ പിന്തുണച്ച് ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വിവിധ വകുപ്പുകളുടെ ധനാഭ്യർത്ഥനകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചർച്ചയാണെന്നതുകൊണ്ട് അങ്ങയുടെ അഭ്യർത്ഥന ഞാൻ മാനിക്കുന്നു. പ്രധാനമായും റവന്യൂ, സർവ്വേ, ഭവനനിർമ്മാണം, പ്രകൃതിക്ഷോഭങ്ങൾക്കുള്ള ധനസഹായം എന്നിവയെല്ലാം ചർച്ചയ്ക്ക് വിധേയമായിട്ടുണ്ട്. ചർച്ചയിൽ പങ്കെടുത്ത ശ്രീ. കെ. ബാബു (നെന്മാറ) മുതൽ ശ്രീ. പി. സി. വിഷ്ണുനാഥ് വരെയുള്ളവരാരും ഈ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സർക്കാരിന്റെ നിലപാടുകളെക്കുറിച്ച് ഏതെങ്കിലും വിധത്തിലുള്ള രൂക്ഷ വിമർശനങ്ങൾ ഉന്നയിച്ചില്ലെന്നതുതന്നെ ഗവൺമെന്റ് ശരിയായ വിധത്തിലാണ് പോകുന്നുവെന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട സൂചനയാണ്. ഒരു വർഷത്തിനുമുമ്പ് ഡിമാൻഡ് ഡിസ്കഷന് മറുപടി പറയുമ്പോൾ സർവ്വേ രംഗത്ത് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളെല്ലാം പൂർണ്ണമായി നടപ്പാക്കിയിട്ടാണ് സഭയിൽ 2023-ലെ ധനാഭ്യർത്ഥന ചർച്ചയെ അഭിസംബോധന ചെയ്യുന്നതെന്നതിൽ എനിക്ക് അഭിമാനമുണ്ട്.

സംസ്ഥാനത്ത് 1966-ൽ ആരംഭിച്ച റീസർവ്വേ 57 വർഷങ്ങൾ കഴിഞ്ഞിട്ടും 1666 വില്ലേജുകളിൽ 915 എണ്ണത്തിൽ മാത്രമാണ് പൂർത്തിയായത്. സംസ്ഥാനത്ത് പൂർണ്ണമായും ഡിജിറ്റൽ റീസർവ്വേ നടത്തണമെന്ന ആശയത്തിലേയ്ക്ക് കടക്കുമ്പോൾ വലിയ അഭ്യൂഹങ്ങളാണുണ്ടായിരുന്നത്; ഇത് വെറും കഥകൾ മാത്രമാണെന്ന് പ്രചരിപ്പിച്ചിരുന്നു. ഘട്ടംഘട്ടമായി അതിലുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ സാധിച്ചു. ഉപഗ്രഹാധിഷ്ഠിത സർവ്വേയായതുകൊണ്ട് 28 കോർസ് സ്റ്റേഷനുകൾ [Continuously Operating Reference Stations (CORS)] സ്ഥാപിച്ചു. ഇതുപയോഗിക്കാൻ 1500 RTK (Real-time Kinematic) റോവർ മെഷീനുകളും 200 RTS (Robotic Total Station) മെഷീനുകളും 1700 പി.സി. ടാബുകളും സമാഹരിച്ചു. ഇതിനുവേണ്ടി പ്രത്യേകം തയ്യാറാക്കിയ എസ്.ഒ.പി. അംഗീകരിക്കപ്പെട്ടു. സർവ്വേ രംഗത്ത് ജീവനക്കാരില്ലെന്ന പ്രശ്നം പരിഹരിക്കാൻ താൽക്കാലികാടിസ്ഥാനത്തിൽ 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും നിയമിക്കുകയും അവർക്കുവേണ്ടി സമഗ്രമായ ട്രെയിനിംഗ് സംഘടിപ്പിക്കുകയും ചെയ്തു. ഡിജിറ്റൽ റീസർവ്വേ നടപടികളാരംഭിക്കുമ്പോൾ അത് വേണ്ടവിധത്തിൽ മുന്നോട്ടുപോകുമോയെന്ന അഭ്യൂഹങ്ങളുണ്ടായിരുന്നു. എന്നാൽ എല്ലാവിധ

ഒരുക്കങ്ങളും പൂർത്തിയാക്കി 2022 നവംബർ 1-ാം തീയതി കേരളത്തിന്റെ മുഖ്യമന്ത്രി ഡിജിറ്റൽ റീസർവ്വേയ്ക്ക് തുടക്കം കുറിച്ചു. ഒരുമാസക്കാലം കഴിഞ്ഞ് 200 വില്ലേജുകളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചപ്പോൾ 1000 ഹെക്ടർ ഭൂമി മാത്രമാണ് അളക്കാനായതെന്ന് കണ്ടെത്തി. യഥാർത്ഥത്തിൽ തുടക്കത്തിൽ ചെറിയ ഭീതിയുണ്ടായിരുന്നു. പക്ഷേ അഭിമാനത്തോടെ പറയട്ടെ, രണ്ടുമാസക്കാലം പിന്നിട്ട പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ കേരളത്തിൽ 15111 ഹെക്ടർ ഭൂമിയുടെ ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിക്കാൻ കഴിഞ്ഞ ആവേശത്തോടുകൂടിയാണ് ഇന്ന് ഡിമാൻഡ് ഡിസ്കഷനെ അഭിസംബോധന ചെയ്യുന്നത്. കേരളത്തിലുള്ള ആകെ ഭൂമിയുടെ രണ്ട് ശതമാനത്തിന്റെ ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൃത്യമായ പ്ലാനിംഗിൽ ഇന്ത്യയിൽ കേരള സംസ്ഥാനത്ത് മാത്രമാണ് സമ്പൂർണ്ണ ഡിജിറ്റൽ റീസർവ്വേ നടക്കുന്നതെന്ന അഭിമാനബോധത്തോടെയാണ് ഈ പ്രവർത്തനത്തിലേയ്ക്ക് പോകുന്നത്. കേരളത്തിലെ ഡിജിറ്റൽ റീസർവ്വേ പൂർത്തിയാകുമ്പോൾ കേവലമൊരു ഡിജിറ്റൽ വേലി വരുന്നുവെന്ന് മാത്രമല്ല, ഞാൻ കഴിഞ്ഞദിവസം സൂചിപ്പിച്ചതുപോലെ, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ PEARL, റവന്യൂ വകുപ്പിന്റെ ReLIS (Revenue Land

Information System), സർവ്വേ വകുപ്പിന്റെ e-Maps എന്നിവ കൂട്ടിയോജിപ്പിച്ചുകൊണ്ട് "എന്റെ ഭൂമി" എന്നപേരിൽ ഒരു ഇന്റഗ്രൽ പോർട്ടൽ ആരംഭിക്കാനുള്ള ശ്രമത്തിലാണ്. ഡിജിറ്റൽ റീസർവ്വേ കഴിഞ്ഞിട്ടാണോ ഇത് ആരംഭിക്കുന്നതെന്ന് പലരും ചോദിച്ചു. ഗവൺമെന്റിന്റെ രണ്ടാം വാർഷികത്തിനോടനുബന്ധിച്ചുള്ള നൂറുദിന കർമ്മ പരിപാടി പൂർത്തീകരിക്കുമ്പോൾ ആദ്യഘട്ടമെന്ന നിലയിൽ കേരളത്തിലെ 15 വില്ലേജുകളിൽ 'എന്റെ ഭൂമി' എന്ന ഇന്റഗ്രൽ പോർട്ടൽ നിലവിൽ വരാൻ പോകുകയാണെന്ന് ഈ സഭയെ സാക്ഷി നിർത്തിക്കൊണ്ട് ഞാൻ ഉറപ്പുതരുന്നു. അതിനുവേണ്ടി ഒരു സെറ്റിൽമെന്റ് ആക്ടിലേയ്ക്ക് കേരളം കടക്കേണ്ടിവരും. മലബാറിലും തിരുവിതാംകൂറിലും കൊച്ചിയിലും നേരത്തെയുണ്ടായിരുന്ന സെറ്റിൽമെന്റുകളെക്കുറിച്ച് ഞാൻ വിശദീകരിച്ചു. എന്നാൽ കേരളം രൂപീകരിച്ചതിനുശേഷം അധികവിസ്തീർണ്ണത്തെ അഭിസംബോധന ചെയ്യാൻ നിയമങ്ങളിലും ചട്ടങ്ങളിലുമുള്ള വ്യവസ്ഥകളല്ലാതെ മറ്റുവഴികൾ നമ്മുടെ മുമ്പിലില്ല എന്നുള്ളതുകൊണ്ടുതന്നെ ആ പ്രശ്നങ്ങളെ സമഗ്രമായി ചർച്ച ചെയ്ത് കേരളത്തിലൊരു സെറ്റിൽമെന്റ് ആക്ട് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ ഭാഗമായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ അനുഭവങ്ങൾ

കൈമാറാൻ കഴിയുന്ന വിപുലമായ വിധത്തിലുള്ള തയ്യാറെടുപ്പ് നടപ്പാക്കാനായിട്ടുണ്ട്. നമ്മുടെ മുമ്പിലുണ്ടായിരുന്ന presumptive land title-ൽ നിന്ന് conclusive land title-ലേയ്ക്കുള്ള കേരളത്തിന്റെ യാത്രയാണ് ഡിജിറ്റൽ റീസർവ്വേയിലൂടെ നടപ്പാക്കാൻ പോകുന്നത്. കേരള ചരിത്രത്തിൽ അടയാളപ്പെടുത്താൻ കഴിയുന്നവിധത്തിൽ 1666 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ നടത്തേണ്ട 1550 വില്ലേജുകളിലും ഈ ഗവൺമെന്റിന്റെ കാലയളവിൽത്തന്നെ അത് പൂർത്തീകരിക്കാൻ കഴിയുന്നവിധത്തിലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്.

ഭവനനിർമ്മാണ ബോർഡ് വലിയ അപകടത്തിൽപ്പെട്ടിരിക്കുകയാണെന്നും ഭവനനിർമ്മാണം എന്ന വകുപ്പ് മുന്നോട്ടുകൊണ്ടുപോകാനുള്ള സാഹചര്യമുണ്ടോയെന്നും ഇവിടെ ചില അംഗങ്ങൾ ചോദിച്ചിരുന്നു. 50 വർഷത്തെ സമുജ്ജ്വലമായ പാരമ്പര്യമാണ് ഭവനനിർമ്മാണ ബോർഡിനുള്ളത്. എം. എൻ. ഗോവിന്ദൻ നായർ ഭവനനിർമ്മാണ വകുപ്പുമന്ത്രിയായിരിക്കുന്ന കാലത്ത് 1971-ൽ ആരംഭിച്ച ഭവനനിർമ്മാണ ബോർഡ് ഏഴ് ലക്ഷത്തിലധികംപേരുടെ പാർപ്പിട സ്വപ്നങ്ങൾ സാക്ഷാത്കരിച്ച് എം. എൻ. ലക്ഷം വീട് ഭവന പദ്ധതി, രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി, സുനാമി ഭവന പദ്ധതി,

ഗോത്രവർഗ്ഗക്കാർക്കായുള്ള ഭവന പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ഭവന പദ്ധതി, സാഫല്യം പദ്ധതി, ഇന്നവേറ്റീവ് പദ്ധതി, റവന്യൂ ടവറുകൾ, ലാത്തൂർ ദുരിതാശ്വാസ പദ്ധതി, വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ തുടങ്ങിയ നിരവധി പദ്ധതികളിലൂടെ മുന്നോട്ടുപോകുകയാണ്. കേരളത്തിൽ ഇപ്പോൾ 142 ഇടങ്ങളിലായി 127 ഏക്കറോളം ഭൂമി ഭവനനിർമ്മാണ ബോർഡിന് സ്വന്തമായിട്ടുണ്ട്. 57 കെട്ടിടങ്ങളിലായി 1442969 സ്ക്വയർ ഫീറ്റിന്റെ പിൻബലത്തോടെ ഭവനനിർമ്മാണ ബോർഡ് ശക്തമായ ആസ്തിയോടെ മുന്നോട്ടുപോകുകയാണ്. ഹൗസിംഗ് ബോർഡ് ആരംഭിക്കാൻപോകുന്ന ചില പദ്ധതികൾ മാത്രം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിന്റെ വ്യവസായകേന്ദ്രമെന്ന് വിളിക്കപ്പെടുന്ന കൊച്ചിയിലെ മറൈൻ ഡ്രൈവിലുള്ള 18 ഏക്കർ ഭൂമിയിൽ പി.പി.പി. മോഡലിൽ 3200 കോടി രൂപ മുതൽമുടക്കുള്ള ആയുർ ഹബ്ബ്-കം-ഓക്സിജൻ സിറ്റിയെന്ന ഇന്ത്യയിലെത്തന്നെ ആദ്യത്തെ ഇക്കോ ബിസിനസ് ഹബ്ബിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ബോർഡ് ആരംഭിച്ചുകഴിഞ്ഞു. പിന്നാക്കവിഭാഗ വികസന വകുപ്പിന്റെയും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ആർ.എ.ടി.ടി.സി.-യുടെയും കൊല്ലം ജില്ലാ പഞ്ചായത്തിന്റെയും നേതൃത്വത്തിലുള്ള പരിപാടികൾ ഇപ്പോൾ

ഏറ്റെടുത്തുകഴിഞ്ഞു. എരുമേലിയിലുള്ള ആറര ഏക്കർ സ്ഥലത്ത് ഡിവോഷണൽ ടൂറിസം ഹബ്ബ് പി.പി.പി. മോഡലിൽ ഈ വർഷംതന്നെ ആരംഭിക്കും. ഇടുക്കി മെഡിക്കൽ കോളേജിന് സമീപം ബോർഡിന്റെ വാഴത്തോപ്പിലുള്ള ഭൂമിയിൽ ഡോക്ടേഴ്സ് റെസിഡൻസിനും സ്റ്റുഡന്റ്സ് നഴ്സ് ഹോസ്റ്റലുകൾക്കും ഈ വർഷംതന്നെ ആരംഭംകുറിക്കും. കുട്ടിക്കാനത്തും മാനന്തവാടിയിലുമുള്ള ഭൂമികളിൽ ബഡ്ജറ്റ് ഹോട്ടലുകൾ ഈ വർഷം ആരംഭിക്കും. എറണാകുളം കുമാരനാശാൻ നഗറിലും കലൂരിലും ജഗതിയിലും പി.ടി.പി. നഗറിലും കോഴിക്കോടും പാരസ്പര്യം മാതൃകയിൽ ഫ്ലാറ്റ് സമുച്ചയങ്ങൾ ആരംഭിക്കും. ഇവിടെയുണ്ടായ പ്രധാനപ്പെട്ട ചർച്ചയാണ് എം.എൻ. ലക്ഷം വീടിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നം. പലരും ഇരട്ടവീടുകളിലാണ് ഇപ്പോഴും താമസിക്കുന്നത്. അങ്ങനെയുള്ള അയ്യായിരത്തോളം വീടുകളുണ്ട്. അവ ഒറ്റവീടുകളാക്കാനുള്ള എം.എൻ. സുവർണ്ണ ഭവനങ്ങൾ എന്ന പദ്ധതിക്ക് സർക്കാരിന്റെ സഹായത്തോടെ കഴിഞ്ഞവർഷം തുടക്കം കുറിച്ചു. പക്ഷേ ഈ വർഷത്തെ ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയാൽ മാത്രമേ സർക്കാരിന് ആ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂവെന്നതിനാൽ ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് സംസാരിച്ചിട്ടുണ്ട്. കൂടാതെ,

മൾട്ടി നാഷണൽ കമ്പനികളുടെ സി.എസ്.ആർ. ഫണ്ടുപയോഗിച്ച് ഇരട്ട വീടുകൾ ഒറ്റവീടുകളാക്കുന്നതിനായി 'എം.എൻ. നവയുഗ ലക്ഷം വീട് എന്ന പേരിൽ ഒരു പുതിയ പദ്ധതികൂടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുകയാണ്. അതിധനികരല്ലാത്ത പ്രവാസികളുടെ ഭവന സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനായി 'പ്രവാസി ഹൈറ്റ്സ് ' എന്ന പേരിൽ ഒരു ഭവന സമുച്ചയം കോഴിക്കോട് ആരംഭിക്കാൻ പോകുകയാണ്. നാം കാണേണ്ട ഗൗരവമേറിയ മറ്റൊരുകാര്യം, സർക്കാർ-സർക്കാരിതര ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്ന പെൺകുട്ടികൾ 18 വയസ് പൂർത്തിയാകുമ്പോൾ അവിടെനിന്ന് പുറത്താക്കപ്പെടുന്നു. സ്വന്തമായി വീടോ ബന്ധുക്കളോ സ്ഥിര സംവിധാനങ്ങളോ ഇല്ലാത്ത അവർക്കായി വനിത-ശിശുക്ഷേമ വകുപ്പുമായി ചേർന്നുകൊണ്ട് 'തന്റെയിടം' എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിരിക്കുകയാണ്. 'ആശ്വാസ് വാടക വീട് എന്ന പേരിൽ മെഡിക്കൽ കോളേജുകളോട് ചേർന്ന് ബൈസ്റ്റാൻഡേഴ്സിന് താമസിക്കാൻ കഴിയുന്ന സമുച്ചയങ്ങൾ ആരംഭിക്കാൻ പോകുകയാണ്. ആലപ്പുഴ, തൃശ്ശൂർ, പരിയാരം എന്നീ മൂന്നുസ്ഥലങ്ങളിൽ ഇത് ആരംഭിച്ചുകഴിഞ്ഞു. കോട്ടയത്തും കോന്നിയിലും ഈ വർഷവും അടുത്തഘട്ടത്തിൽ ഇടുക്കിയിൽക്കൂടി ആരംഭിക്കുന്നതിനുള്ള

തയ്യാറെടുപ്പുകളുമായാണ് സർക്കാർ നീങ്ങുന്നത്. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഭവന പാർക്കായ നാഷണൽ/ഇന്റർനാഷണൽ ഹൗസിംഗ് പാർക്കിന് തിരുവനന്തപുരത്ത് വേദിയൊരുങ്ങാൻ പോകുകയാണ്. നാൽപ്പതിലേറെ നിർമ്മാണങ്ങൾ നേരിട്ട് കാണാനും പരിചയപ്പെടാനും കഴിയുന്ന വിധത്തിൽ തിരുവല്ലം വില്ലേജിൽ 6.95 ഏക്കർ സ്ഥലം ഏറ്റെടുത്തുകൊണ്ട് 20 കോടി രൂപയുടെ പദ്ധതികൾക്ക് കെസ്നിക്കിന്റെ (കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര) നേതൃത്വത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന മുഖമുദ്രാവാക്യത്തോടെ കേരളത്തിലെ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളെ വേഗതയിലാക്കുന്നതിനുവേണ്ടി ശ്രദ്ധേയമായ പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. അക്കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് പട്ടയ മിഷനാണ്. അക്കാര്യം പലതവണ സഭയിൽ സൂചിപ്പിച്ചതുകൊണ്ട് ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിലെ എല്ലാവർക്കും ഭൂമി നൽകുന്നത് സംബന്ധിച്ച് ഇവിടെ സംസാരിച്ചവരെല്ലാം സൂചിപ്പിച്ചു; ശ്രീ. ഐ. സി. ബാലകൃഷ്ണൻ വയനാടിന്റെ പ്രശ്നങ്ങളാണ് ചൂണ്ടിക്കാണിച്ചത്. ശ്രീ. ഐ. സി. ബാലകൃഷ്ണനും

ശ്രീ. ടി. സിദ്ദിഖും ശ്രീ. ഒ. ആർ. കേളുവും ഞാനും ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ഒരുമിച്ചിരുന്ന് ഒരുവർഷത്തിനിടയിൽ പരിഹരിച്ച പ്രശ്നങ്ങൾ എത്രയാണ്? പാരിസൺ എസ്റ്റേറ്റിലെ മിച്ചഭൂമി 661 കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി. നരിക്കൽ, വെള്ളറ പ്രദേശങ്ങളിലെ 189 കുടുംബങ്ങൾക്ക് പട്ടയം നൽകുകയുണ്ടായി. 51 വർഷമായി തീർപ്പാക്കാത്ത കൽപ്പറ്റയിലെ വുഡ്‌ലാൻഡ് എസ്റ്റേറ്റിലെ ഭൂപ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ഇപ്പോൾ 32 പേർക്കും 452 പേർക്ക് നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തിയും പട്ടയം നൽകും. ചീങ്ങേരിയിലെ ഭൂപ്രശ്നം പരിഹരിക്കാൻ കഴിഞ്ഞു. ബഹുമാന്യരായ പി. എസ്. സുപാലിന്റെയും കെ. ബി. ഗണേഷ് കുമാറിന്റെയും സ്ഥലമായ പുനലൂരിലെ പേപ്പർ മില്ലുമായി ബന്ധപ്പെട്ട് 30 വർഷമായി നിലനിൽക്കുന്ന പ്രശ്നം പരിഹരിക്കാൻ സാധിച്ചു. അതുപോലെ, കൊഡക്കൽ ടൈൽ ഫാക്ടറിയുടെ മിച്ചഭൂമിയിലെ താമസക്കാരുടെ പട്ടയപ്രശ്നം സംബന്ധിച്ച് മലപ്പുറം ജില്ലയിലെ ആളുകൾക്ക് അറിയാം. നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി അവർക്ക് പട്ടയം നൽകി പ്രശ്നം പരിഹരിക്കാൻ സാധിക്കും. പട്ടയ മിഷനിൽ മലയോര ആദിവാസികൾക്ക് പട്ടയം നൽകാനായി പ്രത്യേക എസ്.ഒ.പി. തയ്യാറാക്കിയിട്ടുണ്ട്. പട്ടയം നഷ്ടപ്പെട്ട

കേസുകളിൽ നിയമപരമായി അത് തിരിച്ചെടുക്കാനുള്ള ആലോചനയിലേയ്ക്ക് നാം കടന്നിരിക്കുകയാണ്. അസൈൻമെന്റ് ഓർഡർ ലഭിച്ചിട്ടും മുൻപ് പണമടയ്ക്കാൻ കഴിയാത്തവർക്ക് ഇപ്പോഴും അതിന് സാധിക്കുന്നില്ല. അവരത് അസൈൻമെന്റ് ലെറ്ററാണെന്ന് കരുതിയിരിക്കുകയാണ്. അവർക്ക് പണം അടയ്ക്കാൻ സാധിക്കുമോയെന്ന വിഷയം സംബന്ധിച്ച് പരിശോധിക്കാനും സർക്കാർ അനുവദിച്ച ഫ്ലാറ്റുകളിലും കെട്ടിട സമുച്ചയങ്ങളിലും താമസിക്കുന്നവർക്ക് അൺഡിവൈഡഡ് ഷെയർ എന്നപോലെ ഭൂമിയുടെ ആനുപാതിക അവകാശം നൽകാനും സർക്കാരിന് കഴിയും.

കോളനിയുടെ കാര്യം വളരെ ഗൗരവമേറിയ പ്രശ്നമാണ്. പലയിടത്തും കോളനികളിൽ പട്ടയം നൽകാൻ സാധിക്കുന്നില്ല. നേരത്തെ പഞ്ചായത്ത് വാങ്ങിച്ച സ്ഥലത്തിന് പഞ്ചായത്തിൽ രേഖയുണ്ടാകില്ല. പഞ്ചായത്തിൽ പ്രമാണം ലഭ്യമാകണമെങ്കിൽ പഞ്ചായത്ത് എൻ.ഒ.സി. നൽകിയാൽ മതിയാകും. അത് ലഭ്യമല്ലെങ്കിൽ എസ്.ആർ.ഒ. വഴി അധികാരപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടി വരും. പഞ്ചായത്തിൽ വെസ്റ്റ് ചെയ്യപ്പെട്ടതാണെങ്കിൽ റവന്യൂ വകുപ്പിലേയ്ക്ക് ഡീവെസ്റ്റ് ചെയ്യാം. മുൻഉടമയുടെ പേരിൽത്തന്നെയാണെങ്കിൽ പോക്കുവരവ് ചട്ടത്തിലെ ചട്ടം 28 പ്രകാരം പഞ്ചായത്തിലേയ്ക്ക് പോക്കുവരവ് ചെയ്തുകൊടുത്തതിനുശേഷം

സർക്കാരിലേയ്ക്ക് ഡീവെസ്റ്റ് ചെയ്തുകൊണ്ട് പട്ടയം നൽകാം. പുഴ-കുളം-റോഡ് പുറമ്പോക്കിൽ താമസിക്കുന്നവരുടെ പട്ടയം സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. 1964-ലെ കേരള ഭൂപതിവ് ചട്ടത്തിലെ സെക്ഷൻ 11 (2) പ്രകാരം പട്ടയം നൽകാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളവ നിയമപരമായി കൈകാര്യം ചെയ്യേണ്ടിവരും. എന്നാൽ തോടും കുളവുമൊന്നുമില്ലാത്ത സ്ഥലങ്ങളിൽ സർവ്വേ നടത്തി ഇനം മാറ്റി അവർക്ക് പട്ടയം നൽകാൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ചുവരികയാണ്. അക്കാര്യത്തിൽ ആവശ്യമാണെങ്കിൽ ചട്ടഭേദഗതി നടത്തുന്നതിനും ഗവൺമെന്റ് തയ്യാറാണ്. പട്ടയ മിഷന്റെ പ്രധാനപ്പെട്ട ലക്ഷ്യം എന്ന നിലയിൽ എല്ലാ നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ പ്രത്യേക യോഗം ചേർന്ന് ഓരോ നിയോജകമണ്ഡലത്തിലും തഹസിൽദാരുടെ മുകളിലുള്ള ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി കുറഞ്ഞകാലംകൊണ്ട് പട്ടയ പ്രശ്നങ്ങൾ ഡാഷ് ബോർഡിൽ തയ്യാറാക്കി നൽകുന്നതിനുള്ള സൗകര്യമേർപ്പെടുത്തും.

ലോക കേരളസഭ കേരളത്തെ ഇതുവരെയില്ലാത്ത പുതിയ ഒരു ചരിത്രത്തിലേയ്ക്ക് നയിക്കുന്നു. ലോക കേരളസഭയിലൂടെ പ്രവാസികളാൽ അംഗീകരിക്കപ്പെടുന്ന ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ

മുന്നണി ഗവൺമെന്റ്. പ്രവാസികൾ ഇവിടെ സമർപ്പിക്കുന്ന അപേക്ഷകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് അറിയാൻ അവർക്ക് പലപ്പോഴും സാധിക്കുന്നില്ലെന്നത് സംബന്ധിച്ച് കഴിഞ്ഞ ലോക കേരളസഭയിൽ നാം ചർച്ച ചെയ്തു. അതുകൊണ്ട് പ്രവാസികളുടെ പ്രശ്നങ്ങൾ മാത്രം ചർച്ച ചെയ്യുന്നതിനുവേണ്ടി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു അസിസ്റ്റന്റ് കമ്മീഷണറെ നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽനിന്ന് ആരംഭിച്ച് താലൂക്ക് ഓഫീസുവരെ ഉത്തരവാദിത്വപ്പെട്ടവരെ ചുമതലയേൽപ്പിക്കുന്ന വിധത്തിൽ ലോക മലയാളത്തിലെ മുഴുവൻ പ്രവാസികളുടെയും പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടാൻ കഴിയുന്ന തരത്തിൽ പ്രവാസി സെല്ലിന് തുടക്കം കുറിക്കും.

2023 നവംബർ 1-ാം തീയതിയോടെ വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെയുള്ള റവന്യൂ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ നടപ്പാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. അതിലേയ്ക്ക് പോകുമ്പോഴുള്ള പ്രധാനപ്പെട്ട പ്രശ്നം മുമ്പ് അപേക്ഷ എഴുതി സ്റ്റാമ്പ് ഒട്ടിച്ച് നൽകിയിരുന്ന ആളുകൾക്ക് ഓൺലൈനായി അപേക്ഷിക്കുമ്പോൾ ധാരാളം പണം നൽകി പലരേയും ആശ്രയിക്കേണ്ട സ്ഥിതി വരുന്നുവെന്നതാണ്. അതിനാൽ ഒരു വീട്ടിൽ

ഒരാൾക്കെങ്കിലും അനിവാര്യമായ റവന്യൂ സേവനങ്ങൾ തങ്ങളുടെ ഡിജിറ്റൽ ഡിവൈസിലൂടെ നേരിട്ട് ചെയ്യാൻ കഴിയുന്ന വിധത്തിൽ, റവന്യൂ സാക്ഷരത കൈവരിക്കാൻ കഴിയുന്ന വിധത്തിൽ 'റവന്യൂ ഇ-സാക്ഷരത' എന്ന പദ്ധതിക്ക് ഈ ഗവൺമെന്റിന്റെ കാലത്ത് നേതൃത്വം നൽകാനും 2023-ൽ പ്രസ്തുത പദ്ധതി ആരംഭിക്കാനും തീരുമാനമായിട്ടുണ്ട്. അനധികൃത നിലം നികത്തലും മണൽവാരലും ഭൂമി കൈയേറ്റവും സംബന്ധിച്ച പരാതികൾ ഫോട്ടോയും ജിയോ ടാഗിംഗുമടക്കം പൊതുജനങ്ങൾക്ക് തത്സമയം റിപ്പോർട്ട് ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള പുതിയ സോഫ്റ്റ്വെയറുകൾ ആരംഭിക്കും. കേരളത്തിലെ 14 കളക്ടറേറ്റുകളിലും 10000 സ്ക്വയർ ഫീറ്റ് വരുന്ന 'സംസ്ഥാന ചേംബർ' ഈ ഗവൺമെന്റിന്റെ ഭരണകാലയളവിൽ ആരംഭിക്കുമെന്ന് ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും അതിനായി 70 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ വില്ലേജ് ഓഫീസ് മുതൽ കളക്ടറേറ്റുവരെ ഐ.എസ്.ഒ. സർട്ടിഫിക്കേഷന് ചുമതലകൊടുക്കുന്ന വിധത്തിൽ അതിനാവശ്യമായ സംഗതികളും സംവിധാനങ്ങളും ആരംഭിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ഇവിടെ നേരത്തെ സംസാരിച്ചവർ സൂചിപ്പിച്ചതുപോലെ, ഭൂമി സംബന്ധമായ പ്രശ്നങ്ങളിൽ ഒരാൾക്കും കേരളത്തിലെ ഭൂപരിഷ്കരണ നിയമത്തെ മറികടക്കാൻ കഴിയാത്ത

വിധത്തിൽ സമ്പൂർണ്ണ യൂണിക് തണ്ടപ്പേരിലേയ്ക്ക് കേരളം പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലയളവ് കേരളത്തിലെ ശ്രദ്ധേയമായ നിയമനിർമ്മാണങ്ങളുടെ വേദികൂടിയാണ്. കേരളത്തിൽ ദീർഘകാലമായി ചർച്ച ചെയ്തിരുന്ന സെറ്റിൽമെന്റ് ആക്ട് ഈ ഗവൺമെന്റിന്റെ കാലയളവിൽ കൊണ്ടുവരും. ഭൂപതിവ് നിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനിവാര്യമായ ഭേദഗതി വരുത്തിക്കൊണ്ട് ഈ ഗവൺമെന്റിന്റെ കാലയളവിൽത്തന്നെ അവതരിപ്പിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് നീങ്ങുകയാണ്.

ബഹുമാനപ്പെട്ട ചെയറിന്റെ അഭിപ്രായം മാനിച്ചുകൊണ്ട് ഞാൻ പ്രസംഗം ചുരുക്കുന്നു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് റവന്യൂ വകുപ്പിൽ ശ്രദ്ധേയമായ ഒട്ടനവധി പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. അതിൽ പ്രധാനപ്പെട്ട ഒരു പ്രശ്നം, ദുരന്തങ്ങളുമായി ബന്ധപ്പെട്ടുള്ളതും സഭയിൽ ചർച്ച ചെയ്തതുമാണ്. ദുരന്തങ്ങളെ നേരിടുന്നതിൽ കേരളം കാണിച്ചതുപോലെ ശ്രദ്ധേയമായൊരു മാതൃക ലോകത്ത് മറ്റ്

എവിടെയും കാഴ്ചവയ്ക്കപ്പെട്ടിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കേരളം അനുഭവിച്ച ദുരന്ത മുഹൂർത്തങ്ങൾ ധാരാളമുണ്ടായിരുന്നു. 2018-ലെ പ്രളയം മുതൽ കോവിഡിന്റെ ഭീകരതവരെ കേരളത്തിലുണ്ടായപ്പോൾ, ദുരന്തത്തിന്റെ സമയത്ത് ആരെയെങ്കിലും ഒഴിവാക്കുകയല്ല മറിച്ച് ഹൃദയത്തോട് ചേർത്തുപിടിച്ച് അവരെ അംഗീകരിക്കാനും മുന്നോട്ടുകൊണ്ടുപോകാനും കേരളത്തിലെ ഗവൺമെന്റ് ശ്രദ്ധകാണിച്ചു. അതുകൊണ്ട് ഇക്കാര്യങ്ങളിലെല്ലാം വളരെ ശ്രദ്ധയോടുകൂടി മുന്നോട്ടുപോകാൻ റവന്യൂ വകുപ്പിനും അനുബന്ധ വകുപ്പുകൾക്കും സാധിച്ചുവെന്ന ആത്മവിശ്വാസത്തോടെ ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് കാര്യമായ വിമർശനങ്ങളൊന്നുമുണ്ടായില്ല; ഒന്നുരണ്ട് നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയുമുണ്ടായി. ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യമുണ്ടാകണമെന്നതാണ് ഒരു നിർദ്ദേശം. അതിനുള്ള സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞിരിക്കുന്നുവെന്ന വിവരം ബഹുമാനപ്പെട്ട അംഗത്തെയുൾപ്പെടെ അറിയിക്കുകയാണ്. ഈ

വകുപ്പിൽ നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള മോഡണൈസേഷൻ ഏതാണ്ട് അവസാനഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. ആധാരം രജിസ്റ്റർ ചെയ്യുന്ന അന്നുതന്നെ റവന്യൂ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് പോക്കുവരവ് ചെയ്യുകൊടുക്കാനുള്ള സമീപനത്തിലേയ്ക്ക് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് എത്തിച്ചേർന്നിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും പുതിയതായി പ്രഖ്യാപിക്കാനുള്ള ഒരു കാര്യം. 315 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇതിനായി സ്കാനറുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമായുള്ള ഒരു യോഗം അടുത്ത ദിവസംതന്നെ വിളിച്ചിട്ടുണ്ട്. ഭൂമി പോക്കുവരവ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നുവെന്ന നിരന്തരമായ പരാതി ഉയർന്നുവന്നതിനെത്തുടർന്നാണ് രജിസ്റ്റർ ചെയ്യുന്ന അന്നുതന്നെ പോക്കുവരവ് ചെയ്ത് കിട്ടാൻ കഴിയുന്ന വിധത്തിലുള്ള സംവിധാനം നടപ്പിലാക്കുന്നത്. ഇത് ഇടപാടുകാരെ സംബന്ധിച്ച് ഏറ്റവും ആശ്വാസം പകരുന്ന ഒരു കാര്യവുമാണ്. സബ് രജിസ്ട്രാർ ഓഫീസുകളിലെ സേവനങ്ങളെല്ലാം ഓൺലൈനാണ്. എൻകംബ്രൻസ് സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയവയ്ക്കുള്ള ഫീസ് ഓൺലൈനായി അടയ്ക്കാൻ കഴിയുന്നതാണ്. എൻകംബ്രൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി പണമടച്ചശേഷം ഓഫീസിൽ പോകാതെതന്നെ

സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കുന്ന സാഹചര്യത്തിലേയ്ക്ക് മാറുന്നുവെന്നത് അഭിമാനകരമായ മുന്നേറ്റമാണ്. മറ്റൊന്ന്, കേരളത്തിലെ ആധാര ഭാഷ ഏകീകരിക്കുന്നതിനായി എല്ലാത്തരം ആധാരങ്ങളുടെയും ലളിതമായ മാതൃകകൾ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുകയും ഇതിലൂടെ ഏതൊരു വ്യക്തിക്കും താൻ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന വസ്തുവിന്റെ ആധാരം സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കിക്കഴിഞ്ഞിരിക്കുകയാണ്. നിലവിലുള്ള ആധാരമെഴുത്തുകാരുടെ ജോലി നഷ്ടപ്പെടാനിടവരാത്ത വിധമാണ് ഈ സംവിധാനങ്ങളും പരിഷ്കാരങ്ങളുമെല്ലാം നടപ്പിലാക്കുന്നത്. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം ഏർപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. കൂടാതെ ഈ മേഖലയിൽ ഓൺലൈൻ വഴി ഗഹാൻ സമ്പ്രദായം നടപ്പിലാക്കുകയും മുഴുവൻ മുൻ ആധാരങ്ങളും ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ആരംഭിക്കുകയും ചെയ്തു. ആറ് ജില്ലകളിൽ ഇതിന്റെ പുരോഗതി ഉറപ്പാക്കിക്കഴിഞ്ഞു. സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷനുകൾ മുൻകൂട്ടി നടത്തുന്നതിനും ടോക്കണെടുത്ത് മുൻകൂട്ടി സമയം നിശ്ചയിച്ച് ആധാര രജിസ്ട്രേഷൻ വളരെ ലളിതമായി നടപ്പാക്കുന്നതിനുമുള്ള

സംവിധാനമൊരുക്കിയിട്ടുണ്ട്. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആധാരങ്ങളുടെ ടെംപ്ലേറ്റുൾപ്പെടെ നടപ്പാക്കിക്കൊണ്ട് വകുപ്പിൽ ആധുനികവത്കരണം പൂർണ്ണമാക്കുന്ന ത്രുപത്തിലേയ്ക്ക് പോകുകയാണ്. ഇതെല്ലാം നടപ്പാക്കുമ്പോൾ ആധാരമെഴുത്തുകാരുടെ ജോലി നഷ്ടപ്പെടുമോയെന്ന ആശങ്ക ഇവിടെ പ്രകടിപ്പിച്ചു. അത്തരത്തിൽ അവരുടെ ജോലി നഷ്ടപ്പെടില്ലെന്നാണ് സൂചിപ്പിക്കാനുള്ളത്.

ഈ വർഷം ഫെബ്രുവരി മാസം വരെയുള്ള കണക്കെടുക്കുമ്പോൾ രജിസ്ട്രേഷൻ വകുപ്പിൽ 4,700 കോടി ത്രുപയുടെ വരുമാനമുണ്ടായിട്ടുണ്ട് എന്നതാണ് മറ്റൊരു അഭിമാനകരമായ നേട്ടം. മാർച്ച് മാസത്തെ കണക്കുകൂടിയെടുക്കുമ്പോൾ സർവ്വകാല റിക്കോർഡ് ഭേദിച്ച് അയ്യായിരം കോടി ത്രുപയ്ക്ക് മുകളിൽ വരുമാനമുണ്ടാകും. വകുപ്പിന് ഈ രംഗത്ത് നല്ല രീതിയിലുള്ള പുരോഗതിയുണ്ടായിരിക്കുന്നുവെന്നാണ് ഈ റിസൾട്ടെല്ലാം ചൂണ്ടിക്കാണിക്കുന്നത്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

ശ്രീ. പിണറായി വിജയൻ അവസാനത്തെ മുഖ്യമന്ത്രിയായിരിക്കുമെന്ന് ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചു. അദ്ദേഹത്തിന്റെ ആഗ്രഹം അദ്ദേഹം പറഞ്ഞോട്ടെ. കഞ്ഞികുടിക്കുന്നതായല്ല, പാൽപ്പായസം

+ അനുബന്ധമായി ചേർക്കുന്നു.

കൂടിക്കുന്നതായിത്തന്നെ സ്വപ്നം കാണണം. ഈ ഗവൺമെന്റിന്റെ തുടർച്ചയായി മൂന്നാം ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വരുമെന്നാണ് അദ്ദേഹത്തോട് എനിക്ക് പറയാനുള്ളത്. ആ സമയത്ത് കോൺഗ്രസിന് പ്രതിപക്ഷനേതാവ് സ്ഥാനം നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. ഇല്ലെങ്കിൽ ആ സ്ഥാനം ഘടകകക്ഷി കൊണ്ടുപോകും. അതായിരിക്കും വരാൻപോകുന്ന അവസ്ഥയെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇന്ന് ദേവസ്വവുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന കൂടിയുണ്ടെന്നത് പലരും അറിഞ്ഞിട്ടില്ല. റവന്യൂ വകുപ്പിന്റെ ധനാഭ്യർത്ഥനകളുടെയൊപ്പമാണ് ദേവസ്വത്തിന്റെയും ഉൾപ്പെടുത്തിയിരിക്കുന്നത്. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ നല്ല നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ദേവസ്വം ബോർഡുകളെ ഏറ്റവും പ്രസക്തമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ബോർഡിന്റെ പ്രവർത്തനങ്ങളെ മുൻകാലങ്ങളിൽനിന്നെല്ലാം വ്യത്യസ്തമാക്കുന്ന ഒട്ടേറെ

കാര്യങ്ങളുമായി മുന്നോട്ടുപോകുകയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയുമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, വെള്ളപ്പൊക്കത്തിന്റെയും കോവിഡിന്റെയും കാലഘട്ടത്തിൽ കേരള ജനത ദുരിതത്തിലും കഷ്ടപ്പാടിലുമായിരുന്ന സന്ദർഭത്തിൽ ക്ഷേത്രങ്ങളും ദേവസ്വം ബോർഡുകളും വലിയ പ്രയാസത്തിലായിരുന്നു. ജനങ്ങളെ സേവിക്കുന്നതോടൊപ്പം ദേവസ്വം ബോർഡുകളെയും ക്ഷേത്രങ്ങളെയും സംരക്ഷിക്കാനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്. അതുകൊണ്ടാണ് 2018 മുതൽ 2022 വരെ 467 കോടി രൂപ ദേവസ്വം ബോർഡുകളെ സഹായിക്കുന്നതിനുവേണ്ടി ലഭ്യമാക്കാൻ ഗവൺമെന്റ് സന്നദ്ധമായത്. ദേവസ്വം ബോർഡിലെ ജീവനക്കാരെയും പെൻഷൻകാരെയുമെല്ലാം സംരക്ഷിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചത്. 2022-23 വരെ 467 കോടി രൂപയാണ് കൊടുത്തതെങ്കിൽ ഈ സാമ്പത്തിക വർഷം 88 കോടി 71 ലക്ഷം രൂപയാണ് ദേവസ്വം ബോർഡുകളെ സഹായിക്കുന്നതിനായി നീക്കിവച്ചിരിക്കുന്നത്. എല്ലാ ക്ഷേത്രങ്ങളുടെയും ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടലാണ് ഇപ്പോൾ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. പലപ്പോഴും ദേവസ്വം ബോർഡുകൾക്ക്

കീഴിലുള്ള ക്ഷേത്രങ്ങളിലെ ഭൗതിക സാഹചര്യങ്ങളിൽ പരിമിതിയുണ്ടായിരുന്നു. ദേവസ്വം ബോർഡുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതോടൊപ്പം ആ പരിമിതികൾ മറികടന്നുകൊണ്ട് ക്ഷേത്രങ്ങളുടെ ഭൗതികാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടൽ സർക്കാർ നടത്തുകയുണ്ടായി. ജനങ്ങളുടെ ഭാഗത്തുനിന്നും നല്ല രീതിയിലുള്ള സഹായമാണുണ്ടാകുന്നത്. ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാണെന്ന് ജനങ്ങൾക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളെ സംരക്ഷിക്കുന്നതിന് ജനങ്ങളും മുന്നോട്ടുവരുന്ന സ്ഥിതിയാണുണ്ടായത്.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടനമാണ് ശബരിമല തീർത്ഥാടനം. വെള്ളപ്പൊക്കത്തിന്റെയും കോവിഡ് ദുരന്തത്തിന്റെയുമെല്ലാം പശ്ചാത്തലത്തിൽ ശബരിമല തീർത്ഥാടനം വളരെ പ്രയാസം നേരിട്ട കാലഘട്ടമായിരുന്നു ഇത്. എന്നാൽ കോവിഡ് പശ്ചാത്തലമെല്ലാം മാറിയതിനുശേഷമുള്ള ഈ വർഷത്തെ ശബരിമല തീർത്ഥാടനം കേരള ചരിത്രത്തിലെ ഏറ്റവും വലിയ തീർത്ഥാടനമായി മാറുകയായിരുന്നു. അരക്കോടിയോളം ഭക്തരാണ് നമ്മുടെ രാജ്യത്തിന്റെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിൽനിന്നും അവിടേയ്ക്കെത്തിയത്. അവർക്കാവശ്യമായ

എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ കഴിഞ്ഞു. കേവലം ഗവൺമെന്റിന്റെയോ ദേവസ്വം വകുപ്പിന്റെയോ മാത്രമല്ല, കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും ഭാഗത്തുനിന്ന് ഇതിനുള്ള സഹകരണമുണ്ടായിയെന്നതാണ് പ്രത്യേകത. നമ്മുടെ ക്ഷേത്രങ്ങളിൽ ഭക്തർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. ക്ഷേത്രങ്ങൾ മാത്രമല്ല, പള്ളികളിലും മോസ്കുകളിലുമെല്ലാംതന്നെ അയ്യപ്പഭക്തർക്കുവേണ്ട എല്ലാ സൗകര്യവും ചെയ്തുകൊടുത്തുകൊണ്ട് ശബരിമല തീർത്ഥാടനം മതേതരത്വത്തിന്റെ മഹാസംഗമമാണെന്ന് തെളിയിച്ചുവെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. തീർച്ചയായും അത് കേരളത്തിന് മാതൃകയാക്കാൻ കഴിയുന്നതാണ്. കേരളം എല്ലാ രംഗത്തും മാതൃകയാണെന്ന് പറയുന്നതിൽ ഏറ്റവും എടുത്ത് പറയാൻ കഴിയുന്ന ഒരു കാര്യം ഹിന്ദുവും മുസൽമാനും ക്രൈസ്തവരുമെല്ലാം ഏകോദര സഹോദരങ്ങളെപ്പോലെ ജീവിക്കുകയും അങ്ങനെ ജീവിക്കുന്നുവെന്ന് കാണിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു സംഭവമായി നമ്മുടെ തീർത്ഥാടന കാലഘട്ടത്തെ മാറ്റിയെന്നതാണ്.

ദേവസ്വം ബോർഡുകളിലെ നിലവിലുള്ള നിയമങ്ങളിലെ അപാകതകൾമൂലം ബോർഡുകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തടസ്സങ്ങളുള്ളതിനാൽ പ്രസ്തുത നിയമങ്ങളിൽ

കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണ്. 2008-ൽ നിലവിൽ വന്ന മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സമഗ്രമായ നിയമം ഇല്ലാത്തതിന്റെ കുറവുണ്ട്. അതുകൊണ്ട് മലബാർ ദേവസ്വം ബോർഡിനായി നിയമ ഭേദഗതി കൊണ്ടുവരുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തിവരികയാണ്. അത് ഈ നിയമസഭാ സമ്മേളനത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. അതിന് കഴിഞ്ഞില്ലെങ്കിൽ അടുത്ത സമ്മേളനത്തിൽ കൊണ്ടുവരുന്നതിന് കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇടപെടൽ നടത്തുന്നതാണ്. ദേവസ്വം ബോർഡുകളിൽ വലിയ രീതിയിലുള്ള അഴിമതിയും കെടുകാര്യസ്ഥതയുമുണ്ടെന്നാണ് പറയപ്പെടുന്നത്. അതിനെതിരെ നല്ലരീതിയിലുള്ള ഇടപെടലാണ് ദേവസ്വം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. ദേവസ്വം ബോർഡുകളിലെ ഇന്റേണൽ ആഡിറ്റ് കൃത്യമായി പരിശോധിക്കപ്പെടുകയോ ചർച്ച ചെയ്യപ്പെടുകയോ ചെയ്തിരുന്നില്ല. അതിനാൽ എല്ലാ ദേവസ്വം ബോർഡുകളിലെയും ഇന്റേണൽ ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്താനും ധനകാര്യ വകുപ്പിന്റെകൂടി സഹായത്തോടെ ദേവസ്വം ബോർഡുകളിലെ ഇന്റേണൽ ആഡിറ്റ്

കൃത്യമായി നടത്താനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുവഴി അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാക്കാനും ക്ഷേത്രങ്ങളിൽ ലഭിക്കുന്ന വരുമാനം ചോർച്ചയില്ലാതെ ക്ഷേത്രങ്ങളുടെയും നാടിന്റെയും പുരോഗതിക്കായി ഉപയോഗപ്പെടുത്താനും കഴിയും. ബഹുമാനപ്പെട്ട പല അംഗങ്ങളും ക്ഷേത്രങ്ങളിലെ സ്ഥലങ്ങൾ പ്രയോജനകരമായി ഉപയോഗപ്പെടുത്തണമെന്ന് സൂചിപ്പിച്ചിരുന്നു. അത് പ്രയോജനപ്പെടുത്താൻ വേണ്ടിയുള്ള ശ്രമങ്ങൾ നല്ല രീതിയിൽ നടത്തുന്നുണ്ട്. നമ്മുടെ ക്ഷേത്രങ്ങളിലെ തരിശായി കിടക്കുന്ന സ്ഥലങ്ങൾ എങ്ങനെ ക്രിയേറ്റീവായി ഉപയോഗപ്പെടുത്താമെന്ന ചർച്ചകൾ നടന്നുവരികയാണ്. ക്ഷേത്രങ്ങളിലെ വഴിപാടിതര വരുമാനങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട്, ഇന്നത്തെ ഭൗതികാന്തരീക്ഷത്തിൽ കൂടുതൽ മാറ്റങ്ങൾ വരുത്താനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ക്ഷേത്രങ്ങൾ സംരക്ഷിക്കുകയും അവിടെനിന്നുള്ള വരുമാനം വർദ്ധിക്കുകയും ചെയ്യുമ്പോൾ അതിന്റെ ഫലം ഗവൺമെന്റിന് ലഭ്യമാക്കുകയല്ല, അത് തിരിച്ച് ക്ഷേത്രങ്ങളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ വേണ്ടിയാണ് വിനിയോഗിക്കുന്നത്. ക്ഷേത്രങ്ങളിലെ വരുമാനം പിടിച്ചുപറ്റാൻ ഗവൺമെന്റ് ശ്രമിക്കുന്നുവെന്ന ആക്ഷേപങ്ങൾ ചില ഭാഗങ്ങളിൽ നിന്നെല്ലാമുണ്ടാകുന്നുണ്ട്. ഒരു നയാപൈസ പോലും ക്ഷേത്രങ്ങളിൽനിന്നോ

ദേവസ്വം ബോർഡിൽനിന്നോ പിടിച്ചുപറ്റുകയല്ല, മറിച്ച് അങ്ങോട്ട് കൊടുക്കുകയെന്നുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അത് തുടർന്നും ചെയ്തുകൊണ്ട് നമ്മുടെ ദേവസ്വം ബോർഡുകളെ കേരളത്തിന്റെ ഏറ്റവും മഹത്തായൊരു പ്രസ്ഥാനമായി മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ എല്ലാവരുടെയും സഹായസഹകരണങ്ങളും പിന്തുണയുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത് പാസ്സാക്കിത്തരണമെന്ന് ഞാൻ പറയുന്നില്ല, സാധാരണഗതിയിൽ റവന്യൂ വകുപ്പിന്റെ ധനാഭ്യർത്ഥനകൾ പാസ്സാകുന്നതിന്റെ കൂടെ ഇതും പാസ്സാകും. ദേവസ്വത്തിനുവേണ്ടി പ്രത്യേകമായൊരു ഹെഡ് രൂപീകരിക്കുന്നതിനെ കുറിച്ച് കഴിഞ്ഞ വർഷം ഡിമാൻഡ് ചർച്ചയിൽ ഞാൻ പറഞ്ഞതാണ്. അടുത്ത സാമ്പത്തിക വർഷമെങ്കിലും ദേവസ്വത്തിനുവേണ്ടി പ്രത്യേകമായൊരു ഹെഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് എല്ലാവർക്കും നന്മകൾ നേർന്നുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: സർവ്വശ്രീ എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, ഐ. സി. ബാലകൃഷ്ണൻ, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, എം. വിൻസെന്റ്, പി. സി. വിഷ്ണുനാഥ്, പി. ഉബൈദുള്ള, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ,

ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, ഐ. സി. ബാലകൃഷ്ണൻ, സി. ആർ. മഹേഷ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ടി. ജെ. വിനോദ്, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, എം. വിൻസെന്റ്, പി. ഉബൈദുള്ള, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ ഭ്രനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭ്രനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക്

നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, സണ്ണി ജോസഫ്, പി. ഉബൈദുള്ള, പി. സി. വിഷ്ണുനാഥ്, എം. വിൻസെന്റ്, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത്, സി. ആർ. മഹേഷ്, ടി. ജെ. വിനോദ്, എൽദോസ് പി. കുന്നപ്പിള്ളിൽ, സജീവ് ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ മുദ്രപത്രങ്ങളും രജിസ്ട്രേഷനും

എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, അൻവർ സാദത്ത്, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, ടി. ജെ. വിനോദ്, ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, എം. വിൻസെന്റ്, സി. ആർ. മഹേഷ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24

സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, എം. വിൻസെന്റ്, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, അൻവർ സാദത്ത്, ഐ. സി. ബാലകൃഷ്ണൻ, പി. സി. വിഷ്ണുനാഥ്, ടി. ജെ. വിനോദ്, സണ്ണി ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, സജീവ് ജോസഫ്, സി. ആർ. മഹേഷ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, നജീബ് കാന്തപുരം,

സി. ആർ. മഹേഷ്, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത്, ടി. ജെ. വിനോദ്, ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, സജീവ് ജോസഫ്, പി. സി. വിഷ്ണുനാഥ്, എം. വിൻസെന്റ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ നജീബ് കാന്തപുരം, യു. എ. ലത്തീഫ്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, പി. സി. വിഷ്ണുനാഥ്, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, സണ്ണി ജോസഫ്, അൻവർ സാദത്ത്, ഐ. സി. ബാലകൃഷ്ണൻ, ടി. ജെ. വിനോദ്, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, എം. വിൻസെന്റ്, സി. ആർ. മഹേഷ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് 13-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 മാർച്ച് മാസം 13-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.26-ന് പിരിഞ്ഞു.)

അനുബന്ധം I

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പൊതുമേഖലാ സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കാൻ നടപടി

6 (*336) ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. എം. മണി:
ശ്രീ. എം. വിജിൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിലെത്തുമ്പോൾ 132 കോടി രൂപ നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി ഈ വർഷം 386 കോടി രൂപ ലാഭം നേടാനായിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും നേതൃത്വത്തിൽ

നടത്തിവരുന്ന ശക്തമായ ഇടപെടലുകളുടെയും മോണിറ്ററിംഗ് സംവിധാനങ്ങളുടെയും ഫലമായി 2021-22 കാലയളവിൽ സ്ഥാപനങ്ങൾ 386.05 കോടി രൂപ പ്രവർത്തനലാഭം നേടുകയുണ്ടായി. മുൻ സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 339.04 കോടി രൂപയുടെ വർദ്ധനവാണ് പ്രവർത്തന ലാഭത്തിലുണ്ടായിരിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷത്തെ (2022-23) ലാഭ-നഷ്ട കണക്കുകൾ 2023 മാർച്ച് മാസം പൂർത്തിയായതിനുശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ. ഇതുകൂടാതെ മുൻ സാമ്പത്തിക വർഷത്തേക്കാൾ 588.16 കോടി രൂപയുടെ (17.80%) വർദ്ധനവ് 2021-22 സാമ്പത്തിക വർഷം വിറ്റുവരവിലും ഉണ്ടായിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സുസ്ഥിരമായ ഭാവി ലക്ഷ്യമിട്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ തയ്യാറാക്കി തുടങ്ങിയിട്ടേയുള്ളൂ. ഹ്രസ്വം-ഇടത്തരം-ദീർഘകാലം എന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതികൾ പൂർണ്ണതോതിൽ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും ഉല്പന്നങ്ങളുടെ കമ്പോളം വിലയിരുത്തി ഉല്പാദന വർദ്ധനവിനോ വൈവിധ്യവൽക്കരണത്തിനോ പദ്ധതി തയ്യാറാക്കി വരുന്നുണ്ടോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി വിശദമായി വിലയിരുത്തിയപ്പോൾ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതിക രംഗത്തും വിപണന മേഖലയിലും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കൂടുതൽ വിപണന സാധ്യതയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ സ്വായത്തമാക്കി വൈവിധ്യവൽക്കരണം അടിസ്ഥാനമാക്കി നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ ശാസ്ത്ര-സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് രൂപകൽപ്പന ചെയ്ത മാസ്റ്റർ പ്ലാൻ പദ്ധതികൾ സ്ഥാപനങ്ങൾ തയ്യാറാക്കിവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ അതിജീവന സാധ്യത ഉറപ്പാക്കി ബഡ്ജറ്റിതര ധനസഹായം നേടി സ്വയംപര്യാപ്തമാക്കാൻ പരിപാടിയുണ്ടോ; ഇതിനായി മാനേജ്മെന്റ് തലത്തിൽ ഉചിതമായ നവീകരണം ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വാശ്രയത്തിലൂന്നിയുള്ള നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ മൂലധന സ്വരൂപണത്തിനും കഴിയുന്ന തരത്തിൽ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖലാ ബാങ്കുകൾ വഴിയോ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കേരളത്തിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ ബാങ്കുകളുടെയും ഷെഡ്യൂൾഡ് ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും ഉയർന്ന ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു യോഗം ചേരുകയും തുടർന്ന് 9 ബാങ്കുകൾ ഉൾപ്പെടുന്ന ഒരു വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി റിയാബിന്റെ നേതൃത്വത്തിൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി അതാത് മേഖലയിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകൾ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരെ ഇൻഡിപെൻഡന്റ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി. മുഖേന നിയമനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ സുതാര്യവും സമയബന്ധിതവുമായി സ്വീകരിക്കുന്നതിനായി കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ധനദ്ധീകരണത്തിന് സ്വീകരിച്ച നടപടികൾ

7 (*337) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്രനയങ്ങളും നടപടികളും സംസ്ഥാനത്തിന് തിരിച്ചടിയായിട്ടും കരുതലും വികസനവും എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം ഭംഗമില്ലാതെ കൊണ്ടുപോകുന്നതിനും ധനദ്ധീകരണത്തിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര കൈമാറ്റത്തിൽ വന്നിട്ടുള്ള ഭീമമായ കുറവും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന് അർഹതപ്പെട്ട വായ്പാപരിധിയിൽ ഗണ്യമായ വെട്ടിക്കുറവ് വരുത്തുന്ന കേന്ദ്ര നടപടിയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ടെന്നത് വസ്തുതയാണ്. മേൽ പ്രതിസന്ധി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടുമുള്ള നടപടികളിലൂടെ

മറികടക്കുവാനാണ് സർക്കാർ ശ്രദ്ധിച്ചുപോരുന്നത്. ഇതോടൊപ്പം, സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയെന്നതും ധനദൃഢീകരണം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമാണ്. ഇതിന്റെ തുടർച്ചയായാണ് ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) മൂലധന ചെലവിനോടൊപ്പം വികസന ചെലവുകളും ക്ഷേമ പദ്ധതികളും സംസ്ഥാനത്തിന് ദേശീയ ശരാശരിയെക്കാളും ഉയർന്ന സാമ്പത്തിക വളർച്ച കൈവരിക്കുന്നതിന് എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉല്പാദന മേഖലയിലെ ത്വരിത വളർച്ച പ്രധാന ഘടകമായി വർത്തിച്ചതിന്റെ ഫലമായാണ് 2021-22-ൽ സംസ്ഥാനത്തിന് 12.01% (സ്ഥിരവിലയിൽ) സാമ്പത്തിക വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടുള്ളത്. കാർഷിക അനുബന്ധ മേഖലയിൽ 6.7%-ഉം വ്യാവസായിക അനുബന്ധ

മേഖലയിൽ 17.3%-ഉം വളർച്ചാ നിരക്ക് കൈവരിക്കുവാൻ സാധിച്ചതും വ്യാവസായിക മേഖലയ്ക്കുള്ളിലെ ഉല്പന്ന നിർമ്മാണ മേഖലയിൽ 18.9% വളർച്ചാ നിരക്ക് നേടുവാൻ കഴിഞ്ഞതും മൂലധന/വികസന ചെലവുകളിലൂടെയും ബന്ധപ്പെട്ട മേഖലകളുടെ റീസ്ട്രക്ച്ചറിംഗിനായി സർക്കാർ സ്വീകരിച്ച നയപരമായ ഇടപെടലുകളിലൂടെയുമാണ്. ഒരു ഉപഭോക്തൃ സമ്പദ്വ്യവസ്ഥയെന്ന നിലയിൽ ജനങ്ങളുടെ വാങ്ങൽശേഷി നിലനിർത്തുന്നതിൽ സർക്കാർ പ്രത്യേക ഊന്നൽ നൽകി നടത്തിയ ക്ഷേമപ്രവർത്തനങ്ങളുടെ കൂടി ഫലമായാണ് പ്രതികൂല സാഹചര്യത്തിലും ഗണ്യമായ സാമ്പത്തിക വളർച്ച നേടുവാൻ കഴിഞ്ഞിട്ടുള്ളത്.

(സി) നടപ്പ് സാമ്പത്തിക വർഷം വിവിധ ക്ഷേമ പെൻഷനുകൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും 2015-16 വർഷം ഈ ഇനങ്ങൾക്കായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും അറിയിക്കാമോ?

വിവിധ ക്ഷേമ പെൻഷനുകൾക്കായി നടപ്പ് സാമ്പത്തിക വർഷം 11101.92 കോടി രൂപയും 2015-16 സാമ്പത്തിക വർഷം 3675.16 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ

8 (*338) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ നികുതി ഇനത്തിൽ 21797.86 കോടി രൂപ പിരിച്ചെടുക്കാനുള്ളതായി സി.&എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ?

വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

സി.&എ.ജി. റിപ്പോർട്ട് 31-03-2019 പ്രകാരമുള്ള സംസ്ഥാന എസ്.ജി.എസ്.ടി. വകുപ്പിന്റെ തനത് നികുതി വരുമാന കുടിശ്ശിക 13305.88 കോടി രൂപയാണ്. അതിൽ 4776.57 കോടി രൂപ ബഹുമാനപ്പെട്ട ഹൈക്കോടതി തുടങ്ങി വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. 6821.31 കോടി രൂപ റവന്യൂ റിക്കവറി

അധികാരികളുടെ നടപടിക്രമങ്ങളിൽ ഉൾപ്പെട്ടതാണ്. ഈ തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എക്സൈസ് വകുപ്പ്

1952 മുതൽ 2011 വരെയുള്ള അബ്കാരി കുടിശ്ശികയിനത്തിൽ 31-12-2022 വരെ മുതലിനത്തിൽ 57,91,02,497/- രൂപയും പലിശയിനത്തിൽ 231,12,25,853/- രൂപയുമായി ആകെ 289,03,28,350/- രൂപ കുടിശ്ശികയായി നിലനിൽക്കുന്നു.

രജിസ്ട്രേഷൻ വകുപ്പ്

ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയംതന്നെ ആവശ്യമായ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കിയാണ് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. ആയതിനാൽ ആധാര രജിസ്ട്രേഷൻമൂലം നികുതി കുടിശ്ശിക ഉണ്ടാകാറില്ല. എന്നാൽ ടി ആധാരത്തിൽ കാണിച്ചിട്ടുള്ള വില കുറവാണെന്ന് ബോധ്യപ്പെടുന്നപക്ഷം ടി ആധാരങ്ങളിന്മേൽ അണ്ടർ വാല്യുവേഷൻ നടപടിക്കായി സബ് രജിസ്ട്രാർമാർ റിപ്പോർട്ട് ചെയ്യാറുണ്ട്. ടി ഇനത്തിൽ 01-01-1986 മുതൽ 2023 ജനുവരി 31 വരെയുള്ള കണക്കനുസരിച്ച് 713.098/- കോടി രൂപ പിരിഞ്ഞ് കിട്ടാനുണ്ട്.

ലാൻഡ് റവന്യൂ

സി.&എ.ജി. റിപ്പോർട്ട് 2019-2021 (റവന്യൂ സെക്ടർ) പ്രകാരം റവന്യൂ വകുപ്പിൽ വിവിധ നികുതിയിനത്തിൽ 397.59 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്.

ട്രാൻസ്പോർട്ട് വകുപ്പ്

മോട്ടോർ വാഹന വകുപ്പിന് കുടിശ്ശികയായിട്ടുള്ളത് ഏകദേശം 1000 കോടി രൂപയാണ്. ഇതിൽ കെ.എസ്.ആർ.ടി.സി.-യുടെ കുടിശ്ശികയായ 1844.72 കോടി രൂപ ഉൾപ്പെടുത്തിയിട്ടില്ല. മോട്ടോർ വാഹന വകുപ്പ് തുടങ്ങിയ കാലം മുതൽ നാളിതുവരെയുള്ള കുടിശ്ശികയാണിത്. നികുതി കുടിശ്ശിക അടയ്ക്കാനുള്ള ഭൂരിഭാഗം വാഹനങ്ങളും ഇപ്പോൾ നിരത്തിൽ ഓടുന്നില്ല. മാത്രമല്ല ടി വാഹന ഉടമകളെക്കുറിച്ചോ വാഹനങ്ങളെ സംബന്ധിച്ചോ യാതൊരു അറിവും വകുപ്പിന് ലഭ്യമല്ല. കുടിശ്ശിക നികുതി അടയ്ക്കുന്നതിന് സർക്കാർ പല പ്രാവശ്യം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടും വാഹന ഉടമകൾ വളരെ ചുരുങ്ങിയ ഈ നികുതിപോലും അടയ്ക്കുന്നതിന് വകുപ്പിനെ സമീപിച്ചിട്ടില്ല. വാഹന ഉടമകൾക്ക് അയയ്ക്കുന്ന ഭൂരിഭാഗം നോട്ടീസുകളും കൈപ്പറ്റാൻ ആളില്ല അല്ലെങ്കിൽ മേൽവിലാസക്കാരനെ കണ്ടെത്തുവാൻ സാധിച്ചില്ല എന്നീ കാരണത്താൽ

മടങ്ങിവന്നിരിക്കുകയാണ്. ബുക്ക് അരിയേഴ്സായി കിടക്കുന്ന ഈ തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് വകുപ്പിന് സാധിക്കുകയില്ല. എന്നിരുന്നാലും കുടിശ്ശികയുള്ള വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.

<u>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്</u>

സംസ്ഥാന എസ്.ജി.എസ്.ടി. വകുപ്പിൽ തനത് നികുതി വരുമാന കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നികുതി കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി കഴിഞ്ഞ വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന ആംനെസ്റ്റി പദ്ധതി ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ടായിരുന്നു. വകുപ്പ് തലത്തിലും തഹസിൽദാർ (ആർ.ആർ.) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടാതെ റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത്

പുന:സംഘടിപ്പിച്ച വകുപ്പ് സംവിധാനത്തിൽ ഓരോ ജില്ലയിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി മാത്രമായി പ്രത്യേക ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

രജിസ്ട്രേഷൻ വകുപ്പ്

ആധാരങ്ങളുടെ അണ്ടർ വാല്യുവേഷനുമായി ബന്ധപ്പെട്ട തുകകൾ പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അണ്ടർ വാല്യുവേഷൻ തുകകൾ പിരിച്ചെടുക്കുന്നതിനായി സമഗ്ര കോമ്പൗണ്ടിംഗ് പദ്ധതി പ്രഖ്യാപിച്ചിരുന്നെങ്കിലും 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങൾമൂലവും 2020, 2021 വർഷങ്ങളിൽ കോവിഡ് മഹാമാരിമൂലവും അദാലത്തുകളും പ്രചരണങ്ങളും മറ്റും ഉദ്ദേശിച്ച രീതിയിൽ സംഘടിപ്പിക്കുവാൻ സാധിച്ചിരുന്നില്ല.

ട്രാൻസ്പോർട്ട് വകുപ്പ്

മോട്ടോർ വാഹന വകുപ്പിൽ നികുതി പിരിച്ചെടുക്കുന്നതിൽ വകുപ്പ് ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല. നികുതി കുടിശ്ശിക അടയ്ക്കാനുള്ള ഭൂരിഭാഗം വാഹനങ്ങളും ഇപ്പോൾ നിരത്തിൽ ഓടുന്നില്ല. മാത്രമല്ല ടി വാഹന ഉടമകളെക്കുറിച്ചോ വാഹനങ്ങളെ സംബന്ധിച്ചോ യാതൊരു അറിവും വകുപ്പിന് ലഭ്യമല്ല. കുടിശ്ശിക നികുതി അടയ്ക്കുന്നതിന് സർക്കാർ പല പ്രാവശ്യം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടും വാഹന ഉടമകൾ വളരെ ചുരുങ്ങിയ ഈ നികുതിപോലും അടയ്ക്കുന്നതിന് വകുപ്പിനെ സമീപിച്ചിട്ടില്ല. വാഹന ഉടമകൾക്ക് അയയ്ക്കുന്ന ഭൂരിഭാഗം നോട്ടീസുകളും കൈപ്പറ്റാൻ ആളില്ല അല്ലെങ്കിൽ മേൽവിലാസക്കാരനെ കണ്ടെത്താൻ സാധിച്ചില്ല എന്നീ കാരണത്താൽ മടങ്ങി വന്നിരിക്കുകയാണ്. ബുക്ക് അറിയേഴ്സായി കിടക്കുന്ന ഈ തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് വകുപ്പിന് സാധിക്കുകയില്ല. എന്നിരുന്നാലും കുടിശ്ശികയുള്ള വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

(സി) സി.&എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രസ്തുത കുടിശ്ശിക അടിയന്തരമായി പിരിച്ചെടുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

കുടിശ്ശിക അടിയന്തരമായി പിരിച്ചെടുക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.

<u>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്</u>

സംസ്ഥാന എസ്.ജി.എസ്.ടി. വകുപ്പിന്റെ തനത് നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജി.എസ്.ടി. വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നികുതി കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി കഴിഞ്ഞ വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന ആംനെസ്റ്റി പദ്ധതി ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ടായിരുന്നു. വകുപ്പ് തലത്തിലും തഹസിൽദാർ (ആർ.ആർ.) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടാതെ റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് പുന:സംഘടിപ്പിച്ച വകുപ്പ് സംവിധാനത്തിൽ ഓരോ ജില്ലയിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി മാത്രമായി പ്രത്യേക ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിച്ചിട്ടുണ്ട്.

<u>എക്സൈസ് വകുപ്പ്</u>

എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി പുതിയൊരു ആംനെസ്റ്റി സ്കീം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) 22-02-2023 തീയതിയിലെ സ.ഉ.(കൈ)നം.12/2023/നികുതി ഉത്തരവ് പ്രകാരം നടപ്പാക്കിയിട്ടുള്ളതും ആയതിന്റെ നടപടികൾ തുടർന്നുവരുന്നതുമാണ്.

രജിസ്ട്രേഷൻ വകുപ്പ്

രജിസ്ട്രേഷൻ വകുപ്പിൽ കുടിശ്ശികയുള്ള അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനും സർക്കാരിന് അധിക വിഭവ സമാഹരണം നടത്തുന്നതിനും ആവിഷ്കരിച്ച കോമ്പൗണ്ടിംഗ് പദ്ധതി 2023 മാർച്ച് 31 വരെ ദീർഘിപ്പിച്ചിരുന്നു. എന്നാൽ നിലവിലുള്ള കോമ്പൗണ്ടിംഗ് പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാത്തതിനാൽ 2023-24 സാമ്പത്തിക വർഷം മുതൽ നിർത്തലാക്കുകയും കുടിശ്ശികയുള്ള കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിനായി ആർ.ആർ. നടപടികൾ തുടങ്ങിയ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതുമാണെന്ന് 2023-24 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ബഡ്ജറ്റിൽ 553-ാം ഖണ്ഡികയായി പ്രഖ്യാപിച്ചിട്ടുണ്ട്.

ലാൻഡ് റവന്യൂ

മേൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് പല തലങ്ങളിലായുള്ള അവലോകന യോഗങ്ങൾ നടത്തിയിട്ടുള്ളതും തദ്വാരാ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സാധിച്ചിട്ടുള്ളതുമാണ്. കൂടാതെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒരു തീവ്രയജ്ഞ പരിപാടി നടത്തുന്നതിനും ഇതിനായി പ്രത്യേക ടീം രൂപീകരിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

ട്രാൻസ്പോർട്ട് വകുപ്പ്

നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾവഴി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. അതുപോലെതന്നെ നികുതി അടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും ഇത്തരം വാഹനങ്ങളിൽനിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടികൾ സ്വീകരിക്കുവാനും എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാത്രമല്ല വകുപ്പിൽ പിരിഞ്ഞുകിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നികുതി കുടിശ്ശിക വരുത്തിയ ഒരു വാഹനവും

നിരത്തിലോടുന്നില്ലായെന്ന് ഉറപ്പുവരുത്തുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

വായ്പാ കുടിശ്ശിക അടയ്ക്കാൻ സാവകാശം

9 (*339) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം, പ്രളയം, കോവിഡ് എന്നിവമൂലം ദുരിതമനുഭവിച്ചവർക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പയുടെ കുടിശ്ശിക അടയ്ക്കാൻ സാവകാശം നൽകുകയോ കുടിശ്ശികയായ വായ്പ സഹകാരികൾക്ക് പുതുക്കി നൽകുകയോ ചെയ്തിട്ടുണ്ടോ; ജപ്തി നടപടികളിൽ നിന്നും സാവകാശം നല്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നോട്ട് നിരോധനം, പ്രളയം, കോവിഡ് എന്നിവമൂലം ദുരിതമനുഭവിച്ചവർക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പയുടെ കുടിശ്ശിക അടയ്ക്കാൻ സാവകാശം നൽകുന്നതിനും ജപ്തി നടപടികളിൽനിന്നും

സാവകാശം നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാർഷിക കടങ്ങൾക്ക് 31-07-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽനിന്നും കർഷകരെടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-03-2020 വരെ മൊറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. കൂടാതെ സംസ്ഥാനത്ത് കോവിഡ്-19 രോഗബാധ ഉണ്ടായതിനെത്തുടർന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01-03-2020 മുതൽ 31-08-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു.

2021 ആഗസ്റ്റ് 16-ന് ആരംഭിച്ച നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് കോവിഡ് സാഹചര്യം പരിഗണിച്ച് 2022 സെപ്തംബർ 30 വരെ തുടരുന്നതിന് അനുമതി നൽകിയിരുന്നു. പ്രളയം, കോവിഡ് എന്നിവമൂലം ദുരിതമനുഭവിച്ചവർക്ക് ഇളവുകൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ ടി പദ്ധതിയിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കി നൽകുന്നു. പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ്

നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകി വായ്പ കണക്ക് അവസാനിപ്പിക്കുന്നതിനും സാധിക്കുന്നു. ഇപ്രകാരം കുടിശ്ശികക്കാരായ വായ്പക്കാർക്ക് കുടിശ്ശിക അടയ്ക്കാനും ജപ്തി നടപടികളിൽനിന്നും ഒഴിവാകുന്നതിനുമുള്ള സാവകാശവും അവസരവും ലഭിക്കുന്നു.

കേരള ബാങ്കിനും കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിനും ടി പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി നൽകാറുണ്ട്. കേരള ബാങ്ക് കോവിഡ്മൂലം ദുരിതമനുഭവിച്ച വായ്പാക്കാർക്ക് 2020-21 വർഷങ്ങളിൽ റിസർവ് ബാങ്ക് വ്യവസ്ഥകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി മൊറട്ടോറിയം, റീസ്ട്രക്ചറിംഗ് എന്നിവ അനുവദിക്കുകയും പ്രളയം-കോവിഡ് സുരക്ഷ വായ്പാ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 വർഷത്തിലും ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോവിഡ്മൂലം ദുരിതമനുഭവിച്ചവർക്ക് ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ടി പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പരമാവധി ഇളവുകളോടെ വായ്പ

കണക്കുകൾ അവസാനിപ്പിച്ച് വായ്പക്കാർക്ക് ജപ്തി നടപടികളിൽനിന്നും ഒഴിവാകാവുന്നതാണ്.

(ബി) കിടപ്പാടം മാത്രമുള്ള വ്യക്തികളുടെ വീടുകൾ ജപ്തി ചെയ്യാതെ പരമാവധി സാവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

ജപ്തി നടപടികൾ നേരിടുന്ന വായ്പക്കാരുടെ വായ്പ നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും റിക്കവറി മാനേജ്മെന്റ് സ്കീം പ്രകാരവും പലിശ ഇളവുകളോടുകൂടി അവസാനിപ്പിക്കുന്നതിന് അവസരമുണ്ട്. പ്രാഥമിക സഹകരണ ബാങ്കുകളിൽ 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്തംബർ 30 വരെ നടപ്പിലാക്കിയ നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 ഫെബ്രുവരി 1 മുതൽ 2023 മാർച്ച് 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കേരള ബാങ്കിലും ടി പദ്ധതി 2023 മാർച്ച് 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സ്മാർട്ട് മീറ്റർ പദ്ധതി

10 (*340) ശ്രീമതി കാനത്തിൽ ജമീല:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം സ്മാർട്ട് മീറ്റർ സ്ഥാപിക്കേണ്ടതായി വരുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി. അത് നേരിട്ട് ചെയ്യണമെന്ന ആവശ്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) വളരെ കുറഞ്ഞ ചെലവിൽ കെ.എസ്.ഇ.ബി.-ക്ക് സ്മാർട്ട് മീറ്ററുകൾ നേരിട്ട് സ്ഥാപിക്കാനുള്ള സാങ്കേതികവിദ്യ ലഭ്യമാണോ; സ്വകാര്യ സംരംഭകർക്ക് പ്രസ്തുത പദ്ധതി നൽകാനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) പരിശോധിച്ചുവരികയാണ്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം). പ്രസ്തുത സ്കീം പ്രകാരം സ്മാർട്ട് മീറ്റർ പദ്ധതി എങ്ങനെ നടപ്പിലാക്കാം എന്നതിനെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു അഞ്ചംഗ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

i. ഗ്രണഭോക്താക്കളുടെ സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ.

ii. C-DAC-ന്റെ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സ്മാർട്ട് മീറ്റർ പദ്ധതി കെ.എസ്.ഇ.ബി.എൽ. നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതിന്റെ സാധ്യത.

iii.സ്മാർട്ട് മീറ്റർ പദ്ധതി കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുകയാണെങ്കിൽ RDSS-ലെ സാമ്പത്തിക സഹായം ലഭ്യമാകുമോ എന്ന വിഷയം.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ RDSS-നുള്ള കേന്ദ്ര സഹായം നഷ്ടപ്പെടാതെയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയെ ബാധിക്കാത്ത തരത്തിലും ഗ്രണഭോക്താക്കളുടെ സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്ന വിധത്തിലും സ്മാർട്ട് മീറ്റർ പദ്ധതിയെ വിലയിരുത്തി സമഗ്രമായ പരിശോധന നടത്തി ഘട്ടംഘട്ടമായി നടപ്പിലാക്കണമെന്ന ലക്ഷ്യം മുൻനിർത്തി ബോർഡിന് ഗ്രണപരമായതും പ്രായോഗികമായി നടപ്പിലാക്കുവാൻ കഴിയുന്നതുമായ തീരുമാനമെടുക്കാൻ കെ.എസ്.ഇ.ബി.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള സമയപരിധിക്കകം നടപടികൾ സ്വീകരിക്കണമെന്നതിനാൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സേവനദാതാവിനെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ 13-02-2023-ന് ആരംഭിച്ചു. കേന്ദ്ര സർക്കാർ നാൽപ്പതോളം സ്ഥാപനങ്ങളെ സേവനദാതാക്കളായി എം-പാനൽ ചെയ്തിട്ടുണ്ട്. ഏത് സ്ഥാപനത്തിന് വേണമെങ്കിലും ടെണ്ടറിൽ പങ്കെടുക്കാം. പ്രസ്തുത ടെണ്ടർ സ്വകാര്യ സംരംഭകർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടില്ല. മേൽ വിദഗ്ധ സമിതിയുടെ അഭിപ്രായം ലഭിച്ചതിനുശേഷം മാത്രമേ ടെണ്ടർ നടപടികളിൽ കെ.എസ്.ഇ.ബി.എൽ. അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(സി) സ്മാർട്ട് മീറ്റർ സ്ഥാപിക്കലും പരിപാലനവും ബില്ലിംഗും പുറം കരാർ നൽകുന്ന ടോട്ടെക്സ് രീതി ബോർഡിനും ഉപഭോക്താക്കൾക്കും ഗുണകരമല്ലെന്ന ആശങ്ക ഉയർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വിലയിരുത്തിയിട്ടുണ്ടോയെന്നും ഇക്കാര്യം പുന:പരിശോധിക്കാൻ തയ്യാറാകുമോയെന്നും വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ടോട്ടെക്സ് രീതിയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കലും പരിപാലനവും ടെണ്ടർ മുഖേന തെരഞ്ഞെടുക്കുന്ന ഒരു സേവനദാതാവിനെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. സ്മാർട്ട് മീറ്റർ

പദ്ധതിയിലൂടെ മീറ്റർ റീഡിംഗ്, ബില്ലിംഗ്, ഡിസ്കണക്ഷൻ, റീകണക്ഷൻ എന്നീ പ്രവർത്തനങ്ങളുടെ ഓട്ടോമേഷനാണ് നടപ്പിലാക്കുന്നത്. കൂടാതെ, എനർജി അക്കൗണ്ടിംഗും ഓഡിറ്റിംഗും വിവിധ രീതിയിലുള്ള ഡാറ്റ അവലോകനവും സാധിക്കുന്നതാണ്. ബില്ലിംഗ് പൂർണ്ണമായും കെ.എസ്.ഇ.ബി.എൽ. നേരിട്ടാണ് നടത്തുന്നത്. ഇപ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന രീതി വിലയിരുത്താനും പരിശോധിക്കാനും വേണ്ടി സർക്കാർ 07-02-2023-ൽ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചായിരിക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന നടപടികളുമായി കെ.എസ്.ഇ.ബി.എൽ. മുന്നോട്ടുപോകുന്നത്.

(ഡി) കെ.എസ്.ഇ.ബി.-യുടെ വാണിജ്യ നഷ്ടം രണ്ട് ശതമാനത്തിൽ താഴെയാണെന്നത് വസ്തുതയാണോ; എങ്കിൽ വൻചെലവ് വരുന്ന ഈ പദ്ധതിയുടെ സാമ്പത്തിക നേട്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ 2021-22-ലെ വിതരണ വിഭാഗത്തിലെ AT&C loss 8.26% ആണ്. സ്മാർട്ട് മീറ്റർ മുഖേന മാത്രമേ കൃത്യമായ എനർജി അക്കൗണ്ടിംഗും ഓഡിറ്റിംഗും (machine to machine communication) നടപ്പിലാക്കാൻ പറ്റുകയുള്ളൂ. സ്മാർട്ട് മീറ്റർ

സ്ഥാപിക്കുന്നതിലെ കാലതാമസം കൃത്യമായ എനർജി അക്കൗണ്ടിംഗിലും ഓഡിറ്റിംഗിലും സ്വാധീനം ചെലുത്തും. ഇത് ഊർജ്ജ സംരക്ഷണ നിയമത്തിന് കീഴിലുള്ള പിഴ അടയ്ക്കേണ്ടിവരുന്നതുൾപ്പെടെയുള്ള നടപടികൾക്ക് വിധേയമായേക്കാം. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) 19-08-2021-ൽ പുറപ്പെടുവിച്ചിട്ടുള്ള (മീറ്ററുകളുടെ ഇൻസ്റ്റലേഷനും പ്രവർത്തനവും) (ഭേദഗതി) ചട്ടങ്ങൾ 2021 പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിന് ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നിലവിലുണ്ട്.

RDSS പദ്ധതി വിഭാവനം ചെയ്യുന്ന ഉപപ്രസരണ-വിതരണ മേഖലയിലെ പരിഷ്കാരങ്ങൾ വഴി സാമ്പത്തിക നഷ്ടം കുറയ്ക്കുവാൻ വിതരണ മേഖലയെ പ്രാപ്തമാക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും സമയബന്ധിതമായി പ്രകടനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. RDSS പദ്ധതിയുടെ ഭാഗമായി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സമയബന്ധിതമായി പൂർത്തിയാക്കിയാൽ, സ്മാർട്ട് മീറ്റർ വിലയുടെ 15%, (അഥവാ പരമാവധി മീറ്ററിന് 900 രൂപ വരെ) കേന്ദ്ര വിഹിതമായി ലഭിക്കുന്നതാണ്. കൂടാതെ RDSS പദ്ധതി വിഭാവനം ചെയ്യുന്ന

ഉപപ്രസരണ-വിതരണ മേഖലയിലെ പരിഷ്കാരങ്ങൾക്ക് 60% കേന്ദ്ര വിഹിതമായി (1341.47 കോടി രൂപ) ലഭിക്കണമെങ്കിൽ, സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. കൂടാതെ RDSS പദ്ധതിയുടെ ഭാഗമായി, വിതരണ മേഖലയിലെ ശൃംഖലാ നവീകരണത്തിന്റെയും ഒന്നാംഘട്ടം സ്മാർട്ട് മീറ്റർ പദ്ധതിയുടെയും ടെണ്ടറുകൾ ക്ഷണിച്ചതും സംസ്ഥാനത്തിന്റെ അധിക കടമെടുപ്പുമായി കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന മികവ് കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു.

സംസ്ഥാനത്തിന്റെ ധനസ്ഥിതി

11 (*341) ശ്രീ. മാണി സി. കാപ്പൻ:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനഅസന്തുലിതാവസ്ഥ നിലനിൽക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ധനഅസന്തുലിതാവസ്ഥ നിലനിൽക്കുന്നില്ല. കേരളം വളർച്ചയുടെയും അഭിവൃദ്ധിയുടെയും പാതയിലേയ്ക്ക് തിരിച്ചുവന്നിരിക്കുന്നുവെന്നാണ് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. നോട്ടുനിരോധനം, അശാസ്ത്രീയമായ ജി.എസ്.ടി. നടപ്പിലാക്കൽ, ഓഖി ദുരന്തം, പ്രളയങ്ങൾ, മഹാവ്യാധി, സാമ്പത്തികത്തകർച്ച, യുദ്ധം, വിലക്കയറ്റം തുടങ്ങി ഒന്നിനുപിറകേ മറ്റൊന്ന് എന്ന മട്ടിൽ 2016 മുതൽ വന്ന വെല്ലുവിളികളെ ധീരമായി അഭിമുഖീകരിക്കാനും അതിജീവിക്കാനും സംസ്ഥാനത്തിന് കഴിഞ്ഞു. 2021-22-ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം സ്ഥിരവിലയിൽ 12.01 ശതമാനം കണ്ട് വളർന്നു. 2020-21 കോവിഡ് കാലഘട്ടത്തിൽ സമ്പദ്ഘടന 8.43 ശതമാനം കണ്ട് തളരുകയാണുണ്ടായത്. 2019-20-ലാകട്ടെ വളർച്ച കേവലം 0.9 ശതമാനമായിരുന്നു. ഉൽപ്പാദന മേഖലയെയും ഉൾച്ചേർത്തുകൊണ്ടുള്ള സാമ്പത്തിക വളർച്ച നമുക്ക് നേടാനായി എന്നതാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് 2021-22-ലെ സാമ്പത്തിക വളർച്ചയുടെ പ്രത്യേകത. കാർഷിക അനുബന്ധ മേഖലയിൽ 6.7 ശതമാനവും വ്യാവസായിക അനുബന്ധ മേഖലയിൽ 17.3 ശതമാനവും വളർച്ചാ നിരക്ക് കൈവരിച്ചത് സമീപകാല ചരിത്രത്തിലാദ്യമായാണ്. വ്യാവസായിക മേഖലയ്ക്കുള്ളിൽ ഉൽപ്പന്ന

നിർമ്മാണ മേഖലയിലാണ് (manufacturing) നിർണ്ണായകമായ വളർച്ചാനിരക്ക് കൈവരിക്കാനായത് (18.9 ശതമാനം). ഇത്തരത്തിൽ സമ്പദ്‌വ്യവസ്ഥയെ പുനരുദ്ദീപിപ്പിച്ച് ഉൽപ്പാദനവും അതുവഴി വരുമാനവും വർദ്ധിപ്പിക്കുക എന്നതാണ് സർക്കാരിന്റെ നയം. 2022-23 വർഷത്തെ ആഭ്യന്തര ഉൽപ്പാദനം 9.99 ലക്ഷം കോടി രൂപയാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ പുതുക്കിയ കണക്കുകൾ പ്രകാരം 10.18 ലക്ഷം കോടി രൂപയായി ആഭ്യന്തര ഉൽപ്പാദനം വർദ്ധിക്കുമെന്ന് കണക്കാക്കുന്നു. ആഭ്യന്തര ഉൽപ്പാദനത്തിന്റെ വളർച്ചയോടൊപ്പംതന്നെ തനത് വരുമാനത്തിലും വർദ്ധനവുണ്ടായി.

(ബി) വരും വർഷങ്ങളിൽ സംസ്ഥാനത്തിനുള്ള കേന്ദ്ര ധന കൈമാറ്റത്തിൽ വരുന്ന മാറ്റം എന്താണെന്ന് വ്യക്തമാക്കാമോ?

2023-24 സാമ്പത്തിക വർഷം നടപ്പ് വർഷത്തെക്കാൾ വലിയ ധനഞെരുക്കമാണ് പ്രതീക്ഷിക്കുന്നത്. അതിന് കാരണം റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ 2022-23-നെ അപേക്ഷിച്ചുണ്ടാകാൻ പോകുന്ന 8,425 കോടി രൂപയുടെ കുറവും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയ വകയിൽ നഷ്ടപ്പെടുന്ന ഏകദേശം 5,700 കോടി രൂപയും കടപരിധിയിലെ കുറവുമൂലമുണ്ടാകുന്ന വിഭവനഷ്ടവും അടുത്ത വർഷം കിഫ്ബിയും കേരള

സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡും എടുക്കാൻ സാധ്യതയുള്ള കടവുംകൂടി കടമെടുപ്പ് പരിധിയിൽ കുറയുന്നതുമൊക്കെയാണ്. സംസ്ഥാനം സാമ്പത്തികാഘാതത്തിൽനിന്നും കരകയറി വളർച്ചയുടെ പാതയിൽ എത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഈ ധനനയം വളർച്ചയെ പ്രതികൂലമായി ബാധിക്കും.

(സി) സംസ്ഥാനത്തിന് കേന്ദ്ര നികുതി വിഹിതം നൽകുന്നതിൽ വിവേചനം സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഇത് മറികടക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 1.925 ശതമാനമായും കുറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ നികുതി പിരിവ് കാര്യക്ഷമമാക്കി സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി വിവിധ പദ്ധതികൾ വിഭാവനം ചെയ്യുകയും അതിന്മേൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുകയാണ്. അതിൽ പ്രധാനപ്പെട്ട നടപടികൾ ഇവയൊക്കെയാണ്.

1. ചരക്കുസേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതിനകംതന്നെ ചരക്കുസേവന നികുതി വകുപ്പിന് കീഴിൽത്തന്നെ ടാക്സ് പെയർ സർവ്വീസസ്, ആഡിറ്റ് ആൻഡ് ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്;

2. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ;

3. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും;

4. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ;

5. 2 ലക്ഷം രൂപവരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1 % വർദ്ധിപ്പിക്കൽ;

6. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ;

7. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ;

8. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി;

9. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ;

10. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള ലക്കി ബിൽ പദ്ധതി.

(ഡി) സംസ്ഥാനങ്ങളുമായി നികുതി പങ്കുവയ്ക്കുന്ന മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും വ്യത്യാസം വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനങ്ങൾക്ക് നികുതി വിഹിതം നിർണ്ണയിച്ച് നൽകുന്നതിന് പതിനാലാം ധനകാര്യ കമ്മിഷൻ 1971 സെൻസസ് പ്രകാരമുള്ള ജനസംഖ്യയ്ക്ക് 17.5 വെയിറ്റേജ് നൽകിയിരുന്നു. എന്നാൽ പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഇത് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യാ വെയിറ്റേജ് പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിലുള്ള 10 ശതമാനം എന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷൻ 15 ശതമാനമാക്കി ഉയർത്തിയിട്ടുണ്ട്. ഈ മാറ്റം സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്ക് വളരെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ Demographic Performance (വെയിറ്റേജ് 12.5) എന്ന മാനദണ്ഡവും പുതിയതായി വരുത്തിയിട്ടുണ്ട്. ഫോറസ്റ്റ് കവറേജിന്റെ വെയിറ്റേജ് 7.5 ശതമാനത്തിൽനിന്നും 10 ശതമാനമായും ഇൻകം ഡിസ്റ്റൻസിന്റെ വെയിറ്റേജ് 50 ശതമാനത്തിൽനിന്നും 45 ശതമാനമായും പരിഷ്കരിച്ചിട്ടുണ്ട്. ഇത് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശയനുസരിച്ചാണ് ചെയ്തിട്ടുള്ളത്.

(ഇ) ജി.എസ്.ടി. നഷ്ടപരിഹാരം കിട്ടുന്നതിനുവേണ്ടി സംസ്ഥാനം ഓഡിറ്റ് റിപ്പോർട്ട് കണക്കുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ജി.എസ്.ടി. നഷ്ടപരിഹാരം ലഭിക്കാനായി മുൻകൂറായി ഓഡിറ്റ് റിപ്പോർട്ടുകൾ ആവശ്യപ്പെടുകയോ അവ നൽകേണ്ടതായോ വന്നിട്ടില്ല. അല്ലാതെതന്നെ നഷ്ടപരിഹാരം നൽകുന്ന രീതിയാണ് തുടർന്നുവരുന്നത്. എന്നാൽ അന്തിമമായി സെറ്റിൽമെന്റ് ചെയ്യുന്നതിനായി ഓഡിറ്റ് റിപ്പോർട്ട് നൽകിവരുന്നുണ്ട്. അത് നൽകേണ്ടത് സംസ്ഥാന സർക്കാരല്ല, മറിച്ച് അക്കൗണ്ടന്റ് ജനറലാണ്. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ 2017-18 ജൂലായ് മുതൽ 2020-21 വരെയുള്ള വിശദാംശങ്ങൾ 13-02-2023-ൽ സർക്കാരിന്റെ അഭിപ്രായങ്ങൾക്കായി അക്കൗണ്ടന്റ് ജനറൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജി.എസ്.ടി. വകുപ്പിന്റെ നിരീക്ഷണങ്ങൾ അക്കൗണ്ടന്റ് ജനറൽ ഓഫീസിനെ 24-02-2023-ൽ അറിയിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലുമായി ഇതുസംബന്ധിച്ചുള്ള സർക്കാർ തലത്തിലുള്ള ചർച്ചകൾ നടന്നുവരികയാണ്.

കാര്യക്ഷമമായ സാമ്പത്തിക ഇടപെടലുകൾ

12 (*342) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നയങ്ങൾ കാരണവും കേന്ദ്ര സർക്കാർ ഫലപ്രദമായ ഇടപെടൽ നടത്താത്തതുകൊണ്ടും രാജ്യത്തെമ്പാടും അനിയന്ത്രിത വിലക്കയറ്റമുണ്ടാകുമ്പോൾ ഉപഭോക്തൃ പ്രധാന സംസ്ഥാനമായിട്ടും സംസ്ഥാനത്ത് വിലക്കയറ്റ തോത് ദേശീയ ശരാശരിയേക്കാൾ കുറച്ച് നിർത്താനായിട്ടുണ്ടോ; ഇതിനായി ധനകാര്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

രാജ്യത്തെമ്പാടും അനിയന്ത്രിത വിലക്കയറ്റമുണ്ടാകുമ്പോൾ ഉപഭോക്തൃ പ്രധാന സംസ്ഥാനമായിട്ടും സംസ്ഥാനത്ത് വിലക്കയറ്റം ഒരു പരിധിവരെ പിടിച്ചുനിർത്താൻ കഴിഞ്ഞിട്ടുണ്ട്. വിപണി ഇടപെടലിനായി 2408-01-102-99 Grant to KSCSC Ltd for MIO (NP) എന്ന ശീർഷകത്തിൽ എല്ലാ വർഷവും ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നുണ്ട്. ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സൗജന്യ ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിന് 220 കോടി രൂപ അധിക ധനാനുമതിയായും അനുവദിച്ചിരുന്നു. ഇപ്രകാരം ശീർഷകത്തിൽ ആകെ അനുവദിച്ചിരുന്ന 400 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം പൊതുവിതരണ ശൃംഖല വഴിയുള്ള റേഷൻ വിതരണത്തിനായി 2408-01-101-94 എന്ന ശീർഷകത്തിൽ 1084.90 കോടി രൂപ ബഡ്ജറ്റ് വിഹിതവും 64 കോടി രൂപ അധിക ധനാനുമതിയും ഉൾപ്പെടെ 1148.9 കോടി രൂപ വകയിരുത്തുകയും 857.23 കോടി രൂപ നാളിതുവരെ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഉത്സവ കാലങ്ങളിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സർക്കാർ സബ്സിഡിയോടുകൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോടുകൂടി താൽക്കാലിക സഹകരണ വിപണികൾ ആരംഭിച്ച് വിൽപ്പന നടത്തുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ ' 2425-00-108-80-00-33-0-N-V' എന്ന ശീർഷകത്തിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 29-08-2022 മുതൽ 07-09-2022 വരെ സംസ്ഥാനത്ത് 1685 താല്ക്കാലിക വിപണികളിലൂടെ സംഘടിപ്പിച്ച സഹകരണ ഓണം വിപണിക്കായി 16 കോടി രൂപ പ്രസ്തുത തുകയിൽനിന്നും ചെലവഴിച്ചിട്ടുണ്ട്.

ഇതിനുപുറമെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക്

നൽകുന്നതിനും സ്വകാര്യ ചൂഷണത്തിൽനിന്നും അവരെ സംരക്ഷിക്കുന്നതിനും ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമായി 230 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 78.9 ലക്ഷം രൂപ നാളിതുവരെ വിനിയോഗിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ തീരമാവേലി പദ്ധതിക്കായി 2405-00-105-88-33 ശീർഷകത്തിൽ അധിക ധനാനുമതിവഴി 30,82,000/- രൂപ അനുവദിക്കുകയും 13,77,310/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ജനങ്ങളുടെ ഉയർന്ന വാങ്ങൽശേഷി കൂടി കണക്കിലെടുത്ത് വിപണി ഇടപെടൽ ശാക്തീകരിക്കുന്നതിന് പ്രാധാന്യം നൽകുന്നുണ്ടോ?

ജനങ്ങളുടെ ഉയർന്ന വാങ്ങൽശേഷി കൂടി കണക്കിലെടുത്ത് വിപണി ഇടപെടൽ ശാക്തീകരിക്കുന്നതിന് പ്രാധാന്യം നൽകിയിട്ടുണ്ട്.

(സി) സർക്കാരിന്റെ കാര്യക്ഷമമായ സാമ്പത്തിക ഇടപെടലുകളുടെ ഫലമായി വിവിധ മേഖലകളിൽ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയിലും ഗണ്യമായി കുറയ്ക്കാനായിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവ്വേ നടത്തുകയോ മറ്റ് വിവരശേഖരണം നടത്തുകയോ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്

വകുപ്പ് ചെയ്യുന്നില്ല. അതിനാൽത്തന്നെ സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് സംബന്ധിച്ച ആധികാരിക വിവരം നൽകുന്നതിന് വകുപ്പിന് സാധിക്കുകയില്ല.

സംയോജിത ചരക്ക് സേവന നികുതി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കാനുള്ള തുക

13 (*343) ശ്രീമതി ഉമ തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംയോജിത ചരക്ക് സേവന നികുതി പരിഷ്കരിക്കാത്തത് കാരണം സംസ്ഥാന സർക്കാരിന് കോടിക്കണക്കിന് രൂപ പ്രതിവർഷം നഷ്ടപ്പെടുന്നുവെന്ന് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ വെളിപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) 16-09-2022-ലെ എസ്.ആർ.ഒ. നം. 892/2022 പ്രകാരം രൂപീകരിച്ച നിലവിലെ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) സംയോജിത ചരക്ക് സേവന നികുതി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എന്നത് ഒരു സർക്കാരിന്റെയും നിയന്ത്രണത്തിലുള്ള സംവിധാനമല്ല. ആയത് നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യുന്നതിനനുസൃതമായി ഓട്ടോമാറ്റിക്കായി സംഭവിക്കുന്നതാണ്. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എസ്.ടി. നിയമവും ചട്ടവും നടപ്പിലാക്കിയിരിക്കുന്നത്. നിലവിലെ നിയമം അനുസരിച്ച് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സംവിധാനം സുഗമമായി നടക്കുന്നുണ്ട്. ഇത്തരം സെറ്റിൽമെന്റ് മുഖേന സംസ്ഥാനത്തിന് എല്ലാ മാസവും ഐ.ജി.എസ്.ടി. ഇനത്തിൽ നികുതി ലഭിക്കുന്നുണ്ട്.

സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിലെ കുറവ്

14 (*344) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. പ്രേംകുമാർ:

ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട നികുതി വിഹിതം കുറച്ചതും റവന്യൂ കമ്മി ഗ്രാന്റും ജി.എസ്.ടി. നഷ്ടപരിഹാരവും നിർത്തലാക്കിയതുമാണ് സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിൽ കുറവിന് കാരണമായിട്ടുള്ളതെന്നത് വസ്തുതയാണോ; എങ്കിൽ ഇക്കാര്യം മറയ്ക്കാനായി ജി.എസ്.ടി. നഷ്ടപരിഹാര കുടിശ്ശിക ലഭിക്കുന്നതിലെ കാലതാമസം മാത്രമാണ് പ്രശ്നമെന്ന രീതിയിൽ ചില കേന്ദ്രങ്ങൾ തെറ്റായ പ്രചാരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച യഥാർത്ഥ വസ്തുത വിശദമാക്കാമോ?

കേന്ദ്ര സർക്കാർ ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട നികുതി വിഹിതം കുറച്ചത് സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിൽ കുറവിന് കാരണമായിട്ടുള്ളതെന്നത് വസ്തുതയാണ്. റവന്യൂ കമ്മി ഗ്രാന്റ് കുറച്ചതും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതും സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഇക്കാര്യം മറയ്ക്കാനായി ജി.എസ്.ടി. നഷ്ടപരിഹാര കുടിശ്ശിക

ലഭിക്കുന്നതിലെ കാലതാമസം മാത്രമാണ് പ്രശ്നമെന്ന രീതിയിൽ ചില കേന്ദ്രങ്ങൾ തെറ്റായ പ്രചാരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് വീതംവച്ച് നൽകേണ്ട ഡിവിസിബിൾ പൂളിൽനിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിന് ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനം വിഹിതമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും കേന്ദ്രം വരുത്തുന്നത്. റവന്യൂ കമ്മി ഗ്രാന്റിൽ കേന്ദ്രം കുറവ് വരുത്തിയതുമൂലം തനതു വർഷം 6717 കോടി രൂപയുടെ കുറവുണ്ടായി. ജി.എസ്.ടി. നഷ്ടപരിഹാരം അവസാനിച്ചതിന്റെ ഫലമായി നടപ്പുവർഷം ഏകദേശം 7,000 കോടി രൂപയുടെ കുറവാണുണ്ടായത്. പബ്ലിക് അക്കൗണ്ട് കടബാധ്യതയായി കണക്കാക്കിയ കേന്ദ്രനയം കാരണം ഒരു വർഷം ഏകദേശം 10,000 കോടി രൂപയുടെ വരുമാന നഷ്ടമാണുണ്ടാകുന്നത്. കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി തുടങ്ങി ബഡ്ജറ്റിന് പുറത്ത് ധനം സമാഹരിക്കുന്ന സ്ഥാപനങ്ങളുടെ ബാധ്യതയെ സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി പരിഗണിക്കുമെന്ന നിലപാടും നമ്മുടെ കടമെടുക്കാനുള്ള ശേഷിയെ പരിമിതപ്പെടുത്തുകയാണ്.

ഈ വകയിലും 3,100 കോടി രൂപയുടെ കുറവുണ്ടാവും. വിപണിയിൽനിന്നുള്ള കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തിയതുമൂലം വിഭവസമാഹരണത്തിൽ ഏകദേശം 4,000 കോടി രൂപയുടെ കുറവാണുണ്ടായത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വീതംവയ്പ്പിലും കേരളം അവഗണിക്കപ്പെടുകയാണ്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ ലഭ്യമായത് 5141.92 കോടി രൂപ ആയിരുന്നുവെങ്കിൽ 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3801.75 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ.

(ബി) പെട്രോൾ, ഡീസൽ എന്നിവയിന്മേൽ കേന്ദ്ര സർക്കാർ ചുമത്തുന്ന സെസ്സ് എത്ര വീതമെന്ന് അറിയിക്കാമോ; ഈ ഇനത്തിൽ സംസ്ഥാനത്തുനിന്ന് എത്ര തുക കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സമാഹരിച്ചുവെന്ന് അറിയിക്കാമോ?

ഒരു ലിറ്റർ പെട്രോൾ, ഡീസൽ എന്നിവയിന്മേൽ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട അടിസ്ഥാന എക്സൈസ് നികുതി ഇനത്തിൽ യഥാക്രമം 1.4 രൂപയും 1.80 രൂപയും കേന്ദ്ര സർക്കാർ ഈടാക്കുന്നുണ്ട്. ഇതിനുപുറമെ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടാത്ത രീതിയിൽ സെസ്സ് ഉൾപ്പെടെ ഒരു ലിറ്റർ പെട്രോൾ, ഡീസൽ എന്നിവയിൽ യഥാക്രമം 18.5 രൂപയും 14

രൂപയും ഈടാക്കുന്നുണ്ട്. അടിസ്ഥാന എക്സൈസ് നികുതി ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 41 ശതമാനം എല്ലാ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുണ്ട്. ഇങ്ങനെ പങ്കുവയ്ക്കുന്ന തുകയുടെ 1.925 ശതമാനം കേരളത്തിന് ലഭിക്കുന്നുണ്ട്. ഈയിനത്തിൽ സംസ്ഥാനത്തിൽനിന്നും സമാഹരിച്ച തുക സംബന്ധിച്ച വിവരങ്ങളൊന്നും കേന്ദ്രം സംസ്ഥാനവുമായി പങ്കുവയ്ക്കാറില്ല.

(സി) സംസ്ഥാനത്ത് 2015 ഏപ്രിൽ മുതൽ പെട്രോൾ, ഡീസൽ എന്നിവയിന്മേൽ പ്രതിലിറ്ററിന് ഓരോ രൂപ വീതം അധിക നികുതി ചുമത്തി വരുന്നുണ്ടോ?

2015-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം സംസ്ഥാനത്ത് 2015 ഏപ്രിൽ ഒന്ന് (01-04-2015) മുതൽ പ്രതിലിറ്ററിന് ഒരു രൂപ എന്ന നിരക്കിൽ നികുതി ചുമത്തിവരുന്നുണ്ട്.

(ഡി) സാമ്പത്തിക ഞെരുക്കവും ചില കേന്ദ്രങ്ങളിൽനിന്നുള്ള പ്രതിഷേധവും ക്ഷേമപദ്ധതികൾക്കെതിരെയുള്ള പ്രസ്താവനയും മറികടന്നുകൊണ്ട് ക്ഷേമ നടപടികൾ കാര്യക്ഷമമായി പ്രാവർത്തികമാക്കാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വരവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് പ്രവർത്തിക്കുന്നത്. വികസന-ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്.

കേന്ദ്ര സർക്കാർ സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധികൾക്കെതിരെയുള്ള ബദൽ നയങ്ങൾ

15 (*345) ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. വി. ജോയി:

ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധികളെയും പ്രതിബന്ധങ്ങളെയും അഭിമുഖീകരിച്ചുകൊണ്ട് കേരളത്തിന്റെ ക്ഷേമ, വികസന ബദൽ നയങ്ങളുമായി മുന്നോട്ടുപോകുന്നതിന് സംസ്ഥാനത്തിന്റെ ധനകാര്യ-വികസന-ആസൂത്രണ സമീപനത്തിൽ എന്തെല്ലാം കാതലായ മാറ്റങ്ങൾ കൊണ്ടുവരാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നികുതി, നികുതിയിതര വരുമാനം സമാഹരിക്കുന്നതിൽ സംസ്ഥാനത്തിന്റെ അധികാരം പരിമിതമായിരിക്കുന്നതുമൂലമുള്ള പ്രശ്നം

മറികടക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന ധനകാര്യ യാഥാസ്ഥിതികത്വത്തെ കേരളത്തിന്റെ ബദൽ വികസന മാതൃകകൊണ്ട് നേരിടുന്ന തന്ത്രമാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്.

2021-22-ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം സ്ഥിരവിലയിൽ 12.01 ശതമാനം കണ്ട് വളർന്നു. 2020-21 കോവിഡ് കാലഘട്ടത്തിൽ സമ്പദ്ഘടന 8.43 ശതമാനം കണ്ട് തളരുകയാണുണ്ടായത്. 2019-20-ലാകട്ടെ വളർച്ച കേവലം 0.9 ശതമാനമായിരുന്നു. ഉൽപ്പാദന മേഖലയെയും ഉൾച്ചേർത്തുകൊണ്ടുള്ള സാമ്പത്തിക വളർച്ച നമുക്ക് നേടാനായി എന്നതാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് 2021-22-ലെ സാമ്പത്തിക വളർച്ചയുടെ പ്രത്യേകത. കാർഷിക അനുബന്ധ മേഖലയിൽ 6.7 ശതമാനവും വ്യാവസായിക അനുബന്ധ മേഖലയിൽ 17.3 ശതമാനവും വളർച്ചാ നിരക്ക് കൈവരിച്ചത് സമീപകാല ചരിത്രത്തിലാദ്യമായാണ്. വ്യാവസായിക മേഖലയ്ക്കുള്ളിൽ ഉൽപ്പന്ന നിർമ്മാണ മേഖലയിലാണ് (manufacturing) നിർണ്ണായകമായ വളർച്ചാനിരക്ക് കൈവരിക്കാനായത് (18.9 ശതമാനം). ഇത്തരത്തിൽ സമ്പദ്വ്യവസ്ഥയെ പുനരുദ്ദീപിപ്പിച്ച്

ഉൽപ്പാദനവും അതുവഴി വരുമാനവും വർദ്ധിപ്പിക്കുക എന്നതാണ് ഇടത് സർക്കാരിന്റെ നയം. സുസ്ഥിര വികസനമെന്ന ലക്ഷ്യം നേടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രങ്ങൾ ചുവടെ ചേർക്കുന്നു.

- വിലക്കയറ്റത്തിന്റെ ഭീഷണി പൂർണ്ണമായും ഒഴിഞ്ഞ് മാറിയിട്ടില്ല എന്നത് പരിഗണിച്ച് ശക്തമായ വിപണി ഇടപെടലുകൾ തുടരുന്നതിനായി 2023-24-ലേയ്ക്ക് 2000 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

- റബ്ബർ കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി റബ്ബർ സബ്സിഡിക്കുള്ള ബഡ്ജറ്റ് വിഹിതം 600 കോടി രൂപയായി വർദ്ധിപ്പിച്ചു.

- നികുതി, നികുതിയേതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

- സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന തരത്തിലുള്ള പരിഷ്കാരങ്ങൾ വ്യാപകമാക്കി.

- ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഏജൻസികൾ തമ്മിൽ ആരോഗ്യകരമായ മത്സരം നടക്കേണ്ടതുണ്ട്.

ലഭ്യമായ ബഡ്ജറ്റ് വകയിരുത്തലിനുള്ളിൽ നിന്നുകൊണ്ട് കൂടുതൽ ക്ഷേമ-വികസന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഏറ്റെടുക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിന് 100 കോടി രൂപ ഈ വർഷത്തേയ്ക്ക് നീക്കിവച്ചിട്ടുണ്ട്. ഏറ്റവും മികച്ച പ്രൊപ്പോസലുകൾ തെരഞ്ഞെടുത്ത് സഹായം അനുവദിക്കും.

- പദ്ധതി ചെലവ് വിലയിരുത്തുന്നതിനായി വളരെ വിജയകരമായി ഉപയോഗിച്ചുവരുന്ന പ്ലാൻ സ്പേസ് സംവിധാനത്തിന്റെ പുതിയ എഡിഷനിൽ സർക്കാർ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ കാര്യക്ഷമത/ ഉൽപ്പാദനക്ഷമത കൂടി താരതമ്യം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകും. സർക്കാർ ചെലവാക്കുന്ന പണത്തിന് ആനുപാതികമായ പ്രയോജനമുണ്ടാകുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം. സർക്കാർ ഏജൻസികളുടെ കാര്യക്ഷമത താരതമ്യം ചെയ്യുന്ന ഇന്ത്യയിലെതന്നെ ആദ്യത്തെ ഉദ്യമമായിരിക്കും ഇത്. പ്ലാൻ സ്പേസിന്റെ അധിക ചെലവിലേയ്ക്കായി 2023-24 ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- ഭരണത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിനുവേണ്ടി കൃത്യമായ രീതിശാസ്ത്രം അവലംബിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിന്

വകുപ്പുകളെ സജ്ജമാക്കുകയും ഇതിനായി പരിശീലന പരിപാടികൾ നടത്താൻ ഐ.എം.ജി.-യെ ചുമതലപ്പെടുത്തുകയും ചെയ്യും.

മേൽ പ്രതിപാദിത പ്രവർത്തനങ്ങളിലൂടെ സർക്കാർ വകുപ്പുകളുടെ ജനങ്ങളോടുള്ള ഉത്തരവാദിത്വവും സുതാര്യതയും ഉറപ്പുവരുത്തുന്നതാണ്.

(സി) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്കുണ്ടായിട്ടുള്ള വരുമാന നഷ്ടം നികത്തുന്നതിനുള്ള ജി.എസ്.ടി. നഷ്ടപരിഹാര കാലയളവ് നീട്ടണമെന്ന ആവശ്യം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഉന്നയിച്ചിരുന്നോ; ആയതിനോട് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16-ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. ഇതിന്റെ ഭാഗമായി ഒരു വർഷം ശരാശരി 12,000 കോടിയോളം രൂപയുടെ നഷ്ടം സംസ്ഥാനത്തിനുണ്ടാകും.

ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം കേരളം ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2022 ജൂൺ മാസത്തിൽ നടന്ന നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഇതുസംബന്ധിച്ച ചർച്ചയുണ്ടായിരുന്നു. കോവിഡ് പ്രതിസന്ധിമൂലം സംസ്ഥാനങ്ങൾക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം പ്രസ്തുത മീറ്റിംഗിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടുന്നത് സംബന്ധിച്ച് അനുകൂല തീരുമാനങ്ങളൊന്നും ഇതുവരെ ജി.എസ്.ടി. കൗൺസിൽ സ്വീകരിച്ചതായി കാണപ്പെടുന്നില്ല.

ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക, സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ പങ്കിടുന്ന ജി.എസ്.ടി.-യുടെ വരുമാനം നിലവിലെ 50:50 അനുപാതത്തിൽനിന്ന് 60:40 അനുപാതത്തിലേയ്ക്ക് വർദ്ധിപ്പിക്കുക, അസാധാരണമാംവിധം ഈടാക്കുന്ന ഉയർന്ന സെസ്സുകളും സർചാർജ്ജുകളും നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡം സംസ്ഥാനങ്ങളുടെ

സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കാൻ അനുവാദം നൽകുക, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തുക, ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്നപോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കുക എന്നീ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് സംസ്ഥാനം നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക എന്നതുപോലുള്ള പൊതുവായ ആവശ്യങ്ങളിൽ മറ്റ് സംസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഇടപെടലുകൾ നടത്താറുണ്ട്. ഇക്കാര്യം സംസ്ഥാനം ജി.എസ്.ടി. കൗൺസിൽ യോഗങ്ങളിൽ ശക്തമായി ഉന്നയിക്കാറുണ്ട്.

കശുവണ്ടി വ്യവസായ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി

16 (*346) ശ്രീ. എം. നൗഷാദ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ജി. സ്റ്റീഫൻ:

ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നുവോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നിയോഗിച്ചിരുന്നു. സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിച്ചുവരുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി മാനേജ്മെന്റ്-അക്കാദമിക രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി അഞ്ചംഗ വിദഗ്ധ സമിതി 13-10-2022-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം.1111/2022,/112 പ്രകാരം രൂപീകരിച്ചിരുന്നു. തുടർന്ന് പ്രസ്തുത സമിതി കശുവണ്ടി വ്യവസായ മേഖലയിലെ വിവിധ തൊഴിലാളി സംഘടനകൾ, കശുവണ്ടി ഫാക്ടറി ഉടമകൾ, ബാങ്ക് പ്രതിനിധികൾ, പൊതുമേഖലാ സ്ഥാപന പ്രതിനിധികൾ എന്നിവരുമായി വിശദമായ ചർച്ച നടത്തുകയും കശുവണ്ടി മേഖലയ്ക്ക് അടിയന്തര ആശ്വാസം നൽകാനുതകുന്നതും ഉടൻ

നടപ്പിലാക്കാൻ സാധിക്കുന്നതുമായ ഹ്രസ്വകാല പദ്ധതികൾ ഉൾപ്പെടുത്തിയുള്ള ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കശുവണ്ടി വ്യവസായ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ആവിഷ്കരിച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി വ്യവസായത്തെ കൈപിടിച്ച് ഉയർത്തുന്നതിനായി മുൻസർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി കശുവണ്ടി വ്യവസായത്തിനായി സ്വകാര്യ വ്യവസായികൾ എടുത്ത് എൻ.പി.എ. ആയ ലോണുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) പ്രഖ്യാപിക്കുന്നതിനായി ഫോർമുല രൂപീകരിക്കുന്നതിന് മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ ഉറപ്പാക്കിക്കൊണ്ട് ഈ സർക്കാർ ബാങ്കുകളുമായും വ്യവസായികളുമായും ട്രേഡ് യൂണിയനുകളുമായും വിവിധ തലങ്ങളിൽ നിരവധി ചർച്ചകൾ നടത്തുകയും ബാങ്കുകളും വ്യവസായികളുമായി സമവായത്തിലെത്തിയതിന്റെ അടിസ്ഥാനത്തിൽ OTS

പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. തുടർന്ന് വ്യവസായികളുടെ നിരന്തര ആവശ്യം മുൻനിർത്തി ബാങ്കുകളുമായി വ്യവസായികൾ കരാറിലേർപ്പെടാനുള്ള തീയതി 31-03-2022-ൽനിന്നും 31-12-2022 ആയി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിൽനിന്നും കരകയറ്റുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 37 കോടി രൂപ അനുവദിച്ചിരുന്നു. കോവിഡ് മഹാമാരിമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനീകരണത്തിനുള്ള മൂലധനസഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപയും കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കാനുമായി 30 കോടി രൂപയുമാണ് 2022-23 വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്.

(സി) സ്വകാര്യ മേഖലയിലെ ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി തുക അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ?

തുക അനുവദിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെത്തുടർന്ന് ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനീകരണത്തിനുള്ള മൂലധന സഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. തുടർന്ന് പ്രസ്തുത തുക റിലീസ് ചെയ്ത് 17-02-2023-ലെ സ.ഉ.(സാധാ)നം.143/2023/വ്യവ. പ്രകാരം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകൾ 2020 മുതൽ സ്ഥാപിച്ച അധിക യന്ത്രസാമഗ്രികൾ, കെട്ടിടങ്ങളുടെ നവീകരണം എന്നിവയ്ക്ക് മൂലധന ഗ്രാന്റായി പൊതുവിഭാഗത്തിന് പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കും വനിതകൾക്കും 18-നും 45-നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾക്കും അംഗപരിമിതരുമായ സ്വകാര്യ ഫാക്ടറി ഉടമകൾക്ക് പരമാവധി 50 ലക്ഷം രൂപവരെ

നൽകുന്നതിനും അതുവഴി ഉൽപ്പാദനക്ഷമതയും വിറ്റുവരവും ഗണ്യമായി മെച്ചപ്പെടുത്തുവാനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. കൂടാതെ ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾ ഇപ്പോൾ പ്രവർത്തിക്കുന്നതും കഴിഞ്ഞ വർഷം പ്രവർത്തന മൂലധനമായി ബാങ്കുകൾ, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ വഴി വായ്പ കൈപ്പറ്റിയതുമായ യൂണിറ്റുകൾക്ക് പലിശ താങ്ങുസഹായവും നൽകുന്നു. വായ്പയ്ക്ക് പലിശയുടെ 50% അഥവാ പരമാവധി 10 ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് നൽകുന്നത്. പൊതുമേഖലാ ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, റൂറൽ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ വഴി റീ-ഇംബേഴ്സ്മെന്റ് എന്ന നിലയ്ക്കാണ് സഹായം നൽകുന്നത്. പരമാവധി 3 വർഷം വരെ അർദ്ധ വാർഷികമായി പണം നൽകുന്നതാണ്.

ജി.എസ്.ടി. നഷ്ടപരിഹാരക്കാലയളവ് നീട്ടണമെന്ന ആവശ്യം

17 (*347) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പാക്കിയതിലൂടെ സംസ്ഥാനങ്ങൾക്കുണ്ടായിട്ടുള്ള വരുമാന നഷ്ടം നികത്തുന്നതിനായി നഷ്ടപരിഹാര കാലയളവ് നീട്ടുന്നതിന് ജി.എസ്.ടി. കൗൺസിലിൽ ഏതൊക്കെ സംസ്ഥാനങ്ങൾ ആവശ്യം ഉന്നയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; കേന്ദ്ര സർക്കാരിന്റെ അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ?

കോവിഡ് പ്രതിസന്ധി മിക്കവാറും എല്ലാ സംസ്ഥാനങ്ങളുടെയും സാമ്പത്തികസ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടി നൽകണമെന്ന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2017 സെപ്റ്റംബർ 17-ന് നടന്ന നാല്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ കേരളം, പഞ്ചാബ്, ജാർഖണ്ഡ്, ഉത്തരാഖണ്ഡ്, വെസ്റ്റ് ബംഗാൾ, ഗോവ, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയും കോമ്പൻസേഷൻ കാലാവധി നീട്ടണമെന്നും കോമ്പൻസേഷൻ തുടരണമെന്നും ആവശ്യപ്പെട്ടു. 2022 ജൂൺ 28, 29 തീയതികളിൽ നടന്ന നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ കേരളം, പഞ്ചാബ്, കർണ്ണാടക, ആന്ധ്രാപ്രദേശ്, രാജസ്ഥാൻ,

ഉത്തരാഖണ്ഡ്, വെസ്റ്റ് ബംഗാൾ, ഹിമാചൽ പ്രദേശ്, തമിഴ്നാട്, ഒഡിഷ, ഉത്തർപ്രദേശ്, ഗുജറാത്ത്, ഹരിയാന, ഛത്തീസ്ഘട്ട് തുടങ്ങിയ സംസ്ഥാനങ്ങളും ഡൽഹി, പുതുച്ചേരി എന്നിവയും കോമ്പൻസേഷൻ കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നഷ്ടപരിഹാര കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് അനുകൂല തീരുമാനങ്ങളൊന്നും ജി.എസ്.ടി. കൗൺസിലോ കേന്ദ്ര സർക്കാരോ ഇതുവരെ കൈക്കൊണ്ടിട്ടില്ല. എ.ജി. സാക്ഷ്യപ്പെടുത്തുന്ന ആഡിറ്റ് റിപ്പോർട്ട് പൂർത്തീകരിക്കുന്നതോടുകൂടി സംസ്ഥാനത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും ലഭിക്കും.

(ബി) ജി.എസ്.ടി. നഷ്ടപരിഹാരം ലഭിക്കുന്നില്ലെന്ന് സംസ്ഥാനത്തിന് ആക്ഷേപമുള്ളതായി സംസ്ഥാനത്തുനിന്നുള്ള അംഗം പാർലമെന്റിൽ ഉന്നയിച്ചിട്ടുള്ളതും ആയതിന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി നൽകിയിട്ടുള്ള മറുപടിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനങ്ങൾക്ക് കോമ്പൻസേഷൻ അനുവദിക്കുന്ന GST Compensation to States Act നിയമപ്രകാരം ഫൈനൽ അക്കൗണ്ട് സി.&എ.ജി. സാക്ഷ്യപ്പെടുത്തി നൽകേണ്ടതുണ്ട്. എന്നാൽ ജി.എസ്.ടി. കോമ്പൻസേഷൻ പ്രൊവിഷണലായി അനുവദിക്കുന്നതിന് ഇത് തടസ്സമായിട്ടില്ല. പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് 2017

ജൂലൈ മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാനുണ്ടായിരുന്നത് 42,599.38 കോടി രൂപയാണ്. ഇതിൽ അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ 42,558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്.

സഹകരണ മേഖലയിലെ കേന്ദ്ര സർക്കാർ സഹകരണ സ്ഥാപനങ്ങൾ

18 (*348) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഏതെങ്കിലും സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ശ്രമങ്ങൾ നടക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച ഏതെങ്കിലും അറിയിപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ ഇത് സംസ്ഥാനത്ത് നടപ്പാക്കുന്നത് ഏതെല്ലാം ഏജൻസികൾ മുഖേനയാണെന്ന വിവരം ലഭിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ സഹകരണ മേഖലയെ സംബന്ധിച്ച എന്തൊക്കെ വിവരങ്ങളാണ് കേന്ദ്ര

സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച എന്തെങ്കിലും അറിയിപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

(എ-സി) കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. അതിനാൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം സംസ്ഥാനതലത്തിൽ നിയന്ത്രിക്കുന്നതിനായി യാതൊരു സംവിധാനങ്ങളും നിലവിലില്ല. പ്രസ്തുത സംഘങ്ങൾ ഒരു മാനദണ്ഡവുമില്ലാതെ നിക്ഷേപം സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്യുന്നു. കൂടാതെ ഇവയുടെ പ്രവർത്തനങ്ങളൊന്നുംതന്നെ സുതാര്യവുമല്ലാത്തതിനാൽ നിക്ഷേപകർക്ക് അവരുടെ നിക്ഷേപം തിരികെ ലഭിക്കുമെന്ന് ഉറപ്പുനൽകുന്ന സംവിധാനങ്ങൾ നിലവിലില്ല.

താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് നിയമം പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ളത്.

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഇലക്ഷൻ നടത്തുന്നതിന് ഒരു കോ-ഓപ്പറേറ്റീവ് ഇലക്ഷൻ അതോറിറ്റി രൂപീകരിക്കുന്നതിന് ബിൽ വിഭാവനം ചെയ്യുന്നു.
2. സൊസൈറ്റികളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാരവേദി രൂപീകരിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു.
3. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ രണ്ടായി പിരിക്കുന്നതിനും രണ്ട് സംഘങ്ങളെ സംയോജിപ്പിക്കുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.
4. നിർജ്ജീവാവസ്ഥയിലുള്ള സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ഒരു ഫണ്ട് രൂപീകരിക്കാൻ പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു.

മേൽ പരിഷ്കാരങ്ങളിലൂടെ സഹകരണ രംഗത്ത് ഒരു സമാന്തരപാത വെട്ടിത്തുറക്കുന്നതിനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. ഇത്

നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പിനും അശാസ്ത്രീയ മത്സരത്തിനും വഴിയൊരുക്കുന്നതുമാണ്.

- സംസ്ഥാന സഹകരണ സ്ഥാപനങ്ങളെ നേരായ മാർഗ്ഗത്തിലല്ലാതെ നിയന്ത്രിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതിന് മുന്നോടിയായി സംഘങ്ങളുടെ രഹസ്യ ഡാറ്റ വ്യക്തിപരമായ വിവരങ്ങൾ സഹിതം കേന്ദ്ര സർവ്വറിലേയ്ക്ക് അപ്ലോഡ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.
- കേന്ദ്ര സർക്കാർ രാജ്യത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത ബൈ ലോ നടപ്പിലാക്കുന്നതിനുവേണ്ടി ഒരു ബൈ ലോ എല്ലാ സംസ്ഥാനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ ബൈ ലോ തയ്യാറാക്കാൻ അധികാരമുള്ളൂ. അതിനാൽ ഇത്തരം നീക്കങ്ങൾ സഹകരണ തത്വങ്ങൾക്ക് വിരുദ്ധമാണ്.
- **ഡാറ്റാ ബേസ്** : രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ഡയറി സംഘങ്ങൾ, മത്സ്യസംഘങ്ങൾ എന്നിവയുടെ

അടിസ്ഥാന വിവരങ്ങൾ കേന്ദ്രം തയ്യാറാക്കുന്ന ഡാറ്റാ ബേസിലേയ്ക്ക് നൽകണമെന്ന നിർദ്ദേശം കേന്ദ്ര സഹകരണ മന്ത്രാലയം നൽകിയിരുന്നു. രാജ്യത്തെ ഇത്തരം സംഘങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിലൂടെ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും ക്ഷീര കർഷകർക്കും കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലൊരു ഡാറ്റാ ബേസ് തയ്യാറാക്കുന്നതെന്നാണ് അറിയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളുടെയും സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ പ്രസ്തുത ഡാറ്റാ ബേസിലേയ്ക്ക് നൽകുകയും ചെയ്തു.

- കേന്ദ്ര സർക്കാർ സഹകരണ മേഖലയിലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ആരംഭിക്കുന്നതിന് ദേശീയതലത്തിൽ 3 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി
2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി
3. ജൈവ ഉത്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം

എന്നിവയാണ് രൂപീകരിക്കാൻ തീരുമാനിച്ച പുതിയ സംഘങ്ങൾ. ഇവയുടെ പ്രവർത്തനം രാജ്യവ്യാപകമാണ്. ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ സംഘങ്ങൾ മൾട്ടി സ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വമെടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിലാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.

സഹകരണം ഒരു സംസ്ഥാന വിഷയമാണെന്ന് ഭരണഘടന നിഷ്കർഷിക്കുകയും സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്ന പേരിൽ സ്ഥാപനങ്ങൾ ആരംഭിച്ച് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനങ്ങളിൽ നിയമപരമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുമാണ് കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം സമീപനങ്ങളെ നിയമപരമായും രാഷ്ട്രീയപരമായും നേരിടുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ഡി) സഹകരണ സംഘങ്ങൾക്കായി കേന്ദ്ര തലത്തിൽ ഏകീകൃത സോഫ്റ്റ്വെയർ ഉപയോഗിക്കണമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ സംസ്ഥാനത്തെ സഹകാരികളുടെ വ്യക്തി വിവരങ്ങൾ

കൈമാറുന്നത് മുഖേന സഹകരണ മേഖലയിലുണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ച് വിശദമാക്കാമോ?

കേന്ദ്ര സർക്കാർ രാജ്യവ്യാപകമായി പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏകീകൃത സോഫ്റ്റ്വെയർ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരായുകയും ചെയ്തിട്ടുണ്ട്. ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് സംബന്ധിച്ച രൂപരേഖയാണ് ലഭ്യമായിട്ടുള്ളത്. ആയതുപ്രകാരം കേന്ദ്ര സർക്കാർ ടെണ്ടർ നടപടികളിലൂടെ ഒരു സോഫ്റ്റ്വെയർ/ഡാറ്റാ വെൻഡറെ തെരഞ്ഞെടുക്കുകയും അവർ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ഇതിനായി ഉപയോഗിക്കുകയും ചെയ്യും. ടി പദ്ധതിയിൽ ചേരുന്ന സംസ്ഥാനങ്ങളിലെ സംഘങ്ങൾക്ക് കേന്ദ്ര സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്.

സംസ്ഥാനത്തിലെ നിലവിലുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ വൈവിധ്യപൂർണ്ണമായ പ്രവർത്തനങ്ങളെല്ലാം കേന്ദ്ര സോഫ്റ്റ്വെയറിൽ ലഭ്യമാകുമോയെന്നത് സംബന്ധിച്ച് നിലവിൽ വ്യക്തതയില്ല. ഭാവിയിൽ പദ്ധതി സംബന്ധിച്ച തുടർച്ച, സാങ്കേതികമായ

വിവരങ്ങൾ തുടങ്ങിയവ കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള വിവരങ്ങളിൽ നിലവിൽ ലഭ്യമല്ല. സംഘങ്ങളുടെ സാമ്പത്തിക വിവരങ്ങൾ സംബന്ധിച്ചുള്ള നിർണ്ണായകമായ വിവരങ്ങളിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് കഴിയുമോ എന്നതിലും നിലവിൽ വ്യക്തതയില്ല. സംഘങ്ങളുടെ ഡാറ്റ വിവിധ ഏജൻസികളുടെ ആവശ്യത്തിനായി ലഭ്യമാക്കുന്നതാണെന്ന വ്യവസ്ഥ സഹകാരികളുടെയും അംഗങ്ങളുടെയും ഉത്തമതാൽപ്പര്യത്തിന് വിരുദ്ധവുമാണെന്ന ആശങ്ക നിലനിൽക്കുന്നു.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് നാളിതുവരെ സ്വീകരിച്ച പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ഐ.ജി.എസ്.ടി. ഇനത്തിലുണ്ടായ നഷ്ടം

19 (*349) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഐ.ജി.എസ്.ടി. ഇനത്തിൽ ഇരുപത്തയ്യായിരം കോടി രൂപയുടെ നഷ്ടമുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഐ.ജി.എസ്.ടി. ഇനത്തിൽ ഇരുപത്തയ്യായിരം കോടി രൂപയുടെ നഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഐ.ജി.എസ്.ടി. റിട്ടേണുകൾ ഫയൽ ചെയ്യുന്നതിൽ പ്രശ്നങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

സംയോജിത ചരക്കുസേവന നികുതി നിയമം, 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർസംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. ഐ.ജി.എസ്.ടി.-ക്കുമാത്രമായി പ്രത്യേക റിട്ടേൺ ഫയൽ ചെയ്യേണ്ടതില്ല. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ

അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു. ഓരോ സപ്ലൈ നൽകുന്ന വ്യക്തിയും സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താവ് റിട്ടേൺ ഫയൽ ചെയ്ത് അവയുടെ മുൻപ് അടച്ച നികുതിയുടെ ക്രെഡിറ്റ് എടുത്ത് എസ്.ജി.എസ്.ടി. അടയ്ക്കുകയും ചെയ്യുമ്പോൾ സപ്ലൈയറുടെ സംസ്ഥാനത്തുനിന്നും ഐ.ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ സംസ്ഥാനത്തേയ്ക്ക് സെറ്റിൽ ചെയ്യപ്പെടുന്നു.

ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എസ്.ടി. നിയമവും ചട്ടവും നടപ്പിലാക്കിയിരിക്കുന്നത്. നികുതി ഒഴിവുള്ളവർക്ക് റിവേഴ്സലുകൾക്കായുള്ള 2022 ഒക്ടോബറിലെ സർക്കുലറിനുശേഷം സംസ്ഥാനത്തിന് മുൻകാലത്തെ അപേക്ഷിച്ച് ഐ.ജി.എസ്.ടി. പൂളിൽനിന്ന് കൂടുതൽ നേട്ടമുണ്ടാകും. അതിനുവേണ്ട നടപടികൾ സംസ്ഥാനം വിഭാവനം ചെയ്തിട്ടുണ്ട്. ഇങ്ങനെ ഐ.ജി.എസ്.ടി. സംസ്ഥാനത്തിന് ലഭിക്കാൻ റിട്ടേൺ ഫയലിംഗ് കൃത്യമായി നടക്കുന്നതിനായി നിരവധി ട്രേഡ് സർക്കുലറുകളും നിർദ്ദേശങ്ങളും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. (Trade Circular No. 6/2020 dated 16-06-2020,

Trade Circular 1/2021 dated 30-01-2021, Trade Circular No. 1/2022 dated 21-11-2022).

(സി) ഇക്കാര്യം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഇതിനകംതന്നെ സംസ്ഥാനം ജി.എസ്.ടി. കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി

20 (*350) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ കണക്കെടുപ്പിനായി പ്രത്യേക സംഘങ്ങളെ ചുമതലപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ?

ചുമതലപ്പെടുത്തിയിരുന്നില്ല. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ (www.yearofenterprises.kerala.gov.in) നിലവിലുണ്ട്. പ്രസ്തുത പോർട്ടലിൽ നിലവിൽ തുടങ്ങിയ സംരംഭങ്ങളുടെ വിവരങ്ങളും അതുപോലെ ഫീൽഡ് തലത്തിൽ നടത്തുന്ന വിവിധ പ്രോഗ്രാമുകളിൽ സംരംഭങ്ങൾ തുടങ്ങാൻ വരുന്നവരുടെ വിവരങ്ങളും വെവ്വേറെ രേഖപ്പെടുത്തുന്നുണ്ട്. സംരംഭകർക്കുള്ള കൈത്താങ്ങ് സഹായത്തിനും ഫീൽഡ് തലത്തിലുള്ള പദ്ധതിയുടെ സംയോജനം സാധ്യമാക്കുന്നതിനും പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്.

(ബി) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി സംരംഭം ആരംഭിക്കാൻ സർക്കാരിന് ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ കണക്കെടുപ്പ് നടത്തുന്നതിന് പകരം പ്രത്യേക സംഘങ്ങളെ ചുമതലപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ?

കണക്കെടുപ്പ് നടത്തുന്നതിന് പ്രത്യേക സംഘങ്ങളെ ചുമതലപ്പെടുത്തിയിട്ടില്ല.

(സി) സംസ്ഥാനത്ത് വ്യവസായം ആരംഭിക്കാൻ കെ-സ്വിഫ്റ്റ് അടക്കമുള്ള സംവിധാനങ്ങൾ ഉണ്ടെന്നിരിക്കെ പ്രത്യേകമായി ഒരു പോർട്ടൽ ആരംഭിച്ചുകൊണ്ട് വിവരശേഖരണം നടത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ?

വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാനുള്ള ഓൺലൈൻ ഏകജാലക പോർട്ടലാണ് കെ-സ്വിഫ്റ്റ്. വിവിധ വകുപ്പുകളിൽനിന്നും ലഭിക്കേണ്ട അനുമതികൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും പ്രസ്തുത അപേക്ഷയിൽ തുടർനടപടികൾ സ്വീകരിച്ച് സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനുമുള്ള സംവിധാനമാണ് കെ-സ്വിഫ്റ്റ് പോർട്ടൽ മുഖേന സജ്ജീകരിച്ചിരിക്കുന്നത്. കൂടാതെ പുതിയതായി ആരംഭിക്കുന്ന, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ സ്വയംസാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരമുള്ള അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള സംവിധാനവുമാണ് കെ-സ്വിഫ്റ്റ് പോർട്ടലിൽ

നിലവിലുള്ളത്. ഈ പോർട്ടലിൽ പുതുതായി ആരംഭിക്കുന്ന മുഴുവൻ സംരംഭകരുടേയും വിവരങ്ങൾ ശേഖരിക്കുന്നില്ല. ആയതിനാൽ ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനുമായി ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

സഹകരണ സംരംഭകത്വ പദ്ധതി

21 (*351) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനം ത്വരിതപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മൂന്നാം നൂറുദിന പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്തിന്റെ സമഗ്ര വികസനം ത്വരിതപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മൂന്നാം നൂറുദിന പരിപാടിയുടെ

ഭാഗമായി സഹകരണ വകുപ്പ് മുഖേന 24 പദ്ധതികളാണ് നടപ്പിലാക്കുന്നത്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഏഴ് ജില്ലകളിൽ ഒരു ജില്ലയ്ക്ക് ഒരു വിള എന്ന രീതിയിൽ 500 ഏക്കർ തരിശുഭൂമിയിൽ അനുയോജ്യമായ കൃഷി നടപ്പിലാക്കുന്ന 'നമ്മുടെ കൃഷി -നമ്മുടെ ഭക്ഷണം പദ്ധതി'.
2. സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത 100 ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ, ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതുട്രേഡ് മാർക്കോടെ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്ന 'ഇ-കോമേഴ്സ് പ്ലാറ്റ്ഫോം പദ്ധതി'.
3. സംസ്ഥാനത്തെ എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായുള്ള പദ്ധതി.
4. കാപ്കോസ് സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ റൈസ് മില്ല് സ്ഥാപിക്കുന്ന 'കാപ്കോസ് പദ്ധതി'.
5. കുടുംബത്തിന് വിഷമഘട്ടത്തിൽ കരുതലാകുന്ന തരത്തിൽ നിക്ഷേപവുമായി ബന്ധിപ്പിച്ച് സഹായം നൽകുന്ന 'കുടുംബത്തിന് ഒരു കരുതൽ ധനം പദ്ധതി' ആരംഭിക്കുന്നതാണ്.

6. പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി നടപ്പാക്കിയ കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടമായ 'കെയർ ഹോം 2.0 - ഭവന സമുച്ചയ നിർമ്മാണ പദ്ധതി'.

7. ഗിഗ്/പ്ലാറ്റ്ഫോം വർക്കേഴ്സ്, ഓൺലൈൻ വിപണന ശൃംഖലയിലെ ജീവനക്കാർ എന്നിവരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനായി എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ സഹകരണ സംഘം രൂപീകരിക്കുന്ന പദ്ധതി.

8. ചെറുകിട വഴിയോര കച്ചവടക്കാർ, ചെറുസംരംഭകർ, ഓട്ടോറിക്ഷാ തൊഴിലാളികൾ എന്നീ അംഗങ്ങൾക്ക് പരസ്പര ജാമ്യത്തിൽ പരമാവധി 20,000/- രൂപ വായ്പയായി നൽകുന്ന 'സഹായഹസ്തം പദ്ധതി'.

9. വിനോദസഞ്ചാരികൾക്കും മറ്റുള്ളവർക്കും ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ കുറഞ്ഞ ചെലവിൽ ഭക്ഷണ വിഭവങ്ങൾ ലഭ്യമാക്കുന്നതിനായി മൂന്ന് ആധുനിക കോഫി ഷോപ്പുകൾ ആരംഭിക്കുന്ന പദ്ധതി.

10. വിവിധ ഗവേഷണ സ്ഥാപനങ്ങൾ, എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ, മറ്റ് പ്രമുഖ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നുള്ള യുവ സാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് എന്നിവരെ ഉൾപ്പെടുത്തി സയൻസ് &

ടെക്നോളജി മാനേജ്മെന്റ് പ്രൊഫഷണൽ സഹകരണ സംഘം (STMPC) രൂപീകരിക്കുന്ന പദ്ധതി.

11. നൈപുണ്യ വികസനത്തിൽ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പരിശീലനം ലഭിക്കുന്നതിനായി കോഴ്സ് ഫീ വായ്പയായി നൽകുന്ന 'നൈപുണ്യം പദ്ധതി'.

12. ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതി.

13. യുവതികൾക്കായി മൂന്ന് ജില്ലകളിൽ മൂന്ന് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

14. സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന 'മാലിന്യ മുക്തം - ശുചിത്വം സഹകരണം പദ്ധതി'.

15. സംഘങ്ങളുടെ കരുതൽ ധനവും അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ടും ഉപയോഗിച്ച് പ്രതിസന്ധിയിലാകുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും സംഘങ്ങളിലെ നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനുമുള്ള 'സഹകരണ സംരക്ഷണനിധി/നിക്ഷേപ പ്രോത്സാഹന പുനരുദ്ധാരണ പദ്ധതി'.

16.വ്യക്തികളായ അംഗങ്ങൾക്ക് സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്നതിനായി സബ്സിഡിയോടുകൂടി വായ്പകൾ വിതരണം ചെയ്യുന്ന പദ്ധതിയായ 'സൗരജ്യോതി പദ്ധതി'.

(ബി) ഒരു ജില്ലയ്ക്ക് ഒരു വിള പദ്ധതി ആവിഷ്കരിച്ച് തരിശുഭൂമി മാതൃക കൃഷിത്തോട്ടങ്ങളാക്കാൻ സഹകരണ വകുപ്പിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

സർക്കാരിന്റെ നൂറുദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ നടപ്പിലാക്കിവരുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ ഒരു തുടർച്ചയായിട്ടാണ് ഇത് നടപ്പിലാക്കുന്നത്. ഒരു ജില്ലയ്ക്ക് ഒരു വിള എന്ന രീതിയിൽ തെരഞ്ഞെടുത്ത 7 ജില്ലകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശുഭൂമിയിൽ കൃഷി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഓരോ ജില്ലയിലും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ സംരംഭകത്വ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. യുവാക്കളെ സംരംഭകരാക്കുക എന്ന ലക്ഷ്യത്തോടുകൂടിയും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവസംരംഭകരെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിൽ വിവിധ സേവന മേഖലകളിലായി 31 യുവജന സഹകരണ സംഘങ്ങളും 14 പട്ടികജാതി/പട്ടികവർഗ്ഗ യുവസഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരളത്തിൽ ആഴത്തിൽ വേരുകളുള്ള സഹകരണ മേഖലയിൽ യുവജനങ്ങളെയും ഉൾപ്പെടുത്തുക, മാന്യമായ തൊഴിൽ, സ്ഥിര വരുമാനം, യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുക, അതിലൂടെ യുവാക്കളുടെ സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ ഉന്നമനം ഉറപ്പാക്കുക തുടങ്ങിയവയാണ് യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. കൂടുതൽ ഉൽപ്പാദന യൂണിറ്റുകൾ ആരംഭിച്ച് തൊഴിൽ സൃഷ്ടിക്കുന്നതിനായി പാലക്കാട്, കോട്ടയം ജില്ലകളിൽ

രണ്ട് പാഡി പ്രോസസ്സിംഗ് യൂണിറ്റുകളുടെ പണി പുരോഗമിക്കുകയാണ്. വനിതാ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ വ്യവസായ വകുപ്പുമായി സഹകരിച്ച് ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

ഓരോ ജില്ലയിലും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഇടത്തരം-ചെറുകിട-സൂക്ഷ്മ സംരംഭങ്ങൾക്കായി വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ കേരള ബാങ്ക് മുഖേന അനുവദിക്കുന്നുണ്ട്. അവ ചുവടെ ചേർക്കുന്നു.

- കെ.ബി. മിത്ര - പരമാവധി 60 ലക്ഷം രൂപവരെ വ്യക്തികൾക്കും 1 കോടി രൂപവരെ കമ്പനികൾക്കും 84 മാസ കാലയളവിൽ 8.75% പലിശ നിരക്കിൽ അനുവദിക്കുന്നുണ്ട്.
- കെ.ബി. സുവിധ - പരമാവധി 20 ലക്ഷം രൂപവരെ വ്യക്തികൾക്ക് 10% പലിശ നിരക്കിൽ 10 വർഷക്കാലയളവിൽ അനുവദിക്കുന്നു.
- കെ.ബി. യുവമിത്ര- 35 വയസ്സിൽ താഴെയുള്ള വ്യക്തികളുടെ ബിസിനസ്സ് ആവശ്യങ്ങൾക്കായി പരമാവധി 60 ലക്ഷം രൂപവരെ 8.75% പലിശ നിരക്കിൽ അനുവദിക്കുന്നു.

- ജി.എസ്.റ്റി. മിത്ര – പരമാവധി 60 ലക്ഷം രൂപവരെ വ്യക്തികൾക്കും 1 കോടി രൂപവരെ കമ്പനികൾക്കും 84 മാസക്കാലയളവിൽ 9% പലിശ നിരക്കിൽ അനുവദിക്കുന്നു.

- കെ.ബി. സുവിധ പ്ലസ് – ലഘു ജാമ്യവ്യവസ്ഥയിൽ പരമാവധി 5 ലക്ഷം രൂപവരെ 60 മാസക്കാലയളവിൽ 9% പലിശ നിരക്കിൽ അനുവദിക്കുന്നു.

- കെ.ബി. പ്രവാസി കിരൺ - നോർക്കാ റൂട്ട്സുമായി സഹകരിച്ചുകൊണ്ട് മടങ്ങിയെത്തിയ പ്രവാസികളുടെ ബിസിനസ്സ് ആവശ്യങ്ങൾക്കായി പരമാവധി 24 ലക്ഷം രൂപവരെ അനുവദിക്കുന്നുണ്ട്. ആദ്യ നാലുവർഷം പലിശയിനത്തിൽ 3% സബ്സിഡിക്കും പരമാവധി 3 ലക്ഷം രൂപ വരെ ക്യാപിറ്റൽ സബ്സിഡിക്കും അർഹതയുണ്ട്.

- കെ.ബി. പ്രവാസി ഭദ്രത:- പ്രവാസികളുടെ പുനരുജ്ജീവനത്തിനായി ലഘു ജാമ്യവ്യവസ്ഥയിൽ പരമാവധി 5 ലക്ഷം രൂപവരെ 8.75% പലിശ നിരക്കിൽ അനുവദിക്കുന്നു. ആദ്യ നാലുവർഷം പലിശയിനത്തിൽ 3% സബ്സിഡിയും പരമാവധി ഒരു ലക്ഷം രൂപ വരെ ക്യാപിറ്റൽ സബ്സിഡിക്കും അർഹതയുണ്ട്.

- സർക്കാരിന്റെ 1 ലക്ഷം എം.എസ്.എം.ഇ. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി കെ.ബി. സ്മാർട്ട് വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം സേവന/വ്യാപാര മേഖലയിൽ പരമാവധി 10 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്കും ഉത്പാദക മേഖലയിൽ പരമാവധി 25 ലക്ഷം രൂപവരെയുള്ള പ്രോജക്ടുകൾക്കും വായ്പ അനുവദിച്ചിട്ടുണ്ട്.

പൊതുമേഖലാ ബാങ്കുകളുടെ സമീപനം മെച്ചപ്പെടുത്താനുള്ള നടപടികൾ

22 (*352) ശ്രീ. കെ. പി. മോഹനൻ:
ശ്രീ തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ ബാങ്കുകളിൽ ലോണുകൾ അനുവദിക്കുന്നതിലും സെറ്റിൽ ചെയ്യുന്നതിലുമുണ്ടാകുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ബാങ്കുകൾ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലല്ല പ്രവർത്തിക്കുന്നത്. വാണിജ്യ ബാങ്കുകൾ അപേക്ഷകരുടെ അർഹത പ്രകാരം

അതത് ബാങ്കുകളുടെ നിബന്ധനകൾക്കനുസൃതമായാണ് പുതിയ വായ്പകൾ നൽകിവരുന്നത്. വായ്പ അനുവദിക്കുന്നതിലെ കാലതാമസം, അമിത ചാർജ്ജ് ഈടാക്കൽ തുടങ്ങി ബാങ്കുമായി ബന്ധപ്പെട്ട പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി യഥാസമയം പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളാറുണ്ട്. കൂടാതെ റിസർവ് ബാങ്ക് ഏർപ്പെടുത്തിയ ഓംബുഡ്സ്മാൻ മുഖേന ബാങ്കിലെ സേവനങ്ങളുടെ ക്രമക്കേടുകൾ സംബന്ധിക്കുന്ന പരാതികൾക്ക് പരിഹാരം കാണാവുന്നതാണ്.

(ബി) നോട്ട് നിരോധനം, പ്രളയം, കോവിഡ് എന്നിവമൂലമുണ്ടായിട്ടുള്ള സാഹചര്യം പരിഗണിക്കാതെ സർഫാസി ആക്ട് പ്രകാരമുള്ള നടപടികളും സിബിൽ സ്കോർ കുറയ്ക്കുന്നതുൾപ്പെടെയുള്ള നടപടികളും സാധാരണക്കാർക്കെതിരെ പ്രയോഗിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തിരിച്ചടവ് മുടങ്ങുമ്പോൾ ഷെഡ്യൂൾഡ്, വാണിജ്യ ബാങ്കുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ അനുവദിക്കാറുണ്ടെന്നും കുടിശ്ശിക നീണ്ടുപോകുകയും തിരിച്ചടവിനുള്ള എല്ലാ സാധ്യതകളും വിരളമാകുകയും

ചെയ്യുമ്പോൾ മാത്രമേ സർഫാസി മുതലായ റിക്കവറി നടപടികൾക്ക് മുതിരാറുള്ളുയെന്നും തിരിച്ചടവിന് നിർവ്വാഹമില്ലാത്ത അർഹരായവർക്ക് അതത് ബാങ്കുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ നിബന്ധനകൾക്ക് വിധേയമായി പരമാവധി ഇളവുകളോടെ വായ്പ തീർപ്പാക്കാവുന്നതാണെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതി അറിയിച്ചിട്ടുണ്ട്. തിരിച്ചടവ് മുടങ്ങുമ്പോൾ സർഫാസി നിയമമനുസരിച്ചുള്ള നടപടികൾ കൂടിശ്ശിക ഈടാക്കാൻ ബാങ്കുകൾ സ്വീകരിക്കാറുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നത് പരിഹരിക്കാൻ സംസ്ഥാനതല ബാങ്കേഴ്സ് സമിതി മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബാങ്കുകൾ ലോണുകൾ നൽകാൻ സമ്മതിച്ചാലും നിയമോപദേശത്തിന്റെ പേര് പറഞ്ഞ് സാധാരണക്കാർക്ക് ലോണുകൾ നിഷേധിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയെ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ബാങ്കുകൾ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലല്ല പ്രവർത്തിക്കുന്നത്. വാണിജ്യ ബാങ്കുകൾ അപേക്ഷകരുടെ അർഹത പ്രകാരം

അതത് ബാങ്കുകളുടെ നിബന്ധനകൾക്കനുസൃതമായാണ് പുതിയ വായ്പകൾ നൽകിവരുന്നത്. വായ്പ അനുവദിക്കുന്നതിലെ കാലതാമസം, അമിത ചാർജ്ജ് ഈടാക്കൽ തുടങ്ങി ബാങ്കുമായി ബന്ധപ്പെട്ട പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി യഥാസമയം പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളാറുണ്ട്. കൂടാതെ റിസർവ് ബാങ്ക് ഏർപ്പെടുത്തിയ ഓംബുഡ്സ്മാൻ മുഖേന ബാങ്കിലെ സേവനങ്ങളുടെ ക്രമക്കേടുകൾ സംബന്ധിക്കുന്ന പരാതികൾക്ക് പരിഹാരം കാണാവുന്നതാണ്.

വൈദ്യുതിക്ഷാമം ഉണ്ടാകാതിരിക്കാൻ നടപടി

23 (*353) ശ്രീ. പി. വി. അൻവർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി നിയമപ്രകാരം കേന്ദ്ര സർക്കാർ ഏതെങ്കിലും പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

അധിക വൈദ്യുതി ആവശ്യകതയ്ക്കനുസരിച്ച് ഉൽപ്പാദനം നടത്തുന്നതിനുള്ള ആഭ്യന്തര കൽക്കരി ലഭ്യമാകാത്തതിനാൽ അത്

മറികടക്കാനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 28-04-2022-ലെ നിർദ്ദേശപ്രകാരം 10% ഇറക്കുമതി ചെയ്ത കൽക്കരി (blending) ഉപയോഗിക്കാൻ ഉൽപ്പാദകർക്ക് അനുമതി ലഭിച്ചിരുന്നു. കൽക്കരി ലഭ്യതയിൽ പുരോഗതിയുണ്ടാകാത്തതിനാൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 18-05-2022-ലെ ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 107 പ്രകാരം വന്ന നിർദ്ദേശത്തെത്തുടർന്ന് സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 26-07-2022-ലെ ഉത്തരവനുസരിച്ച് ഇറക്കുമതി ചെയ്ത കൽക്കരി 20% വരെ ഉപയോഗിക്കാൻ 31-10-2022 വരെ ഉൽപ്പാദകർക്ക് അനുവാദം നൽകുകയുണ്ടായി. കൽക്കരി ലഭ്യത മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ആവശ്യകതയ്ക്ക് ആനുപാതികമല്ലായെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 2023 സെപ്റ്റംബർ വരെ 6% ഇറക്കുമതി ചെയ്ത കൽക്കരി (blending) ഉപയോഗിക്കാൻ 09-01-2023-ൽ കേന്ദ്ര ഊർജ്ജ മന്ത്രാലയം ഉൽപ്പാദകർക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ആവശ്യകതയുടെ 70% വൈദ്യുതിയും ഇറക്കുമതി ചെയ്യുന്നതാണെന്നതിനാൽ വൈദ്യുതിക്ഷാമം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം നേരിടുന്നതിനും വരുന്ന വേനൽക്കാലത്തെ അധിക ഊർജ്ജ ആവശ്യം മുന്നിൽക്കണ്ടും 2023 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലേയ്ക്ക് ഹ്രസ്വകാല കരാറിലും ബാങ്കിംഗ് കരാറിലും ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ മേയ് 20 വരെ 100 മെഗാവാട്ടും മേയ് 21 മുതൽ 31 വരെ 200 മെഗാവാട്ടും വൈദ്യുതിക്ക് ഹ്രസ്വകാല ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

2023 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലേയ്ക്ക് ഏർപ്പെട്ടിട്ടുള്ള ഹ്രസ്വകാല /ബാങ്കിംഗ് കരാറുകൾ താഴെപ്പറയും പ്രകാരമാണ്.

ക്രമ നമ്പർ	മാസം (2023)	മുഴുവൻ സമയ ലഭ്യത (MW)	മുഴുവൻ സമയ ലഭ്യത കൂടാതെ പീക്ക് സമയത്തേയ്ക്ക് അധികമായി ഏർപ്പെട്ടിട്ടുള്ളത് (MW)
1	ഫെബ്രുവരി	100	125
2	മാർച്ച്	350	150
3	ഏപ്രിൽ	300	-
4	മേയ് (മേയ് 20 വരെ)	200	-

ഇതുകൂടാതെ 2023 മേയ് മാസത്തെ പീക്ക് ആവശ്യകത കണക്കിലെടുത്ത് ഹ്രസ്വകാല ടെണ്ടർ താഴെപ്പറയുംവിധം ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ	മാസം	പീക്ക് സമയത്തേയ്ക്കുള്ള അധിക ആവശ്യകത (MW)
1	2023 മേയ് 20 വരെ	100
2	2023 മേയ് 21 മുതൽ 31 വരെ	200

തലാബിര പിറ്റ് ഹെഡ് കൽക്കരി നിലയത്തിൽനിന്നും 400MW വൈദ്യുതിക്കും സോളാർ എനർജി കോർപ്പറേഷനുമായി 300 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതിക്കും TP Saurya-യുമായി 110 മെഗാവാട്ട് വൈദ്യുതിക്കായും കെ.എസ്.ഇ.ബി.എൽ. കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ കൂടംകുളം ആണവനിലയത്തിലെ യൂണിറ്റ് II & യൂണിറ്റ് IV-ൽനിന്നും എൻ.ടി.പി.സി.-യുടെ നിർദ്ദിഷ്ട താൽച്ചർ താപവൈദ്യുതി നിലയം സ്റ്റേജ് III-ൽനിന്നും വൈദ്യുതി വാങ്ങാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. എൻ.ടി.പി.സി.-യുടെ തെലങ്കാന താപവൈദ്യുതി നിലയത്തിൽനിന്നും ശേഷിക്കുന്ന 600 MW വൈദ്യുതിക്കും ദാമോദർവാലി കോർപ്പറേഷന്റെ ദുർഗാപൂർ, കോഡർമാ എന്നീ താപവൈദ്യുതി നിലയങ്ങളിൽനിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു.

വൈദ്യുതിക്ഷാമം ഉണ്ടാകാതിരിക്കാൻ താഴെപ്പറയുന്ന 217 MW ശേഷിയുള്ള 10 പദ്ധതികൾ നടപ്പിലാക്കിവരുന്നു.

നം.	പദ്ധതി	ശേഷി
1	പള്ളിവാസൽ	60 MW
2	തോട്ടിയാർ	40 MW
3	കുറ്റ്യാടി RMU പദ്ധതി	3x25 MW to 3x27.5 MW
4	ഭൂതത്താൻകെട്ട്	24 MW
5	പഴശ്ശിസാഗർ	7.5 MW
6	പെരുവണ്ണാമൂഴി	6 MW
7	ചിന്നാർ	24 MW
8	ഒലീക്കൽ & പൂവരംതോട്	2x2.5 MW, 2x1.5 MW
9	മാങ്കുളം	40 MW
10	ചെങ്കുളം ഓഗ്മെന്റേഷൻ	85 MU

ഇതിൽ 106 MW ശേഷിയുള്ള 3 പദ്ധതികൾ ഈ വർഷം മേയ് മാസം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, സംസ്ഥാനത്തെ ജലവൈദ്യുതി നിലയങ്ങളിലെ ജനറേറ്റിംഗ് യൂണിറ്റുകളുടെ പരമാവധി ലഭ്യത ഉറപ്പുവരുത്തുന്നതിനായി വാർഷിക അറ്റകുറ്റപ്പണികൾ ചുരുങ്ങിയ കാലയളവിനുള്ളിൽ സമയബന്ധിതമായി ചെയ്തീർക്കുകയും സാങ്കേതിക പ്രശ്നങ്ങൾമൂലം ഉൽപ്പാദനം നിർത്തിവച്ച യൂണിറ്റുകളുടെ തകരാറുകൾ അതിവേഗം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യം പരിഗണിച്ച് വൈദ്യുതക്ഷാമം ഉണ്ടാകാതിരിക്കുവാൻവേണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ട് വിവിധ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അപ്പർ ചെങ്കുളം (24 MW/53.22 Mu), മരിപ്പുഴ പദ്ധതി 6MW/14.84 Mu), പെരിങ്ങൽക്കുത്ത് സ്റ്റേജ്-II (24 MW/53.85 Mu) എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾ ഈ വർഷംതന്നെ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 149.10 MW സ്ഥാപിതശേഷിയുള്ള 22 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികളും നടന്നുവരുന്നു.

ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (300 MW/194 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും M/s WAPCOS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം ഏകദേശം 30% മാത്രമാണ്. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 70 ശതമാനത്തോളവും കേരളത്തിന്റെ പുറത്തുള്ള നിലയങ്ങളിൽനിന്നാണ് കണ്ടെത്തുന്നത്. ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കൂടാതെ കേന്ദ്രവിഹിതമായും ദീർഘകാല/മധ്യകാല/ഹ്രസ്വകാല കരാറുകൾ വഴിയും പവർ എക്സ്ചേഞ്ച് വഴിയും വൈദ്യുതി വാങ്ങിയാണ് സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്. സംസ്ഥാനത്ത് വൈദ്യുതിക്ഷാമം ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി വൈദ്യുതിയുടെ ആവശ്യകത അടുത്ത 25 വർഷത്തേയ്ക്കും കൂടുതൽ വ്യക്തതയോടെ അടുത്ത അഞ്ച് വർഷത്തേയ്ക്കും കണക്കാക്കുകയും ഇതിനനുസരിച്ച് കൂടുതൽ വൈദ്യുതി പുറത്തുനിന്നും കൊണ്ടുവരുന്നതിനായി വിവിധ കരാറുകളിൽ ഏർപ്പെടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടുതൽ ജലവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുക, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുക തുടങ്ങിയ മാർഗ്ഗങ്ങൾവഴി ആഭ്യന്തര ഉൽപ്പാദനം വരും വർഷങ്ങളിൽ വർദ്ധിപ്പിച്ച് കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യം പരിഗണിച്ച് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

കെ.എസ്.ഇ.ബി.എൽ.-ന്റെ പുരപ്പുറ സോളാർപദ്ധതി/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി, ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്, ചാർജ്ജിംഗ് സ്റ്റേഷനുകളിലുള്ള കനോപ്പിയിൽ സ്ഥാപിക്കുന്ന സോളാർ പ്ലാന്റുകൾ തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നു. ഒപ്പം വർക്ക് ഡിപ്പോസിറ്റ് അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധ സർക്കാർ/എൽ.എസ്.ജി.ഡി./മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കൽ തുടങ്ങിയ സൗരോർജ്ജ പദ്ധതികളും പുരോഗമിക്കുന്നു. ടി പ്രവർത്തനങ്ങളുടെയെല്ലാം ഫലമായി കേരളത്തിലെ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിതശേഷി നിലവിൽ 738 MW(SOURA-131.18, REES-607) ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 434 MW ഈ സർക്കാരിന്റെ കാലയളവിലാണ് സ്ഥാപിച്ചത് (SOURA-128, REES-306MW). ഇതുകൂടാതെ കെ.എസ്.ഇ.ബി.എൽ. താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ 14 MW-ന്റെ കാറ്റാടി നിലയം

സ്ഥാപിക്കുന്നതിനുള്ള LoA, M/s ഇൻകെൽ എന്ന സ്ഥാപനത്തിന് നൽകി. കഞ്ചിക്കോട് നിലവിലുള്ള 2.025 MW-ന്റെ കാറ്റാടി നിലയം 3x2 MW എന്ന സ്ഥാപിതശേഷിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഒരു പദ്ധതിയും ആസൂത്രണം ചെയ്തുവരുന്നു. ഇതിനുപുറമെ PM കുസും പദ്ധതി പ്രകാരം കാർഷിക പമ്പുകൾ സൗരോർജ്ജവത്കരിക്കുന്നതിന്റെ ഭാഗമായി 142 മെഗാവാട്ടിന്റെ പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

* സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഊർജ്ജോൽപ്പാദന മാർഗ്ഗമായ ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതൽ നടപ്പിൽവരുത്തുന്നതിനും നിലവിൽ അനുവദിച്ച പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിൽ സംസ്ഥാന ചെറുകിട ജലവൈദ്യുത നയം പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു,

* അതുകൂടാതെ സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ഇ.എം.സി. വിവിധ ഊർജ്ജ കാര്യക്ഷമതാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

* സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനുള്ള മാതൃക ഊർജ്ജ കാര്യക്ഷമത കെട്ടിട പദ്ധതി, സർക്കാർ ആശുപത്രികളുടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ചൈതന്യം പദ്ധതി, സ്കൂൾ

കെട്ടിടങ്ങളിലെ ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനുള്ള മാതൃക ഊർജ്ജ കാര്യക്ഷമതാ സ്കൂൾ പദ്ധതി, ഊർജ്ജയാൻ പദ്ധതി, സ്കൂൾ കുട്ടികളിൽ ഊർജ്ജ സംരക്ഷണ അവബോധം കൊണ്ടുവരുന്നതിലേയ്ക്കായി സ്മാർട്ട് എനർജി പ്രോഗ്രാം, കാർഷിക മേഖലയെ കേന്ദ്രീകരിച്ചുകൊണ്ട് അഗ്രികൾച്ചർ ഡിമാൻഡ് സൈഡ് മാനേജ്മെന്റ് പ്രോഗ്രാം, വ്യവസായ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് നടത്തുന്ന ഊർജ്ജ ആഡിറ്റുകൾ, അതുപോലെ വിവിധ ഡെമോൺസ്ട്രേഷൻ പദ്ധതികൾ, സമസ്ത മേഖകളകളെയും ഉൾപ്പെടുത്തി ബോധവത്കരണ ശില്പശാലകൾ എന്നിവ നടത്തിവരുന്നു.

(സി) സംസ്ഥാനത്ത് വൈദ്യുതിയുടെ ദുരുപയോഗം ഒഴിവാക്കി ഉപയോഗ നിയന്ത്രണത്തിന് ഉദ്ദേശ്യമുണ്ടോ; സംസ്ഥാനത്ത് വൈദ്യുതിയുടെ വിതരണ നഷ്ടം ഗണ്യമായി കുറയ്ക്കാനായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2018-19-ൽ 9.36 ശതമാനമായിരുന്ന വിതരണ നഷ്ടം 2021-22 കണക്കുപ്രകാരം 7.62 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള ദ്യുതി 1 പദ്ധതിയുടെ (2018-2022) ഭാഗമായി നടപ്പിലാക്കിയ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എൽ.റ്റി.-എച്ച്.റ്റി. അനുപാതം കുറയ്ക്കുക, പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് നിലവിലുള്ള

ചാലകശേഷി കൂറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, കേടായ മീറ്ററുകൾ മാറ്റിവയ്ക്കുക എന്നിങ്ങനെയുള്ള പ്രവൃത്തികൾ വിതരണ നഷ്ടം കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്.

ഊർജ്ജ സംരക്ഷണത്തിലൂടെയും പ്രസരണ-വിതരണ നഷ്ടം കുറച്ചുകൊണ്ടും വൈദ്യുതി നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾക്കാണ് സംസ്ഥാനം ഊന്നൽ നൽകുന്നത്. 2016-17 കാലയളവിൽ കേരളത്തിലെ പ്രസരണ-വിതരണ നഷ്ടം 13.93% ആയിരുന്നത് കഴിഞ്ഞ അഞ്ചുവർഷത്തെ നിരന്തര ശ്രമങ്ങളിലൂടെ 2021-22-ഓടുകൂടി 10.19 ശതമാനമാക്കി കുറയ്ക്കാനായി. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ഏറ്റെടുത്ത ട്രാൻസ്ഗ്രിഡ് 2.0, വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനോടൊപ്പം വിതരണ നഷ്ടം കുറച്ചുകൊണ്ടുവരാൻ വിഭാവനം ചെയ്ത ദ്യുതി എന്നീ പദ്ധതികൾ ഇതിന് ഏറെ സഹായിച്ചിട്ടുണ്ട്. ഇതോടൊപ്പം ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മറ്റ് മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.

* അതുകൂടാതെ സംസ്ഥാനത്ത് ഊർജ്ജ സംരംക്ഷണത്തിന്റെ ഭാഗമായി ഇ.എം.സി. വിവിധ ഊർജ്ജ കാര്യക്ഷമതാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

* സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനുള്ള മാതൃക ഊർജ്ജ കാര്യക്ഷമത കെട്ടിട പദ്ധതി, സർക്കാർ ആശുപത്രികളുടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ചൈതന്യം പദ്ധതി, സ്കൂൾ കെട്ടിടങ്ങളിലെ ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനുള്ള മാതൃക ഊർജ്ജ കാര്യക്ഷമതാ സ്കൂൾ പദ്ധതി, ഊർജ്ജയാൻ പദ്ധതി, സ്കൂൾ കുട്ടികളിൽ ഊർജ്ജ സംരക്ഷണ അവബോധം കൊണ്ടുവരുന്നതിലേയ്ക്കായി സ്മാർട്ട് എനർജി പ്രോഗ്രാം, കാർഷിക മേഖലയെ കേന്ദ്രീകരിച്ചുകൊണ്ട് അഗ്രികൾച്ചർ ഡിമാൻഡ് സൈഡ് മാനേജ്മെന്റ് പ്രോഗ്രാം, വ്യവസായ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് നടത്തുന്ന ഊർജ്ജ ആഡിറ്റുകൾ, അതുപോലെ വിവിധ ഡെമോൺസ്ട്രേഷൻ പദ്ധതികൾ, സമസ്ത മേഖകളകളെയും ഉൾപ്പെടുത്തി ബോധവത്കരണ ശില്പശാലകൾ എന്നിവ നടത്തിവരുന്നു.

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ വിവരശേഖരണം

24 (*354) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി ചേർക്കപ്പെട്ട ഓരോ സംരംഭവും നിലവിൽ പ്രവർത്തിക്കുന്നതാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് 31 വരെ ആരംഭിക്കുന്ന സംരംഭങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം തുടങ്ങിയ സംരംഭങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിക്കുന്നതിനുള്ള നടപടികൾ 2023 മാർച്ച് മാസം മുതൽ ആരംഭിക്കുന്നതാണ്. ഈ സംരംഭങ്ങളുടെ സുസ്ഥിരതയ്ക്കും വളർച്ചയ്ക്കുമായി വിവിധ പദ്ധതികളും മെന്റർഷിപ് സേവനങ്ങളും 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംരംഭകരെയോ സംരംഭം തുടങ്ങാൻ താൽപ്പര്യമുള്ളവരെയോ നേരിട്ട് സമീപിക്കാതെ നടത്തിയ വിവരശേഖരണം സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ടെങ്കിൽ ആയതിന്റെ ആധികാരികത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. പ്രസ്തുത പോർട്ടലിൽ നിലവിൽ തുടങ്ങിയ സംരംഭങ്ങളുടെ വിവരങ്ങളും അതുപോലെ ഫീൽഡ് തലത്തിൽ നടത്തുന്ന വിവിധ പ്രോഗ്രാമുകളിൽ സംരംഭങ്ങൾ തുടങ്ങാൻ മുന്നോട്ടുവരുന്നവരുടെ വിവരങ്ങളും വെവ്വേറെ രേഖപ്പെടുത്തുന്നുണ്ട്. ഈ വിവരശേഖരണവുമായി ബന്ധപ്പെട്ട് ആധികാരികമായ പരാതികൾ ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചേർക്കപ്പെട്ടതും നിലവിൽ പ്രവർത്തിക്കുന്നതും എന്നാൽ സർക്കാർ സഹായം ലഭ്യമാക്കാത്തതുമായ സംരംഭങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (ഇക്കോ സിസ്റ്റം) സൃഷ്ടിക്കുക എന്നുള്ളതാണ് സംരംഭക വർഷം

പദ്ധതിയുടെ ആത്യന്തികമായ ലക്ഷ്യം. സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുക എന്നതിലുപരി സംരംഭങ്ങൾ തുടങ്ങാൻ അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് പ്രധാനം. ഏപ്രിൽ 1, 2022 മുതൽ പ്രവർത്തനം തുടങ്ങിയ എല്ലാ സംരംഭങ്ങളുടെയും വിവരങ്ങൾ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പോർട്ടലിൽ ശേഖരിക്കുന്നുണ്ട്. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ ലഭ്യമാണ്.

കെ.എസ്.ഇ.ബി.-യുടെ പ്രവർത്തന ലാഭം

25 (*355) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ.കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ഓഡിറ്റ് പ്രകാരം കെ.എസ്.ഇ.ബി. ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ?

അതെ. 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് നടത്തിയ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനലാഭം 736.27 കോടി രൂപയാണ്.

(ബി) ലാഭത്തിലായിട്ടും നാലുവർഷം തുടർച്ചയായി വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്ന ആവശ്യം റെഗുലേറ്ററി കമ്മീഷന് മുമ്പിൽ സമർപ്പിച്ചിരുന്നോ; ഓരോ വർഷവും വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ച തുക എത്രവീതമാണെന്ന് അറിയിക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന് 2021-22-ൽ 736.27 കോടി രൂപ പ്രവർത്തനലാഭമുണ്ടെങ്കിൽത്തന്നെ 01-04-2022-ലെ സഞ്ചിതനഷ്ടം 5304.37 കോടി രൂപയാണ്. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി രൂപീകരിച്ച പെൻഷൻ മാസ്റ്റർ ട്രസ്റ്റുമൂലമുള്ള ബാധ്യത (13896.02 കോടി രൂപ) കൂടി കണക്കിലെടുത്താൽ സഞ്ചിത നഷ്ടം 31-03-2022-ൽ ഏകദേശം 19200.39 കോടി രൂപയാണ്. ഇക്കാരണങ്ങൾ കൂടി കണക്കിലെടുത്താണ് 2021-22-ൽ പ്രവർത്തന ലാഭമുണ്ടെങ്കിൽത്തന്നെ താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടിവന്നത്.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പൊതുജനങ്ങളുടെയും മറ്റ് ബന്ധപ്പെട്ടവരുടേയും അഭിപ്രായങ്ങൾ തേടിയും പൊതുതെളിവെടുപ്പുകൾ നടത്തിയുമാണ് താരിഫ് പെറ്റീഷനിൽ അന്തിമ തീരുമാനമെടുക്കുന്നത്. 2023-24 മുതൽ 2026-27 വരെയുള്ള നാല് സാമ്പത്തിക വർഷങ്ങളിലേയ്ക്ക്

വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനായി 08-02-2023-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. വർദ്ധനവിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

വർഷം	അധിക വരുമാനം (കോടി രൂപ)	വർദ്ധനവ് (%)	വർദ്ധനവ്/ യൂണിറ്റ് (പൈസ)
2023-24 (Proposal)	1044.43	6.19	41
2024-25 (Proposal)	834.17	4.50	31
2025-26 (Proposal)	472.64	2.36	17
2026-27 (Proposal)	29.80	0.14	1

റെഗുലേറ്ററി കമ്മീഷൻ താരിഫ് നിർണ്ണയിക്കുന്നത്, കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിക്കുന്ന പ്രതീക്ഷിത വരവ് ചെലവ് കണക്കുകളെ സംബന്ധിച്ച പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ്. വൈദ്യുതി നിയമം 2003, ദേശീയ താരിഫ് നയം 2016, കമ്മീഷൻതന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവ പ്രകാരം വിശദമായ പരിശോധന

നടത്തിയാണ് വരവ് ചെലവ് കണക്കുകൾ നിർണ്ണയിച്ച് റവന്യൂ കമ്മി തീരുമാനിക്കുന്നത്. ടി റവന്യൂ കമ്മി നികത്തുന്നതിനാണ് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ താരിഫ് വർദ്ധന അനുവദിക്കുന്നത്. ലൈസൻസിയുടെ ചെലവിനങ്ങൾ കണക്കാക്കുമ്പോൾ വൈദ്യുതി വാങ്ങൽ ചെലവ് മാത്രമല്ല മറിച്ച് വൈദ്യുതി ഉൽപ്പാദന ചെലവ്, പ്രസരണ ചെലവ്, ജീവനക്കാരുടെ വേതന ചെലവുകൾ (O&M Expenses), പലിശ ചെലവുകൾ, പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേയ്ക്കുള്ള വിഹിതം, തേയ്മാന ചെലവുകൾ (Depreciation), മുടക്കുമുതലിനുള്ള ലാഭവിഹിതം (Return on Equity) എന്നിവ കൂടി കണക്കിലെടുക്കും.

(സി) ഇങ്ങനെ ആവശ്യപ്പെടേണ്ട സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; നിരക്ക് വർദ്ധനവിൽനിന്നും പിൻമാറാൻ ആവശ്യമായ നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ?

റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്തുവർഷ കാലയളവിനുശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017, 2019, 2022 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്.

2012-ൽ 24%, 2013-ൽ 9.1%, 2014-ൽ 6.7%, 2017-ൽ 4.77%, 2019-ൽ 7.32%, 2022-ൽ 6.59% എന്നിങ്ങനെയായിരുന്നു വർദ്ധനവ്. എന്നിരുന്നാലും ഈ താരിഫ് പരിഷ്കരണങ്ങളൊന്നുംതന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2020-2021 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയകാല റവന്യൂ കമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു. ഈ മുൻകാല കമ്മി കുറഞ്ഞ അളവിലെങ്കിലും നികത്തിയില്ലെങ്കിൽ സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെയും നിലനിൽപ്പിനെയുംതന്നെ ദോഷകരമായി ബാധിക്കും. 2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് ഇപ്രകാരം അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയപക്ഷം ഏഴുവർഷംകൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്. താരിഫ് റെഗുലേഷൻ, 2021 പ്രകാരം, കെ.എസ്.ഇ.ബി. ലിമിറ്റഡ് അഞ്ചുവർഷത്തേയ്ക്കുള്ള (2022 മുതൽ 2027 വരെ) പ്രതീക്ഷിത വരവുചെലവ് കണക്കുകൾ 31-01-2022-നും വരവും ചെലവും തമ്മിലുള്ള അന്തരം (റവന്യൂ കമ്മി) നികത്തുന്നതിനുള്ള താരിഫ് പെറ്റീഷൻ 10-02-2022-നും സമർപ്പിച്ചിരുന്നു. റെഗുലേറ്ററി കമ്മീഷൻ, അഞ്ച് വർഷത്തേയ്ക്കുള്ള റവന്യൂ കമ്മി നിജപ്പെടുത്തിയെങ്കിലും, ഒരു

വർഷത്തേയ്ക്ക് മാത്രമേ താരിഫ് പരിഷ്കരണം 25-06-2022-ലെ ഉത്തരവ് പ്രകാരം അനുവദിച്ച് തന്നിരുന്നുള്ളൂ. റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ് താഴെപ്പറയും പ്രകാരമാണ്.

വർഷം	റവന്യൂ ഗ്യാപ്പ് (കോടിയിൽ)
2022-23	1927.20
2023-24	2939.09
2024-25	3020.30
2025-26	2837.26
2026-27	2882.09

25-06-2022-ലെ റെഗുലേറ്ററി കമ്മീഷന്റെ എ.ആർ.ആർ. ഉത്തരവിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2022-23-ലെ റവന്യൂ ഗ്യാപ്പ് 1927.20 കോടി രൂപയായി നിജപ്പെടുത്തിയെങ്കിലും 1010.94 കോടി രൂപ മാത്രമാണ് താരിഫിലൂടെ ഈടാക്കാൻ അനുമതി നൽകിയിട്ടുള്ളത്. ജനങ്ങളുടെ മേലുള്ള അമിതഭാരം ഒഴിവാക്കാനാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി മോശമാകുമെങ്കിൽ കൂടി ഇപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിച്ചത്. പ്രതിവർഷം 1010.94 കോടി രൂപ അധിക വരുമാനം ലഭിക്കത്തക്ക രീതിയിലുള്ള 6.58% വർദ്ധനയുള്ള താരിഫ് പരിഷ്കരണമാണ് അനുവദിച്ചിട്ടുള്ളത്. 26-06-2022 മുതൽ മാത്രം പ്രാബല്യം

വരുത്തിയതിനാൽ, ടി സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ..ബി. ലിമിറ്റഡിന് ഏകദേശം 760 കോടി രൂപ മാത്രം അധിക വരുമാനം ലഭ്യമാകുമെന്നാണ് കരുതുന്നത്. നിലവിലുള്ള താരിഫ് ഉത്തരവിന്റെ കാലാവധി 31-03-2023-ൽ അവസാനിക്കും.

01-04-2023 മുതലുള്ള താരിഫ്, കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിക്കുന്ന പെറ്റീഷൻ പ്രകാരം കമ്മീഷൻ തീരുമാനമെടുക്കുന്നതാണെന്ന് റെഗുലേറ്ററി കമ്മീഷന്റെ എ.ആർ.ആർ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പ് താരിഫ് പരിഷ്കരണത്തിലൂടെ ഈടാക്കിയില്ലെങ്കിൽ ചെലവിനങ്ങൾക്കായി ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരും. കൂടാതെ താരിഫ് ഉത്തരവിലൂടെ അനുവദിച്ചു തന്നതും, എന്നാൽ അതതു വർഷങ്ങളിൽ നികത്തപ്പെടാത്തതും, തുടർന്ന് 2022-27 കാലയളവിൽ റവന്യൂ കമ്മി തീരുമാനിക്കുന്നതിന് പരിഗണിച്ചതുമായ 3350 കോടി രൂപ താരിഫിലൂടെ നികത്തപ്പെടേണ്ടതായിട്ടുണ്ട്. പണപ്പെരുപ്പംമൂലം വർദ്ധിച്ചുവരുന്ന പ്രവൃത്തി പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട മൂലധന നിക്ഷേപ പ്രവൃത്തികൾക്കുള്ള ചെലവുകൾ, വൈദ്യുതി വാങ്ങൽ ചെലവുകൾ തുടങ്ങിയവ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ റവന്യൂ ഗ്യാപ് വർദ്ധിപ്പിക്കുന്നു. ഈ

സാഹചര്യത്തിലാണ് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ 2023-27 കാലയളവിലേയ്ക്ക് താരിഫ് പരിഷ്കരിക്കുന്നതിനായി പെറ്റീഷൻ സമർപ്പിച്ചത്.

ബഹുഭ്രൂരിപക്ഷം വരുന്ന ഗാർഹിക-കാർഷിക ഉപഭോക്താക്കൾക്ക് അമിതഭാരം അടിച്ചേൽപ്പിക്കാത്തതും എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ സാമ്പത്തിക സുസ്ഥിരതയോടെ നിലനിർത്തുന്നതിനും ഉതകുന്ന തരത്തിലുള്ള താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളാണ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കൾ, എൻഡോസൾഫാൻ ദുരിതബാധിതർ, പോളിയോബാധിതർ, ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നവർ എന്നിവർക്കുള്ള നിലവിലെ ആനുകൂല്യങ്ങൾ തുടർന്നും ലഭ്യമാക്കുന്നതിനുള്ള ശിപാർശകളാണ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ളത്.

സംസ്ഥാനത്തിന് അർഹമായ ഐ.ജി.എസ്.ടി. വിഹിതം

26 (*356) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ:

<u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിച്ച ഐ.ജി.എസ്.ടി. വിഹിതം കേന്ദ്ര ഐ.ജി.എസ്.ടി. പൂളിൽനിന്നും ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംയോജിത ചരക്കുസേവന നികുതി നിയമം 2017 പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു. ഈയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട തുക കണക്കാക്കുന്നതിന് വിവിധ പഠനങ്ങൾ നടന്നുവരുന്നു. എന്നാൽ ഐ.ജി.എസ്.ടി.-യെക്കുറിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ കേരളമടക്കമുള്ള സംസ്ഥാനങ്ങൾക്ക് ലഭ്യമല്ല.

(ബി) ഇല്ലെങ്കിൽ സംയോജിത ചരക്കുസേവന നികുതിയുടെ പരിഷ്കാരങ്ങൾ യഥാസമയം നടപ്പിലാക്കാൻ സാധിക്കാത്തതും അന്തർ സംസ്ഥാന ചരക്ക് ഇടപാടുകളിൽ റിട്ടേണുകൾ കർക്കശമാക്കാത്തതുമാണ് ആയതിന്റെ പ്രധാന കാരണം എന്നത് വസ്തുതയാണോ?

സംയോജിത ചരക്കുസേവന നികുതി നിയമം 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു. ഓരോ സപ്ലൈ നൽകുന്ന വ്യക്തിയും സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താവ് റിട്ടേൺ ഫയൽ ചെയ്ത് അവയുടെ മുൻപ് അടച്ച നികുതിയുടെ ക്രെഡിറ്റ് എടുത്ത് എസ്.ജി.എസ്.ടി. അടയ്ക്കുകയും ചെയ്യുമ്പോൾ സപ്ലൈയറുടെ

സംസ്ഥാനത്തുനിന്നും ഐ.ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ സംസ്ഥാനത്തേയ്ക്ക് സെറ്റിൽ ചെയ്യപ്പെടുന്നു. ഓൺലൈൻ മുഖേന നടക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ഇടപാടുകളിൽ "പ്ലേസ് ഓഫ് സപ്ലൈ" വിൽക്കുന്ന വ്യക്തി കൃത്യമായി രേഖപ്പെടുത്തേണ്ടതുണ്ട്. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എസ്.ടി. നിയമവും ചട്ടവും നടപ്പിലാക്കിയിരിക്കുന്നത്. ഇങ്ങനെ ഐ.ജി.എസ്.ടി. സംസ്ഥാനത്തിന് ലഭിക്കാൻ റിട്ടേൺ ഫയലിംഗ് കൃത്യമായി നടക്കുന്നതിനായി നിരവധി ട്രേഡ് സർക്കുലറുകളും നിർദ്ദേശങ്ങളും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. (Trade Circular No. 6/2020 dated 16-06-2020, Trade Circular 1/2021 dated 30-01-2021, Trade Circular No. 1/2022 dated 21-11-2022). നിലവിലെ നിയമമനുസരിച്ച് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സംവിധാനം സുഗമമായി നടക്കുന്നുണ്ട്. ഇത്തരം സെറ്റിൽമെന്റ് മുഖേന സംസ്ഥാനത്തിന് എല്ലാ മാസവും പണം ലഭിക്കുന്നുമുണ്ട്.

(സി) സംസ്ഥാനത്തിന് അർഹമായ സംയോജിത ചരക്കുസേവന നികുതിയുടെ വിഹിതം കേന്ദ്ര ഐ.ജി.എസ്.ടി. പൂളിൽനിന്നും

നേടിയെടുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു. ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എന്നത് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സംവിധാനമല്ല. ആയത് നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യുന്നതിനനുസൃതമായി ഓട്ടോമാറ്റിക്കായി സംഭവിക്കുന്നതാണ്. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എസ്.ടി. നിയമവും ചട്ടവും നടപ്പിലാക്കിയിരിക്കുന്നത്. നിലവിലെ നിയമം അനുസരിച്ച് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സംവിധാനം സുഗമമായി നടക്കുന്നുണ്ട്. ഇത്തരം സെറ്റിൽമെന്റ് മുഖേന സംസ്ഥാനത്തിന് എല്ലാ മാസവും പണം ലഭിക്കുന്നുമുണ്ട്. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത

ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഇതിനകംതന്നെ സംസ്ഥാനം ജി.എസ്.ടി. കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രതിസന്ധിയിലാകുന്ന സഹകരണ സ്ഥാപനങ്ങളെ സഹായിക്കാൻ പദ്ധതി

27 (*357) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും സഹകരണ ബാങ്ക് പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ അത് തരണം ചെയ്യുന്നതിനായി ശക്തമായ ഇടപെടൽ നടത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രതിസന്ധിയിലാകുന്ന സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനും സർക്കാർ ഇടപെടലിലൂടെ മികവുറ്റതാക്കി മാറ്റുന്നതിനും സഞ്ചിതനിധി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) പ്രതിസന്ധി നേരിടുന്ന സഹകരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി 'കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി

പദ്ധതി- 2023' എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

വ്യക്തമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുക, ഉചിതമായ നിർദ്ദേശങ്ങളുടെയും പദ്ധതികളുടെയും അടിസ്ഥാനത്തിൽ സഹകരണ മേഖലയുടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക, നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ലാഭകരമായ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾക്കും സഹായിക്കുക, പ്രവർത്തനക്ഷമമായ പദ്ധതികൾ/സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക, പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സൊസൈറ്റികളുടെ പുനരധിവാസം എന്നിവയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളും പരിപാടികളും ഏറ്റെടുത്ത് നടത്തുന്നതിനും ലക്ഷ്യമിടുന്നു.

(i) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുക, അവയുടെ പ്രവർത്തന വൈവിധ്യവൽക്കരണം എന്നിവ സംബന്ധിച്ച് വിശദമായ പഠനം നടത്തുക.

(ii) സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക, ആവശ്യമായ ഉപദേശം നൽകുക.

(iii) പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം തുടങ്ങിയവമൂലം പ്രവർത്തനം മന്ദീഭവിച്ച സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

(iv) അഴിമതിപോലുള്ള പ്രവൃത്തികൾ കാരണം പ്രവർത്തനം നിലച്ച സംഘങ്ങളുടെ പ്രവർത്തനത്തിന് അനുയോജ്യമായ പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുക.

(v) സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുന്നതിനും നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതി തയ്യാറാക്കുക.

(vi) സഹകരണ സംഘങ്ങൾക്ക് ലാഭകരമോ/പ്രായോഗികമായതോ ആയ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സഹായം നൽകുക.

(vii) ദുർബലവും എന്നാൽ പ്രായോഗികവും ശക്തിയാർജ്ജിക്കാൻ കഴിവുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരധിവാസം പ്രാവർത്തികമാക്കുക.

(viii) സംഘങ്ങളുടെ പുതിയ നിക്ഷേപ നിർദ്ദേശങ്ങൾ വിശകലനം ചെയ്യുക, ആവശ്യമായ ഉപദേശം നൽകുക.

(സി) സഹകരണ മേഖലയിലെ നിക്ഷേപവും നിക്ഷേപകരുടെയും സഹകാരികളുടെയും താല്പര്യങ്ങളും സംരക്ഷിക്കുന്നതിന് നിലവിലുള്ള ഡെപ്പോസിറ്റ് ഗ്യാരന്റി ബോർഡിന്റെ വ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഇതിനായി സഹകരണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(സി&ഡി) സഹകരണ മേഖലയിലെ നിക്ഷേപവും നിക്ഷേപകരുടെയും സഹകാരികളുടെയും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനായി ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം പരിഷ്കരിക്കുന്നതിനുള്ള ഒരു നിർദ്ദേശം തയ്യാറാക്കി

സഹകരണ നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ബോർഡിന്റെ ശിപാർശ പരിശോധിച്ച് ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കേന്ദ്ര വൈദ്യുതി ചട്ടം ഭേദഗതി

28 (*358) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) മാസംതോറും വൈദ്യുതി നിരക്ക് കൂട്ടാൻ വിതരണ കമ്പനികൾക്ക് അനുമതി നൽകുന്ന കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ചട്ടം ഭേദഗതി സംസ്ഥാനങ്ങളുടെ അധികാരത്തിലുള്ള കൈകടത്തലാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ 29-12-2023-ന് പുറത്തിറക്കിയ വൈദ്യുതി ഭേദഗതി ചട്ടങ്ങൾ [Electricity (Amendment) Rules, 2022] (ചട്ടം 14) പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തങ്ങളുടെ വൈദ്യുതി വാങ്ങൽ ചെലവുകൾ സമയബന്ധിതമായി വീണ്ടെടുക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ആയതനുസരിച്ച് ഇന്ധനവിലയിലോ വൈദ്യുതി വാങ്ങൽ ചെലവിലോ ഉള്ള

വ്യതിയാനം ഡിസ്ട്രിബ്യൂഷൻ ലൈസൻസിയുടെ ചെലവിലുണ്ടാക്കുന്ന ആഘാതം ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുല ഉപയോഗിച്ച് പ്രതിമാസ അടിസ്ഥാനത്തിൽ കണക്കാക്കി ഉപഭോക്താവിലേയ്ക്ക് താരിഫിലൂടെ കൈമാറ്റം ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട ചട്ടങ്ങൾ പ്രകാരം മാസാമാസം ലൈസൻസികൾ ഈടാക്കുന്ന അധികതുക പിന്നീട് വാർഷിക അടിസ്ഥാനത്തിൽ മാത്രമാകും റെഗുലേറ്ററി കമ്മീഷൻ പരിശോധിച്ച് വേണ്ട തിരുത്തലുകൾ വരുത്തുന്നത്. നിലവിലെ സമ്പ്രദായത്തിന് വിപരീതമായി, സ്റ്റേറ്റ് റെഗുലേറ്ററിൽനിന്ന് വിവേകപൂർണ്ണമായ പരിശോധന കൂടാതെ അധിക ചാർജ്ജുകൾ വീണ്ടെടുക്കാൻ ഡിസ്കോമുകൾക്ക് അനുവാദമുള്ളതിനാൽ സ്വകാര്യ ഡിസ്കോമുകൾ താത്കാലിക നേട്ടമുണ്ടാക്കാനിടയുണ്ട്. ഇക്കാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കയും ഒപ്പം ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്ന നിരക്ക് ന്യായയുക്തമാണെന്നും ലൈസൻസികൾ മെറിറ്റ് ഓർഡർ ഡെസ്പാച്ച് പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ സംസ്ഥാന കമ്മീഷന്റെ പരിശോധന ആവശ്യമാണെന്നും കമ്മീഷന്റെ മുൻകൂർ പരിശോധനയില്ലാതെ വൈദ്യുതി വാങ്ങൽ ചെലവിലെ വ്യതിയാനം ലൈസൻസികൾ സ്വമേധയാ കണ്ടെത്തി ഈടാക്കുന്ന നിർദ്ദേശത്തോട്

സംസ്ഥാനം യോജിക്കുന്നില്ലെന്നും 06-09-2022 തീയതിയിലെ എ 1/183/2022/ഊ.വ. നമ്പർ അർദ്ധ ഔദ്യോഗിക കത്ത് മുഖേന കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. കൂടാതെ കരട് നിർദ്ദേശങ്ങൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ.-ഉം തങ്ങളുടെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

വൈദ്യുതി മേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തെത്തുടർന്ന് സംസ്ഥാന നിയമസഭ 30-08-2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ചൂണ്ടിക്കാട്ടിയിരുന്നു.

(ബി) പ്രസ്തുത ഭേദഗതിയുടെ പശ്ചാത്തലത്തിൽ ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വൈദ്യുതി വിലയിലെ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനായി പുതിയ സാങ്കേതികവിദ്യകൾ, ഹൈഡ്രജൻ ഉൽപ്പാദനം മുതലായവയ്ക്കുള്ള

സാധ്യതാ പഠനങ്ങൾ ഊർജ്ജിതമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ബി&സി) മൊത്തം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന വ്യതിയാനങ്ങളാണ് Fuel and Power Purchase Adjustment Surcharge-ലൂടെ ഈടാക്കേണ്ടത്. അതിനാൽ വൈദ്യുതി വിപണിയിലെ ഏറ്റക്കുറച്ചിലുകൾ യഥാസമയം വിലയിരുത്തി കുറഞ്ഞ വിലയിലുള്ള വൈദ്യുതി കരാറുകളിലേർപ്പെട്ടും ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിച്ചും മൊത്തം വൈദ്യുതി വാങ്ങൽ ചെലവ് കുറയ്ക്കുവാൻ കഴിയുന്നതാണ്. മൊത്തം വൈദ്യുതി വാങ്ങൽ വിലയുടെ ഒരു ഭാഗമായ അന്തർസംസ്ഥാന പ്രസരണ ചാർജ്ജ് ഗണ്യമായി വർദ്ധിക്കുന്നതിനാൽ മൊത്തം വൈദ്യുതി വാങ്ങൽ ചെലവ് വർദ്ധിക്കുന്നു. ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നത് വഴി സംസ്ഥാനത്തെ അന്തർസംസ്ഥാന പ്രസരണ ചാർജ്ജ് നിയന്ത്രിക്കുവാനും അതുകൂടാതെ കേന്ദ്ര വൈദ്യുതി നിലയങ്ങളിൽനിന്നും വില കൂടിയ വൈദ്യുതി വാങ്ങുന്നത് കുറച്ച് മൊത്തം വൈദ്യുതി വാങ്ങൽ വില നിയന്ത്രിക്കുവാനും കഴിയുന്നതാണ്.

സംസ്ഥാനത്ത് ഊർജ്ജ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ കുറഞ്ഞ ചെലവിൽ ഉപഭോക്താക്കൾക്ക്

എത്തിക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വൈദ്യുതി വിലയിൽ ഏറ്റക്കുറച്ചിലുകൾ ഏറ്റവും പ്രകടമാകുന്നത് കൽക്കരിയധിഷ്ഠിത താപനിലയങ്ങളിലാണ്. ആഭ്യന്തര കൽക്കരി ഉൽപ്പാദനത്തിൽ വിവിധ കാരണങ്ങളാൽ വരുന്ന വ്യതിയാനങ്ങൾ, റെയിൽ റാക്കുകളുടെ ലഭ്യത, അന്തർദ്ദേശീയ വിപണിയിൽ കൽക്കരിയുടെ ലഭ്യതയും വിലയും തുടങ്ങി പല കാരണങ്ങളാൽ ഇത്തരം നിലയങ്ങളിൽനിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ വിലയിൽ നിരന്തര വ്യതിയാനം പ്രകടമാണ്. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയ്ക്ക് ഇത്തരം നിലയങ്ങളെ ആശ്രയിക്കുന്നത് പരമാവധി കുറച്ചുകൊണ്ടുവരിക എന്നതാണ് വൈദ്യുതി വിലയിൽ ഗണ്യമായ മാറ്റങ്ങൾ വരാതിരിക്കാൻ സ്വീകരിക്കാവുന്ന ഒരു മാർഗ്ഗം. ഇതിന്റെ ഭാഗമായി ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. അതേസമയം ലഭ്യമാകുന്ന വൈദ്യുതിയുടെ വില കുറഞ്ഞിരിക്കേണ്ടതുമുണ്ട്.

സൗരോർജ്ജ-കാറ്റാടി നിലയങ്ങളിൽനിന്നും താരതമ്യേന കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭിക്കാമെങ്കിലും വേനൽക്കാലം, സന്ധ്യതിരിഞ്ഞും പുലർച്ചെയുമുള്ള ഏതാനും മണിക്കൂറുകൾ തുടങ്ങി വൈദ്യുതി ഉപഭോഗം കൂടിനിൽക്കുന്ന സമയങ്ങളിൽ ആവശ്യാനുസരണം വൈദ്യുതി ലഭ്യമാണ് എന്നതും ഉറപ്പാക്കേണ്ടതുണ്ട്. വൈദ്യുതി വിലയിലെ ഏറ്റക്കുറച്ചിലുകൾ

പരിഹരിക്കുന്നതിനോടൊപ്പം വൈദ്യുതിയുടെ ലഭ്യത 24x7 അടിസ്ഥാനത്തിൽ ഉറപ്പുവരുത്താനായി ബാറ്ററി/പമ്പ്ഡ് സ്റ്റോറേജ് സംവിധാനം തുടങ്ങിയ പുതിയ സാങ്കേതികവിദ്യകൾ നടപ്പിലാക്കേണ്ടതുണ്ട്. ഭാവിയിലെ മുഖ്യഊർജ്ജ സ്രോതസ്സ് എന്ന നിലയ്ക്ക് ഹൈഡ്രജന്റെ ഉൽപ്പാദന സാധ്യതകളും പരിഗണിക്കുന്നുണ്ട്. കൂടാതെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാൻ അനുബന്ധം I-ലുള്ള+ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 30-09-2022-ന് കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഹൈഡ്രജൻ ഊർജ്ജ ഉൽപ്പാദന സംവിധാനം (ഇലക്ട്രോളിസിസ് അല്ലെങ്കിൽ മറ്റ് തെളിയിക്കപ്പെട്ട രീതികൾ ഉപയോഗിച്ച്) സ്ഥാപിക്കുന്നതിന് താൽപ്പര്യപത്രം (EOI) ക്ഷണിച്ചിട്ടുണ്ട്. താഴെപ്പറയുന്ന ഓപ്ഷൻ പ്രകാരം ഹൈഡ്രജൻ ഊർജ്ജ ഉൽപ്പാദന സംവിധാനം സ്ഥാപിക്കാൻ കഴിവുള്ള സ്ഥാപനങ്ങളിൽ/കൺസോർഷ്യത്തിൽനിന്നുമാണ് താൽപ്പര്യപത്രം ക്ഷണിച്ചിട്ടുള്ളത്.

ഓപ്ഷൻ-1: ഇലക്ട്രോലൈസർ ടെക്നോളജി അല്ലെങ്കിൽ മറ്റ് തെളിയിക്കപ്പെട്ട രീതികൾ ഉപയോഗിച്ചുള്ള ഹൈഡ്രജൻ ഉൽപ്പാദന പ്ലാന്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇൻഡസ്ട്രിയിലേയ്ക്കുള്ള ഹൈഡ്രജൻ അല്ലെങ്കിൽ വാഹനത്തിനുള്ള ഇന്ധനം).

ഓപ്ഷൻ-2: ഹൈഡ്രജനെ വൈദ്യുതിയാക്കി മാറ്റുന്നതിനുള്ള പ്ലാന്റുള്ള ഹൈഡ്രജൻ ഉൽപ്പാദന പ്ലാന്റ്.

ആഭ്യന്തര വൈദ്യുത ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ട് വിവിധ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 217 MW സ്ഥാപിതശേഷിയുള്ള 10 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിൽ 106 MW സ്ഥാപിത ശേഷിയുള്ള 3 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം മേയ് മാസത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്പർ ചെങ്കുളം (24 MW/53.22 Mu), മരിപ്പുഴ പദ്ധതി 6MW/14.84 Mu), പെരിങ്ങൽക്കുത്ത് സ്റ്റേജ്-II (24 MW/53.85 Mu) എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾ ഈ വർഷംതന്നെ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 78.5 MW സ്ഥാപിതശേഷിയുള്ള 10 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളും

ആരംഭിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികളും നടന്നുവരുന്നു. ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (300 MW/194 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും M/s. WAPCOS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) വൈദ്യുതി വിപണിയിലെ ഏറ്റക്കുറച്ചിലുകൾ യഥാസമയം വിലയിരുത്തി വൈദ്യുതി കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്ന കരാറുകളിൽ ഏർപ്പെടുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വിപണിയിലെ സ്ഥിതി വിലയിരുത്തി താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകുന്ന തരത്തിൽ വരുന്ന വേനൽക്കാലത്തെ അധിക ഊർജ്ജ ആവശ്യവും മുന്നിൽക്കണ്ട് 2023 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലേയ്ക്ക് ഹ്രസ്വകാല കരാറിലും ബാങ്കിംഗ് കരാറിലും ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ 2023 മേയ് 20 വരെ 100 മെഗാവാട്ടും മേയ് 21 മുതൽ 31 വരെ 200 മെഗാവാട്ടും വൈദ്യുതിക്ക് ഹ്രസ്വകാല ടെണ്ടർ

ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. 2023 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലേയ്ക്ക് ഏർപ്പെട്ടിട്ടുള്ള ഹ്രസ്വകാല/ബാങ്കിംഗ് കരാറുകൾ അനുബന്ധം-II+ ആയി ചേർത്തിട്ടുണ്ട്. ഇതുകൂടാതെ മേയ് മാസത്തെ പീക്ക് ആവശ്യകത കണക്കിലെടുത്ത് ഹ്രസ്വകാല ടെണ്ടർ അനുബന്ധം III-ൽ+ ചേർത്തവിധം ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തലാബിര പിറ്റ് ഹെഡ് കൽക്കരി നിലയത്തിൽനിന്നും 400MW വൈദ്യുതിക്കും സൗരോർജ വൈദ്യുതിക്കായി സോളാർ എനർജി കോർപ്പറേഷനുമായി 300 മെഗാവാട്ടും TP Saurya-യുമായി 110 മെഗാവാട്ടും വൈദ്യുതിക്കായി കരാറിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. കൂടംകുളം ആണവ നിലയത്തിലെ യൂണിറ്റ് II & യൂണിറ്റ് IV-ൽനിന്നും എൻ.ടി.പി.സി.-യുടെ നിർദ്ദിഷ്ട താൽച്ചർ താപവൈദ്യുതി നിലയം സ്റ്റേജ് III-ൽനിന്നും വൈദ്യുതി വാങ്ങാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ എൻ.ടി.പി.സി.-യുടെ തെലങ്കാന താപവൈദ്യുതിനിലയത്തിൽനിന്നും ശേഷിക്കുന്ന 600MW വൈദ്യുതിക്കും ദാമോദർവാലി കോർപ്പറേഷന്റെ ദുർഗാപൂർ, കോഡർമാ എന്നീ താപ വൈദ്യുതിനിലയങ്ങളിൽനിന്നും വൈദ്യുതി വാങ്ങുന്നതിനുമുള്ള പ്രാരംഭ ചർച്ച നടന്നുവരുന്നു. വൈദ്യുതി വിലയിൽ ഏറ്റക്കുറച്ചിലുകൾ ഏറ്റവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകടമാകുന്നത് കൽക്കരിയധിഷ്ഠിത താപനിലയങ്ങളിലാണ്. ആഭ്യന്തര കൽക്കരി ഉൽപ്പാദനത്തിൽ വിവിധ കാരണങ്ങളാൽ വരുന്ന വ്യതിയാനങ്ങൾ, റെയിൽ റാക്കുകളുടെ ലഭ്യത, അന്തർദ്ദേശീയ വിപണിയിൽ കൽക്കരിയുടെ ലഭ്യതയും വിലയും തുടങ്ങി പല കാരണങ്ങളാൽ ഇത്തരം നിലയങ്ങളിൽനിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ വിലയിൽ നിരന്തര വ്യതിയാനം പ്രകടമാണ്. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയ്ക്ക് ഇത്തരം നിലയങ്ങളെ ആശ്രയിക്കുന്നത് കുറച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. കൽക്കരി നിലയങ്ങളെ ആശ്രയിക്കേണ്ടി വരുമ്പോൾത്തന്നെ ഖനിമുഖങ്ങളിൽ സ്ഥിതി ചെയ്യുന്ന വൈദ്യുതി നിലയങ്ങൾക്ക് (pit-head stations) മുൻഗണന നൽകുന്നതും പരിഗണിക്കാം. പുതിയ വൈദ്യുതി വാങ്ങൽ കരാറുകൾ പരിഗണിക്കുമ്പോൾ ഈ കാര്യങ്ങൾ കണക്കിലെടുക്കാറുണ്ട്.

വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്താൻ നടപടി

29 (*359) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് വൈദ്യുതി പ്രസരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

വൈദ്യുതോപയോഗം വർദ്ധിക്കുന്നതിനനുസരിച്ച് ഭാവിയിലേയ്ക്കുള്ള വൈദ്യുതാവശ്യങ്ങൾ കണക്കിലെടുത്തും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിനും പ്രസരണ ശൃംഖല ശക്തിപ്പെടുത്തുവാനും അതുവഴി പ്രസരണനഷ്ടം കുറയ്ക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയ ഒരു പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. KIIFB, PSDF, MNRE, KFW തുടങ്ങിയ വിവിധ ഏജൻസികളുടെ ധനസഹായത്തോടെ ഒന്നാംഘട്ടം, രണ്ടാംഘട്ടം, ഗ്രീൻ കോറിഡോർ പാക്കേജ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി 400 KV-യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 KV-യുടെ 23 സബ്സ്റ്റേഷനുകളും 4390 Ckm എക്സ്ട്രാ ഹൈ വോൾട്ടേജ് ലൈനുകളുമാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്നാംഘട്ടത്തിൽ 2711 കോടി രൂപയുടെയും രണ്ടാംഘട്ടത്തിൽ 1458 കോടി

രൂപയുടെ ഗ്രീൻ കോറിഡോർ പദ്ധതികളുൾപ്പെടെ 3630 കോടി രൂപയുടെ പദ്ധതികളുമാണ് നടപ്പിലാക്കുന്നത്. ഇതിൽ 2317 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയായിക്കഴിഞ്ഞു.

ട്രാൻസ്ഗ്രിഡ് ഒന്നാംഘട്ട പദ്ധതിയിൽ വിഭാവനം ചെയ്ത 12 സബ്സ്റ്റേഷനുകളിൽ ഈ വർഷം പൂർത്തിയാക്കിയ 220 കെ.വി.-യുടെ നാല് സബ്സ്റ്റേഷനുകൾ ഉൾപ്പെടെ 11 എണ്ണം വിവിധ ജില്ലകളിലായി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തുകഴിഞ്ഞു. ഒന്നാംഘട്ട പദ്ധതിയിൽ വിഭാവനം ചെയ്ത 9 ലൈൻ പാക്കേജുകളിൽ മാടക്കത്തറ-അരീക്കോട് 400/220 കെ.വി. ലൈൻ പദ്ധതി ഉൾപ്പെടെ 8 എണ്ണം നിർമ്മാണം പൂർത്തിയാക്കി. ഇതിനോടകം 400 കെ.വി.-യുടെ 179 സർക്യൂട്ട് കിലോമീറ്റർ ലൈനും 220 കെ.വി.-യുടെ 660 സർക്യൂട്ട് കിലോമീറ്റർ ലൈനും 110 കെ.വി.-യുടെ 600 സർക്യൂട്ട് കിലോമീറ്റർ ലൈനും നിർമ്മാണം പൂർത്തിയാക്കി. കാഞ്ഞിരോട്-മയിലാട്ടി 220/110 കെ.വി. ലൈൻ പദ്ധതിയുടെയും കോട്ടയം 400 കെ.വി. സബ്സ്റ്റേഷന്റെയും നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയായിവരുന്നു. രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ (14 സബ്സ്റ്റേഷനുകൾ (400 KV- 2 എണ്ണം, 220 KV- 11 എണ്ണം, 110 KV- 1 എണ്ണം), 1932 സർക്യൂട്ട് കിലോമീറ്റർ

ലൈനുകൾ) നടപ്പിലാക്കുന്നത് വിവിധ ഘട്ടങ്ങളിലാണ്. ഇതുകൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ തനതുഫണ്ട് ഉപയോഗിച്ച് 110 കെ.വി.-യുടെ 67 സബ്സ്റ്റേഷനുകളും 33 കെ.വി.-യുടെ 46 സബ്സ്റ്റേഷനുകളും 1527.12 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.റ്റി. ലൈനുകളും 1086.67 കിലോമീറ്റർ 33 കെ.വി. ലൈനുകളും നടപ്പ് പഞ്ചവത്സര പദ്ധതിക്കാലത്ത് (2022-27) നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിലുൾപ്പെട്ട രണ്ട് 110 കെ.വി. സബ്സ്റ്റേഷനുകളും 138.03 സർക്യൂട്ട് കിലോമീറ്റർ 110 കെ.വി ലൈനുകളും 17.1 സർക്യൂട്ട് കിലോമീറ്റർ 33 കെ.വി ലൈനുകളും 2023 ജനുവരി 31 വരെ പൂർത്തിയായിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 110 കെ.വി.-യുടെ 17 സബ്സ്റ്റേഷനുകളും 489.64 സർക്യൂട്ട് കിലോമീറ്റർ 110 കെ.വി. ലൈനുകളും 62.35 സർക്യൂട്ട് കിലോമീറ്റർ 33 കെ.വി. ലൈനുകളും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) നിലവിലുള്ള ഓവർഹെഡ് ലൈനുകൾ മാറ്റി ഭൂഗർഭ ലൈനുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പ്രസരണ വിഭാഗം

നിലവിലുള്ള ഇ.എച്ച്.റ്റി. ഓവർഹെഡ് പ്രസരണ ലൈനുകൾ (66/110/220 കെ.വി.) മാറ്റി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കാനുള്ള പദ്ധതിയൊന്നും നിലവിൽ പരിഗണനയിലില്ല. എന്നാൽ പുതിയ ഓവർഹെഡ് ലൈനുകൾ സ്ഥാപിക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാറുണ്ട്. കൂടാതെ ഏതെങ്കിലും ഉപഭോക്താക്കളോ സ്ഥാപനങ്ങളോ ആവശ്യപ്പെടുകയാണെങ്കിൽ അവരുടെ ചെലവിൽ നിലവിലെ ഓവർഹെഡ് ലൈനുകൾ മാറ്റി ഭൂഗർഭ കേബിൾ സ്ഥാപിച്ച് കൊടുക്കാറുണ്ട്.

നിലവിലുള്ള 33 കെ.വി. ഓവർഹെഡ് ലൈനുകൾ മാറ്റി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും ഓവർഹെഡ് ലൈനുകൾ മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട വൈദ്യുതി വിതരണം ഉറപ്പുവരുത്തുന്നതിനുമായി 33 കെ.വി. കവേർഡ് കണ്ടക്ടർ/യു.ജി. കേബിൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്.-ൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരം ആർ.ഡി.എസ്.എസ്. ഫേസ്-1-ൽ 360.31 കി.മീ. 33 കെ.വി. കവേർഡ് കണ്ടക്ടർ ഉപയോഗിച്ചുള്ള പ്രവൃത്തികളും 29

കി.മീ. യു.ജി. കേബിൾ ഉപയോഗിച്ചുള്ള പ്രവൃത്തികളും നടപ്പാക്കുന്നതിനായി പ്രസരണ വിഭാഗത്തിൽനിന്നും ടെൻഡർ ചെയ്തിട്ടുണ്ട്.

വിതരണ വിഭാഗം

താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി എച്ച്.ടി. വിതരണ ലൈനുകൾ അണ്ടർ ഗ്രൗണ്ട് കേബിളുകൾ/കവചിത ചാലകങ്ങൾ ആക്കുവാനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്. വൈദ്യുതി വിതരണത്തിനുള്ള എൽ.ടി. ലൈൻ നിർമ്മാണത്തിൽ Aerial Bunched Cable (ABC)/XLPE insulated കണ്ടക്ടറുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള മാറ്റങ്ങളാണ് ഘട്ടംഘട്ടമായി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നത്.

RAPDRP പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരപ്രദേശങ്ങളിലെ എച്ച്.ടി. വൈദ്യുതി ശൃംഖല അണ്ടർ ഗ്രൗണ്ട് കേബിളുകളാക്കി മാറ്റിയിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ.-ന്റെ തനതുഫണ്ട് ഉപയോഗിച്ചുള്ള ദ്യുതി 1 പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണ ശൃഖലയിൽ ഭൂഗർഭ കേബിളുകളും

കവചിത ചാലകങ്ങളും ഉപയോഗിച്ചുള്ള ലൈൻ നിർമ്മാണം വ്യാപിപ്പിച്ചിട്ടുണ്ട്. ദ്യുതി 1 പദ്ധതിയിൽ 107.15 കോടി രൂപ ചെലവഴിച്ച് 582 കി.മീ. എച്ച്.ടി. ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ദ്യുതി 1 പദ്ധതിയിൽ 1127 കി.മീ. HT ABC ലൈനും 42 കി.മീ. HT covered conductor ഉപയോഗിച്ചുള്ള ലൈനും 1750 കി.മീ. LT ABC ലൈനും നിർമ്മിച്ചിട്ടുണ്ട്.

2022-23 മുതൽ 2026-27 വരെ നടപ്പിലാക്കുന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതിയായ ദ്യുതി 2, കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS എന്നിവയിലും എച്ച്.ടി. ഭൂഗർഭ കേബിളുകൾ/കവചിത ചാലകങ്ങൾ എന്നിവ ഉപയോഗിച്ചുള്ള ലൈൻ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ സംരംഭകത്വത്തിന് അപ്പെക്സ് കൗൺസിൽ

30 (*360) ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ഡി. കെ. മുരളി:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് കൃഷി വകുപ്പുമായി സഹകരിച്ച് കാർഷികാഭിവൃദ്ധിക്കുള്ള പദ്ധതികളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ സംരംഭങ്ങളും പ്രാവർത്തികമാക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ?

കാർഷിക വകുപ്പിന്റെ സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 26-10-2020-ലെ സ.ഉ.(കൈ)80/2020/കൃഷി നമ്പർ ഉത്തരവ് പ്രകാരം 16 ഇനം കാർഷിക വിളകൾക്ക് അടിസ്ഥാനവില നിശ്ചയിച്ചുകൊണ്ടും കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ് എന്ന പേരിൽ പദ്ധതി നടത്തിപ്പ് രീതി നിശ്ചയിച്ചുകൊണ്ടും ഉത്തരവാകുകയും ആയതിൻപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിനെയും ഏകോപിപ്പിച്ചുകൊണ്ട് കാർഷിക വകുപ്പിൽനിന്നും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. പ്രസ്തുത ഉത്തരവ് പ്രകാരം പച്ചക്കറികളുടെ വിപണിവില അടിസ്ഥാന വിലയെക്കാൾ കുറയുമ്പോൾ കർഷകരിൽനിന്നും കാർഷികോൽപ്പന്നങ്ങൾ അടിസ്ഥാനവിലയിൽ സംഭരിച്ച് വിപണനം നടത്തുന്നതിന് കാർഷികോൽപ്പന്നങ്ങളുടെ സംഭരണ ഏജൻസികളായി 250

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്ത് സർക്കാർ ഉത്തരവാകുന്നതിലേയ്ക്ക് സംഘങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കണമെന്നുള്ള കൃഷി വകുപ്പിൽനിന്നുള്ള നിർദ്ദേശപ്രകാരം ജില്ലകളിൽനിന്നും ലഭിച്ചിട്ടുള്ള 251 സംഘങ്ങളുടെ ലിസ്റ്റ് കൃഷി വകുപ്പിന് കൈമാറിയിട്ടുണ്ട്.

ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശുഭൂമിയിൽ കൃഷി നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാരിന്റെ നൂറുദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുവാൻ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ നടപ്പിലാക്കിവരുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ തുടർച്ചയായിട്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഒരു ജില്ലയ്ക്ക് ഒരു വിള എന്ന രീതിയിൽ തെരഞ്ഞെടുത്ത 7 ജില്ലകളായ തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

കാർഷിക മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ രൂപീകരിച്ച ധനസഹായ പദ്ധതിയാണ് കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്). ഈ പദ്ധതി പ്രകാരം

കാർഷിക മേഖലയിലെ പ്രാഥമിക പ്രവർത്തനങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത്. പദ്ധതിയുടെ നോഡൽ ഏജൻസിയായ കൃഷി വകുപ്പുമായി സഹകരിച്ച് സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ (PACS), മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, അപ്പെക്സ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ധനസഹായം ലഭ്യമാക്കി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിപ്രകാരം ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനും സഹായമാകുന്നു.

മേൽ പരാമർശിച്ചവ കൂടാതെ സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

നെൽകൃഷി വികസന ലക്ഷ്യത്തോടെ കർഷകരിൽനിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ച് കാർഷിക ഉല്പന്നങ്ങൾ വിപണനം നടത്തുക, ആയതിനുവേണ്ടി ആധുനിക സാങ്കേതിക വിദ്യയോടുകൂടിയ അരി മിൽ സ്ഥാപിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 36 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ അംഗങ്ങളായിക്കൊണ്ട് പാലക്കാട് ജില്ല

പ്രവർത്തനപരിധിയായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (PAPCOS) രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും മേൽപ്രകാരമുള്ള അതേ ഉദ്ദേശ്യലക്ഷ്യങ്ങളോടെ പാലക്കാട് ജില്ല ഒഴികെ സംസ്ഥാനത്തെ 13 ജില്ലകൾ പ്രവർത്തനപരിധിയായി കോട്ടയം ആസ്ഥാനമായിക്കൊണ്ട് കേരള പാഡി പ്രൊക്യൂർമെന്റ്, പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505(KAPCOS) രജിസ്റ്റർ ചെയ്ത് പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.

കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നമാക്കൽ, വിൽപ്പന എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷം ആരംഭിച്ച പുതിയ പദ്ധതിയാണ്– " സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" . പദ്ധതി നടത്തിപ്പിനായി 2250 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും നടപ്പാക്കുന്നത് 7 ഉപഘടകങ്ങളായിട്ടുമാണ്.

(ബി) കാർഷിക അടിസ്ഥാന സൗകര്യനിധി പദ്ധതിയിൽ വിവിധ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന 1300 സംരംഭങ്ങൾ തുടങ്ങുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; സംരംഭങ്ങളുടെ വിശദ പദ്ധതിരേഖ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ?

അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയുമായി ബന്ധപ്പെട്ട് കോഫി പ്രോസസ്സിംഗ്, റബ്ബർ സംസ്കരണം, നാളികേരവും അനുബന്ധ ഉൽപ്പന്നങ്ങളും, നെല്ലും അതിന്റെ സംസ്കരണവും, ഭക്ഷ്യ സംസ്കരണം മഞ്ഞൾ-പാഷൻ ഫ്രൂട്ട്-പൈനാപ്പിൾ/ചക്ക-മാങ്ങയും, വാഴപ്പഴം, മരച്ചീനിയും മറ്റ് ട്യൂബർക്രോപ്പുകളും, കാർഷിക നഴ്സറി, ജൈവവളം, ബയോ കൺട്രോൾ ലാബ്, കോൾഡ് സ്റ്റോറേജ്/നിയന്ത്രിത അന്തരീക്ഷ താപനില മുറി, റൈപ്പണിംഗ് ചേംബർ/പ്രീ ക്ലീനിംഗ് ചേംബർ, കസ്റ്റം ഹയറിംഗ് യൂണിറ്റുകൾ-കാർഷിക പരിശീലനവും സേവന കേന്ദ്രവും, അഗ്രികൾച്ചറൽ മെഷിനറി/ഡ്രോൺ, അരിക്കാനട്ട് സംസ്കരണം, ഓൺലൈൻ പോർട്ടലും ഇ-മാർക്കറ്റിംഗ്-സർവ്വീസ്-ലോജിസ്റ്റിക് സൗകര്യവും, സോളാർ പ്രോജക്ടുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ സഹകരണ മേഖലയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ പ്രാഥമിക

കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന ധാരാളം സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ സെൻട്രൽ പി.എം.യു. പോർട്ടലിൽ 710 കോടി രൂപ ധനസഹായം ആവശ്യമായിട്ടുള്ളതും 902 കോടി രൂപ പദ്ധതി ചെലവ് വരുന്നതുമായ 420 അപേക്ഷകൾ സഹകരണ സംഘങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷകളിൽ 27 അപേക്ഷകളിലായി 87.46 കോടി രൂപയുടെ പ്രോജക്ടുകൾ സമർപ്പിച്ചതിൽ 69.09 കോടി രൂപയുടെ വായ്പ തുകയും വിതരണം ചെയ്തു. പദ്ധതി സംബന്ധിച്ച വിശദമായ ഡി.പി.ആർ. വിവിധ പ്രോജക്ട് കൺസൾട്ടന്റുമാർ മുഖാന്തരം തയ്യാറാക്കി സഹകരണ സ്ഥാപനങ്ങളായ ACSTI, ICM-തിരുവനന്തപുരം, ICM-കണ്ണൂർ എന്നിവയുടെ മേൽനോട്ടത്തിൽ സ്റ്റേറ്റ് പി.എം.യു. മുഖാന്തരം സെൻട്രൽ പി.എം.യു. പോർട്ടലിൽ സമർപ്പിക്കുന്നു.

(സി) അതിജീവന സാധ്യത മനസ്സിലാക്കി ഏറ്റെടുക്കാവുന്ന സംരംഭങ്ങൾ സംബന്ധിച്ച് നിർദ്ദേശം നൽകുന്നതിനും സംഘങ്ങളെ സംരംഭകത്വത്തിന് പ്രേരിപ്പിക്കുന്നതിനും അപ്പെക്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

രൂപീകരിച്ചിട്ടില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പശ്ചാത്തലസൗകര്യ വികസന പ്രവൃത്തികൾ

1 (4200) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് 60,000 കോടി രൂപയുടെ പശ്ചാത്തലസൗകര്യ വികസന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനാവശ്യമായ സാമ്പത്തികസ്ഥിതി സംസ്ഥാന സർക്കാരിനുണ്ടോയെന്ന് വ്യക്തമാക്കുമോ?

നാളിതുവരെ 80,352.04 കോടിയിൽപ്പരം രൂപയുടെ 1057 പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരം നൽകികഴിഞ്ഞു. ഇതിനോടകം 21,436 കോടിയോളം രൂപ ധനവിപണിയിൽനിന്നും കിഫ്ബി ഉറപ്പുവരുത്തിയിട്ടുണ്ട്. 17-06-2023-ലെ കണക്കുകൾപ്രകാരം വിവിധ പദ്ധതികൾക്കായി 24,795 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാരിൽനിന്നും നിയമപ്രകാരം ലഭിക്കുന്ന ആനുിറ്റി വിഹിതത്തിന് (വാഹന നികുതിയുടെ വിഹിതവും പെട്രോളിയം സെസ്സും) പുറമെ ധനവിപണിയിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തിയാണ് കിഫ്ബി അതിന്റെ പദ്ധതി പ്രവർത്തനങ്ങൾ

നടത്തിവരുന്നത്. ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിന് കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധാനമാണ്. ഈ സംവിധാനത്തിന്റെ കണക്കുകൂട്ടൽ അനുസരിച്ച് കിഫ്ബി അതിന് നിലവിൽ ലഭിച്ചുവരുന്ന ആസ്വിറ്റികൊണ്ട് തിരിച്ചടയ്ക്കാവുന്ന തുകയ്ക്കുള്ള പദ്ധതികൾക്കാണ് നിലവിൽ അംഗീകാരം നൽകിയിട്ടുള്ളത്.

(ബി) ഈ സർക്കാരിന്റെ കാലത്ത് നിലവിൽ ഏകദേശം എത്ര കോടി രൂപയുടെ പശ്ചാത്തലസൗകര്യ വികസന പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് കിഫ്ബി വഴി എത്ര രൂപയുടെ പശ്ചാത്തലസൗകര്യ വികസന പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്; അതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) ഈ സർക്കാരിന്റെ കാലത്ത് 16,462.13 കോടി രൂപയുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്കാണ് കിഫ്ബി അനുമതി നൽകിയിട്ടുള്ളത്. അനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്+. ഈ സർക്കാരിന്റെ കാലത്ത് അനുമതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയതിൽ പ്രവൃത്തിയാരംഭിച്ച പദ്ധതികളിൽ നല്ലൊരു ശതമാനം പദ്ധതികളും പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്.

പുലിമുട്ടുകൾ ഉപയോഗിച്ച് ചെല്ലാനത്തെ കടൽക്ഷോഭത്തിൽനിന്നും തടയുന്നതിനുള്ള പദ്ധതിയുടെ ഒന്നാംഘട്ട പദ്ധതി 90% പൂർത്തിയായിട്ടുണ്ട്. 140 മണ്ഡലങ്ങളിലെ ഓരോ ആശുപത്രികളിലും 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള പദ്ധതിയും പൂർത്തീകരിച്ചുവരികയാണ്. ഇതുവരെ 25 ഇടങ്ങളിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

കിഫ്ബി നാളിതുവരെ അംഗീകാരം നൽകിയ 80,363.18 കോടി രൂപയുടെ പദ്ധതികളിൽ 12,476.06 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ വളർച്ച

2 (4201) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. വിജിൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ്‌വ്യവസ്ഥ സ്ഥിരവിലയിൽ 12 ശതമാനവും നടപ്പുവിലയിൽ 17 ശതമാനവും വളർച്ച നേടിയതായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പുറത്തുവിട്ട കണക്കുപ്രകാരം 2021-22-ൽ കേരളത്തിന്റെ സ്ഥിരവിലയിലുള്ള (Constant Price) മൊത്ത ആഭ്യന്തര ഉൽപ്പാദന വളർച്ചാ നിരക്ക് 12.01 ശതമാനമാണ്. പ്രസ്തുത വളർച്ച ഇപ്പോഴത്തെ വിലയിൽ (Current Price) കണക്കാക്കിയാൽ 17.63 ശതമാനമാണ്. ദേശീയ വളർച്ചാ നിരക്ക് 8.7 ശതമാനംമാത്രം നിലനിൽക്കുമ്പോഴാണ് കേരളത്തിന്റെ ഈ വളർച്ച. കോവിഡിന് മുമ്പുള്ള 2018-19-ലുള്ള നിലയുമായി താരതമ്യം ചെയ്താൽ ഇത് 15.05 ശതമാനമാകും. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ 2022-23-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത വളർച്ചാ നിരക്ക് 2021-22-നെ അപേക്ഷിച്ച് 12.23% ആണ്.

(ബി) കോവിഡാനന്തരം സംസ്ഥാനം കൈവരിച്ച വളർച്ച നിലനിർത്തി മുന്നോട്ടുപോകാൻ സ്വീകരിച്ചുവരുന്ന കർമ്മപരിപാടികൾ വിശദമാക്കാമോ;

(സി) സാമ്പത്തിക വളർച്ച കൈവരിക്കുന്നതിന്റെ ഭാഗമായി ഉൽപ്പാദന മേഖലകളുടെ ഉത്തേജനം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ്

സ്വീകരിച്ചുവരുന്നത്; ഇതുവഴി പ്രതീക്ഷിക്കുന്ന ഉയർന്ന ഉൽപ്പാദനവും തൊഴിലവസരങ്ങളും സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാക്കാൻ പോകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

(ബി&സി) കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന ധനകാര്യ യാഥാസ്ഥിതികത്വത്തെ കേരളത്തിന്റെ ബദൽ വികസന മാതൃകകൊണ്ട് നേരിടുന്ന തന്ത്രമാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. 2021-22-ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം സ്ഥിരവിലയിൽ 12.01 ശതമാനം കണ്ട് വളർന്നു. 2020-21 കോവിഡ് കാലഘട്ടത്തിൽ സമ്പദ്ഘടന 8.43 ശതമാനം കണ്ട് തളരുകയാണുണ്ടായത്. 2019-20-ലാകട്ടെ വളർച്ച കേവലം 0.9 ശതമാനമായിരുന്നു. ഉൽപ്പാദന മേഖലയെയും ഉൾച്ചേർത്തുകൊണ്ടുള്ള സാമ്പത്തിക വളർച്ച നമുക്ക് നേടാനായി എന്നതാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് 2021-22-ലെ സാമ്പത്തിക വളർച്ചയുടെ പ്രത്യേകത. കാർഷിക അനുബന്ധ മേഖലയിൽ 6.7 ശതമാനവും വ്യാവസായിക അനുബന്ധ മേഖലയിൽ 17.3 ശതമാനവും വളർച്ചാ നിരക്ക് കൈവരിച്ചത് സമീപകാല ചരിത്രത്തിലാദ്യമായാണ്. വ്യാവസായിക മേഖലയ്ക്കുള്ളിൽ ഉൽപ്പന്ന നിർമ്മാണ മേഖലയിലാണ് (manufacturing) നിർണ്ണായകമായ വളർച്ചാ നിരക്ക് കൈവരിക്കാനായത് (18.9 ശതമാനം). ഇത്തരത്തിൽ

സമ്പദ്‌വ്യവസ്ഥയെ പുനരുദ്ദീപിപ്പിച്ച് ഉൽപ്പാദനവും അതുവഴി വരുമാനവും വർദ്ധിപ്പിക്കുക എന്നതാണ് ഇടത് സർക്കാരിന്റെ നയം. സുസ്ഥിര വികസനമെന്ന ലക്ഷ്യം നേടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രങ്ങൾ ചുവടെ ചേർക്കുന്നു.

- വിലക്കയറ്റത്തിന്റെ ഭീഷണി പൂർണ്ണമായും ഒഴിഞ്ഞ് മാറിയിട്ടില്ല എന്നത് പരിഗണിച്ച് ശക്തമായ വിപണി ഇടപെടലുകൾ തുടരുന്നതിനായി 2023-24-ലേയ്ക്ക് 2000 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

- റബ്ബർ കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി റബ്ബർ സബ്സിഡിക്കുള്ള ബഡ്ജറ്റ് വിഹിതം 600 കോടി രൂപയായി വർദ്ധിപ്പിച്ചു.

- നികുതി, നികുതിയേതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

- സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന തരത്തിലുള്ള പരിഷ്കാരങ്ങൾ വ്യാപകമാക്കി.

- ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഏജൻസികൾ തമ്മിൽ ആരോഗ്യകരമായ മത്സരം നടക്കേണ്ടതുണ്ട്. ലഭ്യമായ ബഡ്ജറ്റ് വകയിരുത്തലിനുള്ളിൽനിന്നുകൊണ്ട് കൂടുതൽ ക്ഷേമ-വികസന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഏറ്റെടുക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിന് 100 കോടി രൂപ ഈ വർഷത്തേയ്ക്ക് നീക്കിവച്ചിട്ടുണ്ട്. ഏറ്റവും മികച്ച പ്രൊപ്പോസലുകൾ തെരഞ്ഞെടുത്ത് സഹായം അനുവദിക്കും.

- പദ്ധതി ചെലവ് വിലയിരുത്തുന്നതിനായി വളരെ വിജയകരമായി ഉപയോഗിച്ചുവരുന്ന പ്ലാൻ സ്പേസ് സംവിധാനത്തിന്റെ പുതിയ എഡിഷനിൽ സർക്കാർ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ കാര്യക്ഷമത/ ഉൽപ്പാദനക്ഷമത കൂടി താരതമ്യം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകും. സർക്കാർ ചെലവാക്കുന്ന പണത്തിന് ആനുപാതികമായ പ്രയോജനം ഉണ്ടാകുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം. സർക്കാർ ഏജൻസികളുടെ കാര്യക്ഷമത താരതമ്യം ചെയ്യുന്ന ഇന്ത്യയിലെതന്നെ ആദ്യത്തെ ഉദ്യമമായിരിക്കും ഇത്. പ്ലാൻ സ്പേസിന്റെ അധികച്ചെലവിലേയ്ക്കായി 2023-24 ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- ഭരണത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിനുവേണ്ടി കൃത്യമായ രീതിശാസ്ത്രം അവലംബിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് വകുപ്പുകളെ സജ്ജമാക്കുകയും ഇതിനായി പരിശീലന പരിപാടികൾ നടത്താൻ ഐ.എം.ജി.-യെ ചുമതലപ്പെടുത്തുകയും ചെയ്യും. മേൽ പ്രതിപാദിത പ്രവർത്തനങ്ങളിലൂടെ സർക്കാർ വകുപ്പുകളുടെ ജനങ്ങളോടുള്ള ഉത്തരവാദിത്വവും സുതാര്യതയും ഉറപ്പുവരുത്തുന്നതാണ്.

സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പാക്കേജുകൾ

3 (4202) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7500 കോടി രൂപയുടെ വയനാട് പാക്കേജ്, 12000 കോടി രൂപയുടെ ഇടുക്കി പാക്കേജ്, 2500 കോടി രൂപയുടെ കുട്ടനാട് പാക്കേജ്, 5000 കോടി രൂപയുടെ തീരദേശ പാക്കേജ് എന്നിവ നടപ്പാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റിലും എത്ര തുക വീതം നീക്കിവച്ചിട്ടുണ്ട്; കാസർഗോഡ് പാക്കേജിനുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; സാമ്പത്തിക വർഷം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ പാക്കേജുകൾക്ക് നീക്കിവച്ച തുകയിൽനിന്ന് ഓരോന്നിനും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഈ പാക്കേജുകൾ സമയബന്ധിതമായി നടപ്പാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിന് വരുന്ന സാമ്പത്തിക വർഷങ്ങളിൽ എത്ര തുക അധികം സമാഹരിക്കേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ബഡ്ജറ്റിൽ 20% തുക നീക്കിവച്ച പ്രവൃത്തികൾക്ക് പകരം നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

4 (4203) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബഡ്ജറ്റിൽ 20% തുക നീക്കിവച്ച ചില പ്രവൃത്തികൾ പ്രായോഗികമല്ലാത്തതിനാൽ പകരം നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ധനവകുപ്പ് അനുമതി നൽകാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് പൊതുനിർദ്ദേശം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ എന്ന ബഡ്ജറ്റ് രേഖയിൽ 20% തുക നീക്കിവച്ച പ്രവൃത്തികൾക്ക്

നിയമസഭാ സാമാജികർ സമർപ്പിക്കുന്ന ഭേദഗതി നിർദ്ദേശങ്ങൾക്ക് ബഹുമാനപ്പട്ട ധനമന്ത്രി തലത്തിൽ അംഗീകാരം നൽകിവരുന്നുണ്ട്.

പർച്ചെയ്സ് കരാറുകളിൽ ടി.ഡി.എസ്.

5 (4204) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അടക്കമുള്ള സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളുമായി ഏർപ്പെടുന്ന പർച്ചെയ്സ് കരാറുകളിൽ ജി.എസ്.ടി. ഈടാക്കാവുന്ന ഉൽപ്പന്നങ്ങളുടെ മുൻക്കൂർ നികുതിയായ ടി.ഡി.എസ്. നിഷ്കർഷിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകാമോ?

മുൻക്കൂർ നികുതിയായ ടി.ഡി.എസ്. ഒരു സ്റ്റാറ്റ്യൂട്ടറി ഒബ്ലിഗേഷനാണ്. ആയതിനാൽ കാലാകാലങ്ങളിൽ സർക്കാർ ഏർപ്പെടുത്തുന്ന ഇത്തരം സ്റ്റാറ്റ്യൂട്ടറി ഒബ്ലിഗേഷൻസ് കരാറുകളിൽ ഉൾപ്പെടുത്താറുണ്ട്. കേന്ദ്ര സർക്കാരിന്റെ 13-09-2018-ലെ 51/2018-സെൻട്രൽ ടാക്സ് വിജ്ഞാപന പ്രകാരം 01-10-2018 മുതൽ വിതരണക്കാരുടെ വിതരണത്തുകയിൽനിന്നും 2% ടി.ഡി.എസ്.-ജി.എസ്.ടി. ഇനത്തിൽ കെ.എം.എസ്.സി.എൽ. ഈടാക്കിവരുന്നുണ്ട്.

പെൻഷൻകാർക്ക് ആനുകൂല്യങ്ങൾ

6 (4206) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ പെൻഷൻകാർക്ക് നൽകാനുള്ള ക്ഷാമാശ്വാസം കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശിക എന്ന് അനുവദിക്കുമെന്നാണ് ആദ്യം ഉത്തരവിറക്കിയതെന്നും കുടിശ്ശിക വിതരണം നാളിതുവരെ എത്ര തവണ മാറ്റിവച്ചിട്ടുണ്ടെന്നും അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ ഇറക്കിയിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

(എ&ബി) പതിനൊന്നാം ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ക്ഷാമാശ്വാസമാണ് പെൻഷനോടൊപ്പം നൽകിവരുന്നത്. പതിനൊന്നാം ശമ്പള കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ പെൻഷൻകാർക്ക് ക്ഷാമാശ്വാസ കുടിശ്ശിക കണക്കാക്കിയിട്ടില്ല.

(സി) പെൻഷൻകാരുടെ ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പെൻഷൻകാരുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് 04-05-2019-ലെ സ.ഉ.(അ)നം.55/2019/ ധന, 27-05-2020-ലെ സ.ഉ(അ)നം.67/ 2020/ധന എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രിസം സോഫ്റ്റ്വെയർ മുഖാന്തരം പെൻഷൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്.

ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ ഈടായി വാങ്ങി സൂക്ഷിച്ചിരിക്കുന്ന രേഖകൾ

7 (4207) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരക്ക് സേവന നികുതി വകുപ്പിനുകീഴിൽ കാലഹരണപ്പെട്ട നികുതി നിയമങ്ങളുമായി ബന്ധപ്പെട്ട് (നിലവിലുള്ള മണി ലെൻഡിങ് ആക്ട്, കെ.ജി.എസ്.റ്റി. ആക്ടിൽ സജീവമായ സ്ഥാപനങ്ങൾ ഒഴികെ) സമർപ്പിച്ചിട്ടുള്ള വകുപ്പിലേയ്ക്ക് ലീൻ മാർക്ക് ചെയ്തിരിക്കുന്ന പോസ്റ്റ് ഓഫീസ് അക്കൗണ്ടുകൾ, ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ സാക്ഷ്യപത്രങ്ങൾ, ബാങ്ക് സ്ഥിര നിക്ഷേപ സാക്ഷ്യപത്രങ്ങൾ, ബാങ്ക് ഗ്യാരന്റികൾ തുടങ്ങി ഈടായി വാങ്ങി സൂക്ഷിച്ചിരിക്കുന്ന രേഖകൾ എത്ര ഡീലർമാരുടേതുണ്ട് എന്ന വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ചരക്ക് സേവന നികുതി വകുപ്പിനുകീഴിൽ കാലഹരണപ്പെട്ട നികുതി നിയമങ്ങളുമായി ബന്ധപ്പെട്ട് വകുപ്പിലേയ്ക്ക് ലീൻ മാർക്ക് ചെയ്തിരിക്കുന്ന പോസ്റ്റ് ഓഫീസ് അക്കൗണ്ടുകൾ, ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ സാക്ഷ്യപത്രങ്ങൾ, ബാങ്ക് സ്ഥിര നിക്ഷേപ സാക്ഷ്യപത്രങ്ങൾ, ബാങ്ക് ഗ്യാരന്റികൾ തുടങ്ങി 267368 പേരുടെ രേഖകൾ ഈടായി വാങ്ങി വച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ ഇനങ്ങളിൽ എത്ര സാക്ഷ്യപത്രങ്ങൾ ഈടായി വാങ്ങി സൂക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

301828 സാക്ഷ്യപത്രങ്ങൾ ഈടായി വാങ്ങി വച്ചിട്ടുണ്ട്.

(സി) ആയതിന്റെ മുഖവില എത്ര തുക വരും എന്നതിന്റെ വിശദാംശം നൽകാമോ?

ആയതിന്റെ മുഖവില 381.83 കോടി രൂപയാണ്.

സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ നടപടി

8 (4208) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഹിതത്തിൽ കാലാകാലങ്ങളായി കുറവുണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനങ്ങൾക്ക് വീതംവച്ച് നൽകേണ്ട ഡിവിസിബിൾ പൂളിൽനിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിന് ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനം വിഹിതമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും കേന്ദ്രം വരുത്തുന്നത്.

(ബി) ധനപരമായ പല കാര്യങ്ങളിലും കേന്ദ്രസർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച നിസ്സഹകരണ നിലപാട് മറികടന്ന് ജനങ്ങളുടെ വാങ്ങൽശേഷിയെ സ്വാധീനിക്കുവാനും കമ്പോളം ചലനാത്മകമാക്കുവാനും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകൾ സഹായിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സമ്പദ്ഘടനയിലെ വിവിധ മേഖലകളിൽ കോവിഡ് ഏൽപ്പിച്ച ആഘാതം വിലയിരുത്തി സർക്കാർ 26361.726 കോടി രൂപയുടെ ഒന്നാം ഉത്തേജക പാക്കേജും 20000 കോടി രൂപയുടെ രണ്ടാം ഉത്തേജക

പാക്കേജും പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പാക്കേജുകളുടെ ഫലമായി സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്ത പ്രതിസന്ധികൾക്കിടയിലും സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ ക്രിയാത്മകവും ഭാവനാപൂർണ്ണവുമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതും അത്തരത്തിലുള്ള നടപടികളുടെ സമയബന്ധിതമായ നടത്തിപ്പിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനും ചലനാത്മകമാക്കുവാനും സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുള്ളതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം സമ്പദ്‌വ്യവസ്ഥ 12.01 ശതമാനം വളർച്ച നേടിയത് ആയതിന്റെ ദൃഷ്ടാന്തമാണ്.

ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

9 (4209) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മുഖേന ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിലാക്കുന്ന പദ്ധതികളും ഓരോ പ്രവൃത്തിയുടെയും നിലവിലെ നിർമ്മാണ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു+.

അരുർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച പ്രവൃത്തികൾ

10 (4210) ശ്രീമതി ദലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ടി പ്രവൃത്തികളിൽ എത്ര എണ്ണം പൂർത്തീകരിച്ചെന്നും ഓരോ പ്രവൃത്തികളുടെയും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ?

(എ&ബി) അരുർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച പ്രവൃത്തികൾ, ഓരോ പ്രവൃത്തിയുടേയും നിർമ്മാണ പുരോഗതി,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിച്ച പദ്ധതികൾ എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി ഫണ്ട് അനുവദിക്കുകയും എന്നാൽ നാളിതുവരെ യാതൊരുവിധ പ്രവർത്തനങ്ങളും നടക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അതിനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ?

അത്തർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി ഫണ്ട് അനുവദിച്ച എല്ലാ പദ്ധതികളുടെയും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കിഫ്ബിയുടെ പ്രവർത്തനവും മേഖലയും

11 (4211) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി രൂപീകരിക്കുന്നതിന് മുൻപ് കേരള സർക്കാർ ഇൻഫ്രാസ്ട്രക്ചർ ഫൈനാൻസിംഗ് നടത്തിയിരുന്നത് എങ്ങനെയായിരുന്നു; വിശദവിവരങ്ങൾ നൽകാമോ; ഇതിനായി ഏതൊക്കെ സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നത്; ഇപ്പോഴും ആ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി രൂപീകരണത്തിന് മുൻപ് ഇൻഫ്രാസ്ട്രക്ചർ ഫൈനാൻസിംഗ് മുഖ്യമായും നടത്തിയിരുന്നത് സംസ്ഥാന ബഡ്ജറ്റിലൂടെയായിരുന്നു. കിഫ്ബിയുടെ രൂപീകരണ കാലത്ത് ഇൻഫ്രാസ്ട്രക്ചർ നിർമ്മാണ മേഖലയിൽ പല സർക്കാർ കമ്പനികളും രൂപീകരിക്കപ്പെട്ടിരുന്നെങ്കിലും പൂർണ്ണമായും ഇൻഫ്രാസ്ട്രക്ചർ ഫൈനൻസിംഗിന് മാത്രമായി ഒരു സംവിധാനം നിലവിൽവന്നത് 1999-ൽ കിഫ്ബിയിലൂടെയാണ്. ഏകദേശം ഇതേസമയം രൂപീകൃതമായ അടിസ്ഥാന സൗകര്യ നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളായ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള, കേരള റോഡ് ഫണ്ട് ബോർഡ് തുടങ്ങിയ കമ്പനികൾ നിലവിലും പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കമ്പനികൾ കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്ന എസ്.പി.വി.-കൾ കൂടിയാണ്.

(ബി) കിഫ്ബി എങ്ങനെയാണ് ഫണ്ട് ശേഖരിച്ചിട്ടുള്ളതെന്നത് വ്യക്തമാക്കുമോ; കിഫ്ബി നിലവിൽവന്നത് മുതൽ നാളിതുവരെ ശേഖരിച്ചിട്ടുള്ള ഫണ്ട് വിവരങ്ങൾ ലഭ്യക്കുമോ?

കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്ട് 1999 മുഖേനയാണ് കിഫ്ബി നിലവിൽവന്നത്. 1999, 2002 & 2003 എന്നീ വർഷങ്ങളിലായി 1,023.71 കോടിയോളം രൂപ വിവിധ കിഫ്ബി

ബോണ്ടുകളിലൂടെ സമാഹരിച്ചിരുന്നു. ഇത് പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ട്. 2016-ൽ ആകട്ടിലുണ്ടായ സമഗ്രമായ ഭേദഗതിക്കുശേഷം കിഫ്ബി വിവിധ മാർഗ്ഗങ്ങളിലൂടെ സമാഹരിച്ച തുകകൾ അനുബന്ധമായി ചേർക്കുന്നു+.

(സി) വിദേശത്തുള്ള സ്റ്റോക്ക് എക്സ്ചേഞ്ചിൽ കൂടിയ നിരക്കിൽ കിഫ്ബി ബോണ്ട് ഇഷ്യൂ ചെയ്തത് എന്തിനാണെന്ന് വ്യക്തമാക്കുമോ; രൂപം കൊണ്ടതിനുശേഷം എത്ര മസാല ബോണ്ടുകൾ കിഫ്ബി വിതരണം ചെയ്തിട്ടുണ്ട് എന്നതും വ്യക്തമാക്കാമോ?

മസാല ബോണ്ട് വഴി ഉയർന്ന പലിശ നിരക്കിലാണ് കിഫ്ബി തുക സമഹരിച്ചതെന്ന് പറയുവാൻ സാധിക്കുകയില്ല. മസാല ബോണ്ടിനുള്ള ശ്രമങ്ങൾക്ക് വളരെ മുൻപുതന്നെ ആഭ്യന്തര വിപണിയിലെ വായ്പകളും ബോണ്ടുകളും വഴിയുള്ള ധനസമാഹാരണ ശ്രമങ്ങൾ കിഫ്ബി ആരംഭിച്ചിരുന്നു. അന്ന് വായ്പകൾ ലഭ്യമായത് 9.3% വരെയുള്ള പലിശ നിരക്കിലായിരുന്നു. ആഭ്യന്തര വിപണിയിൽ കിഫ്ബി അതിനോടകം തന്നെ രണ്ടുതവണ ബോണ്ടുകൾവഴിയുള്ള ധനസമാഹാരങ്ങൾക്ക് ശ്രമം നടത്തുകയുണ്ടായി. 10.20% മുതൽ 10.25% വരെയാണ് അപ്പോഴൊക്കെ വാഗ്ദാനം ചെയ്ത ഏറ്റവും കുറഞ്ഞ പലിശ നിരക്ക്. കിഫ്ബിക്ക് തുല്യം വ്യവസ്ഥാപിത സ്ഥാപനമായ ആന്ധ്രാപ്രദേശ് കാപ്പിറ്റൽ റീജിയണൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡെവലപ്മെന്റ് അതോറിറ്റി (APCRDA)-ക്ക് അക്കാലത്ത് ബോണ്ടുകൾ വഴി പണം കണ്ടെത്തിയത് 10.34% (ത്രൈമാസ അടിസ്ഥാനത്തിൽ) എന്ന നിരക്കിലായിരുന്നു. ആദ്യമായി അന്താരാഷ്ട്ര ധനകാര്യ വിപണിയിൽ പ്രവേശിക്കുന്ന കിഫ്ബിപോലെയുള്ള ഒരു സ്ഥാപനത്തിന് കിട്ടാവുന്ന മികച്ച നിരക്കിലാണ് 2019-ൽ മസാല ബോണ്ട് പുറപ്പെടുവിച്ചത്.

മസാല ബോണ്ട് സംബന്ധിച്ച് വളരെ വിശദവും ക്രിയാത്മകവുമായ ചർച്ച കിഫ്ബിയുടെ ബോർഡ് മീറ്റിംഗിൽ നടക്കുകയുണ്ടായി. ഉയർന്ന AAA റേറ്റിംഗുള്ള സ്ഥാപനങ്ങൾക്കുപോലും ഇതിലും മെച്ചപ്പെട്ട സ്പ്രെഡ് (അടിസ്ഥാന സൂചികയിൽനിന്ന് നിക്ഷേപകൻ അധികമായി ആവശ്യപ്പെടുന്ന നിരക്ക്) ലഭ്യമാക്കാൻ സാധിക്കുന്നില്ലെന്നത് കണക്കിലെടുത്താൽ കിഫ്ബിയുടെ മസാല ബോണ്ടിന് ലഭിക്കുന്നത് അംഗീകരിക്കാവുന്ന പലിശയാണെന്ന ഭൂരിപക്ഷ അഭിപ്രായമാണ് ഉണ്ടായത്. വിപണിയിൽ ഫണ്ടുള്ളപ്പോൾ ആ അവസരം യുക്തിപൂർവ്വം ഉപയോഗപ്പെടുത്തുകയാണ് വേണ്ടതെന്നും കിഫ്ബിക്ക് അതിന്റെ സ്രോതസ്സുകൾ വൈവിധ്യവൽക്കരിക്കേണ്ട സമയമായെന്നും നിരീക്ഷണങ്ങളുണ്ടായി.

ആഭ്യന്തരവിപണിയിൽ ആ കാലത്ത് ഫണ്ട് കണ്ടെത്തുന്നതിനായി കടുത്ത മത്സരം നിലനിന്നിരുന്നതിനാൽ പലിശ നിരക്ക് പൊതുവെ ഉയർന്ന് നിന്നിരുന്നു എന്നത് കണക്കിലെടുത്താൽ അന്താരാഷ്ട്ര വിപണിയുടെ സാധ്യത ഉപയോഗിക്കുന്നതാണ് ഉചിതമെന്നും അഭിപ്രായമുണ്ടായി. റിസർവ് ബാങ്കിന്റെ അന്നത്തെ ഇ.സി.ബി. മാനദണ്ഡങ്ങൾ കണക്കിലെടുത്താൽ ഉടൻതന്നെ അന്താരാഷ്ട്ര വിപണിയിലും മത്സരങ്ങൾ വർദ്ധിക്കുമെന്നും അതിനുമുൻപ് ഈ മികച്ച അവസരത്തിൽ ഉചിതമായ ധനസമാഹരണമാണ് വേണ്ടതെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു. നിലവിലെ പദ്ധതികളുടെ വ്യാപ്തി കണക്കിലെടുത്താൽ കിഫ്ബി എത്രയും പെട്ടെന്ന് മസാല ബോണ്ട് ഇടപാട് പൂർത്തിയാക്കി മതിയായ ഫണ്ട് കണ്ടെത്തേണ്ടതാണെന്നും ഇത്തരത്തിൽ മുൻകൂട്ടി ധനം ഉറപ്പുവരുത്താതെ ഫണ്ട് ആവശ്യമാകുന്ന സമയത്ത് ധനസമാഹരണത്തിന് പോകുന്നപക്ഷം അന്ന് വിപണിയിൽ ലഭ്യമായ കൂടിയ പലിശയിൽ കടമെടുക്കുവാൻ കിഫ്ബി നിർബന്ധിതമാകുമെന്നും അഭിപ്രായങ്ങളുണ്ടായി. ഇതെല്ലാം കണക്കിലെടുത്താണ് 9.723% വരെയുള്ള പലിശ നിരക്കിൽ മസാലാ ബോണ്ട് പുറപ്പെടുവിക്കാമെന്നും കിഫ്ബോർഡ് തീരുമാനിച്ചത്. കിഫ്ബി ഒറ്റത്തവണ മാത്രമാണ് മസാല ബോണ്ട് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) കിഫ്ബിക്ക് ഇൻഫ്രാസ്ട്രക്ചർ മേഖലയിൽ മാത്രമല്ലാതെ മറ്റ് മേഖലകളിലും ഇൻവെസ്റ്റ്മെന്റ് ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

കിഫ്ബി നിലവിൽ സംസ്ഥാനത്തെ സുപ്രധാന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണത്തിൽ മാത്രമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

കുണ്ടറ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

12 (4212) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന കിഫ്ബി പദ്ധതികളുടെ പ്രവർത്തന പുരോഗതി അടക്കമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൃശ്ശൂർ-കരുവന്നൂർ ശുദ്ധജല വിതരണ പദ്ധതി

13 (4213) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മുഖേന അനുവദിച്ച തൃശ്ശൂർ-കരുവന്നൂർ ശുദ്ധജല വിതരണ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കിഫ്ബി മുഖേന 185 കോടി രൂപ അനുവദിച്ച തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റിനായി നിർദ്ദേശിച്ച ഭൂമി തണ്ണീർത്തട വിഭാഗത്തിൽ ഉൾപ്പെടുത്തുകയും സാമൂഹിക ആഘാത പഠനത്തിനിടെ വിദഗ്ധ സമിതി എതിർപ്പ് അറിയിക്കുകയും ചെയ്തിരുന്നു. കൂടാതെ, 2018-ലെ വെള്ളപ്പൊക്കത്തിൽ ടി പ്രദേശം വെള്ളത്തിനടിയിലാകുകയും പദ്ധതി ആ സ്ഥലത്ത് ആവിഷ്കരിക്കാനാകാത്തവിധം സ്ഥലത്തെ മണ്ണിന്റെ ദൃഢത മാറുകയുമുണ്ടായി. അതിനാൽ ഒരു ബദൽ ഭൂമി നിർദ്ദേശം അനിവാര്യമായി വരികയും പദ്ധതിക്ക് പുതിയൊരു സ്ഥലം കണ്ടെത്തുകയും ചെയ്തു. പുതിയ സ്ഥലത്തിനനുസൃതമായി പദ്ധതിയുടെ ഡിസൈനും മറ്റും പരിഷ്കരിക്കുകയും 222.97 കോടി രൂപയുടെ പരിഷ്കരിച്ച ഡി.പി.ആർ. 24-11-2022-ന് കിഫ്ബിക്ക് സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ഡി.പി.ആർ.-ന്മേൽ അവലോകനം

നടത്തി അതിന്മേൽ ഒരു സാങ്കേതികാവലോകന റിപ്പോർട്ട് പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

14 (4214) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ?

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ സമഗ്ര നവീകരണത്തിന് ആവശ്യമായ തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനത്തിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിക്ക് ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച് പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്താനുള്ള തീരുമാനം സർക്കാർ കൈക്കൊള്ളുന്നപക്ഷം കിഫ്ബി അതിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

മാവേലിക്കര നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

15 (4215) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരവും ലഭ്യമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

വൈപ്പിൻ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

16 (4216) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

17 (4217) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നാളിതുവരെ കിഫ്ബി മുഖേന അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നാളിതുവരെ കിഫ്ബി മുഖേന അനുവദിച്ച പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ നാളിതുവരെ ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ആയവ ആരംഭിക്കാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ?

കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികളിൽ നാളിതുവരെ ആരംഭിക്കാത്ത പ്രവൃത്തികളും ആയത് ആരംഭിക്കാത്തതിന്റെ കാരണവും അനുബന്ധമായി ചേർക്കുന്നു+.

കിഫ്ബിയിൽ സമർപ്പിക്കുന്ന ബില്ലുകൾ പാസ്സാക്കുന്നതിന് നടപടി

18 (4218) <u>ശ്രീ. മോൻസ് ജോസഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 3 വർഷം കഴിഞ്ഞിട്ടും കരാറുകാർക്ക് അവരുടെ ബില്ലുകൾ മാറി നൽകാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ;

(ബി) കിഫ്ബി ഓരോ നിബന്ധനകൾവച്ച് കരാറുകാരുടെ ബില്ലുകൾ വൈകിപ്പിക്കുന്നുവെന്ന ആക്ഷേപം പരിശോധിക്കുമോ; കിഫ്ബിയിൽ സമർപ്പിക്കുന്ന ബില്ലുകൾ പാസ്സാക്കുന്നതിന് വലിയ കാലതാമസം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ടാകുന്നതായുള്ള ആക്ഷേപത്തിന് എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് കരാറുകാർ ബില്ലുകൾ തയ്യാറാക്കി സമർപ്പിക്കുന്നത് പദ്ധതിയുടെ എഗ്രിമെന്റ് അതോറിറ്റി കൂടിയായ അതാത് എസ്.പി.വി.-കൾക്കാണ്. പ്രസ്തുത ബില്ലുകൾ എസ്.പി.വി.-കൾ വിശദമായി പരിശോധിച്ചതിനുശേഷം പണം അനുവദിച്ചുകൊണ്ടുള്ള നടപടിക്രമത്തോടൊപ്പമാണ് കിഫ്ബിയിൽ സമർപ്പിക്കുന്നത്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ ഓരോ ദിവസത്തെയും സ്ഥിതി കിഫ്ബി സി.ഇ.ഒ. തലത്തിൽ വിശകലനം ചെയ്യുകയും അവയിന്മേൽ സമയബന്ധിതമായി പണം നൽകുകയും ചെയ്തുവരുന്നുണ്ട്. കിഫ്ബി വഴി നിർമ്മാണം പൂർത്തീകരിച്ചതിനുശേഷവും കരാറുകാർക്ക് പണം ലഭിക്കുന്നില്ലെന്ന ആക്ഷേപം കരാറുകാർ ഉന്നയിക്കുന്നതായി കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് വിശദമായി പരിശോധിച്ചതിൽനിന്നും പദ്ധതികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലുകളിലും കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം നൽകുന്ന ഒബ്സെർവേഷൻ മെമ്മോകളിലും അതാത് പദ്ധതി നിർവ്വഹണ ഏജൻസികൾ സമയബന്ധിതമായി നടപടികൾ എടുക്കാത്തതിനാൽ ചില

കാലതാമസങ്ങളുണ്ടായതായി കണ്ടെത്തുകയും ഇത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് നൽകുകയും അതനുസരിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(സി) കിഫ്ബി എടുക്കുന്ന വായ്പയും സംസ്ഥാനത്തിന്റെ വായ്പാപരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാലുണ്ടായ പ്രതിസന്ധി വ്യക്തമാക്കാമോ?

സംസ്ഥാനങ്ങളുടെ വായ്പാപരിധി നിശ്ചയിക്കുന്നതിൽ സംസ്ഥാന ഏജൻസികളുടെ വായ്പകളും ഉൾപ്പെടുത്തിയതുവഴി കേന്ദ്ര സർക്കാർ കടുത്ത സാമ്പത്തിക നിയന്ത്രണമാണ് സംസ്ഥാന സർക്കാരിനുമേൽ അടിച്ചേൽപ്പിക്കുന്നത്. കിഫ്ബി, സാമൂഹിക സുരക്ഷ പെൻഷൻ കമ്പനി എന്നിവയുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി ഉൾപ്പെടുത്തുക വഴി സംസ്ഥാനത്തിന്റെ വായ്പാപരിധി ഗണ്യമായി വെട്ടിക്കുറയ്ക്കപ്പെട്ടു. കൂടാതെ സർക്കാർ ട്രഷറി ഒരു ബാങ്കർ എന്ന നിലയിൽ സ്വീകരിച്ചിട്ടുള്ള പൊതുജന നിക്ഷേപങ്ങളും സർക്കാരിന്റെ വായ്പകളായി കണക്കാക്കുകയും ചെയ്യുന്നു. ഇവയ്ക്കൊന്നും ഭരണഘടനാ ചട്ടങ്ങളുടെ ഒരുതരത്തിലുമുള്ള പിൻബലമില്ല

എന്നുമാത്രമല്ല ഈ നടപടികൾ ഫെഡറൽ സംവിധാനത്തിന്റെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്നതുമാണ്. സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ അവതാളത്തിലാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ നടപ്പാക്കുന്നതെന്ന് അനുമാനിക്കേണ്ടിവരും. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഇത്തരത്തിലുള്ള രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വിധേയപ്പെടുവാൻ സർക്കാർ ഒരുക്കമല്ല. രാജ്യത്തെ ഭരണഘടനയും നിയമവ്യവസ്ഥകളും നൽകുന്ന എല്ലാ അധികാരങ്ങളും അവകാശങ്ങളും ഉപയോഗപ്പെടുത്തി ഇതിനെ മറികടക്കാനാകുമെന്ന ശുഭാപ്തി വിശ്വാസം സർക്കാരിനുണ്ട്. നിലവിൽ കേന്ദ്രം സ്വീകരിക്കുന്ന നിലപാടുകളിലെ നിയമപ്രശ്നങ്ങളും ഭരണഘടനാ ലംഘനങ്ങളും ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ ഈ നിയമപ്രശ്നങ്ങളെല്ലാം വിശദമാക്കുന്ന ഒരു മെമ്മോറാണ്ടം മന്ത്രിസഭയുടെ അംഗീകാരത്തോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് അയച്ചിട്ടുണ്ട്. ഈ വിഷയങ്ങളിൽ സംസ്ഥാനത്തിന് അനുകൂലമായ നിലപാടുകൾ കേന്ദ്ര സർക്കാരിന് എടുക്കേണ്ടിവരും എന്നുതന്നെയാണ് സർക്കാർ കരുതുന്നത്.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

19 (4219) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു[+]. ടി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളിൽ നാളിതുവരെ ആരംഭിക്കാത്ത പദ്ധതികളുടെ കാരണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തി

20 (4220) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10-07-2017-ലെ GO (Rt) No. 942/2017/PWD ഉത്തരവ് പ്രകാരം തത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനായി 01-10-2020-ലെ PWD015-96/APR-2/2020/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 10 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിനുള്ള നടപടികൾ പുരോഗമിക്കവെ, ഉരുൾപൊട്ടലിൽ തകർന്ന റോഡ് അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനായി 18-11-2021-ലെ PWD015-96/APR-2/2020/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 2.699 കോടി രൂപയുടെ ധനാനുമതിയും കിഫ്ബി നൽകിയിരുന്നു. അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ടി പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് KRFB പ്രോജക്ട് ഡയറക്ടർ 28-12-2022-ന് 16.10 ലക്ഷം രൂപയുടെ ഭാഗികമായ സാങ്കേതികാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ KRFB-PMU കോഴിക്കോട്

ഡിവിഷൻ ടി പ്രവൃത്തി ടെണ്ടർ ചെയ്തു. നിലവിൽ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് കഴിഞ്ഞാലുടൻ ടി പദ്ധതിക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾക്കായി റവന്യൂ വിഭാഗത്തിന് കൈമാറുന്നതാണെന്ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) അറിയിച്ചിട്ടുണ്ട്.

കിഫ്ബി കരാറുകാരുടെ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ

21 (4221) ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതൽ കരാറിലേർപ്പെട്ട് പൂർത്തീകരിച്ച നിരവധി കിഫ്ബി പ്രവൃത്തികളുടെ പണം കുടിശ്ശികയുണ്ടെന്നുള്ള കരാറുകാരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രവൃത്തികൾ പൂർത്തിയാക്കി 3 വർഷം കഴിഞ്ഞിട്ടും ബില്ലുകൾ പാസ്സാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

(എ&ബി) കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് കരാറുകാർ ബില്ലുകൾ തയ്യാറാക്കി സമർപ്പിക്കുന്നത് പദ്ധതിയുടെ എഗ്രിമെന്റ് അതോറിറ്റി

കൂടിയായ അതാത് എസ്.പി.വി.-കൾക്കാണ്. പ്രസ്തുത ബില്ലുകൾ എസ്.പി.വി.-കൾ വിശദമായി പരിശോധിച്ചതിനുശേഷം പണം അനുവദിച്ചുകൊണ്ടുള്ള നടപടിക്രമത്തോടൊപ്പമാണ് കിഫ്ബിയിൽ സമർപ്പിക്കുന്നത്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ ഓരോ ദിവസത്തെയും സ്ഥിതി കിഫ്ബി സി.ഇ.ഒ. തലത്തിൽ വിശകലനം ചെയ്യുകയും അവയിന്മേൽ സമയബന്ധിതമായി പണം നൽകുകയും ചെയ്തുവരുന്നുണ്ട്. കിഫ്ബി വഴി നിർമ്മാണം പൂർത്തീകരിച്ചതിനുശേഷവും കരാറുകാർക്ക് പണം ലഭിക്കുന്നില്ലെന്ന ആക്ഷേപം കരാറുകാർ ഉന്നയിക്കുന്നതായി കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് വിശദമായി പരിശോധിച്ചതിൽനിന്നും പദ്ധതികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലുകളിലും കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം നൽകുന്ന ഒബ്സർവ്വേഷൻ മെമ്മോകളിലും അതത് പദ്ധതി നിർവ്വഹണ ഏജൻസികൾ സമയബന്ധിതമായി നടപടികൾ എടുക്കാത്തതിനാൽ ചില കാലതാമസങ്ങളുണ്ടായതായി കണ്ടെത്തുകയും ഇത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് നൽകുകയും അതനുസരിച്ച് കിഫ്ബിയിൽ

സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കരാറുകാർക്കുള്ള കുടിശ്ശിക സമയബന്ധിതമായി തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പദ്ധതി നിർവ്വഹണ ഏജൻസികൾ സമർപ്പിക്കുന്ന ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കൂ. പോരായ്മകളില്ലാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി അംഗീകാരം നൽകിയ ശേഷവും പണം നൽകുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിലില്ല.

പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസികൾക്ക് ടെണ്ടർ കൂടാതെ വർക്ക്

22 (4222) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് വഴി ഒരു കോടി രൂപവരെയുള്ള പ്രവൃത്തികൾ നോൺ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസികൾക്ക് നൽകിയതുപോലെ പി.എം.സി.(പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി) കൾക്കും ടെൻഡർ കൂടാതെ പ്രവൃത്തികൾ നൽകി പ്രസ്തുത ഏജൻസികളെക്കൊണ്ട് പ്രൈസ് സോഫ്റ്റ്വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആസ്തി വികസന ഫണ്ട് വഴിയുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഏജൻസിയെ നിർണ്ണയിക്കുന്നതിനുള്ള അധികാരം എം.എൽ.എ.-മാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ഏജൻസികളുടെ തെരഞ്ഞെടുപ്പും പ്രവർത്തനരീതിയും വിശദീകരിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും ആസ്തിവികസന പദ്ധതിയിലും ബാധകമാണ്. 28-04-2021-ലെ സ.ഉ.(അച്ചടി)നം. 67/2021/ധന. പ്രകാരം എല്ലാ പി.എം.സി., നോൺ പി.എം.സി.-കളുടെയും തെരഞ്ഞെടുപ്പ് സുതാര്യമായ ടെൻഡർ നടപടികളിൽ കൂടിയായിരിക്കണമെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ 17-01-2022-ലെ സ.ഉ.(പി).നം.7/2022/ധന. ഉത്തരവ് പ്രകാരം 1 കോടി രൂപ വരെയുള്ള പ്രവൃത്തികൾ ഭരണവകുപ്പുകൾക്ക് ബിഡ്ഡിംഗ്

പ്രക്രിയയില്ലാതെ നേരിട്ട് നോൺ പി.എം.സി. സ്റ്റാറ്റസുള്ള അക്രെഡിറ്റഡ് ഏജൻസികൾക്ക് നൽകാവുന്നതാണ് (to be executed within the applicable Schedule of Rates) എന്നും ഉത്തരവായിരുന്നു. അടിയന്തര പ്രാധാന്യമുള്ളതും എന്നാൽ താരതമ്യേന ചെറുതുമായ പ്രവൃത്തികൾക്ക് ടെൻഡർ നടപടികളിലൂടെയുണ്ടാകുന്ന കാലവിളംബം ഒഴിവാക്കാൻവേണ്ടി മാത്രമാണ് ഇങ്ങനെയൊരു ഇളവ് സർക്കാർ നോൺ പി.എം.സി. ഏജൻസികൾക്ക് അനുവദിച്ചിട്ടുള്ളത്. മേൽ ഉത്തരവുകൾ ആസ്തി വികസന പദ്ധതി ഉൾപ്പെടെ സംസ്ഥാനത്ത് നടപ്പാക്കുന്ന എല്ലാ പദ്ധതികൾക്കും പൊതുവായുള്ള മാർഗ്ഗനിർദ്ദേശമാണ്. ആയതിനാൽ ഗ്രണഭോക്തൃ വകുപ്പുകൾക്ക് മാത്രമേ ഇപ്രകാരം നോൺ പി.എം.സി. ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരമുള്ളൂ.

(സി) നോൺ പി.എം.സി. ആനുകൂല്യം പറ്റിക്കൊണ്ട് ലഭിക്കുന്ന പ്രവൃത്തികൾ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രസ്തുത ഏജൻസികൾ മറ്റ് ഏജൻസികൾക്ക് ടെണ്ടർ ചെയ്ത് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബഡ്ജറ്റിൽ നോൺ പി.എം.സി.-കൾക്ക് നൽകുന്നതിനുള്ള തുക ആസ്തി വികസന ഫണ്ടിൽ വകയിരുത്തിയതുപോലെ പി.എം.സി.-കൾക്കും ടെണ്ടർ ക്ഷണിക്കാതെയുള്ള പ്രവൃത്തികൾക്ക് തുക വകയിരുത്താത്തത് കാരണം പി.എം.സി.-കൾ പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ മാറിനൽകാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

LAC-ADS-ലെ മാർഗ്ഗരേഖ പ്രകാരം എഞ്ചിനീയറിംഗ് വിഭാഗങ്ങളുള്ള വകുപ്പുകളാണെങ്കിൽ അതാത് വകുപ്പുകൾക്ക് തന്നെയാണ് പ്രവൃത്തികൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം. പ്രവൃത്തിയുടെ ഗുണഭോക്തൃ വകുപ്പുകൾ പ്രവൃത്തി വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ശീർഷകങ്ങളുടെ നിയന്ത്രണാധികാരി ബില്ലുകൾ മാറി നൽകുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇതിനുപുറമേ നോൺ പി.എം.സി./പി.എം.സി. വേർതിരിവില്ലാതെ അക്രെഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ ബിൽ തുക നേരിട്ട് അനുവദിക്കുന്നതിന് ധനകാര്യ സെക്രട്ടറി നിയന്ത്രണാധികാരിയായി പ്രത്യേക ശീർഷകത്തിന്റെ കീഴിൽ ആവശ്യമായ തുക വകയിരുത്തിവരുന്നുമുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സമർപ്പിക്കുന്ന

ആസ്തി വികസനനിധിയിലെ ബില്ലുകൾ മാറുന്നതിന് നിലവിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല ആസ്തി വികസനനിധിയുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഫണ്ടിന്റെ അപര്യാപ്തത ചൂണ്ടിക്കാണിക്കുന്ന മുറയ്ക്ക് അടിയന്തരമായി അധിക ധനാനുമതി നൽകുന്നതിനും ധനകാര്യ വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്.

മലമ്പുഴ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടത്തുന്ന പദ്ധതികൾ

23 (4223) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18, 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി എത്ര പദ്ധതികൾക്കാണ് ഓരോ വർഷവും അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഓരോ വർഷവും നടപ്പിലാക്കിയ പദ്ധതികളുടെ ആകെ തുക വർഷം തിരിച്ച് ലഭ്യമാക്കാമോ?

2017-18, 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച്

നടപ്പിലാക്കുന്നതിനായി അനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ എണ്ണവും ആകെ തുകയും വർഷം തിരിച്ചുള്ളത് അനുബന്ധത്തിൽ ചേർത്തിരിക്കുന്നു+.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ വികസന ഫണ്ട് പദ്ധതികളുടെ സേവിംഗ്സ്

24 (4225) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ സേവിംഗ്സ് തുക സംബന്ധിച്ച വിശദവിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ?

പ്രത്യേക വികസനനിധി വിനിയോഗിച്ച് ശിപാർശ ചെയ്യപ്പെടുന്ന പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നത് അനുവദിച്ചുകൊണ്ടുള്ള വ്യവസ്ഥകൾഒന്നുംതന്നെ എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി) നം.161/2017/ധന. പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

25 (4226) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദവിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷംവരെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദവിവരം സാമ്പത്തിക വർഷം തിരിച്ചുള്ളത് ചുവടെ കൊടുക്കുന്നു.

2017-18	44,35,000/- രൂപ
2018-19	63,99,000/- രൂപ
2019-20	36,84,000/- രൂപ
2020-21	52,34,987.95/- രൂപ

04-08-2018-ലെ സ.ഉ.(അച്ചടി)നം. 119/2018/ധന, 17-12-2022-ലെ സ.ഉ.(സാധാ)നം.145/2022/ധന. എന്നീ ഉത്തരവുകൾ പ്രകാരം ഒരു സാമ്പത്തിക വർഷത്തെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമേ ആ വർഷത്തെ ടെണ്ടർ സേവിംഗ്സ് കണക്കാക്കാൻ കഴിയുകയുള്ളൂ. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ഭരണാനുമതി നൽകിയ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈ വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക കണക്കാക്കാൻ നിർവ്വാഹമില്ല.

നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്

26 (4227) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രവൃത്തികൾ നിയോജകമണ്ഡല ആസ്തി വികസന നിധി വിനിയോഗിച്ച് സ്പോർട്സ് കേരളാ ഫൗണ്ടേഷൻ മുഖേന നിർവ്വഹണം നടത്തുന്നതിന് സാധിക്കുമോ; ഇതിനായി ഏത് ശീർഷകത്തിൽനിന്നും തുക വകയിരുത്തിയാണ് ഭരണാനുമതി നൽകുന്നതെന്നും കായിക വകുപ്പ് ഡയറക്ടർ, ചീഫ് എഞ്ചിനീയർ, സ്പോർട്സ് കേരളാ ഫൗണ്ടേഷൻ

എന്നിവരിൽ ആരാണ് നിർവ്വഹണോദ്യോഗസ്ഥനെന്നും ടി പ്രവൃത്തികൾ ഒറിജിനൽ പ്രവൃത്തികളായാണോ ഡെപ്പോസിറ്റ് പ്രവൃത്തികളായാണോ നിർവ്വഹണം നടത്തുന്നതെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, ഓരോ പഞ്ചായത്തിലും കളിസ്ഥലം എന്ന ലക്ഷ്യത്തിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന ഗ്രാമീണ കളിസ്ഥല പദ്ധതിക്കായി തദ്ദേശ സ്ഥാപന ഫണ്ട്/ CSR ഫണ്ടുകൾ/പൊതു സ്വകാര്യ പങ്കാളിത്തം (PPP)/മറ്റ് സർക്കാർ വിഹിതം എന്നിവയോടൊപ്പം ചേർത്തുകൊണ്ട് ഉപയോഗിക്കാമെന്ന് 13-06-2022-ലെ സ.ഉ.(അച്ചടി) നം.65/2022/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. ഒരു കളിസ്ഥലത്തിനായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, മറ്റ് സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി ഒരു കോടി രൂപവരെ വിനിയോഗിക്കാം. പദ്ധതിയുടെ 50% തുക സർക്കാർ വിഹിതവും ബാക്കി 50% ആസ്തി വികസന ഫണ്ട്/തദ്ദേശ സ്ഥാപന ഫണ്ട് /CSR ഫണ്ടുകൾ /പൊതു സ്വകാര്യ പങ്കാളിത്തം (PPP) എന്നിവയിൽനിന്നോ സമാഹരിക്കാം. പ്രവൃത്തിയുടെ നിർവ്വഹണം, ചെലവ് ശീർഷകം എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. ചർച്ചകൾ നടന്നുവരുന്നു.

ഐസൊലേഷൻ വാർഡ് നിർമ്മാണം

27 (4228) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഉപയോഗിച്ച് നാലുകോടി രൂപ വിനിയോഗിച്ച ഓരോ നിയോജകമണ്ഡലത്തിലും നിർമ്മിക്കാൻ തീരുമാനിച്ച ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി നീക്കിവച്ച നാല് കോടി രൂപയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി നീക്കിവച്ച തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2021-22 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതനുസരിച്ച് 26-07-2021-ലെ GO(Rt)-1555/2021/H&FWD ഉത്തരവ് പ്രകാരം കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ 50% എം.എൽ.എ. ആസ്തി വികസന ഫണ്ടും 50% കിഫ്ബി ഫണ്ടും ഉപയോഗിച്ച് സ്ഥാപിക്കുന്നതിനായി 250.69 കോടി രൂപയുടെ ഭരണാനുമതി സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതുപ്രകാരം പ്രസ്തുത

പദ്ധതിക്കായി ആകെ 236.30 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ലഭിച്ച 90 സ്ഥലങ്ങളിൽ ടി വാർഡ് നിർമ്മിക്കുന്നതിനായി അനുമതി ലഭ്യമായിട്ടുണ്ടെന്ന് നിർദ്ദിഷ്ട എസ്.പി.വി. ആയ കെ.എം.എസ്.സി.എൽ. അറിയിച്ചിട്ടുണ്ട്. അതിൽ സൈറ്റ് പൂർത്തിയായ 88 ലൊക്കേഷനുകളിൽ LOA നിർമ്മാണ ഏജൻസിയായ M/s തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കൊടുത്തിട്ടുണ്ട്. നാളിതുവരെ 10 ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കെ.എം.എസ്.സി.എൽ. ലഭ്യമാക്കിയിട്ടുള്ള ഉദ്ഘാടനം കഴിഞ്ഞ ഐസൊലേഷൻ വാർഡുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ഏത് ആശുപത്രിയെയാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് തെരഞ്ഞെടുത്തതെന്നും അതിന്റെ നിർവ്വഹണ ചുമതല ആർക്കാണെന്നും അറിയിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ സി.എച്ച്.സി., കരിവെള്ളൂർ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥല ലഭ്യതയടക്കമുള്ള വിഷയങ്ങൾ പരിശോധിച്ചുവരുന്നു.

തൃശ്ശൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ടെണ്ടർ സേവിംഗ്സ്

28 (4229) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ തൃശ്ശൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസനനിധി എന്നിവയുടെ നിലവിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ?

04-08-2018-ലെ സ.ഉ.(അച്ചടി)നം. 119/2018/ധന. പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. 2017-18 സാമ്പത്തിക വർഷത്തിലെ ടെണ്ടർ സേവിംഗ്സ് 42,96,345/- (നാല്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി മുന്നൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) രൂപയാണ്. 04-08-2018-ലെ സ.ഉ. (അച്ചടി)നം.119/2018/ധന, 17-12-2022-ലെ സ.ഉ(സാധാ)നം. 145/2022/ധന. എന്നീ ഉത്തരവുകൾ പ്രകാരം ഒരു സാമ്പത്തിക വർഷത്തെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് ഫൈനൽ ബിൽ

തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമേ ആ വർഷത്തെ ടെണ്ടർ സേവിംഗ്സ് കണക്കാക്കാൻ കഴിയുകയുള്ളൂ. 2018-19, 2019-20, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ഭരണാനുമതി നൽകിയ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈ വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക കണക്കാക്കാൻ നിർവ്വാഹമില്ല. എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ. (അച്ചടി) 161/2017/ധന. പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.

ടെണ്ടർ സേവിംഗ്സ് തുക വിനിയോഗിച്ച് പുതിയ പദ്ധതികൾ നടപ്പിലാക്കൽ

29 (4230)ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എം.എൽ.എ. ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എം.എൽ.എ. ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുള്ളതും ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിൽനിന്ന് സ്പെഷ്യൽ സാംഗ്ഷൻ ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. 17-12-2022-ലെ സ.ഉ.(അച്ചടി) നം.145/2022/ധന. ഉത്തരവ് പ്രകാരം, "പ്രായോഗികമായി, ഒരു പ്രവൃത്തി പൂർത്തിയാക്കി അന്തിമബിൽ (Final Bill)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമേ ആ പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് മനസ്സിലാക്കാൻ കഴിയൂ എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോഴുണ്ടാകുന്ന സേവിംഗ്സ് (Actual Savings) ഏത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപയെന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല.” ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് നടപ്പ് സാമ്പത്തിക വർഷത്തിന് മുൻവർഷങ്ങളിലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയാണെങ്കിൽ, ആ വർഷത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലാവധി കഴിഞ്ഞിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നിലവിലെ ഗൈഡ്ലൈൻസ് പാലിച്ചുകൊണ്ട് ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച്

പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിൽനിന്ന് സ്പെഷ്യൽ സാംഗ്ഷൻ ആവശ്യമില്ല.

തേനാരി സ്കൂളിന് ചുറ്റുമതിലും ക്ലാസ്സ് റൂമും നിർമ്മിക്കുന്ന പ്രവൃത്തി

30 (4231) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി പ്രസ്തുത കാലയളവിലെ മലമ്പുഴ എം.എൽ.എ. ശിപാർശ ചെയ്ത തേനാരി സ്കൂളിന് ചുറ്റുമതിലും ക്ലാസ്സ് റൂമും നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി പ്രസ്തുത കാലയളവിലെ മലമ്പുഴ എം.എൽ.എ. ശിപാർശ ചെയ്ത 'തേനാരി സ്കൂളിന് ചുറ്റുമതിലും പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന് ട്രസ്റ്റ് വർക്കും' എന്ന പ്രവൃത്തിയുടെ പേര് 'തേനാരി സ്കൂളിന് ചുറ്റുമതിലും ക്ലാസ്സ് റൂമും നിർമ്മിക്കുന്ന

പ്രവൃത്തി' എന്നും നിർമ്മാണ രീതിയിലും മാറ്റം വേണമെന്ന് പ്രസ്തുത കാലയളവിലെ ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്കായി നീക്കിവച്ച തുക എത്രയാണെന്ന് അറിയിക്കാമോ?

'തേനാരി സ്കൂളിന് ചുറ്റുമതിലും പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന് ട്രസ്റ്റ് വർക്കും' എന്ന പ്രവൃത്തിക്ക് 40 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

'തേനാരി സ്കൂളിന് ചുറ്റുമതിലും പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന് ട്രസ്റ്റ് വർക്കും' എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഐസൊലേഷൻ വാർഡ് നിർമ്മാണം

31 (4232) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി നേരിടുന്നതിന്റെ ഭാഗമായി ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും ആകെ എത്ര രൂപയാണ് നീക്കിവച്ചതെന്ന് അറിയിക്കുമോ?

കോവിഡ് മഹാമാരി നേരിടുന്നതിന്റെ ഭാഗമായി ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് 2021-22 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതനുസരിച്ച് 26-07-2021-ലെ GO(Rt)No. 1555/2021/H&FWD ഉത്തരവ് പ്രകാരം കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ 50% എം.എൽ.എ. ആസ്തി വികസന ഫണ്ടും 50% കിഫ്ബി ഫണ്ടും ഉപയോഗിച്ച് സ്ഥാപിക്കുന്നതിനായി 250.69 കോടി രൂപയുടെ ഭരണാനുമതി സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതുപ്രകാരം പ്രസ്തുത പദ്ധതിക്കായി ആകെ 236.30 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. Total Project Cost (236,30,00,000 രൂപ)-ന്റെ 50 ശതമാനമായ 118.15 കോടി രൂപയാണ് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും ആവശ്യമായി വരുന്നത്.

(ബി) പ്രസ്തുത തുകയിൽനിന്നും നാളിതുവരെ എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതിക്കായി ആകെ 70,53,28,163/- രൂപ കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. ആസ്തി വികസന ഫണ്ടിൽനിന്നുള്ള വിഹിതം ചെലവഴിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) സംസ്ഥാനത്ത് നാളിതുവരെ നിർമ്മാണം പൂർത്തിയാക്കി ബില്ലുകൾ സമർപ്പിച്ചിട്ടുള്ള ഐസൊലേഷൻ വാർഡുകളുടെ എണ്ണം എത്രയാണ്; മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

നാളിതുവരെ 10 ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ടി സൈറ്റുകളിൽ സ്റ്റാഗ് ഇൻസ്പെക്ഷൻ പൂർത്തിയാക്കാത്തതുകൊണ്ടും കൂടാതെ ഫൈനൽ ബില്ലുകൾ ശരിയായ ഫോർമാറ്റിൽ അല്ലാത്തതുകൊണ്ടും പൂർണ്ണമായുള്ള ബിൽ തുക നൽകാൻ സാധിച്ചിട്ടില്ലെന്ന് നിർദ്ദിഷ്ട എസ്.പി.വി. ആയ കെ.എം.എസ്.സി.എൽ. അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞ ഐസൊലേഷൻ വാർഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കുണ്ടറ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ ടെണ്ടർ സേവിംഗ്സ്

32 (4233) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽനിന്നുമുള്ള ടെണ്ടർ സേവിംഗ്സ് എത്രയെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തരംതിരിച്ച് നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതലാണ് പ്രാബല്യമുള്ളത്. ആയതിനാൽ കൂണ്ടറ നിയോജകമണ്ഡലത്തിലെ 2017 മുതൽ 2021 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽനിന്നുമുള്ള ടെണ്ടർ സേവിംഗ്സ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	**ടെണ്ടർ സേവിംഗ്സ്**
2017-18	6,72,989/-
2018-19	31,61,229/-
2019-20	19,88,176/-
2020-21	17,18,502/-

(ബി) പ്രസ്തുത ടെണ്ടർ സേവിംഗ്സ് വഴി ലഭിക്കുന്ന തുകയ്ക്കുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട് നിലവിലെ മാർഗ്ഗരേഖകളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ചിട്ടുള്ള 17-12-2022-ലെ സ.ഉ.(അച്ചടി) നം.145/2022/ധന. ഉത്തരവ് (അനുബന്ധമായി ചേർക്കുന്നു+) പ്രകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

"പ്രയോഗികമായി, ഒരു പ്രവൃത്തി പൂർത്തിയാക്കി അന്തിമബിൽ (Final Bill) തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമേ ആ പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് മനസ്സിലാക്കാൻ കഴിയൂ എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ, പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന സേവിംഗ്സ് (Actual Savings) ഏത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കുന്നില്ല ".

അഴീക്കോട് നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

33 (4234) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23 എന്നീ വർഷങ്ങളിൽ അഴീക്കോട് നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം പ്രവൃത്തികളുടെ ലിസ്റ്റ് സഹിതം വിശദമാക്കുമോ?

2021-22, 2022-23 എന്നീ വർഷങ്ങളിൽ അഴീക്കോട് നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത വർഷങ്ങളിലെ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റും അനുബന്ധ രേഖകളും ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതും പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതുമാണ്.

എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

34 (4235) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ നാളിതുവരെ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും പ്രത്യേക വികസന ഫണ്ടിൽനിന്നും എത്ര ക്ഷീര സഹകരണ സംഘങ്ങൾക്കാണ് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും ഈ സഹകരണ സംഘങ്ങളുടെ ഭൂമി ആരുടെ ഉടമസ്ഥതയിലുള്ളതാണെന്നും അറിയിക്കാമോ?

ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ക്ഷീര സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ട് അനുവദിക്കുന്നതിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) പ്രവൃത്തി ശിപാർശ ചെയ്യുന്നത് ആസ്തി വികസന പദ്ധതിയിൽ നിന്നുമാണെങ്കിൽ 04-08-2018-ലെ സ.ഉ. (അച്ചടി)നം.119/2018/ധന, 29-12-2015-ലെ സ.ഉ.(പി) നം.591/2015/ധന. ഉത്തരവുകളിലെയും പ്രത്യേക വികസനനിധിയിൽനിന്നാണെങ്കിൽ 29-12-2017-ലെ സ.ഉ.(അച്ചടി)നം.161/2017/ധന. ഉത്തരവിലെയും വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് ക്ഷീര സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകാവുന്നതാണ്. ആയതിന് പ്രത്യേക അനുമതിയുടെ ആവശ്യമില്ലാത്തതാണ്.

എണ്ണപ്പാടം-അണപ്പാറ റോഡ് നിർമ്മാണ പ്രവൃത്തി

35 (4236) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി പ്രസ്തുത കാലയളവിലെ മലമ്പുഴ എം.എൽ.എ. ശിപാർശ ചെയ്ത എണ്ണപ്പാടം-അണപ്പാറ റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി പ്രസ്തുത കാലയളവിലെ മലമ്പുഴ എം.എൽ.എ. ശിപാർശ ചെയ്ത എണ്ണപ്പാടം-അണപ്പാറ റോഡ് നിർമ്മാണ പദ്ധതിക്കായി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുകയും KLU (Kerala Land Utilization) അനുമതിക്കായി അപേക്ഷിച്ചിട്ടുമുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി 90 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

36 (4237) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2020-21, 2021-22 എന്നീ വർഷങ്ങളിൽ പ്രത്യേക വികസന നിധി (എസ്.ഡി.എഫ്.), ആസ്തി വികസന ഫണ്ട് (എ.ഡി.എഫ്.) എന്നിവ വിനിയോഗിച്ച് നടപ്പാക്കുന്നതിനായി മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നിന്നും സമർപ്പിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ നാളിതുവരെ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ;

(സി) 2020-21, 2021-22 എന്നീ വർഷങ്ങളിൽ പ്രസ്തുത മണ്ഡലത്തിൽ എം.എൽ.എ. പ്രത്യേക വികസനനിധി, നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് നിർവ്വഹിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു[+].

എം.എൽ.എ.- അസറ്റ് ഡെവലപ്മെന്റ് ഫണ്ട്, സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ

37 (4238) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) എം.എൽ.എ. - അസറ്റ് ഡെവലപ്മെന്റ് ഫണ്ട്, സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് നടത്താവുന്ന വികസന പ്രവർത്തനങ്ങളുടെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മിതികൾ, റോഡുകളിൽ ടൈലുകൾ വിരിക്കൽ, ബി.എം.&ബി.സി. നവീകരണം, കാന, ഡ്രെയിനേജ് ഇവയുടെ നിർമ്മാണം, റാമ്പുകളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾക്കും അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) എം.എൽ.എ.-അസറ്റ് ഡെവലപ്മെന്റ് ഫണ്ട്, സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് നടത്താവുന്ന വികസന പ്രവർത്തനങ്ങളുടെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുന്ന വിഷയം പരിഗണനയിലാണ്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് പൊതുജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതുമായ കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രസ്തുത

മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തുന്ന വിഷയം പരിശോധിച്ചുകൊണ്ട് ചർച്ചകൾ നടന്നുവരുന്നു.

(സി) മണ്ഡലത്തിലെ ആവശ്യങ്ങൾ പരിഗണിച്ച് എം.എൽ.എ.-മാർ സമർപ്പിക്കുന്ന വികസന ശിപാർശകളിൽ അതിന്റെ സാധ്യത മാത്രം പരിശോധിച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.(അച്ചടി) നം. 119/2018/ധന, അനുബന്ധം, എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി) നം.161/2017/ധന, അനുബന്ധം എന്നിവയിൽ നൽകിയിരിക്കുന്ന പ്രവൃത്തികളല്ലാതെയുള്ളവ ടി പദ്ധതികളിൽ അനുവദനീയമല്ല. എന്നാൽ അത്തരം പ്രവൃത്തികൾ മണ്ഡലത്തിൽ അനിവാര്യമാണെന്ന് എം.എൽ.എ.-യ്ക്ക് ബോധ്യപ്പെടുന്നപക്ഷം ആയത് സർക്കാരിന്റെ പ്രത്യേകാനുമതിക്കായി സമർപ്പിക്കാവുന്നതാണ്.

പ്രത്യേക വികസനനിധിയിലെ ടെണ്ടർ സേവിംഗ്സ് വിനിയോഗം

38 (4239) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയിലെ ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് മറ്റ് പ്രവൃത്തികൾക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ നിലവിൽ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രത്യേക വികസനനിധി വിനിയോഗിച്ച് ശിപാർശ ചെയ്യപ്പെടുന്ന പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നത് അനുവദിച്ചുകൊണ്ടുള്ള വ്യവസ്ഥകളൊന്നുംതന്നെ എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ, എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017 തീയതിയിലെ സ.ഉ.(അച്ചടി) നം.161/2017/ധന. പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.

(ബി) ഇല്ലെങ്കിൽ ആസ്തി വികസന ഫണ്ടിനുള്ളതുപോലെ പ്രത്യേക വികസനനിധിക്കും അതിനുള്ള അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയിലെ ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

അഴീക്കോട് നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്

39 (4240) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് പദ്ധതികളിൽനിന്നുമുള്ള ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വിശദമാക്കാമോ?

17-12-2022-ലെ സ.ഉ.(അ)നം.145/2022/ധന. പ്രകാരം ഒരു സാമ്പത്തിക വർഷത്തെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് ഫൈനൽ ബിൽ സെറ്റിൽ ചെയ്തശേഷം മാത്രമേ ആ വർഷത്തെ സേവിംഗ്സ് കണക്കാക്കാൻ കഴിയുകയുള്ളൂ. നിലവിൽ അഴീക്കോട് മണ്ഡലത്തിലെ 2017-18 സാമ്പത്തിക വർഷം മുതലുള്ള വർഷങ്ങളിലെ ഭരണാനുമതി നൽകിയ മുഴുവൻ പ്രവൃത്തികളും പൂർത്തിയായിട്ടില്ല. ആയതിനാൽ ഈ വർഷങ്ങളിലെ സേവിംഗ്സ് കണക്കാക്കുവാൻ നിർവ്വാഹമില്ല.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം

40 (4241) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനങ്ങളുമായി പങ്കിടാത്ത തരത്തിലുള്ള സർചാർജ്ജുകളിലും സെസ്സുകളിലും കഴിഞ്ഞ ഏതാനും വർഷങ്ങളായി വർദ്ധനവ് വരുത്തുന്നുണ്ടോ?

സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടാത്ത രീതിയിൽ സെസ്സുകളും സർചാർജ്ജുകളും ചുമത്തി പിരിച്ചെടുക്കുന്ന വിഹിതം കഴിഞ്ഞ ദശാബ്ദകാലയളവിൽ മൊത്തം കേന്ദ്ര നികുതി വിഹിതത്തിന്റെ 10 ശതമാനം മുതൽ 20 ശതമാനം വരെയായി വർദ്ധിച്ചിട്ടുണ്ട്. ഇക്കാരണത്താൽ സെസ്സുകളുടെയും സർചാർജ്ജുകളുടെയും വർദ്ധനവ് കാരണം മൊത്തം കേന്ദ്ര നികുതി വരുമാനവും ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതിയും തമ്മിലുള്ള അനുപാതത്തിൽ വളരെയധികം കുറവുവരുത്തിയിട്ടുണ്ട്. ആയതിനാൽ കേന്ദ്ര സർക്കാർ സെസ്സുകളും സർചാർജ്ജുകളും ചുമത്തുന്നത് ഒഴിവാക്കണമെന്നും അല്ലാത്തപക്ഷം

ഇതിൽനിന്നുള്ള വരവ് സംസ്ഥാനങ്ങൾക്കുകൂടി ആനുപാതികമായി ലഭിക്കുന്ന തരത്തിലുള്ള നിയമ പരിരക്ഷയുള്ള സംവിധാനമുണ്ടാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കുകയും ഗാഡ്ഗിൽ ഫോർമുലയുടെ അടിസ്ഥാനത്തിൽ പ്ലാൻ ഗ്രാന്റായി നൽകിയിരുന്ന കേന്ദ്ര സഹായം നിർത്തലാക്കുകയും ചെയ്തിട്ടുണ്ടോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള വിഹിതം കുറച്ചതുമൂലം സംസ്ഥാനത്തെ പദ്ധതി പ്രവർത്തനങ്ങളിൽ പ്രതിസന്ധികളുണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിക്കേണ്ട കേന്ദ്ര വിഹിതത്തിൽ വരുത്തിയിരിക്കുന്ന കുറവ് എത്രയാണെന്ന് അറിയിക്കാമോ?

(ബി-ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നത്. ഇതിൽ 90 ശതമാനം കേന്ദ്രവിഹിതവും ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ

എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. കോർ എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40 ശതമാനം സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിനുണ്ടാക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്വന്തമായി ആസൂത്രണം ചെയ്യാനോ നിബന്ധനകളിൽ മാറ്റം വരുത്താനോ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. കോർ എന്ന ഗണത്തിൽ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40-ൽനിന്ന് 75:35 ആക്കണമെന്ന് സംസ്ഥാനം നിരന്തരം കേന്ദ്രത്തോട് അഭ്യർത്ഥിക്കാറുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്രത്തിൽനിന്നുമുണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ കുറയ്ക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണുണ്ടാകേണ്ടത്. അപ്രകാരം അധികമായി കണ്ടെത്തുന്ന തുകകൂടി സംസ്ഥാനത്തിന് വികസനക്ഷേമ പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കാൻ കഴിയും. ഈ പ്രതിസന്ധികൾക്കിടയിലും നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും പദ്ധതി നിർവ്വഹണത്തിനും പരമാവധി വിഭവങ്ങൾ സമാഹരിക്കാനുമുള്ള തീവ്രശ്രമമാണ് സംസ്ഥാനം

നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുവരുത്തി. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ ലഭ്യമായത് 5141.92 കോടി രൂപ ആയിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3801 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ.

2023-24 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള നികുതി വിഹിതം

41 (4242) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ധനകാര്യ കമ്മീഷൻ 2023-24 സാമ്പത്തിക വർഷം കേരളത്തിന് നൽകാൻ നിശ്ചയിച്ചിട്ടുള്ള നികുതി വിഹിതം കേന്ദ്ര നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണ്; ഉദ്ദേശം വരുന്ന തുക എത്രയാണ്; മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇതിൽ കുറവ് വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവായ 2021-26 വർഷങ്ങളിൽ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതിയിൽനിന്നുമുള്ള

കേരളത്തിന്റെ വിഹിതം 1.925 ശതമാനമാണ്. 2023-24 സാമ്പത്തിക വർഷം ഈയിനത്തിൽ 21425.25 കോടി രൂപ പ്രതീക്ഷിക്കുന്നു. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന് ലഭിച്ചുകൊണ്ടിരുന്നത്. ഇതാണ് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 1.925 ശതമാനമായി കുറഞ്ഞത്. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷംതോറും കേന്ദ്രം വരുത്തുന്നത്.

(ബി) 15-ാം ധനകാര്യ കമ്മീഷൻ നിലവിൽ വന്നത് മുതൽ ഓരോ സാമ്പത്തിക വർഷവും കേരളത്തിന് അനുവദിച്ച നികുതി വിഹിതം എത്ര ശതമാനം/എത്ര തുക എന്നത് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ?

സാമ്പത്തിക വർഷം	**അനുവദിച്ചതുക (In Crore)**
2020-21	11,560.40
2021-22	17,820.09
2022-23	15,555.75 *

* 2023 ഫെബ്രുവരി മാസം വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം

(സി) സംസ്ഥാനങ്ങൾക്ക് നികുതി വിഹിതം നിർണ്ണയിച്ച് നൽകുന്നതിന് കേന്ദ്ര ധനകാര്യ കമ്മീഷൻ മാനദണ്ഡമാക്കുന്നത് ഏതൊക്കെ ഘടകങ്ങളാണെന്ന് അറിയിക്കുമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിലേയ്ക്കുള്ള നികുതി വിഹിതം നിശ്ചയിച്ചിരിക്കുന്നത് Population (15%), Area (15%), Forest and Ecology (10%), Income Distance (45%), Tax and Fiscal Efforts (2.5%), Demographic Performance (12.5%) എന്നീ മാനദണ്ഡങ്ങൾക്കനുസരിച്ചാണ്.

(ഡി) കേരളത്തേക്കാൾ ജനസംഖ്യ കുറവുള്ള സംസ്ഥാനങ്ങൾക്ക് കേരളത്തെക്കാൾ കൂടുതൽ ശതമാനം നികുതി വിഹിതം അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കേരളത്തേക്കാൾ ജനസംഖ്യ കുറവുള്ള ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, ആസാം എന്നീ സംസ്ഥാനങ്ങൾക്ക് കേരളത്തെക്കാൾ കൂടുതൽ ശതമാനം നികുതി വിഹിതം അനുവദിച്ചിട്ടുണ്ട്.

(ഇ) പത്താം ധനകാര്യ കമ്മീഷൻ മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ വരെ കേരളത്തിന് അനുവദിച്ച കേന്ദ്ര നികുതി വിഹിതം വർഷം തിരിച്ച് ശതമാന കണക്കിൽ ലഭ്യമാക്കാമോ; 13-ഉം 14-ഉം 15-ഉം ധനകാര്യ

കമ്മീഷനുകൾ നികുതി വിഹിതം നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങളിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയെന്ന് ഇനം തിരിച്ച് വിശദാംശം സഹിതം വ്യക്തമാക്കാമോ?

വിവിധ കമ്മീഷൻ കാലയളവിൽ കേരളത്തിന് അനുവദിച്ച നികുതി വിഹിതത്തിന്റെ ശതമാനം

ധനകാര്യ കമ്മീഷൻ		ശതമാനം
X (1995-2000)		3.88
XI (2000-05)		3.06
XII (2005-10)		2.67
XIII (2010-15)		2.34
XIV (2015-20)		2.50
XV	(2020-21)	1.943
	(2021-26)	1.93

വിവിധ ധനകാര്യ കമ്മീഷനുകൾ നികുതി വിഹിതം നിശ്ചയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ

XIII	XIV	XV
Population 1971 (25%)	Population 1971 (17.5%)	Population 2011 (15%)
Area (10%)	Population 2011 (10%)	Area (15%)
Fiscal Capacity Distance (47.5%)	Area (15%)	Forest and Ecology (10%)
Fiscal Discipline (17.5%)	Forest (7.5%)	Income Distance (45%)
	Income Distance (50%)	Tax and Fiscal Efforts (2.5%)

		Demographic Performance (12.5%)

(എഫ്) ജനസംഖ്യാ നിയന്ത്രണത്തിലും പ്രതിശീർഷ വരുമാനത്തിലും കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ മികച്ച നിലയിൽ ആയതുമൂലം കേന്ദ്ര നികുതി വിഹിതം ലഭിക്കുന്നതിലുണ്ടായ കുറവ് ധനകാര്യ കമ്മീഷനെ അറിയിക്കുന്നതിനും അർഹമായ വിഹിതം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ടേംസ് ഓഫ് റഫറൻസിൽ വിവിധ കൈമാറ്റങ്ങൾക്ക് 2011-ലെ ജനസംഖ്യാ കണക്ക് മാനദണ്ഡമാക്കുമെന്ന് ഉൾപ്പെടുത്തിയിരുന്നു. കൃത്യമായ ആരോഗ്യ സാമൂഹ്യ ഇടപെടലുകൾ നടത്തി ജനസംഖ്യാ നിരക്ക് നിയന്ത്രിച്ചുനിർത്തിയ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഇത് ദോഷകരമായി ബാധിക്കുമെന്നതിനാൽ കേരള സർക്കാരിന്റെ വിയോജിപ്പ് അറിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട രാഷ്ട്രപതിക്ക് നിവേദനം നൽകുകയും കമ്മീഷൻ മുമ്പാകെ പ്രസ്തുത ആശങ്ക യഥാസമയം അറിയിക്കുകയും ചെയ്തിരുന്നുവെങ്കിലും ഇത് പരിഗണിക്കാതെ 2011-ലെ ജനസംഖ്യാ കണക്കാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ നബാർഡ് പദ്ധതി

42 (4243) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

നബാർഡ് പദ്ധതികൾ നടപ്പിലാക്കുന്നത് വകുപ്പ് അടിസ്ഥാനത്തിലാണ്, നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിലല്ല.

തദ്ദേശസ്വയംഭരണ ഏകീകൃത സർവ്വീസിൽ സ്പാർക്ക് നടപ്പാക്കൽ

43 (4244) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതുസർവ്വീസിന്റെ ഭാഗമായി നിലവിൽ വരേണ്ട ഇന്റർ-ട്രാൻസ്ഫർ പോളിസിക്ക് മുന്നോടിയായി നടപ്പാക്കേണ്ട സ്പാർക്ക് അധിഷ്ഠിത സർവ്വീസ് തദ്ദേശ പൊതുസർവ്വീസിൽ ഉൾപ്പെട്ട മുഴുവൻ ജീവനക്കാർക്കും നടപ്പാക്കാമോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇന്റർ ട്രാൻസ്ഫർ പോളിസി നടപ്പാക്കുന്നതിന്റെ ഭാഗമായി പൊതുസർവ്വീസിൽ ഉൾപ്പെട്ട മുഴുവൻ ജീവനക്കാരെയും സ്പാർക്ക് അധിഷ്ഠിത

സർവ്വീസിലേയ്ക്ക് കൊണ്ടുവരുന്നതിന് നിലവിൽ ധനകാര്യ വകുപ്പിലുള്ള ഫയലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർക്ക് സ്പാർക്ക് നടപ്പാക്കിയ മാതൃകയിൽ പൊതുസർവ്വീസിൽ ഉൾപ്പെട്ട മുഴുവൻ വകുപ്പിലെയും ജീവനക്കാർക്ക് സ്പാർക്ക് നടപ്പാക്കാൻ അനുമതി നൽകാമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) പ്രസ്തുത വിഷയം ധനവകുപ്പ് പരിശോധിച്ചുവരുന്നു.

(ഡി) ഈ വിഷയം സംബന്ധിച്ച് തദ്ദേശ പൊതുസർവ്വീസ് പ്രിൻസിപ്പൽ ഡയറക്ടർ പ്രായോഗിക ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് അംഗീകരിക്കുമോ എന്നത് വ്യക്തമാക്കാമോ?

തദ്ദേശ പൊതുസർവ്വീസ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്. ആയത് വകുപ്പ് പരിശോധിച്ചുവരുന്നു.

സർക്കാർ ഗ്യാരണ്ടി നൽകി സർക്കാർ ജീവനക്കാർക്ക് വാഹനവായ്പ അനുവദിക്കൽ

44 (4245) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഗ്യാരണ്ടി നൽകി സർക്കാർ ജീവനക്കാർക്ക് വാഹന വായ്പയെടുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഇതിനായി സ്വകാര്യ-പൊതുമേഖലാ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും താൽപ്പര്യപത്രം (expression of interest) വാങ്ങി ഭവനവായ്പ അനുവദിക്കുന്ന മാതൃകയിൽ നാലുചക്ര വാഹനങ്ങൾ വാങ്ങുന്നതിന് മിതമായ പലിശ നിരക്കിൽ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ പ്രത്യേക പലിശയിളവിൽ അനുവദിക്കുന്ന വാഹന വായ്പകളുടെ തിരിച്ചടവ് കാലാവധി കുറഞ്ഞത് പത്തുവർഷമായി പുതുക്കി നൽകുന്നതിന് സംസ്ഥാനത്തെ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ധനകാര്യ സ്ഥാപനമേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

ധനകാര്യ വിഭാഗം ജീവനക്കാരുടെ ഭരണപരവും ധനപരവുമായ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും

45 (4246) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ നിയമിതരായിട്ടുള്ള സീനിയർ ഫിനാൻസ് ഓഫീസർമാരുടെയും ഫിനാൻസ് ഓഫീസർമാരുടെയും ഫിനാൻഷ്യൽ അസിസ്റ്റന്റുമാരുടെയും ഡിവിഷണൽ അക്കൗണ്ടന്റുമാരുടെയും ഭരണപരവും ധനപരവുമായ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും വിശദമാക്കി എന്തെങ്കിലും സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ധനകാര്യ വകുപ്പിലെ സീനിയർ ഫിനാൻസ് ഓഫീസർ, ഫിനാൻസ് ഓഫീസർ, ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഭരണപരവും ധനപരവുമായ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും വിശദമാക്കികൊണ്ട് 06-05-1992-ലെ GO(P)No.388/92/Fin നമ്പർ ഉത്തരവും 07-12-1994-ലെ 69/94/Fin, 02-08-2005-ലെ 45/Estt.B3/05/Fin എന്നീ സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ ഉദ്യോഗസ്ഥരുടെ ഭരണപരവും ധനപരവുമായ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും സംബന്ധിച്ച് KPWA Code ഖണ്ഡിക 4.2.4 മുതൽ 4.2.15 വരെയുള്ള ഭാഗങ്ങളിലും 18-08-2016-ലെ 13748/Estt.B2/2006/Fin നമ്പർ

സർക്കുലറിലും വ്യക്തമാക്കുന്നുണ്ട്. മേൽ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ജീവനക്കാരുടെ ഭരണപരവും ധനപരവുമായ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് തയ്യാറാക്കൽ, ഫണ്ടുകളുടെ റീ-അപ്രോപ്രിയേഷൻ, പ്ലാൻ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് കണക്ക് പരിശോധന, ഓഡിറ്റ് പാരകൾ, ഒബ്ജക്ഷനുകൾ, പരിശോധനാ റിപ്പോർട്ടുകൾ തുടങ്ങിയവ കൈകാര്യം ചെയ്യൽ, ധനപരമായ പ്രാധാന്യമുള്ള ഫയലുകൾ, രജിസ്റ്ററുകൾ മുതലായവ സൂക്ഷ്മമായി പരിശോധിക്കൽ തുടങ്ങിയവയും കൂടാതെ മേൽ പരാമർശിച്ച ഉത്തരവുകളിലും സർക്കുലറുകളിലും KPWA കോഡിലും നിഷ്കർഷിച്ചിട്ടുള്ളവയും സീനിയർ ഫിനാൻസ് ഓഫീസർ, ഫിനാൻസ് ഓഫീസർ, ഫിനാൻഷ്യൽ അസിസ്റ്റന്റ്, ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികകളിലെ ഉദ്യോഗസ്ഥരുടെ ചുമതലകളിലും കർത്തവ്യങ്ങളിലും ഉൾപ്പെടുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കൽ

46 (4247) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതിന് കാലതാമസമുണ്ടാകാൻ കാരണമെന്താണെന്ന് അറിയിക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക/നിയമവശങ്ങൾ ഉൾപ്പടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ നിയമിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിലെ വിവിധ ശിപാർശകളിന്മേലുള്ള പരിശോധന സർക്കാർ തലത്തിൽ പുരോഗമിച്ചുവരികയാണ്. ആയതിന്മേൽ തീരുമാനമാകുന്നമുറയ്ക്ക് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

പങ്കാളിത്ത പെൻഷൻ സംബന്ധിച്ച്

47 (4248) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് നിയോഗിച്ച വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക/നിയമവശങ്ങൾ ഉൾപ്പടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ നിയമിച്ച സമിതി 30-04-2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. പരിശോധന പൂർത്തിയായി റിപ്പോർട്ടിന്മേൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടതിനുശേഷം ആയത് പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) പങ്കാളിത്ത പെൻഷൻ ഉപേക്ഷിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

പ്രസ്തുത വിഷയത്തിന്മേൽ നയപരമായ തീരുമാനം ആവശ്യമായതിനാലും പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്ന സാഹചര്യത്തിലും ആയതിന്മേൽ തീരുമാനമാകുന്നമുറയ്ക്ക് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

മെഡിസെപ് പദ്ധതിയിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ഫണ്ട്

48 (4249) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ഫണ്ട് തീർന്നതിനാൽ മുൻനിശ്ചയിച്ച ശസ്ത്രക്രിയകൾവരെ ആശുപത്രികൾ മാറ്റിവയ്ക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംജാതമായിട്ടുള്ളത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; അടിയന്തരമായി ഫണ്ട് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മെഡിസെപ് പദ്ധതിയിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ഫണ്ട് തീർന്നതിനാൽ മുൻനിശ്ചയിച്ച ശസ്ത്രക്രിയകൾ വരെ ആശുപത്രികൾ മാറ്റിവയ്ക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംജാതമായ സാഹചര്യമുണ്ടായിട്ടില്ല. 23-06-2022-ലെ ജി.ഒ. (പി) നം.70/2022/ധന പ്രകാരം പ്രസിദ്ധീകരിച്ച പദ്ധതിയിലും ഇൻഷ്വറൻസ് കമ്പനിയുമായുള്ള എം.ഒ.യു. പ്രകാരവും 12 ഇന അവയവമാറ്റ ശസ്ത്രക്രിയകൾക്കായി 35 കോടി രൂപയിൽ കുറയാത്ത തുക മൂന്നുവർഷ കാലയളവിലേയ്ക്ക് കോർപ്പസ് ഫണ്ടായി ഇൻഷ്വറൻസ് കമ്പനിതന്നെയാണ് അവർക്ക് വാർഷിക പ്രീമിയം തുകയായി നൽകുന്ന തുകയിൽനിന്നും കുറവുവയ്ക്കേണ്ടത്. പ്രസ്തുത തുക തീരുന്നമുറയ്ക്ക് കോർപ്പസ് ഫണ്ടിൽനിന്നും തുക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. മാത്രമല്ല നിർദ്ദിഷ്ട അവയവമാറ്റ ശസ്ത്രക്രിയ പാക്കേജിൽ ഉൾപ്പെടാത്ത പുതിയ ചികിത്സകൾക്കായി സർക്കാർ

കോർപ്പസ് ഫണ്ടായി സൂക്ഷിച്ചിരിക്കുന്ന തുക, ചികിത്സകളെ ഉൾപ്പെടുത്തുന്നതിനായി ആരോഗ്യ വകുപ്പുമായി ആലോചിച്ച് ഉൾപ്പെടുത്തി, ഇൻഷ്വറൻസ് കമ്പനിക്ക് ആവശ്യമെങ്കിൽ റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നതായിരിക്കും.

(ബി) ജീവനക്കാരിൽനിന്നും മെഡിസെപ് ഇൻഷ്വറൻസ് പ്രീമിയം പിരിച്ചെടുത്തശേഷം ചികിത്സ നിഷേധിക്കുന്ന സാഹചര്യത്തിൽ താല്പര്യമില്ലാത്ത ജീവനക്കാർക്ക് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽനിന്നും പിന്മാറുന്നതിന് അവസരം നൽകുമോയെന്ന് വ്യക്തമാക്കുമോ?

മെഡിസെപ്പിൽ എംപാനൽ ചെയ്ത ആശുപത്രികൾ ജീവനക്കാർക്ക് ചികിത്സ നിഷേധിക്കുന്ന സാഹചര്യം നിലവിലില്ല. ഇത്തരം സാഹചര്യം വരുന്നപക്ഷം പ്രസ്തുത ചികിത്സ ലഭ്യമാക്കുന്നതിനുള്ള കർശന നിർദ്ദേശം ഇൻഷ്വറൻസ് കമ്പനി മുഖേന ആശുപത്രി അധികൃതർക്ക് നൽകുകയും പ്രസ്തുത ചികിത്സ ലഭ്യമാക്കുകയും ചെയ്തുവരുന്നു. കൂടാതെ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്കും അവരുടെ ആശ്രിതർക്കും ഗുണഫലം കിട്ടുന്നരീതിയിൽ

ആസൂത്രണം ചെയ്ത് ആരംഭിച്ച പദ്ധതിയായതിനാൽ ഗുണഭോക്താക്കളാരെയും മെഡിസെപ് പദ്ധതിയിൽനിന്നും ഒഴിവാക്കാൻ നിർവ്വാഹമില്ല.

പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ സർക്കാർ വിഹിതം

49 (4250) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന സംസ്ഥാന സർവ്വീസ് ജീവനക്കാർ, ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, ആൾ ഇന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ എന്നിവരുടെ എൻ.പി.എസ്. അക്കൗണ്ടിലേയ്ക്ക് സംസ്ഥാന സർക്കാർ അടവാക്കുന്ന വിഹിതം വകയിരുത്തുന്ന ചെലവ് ശീർഷകം ഏതെന്നും 2016-2017 മുതൽ 2021-22 സാമ്പത്തിക വർഷം വരെ ഓരോ സാമ്പത്തിക വർഷവും പ്രസ്തുത ശീർഷകത്തിലെ ചെലവ് എത്രയെന്നും ഇനം തിരിച്ച് വിശദമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെ എൻ.പി.എസ്. അക്കൗണ്ടിലേയ്ക്ക് സംസ്ഥാന സർക്കാർ അടവാക്കുന്ന റഗുലർ വിഹിതം വകയിരുത്തുന്ന ചെലവ് ശീർഷകം 2071-01-117-97 (NP-V)-Government contribution to National Pension System - State Government

Employees-ഉം, AIS ഓഫീസർമാരുടെ എൻ.പി.എസ്. അക്കൗണ്ടിലേയ്ക്ക് സംസ്ഥാന സർക്കാർ അടവാക്കുന്ന റഗുലർ വിഹിതം വകയിരുത്തുന്ന ചെലവ് ശീർഷകം 2071-01-117-99 - Government contribution to NPS – All India Service Officers (NV)-ഉം ആകുന്നു. സംസ്ഥാന സർക്കാർ ജീവനക്കാരുടെ എൻ.പി.എസ്. അക്കൗണ്ടിലേയ്ക്ക് സംസ്ഥാന സർക്കാർ അടവാക്കുന്ന കുടിശ്ശിക വിഹിതം വകയിരുത്തുന്ന ചെലവ് ശീർഷകം 2071-01-117-95 (NP-V) – Government backlog contribution to National Pension System – State Government employees-ഉം AIS ഓഫീസർമാരുടെ എൻ.പി.എസ്. അക്കൗണ്ടിലേയ്ക്ക് സംസ്ഥാന സർക്കാർ അടവാക്കുന്ന കുടിശ്ശിക വിഹിതം വകയിരുത്തുന്ന ചെലവ് ശീർഷകം 2071-01-117-96 (NP-V) Government backlog contribution to National Pension System – All India Service Officers-ഉം ആകുന്നു.

2016-17 മുതൽ 2021-22 സാമ്പത്തിക വർഷം വരെ ഓരോ സാമ്പത്തിക വർഷവും പ്രസ്തുത ശീർഷകങ്ങളിലെ ചെലവ് ഇനം തിരിച്ചുള്ള പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.[+]

മെഡിസെപ്പിൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ ആശുപത്രികൾ

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

50 (4251) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മെഡിസെപ്പിൽ ഉൾപ്പെടുത്തിയ ഓരോ ആശുപത്രിയിലും നാളിതുവരെ എത്ര പേർക്ക് ചികിൽസാ സൗകര്യം ലഭിച്ചുവെന്ന് വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഈ ഇനത്തിൽ ആകെ അനുവദിച്ച തുക ആശുപത്രി അടിസ്ഥാനത്തിൽ വിശദമാക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ മെഡിസെപ്പിൽ ഉൾപ്പെടുത്തിയ ഓരോ ആശുപത്രിയിലും നാളിതുവരെ 29065 എണ്ണം ക്ലെയിം ഇനത്തിൽ 77,19,75,975/- രൂപ അനുവദിച്ചതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്.

ജി.എസ്.ടി. വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം

51 (4252) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് നികുതി വകുപ്പ് സെക്രട്ടറിക്കും നികുതി വകുപ്പ് കമ്മീഷണർക്കുമെതിരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെയോ

പട്ടികജാതി കമ്മീഷന്റെയോ ഉത്തരവുകൾ മനഃപൂർവ്വം പാലിക്കാതിരുന്നതിന്റെപേരിൽ കോടതിയലക്ഷ്യ നടപടികൾ എന്തെങ്കിലുമുണ്ടാക്കുകയോ നിലനിൽക്കുകയോ ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഏതെല്ലാം കേസുകളിലാണ് കോടതിയലക്ഷ്യ നടപടികൾ ഉണ്ടാക്കുകയോ നിലനിൽക്കുകയോ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മേൽസൂചിപ്പിച്ച പ്രകാരം കോടതിയലക്ഷ്യ നടപടികളുണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

(എ&ബി) I) അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ ശ്രീ. ലിനുരാജ് ഇ. ജി. സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം ബഞ്ച് മുൻപാകെ OA No. 402/2022 ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 06-10-2022-ലെ ഇടക്കാല ഉത്തരവുമായി ബന്ധപ്പെട്ട് നികുതി കമ്മീഷണർക്കെതിരെ ബഹുമാനപ്പെട്ട ട്രിബ്യൂണൽ കോടതിയലക്ഷ്യ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 06-10-2022-ലെ ഉത്തരവ് പരിശോധിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

II) സ്റ്റേറ്റ് ടാക്സ് ഓഫീസർ ശ്രീമതി പുഷ്പറാണി എൽ. മുൻകാല പ്രാബല്യത്തോടെ പ്രസ്തുത തസ്തികയിൽ പ്രൊമോഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ O.A No. 1919/2019 ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 26-09-2022-ലെ ഉത്തരവ് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് നികുതി സെക്രട്ടറിക്കെതിരെ കോടതിയലക്ഷ്യ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്.

III) ശ്രീ. എ. വി. സുരേഷ്, ജോയിന്റ് കമ്മീഷണർ, 2019-ൽ തയ്യാറാക്കിയ ജോയിന്റ് കമ്മീഷണർ തസ്തികയിൽ പ്രൊമോഷനുവേണ്ടിയുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No. 1528/2020-ൽ 25-01-2021-ലെ ഉത്തരവുമായി ബന്ധപ്പെട്ട് കോടതിയലക്ഷ്യ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കോടതിയലക്ഷ്യ നടപടികൾക്കെതിരെ ഏതെങ്കിലും കേസുകളിൽ ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ സമ്പാദിച്ചിട്ടുണ്ടോ;

(ഡി) സ്റ്റേ സമ്പാദിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

(സി&ഡി) I) OA No. 402/2022-ൽ 06-10-2022-ലെ ട്രിബ്യൂണൽ ഉത്തരവ് നടപ്പാക്കിയിട്ടുണ്ട്.

II) OA No.1919/2019-ലെ 26-09-2022-ലെ ഉത്തരവിനെതിരെ ഗവൺമെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ OP(KAT) No.152/2023 ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിൽ ഇടക്കാല സ്റ്റേ അനുവദിച്ചിട്ടുണ്ട്.

III) OA No. 1528/2020-ൽ 25-01-2021-ലെ ഉത്തരവ് നടപ്പാക്കിയിട്ടുണ്ട്.

(ഇ) ജി.എസ്.ടി. വകുപ്പുമായി ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഡി.പി.സി.)യിൽ വിജിലൻസ് അന്വേഷണം നടക്കുന്നുവെന്ന കാരണത്താൽ പ്രൊമോഷൻ നൽകുന്നതിൽ ടി വകുപ്പിലെ ഉദ്യോഗസ്ഥരെ 2019 മുതൽ മാറ്റിനിർത്തിയ എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഏഴ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് നിലനിൽക്കുന്നതിനാലും അന്വേഷണം നടക്കുന്നുവെന്ന കാരണത്താലും 2019 മുതൽ ഡി.പി.സി. പ്രൊമോഷന് പരിഗണിച്ചിട്ടില്ല.

വർഷം	പേര്	തസ്തിക
2019	ശ്രീ. രാജേഷ് പാലമറ്റം	സ്റ്റേറ്റ് ടാക്സ് ഓഫീസർ

	ശ്രീ. ജയറാം കെ. എസ്.	സ്റ്റേറ്റ് ടാക്സ് ഓഫീസർ
2020	ശ്രീ. രാജേഷ് പാലമറ്റം	സ്റ്റേറ്റ് ടാക്സ് ഓഫീസർ
	ശ്രീ. ജയറാം കെ. എസ്.	സ്റ്റേറ്റ് ടാക്സ് ഓഫീസർ
	ശ്രീ. ഡേവിഡ് ബെന്നി	അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ
2021	ശ്രീ. രാജേഷ് പാലമറ്റം	സ്റ്റേറ്റ് ടാക്സ് ഓഫീസർ
	ശ്രീ. ജയറാം കെ. എസ്.	സ്റ്റേറ്റ് ടാക്സ് ഓഫീസർ
	ശ്രീ. ഡേവിഡ് ബെന്നി	അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ
	ശ്രീ. ലിന്നരാജ് ഇ. ജി.	അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ
	ശ്രീ. സതീശൻ കെ. വി.	അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ
2022	ശ്രീ. രാജേഷ് പാലമറ്റം	സ്റ്റേറ്റ് ടാക്സ് ഓഫീസർ
	ശ്രീ. ജയറാം കെ. എസ്.	സ്റ്റേറ്റ് ടാക്സ് ഓഫീസർ
	ശ്രീമതി പുഷ്പറാണി	സ്റ്റേറ്റ് ടാക്സ് ഓഫീസർ
	ശ്രീ. ഡേവിഡ് ബെന്നി	അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ
	ശ്രീ. ലിന്നരാജ് ഇ. ജി.	അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ
	ശ്രീ. സതീശൻ കെ. വി.	അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ
2023	ശ്രീമതി ശ്രീബിന്ദു കെ.	ഡെപ്യൂട്ടി കമ്മീഷണർ
	ശ്രീ. രാജേഷ് പാലമറ്റം	സ്റ്റേറ്റ് ടാക്സ് ഓഫീസർ
	ശ്രീ. ജയറാം കെ. എസ്.	സ്റ്റേറ്റ് ടാക്സ് ഓഫീസർ
	ശ്രീമതി പുഷ്പറാണി	സ്റ്റേറ്റ് ടാക്സ് ഓഫീസർ
	ശ്രീ. ഡേവിഡ് ബെന്നി	അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ

(എഫ്) അപ്രകാരം വിജിലൻസ് അന്വേഷണം നടക്കുന്നുവെന്ന കാരണത്താൽ ഉദ്യോഗസ്ഥരെ വകുപ്പുതല സ്ഥാനക്കയറ്റം നിർണ്ണയിക്കുന്ന യോഗത്തിൽ ഉൾപ്പെടുത്താതിരിക്കുന്നത് കേരള ഹൈക്കോടതിയുടെ ഒ.പി. 336/2019 സ്റ്റേറ്റ് ഓഫ് കേരള vs ബാബുപ്രസാദ് ബി. എന്ന കേസിലെ വിധിന്യായത്തിനും യൂണിയൻ ഓഫ് ഇന്ത്യ vs കെ.വി. ജാനകിരാമൻ എന്ന കേസിലെ ബഹുമാനപ്പെട്ട പരമോന്നത നീതിപീഠത്തിന്റെ വിധിന്യായത്തിനും എതിരാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ?

KS&SSRs, റൂൾ 28(b)(1) പ്രകാരം ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയാണ് പ്രൊമോഷൻ സംബന്ധിച്ച് അന്തിമതീരുമാനം സ്വീകരിക്കേണ്ടത്.

(ജി) മേൽപ്രകാരം അന്യായമായി ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നിഷേധിച്ച കാര്യത്തിൽ ജി.എസ്.ടി. കമ്മീഷണറേറ്റിലെ ഡെപ്യൂട്ടി കമ്മീഷണർ-I പേഴ്സണൽ അഡ്മിനിസ്ട്രേഷൻ എന്ന തസ്തിക വഹിക്കുന്ന ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും അലംഭാവമോ കൃത്യവിലോപമോ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല.

മെഡിസെപ് പദ്ധതിയിൽ അവയവമാറ്റ ശസ്ത്രക്രിയ

52 (4253) ശ്രീ. ഷാഹി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി കോർപ്പസ് ഫണ്ടിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും എത്ര അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള ക്ലെയിം നൽകിയിട്ടുണ്ടെന്നും എത്ര ശസ്ത്രക്രിയകൾക്കുള്ള ക്ലെയിം നൽകാൻ ബാക്കിയുണ്ടെന്നും വിശദമാക്കുമോ?

23-06-2022-ലെ ജി.ഒ. (പി) നം.70/2022/ധന പ്രകാരം പ്രസിദ്ധീകരിച്ച പദ്ധതിയിലും ഇൻഷ്വറൻസ് കമ്പനിയുമായുള്ള എം.ഒ.യു. പ്രകാരവും 12 ഇന അവയവമാറ്റ ശസ്ത്രക്രിയകൾക്കായി 35 കോടി രൂപയിൽ കുറയാത്ത തുകയാണ് മൂന്നുവർഷ കാലയളവിലേയ്ക്ക് കോർപ്പസ് ഫണ്ടായി ഇൻഷ്വറൻസ് കമ്പനി അവർക്ക് വാർഷിക പ്രീമിയം തുകയായി നൽകുന്ന തുകയിൽനിന്നും കുറവുചെയ്യേണ്ടത്. ഇതിൽ 1551 അവയവമാറ്റ ശസ്ത്രക്രിയകൾക്ക് 33,61,57,103/- രൂപയുടെ അപ്രൂവൽ നൽകിയിട്ടുള്ളതായും ആയതുതന്നെ പൂർണ്ണമായും നൽകിയിട്ടുണ്ടെന്നും 14-02-2023-ന്

ഇൻഷ്വറൻസ് കമ്പനി നൽകിയ വിവരം മെഡിസെപ് പോർട്ടലിലെ ഡാഷ്ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

(ബി) അവയവമാറ്റ ശസ്ത്രക്രിയ്ക്കുള്ള ഫണ്ട് വിഹിതം കഴിഞ്ഞതായി ഇൻഷ്വറൻസ് കമ്പനിയിൽനിന്നും ആശുപത്രികൾക്ക് അറിയിപ്പ് ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതി വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മെഡിസെപ് പദ്ധതിയിലെ ക്ലെയിമുകൾ

53 (4254) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിസെപ് പദ്ധതിയിൽ നാളിതുവരെ ആശുപത്രികളിൽ നൽകിയ ക്ലെയിമുകളിൽ എത്ര എണ്ണം നിരസിക്കപ്പെട്ടിട്ടുണ്ട്; ഏതൊക്കെ ചികിത്സകൾക്കുള്ള ക്ലെയിമാണ് നിരസിക്കപ്പെട്ടത്; ആകെ എത്ര രൂപയുടെ ക്ലെയിമുകൾ നിരസിക്കപ്പെട്ടിട്ടുണ്ട്; ക്ലെയിം നിരസിക്കപ്പെട്ട കേസുകളിൽ ജീവനക്കാർ ചികിത്സയ്ക്കുള്ള പണം അടയ്ക്കേണ്ടതായി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസുകളിൽ ഇപ്രകാരം തുക അടയ്ക്കേണ്ടതായി വന്ന

എന്നിവയുടെ വിശദാംശം സർക്കാർ/സ്വകാര്യ ആശുപത്രി എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ?

മെഡിസെപ് പദ്ധതിയിൽ നാളിതുവരെ ഗവൺമെന്റ് ആശുപത്രികളിൽ 702 കേസുകളും സ്വകാര്യ ആശുപത്രികളിൽ 2224 കേസുകളുമുൾപ്പെടെ ആകെ 2926 കേസുകൾ നിരസിക്കപ്പെട്ടതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്. ക്ലെയിം നിരസിക്കപ്പെട്ടിട്ടുള്ള ചികിത്സകളുടെ പേരുവിവരം, നിരസിക്കപ്പെട്ട ചികിത്സകളുടെ എണ്ണം, തുക (ഗവൺമെന്റ് ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ) എന്നിങ്ങനെ തരം തിരിച്ച് ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയത് അനുബന്ധമായി ചേർക്കുന്നു.+

ലീവ് സറണ്ടർ ആനുകൂല്യം ഫാം തൊഴിലാളികൾക്കും അനുവദിക്കുന്നതിന് നടപടി

54 (4255) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-12-2022-ലെ ജി.ഒ.(പി)No.148/2022/ഫിൻ. പ്രകാരം ലാസ്റ്റ് ഗ്രേഡ് കാറ്റഗറിയിലുള്ള ജീവനക്കാർക്ക് ലീവ് സറണ്ടർ നിലവിൽ പണമായി കൈമാറുന്നുണ്ടോ; വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ട്രഷറി ഡയറക്ടർ എല്ലാ ട്രഷറി ഓഫീസർമാർക്കും നൽകിയ റ്റി.ആർ.വൈ./109/2023-ഇ 1 കത്തിലെ നിർദ്ദേശപ്രകാരം ലാസ്റ്റ് ഗ്രേഡ് കാറ്റഗറി ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 30-12-2022-ലെ സ.ഉ.(പി)നം.148/2022/ധന പ്രകാരം ലാസ്റ്റ് ഗ്രേഡ് കാറ്റഗറിയിലുള്ള ജീവനക്കാർക്ക് 2022-23 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ പണമായി നൽകുന്നതിന് തടസ്സമില്ല. ഇത് 25-02-2023-ലെ സ.ഉ.(പി)നം.20/2023 ധന എന്ന സർക്കാർ ഉത്തരവിൽ സ്പഷ്ടീകരിച്ചിട്ടുമുണ്ട്.

(സി) ലാസ്റ്റ് ഗ്രേഡ് കാറ്റഗറി ജീവനക്കാരുടെ അതേ ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ഫാം തൊഴിലാളികൾക്ക് ലീവ് സറണ്ടർ അനുവദിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് പുതിയ ഉത്തരവിന്റെ ആവശ്യമുണ്ടോയെന്നും അറിയിക്കാമോ;

(ഡി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ തടസ്സങ്ങളില്ലാതെ ഫാം തൊഴിലാളികൾക്കും നൽകുന്നതിനാവശ്യമായ

ക്രമീകരണം സ്പാർക്കിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(സി&ഡി) ഫാം തൊഴിലാളികൾ കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത തൊഴിലാളികളെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിന്റെ ഭാഗമായി കണക്കാക്കാൻ കഴിയില്ല. ആയതിനാൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ പണമായി നൽകുന്ന ആനുകൂല്യം ടി ജീവനക്കാർക്കും ബാധകമാക്കാനാകില്ല. എന്നാൽ 25-02-2023-ലെ സ.ഉ.(പി)നം. 20/2023 ധന പ്രകാരം എല്ലാ വിഭാഗം ജീവനക്കാർക്കും 2022-23 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ ചില വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചിട്ടുമുണ്ട്.

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

55 (4256) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്താൻ ധനകാര്യ പരിശോധനാ വിഭാഗം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് 24-02-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.113/2003/ഫിൻ, 19-12-2005-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.543/2005/ഫിൻ, 19-01-2007-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.25/07/ഫിൻ, 02-08-2008-ലെ സർക്കുലർ നം. 41/2008/ഫിൻ എന്നിവ പ്രകാരം ധനകാര്യ (പരിശോധന-നോൺ-ടെക്നിക്കൽ - എഫ്) വകുപ്പ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഔദ്യോഗിക വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നതായി ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തി ദുരുപയോഗം കണ്ടെത്തുന്ന കേസുകളിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ പിഴയോ അച്ചടക്കനടപടിയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ശിപാർശ ചെയ്തുകൊണ്ടുള്ള പരിശോധനാ റിപ്പോർട്ട് തുടർനടപടികൾക്കായി ഭരണവകുപ്പിന് നൽകിവരുന്നുണ്ട്.

(ബി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച പരിശോധനകൾ ഇപ്പോൾ ധനകാര്യ പരിശോധനാ വിഭാഗം കാര്യക്ഷമമായി നടത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം സർക്കാർ വാഹനങ്ങൾ ഉപയോഗിക്കാൻ അനുമതിയില്ലാത്ത

ഉദ്യോഗസ്ഥർപോലും വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ?

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച പരിശോധനകൾ ഇപ്പോൾ ധനകാര്യ പരിശോധനാ വിഭാഗം കാര്യക്ഷമമായി നടത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനായുള്ള നടപടികൾ സ്വീകരിക്കാൻ ധനകാര്യ പരിശോധനാ വിഭാഗത്തിന് നിർദ്ദേശം നൽകുമോ?

'ബി' പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കോട്ടായി ഐ.എച്ച്.ആർ.ഡി. കെട്ടിട നിർമ്മാണം

56 (4257) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃത്താല നിയോജകമണ്ഡലത്തിലെ കോട്ടായി ഐ.എച്ച്.ആർ.ഡി. കെട്ടിട നിർമ്മാണത്തിനായി 2020-21 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച അഞ്ചുകോടി രൂപ ബന്ധപ്പെട്ട വകുപ്പിന് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അനുവദിച്ചിട്ടില്ല. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനുകീഴിൽ തൃശ്ശൂർ നിയോജകമണ്ഡലത്തിലെ കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജ് കെട്ടിടത്തിന്റെ മൂന്നാംഘട്ട നിർമ്മാണത്തിനായി 2021-22 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയായ 5 കോടി രൂപയുടെ 20 ശതമാനമായ ഒരു കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിക്കുവേണ്ടി സ്ഥലം ലഭ്യമാകാതിരുന്നതിനാൽ ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കാൻ കഴിഞ്ഞിരുന്നില്ലെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി വിഹിതവും ചെലവഴിച്ച തുകയും

57 (4258) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിക്കായി എത്ര കോടി രൂപയാണ് നീക്കിവച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ; വാർഷിക പദ്ധതിയിൽ നാളിതുവരെ ഓരോ വകുപ്പും എത്ര കോടി രൂപ വീതം ചെലവഴിച്ചുവെന്ന് വിശദമാക്കുമോ?

സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ചതിൻപ്രകാരം 2022-23-ലേയ്ക്കുള്ള സംസ്ഥാന വാർഷിക പദ്ധതിയുടെ അടങ്കൽതുക

30,370 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നതും എൻ.സി.ഡി.സി. സഹായവും ഉൾപ്പെടെ ആകെ അടങ്കൽ 39,640.19 കോടി രൂപയുമാണ്. പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയ്ക്ക് പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായമായ 25 കോടി രൂപ കൂടി കണക്കിലെടുത്താൽ 2022-23-ലെ മൊത്തം പദ്ധതി വിഹിതം 39665.19 കോടി രൂപയാണ്. 2022-23 സാമ്പത്തികവർഷം കിഫ്ബി പദ്ധതികൾക്കായി ചെലവഴിച്ച 2469.69 കോടി രൂപ, റെസ്യൂമ്ഡ് ഫണ്ട് തിരികെ കൊടുത്ത വകയിൽ ചെലവഴിച്ച 3410.43 കോടി രൂപ, കെ.എസ്.ആർ.ടി.സി.-ക്ക് ലോൺ ഇനത്തിൽ ചെലവഴിച്ച 1434.81 കോടി രൂപ എന്നിവയുൾപ്പെടെ ആകെ 30459.98 കോടി രൂപയാണ് പദ്ധതിയിനത്തിൽ (പ്ലാൻസ്പേസിൽനിന്നുള്ള കണക്കുകൾ പ്രകാരം) 31-03-2023-വരെ ആകെ ചെലവായിട്ടുള്ളത്. വകുപ്പുതിരിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു[+].

(ബി) 2022-23 വാർഷിക പദ്ധതിയിൽ 2023 ജനുവരി 31-നകം എത്ര ശതമാനം തുക ഓരോ വകുപ്പും ചെലവിടണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 വാർഷിക പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുകയുടെ 62 ശതമാനം വരെയാണ് 2023 ജനുവരി 31-നകം ഓരോ വകുപ്പും ചെലവഴിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ബഡ്ജറ്റ് പ്രവൃത്തികൾ

58 (4260) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-12 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ ഓരോ വർഷവും ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ വരുന്ന മരാമത്ത് പണികളിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ള പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

2011-12 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ ഓരോ വർഷവും ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ വരുന്ന മരാമത്ത് പണികളിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ള പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിവിധ വകുപ്പുകൾ ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	പ്രവൃത്തി

2018-19	കൂട്ടിക്കൽ ഗവൺമെന്റ് കമ്മ്യൂണിറ്റി - കൊക്കയാർ റോഡ്
2019-20	മുണ്ടക്കയം - കോരുത്തോട് റോഡ് ബി.എം. & ബി.സി.
2020-21	ചോലത്തടം - കൂട്ടിക്കൽ - കൊക്കയാർ റോഡ്
	അരുവിത്തുറ - ഭരണങ്ങാനം - വട്ടോളിക്കടവ് റോഡ്

ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ മോണിറ്ററിംഗ്

59 (4261) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ നടപ്പാക്കുന്നത് മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) 2021-22, 2022-23 ബഡ്ജറ്റുകളിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ എത്ര പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ നടപ്പാക്കാനുണ്ടെന്നും അവ എപ്പോൾ നടപ്പാക്കുമെന്നും അറിയിക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ വരുമാന സർട്ടിഫിക്കറ്റ്

60 (4262) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാങ്ങുന്നവരുടെ എണ്ണം പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉദ്ദേശിക്കുന്നില്ല. എന്നാൽ അർഹരായ എല്ലാവർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമാക്കുന്നതോടൊപ്പം അനർഹരെ പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുക എന്നതാണ് സർക്കാർ നയം.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം പരിമിതപ്പെടുത്തുന്നതിനായി പ്രസ്തുത പെൻഷൻ വാങ്ങുന്നവർ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ?

സാമൂഹ്യ സുരക്ഷാ പെൻഷനുള്ള കുടുംബ വാർഷിക വരുമാനപരിധി ഒരു ലക്ഷം രൂപയാണ്. അതിനുമുകളിൽ കുടുംബ വരുമാനമുള്ളവർ പെൻഷന് അർഹരല്ല. അർഹരായവരെ കണ്ടെത്തുന്നതിനുവേണ്ടിയാണ് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്.

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി രൂപീകരിച്ച കമ്പനിക്ക് സർക്കാർ നൽകേണ്ട തുക കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഓരോ മാസവും നൽകേണ്ട ക്ഷേമപെൻഷൻ തുകയുടെ അടിസ്ഥാനത്തിൽ ഒരു സാമ്പത്തിക വർഷത്തെ ഈയിനത്തിലുള്ള ചെലവും പലിശയിനത്തിൽ നൽകേണ്ട തുകയും കമ്പനിയുടെ ഭരണച്ചെലവുകളും കണക്കാക്കിയാണ് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ഓരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തുന്നത്. ഓരോ സാമ്പത്തിക വർഷവും വകയിരുത്തേണ്ട തുക വ്യത്യസ്തമായിരിക്കും.

ക്ഷേമ പെൻഷൻ പദ്ധതി

61 (4263) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷൻ പദ്ധതിയിൽ പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ പൂർണ്ണമായും നൽകുന്നുണ്ടോ?

സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകൾ, കായിക യുവജന ക്ഷേമ വകുപ്പ്, സാംസ്കാരിക വകുപ്പ് എന്നീ വകുപ്പുകൾ മുഖേന നൽകുന്ന ക്ഷേമ പെൻഷനുകൾ ലഭിക്കുന്ന

ഗുണഭോക്താക്കളിൽ 06-02-2017-ന് മുൻപ് ടി പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ലഭിച്ചിരുന്നവർക്ക് ക്ഷേമനിധി ബോർഡ്/വകുപ്പുകൾ മുഖേന നൽകുന്ന പെൻഷൻ പൂർണ്ണനിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കുന്നതാണ്. 06-02-2017-ന് മുൻപും ശേഷവും ഒരു പെൻഷൻ മാത്രം ലഭിച്ചിരുന്നവർക്ക് ആ പെൻഷൻ മാത്രം പൂർണ്ണ നിരക്കിൽ ലഭിക്കുന്നതിന് അർഹതയുണ്ട്. ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങിവരുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനിലേയ്ക്ക് മാറുന്നതിനോ തിരിച്ചോ ഒരിക്കൽ അവസരമുണ്ടായിരിക്കുന്നതാണ്.

തനത് ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കളിൽ 06-07-2018-ന് മുൻപ് രണ്ട് പെൻഷൻ ലഭിച്ചിരുന്നവർക്ക് രണ്ട് പെൻഷനും പൂർണ്ണ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. മറ്റുള്ളവർക്ക് ബോർഡ് പെൻഷൻ പൂർണ്ണ നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കുന്നതാണ്.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, കേരള മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി ബോർഡ്, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി, കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ്

വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽനിന്നും പെൻഷൻ ലഭിക്കുന്നവർക്ക് 22-09-2022-ലെ ജി.ഒ. (എം.എസ്.)നം. 162/2022/ധന ഉത്തരവുപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല.

(ബി) തൊഴിലാളി ക്ഷേമനിധിയിൽ വിഹിതം അടച്ച് പെൻഷൻ ലഭിക്കുന്നവർക്ക് വിധവ, വികലാംഗ, വാർദ്ധക്യകാല പെൻഷനുകൾ പൂർണ്ണമായും നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ചോദ്യം (എ)-യുടെ മറുപടിയിൽ വിശദീകരിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരം മാത്രമേ വിധവ, വികലാംഗ, വാർദ്ധക്യകാല പെൻഷനുകൾ നൽകാൻ കഴിയുകയുള്ളൂ.

സാമൂഹ്യ സുരക്ഷാ പെൻഷൻ

62 (4266) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവരിൽ ഏറെ പേരും അനർഹരാണെന്ന് ധനവകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) അനർഹരെ കണ്ടെത്തുന്നതിനായി നടത്തിയ മസ്റ്ററിംഗ് കൂടാതെ മറ്റെന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അനർഹരായി ലിസ്റ്റിൽ എത്ര ആളുകളുണ്ടെന്നാണ് കണ്ടെത്തിയതെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ നിരവധി പേർ അനർഹരായുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും വിവിധ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽനിന്നും 2016-ൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടിൽനിന്നും കരകുളം ഗ്രാമപഞ്ചായത്തിൽ മഹിളാ പ്രദാൻ ഏജന്റുമാർ മുഖേന നടത്തിയ സർവ്വേയിലൂടെയും ഇത് ബോധ്യപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങൾ സംബന്ധിച്ച ഡാറ്റാബേസ്, സ്പാർക്ക് ഡാറ്റാബേസ്, സർവ്വീസ്/കുടുംബ പെൻഷൻകാരുടെ ഡാറ്റാബേസ്, റബ്ബർ സബ്സിഡി ഡാറ്റാബേസ് എന്നിവ പരിശോധിച്ചപ്പോഴും അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ഡാറ്റാബേസ് സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാബേസായ സേവനയുമായി സംയോജിപ്പിച്ച് പരിശോധിച്ചപ്പോഴും രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്ന നിരവധി പേരെ കണ്ടെത്തുകയുണ്ടായി. 2019 ഡിസംബർ മാസം

വരെയുള്ള സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗ് വഴി, മരണപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ അനർഹരായവരെയും കണ്ടെത്തിയിട്ടുണ്ട്. മസ്റ്ററിംഗ് നടത്താൻ ഇനിയും അവശേഷിക്കുന്നവർ 128022 പേരാണ്. ഇതിൽ മസ്റ്ററിംഗ് പൂർത്തിയാക്കുന്ന അർഹരായവർക്ക് മസ്റ്റർ ചെയ്യുന്ന മാസം മുതൽക്കുള്ള പെൻഷൻ ലഭിക്കുന്നതാണ്. കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ട് (2016) പ്രകാരം 12% പേർ അനർഹരെന്ന് കണ്ടെത്തിയിട്ടുണ്ട്. മറ്റ് വിവിധ പരിശോധനകൾ പ്രകാരം അനർഹരെന്ന് കണ്ടെത്തിയവരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) അനർഹർ കൈപ്പറ്റിയ തുക തിരിച്ചുപിടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

അനർഹമായി കൈപ്പറ്റിയ തുക തിരിച്ചുപിടിക്കുന്ന നടപടികൾ തുടർന്നുവരികയാണ്. ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്കും ഡ്രായിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്കും ട്രഷറി ഡയറക്ടർക്കും ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ എത്രയാളുകളാണ് പെൻഷൻ വാങ്ങുന്നതെന്നും ഓരോ മാസവും ഇതിനായി എത്ര തുക ചെലവ് വരുന്നുവെന്നും വെളിപ്പെടുത്തുമോ?

2022 ഡിസംബർ മാസത്തെ കണക്കുകൾപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന 5028396 ഗുണഭോക്താക്കളും സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്ന 673569 ഗുണഭോക്താക്കളുമാണുള്ളത്. ടി ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിനായി 873.14 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തനതുഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകളും സാംസ്കാരികം, കായിക യുവജനക്ഷേമം, തൊഴിൽ, പിന്നാക്ക വിഭാഗ വികസനം വകുപ്പുകൾ മുഖേനയുള്ള പെൻഷനുകളും സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

സാമൂഹ്യക്ഷേമ പെൻഷനുകൾ

63 (4268) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ നിലവിൽ എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ?

2023 ഫെബ്രുവരി വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16

ക്ഷേമനിധി ബോർഡ് പെൻഷനുകളും അനുവദിച്ചിട്ടുണ്ട്. കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ ക്ഷേമനിധി ബോർഡിൽ നിലവിൽ 6 മാസത്തെ പെൻഷൻ കുടിശ്ശികയായുണ്ട്. കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ പ്രതിമാസ കുടിശ്ശികയില്ല. എന്നാൽ 2022 ഏപ്രിൽ 30-ന് വിരമിച്ച 435 വർക്കർമാർക്കും 315 ഹെൽപ്പർമാർക്കും 10 മാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുണ്ട്. തനത് ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന മറ്റ് ക്ഷേമനിധി ബോർഡ് പെൻഷനുകൾ കുടിശ്ശികയില്ല. സാംസ്കാരിക വകുപ്പ് മുഖേന നൽകുന്ന കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, കായിക യുവജന ക്ഷേമ വകുപ്പ് മുഖേന നൽകുന്ന സർക്കസ് പെൻഷൻ, അവശകായികതാര പെൻഷൻ എന്നിവ കുടിശ്ശികയില്ല. തൊഴിൽ വകുപ്പ് മുഖേന നൽകുന്ന മരം കയറ്റത്തൊഴിലാളി അവശതാ പെൻഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ എന്നിവ 2022 സെപ്തംബർ മാസം മുതൽ കുടിശ്ശികയുണ്ട്.

(ബി) പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുന്നതിന് എത്ര തുക ആവശ്യമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ ക്ഷേമനിധി ബോർഡിൽ പെൻഷൻ കുടിശ്ശിക നൽകുന്നതിന് 330 കോടി രൂപ ആവശ്യമാണ്. കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിലെ 2022 ഏപ്രിൽ 30-ന് വിരമിച്ച 435 വർക്കർമാർക്കും 315 ഹെൽപ്പർമാർക്കും 10 മാസത്തെ കുടിശ്ശിക നൽകുന്നതിനായി 1.56 കോടി രൂപ ആവശ്യമാണ്. തൊഴിൽ വകുപ്പ് മുഖേന നൽകുന്ന മരംകയറ്റത്തൊഴിലാളി അവശതാ പെൻഷൻ കുടിശ്ശിക നൽകുന്നതിന് 1.26 കോടി രൂപയും പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ കുടിശ്ശിക നൽകുന്നതിന് 0.19 കോടി രൂപയും ആവശ്യമാണ്.

(സി) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. പെൻഷൻ നൽകുന്നതിനായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് സർക്കാർ ധനസഹായം ലഭ്യമാക്കുന്നു. ഈ കമ്പനി, പെൻഷൻ തുക ടി ആവശ്യത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ പേരിലുള്ള

ബാങ്ക് അക്കൗണ്ടിലേയ്ക്കും സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേയ്ക്കും കൈമാറുന്നു. ടി ബാങ്ക് അക്കൗണ്ടിൽനിന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക ലഭ്യമാക്കുന്നു. സഹകരണ സംഘങ്ങൾ വഴി പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽനിന്നും 14 ജില്ലകളിലെയും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർ വഴി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്നു. സഹകരണ സംഘങ്ങൾ ഏജന്റുമാർ വഴി പെൻഷൻ തുക ഗുണഭോക്താക്കളുടെ വീട്ടിലെത്തി വിതരണം ചെയ്യുന്നു.

അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ

64 (4269) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പെൻഷൻ ആനുപാതികമായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോയെന്ന് വിശദമാക്കുമോ?

(എ&ബി) നിലവിൽ പരിഗണനയിലില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) കോവിഡ് പ്രതിസന്ധിമൂലവും അസുഖം, അപകടം തുടങ്ങിയ കാരണങ്ങളാലും അംശദായം അടയ്ക്കാനാകാതെ അംഗത്വം പുതുക്കാനാകാത്ത അഞ്ചുവർഷം വരെ കുടിശ്ശിക വരുത്തിയിട്ടുള്ള അംഗങ്ങൾക്ക് അംഗത്വം പുതുക്കാനുള്ള അവസരം നൽകുന്ന കാര്യം പരിശോധിക്കുമോയെന്ന് വിശദമാക്കുമോ?

കോവിഡ്-19 പ്രതിസന്ധിമൂലം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളതിനാലും നിരവധി തൊഴിലാളികൾക്ക് അംശദായം കൃത്യമായി ഒടുക്കുന്നതിന് സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുള്ളതിനാലും ഒരു വർഷം വരെ അംശദായ ഇനത്തിൽ കുടിശ്ശിക വരുത്തിയ അംഗങ്ങൾക്ക് 22-09-2021-ൽ ചേർന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംശദായ കുടിശ്ശിക ഗഡുക്കളായി സ്വീകരിക്കുന്നതിനും അംശദായ അടവ് കുടിശ്ശിക വരുത്തിയതുമൂലം അസാധുവാക്കപ്പെട്ട അംഗത്വം പുതുക്കുന്നതിനുമുള്ള അവസരം നൽകിയിട്ടുണ്ട്. അഞ്ച് വർഷം വരെ കുടിശ്ശിക

വരുത്തുന്ന അംഗങ്ങൾക്ക് അംഗത്വം പുന:സ്ഥാപിച്ച് നൽകുന്നുണ്ട്. പത്ത് വർഷത്തിനുമേൽ കുടിശ്ശിക വരുന്ന അംഗങ്ങളുടെ അംഗത്വ പുന:സ്ഥാപനം ബോർഡ് തീരുമാനത്തിന് വിധേയമായി അനുവദിച്ചുവരുന്നു.

സംസ്ഥാനത്തെ ക്ഷേമനിധി പെൻഷനുകൾ

65 (4270) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമനിധി പെൻഷനുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

സർക്കാർ ധനസഹായമുപയോഗിച്ച് വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകൾ ചുവടെ ചേർക്കുന്നു.

1. കർഷക പെൻഷൻ (കൃഷി വകുപ്പു മുഖേന)
2. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള വ്യാപാരി ക്ഷേമനിധി ബോർഡ്
4. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്
5. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്
6. കേരള ഈറ്റ കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡ്
7. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

8. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

9. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

10. കേരള ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡ്

11. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

12. കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്

13. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്

14. കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്റ്റാറ്റേർഡ് വിഭാഗം)

15. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്

16. കേരള ക്ഷീര കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

തനതു ഫണ്ടുപയോഗിച്ച്/സർക്കാർ ഗ്രാന്റുപയോഗിച്ച് നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ ചുവടെ ചേർത്തവയാണ്.

1. കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് (അൺ അറ്റാച്ച്ഡ് വിഭാഗം)
2. കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്
3. കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്
4. കേരള സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ട് ബോർഡ്
5. കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

6. കേരള സ്റ്റേറ്റ് അങ്കണവാടി വർക്കേഴ്സ് ആൻഡ് വെൽഫെയർ ഫണ്ട് ബോർഡ്
7. കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്
8. കേരള റേഷൻ ഡീലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്
9. കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡ്
10. കേരള അഡ്വക്കേറ്റ് ക്ലർക്ക് ക്ഷേമനിധി കമ്മിറ്റി
11. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്
12. കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് -സ്റ്റെബ്സ് ആൻഡ് സ്റ്റാമ്പ് വെണ്ടേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്
13. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ്

(ബി) സർവ്വീസ് പെൻഷൻ കൂടാതെ പെൻഷൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്ന പെൻഷനുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

സർവ്വീസ് പെൻഷനുകൾ കൂടാതെ ചുവടെ ചേർക്കുന്ന പെൻഷനുകളും വിതരണം ചെയ്യുന്നു.

1. നിയമസഭാംഗങ്ങൾക്കുള്ള പെൻഷൻ & കുടുംബ പെൻഷൻ
2. പി.എസ്.സി. ചെയർമാനും മെമ്പർമാർക്കുമുള്ള പെൻഷൻ
3. മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും ചീഫ് വിപ്പിന്റെയും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കുള്ള പെൻഷൻ & കുടുംബപെൻഷൻ, സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും ധനകാര്യ കമ്മിറ്റി

ചെയർമാന്മാരുടെയും പേഴ്സണൽ സ്റ്റാഫ് പെൻഷൻ & കുടുംബപെൻഷൻ.

4. ലോകായുക്തയുടെയും ഉപലോകായുക്തയുടെയും പെൻഷൻ & കുടുംബപെൻഷൻ.
5. പൊളിറ്റിക്കൽ പെൻഷൻ - മാലിഖാനാസ്, ജന്മിഭോഗം, കരത്തിൽചെലവ് & അർഥപലിശ, ബെറിസ് ഡാഡ്യൂഷനുകൾ & ടാസ്ഡിക് അലവൻസുകൾ
6. സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ & കുടുംബപെൻഷൻ
7. ഖാദി ഹിന്ദി പെൻഷൻ & കുടുംബപെൻഷൻ
8. വിവിധ കമ്മീഷനുകളിൽ അംഗങ്ങളായിട്ടുള്ളവർക്കുള്ള വിരമിക്കൽ സഹായം.

കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി

66 (4271) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി ആവശ്യമായ തുകയുടെ 30 ശതമാനവും കണ്ടിൻജൻസി ചാർജ്ജും അനുവദിച്ചെങ്കിൽ മാത്രമേ ഭൂമിയേറ്റെടുക്കൽ പ്രക്രിയ ആരംഭിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ ഇക്കാര്യത്തിൽ

ധനകാര്യ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ ത്വരിതപ്പെടുത്തി തുക അനുവദിക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

09-11-2022-ൽ നടന്ന മുൻഗണനാ പദ്ധതികളുടെ അവലോകനയോഗ തീരുമാനപ്രകാരം കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ കുറയ്ക്കുന്നതിനായി റീഡിസൈൻ ചെയ്ത് ഫയൽ പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഭരണ വകുപ്പ് ഫയൽ മടക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ഭരണ വകുപ്പ് ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

എം.സി. റോഡ് നാലുവരിയാക്കലും പെരുമ്പാവൂർ ബൈപാസ് നിർമ്മാണവും

67 (4272) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട പെരുമ്പാവൂർ ബൈപാസും എം.സി. റോഡും സന്ധിക്കുന്ന സ്ഥലത്ത് ഗ്രേഡ് സെപ്പറേറ്റഡ് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

പെരുമ്പാവൂർ ബൈപാസിന്റെ അംഗീകൃത അലൈൻമെന്റ് പ്രകാരം എം.സി. റോഡുമായി അറ്റ് ഗ്രേഡ് (ഒരേ നിരപ്പിൽ) ആയിട്ടാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പിന്നീട് എം.സി. റോഡും ബൈപാസും ബന്ധിക്കുന്ന സ്ഥലത്ത് ഗതാഗതക്കുരുക്കുണ്ടാകാൻ സാധ്യതയുള്ളതിനാൽ, അലൈൻമെന്റ് പുനഃപരിശോധിക്കുന്നതിന് കിഫ്ബി നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവിധ ഓപ്ഷനുകൾ സംബന്ധിച്ച് നാറ്റ്പാക് അധികൃതരുമായി 10-11-2022, 21-12-2022 തീയതികളിൽ കിഫ്ബി ചർച്ച നടത്തിയിരുന്നു. 03-03-2023-ന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ കിഫ്ബി നാറ്റ്പാക്, നിർവ്വഹണ ഏജൻസിയായ (SPV) ആർ.ബി.ഡി.സി.കെ. അധികൃതരുമായി നടത്തിയ യോഗത്തിൽ പ്രസ്തുത പ്രവൃത്തി ആദ്യം വിഭാവനം ചെയ്തപോലെ അറ്റ് ഗ്രേഡ് ആയി തന്നെ എം.സി. റോഡിനെ ക്രോസ് ചെയ്യും നിലവിലുള്ള എം.സി. റോഡ് എലിവേറ്റ് ചെയ്ത് ബൈപാസിന് മുകളിലൂടെ നൽകാമെന്നും എന്നാൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് എം.സി. റോഡ് വീതി കൂട്ടുന്നതിനുള്ള പ്രൊപ്പോസലും എം.സി. റോഡിന് സമാന്തരമായി 'ഗ്രീൻ ഫീൽഡ് ഹൈവേ' പ്രൊപ്പോസലും

നിലവിലുള്ളതിനാൽ എം.സി. റോഡ് ഫ്ലൈ ഓവർ നിർമ്മാണം അടുത്ത ഘട്ടത്തിൽ പരിഗണിക്കാമെന്നുമാണ് തീരുമാനിച്ചിരിക്കുന്നത്.

(ബി) പെരുമ്പാവൂർ ബൈപാസ് രണ്ടാംഘട്ട പൂർത്തീകരണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കാൻ തുക അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

പെരുമ്പാവൂർ ബൈപാസ് നിർമ്മാണത്തിനും ഭൂമിയേറ്റെടുക്കലിനുമായി 16-12-2017-ലെ APR-2/136/2017/KIIFB നമ്പർ ഉത്തരവുപ്രകാരം 133.24 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിരുന്നു. പിന്നീട് പ്രസ്തുത പ്രവൃത്തി രണ്ട് ഘട്ടങ്ങളായി തിരിച്ച് 26-03-2022-ലെ PWD007-01/APR-2/2022/KIIFB പ്രകാരം ധനാനുമതി 301.71 കോടി രൂപയായി പുതുക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൽ രണ്ടാംഘട്ടത്തിന്റെ ഭൂമിയേറ്റെടുക്കലിനായി വകയിരുത്തിയിട്ടുള്ള 71.668 കോടി രൂപയും ഉൾപ്പെടുന്നുണ്ട്.

സംസ്ഥാനത്താകെ ഉപയോഗിച്ച പെട്രോൾ, ഡീസൽ എന്നിവയുടെ വിവരം

68 (4273) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2021-22, 2022-23 (നാളിതുവരെ) സാമ്പത്തിക വർഷങ്ങളിൽ എത്ര ലിറ്റർ വീതം പെട്രോളും ഡീസലും ഉപയോഗിച്ചുവെന്ന വിവരം നൽകാമോ?

സംസ്ഥാനത്ത് 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ 2110.6 TKL Motor Spirit-ഉം (പെട്രോൾ), 2541.0 TKL High speed Diesel-ഉം ഉപയോഗിച്ചു. 2022 ഏപ്രിൽ മുതൽ 2023 ജനുവരി 31 വരെ 2057.6 TKL Motor Spirit-ഉം (പെട്രോൾ) 2479.1 TKL High speed Diesel-ഉം ഉപയോഗിച്ചു. (TKL stands for - Thousand Kilo litres, 1 TKL=10,00,000)

ഇ-വേ ബിൽ സംവിധാനം

69 (4274) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 50,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ വാഹനങ്ങളിൽ കൊണ്ടുപോകുമ്പോൾ ഓൺലൈനായി തയ്യാറാക്കേണ്ട ഇ-വേ ബിൽ സംവിധാനത്തിന്റെ മറവിൽ വ്യാപക വെട്ടിപ്പ് നടക്കുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ?

50,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ വാഹനങ്ങളിൽ കൊണ്ടുപോകുമ്പോൾ ഇ-വേ ബിൽ സംവിധാനത്തിന്റെ മറവിൽ വ്യാപക വെട്ടിപ്പ് നടക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില കേസുകൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വാഹന പരിശോധനയിൽ കണ്ടെത്തുകയും ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) ഒരേ ബില്ലുപയോഗിച്ച് പലതവണ ചരക്ക് കടത്തുന്നതും ബില്ലിൽ രേഖപ്പെടുത്തിയതിൽ കൂടുതൽ ചരക്ക് കടത്തുന്നതുമടക്കമുള്ള വെട്ടിപ്പുകൾ തടയാൻ സർക്കാർ ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 47 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ വാഹന പരിശോധനയിലൂടെ ഇ-വേ ബിൽ പരിശോധിച്ച് ഓരോ ബിൽ പ്രകാരമുള്ള വിനിമയവും അപ്രൂവ് ചെയ്യുന്നതിനാൽ അതേ ബിൽ ഉപയോഗിച്ചുള്ള തുടർവിനിമയം തടയാൻ സാധിക്കുന്നു. സ്ക്വാഡുകളുടെ പരിശോധനയ്ക്ക് വിധേയമാകാത്ത കേസ്സുകളിൽ വകുപ്പിന്റെ ഇ-വേ ബിൽ പോർട്ടലിൽ രൂപീകൃതമാകുന്ന റിപ്പോർട്ട് ഇത്തരത്തിൽ ഒന്നിലധികം തവണ ഒരേ ബില്ലുപയോഗിച്ച് ചരക്ക് നീക്കം നടത്തുന്ന ടാക്സ്പേയറുടെ വിവരം

ലഭ്യമാകുന്നതിനാൽ അവർക്കെതിരെ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നു.

(സി) പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമല്ല എന്നത് വസ്തുതയാണോ; എങ്കിൽ ഇത് കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമായി തന്നെയാണ് പ്രവർത്തിക്കുന്നത്. കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വർണ്ണത്തിൽനിന്നും ലഭിക്കുന്ന നികുതി

70 (4275) ശ്രീ. എം. വിൻസെന്റ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വർണ്ണത്തിൽനിന്നും ലഭിക്കുന്ന നികുതി വാറ്റ് നികുതി കാലഘട്ടത്തെ അപേക്ഷിച്ച് ഗണ്യമായി കുറഞ്ഞുവെന്നത് വസ്തുതയാണോ; എങ്കിൽ സ്വർണ്ണത്തിൽനിന്നുമുള്ള നികുതി വെട്ടിപ്പ് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ജി.എസ്.ടി. സമ്പ്രദായത്തിന്റെ തുടക്കത്തിൽ വിഭാവനം ചെയ്ത റിട്ടേൺ സമ്പ്രദായം പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതുകാരണം

ചരക്കുകളുടെ ഇനം തിരിച്ചുള്ള കൃത്യമായ നികുതി അടവ് സംബന്ധിച്ചുള്ള വിവരങ്ങൾ നിലവിൽ ലഭ്യമാകാത്ത സ്ഥിതിയാണ്. സംസ്ഥാനത്ത് വാറ്റ് നികുതി കാലഘട്ടത്തിൽ സ്വർണ്ണത്തിന് 5 ശതമാനമായിരുന്ന നികുതി നിരക്ക്. ജി.എസ്.ടി. നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സ്വർണ്ണത്തിന് നികുതി നിരക്ക് 3 ശതമാനമായിട്ടാണ് നിർണ്ണയിച്ചത്. ഇതിന്റെ പകുതി മാത്രമേ സംസ്ഥാനത്തിന് ലഭ്യമാകുകയുള്ളൂ. എന്നിരുന്നാലും സ്വർണ്ണ മേഖലയിലെ നികുതി വെട്ടിപ്പ് തടയുന്നതിന് ജി.എസ്.ടി. വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നു. കേരളം നിരന്തരം ആവശ്യപ്പെട്ടിരുന്ന സ്വർണ്ണത്തിന്റെ സംസ്ഥാനത്തിനകത്തുള്ള ചരക്ക് നീക്കങ്ങൾക്ക് ഇ-വേ ബിൽ നടപ്പാക്കുന്നതിൽ ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. വകുപ്പിന്റെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനത്തുടനീളം നികുതി വെട്ടിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. നികുതി വെട്ടിപ്പ് സംബന്ധിച്ച വിവരം ശേഖരിക്കാൻ ഇൻഫോർമർ റിവാർഡ് സ്കീം നടപ്പാക്കിയിട്ടുണ്ട്.

(ബി) സ്വർണ്ണത്തിന്റെ ഉപഭോഗം രാജ്യത്ത് മുന്നിട്ടുനിൽക്കുന്ന സംസ്ഥാനത്ത്, സ്വർണ്ണത്തിൽനിന്നുമുള്ള നികുതി കുറയാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

സംസ്ഥാനത്ത് വാറ്റ് നികുതി കാലഘട്ടത്തിൽ സ്വർണ്ണത്തിന് 5 ശതമാനമായിരുന്ന നികുതി നിരക്ക്. ജി.എസ്.ടി. നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സ്വർണ്ണത്തിന് നികുതി നിരക്ക് 3 ശതമാനമായിട്ടാണ് നിർണ്ണയിച്ചത്. ഇതിന്റെ പകുതി മാത്രമേ സംസ്ഥാനത്തിന് ലഭ്യമാകുകയുള്ളൂ.

നികുതിദായകർ ആദായ നികുതി വകുപ്പിലേയ്ക്ക് അടയ്ക്കുന്ന തുക

71 (4276) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിദായകർ ആദായ നികുതി വകുപ്പിലേയ്ക്ക് അടയ്ക്കുന്ന തുകയിൽനിന്ന് സംസ്ഥാന സർക്കാരിന് വിഹിതം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട ഡിവിസിബിൾ പൂളിൽനിന്നും ധനകാര്യ കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നികുതി വിഹിതം (ആദായ നികുതി വിഹിതം ഉൾപ്പെടെ) കേന്ദ്രം സംസ്ഥാനത്തിന് അനുവദിക്കേണ്ടതുണ്ട്. ആദായ നികുതി ഇനത്തിൽ കേരളത്തിൽനിന്നും പിരിച്ചെടുത്ത തുകയുടെ കണക്കുകൾ സംസ്ഥാന സർക്കാരിൽ ലഭ്യമല്ല. കേന്ദ്ര ആദായ നികുതി വകുപ്പ് അവരുടെ ഔദ്യോഗിക വെബ്സൈറ്റിൽ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം ആദായ നികുതി

ഉൾപ്പെടെയുള്ള പ്രത്യക്ഷ നികുതിയിനത്തിൽ 2018-19 സാമ്പത്തിക വർഷം കേരളത്തിൽനിന്നും 17021.16 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ആ വർഷം പ്രത്യക്ഷ നികുതിയിനത്തിൽ സംസ്ഥാനത്തിന് കേന്ദ്രത്തിൽനിന്നും ലഭിച്ചത് 11499.56 കോടി രൂപയാണ്. ഇതിൽ ആദായ നികുതി വിഹിതം 4876.10 കോടി രൂപയാണ്. ആദായ നികുതി ഇനത്തിൽ 2019-20 വർഷം 4381.76 കോടി രൂപയും 2020-21-ൽ 3642.70 കോടി രൂപയും 2021-22-ൽ 5104.81 കോടി രൂപയും 2022-23 വർഷം ഫെബ്രുവരി മാസം വരെ 4878.50 കോടി രൂപയും കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ട്.

(ബി) 2021-22 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ജീവനക്കാർ സ്പാർക്ക് മുഖേന ഇൻകം ടാക്സ് വകുപ്പിലേയ്ക്ക് ഒടുക്കിയിട്ടുള്ള തുകയുടെ കണക്ക് ലഭ്യമാണോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷം ആദായ നികുതി ഇനത്തിൽ കേന്ദ്ര സർക്കാരിലേയ്ക്ക് ഒടുക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും സ്പാർക്ക് മുഖേന ആകെ 21,53.32 കോടി രൂപ കിഴിവ് വരുത്തിയിട്ടുണ്ട്.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിപണനത്തിലേയ്ക്കായി ചുമത്തുന്ന അഡീഷണൽ സെയിൽസ് ടാക്സ്

72 (4277) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിപണനത്തിലേയ്ക്കായി ചുമത്തുന്ന അഡീഷണൽ സെയിൽസ് ടാക്സ് എത്രയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിപണനത്തിലേയ്ക്കായി ലിറ്ററിന് ഒരു രൂപ എന്ന നിരക്കിൽ അഡീഷണൽ സെയിൽസ് ടാക്സ് ഈടാക്കിവരുന്നുണ്ട്.

(ബി) അഡീഷണൽ സെയിൽസ് ടാക്സിലൂടെ സംസ്ഥാനത്തിന് പ്രതിവർഷം എത്ര രൂപ ലഭിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിപണനത്തിലേയ്ക്കായി ചുമത്തുന്ന അഡീഷണൽ സെയിൽസ് ടാക്സിലൂടെ സംസ്ഥാനത്ത് പ്രതിവർഷം ലഭിക്കുന്ന തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

കേരള വിൽപ്പന നികുതി നിയമം

73 (4278) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) കേരള വിൽപ്പന നികുതി നിയമം 1963 പ്രകാരം 2017-18 മുതൽ സംസ്ഥാനത്തെ ബാർ ഹോട്ടലുകൾ പ്രതിമാസ നികുതി റിട്ടേണുകൾ കൃത്യമായി ഫയൽ ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള വിൽപ്പന നികുതി നിയമം 1963 പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ ഭൂരിഭാഗം ബാർ ഹോട്ടലുകളും പ്രതിമാസ നികുതി റിട്ടേണുകൾ കൃത്യമായി ഫയൽ ചെയ്യുന്നുണ്ട്.

(ബി) പ്രതിമാസ നികുതി റിട്ടേണുകൾ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ബാർ ഹോട്ടലുകൾക്കെതിരെ സംസ്ഥാന നികുതി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രതിമാസ നികുതി റിട്ടേണുകൾ ഫയൽ ചെയ്യുന്നതിൽ വീഴ്ചവരുത്തിയ ബാർ ഹോട്ടലുകൾക്കെതിരെ കേരള വിൽപ്പന നികുതി നിയമം 1963 പ്രകാരം നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) 2022-23 സാമ്പത്തിക വർഷത്തിൽ 2023 ജനുവരി വരെ പ്രതിമാസ നികുതി റിട്ടേണുകൾ സമർപ്പിക്കാത്ത എത്ര ബാർ ഹോട്ടലുകളുണ്ട് എന്ന കണക്ക് ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ 2023 ജനുവരി വരെ പ്രതിമാസം നികുതി റിട്ടേണുകൾ സമർപ്പിക്കാത്ത 328 ബാർ ഹോട്ടലുകളുണ്ട്.

(ഡി) 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെ പ്രതിമാസ നികുതി റിട്ടേണുകൾ സമർപ്പിക്കാത്ത ബാർ ഹോട്ടലുകൾക്കെതിരെ നികുതി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് മാസം തിരിച്ച് വ്യക്തമാക്കാമോ?

പ്രതിമാസ റിട്ടേണുകൾ സമർപ്പിക്കാത്ത ബാർ ഹോട്ടലുകൾക്കെതിരെ 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെ കേരള വിൽപ്പന നികുതി നിയമം 1963 സെക്ഷൻ 45A പ്രകാരം നോട്ടീസ് നൽകുകയും പ്രൊവിഷണൽ അസസ്സ്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജി.എസ്.ടി. ഇനത്തിൽ ലഭിക്കാനുള്ള തുക

74 (4279) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാരിൽനിന്നും ജി.എസ്.ടി. ഇനത്തിൽ ലഭിക്കാനുള്ള തുക എത്രയാണ്; ഇത് ലഭിക്കുന്നതിന് തടസ്സമായിട്ടുള്ളത് ഓഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിക്കാത്തതാണ് എന്ന കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം

സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16-ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചുവർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017-ന്റെ വകുപ്പ് 7(2) പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസക്കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം ആയത് അന്തിമമായി കണക്കാക്കാനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അങ്ങനെ പ്രൊവിഷണലായി കണക്കാക്കിയത് പ്രകാരം സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാനുണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ, അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്.

ഐ.ജി.എസ്.ടി.

75 (4280) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. പരിധിയിൽ വരാത്ത, ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയില്ലാത്ത ഡീലർമാർ ഇതര സംസ്ഥാനങ്ങളിൽനിന്നും വാങ്ങുകയോ അപ്രകാരം വാങ്ങിയ സാധനങ്ങൾ ഉപയോഗിച്ചുകൊണ്ട് നികുതിയില്ലാത്ത സാധനമുണ്ടാക്കി വിൽക്കുകയോ ചെയ്താൽ സംസ്ഥാനത്തിന് ഐ.ജി.എസ്.ടി.-ക്ക് അർഹതയുണ്ട് എന്നത് വസ്തുതയാണോ; വിശദാംശം അറിയിക്കുമോ?

ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ട്, 2017-ലെ വകുപ്പ് 17 പ്രകാരം ജി.എസ്.ടി. പരിധിയിൽ വരാത്ത വ്യക്തികൾ/സ്ഥാപനങ്ങൾ ഇതര സംസ്ഥാനങ്ങളിലെ ജി.എസ്.ടി. പരിധിയിലുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽനിന്നും നികുതി ബാധകമായ സാധനങ്ങൾ/സേവനങ്ങൾ സ്വീകരിക്കുമ്പോൾ പ്രസ്തുത നിയമത്തിലെ വകുപ്പ് 10, വകുപ്പ് 12 എന്നിവയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടുന്ന Place of Supply-ക്ക് വിധേയമായി അപ്രകാരം സ്വീകരിക്കപ്പെട്ട സാധനങ്ങൾ/സേവനങ്ങളുടെ ഉപഭോഗം നടന്ന സംസ്ഥാനത്തിന് പ്രസ്തുത സാധനം/സേവനം സ്വീകരിക്കുമ്പോൾ സപ്ലൈയർക്ക് നൽകിയ

ഐ.ജി.എസ്.ടി.-യുടെ 50% ലഭിക്കാൻ അർഹതയുണ്ട്. കൂടാതെ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയില്ലാത്ത നികുതിദായകർ ഇതര സംസ്ഥാനത്തുനിന്നും ഐ.ജി.എസ്.ടി. നൽകി സാധനങ്ങൾ/സേവനങ്ങൾ സ്വീകരിക്കുമ്പോൾ അപ്രകാരം അർഹതയില്ലാത്ത ഐ.ജി.എസ്.ടി.-യുടെ 50% മേൽപ്പറഞ്ഞ രീതിയിൽ Place of Supply-യുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സംസ്ഥാനത്തിന് ലഭിക്കാൻ അർഹതയുണ്ട്.

(ബി) ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയില്ലാത്തതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള ഭൂരിഭാഗം പേരും ഈ വിൽപന ഡിക്ലയർ ചെയ്യാറില്ലെന്നത് വസ്തുതയല്ലേ; വിശദമാക്കാമോ?

ജി.എസ്.ടി. പരിധിയിൽ വരാത്ത വ്യക്തികൾ/സ്ഥാപനങ്ങൾക്ക് സാധനങ്ങൾ/സേവനങ്ങൾ നൽകുമ്പോൾ ഇതരസംസ്ഥാനത്തെ സപ്ലൈയർ Place of Supply-യുടെ അടിസ്ഥാനത്തിൽ ഏതെല്ലാം സംസ്ഥാനങ്ങളിലേയ്ക്കാണ് തങ്ങൾ അന്തർസംസ്ഥാന വിൽപന നടത്തിയിരിക്കുന്നതെന്ന് ഡിക്ലയർ ചെയ്യാനുള്ള പ്രത്യേക ടേബിളുകൾ ബന്ധപ്പെട്ട റിട്ടേണിലും സ്റ്റേറ്റ്മെന്റിലുമുണ്ട്. എന്നാൽ, ആരംഭ വർഷങ്ങളിൽ ജി.എസ്.ടി. പോർട്ടലിൽ ബന്ധപ്പെട്ട റിട്ടേണിലെ ടേബിളുകളിലേയ്ക്ക് ഇത്തരത്തിലുള്ള സപ്ലൈയറുടെ വിറ്റുവരവ് ആട്ടോമാറ്റഡായി വരികയില്ല.

ബന്ധപ്പെട്ട സപ്ലൈയർ ഇത്തരത്തിലുള്ള സപ്ലൈ സ്വമേധയാ നിർണ്ണയിച്ച് ആയത് ബന്ധപ്പെട്ട ടേബിളിൽ ഡിക്ലയർ ചെയ്യേണ്ടതാണ്. എന്നാൽ 2020 സെപ്റ്റംബർ മാസത്തെ റിട്ടേൺ മുതൽ ഔട്ട്വേർഡ് സപ്ലൈ സ്റ്റേറ്റ്മെന്റിൽ നിന്നും ഇത്തരത്തിലുള്ള B2C സപ്ലൈയുടെ വിറ്റുവരവ് ബന്ധപ്പെട്ട റിട്ടേണിലെ ടേബിളുകളിലേയ്ക്ക് ആട്ടോമാറ്റഡായി വരുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കൂടാതെ, ജി.എസ്.ടി. പരിധിയിൽപ്പെട്ട് രജിസ്ട്രേഷൻ എടുത്ത് വ്യാപാരം നടത്തുന്നവർ ഇതരസംസ്ഥാനത്തുള്ള സപ്ലൈയർക്ക് ഐ.ജി.എസ്.ടി. നൽകി സാധനമോ/സേവനമോ സ്വീകരിക്കുകയും ആയതിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ടാകാത്തതുമായ സാഹചര്യത്തിൽ, സ്വീകർത്താവ് ഇപ്രകാരം അർഹതയില്ലാത്ത ഐ.ജി.എസ്.ടി. എത്രയെന്ന് സ്വയമേവ കണക്കാക്കി ബന്ധപ്പെട്ട റിട്ടേണിൽ ഡിക്ലയർ ചെയ്യേണ്ടതുണ്ട്. റിട്ടേൺ കൃത്യമായി എങ്ങനെ ഫയൽ ചെയ്യണമെന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ട്രേഡ് സർക്കുലറുകളിലൂടെ നേരത്തെ തന്നെ വ്യാപാരികൾക്ക് നൽകിയിട്ടുണ്ട്.

(സി) ഇത്തരത്തിലുള്ള വില്പനകൾ അക്കൗണ്ട് ചെയ്യപ്പെടാതെ പോകുകയും സംസ്ഥാനത്തിന് ഐ.ജി.എസ്.ടി. നഷ്ടം സംഭവിക്കുകയും

ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമേറിയതല്ലേയെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിലെ അപര്യാപ്തത ജി.എസ്.ടി.-യുടെ തുടക്കം മുതൽ പല പ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ജി.എസ്.ടി.-യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇങ്ങനെയുള്ള ക്രയവിക്രയങ്ങൾ ഡിക്ലയർ ചെയ്യാൻ സർക്കാർ കാര്യക്ഷമമായി ഇടപെടൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെത്തുടർന്ന് ജി.എസ്.ടി. റിട്ടേൺ ഫോമിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും റിട്ടേണിലേയ്ക്കുള്ള വിവരങ്ങൾ ആട്ടോമാറ്റഡാക്കുകയും ചെയ്യുകയുണ്ടായി. റിട്ടേൺ കൃത്യമായി എങ്ങനെ ഫയൽ ചെയ്യണമെന്നത്

സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ട്രേഡ് സർക്കുലറുകളിലൂടെ നേരത്തെതന്നെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് വ്യാപാരികളെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്ര റവന്യൂ വകുപ്പും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ നടപടി

76 (4281) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നൽകിയിരുന്ന ഡെഫിസിറ്റ് ഗ്രാന്റും ജി.എസ്.ടി. നഷ്ടപരിഹാരത്തുകയും ഇനി ലഭിക്കാത്ത സാഹചര്യം കണക്കിലെടുത്ത് ജനങ്ങളുടെ മേൽ അധിക നികുതി ഭാരം ചുമത്താതെ സംസ്ഥാന സാമ്പത്തിക സ്ഥിതി എങ്ങനെ മെച്ചപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുൻവർഷത്തെ അപേക്ഷിച്ച് 2023-24-ൽ റവന്യൂ കമ്മി ഗ്രാന്റ്, ചരക്ക് സേവന നികുതി നഷ്ടപരിഹാരം എന്നീ ഇനങ്ങളിൽ മാത്രം ഏകദേശം 16,000 കോടി രൂപയുടെ കുറവ് പ്രതീക്ഷിക്കുന്നുണ്ട്. കൂടാതെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളെടുത്ത വായ്പ ചൂണ്ടിക്കാട്ടി വായ്പാ പരിധിയിൽ 3140 കോടി രൂപയുടെ കുറവ് കേന്ദ്ര സർക്കാർ നേരത്തെ വരുത്തിയിട്ടുണ്ട്.

ഇതിനെല്ലാമുപരിയായി പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് കണക്കാക്കിയുള്ള കടമെടുപ്പ് പരിധിയിലെ കുറവും നടപ്പുവർഷം പ്രതീക്ഷിക്കുന്നുണ്ട്. വരുമാനത്തിലും കടമെടുപ്പിലും പ്രതീക്ഷിക്കുന്ന മേൽ പ്രതിപാദിത ഇടിവ് സംസ്ഥാന സർക്കാരിന് ഏതെങ്കിലും ചെലവ് ചുരുക്കൽ /ഊർജ്ജിത നികുതി പിരിവ്/മറ്റ് നടപടികളിലൂടെ പരിഹരിക്കാൻ സാധിക്കുന്ന ഒന്നല്ല. ടി പശ്ചാത്തലത്തിൽ, സാമൂഹ്യ സുരക്ഷാ പെൻഷനുകളടക്കമുള്ള സാമൂഹ്യക്ഷേമ/വികസന ചെലവുകൾ ഒരു പരിധി വരെ ഭംഗം കൂടാതെ നടത്തുന്നതിന് അധിക വിഭവ സമാഹരണം ഒഴിച്ചുകൂടാനാകാത്ത സാഹചര്യമാണ്. ഈയൊരു പശ്ചാത്തലത്തിലാണ് സർക്കാർ പരിമിതമായ തോതിലുള്ള അധിക വിഭവസമാഹരണത്തിനുള്ള മാർഗ്ഗങ്ങൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) വാറ്റ്, ജി.എസ്.ടി., സി.എസ്.ടി., ലക്ഷ്വറി ടാക്സ് എന്നിവയുടെ നിലവിലെ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കുമോ; ഇതിനായി സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ ഒരു പ്രത്യേക ടീമിനെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

വാറ്റ്, ജി.എസ്.ടി., സി.എസ്.ടി., ലക്ഷ്വറി ടാക്സ് എന്നിവയുടെ നിലവിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജി.എസ്.ടി. വകുപ്പ്

കാര്യക്ഷമമായ പദ്ധതികൾ നടപ്പാക്കിവരുന്നു. നികുതി കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി കഴിഞ്ഞ വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന ആംനെസ്റ്റി പദ്ധതി ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ടായിരുന്നു. വകുപ്പ് തലത്തിലും തഹസിൽദാർ (ആർ.ആർ.) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പാക്കിവരുന്നുണ്ട്. ഇതുകൂടാതെ റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് പുനഃസംഘടിപ്പിച്ച വകുപ്പ് സംവിധാനത്തിൽ ഓരോ ജില്ലയിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി മാത്രമായി പ്രത്യേക ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിച്ചിട്ടുണ്ട്.

(സി) വിനോദ നികുതിയും പരസ്യ നികുതിയും ജി.എസ്.ടി.-യിൽ നിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരുകളെ ഏൽപ്പിക്കുന്നതിന് ജി.എസ്.ടി. കൗൺസിലിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും അധികാരത്തിലുണ്ടായിരുന്ന വിവിധ പരോക്ഷ നികുതികളെ ഏകീകരിച്ചാണ് ജി.എസ്.ടി. സംവിധാനം നടപ്പിലാക്കിയത്. ജി.എസ്.ടി.-യിലുൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നികുതി സംസ്ഥാനങ്ങൾക്ക് മാത്രമായി ഒഴിവാക്കാൻ സാധിക്കുകയില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന വിനോദ നികുതി ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയിട്ടില്ല.

അന്യസംസ്ഥാനങ്ങളിൽനിന്നും അനധികൃതമായി ചരക്ക് കടത്തുന്നത് തടയാൻ സ്വീകരിച്ച നടപടികൾ

77 (4282) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും വ്യക്തികൾ അനധികൃതമായി ചരക്ക് സംസ്ഥാനത്തേയ്ക്ക് കടത്തുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വകുപ്പിലെ പുന:സംഘടനയിലൂടെ സംസ്ഥാനത്തുടനീളം 47 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചുകൊണ്ട് ചരക്ക് വാഹനങ്ങളിലെ ബിൽ, ഇ-വേ ബിൽ പരിശോധനകളിലൂടെ അനധികൃത ചരക്ക് സംസ്ഥാനത്തേയ്ക്ക് കടത്തുന്നത് തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രൈവറ്റ് ബസ്സുകൾ, ടെയിനുകൾ, യാത്രാ വാഹനങ്ങൾ എന്നിവയിലെ പരിശോധനയും ഊർജ്ജിതമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ അന്തർ സംസ്ഥാന വെട്ടിപ്പ് നടത്തി

കേരളത്തിലെത്തിക്കുന്ന ചരക്കുകളെ സംബന്ധിച്ച ഇന്റലിജൻസ് വികസിപ്പിക്കുന്നതിനും അന്വേഷണം നടത്തുന്നതിനും 41 ഇന്റലിജൻസ് യൂണിറ്റുകൾ കേരളത്തിലുടനീളം വിന്യസിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നടക്കുന്ന ബി2 സി (ബിസിനസ്സ് ടു കസ്റ്റമർ) ഇടപാടുകളിൽ വ്യാപകമായ നികുതി വെട്ടിപ്പുകൾ നടക്കുന്നുവെന്നത് വസ്തുതയാണോ?

ബി2 സി ഇടപാടുകളിൽ നികുതി വെട്ടിച്ചതിന് ജി.എസ്.ടി. വകുപ്പ് കേസ്സെടുത്തിട്ടുണ്ട്.

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും വ്യക്തികൾ അനധികൃതമായി ചരക്ക് സംസ്ഥാനത്തേയ്ക്ക് കടത്തുമ്പോൾ ഇ-വേ ബിൽ ഉണ്ടെന്ന് ഉറപ്പാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മൊബൈൽ ആപ്പ് വഴിയും ഇ-വേ ബിൽ ഒഫീഷ്യൽ സൈറ്റ് വഴിയും അതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള എ.എൻ.പി.ആർ. ക്യാമറ സംവിധാനം ഉപയോഗിച്ചും പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ

78 (4283) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ.) സ്ഥാപനത്തിലെ ദിവസ വേതന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ സംബന്ധിച്ച് ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് നൽകിയ പരാതി, ഫയൽ നമ്പർ 6243712/2002-ൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ.) സ്ഥാപനത്തിലെ ദിവസ വേതന ജീവനക്കാർ അവരുടെ സേവന വേതന വ്യവസ്ഥ സംബന്ധിച്ച് ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് നൽകിയ നിവേദനം, റസീപ്റ്റ് നം. 6243712/2022- ധനവകുപ്പിൽ E 2136776(EXP-C3/91/2022-FIN എന്ന ഇ-ഫയലിൽ പരിശോധിക്കുകയും നിവേദനത്തിന്റെ പകർപ്പ് റിപ്പോർട്ടിനായി ഭരണവകുപ്പിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത ഫയലിന് ധനകാര്യ വകുപ്പിൽ ഫയൽ നമ്പരും ഇ-ഫയൽ നമ്പരുമുണ്ടെങ്കിൽ അത് ലഭ്യമാക്കാമോ?

6243712/2022- നമ്പരായുള്ള നിവേദനം അടങ്ങിയ ഫയൽ ഇപ്പോൾ ധനവകുപ്പിന്റെ പക്കലാണുള്ളത്. ധനകാര്യ വകുപ്പിലെ ഫയൽ നമ്പർ ചുവടെ ചേർക്കുന്നു.

E 2136776(EXP-C3/91/2022-FIN)

(സി) ഈ വിഭാഗം ജീവനക്കാരെ കാറ്റഗറി പത്തിൽനിന്നും എട്ടിലേയ്ക്കാണ് മാറ്റിയിരിക്കുന്നത്. ഈ വിവേചനം അവസാനിപ്പിക്കണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഭരണവകുപ്പിൽനിന്നും ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് ധനവകുപ്പിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

നിക്ഷേപ തട്ടിപ്പ് സംഘങ്ങളെ നിരോധിക്കാൻ നടപടി

79 (4284) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപ തട്ടിപ്പ് സംഘങ്ങളെ നിരോധിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

അനധികൃത നിക്ഷേപ പദ്ധതികൾ 2019-ലെ Banning of Unregulated Deposit Schemes Act പ്രകാരം നിരോധിക്കപ്പെട്ടിട്ടുണ്ട്.

(ബി) നിക്ഷേപ തട്ടിപ്പ് സംഘങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും അവർക്ക് നൽകുന്ന ശിക്ഷ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് അസ്വാഭാവികവും അമിതവുമായ പലിശയും ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തുന്ന സാമ്പത്തിക സ്ഥാപനങ്ങളെ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥർ നിരീക്ഷണം നടത്തിവരുന്നു. കൂടാതെ ഇന്റലിജൻസ് വിഭാഗം രഹസ്യമായി സ്ഥാപനങ്ങളെ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. ഇത്തരം സ്ഥാപനങ്ങളുടെ ചതിക്കുഴിയിൽ വീഴാതിരിക്കാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി പോലീസിന്റെ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ ആവശ്യമായ പ്രചരണം നൽകിവരുന്നു. കൂടാതെ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അനധികൃത നിക്ഷേപങ്ങൾ സംബന്ധിച്ച കേസുകളിലെ നിയമനടപടികൾ പ്രധാനമായും ബഡ്സ് ആക്ട് പ്രകാരമാണ് സ്വീകരിച്ചുവരുന്നത്. ബഡ്സ് ആക്ടിൽ വ്യവസ്ഥ

ചെയ്തിരിക്കുന്നതുപ്രകാരം ഒരു കോംപീറ്റന്റ് അതോറിറ്റിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. നിക്ഷേപ തട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെയുള്ള പരാതി കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കാവുന്നതാണ്. ഇത്തരം കുറ്റകൃത്യങ്ങൾക്ക് ബഡ്സ് നിയമത്തിനുകീഴിൽ ശക്തമായ ശിക്ഷാനടപടികൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) നിക്ഷേപ തട്ടിപ്പ് സംഘങ്ങളുടെ സ്ഥാവര ജംഗമ വസ്തുക്കൾ ഏറ്റെടുക്കുന്നതിനും ദീർഘകാലത്തേയ്ക്ക് ജാമ്യം ലഭിക്കാത്ത രീതിയിൽ നിയമം പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നിക്ഷേപ തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടാൽ സ്ഥാപനങ്ങളുടെയും പ്രതികളുടെയും സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ബഡ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങൾ ബഡ്സ് ആക്ട് വകുപ്പ് 28 പ്രകാരം ജാമ്യമില്ലാ കുറ്റകൃത്യമാണ്.

മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളിലെ ശമ്പള പരിഷ്കരണം

80 (4285) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളിൽ സേവന വേതന വ്യവസ്ഥകൾ എന്നാണ് നിലവിൽ വന്നതെന്നും പ്രസ്തുത സംഘങ്ങളിൽ ശമ്പള പരിഷ്കരണം എന്നാണ് അവസാനം നടപ്പാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

29-06-2006-ലെ സ.ഉ.(അച്ചടി)നം.124/2006/സഹ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)+ പ്രകാരമാണ് 2006-ൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളിൽ സേവന വേതന വ്യവസ്ഥകൾ നിലവിൽ വന്നത്. പ്രസ്തുത വർഷം മുതൽക്കുതന്നെ ടി ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 2006-നുശേഷം ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടില്ല.

(ബി) പ്രസ്തുത സംഘങ്ങളിൽ ശമ്പള പരിഷ്കരണം നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പിലെ dev.4/105/2018 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

(ബി&സി) നടപടി സ്വീകരിച്ചിട്ടുണ്ട്. 10-02-2016-ലെ സ.ഉ.(സാധാ)നം.102/16/മ.തു.വ., 10-02-2017-ലെ സ.ഉ.(സാധാ)നം.96/17/മ.തു.വ. എന്നീ ഉത്തരവുകൾ പ്രകാരം ഫിഷറീസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഡയറക്ടർ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച ശമ്പളം കൊടുക്കാൻ ശേഷിയുള്ള സൊസൈറ്റികളിൽമാത്രം ശമ്പള പരിഷ്കരണം നടപ്പാക്കിയാൽ മതിയെന്ന വ്യവസ്ഥയോടെ, പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിലെ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനായി ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഫിഷറീസ് ഡയറക്ടർ ചെയർമാനായ പ്രസ്തുത കമ്മിറ്റിയിൽ ധനകാര്യ വകുപ്പിന്റെ പ്രതിനിധികൾ ഇല്ലാത്തതിനാലും ഭരണ വകുപ്പിന് ശമ്പള പരിഷ്കരണം സംബന്ധിച്ച വിഷയം പരിശോധിക്കാൻതക്ക ഗ്രാഹ്യമില്ലാത്തതിനാലും ടി പ്രൊപ്പോസൽ ഭരണ വകുപ്പ് വിശദമായി പരിശോധിച്ചിട്ടില്ലാത്തതിനാലും പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുന്നതിനായി ധനവകുപ്പിലേയ്ക്ക് വീണ്ടും ഫയൽ ലഭ്യമാക്കുകയുണ്ടായി. അപ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസലിൽ പറഞ്ഞിരിക്കുന്ന ശമ്പള സ്കെയിലുകൾ പൊതു ശമ്പള സ്കെയിലുകളിൽനിന്നും വ്യത്യസ്തമായതിനാലും സർക്കാർ ജീവനക്കാരിൽനിന്നും വ്യത്യസ്തമായി ക്ഷാമബത്ത കണക്കുകൂട്ടിയതിനാലും അധിക രേഖകൾ ഉൾപ്പെടുത്തിയും ശിപാർശ കൂടുതൽ വ്യക്തത വരുത്തിയും ഫയൽ ലഭ്യമാക്കുവാൻ

07-02-2023-ന് ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് വിഷയം പരിശോധിച്ച് ഭരണ വകുപ്പിന് മറുപടി നൽകുന്നതാണ്.

ആട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറകൾ

81 (4286) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളിൽ എ.എൻ.പി.ആർ. (ആട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ) ക്യാമറകൾ സ്ഥാപിക്കുന്നതിനായി ഉണ്ടാക്കിയ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

ജി.എസ്.ടി. കുടിശ്ശിക

82 (4287) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. മുകേഷ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കുടിശ്ശിക ഇനത്തിൽ വലിയ തുക സംസ്ഥാനത്തിന് കേന്ദ്രം നൽകാനുണ്ടെന്നും ഇതുകാരണമാണ് കേരളത്തിൽ പെട്രോളിയം

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉൽപ്പന്നങ്ങൾക്ക് സെസ് ഏർപ്പെടുത്തുന്നതെന്നുമുള്ള തെറ്റായ പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ, ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16- ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചുവർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നപ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസക്കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം നഷ്ടപരിഹാരത്തുക അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. ടി നിയമപ്രകാരം ഫൈനൽ അക്കൗണ്ട് സി.&എ.ജി. സാക്ഷ്യപ്പെടുത്തി ലഭിക്കുന്നമുറയ്ക്കാണ് കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. എന്നാൽ ജി.എസ്.ടി.

കോമ്പൻസേഷൻ പ്രൊവിഷണലായി ലഭിക്കുന്നതിന് ഇത് തടസ്സമായിട്ടില്ല. അങ്ങനെ പ്രൊവിഷണലായി കണക്കാക്കിയത് പ്രകാരം സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാനുണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ, 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തുക അന്തിമമായി കണക്കാക്കാൻ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ 2017-18 ജൂലൈ മുതൽ 2020-21 വരെയുള്ള വിശദാംശങ്ങൾ എ.ജി. ഓഫീസ് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന് 13-02-2023-ലാണ് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വകുപ്പിന്റെ നിരീക്ഷണങ്ങൾ അക്കൗണ്ടന്റ് ജനറൽ ഓഫീസിന് 24-02-2023-ൽ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള ചർച്ചകൾ സർക്കാർ തലത്തിൽ നടന്നുവരികയാണ്.

(ബി) ജി.എസ്.ടി. കുടിശ്ശിക സംബന്ധിച്ച് കേരളവും കേന്ദ്രവും തമ്മിൽ തർക്കം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

ജി.എസ്.ടി. കുടിശ്ശിക സംബന്ധിച്ച് കേരളവും കേന്ദ്രവും തമ്മിൽ തർക്കമില്ല. എ.ജി. സാക്ഷ്യപ്പെടുത്തുന്ന ഓഡിറ്റ് റിപ്പോർട്ട്

പൂർത്തീകരിക്കുന്നതോടുകൂടി സംസ്ഥാനത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും ലഭിക്കും.

(സി) ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നത് കേന്ദ്രം അവസാനിപ്പിച്ചതോടെ സംസ്ഥാനത്തിന് എത്രത്തോളം നഷ്ടമുണ്ടായിട്ടുണ്ട്; വിശദമാക്കാമോ?

ജി.എസ്.ടി നിലവിൽ വന്നപ്പോൾ, ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16- ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചുവർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രൊവിഷണലായി കണക്കാക്കിയത് പ്രകാരം സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാനുണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ, അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ, 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്.

(ഡി) ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന് ജി.എസ്.ടി. കൗൺസിലിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ടോ; മറ്റ് ഏതെങ്കിലും സംസ്ഥാനങ്ങൾ ഇതേ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടി നൽകണമെന്ന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2021 സെപ്റ്റംബർ 17-ന് നടന്ന നാല്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ കേരളം, പഞ്ചാബ്, ജാർഖണ്ഡ്, ഉത്തരാഖണ്ഡ്, വെസ്റ്റ് ബംഗാൾ, ഗോവ, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയും കോമ്പൻസേഷൻ കാലാവധി നീട്ടണമെന്നും കോമ്പൻസേഷൻ തുടരണമെന്നും ആവശ്യപ്പെട്ടു. 2022 ജൂൺ 28, 29 തീയതികളിൽ നടന്ന നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ കേരളം, പഞ്ചാബ്, കർണ്ണാടക, ആന്ധ്രാപ്രദേശ്, രാജസ്ഥാൻ, ഉത്തരാഖണ്ഡ്, വെസ്റ്റ് ബംഗാൾ, ഹിമാചൽ പ്രദേശ്, തമിഴ്നാട്, ഒഡിഷ, ഉത്തർപ്രദേശ്, ഗുജറാത്ത്, ഹരിയാന, ഛത്തീസ്ഗഢ് തുടങ്ങിയ സംസ്ഥാനങ്ങളും ഡൽഹി, പുതുച്ചേരി എന്നിവയും കോമ്പൻസേഷൻ കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നഷ്ടപരിഹാര കാലാവധി

നീട്ടുന്നതുമായി ബന്ധപ്പെട്ട് അനുകൂല തീരുമാനങ്ങളൊന്നും ജി.എസ്.ടി. കൗൺസിലോ കേന്ദ്ര സർക്കാരോ ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(ഇ) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഡിവിസിബിൾ പൂളിൽനിന്ന് സംസ്ഥാനത്തിന് നൽകുന്ന വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; ഇതുവഴി സംസ്ഥാനത്തിന് എത്രത്തോളം നഷ്ടം സംഭവിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

4-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5 ശതമാനമായിരുന്നു. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നികുതി വിഹിതം ആദ്യ വർഷം (2020-21) 1.943 ശതമാനമായും തുടർന്നുള്ള വർഷങ്ങളിൽ (2021-2026) 1.925 ശതമാനമായും കുറഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

എ.എൻ.പി.ആർ. ക്യാമറകൾ വഴി കണ്ടെത്തിയ നികുതി വെട്ടിപ്പ്

83 (4288) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളിൽ സ്ഥാപിച്ച നാൾ മുതൽ എ.എൻ.പി.ആർ. (ആട്ടോമേറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്യാമറകൾ വഴി എത്ര നികുതി വെട്ടിപ്പുകൾ കണ്ടെത്തിയെന്നതിന്റെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക് പോസ്റ്റുകളിൽ സ്ഥാപിച്ച നാൾ മുതൽ എ.എൻ.പി.ആർ. (ആട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റിക്കഗ്നിഷൻ) ക്യാമറകൾ വഴി പ്രത്യക്ഷമായും പരോക്ഷമായും കണ്ടെത്തിയ നികുതി വെട്ടിപ്പുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ആട്ടോമേറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറകൾ

84 (4289) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളിൽ എ.എൻ.പി.ആർ. (ആട്ടോമേറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ) ക്യാമറകൾ സ്ഥാപിക്കാൻ ഏത് സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തതെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ പ്രധാന അന്തർസംസ്ഥാന പാതകളിൽ ചരക്ക് നീക്കം മനസ്സിലാക്കുന്നതിനും ഇ-വേ ബിൽ പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകൾക്ക് ബദൽ സംവിധാനമായിട്ടുമാണ് എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത ക്യാമറാ സംവിധാനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനക്ഷമമാക്കുന്നതിനായി ടെണ്ടർ നടപടിക്രമങ്ങൾ വിജയിച്ച ഊരാളുങ്കൽ ടെക്നോളജി സൊല്യൂഷൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ടെണ്ടർ നടപടികളിലൂടെയാണോ പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ടെണ്ടർ നടപടികളുടെ വിശദാംശം നൽകാമോ?

എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിക്കുന്നതിനായി 2018-ൽ ഇത്തരം ക്യാമറകൾ സ്ഥാപിച്ച് പരിചയമുള്ള സ്ഥാപനങ്ങളിൽനിന്നും ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ടെണ്ടർ നടപടികളുടെ ഒന്നാംഘട്ടത്തിൽ പ്രവൃത്തിപരിചയത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് സ്ഥാപനങ്ങൾ യോഗ്യത നേടി. രണ്ടാംഘട്ടത്തിൽ വാളയാറിൽ വകുപ്പ് മുൻപ് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രൂണുകളിൽ പ്രസ്തുത ക്യാമറകൾ സ്ഥാപിച്ച് നിശ്ചിത സമയത്തേയ്ക്ക് പകലും രാത്രിയുമായി സഞ്ചരിക്കുന്ന വാഹനങ്ങളെ തൽസമയം ക്യാമറയിലൂടെ നിരീക്ഷിച്ച് ടെണ്ടറിൽ ആവശ്യപ്പെട്ട കൃത്യത ബോധ്യപ്പെടുത്തേണ്ടതുണ്ടായിരുന്നു. ഈ രണ്ട് ഘട്ടങ്ങളിലും വിജയിച്ച സ്ഥാപനത്തെ തെരഞ്ഞെടുത്ത് പ്രസ്തുത കരാർ നൽകിയിട്ടുണ്ട്.

സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം സാമഗ്രികൾ വാങ്ങുമ്പോൾ നിഷ്കർഷിക്കേണ്ട മാനദണ്ഡങ്ങൾ

85 (4290) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം വിദേശ സ്ഥാപനങ്ങളിൽനിന്നും സാമഗ്രികൾ വാങ്ങുമ്പോൾ സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, കെ.എം.എസ്.സി.എൽ. അടക്കമുള്ള സംസ്ഥാന സർക്കാർ കമ്പനികൾ എന്നിവ നിഷ്കർഷിക്കേണ്ട മാനദണ്ഡങ്ങൾ വിശദമാക്കാമോ?

നിലവിൽ കേന്ദ്രസർക്കാർ ജനറൽ ഫിനാൻഷ്യൽ റൂൾസ് (GFR) 161(iv)-ൽ ഭേദഗതി വരുത്തി, 200 കോടി രൂപ വരെയുള്ള ടെണ്ടറുകൾക്ക് ആഗോള ടെണ്ടർ ക്ഷണിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ 200 കോടി രൂപയ്ക്ക് താഴെയുള്ള പർച്ചേസുമായി ബന്ധപ്പെട്ട് ആഗോള ടെണ്ടർ അനിവാര്യമാകുന്ന സന്ദർഭത്തിൽ അതിന്റെ വ്യക്തമായ ന്യായീകരണം രേഖപ്പെടുത്തി, കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന ബന്ധപ്പെട്ട അധികാരിയിൽനിന്ന് ഇളവ് ലഭിക്കുന്നതിന് മുൻകൂർ അനുമതി തേടേണ്ടതാണ്. കൂടാതെ ഇന്ത്യയുമായി കര അതിർത്തി പങ്കിടുന്ന രാജ്യങ്ങളിൽനിന്നും നേരിട്ടോ അല്ലാതെയോ ഉള്ള ലേലക്കാരിൽ (bidders) നിന്നുള്ള സാധന/സേവനങ്ങൾ ഉൾപ്പെടെയുള്ള പൊതുസംഭരണത്തിന്

2017-ൽ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തി ജനറൽ ഫിനാൻഷ്യൽ റൂൾസ് (GFR)-ൽ പുതുതായി ചട്ടം 144(xi) ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഇന്ത്യയുടെ കരഅതിർത്തി പങ്കിടുന്ന രാജ്യങ്ങളിൽനിന്ന് സാധനങ്ങളോ സേവനങ്ങളോ ക്രയവിക്രയം നടത്തുന്നതിനുമുമ്പ് കേന്ദ്ര വിദേശ, ആഭ്യന്തര മന്ത്രാലയത്തിന്റെ രാഷ്ട്രീയ, സുരക്ഷാ അനുമതി യഥാക്രമം വാങ്ങേണ്ടതുണ്ട്.

സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 7.19 പ്രകാരം ആവശ്യമായ ഗുണനിലവാരവും സ്പെസിഫിക്കേഷനുകളുമുള്ള ഉൽപ്പന്നങ്ങൾ/സാധനങ്ങൾ രാജ്യത്തിനകത്ത് ലഭ്യമല്ലെന്ന് വകുപ്പുകൾക്ക് ബോധ്യപ്പെട്ടാലും അനുയോജ്യമായ മത്സരാധിഷ്ഠിത നിരക്കുകൾ വിദേശത്തുനിന്നും ലഭ്യമാക്കേണ്ടത് അനിവാര്യമാണെങ്കിലും സ്റ്റോറുകൾ ലഭ്യമാകുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് വിദേശത്തുള്ള ഇന്ത്യൻ എംബസികൾക്കും ഇന്ത്യയിലുള്ള വിദേശ എംബസികൾക്കും അതാത് രാജ്യങ്ങളിൽ ആവശ്യകതയെ സംബന്ധിച്ചുള്ള വ്യാപക പ്രചാരം നൽകാൻ അപേക്ഷിച്ചുകൊണ്ട് പർച്ചേസിംഗ് വകുപ്പ് ടെണ്ടർ നോട്ടീസിന്റെ പകർപ്പുകൾ അയച്ചുകൊടുക്കുകയും വെബ്സൈറ്റിൽ ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കാൻ അപേക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഖണ്ഡിക 12.6

പ്രകാരം കരാർ തീയതി മുതൽ ഒരു വർഷത്തിൽ കൂടുതൽ വിതരണ കാലയളവ് ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് പർച്ചേസിംഗ് ഓഫീസർ ഉചിതമായ വിദേശ വിനിമയ നിരക്ക് വ്യതിയാന നിബന്ധന ശുപീകരിച്ച് ടെണ്ടർ അന്വേഷണ രേഖകളിൽ (Tender Enquiry Document) ഉൾപ്പെടുത്തേണ്ടതാണ്. ഖണ്ഡിക 12.6 പ്രകാരം വിദേശ വിതരണക്കാർക്ക് ലെറ്റർ ഓഫ് ക്രെഡിറ്റ് മുഖേനയോ നേരിട്ട് ബാങ്ക് ട്രാൻസ്ഫറിലൂടെയോ നിർദ്ദിഷ്ട രേഖകൾ ലഭ്യമായെന്ന് ഉറപ്പാക്കിയശേഷം പർച്ചേസുമായി ബന്ധപ്പെട്ട തുക നൽകാവുന്നതാണ്.

കിഫ്ബി കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

86 (4291) ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്കുവേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കരാറുകാർക്ക് തുക അനുവദിച്ച് നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ;

(ബി) കരാറുകാർക്ക് കൂടിശ്ശിക വരുത്തിയത് കിഫ്ബി പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) കരാറുകാർക്ക് കൂടിശ്ശിക തീർത്ത് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് കരാറുകാർ ബില്ലുകൾ തയ്യാറാക്കി സമർപ്പിക്കുന്നത് പദ്ധതിയുടെ എഗ്രിമെന്റ് അതോറിറ്റി കൂടിയായ അതാത് എസ്.പി.വി.-കൾക്കാണ്. പ്രസ്തുത ബില്ലുകൾ എസ്.പി.വി.-കൾ വിശദമായി പരിശോധിച്ചതിനുശേഷം പണം അനുവദിച്ചുകൊണ്ടുള്ള നടപടിക്രമത്തോടൊപ്പമാണ് കിഫ്ബിയിൽ സമർപ്പിക്കുന്നത്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ ഓരോ ദിവസത്തെയും സ്ഥിതി കിഫ്ബി സി.ഇ.ഒ. തലത്തിൽ വിശകലനം ചെയ്യുകയും അവയിന്മേൽ സമയബന്ധിതമായി പണം നൽകുകയും ചെയ്തുവരുന്നുണ്ട്. കിഫ്ബി വഴി നിർമ്മാണം പൂർത്തീകരിച്ചതിനുശേഷവും കരാറുകാർക്ക് പണം ലഭിക്കുന്നില്ലെന്ന ആക്ഷേപം കരാറുകാർ ഉന്നയിക്കുന്നതായി കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് വിശദമായി പരിശോധിച്ചതിൽനിന്നും പദ്ധതികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലുകളിലും കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം നൽകുന്ന ഒബ്സർവ്വേഷൻ മെമ്മോകളിലും അതാത്

പദ്ധതി നിർവ്വഹണ ഏജൻസികൾ സമയബന്ധിതമായി നടപടികളെടുക്കാത്തതിനാൽ ചില കാലതാമസങ്ങളുണ്ടായതായി കണ്ടെത്തുകയും ഇത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് നൽകുകയും അതനുസരിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

കിഫ്ബി കരാറുകാർക്ക് നൽകാനുള്ള തുക

87 (4292) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 മുതൽ നാളിതുവരെ കിഫ്ബിയുടെ കരാർ പ്രകാരം ജോലി തുടങ്ങി പൂർത്തിയാക്കിയ എത്ര കരാറുകാർക്ക് തുക നൽകാനുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

08-03-2023-ലെ കണക്കനുസരിച്ച്, പൂർത്തിയാക്കിയ കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ നിലവിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ബില്ലുകളിന്മേൽ 26 കരാറുകാർക്ക് പണം നൽകാനുണ്ട്. അന്തിമ ബില്ലുകളായതിനാൽ വിശദ പരിശോധന ആവശ്യമാണ്. പ്രസ്തുത ബില്ലുകൾ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്.

മലമ്പുഴ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതി

88 (4293) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മൂപ്പൻ റോഡ് എന്ന പ്രവൃത്തിക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട്-ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മൂപ്പൻ റോഡ് നവീകരണ പദ്ധതിക്ക് 09-11-2018-ലെ PWD006-30-PA-01 നം. നടപടിക്രമ ഉത്തരവ് പ്രകാരം 20.27 കോടി രൂപയ്ക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് കിഫ്ബിയിൽനിന്ന് അനുമതി എന്തെങ്കിലും ഇനി ലഭിക്കാനുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ധനാനുമതി പുതുക്കുന്നതിന് നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. കിഫ്ബിക്ക് സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ നിലവിൽ കിഫ്ബി വിശകലനം ചെയ്തുവരികയാണ്. ഇതിന്റെ ഭാഗമായി 24-02-2023-ന് കിഫ്ബി

നിർവ്വഹണ ഏജൻസിയുമായി ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുള്ളതും, സ്ഥലപരിശോധനയിലെ നിരീക്ഷണങ്ങളുടെകൂടി അടിസ്ഥാനത്തിൽ വിശകലനം പൂർത്തീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

കൊല്ലം ജില്ലാ ആശുപത്രിയിലെ കിഫ്ബി പദ്ധതി

89 (4294) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതിക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളിൽ വലിയ തോതിലുള്ള കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

കൊല്ലം ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 104.489 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. ടി പദ്ധതിക്കായുള്ള സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് ലഭ്യമാകാനുള്ള കാലതാമസം നിർദ്ദിഷ്ട എസ്.പി.വി.-യായ കെ.എസ്.ഇ.ബി. റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ പ്രസ്തുത പദ്ധതിക്കായി ഗൃഹ ത്രീസ്റ്റാർ റേറ്റിംഗ്

ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികളിലും കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ അന്തിമമാക്കുന്നതിനും സമയം ആവശ്യമായിരുന്നു.

(ബി) നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ, പ്രസ്തുത പദ്ധതി കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ കിഫ്ബി മാനദണ്ഡപ്രകാരം തൃപ്തികരമായ രീതിയിൽ തീരുമാനിച്ച് ഗൃഹ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിനായി നിയമാനുസൃതം ആവശ്യമായുള്ള ക്ലിയറൻസുകൾ ലഭ്യമാക്കി, പുതുക്കിയ ധനാനുമതിക്കായുള്ള ശിപാർശ കെ.എസ്.ഇ.ബി. കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയുടെ നാൽപ്പത്തിയഞ്ചാമത് ബോർഡ് യോഗത്തിലെ തീരുമാന പ്രകാരം ടി പദ്ധതിക്ക് 143.84 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൊല്ലം നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

90 (4295) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും

നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ എതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ളതും പൂർത്തീകരിച്ചതും നിർവ്വഹണം നടന്നുവരുന്നതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി സഹിതമുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

പ്രളയ സെസ്സ്

91 (4296) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രളയ സെസ്സ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വിശദമാക്കാമോ?

2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും അനുഭവപ്പെട്ട അഭ്രതപൂർവ്വമായ വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനും ശേഷം, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണത്തിന്റെയും പുനഃസ്ഥാപനത്തിന്റെയും ഭാഗമായി മൂലധന നിക്ഷേപ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളുടെ ചട്ടക്കൂട് 12-10-2018-ലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജി.ഒ.(പി) നമ്പർ 161/2018/ധന. ഉത്തരവുപ്രകാരം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പുനർനിർമ്മാണ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളിലൊന്നായിരുന്ന ജി.എസ്.ടി.-യിലെ സെസ്സ്. കേരള പ്രളയ സെസ്സ് ഉൾപ്പെടെയുള്ള എല്ലാ ഫണ്ടുകളും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് വന്നുചേരുന്നത്. സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ വന്നുചേരുന്ന ഫണ്ടുകൾ നേരിട്ട് വിനിയോഗിക്കാൻ കഴിയില്ല. ഒരു പ്രത്യേക പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഫംഗ്ഷണൽ എക്സ്പെൻഡിച്ചർ ഹെഡ്ഡിലേയ്ക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകിക്കൊണ്ടാണ് ഇത് വിനിയോഗിക്കുന്നത്.

ഭൗതിക നിർമ്മിതികളുടെ പുനർനിർമ്മാണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്ക്, കേരള പ്രളയ സെസ്സ് ഉൾപ്പെടെ വിവിധ ഫണ്ടിംഗ് ഏജൻസികളിൽനിന്നും സമാഹരിച്ച വരുമാനത്തിൽനിന്നും ആവശ്യമായ ബഡ്ജറ്റ് വിഹിതം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ബഡ്ജറ്റ് ശീർഷകത്തിലാണ് വകയിരുത്തുന്നത്. പ്രവൃത്തികളുടെ പുരോഗതിക്കനുസരിച്ചാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്.

നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി

92 (4297) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വെട്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങൾ, പെട്രോൾ പമ്പുകൾ, ഇതര സ്ഥാപനങ്ങൾ അവരുടേതല്ലാത്ത വ്യക്തിഗത അക്കൗണ്ടുകളിലേയ്ക്ക് ബിൽ തുക ക്രെഡിറ്റ് ചെയ്യാവുന്ന വിധം യു.പി.ഐ. സംവിധാനം ഉപയോഗിച്ചുള്ള ക്യു.ആർ. കോഡ് സ്കാനറുകൾ ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

യു.പി.ഐ. സംവിധാനത്തിൽ മുകളിൽ പറഞ്ഞ പ്രകാരമുള്ള ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് സംവിധാനം ജി.എസ്.ടി. നിയമ പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

(സി) നിശ്ചിത തുകയ്ക്കുമേൽ പ്രതിദിന വ്യാപാരം/പണമിടപാട് നടക്കാറുള്ള വ്യാപാര/മറ്റുവക സ്ഥാപനങ്ങളിൽ ഡിജിറ്റൽ പേമെന്റ് സംവിധാനംകൂടി നിർബന്ധമാക്കിക്കൊണ്ട് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്താമോ?

ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം നയപരമായ തീരുമാനങ്ങൾ ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കേണ്ടതിനാൽ ഇത്തരം ഭേദഗതികൾ ജി.എസ്.ടി. കൗൺസിലിനുമുന്നിൽ അവതരിപ്പിച്ച് മറ്റ് സംസ്ഥാനങ്ങളുടെ താല്പര്യംകൂടി പരിഗണിച്ചുകൊണ്ടുമാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) നികുതി വെട്ടിക്കുക എന്ന ലക്ഷ്യത്തോടെ ഡിജിറ്റൽ പേമെന്റ് സംവിധാനം ഒഴിവാക്കി രൊക്കം പണമായി മാത്രം ബിൽ തുക സ്വീകരിക്കുകയോ ബില്ലില്ലാതെ പണം സ്വീകരിക്കുകയോ ചെയ്യുന്ന നികുതി പരിധിയിലുള്ള വ്യാപാര/മറ്റിതര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഇത്തരം പ്രവണതകൾ തടയുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നത് അറിയിക്കാമോ?

വ്യാപാരികൾ യഥാസമയം ബിൽ നൽകുന്നതിനെയും ഉപഭോക്താക്കൾ ബിൽ ചോദിച്ച് വാങ്ങുന്നതിനെയും പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ലക്കി ബിൽ എന്നൊരു ആപ്പ് നടപ്പാക്കിയിട്ടുള്ളതാണ്. കേന്ദ്ര സംസ്ഥാന നിയമങ്ങൾ അനുവദിച്ച പരിധിയിൽനിന്നുകൊണ്ട് രൊക്കം പണമായി നൽകുന്നതിന് വ്യാപാര/മറ്റിതര സ്ഥാപനങ്ങൾക്കെതിരെ നിയമപരമായി വിലക്കുകളൊന്നും

ഏർപ്പെടുത്തുന്നതിന് വകുപ്പിന് അധികാരമില്ല. ബിൽ നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ ടെസ്റ്റ് പർച്ചേസ് പോലുള്ള നടപടികൾ എടുക്കുന്നതിലൂടെ ഒരു പരിധിവരെ ബിൽ നൽകാതെ വ്യാപാരം നടത്തുന്നത് തടയിടുന്നതിന് കഴിയുന്നുണ്ട്.

സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം

93 (4298) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരത്തുക ലഭിക്കാത്തതുകൊണ്ടാണോ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക നൽകുന്നതിന് കാലതാമസം നേരിടുന്നതെന്ന് വിശദമാക്കാമോ?

മഹാപ്രളയമടക്കം പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികളിൽനിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്കതീതമായ നിരവധി ഘടകങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക്

പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാര വിഹിതം 2022 ജൂലൈ മാസത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയതും സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ പരിതാപകരമാകാൻ കാരണമായി. ഇതിനുപുറമേ സംസ്ഥാനത്തിന് അനുവദിച്ചുവരുന്ന കേന്ദ്ര വിഹിതത്തിലും തുടർച്ചയായി കുറവ് രേഖപ്പെടുത്തുന്നു. സംസ്ഥാനങ്ങൾക്കിടയിൽ വീതം വയ്ക്കാനുള്ള കേന്ദ്രനികുതി വിഹിതം (ഡിവിസിബിൾ പൂൾ) പത്താം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 3.87 ശതമാനമായിരുന്നത് ചുരുങ്ങിവരികയും പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനവും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ ഇത് 1.925 ശതമാനവുമായി കുറച്ച നടപടി സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തി. കേന്ദ്ര സർക്കാർ സെസ്സിലും സർചാർജ്ജ് ഇനത്തിലും കൂടി പിരിച്ചെടുക്കുന്ന തുക സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകുന്നതേയില്ല. ഇപ്രകാരം കേന്ദ്രം പിരിച്ചെടുക്കുന്ന സെസ്സും സർചാർജ്ജും നികുതിവിഹിതം പങ്കുവയ്ക്കുന്ന മാതൃകയിൽ ഓരോ സംസ്ഥാനത്തിനുമായി വീതിച്ച് നൽകേണ്ടതാണ്. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച് നൽകിയിരുന്ന കടമെടുപ്പ് പരിധിയായ

5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിനുപുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, കെ.എസ്.എസ്.പി.എൽ. മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാല് തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകംതന്നെ കൈക്കൊണ്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഇത്തരം നിലപാടുകൾ സംസ്ഥാന സമ്പദ്‌വ്യവസ്ഥയ്ക്ക് കനത്ത ആഘാതം ഏൽപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുക, സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ പങ്കിടുന്ന ജി.എസ്.ടി.-യുടെ വരുമാനം നിലവിലെ 50:50 അനുപാതത്തിൽനിന്ന് 60:40

അനുപാതത്തിലേയ്ക്ക് വർദ്ധിപ്പിക്കുക, അസാധാരണമാംവിധം ഈടാക്കുന്ന ഉയർന്ന സെസ്സുകളും സർചാർജ്ജുകളും നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡം സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കാൻ അനുവാദം നൽകുക, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തുക, ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്നതുപോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കുക എന്നീ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് സംസ്ഥാനം നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുക എന്നതുപോലുള്ള പൊതുവായ ആവശ്യങ്ങളിൽ മറ്റ് സംസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഇടപെടലുകൾ നടത്താറുണ്ട്. മേൽ പ്രതിപാദിത പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് 22-07-2022-ലെ 134/2022/എം.ധന നമ്പർ പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്ര ധനകാര്യ മന്ത്രിക്ക് ഒരു കത്തും 19-01-2023-ലെ 133/CM/2023 നമ്പർ പ്രകാരം മുഖ്യമന്ത്രി ബഹുമാനപ്പെട്ട

പ്രധാനമന്ത്രിക്ക് ഒരു നിവേദനം ഉൾപ്പെടുന്ന കത്തും സമർപ്പിച്ചിട്ടുണ്ട്. ഈ പ്രതിസന്ധികൾക്കിടയിലും നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ ഊർജ്ജിതശ്രമങ്ങൾ കൈക്കൊണ്ടും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും വികസനക്ഷേമ പദ്ധതികളുടെ നിർവ്വഹണത്തിൽ കുറവ് വരുത്താതെയും ജീവനക്കാർക്ക് ഡി.എ. അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ജി.എസ്.ടി ഉൾപ്പടെയുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനാവശ്യമായ ഡോക്യുമെന്റുകൾ കേന്ദ്ര സർക്കാരിന് എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ, ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16- ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചുവർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്ന പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി

കണക്കാക്കുകയും ഓരോ രണ്ട് മാസക്കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം നഷ്ടപരിഹാരത്തുക അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. ടി നിയമപ്രകാരം ഫൈനൽ അക്കൗണ്ട് കംപ്ട്രോളർ & ആഡിറ്റർ ജനറൽ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നമുറയ്ക്കാണ് കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. എന്നാൽ ജി.എസ്.ടി. കോമ്പൻസേഷൻ പ്രൊവിഷണലായി ലഭിക്കുന്നതിന് ഇത് തടസ്സമായിട്ടില്ല. ഇതിനുവേണ്ടി അക്കൗണ്ടന്റ് ജനറൽ ഓഫീസ് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ 2017-18 ജൂലൈ മുതൽ 2020-21 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന് 13-02-2023-ലാണ് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വകുപ്പിന്റെ നിരീക്ഷണങ്ങൾ അക്കൗണ്ടന്റ് ജനറൽ ഓഫീസിന് 24-02-2023-ൽ അറിയിച്ചിട്ടുണ്ട്.

(സി) ധനവകുപ്പിൽനിന്നും ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥർ നഷ്ടപരിഹാരം ലഭിക്കുവാനായി കേന്ദ്ര ധനമന്ത്രാലയത്തിൽ പോയിരുന്നോ; എങ്കിൽ എന്ത് മറുപടി ലഭിച്ചു; വിശദമാക്കാമോ?

സംസ്ഥാനത്തിന് ലഭ്യമാകേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം ലഭ്യമാക്കണമെന്ന് സംസ്ഥാനം ജി.എസ്.ടി. കൗൺസിൽ യോഗങ്ങളിൽ നിരന്തരം അഭ്യർത്ഥിക്കുകയും കത്തുകൾ മുഖേനയും നേരിട്ടും സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര മന്ത്രാലയത്തെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിയുടെ കേന്ദ്ര മന്ത്രാലയ സന്ദർശന വേളകളിൽ, ചില സന്ദർഭങ്ങളിൽ സംസ്ഥാന ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി ഇതിനായി കേന്ദ്ര ധനവകുപ്പിലെ ഉദ്യോഗസ്ഥരെ ബന്ധപ്പെടാറുമുണ്ട്. സംസ്ഥാനത്തിന്റെ നിരന്തരമായ ഇടപെടലുകളുടെ ഭാഗമായി 2022 ജൂലൈ മാസം വരെയുള്ള ജി.എസ്.ടി. നഷ്ടപരിഹാര കുടിശ്ശിക നേടിയെടുക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

ജി.എസ്.ടി. കോമ്പൻസേഷൻ

94 (4299) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള അടിസ്ഥാന വർഷമായ 2015-16 ആസ്പദമാക്കി കോമ്പൻസേഷൻ ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ കണക്കാക്കി കേന്ദ്രത്തെ അറിയിച്ച തുക എത്രയാണ്; പ്രസ്തുത തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം നൽകുമോ?

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16- ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചുവർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നപ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസക്കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം ആയത് അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു.

ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017-ന്റെ വകുപ്പ് 7(2) പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസക്കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ

സാമ്പത്തിക വർഷത്തിനും ഒടുവിൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം ആയത് അന്തിമമായി കണക്കാക്കാനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അങ്ങനെ പ്രൊവിഷണലായി കണക്കാക്കിയത് പ്രകാരം സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാനുണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം 2017-18 മുതൽ 2022-23 വരെ ജി.എസ്.ടി.-യിൽ നിന്നുള്ള (കോമ്പൻസേഷൻ ഒഴികെ) വരുമാനം വർഷം തിരിച്ച് ലഭ്യമാക്കുമോ; എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി., അഡ്ഹോക് സെറ്റിൽമെന്റ് എന്നിവയുടെ വളർച്ച ആകെ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് പ്രസ്തുത സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കുമോ?

ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം 2017-18 മുതൽ 2022-23 വരെ ജി.എസ്.ടി.-യിൽനിന്നുള്ള വരുമാനം, എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി., അഡ്ഹോക് സെറ്റിൽമെന്റ്, സംസ്ഥാന ചരക്കുസേവന

നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന നികുതി ഇനങ്ങളിൽനിന്നുള്ള ആകെ വരുമാനം, ആകെ വരുമാനവുമായി ജി.എസ്.ടി. വരുമാനത്തിന്റെ ശതമാന കണക്ക് എന്നിവ തരംതിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

ചലച്ചിത്ര മേഖലയിലെ ജി.എസ്.ടി. കുടിശ്ശിക

95 (4300) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര താരങ്ങൾ ജി.എസ്.ടി. അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ചലച്ചിത്ര താരങ്ങളാണ് ഇത്തരത്തിൽ വീഴ്ച വരുത്തിയതെന്നാണ് ജി.എസ്.ടി. വകുപ്പിന്റെ രേഖയിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടില്ലാത്ത ചലച്ചിത്ര താരങ്ങളെക്കുറിച്ചുള്ള വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഡി) ജി.എസ്.ടി. രജിസ്ട്രേഷനുള്ള ചലച്ചിത്ര പ്രവർത്തകർ റിട്ടേൺ യഥാസമയം സമർപ്പിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ റിട്ടേൺ സമർപ്പിക്കാത്തവരുടെ വിശദാംശം ലഭ്യമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഇ) നികുതി വെട്ടിപ്പ് നടത്തിയതായി പറയപ്പെടുന്ന ചലച്ചിത്ര പ്രവർത്തകരിൽനിന്ന് കുടിശ്ശികയും പിഴയും ഈടാക്കാതെ ഒരു വർഷത്തെ നികുതി മാത്രം ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതുമായി ബന്ധപ്പെട്ട ഫയൽ നടപടികളിൽ കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ജി) ഇത്തരത്തിൽ കുടിശ്ശികയുള്ള നികുതിയും പിഴയും ഈടാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

ഐ.ജി.എസ്.ടി. റിട്ടേണുകൾ

96 (4301) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ നികുതി സമ്പ്രദായമായ ജി.എസ്.ടി. (ചരക്ക് സേവന നികുതി)യുമായി ബന്ധപ്പെട്ട ഐ.ജി.എസ്.ടി. (സംയോജിത ചരക്ക് സേവന നികുതി) റിട്ടേണുകൾ എന്താണെന്ന് വിശദമാക്കുമോ?

സംയോജിത ചരക്ക് സേവന നികുതി നിയമം, 2017 പ്രകാരം ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ-സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി..

ഐ.ജി.എസ്.ടി.-ക്ക് മാത്രമായി പ്രത്യേക റിട്ടേൺ ഫയൽ ചെയ്യേണ്ടതില്ല. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എസ്.ടി. നിയമവും ചട്ടവും നടപ്പാക്കിയിരിക്കുന്നത്. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക ചരക്കുസേവന നികുതി സെറ്റിൽമെന്റ് ഓഫ് ഫണ്ട് നിയമം, 2017 പ്രകാരം കേന്ദ്ര ഗവൺമെന്റ് സംസ്ഥാന അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു.

(ബി) ഐ.ജി.എസ്.ടി. റിട്ടേണുകൾ ഘടനാപരമായി പരിഷ്കരിക്കാത്തതുമൂലം അഞ്ച് വർഷത്തിനിടെ ശരാശരി 25,000 കോടി രൂപ സംസ്ഥാനത്തിന് നഷ്ടമായതായി എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ;

(സി) എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ട് നിയമസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തിന് അഞ്ച് വർഷത്തിനിടെ ശരാശരി 25,000 കോടി രൂപ നികുതി ഇനത്തിൽ നഷ്ടമായത് ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിലെ പ്രശ്നങ്ങൾമൂലമാണോയെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) 16-09-2022-ലെ എസ്.ആർ.ഒ. നം.892/2022 പ്രകാരം രൂപീകരിച്ച നിലവിലെ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

ജി.എസ്.ടി. സോഫ്റ്റ്വെയർ

97 (4302) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. പോർട്ടലിൽനിന്ന് വിവരങ്ങൾ ശേഖരിക്കാൻ ഏത് സോഫ്റ്റ്വെയറാണ് സംസ്ഥാനം 2017 മുതൽ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. നികുതി നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കുന്നതിനും റിട്ടേൺ സമർപ്പിക്കുന്നതിനും നികുതി ഒടുക്കുന്നതിനും മറ്റ് നടപടികൾക്കുമായി ജി.എസ്.ടി.എൻ. എന്ന കമ്പനി മുഖേന സെൻട്രൽ പോർട്ടൽ ഏർപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. പോർട്ടലിൽനിന്ന് വിവരങ്ങൾ ശേഖരിക്കാൻ രണ്ടുതരത്തിലുള്ള സംവിധാനമാണ് സംസ്ഥാനങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനങ്ങൾക്ക് സ്വന്തമായി ബാക്ക് എൻഡ് സോഫ്റ്റ്വെയർ തയ്യാറാക്കി ജി.എസ്.ടി. പോർട്ടലിൽനിന്നും എ.പി.ഐ.

മുഖേന ലഭ്യമാകുന്ന വിവരങ്ങൾ ഉപയോഗപ്പെടുത്താനുള്ള സൗകര്യമായ ജി.എസ്.ടി.എൻ. മോഡൽ 1 സംവിധാനമാണ് സംസ്ഥാനം സ്വീകരിച്ചത്.

(ബി) പ്രസ്തുത സോഫ്റ്റ്വെയറിന് പകരം കേന്ദ്രം നിഷ്കർഷിക്കുന്ന ജി.എസ്.ടി.എൻ. മോഡൽ 2 സിസ്റ്റം സോഫ്റ്റ്വെയർ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ചില സാങ്കേതികമായ പ്രശ്നങ്ങളും ഗുണമേന്മയുള്ള മനുഷ്യ വിഭവശേഷി ലഭ്യമാക്കാനുള്ള പ്രശ്നങ്ങളും കാലക്രമേണ ജി.എസ്.ടി.എൻ. മോഡൽ 2 ബാക്ക് ഓഫീസ് കൈവരിച്ച പുരോഗതി എന്നിവയും പ്രധാനമായും കണക്കിലെടുത്ത് എൻ.ഐ.സി.-യുടെ പ്രോജക്ട് തീരുന്ന 5-ാം വർഷം വകുപ്പ് വിശകലനം നടത്തി മോഡൽ 2-ലേയ്ക്ക് മാറുവാൻ സർക്കാരിനോട് ശിപാർശ ചെയ്തു. സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി സർക്കാർതലത്തിൽ ഇത് പരിശോധിക്കുകയും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് ഓഹരി പങ്കാളിത്തമുള്ള ജി.എസ്.ടി.എൻ.-ന്റെ മോഡൽ 2-ലേയ്ക്ക് മാറുവാൻ 03-12-2021-ലെ സർക്കാർ ഉത്തരവ് G.O(Rt) No.832/2021/TAXES പ്രകാരം അനുമതി നൽകുകയും ചെയ്തു. ഇതുപ്രകാരം കേരളം 01-03-2022 മുതൽ മോഡൽ 2-ലേയ്ക്ക് മാറുകയുണ്ടായി.

(സി) മുൻപ് ഉപയോഗിച്ചുകൊണ്ടിരുന്ന സോഫ്റ്റ്വെയറിന്റെ ന്യൂനതകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ;

(ഡി) മുൻപ് ഉപയോഗിച്ചുകൊണ്ടിരുന്ന സോഫ്റ്റ്വെയറിന്റെ ന്യൂനതകൾ കണക്കിലെടുക്കാതെ നാല് വർഷത്തിലേറെ പ്രസ്തുത സോഫ്റ്റ്വെയർ ഉപയോഗിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

(സി&ഡി) മുൻപ് ഉപയോഗിച്ചുകൊണ്ടിരുന്ന സോഫ്റ്റ്വെയർ സംവിധാനത്തിൽ കാര്യമായ ന്യൂനതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സോഫ്റ്റ്വെയർ സംവിധാനം ഉപയോഗിച്ചാണ് സ്ക്രൂട്ടിണി, അസസ്സ്മെന്റ്, എൻഫോഴ്സ്മെന്റ് എന്നീ പ്രവൃത്തികൾ തടസ്സം കൂടാതെ നടന്നിരുന്നത്. എന്നാൽ മോഡൽ 1 സ്വീകരിച്ച സംസ്ഥാനങ്ങൾക്കൊട്ടാകെ ജി.എസ്.ടി.എൻ.-ന്റെ ഭാഗത്തുനിന്ന് എ.പി.ഐ. വഴി ഡാറ്റ ലഭിക്കുന്നതിൽ വന്ന ചില ബുദ്ധിമുട്ടുകളും നല്ല പ്രോഗ്രാമിംഗ് മാൻപവർ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ടുകളും ഈ കാലയളവിൽ ജി.എസ്.ടി.എൻ. മോഡൽ 2 ബാക്ക് ഓഫീസ് സംവിധാനം കൈവരിച്ച പുരോഗതിയുമാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് ഓഹരി പങ്കാളിത്തമുള്ള ജി.എസ്.ടി.എൻ.-ന്റെ മോഡൽ 2 ബാക്ക് ഓഫീസ് 2022 മാർച്ച് മാസം മുതൽ തെരഞ്ഞെടുക്കാൻ കാരണമായത്.

ജി.എസ്.ടി. അഡീഷണൽ ഡിമാൻഡ്

98 (4303) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം ഈ നിയമമനുസരിച്ച് നികുതി നിർണ്ണയത്തിലൂടെയും അല്ലാതെയും നേടിയെടുത്ത അഡീഷണൽ ഡിമാന്റ് എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ?

അഡീഷണൽ ഡിമാന്റ് തുകയിൽ നല്ലൊരു ശതമാനം ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യാത്തവരുടെ അസസ്സ്മെന്റുമായി ബന്ധപ്പെട്ടതാണ്. ജി.എസ്.ടി.-യിലെ നിലവിലെ സമ്പ്രദായത്തിൽ അസസ്സ്മെന്റ് പൂർത്തിയാക്കി നിശ്ചിത സമയത്തിനുശേഷം നികുതിദായകൻ റിട്ടേൺ ഫയൽ ചെയ്താലും അസസ്സ്മെന്റിലൂടെയുള്ള ഡിമാന്റ് അവശേഷിക്കും. ഇതിന് മാറ്റം വരുത്തുന്നതിനായി സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ഈ പ്രശ്നം ഉന്നയിക്കുകയും തുടർന്ന് 18-02-2023-ൽ കൂടിയ ജി.എസ്.ടി. കൗൺസിൽ മീറ്റിംഗ് ഇക്കാര്യം ചർച്ച ചെയ്യുകയുമുണ്ടായിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം 30-11-2022 വരെ അഡ്ജ്യൂഡിക്കേഷനിൽ നിന്നും നേടിയെടുത്ത അഡീഷണൽ ഡിമാന്റ് 420.83 കോടി രൂപയാണ്. ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത തുകയിൽ എത്ര രൂപ പിരിച്ചെടുക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. കുടിശ്ശികയിൽനിന്നും 11.16 കോടി രൂപ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഇനത്തിൽ കുടിശ്ശിക തുക എത്ര വരുമെന്ന് വ്യക്തമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷം 30-11-2022 വരെ അഡ്ജ്യൂഡിക്കേഷനിൽ നിന്നും നേടിയെടുത്ത അഡീഷണൽ ഡിമാന്റ് 420.83 കോടി രൂപയാണ്. അഡീഷണൽ ഡിമാന്റ് തുകയിൽ നല്ലൊരു ശതമാനം ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യാത്തവരുടേതുമായി ബന്ധപ്പെട്ടതാണ്. ജി.എസ്.ടി.-യിലെ നിലവിലെ സമ്പ്രദായത്തിൽ അസസ്സ്മെന്റ് പൂർത്തിയാക്കി നിശ്ചിത സമയത്തിനുശേഷം നികുതിദായകൻ റിട്ടേൺ ഫയൽ ചെയ്താലും അസസ്സ്മെന്റിലൂടെയുള്ള ഡിമാന്റ് അവശേഷിക്കും.

(ഡി) കുടിശ്ശിക പിരിച്ചെടുക്കാനുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) റവന്യൂ റിക്കവറി നടപടികൾക്കായുള്ള സോഫ്റ്റ്വെയർ ജി.എസ്.ടി. ബാക്ക് എൻഡിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. നിയമപ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കാനുള്ള റിക്കവറി മൊഡ്യൂൾ സൗകര്യം മോഡൽ 2 ബാക്ക് ഓഫീസിൽ ലഭ്യമാണ്. റവന്യൂ അധികാരികൾ വഴിയുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് മോഡൽ 2 ബാക്ക് ഓഫീസിലെ റിക്കവറി മൊഡ്യൂൾ വഴി റിക്കവറി സർട്ടിഫിക്കറ്റ് തയ്യാറാക്കി ആർ.ആർ. ഓൺലൈൻ വഴി സമർപ്പിക്കാൻ സാധിക്കും.

ജി.എസ്.ടി. നഷ്ടപരിഹാരവും ഐ.ജി.എസ്.ടി.-യും

99 (4304) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നാളിതുവരെയുള്ള കണക്കുകൾ ഓരോന്നും ഏതെല്ലാം തീയതിയിലാണ് എ.ജി. സാക്ഷ്യപ്പെടുത്തി കേന്ദ്ര സർക്കാരിന് സംസ്ഥാനം സമർപ്പിക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കുമോ; അത് സംസ്ഥാനം ഏത് തീയതിയിലാണ് കേന്ദ്രത്തിന് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ; ഓരോ വർഷത്തേയും കണക്കുകൾ സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ;

എങ്കിൽ എത്ര ദിവസത്തെ വീതം കാലതാമസമാണ് ഓരോ വർഷത്തെയും കണക്കുകളും സമർപ്പിക്കുന്നതിൽ നേരിട്ടിട്ടുള്ളതെന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ?

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16- ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചുവർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നപ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസക്കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം ആയത് അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. ടി നിയമപ്രകാരം ഫൈനൽ അക്കൗണ്ട് സി.&എ.ജി. സാക്ഷ്യപ്പെടുത്തി ലഭിക്കുന്നമുറയ്ക്കാണ് കോമ്പൻസേഷൻ തുക അന്തിമമായി

തീരുമാനിക്കപ്പെടുന്നത്. എന്നാൽ ജി.എസ്.ടി. കോമ്പൻസേഷൻ പ്രൊവിഷണലായി ലഭിക്കുന്നതിന് ഇത് തടസ്സമായിട്ടില്ല. ഇതിനുവേണ്ടി എ.ജി. ഓഫീസ് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ 2017-18 ജൂലൈ മുതൽ 2020-21 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന് 13-02-2023-ലാണ് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വകുപ്പിന്റെ നിരീക്ഷണങ്ങൾ അക്കൗണ്ടന്റ് ജനറൽ ഓഫീസിന് 24-02-2023-ൽ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള ചർച്ചകൾ സർക്കാർ തലത്തിൽ നടന്നുവരികയാണ്.

(ബി) ജി.എസ്.ടി. നഷ്ടപരിഹാരമായി സംസ്ഥാനത്തിന് ഇനി എത്ര തുകയാണ് ലഭിക്കാൻ ബാക്കിയുള്ളതെന്നും ആയത് ലഭിക്കുന്നതിനായി കേന്ദ്രം ആവശ്യപ്പെട്ടിട്ടുള്ള രേഖകളെല്ലാം സംസ്ഥാനം സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും വ്യക്തമാക്കുമോ?

ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017-ന്റെ വകുപ്പ് 7(2) പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസക്കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ

സാമ്പത്തിക വർഷത്തിനും ഒടുവിൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം ആയത് അന്തിമമായി കണക്കാക്കാനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അങ്ങനെ പ്രൊവിഷണലായി കണക്കാക്കിയത് പ്രകാരം സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാനുണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ, 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്.

(സി) ഐ.ജി.എസ്.ടി. ഇനത്തിൽ സംസ്ഥാനത്തിന് എത്ര തുക ലഭിക്കാനുണ്ട്; ഇത് ലഭിക്കുന്നതിന് സംസ്ഥാനം ക്ലെയിം നൽകേണ്ടതുണ്ടോ; എങ്കിൽ അത് നൽകിയിട്ടുണ്ടോ; ഐ.ജി.എസ്.ടി. ഇനത്തിൽ സംസ്ഥാനത്തിന്റെ വിഹിതം ലഭിക്കാത്തതിന് കാരണമെന്തെന്ന് അറിയിക്കുമോ?

ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ട്, 2017-ലെ വകുപ്പ് 17 പ്രകാരം ജി.എസ്.ടി. പരിധിയിൽ വരാത്ത വ്യക്തികൾ/സ്ഥാപനങ്ങൾ ഇതര സംസ്ഥാനങ്ങളിലെ ജി.എസ്.ടി. പരിധിയിലുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽനിന്നും നികുതി ബാധകമായ

സാധനങ്ങൾ/സേവനങ്ങൾ സ്വീകരിക്കുമ്പോൾ പ്രസ്തുത നിയമത്തിലെ 10, 12 എന്നീ വകുപ്പുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടുന്ന Place of Supply-ക്ക് വിധേയമായി അപ്രകാരം സ്വീകരിക്കപ്പെട്ട സാധനങ്ങൾ/സേവനങ്ങളുടെ ഉപഭോഗം നടന്ന സംസ്ഥാനത്തിന് പ്രസ്തുത സാധനം/സേവനം സ്വീകരിക്കുമ്പോൾ സപ്ലൈയർക്ക് നൽകിയ ഐ.ജി.എസ്.ടി.-യുടെ 50% ലഭിക്കാൻ അർഹതയുണ്ട്. കൂടാതെ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയില്ലാത്ത ഡീലർമാർ ഇതരസംസ്ഥാനത്തുനിന്നും ഐ.ജി.എസ്.ടി. നൽകി സാധനങ്ങൾ/സേവനങ്ങൾ സ്വീകരിക്കുമ്പോൾ അപ്രകാരം അർഹതയില്ലാത്ത ഐ.ജി.എസ്.ടി.-യുടെ 50% മേൽപ്പറഞ്ഞ രീതിയിൽ Place of Supply-യുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സംസ്ഥാനത്തിന് ലഭിക്കാൻ അർഹതയുണ്ട്. ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് ലഭിക്കുന്നതിന് സർക്കാർ ക്ലെയിം നൽകേണ്ടതില്ല. നികുതിദായകർ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ ഓട്ടോമാറ്റിക്കായി സംഭവിക്കുന്ന സംവിധാനമാണിത്. ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിലെ അപര്യാപ്തത ജി.എസ്.ടി.-യുടെ തുടക്കം മുതൽ പല പ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ജി.എസ്.ടി.-യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പാക്കാൻ

സാധിച്ചിട്ടില്ല. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് നികുതിദായകരുടെ പ്രശ്നങ്ങൾ

100 (4306) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് നികുതിദായകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് നികുതിദായകരുടെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജി.എസ്.ടി. കോമൺ പോർട്ടലിൽ ഗ്രീവൻസ് റിഡ്രസ്സൽ സംവിധാനമുണ്ട്. നികുതിദായകർക്ക് ഇതിലൂടെ സാങ്കേതിക പ്രശ്നങ്ങൾ നേരിട്ട് ജി.എസ്.ടി.എൻ.-നെ അറിയിക്കാൻ സാധിക്കും. ഇതുകൂടാതെ ജി.എസ്.ടി. സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി സംസ്ഥാന ജി.എസ്.ടി. ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ആക്ടിലെ വ്യവസ്ഥ പ്രകാരം പരാതികൾ പരിഹരിക്കുന്നതിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

നികുതിദായകരുടെ പരാതികൾ പരിഹരിക്കുന്നതിനായി ജി.എസ്.ടി. നിയമത്തിൽ പ്രത്യേകം വ്യവസ്ഥകളൊന്നും തന്നെയില്ല. സാധന സേവനങ്ങളുടെ നികുതി നിരക്കുമായും മറ്റുമുള്ള ക്ലാരിഫിക്കേഷൻ ലഭ്യമാക്കുന്നതിനായി ജി.എസ്.ടി. നിയമപ്രകാരം അഡ്വാൻസ് റൂളിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം പൂർണ്ണമായും ഉപഭോക്താവിന് കൈമാറുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഇത്തരം പരാതികളിൽ നടപടികൾ സ്വീകരിക്കുന്നതിനും കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിയെ കേന്ദ്ര സർക്കാരും സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിയെ സംസ്ഥാന സർക്കാരും രൂപീകരിച്ചിട്ടുണ്ട്. ഇപ്പോൾ ആന്റി പ്രോഫിറ്റീയറിംഗ് പരിശോധിക്കുന്നതിന് കോംപറ്റീഷൻ കമ്മീഷനെ കേന്ദ്ര ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) 2019 ഏപ്രിൽ മുതൽ 2023 ജനുവരി 31 വരെ നികുതിദായകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട

സമിതികൾ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ജി.എസ്.ടി. നിയമപ്രകാരമുള്ള അഡ്വാൻസ് റൂളിംഗ് അതോറിറ്റിയും ആന്റി പ്രോഫിറ്റീയറിംഗുമായി ബന്ധപ്പെട്ട സ്ക്രീനിംഗ് കമ്മിറ്റിയും അവയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളും പരാതികളും പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന ജി.എസ്.ടി. ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി 17-12-2020-ൽ കൂടുകയും ചർച്ചയിൽ ഉന്നയിക്കപ്പെട്ട ജി.എസ്.ടി. സംബന്ധിച്ച പ്രശ്നങ്ങൾ ജി.എസ്.ടി. കൗൺസിലിനെയും ജി.എസ്.ടി.എൻ.-നെയും അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത സമിതിയുടെ ഘടന സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്ര ചരക്കുസേവന നികുതി വകുപ്പിലെ ഒരു ജോയിന്റ് കമ്മീഷണറും സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ അഡീഷണൽ കമ്മീഷണറും ഉൾപ്പെടുന്നതാണ് നിലവിലെ അഡ്വാൻസ് റൂളിംഗ് അതോറിറ്റി. ആന്റി പ്രോഫിറ്റീയറിംഗ് സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിയിൽ കേന്ദ്ര സംസ്ഥാന ജി.എസ്.ടി. വകുപ്പുകളിലെ ജോയിന്റ് കമ്മീഷണറോ അതിനുമുകളിലോ ഉള്ള തസ്തികയിലുള്ള ഓരോ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നു. ജി.എസ്.ടി.

ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റിയിൽ കേന്ദ്ര ജി.എസ്.ടി. വകുപ്പിലെ ചീഫ് കമ്മീഷണർ (സഹ അധ്യക്ഷൻ), സംസ്ഥാന ജി.എസ്.ടി. കമ്മീഷണർ (സഹ അധ്യക്ഷൻ), വിവിധ ട്രേഡ് ഓർഗനൈസേഷനുകളിലെ പ്രതിനിധികൾ (12 എണ്ണം), ടാക്സ് പ്രൊഫഷണലുകളുടെ സംഘടനകളുടെ പ്രതിനിധികൾ (4 എണ്ണം), ഐ.ടി. ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റിയുടെ സംസ്ഥാന നോഡൽ ഓഫീസർ, ജി.എസ്.ടി.എൻ.-ന്റെ സംസ്ഥാന പ്രതിനിധി, സഹ അധ്യക്ഷൻ തീരുമാനിക്കുന്ന മറ്റ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്നു.

ലക്കി ബിൽ ആപ്പിന്റെ ഉപയോഗം വർദ്ധിപ്പിക്കാൻ നടപടി

101 (4307) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്കി ബിൽ ആപ്പിന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ലക്കി ബിൽ ആപ്പിന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്. 2022 ഓഗസ്റ്റ് മാസം 16-ാം തീയതിയാണ് ലക്കി ബിൽ ആപ്പ് പ്രാവർത്തികമാകുന്നത്. അന്നുമുതൽ 2023 മാർച്ച് മാസം 1-ാം തീയതി വരെ 1096453 ബില്ലുകളാണ് അപ്ലോഡ് ചെയ്യപ്പെട്ടത്. ജനങ്ങളിൽ ബിൽ ചോദിച്ചുവാങ്ങുക എന്ന

പ്രവണത വളർത്തിയെടുക്കാൻ ലക്കി ബിൽ മൊബൈൽ ആപ്പിലൂടെ വളരെയധികം സഹായകരമായിട്ടുണ്ട്. ദിനംപ്രതി നാലായിരത്തിലധികം ബില്ലുകൾ അപ്‌ലോഡ് ചെയ്യപ്പെടുന്നുണ്ട്. ഇതുവരെ 109766 ഉപയോക്താക്കൾ ലക്കി ബിൽ ആപ്പിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. 1096453 ബില്ലുകളാണ് ഇതുവരെ അപ്‌ലോഡ് ചെയ്യപ്പെട്ടത്. ഇങ്ങനെ അപ്‌ലോഡ് ചെയ്യപ്പെടുന്ന ബില്ലുകൾ ഇൻവെസ്റ്റിഗേഷനുവേണ്ടിയും ഓഡിറ്റിനുവേണ്ടിയും ഉപയോഗപ്പെടുത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് എത്ര പേർ ഈ ആപ്പ് ഉപയോഗിക്കുന്നുണ്ടെന്നും ആപ്പ് കൂടുതൽ ജനകീയമാക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

സംസ്ഥാനത്ത് മാർച്ച് 1-ാം തീയതി വരെ 109766 ഉപയോക്താക്കൾ ലക്കി ബിൽ ആപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലക്കി ബിൽ മൊബൈൽ ആപ്പ് കൂടുതൽ ആകർഷകമാക്കാനായി കൂടുതൽ ബില്ലുകൾ അപ്‌ലോഡ് ചെയ്യുന്ന ഉപയോക്താക്കൾക്ക് കൂടുതൽ സമ്മാനം നൽകുന്നതോടൊപ്പം സമ്മാനാർഹമായ ബില്ലുകൾ നൽകിയ വ്യാപാരികൾക്കും സമ്മാനം ലഭ്യമാക്കുന്ന രീതിയിൽ സമ്മാനഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. കൂടാതെ, ലക്കി ബിൽ മൊബൈൽ ആപ്പിന്റെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി പ്രതിദിന, പ്രതിവാര, പ്രതിമാസ

നുക്കെടുപ്പുകൾ ജില്ലയിൽവച്ച് നടത്തുന്നതിനുള്ള ഒരുക്കങ്ങളും നടന്നുവരുന്നു. കൂടാതെ, സാമൂഹിക മാധ്യമ പ്രവർത്തകർ, കോളേജുകളിലെ എൻ.എസ്.എസ്. യൂണിറ്റുകൾ, റസിഡൻഷ്യൽ അസ്സോസിയേഷനുകൾ എന്നിവ വഴി ആപ്പിന്റെ പ്രചാരണം നടത്തുന്നതിനായി റഫറൽ കോഡ് സംവിധാനം കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

(സി) ഇതിന്റെ ഭാഗമായുള്ള സമ്മാനങ്ങൾ യഥാസമയം വിതരണം ചെയ്യാറുണ്ടോയെന്നും എത്ര രൂപയുടെ സമ്മാനങ്ങളാണ് ഇതിനകം വിതരണം ചെയ്തതെന്നും വിശദമാക്കാമോ?

സംസ്ഥാന ജി.എസ്.ടി. വകുപ്പ് നടപ്പാക്കിവരുന്ന ലക്കി ബിൽ മൊബൈൽ ആപ്പിലൂടെ ഇതുവരെ വിജയികളായ 1757 പേർക്ക് കുടുംബശ്രീ നൽകുന്ന ഗിഫ്റ്റ് പാക്കറ്റുകളും 2061 പേർക്ക് വനശ്രീ നൽകുന്ന വന വിഭവങ്ങൾ അടങ്ങുന്ന ഗിഫ്റ്റ് പാക്കറ്റുകളും നൽകിയിട്ടുണ്ട്. കൂടാതെ, ആഗസ്റ്റ് മാസത്തിലെ ക്യാഷ് പ്രൈസ് വിജയികൾക്ക് ഒന്നാം സമ്മാനമായി ഒരാൾക്ക് പത്ത് ലക്ഷം രൂപയും രണ്ടാം സമ്മാനമായി അഞ്ച് പേർക്ക് രണ്ട് ലക്ഷം രൂപ വീതവും മൂന്നാം സമ്മാനമായി അഞ്ച് പേർക്ക് ഒരു ലക്ഷം രൂപ വീതവും നൽകി. സെപ്തംബർ മാസത്തിലും ക്യാഷ് പ്രൈസ് വിജയികൾക്ക് ഒന്നാം സമ്മാനമായി ഒരാൾക്ക് പത്ത് ലക്ഷം രൂപയും രണ്ടാം സമ്മാനമായി

അഞ്ച് പേർക്ക് രണ്ട് ലക്ഷം രൂപ വീതവും മൂന്നാം സമ്മാനമായി അഞ്ച് പേർക്ക് ഒരു ലക്ഷം രൂപ വീതവും നൽകി. കൂടാതെ സെപ്തംബർ മാസത്തിൽ നടന്ന ബംപർ നറുക്കെടുപ്പിലൂടെ 25 ലക്ഷം രൂപയും ക്യാഷ് പ്രൈസായി നൽകുകയുണ്ടായി.

(ഡി) ലക്കി ബിൽ ആപ്പിൽ ജി.എസ്.ടി. നമ്പർ ഇല്ലാത്ത ബില്ലുകൾ അപ്ലോഡ് ചെയ്യാൻ നിലവിൽ സാധിക്കാത്ത സാഹചര്യത്തിൽ ജി.എസ്.ടി. അടയ്ക്കാൻ ബാധ്യതപ്പെട്ട ഒരു സ്ഥാപനം ഗ്രണഭോക്താക്കൾക്ക് നൽകുന്ന ജി.എസ്.ടി. നമ്പർ ഇല്ലാത്ത ബിൽ അപ്ലോഡ് ചെയ്യുന്നതിനും ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും കഴിയുന്ന സംവിധാനം ആപ്പിന്റെ ഭാഗമായി ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ ലക്കി ബിൽ ആപ്പിൽ ജി.എസ്.ടി. നമ്പർ ഇല്ലാത്ത ബില്ലുകളും അപ്ലോഡ് ചെയ്യാൻ കഴിയും. അങ്ങനെ അപ്ലോഡ് ചെയ്യുന്ന ബില്ലുകളിൽനിന്ന് സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും കഴിയുന്നതാണ്.

ടഷറി നിയന്ത്രണം

102 (4308) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പത്ത് ലക്ഷത്തിനുമുകളിലുള്ള ബിൽ മാറാൻ ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ?

(എ-സി) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ കാലങ്ങളായി നടപ്പാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, വികസന-ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. കൂടാതെ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

പുതുക്കാട് സബ് ട്രഷറി ഓഫീസ് നിർമ്മാണം

103 (4309) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

പുതുക്കാട് നിർമ്മാണം ആരംഭിക്കാനിരിക്കുന്ന മിനി സിവിൽസ്റ്റേഷനിൽ പുതുക്കാട് സബ്ട്രഷറിക്ക് സ്ഥലം നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിനായി പ്രത്യേക ഫണ്ട് ട്രഷറി വകുപ്പിന്റെ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

വിതുര സബ്ട്രഷറിയുടെ പുതിയ കെട്ടിടം

104 (4310) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പുര സബ്ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണത്തിനായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വിളപ്പുര ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള 7 സെന്റ് സ്ഥലം ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ടുനൽകുവാൻ 10-08-2022-ന് ചേർന്ന ഭരണസമിതി യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി. പ്രസ്തുത സ്ഥലം ട്രഷറി വകുപ്പിന്റെ പേരിൽ കൈമാറി കിട്ടുന്നമുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി വിളപ്പുര സബ് ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതിനായി തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

വിളപ്പുര സബ്ട്രഷറി നിർമ്മാണവുമായി ബന്ധപ്പെട്ട് ട്രഷറി ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല.

കാവശ്ശേരി പഞ്ചായത്തിന് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്

105 (4311) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ നിയോജകമണ്ഡലത്തിലെ ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയത്തിന്റെ നിർമ്മാണത്തിന് ആദ്യ ഗഡുവായി നൽകിയ ഇരുപത്തിയഞ്ച് ലക്ഷം രൂപ എംപ്ലോയീസ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഇല്ലെന്ന കാരണത്താൽ കാവശ്ശേരി പഞ്ചായത്തിന് കൈമാറാൻ സാധിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക കൈമാറുന്നതിന് കാവശ്ശേരി പഞ്ചായത്തിന് അനുയോജ്യമായ ട്രഷറി സേവിംസ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നത് ധനകാര്യ വകുപ്പ് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഇന്ദുചൂഡൻ സ്മാരക മന്ദിരത്തിനായി ബഡ്ജറ്റിൽ നാളിതുവരെ ശീർഷകം തുറന്ന് അനുവദിച്ചിട്ടില്ല. സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖ്യനിയന്ത്രണാധികാരിയായ '2205-00-102-98-36- പ്രമുഖ കലാകാരൻമാരുടെയും സാഹിത്യകാരൻമാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം' എന്ന പദ്ധതി ശീർഷകത്തിൽനിന്നും 25 ലക്ഷം രൂപ 11-05-2020-ലെ സ.ഉ.(സാധാ)നം.215/2020/സാം.കാ.വ. പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ഈ തുക അലോക്കേഷൻ സിസ്റ്റം വഴി നിർവ്വഹണാധികാരിയായ പഞ്ചായത്ത് വകുപ്പിന് ഫണ്ട്

അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ക്രോസ് മാപ്പ് ചെയ്തുകൊണ്ട് 04-03-2023-ൽ സ.ഉ.(സാധാ)നമ്പർ 1606/2023/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ചെറുകിട കച്ചവടക്കാർക്ക് വിറ്റഴിക്കാൻ കഴിയാതെ വരുന്ന ലോട്ടറി

106 (4312) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട കച്ചവടക്കാർക്ക് വിറ്റഴിക്കാൻ കഴിയാതെ വരുന്ന ലോട്ടറിയുടെ പണം തിരികെ ലഭിക്കാത്തതിനാൽ വലിയ പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭാഗ്യക്കുറി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏജന്റുമാർക്കാണ് ഓഫീസുകളിൽനിന്നും ടിക്കറ്റുകൾ അനുവദിക്കുന്നത്. ഒരു ഏജന്റ് നിശ്ചിത എണ്ണം ടിക്കറ്റുകൾ വാങ്ങണമെന്ന് നിബന്ധനയില്ല. ഭാഗ്യക്കുറി ഏജന്റുമാർ അവർക്ക് വിൽക്കാൻ സാധിക്കുന്ന അത്രയും ടിക്കറ്റുകൾ മാത്രം ഓഫീസിൽനിന്നും വാങ്ങിയാൽ മതിയാകും.

(ബി) ഹോൾസെയിൽ-കം-റീടെയിൽ ഷോപ്പുകൾ നടത്തുന്ന വൻകിട ഏജന്റുമാർ വൻതോതിൽ ലോട്ടറി ടിക്കറ്റ് എടുക്കുകയും ആയത് ചെറുകിട കച്ചവടക്കാർക്ക് ലാഭം ഈടാക്കി വിൽക്കുകയും ചെയ്യുന്നതിനാൽ ടിക്കറ്റ്

വിറ്റഴിക്കാത്തതിന്റെ ബാധ്യത വൻകിട ഏജന്റുമാരെ സാരമായി ബാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭാഗ്യക്കുറി ഓഫീസിൽനിന്നും ഏജന്റുമാർക്ക് അവരെടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 3 വ്യത്യസ്ത സ്ലാബുകളിലായാണ് ടിക്കറ്റുകൾ വിതരണം ചെയ്തുവരുന്നത്. ഏജന്റുമാർ അവർക്ക് വിൽക്കാൻ സാധിക്കുന്ന ആവശ്യമുള്ള അത്രയും ടിക്കറ്റുകൾ മാത്രം ഓഫീസിൽനിന്നും വാങ്ങിയാൽ മതിയാകും.

(സി) ആയതിനാൽ ലോട്ടറി കച്ചവടം നടത്തുന്ന ചെറുകിട കച്ചവടക്കാർക്ക് ലോട്ടറി വിറ്റഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ ആയത് തിരിച്ചെടുത്തിട്ട് പകരം അടുത്ത ദിവസത്തെ ലോട്ടറി നൽകാൻ സാധിക്കുന്ന രീതിയിൽ ലോട്ടറി വിതരണ സംവിധാനം പരിഷ്കരിക്കുമോ; വിശദാംശം നൽകുമോ?

2005-ലെ കേരള പേപ്പർ ലോട്ടറി റെഗുലേഷൻ റൂൾ 7(2) പ്രകാരം വിറ്റഴിക്കപ്പെട്ട ടിക്കറ്റുകൾ തിരിച്ചെടുക്കാൻ സാധ്യമല്ല. ആയതിനാൽ നിലവിലെ നിയമവ്യവസ്ഥയ്ക്ക് വിധേയമായി അപ്രകാരം വിതരണ സംവിധാനം പരിഷ്കരിക്കാൻ സാധിക്കില്ല.

ക്രിസ്തുമസ് നവവത്സര ബംബർ ലോട്ടറി

107 (4313) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം എത്ര ക്രിസ്തുമസ് നവവത്സര ബംബർ ലോട്ടറി ടിക്കറ്റുകൾ പ്രിന്റ് ചെയ്തെന്നും അതിന്റെ എത്ര ടിക്കറ്റുകൾ വിറ്റഴിച്ചുവെന്നും ഒരു ടിക്കറ്റിന്റെ വില എത്രയായിരുന്നുവെന്നും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ക്രിസ്തുമസ് നവവത്സര ബംബർ ലോട്ടറിയുടെ (BR-89) ആകെ 3300000 ടിക്കറ്റുകളാണ് പ്രിന്റ് ചെയ്തത്. ആയതിൽ 3246898 ടിക്കറ്റുകൾ വിറ്റഴിക്കപ്പെട്ടിട്ടുണ്ട്. ഒരു ടിക്കറ്റിന്റെ വില 400/- രൂപയായിരുന്നു.

(ബി) പ്രസ്തുത ബംബർ ലോട്ടറിയുടെ വിറ്റുവരവ് എത്ര രൂപയാണെന്നും സമ്മാനഘടന എപ്രകാരമായിരുന്നുവെന്നും വ്യക്തമാക്കുമോ?

ക്രിസ്തുമസ് നവവത്സര ബംബർ ലോട്ടറിയുടെ (BR-89) വിറ്റുവരവ് 101,46,55,625/- രൂപയായിരുന്നു.

സമ്മാനഘടന ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

(സി) സമ്മാന ഇനത്തിൽ ചെലവായ തുക, കമ്മീഷൻ ഇനത്തിൽ ചെലവായ തുക എന്നീ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഭാഗ്യക്കുറി വില്പനയിൽനിന്നുള്ള വരുമാനം, ആകെ വരുമാനം, ചെലവ് കണക്കുകൾ, അറ്റാദായം എന്നിവ ഒരു സാമ്പത്തിക വർഷം കണക്കാക്കിയാണ് തയ്യാറാക്കുന്നത്. ഒരു ലോട്ടറിയിൽനിന്നുള്ള അറ്റാദായം, കമ്മീഷൻ, സമ്മാന വിതരണയിനങ്ങളിൽ ചെലവായ തുക എന്നിവ സംബന്ധിച്ച കണക്കുകൾ തയ്യാറാക്കുന്നില്ല.

(ഡി) പ്രസ്തുത ബംബർ ടിക്കറ്റിലൂടെ സർക്കാരിന് ലഭിച്ച ലാഭം എത്രയെന്നും എത്ര രൂപയുടെ ടിക്കറ്റുകൾ വിറ്റഴിക്കാതെ തിരികെ ലഭിച്ചിട്ടുണ്ടെന്നും വിറ്റഴിക്കാത്ത ടിക്കറ്റിനത്തിൽ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

ഓരോ ഭാഗ്യക്കുറിയുടെയും ലാഭം പ്രത്യേകമായി കണക്കാക്കുന്നതിന് സാധ്യമല്ല. ക്രിസ്തുമസ് നവവത്സര ബംബർ ലോട്ടറിയുടെ (BR-89) 53102 ടിക്കറ്റുകൾ വിൽക്കപ്പെടാതെ അവശേഷിച്ചിട്ടുണ്ട്. ഇതിൽനിന്നും സർക്കാരിന് നഷ്ടം സംഭവിച്ചിട്ടില്ല.

ലോട്ടറി വകുപ്പിലെ ക്രമക്കേടുകൾ തടയാൻ നടപടി

108 (4314) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് ലോട്ടറി വകുപ്പിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

10 ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ ക്രമക്കേടുകളുടെ പേരിലാണ് ഇപ്രകാരം നടപടി സ്വീകരിച്ചത്; ഓരോ കേസിലും എത്ര രൂപയുടെ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

1. 2016-ൽ മേലധികാരിയുടെ മുൻകൂർ അനുമതിയില്ലാതെ ചേർത്തലയിലെ ലോട്ടറി ഔട്ട്‌ലെറ്റ് അടച്ചുപൂട്ടിയത് സംബന്ധിച്ച് - ഇതിൽ സാമ്പത്തിക ക്രമക്കേട് ഉൾപ്പെട്ടിരുന്നില്ല.
2. 2017-ൽ ഇടുക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ സ്ത്രീശക്തി (SS-52) ഭാഗ്യക്കുറിയുടെ അന്തിമ കണക്കുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച് - സർക്കാരിനുണ്ടായ 36,000/- രൂപയുടെ നഷ്ടം ജീവനക്കാരിൽനിന്നും ഭാഗ്യക്കുറി ഏജന്റിൽനിന്നും തിരികെ ഈടാക്കിയിട്ടുണ്ട്.
3. 2018-ൽ ടിക്കറ്റ് വിതരണത്തിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഏജന്റുമാരുടെ ക്ലബ്ബ് ചെയ്തിരുന്ന

ടിക്കറ്റുകൾ വിഭജിച്ച് നല്കിയതുമായി ബന്ധപ്പെട്ട് - ഈ കേസിൽ സാമ്പത്തിക ക്രമക്കേട് ഉൾപ്പെട്ടിരുന്നില്ല.

4. 14-08-2019-ന് നറുക്കെടുപ്പ് നിശ്ചയിച്ചിരുന്ന അക്ഷയ (AK 408) ഭാഗ്യക്കുറിയുടെ 6000 ടിക്കറ്റുകൾ വില്പനയ്ക്കുശേഷം തിരിച്ചെടുത്ത് പകരം പൗർണ്ണമി (RN 404) ഭാഗ്യക്കുറിയുടെ 6000 ടിക്കറ്റുകൾ നല്കിയത് സംബന്ധിച്ച് - ഇതിൽ സർക്കാരിന് നഷ്ടമായ 1,80,000/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും ഭാഗ്യക്കുറി ഏജന്റിൽനിന്നും തിരികെ ഈടാക്കിയിട്ടുണ്ട്.

5. തിരൂർ ഭാഗ്യക്കുറി സബ് ഓഫീസിൽ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സ്റ്റോക്കിൽ 22000 ടിക്കറ്റുകൾ കുറവുവന്നതുമായി ബന്ധപ്പെട്ട് - പ്രസ്തുത ടിക്കറ്റുകളുടെ വില ടി ടിക്കറ്റുകൾ കൊണ്ടുപോയ ഏജന്റ് ഒടുക്കിയിട്ടുണ്ട്.

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ക്രമക്കേടുകളിൽ പോലീസ് അന്വേഷണം നടത്തിയ കേസുകൾ ഏതെല്ലാമാണെന്നും പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

(സി&ഡി) അക്ഷയ (AK 408) ഭാഗ്യക്കുറിയുടെ 6000 ടിക്കറ്റുകൾ വില്പനയ്ക്കശേഷം തിരിച്ചെടുത്ത് പകരം പൗർണ്ണമി (RN 404) ഭാഗ്യക്കുറിയുടെ 6000 ടിക്കറ്റുകൾ നൽകിയതിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം ലോട്ടറി വകുപ്പിൽ നടത്തിയ പരിശോധന

109 (4315) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം ലോട്ടറി വകുപ്പിൽ അവസാനമായി പരിശോധന നടത്തിയത് എന്നാണ്;

(ബി) പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇതുസംബന്ധിച്ച പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) കണ്ണൂർ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് 18-10-2022-ന് കണ്ണൂർ ജില്ലാ ലോട്ടറി ക്ഷേമനിധി ഓഫീസിൽ നടത്തിയ പരിശോധനയാണ് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം ലോട്ടറി വകുപ്പിൽ അവസാനമായി നടത്തിയ പരിശോധന. ട്രഷറി പരിശോധന ഡ്രൈവ് 2022-ന്റെ ഭാഗമായാണ് പ്രസ്തുത പരിശോധന നടത്തിയിട്ടുള്ളത്. പരിശോധന പൂർത്തിയായിട്ടില്ല.

ഭാഗ്യക്കുറി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

110 (4316) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡുവഴി ഇതുവരെ എത്രപേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് വഴി ഇതുവരെ 5889 പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഭാഗ്യക്കുറി വകുപ്പ് ക്ഷേമനിധി ബോർഡ് അംഗങ്ങളായ തൊഴിലാളികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി സംസ്ഥാനത്ത് പൂർത്തിയായിട്ടുണ്ടോ; എത്ര തൊഴിലാളികൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണെന്ന് വിശദമാക്കാമോ?

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതിക്ക് സർക്കാർ ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ ബോർഡിൽ സജീവ

അംഗങ്ങളായ ഏകദേശം 50000 തൊഴിലാളികൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

(സി) അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് മുച്ചക്രവാഹനം നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് മുച്ചക്രവാഹനം നൽകുന്ന പദ്ധതിക്ക് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഗുണഭോക്താക്കളിൽനിന്നും അപേക്ഷ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്.

(ഡി) ഭാഗ്യക്കുറി മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ആക്ട് പ്രകാരം ഭാഗ്യക്കുറി മേഖലയിൽ പ്രവർത്തിക്കുന്ന ക്ഷേമനിധിയിൽ അംഗങ്ങളായ സ്ത്രീ തൊഴിലാളികൾക്ക് പ്രസവ ധനസഹായമായി 10,000/- രൂപ നൽകുന്നുണ്ട്. കൂടാതെ ക്ഷേമനിധി

അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും വനിതാ അംഗങ്ങൾക്കും വിവാഹ ധനസഹായമായി 25,000/- രൂപയും നൽകിവരുന്നുണ്ട്.

ലോട്ടറി ഏജന്റുമാരുടെ കമ്മീഷനും പ്രൈസ് മണിയും

111 (4317) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ലോട്ടറി ഏജന്റുമാർ സമ്മാനം അടിച്ച പണം വാങ്ങുന്നതിനായി ലോട്ടറി ഓഫീസിനെ സമീപിക്കുമ്പോൾ പണത്തിനുപകരം ലോട്ടറി ടിക്കറ്റ് നൽകുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നിർദ്ദേശം നൽകിയതെന്ന് വ്യക്തമാക്കുമോ?

ചെറുകിട ലോട്ടറി ഏജന്റുമാർ സമ്മാനം അടിച്ച പണം വാങ്ങുന്നതിനായി ലോട്ടറി ഓഫീസിനെ സമീപിക്കുമ്പോൾ പണത്തിനുപകരം ലോട്ടറി ടിക്കറ്റ് നൽകുന്നതിന് സർക്കാർ പ്രത്യേകമായി നിർദ്ദേശമൊന്നും നൽകിയിട്ടില്ല. എന്നാൽ 2005-ലെ കേരള പേപ്പർ ലോട്ടറി റെഗുലേഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ടിക്കറ്റ് എക്സ്ചേഞ്ച് മുഖേന സമ്മാനത്തുക കൈപ്പറ്റുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ

അപ്രകാരവും സമ്മാനത്തുക ലോട്ടറി ഓഫീസുകളിൽനിന്ന് വിതരണം ചെയ്യുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച നിരവധി ആക്ഷേപങ്ങൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ ലോട്ടറി ഏജന്റുമാരുടെ കമ്മീഷനും പ്രൈസ് മണിയുമുൾപ്പെടെയുള്ള തുക പണമായിത്തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സമ്മാനത്തുക പണമായി നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. അതേസമയം ഏജൻസി കമ്മീഷൻ ഇനത്തിലെ 2000 രൂപയ്ക്കുമേലുള്ള തുകയും ഏജന്റുമാർ ഹാജരാക്കുന്ന 5000 രൂപയ്ക്കുമേലുള്ള പ്രൈസ് ടിക്കറ്റ് തുകയും ബാങ്ക് അക്കൗണ്ട് മുഖേനയാണ് നൽകിവരുന്നത്.

കെ.എസ്.എഫ്.ഇ.-യിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

112 (4318) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-യിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കെ.എസ്.എഫ്.ഇ.-യിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലില്ല. പദ്ധതി പുനരാരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ആനുകൂല്യങ്ങൾ

113 (4319) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഒക്ടോബർ 29-ലെ ജി.ഒ.(പി)നം.131/2022/ഫിൻ. നമ്പർ സർക്കാർ ഉത്തരവ് കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് ബാധകമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുമ്പോൾ കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് നിലവിൽ ലഭിച്ചുവരുന്ന ഏതെല്ലാം ആനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഉത്തരവിലൂടെ കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് ലഭിക്കുന്ന നേട്ടങ്ങൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ജീവനക്കാർക്കിടയിലുണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ-ഡി) പ്രസ്തുത ഉത്തരവ് കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് ബാധകമാക്കിയിട്ടില്ല.

കെ.എസ്.എഫ്.ഇ. ചിട്ടിക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ

114 (4320) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ആരംഭിച്ച കെ.എസ്.എഫ്.ഇ. ചിട്ടിക്ക് ചിറ്റാളനായ ഭർത്താവിന്റെ മരണത്തെത്തുടർന്ന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി വകുപ്പുമന്ത്രിക്ക് സമർപ്പിച്ച ഇ 6801911/2022 നമ്പർ അപേക്ഷയുടെ തുടർനടപടി വിശദമാക്കാമോ; പ്രസ്തുത അപേക്ഷയിന്മേൽ നിരാലംബരായ കുടുംബത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഇ 6801911/2022 നമ്പർ അപേക്ഷയിന്മേലുള്ള ആവശ്യങ്ങൾ നിരസിച്ചുകൊണ്ട് മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ. കാട്ടാക്കട ബ്രാഞ്ച് മാനേജർക്ക് 23-01-2023-ന് ഉത്തരവ് നൽകിയിട്ടുണ്ട്.

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം

115 (4321) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം (ജി.പി.എ.ഐ.എസ്.) ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് നടപ്പിലാക്കിവരുന്നത്; ഇതിന്റെ വാർഷിക പ്രീമിയം ഒരാൾക്ക് എത്രയാണ്; വിശദാംശം നൽകുമോ?

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 2011 മുതൽ നടപ്പിലാക്കിയിട്ടുള്ളതും സംസ്ഥാനത്തെ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പഞ്ചായത്ത്-മുനിസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ ജീവനക്കാർ, മുനിസിപ്പൽ കോമൺ സർവ്വീസ് കണ്ടിജന്റ് ജീവനക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കെല്ലാം ബാധകമായിട്ടുള്ളതാണ് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം.

വാർഷിക പ്രീമിയം സർക്കാർ ജീവനക്കാർ-500 രൂപ, സ്വയംഭരണ സ്ഥാപനങ്ങളായ സർവ്വകലാശാല-പൊതുമേഖല-സഹകരണ

സ്ഥാപനങ്ങളിലെ ജീവനക്കാർ/എസ്.എൽ.ആർ. വിഭാഗം ജീവനക്കാർ-500 രൂപ+GST, കെ.എസ്.ആർ.ടി.സി. ജീവനക്കാർ 600 രൂപ+GST, കെ.എസ്.ഇ.ബി. ജീവനക്കാർ -850 രൂപ+ GST.

(ബി) കഴിഞ്ഞ അഞ്ച് വർഷമായി പ്രതിവർഷം പ്രീമിയം ഇനത്തിൽ എത്ര രൂപ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

പ്രീമിയം ഇനത്തിൽ ലഭ്യമായ തുക

വർഷം	തുക (രൂപയിൽ)
2018	28,12,20,700/-
2019	31,98,99,989/-
2020	32,38,85,529/-
2021	30,55,63,829/-
2022	33,94,43,939/-

(സി) കഴിഞ്ഞ അഞ്ച് വർഷം പ്രസ്തുത സ്കീം പ്രകാരം പ്രതിവർഷം അപകടമരണത്തിന് നൽകിയ തുക എത്രയാണ്; വിശദമാക്കാമോ?

ക്ലെയിം ഇനത്തിൽ അനുവദിച്ച തുക

വർഷം	തുക (രൂപയിൽ)
2018	11,56,42,192/-
2019	11,28,00,000/-
2020	10,30,40,000/-
2021	10,40,40,000/-
2022	1,85,50,000/-

ഇൻഷ്വറൻസ് പദ്ധതികൾ

116 (4322) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്ര-സംസ്ഥാന ഇൻഷ്വറൻസ് പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ, പ്രീമിയം തുക എന്നിവ വിശദമാക്കാമോ?

(എ&ബി) ചുവടെക്കാണുന്ന പദ്ധതികൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

പദ്ധതി	പ്രീമിയം
സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പദ്ധതി (SLI): മികച്ച ആനുകൂല്യം ലഭ്യമാക്കുന്ന എൻഡോവ്മെന്റ് ലൈഫ് ഇൻഷ്വറൻസ് പോളിസിയായ എസ്.എൽ.ഐ. സർക്കാർ ജീവനക്കാർക്ക് പുറമേ അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡ്/കോർപ്പറേഷൻ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, മറ്റ് സ്വയംഭരണസ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കുകൂടി ബാധകമാക്കിയിട്ടുണ്ട്.	ജീവനക്കാരുടെ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, എല്ലാ ഗ്രേഡ് പേയും ചേർന്നത്) 1.5% നിരക്കിലാണ് കണക്കാക്കുന്നത്
ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (GIS): ഈ പദ്ധതിയും സർക്കാർ ജീവനക്കാർക്ക് പുറമേ അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡ്/കോർപ്പറേഷൻ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കുകൂടി ബാധകമാക്കിയിട്ടുണ്ട്.	

ജീവൻരക്ഷ-ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (GPAIS): സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതി 2007-ൽ പൊതുമേഖല ഇൻഷ്വറൻസ് വഴി ആരംഭിക്കുകയും തുടർന്ന് 2010 മുതൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഏറ്റെടുക്കുകയും ചെയ്തു. 2023-ൽ പ്രസ്തുത പദ്ധതിയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ 15 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചും മറ്റ് സ്വാഭാവിക മരണങ്ങൾക്ക് 5 ലക്ഷം രൂപയുടെ പരിരക്ഷ ഉറപ്പുവരുത്തികൊണ്ടും ജീവൻരക്ഷാ പദ്ധതിയായി പുനർനാമകരണം ചെയ്തുനടപ്പിലാക്കി.	ജീവൻരക്ഷാ പദ്ധതിയുടെ നിലവിലെ പ്രീമിയം 1000/- രൂപയാണ്.
'ഒരുമ- ഗ്രൂപ്പ് ബെനിഫിറ്റ് സ്കീം: സംസ്ഥാനത്തെ ഏറ്റവും വലിയ സ്ത്രീശാക്തീകരണ പ്രസ്ഥാനമായ കുടുംബശ്രീയിലെ 4.5 ലക്ഷം അംഗങ്ങൾക്കായി നടപ്പാക്കിയ ലൈഫ് ഇൻഷ്വറൻസ് പദ്ധതിയാണ് 'ഒരുമ' ഇൻഷ്വറൻസ് പദ്ധതി.	കുടുംബശ്രീ അംഗങ്ങൾ ഒടുക്കേണ്ട പ്രീമിയം തുക 174 രൂപ
'ഭവന' ഇൻഷ്വറൻസ് പദ്ധതി: ലൈഫ് മിഷന്റെ ഭാഗമായി സർക്കാരിന്റെ വിവിധ പാർപ്പിട പദ്ധതിയിലൂടെ നിർമ്മിച്ച 2.5 ലക്ഷം ഭവനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് 'ഭവന' ഇൻഷ്വറൻസ് പദ്ധതി.	മൂന്ന് വർഷത്തേയ്ക്ക് 345/- രൂപ
ജനറൽ ഇൻഷ്വറൻസ് പദ്ധതികൾ: വാഹന ഇൻഷ്വറൻസ്, ഫയർ, മറൈൻ തുടങ്ങി ജനറൽ ഇൻഷ്വറൻസ് മേഖലയിൽ നിലവിലുള്ള ഏകദേശം എല്ലാ തരത്തിലുള്ള പോളിസികളും വകുപ്പ് നൽകിവരുന്നു.	ഓരോ പദ്ധതിക്കും പ്രത്യേകമായി IRDAI നിർദ്ദേശിച്ചിട്ടുള്ള നിരക്കുകൾ പ്രകാരമുള്ള പ്രീമിയം ഈടാക്കികൊണ്ടാണ് പദ്ധതിയുടെ പരിരക്ഷ ഉറപ്പുവരുത്തുന്നത്.
കോവി-ലൈഫ് പദ്ധതി: കോവിഡ് ബാധിച്ച് മരണപ്പെടുന്ന റേഷൻ കട വ്യാപാരികൾക്കും സ്ഥാപനത്തിലെ ഒരു ജീവനക്കാരനും 7.5 ലക്ഷം രൂപ	പ്രീമിയം തുക 1060/- രൂപ

ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി.	

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

117 (4323) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ അറിയിക്കാമോ?

കേരള സംസ്ഥാന സർക്കാരിന്റെ ധനകാര്യ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വാണിജ്യ വകുപ്പായ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് സർക്കാർ ജീവനക്കാർക്കുള്ള ലൈഫ് ഇൻഷ്വറൻസ് പദ്ധതികളും സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തികളിന്മേലുള്ള ജനറൽ ഇൻഷ്വറൻസും നടപ്പിലാക്കിവരുന്നു. ജീവനും സ്വത്തിനും പരിരക്ഷ നൽകുന്നതോടൊപ്പം മെച്ചപ്പെട്ട സമ്പാദ്യം ഉറപ്പുവരുത്തുന്ന വിവിധങ്ങളായ പദ്ധതികൾ വകുപ്പുവഴി നടപ്പിലാക്കിവരുന്നു. മികച്ച സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് സർക്കാർ, അർദ്ധസർക്കാർ, ബോർഡ്, കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഗ്രാന്റ് ലഭിക്കുന്ന സ്വയംഭരണ

സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് മെച്ചപ്പെട്ട പരിരക്ഷ ഉറപ്പുവരുത്തുന്നു.

(ബി) ഏതൊക്കെ വിഭാഗത്തിലുള്ള ഇൻഷ്വറൻസ് പരിരക്ഷകളാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ?

പ്രധാനമായും രണ്ട് തരത്തിലുള്ള ഇൻഷ്വറൻസ് പരിരക്ഷകളാണ് വകുപ്പുവഴി നൽകിവരുന്നത്. ലൈഫ് ഇൻഷ്വറൻസും ജനറൽ ഇൻഷ്വറൻസും.

(സി) ജീവനക്കാർക്കുള്ള ഇൻഷ്വറൻസ് പോളിസികൾ സംബന്ധിച്ച സ്ഥിതിവിവരം അറിയാൻ ഓൺലൈൻ സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കാമോ?

വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം പൂർത്തിയാകുന്നമുറയ്ക്ക് എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്നതാണ്.

(ഡി) ജീവനക്കാർക്കുള്ള മെഡിസെപ് പദ്ധതി ഏറ്റെടുക്കാൻ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് സാധിക്കുമോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ജീവനക്കാർക്കുള്ള മെഡിസെപ് പദ്ധതി ഏറ്റെടുക്കാൻ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് നിലവിൽ സാധ്യമല്ല.

സർക്കാർ ഉദ്യോഗസ്ഥർക്കായി നടപ്പാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

118 (4324) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഉദ്യോഗസ്ഥർക്കായി നടപ്പാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിൽ ആകെ എത്ര പേരാണ് അംഗങ്ങളായിട്ടുള്ളതെന്ന് പ്രീമിയം തുകയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് അറിയിക്കുമോ?

സംസ്ഥാന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ നിർബന്ധമായും അംഗത്വമെടുക്കേണ്ടതുണ്ട്. എന്നാൽ ഇൻഷ്വറൻസ് വകുപ്പിനുകീഴിലുള്ള ഓഫീസുകളിലെ രേഖകൾ നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ലാത്തതിനാൽ പ്രീമിയം തുകയുടെ അടിസ്ഥാനത്തിൽ അംഗങ്ങളുടെ എണ്ണം ക്രോഡീകരിച്ചിട്ടില്ല. രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിലവിൽ ഏതൊക്കെ ഇൻഷ്വറൻസ് പദ്ധതികളിലാണ് സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ നിർബന്ധമായും ചേർന്നിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (SLI), ഗ്രൂപ്പ് ഇൻഷ്വറൻസ് (GIS), ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് (GPAIS) എന്നീ പദ്ധതികളിലാണ് സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ നിർബന്ധമായും ചേർന്നിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്.

(സി) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പുതുക്കിയത് പ്രകാരമുള്ള ഇൻഷ്വറൻസ് പരിരക്ഷ ജീവനക്കാർക്ക് എന്നുമുതലാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ ഏതാനും വർഷങ്ങളായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ പുതുക്കലുകളൊന്നും നടന്നിട്ടില്ല. പദ്ധതിയിൽ അംഗത്വമെടുക്കുന്ന മാസം മുതൽ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ച് തുടങ്ങും.

(ഡി) ഗ്രൂപ്പ് ഇൻഷ്വറൻസ് പുതുക്കിയ പദ്ധതി പ്രകാരം മുമ്പുണ്ടായിരുന്നതിൽനിന്നും ഇപ്പോഴുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

2019-ൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിലെ മരണപ്പെടുന്നവർക്കുള്ള ക്ലെയിം തുക നിലവിലുണ്ടായിരുന്നതിന്റെ ഇരട്ടിയാക്കി വർദ്ധിപ്പിച്ചു (10 രൂപയുടെ ഒരു യൂണിറ്റിന് 10,000 രൂപയ്ക്ക് പകരം 20,000 രൂപ ക്ലെയിം നൽകി തുടങ്ങി). പദ്ധതിയിൽ മറ്റ് മാറ്റങ്ങളൊന്നും വന്നിട്ടില്ല.

(ഇ) ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി ആരംഭിച്ചതെന്നാണ്; പദ്ധതിയുടെ ആരംഭം മുതൽ നാളിതുവരെ എത്ര തവണയാണ് പ്രീമിയം തുകയിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്; വർദ്ധനവ് വരുത്തിയ തുകയും വർദ്ധനവ് പ്രാബല്യത്തിൽവന്ന തീയതികളും അറിയിക്കുമോ?

ജി.ഐ.എസ്. പദ്ധതി ആരംഭിച്ചത് 1984-ലാണ്. 09-08-1984 ലെ സ.ഉ. (അ) നം.392/84/ധന. പ്രകാരം പദ്ധതിയുടെ ആരംഭം മുതൽ 7 തവണ വരിസംഖ്യാ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(എഫ്) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ തുക വിതരണം ചെയ്തിട്ടുള്ളത് ആകെ എത്ര ജീവനക്കാർക്കാണെന്ന് ഓരോ വർഷവും വിതരണം ചെയ്ത ആകെ തുക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

1984-ലാണ് പദ്ധതി നിലവിൽവന്നത്. ആദ്യകാലത്ത് തീർപ്പാക്കിയ ക്ലെയിമുകളുടെ വിവരങ്ങൾ ലഭ്യമല്ല. വകുപ്പിന്റെ ഇൻഹൗസ് സോഫ്റ്റ്വെയറായ ആശ്വാസ് വഴി തീർപ്പാക്കിയ 5 വർഷത്തെ ക്ലെയിമുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ക്ലെയിമുകളുടെ വർഷം	ക്ലെയിമുകളുടെ എണ്ണം	വിതരണം ചെയ്ത തുക (രൂപയിൽ)
2019	22061	1,45,35,86,505
2020	19121	1,51,96,78,713
2021	20556	1,96,61,78,324
2022	19860	2,35,63,74,485
2023	1955	35,82,22,323

മെഡിസെപ് പദ്ധതിയിലെ ആശുപത്രികൾ

119 (4325) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ നിലവിൽ എത്ര സർക്കാർ ആശുപത്രികളും എത്ര സ്വകാര്യ ആശുപത്രികളും ചേർന്നിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; ഓരോ ആശുപത്രികളിലും ലഭിക്കുന്ന ചികിത്സകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മെഡിസെപ് പദ്ധതിയിൽ 143 സർക്കാർ ആശുപത്രികളും 337 സ്വകാര്യ ആശുപത്രികളുമുൾപ്പെടെ ആകെ 480 ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശവും ഓരോ ആശുപത്രികളിലും ലഭിക്കുന്ന ചികിത്സകളും മെഡിസെപ് സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന ലിങ്കിലെ സ്പെഷ്യലൈസേഷൻ എന്ന മെനുവിൽ ലഭ്യമാണ്.

(ബി) മിക്ക ജില്ലകളിലെയും പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽനിന്നും വിട്ടുനിൽക്കുന്നതായും തുടക്കത്തിൽ താല്പര്യമില്ലാതെ പദ്ധതിയിൽ ചേർന്ന പല സ്വകാര്യ ആശുപത്രികളും ഇപ്പോൾ പദ്ധതിയിൽനിന്നും പിന്മാറുന്നതായുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പദ്ധതിയുടെ ആദ്യഘട്ടത്തിൽ എംപാനൽ ചെയ്തിട്ടില്ലാത്ത സംസ്ഥാനത്തെ മിക്ക ആശുപത്രികളും അടുത്തഘട്ട എംപാനൽമെന്റിൽ ഉൾപ്പെട്ടിട്ടുണ്ട്. എംപാനൽ ചെയ്ത ആശുപത്രികൾ ഏതെങ്കിലും പദ്ധതിയിൽനിന്നും പിന്മാറിയതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടില്ല.

(സി) പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളും നിലവിൽ താല്പര്യപ്പെട്ടുവന്ന സ്വകാര്യ ആശുപത്രികളും ചികിത്സ നിർത്തലാക്കി പിന്മാറുന്നതോടുകൂടി മെഡിസെപ്പുവഴി ഉദ്ദേശിച്ച പ്രയോജനം ജീവനക്കാർക്ക് ലഭിക്കില്ല എന്നതിനാൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികൾ പദ്ധതിയിൽനിന്നും പിന്മാറിയതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടില്ല.

(ഡി) മെഡിസെപ് മുഖേനയുള്ള ചികിത്സകൾ ആശുപത്രികളിൽ ക്യാഷ്ലെസ്സാണോ; എത്ര ദിവസത്തിന് ചികിത്സ ലഭിക്കും; കൂടുതൽ വരുന്ന

തുക അടയ്ക്കേണ്ടതുണ്ടോ; ഇതുസംബന്ധമായ എല്ലാ വിവരങ്ങളുമുൾപ്പെടുത്തി കൃത്യമായ ചികിത്സാ മാനദണ്ഡങ്ങൾ; ഏതെല്ലാം ചികിത്സകൾക്ക് ആനുകൂല്യം ലഭിക്കും; എവിടെയെല്ലാം ലഭിക്കും; എങ്ങനെയാണെങ്കിൽ ലഭിക്കില്ല; പരാതി സംഗതികൾക്ക് ആരെയാണ് സർക്കാരിൽ ബന്ധപ്പെടേണ്ടത്; ഇൻഷ്വറൻസ് കമ്പനിയുടെ ഭാഗത്ത് ആരെ ബന്ധപ്പെടണം എന്നിങ്ങനെയുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മെഡിസെപ് മുഖേന എംപാനൽഡ് ആശുപത്രികളിലെ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള എല്ലാ ചികിത്സകൾക്കും ക്യാഷ്‌ലെസ്സ് ചികിത്സ ലഭ്യമാണ്. മെഡിസെപ് ചികിത്സാ പാക്കേജുകൾക്ക് മുകളിൽ വരുന്ന തുക അടയ്ക്കേണ്ടതില്ല. മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ചികിത്സാ മാനദണ്ഡങ്ങൾ, ചികിത്സകൾ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ 27-06-2022-ലെ ജി.ഒ. (പി.) നം.70/2022/ധന. സർക്കാർ ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പരാതികൾ മെഡിസെപ് സൈറ്റിലെ ഗ്രീവൻസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. പദ്ധതിയിൽ എംപാനൽ ചെയ്തിരിക്കുന്ന പ്രസ്തുത ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രികളുടെ ലിസ്റ്റ് മെഡിസെപ് പോർട്ടലിൽ ലഭ്യമാണ്. പരാതികൾ

ഓൺലൈനായി medisepkerala@orientalinsurance.co.in എന്ന ഇ-മെയിൽ മുഖേന സമർപ്പിക്കേണ്ടതാണ്.

(ഇ) ചില സ്വകാര്യ ആശുപത്രികൾ അവർ കരാറിലേർപ്പെട്ട എല്ലാ ചികിത്സകളും നൽകാതെ ഒന്നിലധികം രോഗവുമായി അഡ്മിറ്റ് ചെയ്യപ്പെടുകയാണെങ്കിൽ ഏതെങ്കിലും ഒരസുഖത്തിന് മാത്രം ചികിത്സ നൽകുന്നതായും പാക്കേജ് എന്ന പേരിൽ 5 ദിവസത്തിന് മാത്രമായി പരിമിതപ്പെടുത്തുന്നതായും ബാക്കി ചികിത്സകളുടെ തുക നിർബന്ധപൂർവം കൈപ്പറ്റുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികൾക്കെതിരെയാണ് അത്തരത്തിൽ പരാതി ലഭിച്ചിട്ടുള്ളതെന്നും ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ?

ലഭിച്ചിട്ടില്ല. ഇപ്രകാരം പരാതികൾ ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയെ കളങ്കപ്പെടുത്തുന്ന പ്രവണതകൾ സ്വീകരിക്കുന്ന ആശുപത്രികൾക്കെതിരെ നിയമ നടപടികളുൾപ്പെടെ കർശന നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുന്നതാണ്.

ജി.പി.എ.ഐ.എസ്. പദ്ധതി പ്രകാരം ലഭിച്ച തുക

120 (4326) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.പി.എ.ഐ.എസ്. പദ്ധതി പ്രകാരം കേരളത്തിലെ സർക്കാർ ജീവനക്കാരിൽനിന്ന് നാളിതുവരെ ആകെ എത്ര തുകയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജി.പി.എ.ഐ.എസ്. പദ്ധതി പ്രകാരം 2011 മുതൽ 24-01-2023 വരെ ലഭിച്ച തുക 279,55,81,568/- രൂപയാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം അപകടത്തിൽപ്പെട്ട എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അപകടത്തിൽപ്പെട്ട ജീവനക്കാർക്കും മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്കും നൽകിയ തുക തരംതിരിച്ച് ലഭ്യമാക്കാമോ?

2011 മുതൽ 2022 വരെ 1507 പേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ആശ്രിതർ	തുക	ജീവനക്കാർ	തുക
2011	139	10,72,00,000/-	6	14,33,334/-
2012	158	12,64,00,000/-	5	16,66,667/-
2013	150	11,71,33,333/-	--	--
2014	154	15,09,79,342/-	8	55,00,000/-
2015	135	13,54,23,435/-	2	10,00,000/-
2016	135	13,55,05,000/-	7	35,00,000/-

2017	117	10,73,33,332/-	3	20,00,000/-
2018	112	11,16,42,192/-	5	40,00,000/-
2019	136	11,28,00,000/-	--	--
2020	100	10,00,00,000/-	10	30,40,000/-
2021	103	10,30,00,000/-	3	10,40,000/-
2022	18	1,80,00,000/-	1	5,50,000/-

(സി) ജി.പി.എ.ഐ.എസ്. പദ്ധതി നടപ്പിലാക്കുമ്പോൾ ജീവനക്കാരിൽനിന്നും പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനെക്കുറിച്ചും ആനുകൂല്യം നിഷേധിക്കുന്നതിനെക്കുറിച്ചും കാര്യകാരണങ്ങൾ വ്യക്തമാക്കിയാണോ സമ്മതപത്രം വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ?

ജി.പി.എ.ഐ.എസ് പദ്ധതിക്കായി സമ്മതപത്രം വാങ്ങാറില്ല. ടി പദ്ധതിയുടെ ആനുകൂല്യങ്ങളെക്കുറിച്ചും പ്രസ്തുത ആനുകൂല്യം നഷ്ടമാകുന്ന സാഹചര്യങ്ങളെക്കുറിച്ചും വർഷാവർഷം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ വ്യക്തമാക്കാറുണ്ട്.

(ഡി) നിബന്ധനകൾ അറിയാതെ ജി.പി.എ.ഐ.എസ്. പദ്ധതിയുടെ തുക ജീവനക്കാരിൽനിന്ന് ഈടാക്കുന്നതായും അപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് പ്രസ്തുത ആനുകൂല്യം

നിഷേധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടില്ല.

മെഡിസെപ് പ്രകാരം എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ ചികിത്സാ ആനുകൂല്യം ലഭിക്കാത്ത ചികിത്സകൾ

121 (4327) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പ്രകാരം എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ ചികിത്സാ ആനുകൂല്യം ലഭിക്കാത്ത ചികിത്സകൾക്ക് പ്രസ്തുത ആശുപത്രികളിൽ ചികിത്സ നടത്തിയവരുടെ തുക നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇവർക്ക് റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

01-07-2022-ൽ നിലവിൽവന്ന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ എംപാനൽ ചെയ്തിട്ടുള്ള വിഭാഗങ്ങളിൽ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ചികിത്സകൾക്ക് മാത്രമാണ് ആനുകൂല്യം ലഭിക്കുന്നത്. എംപാനൽ ചെയ്യാത്ത

ആശുപത്രികളിലെ ചികിത്സാ പ്രക്രിയകൾക്ക് ചെലവായ തുക ജീവനക്കാർക്ക് നിലവിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ചട്ടങ്ങൾ പ്രകാരം റീ-ഇംബേഴ്സ്മെന്റ് നൽകാവുന്നതാണ്.

(ബി) മെഡിസെപ് പ്രകാരം എംപാനൽ ചെയ്ത മുഴുവൻ ആശുപത്രികളിലും ജീവനക്കാർക്ക് അത്യാവശ്യമായ ചികിത്സ ലഭിക്കുന്നതിന് ഒരു നിശ്ചിത തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മെഡിസെപ് പദ്ധതി പ്രകാരം എംപാനൽ ചെയ്ത മുഴുവൻ ആശുപത്രികളിലും ജീവനക്കാർക്ക് പദ്ധതിയിലുൾപ്പെടുത്തിയ ചികിത്സ ലഭിക്കുന്നതിനാവശ്യമായ തുകയാണ് വാർഷിക പ്രീമിയം ഇനത്തിൽ തിട്ടപ്പെടുത്തി ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നത്. കൂടാതെ എംപാനൽ ചെയ്ത ആശുപത്രികളിലെ എല്ലാ അത്യാവശ്യ ചികിത്സകളും മെഡിസെപ് പദ്ധതിയുടെ ആനുകൂല്യത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ഇൻഷ്വറൻസ് കമ്പനിക്ക് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്.

മെഡിസെപ് പദ്ധതി

122 (4328) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ജില്ലകൾതോറും പരാതി പരിഹാര സെൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

27-06-2022-ലെ ജി.ഒ.(പി) നം.76/2022/ധന. സർക്കാർ ഉത്തരവ് പ്രകാരം മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ജില്ലകൾതോറും ജില്ലാ കളക്ടർ കൺവീനറായ ജില്ലാതല പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്.

മെഡിസെപ് പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികൾ

123 (4329) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ നിലവിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ പട്ടിക ലഭ്യമാക്കുമോ; പ്രസ്തുത ആശുപത്രികളിലെ എല്ലാ വിഭാഗങ്ങളിലെയും ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ടോയെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മെഡിസെപ് പദ്ധതിയിൽ നിലവിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ പട്ടിക മെഡിസെപ് പോർട്ടലിലെ ഹോസ്പിറ്റൽ എന്ന മെനുവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ

പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ചികിത്സാവിഭാഗങ്ങൾക്ക് മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. പ്രസ്തുത ആശുപത്രികളിലെ ഇനിയും എംപാനൽ ചെയ്തിട്ടില്ലാത്ത ചികിത്സാ വിഭാഗങ്ങളെയുമുൾപ്പെടുത്തുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എംപാനൽ ചെയ്ത ആശുപത്രികളിൽനിന്നും പിന്മാറിയവയുടെ പേരുവിവരം നൽകുമോ?

FHPL

1) KVM Hospital, Alappuzha

2) Jubilee Memorial Hospital, Thiruvananthapuram

VIDAL

1) Malappuram Co-operative Hospital

2) Sahakarana Hospital

എന്നിവയാണ് എംപാനൽ ചെയ്ത ആശുപത്രികളിൽനിന്നും പിന്മാറിയതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുള്ളത്.

(സി) മെഡിസെപ് പദ്ധതിയിൽ നാളിതുവരെ ജീവനക്കാരിൽനിന്നും പെൻഷൻകാരിൽനിന്നും ഇൻഷ്വറൻസ് പ്രീമിയമായി പിരിച്ച തുകയുടെയും ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയ തുകയുടെയും വിശദാംശം ലഭ്യമാക്കുമോ?

പദ്ധതിയാരംഭിച്ച് ജൂലൈ 2022 മുതൽ 2022 ഡിസംബർ മാസം വരെയുള്ള കാലയളവിൽ ജീവനക്കാരിൽനിന്നും പെൻഷൻകാരിൽനിന്നും 324.87 കോടി രൂപ പ്രീമിയം വിഹിതമായും ഇൻഷ്വറൻസ് കമ്പനിക്ക് ആദ്യ പോളിസി കാലയളവിലെ മൂന്ന് ഗഡു പ്രീമിയം തുക ഇനത്തിൽ ആദ്യ ഇൻസ്റ്റാൾമെന്റ് തുകയായി 156,51,07,000/- രൂപയും രണ്ടാം ഗഡുവായി 166,20,28,790/- രൂപയും മൂന്നാം ഗഡുവായി 160,28,79,000/- രൂപയും ചേർത്ത് ആകെ 483,00,13,000/- കോടി രൂപ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്.

മെഡിസെപ് പദ്ധതി

124 (4330) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിസെപ് പദ്ധതിയിൽ ചിറയിൻകീഴ്, വർക്കല താലൂക്കുകളിലെ ഏതെല്ലാം ആശുപത്രികളാണ് നിലവിൽ എംപാനൽ ചെയ്യപ്പെട്ടിരിക്കുന്നത്; കൂടുതൽ ആശുപത്രികൾ എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

വർക്കല താലൂക്കിലെ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.[+] ചിറയിൻകീഴ് താലൂക്കിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശുപത്രികളൊന്നുംതന്നെ നിലവിൽ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടില്ല. കൂടുതൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിനുള്ള കർശന നിർദ്ദേശം ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്.

കെ.എഫ്.സി. വഴി ചെറുകിട, ഇടത്തരം സംരംഭകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

125 (4331) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എഫ്.സി. വഴി ചെറുകിട-ഇടത്തരം സംരംഭകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കെ.എഫ്.സി.-യിൽ ചെറുകിട-ഇടത്തരം സംരംഭകർക്ക് താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്.

1. മുഖ്യമന്ത്രിയുടെ സംരംഭകത്വ പദ്ധതി (സി.എം.ഇ.ഡി.പി.) പ്രകാരം ചെറുകിട-ഇടത്തരം സംരംഭകർക്ക് 2 കോടി രൂപ 5% പലിശ നിരക്കിൽ വായ്പ അനുവദിക്കുന്നുണ്ട്. നോർക്ക റൂട്ട്സ് NDPREM പദ്ധതിയിൽ അർഹരായ പ്രവാസികൾക്ക് 3% അധിക പലിശയിളവ് അനുവദിക്കുന്നുണ്ട്. CMEDP പദ്ധതിവഴി 2369 യൂണിറ്റുകൾക്കായി 39745.97 ലക്ഷം രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.

2. സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി. മൂന്ന് വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആശയത്തിൽനിന്നും ഉൽപ്പാദനത്തിലേയ്ക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവത്കരണത്തിന് 50 ലക്ഷം രൂപയും സ്കെയിലിംഗ് അപ്പിന് ഒരു കോടി രൂപയും നൽകുന്ന പദ്ധതിയാണ് 'സ്റ്റാർട്ടപ് കേരള' പദ്ധതി. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക് അവരുടെ പർച്ചേസ് ഓർഡറുകൾ തീർപ്പാക്കുന്നതിനായി പ്രവർത്തന മൂലധന വായ്പ (10 കോടി രൂപ വരെ), വെഞ്ചർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ) എന്നിവയും നൽകുന്നുണ്ട്. സ്റ്റാർട്ടപ്പുകൾക്കായുള്ള പദ്ധതികൾവഴി 42 സ്റ്റാർട്ടപ്പുകൾക്ക് 45.89 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

3. കൃത്യമായ തിരിച്ചടവ് നടത്തുന്ന സംരംഭകർക്ക് 0.50% റിബേറ്റ് നൽകിവരുന്നുണ്ട്.

പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും നിയമ അവബോധം നൽകുന്നതിനുള്ള പദ്ധതികൾ

126 (4332) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമ അവബോധവും ഭരണഘടനാമൂല്യങ്ങളും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പകർന്നുനൽകുന്നതിന് നിയമ വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് നിയമ അവബോധവും ഭരണഘടനാ മൂല്യങ്ങളും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പകർന്നുനൽകുന്നതിന് നിയമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന നിയമ സേവന അതോറിറ്റി (കെൽസ) വിവിധ ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്.

- കുടുംബശ്രീ വർക്കേഴ്സ്, ആശാവർക്കേഴ്സ്, MGNREGS തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് നിയമബോധന ക്ലാസുകൾ തുടർച്ചയായി ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾവഴി നടത്തിവരുന്നു.
- ആസാദി കാ അമൃത് മഹോത്സവ്, പാൻ ഇൻഡ്യ ലീഗൽ അവയർനെസ് എന്നിവ കൃാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിയമ ബോധന പരിപാടികൾ സംഘടിപ്പിച്ചിരുന്നു.

- ഭരണഘടനാ സാക്ഷരത ജനകീയമാക്കുന്നതിലേയ്ക്കായി ഭരണഘടന തത്വങ്ങളുൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമ സാക്ഷരതാ പരിപാടികൾ സംസ്ഥാനത്തുടനീളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അക്രമങ്ങൾക്കെതിരെയുള്ള അവബോധവും നിയമസഹായവും നൽകുന്നതിന് നിയമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ലീഗൽ സർവ്വീസസ് അതോറിറ്റി ആക്ട് 1987-ന്റെ വകുപ്പ് 12 പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കും ലീഗൽ സർവ്വീസസ് അതോറിറ്റിവഴി നിയമ സേവനം സൗജന്യമാണ്.

സ്ത്രീകൾക്കും മുതിർന്ന പൗരന്മാർക്കും ആവശ്യമായ നിയമങ്ങളും അവർക്കുള്ള വിവിധ പദ്ധതികളും സംബന്ധിച്ച് അവബോധം നൽകുന്നതിനായി 'സ്ത്രീയും നിയമവും' എന്ന കൈപുസ്തകം കെൽസ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്.

വിക്ടിം റൈറ്റ്സ് സെന്റർ എന്ന പേരിൽ കെൽസയുടെ ആഭിമുഖ്യത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പോക്സോ അടക്കമുള്ള വിവിധ കുറ്റകൃത്യങ്ങളിൽ ഇരയാക്കപ്പെട്ടിട്ടുള്ള

സ്ത്രീകളും കുട്ടികളുമടക്കമുള്ള ഇരകളുടെ നിലനിൽപ്പിനും മാനസികമായും ശാരീരികമായുമുള്ള അവരുടെ ആഘാതങ്ങൾക്കും ചികിത്സ, കൗൺസിലിംഗ്, നിയമ സഹായം, മോട്ടിവേഷൻ ക്ലാസുകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന സ്ത്രീകൾക്കുവേണ്ട നിയമസഹായങ്ങൾ വിക്ടിം റൈറ്റ്സ് സെന്ററ്റർവഴി നൽകുന്നുണ്ട്.

(സി) വളർന്നുവരുന്ന പുതുതലമുറയിൽ നിയമസാക്ഷരത ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിദ്യാർത്ഥികളിൽ നിയമ അവബോധം വർദ്ധിപ്പിക്കുന്നതിനായി വിവിധ പുസ്തകങ്ങൾ കെൽസ പ്രസിദ്ധീകരിക്കുന്നുണ്ട്.

1. നിയമപാഠം - സ്കൂൾ കുട്ടികൾക്ക്

2. നിയമപാഠം-കോളേജ് വിദ്യാർത്ഥികൾക്ക്

3. Lessons in Law for CBSE Students

- ഭരണഘടനയുടെ പ്രസക്ത ഭാഗങ്ങളും ഒരു പൗരൻ അറിഞ്ഞിരിക്കേണ്ട എല്ലാ പ്രധാനപ്പെട്ട നിയമങ്ങളും സ്കൂൾ നിയമ പാഠത്തിലുൾപ്പെടുത്തിയിട്ടുണ്ട്.
- നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഓരോ ജില്ലയിലും തെരഞ്ഞെടുത്ത അഞ്ച് സ്കൂളുകളിൽ ലീഗൽ ലിറ്ററസി

ക്ലബ്ബുകൾ സ്ഥാപിക്കുകയും അതുവഴി വിദ്യാർത്ഥികളിൽ നിയമ അവബോധം സൃഷ്ടിക്കുന്നതിനായി പരിപാടികൾ നടപ്പിലാക്കിവരുന്നു.

- നിയമ ഗോത്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിയമ വിദ്യാഭ്യാസത്തിന് (LLB) പ്രവേശനം ലഭിക്കുന്നതിനായി എൻട്രൻസ് കോച്ചിംഗ് ക്ലാസുകൾ നടത്തിവരുന്നുണ്ട്. കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ പതിനഞ്ചിലധികം വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം ലോ കോളേജിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.
- വിദ്യാർഥികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇംഗ്ലീഷ് ഭാഷയിൽ ‘ Lessons in Law’ എന്നും മലയാള ഭാഷയിൽ നിയമപാഠം എന്ന പുസ്തകം നിയമസേവന അതോറിറ്റി മുഖേന പ്രസിദ്ധീകരിച്ച് വിതരണം ചെയ്തുവരുന്നു. 2020 മുതൽ തമിഴിലും പ്രസിദ്ധീകരിച്ച് വിതരണം ചെയ്തുവരുന്നു. ഈ പുസ്തകങ്ങളെ അടിസ്ഥാനമാക്കി സ്കൂൾ/താലൂക്ക്/ജില്ല/സംസ്ഥാന തലങ്ങളിലും കെൽസയുടെ ആഭിമുഖ്യത്തിൽ കെൽസ എവർറോളിംഗ് ട്രോഫിക്കുവേണ്ടി വർഷംതോറും ക്വിസ് മത്സരം നടത്തിവരുന്നു.

- കൗൺസിലിംഗ് ഉൾപ്പടെ വിവിധ പരിപാടികൾ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾവഴി നടത്തിവരുന്നു.

- പുതിയ തലമുറയെ സാക്ഷരരാക്കാനും ബോധവത്കരിക്കാനും കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്ത്രീധനം, സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിയമം, Anti Ragging Laws തുടങ്ങിയവയെക്കുറിച്ച് കെൽസ ബോധവത്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ട്. ഭരണഘടനാ സാക്ഷരത ജനകീയമാക്കുന്നതിലേയ്ക്കായി ഭരണഘടനാ തത്വങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമസാക്ഷരതാ പരിപാടികൾ സംസ്ഥാനത്തുടനീളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ആയതിനായി എന്റെ രാജ്യം എന്റെ സ്വർഗ്ഗം (MY Nation My Heaven) എന്നീ പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) നിയമപഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് നിയമ വകുപ്പ് പ്രത്യേകമായി സ്കോളർഷിപ്പുപോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട നിയമങ്ങൾ പരിശോധിക്കുന്നതിന് സമിതി

127 (4333) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ പരിശോധിക്കുന്നതിനായി സർക്കാർ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ആശയം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംരംഭകരെ സംബന്ധിക്കുന്ന എല്ലാ നിയമങ്ങളും ചട്ടങ്ങളും സൂക്ഷ്മമായി പരിശോധിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും സർക്കാർ, നവാൽസ് വി.സി. ഡോ. സണ്ണിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിച്ചിരുന്നു.

(ബി) പ്രസ്തുത സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതും സംരംഭകരെ ബാധിക്കുന്നതുമായ നിലവിലുള്ള വിവിധ നിയമങ്ങളിൽ സമിതി സമർപ്പിച്ച ഭേദഗതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഇത് അന്തിമ റിപ്പോർട്ടായി സർക്കാർ സ്വീകരിച്ചിട്ടില്ല.

(സി) റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണ്; ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും വിവിധ വകുപ്പുകളുടെ കീഴിൽവരുന്ന നിലവിലുള്ള നിയമങ്ങൾ സമിതി പരിശോധിച്ചിരുന്നു. തദ്ദേശസ്വയംഭരണം, തൊഴിൽ, റവന്യൂ, വ്യവസായം തുടങ്ങി വിവിധ വകുപ്പുകളിൽ നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നു. ഇവ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി, ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരും സെക്രട്ടറിമാരുമായും മന്ത്രിതല ചർച്ചകൾ നടത്തിയിരുന്നു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ്, തൊഴിൽ വകുപ്പുമന്ത്രിമാരുമായി വ്യവസായ വകുപ്പുമന്ത്രി ചർച്ച നടത്തി. ഡോ. സണ്ണി കമ്മിറ്റി റിപ്പോർട്ടിൽ തദ്ദേശസ്വയംഭരണ വകുപ്പ്, തൊഴിൽ വകുപ്പ്, മൈനിംഗ് & ജിയോളജി

എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങളും ശിപാർശകളും പരിശോധിക്കുന്നതിന് വ്യവസായ വകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും, വ്യവസായ വകുപ്പിന്റേയും തൊഴിലും നൈപുണ്യവും വകുപ്പിന്റേയും, വ്യവസായ വകുപ്പിന്റേയും മൈനിംഗ് & ജിയോളജി വകുപ്പിന്റേയും പ്രതിനിധികളെയുൾപ്പെടുത്തിക്കൊണ്ട് 3 പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. അനുപേക്ഷണീയമെന്ന് കാണുന്ന ഭേദഗതികൾ പരിശോധിച്ച് അന്തിമപ്പെടുത്തുന്നതാണ്.

കേരള നിയമ സഹായനിധി

128 (4334) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം നിയമ സഹായനിധിയിലേയ്ക്ക് വകയിരുത്തിയ തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷം നിയമ സഹായനിധിയിലേയ്ക്ക് 20,00,00,000/- (ഇരുപത് കോടി) രൂപയാണ് വകയിരുത്തിയത്. ഈ തുകയിൽനിന്നും 5,00,00,000/- (അഞ്ച് കോടി) രൂപ ആദ്യഗഡുവായി

ധനകാര്യ വകുപ്പ് നിയമ സഹായനിധിക്ക് നൽകിയിരുന്നതിൽ 3,15,00,000/- (മൂന്ന് കോടി പതിനഞ്ച് ലക്ഷം) രൂപ കേരള അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റിക്കും 1,35,00,000/- (ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം) രൂപ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിക്കും 50,00,000/- (അൻപത് ലക്ഷം) രൂപ വ്യവഹാരികൾക്ക് അടിസ്ഥാനസൗകര്യം ലഭ്യമാക്കുന്നതിനുമായി കേരള നിയമസഹായ നിധിയുടെ STSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമാണ്. കേരള അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റിയുടെ പേരിൽ STSB അക്കൗണ്ട് തുടങ്ങിയാലുടൻതന്നെ 3,15,00,000/- (മൂന്ന് കോടി പതിനഞ്ച് ലക്ഷം) രൂപ കൈമാറുന്നതാണ്. കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിക്ക് 1,35,00,000/- (ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം) രൂപ നൽകുന്നതിനായി പ്രസ്തുത തുകയ്ക്കുള്ള ചെക്ക് ധനകാര്യ വകുപ്പിന്റെ വേയ്സ് & മീൻസ് ക്ലിയറൻസിനായി നൽകിയിരിക്കുകയാണ്. വ്യവഹാരികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി രജിസ്ട്രാറിൽനിന്നും ലഭിക്കുന്നമുറയ്ക്ക് 50,00,000/- (അൻപത് ലക്ഷം) രൂപ ഈ ആവശ്യത്തിനായും ചെലവഴിക്കുന്നതാണ്. കൂടാതെ ഈ സാമ്പത്തിക വർഷം 1014.99 ലക്ഷം രൂപകൂടി നിയമസഹായ

നിധിയിലേയ്ക്ക് നൽകാമെന്ന് ധനകാര്യ വകുപ്പ് 3-03-2023-ൽ അറിയിച്ചിട്ടുണ്ട്.

(ബി) നിയമ സഹായനിധിയിലേയ്ക്ക് ഫണ്ട് സമാഹരിക്കുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ; മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ നിയമ സഹായനിധിയിലേയ്ക്കായി എത്ര തുക പിരിച്ചെടുത്തിട്ടുണ്ട്; അതിൽ എത്ര തുക സഹായനിധിയിലേയ്ക്ക് കൈമാറിയിട്ടുണ്ട്; മുഴുവൻ തുകയും കൈമാറി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

കേരള നിയമ സഹായനിധി ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം കേരള കോർട്ട് ഫീസ് & സ്യൂട്ട് വാല്യുവേഷൻ ആക്ടിലെ 76-ാം വകുപ്പ് അനുസരിച്ച് നിധിയിലേയ്ക്ക് വരവ് വയ്ക്കേണ്ടതായ തുക "നിയമ സഹായനിധി" എന്ന വാക്കുകൾ മുദ്രണം ചെയ്ത കോടതി ഫീസ് സ്റ്റാമ്പുകളായി ട്രഷറി ഓഫീസുകളിൽനിന്നും വിതരണം ചെയ്യുമ്പോൾ പിരിച്ചെടുക്കേണ്ടതും അതിന്റെ വിശദവരവ് "0030-സ്റ്റാമ്പ്സും രജിസ്ട്രേഷനും-01 സ്റ്റാമ്പ്സ് ജുഡീഷ്യൽ 800-99 സ്പെഷ്യൽ സ്റ്റാമ്പ്സ് ഓൺ ലീഗൽ ബെനിഫിറ്റ് ഫണ്ട്" എന്ന കണക്ക് ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും ഒരു വർഷം അങ്ങനെ സമാഹരിച്ച തുക അടുത്തവർഷം നിധിയിലേയ്ക്ക് മാറ്റേണ്ടതും വരവ്

വയ്ക്കേണ്ടതുമാണ്. 2016-17 സാമ്പത്തിക വർഷം മുതൽ 2022 ഡിസംബർ വരെ 11561.7 ലക്ഷം രൂപ നിയമ സഹായനിധിയിലേയ്ക്ക് പിരിച്ചെടുത്തിട്ടുണ്ട്. ഇതിൽനിന്നും 5260 ലക്ഷം രൂപ നിയമ സഹായനിധിയിലേയ്ക്ക് നാളിതുവരെ കൈമാറിയിട്ടുണ്ട്. മുഴുവൻ തുക ലഭ്യമാക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് നിയമ സഹായനിധിയിലേയ്ക്ക് നിക്ഷേപിക്കുന്നതാണ്.

(സി) നിയമ സഹായനിധി എന്തൊക്കെ ആവശ്യങ്ങൾക്കായാണ് ചെലവഴിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

നിയമ സഹായനിധിക്ക് ലഭിക്കുന്ന തുകയുടെ 70 ശതമാനത്തിന് തുല്യമായ തുക കേരള അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റിക്കും 30 ശതമാനത്തിന് തുല്യമായ തുക കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റിക്കും നൽകുന്നതിനായി നിയമ സഹായനിധിയിലേയ്ക്ക് നീക്കിവയ്ക്കുന്നു. നിയമ സഹായനിധിയിലേയ്ക്ക് ഇപ്രകാരം നീക്കിവയ്ക്കപ്പെട്ട തുകയുടെ 10 ശതമാനത്തിന് തുല്യമായ തുക വ്യവഹാരികൾക്ക് അടിസ്ഥാനസൗകര്യം ലഭ്യമാക്കുന്നതിനായി നിയമ സഹായനിധിയിൽ നിലനിർത്തിയതിനുശേഷം ശേഷിക്കുന്ന തുക വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി കേരള അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട്

ട്രസ്റ്റി കമ്മിറ്റിക്കും കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റിക്കും കൈമാറ്റം ചെയ്യുന്നു.

(ഡി) നിയമ സഹായനിധിയിലേയ്ക്ക് പിരിച്ചെടുത്ത തുക സർക്കാർ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

നിയമ സഹായനിധിലേയ്ക്ക് ലഭ്യമായ തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ഇ) നിയമ സഹായനിധിയിലേയ്ക്ക് സർക്കാർ കൈമാറാനുള്ള ആകെ തുക എത്രയാണ്; പ്രസ്തുത തുക അടിയന്തരമായി കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

5722.55 ലക്ഷം രൂപ നിയമ സഹായനിധിക്ക് സർക്കാർ കൈമാറുവാനുണ്ട്. പ്രസ്തുത തുക നിയമ സഹായനിധിക്ക് കൈമാറുവാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിലെ വിരമിക്കൽ പ്രായം

129 (4335) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) വിരമിക്കൽ പ്രായം 58-ൽനിന്ന് 60 ആക്കാനുള്ള ശിപാർശ സർക്കാരിന് നൽകിയിട്ടുണ്ടോ?

ഉണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി.-യിൽ ജനറൽ മാനേജരുടെ പദവിയിൽ അടുത്തമാസം വിരമിക്കുന്നയാൾക്ക് കരാറടിസ്ഥാനത്തിൽ രണ്ടുവർഷംകൂടി നീട്ടിക്കൊടുക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(സി) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ വിരമിക്കൽ പ്രായം 58-ൽനിന്ന് 60 ആക്കാനുള്ള ശിപാർശയിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ശിപാർശ സർക്കാർ പരിശോധിക്കുകയും വിരമിക്കൽ പ്രായം ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ വ്യവസായ വകുപ്പിനുകീഴിലുള്ള ഇൻഡസ്ട്രിയൽ സൊസൈറ്റികൾ

130 (4336) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിനുകീഴിൽ എത്ര ഇൻഡസ്ട്രിയൽ സൊസൈറ്റികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ 149 വ്യവസായ സഹകരണ സംഘങ്ങളുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇവയിൽ എത്ര സ്ഥാപനങ്ങൾ ലാഭത്തിലാണെന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ?

149 വ്യവസായ സഹകരണ സംഘങ്ങളിൽ 8 സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. ടി സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്ക്

131 (4337) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് നഷ്ടത്തിലായിരുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുവാൻ വ്യവസായ വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് 2016-17 മുതൽ നാളിതുവരെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ കഴിഞ്ഞുവെന്നും എത്ര ശതമാനം വളർച്ച നേടാൻ കഴിഞ്ഞുവെന്നും വിശദമാക്കുമോ?

(എ&ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള ശക്തമായ മോണിറ്ററിംഗ് സംവിധാനങ്ങളുടെയും ഇടപെടലുകളുടെയും ഫലമായി വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ 2016-17 കാലയളവിൽ നഷ്ടത്തിലായിരുന്ന ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ദി കേരള സിറാമിക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെ.സി.സി.പി. ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2015-16-ലെ വിറ്റുവരവിനേക്കാൾ മൂപ്പത് ശതമാനത്തിലധികം വളർച്ച നേടാൻ 2021-22

കാലയളവിൽ സാധിച്ചിട്ടുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം 2021-22 കാലയളവിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ 386 കോടി രൂപ പ്രവർത്തനലാഭം നേടുകയുണ്ടായി. മുൻസാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 339 കോടി രൂപയുടെ വർദ്ധനവ് മൊത്തം പ്രവർത്തന ലാഭത്തിലുണ്ടായിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിനുമുമ്പുള്ള കണക്കുകൾപ്രകാരം വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 24 സ്ഥാപനങ്ങൾ പ്രവർത്തനലാഭം കൈവരിച്ചിട്ടുണ്ട്.

കെൽട്രാക്കിന്റെ പുനരുദ്ധാരണം

132 (4338) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അത്തൂർ നിയോജകമണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ അനുബന്ധ സ്ഥാപനമായ കെൽട്രാക്കിന്റെ പുനരുദ്ധാരണത്തിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് - 1955 പ്രകാരം 2002-ൽ സ്ഥാപിതമായ ഒരു ടൂൾ റൂം ഗവേഷണ പരിശീലന സ്ഥാപനമാണ് ആലപ്പുഴ

ജില്ലയിലെ അരൂരിൽ പ്രവർത്തിക്കുന്ന കെൽട്രാക്ക്. കോവിഡിനെ തുടർന്നുവന്ന ലോക്ഡൗൺ കാലത്ത് ആറുമാസത്തിലേറെ സ്ഥാപനം അടച്ചിടേണ്ടിവന്നു. അക്കാലത്ത് സ്ഥാപനത്തിന്റെ അപേക്ഷ പരിഗണിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ കെൽട്രോണിനായി അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽനിന്ന് ആകെ ഒരു കോടി പത്ത് ലക്ഷം രൂപയുടെ അടിയന്തര ധനസഹായം സർക്കാർ കെൽട്രോൺ മുഖേന കെൽട്രാക്കിന് അനുവദിക്കുകയുണ്ടായി. കെൽട്രാക്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്ഥാപനത്തിൽ മുഴുവൻ സമയവും ഡയറക്ടറെ നിയമിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നു. കെൽട്രാക്കിന്റെ പുനരുദ്ധാരണത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സ്ഥാപനം സമർപ്പിച്ച പ്രൊപ്പോസലും കേരളാ ബാങ്കിൽനിന്നും 75 ലക്ഷം രൂപ ലോണെടുക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലും സർക്കാരിൽ പരിശോധിച്ചുവരുന്നു.

കെൽട്രോണിന്റെ പ്രവർത്തനങ്ങൾ

133 (4339) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിന് 1000 കോടി രൂപയുടെ വിറ്റുവരവ് നേടുന്നതിനുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

കെൽട്രോണിന് 1000 കോടി രൂപയുടെ വിറ്റുവരവ് നേടുന്നതിനായി ട്രാഫിക് എൻഫോഴ്സ്മെന്റ്/ട്രാഫിക് മാനേജ്മെന്റ്/സ്മാർട്ട് ക്ലാസ്റൂംസ്, ഐ.ടി. അധിഷ്ഠിത സേവനങ്ങൾ/സ്മാർട്ട് സിറ്റി/സർവെയ്ലൻസ് സിസ്റ്റം എന്നീ മേഖലയിൽ ഊന്നൽ നൽകിയുള്ള പദ്ധതികളാണ് പ്രധാനമായും വിഭാവനം ചെയ്തിട്ടുള്ളത്. മേൽ സൂചിപ്പിച്ച പദ്ധതികളിലെ പ്രവർത്തന മേഖല മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിക്കാനാണ് കെൽട്രോൺ ലക്ഷ്യമിടുന്നത്. ഇതിനായി കെൽട്രോണിന്റെ കീഴിലുള്ള മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സബ്സിഡിയറി സ്ഥാപനങ്ങളുൾപ്പെടെയുള്ള കെൽട്രോൺ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർ മുതൽ ഉന്നത, മിഡിൽ ലെവൽ മാനേജ്മെന്റ് സംവിധാനത്തിലെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കെൽട്രോണിന്റെയും അനുബന്ധ കമ്പനികളിലെയും ഉന്നത, മിഡിൽ ലെവൽ മാനേജ്മെന്റ് സംവിധാനത്തിലെ കുറവ് പരിഹരിക്കുന്നതിന് കാലാനുസൃതമായുള്ള തസ്തികകളുൾപ്പെടുത്തി സ്റ്റാഫ് പാറ്റേൺ

പരിഷ്കരിക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് പഠനം നടത്തി ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാരിൽ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് സർക്കാർ പുതുതായി ആവിഷ്കരിച്ച കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡുവഴി നിയമനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) കെൽട്രോൺ മൺവിള യൂണിറ്റുമായി ബന്ധപ്പെട്ട് സേഫ് കേരള പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും ആയതിന്റെ വരുമാനം ലഭിക്കുന്നുണ്ടോയെന്നും സംബന്ധിച്ച വിശദാംശം നൽകാമോ?

സേഫ് കേരള പദ്ധതിയുടെ ഭാഗമായ ' Fully Automated Traffic Enforcement System' എന്ന പദ്ധതി കെൽട്രോൺ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും സമഗ്രമായ ഭരണാനുമതി ലഭിക്കേണ്ടതിനാൽ പ്രവർത്തിച്ച് തുടങ്ങിയിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിയിൽനിന്നും വരുമാനം ലഭിച്ച് തുടങ്ങിയിട്ടില്ല.

(ഡി) മൂടാടി കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തി വ്യവസായ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

മാസ്റ്റർ പ്ലാനിന്റെ ഭാഗമായിവരുന്ന വികസന പ്രവർത്തനങ്ങളിൽ ചിലത് മൂടാടി കെൽട്രോൺ യൂണിറ്റിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സാധ്യതാപഠനം നടന്നുവരുന്നു. ജലലഭ്യതകൂടി കണക്കിലെടുത്ത് മാത്രമേ പുതിയ പദ്ധതികൾ പ്രസ്തുത യൂണിറ്റിൽ ആരംഭിക്കുവാൻ കഴിയുമോയെന്ന കാര്യം തീരുമാനിക്കുവാൻ കഴിയുകയുള്ളൂ.

(ഇ) കെൽട്രോൺ കണ്ണൂർ യൂണിറ്റുമായി ബന്ധപ്പെട്ട നവീകരണ വികസന പദ്ധതികൾക്ക് അനുവദിച്ച സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

കെൽട്രോൺ കണ്ണൂർ യൂണിറ്റുമായി ബന്ധപ്പെട്ട നവീകരണ വികസന പദ്ധതികൾക്ക് അനുവദിച്ച സാമ്പത്തിക സഹായം സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

(എഫ്) കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് അഭ്യർത്ഥിച്ചിരുന്ന മൂന്നര കോടി രൂപയുടെ ധനസഹായം പൂർണ്ണമായും അനുവദിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബാക്കി തുക അനുവദിക്കുന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെൽട്രോൺ ഇലക്ട്രോ സെറാമിക്സിന് 2022-23 ബഡ്ജറ്റിൽ 1 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

+ നയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അമ്പലമുഗൾ പെട്രോകെമിക്കൽ പാർക്ക്

134 (4340) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ അമ്പലമുഗൾ പെട്രോകെമിക്കൽ പാർക്കിൽ നടത്തുന്ന അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ അമ്പലമുഗൾ പെട്രോകെമിക്കൽ പാർക്കിൽ താഴെപ്പറയുന്ന അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

1. നാലുവരി റോഡ്

2. ജലവിതരണ ശൃംഖല

3. അഗ്നിശമന സംവിധാനം

4. സബ്സ്റ്റേഷനും അനുബന്ധ ശൃംഖലയും

5. സെക്യൂരിറ്റി ഗേറ്റ്

6. കോമ്പൗണ്ട് വാൾ

7. അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

പെട്രോകെമിക്കൽ പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഒന്നാംഘട്ടവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാറുകാരനെ തെരഞ്ഞെടുക്കുകയും 2021 മാർച്ച് 15-ന് വർക്ക് ഓർഡർ നൽകുകയും തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഒന്നാംഘട്ട വികസനങ്ങൾ ജൂലൈ 2024-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) 2023-24-ലെ ബഡ്ജറ്റിൽ പെട്രോകെമിക്കൽ പാർക്കിനായി അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത വർഷത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

2023-24 ബഡ്ജറ്റിൽ പെട്രോകെമിക്കൽ പാർക്കിനായി 44 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാണ് വിനിയോഗിക്കുന്നത്.

കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിലെ ന്യൂസ്പ്രിന്റ് ഉത്പാദനം

135 (4341) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് ഉത്പാദിപ്പിക്കുന്ന ന്യൂസ്പ്രിന്റ് ഏതെല്ലാം മാധ്യമങ്ങളാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിക്കുന്നത്; വ്യക്തമാക്കാമോ?

കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് ഉത്പാദിപ്പിക്കുന്ന ന്യൂസ്പ്രിന്റ് കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലായി പ്രവർത്തിക്കുന്ന 18-ഓളം പത്രസ്ഥാപനങ്ങൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്.

(ബി) ന്യൂസ് പ്രിന്റ് ഉത്പാദനം കൂടാതെ ഉത്പാദനത്തിൽ വൈവിദ്ധ്യവത്കരണം നടത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ ഉത്പാദനശേഷി കൂട്ടുന്നതിനും ഉത്പന്ന വൈവിധ്യവത്കരണം നടപ്പാക്കുന്നതിനും ലക്ഷ്യമിട്ട് ഉയർന്ന ഗുണമേന്മയുള്ള പാക്കേജിംഗ് ശ്രേണിയിലുള്ള പേപ്പറുകളുടെ നിർമ്മാണത്തിനുള്ള ബൃഹത്തായ പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ട്.

നെയ്യാറ്റിൻകര കേരള ആട്ടോമൊബൈൽസ്

136 (4342) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര കേരള ആട്ടോമൊബൈൽസിൽ 2021-22, 2022-23 സാമ്പത്തിക വർഷത്തിൽ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ?

2021-2022 സാമ്പത്തിക വർഷത്തിൽ ഇ-ഓട്ടോ, ഇ-റിക്ഷ, ഇ-സ്കൂട്ടർ എന്നിവയുടെ ഉത്പാദന സൗകര്യങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി 400 ലക്ഷം രൂപയും കണ്ണൂർ പിണറായിയിൽ ഇലക്ട്രിക് വെഹിക്കിൾ അസംബ്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 50 ലക്ഷം രൂപയുമാണ് സർക്കാർ അനുവദിച്ചത്. 2022-2023 സാമ്പത്തിക വർഷത്തിൽ ഇ-ഓട്ടോ, ഇ-റിക്ഷ, ഇ-സ്കൂട്ടർ എന്നിവയുടെ ഉത്പാദന സൗകര്യങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി 250 ലക്ഷം രൂപയും പ്രവർത്തനമൂലധനമായി 100 ലക്ഷം രൂപയും കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് അനുവദിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര കെൽപാം യൂണിറ്റ്

137 (4343) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര കൊറ്റാമത്ത് പ്രവർത്തിക്കുന്ന കെൽപാം യൂണിറ്റിൽ 2021-22, 2022-23 വർഷത്തിൽ ഏതൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് തുക അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; എത്ര തുകയാണ് ഓരോ സാമ്പത്തിക വർഷത്തിലും അനുവദിച്ചതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര കൊറ്റാമത്ത് പ്രവർത്തിക്കുന്ന കെൽപാം യൂണിറ്റിന് വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക വർഷം തിരിച്ച് ചുവടെച്ചേർക്കുന്നു.

2021-22

പ്രവർത്തന മേഖല	തുക (രൂപയിൽ)
റിസംപ്ഷൻ മണി (ലോൺ)	62,46,842
പ്രവർത്തനമൂലധനം (Upgradation and Promotion of soft drink Unit)	25,00,000
Rejuvenation & Revival of Viable PSU (Establishment of Common Facility Centre)	25,00,000
പദ്ധതി ഫണ്ട് (Setting up Palm Leaf Straw Manufacturing Unit)	25,00,000
ആകെ	1,37,46,842

2022-23

പ്രവർത്തന മേഖല	തുക (രൂപയിൽ)
റിസംപ്ഷൻ മണി (ലോൺ) (Reallocation of Resumed Fund)	22,17,060
കരകൗശല വസ്തുക്കളുടെ നിർമ്മാണം (Setting up Palm Handicraft Manufacturing Units)	14,00,000
പ്രവർത്തനമൂലധനം	40,00,000
പ്രവർത്തനമൂലധനം	10,00,000
ആകെ	86,17,060

വെള്ളൂരിലെ കേരള പേപ്പർ പ്രൊഡക്ട് ലിമിറ്റഡിന്റെ പ്രവർത്തനം

138 (4344) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഏറ്റെടുത്ത വെള്ളൂരിലെ കേരള പേപ്പർ പ്രൊഡക്ട് ലിമിറ്റഡ് പ്രതിദിനം പത്രങ്ങൾക്കുവേണ്ടി കടലാസ് ഉൽപ്പാദിപ്പിച്ച് നൽകണമെന്ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; പത്രങ്ങൾ കൂടുതൽ ഓർഡറുകൾ നൽകിയാൽ അതിനുള്ള ഉൽപ്പാദനശേഷി നിലവിൽ ഈ സ്ഥാപനത്തിനുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡ് പ്രതിദിനം പത്രങ്ങൾക്കുവേണ്ടി കടലാസ് ഉൽപ്പാദിപ്പിച്ച് നൽകണമെന്ന് കരാറിലേർപ്പെട്ടിട്ടില്ല. എങ്കിലും കേരളത്തിനകത്തും പുറത്തുമുള്ള പത്രസ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം പത്രക്കടലാസ് നിർമ്മിച്ച് നൽകുവാൻ തുടങ്ങിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം പത്രസ്ഥാപനങ്ങളുമായി വിപണനവുമായി ബന്ധപ്പെട്ട കരാറുകളിലേർപ്പെടുവാൻ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് ഉദ്ദേശിക്കുന്നു. പത്രങ്ങൾ കൂടുതൽ ഓർഡറുകൾ നൽകിയാൽ അത് സ്വീകരിക്കുന്നതിനുള്ള ഉൽപ്പാദനശേഷി കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിനുണ്ട്. പൂർണ്ണ ഉൽപ്പാദനശേഷി കൈവരിക്കുന്നതോടെ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് പ്രതിമാസം 9000 ടൺ പത്രക്കടലാസ് ഉൽപ്പാദിപ്പിക്കുവാൻ കഴിയും. നിലവിലെ ആഭ്യന്തര വിപണന സാഹചര്യത്തിൽ മതിയായ ഉൽപ്പാദനശേഷി സ്ഥാപനത്തിനുണ്ട്.

(ബി) കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡിൽ കടലാസ് നിർമ്മാണത്തിനുള്ള പൾപ്പിന്റെ ഗ്രണനിലവാരം ഉയർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതുവഴി എന്തൊക്കെ പ്രയോജനങ്ങളാണ് പ്രതീക്ഷിക്കുന്നത്?

കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിൽ പത്രക്കടലാസ് നിർമ്മാണത്തിനുവേണ്ടിയുള്ള പൾപ്പ് ഉൽപ്പാദനത്തിന് തടിയും പാഴ്കടലാസ്സുമാണ് അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്നത്. വനം വകുപ്പിനുകീഴിലുള്ള പൾപ്പ് മരങ്ങളുടെ തോട്ടങ്ങളിൽനിന്നാണ് ഗുണമേന്മയുള്ള തടി ലഭ്യമാക്കുന്നത്. പാഴ്കടലാസ് പ്രാദേശികമായി ശേഖരിക്കുന്നതോടൊപ്പം കേരളത്തിലെ എല്ലാ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയും ഗുണമേന്മയുള്ള പാഴ്കടലാസ് കെ.പി.പി.എൽ.-ന് ലഭ്യമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കടലാസ് നിർമ്മാണത്തിനുള്ള പൾപ്പിന്റെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി മൂന്ന് പൾപ്പിംഗ് പ്ലാന്റുകളിലെ യന്ത്രഭാഗങ്ങളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് നവീകരിക്കുകയുണ്ടായി.

(സി) പ്രസ്തുത കമ്പനിയിൽ കടലാസ് നിർമ്മിക്കുന്നതിനാവശ്യമായ പൾപ്പ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. പത്രക്കടലാസ് നിർമ്മിക്കുന്നതിനുള്ള പൾപ്പ് ഉൽപ്പാദിപ്പിക്കുന്നതിനായി മെക്കാനിക്കൽ പൾപ്പിംഗ് പ്ലാന്റ്, കെമിക്കൽ

പൾപ്പിംഗ് പ്ലാന്റ്, ഡി ഇങ്കിംഗ് പൾപ്പിംഗ് പ്ലാന്റ് എന്നിവ പൂർണ്ണമായും പ്രവർത്തനസജ്ജമായിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് മാസ്റ്റർ പ്ലാൻ

139 (4345) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി വിശദമായി വിലയിരുത്തിയപ്പോൾ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതികരംഗത്തും വിപണന മേഖലയിലും കാലാനുസൃതമായ മാറ്റങ്ങളുൾക്കൊണ്ട് കൂടുതൽ വിപണന സാധ്യതയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉൽപ്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ സ്വായത്തമാക്കി വൈവിധ്യവത്കരണം അടിസ്ഥാനമാക്കി നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ ശാസ്ത്ര

സാങ്കേതിക മേഖലകളിലും വിപണന രംഗത്തുമുൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലുമുണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് രൂപകൽപ്പന ചെയ്ത മാസ്റ്റർ പ്ലാൻ പദ്ധതികൾ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനമേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉൽപ്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും ആഗോള വിപണന സാധ്യതകളുമുള്ള നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളുമാണ് കമ്പനികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഹ്രസ്വം, ഇടത്തരം, ദീർഘകാലം എന്നീ മൂന്ന് ഘട്ടങ്ങളിലായി 405 പദ്ധതികൾ 41 പൊതുമേഖലാ സ്ഥാപനങ്ങളിലായി അടുത്ത പത്ത് വർഷത്തിനുള്ളിൽ നടപ്പിലാക്കുവാൻ മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നു. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ധ സഹായം ഉറപ്പുവരുത്തുന്നതിനും വ്യവസായ മേഖലയിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെയുൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് റിയാബിന്റെ

നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതലയും നിർവ്വഹിക്കുന്നതിനായി ഉയർന്ന തലത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ധനെ അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മാസ്റ്റർ പ്ലാനിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ധനസമാഹരണം ഏത് രീതിയിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വാശ്രയത്തിലൂന്നിയുള്ള നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ മൂലധന സ്വരൂപണത്തിനും കഴിയുന്ന തരത്തിൽ സ്വയംപര്യാപ്തമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി മാസ്റ്റർ പ്ലാനിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖലാ ബാങ്കുകൾ വഴിയോ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കേരളത്തിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ ബാങ്കുകളുടെയും

ഷെഡ്യൂൾഡ് ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും ഉയർന്ന ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു യോഗം ചേരുകയും തുടർന്ന് 9 ബാങ്കുകളുൾപ്പെടുന്ന ഒരു വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി റിയാബിന്റെ നേതൃത്വത്തിൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ വിശദമായ പദ്ധതികൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആസൂത്രണ പദ്ധതികൾ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി രൂപരേഖകളുടെയും ആക്ഷൻ പ്ലാനിന്റെയും അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് [Detailed Project Report-DPR] വിലയിരുത്തിയതിനുശേഷം സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വികസന പദ്ധതികൾ സർക്കാർ ധനസഹായത്തോടെയും അല്ലാതെയുമാണ് നടപ്പിലാക്കിവരുന്നത്. നടപ്പ് സാമ്പത്തിക വർഷം (2022-23) വ്യവസായ വകുപ്പിന്റെ

അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 262.01 കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തി ഘട്ടംഘട്ടമായി റിലീസ് ചെയ്ത് നൽകിവരുന്നു. മാസ്റ്റർ പ്ലാനിലുൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖലാ ബാങ്കുകൾ വഴിയോ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ ഡയറക്ടറേറ്റുകൾ, മറ്റ് വികസന ഏജൻസികൾ എന്നിവ മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പുരോഗതി തൽസമയം നിരീക്ഷിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഒരു ഓൺലൈൻ വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇത് വിവിധ തലത്തിൽ നിശ്ചിത ഇടവേളകളിൽ അവലോകനത്തിന് വിധേയമാക്കുകയും ഉന്നതതലത്തിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം

140 (4346) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായങ്ങൾ ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ മുൻകാല ബാധ്യതകൾ തീർപ്പാക്കുന്നതിന് പൊതുവായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ധനകാര്യ സ്ഥാപനങ്ങളുമായുള്ള മുൻകാല ബാധ്യതകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ വായ്പകൾ ഓഹരിയാക്കി മാറ്റുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തനമൂലധനമായി ഉപയോഗിക്കേണ്ട ധനം മറ്റുള്ള ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നതുമൂലമുണ്ടാകുന്ന ബാധ്യതകളാണ് നിലവിലുള്ളത്.

(സി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിന് സംസ്ഥാന വ്യവസായ വകുപ്പിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആഭിമുഖ്യത്തിൽ ഇ-കോമേഴ്സ് പ്ലാറ്റ്ഫോം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

പരമ്പരാഗത മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കെൽട്രോണിന്റെ സഹായത്തോടുകൂടി റിയാബിന്റെ മേൽനോട്ടത്തിൽ ഒരു ഇ-കോമേഴ്സ് പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ

141 (4347) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് ഒരു ലക്ഷം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കണമെന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉണ്ട്. പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250

ദിവസത്തെ കാലയളവിൽ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 6274 കോടി രൂപയുടെ നിക്ഷേപവും 220285 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. സംരംഭക വർഷത്തിന്റെ ഭാഗമായി 2023 മാർച്ച് 3 വരെയുള്ള കണക്കുപ്രകാരം കേരളത്തിൽ ഇതുവരെ 134729 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ ആരംഭിച്ച സംരംഭങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും (www.yearofenterprises.kerala.gov.in) എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. സംരംഭക വർഷത്തോടനുബന്ധിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാണ്.

(സി) മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്ന സംരംഭങ്ങളെ പുതിയ സംരംഭങ്ങളുടെ പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര സംരംഭങ്ങളെ പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് മുപ്പത്തിയൊന്ന് വരെ ആരംഭിക്കുന്ന സംരംഭങ്ങളെയാണ് ഈ പദ്ധതിയിലുൾപ്പെടുത്തുന്നത്. മുമ്പ് ലൈസൻസ് കൂടാതെ പ്രവർത്തിച്ചിരുന്ന ചുരുക്കം ചില സംരംഭങ്ങൾ പുതിയ ലൈസൻസ് കരസ്ഥമാക്കി തുടർന്ന് പ്രവർത്തിക്കുന്നത് പ്രസ്തുത ലിസ്റ്റിലുൾപ്പെടുന്നു. എന്നാൽ റീ-രജിസ്റ്റർ ചെയ്ത സംരംഭങ്ങളുൾപ്പെടുന്നില്ല. എന്തെങ്കിലും കാരണവശാൽ ഇത്തരം സംരംഭങ്ങൾ ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്യുന്നതിനായുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം സ്വീകരിച്ചുവരുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച കേന്ദ്ര നയത്തിന് ബദൽ മാതൃക

142 (4348) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എൻ. കെ. അക്ബർ:

ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രവർത്തനങ്ങളിലൂടെ നഷ്ടത്തിലായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ലേലത്തിലൂടെ സംസ്ഥാനം ഏറ്റെടുത്ത് ഹ്രസ്വകാലംകൊണ്ട് അച്ചടി കടലാസ് വിപണിയിലെത്തിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കേന്ദ്ര സർക്കാർ പ്രവർത്തനങ്ങളിലൂടെ നഷ്ടത്തിലായി ഏകദേശം 3 വർഷത്തിലധികമായി അടഞ്ഞുകിടന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ സംസ്ഥാന സർക്കാർ ബാധ്യതകളെല്ലാം തീർത്ത് ഏറ്റെടുത്ത് M/S കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുതിയ കമ്പനിയായി രജിസ്റ്റർ ചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ച് രണ്ടുമാസത്തിനുള്ളിൽത്തന്നെ കേരളത്തിനകത്തും പുറത്തുമുള്ള ഏകദേശം പതിനെട്ടോളം പത്രസ്ഥാപനങ്ങൾക്ക് പത്രക്കടലാസ് നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) തടിയിൽനിന്നുള്ള പൾപ്പൊഴികെ ഏതെല്ലാം സ്രോതസ്സുകളാണ് പൾപ്പിനായി ഉപയോഗിക്കുന്നത്; ഉയർന്ന നിലവാരത്തിലുള്ള കടലാസ്

നിർമ്മാണത്തിന് പദ്ധതിയുണ്ടോ; പ്ലാന്റിന്റെ പരമാവധി ഉൽപ്പാദനശേഷി കൈവരിക്കാൻവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; വിശദമാക്കുമോ?

തടിയിൽനിന്നുള്ള സ്രോതസ്സുകൂടാതെ പാഴ്കടലാസ് ഉപയോഗിച്ച് ഡി-ഇങ്കിംഗ് പ്ലാന്റിൽനിന്നും റീ-സൈക്കിൾഡ് പൾപ്പ് ഉൽപ്പാദിപ്പിക്കുന്നുണ്ട്. പ്ലാന്റുകളുടെ സാങ്കേതികവിദ്യാ നവീകരണത്തിനും ആധുനികവത്കരണത്തിനുമുള്ള പദ്ധതിക്ക് സർക്കാർ ഇതിനോടകം അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ അന്തർദ്ദേശീയ ഗുണനിലവാരം പുലർത്തുന്ന പത്രക്കടലാസ് നിർമ്മിക്കുവാൻ കെ.പി.പി.എൽ.-ന് സാധിക്കുന്നതാണ്.

(സി) പത്രങ്ങളുടെ ആവശ്യത്തിനനുസരിച്ച് മുടങ്ങാതെ അച്ചടിക്കടലാസ് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കെ.പി.പി.എൽ. അടുത്ത 2 മാസത്തിനുള്ളിൽ പൂർണ്ണ ഉൽപ്പാദനക്ഷമത കൈവരിക്കുന്നതോടെ പ്രതിമാസം 9000 ടണ്ണോളം പത്രക്കടലാസ് നിർമ്മിക്കുവാൻ സാധിക്കുമെന്നും ഇതോടുകൂടി വിപണിയുടെ ആവശ്യകത അനുസരിച്ച് പത്രക്കടലാസ് വിതരണം ചെയ്യുവാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുകയും സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കേന്ദ്ര നയത്തിന് ബദൽ മാതൃക സൃഷ്ടിക്കുന്നതിൽ സംസ്ഥാനം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ലാഭത്തിൽ പ്രവർത്തിക്കുന്ന തന്ത്രപ്രധാന മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളെപോലും സ്വകാര്യവത്കരിക്കുന്ന കേന്ദ്ര നയത്തിന് ബദലായി പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കി പൊതുമേഖലയിൽത്തന്നെ നിലനിർത്തുകയെന്ന വികസന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന ബദൽ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനഃനാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തിച്ചുവരികയാണ്. Corporate Insolvency Resolution Plan (CIRP) പ്രകാരം 271.50 കോടി രൂപ കേരള സർക്കാർ നൽകിയാണ് സ്ഥാപനം ഏറ്റെടുത്തത്.

സംസ്ഥാനത്തിനകത്തുനിന്നും മറ്റുള്ള സംസ്ഥാനങ്ങളിൽനിന്നും ഓർഡറുകൾ ലഭ്യമാക്കി കമ്പനി പ്രവർത്തന പുരോഗതി കൈവരിച്ചുവരികയാണ്. അടച്ചുപൂട്ടൽമൂലം തൊഴിൽരഹിതരായവരിൽ 250 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നതിന് പുറമെ 650-ഓളം പേർക്ക് പരോക്ഷമായും തൊഴിൽ സാധ്യതകൾ തുറന്നുകിട്ടുന്നത് സംസ്ഥാനത്തെ തൊഴിൽ മേഖലയ്ക്ക് പ്രചോദനകരമാണ്. ഇതോടൊപ്പം കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ചതും കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്നതുമായ ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-ന് ഭെൽ-ഇ.എം.എൽ.-ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ. എന്ന് പുനഃനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം പുനരാരംഭിച്ചു. പ്രവർത്തന പുരോഗതി കൈവരിക്കുന്നതിന്റെ ഭാഗമായി കയറ്റുമതി ഓർഡറുകളും സ്ഥാപനം നേടിയിട്ടുണ്ട്. ഇപ്പോൾ 14 ഓഫീസർമാരും 82 തൊഴിലാളികളുമാണ് ഈ സ്ഥാപനത്തിലുള്ളത്.

കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ചതും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയ 123.12 ഏക്കർ സ്ഥലത്താണ് കമ്പനി സ്ഥിതി ചെയ്യുന്നത്. എന്നാൽ ഭൂമിയുടെ കരം അടച്ചുകൊണ്ടിരുന്നത് കമ്പനി ആയതിനാൽ ആ സ്ഥലത്തിന്റെ വിലകൂടി നൽകിയെങ്കിൽ മാത്രമേ കമ്പനി കേരള സർക്കാരിന് കൈമാറാൻ കഴിയൂവെന്ന് കേന്ദ്രത്തിന്റെ പുതുക്കിയ നിർദ്ദേശം കൈമാറ്റ നടപടികൾ വൈകുന്നതിന് കാരണമായി. ഇത് പരിഹരിച്ച് ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾ സർക്കാർ സ്വീകരിച്ചുവരുന്നു.

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയിൽപ്പെട്ട ചെറുകിട വ്യവസായ സംരംഭങ്ങൾ

143 (4349) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയിലുൾപ്പെട്ട ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രവർത്തന

പുരോഗതി സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നിയമസഭാ സാമാജികർക്കുള്ള ശിൽപ്പശാല 2022 ജൂലൈയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിൽവച്ച് നടത്തുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ സംരംഭക വർഷം പദ്ധതിയുടെ നിയമസഭാ അടിസ്ഥാനത്തിലുള്ള പുരോഗതി വിലയിരുത്തൽ എല്ലാ നിയമസഭാ സാമാജികരും അവരവരുടെ നിയോജകമണ്ഡലത്തിൽ നിർവ്വഹിക്കുന്നതിന് തീരുമാനിച്ചു. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി നിയോജകമണ്ഡലതല അവലോകന യോഗങ്ങളും നടത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ സംരംഭകരാണ് വ്യവസായ വകുപ്പിനുകീഴിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ കണക്കുകൾ പ്രകാരം 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 3 വരെ കേരളത്തിൽ ഇതുവരെ 134729 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 149132 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) കൂടുതൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുമെന്ന സർക്കാർ നയത്തിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ പ്രഖ്യാപിത ലക്ഷ്യം കൈവരിച്ച നേട്ടം എത്രയെന്ന് വിശദമാക്കാമോ?

കൂടുതൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുമെന്ന സർക്കാർ നയത്തിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. 2022-23 സംരംഭക വർഷമായി കേരളാ ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള 'ഒരു ലക്ഷം സംരംഭങ്ങൾ' എന്ന ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ

സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസത്തെ കാലയളവിൽ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 6,274 കോടി രൂപയുടെ നിക്ഷേപവും 220285 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. സംരംഭക വർഷത്തിന്റെ ഭാഗമായി 2023 മാർച്ച് 3 വരെയുള്ള കണക്കുപ്രകാരം കേരളത്തിൽ ഇതുവരെ 134729 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിൽപ്പെട്ട സംരംഭങ്ങളിൽ സർക്കാർ സഹായമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളെയും ആയതിന്റെ ഔദ്യോഗിക കണക്കിലുൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

2006-ലെ എം.എസ്.എം.ഇ. ആക്ട് പ്രകാരമുള്ള നിർവ്വചനത്തിലുൾപ്പെടുന്ന സ്ഥാപനങ്ങളെയാണ് ഒരു ലക്ഷം സംരംഭങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (ഇക്കോസിസ്റ്റം) സൃഷ്ടിക്കുകയെന്നുള്ളതാണ് സംരംഭക വർഷം പദ്ധതിയുടെ ആത്യന്തികമായ ലക്ഷ്യം. സംരംഭകർക്ക്

സാമ്പത്തിക സഹായം നൽകുക എന്നതിലുപരി സംരംഭങ്ങൾ തുടങ്ങാൻ അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്നുള്ളതാണ് ഏറെ പ്രധാനം. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെ സംസ്ഥാനത്ത് ആരംഭിക്കുന്ന സംരംഭങ്ങളാണ് ഒരു ലക്ഷം സംരംഭങ്ങളുടെ കണക്കിലുൾപ്പെടുത്തുന്നത്. സർക്കാരിന്റെ നേരിട്ടുള്ള സഹായം സ്വീകരിച്ചിട്ടില്ലെങ്കിലും സംസ്ഥാനത്ത് ആരംഭിക്കുന്ന സംരംഭങ്ങളെല്ലാംതന്നെ വ്യവസായ വകുപ്പിന്റെ വിവിധ ഇടപെടലുകൾമൂലം സംസ്ഥാനത്ത് നിലനിൽക്കുന്ന വ്യവസായ സൗഹാർദ്ദ അന്തരീക്ഷത്തിന്റെ ഗുണഭോക്താക്കളാണ്.

(ഇ) എങ്കിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 2022-23 വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ പേരും വിലാസവും രജിസ്റ്റർ നമ്പരും ലഭ്യമാക്കാമോ?

2022 ഏപ്രിൽ 1 മുതൽ പ്രവർത്തനം തുടങ്ങിയ എല്ലാ സംരംഭങ്ങളുടെയും വിവരങ്ങൾ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പോർട്ടലിൽ ശേഖരിക്കുന്നുണ്ട്. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ ലഭ്യമാണ്.

ഒരു വർഷം ഒരു ലക്ഷം സംരംഭം

144 (4350) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതിക്കായി പരസ്യയിനത്തിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഓരോ വർഷത്തെയും ചെലവുകൾ ഇനംതിരിച്ച് അറിയിക്കുമോ?

2022-23-ൽ ആരംഭിച്ച സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് പരസ്യയിനത്തിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരം ചുവടെച്ചേർക്കുന്നു.

ദിനപത്രം - 2,39,81,558/-

ശ്രവ്യമാധ്യമം - 4,99,800/-

ആകെ - 2,44,81,358/-

സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ നടപടി

145 (4351) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ ബാങ്കിംഗ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന വായ്പയിലുണ്ടാകുന്ന കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ ബാങ്കിംഗ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതികൾ ആരംഭിച്ചിട്ടില്ല. എന്നാൽ സ്റ്റാർട്ടപ്പുകൾക്ക് ലഘുവായ വ്യവസ്ഥകളിൽ 25 ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുന്ന 'സീഡ് ഫണ്ട് പദ്ധതി കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കിവരുന്നു. കൂടാതെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാകുന്ന വായ്പയ്ക്ക് 2% പലിശയിളവും കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകിവരുന്നു. വിദ്യാർത്ഥികളടക്കമുള്ള യുവസംരംഭകരുടെ നൂതനവും വ്യാപാര യോഗ്യവുമായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. 25 ലക്ഷം രൂപവരെ മൂലധനസഹായം നൽകിവരുന്നുണ്ട്. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോയാണ്

പ്രാഥമിക മൂലധനസഹായമായി നൽകുന്നത്. ഇവയ്ക്കുപുറമേ തങ്ങളുടെ ഉത്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്യുന്ന സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപവരെ നൽകുന്ന 'സ്കെയിൽഅപ്പ് സപ്പോർട്ട്' എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്നു.

ആലപ്പുഴ ജില്ലയിലെ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങളുടെ പുരോഗതി

146 (4352) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ൽ സർക്കാർ ആരംഭിച്ച ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്താകമാനം ഒരു വർഷംകൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുകയെന്ന പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിൽ 9666 സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ആയതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാധ്യതയ്ക്കനുസരിച്ച് സംരംഭകരെ കണ്ടെത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആസൂത്രണങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബി.ടെക്/എം.ബി.എ. യോഗ്യതയുള്ള ഇന്റേൺസിനെ

നിയമിച്ച് ഹെൽപ്പ് ഡെസ്കുകളുടെ പ്രവർത്തനങ്ങളിലൂടെ പദ്ധതി വിജയകരമായി ഏകോപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയാണ് ജില്ലാതലത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇതുകൂടാതെ നിയമസഭാംഗം അദ്ധ്യക്ഷനായി മണ്ഡലാടിസ്ഥാനത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലും മേൽനോട്ട കമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ പുരോഗതി വിലയിരുത്തൽ നടത്തിയിരുന്നു. ജില്ലാതല മോണിറ്ററിംഗ് കമ്മറ്റിയുടെ 5 യോഗങ്ങൾ ഇക്കാലയളവിൽ കൂടുകയുണ്ടായി. പദ്ധതിലക്ഷ്യം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പിന്റെ ഏകോപനത്തോടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ പൊതുബോധവത്കരണ പരിപാടികളിൽ ഏകദേശം എണ്ണായിരത്തോളം പേർ പങ്കെടുത്തു. പൊതു ബോധവത്കരണ പരിപാടിയെത്തുടർന്ന് സംരംഭകർക്ക് കൈത്താങ്ങ് സഹായം ഉറപ്പിക്കുന്നതിലേയ്ക്കായി ജില്ലയിലെ

എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുകയും സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള ഇന്റേണുകളുടെ സേവനം തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ്പ് ഡെസ്കിൽ ലഭ്യമാക്കുകയും ചെയ്തുവരുന്നു. സംരംഭകരാകാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവർക്ക് തുടർസഹായം ഉറപ്പാക്കുന്നതിനായി സർക്കാർ നിർദ്ദേശാനുസരണം ലോൺ/ലൈസൻസ്/സബ്സിഡി മേളകൾ ജില്ലയിൽ സംഘടിപ്പിച്ചു. ഇത്തരത്തിൽ ജില്ലയിൽ സംഘടിപ്പിക്കപ്പെട്ട 78 ലോൺ/ലൈസൻസ്/സബ്സിഡി മേളകളിലായി 3033 പേർ പങ്കെടുക്കുകയും ഇതിലൂടെ 387 പേർക്ക് 1917.7 ലക്ഷം രൂപയുടെ ലോണും 505 പേർക്ക് ലൈസൻസുകളും അനുവദിച്ച് നൽകുവാനും സാധിച്ചു. ടി പദ്ധതിയിലൂടെ ആരംഭിച്ച സംരംഭങ്ങൾ നിലനിന്നുപോകുന്നതിന് സംരംഭകർക്ക് കൈത്താങ്ങ് ഉറപ്പുവരുത്തുന്നതിനായി ടി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് വകുപ്പുകൾക്കിടയിലും ബാങ്കിംഗ് സ്ഥാപനങ്ങൾക്കും അവബോധമുണ്ടാക്കുന്നതിനോടൊപ്പം ജില്ലയിൽ നിയമിതരായ 86 ഇന്റേണുകൾക്ക് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കിവരുന്ന സംരംഭകത്വ സഹായ പദ്ധതികൾ സംബന്ധിച്ച് അതാത്

വകുപ്പുകളുടെ പ്രതിനിധി മുഖേന ചെറുവിവരണം നൽകുന്നതിനും 16-09-2022-ന് ആലപ്പുഴ ജില്ലയിൽ സംഘടിപ്പിക്കപ്പെട്ട ഏകദിന ശില്പശാലയിലൂടെ സാധിച്ചു. പ്രാദേശികമായി പദ്ധതിയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ജില്ലയിലെ 9 നിയോജകമണ്ഡലങ്ങളിലും ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗം സംഘടിപ്പിക്കുകയും ചെയ്തു. കൂടാതെ ഈ സംരംഭക വർഷത്തിൽ ആരംഭിച്ച വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് പ്രാദേശിക വിപണി കണ്ടെത്തുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനും വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുമായി ജില്ലാ ആസ്ഥാനത്തും താലൂക്കുകളിലും വ്യവസായ ഉൽപ്പന്ന പ്രദർശന മേളകൾ സംഘടിപ്പിച്ചു. ആലപ്പുഴ ജില്ലയിൽ 9666 സംരംഭങ്ങൾ ആരംഭിക്കുവാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. ആയതിൽ ഉൽപ്പാദന, വ്യപാര, സേവന മേഖലകളിലായി നാളിതുവരെ 9902 സംരംഭങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇവ ആരംഭിച്ചതിലൂടെ ഭൗതികലക്ഷ്യത്തിൽ 102.44 ശതമാനം നേട്ടം കൈവരിക്കുവാൻ ജില്ലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങൾ ആരംഭിച്ചതിലൂടെ ജില്ലയിൽ 521.4

കോടി രൂപയുടെ നിക്ഷേപവും 20941 പേർക്ക് തൊഴിലും ലഭ്യമാക്കാനായിട്ടുണ്ട്.

(ബി) ഇതുപ്രകാരം എത്ര സംരംഭങ്ങളാണ് നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞത്; ഇതുവഴി എത്ര രൂപയുടെ നിക്ഷേപമാണ് വന്നിട്ടുള്ളത്; എത്രപേർക്ക് ഇതിലൂടെ തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ?

ആലപ്പുഴ ജില്ലയിൽ 9666 സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ആയതിൽ ഉൽപ്പാദന, വ്യാപാര, സേവന മേഖലകളിലായി നാളിതുവരെ 9902 സംരംഭങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങൾ ആരംഭിച്ചതിലൂടെ ജില്ലയിൽ 521.4 കോടി രൂപയുടെ നിക്ഷേപവും 20941 പേർക്ക് തൊഴിലും ലഭ്യമാക്കാനായിട്ടുണ്ട്.

(സി) 2022-ൽ സർക്കാർ ആരംഭിച്ച ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര സംരംഭങ്ങളാണ് ആരംഭിച്ചത്, എത്ര തുകയുടെ നിക്ഷേപം, എത്ര പേർക്കാണ് തൊഴിൽ ലഭിക്കുക എന്നുള്ളതിന്റെ കണക്ക് നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കാമോ; വിശദമാക്കുമോ?

2022-ൽ സർക്കാർ ആരംഭിച്ച ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം, അവയിൽ വന്ന നിക്ഷേപം, എത്ര പേർക്കാണ് തൊഴിൽ ലഭ്യമാക്കിയത് എന്നുള്ളതിന്റെ കണക്ക് നിയോജകമണ്ഡലം തിരിച്ച് ചുവടെച്ചേർക്കുന്നു.

ക്രമ നം.	നിയോജക മണ്ഡലം	ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം	നിക്ഷേപം (കോടി രൂപയിൽ)	തൊഴിൽ
1	ആലപ്പുഴ	789	61.7	1645
2	അമ്പലപ്പുഴ	848	38.96	2035
3	ചേർത്തല	1169	68.4	2634
4	കായംകുളം	1270	77.84	2739
5	മാവേലിക്കര	1186	56.32	2282
6	ചെങ്ങന്നൂർ	1166	56.61	2190
7	കുട്ടനാട്	1079	33.87	2001
8	ഹരിപ്പാട്	1300	56.77	3060
9	അരൂർ	1095	70.94	2355

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ കണക്കെടുപ്പ്

147 (4353) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ കണക്കെടുപ്പ് നടത്തിയതിന്റെ പ്രക്രിയ വിശദമാക്കാമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് 31 വരെ ആരംഭിക്കുന്നതും 2006-ലെ എം.എസ്.എം.ഇ.ഡി. ആക്ടും തുടർന്നുള്ള ഭേദഗതികൾ പ്രകാരവുമുള്ള നിർവ്വചനത്തിലുൾപ്പെടുന്ന സ്ഥാപനങ്ങളെയാണ് ഒരു ലക്ഷം സംരംഭങ്ങളിലുൾപ്പെടുത്തിയിട്ടുള്ളത്. സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുന്നതിനും അവർക്കുവേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള ഇന്റേൺസ് വഴിയാണ് സംരംഭകരുടെ വിവരങ്ങൾ ശേഖരിക്കുന്നത്. നേരിട്ട് സംരംഭകരെ സന്ദർശിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ഹെൽപ്പ് ഡെസ്കിലെ വിവരശേഖരണം വഴിയുമാണ് സംരംഭകരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നത്. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ

സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംരംഭം ആരംഭിക്കാൻ ആഗ്രഹിക്കുന്നവർ സർക്കാരിന് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിലാണോ പദ്ധതിയുടെ കണക്കെടുപ്പ് നടത്തിയതെന്ന് വ്യക്തമാക്കാമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ള ഇന്റേണുകൾ മുഖാന്തരം ഓരോ തദ്ദേശസ്വയംഭരണ പ്രദേശത്ത് ആരംഭിക്കുന്ന യൂണിറ്റുകളുടെ വിവരങ്ങൾ നേരിട്ടെടുത്താണ് പോർട്ടലിൽ ഉൾപ്പെടുത്തുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സംരംഭങ്ങളിൽ 60 വർഷംമുമ്പ് തുടങ്ങിയ സ്ഥാപനങ്ങളടക്കം ഉൾപ്പെട്ടിട്ടുണ്ടെന്ന ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് 31 വരെ ആരംഭിക്കുന്ന

സംരംഭങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. പ്രസ്തുത ലിസ്റ്റിൽ റീ-രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ ഉൾപ്പെടുന്നില്ല. എന്തെങ്കിലും കാരണവശാൽ ഇത്തരം സംരംഭങ്ങൾ ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്യുന്നതിനായുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം സ്വീകരിച്ചുവരുന്നുണ്ട്.

കയർ മേഖലയുടെ പുനരുജ്ജീവനത്തിനുള്ള പദ്ധതികൾ

148 (4354) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് അഭിമാനിക്കാവുന്ന പരമ്പരാഗത വ്യവസായമായ കയർ വ്യവസായം സമീപകാലത്തായി അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തമിഴ്നാട്ടിൽനിന്നുള്ള ചകിരിയുടെയും കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും താരതമ്യേന കുറഞ്ഞ വിപണിവില സംസ്ഥാനത്തെ കയർ വ്യവസായ മേഖലയിൽ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. ഇതോടൊപ്പം പി.വി.സി. ഉൽപ്പന്നങ്ങൾ, മറ്റ് പ്ലാസ്റ്റിക്, സിന്തറ്റിക് ഉൽപ്പന്നങ്ങൾ എന്നിവ വിപണി കയ്യടക്കുന്നത് പരമ്പരാഗത കയർ,

കയറുൽപ്പന്നങ്ങളായ ഫൈബർ മാറ്റ്, ബി.സി1, ബി.സി 20 എന്നീ ഉൽപ്പന്നങ്ങൾക്ക് വിദേശ/ആഭ്യന്തര വിപണികളിലുള്ള ഡിമാന്റ് ഗണ്യമായി കുറയാൻ ഇടയാക്കിയിട്ടുണ്ട്. കോവിഡിനെത്തുടർന്നുണ്ടായ സാമ്പത്തിക മാന്ദ്യവും മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായമായ കയർ മേഖലയ്ക്ക് ഉണർവ്വും പുത്തൻ വിപണിയും കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കയർ മേഖലയുടെ ഉണർവ്വിനും വിപണി സാധ്യതയ്ക്കുമായി ഒട്ടനവധി മേളകളിൽ സാന്നിധ്യം ഉറപ്പുവരുത്തി ഇന്ത്യയിലെ വൻകിട റീട്ടെയിൽ ശൃംഖലകളായ റിലയൻസ്, ഡീമാർട്ട്, വിശാൽ മെഗാ മാർട്ട് എന്നിവരുമായി വാണിജ്യ കരാറിലേർപ്പെട്ട് വിവിധയിനം കയറുൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ മുഖേന വിറ്റഴിച്ചുവരുന്നുണ്ട്. കയർ ഭൂവസ്ത്രമുൾപ്പെടെ ഉൽപ്പന്നങ്ങൾ പരമാവധി സംഘങ്ങളിൽനിന്നും സ്റ്റോക്കായി സംഭരിച്ച് മേഖലയെ സജീവമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കാലാനുസൃതമായ യന്ത്രവത്കരണത്തിലൂടെയും വിപണി വിപുലീകരണത്തിലൂടെയും മേഖലയ്ക്ക് ഉണർവ്വേകാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണത്തിലൂടെയും

കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുൽപ്പന്നങ്ങൾക്കും കൂടുതൽ വിപണി സാധ്യത കണ്ടെത്തുന്നുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷം നാളിതുവരെ 50.26 ലക്ഷം ച.മീ. കയർ ഭൂവസ്ത്രം പഞ്ചായത്തുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

(സി) കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനായി പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കയർ വകുപ്പിനുകീഴിലുള്ള ഗവേഷണ സ്ഥാപനമായ എൻ.സി.ആർ.എം.ഐ., കയർ ജിയോസെൽ, കയർ മൾച്ചിംഗ് മാറ്റുകൾ, അക്വസ്റ്റിക് പാനലുകൾ, ബൈൻഡർലെസ് ബോർഡ് എന്നീ നൂതനമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ച് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ മണ്ണ്-ജല സംരക്ഷണത്തിന് ചരിവുപ്രദേശങ്ങൾ ബലപ്പെടുത്തുന്നതിനും നദീതടങ്ങളുടെയും നീർച്ചാലുകളുടെയും പാർശ്വഭിത്തി സംരക്ഷണത്തിനുമായി ഗവേഷണ-അവബോധ പദ്ധതികളും നടത്തിവരുന്നു. എൻ.സി.ആർ.എം.ഐ.

വികസിപ്പിച്ചെടുത്ത ഇ-കയർ ബാഗ് ഫോമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് മുഖാന്തരം വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദന-വിപണനം ആരംഭിച്ചിട്ടുണ്ട്. ചകിരിച്ചോറിനെ ടൈക്കോ പിത്ത് ഉപയോഗിച്ച് ജൈവവളം ആക്കുന്നതിനുള്ള പരിശീലനം സർക്കാർ മേഖലയിലുള്ള കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ആലപ്പുഴ കയർ കൺസോർഷ്യം, തൃശ്ശൂർ, വൈക്കം, കോഴിക്കോട്, ആലപ്പുഴ, കണ്ണൂർ, ചിറയിൻകീഴ് പ്രോജക്ട് ഓഫീസുകൾക്ക് കീഴിൽവരുന്ന കയർ സഹകരണ സംഘങ്ങൾ, ചില പ്രൈവറ്റ് സംരംഭകർ എന്നിവർക്ക് നൽകിയിട്ടുണ്ട്. ടൈക്കോ പിത്ത് ഉപയോഗിച്ചുള്ള കയർ പിത്ത് വളം നിർമ്മാണ പരിശീലനം ലഭിച്ച എല്ലാ സ്ഥാപനങ്ങളിലും വ്യാവസായിക അടിസ്ഥാനത്തിൽ ജൈവവളം ഉൽപ്പാദിപ്പിച്ചുവരുന്നു.

(ഡി) ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും പരമ്പരാഗത കയർ തൊഴിലാളികളുടെ തൊഴിൽ, കൂലി ഇവ സംരക്ഷിച്ച് യന്ത്രവത്കരണം സാധ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വൈക്കം, ആലപ്പുഴ കയർ പ്രോജക്ടുകൾക്ക് കീഴിലെ പതിനഞ്ച് ഡീഫൈബറിംഗ് യൂണിറ്റുകളെ അംഗങ്ങളാക്കി ആലപ്പുഴ ജില്ലയിലെ കാട്ടുകട

ആസ്ഥാനമാക്കി വൈക്കം കയർ കൺസോർഷ്യം രൂപീകരിച്ച് ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം നടത്തിവരുന്നു. സംസ്ഥാനത്ത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കാലാനുസൃതമായ യന്ത്രവത്കരണത്തിലൂടെയും ഉൽപ്പന്ന വൈവിധ്യവത്കരണത്തിലൂടെയും വിപണി വിപുലീകരണത്തിലൂടെയും കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീ-ഫൈബറിംഗ് മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണത്തിലൂടെയും കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുൽപ്പന്നങ്ങൾക്കും വിപണി സാധ്യത കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പരമ്പരാഗത വനിതാ തൊഴിലാളികൾക്ക് ഇ-റാട്ട് പരിശീലനം എൻ.സി.ആർ.എം.ഐ. നടത്തിവരുന്നുണ്ട്.

കയറുമതി മേഖലയുടെ സമഗ്രവികസനം

149 (4355) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കയറ്റുമതി മേഖലയുടെ സമഗ്രവികസനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വാണിജ്യ മേഖലയ്ക്ക് ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും കയറ്റുമതി മേഖലയുടെ സമഗ്രവികസനത്തിനുമായി ചുവടെപ്പറയുന്ന വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

വാണിജ്യ മിഷൻ

കേരള ബ്രാൻഡ് നടപ്പിലാക്കി ഉൽപ്പന്നങ്ങൾ യാഥാർത്ഥ്യമാക്കുവാനും അതുവഴി ഉൽപ്പാദനവും വിപണനവും കാര്യക്ഷമമാക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി വാണിജ്യമിഷൻ പുനഃസംഘടിപ്പിച്ച് പ്രവർത്തനം തുടർന്നുവരുന്നു.

ബിസിനസ് ടു ബിസിനസ് മീറ്റ് - വ്യാപാർ

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ.) ദേശീയ തലത്തിൽ പുതിയ വിപണി കണ്ടെത്തുവാനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ബിസിനസ് മീറ്റായ 'വ്യാപാർ 2022' സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ

ജില്ലകളിൽനിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ്& ഗാർമെന്റ്സ്, റബ്ബർ, ആയുർവേദ&ഹെർബൽ, ഇലക്ട്രിക്കൽ& ഇലക്ട്രോണിക്സ്, കരകൗശലം, മുളപോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ എന്നീ മേഖലകളിൽനിന്നുള്ള ചെറുകിട ഉൽപ്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയും പ്രദർശിപ്പിച്ചു. വരും വർഷങ്ങളിലും കേരളത്തിലെ സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭകർക്കുവേണ്ടി ബിസിനസ് ടു ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുന്നതാണ്. കൂടാതെ, കേരളത്തിലെ സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികമായ പുരോഗതി കൈവരിക്കുന്നതിനുമായി ദേശീയ-അന്തർദ്ദേശീയ ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ-ചെറുകിട വ്യവസായ സ്ഥാപനങ്ങളെ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന പങ്കെടുപ്പിച്ചുവരുന്നു. ഇതിലൂടെ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭ്യമാകുന്നു.

സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ കയറ്റുമതി മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1) ഐ.ടി./ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല-കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം.

2) കാർഷിക ഭക്ഷ്യ സംസ്കരണത്തിനായി പ്രത്യേക സാമ്പത്തിക മേഖല-കിൻഫ്ര ഫുഡ് പ്രോസസ്സിംഗ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം.

3) ഇലക്ട്രോണിക്സിനായുള്ള പ്രത്യേക സാമ്പത്തിക മേഖല - കിൻഫ്ര ഹൈടെക് പാർക്ക്, എറണാകുളം.

കയറ്റുമതി മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി പുതിയ കയറ്റുമതി നയം രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കയറ്റുമതി മേഖലയുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ എക്സ്-ഒഫിഷ്യോ എക്സ്പോർട്ട് കമ്മീഷണറായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാഫീൻ അധിഷ്ഠിത വ്യവസായ പാർക്ക്

150 (4356) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളെയുടെ പദാർത്ഥമെന്ന് വിശേഷിപ്പിക്കുന്ന ഗ്രാഫീൻ വ്യാവസായികമായി ഉത്പാദിപ്പിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിലയിരുത്തിയിട്ടുണ്ട്. കേരളത്തെ ഒരു വിജ്ഞാന സമ്പദ്വ്യവസ്ഥയായി മാറ്റുന്നതിന്റെ ഭാഗമായി ഗ്രാഫീൻ പദാർത്ഥം വ്യാവസായികമായി ഉൽപ്പാദിപ്പിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് ഒരു ഗ്രാഫീൻ നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഗ്രാഫീൻ സംബന്ധിച്ച് ഗവേഷണ-പരീക്ഷണങ്ങൾ നടത്തുന്നതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി, സീ-മെറ്റ്, ടാറ്റാ സ്റ്റീൽ എന്നിവയുമായി ചേർന്ന് സർക്കാർ സ്ഥാപിക്കുന്ന 'ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ'-ന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2023 സെപ്റ്റംബറോടെ പ്രസ്തുത സെന്ററിന്റെ പ്രവർത്തനമാരംഭിക്കാൻ സാധിക്കുമെന്ന് കണക്കുകൂട്ടുന്നു. 86.41 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചുകഴിഞ്ഞു. 'ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ

ഗ്രാഫീൻ'-ന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി 6 കോടി രൂപ പദ്ധതി വിഹിതമുൾപ്പെടെ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഗ്രാഫീൻ അധിഷ്ഠിത വ്യവസായ പാർക്കുകളെന്ന ആശയം ഈ സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ടോ; ഈ മേഖലയിലെ ഗവേഷണത്തിന് വിദേശ രാജ്യങ്ങളുമായി സഹകരണം ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് ഗ്രാഫീൻ അധിഷ്ഠിത വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം കാക്കനാട് 3 ഏക്കർ ഭൂമി കിൻഫ്ര മുഖാന്തരം അലോട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാഫീൻ അധിഷ്ഠിത വ്യവസായ മേഖലയിലെ ഗവേഷണത്തിനും സഹകരണത്തിനുമായി മാഞ്ചെസ്റ്റർ, ഓക്സ്ഫോർഡ്, എഡിൻബർഗ്, ജർമ്മനിയിലെ സീഗൻ എന്നീ സർവ്വകലാശാലകളുമായി കേരള ഡിജിറ്റൽ സർവ്വകലാശാല ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വ്യാവസായികമായി ഗ്രാഫീൻ അധിഷ്ഠിത ഉത്പാദനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ചെന്നൈ ആസ്ഥാനമായുള്ള മുരുഗപ്പ ഗ്രൂപ്പിന്റെ സഹസ്ഥാപനമായ കാർബോറണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് അവരുടെ കൊച്ചി പ്ലാന്റിൽ ഗ്രാഫീന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം ആരംഭിച്ചു. 2023 ഫെബ്രുവരി 17-നാണ് ഉൽപ്പാദനം ആരംഭിച്ചത്. ഇതിനായി കാക്കനാട്ടെ പ്രത്യേക സാമ്പത്തിക മേഖലയിൽ 12000 ചതുരശ്ര അടി സൗകര്യമുള്ള പ്ലാന്റാണ് കാർബോറണ്ടം യൂണിവേഴ്സൽ സ്ഥാപിച്ചിട്ടുള്ളത്. പ്രതിവർഷം ആറ് ലക്ഷം ലിറ്റർ ഗ്രാഫീൻ പൊടി സംസ്കരിക്കാനുള്ള ശേഷി പ്ലാന്റിനുണ്ട്. പ്ലാന്റിനായി ശ്രീലങ്കയിൽനിന്ന് ഉയർന്ന നിലവാരമുള്ള വെയിൻ ഗ്രാഫൈറ്റ് കമ്പനി ഇറക്കുമതി ചെയ്യുന്നതാണ്.

മലപ്പുറം ജില്ലയിൽ പുതുതായി തുടങ്ങിയ സംരംഭങ്ങൾ

151 (4357) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ സംരംഭകത്വ വർഷാചരണത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ എത്ര പുതിയ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ സംരംഭകത്വ വർഷാചരണത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ 2023 ഫെബ്രുവരി 28 വരെയുള്ള കണക്കുപ്രകാരം 11691 പുതിയ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട്.

(ബി) ഇതിൽ കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലുമായി പുതുതായി ആരംഭിച്ച സംരംഭങ്ങൾ ഏതെല്ലാമാണെന്ന് കമ്പനി/സ്ഥാപനം, ഉടമസ്ഥർ, വിലാസം, ഏത് തരത്തിലുള്ള സംരംഭകത്വം എന്നതുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ?

സംരംഭക വർഷത്തോടനുബന്ധിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാണ്.

വ്യവസായികൾക്ക് സൗകര്യപ്രദമായ ഭൂമി ലഭ്യമാകുന്നതിനുള്ള നടപടി

152 (4358) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരഭകർക്ക് വ്യവസായ എസ്റ്റേറ്റുകളിലും പാർക്കുകളിലും ഭൂമി ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായ ഭൂമിക്കായി അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് വ്യവസായ വാണിജ്യ വകുപ്പിന്റെ വെബ്പോർട്ടലിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇത്തരത്തിൽ ലഭിക്കുന്ന പൂർണ്ണമായ അപേക്ഷകൾ ജില്ലാ വ്യവസായ ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി പരിശോധിച്ച് വർഷാവർഷം തയ്യാറാക്കുന്ന മുൻഗണനാ ലിസ്റ്റ് പ്രകാരമാണ് സംരംഭകർക്ക് വ്യവസായ ഭൂമി അനുവദിക്കുന്നത്. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ സിഡ്കോ, കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവ താഴെപ്പറയുന്ന വ്യവസ്ഥകളാണ് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിന്തുടരുന്നത്.

(i) 30 വർഷത്തെ പാട്ടവ്യവസ്ഥയിലാണ് ഭൂമി അലോട്ട് ചെയ്യുന്നത്.

(ii) ഏതുതരം വ്യവസായത്തിനാണോ ഭൂമി അലോട്ട് ചെയ്യുന്നത് ആ ആവശ്യത്തിനുമാത്രമേ ഭൂമി വിനിയോഗിക്കാവൂ.

(iii) ഉപപാട്ടം അനുവദനീയമല്ല.

(iv) അലോട്ട് ചെയ്യപ്പെടുന്ന ഭൂമിയിൽ 24 മാസത്തിനുള്ളിൽ വ്യവസായങ്ങൾ ആരംഭിക്കണം.

(ബി) കേരളത്തിൽ നിക്ഷേപത്തിന് സന്നദ്ധരായിവരുന്ന വ്യവസായികൾക്ക് സൗകര്യപ്രദമായ ഭൂമി ലഭ്യമാകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

കേരളത്തിൽ നിക്ഷേപത്തിന് സന്നദ്ധരായി വരുന്ന വ്യവസായികൾക്ക് വ്യവസായ ഭൂമി ലഭ്യമാക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്-പോർട്ടൽവഴി ഓൺലൈനായി അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ എസ്റ്റേറ്റ്/പാർക്കുകളിൽ വ്യവസായ സംരംഭം ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, ഗതാഗതം, വൈദ്യുതി, ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണത്തിനായി കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ ഫീഡർ എന്നീ അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപിച്ച് ഭൂമി അനുവദിച്ചുവരുന്നു. കൂടാതെ, അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം നിലവിൽ വന്നിട്ടുണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ അടിസ്ഥാന വികസന പ്രവർത്തനങ്ങളായ റോഡുകൾ, വൈദ്യുതി, ജലവിതരണം,

എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതുസൗകര്യങ്ങൾക്കുമായി ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപവരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ ധനസഹായം നൽകുന്നു.

(സി) വ്യവസായികൾക്ക് ഭൂമി ലഭ്യമാകുന്നതിനുള്ള വ്യവസ്ഥകൾ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇപ്രകാരം ലഭ്യമാകുന്ന ഭൂമി ഈടുവയ്ക്കുന്നതിനും സംരംഭങ്ങൾക്കായി അനന്തരവകാശികൾക്ക് കൈമാറുന്നതിനും വ്യവസ്ഥയുണ്ടോയെന്നും വ്യക്തമാക്കുമോ?

വ്യവസായ ഭൂമി സംബന്ധിച്ച യൂണിഫൈഡ് ലാൻഡ് ലീസ് രൂൾ രൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വ്യവസായ ആവശ്യത്തിനുവേണ്ടി ഭൂമി ധനകാര്യ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ ഈടുവയ്ക്കുന്നതിനും അനുമതി നൽകുന്നുണ്ട്. വ്യവസായ എസ്റ്റേറ്റിൽ/പാർക്കിൽ ഭൂമി ലഭിച്ചിട്ടുള്ള ഒറിജിനൽ അലോട്ടി മരണപ്പെടുന്നപക്ഷം അനന്തരവകാശികൾക്ക് പ്രസ്തുത ഭൂമി ഭരണഘടനമാറ്റമായി കണക്കാക്കി (മറ്റ് മാറ്റങ്ങൾ അനുവദിക്കുന്നില്ല) കൈമാറുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ഫാക്ടറികൾ പൂട്ടിയിട്ട് വർഷങ്ങളായെങ്കിലും കൈമാറ്റം അനുവദിക്കാത്തതായും ഭൂമി വെറുതെ കിടക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഇ) വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭകർക്ക് നൽകിയതും നിശ്ചിത സമയത്തിനുള്ളിൽ ഉപയോഗിക്കപ്പെടാത്തതുമായ ഭൂമി തിരിച്ചെടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭകർക്ക് അനുവദിച്ച ഭൂമിയിൽ രണ്ട് വർഷത്തിനുള്ളിൽ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചിട്ടില്ലായെന്നുണ്ടെങ്കിൽ പ്രസ്തുത വ്യവസായ ഭൂമി സ്വമേധയാ തിരിച്ചെടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിനുള്ള നടപടിക്രമം

153 (4359) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്വകാര്യ മേഖലയിൽ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും ഏതാണെന്ന് വിശദമാക്കുമോ?

കേരളത്തിൽ സ്വകാര്യ മേഖലയിൽ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിനുള്ള അപേക്ഷ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്പോർട്ടൽ വഴി സമർപ്പിക്കണം. പ്രസ്തുത അപേക്ഷകൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ പരിശോധന നടത്തി സർക്കാർ തലത്തിൽ വകുപ്പുതല സെക്രട്ടറിമാർ അടങ്ങുന്ന സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റി മുമ്പാകെ വയ്ക്കുകയും പ്രസ്തുത കമ്മിറ്റിയുടെ തീരുമാനപ്രകാരം ഡെവലപ്പർ പെർമിറ്റ് അനുവദിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ അനുമതി ലഭിച്ച വ്യവസായ ഭൂമിക്ക് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്മെന്റ് റൂൾ 2019-ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്. വ്യവസായ സംരംഭത്തിന് അനുയോജ്യമായ 10 ഏക്കറോ അതിലധികമോ വരുന്ന ഭൂമിയിൽ കൂട്ടുടമസംരംഭകർ, കമ്പനികൾ, ചെറുകിട സംരംഭകരുടെ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ മുതലായവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റിന് അപേക്ഷിക്കാൻ കഴിയുന്നതാണ്.

(ബി) ഇത്തരം പാർക്കുകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, ഡ്രെയിനേജ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ലഭ്യമാക്കുന്നതിനും വികസിപ്പിക്കുന്നതിനും ലബോറട്ടറി ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ എന്നീ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപവരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിലാണ് തുക അനുവദിക്കുന്നത്.

കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി

154 (4360) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കാൻ ഏറ്റവും അനുയോജ്യമായ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ സന്നദ്ധമാകുമോ; വ്യക്തമാക്കുമോ;

(ബി) നേരത്തെ വ്യവസായ സംരംഭം നിലനിന്നിരുന്ന കുന്നത്തറ ടെക്സ്റ്റൈൽസ് വക ഭൂമിയും മറ്റ് അനുബന്ധ വസ്തുക്കളും ചുരുങ്ങിയ വിലയ്ക്ക് ലേലം ചെയ്തുപോകുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

(എ&ബി) അടച്ചുപൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ബഹുമാനപ്പെട്ട കോടതി ഒഫിഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന കുന്നത്തറ ടെക്സ്റ്റൈൽസിന്റെ പുനരുദ്ധാരണ പാക്കേജുമായി മുന്നോട്ടുപോകുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി അനുമതിയോടെ സംസ്ഥാന സർക്കാർ ശ്രമിക്കുകയാണ്. അടച്ചുപൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഉപയോഗപ്പെടുത്തി ഒരു ബദൽ പദ്ധതി രൂപീകരിക്കുന്നതിന് സർക്കാരിന് താല്പര്യമുള്ളതിനാൽ സ്ഥാപനവുമായി ബന്ധപ്പെട്ട ലിക്വിഡേഷൻ നടപടികൾ അവസാനിപ്പിക്കുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ അറിയിക്കണമെന്ന് അഡ്വക്കേറ്റ് ജനറലിനോട് സർക്കാർ അഭ്യർത്ഥിക്കുകയും അതനുസരിച്ച് വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കി അറിയിക്കുവാൻ അഡ്വക്കേറ്റ് ജനറൽ സർക്കാരിനോട് നിർദ്ദേശിച്ചിരിക്കുകയുമാണ്. പ്രസ്തുത സാഹചര്യത്തിൽ അനുയോജ്യമായ

പദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ യോഗം ചേരുകയും ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

കേരളത്തെ നെറ്റ് കാർബൺ ന്യൂട്രാലിറ്റി സംസ്ഥാനമായി മാറ്റുന്നതിനുള്ള പദ്ധതികൾ

155 (4361) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 100 ശതമാനം പുനരുപയോഗ ഊർജ്ജാധിഷ്ഠിത സംസ്ഥാനമായും നെറ്റ് കാർബൺ ന്യൂട്രാലിറ്റി സംസ്ഥാനമായും കേരളത്തെ മാറ്റുന്നതിന് എന്തൊക്കെ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്?

100 ശതമാനം പുനരുപയോഗ ഊർജ്ജാധിഷ്ഠിത സംസ്ഥാനമായും നെറ്റ് കാർബൺ ന്യൂട്രാലിറ്റി സംസ്ഥാനമായും കേരളത്തെ മാറ്റുന്നതിന് വ്യവസായ വകുപ്പിൽ നിലവിൽ പദ്ധതികളൊന്നുമില്ല. വയനാട്ടിൽ കിൻഫ്രയുടെ കീഴിൽ കാർബൺ ന്യൂട്രൽ കോഫീ പാർക്ക് സ്ഥാപിക്കുന്ന വിഷയം പരിഗണനയിലാണ്.

(ബി) ഹരിത ഹൈഡ്രജൻ ഉൽപ്പാദനത്തിന് അനുകൂലമായ അന്തരീക്ഷം സംസ്ഥാനത്തുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ ജില്ലകളാണ് പ്രഥമഘട്ടത്തിൽ ഇതിനായി തെരഞ്ഞെടുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) പരിശോധിച്ചുവരുന്നു.

എന്റർപ്രണർ സപ്പോർട്ട് സ്കീം

156 (4362) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എന്റർപ്രണർ സപ്പോർട്ട് സ്കീം പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും ഈ ഇനത്തിൽ വകയിരുത്തിയ ആകെ തുക എത്രയാണെന്നും ഈ ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് ഈ പദ്ധതിയിൽ സഹായം നൽകുന്നത്. ഈ പദ്ധതി

പ്രകാരം ഉൽപ്പാദന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. 2022-23 സാമ്പത്തിക വർഷം സംരംഭക സഹായ പദ്ധതിക്കായി 6000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. (ബഡ്ജറ്റ് വിഹിതം 7400 ലക്ഷം രൂപയായിരുന്നു. അതിൽനിന്ന് 1400 ലക്ഷം രൂപ ചെറുകിട യൂണിറ്റുകൾക്കായുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതിയിലേയ്ക്ക് റീ-അപ്രോപ്രിയേഷൻ ചെയ്തനൽകി) പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 757 സംരംഭങ്ങൾക്കായി 3585.03 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഒരു ലക്ഷം സംരംഭം പദ്ധതി

157 (4363) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം ആരംഭിച്ച സംരംഭങ്ങളിൽ ട്രേഡ് ആക്ടിവിറ്റി എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം ആരംഭിച്ച സംരംഭങ്ങളിൽ 2023 ഫെബ്രുവരി 27

വരെയുള്ള കണക്കുപ്രകാരം 46639 സംരംഭങ്ങൾ ട്രേഡ് ആക്ടിവിറ്റി മേഖലയിലുള്ളവയാണ്.

(ബി) പ്രസ്തുത ട്രേഡ് ആക്ടിവിറ്റിയിൽ ഏതൊക്കെ തരത്തിലുള്ള സംരംഭങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഹോൾസെയിൽ റീട്ടെയിൽ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങളെയാണ് ട്രേഡ് ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതി പ്രകാരം ട്രേഡ് ആക്ടിവിറ്റിക്ക് സബ്സിഡി അനുവദിക്കുന്ന സ്കീം ഏതാണെന്നും പ്രസ്തുത സ്കീമിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം ട്രേഡ് ആക്ടിവിറ്റികൾക്കും ആനുകൂല്യം നൽകുന്നു. ഉൽപ്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. 01-04-2022 മുതൽ പ്രവർത്തനമാരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽനിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. പദ്ധതിയിൽ ബാങ്ക്

വായ്പയുടെ പലിശനിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 6 ശതമാനം വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു. 6 മാസം/12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കുവാൻ കഴിയുന്നത്.

ഒരു കുടംബം ഒരു സംരംഭം പദ്ധതിക്ക് 2022-2023-ലെ ബഡ്ജറ്റിൽ 2851-00-102-107(04) എന്ന ശീർഷകത്തിൽ 700 ലക്ഷം രൂപ വകയിരുത്തുകയും 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ട്. (Link:http://ofoe.industry.kerala.gov.in) ലഭിച്ച അപേക്ഷകൾ പ്രോസസ്സ് ചെയ്ത് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എറണാകുളം ജില്ലയിലെ വ്യവസായ സംരംഭങ്ങൾ

158 (4364) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് വ്യവസായ വകുപ്പിനുകീഴിൽ സ്ഥലം അനുവദിക്കാൻ ആവശ്യമായ സ്ഥലലഭ്യത നിലവിലുണ്ടോ?

കിൻഫ്രയുടെ പെട്രോകെമിക്കൽ പാർക്കിൽ സ്ഥലം അനുവദിച്ചുവരുന്നു. മറ്റ് വ്യവസായ പാർക്കുകളിൽ നിലവിൽ സ്ഥലം ലഭ്യമല്ല.

(ബി) വ്യവസായ നിക്ഷേപക സൗഹൃദത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം?

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 പാസ്സാക്കിയിട്ടുണ്ട്. കേരളാ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിലുൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലുംനിന്ന് ഒഴിവാക്കുന്നതിനായി 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. സംരംഭകർക്ക് വിവിധ വകുപ്പുകളുമായി

ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022-ലെ 19-ാം നമ്പർ ആക്ട് പ്രകാരം 1999-ലെ കേരള ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് (2000-ലെ നിയമം 5)-ന്റെ ഭേദഗതിപ്രകാരം ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സംവിധാനം നിലവിൽവന്നിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 14 ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. 2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് രൂപം

കൊടുത്തിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസുകൾ, മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും നടക്കുന്നത്. ഒരു തദ്ദേശ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യവും നൽകിയിട്ടുണ്ട്. കൂടാതെ പുതുതായി സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി
2. നാനോഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി
3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്
4. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി
5. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

6. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം
7. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി
8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)
9. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര വ്യവസായ സൗഹൃദത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി
   a) വ്യാവസായിക ഉൽപ്പാദന ക്ലസ്റ്റർ - പാലക്കാട് നോഡ്
   b) ഗിഫ്റ്റ് സിറ്റി - അയ്യമ്പുഴ, എറണാകുളം
2. പെട്രോകെമിക്കൽ പാർക്ക് - അമ്പലമുഗൾ, കൊച്ചി
3. സ്പൈസസ് പാർക്ക് - തൊടുപുഴ
4. വ്യവസായ പാർക്ക് - മട്ടന്നൂർ
5. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം - രാമനാട്ടുകര

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC), കണ്ണൂരും കോഴിക്കോടും ചേർത്തലയിലും വ്യവസായ വളർച്ച കേന്ദ്രങ്ങൾ, തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്ക്, ചേർത്തലയിലെ വ്യവസായ വളർച്ച കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്ക്, പാലക്കാട് കെ.എസ്.ഐ.ഡി.സി. ഇൻവെസ്റ്റ്മെന്റ് സോൺ തുടങ്ങിയവയാണ് സജ്ജമാക്കിയിട്ടുള്ളത്.

പുതുതായി ആരംഭിക്കുന്ന വ്യവസായ പാർക്കുകളാണ് കാസർഗോഡ് ഇൻഡസ്ട്രിയൽ സ്പേസ്, അങ്കമാലിയിൽ ബിസിനസ്സ് പാർക്ക്, കുറ്റ്യാടിയിൽ ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങിയവ. ടി വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും വ്യവസായ പാർക്കുകളിലും വ്യവസായ സംരംഭകർക്കായി അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളായ ആന്തരിക റോഡുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, വൈദ്യുതി വിതരണം, ജലവിതരണം, ചുറ്റുമതിലുകൾ, മഴവെള്ള നിർമ്മാർജ്ജന ഓടകൾ, മലിനജല സംസ്കരണശാലകൾ, ഗേറ്റുകൾ, സെക്യൂരിറ്റി ക്യാബിനുകൾ, ഭരണനിർവ്വഹണ കെട്ടിടങ്ങൾ, ക്രെഷ് കെട്ടിടങ്ങൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ, കോമൺ ഫെസിലിറ്റി സെന്ററുകൾ, വെയർ ഹൗസുകൾ തുടങ്ങിയവയാണ് ഒരുക്കുന്നത്. ടി വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും വ്യവസായ പാർക്കുകളിലും

കെ.എസ്.ഐ.ഡി.സി.-യിലെ അലോട്ട്മെന്റ് പോളിസി പ്രകാരം വ്യവസായ യൂണിറ്റുകൾക്ക് പാട്ടവ്യവസ്ഥയിൽ ഭൂമിയും എസ്.ഡി.എഫ്.-ൽ സ്ഥലവും അനുവദിക്കുന്നുണ്ട്.

(സി) വൺ ഡിസ്ട്രിക് വൺ പ്രോഡക്ടിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minister's Formalization of Micro Food Processing Enterprises) പദ്ധതി വഴി എറണാകുളം ജില്ലയിൽ 5 സംരംഭങ്ങൾ ഈ സാമ്പത്തിക വർഷം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എന്നാൽ ജില്ലയിലെ വൺ ഡിസ്ട്രിക് വൺ പ്രോഡക്ട് (ODOP) ആയ പൈനാപ്പിൾ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങളൊന്നും ഈ പദ്ധതി വഴി ആരംഭിച്ചിട്ടില്ല. ഇപ്പോൾ ഒരു അപേക്ഷ ബാങ്കിൽ പരിഗണനയിലാണ്.

റിസർച്ച് ഇൻകുബേഷൻ പ്രോഗ്രാം

159 (4365) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എച്ച്. സലാം:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യ സാധ്യതകളുള്ള കണ്ടെത്തലുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനും യുവതലമുറയെ സജ്ജമാക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള റിസർച്ച് ഇൻകുബേഷൻ പ്രോഗ്രാമിന്റെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ?

സംസ്ഥാനത്ത് വാണിജ്യ സാധ്യതകളുള്ള കണ്ടെത്തലുകളെ പ്രോത്സാഹിപ്പിക്കുന്നതിനും യുവഗവേഷകർക്ക് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുംവേണ്ടി കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ 'റിസർച്ച് ഇൻകുബേഷൻ പ്രോഗ്രാം' എന്ന പരിപാടി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇൻകുബേഷൻ സെന്ററിന്റെ സഹകരണത്തോടുകൂടി നടത്തിവരുന്നു.

കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങളിൽനിന്നും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഗവേഷകർക്ക് അവരുടെ ഗവേഷണത്തിന് അടിസ്ഥാനമായ ഉൽപ്പന്നം വികസിപ്പിച്ചെടുക്കുന്നതിനും അതിനെ വാണിജ്യവത്കരിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായങ്ങളും മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും ഒരു ഇൻകുബേഷൻ പരിപാടിയുടെ ഘടനയിലൂടെ നൽകുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

തെരഞ്ഞെടുക്കപ്പെട്ട 24 ഗവേഷകർ ഈ പരിപാടിയുടെ ഭാഗമായി 8 മാസം നീണ്ടുനിൽക്കുന്ന റിസർച്ച് ഇൻകുബേഷന്റെ ആദ്യഘട്ടത്തിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയും പരിപാടിയുടെ ഭാഗമായി ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് അവരുടെ കണ്ടെത്തലുകളുടെ പ്രോട്ടോടൈപ്പുകൾ നിർമ്മിക്കുകയും ചെയ്തുവരുന്നു. പ്രസ്തുത പരിപാടി തുടങ്ങി ഇതിനോടകംതന്നെ രണ്ട് ഗവേഷകർ പുതിയ സ്റ്റാർട്ടപ്പ് രജിസ്റ്റർ ചെയ്തുകഴിഞ്ഞു. പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആവശ്യമായ വ്യവസായ സംബന്ധവും നിയമപരവുമായ അറിവുകൾ പകർന്നുകൊടുക്കുന്ന ശില്പശാലകൾ, മെന്ററിഷിപ് പ്രോഗ്രാമുകൾ, ബൂട്ട്ക്യാമ്പുകൾ എന്നിവയും റിസർച്ച് ഇൻകുബേഷൻ പ്രോഗ്രാമിന്റെ ഭാഗമായി നടത്തിവരുന്നു. ഈ പരിപാടിയിൽ പങ്കെടുക്കുന്ന ഗവേഷകരുടെ പ്രവർത്തന പുരോഗതി വിലയിരുത്താൻ റിവ്യൂ മീറ്റിംഗുകളും റിസർച്ച് ഇൻകുബേഷൻ പ്രോഗ്രാമിന്റെ നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്യാൻ വിദഗ്ധരടങ്ങുന്ന അസസ്സ്മെന്റ് കമ്മിറ്റി മീറ്റിംഗുകളും ക്രത്യമായ ഇടവേളകളിൽ സംഘടിപ്പിക്കുന്നു.

(ബി) ലോകത്തിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് സമ്മേളനമായ ജൈടെക്സിൽ സംസ്ഥാനത്തുനിന്നുള്ള സ്റ്റാർട്ടപ്പുകൾ പങ്കെടുത്തിരുന്നോയെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

2023-ലെ ജൈടെക്സിൽ 39 സ്റ്റാർട്ടപ്പുകൾ പങ്കെടുത്തു. പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി രൂപം നൽകിയ ടെക്നോളജി ട്രാൻസ്ഫർ ആൻഡ് കൊമേഴ്സ്യലൈസേഷൻ സപ്പോർട്ട് സ്കീം വിശദമാക്കാമോ?

ഇന്ത്യയിലെ ഏതെങ്കിലും ഗവേഷണ സ്ഥാപനത്തിൽനിന്നും ഒരു സാങ്കേതികവിദ്യ അല്ലെങ്കിൽ ലൈസൻസ് കിട്ടിയശേഷം വാണിജ്യ സാധ്യതയുള്ള ഒരു ഉൽപ്പന്നം വികസിപ്പിക്കുവാൻ പദ്ധതിയുള്ള സ്റ്റാർട്ടപ്പുകൾക്കുവേണ്ടിയാണ് കേരള സ്റ്റാർട്ടപ്പ് മിഷന്റെ ടെക്നോളജി ട്രാൻസ്ഫർ ആൻഡ് കൊമേഴ്സിലൈസേഷൻ സപ്പോർട്ട് സ്കീം രൂപം നൽകിയിട്ടുള്ളത്. പ്രസ്തുത സ്കീം പ്രകാരം ഒരു ഗവേഷണ സ്ഥാപനത്തിൽനിന്നും സാങ്കേതികവിദ്യ വാങ്ങുന്നതിനായി സ്റ്റാർട്ടപ്പ് നൽകിയ തുകയുടെ 90 ശതമാനം ചില നിബന്ധനകളോടെ കേരള സ്റ്റാർട്ടപ്പ് മിഷൻ തിരിച്ചുനൽകും. പരമാവധി പത്തുലക്ഷം രൂപ വരെ ഇങ്ങനെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരികെ കൊടുക്കാം. കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും കേരള സ്റ്റാർട്ടപ്പ് മിഷന്റെ യൂണിക് ഐ.ഡി. ഉള്ളതും നിലവിൽ പ്രവർത്തനനിരതവുമായ സ്റ്റാർട്ടപ്പുകൾക്കാണ് ഈ സ്കീമിൽ അപേക്ഷിക്കാൻ യോഗ്യതയുള്ളത്. ഈ സ്കീമിന്റെ ഗുണഭോക്താവാകുന്ന സ്റ്റാർട്ടപ് രണ്ടുവർഷത്തിനുള്ളിൽ സാങ്കേതികവിദ്യ ഒരു ഉൽപ്പന്നമാക്കി മാറ്റി വിപണിയിലെത്തിക്കുകയും അതിൽനിന്നും ലഭിക്കുന്ന വിപണനത്തിന്റെ രണ്ട് ശതമാനം തുക റോയൽറ്റിയായി സ്റ്റാർട്ടപ് മിഷന് തിരിച്ചുനൽകുകയും വേണം. ഈ സ്കീമിലൂടെ സ്റ്റാർട്ടപ്പിന് ലഭിച്ച തുക മാത്രം റോയൽറ്റിയായി തിരികെ നൽകിയാൽ മതിയാകും.

പുതിയ വ്യവസായ സംരംഭങ്ങൾ

160 (4366) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്; ഇതുവഴി എത്ര കോടി രൂപയുടെ നിക്ഷേപം കേരളത്തിൽ ലഭ്യമായിട്ടുണ്ട്; എത്രപേർക്ക് പുതുതായി തൊഴിൽ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 148935 പുതിയ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 9,481 കോടി രൂപയുടെ നിക്ഷേപം കേരളത്തിൽ ലഭ്യമായിട്ടുണ്ട്. 341631 പേർക്ക് പുതുതായി തൊഴിൽ ലഭിച്ചിട്ടുണ്ട്. 250 വ്യവസായ സംരംഭകർക്ക് കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഭൂമി അലോട്ട് ചെയ്ത് നൽകിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ടുകൾ പ്രകാരം അവരുടെ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ 1713 കോടി രൂപയുടെ നിക്ഷേപവും 22500 തൊഴിലവസരവും സൃഷ്ടിക്കപ്പെടുമെന്ന് കരുതുന്നു.

(ബി) കേന്ദ്രസർക്കാർ വിറ്റഴിച്ച എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ കേരളം ഏറ്റെടുത്തിട്ടുണ്ട്; അവ ഏതൊക്കെയാണ്; സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനായി എത്ര തുകയാണ് നൽകിയിട്ടുള്ളത്; അവയുടെ പ്രവർത്തനം ഇപ്പോൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ഇനംതിരിച്ച് ലഭ്യമാക്കാമോ?

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായിരുന്ന (i) ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ് (ii) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, വെള്ളൂർ എന്നിവ കേരള സർക്കാർ ഏറ്റെടുത്ത് പൂർണ്ണമായും സംസ്ഥാന

സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർനാമകരണം ചെയ്തു. ആയത് ഇപ്പോൾ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തിച്ചുവരികയാണ്. Corporate Insolvency Resolution Plan (CIRP) പ്രകാരം 271.50 കോടി രൂപ കേരള സർക്കാർ നൽകിയാണ് സ്ഥാപനം ഏറ്റെടുത്തത്. സംസ്ഥാനത്തിനകത്തുനിന്നും മറ്റുള്ള സംസ്ഥാനങ്ങളിൽനിന്നും ഓർഡറുകൾ ലഭ്യമാക്കി കമ്പനി പ്രവർത്തന പുരോഗതി കൈവരിച്ചുവരികയാണ്. അടച്ചുപൂട്ടൽമൂലം തൊഴിൽരഹിതരായവരിൽ 250 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നതിന് പുറമെ 650 ഓളം പേർക്ക് പരോക്ഷമായും തൊഴിൽ സാധ്യതകൾ തുറന്നുകിട്ടുന്നത് സംസ്ഥാനത്തെ തൊഴിൽ മേഖലയ്ക്ക് പ്രചോദനകരമാണ്. കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുത്ത് കെൽ-ഇ.എം.എൽ. എന്ന് പുനർനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം പുനരാരംഭിച്ചു. പ്രവർത്തന പുരോഗതി കൈവരിക്കുന്നതിന്റെ ഭാഗമായി

കയറ്റുമതി ഓർഡറുകളും സ്ഥാപനം നേടിയിട്ടുണ്ട്. ഇപ്പോൾ 14 ഓഫീസർമാരും 82 തൊഴിലാളികളുമാണ് ഈ സ്ഥാപനത്തിലുള്ളത്.

(സി) 2011 മുതൽ 2016 വരെയുള്ള സർക്കാർ കാലയളവിൽ കേരളത്തിൽ എത്ര രൂപയുടെ പുതിയ വ്യവസായ നിക്ഷേപമാണ് രൂപംകൊണ്ടത്; ഇതിലൂടെ എത്രപേർക്കാണ് തൊഴിൽ നൽകാൻ കഴിഞ്ഞത്; വിശദമാക്കുമോ?

2011 മുതൽ 2016 വരെയുള്ള കാലയളവിൽ കേരളത്തിൽ 76602 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ വഴി 7519.36 കോടി രൂപയുടെ പുതിയ നിക്ഷേപമുണ്ടായിട്ടുണ്ട്. ഇതിലൂടെ 363365 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. 2011 മുതൽ 2016 വരെയുള്ള കാലയളവിൽ കിൻഫ്ര മുഖേന 263 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 786.8736 കോടി രൂപയുടെ നിക്ഷേപവും 4488 തൊഴിലവസരവും അതുപ്രകാരം സൃഷ്ടിക്കാൻ കഴിഞ്ഞു.

(ഡി) 2016 മുതൽ 2021 വരെയുള്ള മുൻസർക്കാരിന്റെ കാലത്ത് വ്യവസായ മേഖലയിൽ പുതുതായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; എത്ര കോടി രൂപയുടെ നിക്ഷേപമാണ് സമാഹരിച്ചത്; എത്ര പേർക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

2016 മുതൽ 2021 വരെയുള്ള മുൻസർക്കാരിന്റെ കാലത്ത് 69138 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 6448.81 കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത്. കൂടാതെ 245369 പേർക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചിട്ടുണ്ട്. 2016 മുതൽ 2021 വരെയുള്ള കാലയളവിൽ കിൻഫ്ര അലോട്ട് ചെയ്ത ഭൂമിയിൽ 485 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ 1511.04 കോടി രൂപയുടെ നിക്ഷേപവും 17264 തൊഴിലവസരവും സൃഷ്ടിക്കാൻ കഴിഞ്ഞു.

ഒരു കുടുംബം ഒരു സംരംഭം

161 (4367) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്; ഈ ഇനത്തിൽ വകയിരുത്തിയ ആകെ തുക എത്രയാണ്; ഈ ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണ്; വ്യക്തമാക്കുമോ?

ഒരു കുടുംബം ഒരു സംരംഭം പദ്ധതിക്ക് 2022-23-ലെ ബഡ്ജറ്റിൽ 700 ലക്ഷം രൂപ വകയിരുത്തിയതിൽ 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 01-04-2022 മുതൽ പ്രവർത്തനമാരംഭിക്കുന്ന

യൂണിറ്റുകൾക്കാണ് പദ്ധതി പ്രകാരം പലിശയിളവ് ലഭ്യമാകുന്നത്. 6 മാസം, 12 മാസം എന്നീ കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കുവാൻ കഴിയുന്നത്. അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ട്. (http://ofoe.industry.kerala.gov.in) പദ്ധതി പ്രകാരം നാളിതുവരെ തുകയൊന്നും വിനിയോഗിച്ചിട്ടില്ല. ലഭിച്ച അപേക്ഷകൾ പ്രോസസ്സ് ചെയ്ത് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് സ്കീം

162 (4368) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് സ്കീം പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്; ഈ ഇനത്തിൽ വകയിരുത്തിയ ആകെ തുക എത്രയാണ്; ഈ ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണ്; വ്യക്തമാക്കുമോ?

ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് സ്കീം പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 310 സംരംഭങ്ങൾക്ക് സീഡ് ക്യാപിറ്റൽ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ 363 സംരംഭങ്ങൾക്ക് ലോൺ അനുവദിച്ച് നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് സ്കീമിന്റെ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 1,47,06,250/- (ഒരു കോടി നാൽപത്തിയേഴ് ലക്ഷത്തി ആറായിരത്തി ഇരുന്നൂറ്റി അൻപത്) രൂപ സീഡ് ക്യാപിറ്റൽ ധനസഹായമായി കുടുംബശ്രീ മിഷൻ മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 1,03,82,242/- (ഒരു കോടി മൂന്ന് ലക്ഷത്തി എൺപത്തിരണ്ടായിരത്തി ഇരുന്നൂറ്റി നാൽപ്പത്തിരണ്ട്) രൂപ സബ്സിഡി വിഹിതമായി നൽകിയിട്ടുമുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്ര ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ (MoFPI) നിർദ്ദേശാനുസരണമാണ് സംസ്ഥാന വിഹിതം അനുവദിക്കുന്നത്.

സിറ്റി ഗ്യാസ് പദ്ധതി

163 (4369) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുനിന്ന് ആരംഭിക്കുന്ന സിറ്റി ഗ്യാസ് പദ്ധതി ഏതെല്ലാം മുനിസിപ്പൽ, കോർപ്പറേഷൻ, പഞ്ചായത്ത് പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്നും എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും അറിയിക്കാമോ?

പ്രാഥമിക ഘട്ടത്തിൽ തിരുവനന്തപുരം നഗരസഭയിലുൾപ്പെടുന്ന 40 വാർഡിലും തിരുവനന്തപുരം ജില്ലയിലെ മംഗലപുരം, അണ്ടൂർക്കോണം എന്നീ ഗ്രാമപഞ്ചായത്തുകളിലും സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടി ഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ 50000 കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

(ബി) നിലവിൽ പദ്ധതി ആരംഭിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്നും പദ്ധതിയെന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

സിറ്റി ഗ്യാസ് പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പണികൾ പുരോഗമിച്ചുവരുന്നു. പൊതുമരാമത്ത്

വകുപ്പ്, കേരള റോഡ് ഫണ്ട് ബോർഡ്, തിരുവനന്തപുരം നഗരസഭ, മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അനുമതി ആവശ്യമാണ്. ജലസേചന വകുപ്പിൽനിന്നുള്ള അനുമതി ലഭ്യമായാൽ ഒന്നാംഘട്ടം പൂർത്തിയാക്കുവാൻ സാധിക്കും.

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി

164 (4370) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാതൊരു ആനുകൂല്യങ്ങളും ലഭിക്കാതെ ബാങ്കിൽനിന്നും എടുത്ത വായ്പയുടെ അടിസ്ഥാനത്തിൽ തുടങ്ങിയ സംരംഭങ്ങൾ സർക്കാരിന്റെ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ കണക്കിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (ഇക്കോ സിസ്റ്റം) സൃഷ്ടിക്കുകയെന്നുള്ളതാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ആത്യന്തികമായ ലക്ഷ്യം. സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുകയെന്നതിലുപരി സംരംഭങ്ങൾ തുടങ്ങാൻ അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്നുള്ളതാണ് പ്രധാനമായ

കാര്യം. 10 ലക്ഷം രൂപ വരെ സ്ഥിരമൂലധനം/പ്രവർത്തന മൂലധനം ബാങ്ക് വായ്പയായി എടുക്കുന്ന സംരംഭങ്ങൾക്ക് പലിശയിളവ് സർക്കാർ ധനസഹായമായി നൽകുന്നുണ്ട്. 5 ലക്ഷം വരെയാണ് പലിശയിളവ് നൽകുന്നത്. 2022 ഏപ്രിൽ 1 മുതൽ പ്രവർത്തനം തുടങ്ങിയ എല്ലാ സംരംഭങ്ങളുടെയും വിവരങ്ങൾ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പോർട്ടലിൽ ശേഖരിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി നൽകുന്ന ആനുകൂല്യങ്ങളുടെ അടിസ്ഥാനത്തിൽ തുടങ്ങിയ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി വിവരശേഖരണത്തിനായി തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പോർട്ടലിൽ സംരംഭകർക്ക് സഹായം ലഭിച്ചിട്ടുള്ള പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി അപേക്ഷ സമർപ്പിക്കുന്നതിന് പ്രത്യേകം പോർട്ടലുകളും നിലവിലുണ്ട്.

കുളത്തുപ്പുഴയിൽ ഗോത്ര വംശീയ വ്യവസായ പാർക്ക്

165 (4371) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ കുളത്തുപ്പുഴയിൽ ഒരു ഗോത്ര വംശീയ വ്യവസായ പാർക്ക് (ട്രൈബൽ എത്ത്നിക് പാർക്ക്) നിർമ്മിക്കുന്നതിന് തയ്യാറാക്കിയ ഒരു കോടി രൂപയുടെ പ്രോജക്ട് 2023-24 വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തുന്നതിന് അനുയോജ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദിവാസി കരകൗശല വസ്തുക്കളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പുനലൂർ നിയോജകമണ്ഡലത്തിലെയും സമീപ പ്രദേശങ്ങളിലെയും ആദിവാസി ജനതയുടെ ഉപജീവന വികസനത്തിന് സഹായകരമാകുമെന്നത് പരിഗണിച്ച് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) പുനലൂർ നിയോജകമണ്ഡലത്തിലെ കുളത്തുപ്പുഴയിൽ ഒരു ട്രൈബൽ എത്ത്നിക് പാർക്ക് സ്ഥാപിക്കുന്നതിനായി കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തും താലൂക്ക് വ്യവസായ ഓഫീസുമായി ബന്ധപ്പെട്ട് വസ്തു കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്മേലുള്ള

റിപ്പോർട്ട് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

സൂക്ഷ്മ സംരംഭങ്ങളെ ഉയർത്തി ചെറുകിട സംരംഭങ്ങളാക്കുന്നതിനുള്ള പദ്ധതി

166 (4372) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളെ ഉയർത്തി ചെറുകിട സംരംഭങ്ങളാക്കുന്നതിനും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളാക്കുന്നതിനുമുള്ള പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ചതാണ് "നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട്

വരുന്നതിനുള്ള സഹായം" എന്ന പദ്ധതി. ഈ പദ്ധതി പ്രകാരം ഒരു യൂണിറ്റിന് സ്ഥിര മൂലധനത്തിന്റെ 30% പരമാവധി 100 ലക്ഷം രൂപ വരെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകുന്നു. ബാങ്കിൽനിന്നും പ്രവർത്തന മൂലധന വായ്പയെടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ആദ്യത്തെ മൂന്നുവർഷം ബാങ്ക് വായ്പാ നിരക്കിൽ 8% പലിശയിളവ്, പരമാവധി 30 ലക്ഷം രൂപ നൽകുന്നു. ഇത് റീ-ഇംബേഴ്സ്മെന്റായാണ് നൽകുന്നത്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

പ്രവർത്തനമാരംഭിച്ച് ഒരു വർഷത്തിനുശേഷം വിപുലീകരണ പ്രവർത്തനം നടത്തുന്ന ഉൽപ്പാദന/സേവന മേഖലയിലുള്ള സംരംഭങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്. സ്ഥിരമൂലധന നിക്ഷേപ സബ്സിഡിക്ക് ബാങ്ക് ലോൺ നിർബന്ധമല്ല. പ്രവർത്തന മൂലധന സഹായം ലഭിക്കുന്നത് ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിൽനിന്നും വായ്പ നേടിയിട്ടുള്ള യൂണിറ്റുകൾക്ക് മാത്രമാണ്. 01-01-2021 മുതൽ വിപുലീകരണ

പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

നിലവിലുള്ള എം.എസ്.എം.ഇ.-കളിലെ സൂക്ഷ്മസംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായ പദ്ധതിക്ക് അംഗീകാരം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ ഈ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടില്ല.

ഒരു കുടുംബം ഒരു സംരംഭം പദ്ധതി

167 (4373) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് സംരംഭക വർഷം എന്ന പേരിൽ വെബ്സൈറ്റുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത

വെബ്സൈറ്റിൽ ഇതുവരെ എത്ര പുതിയ സംരംഭങ്ങളുടെയും തൊഴിലവസരങ്ങളുടെയും കണക്കാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. ടി പോർട്ടലിലെ കണക്കുകൾ പ്രകാരം 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 3 വരെ സംസ്ഥാനത്ത് പുതുതായി 134729 സംരംഭങ്ങൾ തുടങ്ങുകയും അവയിലൂടെ 8043.09 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തുണ്ടാകുകയും 288979 തൊഴിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ ഒരു വർഷം എം.എസ്എം.ഇ. മേഖലയിലുണ്ടായ നിക്ഷേപം സർക്കാരിന്റെ കെ-സ്വിഫ്റ്റ് പോർട്ടലിലെ കണക്കുപ്രകാരം എത്രയാണെന്ന് വ്യക്തമാക്കാമോ?

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 2 വരെ കെ-സ്വിഫ്റ്റ് പോർട്ടൽ മുഖാന്തരം എം.എസ്.എം.ഇ. അക്കോളഡ്ജ്മെന്റ് എടുത്തിട്ടുള്ള

സ്ഥാപനങ്ങൾ വഴി 2288.69 കോടി രൂപയുടെ നിക്ഷേപമാണുണ്ടായിട്ടുള്ളത്.

(സി) ലൈസൻസ് പുതുക്കാൻ അപേക്ഷ നൽകിയവരെ പുതിയ സംരംഭങ്ങളായി കണക്കാക്കിയിട്ടുണ്ടെന്ന വാർത്തകളുടെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെ ആരംഭിക്കുന്ന സംരംഭങ്ങളെയാണ് ഈ പദ്ധതിയിലുൾപ്പെടുത്തുന്നത്. പ്രസ്തുത ലിസ്റ്റിൽ റീ-രജിസ്റ്റർ ചെയ്ത സംരംഭങ്ങളുൾപ്പെടുന്നില്ല. എന്തെങ്കിലും കാരണവശാൽ ഇത്തരം സംരംഭങ്ങൾ ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്യുന്നതിനായുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) 2022-23-ലെ ബഡ്ജറ്റിൽ ഒരു കുടുംബം ഒരു സംരംഭം പദ്ധതിക്കായി എത്ര രൂപ മാറ്റിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽനിന്നും ഇതിനോടകം എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉൽപ്പാദന, സേവന, വ്യാപാര മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതിവഴി വിഭാവനം ചെയ്യുന്നത്. 01-04-2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽനിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 6 ശതമാനം വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു. 2022-23-ലെ ബഡ്ജറ്റിൽ ഒരു കുടുംബം ഒരു സംരംഭം പദ്ധതിക്കായി 2851-00-102-107(04) എന്ന ശീർഷകത്തിൽ 700 ലക്ഷം രൂപ വകയിരുത്തുകയും 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ട്.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ

168 (4374) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 കാലയളവിൽ ഒരു ലക്ഷം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യം സംസ്ഥാനം കൈവരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൈവരിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള 'ഒരു ലക്ഷം സംരംഭങ്ങൾ' എന്ന ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസത്തെ കാലയളവിൽ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 6274 കോടി രൂപയുടെ നിക്ഷേപവും 220285 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നിലവിൽ ഇതുവരെ 2023 മാർച്ച് 3 വരെയുള്ള കണക്ക് പ്രകാരം 134729 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി

സംസ്ഥാനത്ത് 8043.09 കോടി രൂപയുടെ നിക്ഷേപവും 288979 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

(ബി) പ്രസ്തുത സംരംഭങ്ങളിലൂടെ സാധ്യമായ നിക്ഷേപങ്ങൾ, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കണക്കുകളുടെ അടിസ്ഥാനത്തിലാണ് വിവരശേഖരണം നടത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് 31 വരെ ആരംഭിക്കുന്നതും 2006-ലെ എം.എസ്.എം.ഇ.ഡി. ആക്ടും തുടർന്നുള്ള ഭേദഗതികളും പ്രകാരമുള്ള നിർവ്വചനത്തിലുൾപ്പെടുന്നതുമായ സ്ഥാപനങ്ങളെയാണ് ഒരു ലക്ഷം സംരംഭങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള ഇന്റേൺസ് വഴിയാണ് ഇപ്രകാരം കണ്ടെത്തുന്ന സംരംഭകരുടെ വിവരങ്ങൾ ശേഖരിക്കുന്നത്. നേരിട്ട് സംരംഭകരെ സന്ദർശിച്ചും തദ്ദേശ സ്ഥാപനങ്ങളിൽ

നിലവിലുള്ള ഹെൽപ് ഡെസ്കിലെ വിവരശേഖരണം വഴിയുമാണ് സംരംഭകരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നത്. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്.

(സി) ഈ കാലയളവിൽ ആരംഭിച്ചിട്ടുള്ള സംരംഭങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാണ്.

(ഡി) വളരെക്കാലംമുമ്പ് നിലവിലുണ്ടായിരുന്നതും എന്നാൽ രജിസ്ട്രേഷനില്ലാതിരുന്നതുമായ സംരംഭങ്ങളെ പുതിയ സംരംഭങ്ങളുടെ

പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത്തരത്തിലുള്ള എത്ര സംരംഭങ്ങളെ പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് 31 വരെ ആരംഭിക്കുന്ന സംരംഭങ്ങളെയാണ് ഈ പദ്ധതിയിലുൾപ്പെടുത്തുന്നത്. പ്രസ്തുത ലിസ്റ്റിൽ റീ-രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ ഉൾപ്പെടുന്നില്ല. എന്തെങ്കിലും കാരണവശാൽ ഇത്തരം സംരംഭങ്ങൾ ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്യുന്നതിനായുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം സ്വീകരിച്ചുവരുന്നുണ്ട്.

വ്യാപാരി വ്യവസായികൾക്കുള്ള ഉജ്ജീവന സഹായ പദ്ധതി

169 (4375) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ എത്ര ചെറുകിട/ഇടത്തരം വ്യവസായ സ്ഥാപന/കട ഉടമകൾക്ക് ഉജ്ജീവന സഹായ പദ്ധതി പ്രകാരം എടുത്തിട്ടുള്ള

ലോണിന്റെ മാർജിൻ മണി അനുവദിക്കാനുണ്ടെന്ന് സ്ഥാപനങ്ങളുടെ പേര് വിവരം സഹിതം വെളിപ്പെടുത്തുമോ?

തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ റിപ്പോർട്ട് പ്രകാരം ജില്ലയിലെ 64 യൂണിറ്റുകൾക്ക് ഉജ്ജീവന സഹായ പദ്ധതി പ്രകാരം എടുത്തിട്ടുള്ള ലോണിന്റെ മാർജിൻ മണി അനുവദിക്കാനുണ്ട്. സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെച്ചേർക്കുന്നു.

1. M/s. Orchid Fab, Mala
2. M/s. Jeeva Textiles, Mala
3. M/s. Carmel International Rubber Industries, Nellayi
4. M/s. New Steel Metallic Furniture, Chalakudy
5. M/s. Sajeevan. K. M. Paultry Farm, Padiyoor
6. M/s. Pavithran Stores, Padiyoor
7. M/s. Arab Tech Aluminium Fabrication, Chelakkara
8. M/s. Printex, Athani
9. M/s. K. R. Associates, Ottupara
10. M/s. Top in Town Fashion, Ottupara
11. M/s. Lady Care & Festival Fancy, Ottupara

12. M/s. Best Plywoods & Glass, Erumapetty

13. M/s. R. R. Traders, Pazhayannur

14. M/s. City Bakery, Chelakkara

15. M/s. Divyapooja Stores, Vadakkethara

16. M/s. Palace Hotal, Thonnurkkara

17. M/s. Relative Plastics, Eyyal

18. M/s. Pudussery Food Products, Choondal

19. M/s. Jayan Book Binding, Kunnamkulam

20. M/s. Sivani Enterprises, Thayyur

21. M/s. Shine Dress Gallery

22. M/s. Midas Ayurvedic, Velur

23. M/s. Moses Lifestyle, Chavakkad Block

24. M/s. Lakshmi Sree Foods, Thalikulam Block

25. M/s. Easy Coat Paints, Mullassery Block

26. M/s. Thachappully Ayurvedic, Thalikulam Block

27. M/s. Devi Flour & Oil Mill, Thalikkulam Block

28. M/s. Fair Collections, Chavakkad Block

29. M/s. Star Stores, Thalikkulam Block

30. M/s. Sky Polymers, Guruvayur Municipality

31. M/s. Indoor Shopping, Guruvayur Municipality

32. M/s. Aloor Fashion, Guruvayur Municipality

33. M/s. Victory Books, Guruvayur Municipality

34. M/s. Jaicob Grocery Shop, Guruvayur Municipality

35. M/s. Ideal Collections, Guruvayur Municipality

36. M/s. Orion Fancy & Footwear, Guruvayur Municipality

37. M/s. V C Stores, Guruvayur Municipality

38. M/s. Elegant Interiors, Guruvayur Municipality

39. M/s. C M Traders, Guruvayur Municipality

40. M/s. A to Z Super Market, Guruvayur Municipality

41. M/s. M M Stores, Mullassery Block

42. M/s. Cool Chamber, Chavakkad Block

43. M/s. National Traders, Chavakkad Block

44. M/s. Balakrishna Engineering Works, Orumanayur

45. M/s. ECS Stores, Uzhavathukadavu, Kodungallur

46. M/s. Kumar Auto Works, Kavilkadavu, Kodungallur

47. M/s. Victory Motors, Kavilkadav, Kodungallur

48. M/s. Anugraha Provision Stores, Kodungallur

49. M/s. Mangalath Stores, Kavilkadavu, Kodungallur

50. M/s. Josettante Kada, Sringapuram, Kodungallur

51. M/s. Cool Mall, Kodungallur

52. M/s. Golden Bakers, Kavilkadavu, Kodungallur

53. M/s. Delstar Agencies, Kottappuram

54. M/s. Karshaka Mithra Fertilizers Shop, Kavilkadavu, Kodungallur

55. M/s. Try Net Computer Graphics, Edathiruthi

56. M/s. Sree Lakshmi Cement Bricks, Chenthrappinni

57. M/s. Hishan Agencies, Ala, Gothuruthu

58. M/s. Vadakkepurath Traders, Kottappuram

59. M/s. Jaiban Vegetables Stores, Kottappuram

60. M/s. Tailoring, Edathiruthi

61. M/s. Lora Chemicals, Kodungallur

62. M/s. Mary Matha Flour Mill, Mathilakam

63. M/s. T S Engineering Works, Kottappuram

64. M/s. Aruni Industries, Kodungallur

(ബി) ഈ അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ധനസഹായം അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ഉജ്ജീവന വായ്പ പദ്ധതി പ്രകാരം എടുത്തിട്ടുള്ള ബാങ്ക് വായ്പയ്ക്ക് മാർജിൻ മണി അനുവദിക്കുന്നതിനായി വ്യവസായ വകുപ്പ് മേലുദ്യോഗസ്ഥന്റെ ശിപാർശയോടുകൂടി നിർദ്ദിഷ്ട ഫോമിൽ ബാങ്കുകൾ സമർപ്പിക്കുന്ന അർഹമായ അപേക്ഷകളിൽ ഇരട്ടിപ്പുണ്ടോയെന്ന് ജില്ലാ കളക്ടർ സൂക്ഷ്മ പരിശോധന നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ആയത് പരിശോധിച്ച് അർഹമായ മാർജിൻ മണി സർക്കാർ അനുവദിച്ചുവരുന്നു. ഇത്തരത്തിൽ ഇതിനോടകം ലഭ്യമായ അർഹമായ അപേക്ഷകളിൽ ജില്ലാ കളക്ടർ മുഖേന ഇരട്ടിപ്പ് പരിശോധിച്ച് അനുവദനീയമായ മാർജിൻ മണി സർക്കാരിൽനിന്നും അനുവദിച്ചിട്ടുണ്ട്.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ

170 (4376) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2022-23 സാമ്പത്തിക വർഷം പുതുതായി എത്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ലക്ഷ്യപ്രാപ്തിക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ&ബി) 2022-23 സംരംഭക വർഷമായി കേരളാ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ലക്ഷം സംരംഭങ്ങൾ എന്ന ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസത്തെ കാലയളവിൽ

രജിസ്റ്റർ ചെയ്തു. പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

1. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും നടക്കുന്നത്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ഭൗതിക ലക്ഷ്യവും നൽകിയിട്ടുണ്ട്.

2. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കുകൾ സ്ഥാപിച്ചു.

3. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.

4. സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നിയമസഭാ സാമാജികർക്കുള്ള ശില്പശാല 2022 ജൂലൈയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിൽവച്ച് നടത്തുകയുണ്ടായി. പ്രസ്തുത ശില്പശാലയിൽ സംരംഭക വർഷം പദ്ധതിയുടെ നിയമസഭാ അടിസ്ഥാനത്തിലുള്ള പുരോഗതി വിലയിരുത്തൽ എല്ലാ നിയമസഭാസാമാജികരും അവരവരുടെ നിയോജകമണ്ഡലത്തിൽ നിർവ്വഹിക്കുന്നതിന് തീരുമാനിച്ചു. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി നിയോജകമണ്ഡലതല അവലോകന യോഗങ്ങൾ നടത്തിവരുന്നു.

5. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

6. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (14) ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

7. എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.

8. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.

9. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം വഴി 10 ഏക്കറിന് മുകളിൽ സ്ഥല വിസ്തൃതി കൈവശമുള്ള സ്വകാര്യ മേഖലയിലുള്ള വ്യവസായികൾക്ക് വ്യാവസായിക പാർക്കുകൾ ആരംഭിക്കാനുള്ള പെർമിറ്റ് നൽകിത്തുടങ്ങി.

10. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉൽപ്പന്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതാത് തദ്ദേശസ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്

താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു തദ്ദേശ സ്ഥാപനം ഒരു ഉത്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

11. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദ്ദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

12. സംസ്ഥാനത്തെ ഭൗമസൂചിക (GI) ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്കനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉൽപ്പന്നങ്ങൾക്കായി ഒരു ജി.ഐ.

മാർക്കറ്റിംഗ് പോർട്ടൽ ആരംഭിച്ചു. ഭൗമസൂചിക ലഭിച്ചിട്ടുള്ള കേരളത്തിൽനിന്നുള്ള ഉൽപ്പാദകരുടെ ഒരു സംഗമം ഇതിന്റെ ഭാഗമായി 2023 ജനുവരി മാസം നടത്തി.

13. വിദേശത്തുള്ള മലയാളികളെ സംരംഭകത്വത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് ബോധവാന്മാരാക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അതുവഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി ശില്പശാല 2023 ജനുവരി മാസത്തിൽ നടത്തി.

2022 മേയ്, ജൂൺ മാസങ്ങളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടത്തിയ പൊതുബോധവത്കരണ പരിപാടികളിൽ 85160 പേർ പങ്കെടുത്തിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുബോധവത്കരണ പരിപാടിയിൽ പങ്കെടുക്കുന്ന സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാ തലത്തിൽ പ്രസിദ്ധീകരിച്ചു. ഇതുകൂടാതെ ഈ വിവരങ്ങൾ സംരംഭകർക്ക് അനായാസമായി ലഭ്യമാക്കാൻ ഇവയുൾപ്പെടുത്തി പ്രത്യേക

ചെറുവീഡിയോകളും നിർമ്മിച്ചിട്ടുണ്ട്. തുടർന്ന് 2022 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വായ്പ/ ലൈസൻസ്/സബ്സിഡി മേളകൾ നടത്തി. വായ്പാ മേളയുടെ ഭാഗമായി ലഭിച്ച 5556 അപേക്ഷകളിൽ (297 കോടി രൂപ മൂല്യം) 108 കോടി രൂപയുടെ വായ്പകൾ അനുവദിച്ചു. മേളയുടെ ഭാഗമായി 4919 ലൈസൻസുകൾക്കും 1059 സബ്സിഡികൾക്കുമുള്ള അപേക്ഷകൾ പരിഗണിച്ചു.

പുതുതായി ആരംഭിച്ച സംരംഭങ്ങൾക്ക് വിപണി സാധ്യതകൾ വർദ്ധിപ്പിക്കുവാൻവേണ്ടി 2022 നവംബർ മുതൽ 2023 ഫെബ്രുവരി വരെ എല്ലാ താലൂക്കുകളിലും മാർക്കറ്റിംഗ് മേളകൾ നടത്തി. പുതുതായി സ്ഥാപിതമായ സംരംഭങ്ങൾക്ക് പ്രാദേശിക വിപണികളിൽ അവരുടെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി സാധ്യതകൾ വർദ്ധിപ്പിക്കാനും വ്യാപാര ഇടപാടുകൾ സുഗമമാക്കാനും പങ്കാളിത്തം പ്രോത്സാഹിപ്പിക്കാനും അവസരമൊരുക്കുകയാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. സംരംഭങ്ങളെ ജനപ്രിയ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളുമായി ബന്ധിപ്പിക്കുന്നതിനും ക്യാമ്പയിൻ സഹായിക്കും. പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (ഇക്കോ സിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ

പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കിവരികയും ചെയ്യുന്നു. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ സംയോജനം കൂടുതൽ ശക്തിപ്പെടുത്തുന്നതിലൂടെയും വിവിധ മേഖലകളിലെ ശേഷി വികസനത്തിലൂടെയും സാങ്കേതികവിദ്യ കൈമാറ്റം, ഗുണനിലവാര നിയന്ത്രണത്തിനായി കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ സ്ഥാപിക്കുക എന്നിവയിലൂടെയും സുസ്ഥിരമായ ഒരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കാൻ പദ്ധതിയിടുന്നു.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭ വികസനം

171 (4377) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം തുടർന്നുകൊണ്ടിരിക്കുന്ന ബദൽ വികസന സമീപനത്തിൽ തൊഴിലാളികളുടെ അവകാശങ്ങളും പരിസ്ഥിതി നിയമങ്ങളും സംരക്ഷിക്കുന്നതിന് വ്യവസായ വകുപ്പ് പ്രത്യേകമായ സമീപനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശങ്ങൾ തൊഴിൽ വകുപ്പും പരിസ്ഥിതി നിയമങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡുമാണ്

സംരക്ഷിച്ച് പോരുന്നത്. തൊഴിൽ നിയമങ്ങളും പരിസ്ഥിതി നിയമങ്ങളും പ്രകാരമുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സംരംഭകർക്ക് ആവശ്യമായ ശേഷിവികസനവും വിവിധ പദ്ധതികളിലുൾപ്പെടുത്തി ധനസഹായവുമാണ് വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്നും ചെയ്തുവരുന്നത്. കേരളത്തിലെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിദഗ്ധ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നേടിക്കൊടുക്കുക, അവിദഗ്ധ തൊഴിലാളികളെ നൈപുണ്യ വികസന പരിശീലനത്തിലൂടെ വിദഗ്ധരാക്കി മാറ്റുക, തൊഴിലാളികൾക്ക് ആവശ്യമുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുക, സമൂഹത്തിന് മികച്ച തൊഴിൽ സൗഹൃദാന്തരീക്ഷം ലഭ്യമാക്കുക എന്നീ ലക്ഷ്യത്തോടെ സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഭൗമാതിർത്തിക്കുള്ളിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് കേരള സർക്കാർ ലക്ഷ്യമിടുകയും അതിനനുസരിച്ച് വ്യത്യസ്ത തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവർ ലക്ഷ്യപ്രാപ്തിക്കായി മുന്നോട്ടുവരികയും ചെയ്തിട്ടുണ്ട്. നൈപുണ്യ വികസന വ്യവസായ സഹകരണ സംഘങ്ങൾക്ക് വകുപ്പുവഴി ധനസഹായവും നൽകിവരുന്നുണ്ട്. സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ കരകൗശല വിദഗ്ധർക്കുള്ള

വാർദ്ധക്യകാല പെൻഷൻ പദ്ധതിക്ക് സർക്കാർ അനുമതി നൽകുകയും പ്രസ്തുത പദ്ധതി സാമൂഹിക സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് മുഖേന അനുവദിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മേൽ വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരം 75 വയസ്സിനുതാഴെ പ്രായമുള്ളവർക്ക് പെൻഷൻ തുക പ്രതിമാസം 1100/- രൂപയായും 75 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് 1500/- രൂപയായും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പെൻഷൻ അനുവദിക്കുന്നതിനായി 2851-00-196-50-Block Grant for Revenue Expenditure എന്ന പദ്ധതിയേതര ശീർഷകത്തിൽനിന്നും 9.84 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പ്രാദേശിക സർക്കാരുകളും സഹകരണ മേഖലയും ഏകോപിതമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭക വികസനത്തിൽ ഇടപെടുന്നതിനുള്ള പരിപാടികൾ തയ്യാറാക്കിയിട്ടുണ്ടോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനത്തിൽ പ്രാദേശിക സർക്കാരുകളുടെ ഇടപെടൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ള ഇന്റേണുകൾവഴി ഉറപ്പുവരുത്തുന്നുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിൽ 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. പഞ്ചായത്തുകളിലും നഗരസഭകളിലും വ്യവസായ വികസന പ്രവർത്തനം നടത്തുന്നതിനൊപ്പം വ്യവസായ വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതും ഇന്റേണിന്റെ ചുമതലയാണ്. ഇതിനായി പഞ്ചായത്ത് കൗൺസിലിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെപ്പറ്റി അവതരിപ്പിക്കുക, പ്രാദേശിക സാമ്പത്തിക വികസന പരിപാടിയിലുൾപ്പെടുത്താവുന്ന വ്യവസായ പദ്ധതികൾ കണ്ടെത്തുക, ഗ്രാമ/വാർഡ് സഭകളിൽ പങ്കെടുക്കുക, പഞ്ചായത്ത്/നഗരസഭ അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ ട്രെയിനിംഗ് നൽകുക, ആഴ്ചയിൽ രണ്ട് ദിവസം ഹെൽപ് ഡെസ്കായി പ്രവർത്തിക്കുക എന്നീ പ്രവർത്തനങ്ങൾ ഇന്റേണുകൾ നടപ്പാക്കിവരുന്നു.

(സി) വിവിധ ഏജൻസികളെയും ചെറുകിട സംരംഭങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് പഞ്ചായത്ത്, മുനിസിപ്പൽ തലത്തിൽ മാസ്റ്റർ പ്ലാനുകളുണ്ടാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും സംവിധാനമുണ്ടാക്കുമോയെന്ന് വ്യക്തമാക്കുമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ പുരോഗതി മോണിറ്റർ ചെയ്യുന്നതിന് വിവിധ വകുപ്പ് പ്രതിനിധികളെയുൾപ്പെടുത്തി

പഞ്ചായത്ത്/നഗരസഭ തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മറ്റ് മാസ്റ്റർപ്ലാനുകളൊന്നും വ്യവസായ വകുപ്പുവഴി ആവിഷ്കരിച്ചിട്ടില്ല.

ചെറുകിട യൂണിറ്റുകൾ

172 (4378) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ചെറുകിട സംരംഭങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

ചെറുകിട സംരംഭങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്കുവേണ്ട എല്ലാ സഹായങ്ങളും ലഭ്യമാക്കുവാനായി നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സംരംഭകരുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി എം.എസ്.എം.ഇ. ക്ലിനിക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ

സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണിനെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു. ചെറുകിട സംരംഭകർക്കുവേണ്ട സാങ്കേതിക സഹായം, സാമ്പത്തിക സഹായം തുടങ്ങി എല്ലാ മേഖലയിലെയും ആവശ്യങ്ങൾക്ക് മേൽപ്പറഞ്ഞ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ പുതുതായി സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി
2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി
3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്
4. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി
5. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി
6. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം
7. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി
8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

9. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

കേരളത്തിൽ ബിസിനസ് നടത്തുന്നത് സുഗമമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിലുള്ള വ്യവസ്ഥകളുൾക്കൊള്ളുന്ന കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് കെ-സ്വിഫ്റ്റ് സോഫ്റ്റ്വെയർ നിലവിലുണ്ട്. കൂടാതെ, 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ

ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്നുവർഷമാണ് കാലാവധി. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി

173 (4379) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി സ്കീം പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും ഈ ഇനത്തിൽ വകയിരുത്തിയ ആകെ തുക എത്രയാണെന്നും ഈ ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

10 ലക്ഷം രൂപവരെ സ്ഥിര മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉൽപ്പാദക, സേവന, ജോബ് വർക്ക്

വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പയെടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു.

നാനോ ഗാർഹിക യൂണിറ്റുകൾക്കുള്ള പലിശ സബ്സിഡി പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം 74 യൂണിറ്റുകൾക്കായി 9.5 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

കരകൗശല മേഖലയുടെ വികസനം

174 (4380) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരകൗശല മേഖലയുടെ വികസനത്തിന് എന്തെല്ലാം സ്കീമുകളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

കരകൗശല മേഖലയുടെ വളർച്ചയ്ക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളിൽ പ്രധാന പങ്കുവഹിക്കുന്ന കേരളാ സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ്

സൊസൈറ്റി (സുരഭി)-ക്ക് കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി, ആധുനികവത്കരണം, ഡിസൈൻ വികസനം തുടങ്ങിയ ആവശ്യങ്ങൾക്കായി 2022-23 സാമ്പത്തിക വർഷം 25 ലക്ഷം രൂപ നൽകിയിരുന്നു. കൂടാതെ കാഡ്കോയ്ക്കും ഇതേ ആവശ്യത്തിന് 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കരകൗശല മേഖലയിൽ പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം നീക്കിവച്ചിട്ടുണ്ട്. കരകൗശല വികസന കോർപ്പറേഷൻ പുതിയ ഡിസൈനിലുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുക എന്നീ പദ്ധതികൾ നിലവിൽ നടത്തിവരുന്നു. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ കരകൗശല തൊഴിലാളികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കിവരുന്നു. കൂടാതെ, ആധുനികവത്കരണം, പൊതുസൗകര്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ തുടങ്ങിയ പദ്ധതികൾക്കായി ബഡ്ജറ്റ് വിഹിതത്തിൽനിന്ന് 173 ലക്ഷം രൂപയും സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി 127 ലക്ഷം രൂപയും കരകൗശല

വികസന കോർപ്പറേഷന് അനുവദിച്ചിരുന്നു. പരമ്പരാഗത കൈത്തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നവരെ ഒരു കുടക്കീഴിൽകൊണ്ടുവരികയെന്ന ഉദ്ദേശ്യത്തോടെ കാഡ്കോ ആർട്ടിസാൻസ് ലേബർ ഡാറ്റാ ബാങ്ക് പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ ഇരുപതിനായിരത്തോളം ആർട്ടിസാൻമാർ ലേബർ ഡാറ്റാ ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരമ്പരാഗത സ്വർണ്ണത്തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ഗോൾഡ് അപ്രൈസർ സബ് സ്റ്റാഫ് ട്രെയിനിംഗ് പ്രോഗ്രാം കാഡ്കോ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി ജെം & ജ്വലറി സ്കിൽ കൗൺസിൽ ഓഫ് ഇന്ത്യ, നാഷണൽ കൗൺസിൽ ഓഫ് വൊക്കേഷണൽ ട്രെയിനിംഗ് എന്നിവയുമായി ചേർന്ന് നടത്തുന്ന പ്രോഗ്രാം 14 ജില്ലകളിൽനിന്ന് ആദ്യഘട്ടത്തിൽ 420 പരമ്പരാഗത ആർട്ടിസാന്മാർക്ക് ട്രെയിനിംഗ് നൽകുന്നതിനായി ഉദ്ദേശിക്കുന്നു. പരിശീലനം പൂർത്തീകരിക്കുന്നവർക്ക് കാഡ്കോയും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ GJSCI-യുമായി സംയോജിതമായി സർട്ടിഫിക്കറ്റ് നൽകുന്നതിനും കാഡ്കോ ലക്ഷ്യമിടുന്നു. ടി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് വിവിധ സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ പരമ്പരാഗത സ്വർണ്ണത്തൊഴിലാളികൾക്ക് അപ്രൈസർമാരായി തൊഴിൽ ലഭ്യമാക്കുവാൻ

സാധിക്കുന്നു. സർവ്വീസ് ആൻഡ് സപ്ലൈ പദ്ധതി പ്രകാരം വിവിധ സർക്കാർ സ്ഥാപനത്തിലേയ്ക്ക് ആർട്ടിസാൻ/ആർട്ടിസാൻ യൂണിറ്റ് മുഖാന്തരം ഫർണിച്ചർ വിതരണം, ഇന്റീരിയർ ഫർണിഷിംഗ്, പൊതുവിദ്യാലയ നവീകരണം എന്നിവ നിർവ്വഹിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 52 കോടി രൂപയുടെ വിറ്റുവരവ് കാഡ്കോ നേടിയിരുന്നു. 2 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കാഡ്കോയ്ക്ക് സാധിച്ചു. കൊല്ലം ഉമയനെല്ലൂരിൽ ആർട്ടിസാന്മാർക്കായി പൊതുസേവന കേന്ദ്രം കാഡ്കോ ഇതിനോടകം സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിലെ മറ്റ് 13 ജില്ലകളിലും പരമ്പരാഗത കൈത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പൊതുസേവനകേന്ദ്രങ്ങൾ തുടങ്ങുന്നതിന് കാഡ്കോ ലക്ഷ്യമിടുന്നു.

കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ

175 (4381) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും ആകെ എത്ര തുക ഇതിനായി

വകയിരുത്തിയിട്ടുണ്ടെന്നും ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി കരകൗശല മേഖലയിൽ സ്വയംതൊഴിൽ സംരംഭം ആരംഭിക്കുവാൻ 1.50 കോടി രൂപ വകയിരുത്തിയിരുത്തിയിട്ടുണ്ട്. ആയത് ഉപയോഗിച്ച് 54 പേർക്ക് ടേം ലോൺ അനുവദിച്ചിട്ടുണ്ട്. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കാഡ്കോയ്ക്ക് NBCFDC-യിൽനിന്നും 70 ലക്ഷം രൂപ അനുവദിച്ചതിൽ 14 സംരംഭങ്ങൾക്കായി NBCFDC വിഹിതമായി 47,20,500/- രൂപയും കാഡ്കോയുടെ തനത് ഫണ്ടിൽനിന്നും 8,09,500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കരകൗശല തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകരുൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ സഹായം നൽകാനും ആശ പദ്ധതി ലക്ഷ്യമിടുന്നു. ഉദ്യം രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കരകൗശല യൂണിറ്റുകൾക്ക് പരമാവധി 2 ലക്ഷം രൂപ സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 40% പൊതുവിഭാഗങ്ങൾക്കും പരമാവധി 3 ലക്ഷം രൂപ സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 50% ശതമാനം

സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ്ഗക്കാർ/യുവതി/യുവാക്കൾ എന്നീ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവർക്കും സബ്സിഡി നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനത്ത് ആശ പദ്ധതി പ്രകാരം 2022-23 വർഷത്തിൽ 30 ലക്ഷം രൂപ വകയിരുത്തിയതിൽനിന്ന് 13 യൂണിറ്റുകൾക്കായി 10.33 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

സംരംഭക വർഷം പദ്ധതി

176 (4382) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനംതിട്ട ജില്ലയിലെ റാന്നി, പഴവങ്ങാടി, കോഴഞ്ചേരി പഞ്ചായത്തുകളിൽ സംരംഭക വർഷം പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ പേരും വിലാസവും സംരംഭകന്റെ പേരും ഉൾപ്പെടുത്തിയ ലിസ്റ്റ് ലഭ്യമാക്കുമോ?

സംരംഭക വർഷം പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിലെ റാന്നി, പഴവങ്ങാടി, കോഴഞ്ചേരി പഞ്ചായത്തുകളിൽ ആരംഭിച്ച സംരംഭങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പഞ്ചായത്തിന്റെ പേര്	ലക്ഷ്യം	നേട്ടം	നിക്ഷേപം (കോടി രൂപയിൽ)	തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്
1	പഴവങ്ങാടി	110	153	6.39	253
2	റാന്നി	61	66	3.05	114
3	കോഴഞ്ചേരി	54	76	9.88	243

സംരംഭക വർഷത്തോടനുബന്ധിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാണ്.

കരകൗശല തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ പദ്ധതികൾ

177 (4383) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല വ്യവസായത്തിന്റെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

പ്രാഥമിക കരകൗശല സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കേരളാ സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി) സംഭരിക്കുകയും സ്വന്തം ഷോറൂമുകൾവഴി വിപണനം നടത്തുകയും ചെയ്യുന്നു. ഷോറൂമുകൾ നവീകരിക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ട്. കൂടാതെ കരകൗശല വികസന കോർപ്പറേഷൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന ശിൽപ്പികൾ, സംഘങ്ങൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ പർച്ചേസ് ചെയ്ത് കോർപ്പറേഷന്റെ വിൽപ്പനശാലകൾവഴി വിപണനം നടത്തിവരുന്നു.

(ബി) ഈ മേഖലയിൽ കരകൗശല തൊഴിലാളികളുടെ ജീവിത നിലവാരമുയർത്താൻ കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ എന്തൊക്കെ ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ പുതിയ ഡിസൈനിലുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുക എന്നീ പദ്ധതികൾ കരകൗശല വികസന കോർപ്പറേഷൻ നടത്തിവരുന്നു. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ കരകൗശല തൊഴിലാളികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും

ആർട്ടിസാൻമാർക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിനും നിലവിലുള്ള ബിസിനസ് വിപുലീകരിക്കുന്നതിനുമായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കിവരുന്നു. കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി, ആധുനികവത്കരണം, ഡിസൈൻ വികസനം തുടങ്ങിയ ആവശ്യങ്ങൾക്കായി 2022-23 സാമ്പത്തിക വർഷം 25 ലക്ഷം രൂപ വീതം സുരഭി, കാഡ്കോ എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു. കൂടാതെ കരകൗശല മേഖലയിൽ പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം നീക്കിവച്ചിട്ടുണ്ട്.

(സി) ഈ മേഖലയിലെ തൊഴിലാളികളുടെ നൈപുണ്യശേഷി വർദ്ധിപ്പിച്ച് കരകൗശല ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി നൂതനമായ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ?

കരകൗശല തൊഴിലാളികളുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കുന്നതിനായി കരകൗശല വികസന കോർപ്പറേഷൻ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ഉയർന്ന നിലവാരത്തിലുള്ള ഉത്പന്നങ്ങൾ 'New Product Development' എന്ന പദ്ധതിയുടെ ഭാഗമായി

വികസിപ്പിച്ച് ഡിജിറ്റൽ മാർക്കറ്റിംഗ് പോലുള്ള നൂതന വിപണന മാർഗ്ഗങ്ങൾ നടപ്പിലാക്കി വിപണനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ ആമസോൺ, ഫ്ലിപ്കാർട്ട് എന്നിവയിലൂടെയും വിപണി കണ്ടെത്തുന്നുണ്ട്. കൂടാതെ ആധുനികവത്കരണം, പൊതുസൗകര്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ തുടങ്ങിയ പദ്ധതികൾക്കായി ബഡ്ജറ്റ് വിഹിതത്തിൽനിന്ന് 173 ലക്ഷം രൂപയും സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി 127 ലക്ഷം രൂപയും കരകൗശല വികസന കോർപ്പറേഷന് അനുവദിച്ചിരുന്നു. കൊല്ലം ഉമയനെല്ലൂരിൽ ആർട്ടിസാന്മാർക്കായി ആധുനിക യന്ത്രസാമഗ്രികൾ ഉൾപ്പെടുത്തി കാഡ്കോ ഒരു പൊതുസേവനകേന്ദ്രം ആരംഭിക്കുകയും പരമ്പരാഗത കൈത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പൊതുസേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ലക്ഷ്യമിടുകയും ചെയ്യുന്നു. ഭാഗിക യന്ത്രവത്കരണംവഴി ഉൽപ്പാദനത്തിന് നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുവാൻ കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ് സൊസൈറ്റി (സുരഭി) ശ്രമിച്ചുവരുന്നു.

മുള വ്യവസായം വികസിപ്പിക്കാൻ നടപടി

178 (4384) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുള വ്യവസായത്തിന്റെ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, ഭൂമിയേറ്റെടുക്കൽ നടപടിയിലെ കാലതാമസം, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് ഏതൊക്കെ നടപടികളാണ് ഈ സർക്കാർ അധികാരത്തിൽവന്നശേഷം സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ പരമ്പരാഗത ഗ്രാമവ്യവസായ മേഖലകളിലൊന്നായ മുള മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടേയും സംരംഭകരുടേയും ജീവിത നിലവാരമുയർത്തി അവരെ പുരോഗമന പാതയിലേയ്ക്ക് നയിക്കുന്നതിനുംവേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ വ്യവസായ വകുപ്പിനുകീഴിൽ രൂപീകരിച്ച് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ (കെബിപ്പ്) പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിലൊന്നായ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടെയും സംരംഭകരുടെയും വികസനത്തിനായി കേരള സംസ്ഥാന

ബാംബൂ മിഷൻ മുഖേന നൈപുണ്യ വികസന പരിശീലനം, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക മികവ് വർദ്ധിപ്പിക്കുക, സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പ്രാപ്തരാക്കുക, പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം, വിപണന മേളകൾ സംഘടിപ്പിക്കുക, ദേശീയ-അന്തർദ്ദേശീയ മേളകളിൽ കരകൗശല വിദഗ്ധരെ പങ്കെടുപ്പിക്കുക, മുള കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് മുളയുടെ ലഭ്യത സുലഭമാക്കുന്നതിനായി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI) പീച്ചി, തൃശ്ശൂർ, ജവഹർലാൽ നെഹ്രു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI), തിരുവനന്തപുരം, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ (KSBC) എറണാകുളം, മറ്റ് എൻ.ജി.ഒ.-കൾ മുഖേന മുള പ്രജനനം പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതികൾ കേരള സംസ്ഥാന ബാംബൂ മിഷൻ നടപ്പിലാക്കിവരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ നാഷണൽ ബാംബൂ മിഷൻ പദ്ധതി പ്രകാരം സംസ്ഥാന ബാംബൂ കോർപ്പറേഷൻ, എം.ജി.എൻ.ആർ.ഇ.ജി.എസ്., കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,

സ്വകാര്യ വ്യക്തികൾ എന്നിവർ മുഖേന മുള കൃഷി നടപ്പിലാക്കിവരുന്നു. അത് പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപകാരപ്രദമാണ്.

(ബി) ഈ മേഖലയിൽ സംരംഭകത്വ വികസനം, നൈപുണ്യ വികസനം എന്നിവ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

മുള മേഖലയിലെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തുന്ന പ്രവർത്തനങ്ങളിലൊന്നാണ് വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ്. 2004-ലാണ് ആദ്യമായി കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചത്. എല്ലാ വർഷവും ഡിസംബർ മാസത്തിൽ കൊച്ചിയിൽ 'ബാംബൂ ഫെസ്റ്റ്' സംഘടിപ്പിച്ചുവരുന്നു. മുള അധിഷ്ഠിത ഉൽപ്പന്നങ്ങളാണ് സ്റ്റാളുകളിൽ പ്രദർശിപ്പിക്കുന്നത്. കേരളത്തിലെ വിവിധ ജില്ലകളിലെ മുള കരകൗശലക്കാർ, സംരംഭകർ, എൻ.ജി.ഒ./സൊസൈറ്റി/ഗ്രൂപ്പുകൾ കൂടാതെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള കരകൗശല തൊഴിലാളികൾ/ ഗ്രൂപ്പുകൾ/എൻ.ജി.ഒ./സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവർ തുടർച്ചയായി കേരള ബാംബൂ ഫെസ്റ്റിൽ പങ്കെടുക്കുന്നതിലൂടെ ആർജ്ജിക്കുന്ന വാണിജ്യപരമായ നേട്ടം കാരണം ഇവരുടെ പങ്കാളിത്തം ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മുന്നൂറോളം പേർ ഈ മേളയിൽ

പങ്കെടുക്കാറുണ്ട്. പുതിയ സാങ്കേതികവിദ്യയും ഓൺലൈൻ അവസരങ്ങളും പരമാവധി ഉപയോഗപ്പെടുത്തി ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചുവരികയാണ്. മുള അനുബന്ധമേഖലയിൽനിന്നുള്ള വിവിധങ്ങളായ കരകൗശല വസ്തുക്കൾ, ആഭരണങ്ങൾ, ഗൃഹാലങ്കാര വസ്തുക്കൾ, ഫർണിച്ചറുകൾ, ഭവനനിർമ്മാണത്തിനുവേണ്ടി ഉപയോഗിക്കാവുന്ന ഉൽപ്പന്നങ്ങൾ, മുള ഉൽപ്പന്ന നിർമ്മാണ രീതികൾ, അതിന് അനുയോജ്യമായ ഉപകരണങ്ങൾ തുടങ്ങി മുള മേഖലയിലെ മുഴുവൻ ഉൽപ്പന്നങ്ങളും അവയുടെ സാധ്യതകളും ഈ മേളയിൽ അവതരിപ്പിക്കപ്പെടുന്നു. കേരളത്തിലെ മുള കരകൗശലക്കാരുടെ നൈപുണ്യ വികസനത്തിനായി വിവിധ ജില്ലകളിൽ എൻ.ജി.ഒ./സൊസൈറ്റി/ഗ്രൂപ്പുകൾ മുഖേന മുളകൊണ്ട് കരകൗശല വസ്തുക്കൾ/നൂതന ഗൃഹാലങ്കാരങ്ങൾ/ബാംബൂ കർട്ടൻ/വിവിധ തരം മുള നെയ്ത്ത് ഉൽപ്പന്നങ്ങൾ/മുളകൊണ്ടുള്ള പേന, പെൻസ്റ്റാന്റ്, ട്രോഫി, മൊമന്റോ, ജ്വവലറി, കളിപ്പാട്ടങ്ങൾ/ഫർണിച്ചർ നിർമ്മാണം തുടങ്ങിയ മേഖലയിൽ പരിശീലനം നൽകിവരുന്നു. സംസ്ഥാനത്തെ മുളമേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധർ/സംരംഭകർ/എൻ.ജി.ഒ./ എസ്.എച്ച്.ജി. എന്നിവരുടെ ഉൽപ്പന്നത്തിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും

സംഘടിപ്പിക്കുന്ന വിവിധ ദേശീയ-അന്തർദ്ദേശീയ വിപണന മേളകൾ, ബിസിനസ്സ് മീറ്റുകൾ എന്നിവയിൽ കേരള സംസ്ഥാന ബാംബൂ മിഷൻ പ്രതിനിധികളെ പങ്കെടുപ്പിക്കുന്നു. മുള മേഖലയിൽ നൈപുണ്യ വികസനം വർദ്ധിപ്പിക്കുന്നതിനായി കോതമംഗലത്ത് ലൈവ്‌ലിഹുഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. അതുവഴി ബാംബൂ മേഖലയിൽ തൊഴിലെടുക്കുന്ന നിരവധി തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകാൻ ഉപയുക്തമാണ്.

(സി) സാങ്കേതിക വിദഗ്ധരും സംരംഭകരും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

സംസ്ഥാനത്ത് മുള മേഖലയിലെ കരകൗശലക്കാർക്കുവേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ അങ്കമാലിയിലെ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ പരിസരത്ത് ബാംബൂ ഇന്നവേഷൻ സെന്റർ രൂപീകരിച്ച് 2016 മുതൽ പ്രവർത്തനമാരംഭിച്ചു. സംസ്ഥാനത്തെ മുള മേഖലയുടെ വികസനത്തിനായുള്ള ഒരു റിസോഴ്സ് സെന്ററായിട്ടാണ് ബാംബൂ ഇന്നവേഷൻ സെന്റർ പ്രവർത്തിക്കുന്നത്. മുളകൊണ്ട് നിർമ്മിക്കാവുന്ന നൂതന മാതൃകകളുടെ പ്രദർശനം, പുതിയ മാതൃകകളുണ്ടാക്കുവാനും അത് പഠിപ്പിക്കുവാനുമുള്ള സംവിധാനം, നിർമ്മാണത്തിനാവശ്യമുള്ള

ഉപകരണങ്ങളെപ്പറ്റി പഠിപ്പിക്കുക, നിലവിലുള്ള കരകൗശലക്കാരുടെ നൈപുണ്യം വിലയിരുത്തി, അതിനെ അടിസ്ഥാനമാക്കി പരിശീലന പരിപാടികൾ തയ്യാറാക്കുക തുടങ്ങിയവയാണ് ബാംബൂ ഇന്നവേഷൻ സെന്ററിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ. കേരള സംസ്ഥാന ബാംബൂ മിഷൻ; നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, ബാംഗ്ലൂർ, അഹമ്മദാബാദ്; സെന്റർ ഫോർ ഇന്ത്യൻ ബാംബൂ റിസോഴ്സ് & ടെക്നോളജി (CIBART), ഗുജറാത്ത്; ബാംബൂ & കെയ്ൻ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (BCDI), അഗർത്തല, ത്രിപുര എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പരിശീലകർക്കുള്ള പരിശീലന പരിപാടി (ToT Training Programme) സംഘടിപ്പിച്ചിട്ടുള്ളതും ഈ പരിശീലകരെ സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന വിവിധ പരിശീലന പരിപാടികളിൽ മാസ്റ്റർ ട്രെയിനേഴ്സാക്കി അവരുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ മുള മേഖലയുടെ പുരോഗമന ആശയങ്ങൾ പരിചയപ്പെടുത്തുന്നതിനുവേണ്ടി ദേശീയ/സംസ്ഥാന തലത്തിൽ സാങ്കേതിക വിദഗ്ധരേയും സംരംഭകരേയും കരകൗശല വിദഗ്ധരേയും ഉൾപ്പെടുത്തി വിവിധ വർക്ക്ഷോപ്പുകൾ/സെമിനാറുകൾ കേരള സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിച്ചുവരുന്നു.

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി

179 (4385) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്ക് രണ്ടായിരത്തി അറുനൂറ്റിയെട്ട് കോടി രൂപയുടെ ഭരണാനുമതി ലഭ്യമായത് പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്താൻ സഹായകരമായിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ?

സഹായകമായിട്ടുണ്ട്. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷനും സംസ്ഥാന സർക്കാരും സംയുക്തമായിട്ടാണ് നടപ്പിലാക്കുന്നത്. ഏറ്റെടുക്കുന്ന ഭൂമി സംസ്ഥാന സർക്കാരിന്റെ വിഹിതമായി പ്രത്യേക ഉദ്ദേശ കമ്പനിക്ക് (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) കൈമാറുകയും കേന്ദ്ര സർക്കാർ തത്തുല്യമായ തുക നിക്ഷേപമായി കൊണ്ടുവരികയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുവാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി നാഷണൽ

ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷനും സംസ്ഥാന സർക്കാരും കിൻഫ്രയും ചേർന്ന് കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KICDC) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി 80 ശതമാനത്തിലധികം സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട 80% നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. മുഴുവൻ ഭൂമിയും ഏറ്റെടുത്തതിനുശേഷം പ്രത്യേക ഉദ്ദേശ കമ്പനിയായ കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷന് ഭൂമി കൈമാറുകയും പ്രസ്തുത കമ്പനി, വ്യവസായ ഉത്പാദന ക്ലസ്റ്ററുകൾക്ക് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് സംരംഭകർക്ക് അലോട്ട് ചെയ്യുന്ന രീതിയിലുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതിനുശേഷം മാത്രമേ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ.

(സി) പ്രസ്തുത പദ്ധതിയുടെ പ്രധാന റോഡുകളിലൊന്നായ കൊച്ചി ഗിഫ്റ്റ് സിറ്റിക്കുവേണ്ട ഭൂമിയേറ്റെടുക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഗിഫ്റ്റ് സിറ്റി പദ്ധതിക്കായി എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 358 ഏക്കർ ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഭൂമിയേറ്റെടുക്കുന്നതിന്റെ ഭാഗമായി 2013-ലെ RFCTLARR ആക്ടിലെ വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. ആവശ്യമായ ഫണ്ട് ലഭ്യമാക്കി വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

സ്വകാര്യ വ്യവസായ പാർക്കുകൾ

180 (4386) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സ്വകാര്യ വ്യവസായ പാർക്കുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ 8 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കാണ് ഡെവലപ്പർ പെർമിറ്റ് നൽകിയത്. ജില്ലതിരിച്ചുള്ള കണക്ക് താഴെക്കൊടുക്കുന്നു.

Kannur	M/s. VMPS Food Park & Ventures
Malappuram	M/s. Malabar Enterprises
Kottayam	(i) M/s Indian Virgin Spices (P) Limited (ii) M/s. Jacob & Richard International (P) Limited (iii) M/s. Sance Steriles (P) Limited
Palakkad	M/s. Kadambur Industrial Park (for constructing Standard Design Factory)
Pathanamthitta	(i) M/s Delta Aggregates and Sand (P) Limited (ii) M/s. Pathanamthitta Industrial Promotion (P) Limited

(ബി) സ്വകാര്യ വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ എത്ര രൂപയാണ് നീക്കിവച്ചിരുന്നതെന്നും ഇതിൽ എത്ര രൂപയാണ് ഇതിനോടകം ചെലവാക്കിയിട്ടുള്ളതെന്നും ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

സ്വകാര്യ വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ 700 ലക്ഷം

രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 132 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിന് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡെവലപ്പർ പെർമിറ്റ് അനുവദിച്ച സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ ധനസഹായം അനുവദിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സ്വകാര്യ വ്യവസായ പാർക്കുകൾ മുഖേന എത്ര പുതിയ തൊഴിലവസരങ്ങളാണ് പുതുതായി സൃഷ്ടിക്കപ്പെട്ടതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഡെവലപ്പർ പെർമിറ്റ് അനുവദിച്ച സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സംരംഭങ്ങൾ തുടങ്ങുന്ന മുറയ്ക്ക് മാത്രമേ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ കണക്ക് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി

181 (4387) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിലെ വൈക്കം, കടുത്തുരുത്തി നിയോജകമണ്ഡലങ്ങളിൽപ്പെടുന്ന വെള്ളൂരിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്ഥലത്ത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഉൾപ്പെടുത്തി കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി സ്ഥാപിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. രണ്ട് ഘട്ടങ്ങളായി പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുള്ള ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ഭാഗമായ കോമ്പൗണ്ട് ഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ ഇന്റീരിയർ റോഡുകളുടെ നിർമ്മാണം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെയും മറ്റ് സഹായ കെട്ടിടങ്ങളുടെയും നിർമ്മാണം, CETP, വെയർഹൗസ്, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം, R&D സെന്റർ, ടെസ്റ്റിംഗ് സെന്റർ, ബിസിനസ് ഇൻകുബേഷൻ സെന്റർ എന്നിവയുടെ നിർമ്മാണം, യൂട്ടിലിറ്റിയുടെയും മറ്റ് ഉപകരണങ്ങളുടെയും ഇൻസ്റ്റലേഷൻ എന്നിവയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനത്തിനായി ഇതുവരെ 4,81,43,515.67/- രൂപ ചെലവഴിച്ചു.

വിഴിഞ്ഞം തുറമുഖത്തോടനുബന്ധിച്ച വ്യവസായ ഇടനാഴി

182 (4388) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തിയാകുന്നതിനോടനുബന്ധിച്ച് പരിസര പ്രദേശങ്ങളെ ആഗോള നിലവാരത്തിലുള്ള വ്യവസായ ഇടനാഴിയായി വികസിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ടോ;

(ബി) വിഴിഞ്ഞം വ്യവസായ ഇടനാഴി ലക്ഷ്യമാക്കി പശ്ചാത്തല വികസന മേഖലയിൽ നിക്ഷേപം നടത്താനും പുതിയ പദ്ധതി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലയിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(എ&ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെടുത്തി ഏകദേശം 78 കി.മീ. നീളമുള്ള ഔട്ടർ റിംഗ് റോഡ് നഗരത്തിന്റെ വടക്ക് ഭാഗത്ത് നാവായിക്കുളത്തുനിന്ന് ആരംഭിച്ച് വെയിലൂർ, പള്ളിപ്പുറം, അണ്ടൂർക്കോണം, വട്ടപ്പാറ, അരുവിക്കര, ഊരുട്ടമ്പലം, ബാലരാമപുരം കടന്ന്

ബൈപ്പാസുമായി കൂടിച്ചേരുന്നു. തലസ്ഥാന നഗരവികസന പദ്ധതി II (സി.ആർ.ഡി.പി.-II) കീഴിൽ വിഭാവനം ചെയ്ത ഔട്ടർ റിംഗ് റോഡ് പദ്ധതി ഭാരത്മാല പരിയോജനയിലുൾപ്പെടുത്തി എൻ.എച്ച്.എ.ഐ. ആണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. ഔട്ടർ റിംഗ് റോഡിന്റെ ഇരുവശവും 2.5 കി.മീ. നീളത്തിൽ ഏകദേശം 400 സ്ക്വയർ കി.മീ. തുടർച്ചയായുള്ള സ്ഥലം (ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ) ഒരു പ്രത്യേക നിക്ഷേപ മേഖലയായി വികസിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുള്ളതാണ്. ആയതിലേയ്ക്കായി ഒരു പ്രത്യേക നിയമനിർമ്മാണം [സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് റീജിയൺ ആക്ട് (SIR ACT)] നടത്തി മേൽ സ്ഥലത്തെ ലോകോത്തര നിലവാരത്തിലുള്ള നിക്ഷേപസ്ഥാനമായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രത്യേക നിക്ഷേപ മേഖല പലവിധ സാമ്പത്തിക പ്രവർത്തനങ്ങളിലൂടെ ഏറ്റവും നല്ല ആഗോള നിലവാരത്തിലുള്ള സുസ്ഥിരമായ ജീവിത നിലവാരം ഉറപ്പുവരുത്തുന്ന ഊർജ്ജസ്വലമായ സാമൂഹിക-സാംസ്കാരിക ആവാസ വ്യവസ്ഥയുള്ള ഒരു ലോകോത്തര ഹബ്ബായി പ്രവർത്തിക്കുന്നതുമാണ്. സി.ആർ.ഡി.പി. തയ്യാറാക്കിയ കരട് SIR Bill സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) വിഴിഞ്ഞം വ്യവസായ ഇടനാഴി യാഥാർത്ഥ്യമാക്കുന്നതിന് ഭൂമിയേറ്റെടുക്കൽ നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?

പ്രത്യേക നിക്ഷേപ മേഖലയ്ക്കാവശ്യമായ സ്ഥലം ലാൻഡ് പൂളിംഗിലൂടെയാണ് സമാഹരിക്കാനുദ്ദേശിക്കുന്നത്. ഇതിനാവശ്യമായ പ്രത്യേക നയം രൂപീകരിക്കുന്നതിനായി കരട് ലാൻഡ് പൂളിംഗ് നിയമം സി.ആർ.ഡി.പി. തയ്യാറാക്കിയത് SIR Bill-ൽ ഉൾപ്പെടുത്തിയിട്ടുള്ളതും ആയത് സർക്കാർ പരിഗണനയിലുമാണ്.

(ഡി) പ്രസ്തുത ഇടനാഴിയുടെ ഇരുവശത്തും താമസിക്കുന്ന പ്രദേശവാസികളെയുൾപ്പെടുത്തി വ്യവസായ പാർക്കുകൾ, ലോജിസ്റ്റിക് സെന്ററുകൾ, ജനവാസ കേന്ദ്രങ്ങൾ എന്നിവ വികസിപ്പിക്കാൻ പദ്ധതി തയ്യാറാക്കുമോ?

പ്രത്യേക നിക്ഷേപ മേഖലയിലുള്ള ഭൂമി സമ്പദ്‌വ്യവസ്ഥയും തൊഴിൽ സാധ്യതയുമുണ്ടാക്കുന്ന തരത്തിൽ കാര്യക്ഷമമായ രീതിയിൽ എങ്ങനെ ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള മാസ്റ്റർ ഡെവലപ്മെന്റ് പ്ലാനിന്റെ കരട് സി.ആർ.ഡി.പി. തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുമായി ചർച്ച നടത്തി അവരുടെ അഭിപ്രായം സ്വരൂപിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നു.

ചവറയിലെ നാച്വറൽ ഫൈബർ പാർക്ക്

183 (4389) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർഫെഡിന്റെ ഉടമസ്ഥതയിലുള്ള ചവറയിലെ നാച്വറൽ ഫൈബർ പാർക്കിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

കയർഫെഡിന്റെ ചവറ നാച്വറൽ ഫൈബർ പാർക്കിൽ നിലവിൽ രണ്ട് സെമി ആട്ടോമാറ്റിക് പവർലൂമും ഒരു പൂർണ്ണമായും ആട്ടോമാറ്റിക് പവർ ലൂമുമാണ് സ്ഥാപിച്ചിട്ടുള്ളത്. അതിൽ സെമി ആട്ടോമാറ്റിക് പവർലൂമിൽ മാറ്റിംഗ്സ് ഉൽപ്പാദിപ്പിച്ചുവരുന്നു. യൂണിറ്റിൽ സ്ഥാപിച്ച പൂർണ്ണമായും ആട്ടോമാറ്റിക് പവർലൂമിന്റെ ട്രയൽ റൺ നടന്നുവരികയാണ്. ട്രയൽ റൺ പൂർത്തിയാക്കുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് പരിശീലനം നൽകി കയർഫെഡിന് നേരിട്ട് ജിയോടെക്സ്റ്റൈൽസ് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ സാധിക്കുന്നതാണ്.

ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി

184 (4390) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി പ്രകാരം ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ നാളിതുവരെ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഇനി എത്രയെണ്ണം ആരംഭിക്കാൻ ബാക്കിയുണ്ടെന്നും അവയെന്ന് ആരംഭിക്കാൻ കഴിയുമെന്നുമുള്ള വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിപ്രകാരം ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ നാളിതുവരെ 1027 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. മണ്ഡലത്തിലുൾപ്പെടുന്ന 8 പഞ്ചായത്തുകൾക്കുള്ള ആകെ ടാർജറ്റ് 1130 ആകയാൽ മണ്ഡലത്തിൽ ലക്ഷ്യം കൈവരിക്കുവാൻ ഇനി 103 സംരംഭങ്ങൾകൂടി ആരംഭിക്കേണ്ടതുണ്ട്. ഇനിയും ലക്ഷ്യത്തിലെത്താത്ത പഞ്ചായത്തുകളിൽ ആയത് മാർച്ച് 3-നുമുമ്പുതന്നെ കൈവരിക്കുവാൻ തീവ്രശ്രമം നടത്തിവരുന്നു.

പഞ്ചായത്ത്	ലക്ഷ്യം	നേട്ടം
കടയ്ക്കാവൂർ	104	116
മുദാക്കൽ	164	169
ചിറയിൻകീഴ്	135	135
അഞ്ചുതെങ്ങ്	78	74
കിഴുവിലം	148	144

മംഗലപുരം	167	167
കഠിനംകുളം	210	160
അഴൂർ	124	62
ആകെ	1130	1027

(ബി) നിയോജകമണ്ഡലത്തിൽ കൂടുതൽ സംരംഭകരെ കണ്ടെത്തുന്നതിനും പദ്ധതികൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ?

1. വ്യവസായ വകുപ്പിന്റെ സേവനങ്ങളും പദ്ധതികളും ഇന്റേൺസ് വഴി പഞ്ചായത്ത് തലത്തിൽ നടത്തുന്ന എല്ലാ പ്രോഗ്രാമുകളിലും പ്രചാരം നൽകിവരുന്നുണ്ട്.
2. സംരംഭം തുടങ്ങുവാൻ താല്പര്യം പ്രകടിപ്പിച്ച് എത്തുന്ന സംരംഭകർവഴി അവരുടെ സുഹൃത്തുക്കളെയും ബന്ധുക്കളെയും അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.
3. ബ്ലോക്കുതലത്തിൽ നവമാധ്യമങ്ങളിലും മറ്റും പരസ്യം നൽകി താൽപ്പര്യമുള്ള സംരംഭകരെ കണ്ടെത്തി അവർക്ക് ബാങ്കുകളുടെ പ്രാതിനിധ്യത്തോടെ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

4. സംരംഭം തുടങ്ങുവാൻ താൽപ്പര്യം പ്രകടിപ്പിച്ച് മറ്റ് വകുപ്പുകളെ സമീപിക്കുന്നവരുടെ ഡാറ്റകൂടി ശേഖരിച്ച് അവ സാക്ഷാത്കരിക്കുവാൻവേണ്ട നടപടികൾ കൈക്കൊള്ളുന്നുണ്ട്.

5. പഞ്ചായത്ത് തലത്തിൽ നടത്തിവരുന്ന തൊഴിൽസഭ കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് സംരംഭകതല്പരരെ കണ്ടെത്തുവാൻ തീവ്രശ്രമം നടത്തുന്നു.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ അനന്തപുരം വ്യവസായ കേന്ദ്രം

185 (4391) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ അനന്തപുരം വ്യവസായ കേന്ദ്രത്തിൽ നിലവിൽ നടന്നുവരുന്ന അടിസ്ഥാന ഭൗതികസൗകര്യ വികസന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

അനന്തപുരം വ്യവസായ എസ്റ്റേറ്റിന്റെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിയാണ് ഇപ്പോൾ നടന്നുവരുന്നത്. ഇതിന് 335 ലക്ഷം രൂപയാണ് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചിട്ടുള്ളത്. ഈ ചുറ്റുമതിൽ

നിർമ്മാണം 2023 മേയ് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കാസർഗോഡ് വികസന പാക്കേജിലുൾപ്പെട്ട അനന്തപുരം വ്യവസായ എസ്റ്റേറ്റിലേയ്ക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണം നടന്നുവരുന്നു. ഇതിന് 258.34 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. അപ്രോച്ച് റോഡ് നിർമ്മാണം 2023 സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത വ്യവസായ കേന്ദ്രത്തിൽ പുതുതായി പരിഗണനയിലുള്ള അടിസ്ഥാന വികസന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

പുതുതായി പരിഗണനയിലുള്ള അടിസ്ഥാന വികസന പദ്ധതികൾ ചുവടെച്ചേർക്കുന്നു.

1. Power Enhancement at Development Plot, Ananthapuram (എസ്റ്റിമേറ്റ് തുക - 8.68 ലക്ഷം)
2. എസ്റ്റേറ്റ് ഓഫീസ് നിർമ്മാണം, ഡെവലപ്മെന്റ് പ്ലോട്ട്, അനന്തപുരം (എസ്റ്റിമേറ്റ് തുക - 48 ലക്ഷം)
3. അനന്തപുരം വ്യവസായ ഏരിയയിൽ ചുറ്റുമതിൽ നിർമ്മാണം- (എസ്റ്റിമേറ്റ് തുക - 415 ലക്ഷം)

4. എസ്.സി./എസ്.ടി. ഷെഡ് പുതുക്കി പണിയുന്നത് (എസ്റ്റിമേറ്റ് തുക- 17.88 ലക്ഷം)
5. Drawing 11 KV Line with Transformer at Development Plot, Ananthapuram (എസ്റ്റിമേറ്റ് തുക - 80.25 ലക്ഷം)
6. Construction of Internal Road, Development Plot, Ananthapuram (എസ്റ്റിമേറ്റ് തുക - 147 ലക്ഷം)

കണ്ണൂർ ജില്ലയിലെ സംരംഭക വർഷം പദ്ധതി

186 (4392) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി, വേങ്ങാട്, ചെറുകുന്ന് പഞ്ചായത്തുകളിൽ സംരംഭക വർഷം പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ പേരും വിലാസവും സംരംഭകന്റെ പേരും ഉൾപ്പെടുത്തിയ ലിസ്റ്റ് ലഭ്യമാക്കുമോ?

ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ പെരളശ്ശേരി, വേങ്ങാട്, ചെറുകുന്ന് പഞ്ചായത്തുകളിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം, നിക്ഷേപം, തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

ക്രമ നം.	പഞ്ചായത്തിന്റെ പേര്	ലക്ഷ്യം	ആരംഭിച്ച സംരംഭങ്ങൾ	നിക്ഷേപം (കോടി രൂപയിൽ)	തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്
1	പെരളശ്ശേരി	131	201	5.86	303
2	ചെറുകുന്ന്	174	265	10.35	452
3	വേങ്ങാട്	73	95	3.72	195

സംരംഭക വർഷത്തോടനുബന്ധിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാണ്.

എടരിക്കോട് സ്പിന്നിംഗ് മിൽ

187 (4393) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട എടരിക്കോട് സ്പിന്നിംഗ് മില്ലിൽ ക്ലറിക്കൽ സ്റ്റാഫുകളുടെ കരാർ കാലാവധി പുതുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

എടരിക്കോട് ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിലെ ഓഫീസ് ജീവനക്കാരുടെയും മില്ലുകളിലെ തൊഴിലാളികളുടെയും സേവന വേതന വ്യവസ്ഥകൾ വെവ്വേറെ

ദീർഘകാല കരാർ (LTA) പ്രകാരമാണ് തീരുമാനിക്കപ്പെടുന്നത്. ഇതിൽ, തൊഴിലാളികളുടെ പുതുക്കിയ ദീർഘകാല കരാർ 2022 മാർച്ചിൽ നടപ്പിലാക്കിയിട്ടുണ്ട്. ഓഫീസ് ജീവനക്കാരുടെ ദീർഘകാല കരാർ നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത ദീർഘകാല കരാർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ അന്തിമഘട്ടത്തിലാണ്.

(ബി) ക്ലറിക്കൽ സ്റ്റാഫുകളുടെ കരാർ കാലാവധി പുതുക്കി നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ക്ലറിക്കൽ സ്റ്റാഫുകളുടെ ദീർഘകാല കരാർ നടപ്പിലാക്കാൻ നിലവിൽ തടസ്സങ്ങളൊന്നും തന്നെയില്ല.

(സി) ഈ സ്ഥാപനത്തിലെ ക്ലറിക്കൽ സ്റ്റാഫുകളുടെ കരാർ കാലാവധി എന്നത്തേയ്ക്ക് പുതുക്കി നൽകാനാകുമെന്ന് വിശദമാക്കാമോ?

ഓഫീസ് ജീവനക്കാരുടെ ദീർഘകാല കരാർ നടപ്പിലാക്കുന്നതിന്റെ ചർച്ചകൾ അന്തിമഘട്ടത്തിലാണ്.

പാലക്കാട് ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾ

188 (4394) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ ഉൽപ്പന്നങ്ങൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു.+

(ബി) സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ പാലക്കാട് ജില്ലയിൽ എത്ര സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ?

സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ പാലക്കാട് ജില്ലയിൽ 12721 സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. 2023 ഫെബ്രുവരി 28 വരെയുള്ള കണക്കുപ്രകാരം 11765 സംരംഭങ്ങൾ ആരംഭിച്ചതിലൂടെ ജില്ലയിൽ 628.33 കോടി രൂപയുടെ നിക്ഷേപവും 25948 പേർക്ക് തൊഴിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

മലപ്പുറം നിയോജകമണ്ഡലത്തിലെ വ്യവസായ സംരംഭങ്ങളുടെ നിലവിലെ പുരോഗതി

189 (4395) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ 2022-23 വർഷം വ്യവസായ വകുപ്പിന് കീഴിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് വിശദാംശം നൽകാമോ?

2022-23 വർഷം മലപ്പുറം നിയോജകമണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള പി.എം.എഫ്.എം.ഇ. പദ്ധതി എന്നീ പദ്ധതികൾ വഴി ബാങ്ക് വായ്പ ലഭ്യമാക്കി പുതിയ സംരംഭങ്ങൾ തുടങ്ങുവാനും സബ്സിഡി ലഭ്യമാക്കാനുമുള്ള സൗകര്യങ്ങൾ ചെയ്തുവരുന്നുണ്ട്. ഇത്തരം പദ്ധതികൾക്കായുള്ള കൈത്താങ്ങ് സഹായങ്ങൾ നൽകുന്നതിനായി വ്യവസായ വികസന ഓഫീസർമാരുടെ സേവനം എല്ലാ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും ലഭ്യമാണ്.

മേൽ പദ്ധതികളുടെ ചെറുവിവരണം താഴെപ്പറയുന്നു.

1. <u>സംരംഭക സഹായ പദ്ധതി</u>

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭ

സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളിലായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉൽപ്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു.

2. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ്

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയ്ക്കായി ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖലയുൾപ്പെടെ) സ്ഥിര മൂലധനവും പ്രവർത്തന മൂലധനവുമുൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും.

3. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി

തൊഴിലും ഉൽപ്പാദനവും വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണിത്. ഉൽപ്പാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവന മേഖലയിൽ 20 ലക്ഷം രൂപ വരെയും പരമാവധി ചെലവുവരുന്ന പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ വായ്പാബന്ധിതമായി ആരംഭിക്കാവുന്നതാണ്.

4. പി.എം. ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ്

സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള കേന്ദ്ര ഫുഡ് പ്രോസസ്സിംഗ് മന്ത്രാലയത്തിന്റെ പദ്ധതിയാണിത്. ഈ പദ്ധതിയിൽ ഒരു ജില്ല ഒരു ഉൽപ്പന്നം എന്ന സമീപനമാണ് സ്വീകരിക്കുന്നത് (ODOP). സ്ഥിര മൂലധന നിക്ഷേപത്തിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന വായ്പാധിഷ്ഠിത പദ്ധതിയാണിത്.

(ബി) നിയോജകമണ്ഡലത്തിൽ പുതുതായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുവെന്നും ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനും പ്രവാസികളുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

2022-23 വർഷം മലപ്പുറം നിയോജകമണ്ഡലത്തിൽ പുതുതായി 684 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ 'സംരംഭക വർഷം' പദ്ധതിയുടെ ഭാഗമായി മലപ്പുറം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എല്ലാ പഞ്ചായത്തുകളിലും ജൂൺ, ജൂലൈ മാസങ്ങളിൽ ബോധവൽക്കരണ ശില്പശാലകൾ നടത്തുകയുണ്ടായി. തുടർന്ന് ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ലൈസൻസ്-സബ്സിഡി മേളകൾ നടത്തി. കൂടാതെ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഇന്റേൺസിന്റെ നേതൃത്വത്തിൽ വ്യവസായ വകുപ്പിന്റെ ഹെൽപ്പ് ഡെസ്ക് സംവിധാനം പ്രവർത്തിച്ചുവരുന്നു.

ജില്ലയിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പ്രവാസികൾക്ക് വ്യത്യസ്ത തരത്തിലുള്ള സഹായങ്ങളാണ് നൽകിവരുന്നത്. വകുപ്പ് നടത്തുന്ന സംരംഭ അവബോധന സെമിനാറുകളിൽ ഇവരെ പ്രത്യേകം പങ്കെടുപ്പിക്കാറുണ്ട്. അതുപോലെ മാനേജീരിയൽ, സാങ്കേതിക, പരിശീലനങ്ങൾ പ്രവാസികളെയുൾപ്പെടുത്തി നടത്തുകയും അതുവഴി സംരംഭം ആരംഭിക്കുന്നതിനാവശ്യമായ ശേഷി വികസിപ്പിക്കുന്നതിനുള്ള സഹായം

നൽകുകയും ചെയ്യുന്നുണ്ട്. വായ്പ ലഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വായ്പാബന്ധിത സബ്സിഡി പദ്ധതികൾ വഴി പ്രവാസികളെ ബന്ധപ്പെടുത്തുകയാണ് ചെയ്യുന്നത്. അതുവഴി പ്രവാസി സംരംഭകനെടുക്കുന്ന സ്ഥിര ആസ്തി വായ്പയും പ്രവർത്തന മൂലധന വായ്പയും സബ്സിഡി ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. വകുപ്പുവഴി നടപ്പിലാക്കുന്ന സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതി വഴി പ്രവാസികൾക്ക് പ്രത്യേകമായി 10% അധികം (പരമാവധി 10 ലക്ഷം രൂപ വരെ) സബ്സിഡി അനുവദിക്കുന്നു. നോർക്കയുടെ പദ്ധതി വഴി അപേക്ഷിക്കുന്ന പ്രവാസികൾക്കും വായ്പാബന്ധിത സബ്സിഡിയും പലിശ സബ്സിഡിയും ആവശ്യമായ പരിശീലനവും ലഭിക്കുവാനുള്ള സഹായം ജില്ലാ വ്യവസായ കേന്ദ്രം വഴി നൽകിവരുന്നുണ്ട്.

(സി) വ്യവസായ സംരംഭക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നവ സംരംഭകരാണെങ്കിൽ വായ്പാ തിരിച്ചടവിനെ സംബന്ധിച്ചുള്ള ബാങ്ക് അധികൃതരുടെ ആശങ്ക, സാമ്പത്തിക സ്ഥാപനങ്ങളിൽ തങ്ങളുടെ പദ്ധതി അവതരിപ്പിക്കുന്നതിനുള്ള സംരംഭകന്റെ പ്രാഗൽഭ്യമില്ലായ്മ

ഇതൊക്കെയാണ് പലപ്പോഴും ഒരു സംരംഭകന് വായ്പ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ടായി അനുഭവപ്പെടുന്നത്. ഇതിന് പരിഹാരമായി ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമുകൾ വിഭാവന ചെയ്യുകയും പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി.), ഭക്ഷ്യമേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള പി.എം.എഫ്.എം.ഇ. പദ്ധതി, നാനോ സംരംഭങ്ങൾക്കായുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി തുടങ്ങിയ പദ്ധതികൾ വഴി സംരംഭകന് സബ്സിഡിയോടുകൂടിയുള്ള വായ്പ ലഭിക്കുന്ന സാഹചര്യമുണ്ടാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പലിശ സബ്സിഡി നൽകുന്ന പദ്ധതികളും സർക്കാർ വിഭാവന ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ മുഖേന സർക്കാർ അനുവദിക്കുന്ന സബ്സിഡി തുകകൾ മുൻകൂറായി ബാങ്കിലേയ്ക്ക് എത്തുന്നതുവഴി വായ്പയുടെ തിരിച്ചടവിൽ ബാങ്കിന് വിശ്വാസം ആർജ്ജിക്കുന്നതുവഴി വായ്പ അനുവദിക്കുന്നതിനുള്ള സാഹചര്യമുണ്ടാകുന്നു. സബ്സിഡിയോടുകൂടിയുള്ള ബാങ്ക് വായ്പയ്ക്ക് വകുപ്പുവഴി നൽകുന്ന പ്രക്രിയകൾ പൂർണ്ണമായും ഓൺലൈനാക്കുകയും അതുവഴി സമയനഷ്ടം കൂടാതെ അപേക്ഷകൾ ബാങ്കിലേയ്ക്ക് എത്തുന്ന സാഹചര്യമുണ്ടാകുന്നു. നവ സംരംഭകർക്ക് വായ്പ ലഭ്യമാക്കുന്നതിനുവേണ്ടി കേരള എൻട്രപ്രണേഴ്സ് ലോൺ സ്കീം എന്ന ഒരു പുതിയ പദ്ധതി എസ്.എൽ.ബി.സി. വഴി വിഭാവന

ചെയ്യുകയും അതുവഴി കൂടുതൽ വായ്പ ലഭിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) മലപ്പുറം ജില്ലയിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ ലേ ഓഫ് പ്രഖ്യാപിച്ചതുമൂലം ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയതെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത വിഷയത്തിൽ ഇടപെടുവാനും അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകി തുറന്ന് പ്രവർത്തിപ്പിക്കുവാനും നിർദ്ദേശം നൽകുമോ?

(ഡി&ഇ) വ്യവസായ വകുപ്പിന്റെ അധീനതയിൽ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചുപൂട്ടിയിട്ടില്ല.

ചാത്തന്നൂർ വഞ്ചി ക്ലേ മൈൻസ് ഭൂമിയിൽ വ്യവസായ സമുച്ചയം

190 (4396) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വഞ്ചി ക്ലേ മൈൻസ് ഭൂമിയിൽ വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനായുള്ള നടപടികൾ വ്യക്തമാക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ ചാത്തന്നൂരിൽ വഞ്ചി ക്ലേ മൈൻസ് ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനായി പ്രാഥമിക വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 23,40,00,000/- രൂപയുടെ പ്രൊപ്പോസൽ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിൽനിന്നും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനായി അക്രെഡിറ്റഡ് ഗവൺമെന്റ് ഏജൻസി/നോൺ-ഗവൺമെന്റ് ഏജൻസികളിൽനിന്നും 23-02-2023-ന് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് റീ-ബിൽഡ് കേരള എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ?

ചാത്തന്നൂരുൾപ്പെടെ 11 വ്യവസായശാലകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ റീ-ബിൽഡ് കേരളയുടെ പരിശോധനയിലാണ്, തീരുമാനമായിട്ടില്ല.

(സി) പ്രസ്തുത ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ ചാത്തന്നൂർ വ്യവസായ എസ്റ്റേറ്റിൽ നിലവിൽ ലഭ്യമായ 2.3512 ഹെക്ടർ (5.81 ഏക്കർ) വ്യവസായ ഭൂമിയിൽ 1.5 ഏക്കർ ഭൂമി ഒരു വ്യവസായ യൂണിറ്റിന് അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ നിലവിൽ പ്രസ്തുത വ്യവസായ ഭൂമിയിൽ സംരംഭം ആരംഭിക്കുന്നതിനായി 7 സംരംഭകർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും മുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. പ്രസ്തുത എസ്റ്റേറ്റിന്റെ ഭൂമി സംരക്ഷിക്കുന്നതിനായി ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിക്കായി പി.ഡബ്ല്യു.ഡി.-ക്ക് 68,50,000/- രൂപ അനുവദിച്ചിട്ടുള്ളതും നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നതുമാണ്.

വയനാട് ജില്ലയിലെ സംരംഭക വർഷം പദ്ധതി

191 (4397) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിലെ വൈത്തിരി പഞ്ചായത്തിൽ 'സംരംഭക വർഷം' പദ്ധതിപ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ പേരും വിലാസവും സംരംഭകന്റെ പേരും ഉൾപ്പെടുത്തിയ ലിസ്റ്റ് ലഭ്യമാക്കുമോ?

'സംരംഭക വർഷം' പദ്ധതിപ്രകാരം വയനാട് ജില്ലയിലെ വൈത്തിരി പഞ്ചായത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണവും മറ്റ് വിവരങ്ങളും ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	ലക്ഷ്യം	ആരംഭിച്ച സംരംഭങ്ങൾ	നിക്ഷേപം (കോടി രൂപയിൽ)	തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്
1.	വൈത്തിരി	83	114	10.28	354

സംരംഭക വർഷത്തോടനുബന്ധിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാണ്.

തിരുവനന്തപുരം ജില്ലയിലെ സംരംഭക വർഷം പദ്ധതി

192 (4398) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല പഞ്ചായത്തിൽ 'സംരംഭക വർഷം' പദ്ധതിപ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ പേരും വിലാസവും സംരംഭകന്റെ പേരും ഉൾപ്പെടുത്തിയ ലിസ്റ്റ് ലഭ്യമാക്കുമോ?

സംരംഭക വർഷം പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല പഞ്ചായത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം, നിക്ഷേപം, തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	ലക്ഷ്യം	ആരംഭിച്ച സംരംഭങ്ങൾ	നിക്ഷേപം (കോടി രൂപയിൽ)	തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്
1.	പെരിങ്ങമ്മല	125	164	8	376

സംരംഭക വർഷത്തോടനുബന്ധിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാണ്.

എടരിക്കോട് ടെക്സ്റ്റൈൽസിൽ ലേ ഓഫ്

193 (4399) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിലെ പൊതുമേഖലാ സ്ഥാപനമായ എടരിക്കോട് ടെക്സ്റ്റൈൽസിൽ ലേ ഓഫ് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എടരിക്കോട് ടെക്സ്റ്റൈൽസ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. അസംസ്കൃത വസ്തുക്കൾ വാങ്ങാൻ ഫണ്ടില്ലാത്തതിനാലും പോളിസ്റ്റർ സ്റ്റോക്ക് തീർന്നതിനാലും മില്ലിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ 22-02-2023 മുതൽ മിൽ ലേ ഓഫ് ചെയ്യാൻ മാനേജ്മെന്റ് തീരുമാനിക്കുകയുണ്ടായി.

(ബി) പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, ഇ.പി.എഫ്., ഇ.എസ്.ഐ. എന്നിവ അടയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എടരിക്കോട് ടെക്സ്റ്റൈൽസിൽ ആഗോള വിപണിയിലെ മാന്ദ്യത്തിനാലും നവീകരണത്തിന്റെ അഭാവത്താലും രാത്രി ഷിഫ്റ്റുകളിൽ സ്ത്രീ ജീവനക്കാരെ ജോലിക്ക് നിയോഗിക്കുന്നത് വിലക്കിക്കൊണ്ടുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിനാലും 2011

മുതൽ പൂർണ്ണതോതിൽ ഉൽപ്പാദനം നടക്കാത്തതിനാലും മിൽ വൻനഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. അസംസ്കൃത വസ്തുവായ പരുത്തിയുടെ വില ക്രമാതീതമായി കുതിച്ചുയരുകയും നൂലിന്റെ വില ആനുപാതികമായി ഉയരാത്തതും കാരണം ടെക്സ്റ്റൈൽ മേഖല കടുത്ത പ്രതിസന്ധി നേരിടുകയും സ്റ്റാറ്റ്യൂട്ടറി തുകകളായ ഗ്രാറ്റുവിറ്റി, ഇ.പി.എഫ്., ഇ.എസ്.ഐ. എന്നിവ അടയ്ക്കാൻ കഴിയാതെവരികയും ചെയ്തു. കമ്പോള മാന്ദ്യം കാരണം നൂലിന്റെ വിറ്റുവരവിലൂടെ ലഭിക്കുന്ന തുക അസംസ്കൃത വസ്തുക്കൾ വാങ്ങാൻപോലും തികയാറില്ല.

(സി) തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, ഇ.പി.എഫ്., ഇ.എസ്.ഐ. എന്നിവയുടെ കുടിശ്ശിക അടയ്ക്കാനുള്ളത് എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, ഇ.പി.എഫ്., ഇ.എസ്.ഐ., എന്നിവയുടെ കുടിശ്ശിക ചുവടെ ഉൾക്കൊള്ളിക്കുന്നു.

ക്രമ നമ്പർ	**ഇനം**	**തുക (ലക്ഷത്തിൽ)**
1.	ഗ്രാറ്റുവിറ്റി	223.39
2.	പി.എഫ്.	457.94
3.	ഇ.എസ്.ഐ.	76.7
ആകെ		758.03

കൊല്ലം ജില്ലയിലെ സംരംഭക വർഷം പദ്ധതി

194 (4400) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിലെ നിലമേൽ, പട്ടാഴി വടക്കേക്കര പഞ്ചായത്തുകളിൽ 'സംരംഭക വർഷം' പദ്ധതിപ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ പേരും വിലാസവും സംരംഭകന്റെ പേരും ഉൾപ്പെടുത്തിയ ലിസ്റ്റ് ലഭ്യമാക്കുമോ?

'ഒരു ലക്ഷം സംരംഭങ്ങൾ' പദ്ധതിപ്രകാരം കൊല്ലം ജില്ലയിലെ നിലമേൽ, പട്ടാഴി വടക്കേക്കര പഞ്ചായത്തുകളിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം, നിക്ഷേപം, തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	ലക്ഷ്യം	ആരംഭിച്ച സംരംഭങ്ങൾ	നിക്ഷേപം (കോടി രൂപയിൽ)	തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്
1.	നിലമേൽ	69	94	8.19	203
2.	പട്ടാഴി വടക്കേക്കര	68	93	3.58	166

ഈ പദ്ധതിപ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം

സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാണ്.

കോഴിക്കോട് ജില്ലയിലെ സംരംഭക വർഷം പദ്ധതി

195 (4401) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ കുറ്റിയാടി പഞ്ചായത്തിൽ 'സംരംഭക വർഷം' പദ്ധതിപ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ പേരും വിലാസവും സംരംഭകന്റെ പേരും ഉൾപ്പെടുത്തിയ ലിസ്റ്റ് ലഭ്യമാക്കുമോ?

'ഒരു ലക്ഷം സംരംഭങ്ങൾ' പദ്ധതിപ്രകാരം കോഴിക്കോട് ജില്ലയിലെ കുറ്റിയാടി പഞ്ചായത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം, നിക്ഷേപം, തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	ലക്ഷ്യം	ആരംഭിച്ച സംരംഭങ്ങൾ	നിക്ഷേപം (കോടി രൂപയിൽ)	തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്
1.	കുറ്റിയാടി	87	125	4.79	255

ഈ പ്രോജക്ട് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം

സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാണ്.

സംരംഭക വർഷം പദ്ധതി

196 (4402) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'സംരംഭക വർഷം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ പേരും വിലാസവും ഉൾപ്പെടുത്തിയ ലിസ്റ്റ് ജില്ലതിരിച്ച് ലഭ്യമാക്കുമോ?

2022-23 സംരംഭക വർഷമായി കേരളാ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസത്തെ കാലയളവിൽ രജിസ്റ്റർ

ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 6274 കോടി രൂപയുടെ നിക്ഷേപവും 220285 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിലാരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. 01-04-2022 മുതൽ 27-02-2023 വരെ സംസ്ഥാനത്ത് പുതുതായി 134433 സംരംഭങ്ങൾ തുടങ്ങുകയും അവയിലൂടെ 8024.89 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തുണ്ടാകുകയും 288398 തൊഴിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

സംരംഭക വർഷത്തോടനുബന്ധിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാണ്.

പുതിയ സംരംഭങ്ങൾക്ക് 4 ശതമാനം പലിശ നിരക്കിൽ വായ്പ

197 (4403) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സംരംഭക വർഷം' പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭങ്ങൾക്ക് 4 ശതമാനം പലിശനിരക്കിൽ വായ്പ ഉറപ്പാക്കുന്ന 'ഒരു കുടുംബം ഒരു സംരംഭം' എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രഖ്യാപിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. സംരംഭങ്ങൾക്ക് 4 ശതമാനം പലിശനിരക്കിൽ വായ്പ ഉറപ്പാക്കുന്ന 'ഒരു കുടുംബം ഒരു സംരംഭം' എന്ന പദ്ധതിക്ക് 22-11-2022-ലെ ജി.ഒ.(ആർ.റ്റി.)നം.1232/2022/ഐ.ഡി. പ്രകാരം സർക്കാർ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.[+])

(ബി) 22-07-2022-ലെ 747/2022/ഐ.ഡി. നമ്പർ ഉത്തരവിൽ സംരംഭകർക്ക് 4 ശതമാനം പലിശനിരക്കിൽ വായ്പ ഉറപ്പാക്കുന്ന രീതിയിൽ സബ്സിഡി ക്രമീകരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ടോ?

ഉണ്ട്. നിർമ്മാണ/സേവന/വ്യാപാര/ജോബ് വർക്ക് മേഖലയിൽ പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ കൂടുതലുള്ള നിരക്കിന് 5 ശതമാനം വരെ പലിശയിളവ് ധനസഹായമായി അനുവദിച്ചിരുന്നു. 10 ലക്ഷം രൂപ വരെ പ്രോജക്ട് ചെലവുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് പലിശയിളവ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചിരുന്നത്. സ്ഥിര മൂലധനം/പ്രവർത്തന മൂലധനത്തിനുള്ള ബാങ്ക് വായ്പയ്ക്ക് 5 വർഷം വരെ പലിശ ഇളവിന് അർഹതയുണ്ടായിരുന്നു.

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് 22-11-2022-ന് 1232/2022/ഐ.ഡി. നമ്പർ പ്രകാരം വ്യത്യസ്തമായ ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിൽ 4 ശതമാനം പലിശനിരക്കിൽ വായ്പ ഉറപ്പാക്കുമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

22-07-2022-ലെ ഉത്തരവിൽ സംരംഭകന് 10 ലക്ഷം രൂപ വരെ പ്രോജക്ട് ചെലവുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് പലിശയിളവ് അനുവദിച്ചിരുന്നത്. പ്രവർത്തന മൂലധനം പദ്ധതി ചെലവിന്റെ 50 ശതമാനമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ കൂടുതലുള്ള നിരക്കിന് 5 ശതമാനം വരെ പലിശയിളവാണ് ഈ ഉത്തരവിൽ ധനസഹായമായി അനുവദിച്ച് ഉത്തരവായിരുന്നത്. വാർഷികാടിസ്ഥാനത്തിലാണ് പലിശയിളവ് ആനുകൂല്യമായി നൽകിയിരുന്നത്. എന്നാൽ, 22-11-2022-ലെ ജി.ഒ.

(ആർ.റ്റി.)നം.1232/2022/ഐ.ഡി. നമ്പർ ഉത്തരവിൽ ഉൽപ്പാദന, സേവന, വ്യാപാര മേഖലകളിൽ ബാങ്ക് വായ്പ എടുത്ത് പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ബാങ്ക് വായ്പയുടെ പലിശനിരക്കിൽ 4 ശതമാനത്തിൽ കൂടുതലുള്ള നിരക്കിന് 6 ശതമാനം വരെ പലിശയിളവ് ധനസഹായമായി നൽകുമെന്ന വ്യവസ്ഥ ചേർത്തിട്ടുണ്ട്. പലിശയിളവ് നൽകുന്നത് 6 ശതമാനമായി ഉയർത്തിക്കൊണ്ട് ആനുകൂല്യം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. മാത്രമല്ല പ്രവർത്തന മൂലധനം പദ്ധതി ചെലവിന്റെ 50 ശതമാനമായിരിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി. ആയത് പ്രകാരം പ്രവർത്തന മൂലധനം മാത്രമോ/പ്രവർത്തന മൂലധനം കൂടുതൽ ആവശ്യമുള്ളതോ ആയ സ്ഥാപനങ്ങൾക്ക് പ്രത്യേകിച്ച് വ്യാപാരമേഖലയിൽ പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്കും പദ്ധതിപ്രകാരം അപേക്ഷിക്കുവാൻ കഴിയുന്നതാണ്. 6 മാസം/12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിന് അപേക്ഷിക്കുവാൻ കഴിയുമെന്ന വ്യവസ്ഥ ചേർത്തു. ഉൽപ്പാദന, സേവന, വ്യാപാര മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.[+])

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മേൽപ്പറഞ്ഞപ്രകാരം വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ 4 ശതമാനം പലിശയ്ക്ക് വായ്പ ഉറപ്പാക്കുമെന്ന പ്രഖ്യാപനത്തിൽനിന്നും പിന്മാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

4 ശതമാനം പലിശയ്ക്ക് വായ്പ ഉറപ്പാക്കുമെന്ന പ്രഖ്യാപനത്തിൽനിന്നും പിന്മാറിയിട്ടില്ല.

മണലൂർ നിയോജകമണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം

198 (4404) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചതിന്റെ ഭാഗമായി മണലൂർ നിയോജകമണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

1091 സംരംഭങ്ങൾ.

(ബി) മണലൂർ നിയോജകമണ്ഡലത്തിൽ എത്ര രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്നും എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞെന്നും വ്യക്തമാക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിൽ 43.47 കോടി രൂപയുടെ നിക്ഷേപവും 2209 പേർക്ക് തൊഴിലും നൽകിയിട്ടുണ്ട്.

(സി) നിയോജകമണ്ഡലത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഇതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോയെന്നും ലോൺ മേളകൾ സംഘടിപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

നിയോജകമണ്ഡലത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഇതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. നടത്തിയ പരിപാടികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

പഞ്ചായത്ത്	ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ച തീയതി	പങ്കെടുത്ത അംഗങ്ങളുടെ എണ്ണം	ലോൺ മേള തീയതി	പങ്കെടുത്ത അംഗങ്ങളുടെ എണ്ണം
വാടാനപ്പിള്ളി	13-05-2022	56	25-08-2022	78
മുല്ലശ്ശേരി	30-05-2022	68	30-08-2022	45
വെങ്കിടങ്ങ്	16-05-2022	31	23-08-2022	35
പാവരട്ടി	25-05-2022	50	29-08-2022	44
എലവള്ളി	11-05-2022	56	25-08-2022	57
അരിമ്പൂർ	31-05-2022	63	23-08-2022	45
മണലൂർ	12-05-2022	35	22-08-2022	35
ചൂണ്ടൽ	06-06-2022	60	25-08-2022	41
കണ്ടനശ്ശേരി	16-05-2022	45	11-08-2022	35
	ആകെ	**464**		**415**

ആലത്തൂർ നിയോജകമണ്ഡലത്തിലെ ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതി

199 (4405) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതിയുടെ ഭാഗമായി പുതുതായി എത്ര പദ്ധതികളാണ് ആലത്തൂർ നിയോജകമണ്ഡലത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്നത്?

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി പുതുതായി 900 സംരംഭങ്ങളാണ് ആലത്തൂർ നിയോജകമണ്ഡലത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്നത്.

(ബി) അവയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

1	ആലത്തൂർ	150
2	എരിമയൂർ	130
3	കിഴക്കഞ്ചേരി	120
4	കുഴൽമന്ദം	128
5	മേലാർക്കോട്	118
6	തെങ്കുറുശ്ശി	110
7	വണ്ടാഴി	144

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ആലത്തൂർ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ആലത്തൂർ നിയോജകമണ്ഡലത്തിൽ നിലവിൽ 823 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

1	ആലത്തൂർ	150
2	എരിമയൂർ	114
3	കിഴക്കഞ്ചേരി	93
4	കുഴൽമന്ദം	115
5	മേലാർക്കോട്	118
6	തെങ്കുറുശ്ശി	85
7	വണ്ടാഴി	148

സംരംഭക വർഷാചരണത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ പദ്ധതികൾ

200 (4406) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംരംഭക വർഷാചരണത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

സംരംഭക വർഷാചരണത്തിന്റെ ഭാഗമായി സംരംഭകർക്ക് ആവശ്യമായ കൈത്താങ്ങ് സഹായം നൽകുന്നതിനായി ജില്ലയിൽ എല്ലാ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി 56 ഇന്റേൺസിനെ നിയമിച്ചു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്കായി ജനറൽ ഓറിയന്റേഷൻ പരിശീലനം സംഘടിപ്പിച്ചു. ഇതിനെത്തുടർന്ന് ജനപ്രതിനിധികളെയും ബാങ്ക് ഉദ്യോഗസ്ഥരെയും തദ്ദേശസ്വയംഭരണ സ്ഥാപനമേധാവികളെയും ഉൾപ്പെടുത്തി വായ്പാമേളകൾ സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചു. നിയമസഭാംഗങ്ങളുടെ നേതൃത്വത്തിൽ 4 നിയോജകമണ്ഡലങ്ങളിൽ സംരംഭകവർഷത്തിന്റെ പുരോഗതി വിലയിരുത്തി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി പുരോഗതി അവലോകനം ചെയ്തു. ഈ പദ്ധതിയിലുൾപ്പെട്ട സംരംഭകരെയുൾപ്പെടുത്തി താലൂക്കുതല വിപണനമേള സംഘടിപ്പിച്ചു. സംസ്ഥാനതലത്തിൽ നടന്ന സംരംഭക മഹാസംഗമത്തിൽ ഓരോ താലൂക്കിൽനിന്നും ഈ പദ്ധതിയിലുൾപ്പെട്ട 74 സംരംഭകരെ പങ്കെടുപ്പിച്ചു.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ സംരംഭ വികസന പദ്ധതി

201 (4407) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭ വികസന പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭകരെ സഹായിക്കാൻ ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. എല്ലാ പഞ്ചായത്തുകളിലും പൊതുബോധവൽക്കരണ സെമിനാർ നടത്തി. ഇതിലൂടെ 576 സംരംഭകരെ പരിശീലന പരിപാടികളിൽ പങ്കെടുപ്പിച്ചു. കൂടാതെ എല്ലാ പഞ്ചായത്തുകളിലും ലോൺ, ലൈസൻസ്, സബ്സിഡി മേളകൾ നടത്തി. അതിൽ 613 സംരംഭകർ പങ്കെടുത്തു. 69 ഉദ്യം രജിസ്ട്രേഷനും 27 കെ-സ്വിഫ്റ്റ് രജിസ്ട്രേഷനും നടത്തി. 148.5 ലക്ഷം രൂപയുടെ ലോൺ അനുവദിക്കുകയും 175.25 ലക്ഷം രൂപയുടെ ലോൺ അപേക്ഷ സ്വീകരിക്കുകയും ചെയ്തു. എല്ലാ പഞ്ചായത്തുകളിലും അവലോകന യോഗം ചേരുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളിലൂടെയും മറ്റ്

പരിശീലന പരിപാടികളിലൂടെയും സംരംഭകരെ കണ്ടെത്തി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(ബി) 'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' എന്ന പദ്ധതിപ്രകാരം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' എന്ന പദ്ധതിപ്രകാരം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പ് സാമ്പത്തിക വർഷം 910 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 1803 തൊഴിലവസരങ്ങളും 50.99 കോടി രൂപയുടെ നിക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്.

തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ സംരംഭങ്ങൾ

202 (4408) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' പദ്ധതിയുടെ ഭാഗമായി തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ വിശദവിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

നിയമസഭാ മണ്ഡലം	ക്രമ നമ്പർ	ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി	സംരംഭം

തളിപ്പറമ്പ്	1.	തളിപ്പറമ്പ മുനിസിപ്പാലിറ്റി	228
	2.	ചപ്പാരപ്പടവ്	144
	3.	കുറുമാത്തൂർ	156
	4.	കൊളച്ചേരി	127
	5.	കുറ്റ്യാട്ടൂർ	122
	6.	മലപ്പട്ടം	44
	7.	മയ്യിൽ	140
	8.	പരിയാരം	150
	9.	ആന്തൂർ മുനിസിപ്പാലിറ്റി	127
	ആകെ		**1238**

(ബി) പ്രസ്തുത പദ്ധതി വഴി തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്?

പ്രസ്തുത പദ്ധതിവഴി തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ 2553 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ എത്ര രൂപയുടെ നിക്ഷേപം നടന്നിട്ടുണ്ട്; ലഭ്യമാക്കിയ വായ്പകളുടെ വിശദവിവരങ്ങൾ നൽകാമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായി തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ 88.52 കോടി രൂപയുടെ നിക്ഷേപം നടന്നിട്ടുണ്ട്. 142 ബാങ്ക് വായ്പകൾ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ചേർന്ന അവലോകനയോഗങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 28-09-2022-ന് LAC Review നിയമസഭാ നിയോജകമണ്ഡലതല അവലോകനം നടത്തി. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ചേർന്ന അവലോകനയോഗങ്ങളുടെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

നിയമസഭാ മണ്ഡലം	ക്രമ നമ്പർ	ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി	അവലോകന യോഗം
തളിപ്പറമ്പ്	1.	തളിപ്പറമ്പ മുനിസിപ്പാലിറ്റി	10-05-2022
	2.	ചപ്പാരപ്പടവ്	27-04-2022
	3.	കുറുമാത്തൂർ	29-04-2022
	4.	കൊളച്ചേരി	11-08-2022 & 29-11-2022
	5.	കുറ്റ്യാട്ടൂർ	25-08-2022
	6.	മലപ്പട്ടം	25-08-2022
	7.	മയ്യിൽ	22-08-2022
	8.	പരിയാരം	05-05-2022
	9.	ആന്തൂർ മുനിസിപ്പാലിറ്റി	06-05-2022 & 10-08-2022

സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

203 (4409) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതിപ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും ഈയിനത്തിൽ വകയിരുത്തിയ ആകെ തുക എത്രയെന്നും നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ സ്റ്റാർട്ടപ്പുകളിൽ ഭൂരിഭാഗവും ഐ.ടി. അധിഷ്ഠിത ഉൽപ്പന്നങ്ങളോ ഐ.ടി.-യുമായി ബന്ധപ്പെട്ടതോ ആയതിനാൽ ഉൽപ്പാദന മേഖലയിൽ നൂതന ആശയങ്ങളുമായിവരുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കാണുന്നു. ഈ സാഹചര്യത്തിൽ ഉൽപ്പാദനമേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭഘട്ടത്തിൽത്തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളുമായി മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുപ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ 75 ശതമാനം സബ്സിഡിയായി നൽകുന്നു. (ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ) മൂന്ന് ഘട്ടങ്ങളായാണ് ആനുകൂല്യം നൽകുന്നത്. ഈ പദ്ധതിക്കായി 2022-23

സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതുകൂടാതെ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഫാബ് ലാബുകളിലൂടെ മാനുഫാക്ചറിംഗ് മേഖലയിലെ 203 സ്റ്റാർട്ടപ്പുകൾക്ക് 2022-23 വർഷം സഹായം നൽകിയിട്ടുണ്ട്. ഈയിനത്തിൽ വകയിരുത്തിയ തുക 1.70 കോടി രൂപയും നാളിതുവരെ ചെലവഴിച്ച തുക 1.23 കോടി രൂപയുമാണ്.

കേരളത്തിലെ കൃഷിവെള്ള വ്യവസായശാലകൾ

204 (4410) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കൃഷിവെള്ള വ്യവസായശാലകളുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായ വാണിജ്യ ഡയക്ടറേറ്റിൽ ലഭ്യമായ കണക്കുപ്രകാരം, കേരളത്തിലെ സ്വകാര്യ മേഖലയിൽ 210 കൃഷിവെള്ള വ്യവസായശാലകളുണ്ട്. ഇതുകൂടാതെ സർക്കാർ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ നിലവിൽ രണ്ട് കൃഷിവെള്ള ഫാക്ടറികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) എത്ര കോടി രൂപയുടെ കുപ്പിവെള്ളം മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെ പൊതുമാർക്കറ്റിൽ ഒരു വർഷം കച്ചവടം നടത്തിവരുന്നുവെന്ന് അറിയിക്കാമോ?

229 കോടിയോളം രൂപയുടെ കുപ്പിവെള്ളം മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെ പൊതുമാർക്കറ്റിൽ ഒരു വർഷം കച്ചവടം നടത്തിവരുന്നതായി കാണുന്നു.

(സി) കേരളത്തിന് കുപ്പിവെള്ളത്തിന് സ്വന്തമായ ബ്രാൻഡുണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

സാമൂഹിക പരിഗണനയോടെ മിതമായ നിരക്കിൽ ശുദ്ധമായ കുടിവെള്ളം ജനങ്ങളിലേയ്ക്കെത്തിക്കാൻ സർക്കാർ തലത്തിലുള്ള ഇടപെടലുകളുടെ ഭാഗമായി തൊടുപുഴയിലെ മുട്ടം പഞ്ചായത്തിൽ 'ഹില്ലി അക്വാ' എന്ന ബ്രാൻഡിൽ ഒരു കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് വിതരണവും ആരംഭിച്ചു. കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ നിർമ്മിച്ച കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് 2020-ലെ സർക്കാർ ഉത്തരവ് പ്രകാരം 7 വർഷത്തേയ്ക്ക് പാട്ടത്തിൽ കെ.ഐ.ഐ.ഡി.സി.-ക്ക് കൈമാറുകയും തുടർന്ന് ഉൽപ്പാദനവും വിതരണവും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന സ്റ്റാർട്ടപ്പുകൾ

205 (4411) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര സ്റ്റാർട്ടപ്പുകളാണ് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ കേരള സ്റ്റാർട്ടപ്പ് മിഷന് കീഴിൽ പതിനൊന്നായിരത്തോളം പുതിയ സ്റ്റാർട്ടപ്പുകൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഇതുവഴി എത്ര പേർക്ക് പുതുതായി തൊഴിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഇതുവഴി ഏകദേശം ഒരു ലക്ഷത്തിലധികം തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കെ-സ്വിഫ്റ്റ് പോർട്ടലിന്റെ പ്രവർത്തനം

206 (4412) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കെ-സ്വിഫ്റ്റ് പോർട്ടലിന്റെ പ്രവർത്തനം വിശദമാക്കാമോ?

വ്യവസായ സംരംഭങ്ങൾക്കുവേണ്ട അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനമാണ് കെ-സ്വിഫ്റ്റ്. ഇത് 2019 ഫെബ്രുവരിയിൽ നിലവിൽവന്നു. നിലവിൽ 21 വിവിധ വകുപ്പുകളുടെ 85-ഓളം സേവനങ്ങളും അനുമതികളും ഈ സംവിധാനംവഴി സംരംഭകന് ലഭ്യമാകും. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം നിലവിലുള്ള വ്യവസായങ്ങളുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെ-സ്വിഫ്റ്റ് സജ്ജമാണ്. പൂർണ്ണനിലയ്ക്ക് സമർപ്പിച്ച അപേക്ഷകളിന്മേൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ 30 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതിന് കെ-സ്വിഫ്റ്റിൽ സംവിധാനമൊരുക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരം നടപടിയെടുത്തില്ലെങ്കിൽ കൽപ്പിത അനുമതി നൽകുന്നതിനും ഉതകുന്ന തരത്തിലാണ് ഈ സംവിധാനം

രൂപകൽപ്പന ചെയ്തിട്ടുള്ളത്. കൂടാതെ കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ ഏജൻസികളുടെ വ്യാവസായിക ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽ നികുതി ഒടുക്കുന്നതിനുള്ള സൗകര്യം എന്നിവ കെ-സ്വിഫ്റ്റിൽ ഒരുക്കിയിട്ടുണ്ട്. നാളിതുവരെ 56936 സംരംഭകർ കെ-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 5043 അനുമതി അപേക്ഷകൾ കെ-സ്വിഫ്റ്റിലൂടെ ഇതുവരെ പ്രോസസ്സ് ചെയ്തിട്ടുണ്ട്.

(ബി) എം.എസ്.എം.ഇ. സ്ഥാപനങ്ങൾ കെ-സ്വിഫ്റ്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ?

ഇല്ല.

(സി) എം.എസ്.എം.ഇ. സ്ഥാപനങ്ങളുടെ രജിസ്ട്രേഷനായി കെ-സ്വിഫ്റ്റ് പോർട്ടൽ നിലവിലിരിക്കെ 'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' പദ്ധതിയുടെ ഭാഗമായി മറ്റൊരു പോർട്ടൽ തയ്യാറാക്കി വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ സാഹചര്യം വിശദമാക്കാമോ?

കെ-സ്വിഫ്റ്റ് പോർട്ടലിൽ പുതുതായി ആരംഭിക്കുന്ന മുഴുവൻ എം.എസ്.എം.ഇ. സംരംഭകരുടേയും വിവരങ്ങൾ ശേഖരിക്കുന്നില്ല. ആയതിനാൽ ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ

ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിനുമായാണ് ഒരു ഓൺലൈൻ പോർട്ടൽ (www.yearofenterprises.kerala.gov.in) ആരംഭിച്ചിട്ടുള്ളത്.

പി.എം.ഇ.ജി.പി. പ്രകാരം സംരംഭങ്ങൾക്ക് ലഭിച്ച സഹായം

207 (4413) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.എം.ഇ.ജി.പി. പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്; ഈയിനത്തിൽ വകയിരുത്തിയ ആകെ തുക എത്രയാണ്; പ്രസ്തുത തുകയിൽ കേന്ദ്രസർക്കാർ വിഹിതം എത്രയെന്നും സംസ്ഥാന സർക്കാർ വിഹിതം എത്രയെന്നും ഈയിനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

പദ്ധതി വിഹിതം പൂർണ്ണമായും കേന്ദ്രസർക്കാർ നിർവ്വഹിച്ചുകൊണ്ട് സംസ്ഥാനത്തെ നിർവ്വഹണ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നതാണ് പി.എം.ഇ.ജി.പി. പദ്ധതി. പി.എം.ഇ.ജി.പി. ഓൺലൈൻ പോർട്ടലിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് എല്ലാ നിർവ്വഹണ ഏജൻസികളിലുമായി പി.എം.ഇ.ജി.പി. പദ്ധതിപ്രകാരം നടപ്പ്

സാമ്പത്തിക വർഷത്തിൽ 2084 സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. ഈയിനത്തിൽ നാളിതുവരെ 4,927.39 ലക്ഷം രൂപ മാർജിൻ മണി സബ്സിഡി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്റ്റാർട്ടപ്പുകൾ

208 (4414) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്ന സമയത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര സ്റ്റാർട്ടപ്പുകളാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ നിലവിൽ വന്ന സമയത്ത് കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക് ഐ.ഡി. ലഭിച്ച 3900 സ്റ്റാർട്ടപ്പുകളാണുണ്ടായിരുന്നത്.

(ബി) നിലവിൽ സ്റ്റാർട്ടപ്പുകൾ എത്രയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

നിലവിൽ സ്റ്റാർട്ടപ്പുകളുടെ എണ്ണം 4500 ആയി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഇതുവഴി എത്ര പേർക്ക് പുതുതായി തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

ഇതുവഴി ആറായിരത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്

209 (4415) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് സ്കീം പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്; പ്രസ്തുത ഇനത്തിൽ വകയിരുത്തിയ ആകെ തുക എത്ര; പ്രസ്തുത ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണ്; വ്യക്തമാക്കുമോ?

നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് സ്കീമിന് 2022-23 സാമ്പത്തിക വർഷത്തിൽ 1,625 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. (225 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായിരുന്നു. 1,400 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ വഴി വകയിരുത്തി). പദ്ധതിപ്രകാരം നാളിതുവരെ 608 സംരംഭങ്ങൾക്കായി 1,589.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

എം.എസ്.എം.ഇ.-കളെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായ പദ്ധതി

210 (4416) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള എം.എസ്.എം.ഇ.-കളിലെ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായപദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും ഈയിനത്തിൽ വകയിരുത്തിയ ആകെ തുക എത്രയാണെന്നും ഈയിനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

നിലവിലുള്ള എം.എസ്.എം.ഇ-കളിലെ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായ പദ്ധതിക്ക് അംഗീകാരം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ചുള്ള അപേക്ഷകൾ സ്വീകരിക്കുവാൻ നടപടി

സ്വീകരിച്ചിട്ടുണ്ട്.

ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള തടസ്സങ്ങൾ പരിഹരിക്കാൻ നടപടി

211 (4417) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡി.ആർ.റ്റി. മുഖാന്തരം എത്ര വ്യവസായ സ്ഥാപനങ്ങളാണ് കഴിഞ്ഞ പത്ത് വർഷത്തിനകം പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ പ്ലോട്ടുകളിൽ 5 വ്യവസായ സ്ഥാപനങ്ങളാണ് ഡി.ആർ.റ്റി. മുഖാന്തരം കൈമാറ്റം ചെയ്തിട്ടുള്ളത്. ഇതിൽ രണ്ട് യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ഡി.ആർ.റ്റി. മുഖാന്തരം ലഭിക്കുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിന് തടസ്സങ്ങളുണ്ടാകുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും വ്യവസായ ഭൂമി ഏറ്റെടുക്കുവാൻ താൽപ്പര്യമുള്ള സംരംഭകർ ഡി.ആർ.റ്റി. മുഖാന്തരം ലഭിക്കുന്ന ഭൂമി വാങ്ങുന്നു.

അത്തരം സംഗതികളിൽ ബന്ധപ്പെട്ട സംരംഭകർ തങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സംരംഭത്തിന്റെ കൃത്യമായ, വിശദമായ പ്രോജക്ട് റിപ്പോർട്ട് സഹിതം ഭൂമി കൈമാറ്റം ക്രമവത്കരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രോജക്ടിന്റെ സാമ്പത്തിക പ്രായോഗികതയും സാങ്കേതിക സാധ്യതയും ജില്ലാതലത്തിലെ ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി (DILAC) പരിശോധിച്ചാണ് അനുമതി നൽകി ക്രമവത്കരിക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ ചിലർ സാമ്പത്തികമായും സാങ്കേതികമായും നടപ്പിലാക്കാൻ പ്രയാസമായ രീതിയിലുള്ള പ്രോജക്ട് സമർപ്പിക്കാറുണ്ട്. ഇതിന് DILAC-ന്റെ അംഗീകാരം ലഭിക്കുവാൻ പ്രയാസമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുവാനും നടപടി ക്രമവൽക്കരിക്കുവാനും ജില്ലാതലത്തിൽ ഉദ്യോഗസ്ഥർ സഹായം നൽകാറുണ്ട്.

വ്യവസായ മേഖലയിലെ പ്ലാന്റേഷനുകൾ ടൂറിസം കേന്ദ്രങ്ങളാക്കാൻ നടപടി

212 (4418) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ടൂറിസം വകുപ്പുമായി ചേർന്ന് വ്യവസായ മേഖലകളിലെ പ്ലാന്റേഷനുകൾ ഉത്തരവാദിത്ത ടൂറിസം, ഇക്കോ ടൂറിസം കേന്ദ്രങ്ങളാക്കാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

ടൂറിസം വകുപ്പുമായി ചേർന്ന് പ്ലാന്റേഷനുകൾ ഉത്തരവാദിത്ത ടൂറിസം, ഇക്കോ ടൂറിസം കേന്ദ്രങ്ങളാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ പ്ലാന്റേഷനുകളിൽ 'ഇക്കോ ടൂറിസം' പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി കോഴിക്കോടുവച്ച് പ്ലാന്റേഷൻ മേഖലയിലെ രാജ്യാന്തര വിദഗ്ദ്ധരുടെ നേതൃത്വത്തിൽ 'ഇക്കോ ടൂറിസം' എന്ന വിഷയം ആസ്പദമാക്കി കേരളത്തിലെ പ്ലാന്റേഷൻ ടൂറിസത്തിന്റെ പുനർരൂപകൽപ്പന, പ്ലാന്റേഷനുകളിൽ ഉത്തരവാദിത്ത ടൂറിസത്തിനുള്ള സാധ്യതകൾ, പ്ലാന്റേഷൻ ടൂറിസം - ടൂറിസം വ്യവസായത്തിൽനിന്നുള്ള ഒരു കാഴ്ചപ്പാട്, ഉത്തരവാദിത്ത ടൂറിസത്തിൽ പരമ്പരാഗത വാസ്തുവിദ്യ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം എന്നീ വിഷയങ്ങളിൽ സെമിനാർ നടത്തുകയുണ്ടായി. തുടർന്ന് കേരളത്തിലെ തോട്ടം മേഖലയിൽ നിലവിലുള്ള ഇക്കോ ടൂറിസം ഉദ്യമങ്ങളെക്കുറിച്ചുള്ള വിവരശേഖരണം നടത്തുന്നതിനുള്ള സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വീട് നിർമ്മിക്കുന്നതിനായി മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി

213 (4419) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3000 ചതുരശ്ര അടി വരെയുള്ള വീട് നിർമ്മിക്കുന്നതിനായി മണ്ണ് നീക്കം ചെയ്യുന്നതിന് ജിയോളജി വകുപ്പിനുപകരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതി മാത്രം മതിയാകുമോ; അറിയിക്കുമോ?

പാരിസ്ഥിതികാനുമതി ആവശ്യമില്ലാത്ത (20000 ചതുരശ്ര മീറ്ററിന് താഴെ പ്ലിന്ത് ഏരിയയുള്ള) കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണത്തിനായി ഖനനം ചെയ്യപ്പെടുന്ന മണ്ണ് ബിൽഡിംഗ് പെർമിറ്റ്/ ഡെവലപ്മെന്റ് പെർമിറ്റ് ലഭ്യമായ സ്ഥലത്തുതന്നെ നിക്ഷേപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി മാത്രം മതിയാകും.

(ബി) ഇത്തരത്തിൽ നീക്കം ചെയ്യുന്ന മണ്ണ് മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പാസ്സ് മാത്രം മതിയാകുമോ; വിശദമാക്കാമോ?

ഇത്തരത്തിൽ ഖനനം ചെയ്യപ്പെടുന്ന മണ്ണ് ഗതാഗതം ചെയ്ത് മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകേണ്ടതായിട്ടുണ്ടെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(2)-ൽ നിഷ്കർഷിച്ചിരിക്കുന്ന

പ്രകാരമുള്ള റോയൽറ്റി ഒടുക്കി മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നും മിനറൽ ട്രാൻസിറ്റ് പാസ്സുകൾ കരസ്ഥമാക്കേണ്ടതാണ്.

കൈത്തറി വകുപ്പിലെ നിർത്തലാക്കിയ പദ്ധതികൾ

214 (4420) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വകുപ്പിൽ നിലവിലുണ്ടായിരുന്ന എത്ര പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ട്; പ്രസ്തുത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ബി) ഇത്തരത്തിൽ നിർത്തലാക്കിയ പദ്ധതികളിൽ ചെറുതും വലുതുമായ മാറ്റങ്ങൾ വരുത്തി പുതിയ പേരിൽ ഇപ്പോഴും തുടരുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ&ബി) കൈത്തറി വകുപ്പിൽ നിലവിലുണ്ടായിരുന്ന പദ്ധതികളൊന്നും നിലവിൽ നിർത്തലാക്കിയിട്ടില്ല.

(സി) കൈത്തറി വകുപ്പിൽ നിലവിലുണ്ടായിരുന്ന പദ്ധതികൾ നിർത്തലാക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

ടെക്സ്ഫെഡിന്റെ നവീകരണം

215 (4421) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്സ്ഫെഡിന്റെ കീഴിൽ എത്ര മില്ലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ടെക്സ്ഫെഡിന്റെ കീഴിൽ 8 സഹകരണ സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിക്കുന്നു. ഇവയുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കയിലോൺ സഹകരണ സ്പിന്നിംഗ് മിൽ, കൊല്ലം
2. ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, ആലപ്പുഴ
3. പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, കോട്ടയം
4. തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ
5. കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ
6. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം
7. മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, മലപ്പുറം
8. കെ. കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, തൃശ്ശൂർ

(ബി) ടെക്സ്ഫെഡിന്റെ നവീകരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ടെക്സ്ഫെഡിനും അതിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെയും പൂർണ്ണ നവീകരണത്തിനായി നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ ആധുനികവൽക്കരണത്തിനായി 1,500 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ബീഫെഡിലെ ജീവനക്കാർക്ക് ശമ്പള സ്കെയിൽ

216 (4422) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീഫെഡിന്റെ തേൻ സംസ്കരണ യൂണിറ്റിൽ എത്ര ജീവനക്കാരാണുണ്ടായിരുന്നതെന്ന വിവരം നൽകാമോ?

ബീഫെഡിന്റെ തേൻ സംസ്കരണ യൂണിറ്റിൽ രണ്ട് കരാർ ജീവനക്കാരാണ് ഉണ്ടായിരുന്നത്.

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പള സ്കെയിൽ നൽകണമെന്ന് ഖാദി ബോർഡ് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ?

ശിപാർശ ചെയ്തിട്ടില്ല.

(സി) പ്രസ്തുത ജീവനക്കാർക്ക് ശമ്പള സ്കെയിൽ അനുവദിച്ച് 2016-ൽ നിയമനം നൽകാൻ സർക്കാർ ഖാദി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ബീഫെഡിനെ ഖാദി ബോർഡിന് കീഴിലുള്ള ഒരു തേൻ സംസ്കരണ യൂണിറ്റാക്കുവാനും ബീഫെഡിൽ കരാറടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന ശ്രീ. പ്രസാദ് എസ്., ശ്രീ. മോഹൻകുമാർ വി. എന്നീ രണ്ട് ജീവനക്കാർക്ക് ശമ്പള സ്കെയിൽ നൽകി ബീഫെഡിൽ നിലനിർത്തുന്നതിന് നടപടിയെടുക്കാനും 04-04-2016-ലെ 16332/കെ1/2014/വ്യവ. നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സാങ്കേതികമായ കാരണങ്ങളാൽ ടി വിഷയങ്ങളിൽ വ്യക്തമായ നിർദ്ദേശം നൽകുന്നതിനായി ഖാദി ബോർഡ് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അക്കാര്യങ്ങളിൽ 23-01-201-ലെ സ.ഉ.(സാധാ)നം.76/2019/വ്യവ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ആയതിലെ നിർദ്ദേശത്തിൻപ്രകാരം

പ്രസ്തുത ജീവനക്കാർ ബീഫെഡിൽ നിലവിലുണ്ടായിരുന്ന അതേ അവസ്ഥയിൽ ജോലിയിൽ തുടരുന്നു.

(ഡി) 31-05-2016-ലെ 16332/1/2014 വ്യവ. നമ്പർ സർക്കാർ കത്തിൽ നൽകിയ നിർദ്ദേശം ഖാദി ബോർഡ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാർ കത്തിനെ തുടർന്ന് ടി വിഷയങ്ങളിൽ വ്യക്തമായ നിർദ്ദേശത്തിനായി ഖാദി ബോർഡ് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അക്കാര്യങ്ങളിൽ 23-01-2019-ന് സ.ഉ.(സാധാ) നം.76/2019/വ്യവ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകി. ടി നിർദ്ദേശത്തിൻപ്രകാരം പ്രസ്തുത ജീവനക്കാർ ബീഫെഡിൽ നിലവിലുണ്ടായിരുന്ന അതേ അവസ്ഥയിൽ ജോലിയിൽ തുടരുന്നു.

ബീഫെഡ്

217 (4423) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബീ കീപ്പിംഗ് ഇൻഡസ്ട്രീസ് ഫെഡറേഷൻ (ബീഫെഡ്) ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണോയെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് ബീ കീപ്പിംഗ് ഇൻഡസ്ട്രീസ് ഫെഡറേഷൻ (ബീഫെഡ്) ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമല്ല. തിരുവിതാംകൂർ-കൊച്ചി ശാസ്ത്ര, സാഹിത്യ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചിരുന്ന ഒരു ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനാണിത്.

(ബി) ഈ സ്ഥാപനത്തെ ഖാദി ബോർഡിൽ ലയിപ്പിക്കാൻ ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഈ സ്ഥാപനത്തെ ഖാദി ബോർഡിൽ ലയിപ്പിക്കാൻ ബോർഡ് തീരുമാനമെടുത്തിട്ടില്ല. ഖാദി ബോർഡിന്റെ 10-02-2015-ലെ ആറാം നമ്പർ ബോർഡ് തീരുമാനപ്രകാരം ബീഫെഡിന്റെ കിഴിലുള്ള തേൻ സംസ്കരണ യൂണിറ്റിനെ, തിരുവനന്തപുരം ജില്ലാ ഖാദി ഗ്രാമവ്യവസായ ആഫീസിന് കീഴിൽ ഒരു തേൻ ഉൽപ്പാദന യൂണിറ്റാക്കി മാറ്റുന്നതിനാണ് തീരുമാനമെടുത്തത്.

(സി) ബീഫെഡിന്റെ തേൻ സംസ്കരണ യൂണിറ്റ് മാത്രമാണോ ലയിപ്പിക്കാൻ തീരുമാനമെടുത്തതെന്ന് വ്യക്തമാക്കാമോ?

ലയിപ്പിക്കാൻ ബോർഡ് തീരുമാനമെടുത്തിട്ടില്ല. ബീഫെഡിന്റെ കീഴിലുള്ള തേൻ സംസ്കരണ യൂണിറ്റിനെ, തിരുവനന്തപുരം ജില്ലാ ഖാദി

ഗ്രാമവ്യവസായ ആഫീസിന് കീഴിൽ ഒരു തേൻ ഉൽപ്പാദന യൂണിറ്റാക്കി മാറ്റുന്നതിനാണ് തീരുമാനമെടുത്തത്.

(ഡി) എങ്കിൽ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ ബീഫെഡ് എന്നാണ് ലയിപ്പിച്ചതെന്ന വിവരം ലഭ്യമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ബാധകമല്ല.

(ഇ) ഖാദി ബോർഡിന്റെ കീഴിൽ തേൻ ഉൽപ്പാദന യൂണിറ്റാക്കി മാറ്റിയശേഷം ബീഫെഡിന്റെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കാമോ; ബീഫെഡിനെ ഖാദി ബോർഡിൽ ലയിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനത്തിൽ മാനേജിംഗ് ഡയറക്ടറെ നിയമിച്ചിട്ടുണ്ടോ?

ഈ യൂണിറ്റിലെ കാര്യങ്ങൾ നോക്കിനടത്താൻ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിലെ ഒരു ജീവനക്കാരനെ മാനേജിംഗ് ഡയറക്ടർ എന്ന പേരിൽ നിയോഗിച്ചിട്ടുണ്ട്. ഖാദി ബോർഡിന്റെ കീഴിൽ തേനുൽപ്പാദന യൂണിറ്റ് പ്രവർത്തനസജ്ജമാക്കി. 2020-ൽ പ്രീപ്രോസസ്സിംഗ് യൂണിറ്റ് നവീകരിച്ചു. അഗ്മാർക്ക് ലൈസൻസ് പുതുക്കി. ഇപ്പോഴും പ്രവർത്തിക്കുന്നു.

(എഫ്) എങ്കിൽ നിയമന ഉത്തരവിന്റെ പകർപ്പ് നൽകാമോ?

മാനേജിംഗ് ഡയറക്ടറെ നിയമിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

ഖാദി ബോർഡിന്റെ ഉടമസ്ഥതയിലെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ പ്രയോജനപ്പെടുത്തുന്ന പദ്ധതി

218 (4424) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പഞ്ചായത്തുകളിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നത് അടച്ചുപൂട്ടുകയോ പ്രവർത്തനം ഭാഗികമായി മാത്രം നടക്കുകയോ ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളും കെട്ടിടങ്ങളും പുതിയ തൊഴിൽ സംരംഭങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലമായ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഖാദി ബോർഡിന് കീഴിൽ പ്രവർത്തിക്കാതെയുണ്ടായിരുന്ന സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ പ്രവർത്തിച്ചുവരുന്ന യൂണിറ്റുകളിൽ കൂടുതൽ തൊഴിലവസരങ്ങൾ നൽകിക്കൊണ്ട് വിപുലീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പിന്റെ 09-11-2022-ലെ സ.ഉ(സാധാ)നം.2759/2022/LSGD നമ്പർ ഉത്തരവ് പ്രകാരം ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും തൊഴിലുപകരണങ്ങൾ വാങ്ങുന്നതിനും പദ്ധതി രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഖാദി മേഖലയുടെ വികസനത്തിനായി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ ആധുനിക രീതിയിലുള്ള പേപ്പർ ക്യാരി ബാഗ്

യൂണിറ്റ് സ്ഥാപിക്കുന്നതിനും മെഷിനറികൾ സ്ഥാപിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തിയിട്ടുള്ളതുമാണ്.

തൃശ്ശൂർ ജില്ലയിൽ ബെഡ് യൂണിറ്റ് തുടങ്ങുന്നതിനും പാലക്കാട് ജില്ലയിൽ ഹണി പ്രോസസ്സിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകൾ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

കരകൗശല മേഖല

219 (4425) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരകൗശല മേഖലയെ സഹായിക്കുന്നതിനും കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

കരകൗശല മേഖലയിൽ പ്രധാനമായും പ്രവർത്തിക്കുന്ന മൂന്ന് സ്ഥാപനങ്ങളാണുള്ളത്. അവയെ സംബന്ധിക്കുന്ന വിവരങ്ങൾ ഇപ്രകാരമാണ്.

കരകൗശല വികസന കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ പുതിയ ഡിസൈനിലുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക,

പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുക എന്നീ പദ്ധതികൾ നിലവിൽ നടത്തിവരുന്നു.

ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ കരകൗശല തൊഴിലാളികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കിവരുന്നു.

പരമ്പരാഗത കൈത്തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നവരെ ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്ന ഉദ്ദേശത്തോടെ കാഡ്കോ ആർട്ടിസാൻസ് ലേബർ ഡാറ്റാ ബാങ്ക് പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ ഇരുപതിനായിരത്തോളം ആർട്ടിസാൻമാർ ലേബർ ഡാറ്റാ ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരമ്പരാഗത സ്വർണ്ണ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ഗോൾഡ് അപ്രൈസർ സബ് സ്റ്റാഫ് ട്രെയിനിംഗ് പ്രോഗ്രാം കാഡ്കോ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി ജെം & ജ്വലറി സ്കിൽ കൗൺസിൽ ഓഫ് ഇന്ത്യ, നാഷണൽ കൗൺസിൽ ഓഫ് വൊക്കേഷണൽ ട്രെയിനിംഗ് എന്നിവയുമായി ചേർന്ന് നടത്തുന്ന പ്രോഗ്രാം 14 ജില്ലകളിൽനിന്ന് ആദ്യഘട്ടത്തിൽ 420 പരമ്പരാഗത ആർട്ടിസാന്മാർക്ക് ട്രെയിനിംഗ് നൽകുന്നതിനായി ഉദ്ദേശിക്കുന്നു. പരിശീലനം പൂർത്തീകരിക്കുന്നവർക്ക് കാഡ്കോയും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ

GJSCI-യുമായി സംയോജിതമായി സർട്ടിഫിക്കറ്റ് നൽകുന്നതിനും കാഡ്കോ ലക്ഷ്യമിടുന്നു. ടി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് വിവിധ സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ പരമ്പരാഗത സ്വർണ്ണത്തൊഴിലാളികൾക്ക് അപ്രൈസർമാരായി തൊഴിൽ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

'സർവ്വീസ് ആൻഡ് സപ്ലൈ' പദ്ധതിപ്രകാരം വിവിധ സർക്കാർ സ്ഥാപനത്തിലേയ്ക്ക് ആർട്ടിസാൻ/ആർട്ടിസാൻ യൂണിറ്റ് മുഖാന്തരം ഫർണിച്ചർ വിതരണം, ഇന്റീരിയർ ഫർണിഷിംഗ്, പൊതുവിദ്യാലയ നവീകരണം എന്നിവ നിർവ്വഹിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 52 കോടി രൂപയുടെ വിറ്റുവരവ് കാഡ്കോ നേടിയിരുന്നു. 2 ലക്ഷം തൊഴിൽദിനങ്ങൾ ഇപ്രകാരം സൃഷ്ടിക്കുന്നതിന് കാഡ്കോയ്ക്ക് സാധിച്ചു.

കൊല്ലം ഉമയനെല്ലൂരിൽ ആർട്ടിസാൻമാർക്കായി പൊതുസേവന കേന്ദ്രം കാഡ്കോ ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിലെ മറ്റ് 13 ജില്ലകളിലും പരമ്പരാഗത കൈത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പൊതുസേവനകേന്ദ്രങ്ങൾ തുടങ്ങുന്നതിന് കാഡ്കോ ലക്ഷ്യമിടുന്നു.

കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം ആധുനികവൽക്കരണം, ഡിസൈൻ വികസനം തുടങ്ങിയ ആവശ്യങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത്. ഈ പദ്ധതിപ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപയുടെ ധനസഹായം സുരഭിക്ക് ലഭിച്ചിരുന്നു. കരകൗശല മേഖലയിൽ പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് 2023-24 സാമ്പത്തിക വർഷം 50 ലക്ഷം രൂപയുടെ ബഡ്ജറ്റ് വിഹിതം നീക്കിവച്ചിട്ടുണ്ട്.

ജില്ലാ കൈത്തറി മേള

220 (4426) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-01-2022 മുതൽ 31-12-2022 വരെ ജില്ലാതലത്തിൽ എത്ര കൈത്തറി മേളകൾ നടത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

01-01-2022 മുതൽ 31-12-2022 വരെ ജില്ലാതലത്തിൽ നടത്തിയ കൈത്തറി മേളകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	നടത്തിയ മേളകളുടെ എണ്ണം
1	തിരുവനന്തപുരം	1
2	കൊല്ലം	1
3	എറണാകുളം	1
4	തൃശ്ശൂർ	2
5	പാലക്കാട്	1
6	കോഴിക്കോട്	2
7	വയനാട്	1
8	കണ്ണൂർ	2
9	കാസർഗോഡ്	1
10	മലപ്പുറം	നടത്തിയിട്ടില്ല
11	പത്തനംതിട്ട	നടത്തിയിട്ടില്ല
12	കോട്ടയം	നടത്തിയിട്ടില്ല
13	ഇടുക്കി	നടത്തിയിട്ടില്ല
14	ആലപ്പുഴ	നടത്തിയിട്ടില്ല

(ബി) ജില്ലാതലത്തിൽ കൈത്തറിമേളകൾ നടത്തുവാനായി ഏതൊക്കെ ഏജൻസികളെയാണ് നിയമിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജില്ലാതലത്തിൽ കൈത്തറിമേളകൾ നടത്തുവാനായി ഏജൻസികളെയൊന്നും നിയമിച്ചിട്ടില്ല. ജില്ലാ വ്യവസായ കേന്ദ്രം നേരിട്ടാണ് മേളകൾ നടത്തുന്നത്.

(സി) പ്രസ്തുത ഏജൻസികൾ ജില്ലാ കൈത്തറി മേളകൾ നടത്തുവാനായി നാളിതുവരെ അഡ്വാൻസായി എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഏജൻസികൾ കൈപ്പറ്റിയിട്ടുള്ള അഡ്വാൻസ് തുകയിൽ നാളിതുവരെ തിരിച്ചടച്ചിട്ടില്ലാത്ത തുക എത്രയാണെന്നും ആയതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ?

(സി&ഡി) ബാധകമല്ല.

ഭൂമിയുടെ കരം ഒടുക്കുന്നതിനായി നടപടി

221 (4427) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളിച്ചൽ പഞ്ചായത്തിലെ ഖാദി ബോർഡിന്റെ അധീനതയിലുള്ള റീസർവ്വേ നം.151/2-ൽപ്പെട്ട 17.20 ആർ സ്ഥലം ഉടമസ്ഥത സംബന്ധിച്ച് തർക്കമുള്ളതിനാൽ കരം ഒടുക്കുന്നത് സംബന്ധിച്ച് ബോർഡ് തഹസിൽദാർ

മുഖേന കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പള്ളിച്ചൽ പഞ്ചായത്തിലെ റീസർവ്വേ നം.151/2-ൽപ്പെട്ട 17.20 ആർ സ്ഥലം ഖാദി ബോർഡിന്റെ ഉടമസ്ഥതയിലാക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റിന്റെ ഉപദേശം തേടിയപ്പോൾ ടി വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വസ്തുവിന്റെ ആധാരവും കരം ഒടുക്കിയ രസീതും ആവശ്യമാണെന്നറിയിച്ചതിനാൽ കരം ഒടുക്കുന്നതിന് പള്ളിച്ചൽ വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിച്ചു. എന്നാൽ പ്രസ്തുത വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുള്ളതിനാൽ കരം അടക്കുന്ന വിഷയം തഹസിൽദാർ മുഖേന കളക്ടർ മുമ്പാകെ പരിഗണനയിലാണ്.

മണ്ണൊലിപ്പ് തടയുവാൻ കയർ ഭൂവസ്ത്രം

222 (4428) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണൊലിപ്പ് തടയുന്നതിനായി ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി, കേരളത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ (ഗ്രാമപഞ്ചായത്തുകൾ) വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് വിവിധ വകുപ്പുകളുമായി വകുപ്പ് നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദമാക്കാമോ?

മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും കയർ ഭൂവസ്ത്ര വിനിയോഗം സംബന്ധിച്ച് ജില്ലാ/ബ്ലോക്ക് തലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഏകദിന സെമിനാറുകൾ നടത്തുന്നു. കയർ വികസന വകുപ്പും കയർ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡും ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിൽ നേരിട്ട് ക്യാമ്പയിനുകൾ നടത്തിവരികയും ചെയ്യുന്നു. കയർ ഭൂവസ്ത്ര വിതരണത്തിനായുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുമരാമത്ത്, ഇറിഗേഷൻ, ഉൾനാടൻ ജലഗതാഗതം, മണ്ണ് സംരക്ഷണം എന്നീ വകുപ്പുകളുമായി ബന്ധപ്പെടുത്തി കയർ ഭൂവസ്ത്ര വിതാന പദ്ധതി സാധ്യതകളെക്കുറിച്ച് ചർച്ച നടത്തുകയും തുടർപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അയ്യങ്കാളി നഗര തൊഴിലുറപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികളിലും കയർ ഭൂവസ്ത്ര വിതാനം നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കണ്ണൂർ ജില്ലാ പഞ്ചായത്തും മണ്ണ് സംരക്ഷണ വകുപ്പുമായി ചേർന്ന് അഞ്ചരക്കണ്ടിപ്പുഴയുടെ തീരസംരക്ഷണത്തിനുള്ള കയർ ഭൂവസ്ത്രവിതാന പദ്ധതി കയർഫെഡ് നടപ്പിലാക്കിവരുന്നു. കൂടാതെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ മണ്ണ്-ജല സംരക്ഷണം, കൃഷി, റോഡ് നിർമ്മാണം തുടങ്ങിയ വികസന പദ്ധതികളിൽ കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യത ബോധ്യപ്പെടുത്തുന്നതിനായി പ്രസ്തുത സംസ്ഥാനങ്ങളുടെ റെസിഡന്റ് കമ്മീഷണർമാരുമായി വകുപ്പിലെ ഉദ്യോഗസ്ഥർ ചർച്ചകൾ നടത്തിയിട്ടുണ്ട്. മേൽവിഷയം അടിസ്ഥാനമാക്കി ആലപ്പുഴ ദേശീയ സെമിനാർ സംഘടിപ്പിക്കാനും ഉദ്ദേശിക്കുന്നു.

കയർ ഉൽപ്പാദന-കയറ്റുമതി രംഗം അഭിവൃദ്ധിപ്പെടുത്താൻ നടപടി

223 (4429) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമായ തൊണ്ടിന്റെ ഉപയുക്തത കൂട്ടി പരമാവധി ചകിരി സംസ്കരിക്കാനും ചകിരിനാരിന്റെയും കയറുൽപ്പന്നങ്ങളുടെയും

ഗുണനിലവാരം മെച്ചപ്പെടുത്താനും ഇതിലൂടെ മൂല്യവർദ്ധനവ് നടപ്പിലാക്കാനും സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ?

ഉൽപ്പന്ന വൈവിധ്യവത്കരണത്തിന്റെ ഭാഗമായി എൻ.സി.ആർ.എം.ഐ. പരിസ്ഥിതി സൗഹൃദമായ കയർ ബാഗുകൾ രൂപകല്പന ചെയ്ത് ഹോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് വഴി ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്തുവരുന്നുണ്ട്. ചകിരിച്ചോറ് കമ്പോസ്റ്റ്, ജല ശുദ്ധീകരണ കാട്രിഡ്ജുകൾ എന്നിവയുടെ രൂപകല്പന പുരോഗമിച്ചുവരികയാണ്. കൂടാതെ പരമ്പരാഗത കയർ മേഖലയിലെ വനിതകൾക്കായുള്ള ഇ-റാട്ട് പരിശീലനവും എൻ.സി.ആർ.എം.ഐ. നടത്തിവരുന്നുണ്ട്.

യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുൽപ്പന്നങ്ങൾക്കും വിപണി സാധ്യത കണ്ടെത്തുന്നുണ്ട്. വൈക്കം, ആലപ്പുഴ കയർ പ്രോജക്ടുകൾക്ക് കീഴിലെ പതിനഞ്ച് ഡീഫൈബറിംഗ് യൂണിറ്റുകളെ അംഗങ്ങളാക്കി ആലപ്പുഴ ജില്ലയിലെ കാട്ടുകട ആസ്ഥാനമാക്കി വൈക്കം കയർ കൺസോർഷ്യം രൂപീകരിച്ച് ചകിരി ഉൽപ്പാദനം നടത്തിവരുന്നു.

(ബി) നിലവിലുള്ള കയർ തൊഴിലാളികൾക്ക് സമ്പൂർണ്ണ തൊഴിൽ നൽകുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ സർക്കാരിന്റെ കാലത്ത് നടത്തിയ ഇടപെടലുകളുടെ വിശദാംശം ലഭ്യമാക്കാമോ?

കയർ മേഖലയിൽ ആധുനികവത്കരണത്തിന്റെ ഭാഗമായി പശ്ചാത്തല സൗകര്യ വികസനവും യന്ത്രവത്കരണവും നടപ്പിലാക്കി വരുന്നുണ്ട്. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിസ്റ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ.)-യുടെ നേതൃത്വത്തിൽ പരിസ്ഥിതി സൗഹൃദമായ കയർബാഹുകൾ രൂപകല്പന ചെയ്ത് ഉൽപ്പാദനവും വിതരണവും ചെയ്തുവരുന്നുണ്ട്. കൂടാതെ കയർ മേഖലയിൽ ജോലി ചെയ്യുന്ന വനിതകൾക്കായുള്ള ഇ-റാട്ട് പരിശീലനം എൻ.സി.ആർ.എം.ഐ. നടത്തിവരുന്നു. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷം നാളിതുവരെ 50.26 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്.

(സി) ബഹുരാഷ്ട്ര ധനസഹായത്തോടെ കയറുൽപ്പാദന-കയറ്റുമതി രംഗം അഭിവൃദ്ധിപ്പെടുത്താൻ വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

കയറുൽപ്പാദന-കയറ്റുമതി രംഗത്ത് ബഹുരാഷ്ട്ര ധനസഹായം ലഭ്യമായിട്ടില്ല. കയറുൽപ്പന്നങ്ങളുടെ വിദേശ വിപണി കണ്ടെത്തുവാനും കയറ്റുമതി പ്രോത്സാഹിപ്പിക്കുവാനും എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഫോർ ഹാന്റിക്രാഫ്റ്റ്, ഹാൻഡ് ലൂം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവവഴി എക്സിബിഷനുകളിലും ബയർ-സെല്ലർ മീറ്റുകളിലും നേരിട്ടും ഓൺലൈനിലുമായി പങ്കെടുത്ത് പുതിയ ബയേഴ്സിനെ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

ഇളമണ്ണൂർ കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന കയർ കോർപ്പറേഷന്റെ സ്ഥാപനം

224 (4430) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ ഇളമണ്ണൂർ കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന കയർ കോർപ്പറേഷന്റെ സ്ഥാപനത്തിൽ മൂന്നാം ഷിഫ്റ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോന്നി നിയോജകമണ്ഡലത്തിലെ ഇളമണ്ണൂർ കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന കയർ കോർപ്പറേഷന്റെ സ്ഥാപനം നിലവിൽ രണ്ട്

ഷിഫ്റ്റുകളായാണ് പ്രവർത്തിക്കുന്നത്. വിദേശവിപണി സജീവമായി കൂടുതൽ പി.വി.സി. കയർ ടഫ്റ്റഡ് മാറ്റുകൾക്കുള്ള ഓർഡറുകൾ ലഭിക്കുന്നമുറയ്ക്ക് മൂന്നാം ഷിഫ്റ്റ് ആരംഭിക്കാൻ സാധിക്കുന്നതാണ്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ മെത്ത നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും; വിശദമാക്കാമോ?

മെത്ത നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

ഫൈബർ സംഭരണം

225 (4431) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട, ഇടത്തര സ്വകാര്യ കയർ ഡീ-ഫൈബറിംഗ് യൂണിറ്റുകളിൽനിന്നും കയർഫെഡ് ഫൈബർ സംഭരണം വേണ്ടവിധം നടത്താത്തതിനാൽ ഈ യൂണിറ്റുകൾ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണനിലവാരമുള്ള ചകിരി ഉൽപ്പാദിപ്പിക്കുന്ന കയർ ഡീ-ഫൈബറിംഗ് യൂണിറ്റുകളിൽനിന്നും കയർഫെഡ് കിലോഗ്രാമിന് 14 രൂപ മുതൽ 16 രൂപ നിരക്കിൽ ചകിരി വാങ്ങി സംഘങ്ങൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്.

തമിഴ്നാട്ടിൽനിന്നുള്ള ചകിരിയുടെയും കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും താരതമ്യേന കുറഞ്ഞ വിപണിവില സംസ്ഥാനത്തെ കയർ വ്യവസായ മേഖലയിൽ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. കോവിഡ് പ്രതിസന്ധിയെ തുടർന്നുണ്ടായ വിപണിയിലെ മാന്ദ്യവും പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത യൂണിറ്റുകളിൽനിന്നും ഫൈബർ സംഭരണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കയറിന്റെയും കയറുൽപ്പന്ന മേഖലയിലെയും പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹാരനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയും സമിതിയുടെ പ്രവർത്തനം പുരോഗമിച്ചുവരികയുമാണ്. സ്റ്റോക്കിരിക്കുന്ന കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കുന്നത് സംബന്ധിച്ച സമിതി ശിപാർശ സർക്കാരിൽ പരിഗണനയിലാണ്. ചകിരി വിൽപ്പനയിലെ കുറവ് സൃഷ്ടിച്ച ആഘാതം കുറയ്ക്കുന്നതിന് കയർപിത്തിന്റെ വിവിധങ്ങളായ മൂല്യവർദ്ധിത ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്.

കയർമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ വിപണനത്തിനും നടപടി

226 (4432) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പ്രതിസന്ധി പരിഹരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സർക്കാർ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എന്തൊക്കെ ശിപാർശകളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും കയർ മേഖലയുടെ നവീകരണത്തിനും സംരക്ഷണത്തിനുമായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉണ്ട്. കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പ്രതിസന്ധി പരിഹരിക്കുന്നതിനുമുള്ള ശിപാർശകൾ ലഭ്യമാക്കുന്നതിന് സർക്കാർ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വർദ്ധിതതോതിലുള്ള സ്റ്റോക്ക് വിറ്റഴിക്കുന്നത് സംബന്ധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതിനുള്ള ശിപാർശ സമിതി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വിറ്റഴിക്കാനാകാതെ കെട്ടിക്കിടക്കുന്ന കയർ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ

ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; വിപണിയിലെ ആവശ്യകതയ്ക്കനുസരിച്ച് മാത്രം ഉൽപ്പാദനം നടത്തി ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

വിറ്റഴിക്കാനാകാത്ത കയറുൽപ്പന്നങ്ങളുടെ സ്റ്റോക്ക് വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ നിയോഗിപ്പിക്കപ്പെട്ട സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ നിയോഗിച്ച വിദഗ്ധ സമിതി സമർപ്പിക്കുന്ന റിപ്പോർട്ട് കൂടി പരിഗണിച്ച്, വിപണിയുടെ ആവശ്യകതയ്ക്കനുസരിച്ച് ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കുണ്ടറയിലെ കശുവണ്ടി ഫാക്ടറികളും തൊഴിൽദിനങ്ങളും

227 (4433) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 2016 മുതൽ 2023 വരെയുള്ള വർഷങ്ങളിൽ സ്വകാര്യ മേഖലയിലും

പൊതുമേഖലയിലുമായി എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചിരുന്നുവെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തരംതിരിച്ച് നൽകാമോ?

കൊണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 2016 മുതൽ 2023 വരെയുള്ള വർഷങ്ങളിൽ സ്വകാര്യ മേഖലയിലും പൊതുമേഖലയിലുമായി പ്രവർത്തിച്ചിരുന്ന കശുവണ്ടി ഫാക്ടറികളുടെ സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ എത്ര തൊഴിൽദിനങ്ങൾ ഉണ്ടായിരുന്നുവെന്ന് തരംതിരിച്ച് വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ 6 പൊതുമേഖലാ ഫാക്ടറികളിലായി ആകെ 603 (ശരാശരി 101) തൊഴിൽദിനങ്ങളും 70 സ്വകാര്യ മേഖലാ ഫാക്ടറികളിലായി ആകെ 12737 (ശരാശരി 182) തൊഴിൽദിനങ്ങളും നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 6 പൊതുമേഖലാ ഫാക്ടറികളിലായി ആകെ 417 (ശരാശരി 70) തൊഴിൽദിനങ്ങളും 57 സ്വകാര്യ ഫാക്ടറികളിലായി ആകെ 9446 (ശരാശരി 166) തൊഴിൽദിനങ്ങളും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കശുവണ്ടി തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

228 (4434) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് കശുവണ്ടി തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായത്തിൽ പ്രമുഖമായ കശുവണ്ടി വ്യവസായം മുൻപില്ലാത്ത വിധം വെല്ലുവിളികളും പ്രതിസന്ധികളും നേരിടുകയാണ്. ഭാഗിക യന്ത്രവത്കരണത്തോടെ കശുവണ്ടി വ്യവസായ രംഗത്തേയ്ക്ക് വിയറ്റ്നാമിന്റെ വരവ്, തോട്ടണ്ടിക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം, പ്രകൃതി ദുരന്തങ്ങൾ, ആഗോള വ്യാപകമായി പടർന്നുപിടിച്ച കോവിഡ് മഹാമാരി എന്നിങ്ങനെ വിവിധ കാരണങ്ങളാൽ സ്വകാര്യമേഖലയുൾപ്പെടെ സംസ്ഥാനത്തെ കശുവണ്ടി വ്യവസായം 2015 മുതൽ പ്രതിസന്ധിയിലാണ്. എന്നിരുന്നാലും ഇക്കാലയളവിലും പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിൽനിന്നും

കൈപിടിച്ചുയർത്താൻ സാധ്യമായ എല്ലാ സാമ്പത്തിക സഹായവും പൂർണ്ണ പിന്തുണയും സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്വകാര്യ കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിൽനിന്നും കരകയറ്റുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആകെ 37 കോടി രൂപ അനുവദിച്ചിരുന്നു. കോവിഡ് മഹാമാരിമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനീകരണത്തിനുള്ള മൂലധന സഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപയും കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കാനുമായി 30 കോടി രൂപയുമാണ് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്.

കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധികളും ആശങ്കകളും വിലയിരുത്തുന്നതിനായി വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കശുവണ്ടി വ്യവസായികളുടെ ഒരു യോഗം ചേർന്നിരുന്നു. അന്നേദിവസംതന്നെ കശുവണ്ടി മേഖലയിലെ വിവിധ ട്രേഡ് യൂണിയൻ

പ്രതിനിധികളുമായി മന്ത്രി ചർച്ച നടത്തുകയും തൊഴിലാളികളുടെ പ്രശ്നങ്ങൾ കേൾക്കുകയും ചെയ്തു. പ്രസ്തുത യോഗങ്ങളുടെ തുടർച്ചയായി, സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു വിദഗ്ധ സമിതി സർക്കാർ രൂപീകരിച്ചു. ടി സമിതി ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, കാപ്പക്സ്, കാഷ്യൂ കോർപ്പറേഷൻ, കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തുകയും കശുവണ്ടി ഫാക്ടറികൾ സന്ദർശിച്ച് പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയ്ക്ക് അടിയന്തര ആശ്വാസം നൽകാനുതകുന്നതും ഉടൻ നടപ്പിലാക്കാൻ സാധിക്കുന്നതുമായ ഹ്രസ്വകാല പദ്ധതികൾ ഉൾപ്പെടുത്തിയുള്ള ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ഇതനുസരിച്ച് സ്വകാര്യ കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപ

വിനിയോഗിച്ച് നിലവിൽ പ്രവർത്തനക്ഷമമായ സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്കായി 3 ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. കൂടാതെ സ്വകാര്യ മേഖലയിലെ ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന/ആധുനീകരണ മൂലധനമായി ബഡ്ജറ്റിൽ വകയിരുത്തിയ 7 കോടി രൂപയ്ക്കും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇ.എസ്.ഐ. മെഡിക്കൽ കോളേജുകളിൽ തൊഴിലാളികളുടെ മക്കൾക്ക് സംവരണം ചെയ്തിരുന്ന മുപ്പത് ശതമാനം സീറ്റ് പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഇ.എസ്.ഐ. മെഡിക്കൽ കോളേജുകളിൽ തൊഴിലാളികളുടെ മക്കൾക്ക് സംവരണം ചെയ്തിരുന്ന മുപ്പത് ശതമാനം സീറ്റ് പുനഃസ്ഥാപിക്കുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷനാണ് നടപടികൾ സ്വീകരിക്കേണ്ടത്.

(സി) തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്നതിനായി നിലവിലുള്ള ഹാജർ മാനദണ്ഡത്തിൽ മാറ്റം വരുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്നതിനായി നിലവിൽ അർദ്ധവാർഷിക കാലയളവിൽ 78 ഹാജർ ആവശ്യമാണ്. ആയതിൽ മാറ്റം വരുത്തുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷനാണ് നടപടികൾ സ്വീകരിക്കുന്നത്.

വൈദ്യുതി തടസ്സം നേരിടുന്നതിന് നടപടി

229 (4435) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ മൊകേരി കലാനഗർ ഭാഗത്ത് വൈദ്യുതി തടസ്സം നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ മൊകേരി കലാനഗർ ഭാഗത്ത് വൈദ്യുതി തടസ്സം നേരിടുന്നതിന് മൊകേരി കലാനഗർ ഭാഗത്തെ നിലവിലുള്ള 3.5 km സിംഗിൾ ഫേസ് ലൈൻ AB കേബിൾ ഉപയോഗിച്ച് 3 ഫേസാക്കുന്ന പ്രവൃത്തി 2022-23 വർഷത്തെ RDSS സ്കീമിലുൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നമുറയ്ക്ക് വൈദ്യുതി തടസ്സം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുതി മോഷണവും ദുരുപയോഗവും തടയുന്നതിന് നടപടി

230 (4436) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണവും ദുരുപയോഗവും തടയുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിനും വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും ചീഫ് വിജിലൻസ് ഓഫീസർ, കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ സംസ്ഥാനാടിസ്ഥാനത്തിലുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് (APTS) പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും റീജിയണൽ ഓഡിറ്റ് ഓഫീസിൽനിന്നുമുള്ള സ്പെഷ്യൽ സ്ക്വാഡുകളും നിലവിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ക്വാഡുകൾ മിന്നൽ പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടുപിടിക്കുന്നുണ്ട്. വൈദ്യുതി മോഷണം പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ വിജിലൻസ് വിഭാഗം ഓഫീസർമാരുടെയും അതാത് ഓഫീസ് മേലധികാരികളുടെയും ഫോൺ നമ്പർ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം

കണ്ടുപിടിക്കപ്പെട്ടാലുണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ദൃശ്യ മാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും ആവശ്യമായ അവബോധം പൊതുജനങ്ങൾക്ക് നൽകുന്നുമുണ്ട്.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തിരുവല്ല, കോട്ടയം, എറണാകുളം, വാഴത്തോപ്പ് എന്നീ ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ സതേൺ റീജിയണൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും കോഴിക്കോട്, കണ്ണൂർ, കൽപ്പറ്റ, കാസർഗോഡ്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ സ്ക്വാഡുകൾ നോർത്തേൺ റീജിയണൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും പ്രവർത്തിച്ചുവരുന്നു. ഓരോ ജില്ലയിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ജില്ലാ യൂണിറ്റുകൾ ഇരുന്നൂറിലധികം പരിശോധനകൾ എല്ലാ മാസങ്ങളിലും ഉപഭോക്താക്കൾക്കിടയിൽ നടത്തുന്നുണ്ട്. കൂടാതെ ഇലക്ട്രിക്കൽ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും വൈദ്യുതി ദുരുപയോഗം കണ്ടെത്തുന്നതിനായി നിരന്തര പരിശോധനകൾ നടത്തിവരുന്നുണ്ട്. അതോടൊപ്പം വൈദ്യുത മോഷണത്തിന്റെ കൃത്യമായ വിവരം കൈമാറുന്ന പൊതുജനങ്ങൾക്ക് ബോർഡ് പാരിതോഷികം നൽകുന്നുമുണ്ട്.

(ബി) വൈദ്യുതി മോഷണവും ദുരുപയോഗവും ചെയ്യുന്നവർക്കെതിരെ എന്തൊക്കെ ശിക്ഷാനടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി മോഷണവും ദുരുപയോഗവും നടത്തുന്നവർക്കെതിരെ ഇലക്ട്രിസിറ്റി ആക്ട് 2003, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 എന്നിവയിലെ നിയമങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. വൈദ്യുതി ദുരുപയോഗം കണ്ടെത്തിയാൽ ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 126 പ്രകാരം പിഴ ചുമത്തുന്നുണ്ട്. വൈദ്യുതി മോഷണം കണ്ടെത്തിയാലുടൻതന്നെ വൈദ്യുതിബന്ധം വിച്ഛേദിക്കുകയും മോഷണം നടന്ന സ്ഥലത്തുനിന്നും കണ്ടെത്തിയ തൊണ്ടി സാധനങ്ങൾ സ്വീഷർ മഹസറിനോടൊപ്പം പോലീസ് സ്റ്റേഷനിൽ തുടർനടപടിക്കായി സമർപ്പിക്കുകയും ചെയ്യുന്നു. മേൽപ്രകാരം ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 135 അനുസരിച്ച് കുറ്റക്കാർക്കെതിരെ പിഴ ചുമത്തുകയും കൂടാതെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ഒരു ഉപഭോക്താവിന്റെ സ്ഥലത്തുനിന്നും വൈദ്യുതി മോഷണം ആദ്യ തവണ കണ്ടെത്തിയാൽ ഉപഭോക്താവ് ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 152

പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് അടയ്ക്കാൻ തയ്യാറായാൽ ക്രിമിനൽ നടപടികൾ ഒഴിവാക്കുന്നതാണ്. വീണ്ടും വൈദ്യുതി മോഷണം അതേ സ്ഥലത്ത് കണ്ടെത്തിയാൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കുന്നു.

കുണ്ടറ നിയോജകമണ്ഡലത്തിലെ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ

231 (4437) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിന് കീഴിലെ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് പോസ്റ്റ് നമ്പറുൾപ്പെടെ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ കുണ്ടറ പഞ്ചായത്തിൽ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിന്റെ മുൻവശത്തായി ഒരു ഡി.സി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 8 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

ക്രമ നം.	ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിരിക്കുന്ന സ്ഥലം	പോസ്റ്റ് നമ്പർ	പഞ്ചായത്ത്

1.	കണ്ണനല്ലൂർ	KM4	നെടുമ്പന
2.	കുളപ്പാടം	VM76	തൃക്കോവിൽവട്ടം
3.	മുക്കട	HM-18	കുണ്ടറ
4.	ഈസ്റ്റ് കല്ലട	PK-65/1 (PK-51/1)	കുണ്ടറ
5.	കിളികൊല്ലൂർ	KK182 (KK-201/W1)	പെരിനാട്
6.	പേരയം	EK111	പേരയം
7.	പെരിനാട്	EA159/1	പെരിനാട്
8.	പെരുമ്പുഴ	TH-86	ഇളമ്പള്ളൂർ

ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ

232 (4438) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷന്റെ വിശദാംശം ലഭ്യമാക്കാമോ?

പരമ്പരാഗത രീതിയിലുള്ള സബ്സ്റ്റേഷനുകളിൽ ഇൻസുലേറ്റിംഗ് മീഡിയം അന്തരീക്ഷവായുവായതിനാൽ സബ്സ്റ്റേഷനുകളിൽ വോൾട്ടതയ്ക്കനുസരിച്ച് ഫേസുകൾ തമ്മിലും ഉപകരണങ്ങൾ തമ്മിലും കൂടുതൽ അകലം പാലിക്കേണ്ടതായിവരുന്നു. എന്നാൽ ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകളിൽ ഇൻസുലേറ്റിംഗ് മീഡിയം സൾഫർ ഹെക്സാ ഫ്ലൂറൈഡ് (SF6) എന്ന വാതകമാണ്. ഉയർന്ന പ്രതിരോധശേഷിയും ഏതെങ്കിലും

കാരണവശാൽ arc ഉണ്ടാകുകയാണെങ്കിൽ അതിനെ എത്രയും പെട്ടെന്ന് കെടുത്തി ഉപകരണങ്ങളെ പൂർവ്വസ്ഥിതിയിലാക്കാനുള്ള കഴിവുമാണ് ഈ വാതകത്തിന്റെ പ്രത്യേകത.

AIS (എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ) സബ്സ്റ്റേഷനുകളിൽ ആവശ്യമായ എല്ലാ ഉപകരണങ്ങളും ഉറസ്സായ സ്ഥലത്ത് വെവ്വേറെ ഘടിപ്പിച്ച് ഉപയോഗിച്ചുവരുന്നു. എന്നാൽ GIS സബ്സ്റ്റേഷനുകളിൽ ഉപകരണങ്ങൾ അലൂമിനിയം ലോഹസങ്കരങ്ങളുപയോഗിച്ച് നിർമ്മിച്ച SF6 നിറച്ച അറകളിലാണ് ഘടിപ്പിച്ചിരിക്കുന്നത്. ഒരു എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷന് (AIS) ആവശ്യമായതിന്റെ പത്തിലൊന്ന് സ്ഥലം മാത്രം ഉപയോഗപ്പെടുത്തി അതേ വോൾട്ടതയിലുള്ള GIS സബ്സ്റ്റേഷൻ നിർമ്മിക്കാൻ കഴിയും. ഉയർന്ന വിശ്വാസ്യതയും AIS നിർമ്മിക്കുന്നതിനേക്കാൾ വേഗത്തിൽ നിർമ്മിക്കാമെന്നുള്ളതും അറ്റകുറ്റപ്പണികൾ വളരെ കുറച്ച് മതിയെന്നതുമാണ് GIS സബ്സ്റ്റേഷന്റെ മറ്റ് പ്രയോജനങ്ങൾ. നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനാൽ GIS സബ്സ്റ്റേഷനുകളുടെ പ്രവർത്തനവും പരിപാലനവും സുഗമവും സുരക്ഷിതവുമാണ്. എന്നാൽ GIS സബ്സ്റ്റേഷൻ നിർമ്മാണത്തിന് മൂലധനച്ചെലവ് കൂടുതൽ വേണ്ടിവരുന്നതാണ്.

(ബി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള സബ്സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ പ്രഥമ ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ പ്രവർത്തനക്ഷമമായത് 2004-ൽ കോഴിക്കോട് ജില്ലയിലെ പുതിയറയിലാണ്. ഇത് 66 കെ.വി. വോൾട്ടേജ് ലെവലിലുള്ളതായിരുന്നു. ഇതിനുശേഷം സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ പുതിയ 66 കെ.വി., 110 കെ.വി., 220 കെ.വി. വോൾട്ടതയിലുള്ള സബ്സ്റ്റേഷനുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ലയുടെ പേര്	സബ്സ്റ്റേഷന്റെ പേര്
1	കോഴിക്കോട്	66 കെ.വി. പുതിയറ
2		110 കെ.വി. ഗാന്ധിറോഡ്
3		220 കെ.വി. കുന്നമംഗലം
4	പാലക്കാട്	110 കെ.വി. വെണ്ണക്കര
5		220 കെ.വി. ഷൊർണൂർ
6	തൃശ്ശൂർ	220 കെ.വി. ചാലക്കുടി
7		220 കെ.വി. കുന്നംകുളം
8	തിരുവനന്തപുരം	66 കെ.വി. LA കോംപ്ലക്സ്
9		66 കെ.വി. പവർ ഹൗസ്
10	കൊല്ലം	110 കെ.വി. കൊല്ലം
11	കോട്ടയം	220 കെ.വി. ഏറ്റുമാനൂർ
12	എറണാകുളം	220 കെ.വി. കല്ലൂർ

13		220 കെ.വി. ആലുവ
14		66 കെ.വി. തൃപ്പൂണിത്തുറ
15		66 കെ.വി. ഫോർട്ട് കൊച്ചി
16		66 കെ.വി. മറൈൻ ഡ്രൈവ്

2022-23 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച തുക

233 (4439) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ വൈദ്യുതി, അനെർട്ട് എന്നീ വകുപ്പുകൾക്ക് എത്ര രൂപയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് തനത് ഫണ്ടുപയോഗിച്ച് ചെയ്യുന്ന പദ്ധതിയിനത്തിൽ 1093.74 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 2022-23-ലെ ബഡ്ജറ്റിൽ, കെ.എസ്.ഇ.ബി., അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നീ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുകകൾ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനം/ വകുപ്പിന്റെ പേര്	പുതുക്കിയ ബഡ്ജറ്റ് പ്രകാരം വകയിരുത്തിയ തുക (കോടി)
1	കെ.എസ്.ഇ.ബി.എൽ.	401.73

2	അനെർട്ട്	47.851
3	എനർജി മാനേജ്മെന്റ് സെന്റർ	9.14
4	ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്	39.3868

(ബി) പ്രസ്തുത തുക മുഴുവൻ ധനകാര്യ വകുപ്പിൽനിന്ന് അനുവദിച്ച് കിട്ടിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

സാമ്പത്തിക വർഷം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ വകയിരുത്തിയ തുകയിൽ എത്ര തുക അനുവദിച്ചുവെന്ന കാര്യത്തിൽ വ്യക്തത വരുകയുള്ളൂ. നിലവിൽ ഊർജ്ജ വകുപ്പിലെ വിവിധ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുകയും അനുവദിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

സ്ഥാപനം	വകയിരുത്തിയ തുക (തുക കോടിയിൽ)	അനുവദിച്ച തുക (തുക കോടിയിൽ)
കെ.എസ്.ഇ.ബി.എൽ.	401.73	200.85
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്	39.3868	33.7886
അനെർട്ട്	47.851	22.49728
എനർജി മാനേജ്മെന്റ് സെന്റർ	9.14	4.62

(സി) ഈ തുക ഏതെല്ലാം മേഖലയ്ക്ക് എത്ര രൂപ വീതമാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

തുക സംബന്ധിച്ച പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെ.എസ്.ഇ.ബി.എൽ.- കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതികൾ സംസ്ഥാനതലത്തിലാണ് നടപ്പിലാക്കുന്നത്. ആയതിനാൽ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. എന്നാൽ വിവിധ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് സംസ്ഥാനതലത്തിലാണ് ബഡ്ജറ്റ് അലോക്കേഷൻ. വിവിധ പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

i) മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി വർക്ക്സ് (4810-00-800-99)- 425 ലക്ഷം രൂപ.

ii) മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി ക്വാളിറ്റി കൺട്രോൾ ഓർഡറിന്റെ ഫലപ്രദമായ നടപ്പിലാക്കൽ (2810-00-105-96) ആയതിലേയ്ക്കായി 100 ലക്ഷം രൂപ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

iii) ഇ-സേഫ് കേരള (2810-00-800-79) എന്ന പദ്ധതിയിലേയ്ക്ക് 35 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

iv) വകുപ്പിലെ ശമ്പള-ശമ്പളേതര കാര്യങ്ങൾക്കായി 2045-00-103-99-00-01-01-Salaries, 2045-00-200-99-00-01-01-Salaries, 2045-00-200-98-00-01-01-Salaries, 2045-00-200-97-00-01-01-Salaries എന്നീ ഹെഡ്ഡുകളിൽ 3976.93 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>എനർജി മാനേജ്മെന്റ് സെന്റർ</u>- എനർജി മാനേജ്മെന്റ് സെന്ററിന്റെ പദ്ധതികൾ സംസ്ഥാനതലത്തിലാണ് നടപ്പിലാക്കുന്നത്. പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

	ചെലവഴിച്ച തുക
കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് വിതരണവും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും	7,50,000/-
സമസ്ത മേഖലകളിലും ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന്റെ ഭാഗമായി ബോധവത്കരണ പരിശീലന പരിപാടികൾ നടത്തുന്നതിനും ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികളുടെ പ്രോത്സാഹന പരിപാടികൾ	1,50,00,000/-
ക്ലീൻ എനർജി ഇന്നോവേഷൻ ആൻഡ് ബിസിനസ് ഇൻക്യുബേഷൻ സെന്റർ (CEIBIC)-ന്റെ ഭാഗമായി ഗവേഷകർക്കും സ്റ്റാർട്ടപ്പുകൾക്കും ഹരിതോർജ്ജ ഉൽപ്പാദനത്തിലും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്ക് സഹായം നൽകുന്ന പ്രവർത്തനങ്ങൾക്കും	65,00,000/-

എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപങ്ങൾക്ക് ഊർജ്ജ സംരക്ഷണ-ഊർജ്ജ ഓഡിറ്റിംഗ് ശില്പശാലകൾ സംഘടിപ്പിക്കുന്നതിനും ഇ.എം.സി.-യുടെ കെട്ടിടത്തിന്റെയും ഇ.എം.സി.-യിൽ പ്രവർത്തിക്കുന്ന NABL അക്രെഡിറ്റഡ് മീറ്റർ ലബോറട്ടറിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി നടത്തിയ പ്രവർത്തനങ്ങൾ	
സംസ്ഥാനത്തെ സർക്കാർ കെട്ടിടങ്ങളുടെയും സ്കൂൾ കെട്ടിടങ്ങളുടെയും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ	40,00,000/-
സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ	2,00,00,000/-

അനെർട്ട് - അനെർട്ടിന്റെ പദ്ധതികൾ സംസ്ഥാനതലത്തിലാണ് നടപ്പിലാക്കുന്നത്. ജില്ല തിരിച്ച് പദ്ധതി വിഹിതം മാറ്റിവച്ചിട്ടില്ല. വിവിധ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) വകയിരുത്തിയ തുക ഏതെല്ലാം പ്രവൃത്തികൾക്ക് അനുവദിച്ചുവെന്ന് പ്രവൃത്തിയും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ;

(ഇ) അനുവദിച്ച തുകയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(ഡി&ഇ) കെ.എസ്.ഇ.ബി.എൽ.-ന് വകയിരുത്തിയ തുക സംബന്ധിച്ച വിവരങ്ങളും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് വകയിരുത്തിയ തുക സംബന്ധിച്ച വിവരങ്ങളും അനെർട്ടിന് വകയിരുത്തിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തുക സംബന്ധിച്ച വിവരങ്ങളും എനർജി മാനേജ്മെന്റ് സെന്ററിന് വകയിരുത്തിയ തുക സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു+.

വൈദ്യുതനിലയങ്ങളുടെ സ്ഥാപിതശേഷി

234 (4440) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതനിലയങ്ങളുടെ സ്ഥാപിതശേഷി എത്ര മെഗാവാട്ടാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സൗരോർജ്ജ വൈദ്യുതനിലയങ്ങൾ ഒഴികെയുള്ള നിലയങ്ങളുടെ ആകെ സ്ഥാപിതശേഷി 2940.39 മെഗാവാട്ടാണ്. സൗരോർജ്ജനിലയങ്ങളുടെ സ്ഥാപിതശേഷി 738.57 മെഗാവാട്ടാണ്. സംസ്ഥാനത്തെ ആകെ സ്ഥാപിതശേഷി 3678.96 മെഗാവാട്ടാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) സംസ്ഥാനത്ത് പ്രതിവർഷം എത്ര വൈദ്യുതിയാണ് ആവശ്യമുള്ളതെന്നും എത്ര കോടി രൂപയുടെ വൈദ്യുതിയാണ് പ്രതിവർഷം വാങ്ങുന്നതെന്നും അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 2022-23 സാമ്പത്തിക വർഷം അംഗീകരിച്ച കണക്കുപ്രകാരം വൈദ്യുതി ആവശ്യകത 28024.76 MU ആണ്. 2022-23 സാമ്പത്തിക വർഷം വൈദ്യുതി വാങ്ങൽ ചെലവിലേയ്ക്ക് 9103.81 കോടി രൂപ റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചുതന്നിട്ടുണ്ട്.

ജനവാസമേഖലയിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാൻ നടപടി

235 (4441) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസമേഖലയിലെ ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്?

ജനവാസമേഖലയിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് ആകെ 23 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരാതികളിൽ എത്ര എണ്ണത്തിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്രസ്തുത പരാതികളിൽ 8 എണ്ണം നിലവിൽ പരിഹരിച്ചിട്ടുണ്ട്. തിരുവനന്തപുരം ഇലക്ട്രിക്കൽ ഡിവിഷനിൽ ലഭിച്ച ഒരു പരാതിയിന്മേൽ നടത്തിയ സ്ഥലപരിശോധനയിൽ ട്രാൻസ്ഫോർമർ സുരക്ഷിതവും അനുയോജ്യവുമായിട്ടുള്ള സ്ഥലത്താണ് സ്ഥാപിച്ചിരിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ മറ്റ് നടപടികൾ സ്വീകരിക്കേണ്ടതില്ല. നിലവിലുള്ള ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും ഉള്ളിൽനിന്നുകൊണ്ടും ബാക്കിയുള്ള 14 പരാതികൾക്ക് പി.ഡബ്ല്യു.ഡി., പഞ്ചായത്ത് തുടങ്ങിയവരോട് സ്ഥലം ലഭ്യമാക്കുന്നതിനുള്ള അഭ്യർത്ഥനകൾ നടത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയും നിയമപരമായി പരിഹാരങ്ങൾ കണ്ടെത്തിവരുന്നു.

വൈദ്യുതി നിരക്ക് വർദ്ധനവ്

236 (4442) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി കെ. കെ. രമ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നിരക്ക് വർദ്ധനയാവശ്യപ്പെട്ട് വൈദ്യുതി റെഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

2023-24 മുതൽ 2026-27 വരെയുള്ള നാല് സാമ്പത്തിക വർഷ കാലയളവിലേയ്ക്ക് വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനായി 08-02-2023-ൽ കെ.എസ്.ഇ.ബി.എൽ. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്.

(ബി) നാല് വർഷം തുടർച്ചയായി വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്ന് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി റെഗുലേറ്ററി കമ്മീഷന് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. നാല് സാമ്പത്തിക വർഷ കാലയളവിലേയ്ക്ക് വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്തുവർഷ കാലയളവിനുശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017, 2019, 2022 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2012-ൽ 24%, 2013-ൽ 9.1%, 2014-ൽ 6.7%, 2017-ൽ 4.77%, 2019-ൽ 7.32%, 2022-ൽ 6.59% എന്നിങ്ങനെയായിരുന്നു വർദ്ധനവ്. ഈ താരിഫ് പരിഷ്കരണങ്ങളൊന്നുംതന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2020-2021 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയകാല റവന്യൂ കമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു. ഈ മുൻകാലകമ്മി കുറഞ്ഞൊരളവിലെങ്കിലും നികത്തിയില്ലെങ്കിൽ സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെയും നിലനിൽപ്പിനെയും തന്നെ ദോഷകരമായി ബാധിക്കും. 2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് ഇപ്രകാരം അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയപക്ഷം ഏഴ് വർഷംകൊണ്ട് അതിന്റെ പലിശയുൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്.

താരിഫ് റെഗുലേഷൻ 2021 പ്രകാരം, കെ.എസ്.ഇ.ബി.എൽ. അഞ്ച് വർഷത്തേയ്ക്കുള്ള (2022 മുതൽ 2027 വരെ) പ്രതീക്ഷിത വരവുചെലവ് കണക്കുകൾ 31-01-2022-ലും വരവും ചെലവും തമ്മിലുള്ള അന്തരം (റവന്യൂ കമ്മി) നികത്തുന്നതിനുള്ള താരിഫ് പെറ്റീഷൻ 10-02-2022-ലും സമർപ്പിച്ചിരുന്നു. റെഗുലേറ്ററി കമ്മീഷൻ, അഞ്ചുവർഷത്തേയ്ക്കുള്ള റവന്യൂ കമ്മി നിജപ്പെടുത്തിയെങ്കിലും ഒരു വർഷത്തേയ്ക്ക് മാത്രമേ താരിഫ് പരിഷ്കരണം

25-06-2022-ലെ ഉത്തരവ് പ്രകാരം അനുവദിച്ചുതന്നിരുന്നുള്ളൂ. റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+ 25-06-2022-ലെ റെഗുലേറ്ററി കമ്മീഷന്റെ എ.ആർ.ആർ. ഉത്തരവിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2022-23-ലെ റവന്യൂ ഗ്യാപ്പ് 1927.20 കോടി രൂപയായി നിജപ്പെടുത്തിയെങ്കിലും 1010.94 കോടി രൂപ മാത്രമാണ് താരിഫിലൂടെ ഈടാക്കാൻ അനുമതി നൽകിയിട്ടുള്ളത്. ജനങ്ങളുടെ മേലുള്ള അമിതഭാരമൊഴിവാക്കാനാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി മോശമാകുമെങ്കിൽക്കൂടി ഇപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിച്ചത്. പ്രതിവർഷം 1010.94 കോടി രൂപ അധികവരുമാനം ലഭിക്കത്തക്ക രീതിയിലുള്ള 6.58 ശതമാനം വർദ്ധനയുള്ള താരിഫ് പരിഷ്കരണമാണ് അനുവദിച്ചിട്ടുള്ളത്. 26-06-2022 മുതൽ മാത്രം പ്രാബല്യം വരുത്തിയതിനാൽ, ടി സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഏകദേശം 760 കോടി രൂപമാത്രം അധിക വരുമാനം ലഭ്യമാകുമെന്നാണ് കരുതുന്നത്. നിലവിലുള്ള താരിഫ് ഉത്തരവിന്റെ കാലാവധി 31-03-2023-ൽ അവസാനിക്കും.

01-04-2023 മുതലുള്ള താരിഫ്, കെ.എസ്.ഇ.ബി.എൽ. സമർപ്പിക്കുന്ന പെറ്റീഷൻ പ്രകാരം കമ്മീഷൻ തീരുമാനമെടുക്കുന്നതാണെന്ന് റെഗുലേറ്ററി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മീഷന്റെ എ.ആർ.ആർ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പ് താരിഫ് പരിഷ്കരണത്തിലൂടെ ഈടാക്കിയില്ലെങ്കിൽ ചെലവിനങ്ങൾക്കായി ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരും. കൂടാതെ താരിഫ് ഉത്തരവിലൂടെ അനുവദിച്ചുതന്നതും എന്നാൽ അതത് വർഷങ്ങളിൽ നികത്തപ്പെടാത്തതും തുടർന്ന് 2022-27 കാലയളവിൽ റവന്യൂ കമ്മി തീരുമാനിക്കുന്നതിന് പരിഗണിച്ചതുമായ 3350 കോടി രൂപ താരിഫിലൂടെ നികത്തപ്പെടേണ്ടതായിട്ടുണ്ട്. പണപ്പെരുപ്പംമൂലം വർദ്ധിച്ചുവരുന്ന പ്രവൃത്തി പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട മൂലധന നിക്ഷേപ പ്രവൃത്തികൾക്കുള്ള ചെലവുകൾ, വൈദ്യുതി വാങ്ങൽ ചെലവുകൾ തുടങ്ങിയവ കെ.എസ്.ഇ.ബി.എൽ.-ന്റെ റവന്യൂ ഗ്യാപ്പ് വർദ്ധിപ്പിക്കുന്നു. ഈ സാഹചര്യത്തിലാണ് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ 2023-27 കാലയളവിലേയ്ക്ക് താരിഫ് പരിഷ്കരിക്കുന്നതിനായി പെറ്റീഷൻ സമർപ്പിച്ചത്. സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച

താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ്.

(സി) കെ.എസ്.ഇ.ബി. ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്ന വസ്തുത മറച്ചുവച്ചുകൊണ്ടാണ് നിരക്കുവർദ്ധന ആവശ്യപ്പെട്ട് വൈദ്യുതി റെഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയതെന്ന ആക്ഷേപം വസ്തുതയാണോയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ-ന് 2021-22-ൽ 736.27 കോടി രൂപ പ്രവർത്തനലാഭം ഉണ്ടെങ്കിൽതന്നെ 01-04-2022-ലെ സഞ്ചിത നഷ്ടം 5304.37 കോടി രൂപയാണ്. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി രൂപീകരിച്ച പെൻഷൻ മാസ്റ്റർ ട്രസ്റ്റുമൂലമുള്ള ബാധ്യത (13896.02 കോടി രൂപ) കൂടി കണക്കിലെടുത്താൽ സഞ്ചിത നഷ്ടം 31-03-2022-ൽ ഏകദേശം 19200.39 കോടി രൂപയാണ്.

താരിഫ് നിർണ്ണയിക്കുന്നത് പ്രതീക്ഷിത റവന്യൂ കമ്മിയുടെ അടിസ്ഥാനത്തിലായതിനാലും കെ.എസ്.ഇ.ബി.എൽ. സഞ്ചിത നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാലും കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ പ്രവർത്തന ലാഭം മറച്ചുവച്ചാണ് നിരക്ക് വർദ്ധനവ് ആവശ്യപ്പെട്ടതെന്ന ആക്ഷേപത്തിന്

അടിസ്ഥാനമില്ല. വൈദ്യുതിയുടെ ശരാശരി വില റെഗുലേറ്ററി കമ്മീഷൻ നിർണ്ണയിക്കുന്നത്, കെ.എസ്.ഇ.ബി.എൽ. സമർപ്പിക്കുന്ന പ്രതീക്ഷിത വരവ്-ചെലവ് കണക്കുകളെ സംബന്ധിച്ച പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ്. വൈദ്യുതി നിയമം 2003, ദേശീയ താരിഫ് നയം 2016, കമ്മീഷൻതന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവ പ്രകാരം വിശദമായ പരിശോധനയിലൂടെ വരവ്-ചെലവ് കണക്കുകൾ നിർണ്ണയിച്ചശേഷമാണ് റവന്യൂ കമ്മി തീരുമാനിക്കുന്നത്.

ലൈസൻസിയുടെ ചെലവിനങ്ങൾ കണക്കാക്കുമ്പോൾ വൈദ്യുതി വാങ്ങൽ ചെലവ് മാത്രമല്ല മറിച്ച് വൈദ്യുതി ഉൽപ്പാദന ചെലവ്, പ്രസരണ ചെലവ്, ജീവനക്കാരുടെ വേതന ചെലവുകൾ (O&M Expenses), പലിശ ചെലവുകൾ, പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേയ്ക്കുള്ള വിഹിതം, തേയ്മാന ചെലവുകൾ (Depreciation), മുടക്കുമുതലിനുള്ള ലാഭവിഹിതം (Return on Equity) എന്നിവകൂടി കണക്കിലെടുക്കും. ലൈസൻസിയുടെ വരവെന്നത് വിവിധ വിഭാഗം ഉപഭോക്താക്കളിൽനിന്ന് വൈദ്യുതി ചാർജ്ജായി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന തുകയാണ്. വരവ് ചെലവിനങ്ങൾ തമ്മിലുള്ള അന്തരമാണ് റവന്യൂ കമ്മിയായി കണക്കാക്കുന്നത്. ടി കമ്മി അടുത്ത

വർഷങ്ങളിലെ താരിഫിൽ വർദ്ധനവ് വരുത്തി നികത്തുന്നതിനാണ് താരിഫ് പരിഷ്കരിക്കുന്നത്.

പാങ്ങോട്, മുണ്ടക്കുന്ന് ട്രൈബൽ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി

237 (4443) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് നിയോജകമണ്ഡലത്തിൽ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പാങ്ങോട്, മുണ്ടക്കുന്ന് ട്രൈബൽ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

കോങ്ങാട് നിയോജകമണ്ഡലത്തിൽ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ മുണ്ടക്കുന്ന്, പാങ്ങോട് ട്രൈബൽ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനുവേണ്ടിയുള്ള വർക്കുകൾ ആർ.ഡി.എസ്.എസ്. അഡീഷണൽ പ്രൊപ്പോസലിലുൾപ്പെടുത്തിയിട്ടുണ്ട്. മുണ്ടക്കുന്ന് കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിന് 120m HT (ABC) ലൈൻ വലിക്കുന്ന പ്രവൃത്തിയും 500m LT (ABC) ലൈൻ വലിക്കുന്ന പ്രവൃത്തിയും ഒരു 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയുമുൾപ്പെടെ 14,92,370/- (പതിനാല് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി മുന്നൂറ്റി എഴുപത്) രൂപയുടെ പ്രവൃത്തികളും പാങ്ങോട് കോളനിയിൽ വൈദ്യുതി

എത്തിക്കുന്നതിന് 470m HT (ABC) ലൈൻ വലിക്കുന്ന പ്രവൃത്തിയും 670m LT ABC ലൈൻ വലിക്കുന്ന പ്രവൃത്തിയും 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയുമുൾപ്പെടെ 26,45,100/- രൂപയുടെ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്ക് അനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എസ്.ഇ.ബി.-യുടെ ഊർജ്ജോൽപ്പാദന നിലയങ്ങൾ

238 (4444) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിൽ എത്ര ഊർജ്ജോൽപ്പാദന നിലയങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിൽ 40 ജലവൈദ്യുത നിലയങ്ങളും 2 താപവൈദ്യുത നിലയങ്ങളും ഒരു കാറ്റാടി വൈദ്യുത നിലയവും പ്രവർത്തിക്കുന്നു.

(ബി) ഇതുവഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി-യുടെ ഉടമസ്ഥതയിലുള്ള ഊർജ്ജോൽപ്പാദന നിലയങ്ങളിൽനിന്നുള്ള പ്രതിദിന ശരാശരി ഉൽപ്പാദനം ഏകദേശം 762 MW ആണ് (27-02-2023 വരെയുള്ള ഫെബ്രുവരി മാസത്തെ കണക്കെടുക്കുകയാണെങ്കിൽ). പീക്ക് സമയങ്ങളിൽ ശരാശരി ഉൽപ്പാദനം ഏകദേശം 1350 MW വരെയാണ്. കൂടിയ നിരക്കിലുള്ള താപനിലയങ്ങൾ അത്യാവശ്യ ഘട്ടങ്ങളിൽ മാത്രമേ ഉപയോഗിക്കാറുള്ളൂ. കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള ഊർജ്ജോൽപ്പാദന നിലയങ്ങളിൽനിന്നും 02-03-2023-ന് 18.8114 MU വൈദ്യുതിയാണ് ഉൽപ്പാദിപ്പിച്ചത്. ജലത്തിന്റെയും കാറ്റിന്റെയും സൗരോർജ്ജത്തിന്റെയും ലഭ്യതയനുസരിച്ച് പ്രതിദിന ഉൽപ്പാദനത്തിൽ വ്യത്യാസം വരുന്നതാണ്.

(സി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ എത്ര മെഗാവാട്ട് വൈദ്യുതിയുടെ പ്രസരണ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) കെ.എസ്.ഇ.ബി.-യുടെ മൊത്തം പ്രസരണ നഷ്ടം 169.5 MW ആണ്. ഇത് കെ.എസ്.ഇ.ബി-യുടെ സമ്പൂർണ്ണ പ്രസരണ ശൃംഖലയുടെ പ്രസരണ നഷ്ടമാണ്.

സേവനം വാതിൽപ്പടിയിൽ പദ്ധതി

239 (4445) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-യുടെ 'സേവനം വാതിൽപ്പടിയിൽ' എന്ന പദ്ധതി തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ ഇലക്ട്രിക്കൽ സെക്ഷനുകളിലാണ് നടപ്പിൽവരുത്തിയതെന്ന് വ്യക്തമാക്കാമോ?

മെച്ചപ്പെട്ട ഉപഭോക്തൃ സേവനം ഉറപ്പുവരുത്തുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഓഫീസിൽ എത്താതെതന്നെ പൊതുജനങ്ങൾക്ക് സുരക്ഷിതമായ രീതിയിൽ സേവനങ്ങൾ നൽകുന്നതിന് 'സേവനങ്ങൾ വാതിൽപ്പടിയിൽ'' (Service at Door Step) എന്ന പുതിയ പദ്ധതി തിരുവനന്തപുരം ജില്ലയിലുള്ള 78 സെക്ഷൻ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

പൂർത്തിയാക്കിയ പ്രവൃത്തിയുടെ തുക ലഭിക്കുന്നതിനുള്ള നടപടി

240 (4446) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ കണ്ണൂർ അമ്പലത്തറയിൽ 220 കെ.വി. സോളാർ സബ്സ്റ്റേഷന്റെ കൺട്രോൾ റൂം നിർമ്മാണപ്രവൃത്തി ഏറ്റെടുത്ത്

പൂർത്തിയാക്കിയ പുനലൂർ നിയോജകമണ്ഡലത്തിലെ ഏരൂർ, മുരുകവിലാസം വീട്ടിൽ അനരാജ് പ്രസ്തുത സ്ഥലത്ത് മറ്റൊരു പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരുന്നെങ്കിലും ഗുരുതരമായ രോഗബാധയെത്തുടർന്ന് രണ്ടാമത്തെ പ്രവൃത്തി പൂർത്തിയാക്കാതെ മരണപ്പെട്ടതിനെത്തുടർന്ന് ആദ്യ പ്രവൃത്തിയുടെ തുക ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബം നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

220 കെ.വി. സോളാർ സബ്സ്റ്റേഷൻ അമ്പലത്തറയുടെ യാർഡ് മെറ്റലിംഗ് (33 കെ.വി.&220 കെ.വി.) പ്രവൃത്തിയുടെ കരാർ ജോലി, കോൺട്രാക്ടറായ അനരാജ് ആർ. (late), മുരുകവിലാസ്, വിളക്കുപാറ, കൊല്ലം, അടങ്കൽ തുകയുടെ 31.4 ശതമാനം കുറവായി കരാറേറ്റെടുത്തു. കരാർ പ്രകാരം 08-02-2017-ൽ പ്രവൃത്തി തുടങ്ങി മൂന്ന് മാസത്തിനകം (07-05-2017) ജോലി പൂർത്തീകരിക്കുകയും ചെയ്യേണ്ടതായിരുന്നു. എന്നാൽ, കരാറുകാരൻ കരാർ ഒപ്പുവച്ച് മൂന്നുമാസം കഴിഞ്ഞിട്ടും ജോലി തുടങ്ങുകപോലും ചെയ്തില്ല. പിന്നീട് 'ഗ്രാനൈറ്റ് ലഭ്യതക്കുറവാണ് പ്രവൃത്തി തുടങ്ങാൻ കാലതാമസമെടുത്തത് എന്ന കരാറുകാരന്റെ അഭ്യർത്ഥന മാനിച്ച് ടി ജോലി തുടങ്ങാനുള്ള സമയപരിധി ഒരു മാസംകൂടി നീട്ടിക്കൊടുത്തു. എന്നാൽപ്പോലും കരാറുകാരനായ അനരാജ് ആർ. പ്രസ്തുത പ്രവൃത്തി

ആരംഭിക്കുകപോലും ചെയ്തില്ല. ആയതിനാൽ കരാർ വ്യവസ്ഥ ആർട്ടിക്കിൾ III പ്രകാരം കരാർ റദ്ദാക്കുകയും പുതിയ ഒരു കരാർ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് മറ്റൊരു കരാറുകാരനെ ഉപയോഗിച്ച് ടി പ്രവൃത്തി പൂർത്തീകരിക്കുകയുമാണ് ചെയ്തത്. കൂടാതെ കരാർ വ്യവസ്ഥ ലംഘിച്ച അന്തരാജിൽനിന്നും ആർട്ടിക്കിൾ X പ്രകാരം പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂത്തിയാക്കാത്തതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ.-ന് വന്നിട്ടുള്ള കഷ്ടനഷ്ടങ്ങൾക്ക്, വകയിരുത്തിയ ചെലവിനത്തിൽ 19,63,340/- (പത്തൊൻപത് ലക്ഷത്തി അറുപത്തിമൂവായിരത്തി മുന്നൂറ്റി നാൽപ്പത്) രൂപ മാത്രം നിജപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ടി കാര്യം കരാറുകാരനെ 22-04-2019-ന് കെ.എസ്.ഇ.ബി. അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ, പി.ഡബ്ല്യു.ഡി. മാന്വൽ ക്ലോസ് നമ്പർ 2116.2.1 പ്രകാരം കരാർ തുകയുടെ 30 ശതമാനംവരെ മാത്രമാണ് കഷ്ടനഷ്ടങ്ങളുടെ ഇനത്തിൽപ്പെടുത്താവുന്നത്. ആയതിനാൽ, കരാർ തുകയായ 57,94,797/- രൂപയുടെ 30 ശതമാനമായ 17,38,439/- രൂപ മാത്രമാണ് പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം കഷ്ടനഷ്ടങ്ങളുടെ ഇനത്തിൽ വകയിരുത്തിയത്. ടി കരാറുകാരൻ മുൻകാലങ്ങളിൽ ചെയ്ത കരാർ ജോലിയുടെ ഭാഗമായി കെട്ടിവച്ച നിരതദ്രവ്യ തുകയായ 14,64,522/- രൂപ

കെ.എസ്.ഇ.ബി.എൽ.-ന്റെ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ആയതിനാൽ കെ.എസ്.ഇ.ബി.എൽ. അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയായ 14,64,522/- രൂപ കഴിച്ച് ബാക്കിവരുന്ന തുകയായ 2,73,917/- രൂപ അദ്ദേഹത്തിന് കെ.എസ്.ഇ.ബി.എൽ.-നോടുള്ള സാമ്പത്തിക ബാധ്യതയാണ്. കൂടാതെ ടി കരാറുകാരൻ 2017-ലെ WP(C) No. 31509 നമ്പർ പ്രകാരം ഒരു റിട്ട് പെറ്റീഷൻ കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാനാകൂ.

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തി ചെയ്തവകയിൽ ലഭിക്കാനുള്ള 16,40,000/- രൂപയുടെ ബിൽ തുക ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ രണ്ടാമത്തെ പ്രവൃത്തി പൂർത്തിയാക്കാത്തതിന്മേലുള്ള പെനാൽറ്റി തുക ഒഴിച്ച് ബാക്കി തുക അനുരാജിന്റെ കുടുംബത്തിന് നൽകുന്നതിന് അടിയന്തരമായി നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

(ബി&സി) രണ്ടാമത്തെ പ്രവൃത്തിയുടെ കരാർ വ്യവസ്ഥകൾ ലംഘിച്ചതിനാൽ റിസ്ക് ആൻഡ് കോസ്റ്റ് ഇനത്തിൽ കെ.എസ്.ഇ.ബി.എൽ.-നോടുള്ള സാമ്പത്തിക ബാധ്യത നിറവേറുന്നതിനായാണ് ആദ്യ കരാർ ജോലി (കൺട്രോൾ റൂം നിർമ്മാണവുമായി ബന്ധപെട്ട് ഫാൾസ് സീലിങ്ങും അലൂമിനിയം ക്ലാഡിങ്ങ് ജോലി) വകയിലുള്ള ബിൽ തുക കെ.എസ്.ഇ.ബി.എൽ. അക്കൗണ്ടിൽ നീക്കിയിരുപ്പായി സൂക്ഷിച്ചിട്ടുള്ളത്. ഈയിനത്തിൽ അക്കൗണ്ടിൽ നിലനിർത്തിയിട്ടുള്ള തുകയായ 14,64,522/- രൂപ കൂടാതെ, അനുരാജിന് 2,73,917/- രൂപയുടെ സാമ്പത്തിക ബാധ്യത കെ.എസ്.ഇ.ബി.എൽ.-നോടുണ്ട്. മാത്രവുമല്ല, കരാറുകാരനായ അനുരാജ് 2017-ലെ WP(C) No.31509 നമ്പർ പ്രകാരം ഒരു റിട്ട് പെറ്റീഷൻ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാനാകൂ.

ഇന്റർനെറ്റ് സേവനത്തിനുള്ള പോൾ വാടക

241 (4447) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനെറ്റ് സേവനം നൽകുന്നതിന് പ്രത്യേകമായി കേബിൾ വലിക്കേണ്ട യാതൊരാവശ്യവും ഇല്ലെന്നിരിക്കെ ചെറുകിട കേബിൾ ടി.വി. ഓപ്പറേറ്റർമാരിൽനിന്നും പ്രസ്തുത സേവനം നൽകുന്നതിന് അധിക പോൾ വാടക കെ.എസ്.ഇ.ബി. ഈടാക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇന്റർനെറ്റ് സേവനം സാർവ്വത്രികമായി ലഭ്യമാക്കുന്നതിന് അയൽസംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ വളരെ കുറഞ്ഞ പോൾ വാടക നിശ്ചയിച്ചിട്ടുള്ളപ്പോൾ സംസ്ഥാനം ഉയർന്ന വാടക ഈടാക്കുന്നത് സാർവ്വത്രിക ഇന്റർനെറ്റ് സേവനമെന്ന ലക്ഷ്യത്തിന് തടസ്സമല്ലേയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) കെ.എസ്.ഇ.ബി.-യുടെ പോസ്റ്റുകളിലൂടെ കേബിൾ ടി.വി ആവശ്യത്തിനായി കേബിൾ വലിക്കുന്നതിനുള്ള പോൾ നിരക്കുകൾ 25-02-2012-ലെ ബോർഡ് ഉത്തരവ് പ്രകാരം പോസ്റ്റൊന്നിന് ഒരു വർഷത്തേയ്ക്ക് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ഏരിയയിൽ 311/- രൂപയും പഞ്ചായത്തുകളിൽ 156/- രൂപയുമായിരുന്നു. ഇതിനെതിരെ ഏഷ്യാനെറ്റ്, ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയെ സമീപിക്കുകയും (Lok Adalath PLP No.6639/13) തുടർന്ന് നടന്ന ഒത്തുതീർപ്പ് ചർച്ചകളിന്മേൽ, കേബിൾ

ടി.വി. ഓപ്പറേറ്റർമാരുടെ വാടക പോസ്റ്റൊന്നിന് ഒരു വർഷത്തേയ്ക്ക് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ഏരിയയിൽ 250/- രൂപയും പഞ്ചായത്തുകളിൽ 125/- രൂപയും (വാർഷിക വർദ്ധനവ് 5 ശതമാനം) ആയി നിജപ്പെടുത്തുകയും ചെയ്തു. പിന്നീട് റിലയൻസ് ജിയോ കെ.എസ്.ഇ.ബി.-യുടെ പോസ്റ്റുകളിൽകൂടി ഇന്റർനെറ്റ് സർവ്വീസുകൾക്കായി ഒപ്റ്റിക്കൽ ഫൈബർ കേബിൾ വലിക്കുന്നതിനുള്ള അനുവാദം ചോദിക്കുകയും റിലയൻസ് കമ്പനിയുമായി കൂടിയാലോചന നടത്തി ഒരു തുകയിൽ എത്തിച്ചേരാൻ ഗവൺമെന്റ് നിർദ്ദേശിക്കുകയുമുണ്ടായി. തുടർന്ന് കെ.എസ്.ഇ.ബി.എൽ. ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും 25-02-2012-ലെ കെ.എസ്.ഇ.ബി. ഉത്തരവ് പ്രകാരം തീരുമാനിച്ച തുകയായ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ഏരിയയിൽ 311/- രൂപയും പഞ്ചായത്തുകളിൽ 156/- രൂപയും കണക്കാക്കുകയും, 30-01-2015-ൽ ഇത് അംഗീകരിച്ചുകൊണ്ട് 5 വർഷത്തേയ്ക്ക് അഡ്വാൻസ് തുക നൽകിക്കൊണ്ട് പൂർണ്ണമായും താത്കാലികാടിസ്ഥാനത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വലിക്കുവാൻ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതോടൊപ്പം മറ്റ് സംസ്ഥാനങ്ങളിൽ കൂടിയ തുക നിലവിൽ വരുന്നപക്ഷം പ്രസ്തുത തുക

ഈടാക്കാനുള്ള അനുമതിയും ഈ ഉത്തരവിൽ നൽകിയിട്ടുണ്ട്. തുടർന്ന് 18-07-2018-ലെ ബോർഡ് ഉത്തരവ് പ്രകാരം 10 വർഷത്തേയ്ക്കുള്ള തുക താഴെപ്പറയുന്ന രീതിയിൽ ഈടാക്കിയിട്ടുണ്ട്.

Years	**Purpose**			
10 years from 2011-12	Cable TV Operators/ Govt. departments/ LSGDs/ CCTV cameras by Residents Association (with 5% annual Increase)*		All other applicants irrespective of the purpose like 2G/3G/4G services/mobile communications etc (with 5 % annual Increase)	
	Urban	Rural	Urban	Rural
	250	125	311	156

24-01-2020-ൽ കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ അപേക്ഷയെത്തുടർന്ന് പുതുക്കിയ നിരക്ക് എത്തിച്ചേരാൻ, ഗവൺമെന്റ് ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് വൈദ്യുതി പോളുകൾ ഉപയോഗിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരമാണ് വാടക ഈടാക്കുന്നത്.

Years	Purpose	
From 01.04.2021	Cable TV Operators/ Govt. departments/ LSGDs/CCTV cameras by Residents Association (with 3%	All other applicants irrespective of the purpose like 2G/3G/4G services/mobile communications etc (with 5%

	annual Increase)*		annual Increase)	
	Urban	Rural	Urban	Rural
2022-23	309	149.35	531.92	265.96

*ഈ നിരക്ക് പ്രാബല്യത്തിൽ വന്നത് 01-04-2021 മുതലാണ്. കേബിൾ ടി.വി. ഓപ്പറേറ്റർമാർക്കും ഇന്റർനെറ്റ് സേവനദാതാക്കൾക്കും വ്യത്യസ്ത നിരക്കുകൾ തീരുമാനിച്ചിരിക്കുന്നത് താഴെപ്പറയുന്ന കാരണങ്ങളുടെ അടിസ്ഥാനത്തിലാണ്.

1) വിതരണത്തിനായി സംസ്ഥാനത്തുടനീളം വൈദ്യുത സംവിധാനവും ശൃംഖലയും സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമായി കോടിക്കണക്കിന് രൂപ മുടക്കി കെ.എസ്.ഇ.ബി.എൽ. വികസിപ്പിച്ചെടുത്തതാണ് കേരള സംസ്ഥാനത്തിന്റെ വൈദ്യുതി സംവിധാനം. സമതല പ്രദേശങ്ങളിൽനിന്ന് മലയോര മേഖലകളിലേയ്ക്കും തീരപ്രദേശങ്ങളിൽനിന്ന് മറ്റ് പ്രദേശങ്ങളിലേയ്ക്കും വൈദ്യുതി വിതരണം ചെയ്യുന്നതിനായി പോസ്റ്റുകളും ലൈനുകളും സ്ഥാപിക്കുന്നതിൽ കെ.എസ്.ഇ.ബി.എൽ. വൻനിക്ഷേപം നടത്തിയിട്ടുണ്ട്.

2) 2011-ലെ അടിസ്ഥാന നിരക്കായ 311/- രൂപയിൽ എത്തിച്ചേർന്നത് പല കമ്മിറ്റികളുടെയും പഠന റിപ്പോർട്ട്, കേബിൾ ടി.വി. കണക്ഷനെടുക്കാൻ ഉപഭോക്താക്കൾ നൽകുന്ന വാടക, പോസ്റ്റുകളുടെ വില, പോസ്റ്റുകളുടെ

അറ്റകുറ്റപ്പണികൾക്ക് ചെലവാകുന്ന തുക എന്നിവയെ അടിസ്ഥാനമാക്കിയാണ്. കേബിൾ ടി.വി. ഓപ്പറേറ്റർമാർക്കായി നിജപ്പെടുത്തിയ പുതുക്കിയ നിരക്കായ 300/- രൂപ, 2021-ൽ എത്തിച്ചേരേണ്ട തുകയായ 410/- രൂപയേക്കാൾ തുലോം കുറവാണ്. ഗ്രാമപ്രദേശങ്ങളിലെ വാടക നിരക്ക് 2011-12-ൽ നിജപ്പെടുത്തിയപ്പോൾത്തന്നെ നഗരപ്രദേശത്തെ നിരക്കിന്റെ 50 ശതമാനം മാത്രമേ പരിഗണിച്ചിട്ടുള്ളൂ. 2020-21-ൽ ഏർപ്പെട്ടിരുന്ന നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ 2021-22-ലെ പുതുക്കിയ നിരക്ക് നഗരപ്രദേശങ്ങളിൽ 27 ശതമാനം കുറവും ഗ്രാമപ്രദേശങ്ങളിൽ 29 ശതമാനം കുറവുമാണ്. ഇത്തരത്തിലുണ്ടായ കുറവ് കെ.എസ്.ഇ.ബി.എൽ.-ന്റെ താരിഫ് ഇതര വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത നിരക്ക് ഇന്റർനെറ്റ് സർവ്വീസ് ദാതാക്കളിലേയ്ക്കും വ്യാപിപ്പിക്കുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്താനിടയാക്കും. കൂടാതെ തൂണുകൾ വാടകയ്ക്ക് നൽകുന്നതിൽനിന്നുള്ള വരുമാനം ARR-ൽ താരിഫ് ഇതര വരുമാനത്തിൽനിന്നുള്ള വരുമാനമായി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ നിരക്കുകളിലെ ഏതുകുറവും താരിഫ് വർദ്ധനവഴി ഉപഭോക്താക്കളിലേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതായിവരും.

3) കൂടാതെ കേബിൾ ടി.വി. വാടക നിരക്കിൽ മാത്രമേ ട്രായ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളൂ. ഇന്റർനെറ്റ് സേവന നിരക്കുകളിൽ നിലവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ നിരക്കുകൾ ഇതിനകം ഗണ്യമായി കുറച്ചിട്ടുണ്ട്. ബി.എസ്.എൻ.എൽ. ഉൾപ്പെടെയുള്ള ഇന്റർനെറ്റ് സേവനദാതാക്കളുടെ പോസ്റ്റ് വാടക നിരക്കുകൾ ഇനിയും കുറയ്ക്കുന്നതിനുള്ള ഏത് തീരുമാനവും കെ.എസ്.ഇ.ബി.എൽ.-ന് വലിയ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കും. എന്നാൽ വിവിധ കോണുകളിൽനിന്നുള്ള അപേക്ഷകൾ പരിഗണിച്ച് വിവിധ ഉപയോഗങ്ങൾക്കായുള്ള പോൾ വാടക ഏകീകരിക്കുന്നതിനായി 23-07-2022-ലെ ബോർഡ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏകീകരിച്ച പോൾ വാടക നിരക്കായ 450/- രൂപ അംഗീകരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. ശിപാർശ നൽകിയിരുന്നു. ഇതേത്തുടർന്ന് കേന്ദ്രസർക്കാരിന്റെ ടെലികോം നയത്തിനനുസൃതമായി കെ.എസ്.ഇ.ബി.എൽ. പോളുകളുൾപ്പെടെയുള്ള സ്ട്രീറ്റ് ഫർണിച്ചറുകൾ ഉപയോഗിക്കുന്നതിന് കേബിൾ ടി.വി. ഓപ്പറേറ്റർമാർക്കും ഇന്റർനെറ്റ് സേവനദാതാക്കൾക്കും നിശ്ചയിക്കേണ്ട നിരക്കുകൾ ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി. വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനിക്കുവാൻ 10-01-2023-ൽ ചീഫ്

സെക്രട്ടറി നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നയത്തിനനുസൃതമായ സമീപനമാണോയെന്ന് പുനഃപരിശോധിക്കുവാൻ ഒരു കമ്മിറ്റിയെ കെ.എസ്.ഇ.ബി.എൽ.-ൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ തീരുമാനം ലഭിക്കുന്നമുറയ്ക്ക് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടി

242 (4448) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ നിർത്തിവയ്ക്കണമെന്ന് ജീവനക്കാരുടെ സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് RDSS (റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം).

പ്രസ്തുത സ്കീം പ്രകാരം സ്മാർട്ട് മീറ്റർ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നതിനെ സംബന്ധിച്ച് താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു അഞ്ചംഗ വിദഗ്ധസമിതിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

1. ഗുണഭോക്താക്കളുടെ സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ.

2. C-DAC-ന്റെ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സ്മാർട്ട് മീറ്റർ പദ്ധതി കെ.എസ്.ഇ.ബി.എൽ. നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതിന്റെ സാധ്യത.

3. സ്മാർട്ട് മീറ്റർ പദ്ധതി കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുകയാണെങ്കിൽ RDSS-ലെ സാമ്പത്തിക സഹായം ലഭ്യമാകുമോയെന്ന വിഷയം.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ RDSS-നുള്ള കേന്ദ്രസഹായം നഷ്ടപ്പെടാതെയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയെ ബാധിക്കാത്ത തരത്തിലും ഗുണഭോക്താക്കളുടെ സാമ്പത്തികബാധ്യത ലഘൂകരിക്കുന്ന വിധത്തിലും സ്മാർട്ട് മീറ്റർ പദ്ധതിയെ വിലയിരുത്തി സമഗ്രമായ പരിശോധന നടത്തി ഘട്ടംഘട്ടമായി നടപ്പിലാക്കണമെന്ന ലക്ഷ്യം

മുൻനിർത്തി ബോർഡിന് ഗുണപരമായതും പ്രായോഗികമായി നടപ്പിലാക്കുവാൻ കഴിയുന്നതുമായ തീരുമാനമെടുക്കാൻ കെ.എസ്.ഇ.ബി.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര മാർഗ്ഗനിർദ്ദേശപ്രകാരമുള്ള സമയപരിധിക്കകം നടപടികൾ സ്വീകരിക്കണമെന്നതിനാൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സേവനദാതാവിനെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ 13-02-2023-ന് ആരംഭിച്ചു. കേന്ദ്രസർക്കാർ നാൽപ്പതോളം സ്ഥാപനങ്ങളെ സേവനദാതാക്കളായി എംപാനൽ ചെയ്തിട്ടുണ്ട്. ഏത് സ്ഥാപനത്തിന് വേണമെങ്കിലും ടെണ്ടറിൽ പങ്കെടുക്കാം. പ്രസ്തുത ടെണ്ടർ സ്വകാര്യ സംരംഭകർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടില്ല. മേൽ വിദഗ്ധസമിതിയുടെ അഭിപ്രായം ലഭിച്ചതിനുശേഷം മാത്രമേ ടെണ്ടർ നടപടികളിൽ കെ.എസ്.ഇ.ബി.എൽ. അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

വൈദ്യുത മേഖലയിലെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തനം

243 (4449) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിലെ എല്ലാ ഇലക്ട്രിക്കൽ സർക്കിൾ ഓഫീസുകളിലും പ്രവർത്തിച്ചുവരുന്ന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു.)-ന്റെ കർത്തവ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

തടസ്സരഹിതവും സുരക്ഷിതവുമായി വൈദ്യുതി വിതരണം നടത്തുക, പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുക, പുനരുപയോഗ-ഊർജ്ജ സ്രോതസ്സുകളുടെ സംയോജനം ഉറപ്പാക്കുക തുടങ്ങിയവ ലക്ഷ്യമിട്ട് ശൃംഖലാടിസ്ഥിത ആസൂത്രണത്തിലൂടെ 2018-19-ൽ തുടങ്ങി, നാല് വർഷത്തേയ്ക്കുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഓരോ ഇലക്ട്രിക്കൽ സർക്കിളുകളും കേന്ദ്രീകരിച്ച് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) കെ.എസ്.ഇ.ബി.എൽ. രൂപീകരിച്ചിട്ടുള്ളത്. ദീർഘകാലാടിസ്ഥാനത്തിൽ, മുഴുവൻ എച്ച്.ടി. നെറ്റ്വർക്കിന്റെയും ആസൂത്രണവും വികസനവും പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിന്റെ ഉത്തരവാദിത്വമായാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് വിഭാവന ചെയ്തിട്ടുള്ളത്.

(ബി) നിലവിൽ ഏത് പദ്ധതിയാണ് അവർ കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ പി.എം.യു. വിഭാഗമാണ് RDSS (Revamped Distribution Sector Scheme)-ന്റെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നത്. ഇതോടൊപ്പം പി.എം.യു. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ചീഫ് സേഫ്റ്റി ഓഫീസറായി നിയമിക്കപ്പെട്ടിട്ടുണ്ട്. ഇലക്ട്രിക്കൽ സർക്കിൾ തലത്തിലെ സ്ക്രാപ് ഡിസ്പോസൽ കമ്മിറ്റികളുടെ കൺവീനർമാരായും പി.എം.യു. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പ്രവർത്തിച്ചുവരുന്നു. CBUD (Call Before You Dig) എന്ന മൊബൈൽ ആപ്പിന്റെ കെ.എസ്.ഇ.ബി.എൽ.-ന്റെ നോഡൽ ഓഫീസർ ജില്ലാ ഹെഡ് ക്വാർട്ടേഴ്സിലെ പി.എം.യു. എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. കൂടാതെ ജില്ലാതലത്തിൽ സി.ജി.ആർ.എഫ്.-ന്റെ ചെയർപേഴ്സണായി ജില്ലാ ഹെഡ് ക്വാർട്ടേഴ്സിലെ പി.എം.യു. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ നിയമിക്കുന്നതിനുള്ള ഒരു നിർദ്ദേശം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് മുമ്പിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

(സി) പി.എം.യു. സ്ഥാപിക്കുമ്പോൾ ബോർഡ് ഉദ്ദേശിച്ച ലക്ഷ്യങ്ങൾ ഈ വിഭാഗത്തിന് കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പ്രാഥമിക വിലയിരുത്തലിൽ ചില പോരായ്മകൾ ശ്രദ്ധയിൽപ്പെടുകയും അവ പരിഹരിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ദ്യുതി 1.0-ൽ വിഭാവന ചെയ്തിരുന്ന പ്രവൃത്തികൾ മുഴുവനായും വിഭാവന ചെയ്ത് നടപ്പിലാക്കിയത് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളാണ്. കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ചുള്ള ദ്യുതി 1.0 പദ്ധതിയുടെ (2018-2022) ഭാഗമായി നടപ്പിലാക്കിയ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എൽ.റ്റി./എച്ച്.റ്റി. അനുപാതം കുറയ്ക്കുക, പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവെർഷൻ, കേടായ മീറ്ററുകൾ മാറ്റിവയ്ക്കുക എന്നിങ്ങനെയുള്ള പ്രവൃത്തികൾ വിതരണനഷ്ടം കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്. 2018-19-ൽ 9.36 ശതമാനമായിരുന്ന വിതരണനഷ്ടം 2021-22 കണക്ക് പ്രകാരം 7.62 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

കെ.എസ്.ഇ.ബി. അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ്

244 (4450) <u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. വൈദ്യുതി ബില്ലിന് പുറമേ ഉപഭോക്താക്കളിൽനിന്നും അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ക്യാഷ് ഡെപ്പോസിറ്റ് ഈടാക്കുന്നതിന്റെ മാനദണ്ഡവും നിരക്കും വ്യക്തമാക്കുമോ?

ഈടാക്കുന്നുണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ 67-ാം ചട്ടപ്രകാരം പ്രീപെയ്ഡ് മീറ്റർ അല്ലാത്തപക്ഷം ദ്വൈമാസ ബില്ലിംഗുള്ള എല്ലാ ഉപഭോക്താക്കളും ശരാശരി പ്രതിമാസ ബിൽ തുകയുടെ മൂന്നിരട്ടിയും പ്രതിമാസ ബില്ലിംഗിന് കീഴിലുള്ള എല്ലാ ഉപഭോക്താക്കളും ശരാശരി പ്രതിമാസ ബിൽ തുകയുടെ രണ്ടിരട്ടിയും സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് അവരുടെ പ്രതിമാസ ഉപഭോഗം മുപ്പത് യൂണിറ്റ് കവിയാത്തപക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകേണ്ടതില്ലെന്നും 67-ാം ചട്ടം വ്യവസ്ഥ ചെയ്യുന്നു.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ 73-ാം ചട്ടപ്രകാരം സാമ്പത്തിക വർഷത്തിന്റെയും ആദ്യപാദത്തിൽ തൊട്ട് മുൻവർഷം ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള ഉപഭോഗത്തിനനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് പര്യാപ്തമാണോയെന്ന് വിലയിരുത്തേണ്ടതും കൂടുതലെങ്കിൽ ബാങ്ക് റേറ്റിലുള്ള

പലിശസഹിതം അടുത്ത രണ്ട് ബില്ലിനുള്ളിൽ ഉപഭോക്താവിന് കൂടുതലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകേണ്ടതുമാണ്. എന്നാൽ കുറവുള്ളപക്ഷം 30 ദിവസത്തെ നോട്ടീസ് നൽകി അധികമായി ആവശ്യംവരുന്ന തുക ഈടാക്കാനും കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ 73-ാം ചട്ടം വ്യവസ്ഥ ചെയ്യുന്നു.

(ബി) പ്രസ്തുതയിനത്തിൽ 2016 ജൂൺ മുതൽ നാളിതുവരെ എത്ര തുക ഈടാക്കിയിട്ടുണ്ട്; പ്രസ്തുത തുക ഏതാവശ്യത്തിനാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് ഇനത്തിൽ 2016 ജൂൺ മുതൽ നാളിതുവരെ 1545.14 കോടി രൂപ ഈടാക്കിയിട്ടുണ്ട്. അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് ഇനത്തിൽ ലഭിക്കുന്ന തുക ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്.

(സി) ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിനോടൊപ്പം അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് കൂടി ഉൾപ്പെടുത്തി ഉയർന്ന തുകയുടെ ബിൽ നൽകുന്നതിനാൽ സാധാരണക്കാർക്ക് ബില്ലടയ്ക്കാൻ സാധിക്കാതെവരികയും വൈദ്യുതി വിച്ഛേദിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് അടയ്ക്കുന്നതിന് തവണകൾ ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് അത് അനുവദിക്കാറുണ്ട്.

(ഡി) ഉണ്ടെങ്കിൽ ഓൺലൈനായി ബില്ലടയ്ക്കുന്നവർ ഉൾപ്പെടെയുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ പ്രത്യേകം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റിനുള്ള ബിൽ സാധാരണ പ്രത്യേക നോട്ടീസായി ഉപഭോക്താക്കൾക്ക് മീറ്റർ റീഡർമാർവഴി നൽകുന്നുണ്ട്. എന്നാൽ പി.ഡി.എ. വഴി നൽകുന്ന വൈദ്യുതി ബില്ലിൽ അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് ഉൾപ്പെടെയുള്ള തുകയാണ് നിലവിൽ കാണിക്കുന്നത്. എന്നിരുന്നാലും ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് മാത്രമായി ഓൺലൈനിലും അടയ്ക്കാൻ സാധിക്കുന്നതാണ്. ഓൺലൈനായി ബില്ലടയ്ക്കുന്നവരുൾപ്പെടെയുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ പ്രത്യേകം നൽകുന്നത് പരിഗണിക്കാവുന്നതാണ്.

കെ.എസ്.ഇ.ബി.-യുടെ ലാഭം

245 (4451) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 വർഷത്തിൽ കെ.എസ്.ഇ.ബി.-യുടെ ലാഭം എത്രയാണെന്ന് വിശദമാക്കുമോ?

2022-23 സാമ്പത്തിക വർഷം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ ലഭ്യമാകൂ.

ബ്രഹ്മപുരം ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി

246 (4452) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതിയിൽ എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

ബ്രഹ്മപുരം ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതിപ്രകാരം പൂർത്തീകരിച്ച 2.75 MW-ന്റെ പ്ലാന്റിൽനിന്നും പ്രതിവർഷം 40 ലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രത്യേകതകളും ചെലവഴിച്ച തുക അടക്കമുള്ള വിശദാംശവും ലഭ്യമാക്കാമോ?

പദ്ധതിയുടെ പ്രത്യേകതകളും മറ്റ് വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റിനോടും സബ്സ്റ്റേഷനോടും ചേർന്നുകിടക്കുന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 8 ഏക്കർ സ്ഥലം ഉപയോഗപ്പെടുത്തി 15.46 കോടി രൂപ മുതൽമുടക്കിലാണ് പ്രസ്തുത സൗരോർജ്ജ വൈദ്യുതിനിലയം സ്ഥാപിക്കുന്നത്. ഇതിൽ 2.75 മെഗാവാട്ട് സൗരോർജ്ജനിലയത്തിന്റെ പ്രവൃത്തികൾ പൂർത്തിയായി. ഇതിന്റെ നിർമ്മാണത്തിനായി 400 വാട്ട് 6875 മോണോപേർക് പാനലുകളും 1.25 മെഗാവാട്ട് ശേഷിയുള്ള രണ്ട് ഗ്രിഡ് ബന്ധിത ഇൻവെർട്ടറുകളും 0.5 മെഗാവാട്ട് ശേഷിയുള്ള ഒരു ഇൻവെർട്ടറും 2.5 മെഗാവാട്ട് ശേഷിയുള്ള ഒരു ട്രാൻസ്ഫോർമറും 0.63 MVA ശേഷിയുള്ള ഒരു ട്രാൻസ്ഫോർമറുമാണ് സ്ഥാപിച്ചിരിക്കുന്നത്. സൗരോർജ്ജനിലയത്തിന്റെ തത്സമയ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി കൺട്രോൾ റൂമുകൾ നിർമ്മിച്ചിട്ടുണ്ട്. 25 വർഷമാണ് പദ്ധതിയുടെ ആയുർദൈർഘ്യമായി കണക്കാക്കുന്നത്. ടെണ്ടർ ക്ഷണിച്ച് തെരഞ്ഞെടുക്കപ്പെട്ട ഇൻകെൽ എന്ന സ്ഥാപനമാണ് സമയബന്ധിതമായി ഈ പദ്ധതി പൂർത്തിയാക്കിയത്. അഞ്ചുവർഷത്തേയ്ക്ക് പദ്ധതി പരിപാലിക്കുന്നത് പ്രസ്തുത സ്ഥാപനം തന്നെയാണ്. 15.46 കോടി രൂപയാണ് ഈ പദ്ധതിയുടെ ചെലവ്.

ഇവിടെനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സമീപത്തുള്ള 220 കെ.വി. സബ്സ്റ്റേഷനിലേയ്ക്ക് നിലവിലുള്ള 11 കെ.വി. ഫീഡർവഴി എത്തിക്കുകയും തുടർന്ന് വിതരണ ശൃംഖലയിലേയ്ക്ക് വിവിധ ഫീഡറുകൾവഴി എത്തുകയും ചെയ്യും. ഈ സൗരോർജ്ജ പദ്ധതിയിലൂടെ പ്രതിവർഷം 40 ലക്ഷം യൂണിറ്റ് വൈദ്യുതി ഗ്രിഡിലേയ്ക്ക് നൽകുന്നതിന് സാധിക്കും.

(സി) പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

മേൽപ്പറഞ്ഞ 4 മെഗാവാട്ടിൽ 2.75 മെഗാവാട്ട് പൂർത്തിയാക്കി. ഇതിൽ 0.5 മെഗാവാട്ട് 04-11-2022-ലും 2.25 മെഗാവാട്ട് 03-02-2023-ലും ടെസ്റ്റ് ചാർജ്ജ് ചെയ്തു. ഇവയുടെ ഔദ്യോഗിക ഉദ്ഘാടനം ഇതുവരെ നടത്തിയിട്ടില്ല.

പുതുക്കാട് നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ

247 (4453) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. മുഖേന ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

2019-ലെ ഇ.വി. പോളിസിയുടെ ഭാഗമായി സംസ്ഥാനത്ത് ചാർജ്ജിംഗ് ശൃംഖല സ്ഥാപിക്കുന്നതിനുള്ള ചുമതല സംസ്ഥാന നോഡൽ ഏജൻസിയായ കെ.എസ്.ഇ.ബി.എൽ.-നാണ്. അതനുസരിച്ച് 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ 61 എണ്ണം പൊതുജനത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. ഇതിനുപുറമേ ഓട്ടോറിക്ഷ, ഇരുചക്ര വാഹനങ്ങൾ എന്നിവയ്ക്കായി 1165 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചുകഴിഞ്ഞു. ഓരോ നിയോജകമണ്ഡലത്തിലും കുറഞ്ഞത് 5 എന്ന നിരക്കിലും കോർപ്പറേഷനുൾപ്പെട്ട നിയോജകമണ്ഡലങ്ങളിൽ കുറഞ്ഞത് 15 എന്ന നിരക്കിലും ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നിർദ്ദേശത്തിനനുസരിച്ചാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ പോളുകളിൽ ഇവ സ്ഥാപിച്ചിരിക്കുന്നത്. ഇവയിൽ 1138 എണ്ണം പൊതുജനത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. കൂടുതൽ സൗകര്യപ്രദമായ ചാർജ്ജിംഗിനായി ഒരു മൊബൈൽ ആപ്പ് (KEM app) കെ.എസ്.ഇ.ബി.എൽ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾക്ക് ഡെപ്പോസിറ്റ് വർക്കടിസ്ഥാനത്തിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഈ നിലയിൽ ചാർജ്ജിംഗ് ശൃംഖല വിപുലീകരിക്കുന്നതിനുള്ള നാനാവിധ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു. കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുള്ള ഡി.സി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളെ സംബന്ധിച്ചുള്ള വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.+

(ബി) പുതുക്കാട് മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

പുതുക്കാട് നിയോജകമണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു.

1. പാലിയംകര (നെന്മണിക്കര ഗ്രാമപഞ്ചായത്ത് ഓഫീസ്)
2. നെല്ലായി
3. പുതുക്കാട്
4. വരന്തരപ്പിള്ളി
5. വല്ലച്ചിറ

വൈദ്യുതി ബോർഡിന്റെ വാതിൽപ്പടി സേവനം

+ നിയസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

248 (4454) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ വാതിൽപ്പടി സേവനം നടപ്പിലാക്കിയിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി ബോർഡിൽ വാതിൽപ്പടി സേവനം പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിന് കീഴിലുള്ള 39 സെക്ഷൻ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 01-10-2020-ന് ആരംഭിക്കുകയും തുടർന്ന് 2021 ആഗസ്റ്റ് മാസത്തോടുകൂടി എല്ലാ സെക്ഷനുകളിലേയ്ക്കും പ്രസ്തുത സേവനം വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഉപഭോക്താവ് ഓഫീസിൽ നേരിട്ട് പോകാതെയും അപേക്ഷ ഫോറം, മറ്റ് രേഖകൾ തുടങ്ങിയവ നേരിട്ട് സമർപ്പിക്കാതെയും സേവനങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുമോ?

സാധിക്കും. വാതിൽപ്പടി സേവനംവഴി പുതിയ വൈദ്യുതി കണക്ഷൻ, ഉടമസ്ഥാവകാശമാറ്റം, കണക്ടഡ് ലോഡ്/കോൺട്രാക്ട് ലോഡ് മാറ്റം, താരിഫ് മാറ്റം, വൈദ്യുതി ലൈൻ/മീറ്റർ മാറ്റി സ്ഥാപിക്കൽ ഉൾപ്പടെയുള്ള സേവനങ്ങൾ ലഭ്യമാണ്. ഇതിനായി അപേക്ഷകൻ സേവനമാവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പരും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലോ

1912 എന്ന കസ്റ്റമർ കെയർ നമ്പരിലോ ഫോൺ കോൾ വഴി രജിസ്റ്റർ ചെയ്യുന്നപക്ഷം കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ അപേക്ഷകനെ ബന്ധപ്പെട്ട് അപേക്ഷ തയ്യാറാക്കാൻ സഹായിക്കുന്നത് മുതൽ സേവനം ഉറപ്പാക്കുന്നതുവരെയുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്യും.

(സി) പ്രസ്തുത പദ്ധതി പൂർണ്ണമായും പ്രാവർത്തികമാക്കിയ ഇലക്ട്രിക് സെക്ഷനുകളുടെ വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ സെക്ഷൻ ഓഫീസുകളിലും (776 എണ്ണം) വാതിൽപ്പടി സേവനം പ്രാവർത്തികമാക്കിയിട്ടുണ്ട്.

ആർ.ഡി.എസ്.എസ്. പദ്ധതി

249 (4455) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്.) പ്രകാരം കെ.എസ്.ഇ.ബി. ഉൾപ്പെടെയുള്ള പൊതുമേഖലയിലെ വൈദ്യുത വിതരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കുറ്റമറ്റതാക്കുവാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നവീകരിച്ച പരിഷ്കാരങ്ങൾ അടിസ്ഥാനമാക്കിയുള്ളതും ഫലങ്ങളുമായി ബന്ധിപ്പിച്ചതുമായ വിതരണ മേഖലാ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് RDSS. പ്രീക്വാളിഫയിംഗ് മാനദണ്ഡങ്ങൾ പാലിക്കുന്നതിനും പരിഷ്കാരങ്ങളിൽ അടിസ്ഥാന മാനദണ്ഡങ്ങൾ കൈവരിക്കുന്നതിനും അടിസ്ഥാനമാക്കി ഉപപ്രസരണ വിതരണ ശൃംഖല ശാക്തീകരണത്തിനും വിതരണ ശൃംഖലയുടെ അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് വിതരണ യൂട്ടിലിറ്റികൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട് പ്രവർത്തനക്ഷമതയും സാമ്പത്തിക സുസ്ഥിരതയും മെച്ചപ്പെടുത്തുവാൻ പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതി ശ്രമിക്കുന്നു. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

- സാമ്പത്തികമായി സുസ്ഥിരവും പ്രവർത്തനക്ഷമവുമായ വിതരണ മേഖലയിലൂടെ ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരവും വിശ്വാസ്യതയും താങ്ങാനാവുന്ന വിലയും ഉറപ്പാക്കുക.
- 2024-25-ഓടെ AT&C നഷ്ടം 12-15% എന്ന നിലയിലേയ്ക്ക് കുറയ്ക്കുക.
- 2024-25-ഓടെ ACS-ARR വിടവ് പൂജ്യമായി കുറയ്ക്കുക.

ഉപപ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനും പ്രസ്തുത ശൃംഖലയുടെ ആധുനികവൽക്കരണത്തിനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതുവഴി 24x7 ഗുണമേന്മയുള്ള വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുവാൻ സാധിക്കുന്നതാണ്.

ഉപഭോക്തൃ സേവനകേന്ദ്രങ്ങൾ, ഫീഡറുകളിലെയും വിതരണ ട്രാൻസ്ഫോർമറുകളിലെയും എ.എം.ഐ. മീറ്ററുകൾ, നഗരപ്രദേശങ്ങളിലെ നഷ്ടം കുറയ്ക്കുന്നതിന് സ്മാർട്ട് മീറ്ററിംഗ് സംവിധാനം, പ്രവർത്തനക്ഷമതയും സാമ്പത്തിക സുസ്ഥിരതയും മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് ആവശ്യമുള്ള ഉപഭോക്തൃ സേവന മാനദണ്ഡങ്ങൾ മെച്ചപ്പെടുത്തുക, ഡാറ്റാ സെന്ററുകൾ സ്ഥാപിക്കൽ, ഉപഭോക്താക്കളുടെ ജി.ഐ.എസ്. മാപ്പിംഗ്, അസറ്റ് മാപ്പിംഗ്, ഓൺലൈൻ എനർജി ഓഡിറ്റിംഗ്, അക്കൗണ്ടിംഗ്, വിതരണ മേഖലയിലെ ഓട്ടോമേഷൻ, ഇൻഫർമേഷൻ ടെക്നോളജി (IT) ഉപയോഗ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ തുടങ്ങിയവയും RDSS പദ്ധതിയിലുൾപ്പെടുന്നു.

നോഡൽ ഏജൻസിയുമായി കൂടിയാലോചിച്ച് കെ.എസ്.ഇ.ബി.എൽ. രൂപീകരിച്ച കർമ്മപദ്ധതി വിതരണ പരിഷ്കരണ സമിതിയുടെ (ഡി.ആർ.സി.) ശിപാർശയിലും സംസ്ഥാന ക്യാബിനെറ്റിന്റെ

അംഗീകാരത്തോടെയും കേന്ദ്രാനുമതിക്കായി സമർപ്പിച്ചതിൻപ്രകാരം 10,475 കോടി രൂപയുടെ സ്മാർട്ട് മീറ്റർ പദ്ധതി, വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ മുതലായവ അടങ്ങിയ ആദ്യഘട്ടത്തിന് അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എത്ര വർഷംകൊണ്ടാണ് നടപ്പാക്കുന്നതെന്നും കേന്ദ്രം എത്ര ശതമാനം തുകയാണ് നൽകുകയെന്നും ബാക്കി തുക കെ.എസ്.ഇ.ബി. എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ?

2026 വരെയാണ് RDSS പദ്ധതി പ്രവർത്തന കാലാവധി. വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്ക് 60 ശതമാനവും സ്മാർട്ട് മീറ്റർ പദ്ധതിക്ക് 15 ശതമാനവുമാണ് കേന്ദ്ര ഗ്രാന്റ് ലഭിക്കുന്നത്. ബാക്കി തുക ലോൺ മുഖേന കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ഇലക്ട്രിക്കൽ സർക്കിളുകൾ കേന്ദ്രീകരിച്ചാണോ; ഓരോ ഇലക്ട്രിക്കൽ സർക്കിളിനും നിശ്ചയിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും തുക നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതി ജില്ലാതലത്തിലുള്ള ഇലക്ട്രിക്കൽ സർക്കിൾ/സർക്കിളുകൾ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. അനുമതി ലഭിച്ച ആദ്യഘട്ടത്തിൽ ഓരോ ഇലക്ട്രിക്കൽ സർക്കിളിനും അനുവദിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു.+ വിതരണ നഷ്ടം കൂടിയ 11 കെ.വി. ഫീഡറുകൾ, നാളിതുവരെ ലഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒന്നും ലഭിക്കാത്ത ഗ്രാമീണ മേഖലകൾ, വൈദ്യുതി തടസ്സം കൂടുതൽ നേരിടുന്ന പ്രദേശങ്ങൾ, ഉപഭോക്താക്കളുടെ സാന്ദ്രത, സർക്കിൾ വിസ്തീർണ്ണം തുടങ്ങിയവയാണ് അനുമതി ലഭിച്ച പ്രവൃത്തികൾക്ക് തുക നിശ്ചയിച്ചതിലെ മാനദണ്ഡങ്ങൾ.

(ഡി) ആർ.ഡി.എസ്.എസ്.-ന്റെ ഭാഗമായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിന് മുൻകൂർ പണമടയ്ക്കേണ്ടത് സംബന്ധിച്ച് ഉപഭോക്താക്കളുടെ എതിർപ്പ് ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് സർക്കാർ നയപരമായ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ?

വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് RDSS (റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം). പ്രസ്തുത സ്കീം പ്രകാരം സ്മാർട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മീറ്റർ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നതിനെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു അഞ്ചംഗ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

ഗുണഭോക്താക്കളുടെ സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.

C-DAC-ന്റെ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സ്മാർട്ട് മീറ്റർ പദ്ധതി കെ.എസ്.ഇ.ബി.എൽ. നേരിട്ടേറ്റെടുത്ത് നടത്തുന്നതിന്റെ സാധ്യത. സ്മാർട്ട് മീറ്റർ പദ്ധതി കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുകയാണെങ്കിൽ RDSS-ലെ സാമ്പത്തിക സഹായം ലഭ്യമാകുമോയെന്ന വിഷയം.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ RDSS-നുള്ള കേന്ദ്ര സഹായം നഷ്ടപ്പെടാതെയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയെ ബാധിക്കാത്ത തരത്തിലും ഗുണഭോക്താക്കളുടെ സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നവിധത്തിലും സ്മാർട്ട് മീറ്റർ പദ്ധതിയെ വിലയിരുത്തി സമഗ്രമായ പരിശോധന നടത്തി ഘട്ടംഘട്ടമായി നടപ്പിലാക്കണമെന്ന ലക്ഷ്യം മുൻനിർത്തി ബോർഡിന് ഗുണപരമായതും പ്രായോഗികമായി

നടപ്പിലാക്കുവാൻ കഴിയുന്നതുമായ തീരുമാനമെടുക്കാൻ കെ.എസ്.ഇ.ബി.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര മാർഗ്ഗനിർദ്ദേശപ്രകാരമുള്ള സമയപരിധിക്കകം നടപടികൾ സ്വീകരിക്കണമെന്നതിനാൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സേവനദാതാവിനെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ 13-02-2023-ന് ആരംഭിച്ചു. കേന്ദ്രസർക്കാർ നാൽപ്പതോളം സ്ഥാപനങ്ങളെ സേവനദാതാക്കളായി എംപാനൽ ചെയ്തിട്ടുണ്ട്. ഏത് സ്ഥാപനത്തിന് വേണമെങ്കിലും ടെണ്ടറിൽ പങ്കെടുക്കാം. പ്രസ്തുത ടെണ്ടർ സ്വകാര്യ സംരംഭകർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടില്ല. മേൽ വിദഗ്ധ സമിതിയുടെ അഭിപ്രായം ലഭിച്ചതിനുശേഷം മാത്രമേ ടെണ്ടർ നടപടികളിൽ കെ.എസ്.ഇ.ബി.എൽ. അന്തിമതീരുമാനം കൈക്കൊള്ളുകയുള്ളൂ.

(ഇ) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര വിഹിതം സംസ്ഥാന വിഹിതത്തെക്കാൾ കുറഞ്ഞിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്ര വിഹിതം വർദ്ധിപ്പിച്ച് കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

RDSS പദ്ധതിയുടെ ഭാഗമായി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സമയബന്ധിതമായി പൂർത്തിയാക്കിയാൽ, സ്മാർട്ട് മീറ്റർ വിലയുടെ 15

ശതമാനം (അഥവാ പരമാവധി മീറ്ററിന് 900 രൂപ വരെ) കേന്ദ്ര വിഹിതമായി ലഭിക്കുന്നതാണ്. ഇത് കേന്ദ്ര ഊർജ്ജ വകുപ്പ് 20-07-2021-ലെ F. No. 20/09/2019-IPDS നവീകൃത വിതരണ മേഖല പദ്ധതിയുമായി (RDSS) ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം പ്രകാരം ഉറപ്പിച്ചിരിക്കുന്നതാണ്. കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചുകിട്ടുന്നതിന് വിവിധ തലത്തിൽ ശ്രമിച്ചെങ്കിലും RDSS മാർഗ്ഗരേഖയിൽനിന്നും നയപരമായ ഒരു വ്യതിചലനം ലഭിച്ചില്ല.

പുനലൂർ റെയിൽവേ ട്രാക്ഷൻ സബ്സ്റ്റേഷന് വൈദ്യുതി

250 (4456) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ റെയിൽവേ ട്രാക്ഷൻ സബ്സ്റ്റേഷനിൽ വൈദ്യുതി നൽകുന്നതുമായി ബന്ധപ്പെട്ട് 2022 ഡിസംബർ 21-ന് വൈദ്യുതി വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗതീരുമാനപ്രകാരം പ്രസ്തുത സബ്സ്റ്റേഷനിൽ കെ.എസ്.ഇ.ബി. വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ലഭ്യമാക്കിയിട്ടില്ല. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ 2022 ഡിസംബർ 21-ന് നടന്ന യോഗത്തിലെ

തീരുമാനപ്രകാരം, റെയിൽവേ ട്രാക്ഷൻ സിസ്റ്റം 2 ഫേസിൽനിന്ന് 3 ഫേസിലേയ്ക്ക് മാറ്റുന്ന വിഷയം റെയിൽവേ ബോർഡ് മീറ്റിംഗിന്റെ അജണ്ടയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി റെയിൽവേ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട പുനലൂർ എം.എൽ.എ. ഉന്നയിച്ചപ്രകാരം, പൊതുതാല്പര്യം കണക്കിലെടുത്ത് കൊല്ലം-പുനലൂർ റെയിൽവേ ലൈനിന്റെ വൈദ്യുതീകരണം വേഗത്തിലാക്കാനാവശ്യമായ നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കണമെന്നും തീരുമാനിച്ചിരുന്നു. റെയിൽവേ ട്രാക്ഷൻ സിസ്റ്റം 3 ഫേസിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ച് റെയിൽവേ കെ.എസ്.ഇ.ബി.എൽ.-നെ അറിയിക്കണമെന്നും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇക്കാര്യത്തിൽ കൂടുതൽ വിവരങ്ങളൊന്നും റെയിൽവേയിൽനിന്ന് ലഭിച്ചിട്ടില്ല.

(ബി) ഇല്ലെങ്കിൽ ആയതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

റെയിൽവേയുടെ ട്രാക്ഷൻ സബ്സ്റ്റേഷനുകൾക്ക് മുൻകാലങ്ങളിൽ കണക്ഷൻ നൽകിയിരുന്നത് 110 kV 2 ഫേസ് സപ്ലൈയായിട്ടാണ്. ഇത്തരത്തിൽ 2 ഫേസിൽ കണക്ഷൻ നൽകുന്നത് ഗ്രിഡിൽ

അൺബാലൻസിംഗിന് കാരണമാകുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിലാണ് 3 ഫേസ് കണക്ഷനെടുക്കണമെന്ന് റെയിൽവേയോട് കെ.എസ്.ഇ.ബി.എൽ. ആവശ്യപ്പെട്ടത്. റെയിൽവേയുടെ ഡിമാന്റ് കൂടിവരുന്നതനുസരിച്ച് ഇത്തരത്തിലുള്ള അൺബാലൻസിംഗും മറ്റും ഗ്രിഡിൽ കൂടുതൽ ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി പഠനങ്ങളിൽ തെളിഞ്ഞിട്ടുമുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനും സംസ്ഥാന വൈദ്യുതി ഓംബുഡ്സ്മാനും റെയിൽവേയ്ക്ക് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്.

21-12-2022-ലെ യോഗതീരുമാനപ്രകാരം, കേരളത്തിലെ ട്രാക്ഷൻ സിസ്റ്റം 2x25kV സിസ്റ്റത്തിലേയ്ക്ക് മാറ്റുന്ന പ്രവൃത്തികൾക്ക് മുൻഗണന കൊടുത്ത് എത്രയും വേഗത്തിൽ നടപ്പിലാക്കണമെന്ന് റെയിൽവേ ബോർഡിനോട് സതേൺ റെയിൽവേയുടെ ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി തിരുവനന്തപുരം, പാലക്കാട് റെയിൽവേ ഡിവിഷനുകളുടെ കീഴിൽവരുന്ന ട്രാക്ഷൻ സബ്സ്റ്റേഷനുകൾ 2x25kV സിസ്റ്റത്തിലേയ്ക്ക് മാറുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഭാഗത്തുനിന്നും ചെയ്യേണ്ടിവരുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അതാത് റെയിൽവേ ഡിവിഷനുകളിൽനിന്നും കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രസരണ

വിഭാഗം ചീഫ് എഞ്ചിനീയർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 220 kV-യിലാണോ 110 kV-യിലാണോ കണക്ഷൻ വേണ്ടതെന്നുള്ള കാര്യത്തിൽ വ്യക്തതയില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നമുറയ്ക്ക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതാണ്.

(സി) 2023 മാർച്ചിൽ കൊല്ലം-പുനലൂർ-ചെന്നൈ പാത പൂർണ്ണമായും വൈദ്യുതീകരിക്കുന്നതിനാലും കൊല്ലത്തുനിന്ന് ചെന്നൈയിലേയ്ക്കുള്ള ഇലക്ട്രിക് ട്രെയിനുകൾ ആരംഭിക്കുന്നതിനും പുനലൂർ ട്രാക്ഷൻ സബ്സ്റ്റേഷനിൽ വൈദ്യുതി അത്യന്താപേക്ഷിതമായതിനാൽ ഇവിടെ വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

റെയിൽവേ ബോർഡ് ഇതിനകംതന്നെ അംഗീകരിച്ച 2x25kV സിസ്റ്റം സമയബന്ധിതമായി കേരളത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ സതേൺ റെയിൽവേ സ്വീകരിക്കുന്നമുറയ്ക്ക് പുനലൂർ ട്രാക്ഷൻ സബ്സ്റ്റേഷനിലേയ്ക്ക് വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. എടുക്കുന്നതാണ്.

കൊല്ലം-പുനലൂർ റെയിൽവേ ലൈനിന്റെ വൈദ്യുതീകരണത്തിന് നിലവിൽ തടസ്സമില്ല. പെരിനാട് ട്രാക്ഷൻ സബ്സ്റ്റേഷനിൽനിന്നും കെ.എസ്.ഇ.ബി.എൽ.-ന്റെ അനുമതി കൂടാതെതന്നെ പ്രസ്തുത ലൈനിലേയ്ക്ക്

റെയിൽവേ, വൈദ്യുതി എടുക്കുന്നുണ്ട്. മാത്രമല്ല, ചെങ്കോട്ടയിൽ നിലവിലുള്ള ട്രാക്ഷൻ സബ്സ്റ്റേഷൻവഴിയും പ്രസ്തുത ലൈനിലേയ്ക്ക് വൈദ്യുതി എത്തിക്കാൻ കഴിയുന്നതാണ്. റെയിൽവേ ഒരു പൊതുസ്ഥാപനമാണെന്ന കാര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി.എൽ. നിയമപ്രകാരമുള്ള തടസ്സവാദങ്ങൾ ഒന്നുംതന്നെ ഉന്നയിച്ചിട്ടില്ല. വിഷയം കെ.എസ്.ഇ.ബി.എൽ. റെയിൽവേയുമായി വീണ്ടും ചർച്ച ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി. പെൻഷൻ ഫണ്ട്

251 (4457) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പെൻഷൻകാരുടെയും ജീവനക്കാരുടെയും ഭാവി പെൻഷൻ ബാധ്യതകൾ നിറവേറ്റുന്നതിനുവേണ്ടി രൂപീകരിച്ച കെ.എസ്.ഇ.ബി. ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആൻഡ് ഗ്രാറ്റുവിറ്റി ട്രസ്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നിലവിലെ പ്രവർത്തനങ്ങളും സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുണ്ടായിരുന്ന പെൻഷൻകാരുടെയും സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള

ജീവനക്കാരുടെയും പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിനായാണ് സർക്കാരും ബോർഡും ബോർഡിലെ ജീവനക്കാരുടെയും ഓഫീസർമാരുടെയും സംഘടനകളും തമ്മിൽ ഒപ്പിട്ട ത്രികക്ഷി കരാർപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റ് രൂപീകരിച്ചത്. അതനുസരിച്ച് 01-04-2017 മുതൽ ഈ ട്രസ്റ്റ് വഴിയാണ് പെൻഷനും മറ്റ് അനുബന്ധ ആനുകൂല്യങ്ങളും നല്കിവരുന്നത്.

(ബി) സംസ്ഥാന സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും ജീവനക്കാരുടെ സംഘടനകളും തമ്മിൽ ഏർപ്പെട്ടിട്ടുള്ള ത്രികക്ഷി കരാർ പ്രകാരമുള്ള പെൻഷൻ ഫണ്ട് പ്രസ്തുത ട്രസ്റ്റിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; പെൻഷൻ ഫണ്ട് എന്നത്തേയ്ക്ക് നിക്ഷേപിക്കുമെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ. 31-10-2013-ൽ കമ്പനിയായ സന്ദർഭത്തിൽ ആക്ച്വറിയൽ വാല്യുവേഷൻവഴി പെൻഷൻ ബാധ്യതയായി കണക്കാക്കിയത് 12,419 കോടി രൂപയാണ്. ഈ തുകയ്ക്കുള്ള ഫണ്ടിംഗ് അറേഞ്ച്മെന്റും നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 20 വർഷക്കാലയളവിലേയ്ക്കുള്ള 8,144 കോടി രൂപ മുഖവിലയുള്ള ബോണ്ടും പത്ത്

വർഷക്കാലയളവിലേയ്ക്കുള്ള 3,751 കോടി രൂപ മുഖവിലയുള്ള ബോണ്ടും കെ.എസ്.ഇ.ബി.എൽ. മാസ്റ്റർ ട്രസ്റ്റിന് നല്കിയിട്ടുണ്ട്. ഇതിൽ സർക്കാർ വിഹിതമായ 34.6 ശതമാനം തുക പലിശസഹിതം അടുത്ത പത്തുവർഷം പ്രതിവർഷം 586.10 കോടി രൂപ വീതം ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുക്കുന്നത് കെ.എസ്.ഇ.ബി. ലിമിറ്റഡിൽത്തന്നെ നിലനിർത്തി മാസ്റ്റർ ട്രസ്റ്റിനുവേണ്ടി ഉപയോഗിക്കാനുള്ള അനുമതി സർക്കാർ നല്കിയിട്ടുണ്ട്. ബോർഡിന് അംഗീകരിച്ച് കിട്ടുന്ന റവന്യൂ ഗ്യാപ്പ് താരിഫിലേയ്ക്ക് പ്രതിഫലിക്കുന്നതിന് വരുന്ന കാലതാമസം കാരണമുണ്ടാകുന്ന പ്രതികൂല സാമ്പത്തിക സാഹചര്യങ്ങൾമൂലവും ബോർഡിന്റെ സാമ്പത്തിക സ്ഥിതിയുടെ പരിമിതിമൂലവും മാസ്റ്റർ ട്രസ്റ്റിലേയ്ക്ക് നൽകേണ്ടുന്ന മുഴുവൻ തുകകളും ആദ്യവർഷങ്ങളിൽ നൽകാൻ കഴിഞ്ഞിരുന്നില്ല. മാത്രമല്ല അധിക പലിശയ്ക്ക് കടമെടുത്ത് മാസ്റ്റർ ട്രസ്റ്റിൽ നിക്ഷേപിക്കുന്നത് വൈദ്യുതി ബോർഡിന് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്താനേ ഇടവരുത്തുകയുള്ളൂ. എന്നാൽ നിലവിൽ ബോണ്ടുകളുടെ മുതലും പലിശയുമായി നൽകേണ്ടതായ തുകകൾ മുഴുവനും ട്രസ്റ്റിന് നൽകിയിട്ടുണ്ട്. ആക്ച്വറിയൽ വാല്യുവേഷൻവഴി കണ്ടെത്തിയ അധികബാധ്യതയ്ക്കുള്ള ഫണ്ടിംഗ് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പെൻഷൻ ഫണ്ടിലേയ്ക്കുള്ള സർക്കാർ വിഹിതം ലഭിക്കാത്ത സ്ഥിതിവിശേഷം മറികടക്കുന്നതിനായി 12,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുവാനുള്ള അനുമതി നൽകണമെന്നും 31-10-2023 വരെയുള്ള പെൻഷൻ ആവശ്യത്തിന് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഉപയോഗിക്കാനുള്ള അനുവാദം അടുത്ത പത്തുവർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകണമെന്നും അപേക്ഷിച്ചുകൊണ്ട് കെ.എസ്.ഇ.ബി.എൽ. സർക്കാരിനെ സമീപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളും സ്വീകരിച്ചിട്ടുള്ള നടപടികളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഏകദേശം നാൽപ്പതിനായിരത്തോളം വരുന്ന കെ.എസ്.ഇ.ബി. പെൻഷൻകാരുടെ നിയമപരമായി പരിരക്ഷിക്കപ്പെട്ടിട്ടുള്ള പെൻഷൻ ആനുകൂല്യങ്ങൾ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സർക്കാർ വിഹിതം ലഭിക്കാതെയും കടപ്പത്രങ്ങൾ പുറപ്പെടുവിക്കാതെയും നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യമാണോ ഉള്ളതെന്ന് അറിയിക്കാമോ; എങ്കിൽ സർക്കാരും കെ.എസ്.ഇ.ബി.-യും ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാരനടപടികൾ അറിയിക്കാമോ?

(സി&ഡി) ഉണ്ട്. ആക്ച്വറിയൽ വാല്യുവേഷൻ പ്രകാരം 2021-22 വരെ കണക്കാക്കിയ പെൻഷൻ ബാധ്യതയിൽ അധികമായി കണ്ടെത്തേണ്ടുന്ന തുകയായ 17237.89 കോടി രൂപയുടെ ബോണ്ട് മാസ്റ്റർ ട്രസ്റ്റിന് നല്കുവാനുള്ള അനുമതിക്കായും ഈ തുകയിൽ സർക്കാർ വിഹിതമായ 6102.21 കോടി രൂപ അനുവദിക്കുകയോ അല്ലെങ്കിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ തട്ടിക്കിഴിക്കുവാനായുള്ള അനുമതിക്കായി കെ.എസ്.ഇ.ബി.എൽ. സർക്കാരിന് അപേക്ഷ നല്കിയിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിശോധനയിലാണ്.

(ഇ) പെൻഷൻ ആവശ്യത്തിനായി ഈടാക്കുന്ന ഇലക്ട്രിസിറ്റി ഡ്യൂട്ടി 2023 നവംബർ 1 മുതൽ സർക്കാരിലേക്കടയ്ക്കണമെന്ന് ബഡ്ജറ്റിൽ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതെല്ലാം ചട്ടങ്ങൾ പ്രകാരമാണ് പ്രസ്തുത നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട്, 1963 പ്രകാരമാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കുന്നത്. ജീവനക്കാരുടെ ടെർമിനൽ ലയബിലിറ്റീസിനായി 5,861 കോടി രൂപ 31-10-2013 മുതൽ പ്രാബല്യത്തിൽ പത്തുവർഷംകൊണ്ട് കെ.എസ്.ഇ.ബി.എൽ.-ന് നൽകുന്നതിനായിട്ടാണ് 28-01-2015-ലെ

G.O(P)3/2015/PD പ്രകാരം വിഭാവന ചെയ്തിരുന്നത്. ഈ പത്തുവർഷക്കാലയളവ് പൂർത്തിയാക്കുന്നമുറയ്ക്കാണ് 01-11-2023 മുതൽ ഇലക്ട്രിസിറ്റി ഡ്യൂട്ടി സർക്കാരിലേയ്ക്ക് അടയ്ക്കണമെന്ന് 2022-23 സാമ്പത്തിക വർഷ ബഡ്ജറ്റിൽ നിർദ്ദേശം നൽകിയിട്ടുള്ളത്. ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട്, 1963 പ്രകാരമാണ് ഈ നിർദ്ദേശം നൽകിയിട്ടുള്ളത്.

കെ.എസ്.ഇ.ബി.-ക്ക് ലഭിക്കാനുള്ള കുടിശ്ശിക

252 (4458) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൻതുക കുടിശ്ശികയുള്ളവരിൽനിന്നും പ്രസ്തുത തുക പിരിച്ചെടുക്കാതെ ചെറുകിട ഗാർഹിക ഉപഭോക്താക്കൾ വൈദ്യുതിയുടെ ബില്ലടയ്ക്കുവാൻ താമസിച്ചാൽ ഉടൻതന്നെ വൈദ്യുതി വിച്ഛേദിക്കുന്ന കെ.എസ്.ഇ.ബി.-യുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വൻതുക കുടിശ്ശികയുള്ളവരുടെ വൈദ്യുതിബന്ധം വിച്ഛേദിച്ചുകൊണ്ട് കുടിശ്ശിക തുക പിരിച്ചെടുക്കാൻ കർശന നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് റെഗുലേഷൻ 138 (a) അനുസരിച്ച് വൈദ്യുതി ചാർജ്ജ് കുടിശ്ശികവരുത്തുന്ന വൻകിട ഉപഭോക്താക്കളുടേതുൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കളുടേയും

വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കുന്നുണ്ട്. തുടർന്നും കുടിശ്ശിക അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷനുകൾ സ്ഥായിയായി വിച്ഛേദിക്കുകയും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി ശ്രമിക്കുകയും ചെയ്തുവരുന്നു. എന്നാൽ ചെറുകിട/വൻകിട ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയിൽ വ്യവഹാരങ്ങളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കോടതികൾ, മറ്റ് ലീഗൽ ഫോറങ്ങൾ എന്നിവയിൽ നിൽക്കുന്ന കുടിശ്ശിക സംബന്ധിച്ച തർക്കങ്ങളിൽ പ്രസ്തുത ലീഗൽ ഫോറങ്ങൾ, കോടതികൾ എന്നിവയുടെ തീർപ്പനുസരിച്ച് മാത്രമേ കെ.എസ്.ഇ.ബി. ലിമിറ്റഡിന് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. വൻതുക കുടിശ്ശിക വരുത്തിയിട്ടുള്ള കേരള വാട്ടർ അതോറിറ്റി പോലുള്ള പൊതുമേഖല/സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി. ലിമിറ്റഡും സർക്കാരും ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തി സ്ഥലത്ത് വൈദ്യുതി പോസ്റ്റുകൾ മാറ്റുന്നതിനുള്ള നടപടി

253 (4459) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തിയുടെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ചുള്ള റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തിയുടെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 12,56,465/- രൂപയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കി ഡിമാന്റ്, റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന് 01-03-2023-ന് നൽകിയിട്ടുണ്ട്. തുക അടയ്ക്കുന്നമുറയ്ക്ക് വർക്ക് തുടങ്ങുന്നതായിരിക്കും.

മലപ്പുറം നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ

254 (4460) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ വിതരണ വിഭാഗത്തിനുകീഴിൽ മലപ്പുറം ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനിൽ ദ്യുതി-1 പദ്ധതിയിലുൾപ്പെടുത്തി

20 കി.മീ. ലൈൻ റീ-കണ്ടക്ടറിംഗ് പ്രവൃത്തിയും ഒരു പുതിയ 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും ചെയ്തിട്ടുണ്ട്. ഊരകം ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ അപ്പക്കാട് എന്ന സ്ഥലത്ത് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

പ്രസരണ വിഭാഗത്തിന്റെ കീഴിൽ മലപ്പുറം നിയോജകമണ്ഡലത്തിൽ മലപ്പുറം 110 kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (GIS)-ന്റെ നിർമ്മാണമാണ് നിലവിൽ നടന്നുവരുന്ന പ്രവൃത്തി. ഇതിൽ സബ്സ്റ്റേഷന്റെ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. GI-ന്റെ ഉപകരണങ്ങൾക്ക് ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2024-25 സാമ്പത്തിക വർഷം സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീ ഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

(ബി&സി) മലപ്പുറം നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി ദ്യുതി പദ്ധതിയിലുൾപ്പെടുത്തി

അത്താണിക്കൽ, മുസ്ലിയാർ പീടിക, ചെരിച്ചിയിൽ, വെള്ളൂർ, കണ്ടിക്കുന്ന് എന്നീ പ്രദേശങ്ങളിൽ 2.08 കി.മീ. എൽ.ടി. സിംഗിൾ ഫെയ്സ് ടു ത്രീ ഫെയ്സ് കൺവെർഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ദ്യുതി-2-ന്റെ ഭാഗമായി പൂക്കോട്ടൂർ-പള്ളിപ്പടി, പൂക്കോട്ടൂർ-പള്ളിമുക്ക് എന്നീ പ്രദേശങ്ങളിൽ രണ്ട് 100 കെ.വി.എ. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും പൂക്കോട്ടൂർ ടൗൺ മുതൽ മുണ്ടിതൊടിക ഭാഗത്തേയ്ക്ക് 0.6 കി.മീ. എച്ച്.ടി. ലൈൻ വലിക്കുന്ന പ്രവൃത്തിയുടെ നടപടികളും ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ 20 കി.മീ. റീ-കണ്ടക്ടറിംഗ് പ്രവൃത്തിയും പുതുതായി ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും നടപ്പിലാക്കിയിട്ടുണ്ട്. ഊരകം ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ അപ്പക്കാട് എന്ന സ്ഥലത്ത് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ മുൻഗണനാ പ്രാധാന്യമനുസരിച്ച് പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വൈദ്യുതി നിരക്ക് വർദ്ധനവ്

255 (4461) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത നാലുവർഷത്തേയ്ക്ക് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി., റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2023-24 മുതൽ 2026-27 വരെയുള്ള നാല് സാമ്പത്തിക വർഷത്തേയ്ക്ക് വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനായി 08-02-2023-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അടിസ്ഥാനത്തിലാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്.

കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിക്കുന്ന പ്രതീക്ഷിത വരവ്-ചെലവ് കണക്കുകളെ സംബന്ധിച്ച പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ് റെഗുലേറ്ററി കമ്മീഷൻ താരിഫ് നിർണ്ണയിക്കുന്നത്. വൈദ്യുതി നിയമം 2003, ദേശീയ താരിഫ് നയം 2016, കമ്മീഷൻതന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങൾ എന്നിവ പ്രകാരം വിശദമായ പരിശോധന നടത്തിയാണ് വരവ്-ചെലവ് കണക്കുകൾ നിർണ്ണയിച്ച് റവന്യൂ കമ്മി തീരുമാനിക്കുന്നത്. വൈദ്യുതി ഉൽപ്പാദന വാങ്ങൽ ചെലവുകൾ, ജീവനക്കാരുടെ വേതന ചെലവുകൾ, പലിശ ചെലവുകൾ എന്നിവയാണ് പ്രധാന ചെലവിനങ്ങൾ. താരിഫ് പെറ്റീഷനുകൾ സമർപ്പിച്ചാൽ വിശദമായ പരിശോധനയ്ക്കും സംസ്ഥാനത്തെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽവച്ച് പൊതുജനങ്ങളെയും ഉപഭോക്താക്കളെയും പങ്കെടുപ്പിച്ച് വിശദമായ തെളിവെടുപ്പിനുംശേഷം മാത്രമേ കമ്മീഷൻ തീരുമാനമെടുക്കുകയുള്ളൂ. ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള പൊതുതെളിവെടുപ്പടക്കമുള്ള നടപടിക്രമങ്ങൾ കമ്മീഷൻ ആരംഭിച്ചിട്ടില്ല.

(സി) സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2021 ഏപ്രിൽ 1 മുതൽ നാളിതുവരെയുള്ള വരവ് ചെലവ് കണക്ക് വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വരവ് 16985.62 കോടി രൂപയും ചെലവ് 16249.35 കോടി രൂപയുമാണ്. 01-04-2022 മുതൽ 31-12-2022 വരെയുള്ള താത്കാലിക കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വരവ് 14007.65 കോടി രൂപയും ചെലവ് 14086.81 കോടി രൂപയുമാണ്.

ജോലി സമയത്തെ അപകടം ഒഴിവാക്കാൻ നടപടി

256 (4462) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും ജോലി സമയത്ത് അപകടം സംഭവിക്കുന്നത് ഒഴിവാക്കുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

വൈദ്യുതി ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും ജോലി സമയത്ത് അപകടം സംഭവിക്കുന്നത് ഒഴിവാക്കാൻ സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ കൃത്യമായി നൽകാറുണ്ട്. എല്ലാ ദിവസവും സൺറൈസ് മീറ്റിംഗുകളിൽ ആ ദിവസത്തെ ജോലികൾ സുരക്ഷിതമായി

ചെയ്യേണ്ട നടപടിക്രമം ചർച്ച ചെയ്യുകയും വർക്ക് ചെയ്യാനുള്ള അനുമതി നൽകി വ്യക്തിസുരക്ഷാ ഉപകരണങ്ങളുപയോഗിച്ച് പൂർണ്ണമായ മേൽനോട്ടത്തിലാണ് ജോലികൾ ചെയ്യുന്നത്. കൃത്യമായ ഇടവേളകളിൽ പ്രഥമ ശുശ്രൂഷ ബോധവൽക്കരണം, അഗ്നിശമന പരിശീലനം എന്നിവ നൽകിവരുന്നു. ആവശ്യമായ പരിശീലനം നൽകുന്നതിന് മോക്ഡ്രില്ലുകൾ സംഘടിപ്പിക്കുന്നുണ്ട്. ആവശ്യമായ സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. സുരക്ഷാപരിശോധന കൃത്യമായി നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിന് മുമ്പ് വൈദ്യുതി ബന്ധം വിച്ഛേദിച്ച് ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യുവാൻ പാടുള്ളുവെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നൂതന വർക്ക്സൈറ്റ് എർത്തിംഗ് രീതിയായ 'ഇക്വി പൊട്ടൻഷ്യൽ ബോണ്ട് എർത്തിംഗ്' നടപ്പാക്കിയിട്ടുണ്ട്. വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ചുള്ള സുരക്ഷാ മാനുവൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്റെ സോഫ്റ്റ് കോപ്പി 'സുരക്ഷാ' എന്ന മൊബൈൽ ആപ്പുവഴി ഫീൽഡ് ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കാനായി കെ.എസ്.ഇ.ബി.

ലിമിറ്റഡിലെ വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാൻമാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങളടങ്ങിയ സേഫ്റ്റി കിറ്റ് (ഷോൾഡർ ബാഗോടുകൂടി) ഉപയോഗിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. എർത്ത് റോഡ്, ഷോർട്ടിംഗ് ക്ലിപ്പ്, ഫുൾ ബോഡി സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമെറ്റ്, ഗ്ലൗസ്, എർത്ത് സ്പൈക്ക് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റാണ് നൽകിയിട്ടുള്ളത്. കരാർ ജീവനക്കാർക്കും സേഫ്റ്റി കിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. സുരക്ഷാനയം എല്ലാ ജീവനക്കാരിലേയ്ക്കും എത്തിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കുംവേണ്ടി സുരക്ഷാനയവുമായി ബന്ധപ്പെട്ട പരിശീലന ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും സുരക്ഷാപരിപാലനം ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. വർക്ക് സൈറ്റ് സുരക്ഷ ഉറപ്പുവരുത്താനായി വർക്ക് സൈറ്റ് പരിശോധന, സുരക്ഷാ ഓഡിറ്റ് എന്നിവ നടത്തുന്നുണ്ട്.

കുറ്റ്യാടി ടൗണിലെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് നടപടി

257 (4463) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി ടൗണിലെ വൈദ്യുതി തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉണ്ട്. കുറ്റ്യാടി ടൗണിലേയ്ക്ക് മാത്രമായി ഒരു 11 കെ.വി. ഫീഡർ (ABC) വലിക്കുന്നതിനുള്ള പ്രവൃത്തി 'ടേൺ കീ' (Turn key) അടിസ്ഥാനത്തിൽ ചെയ്യുന്നതിനുവേണ്ടി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആവശ്യമായ പോസ്റ്റുകൾ സ്ഥാപിച്ചുകഴിഞ്ഞു. 7 കി.മീ. AB കേബിൾ വലിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

വാമനപുരം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

258 (4464) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയതിനുശേഷം പുതിയതായി

അപേക്ഷിച്ചവർക്കെല്ലാം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയശേഷം പുതുതായി സർവ്വീസ് കണക്ഷന് അപേക്ഷിച്ചവരിൽ വനം വകുപ്പിന്റെ അനുമതി വേണ്ടതൊഴികെയുള്ള എല്ലാവർക്കും കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ വൈദ്യുതി കണക്ഷൻ നൽകാനുള്ളവരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് നൽകാമോ?

വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കാത്തതിനാൽ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ ആറ് ഉപഭോക്താക്കൾക്ക് സർവ്വീസ് കണക്ഷനുകൾ നൽകുവാൻ കഴിഞ്ഞിട്ടില്ല.

(സി) പ്രസ്തുത അപേക്ഷകർക്കെല്ലാം വൈദ്യുതി കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കാമോ?

വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പാലക്കാട് ജില്ലയിൽ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ

259 (4465) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുണ്ടെന്നും അവയുടെ പ്രതിമാസ വാടക എത്രയെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ പാലക്കാട് സർക്കിളിനുകീഴിൽ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 21 സെക്ഷൻ ഓഫീസുകളുണ്ട്.

ക്രമ നമ്പർ	സെക്ഷൻ ഓഫീസ്	പ്രതിമാസ വാടക (രൂപ)
1	കുഴൽമന്ദം	14,600/-
2	കുത്തനൂർ	15,450/-
3	കോട്ടായി	12,900/-
4	പെരിങ്ങോട്ടുകുറിശ്ശി	16,000/-
5	പാട്ടൂർ	13,000/-
6	കുനിശ്ശേരി	13,000/-
7	പുതുക്കോട്	10,000/-
8	മുടപ്പല്ലൂർ	10,000/-
9	കിഴക്കഞ്ചേരി	11,500/-
10	കല്പാത്തി	13,225/-
11	എലപ്പുള്ളി	13,800/-
12	കോങ്ങാട്	17,250/-
13	പത്തിരിപ്പാല	17,250/-
14	കടമ്പഴിപ്പുറം	15,600/-
15	വേലന്താവളം	13,225/-
16	പുതുനഗരം	8,050/-

17	വണ്ടിത്താവളം	5,290/-
18	കൊല്ലങ്കോട്	23,000/-
19	മുതലമട	9,258/-
20	നെല്ലിയാമ്പതി	Nil (പഞ്ചായത്ത് കെട്ടിടം)
21	വടവന്നൂർ	9,775/-
	ആകെ	**2,62,173/-**

പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 23 സെക്ഷൻ ഓഫീസുകളുണ്ട്.

ക്രമ നമ്പർ	**സെക്ഷൻ ഓഫീസ്**	**പ്രതിമാസ വാടക (രൂപ)**
1	വാണിയംകുളം	14,500/-
2	പേങ്ങാട്ടിരി	14,950/-
3	ചെർപ്പുളശ്ശേരി	8,250/-
4	കോതകുറുശ്ശി	17,020/-
5	ശ്രീകൃഷ്ണപുരം	13,058/-
6	അമ്പലപ്പാറ	10,000/-
7	ലക്കിടി	2023 സെപ്റ്റംബർ വരെ വാടക പഞ്ചായത്ത് കൊടുക്കും
8	തൃത്താല	11,357/-
9	പെരിങ്ങോട്	17,904/-
10	പടിഞ്ഞാറങ്ങാടി	8,085/-
11	ചാലിശ്ശേരി	11,919/-
12	കൂട്ടുപാത	12,098/-
13	കുമ്പിടി	12,000/-
14	തിരുവേഗപ്പുറ	14,375/-

15	മുതുതല	20,241/-
16	വല്ലപ്പുഴ	17,250/-
17	കൊപ്പം	20,250/-
18	ഓങ്ങല്ലൂർ	12,500/-
19	കോട്ടത്തറ	14,600/-
20	അലനല്ലൂർ	11,500/-
21	തച്ചമ്പാറ	10,465/-
22	കുമരംപുത്തൂർ	13,000/-
23	കാഞ്ഞിരപ്പുഴ	7,328/-
	ആകെ	**2,92,650/-**
	ആകെ വാടക	**5,54,823/-**

(ബി) പ്രസ്തുത സെക്ഷൻ ഓഫീസുകളിൽ ഏതിനൊക്കെ സ്വന്തമായി ഭൂമിയുണ്ടെന്നും എപ്പോൾ കെട്ടിടം നിർമ്മിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ചെർപ്പുളശ്ശേരി സെക്ഷൻ കെട്ടിടം സ്വന്തം ഭൂമിയിൽ നിർമ്മാണം നടന്നുവരുന്നു. 2023 ജൂണിൽ പൂർത്തിയാകും. കൊപ്പം സെക്ഷന് സ്വന്തമായി ഭൂമിയുണ്ട്. 2025-നുള്ളിൽ നിർമ്മാണം പൂർത്തിയാകും.

ഷോളയാർ ജലവൈദ്യുത പദ്ധതി

260 (4466) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോളയാർ ജലവൈദ്യുത പദ്ധതിയുടെ ജനറേറ്റർ തകരാർമൂലം വൈദ്യുതോൽപ്പാദനത്തിൽ കുറവ് വന്നിട്ടുണ്ടോ; വിശദമാക്കാമോ?

ഷോളയാർ ജലവൈദ്യുത പദ്ധതിയുടെ ജനറേറ്റർ തകരാർമൂലം വൈദ്യുതോൽപ്പാദനത്തിൽ കുറവ് വന്നിട്ടുണ്ട്. പ്രതിദിനം ഏകദേശം 0.4 ദശലക്ഷം യൂണിറ്റിന്റെ കുറവ് വന്നിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ജനറേറ്റർ പ്രവർത്തനസജ്ജമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ജനറേറ്ററുകൾ നിലവിൽ ഗ്യാരണ്ടി കാലയളവിനുള്ളിലായതിനാൽ നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരൻതന്നെ ജനറേറ്ററുകളുടെ സാങ്കേതിക തകരാർ പരിഹരിക്കുന്നതിനുള്ള ജോലികൾ ചെയ്തുവരുന്നു.

(സി) പ്രസ്തുത പദ്ധതിയെ ആശ്രയിക്കുന്ന പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയിൽനിന്ന് പുറത്തേയ്ക്ക് ഒഴുക്കിവിടുന്ന ജലത്തിൽ കുറവ് സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതുമൂലം ചാലക്കുടി പുഴയിലെ നീരൊഴുക്ക് കുറഞ്ഞതും കുടിവെള്ള/ജലസേചന പദ്ധതികൾ പ്രതിസന്ധിയിലായതും പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ?

(സി&ഡി) ഉണ്ട്. ഇതുസംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ചതിൽനിന്നും ചാലക്കുടിപ്പുഴയിലെ ജലനിരപ്പ് നിലനിർത്താൻ ഷോളയാർ ഡാമിന്റെ ഷട്ടർ തുറന്ന് ഏകദേശം 0.6 MCM വെള്ളം പ്രതിദിനം ഒഴുക്കിവിടേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഇ) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് ഷോളയാറിലെ വാൽവ് തുറന്ന് വെള്ളമൊഴുക്കി ജലവിതരണം ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് ഷോളയാറിലെ ഷട്ടർ തുറന്ന് ദിനംപ്രതി 0.6 MCM ജലം പത്ത് ദിവസത്തേയ്ക്ക് പുഴയിലേയ്ക്ക് ഒഴുക്കിവിട്ടുകൊണ്ട് ജലവിതരണം ക്രമീകരിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

261 (4467) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അതിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും വിശദമാക്കാമോ;

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

<u>സൗരപദ്ധതി</u>- സൗര ഒന്നാംഘട്ട പദ്ധതിയിൽ നിലവിൽ 47 സൗരനിലയങ്ങൾ (367 KW) സ്ഥാപിച്ചു. 3 നിലയങ്ങളുടെ (87 KW) പ്രവൃത്തികൾ പുരോഗതിയിലാണ്. സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ ആകെ 222 അപേക്ഷകൾ ലഭിച്ചു. (817 KW). ഇതിൽ 171 നിലയങ്ങൾ (615 KW) കമ്മീഷൻ ചെയ്തു. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗതിയിലാണ്.

<u>ഇ.വി. ചാർജ്ജിംഗ്</u>- പയ്യന്നൂർ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ 6 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

1. പെരുമ്പ
2. പഴയ ബസ് സ്റ്റാൻഡ്
3. പുതിയ ബസ് സ്റ്റാൻഡ്
4. മാത്തിൽ
5. ഓണക്കുന്ന് (old NH)
6. ചെറുപുഴ

ആർ.ഡി.എസ്.എസ്. പദ്ധതി പ്രകാരം 49 km എച്ച്.ടി. ലൈനുകളും 5.7 km എൽ.ടി. ലൈനുകളും ദൃതി പദ്ധതി പ്രകാരം 5 km എച്ച്.ടി.,

എ.ബി.സി. ലൈനുകളും 30 km എൽ.ടി., എ.ബി.സി. ലൈനുകളും വലിക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള 25 മെഗാവാട്ട് ശേഷിയുള്ള ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡിയോടെ കെ.എസ്.ഇ.ബി.എൽ. മുഖേന സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നുണ്ട്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുരപ്പുറ സൗരോർജ പദ്ധതി നടപ്പിലാക്കാൻ എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത അപേക്ഷയിൽ എത്രയെണ്ണം പൂർത്തീകരിച്ചെന്നും പദ്ധതിയുടെ ഭാഗമായി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ?

സൗര ഒന്നാംഘട്ട പദ്ധതിയിൽ നിലവിൽ 47 സൗരനിലയങ്ങൾ (367 KW) സ്ഥാപിച്ചു. 3 നിലയങ്ങളുടെ (87 KW) നിർമ്മാണ പ്രവൃത്തികൾ പുരോഗതിയിലാണ്. സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ ആകെ 222 അപേക്ഷകൾ ലഭിച്ചു. (817 KW). ഇതിൽ 171 നിലയങ്ങൾ (615 KW) കമ്മീഷൻ ചെയ്തു. ശേഷിക്കുന്നവയുടെ പ്രവൃത്തികൾ പുരോഗതിയിലാണ്. പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ഗാർഹിക പുരപ്പുറ

സൗരോർജ പദ്ധതിയിൽ അനെർട്ടിന് 62 അപേക്ഷകൾ (227 kW) ലഭിച്ചു. ഇവയിൽ 22 അപേക്ഷകളിലായി 63 കിലോവാട്ട് ശേഷിയുള്ള പവർ പ്ലാന്റുകൾ സ്ഥാപിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

ഹൈഡ്രോ ഇലക്ട്രിക് ടൂറിസം പദ്ധതി

262 (4468) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കാൻ ശ്രമിച്ച ഹൈഡ്രോ ഇലക്ട്രിക് ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് ഇടുക്കി ആർച്ച് ഡാം, നാടുകാണി പ്രദേശത്ത് വിപുലമായ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിഭാവന ചെയ്തുവെങ്കിലും വലിയ പദ്ധതികളായതിനാൽ കെ.എസ്.ഇ.ബി.എൽ. നേരിട്ടാണ് തുടർനടപടികൾ സ്വീകരിച്ചുവരുന്നത്.

(ബി) പ്രസ്തുത സ്കീമിന് നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

ഇടുക്കി ആർച്ച് ഡാം ലേസർ ഷോ-വൈശാലി അണ്ടർ വാട്ടർ അക്വേറിയം പ്രോജക്ടിനും നാടുകാണി സ്കൈ വാക്ക് പ്രോജക്ടിനുമായി കൺസൾട്ടൻസി ഫീസായി ഏകദേശം 43 ലക്ഷത്തോളം രൂപയും ഡ്രോൺ

ഷൂട്ടിങ്ങിനും മറ്റിനങ്ങൾക്കുമായി ഏകദേശം 5.50 ലക്ഷം രൂപയും ഹൈഡൽ ടൂറിസത്തിന് ചെലവായിട്ടുണ്ട്.

(സി) ഇടുക്കി ജില്ലയിൽ പ്രസ്തുത പദ്ധതിക്ക് സ്ഥലമേറ്റെടുത്തത് സംബന്ധിച്ച് എന്തെങ്കിലും കേസുകൾ കോടതിയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇല്ല.

(ഡി) പ്രസ്തുത പദ്ധതിയുടെ ചെയർമാൻ, ബോർഡ് മെമ്പർമാർ എന്നിവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ചെയർമാനും ബോർഡ് മെമ്പർമാരും ചേർന്ന് ഇതുവരെ എത്ര യോഗം കൂടിയിട്ടുണ്ടെന്ന് അറിയിക്കാമോ; ആയതിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത മെമ്പർമാർ ശമ്പളം, യാത്രാപ്പടി എന്നീ ഇനങ്ങളിൽ എത്ര തുക നാളിതുവരെ വാങ്ങിയെന്ന കണക്കുകൾ ലഭ്യമാക്കാമോ?

(ഡി-എഫ്) പദ്ധതിയുമായി ബന്ധപ്പെട്ട് തുടർനടപടികൾക്കുള്ള DBFOT (Design Built Finance Own Transfer) രീതിയിൽ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. SPV (Special Purpose Vehicle) രൂപീകരിക്കുന്നതിനുള്ള നടപടികൾ, ടെണ്ടർ നടപടികൾ

പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ നടപ്പിൽവരികയുള്ളൂ. ഇതിനാൽ എസ്.പി.വി.-യുടെ ചെയർമാനും ബോർഡ് മെമ്പർമാരും നിലവിൽ വന്നിട്ടില്ല.

പിറവം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

263 (4469) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിറവം നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിറവം നിയോജകമണ്ഡലത്തിന് കീഴിൽ പിറവം 110 കെ.വി. സബ്സ്റ്റേഷനിൽ രണ്ട് 11 കെ.വി. ഫീഡറുകൾ ഏവക്കാരനാട്, ഓണക്കൂർ എന്നീ പ്രദേശങ്ങളിലെ വൈദ്യുത ക്ഷാമം പരിഹരിക്കുന്നതിനായി ചാർജ്ജ് ചെയ്തിട്ടുണ്ട്. കൂത്താട്ടുകുളം 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി.-യിലേയ്ക്ക് ശേഷി വർദ്ധിപ്പിക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ടമായി 110/11 കെ.വി. 12.5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും രണ്ട് 110 കെ.വി. ഫീഡർ ബേകൾ നിർമ്മിക്കുന്ന പ്രവൃത്തിയും പിറവം

നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കൂത്താട്ടുകുളം-കുറവിലങ്ങാട് 66 കെ.വി. ലൈൻ 110 കെ.വി.-യിലേയ്ക്ക് ശേഷി വർദ്ധിപ്പിക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നു. പിറവം നിയോജകമണ്ഡലത്തിൽ അഞ്ച് പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. ചോരക്കുഴി
2. പിറവം ബസ് സ്റ്റാൻഡിന് സമീപം
3. പാമ്പാക്കുട പഞ്ചായത്ത് ഓഫീസിന് സമീപം
4. തിരുവാങ്കുളം കടുങ്ങമംഗലം
5. മുളന്തുരുത്തി

വിതരണ വിഭാഗത്തിൽ വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു:

(1) **ദ്യുതി പദ്ധതി**- 21.41 കി.മീ. പുതിയ 11 കെ.വി. ലൈൻ വലിക്കുന്നതിനായി 1.58 കോടി രൂപയുടെ പ്രവൃത്തികളും 6.35 കി.മീ. എച്ച്.റ്റി. യു.ജി. കേബിൾ വലിക്കുന്നതിനായി 1.09 കോടി രൂപയുടെ പ്രവൃത്തികളും അഞ്ച് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനായി 18 ലക്ഷം രൂപയുടെ പ്രവൃത്തികളും മൂന്ന് ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കലിനായി 6.36 ലക്ഷം രൂപയുടെ പ്രവൃത്തികളും 13.73 കി.മീ.

പുതിയ എൽ.റ്റി. ഓവർഹെഡ് ലൈൻ വലിക്കുന്നതിനായി 70.29 ലക്ഷം രൂപയുടെ പ്രവൃത്തികളും 1.4 കി.മീ. എൽ.റ്റി. ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ഉപയോഗിച്ചുള്ള ലൈൻ വലിക്കുന്നതിനായി 14 ലക്ഷം രൂപയുടെ പ്രവൃത്തികളും 13.95 കി.മീ. എൽ.റ്റി. ലൈൻ കൺവെർഷൻ പ്രവൃത്തികൾക്കായി 44.24 ലക്ഷം രൂപയുടെ പ്രവൃത്തികളും 62.18 കി.മീ. എൽ.റ്റി. ലൈനുകളുടെ റീ-കണ്ടക്ടറിംഗ് പ്രവൃത്തികൾക്കായി 41 ലക്ഷം രൂപയുടെ പ്രവൃത്തികളും ഉൾപ്പെടെ ആകെ 4.61 കോടി രൂപയുടെ പ്രവൃത്തികൾ ദ്യുതി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(2) **RDSS പദ്ധതി**- RDSS പദ്ധതിയിൽ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ഉപയോഗിച്ചുള്ള 4.2 കി.മീ. പുതിയ 11 കെ.വി. ലൈൻ വലിക്കുന്നതിനായി 73.92 ലക്ഷം രൂപയുടെ പ്രവൃത്തികളും 2.25 കി.മീ 11 കെ.വി. ലൈൻ റീ-കണ്ടക്ടറിംഗ് പ്രവൃത്തികൾക്കായി 22.55 ലക്ഷം രൂപയുടെ പ്രവൃത്തികളും 5 കി.മീ. എൽ.റ്റി. ലൈൻ റീ-കണ്ടക്ടറിംഗ് പ്രവൃത്തികൾക്കായി 44.15 ലക്ഷം രൂപയുടെ പ്രവൃത്തികളും ഉൾപ്പെടെ ആകെ ₹1,40,62,000/- (ഒരു കോടി നാല്പത് ലക്ഷത്തി അറുപത്തിരണ്ടായിരം) രൂപയുടെ പ്രവൃത്തികൾ വകയിരുത്തിയിട്ടുണ്ട്.

ഗാർഹിക പുരപ്പുറ സൗരോർജ പദ്ധതിയിൽ ഉൾപ്പെടുത്തി പിറവം നിയോജക മണ്ഡലത്തിലെ ഒരു ലൈഫ് മിഷൻ വീട്ടിൽ രണ്ട് കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സൗജന്യമായി (60 ശതമാനം തുക സംസ്ഥാനവും 40 ശതമാനം തുക കേന്ദ്രവും ചെലവഴിച്ച്) അനെർട്ട് വഴി സ്ഥാപിച്ചുനൽകി. കൂടാതെ അഞ്ച് വീടുകളിലായി 19 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ കേന്ദ്ര സബ്സിഡിയോടുകൂടി അനെർട്ട് സ്ഥാപിച്ചുനൽകി.

(ബി) പ്രസ്തുത മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

പ്രസരണ വിഭാഗത്തിൽ ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി കൂത്താട്ടുകുളം 110 കെ.വി. സബ്സ്റ്റേഷനിൽ 110/33 കെ.വി. 16 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും പിറവം 110 കെ.വി. സബ്സ്റ്റേഷനിൽ 110/11 കെ.വി. 2x10 MVA ട്രാൻസ്ഫോർമറുകൾ മാറ്റി പകരം 2x20 എം.വി.എ. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

വിതരണ വിഭാഗത്തിൽ പ്രവൃത്തികളുടെ മുൻഗണനാ പ്രാധാന്യം അനുസരിച്ച് ദൃതി, RDSS പദ്ധതികളിൽ പ്രവൃത്തികൾ

ചിട്ടപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 25 മെഗാവാട്ട് ശേഷിയുള്ള ഓൺഗ്രിഡ് പവർ പ്ലാന്റുകൾ കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡിയോടെ കെ.എസ്.ഇ.ബി.എൽ. മുഖേന സംസ്ഥാന വ്യാപകമായി അനെർട്ട് നടപ്പിലാക്കുന്നുണ്ട്.

(സി) മണ്ഡലത്തിൽ ആരംഭിച്ചതും എന്നാൽ പ്രവൃത്തി നിർത്തി വച്ചതുമായ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ. പ്രസ്തുത നിയോജകമണ്ഡലത്തിൽ ആരംഭിച്ച ശേഷം നിർത്തിവച്ച യാതൊരു പദ്ധതിയുമില്ല. മണ്ഡലത്തിൽ അനെർട്ട് ആരംഭിച്ച പദ്ധതികളെല്ലാം പൂർത്തീകരിച്ചു.

(ഡി) മണ്ഡലത്തിൽ നാളിതുവരെ വൈദ്യുത കണക്ഷൻ ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കണക്കുകൾ ലഭ്യമാക്കാമോ?

ഇല്ല; വയറിംഗ് പൂർത്തീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് കെ.എസ്ഇ.ബി.എൽ.-ൽ വൈദ്യുതി കണക്ഷൻ നൽകിവരുന്നുണ്ട്.

കക്കയത്ത് കെ.എസ്.ഇ.ബി.-യുടെ കൈവശമുള്ള ഭൂമി

264 (4470) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയത്ത് കെ.എസ്.ഇ.ബി.-യുടെ കൈവശമുള്ള ഭൂമിയിൽ വനം വകുപ്പ് അവകാശവാദം ഉന്നയിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

കക്കയത്ത് കെ.എസ്.ഇ.ബി-യുടെ കൈവശമുള്ള സർവ്വേ നം. 911-ലെ റിസർവോയറുള്ള ഭൂമിക്ക് വനം വകുപ്പ് അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട് (WPC No. 15467/2016). കൂടാതെ കൂരാച്ചുണ്ട് പഞ്ചായത്തിലെ പ്രാഥമിക ബഫർ സോൺ വിജ്ഞാപനം വന്നപ്പോൾ ബോർഡിന്റെ അധീനതയിലുള്ള ചില സ്ഥലങ്ങൾ ഫോറസ്റ്റ് ലാൻഡായും നിർമ്മിതികൾ ബഫർ സോണിൽ വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപാകതകൾ പരിഹരിക്കാൻ നടപടിയെടുത്തുവരുന്നു.

(ബി) കക്കയത്തെ ഹൈഡൽ ടൂറിസം പദ്ധതിയുടെ വികസനത്തിന് നിലവിലെ കേസുകൾ തടസ്സമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേസുകൾ തീർപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉണ്ട്. നിലവിൽ ഇതുമായി ബന്ധപ്പെട്ട കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

വൈദ്യുത നിരക്ക് വർദ്ധനവ്

265 (4471) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത നാല് വർഷം വൈദ്യുത നിരക്ക് വർദ്ധിപ്പിക്കുന്നതിനായി വൈദ്യുത ബോർഡ് റെഗുലേറ്ററി കമ്മീഷന് മുമ്പാകെ നിർദ്ദേശം വച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനായി 08-02-2023-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച

താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്. കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിക്കുന്ന പ്രതീക്ഷിത വരവുചെലവ് കണക്കുകളെ സംബന്ധിച്ച പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ് റെഗുലേറ്ററി കമ്മീഷൻ താരിഫ് നിർണ്ണയിക്കുന്നത്. വൈദ്യുതി നിയമം 2003, ദേശീയ താരിഫ് നയം 2016, കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങൾ എന്നിവ പ്രകാരം വിശദമായ പരിശോധന നടത്തിയാണ് വരവുചെലവ് കണക്കുകൾ നിർണ്ണയിച്ച് റവന്യൂ കമ്മി തീരുമാനിക്കുന്നത്. വൈദ്യുതി ഉൽപ്പാദന-വാങ്ങൽ ചെലവുകൾ, ജീവനക്കാരുടെ വേതന ചെലവുകൾ, പലിശ ചെലവുകൾ എന്നിവയാണ് പ്രധാന ചെലവിനങ്ങൾ. താരിഫ് പെറ്റീഷനുകൾ സമർപ്പിച്ചാൽ വിശദമായ പരിശോധനയ്ക്കും സംസ്ഥാനത്തെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽവച്ച് പൊതുജനങ്ങളെയും ഉപഭോക്താക്കളെയും പങ്കെടുപ്പിച്ച് വിശദമായ തെളിവെടുപ്പിനുംശേഷം മാത്രമേ കമ്മീഷൻ തീരുമാനമെടുക്കുകയുള്ളൂ. ഇതുസംബന്ധിച്ച് കമ്മീഷൻ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) എത്ര ശതമാനം വർദ്ധന വരുത്താനാണ് വൈദ്യുത ബോർഡ് നിർദേശിച്ചതെന്ന് വിശദമാക്കുമോ?

08-02-2023-ൽ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച താരിഫ് പെറ്റീഷൻ പ്രകാരം ശിപാർശ ചെയ്തിട്ടുള്ള വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച കെ.എസ്.ഇ.ബി.-യുടെ നടപടി

266 (4472) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധനവിലൂടെ നടപ്പ് സാമ്പത്തിക വർഷം കെ.എസ്.ഇ.ബി.-ക്കുണ്ടായ അധിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

25-06-2022-ലെ റെഗുലേറ്ററി കമ്മീഷന്റെ എ.ആർ.ആർ. ഉത്തരവിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2022-23-ലെ റവന്യൂ ഗ്യാപ് 1927.20 കോടി രൂപയായി നിജപ്പെടുത്തിയെങ്കിലും 1010.94 കോടി രൂപ മാത്രമാണ് താരിഫിലൂടെ ഈടാക്കാൻ അനുമതി നൽകിയിട്ടുള്ളത്. 6.58% വർദ്ധനയുള്ള താരിഫ് പരിഷ്കരണമാണ് അനുവദിച്ചിട്ടുള്ളത്. 26-06-2022 മുതൽ മാത്രം പ്രാബല്യം വരുത്തിയതിനാൽ, ടി സാമ്പത്തിക വർഷത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഏകദേശം 760 കോടി രൂപ മാത്രം അധിക വരുമാനം ലഭ്യമാകുമെന്നാണ് കരുതുന്നത്. നിലവിലുള്ള താരിഫ് ഉത്തരവിന്റെ കാലാവധി 31-03-2023-ൽ അവസാനിക്കും. നടപ്പുസാമ്പത്തിക വർഷത്തിൽ ഇതുസംബന്ധിച്ച കണക്കെടുപ്പുകൾ പൂർത്തിയാക്കിയിട്ടില്ല.

(ബി) ഓഡിറ്റ് പ്രകാരം കെ.എസ്.ഇ.ബി.-ക്ക് 2021-22-ൽ 736.27 കോടി രൂപയും 2022-23-ലെ ആദ്യ ത്രൈമാസ കണക്കിൽ 230.70 കോടി രൂപയും ലാഭമാണെന്നിരിക്കെ ഓരോ വർഷവും നഷ്ടക്കണക്ക് നിരത്തി നിരക്ക് വർദ്ധിപ്പിക്കുന്നതിന് ബോർഡ് ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ റെഗുലേറ്ററി കമ്മീഷന് ബോർഡ് സമർപ്പിച്ച നഷ്ടക്കണക്കിന്റെ വിശദാംശവും ലാഭമാണെന്നുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പും നൽകുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന് 2021-22-ൽ 736.27 കോടി രൂപ പ്രവർത്തന ലാഭമുണ്ടെങ്കിൽത്തന്നെ 01-04-2022-ലെ സഞ്ചിത നഷ്ടം 5304.37 കോടി രൂപയാണ്. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി രൂപീകരിച്ച പെൻഷൻ മാസ്റ്റർ ട്രസ്റ്റുമൂലമുള്ള ബാധ്യത (13896.02 കോടി രൂപ) കൂടി കണക്കിലെടുത്താൽ സഞ്ചിത നഷ്ടം 31-03-2022-ൽ ഏകദേശം 19200.39 കോടി രൂപയാണ്. താരിഫ്

നിർണ്ണയിക്കുന്നത് പ്രതീക്ഷിത റവന്യൂ കമ്മിയുടെ അടിസ്ഥാനത്തിലായതിനാലും കെ.എസ്.ഇ.ബി. ലിമിറ്റഡ് സഞ്ചിത നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാലും നിരക്ക് വർദ്ധനവിന്റെ ശിപാർശകൾ നൽകാൻ നിർബന്ധിതമായി തീർന്നു. താരിഫ് റെഗുലേഷൻ 2021 പ്രകാരം, കെ.എസ്.ഇ.ബി. ലിമിറ്റഡ് അഞ്ച് വർഷത്തേയ്ക്കുള്ള (2022 മുതൽ 2027 വരെ) പ്രതീക്ഷിത വരവുചെലവ് കണക്കുകൾ 31-01-2022-ലും വരവും ചെലവും തമ്മിലുള്ള അന്തരം (റവന്യൂ കമ്മി) നികത്തുന്നതിനുള്ള താരിഫ് പെറ്റീഷൻ 10-02-2022-ലും സമർപ്പിച്ചിരുന്നു. റെഗുലേറ്ററി കമ്മീഷൻ, അഞ്ചുവർഷത്തേയ്ക്കുള്ള റവന്യൂ കമ്മി നിജപ്പെടുത്തിയെങ്കിലും ഒരു വർഷത്തേയ്ക്ക് മാത്രമേ താരിഫ് പരിഷ്കരണം 25-06-2022-ലെ ഉത്തരവ് പ്രകാരം അനുവദിച്ച് തന്നിരുന്നുള്ളൂ. റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.+

വൈദ്യുതി നിയമം 2003, ദേശീയ താരിഫ് നയം 2016, കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവ പ്രകാരം വിശദമായ പരിശോധന നടത്തി വരവുചെലവ് കണക്കുകൾ നിർണ്ണയിച്ച് റവന്യൂ കമ്മി തീരുമാനിക്കുന്നത് കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിക്കുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രതീക്ഷിത വരവുചെലവ് കണക്കുകളെ സംബന്ധിച്ച പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ്.

ലൈസൻസിയുടെ ചെലവിനങ്ങൾ കണക്കാക്കുമ്പോൾ വൈദ്യുതി വാങ്ങൽ ചെലവ് മാത്രമല്ല, മറിച്ച് വൈദ്യുതി ഉൽപ്പാദന ചെലവ്, പ്രസരണ ചെലവ്, ജീവനക്കാരുടെ വേതന ചെലവുകൾ (O&M Expenses), പലിശ ചെലവുകൾ, പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേയ്ക്കുള്ള വിഹിതം, തേയ്മാന ചെലവുകൾ (Depreciation), മുടക്കുമുതലിനുള്ള ലാഭവിഹിതം (Return on Equity) എന്നിവ കൂടി കണക്കിലെടുക്കും. ലൈസൻസിയുടെ വരവ് എന്നത് വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ്ജായി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന തുകയാണ്. വരവുചെലവിനങ്ങൾ തമ്മിലുള്ള അന്തരമാണ് റവന്യൂ കമ്മിയായി കണക്കാക്കുന്നത്. ടി കമ്മി അടുത്ത വർഷങ്ങളിലെ താരിഫിൽ വർദ്ധനവ് വരുത്തി നികത്തുന്നതിനാണ് താരിഫ് പരിഷ്കരിക്കുന്നത്. 25-06-2022-ലെ ഉത്തരവിലൂടെ റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ കമ്മിയുടെ വിശദാംശങ്ങൾ അനുബന്ധം II ആയി കൊടുത്തിരിക്കുന്നു.[+] അതായത് അനുബന്ധം I-ൽ കൊടുത്തിരിക്കുന്ന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള വരുന്ന നാല് വർഷങ്ങളിലെ (2023-24 മുതൽ 2026-27 വരെയുള്ള) പ്രതീക്ഷിത റവന്യൂ കമ്മി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നികത്തുന്നതിനാണ് നാല് വർഷത്തേയ്ക്കുള്ള താരിഫ് പെറ്റീഷൻ 08-02-2023-ൽ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചത്. പെറ്റീഷൻ പ്രകാരം ശിപാർശ ചെയ്തിട്ടുള്ള വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.+ 2021-222-ലെ ആഡിറ്റ് പൂർത്തിയാക്കിയ കണക്കുകൾ അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്.+

(സി) ഇത്തരത്തിൽ നിരക്ക് വർദ്ധിപ്പിക്കാൻ പ്രൊപ്പോസൽ നൽകിയതിനുണ്ടായ സാഹചര്യം എന്താണെന്നും അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ?

റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്തുവർഷ കാലയളവിനുശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017, 2019, 2022 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012-ൽ 24%; 2013-ൽ 9.1%; 2014-ൽ 6.7%; 2017-ൽ 4.77%; 2019-ൽ 7.32%; 2022-ൽ 6.59% എന്നിങ്ങനെയായിരുന്നു വർദ്ധനവ്. ഈ താരിഫ് പരിഷ്കരണങ്ങളൊന്നുംതന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2020-2021 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയകാല റവന്യൂ കമ്മി 7,124 കോടിയോളം രൂപയായി നിലനിൽക്കുന്നു. ഈ മുൻകാല കമ്മി കുറഞ്ഞൊരളവിലെങ്കിലും നികത്തിയില്ലെങ്കിൽ സ്ഥാപനത്തിന്റെ സാമ്പത്തിക സുസ്ഥിരതയെയും നിലനിൽപ്പിനെയുംതന്നെ ദോഷകരമായി ബാധിക്കും. 2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് ഇപ്രകാരം അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയപക്ഷം ഏഴ് വർഷംകൊണ്ട് അതിന്റെ പലിശയുൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്.

25-06-2022-ലെ റെഗുലേറ്ററി കമ്മീഷന്റെ എ.ആർ.ആർ. ഉത്തരവിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2022-23-ലെ റവന്യൂ ഗ്യാപ് 1927.20 കോടി രൂപയായി നിജപ്പെടുത്തിയെങ്കിലും 1010.94 കോടി രൂപ മാത്രമാണ് താരിഫിലൂടെ ഈടാക്കാൻ അനുമതി നൽകിയിട്ടുള്ളത്. ജനങ്ങളുടെ മേലുള്ള അമിതഭാരം ഒഴിവാക്കാനാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി മോശമാകുമെങ്കിൽക്കൂടി ഇപ്രകാരമൊരു ഉത്തരവ് പുറപ്പെടുവിച്ചത്. പ്രതിവർഷം 1010.94 കോടി രൂപ അധിക വരുമാനം ലഭിക്കത്തക്ക രീതിയിലുള്ള 6.58% വർദ്ധനയുള്ള താരിഫ് പരിഷ്കരണമാണ് അനുവദിച്ചിട്ടുള്ളത്. 26-06-2022 മുതൽ മാത്രം പ്രാബല്യം

വരുത്തിയതിനാൽ, ടി സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഏകദേശം 760 കോടി രൂപ മാത്രം അധിക വരുമാനം ലഭ്യമാകുമെന്നാണ് കരുതുന്നത്. നിലവിലുള്ള താരിഫ് ഉത്തരവിന്റെ കാലാവധി 31-03-2023-ൽ അവസാനിക്കും. 01-04-2023 മുതലുള്ള താരിഫ്, കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിക്കുന്ന പെറ്റീഷൻ പ്രകാരം കമ്മീഷൻ തീരുമാനമെടുക്കുന്നതാണെന്ന് റെഗുലേറ്ററി കമ്മീഷന്റെ എ.ആർ.ആർ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 25-06-2022-ലെ എ.ആർ.ആർ. ഉത്തരവിലൂടെ 2022 മുതൽ 2027 വരെയുള്ള റവന്യൂ ഗ്യാപ് നിർണ്ണയിച്ച് നൽകിയിരുന്നു. ടി കമ്മി യഥാസമയം താരിഫിലൂടെ പിരിച്ചെടുത്തില്ലെങ്കിൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതി കൂടുതൽ മോശകരമായ അവസ്ഥയിലേയ്ക്ക് നീങ്ങും. കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ് താരിഫ് പരിഷ്കരണത്തിലൂടെ ഈടാക്കിയില്ലെങ്കിൽ ചെലവിനങ്ങൾക്കായി ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരും. കൂടാതെ, താരിഫ് ഉത്തരവിലൂടെ അനുവദിച്ചതന്നതും എന്നാൽ അതത് വർഷങ്ങളിൽ നികത്തപ്പെടാത്തതും തുടർന്ന് 2022-27 കാലയളവിൽ റവന്യൂ കമ്മി തീരുമാനിക്കുന്നതിന് പരിഗണിച്ചതുമായ 3,350 കോടി രൂപ താരിഫിലൂടെ നികത്തപ്പെടേണ്ടതായിട്ടുണ്ട്. പണപ്പെരുപ്പംമൂലം

വർദ്ധിച്ചുവരുന്ന പ്രവൃത്തി പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട മൂലധന നിക്ഷേപ പ്രവൃത്തികൾക്കുള്ള ചെലവുകൾ, വൈദ്യുതി വാങ്ങൽ ചെലവുകൾ തുടങ്ങിയവ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ റവന്യൂ ഗ്യാപ് വർദ്ധിപ്പിക്കുന്നു. ഈ സാഹചര്യത്തിലാണ് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ 2023-27 കാലയളവിലേയ്ക്ക് താരിഫ് പരിഷ്കരിക്കുന്നതിനായി പെറ്റീഷൻ സമർപ്പിച്ചത്.

കെ.എസ്.ഇ.ബി. ലിമിറ്റഡിന് 2021-22-ൽ 736.27 കോടി രൂപ പ്രവർത്തനലാഭമുണ്ടെങ്കിൽത്തന്നെ 01-04-2022-ലെ സഞ്ചിത നഷ്ടം 5304.37 കോടി രൂപയാണ്. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി രൂപീകരിച്ച പെൻഷൻ മാസ്റ്റർ ട്രസ്റ്റുമൂലമുള്ള ബാധ്യത (13896.02 കോടി രൂപ) കൂടി കണക്കിലെടുത്താൽ സഞ്ചിത നഷ്ടം 31-03-2022-ൽ ഏകദേശം 19200.39 കോടി രൂപയാണ്.

താരിഫ് നിർണ്ണയിക്കുന്നത് പ്രതീക്ഷിത റവന്യൂ കമ്മിയുടെ അടിസ്ഥാനത്തിലായതിനാലും കെ.എസ്.ഇ.ബി. ലിമിറ്റഡ് സഞ്ചിത നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാലും നിരക്ക് വർദ്ധനവിന്റെ ശിപാർശകൾ നൽകാൻ നിർബന്ധിതമായി തീർന്നു. നിലവിലുള്ള താരിഫ് ഉത്തരവിന്റെ കാലാവധി 31-03-2023-ൽ അവസാനിക്കുന്നതിനാൽ, 01-04-2023

മുതലുള്ള താരിഫിന് പുതിയ പെറ്റീഷൻ സമർപ്പിക്കണമെന്ന റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 03-02-2023-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ താരിഫ് ആൻഡ് റെഗുലേറ്ററി അഫയേഴ്സ് സെല്ലാണ് നിരക്ക് വർദ്ധനവിന്റെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

നെയ്യാറ്റിൻകര മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രവൃത്തികൾ

267 (4473) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021-22, 2022-23 വർഷങ്ങളിൽ വൈദ്യുതി വകുപ്പ് പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത കാലയളവിൽ ആരംഭിച്ചതിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) **കെ.എസ്.ഇ.ബി.എൽ.** - നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് പ്രസരണ വിഭാഗം 2021-22 സാമ്പത്തിക

വർഷത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഒന്നുംതന്നെയില്ല. എന്നാൽ 2022-23 വർഷത്തിൽ, നെയ്യാറ്റിൻകര 110 കെ.വി. സബ്സ്റ്റേഷനിൽ ഒരു പുതിയ 110/11 കെ.വി. 12.5 MVA ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി ഉയർത്തിയിട്ടുണ്ട്. ഇതിനായി കെ.എസ്.ഇ.ബി.എൽ. തനത് ഫണ്ടിൽനിന്നും അനുവദിച്ച 247 ലക്ഷം രൂപയാണ് വിനിയോഗിച്ചത്.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021-22 കാലയളവിൽ വൈദ്യുതി വിതരണ വിഭാഗത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി 3.97 കോടി രൂപയുടെ പ്രവൃത്തികളും 16.08 ലക്ഷം രൂപയുടെ പി.പി.എസ്. പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.+

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2022-23 കാലയളവിൽ വൈദ്യുതി വിതരണ വിഭാഗത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി 1.37 കോടി രൂപയുടെ പ്രവൃത്തികളും 45.49 ലക്ഷം രൂപയുടെ പി.പി.എസ്. പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021-22, 2022-23 വർഷത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു:

1) 2021-22, 2022-23 ൽ സ്ഥാപിച്ച ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ

1. നെയ്യാറ്റിൻകര കെ.എസ്.ഇ.ബി.എൽ. ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിന്റെ പരിസരത്തായി ഒരു ഡി.സി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിച്ചു.
2. താഴെപ്പറയുന്ന ഏഴ് സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു:
    (i) അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ്
    (ii) ആലംപൊറ്റ
    (iii) പ്ലാമൂട്ടുക്കട
    (iv) അമരവിള പാലത്തിന് സമീപം
    (v) താന്നിമൂട്
    (vi) കുട്ടപ്പന (റോളൻസ് ആശുപത്രിക്ക് സമീപം)
    (vii) ആരക്കുന്ന് മാരായമുട്ടം റോഡ്

2) സൗര പുരപ്പുറ പദ്ധതി- ടി കാലയളവിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ സൗര പുരപ്പുറ പദ്ധതിയുടെ ഭാഗമായി ഒന്നാംഘട്ടത്തിൽ 51 കിലോ വാട്ട് ശേഷിയുള്ള 13 പുരപ്പുറ സൗരോർജ്ജ നിലയങ്ങളും

രണ്ടാംഘട്ടത്തിൽ 327 കിലോ വാട്ട് ശേഷിയുള്ള 78 പുരപ്പുറ സൗരോർജ്ജ നിലയങ്ങളുമായി ആകെ 378 കിലോവാട്ട് ശേഷിയുടെ 91 സൗരോർജ്ജ നിലയങ്ങൾ പൂർത്തീകരിച്ച് ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

3) സൗരോർജ്ജ പദ്ധതി - നെയ്യാറ്റിൻകര ജനറൽ ഹോസ്പിറ്റലിൽ 100 KWP ഒരു സൗരോർജ്ജ നിലയം ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ 2021-22 കാലയളവിൽ കമ്മീഷൻ ചെയ്തു. തിരുവനന്തപുരം ജില്ലാ പഞ്ചായത്താണ് പ്രസ്തുത പദ്ധതിക്കുവേണ്ടി തുക ഒടുക്കിയത്.

4) പി.എം. കുസും പദ്ധതി - പി.എം കുസും ഫീഡർതല സോളറൈസേഷന്റെ ഭാഗമായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 110 കെ.വി. നെയ്യാറ്റിൻകര സബ്സ്റ്റേഷൻ പരിസരത്ത് 50KW സൗരോർജ്ജ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

മേൽ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ കൊടുത്തിരിക്കുന്നു:

1) ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ - ഒരു ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനും ഏഴ് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾക്കും കൂടി 20.06 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

2) സൗര പുരപ്പുറ പദ്ധതി - ഒന്നാംഘട്ട നോൺ സബ്സിഡി പദ്ധതി മുഖാന്തരം കെ.എസ്.ഇ.ബി. മുതൽ മുടക്കിൽ 51 കിലോ വാട്ട് ശേഷിയുള്ള 13 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ 22,95,000 രൂപ ചെലവഴിച്ച് സ്ഥാപിച്ചിട്ടുണ്ട്.രണ്ടാംഘട്ട സബ്സിഡി പദ്ധതി 40% സബ്സിഡി തുക കേന്ദ്ര വിഹിതമായും ശേഷിക്കുന്ന 60% സ്വകാര്യ നിക്ഷേപവുമായിട്ടാണ് പൂർത്തീകരിക്കുന്നത്.

3) സൗരോർജ്ജ പദ്ധതി - പ്രസ്തുത പദ്ധതിക്കായി 68,05,194/- രൂപ ചെലവായിട്ടുണ്ട്.

4) പി.എം. കുസും പദ്ധതി - പ്രസ്തുത പദ്ധതിക്കായി 28,45,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

അനെർട്ട്

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ 50 ലൈഫ് മിഷൻ വീടുകളിൽ സൗജന്യമായി രണ്ട് കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും 17 പട്ടികജാതി കുടുംബങ്ങളിൽ മൂന്ന് കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ

പ്ലാന്റുകളും സൗജന്യമായി (60 ശതമാനം തുക സംസ്ഥാനവും 40 ശതമാനം തുക കേന്ദ്രവും ചെലവഴിച്ചു) അനെർട്ട് വഴി സ്ഥാപിച്ചുനൽകി. കൂടാതെ അഞ്ച് വീടുകളിലായി 16 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ കേന്ദ്ര സബ്സിഡിയോടുകൂടി അനെർട്ട് സ്ഥാപിച്ചുനൽകി. അനെർട്ട് പദ്ധതികളെല്ലാം പൂർത്തീകരിച്ചു.

ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക ചുവടെ ചേർക്കുന്നു:

(i) ലൈഫ് മിഷൻ വീടുകളിൽ സൗജന്യമായി രണ്ട് കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചതിന് അനുവദിച്ച തുക (50 എണ്ണം) - 67.5 ലക്ഷം രൂപ

(ii) പട്ടികജാതി കുടുംബങ്ങളിൽ മൂന്ന് കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചതിന് അനുവദിച്ച തുക (17 എണ്ണം) - 32.385 ലക്ഷം രൂപ.

(iii) വീടുകളിലായി 16 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചതിന് സർക്കാർ അനുവദിച്ച തുക - 2.589 ലക്ഷം രൂപ.

വാമനപുരം മണ്ഡലത്തിൽ ആർ.ഡി.എസ്.എസ്. പദ്ധതി

268 (4474) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽ ആർ.ഡി.എസ്.എസ്. (റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) പദ്ധതി പ്രകാരം നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ ആർ.ഡി.എസ്.എസ് പദ്ധതി പ്രകാരം വിതരണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെയും ഓരോന്നിനും അനുവദിച്ചിട്ടുള്ള തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നം.	**പ്രവൃത്തി**	**അനുവദിച്ച തുക (ലക്ഷത്തിൽ)**
1	റീ കണ്ടക്ടറിംഗ് 11 kV കവേർഡ് കൺഡക്ടർ	265.38
2	റീ കണ്ടക്ടറിംഗ് LT ABC കേബിൾ	66.225
3	റീ കണ്ടക്ടറിംഗ് 11 kV ABC കേബിൾ	641.86
4	പുതിയ ട്രാൻസ്ഫോർമർ ഇൻസ്റ്റലേഷൻ	7.8
5	പുതിയ H.T. ലൈൻ കൺസ്ട്രക്ഷൻ	485.4
	ആകെ തുക	**1466.665**

കൂടാതെ പ്രസരണ മേഖലയിൽ ആർ.ഡി.എസ്.എസ്. ഒന്നാംഘട്ട പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1	നിലവിലുള്ള ആറ്റിങ്ങൽ-വെഞ്ഞാറമൂട് 33 കെ.വി. ലൈൻ കവേർഡ് കൺഡക്ടർ ഉപയോഗിച്ച് പുതുക്കുന്ന ജോലികൾ	469.73 ലക്ഷം
2	നിലവിലുള്ള നെടുമങ്ങാട്-ചുള്ളിമാനൂർ 33 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ കവേർഡ് കൺഡക്ടർ ഉപയോഗിച്ച് പുതുക്കുന്ന ജോലികൾ	531.7 ലക്ഷം

വാമനപുരം നിയോജകമണ്ഡലത്തിൽ ആർ.ഡി.എസ്.എസ്. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുവാനുള്ള ശിപാർശകൾ നിലവിലുണ്ട്:

1) കല്ലറയിൽ പുതുതായി ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തികളും അനുബന്ധ ജോലികളും.

2) ചുള്ളിമാനൂർ 33 കെ.വി. സബ്സ്റ്റേഷനിൽ പുതിയ 11 കെ.വി. ഫീഡർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ.

കൂടാതെ വാമനപുരം നിയോജകമണ്ഡലത്തിൽ ആർ.ഡി.എസ്.എസ്. (അഡീഷണൽ) പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കാനുള്ള ശിപാർശയും നിലവിലുണ്ട്:

1) പാലോടുനിന്നും വിതുരയിലേയ്ക്ക് പുതിയ 33 കെ.വി. UG Cable സ്ഥാപിച്ച് ഇക്ബാൽ കോളേജിനടുത്തു പുതിയ 1x5 MVA 33/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലികൾ.

2) പാലോടുനിന്നും കല്ലറയിലേയ്ക്ക് പുതിയ 33 കെ.വി. UG Cable സ്ഥാപിച്ച് പാങ്ങോട് 1x5 MVA 33/11kV ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലികൾ.

3) ചുള്ളിമാനൂർ-വിതുര 33 കെ.വി. സബ്സ്റ്റേഷനുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രവൃത്തികൾ.

വൈദ്യുതി തടസ്സം അറിയാനുള്ള എസ്.എം.എസ്. സംവിധാനം

269 (4475) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണം തടസ്സപ്പെടുന്നത് അറിയിക്കാൻ നിലവിലുള്ള എസ്.എം.എസ്. സംവിധാനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ?

വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സവുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽനിന്നും കൃത്യമായി OMS (Outage Management System) മുഖേന ഉപഭോക്താക്കൾക്ക് എസ്.എം.എസ്.

അയയ്ക്കുന്ന സംവിധാനം നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഈ സംവിധാനം കുറ്റമറ്റതാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പല സെക്ഷനുകളിലും ആയത് കാര്യക്ഷമമായി ഉപയോഗിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ സത്വര നടപടി സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഷെഡ്യൂൾഡ് മെയിന്റനൻസ് പ്രവൃത്തികൾ ഒ.എം.എസ്. മുഖേന എസ്.എം.എസ്. നൽകി മാത്രമാണ് നടത്തിവരുന്നത്. അൺഷെഡ്യൂൾഡ് മെയിന്റനൻസ് പ്രവൃത്തികൾ പെട്ടെന്നുണ്ടാകുന്നവയായതിനാൽ പലപ്പോഴും വൈദ്യുതി വിതരണം നിലയ്ക്കുന്നതിനുമുൻപ് എസ്.എം.എസ്. നൽകണമെന്ന നിർദ്ദേശം പ്രായോഗികമാകില്ല. എന്നിരുന്നാലും അത്തരം അവസരങ്ങളിൽ അറ്റകുറ്റപ്പണികൾ ആരംഭിക്കുന്നതിന് മുൻപുതന്നെ ഒ.എം.എസ്. മുഖേന എസ്.എം.എസ്. നൽകുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മുൻകൂട്ടി തീരുമാനിച്ച ജോലികൾമൂലമുണ്ടാകുന്ന വൈദ്യുതി തടസ്സം അറിയിക്കുവാനും പെട്ടന്നുണ്ടാകുന്ന വൈദ്യുതി തടസ്സം, ഏകദേശം എപ്പോൾ പുനഃസ്ഥാപിക്കാമെന്ന് അറിയിക്കുവാനുമുള്ള സംവിധാനം നിലവിലുണ്ട്.

ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള സോഫ്റ്റ്വെയർ നവീകരണ നടപടികൾ ആർ.ഡി.എസ്.എസ്. പദ്ധതിയിലുൾപ്പെടുത്തി ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. മേൽ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഉപഭോക്താവിന്റെ ഫോൺ നമ്പർ കൃത്യമായി രജിസ്റ്റർ ചെയ്തിരിക്കേണ്ടത് അനിവാര്യമാണ്.

വേനൽക്കാലത്തെ വൈദ്യുത ഉപയോഗം നേരിടാൻ നടപടി

270 (4476) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽ കടുത്തതോടെ വൈദ്യുതി ഉപയോഗം വർദ്ധിച്ചിട്ടുണ്ടോയെന്നും വേനൽക്കാലത്തെ ഉപയോഗത്തിനുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ വെള്ളം വൈദ്യുതി ബോർഡിന്റെ വിവിധ ഡാമുകളിലായി ഉണ്ടോയെന്നും വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള വിവിധ റിസർവോയറുകളിലെ 27-02-2023-ലെ ജലസംഭരണത്തിന്റെ അളവ് താഴെ

കൊടുത്തിരിക്കുന്നു. എല്ലാ റിസർവോയറുകളിലുംകൂടി 1905.26 ദശലക്ഷം ഘനമീറ്റർ വെള്ളമാണുള്ളത്.

STORAGE DETAILS OF MAIN RESERVOIRS (as on 27-02-2023)				
Sl. No.	Name of Dam Reservoir	District	Today's Storage (MCM)	% Storage wrt Live storage at FRL
1	Idukki	IDK	727.549	49.85%
2	Idamalayar	EKM	512.166	50.32%
3	Kakki (Anathode)	PTA	270.390	60.56%
4	Banasurasagar (KA Scheme)	WND	88.750	44.15%
5	Sholayar	TSR	134.981	90.54%
6	Mattupetty	IDK	46.065	84.11%
7	Anayirankal	IDK	49.8377	100.02%
8	Ponmudi	IDK	29.7881	62.84%
9	Kuttiyadi (Kakkayam)	KKD	16.806	49.46%
10	Pamba	PTA	5.48	17.59%
11	Poringalkuthu	TSR	7.80	25.74%
12	Kundala	IDK	7.005	91.57%
13	Kallarkutty	IDK	3.890	60.50%
14	Erattayar	IDK	0.8110	15.33%
15	Lower Periyar	IDK	3.370	74.07%
16	Moozhiyar	PTA	0.410	35.34%
17	Kallar	IDK	0.1624	21.28%
	GRAND TOTAL		**1905.26**	**53.71%**

(ബി) വൈദ്യുതിയുടെ വർദ്ധിച്ചുവരുന്ന ഉപയോഗം നേരിടുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം നേരിടുന്നതിന് 11 ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

I. <u>നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന പദ്ധതികൾ (209.5/645.93Mu)</u>

1) പള്ളിവാസൽ വിപുലീകരണ പദ്ധതി (60MW/153.90Mu)
2) ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി (24MW/76.45Mu)
3) ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി (24MW/83.5Mu)
4) തൊട്ടിയാർ ജലവൈദ്യുത പദ്ധതി (40MW/99Mu)
5) ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി (85Mu)
6) പെരുവണ്ണാമൂഴി (6MW/24.70Mu)
7) പഴശ്ശി സാഗർ (7.5MW/25.16Mu)
8) മാങ്കുളം ജലവൈദ്യുത പദ്ധതി (40MW/82.08Mu)
9) ഒലീക്കൽ ജലവൈദ്യുത പദ്ധതി (5MW/10.6Mu)
10) പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3MW/5.88 Mu)
11) കുറ്റ്യാടി RMU പദ്ധതി – 3x25MW to 3 x 27.5MW

കൂടാതെ,

i. മരിപ്പുഴ (6MW, 14.84 Mu) പദ്ധതി നടപ്പാക്കുന്നതിനുള്ള കരാറുകാരനെ തീരുമാനിച്ചിട്ടുണ്ട്.

ii. അപ്പർ ചെങ്കുളം SHEP (24MW, 53.22Mu) ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

iii. ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu)യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

iv. ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതിയുടെ (300 MW/194Mu) സാധ്യതാ പഠനം നടത്തുവാൻ വാപ്കോസ് എന്ന ഏജൻസിക്ക് കരാർ നല്കിയിട്ടുണ്ട്.

v. 54.5MW സ്ഥാപിത ശേഷിയുള്ള ജലവൈദ്യുത പദ്ധതികളുടെ സ്ഥലം ഏറ്റെടുക്കലും അനുബന്ധ പ്രവർത്തനങ്ങളും നടന്നുവരുന്നു.

vi. നിരവധി ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പര്യവേക്ഷണങ്ങളും സാധ്യതാ പഠനങ്ങളും നടത്തിവരുന്നു.

കൂടാതെ, സംസ്ഥാനത്തെ ജല വൈദ്യുതി നിലയങ്ങളിലെ ജനറേറ്റിംഗ് യൂണിറ്റുകളുടെ പരമാവധി ലഭ്യത ഉറപ്പുവരുത്തുന്നതിനായി വാർഷിക അറ്റകുറ്റപ്പണികൾ ചുരുങ്ങിയ കാലയളവിനുള്ളിൽ സമയബന്ധിതമായി ചെയ്തീർക്കുകയും സാങ്കേതിക പ്രശ്നങ്ങൾമൂലം ഉൽപ്പാദനം നിർത്തിവച്ച

യൂണിറ്റുകളുടെ തകരാറുകൾ അതിവേഗം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം ഇടുക്കി പവർ ഹൗസിലെ എല്ലാ യൂണിറ്റുകളുടെയും വാർഷിക അറ്റകുറ്റപ്പണികൾ വിജയകരമായി പൂർത്തിയാക്കി 780 മെഗാവാട്ട് പവർ ലഭ്യത ഉറപ്പുവരുത്തിയിട്ടുള്ളതാണ്. കൂടാതെ ലോവർ പെരിയാർ, ഇടമലയാർ ജലവൈദ്യുത പദ്ധതികളിലെ എല്ലാ യൂണിറ്റുകളുടെയും വാർഷിക അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങൾമൂലം ഉൽപ്പാദനം നിർത്തിവച്ച ശബരിഗിരി പദ്ധതിയിലെ യൂണിറ്റ് 6-ന്റെ പുനരുദ്ധാരണ ജോലികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പുനരുപയോഗ ഊർജ്ജ പദ്ധതികൾ നടന്നുവരുന്നത്:-

i. കാസർഗോഡ് സോളാർ പാർക്ക് - 100 MW
ii. അഗളി കാറ്റാടി പദ്ധതി - 70 MW
iii. വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ - 50 MW
iv. നെന്മാറ (KSEB) സോളാർ - 1.5 MW
v. പി.എം. കുസും (45000 പമ്പുകൾ) - 135 MW
vi. പി.എം. കുസും ((KSEB) - 7 MW
vii. രാമക്കൽമേട് കാറ്റാടി - 7 MW

367.5 MW

- സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഊർജ്ജോൽപ്പാദന മാർഗ്ഗമായ ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതൽ നടപ്പിൽവരുത്തുന്നതിനും നിലവിൽ അനുവദിച്ച പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുമുതകുന്ന രീതിയിൽ സംസ്ഥാന ചെറുകിട ജലവൈദ്യുത നയം പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും അതിന്റെ കരട് ഇപ്പോൾ സർക്കാർ പരിഗണനയിലുമാണ്.

- അതുകൂടാതെ സംസ്ഥാനത്ത് വൈദ്യുത ഉപയോഗം കുറയ്ക്കുന്നതിന് ഇ.എം.സി. വിവിധ ഊർജ്ജ കാര്യക്ഷമതാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനുള്ള മാതൃക ഊർജ്ജ കാര്യക്ഷമത കെട്ടിട പദ്ധതി, സർക്കാർ ആശുപത്രികളുടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ചൈതന്യം പദ്ധതി, സ്കൂൾ കെട്ടിടങ്ങളിലെ ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനുള്ള മാതൃക ഊർജ്ജ കാര്യക്ഷമതാ സ്കൂൾ പദ്ധതി, ഊർജ്ജയാൻ പദ്ധതി, സ്കൂൾ കുട്ടികളിൽ ഊർജ്ജ സംരക്ഷണ അവബോധം കൊണ്ടുവരുന്നതിലേയ്ക്കായി സ്മാർട്ട് എനർജി പ്രോഗ്രാം,

കാർഷിക മേഖലയെ കേന്ദ്രീകരിച്ചുകൊണ്ട് അഗ്രികൾച്ചർ ഡിമാൻഡ് സൈഡ് മാനേജ്മെന്റ് പ്രോഗ്രാം, വ്യവസായ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് നടത്തുന്ന ഊർജ്ജ ആഡിറ്റുകൾ, അതുപോലെ വിവിധ ഡെമോൺസ്ട്രേഷൻ പദ്ധതികൾ, സമസ്ത മേഖലകളെയും ഉൾപ്പെടുത്തി ബോധവത്കരണ ശില്പശാലകൾ എന്നിവ നടത്തിവരുന്നു.

സ്വകാര്യ ഊർജ്ജോൽപ്പാദന കേന്ദ്രങ്ങൾ

271 (4477) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര സ്വകാര്യ ഊർജ്ജോൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയെന്നും അവയിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് കെ.എസ്.ഇ.ബി. പ്രതിദിനം വാങ്ങുന്നതെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡുമായി പവർ പർച്ചേസ് എഗ്രിമെന്റ് വെച്ചിട്ടുള്ള 63 സ്വകാര്യ ഊർജ്ജോൽപ്പാദന നിലയങ്ങളാണുള്ളത്. ഇവയിൽ നിന്നെല്ലാംകൂടി പ്രതിദിനം 213.75 മെഗാവാട്ട് വൈദ്യുതിക്കാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. സ്വകാര്യ ഊർജ്ജോൽപ്പാദന നിലയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി

ചേർക്കുന്നു.+ 02-03-2023-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ സ്വകാര്യ ഊർജ്ജോൽപ്പാദകരിൽനിന്നും 21.549 ലക്ഷം യൂണിറ്റാണ് വാങ്ങിയത്. കാറ്റിന്റെയും സൗരോർജ്ജത്തിന്റെയും തോതനുസരിച്ച് പ്രതിദിന ഉൽപ്പാദനത്തിൽ മാറ്റം വരുന്നതാണ്.

മാവേലിക്കര മണ്ഡലത്തിൽ വൈദ്യുതി ലഭിച്ചിട്ടില്ലാത്ത വീടുകൾ

272 (4478) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വൈദ്യുതി ലഭിച്ചിട്ടില്ലാത്ത വീടുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വീടുകൾക്ക് വൈദ്യുതി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(എ&ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ വയറിംഗ് പൂർത്തീകരിക്കാത്തതോ വയറിംഗ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ എണ്ണം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ലഭ്യമല്ല. എന്നാൽ വയറിംഗ് പൂർത്തീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഗ്രണഭോക്താക്കൾക്കും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിനുശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ പുതുതായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

സമ്പൂർണ്ണ വൈദ്യുതീകരണത്തിനുശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ പുതുതായി 7154 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷ നൽകിയ എല്ലാവർക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

പുരപ്പുറ സൗരോർജ്ജ പദ്ധതി

273 (4479) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗതമായ ഉൽപ്പാദനത്തിലൂടെ ലഭിക്കുന്ന വൈദ്യുതിയിൽനിന്നും ഹരിതോർജ്ജത്തിലേയ്ക്ക് മാറുന്നതിന് നടപടികൾ

സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഗാർഹിക ഉപഭോക്താക്കാൾക്കായി കെ.എസ്.ഇ.ബി. നടപ്പിലാക്കിവരുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ സംസ്ഥാനതല പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരമ്പരാഗതമായ ഊർജ്ജോൽപ്പാദനത്തിലൂടെ ലഭിക്കുന്ന വൈദ്യുതിയിൽനിന്നും ഹരിതോർജ്ജത്തിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. <u>സൗരപദ്ധതി</u>

'സൗര' പദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. ഒന്നാംഘട്ട നോൺ-സബ്സിഡി പദ്ധതിയിൽ നിലവിൽ 22.02MW-ന്റെ 1919 നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇത് പൂർണ്ണമായും കെ.എസ്.ഇ.ബി.എൽ. ഫണ്ട് മുഖേനയാണ് നടപ്പിലാക്കിയത്. 'സൗര' രണ്ടാംഘട്ട സബ്സിഡി പദ്ധതി 40 ശതമാനം എം.എൻ.ആർ.ഇ. സബ്സിഡിയോടുകൂടിയും ശേഷിച്ച തുക സ്വകാര്യ നിക്ഷേപവുമായാണ് നടപ്പാക്കുന്നത്. നിലവിൽ സബ്സിഡി പദ്ധതിയിൽ 109.16MW-ന്റെ 29060 നിലയങ്ങൾ കമ്മീഷൻ

ചെയ്തുകഴിഞ്ഞു. ആകെ സൗര പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ 131.18MW-ന്റെ 30979 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

2. സൗരോർജ്ജ പദ്ധതി

പുരപ്പുറ സോളാർ പദ്ധതി/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി, ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്പ്, ചാർജ്ജിംഗ് സ്റ്റേഷനുകളിലുള്ള കനോപ്പിയിൽ സ്ഥാപിക്കുന്ന സോളാർ പ്ലാന്റുകൾ തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കിവരുന്നു. ഒപ്പം വർക്ക് ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധ സർക്കാർ/എൽ.എസ്.ജി.ഡി./മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കൽ തുടങ്ങിയ സൗരോർജ്ജ പദ്ധതികളും പുരോഗമിക്കുന്നു. ടി പ്രവർത്തനങ്ങളുടെയെല്ലാം ഫലമായി കേരളത്തിലെ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിതശേഷി നിലവിൽ 738MW ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 434MW ഈ സർക്കാരിന്റെ കാലയളവിലാണ് സ്ഥാപിച്ചത്. ഇതിൽ 'സൗര' പുരപ്പുറ പദ്ധതി വഴി 128.9MW അധിക വൈദ്യുതി കൂട്ടിച്ചേർത്തു.

ഇതുകൂടാതെ കെ.എസ്.ഇ.ബി.എൽ., താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ 14MW-ന്റെ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനുള്ള LoA, M/s. ഇൻകെൽ എന്ന സ്ഥാപനത്തിന് നൽകി. കഞ്ചിക്കോട് നിലവിലുള്ള 2.025MW-ന്റെ കാറ്റാടി നിലയം 3x2MW എന്ന സ്ഥാപിത ശേഷിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഒരു പദ്ധതിയും ആസൂത്രണം ചെയ്തുവരുന്നു.

സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിനുവേണ്ടി അനെർട്ട് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷിയുള്ള ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നു.
2. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് 'ഹരിത ഊർജ്ജ വരുമാന പദ്ധതി' അനെർട്ട് നടപ്പിലാക്കിവരുന്നു.

3. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം നടപ്പിലാക്കിവരുന്നു.

4. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമായി 100MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് നടപ്പിലാക്കിവരുന്നു.

5. ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് നടപ്പിലാക്കി വരുന്നു.

6. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും

ചെയ്യുന്ന 'റെസ്കോ (RESCO) മോഡൽ' അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അനെർട്ട് മുഖേന നടപ്പിലാക്കിവരുന്ന ഗാർഹിക പുരപ്പുറ സൗരോർജ പദ്ധതിയുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+ ഇതിനുപുറമെ കേന്ദ്ര പദ്ധതിയായ പി.എം. കുസും പദ്ധതി പ്രകാരം കാർഷിക പമ്പുകൾ സൗരോർജ്ജവത്കരിക്കുന്നതിന്റെ ഭാഗമായി 142MW-ന്റെ പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഉപഭോക്താവിന് വായ്പാ സൗകര്യം ഒരുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സൗര പദ്ധതിയുടെ പ്രാധാന്യം ജനങ്ങളിലെത്തിക്കാനായി ഇലക്ട്രിക്കൽ സെക്ഷൻ/സബ്ഡിവിഷൻ തലങ്ങളിൽ നിരവധി തവണ സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തുകയുണ്ടായി. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റ് കാര്യാലയങ്ങളിലും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തുകയുണ്ടായി. ഇതിനുപുറമെ കെ.എസ്.ഇ.ബി.എൽ.-ന്റെ ഒഫീഷ്യൽ വെബ്സൈറ്റ് വഴിയും സോഷ്യൽ മീഡിയ വഴിയും പ്രാദേശികപത്ര മാധ്യമങ്ങൾ വഴിയും വേണ്ടത്ര പ്രചരണങ്ങളും നടത്തിയിട്ടുണ്ട്. ഒപ്പം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡെവലപ്പേഴ്സ് മീറ്റ്, ഇൻവെർട്ടർ, മൊഡ്യൂൾ മുതലായവയുടെ നിർമ്മാതാക്കളുടെയും യോഗങ്ങൾ നടത്തി. ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായ രീതിയിൽ രജിസ്ട്രേഷൻ നടത്തുന്നതിനും സോളാർ നിലയത്തിന്റെ സ്ഥാപനം കഴിയുന്നതുവരെയുള്ള ട്രാക്കിംഗ് സംവിധാനം ഉൾപ്പടെയുള്ള കാര്യങ്ങൾക്കായി ഇ-കിരൺ എന്ന വെബ് പോർട്ടൽ ആവിഷ്കരിച്ചു. നെറ്റ് മീറ്ററിന്റെ ലഭ്യത സബ്റീജിയണൽ സ്റ്റോർ വഴി എല്ലാ സെക്ഷൻ ഓഫീസുകളിലും ഉറപ്പുവരുത്തി. എം.എൻ.ആർ.ഇ.-യിൽനിന്നും സബ്സിഡി സമയബന്ധിതമായി വാങ്ങി ഡെവലപ്പർമാർക്ക് നൽകി. എല്ലാ സെക്ഷൻ ഓഫീസുകളിലും സീനിയർ സൂപ്രണ്ടുമാരെ സോളാർ സെക്ഷൻ ഓഫീസർമാരായി നിയോഗിച്ച് ഉപഭോക്താകൾക്ക് രജിസ്ട്രേഷനും മറ്റ് അനുബന്ധ പ്രവൃത്തികളും എളുപ്പമാക്കി. സൗരനിലയം സ്ഥാപിക്കുന്നതിനുള്ള ചെലവിൽ സബ്സിഡി കഴിച്ചുള്ള ഉപഭോക്തൃ വിഹിതം, ലോണായി അനുവദിക്കുന്നതിനായി ബാങ്കിന്റെ പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് ചില ബാങ്കുകൾ താൽപ്പര്യം പ്രകടിപ്പിക്കുകയും ഇതിനെ സംബന്ധിക്കുന്ന വിവരം ഡെവലപ്പർമാരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അനെർട്ട് നടപ്പിലാക്കിവരുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രചരിപ്പിക്കുന്നതിനും

പ്രോത്സാഹിപ്പിക്കുന്നതിനുമായി വായ്പാ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എച്ച്.ഡി.എഫ്.സി. ബാങ്ക് എന്നിവയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ഡി) സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ കെ.എസ്.ഇ.ബി. മുഖേന നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിൽ പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുന്ന നടപടി

274 (4480) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ സർക്കാർ ഓഫീസുകളിൽ പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുന്നതിന് വൈദ്യുതി വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ?

സർക്കാർ ഓഫീസുകളിൽ പുരപ്പുറ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ ആരാണ് തുടർനടപടി സ്വീകരിക്കേണ്ടത്; എന്ത് നടപടിയാണ് നാളിതുവരെ സ്വീകരിച്ചത്; എന്തൊക്കെ തുടർനടപടികളാണുള്ളത്; വിശദമാക്കാമോ?

സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കിവരുന്നു. ഇതിന് അനെർട്ടിന്റെ പ്ലാൻ ഫണ്ടിൽനിന്നും 10% തുക വിനിയോഗിക്കുന്നുണ്ട്.

അത്തൂർ മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി

275 (4481) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തൂർ നിയോജകമണ്ഡലത്തിൽ പുരപ്പുറ സൗരോർജ പദ്ധതി പ്രകാരം എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

അത്തൂർ നിയോജകമണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ. മുഖേന ഇതുവരെ 243 പേരും അനെർട്ട് മുഖേന 19 പേരും (പ്ലാന്റുകളുടെ ആകെ ശേഷി 71.5 കിലോ വാട്ട്) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ നാളിതുവരെ എത്ര പേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന നാളിതുവരെയായി 'സൗര' സബ്സിഡി സ്കീമിൽ 139 നിലയങ്ങളും (473 kwp) 'സൗര' നോൺ-സബ്സിഡി സ്കീമിൽ (ഫേസ്-I) കെ.എസ്.ഇ.ബി. മുതൽമുടക്കിൽ എട്ട് നിലയങ്ങളും (39 kwp) സ്ഥാപിച്ചു. പ്രസ്തുത പദ്ധതിയിൽ നാളിതുവരെ നാല് പേർക്കായി (18.5 കിലോവാട്ട്) 3,97,700/- രൂപയുടെ ധനസഹായം അനെർട്ട് മുഖേന നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകാൻ പുതിയ അപേക്ഷ സ്വീകരിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

സബ്സിഡി സ്കീമിൽ (ഫേസ് II) ekiran.kseb.in എന്ന പോർട്ടൽ മുഖേന ഉപഭോക്താവിന് രജിസ്റ്റർ ചെയ്യാൻ കഴിയും. നിലയം സ്ഥാപിച്ച് പൂർത്തിയാക്കാനുള്ള തീയതി 2023 മാർച്ച് 23 ആണ്.

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന സേവനവും ഗുണഭോക്തൃ വിഹിതം എത്രയെന്നും വിശദമാക്കാമോ?

'സൗര' സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി മാത്രമുള്ള പദ്ധതിയാണ്. ഈ പദ്ധതിയുടെ ഭാഗമായി ഒന്ന് മുതൽ മൂന്ന്

കിലോവാട്ട് ശേഷിവരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 4 മുതൽ 10 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20 ശതമാനം സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകുന്നത്. 10 കിലോവാട്ടിന് മുകളിൽ സബ്സിഡിയില്ല. എന്നാൽ ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. ഗുണഭോക്താക്കൾക്ക് അനെർട്ട് മുഖേന രജിസ്റ്റർ ചെയ്ത് സൗര നിലയങ്ങൾ സർക്കാർ ധനസഹായത്തോടെ സ്ഥാപിക്കാവുന്നതാണ്. ഇതിനായുള്ള ഗുണഭോക്തൃ വിഹിതം അനുബന്ധമായി ചേർക്കുന്നു.+

പുരപ്പുറ സൗരോർജ്ജ പദ്ധതി

276 (4482) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ എത്ര വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുരപ്പുറ സോളാർ പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. മുഖേന സംസ്ഥാനത്ത് ഇതുവരെ 66597 വീടുകളിൽ സൗരനിലയം സ്ഥാപിച്ചിട്ടുണ്ട്. അനെർട്ട് മുഖേന നടപ്പിലാക്കിവരുന്ന 25 മെഗാവാട്ട് ശേഷിയുള്ള ഓൺഗ്രിഡ് പുരപ്പുറ സോളാർ പവർ പ്ലാന്റുകൾ കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡിയോടെ കെ.എസ്.ഇ.ബി.എൽ. മുഖേന സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നൽകുന്ന സബ്സിഡികളും മറ്റ് ആനുകൂല്യങ്ങളും വിശദമാക്കാമോ?

സൗര' സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി മാത്രമുള്ള പദ്ധതിയാണ്. ഈ പദ്ധതിയുടെ ഭാഗമായി ഒന്ന് മുതൽ മൂന്ന് കിലോവാട്ട് ശേഷിവരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 4 മുതൽ 10 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20 ശതമാനം സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകുന്നത്. 10 കിലോവാട്ടിന് മുകളിൽ സബ്സിഡിയില്ല. എന്നാൽ ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്.

നിലവിൽ എം.എൻ.ആർ.ഇ. (കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം) സബ്സിഡിയിനത്തിൽ 111,29,08,500/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ ഇൻസെന്റീവ് ഇനത്തിൽ 9,89,69,200/- രൂപയും ലഭിച്ചിട്ടുണ്ട്.

കുറ്റ്യാടി മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി

277 (4483) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം ഇതുവരെയായി എത്ര വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 'സൗര' ഒന്നാംഘട്ട പദ്ധതി വഴി 26 സൗര നിലയങ്ങളും (220 kwp), 'സൗര' രണ്ടാംഘട്ട സബ്സിഡി പദ്ധതി വഴി 32 സൗര നിലയങ്ങളും (108 kwp) അനെർട്ട് മുഖേന രണ്ട് കിലോവാട്ട് ശേഷിയുള്ള പവർ പ്ലാന്റുകളും

സ്ഥാപിച്ചിട്ടുണ്ട്. ഈ നിലയങ്ങളിൽനിന്നും 03-03-2023 വരെ 373040 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ നിയോജകമണ്ഡലത്തിലെ എത്ര ഗുണഭോക്താക്കളുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയിൽ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് 58-ഉം അനെർട്ടിന് ഒന്നും ഗുണഭോക്താക്കളാണുള്ളത്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അറിയിക്കാമോ?

പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:-

നിലവിൽ നടപ്പിലാക്കിവരുന്ന പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് സബ്സിഡി നൽകുന്നത്. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10

കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനം നിരക്കിലുമാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്.

അനെർട്ട് മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിന് 'ബൈ മൈ സൺ' എന്ന ഓൺലൈൻ പോർട്ടൽ മുഖേന ഉപഭോക്താക്കൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാന്റ് സ്ഥാപിക്കുന്നത്. അപേക്ഷകർ തെരഞ്ഞെടുക്കുന്ന ഡെവലപ്പർമാർ സ്ഥലം സന്ദർശിച്ച് ഫീസിബിലിറ്റി പരിശോധന നടത്തുകയും തുടർന്ന് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഒരു കിലോവാട്ട് സോളാർ പാനൽ സ്ഥാപിക്കുന്നതിന് നിഴൽ പതിക്കാത്തതും തടസ്സമില്ലാതെ സൂര്യപ്രകാശം ലഭിക്കുന്നതുമായ 100 ചതുരശ്രയടി സ്ഥലം ആവശ്യമാണ്. സബ്സിഡി കഴിഞ്ഞുള്ള തുകയാണ് ഉപഭോക്താക്കൾ പ്ലാന്റ് സ്ഥാപിക്കുന്ന കമ്പനികൾക്ക് നൽകേണ്ടത്. പ്ലാന്റ് നിർമ്മാണം പൂർത്തിയായതിനുശേഷം

സബ്സിഡി തുക കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിൽനിന്ന് ലഭിക്കുമ്പോൾ അത് പ്ലാന്റ് സ്ഥാപിച്ച കമ്പനികൾക്കാണ് നൽകുന്നത്.

കെ.എസ്.ഇ.ബി.എൽ.-ൽ ഉപഭോക്താവ് 1000/- + ജി.എസ്.ടി. അപേക്ഷാ ഫീസടച്ചാണ് അപേക്ഷിക്കേണ്ടത്. ടെക്നിക്കൽ ഫീസിബിലിറ്റി ലഭിച്ചതിനുശേഷം സൗരനിലയം സ്ഥാപിക്കുന്നതിനുവേണ്ടി രജിസ്ട്രേഷൻ ഫീസ് 1000/- + GST/KW അടയ്ക്കേണ്ടതാണ്. നിലയ നിർമ്മാണം വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ ഫീസിന്റെ 80% തിരിച്ച് ഉപഭോക്താവിന് നൽകുന്നതാണ്.

പയ്യന്നൂർ മണ്ഡലത്തിലെ നിലാവ് പദ്ധതി

278 (4484) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് 'നിലാവ്' പദ്ധതി നടപ്പിലാക്കാൻ അപേക്ഷ നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; അതിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും എത്ര കിലോമീറ്റർ വൈദ്യുതി ലൈനാണ് സ്ഥാപിക്കാനുള്ളതെന്ന് അറിയിക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പയ്യന്നൂർ മുനിസിപ്പാലിറ്റി, രാമന്തളി പഞ്ചായത്ത്, കരിവെള്ളൂർ-പെരളം, പെരിങ്ങോം വയക്കര, എരമം-കുറ്റൂർ, ചെറുപുഴ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് 'നിലാവ്' പദ്ധതി നടപ്പിലാക്കാൻ അപേക്ഷ നൽകിയിട്ടുള്ളത്. 'നിലാവ്' പദ്ധതിയിൽ അപേക്ഷിച്ചിട്ടുള്ള ഭാഗങ്ങളിൽ നിലവിൽ ലൈനുകളൊന്നുംതന്നെ വലിക്കാനില്ല.

(ബി) പ്രസ്തുത സ്ഥാപനങ്ങൾ മുൻകൂറായി പണം കെ.എസ്.ഇ.ബി.-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടും കമ്പിയുടെയും ബൾബിന്റെയും ലഭ്യതക്കുറവ് കാരണം പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാടിയോട്ട്ചാൽ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന പെരിങ്ങോം വയക്കര പഞ്ചായത്ത് നിലാവ് പദ്ധതിയിൽ രണ്ടാം ഘട്ടത്തിൽ 500 ബൾബിന്റെ സമ്പൂർണ്ണ പാക്കേജിന് അപേക്ഷിച്ചിരുന്നെങ്കിലും 223 ബൾബിന് മാത്രമേ ഫീസിബിൾ ആയിരുന്നുള്ളൂ. ഫീസിബിൾ ആയവ രണ്ടാംഘട്ട പർച്ചേസ് ഓർഡർ പ്രകാരം വാങ്ങി സ്ഥാപിച്ചുകഴിഞ്ഞു. ബാക്കി 277 ബൾബിനുള്ള അപേക്ഷ 31-07-2021 എന്ന നിശ്ചിത

തീയതിക്കുശേഷം ലഭിച്ചതിനാൽ ആയത് നിലവിലെ പർച്ചേസ് ഓർഡറിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

(സി) എങ്കിൽ ഇവ പരിഹരിച്ച് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

31-07-2021-നുശേഷമുള്ള ആവശ്യകതയ്ക്കനുസൃതമായി പർച്ചേസ് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കല്ല്യാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി സെക്ഷൻ ഓഫീസുകൾ

279 (4485) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ഇപ്പോൾ എത്ര വൈദ്യുതി സെക്ഷൻ ഓഫീസുകൾ നിലവിലുണ്ട്; ഓരോ സെക്ഷൻ ഓഫീസിലും എത്ര ഉപഭോക്താക്കളുണ്ട്; പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നതിൽ വകുപ്പിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നാല് സെക്ഷൻ ഓഫീസുകൾ നിലവിലുണ്ട്. സെക്ഷന്റെ പേരും ഉപഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

ചെറുകുന്ന് - 17620

പഴയങ്ങാടി - 20199

കുഞ്ഞിമംഗലം - 12812

മാടായി - 15473

നിലവിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡം ഇപ്പോൾ നിലവിലില്ല.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഉപഭോക്താക്കൾ കൂടുതലുള്ള വൈദ്യുതി സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ്

കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചുവരുന്നത്. ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനുപുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റിസ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും വാട്സ്ആപ്പ് എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496010101 ഹോട്ട്ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സേവനമേഖല

കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുണ്ട്.

വണ്ടൂർ മണ്ഡലത്തിൽ അനുവദിച്ച സബ്സ്റ്റേഷൻ

280 (4486) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിലെ കരുവാരക്കുണ്ടിൽ അനുവദിച്ച സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

(എ&ബി) വണ്ടൂർ നിയോജകമണ്ഡലത്തിലെ കരുവാരക്കുണ്ടിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി 30-09-2022-ൽ നൽകിയിട്ടുണ്ട്. ടി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 945 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കരുവാരക്കുണ്ട് വില്ലേജ് പരിധിയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 30 സെന്റ് സ്ഥലവും സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് 20 സെന്റ് സ്ഥലവും വിട്ടുനൽകാൻ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് തയ്യാറാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ നടന്നുവരുന്നു. ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

സബ്സ്റ്റേഷൻ പുനഃസ്ഥാപിക്കുന്നതിന് നടപടി

281 (4487) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുറിച്ചി ഗ്രാമപഞ്ചായത്തിൽ നിരന്തരമുണ്ടാകുന്ന വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഇല്ല; എന്നിരിക്കിലും തടസ്സരഹിതമായ വൈദ്യുതി ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുറിച്ചി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന് കീഴിൽ കുറിച്ചി ഗ്രാമപഞ്ചായത്തിൽ, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ദ്യുതി 1.0 പദ്ധതിയിൽ ഉൾപ്പെടുത്തി 21 കി.മീ. 11 കെ.വി. റീ-കൺഡക്ടറിംഗ്, 34 കി.മീ. എൽ.റ്റി. റീ-കൺഡക്ടറിംഗ്, നാല് ട്രാൻസ്ഫോർമർ സ്റ്റേഷൻ സ്റ്റാൻഡേർഡൈസേഷൻ, 6.6 കി.മീ. പുതിയ എൽ.ടി. ABC സ്ഥാപനം എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ അഞ്ച് പുതിയ ട്രാൻസ്ഫോർമറുകൾ ഈ കാലയളവിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി പഞ്ചായത്തിലെ വൈദ്യുതി വിതരണം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കെത്തിക്കുന്നതിനായി ദ്യുതി 2.0, ആർ.ഡി.എസ്.എസ്. എന്നീ പദ്ധതികളിൽപ്പെടുത്തി

നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികളുടെ അംഗീകാരം, ദർഘാസ് നടപടികൾ എന്നിവ പുരോഗമിച്ചുവരുന്നു.

(ബി) വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് കുറിച്ചി ഇലക്ട്രിക് സെക്ഷന്റെ സമീപമുള്ള ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസിന്റെ ഭാഗമായുള്ള സബ്സ്റ്റേഷൻ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് (TECIL) സർക്കാർ പാട്ടത്തിന് നൽകിയിരുന്ന ഭൂമി, പാട്ടവ്യവസ്ഥകൾ ലംഘിച്ചതിനാൽ സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുണ്ട്. ഈ ഭൂമിയിൽനിന്നും സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി 1.5 ഏക്കർ സ്ഥലം വിട്ടുനൽകുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് റവന്യൂ വകുപ്പിലേയ്ക്ക് അപേക്ഷിച്ചിരുന്നു. എന്നാൽ ഈ സ്ഥലത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് (W.P.(C)/11368/15) നിലവിലുള്ളതിനാൽ പ്രസ്തുത കേസിന്മേലുള്ള തീരുമാനമനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

മരവട്ടം-കാടാമുഴ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

282 (4488) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായ മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി എൽ.എ.ആർ.ആർ. ആക്ട് പ്രകാരമുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അടച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന് കാലതാമസം നേരിടുന്നതിന്റെ കാരണമെന്താണെന്നും അറിയിക്കുമോ?

(എ&ബി) മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും കെ.എസ്.ഇ.ബി.എൽ. നൽകിയിട്ടുണ്ട്. ടി സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈനിന്റെ റൂട്ട് അപ്രൂവൽ നൽകിയിട്ടുണ്ട്. ലൈൻ പ്രവൃത്തികൾ എത്രയുംപെട്ടെന്ന് ടെണ്ടർ ചെയ്യുന്നതിനുള്ള നിർദ്ദേശം ഉത്തരമേഖല പ്രസരണ വിഭാഗം ചീഫ്

എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി മരവട്ടത്ത് 116.19 സെന്റ് ഭൂമി കണ്ടെത്തിയിട്ടുണ്ട്. LARR ആക്ട് പ്രകാരം ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള കണ്ടിൻജൻസി ചാർജ്ജായ 3,12,990 രൂപ 15-09-2021-ലും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജായ 18,77,935/- രൂപ 13-12-2022-ലും കെ.എസ്.ഇ.ബി. റവന്യൂ വകുപ്പിലേയ്ക്ക് അടച്ചിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിലെ 11 കെ.വി. ഫീഡർ പ്രശ്നങ്ങളും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് മരവട്ടം-കാടാമ്പുഴ സബ്സ്റ്റേഷന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി. മീറ്റർ റീഡർ റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം

283 (4489) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കെ.എസ്.ഇ.ബി. മീറ്റർ റീഡർ റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം സംബന്ധിച്ച പുരോഗതി വിശദമാക്കുമോ?

മീറ്റർ റീഡർ തസ്തികയിൽ നിയമന ഉത്തരവ് നൽകിയ 218 ഒഴിവിന്മേലുള്ള 17 എൻ.ജെ.ഡി. ഒഴിവുകളിൽ 04-02-2023-ൽ നിയമന ഉത്തരവ് നൽകി നിയമന നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം (Revamped, Reforms Linked Results Based Distribution Sector Scheme) പ്രീപെയ്ഡ് സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ അതിനൂതനമായ പരിഷ്കാരങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ വന്നുകൊണ്ടിരിക്കുന്നതിനാലും വിപുലമായ റീ-സ്കച്ചറിംഗ് ആരംഭിച്ചതിനാലും മീറ്റർ റീഡർ തസ്തികയിൽ കൂടുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നിർവ്വാഹമില്ല. റീ-സ്കച്ചറിംഗിനുശേഷം മാത്രമേ ടി തസ്തികയിലെ ഒഴിവുകളുടെ എണ്ണം നിജപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

തിരുരങ്ങാടി മണ്ഡലത്തിലെ ലക്ഷംവീട് കോളനിയിലെ 11 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

284 (4490) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പെരുമണ്ണ-ക്ലാരി പഞ്ചായത്തിൽ വാർഡ് മൂന്നിൽപ്പെട്ട ലക്ഷംവീട് കോളനിക്ക് മുകളിലൂടെ പോകുന്ന 11 കെ.വി. ലൈൻ അപകടസാധ്യതയുള്ളതിനാൽ മാറ്റിസ്ഥാപിക്കണമെന്നുള്ള പൊതുജന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പെരുമണ്ണ-ക്ലാരി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽപ്പെട്ട ലക്ഷംവീട് കോളനിക്ക് മുകളിലൂടെ പോകുന്ന 11 കെ.വി. ലൈൻ മാറ്റിസ്ഥാപിക്കണമെന്നുള്ള കൺവീനർ ശ്രീ. ഏലായി മുസ്തഫ എന്നിവർ ഉൾപ്പെടെ 20 പേർ ചേർന്ന് നൽകിയ പരാതി ലഭിച്ചിട്ടുണ്ട്. പരാതി പ്രകാരം നടത്തിയ പരിശോധനയിൽ വ്യക്തമായിട്ടുള്ള വിവരങ്ങൾ താഴെ പറയുന്നു:-

പ്രസ്തുത 11 കെ.വി. ലൈൻ എടരിക്കോട് സബ്സ്റ്റേഷനിൽനിന്ന് തിരൂരങ്ങാടി, വെന്നിയൂർ പ്രദേശങ്ങളിലേയ്ക്ക് വൈദ്യുതി വിതരണം ചെയ്യുന്ന 11 കെ.വി. തിരൂരങ്ങാടി ഫീഡറിന്റെ കള്ളിക്കൽ വളപ്പ് മുതൽ പോസ്റ്റ്

ഓഫീസ് AB വരെയുള്ള 400 മീറ്റർ ഭാഗമാണ്. 1981-ൽ നിർമ്മിച്ചിട്ടുള്ള എടരിക്കോട് സബ്സ്റ്റേഷനോടൊപ്പംതന്നെ സ്ഥാപിച്ചിട്ടുള്ളതാണ് ഈ ലൈനും. നിർമ്മാണ സമയത്ത് പ്രദേശത്ത് വീടുകളൊന്നും ഉണ്ടായിരുന്നില്ല. ലൈനിന്റെ സുരക്ഷാപരിശോധനകളും മരച്ചില്ലകൾ നീക്കംചെയ്യുന്നത് ഉൾപ്പെടെയുള്ള എല്ലാ അറ്റകുറ്റപ്പണികളും സമയാസമയങ്ങളിൽ നടത്തിവരുന്നതുമാണ്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

സ്ഥലം പരിശോധിക്കുകയും പ്രസ്തുത 11 കെ.വി. ലൈൻ മാറ്റിസ്ഥാപിക്കുവാൻ 500m പുതിയ ലൈൻ വലിക്കേണ്ടതായി വരുന്നതിനാൽ ഇതിന് ഉദ്ദേശം 9.5 ലക്ഷം രൂപ ചെലവ് വരുന്നതുമാണെന്ന് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ വർക്ക് ഡെപ്പോസിറ്റ് തുക അടവാക്കുന്ന പക്ഷം ലൈൻ നാഷണൽ ഹൈവേയിലേയ്ക്ക് മാറ്റി സ്ഥാപിക്കാവുന്നതാണ്.

(സി) പ്രസ്തുത ആവശ്യം മുൻനിർത്തി ബന്ധപ്പെട്ട ജനപ്രതിനിധികൾ ഉദ്യോഗസ്ഥർക്ക് നൽകിയ നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരാതിയിൽ പറയുന്ന പ്രദേശം ബന്ധപ്പട്ട ഉദ്യോഗസ്ഥർ പരിശോധിക്കുകയും ഉദ്ദേശം എസ്റ്റിമേറ്റ് തുക കണക്കാക്കുകയും ടി വിവരങ്ങൾ പരാതിക്കാരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

നെയ്യാറ്റിൻകര മണ്ഡലത്തിലെ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ

285 (4491) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് എത്ര സ്റ്റേഷനുകളാണ് ആരംഭിച്ചതെന്ന് വിശദമാക്കുമോ; അവ എവിടെയെല്ലാമെന്ന് വിശദമാക്കുമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നെയ്യാറ്റിൻകര കെ.എസ്.ഇ.ബി.എൽ. ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിന്റെ പരിസരത്തായി ഒരു ഡി.സി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഏഴ് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്:

1) അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ്
2) ആലംപൊറ്റ
3) പ്ലാമൂട്ടുക്കട

4) അമരവിള പാലത്തിന് സമീപം

5) താന്നിമൂട്

6) കൂട്ടപ്പന (റോളൻസ് ആശുപത്രിക്ക് സമീപം)

7) ആരക്കുന്ന് മാരായമുട്ടം റോഡ്

അപകടകരമായ രീതിയിലുള്ള കേബിളുകളും ലൈനുകളും

286 (4492) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന റോഡുകളിലും ഇടറോഡുകളിലുമുള്ള ഇലക്ട്രിക് പോസ്റ്റുകളിലൂടെ കടന്നുപോകുന്ന കേബിളുകൾ അപകടകരമായ രീതിയിൽ താഴ്ന്നകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേബിളുകളും ലൈനുകളും മാറ്റുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. കേബിൾ ടി.വി. ഓപ്പറേറ്ററുമായി ഏർപ്പെടുന്ന കരാർ പ്രകാരം 18-10-2002, 04-02-2020, 23-07-2022 എന്നീ തീയതികളിലെ ബോർഡ് ഉത്തരവുകൾ പാലിച്ചാണ് പോസ്റ്റുകളിൽക്കൂടി കേബിൾ വലിക്കേണ്ടത്. കേബിൾ ടി.വി. ഓപ്പറേറ്റർമാർ പലരും നിഷ്കർഷിക്കപ്പെട്ട നിബന്ധനകൾ പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അവ പരിശോധിച്ച്

പരിഹരിക്കുന്നതിനാവശ്യമായ നടപടി കൈക്കൊണ്ട് നവംബർ മാസംതന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. തുടർന്ന് കേബിൾ ടി.വി. ഓപ്പറേറ്റേഴ്സ് അസോസിയേഷൻ വിവിധ വിഷയങ്ങളിന്മേൽ പ്രഖ്യാപിച്ച ഒരു ദിവസ സമരത്തിന് മുന്നോടിയായി ഓപ്പറേറ്റർമാരുടെ സംഘടനയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേബിൾ ടി.വി. ടാഗ് ചെയ്ത് പൂർത്തിയാക്കാനുള്ള സമയം 2023 മാർച്ച് 15 വരെ നീട്ടി നൽകുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 23-02-2023 ഉത്തരവ് പ്രകാരം 05-03-2023-നുമുൻപ് ടാഗിംഗ് പൂർത്തീകരിക്കേണ്ടതും തുടർന്ന് 06-03-2023 മുതൽ ടാഗ് ചെയ്യാത്തവ യാതൊരുവിധ അവശിഷ്ടവും ബാക്കി വയ്ക്കാത്ത രീതിയിൽ ദൃശ്യമലിനീകരണം ഉണ്ടാക്കാതെ പോസ്റ്റിൽനിന്നും നീക്കം ചെയ്യണമെന്നുമാണ് ഉത്തരവിട്ടിരിക്കുന്നത്. ഇതേ തുടർന്ന് ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് വരുന്ന 10 ദിവസങ്ങൾ (05-03-2023) കൊണ്ട് ടാഗിംഗ് പൂർത്തീകരിക്കുവാനും അല്ലാത്തപക്ഷം ബഹുമാനപ്പെട്ട കോടതി പറഞ്ഞ രീതിയിൽ ഇവ പോസ്റ്റിൽനിന്ന് ഒഴിവാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

26-08-2022-ലെ ബോർഡ് ഉത്തരവ് പ്രകാരം സംസ്ഥാനമൊട്ടാകെ കെ.എസ്.ഇ.ബി.എൽ.-ന്റെ വൈദ്യുത തൂണുകളിൽക്കൂടി വലിച്ചിരിക്കുന്ന അനധികൃത കേബിളുകൾ നീക്കം ചെയ്യുന്നതിനും അംഗീകൃത കേബിളുകൾ സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിനുമുള്ള ഒരു ഡ്രൈവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അംഗീകൃത കേബിൾ ഓപ്പറേറ്റർമാരെയും അവർക്ക് അനുവദിച്ച് നൽകിയിട്ടുള്ള വൈദ്യുത തൂണുകളും ലിങ്ക് ചെയ്തുകൊണ്ടുള്ള ഒരു മൊബൈൽ ആപ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇങ്ങനെ താഴ്ന്നകിടന്ന കേബിളുകൾ സ്കൂൾ ബസിലും മറ്റ് വാഹനങ്ങളിലും കുരുങ്ങി എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ താഴ്ന്നകിടന്ന കേബിളുകൾ വാഹനങ്ങളിലും മറ്റും കുരുങ്ങി ഒൻപത് അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

വൈദ്യുതി മേഖലയിൽനിന്നും കർഷകർക്ക് ലഭിക്കുന്ന സബ്സിഡി

287 (4493) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിലെ സമഗ്ര വികസനത്തിനായി വൈദ്യുതി നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കാർഷിക മേഖലയിൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന സഹായങ്ങളുടെ വിശദാംശം നൽകാമോ?

(എ&ബി) വൈദ്യുതി മേഖലയിലെ സമഗ്ര വികസനത്തിന് പ്രത്യേകമായി വൈദ്യുതി നയം രൂപീകരിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദവിവരം ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ പുരപ്പുറ സോളാർ പദ്ധതി/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി, ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്, ചാർജ്ജിംഗ് സ്റ്റേഷനുകളിലുള്ള കനോപ്പിയിൽ സ്ഥാപിക്കുന്ന സോളാർ പ്ലാന്റുകൾ തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നു. ഒപ്പം വർക്ക് ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധ സർക്കാർ/എൽ.എസ്.ജി.ഡി./മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും

സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കൽ തുടങ്ങിയ സൗരോർജ്ജ പദ്ധതികളും പുരോഗമിക്കുന്നു. ടി പ്രവർത്തനങ്ങളുടെയെല്ലാം ഫലമായി കേരളത്തിലെ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിതശേഷി നിലവിൽ 738MW ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 434MW ഈ സർക്കാരിന്റെ കാലയളവിലാണ് സ്ഥാപിച്ചത്. ഇതിൽ 128.9MW സൗര പുരപ്പുറ പദ്ധതിവഴി അധിക വൈദ്യുതി കൂട്ടിച്ചേർത്തു. ഇതുകൂടാതെ കെ.എസ്.ഇ.ബി.എൽ., താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ 14MW-ന്റെ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനുള്ള LoA, M/s ഇൻകെൽ എന്ന സ്ഥാപനത്തിന് നൽകി. കഞ്ചിക്കോട് നിലവിലുള്ള 2.025MW-ന്റെ കാറ്റാടി നിലയം 3x2MW എന്ന സ്ഥാപിത ശേഷിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഒരു പദ്ധതിയും ആസൂത്രണം ചെയ്തുവരുന്നു.

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ജലവൈദ്യുത ഉൽപ്പാദന മേഖലയിൽ 38.5 മെഗാവാട്ട് അധികമായി കൂട്ടിച്ചേർക്കാൻ കഴിഞ്ഞു. 24 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പെരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതി 04-05-2022-ലും രണ്ട് മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള അപ്പർ കല്ലാർ ജലവൈദ്യുത പദ്ധതി 30-09-2021-ലും കമ്മീഷൻ ചെയ്യുകയുണ്ടായി. എട്ട് മെഗാവാട്ട് ശേഷിയുള്ള

ആനക്കാംപൊയിലും 45 മെഗാവാട്ട് ശേഷിയുള്ള അരിപ്പാറയും ഈ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്യുകയുണ്ടായി. കൂടാതെ, 20-02-2021-ൽ കമ്മീഷൻ ചെയ്ത ആറ് മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ചാത്തൻകോട്ടുനട ജലവൈദ്യുത പദ്ധതിയിൽനിന്നും 21-06-2021 മുതൽ പൂർണ്ണതോതിൽ വൈദ്യുത ഉൽപ്പാദനം നടത്തിവരുന്നു. കൂടാതെ, 106 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള മൂന്ന് ജലവൈദ്യുത പദ്ധതികളായ തോട്ടിയാർ (40 മെഗാവാട്ട്), പള്ളിവാസൽ വിപുലീകരണ പദ്ധതി (60 മെഗാവാട്ട്), പെരുവണ്ണാമുഴി (6 മെഗാവാട്ട്) എന്നിവ ഈ വർഷത്തിൽത്തന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മാങ്കുളം ജലവൈദ്യുത പദ്ധതി (40MW, 82.08Mu)യുടെ നിർമ്മാണോദ്ഘാടനം 01-04-2022-ലും ചിന്നാർ ജലവൈദ്യുത പദ്ധതി (24MW, 76.45 Mu)യുടെ രണ്ടാംഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനം 20-06-2022-ലും നടത്തുകയുണ്ടായി. അവയുടെ പണികൾ പുരോഗമിക്കുന്നു. ഇതിനുപുറമെ ഒലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (2x2.50MW, 10.26Mu), പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (2x1.50MW, 5.88Mu) എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ 19-09-2022-ൽ ആരംഭിച്ചു. കൂടാതെ, മരിപ്പുഴ (6MW, 14.84Mu) പദ്ധതി

നടപ്പാക്കുന്നതിനുള്ള കരാറുകാരനെ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, അപ്പർ ചെങ്കുളം SHEP (24MW, 53.22Mu) ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ഡി) വൈദ്യുതി വകുപ്പ് കർഷകർക്ക് നൽകുന്ന സബ്സിഡികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത്, നിലവിൽ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ, LT V(A) കാർഷിക താരിഫിലാണ് നൽകിവരുന്നത്. താഴെപ്പറയുന്ന ഇളവുകളാണ് സംസ്ഥാനത്തെ കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്:

1. 2012-13 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ കർഷകർക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചുവരുന്ന എനർജി ചാർജ്ജിൽ യൂണിറ്റൊന്നിന് 85 പൈസ നിരക്കിൽ സംസ്ഥാന ഗവൺമെന്റ് സബ്സിഡി നൽകിവരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട ഏകദേശം 4.5 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭ്യമാകുന്നുണ്ട്. ടി ഇനത്തിൽ പ്രതിവർഷം ഏകദേശം 25 കോടിയോളം രൂപയാണ് നൽകിവരുന്നത്.

2. സംസ്ഥാന ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭ്രപരിധിയുള്ള കാർഷിക ഉപഭോക്താക്കൾക്ക് (നെൽകൃഷിക്ക് പരിധിയില്ലാതെയും മറ്റ് കാർഷിക വിളകൾക്ക് ഏറ്റവും കുറഞ്ഞത് 30 സെന്റ് അതിൽ 75% എങ്കിലും കൃഷിക്ക് ഉപയുക്തമാക്കിയിരിക്കണം, പച്ചക്കറിക്കൃഷി - 10 സെന്റ്, വെറ്റില കൃഷി - 5 സെന്റ്) കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ്ജ് പൂർണ്ണമായും സൗജന്യമായി നൽകിവരുന്നു. ഇതിന്റെ ആനുകൂല്യം ഏകദേശം 2.8 ലക്ഷം കാർഷിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു. ടി ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 12 കോടിയോളം രൂപ വരും.

3. ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭ്രപരിധിയില്ലാത്ത കാർഷിക ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 2.90 പൈസ നിരക്കിലാണ് നൽകിവരുന്നത്. അതായത്, ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ പ്രിമൈസസിൽ എത്തിക്കുന്നതിനാവശ്യമായ ചെലവായ (Average Cost of Supply) 6.93 രൂപയെക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ടി വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകിവരുന്നത്.

മുക്കത്ത് ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷൻ

288 (4494) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ കേന്ദ്രം, സംസ്ഥാനപാത കടന്നുപോകുന്ന പ്രധാന പട്ടണം, മലയോര മേഖലയുടെ ആസ്ഥാനം എന്നീ പ്രത്യേകതകളുണ്ടെങ്കിലും മുക്കത്ത് വൈദ്യുതി വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് ഇലക്ട്രിക്കൽ ചാർജ്ജിംഗ് സ്റ്റേഷൻ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ മുക്കത്ത് ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളില്ല. എന്നാൽ മുക്കത്ത് രണ്ട് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുണ്ട്. അവ മിനി സിവിൽ സ്റ്റേഷന് സമീപവും എസ്.ബി.ഐ. ബാങ്കിന് സമീപവുമാണ്.

(ബി) എങ്കിൽ മുക്കത്ത് ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

അഴീക്കോട് മണ്ഡലത്തിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ

289 (4495) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ അഴീക്കോട് നിയോജകമണ്ഡലത്തിൽ വളപട്ടണത്ത് ഒരു ഡി.സി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന ആറ് സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്:

1. ചിറക്കൽ പി.എച്ച്.സി.
2. ഹൈവേ ജംഗ്ഷൻ
3. കണ്ണാടി പറമ്പ് ടാക്സി സ്റ്റാന്റ്
4. വൻകുളത്ത് വയൽ
5. പാപ്പിനിശ്ശേരി പഞ്ചായത്ത്
6. പൊടിക്കുണ്ട്

കണ്ടശ്ശാംകടവിൽ കെ.എസ്.ഇ.ബി. ചാർജ്ജിംഗ് സ്റ്റേഷൻ

290 (4496) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് മണലൂർ മണ്ഡലത്തിലെ കണ്ടശ്ശാംകടവിൽ കെ.എസ്.ഇ.ബി. ചാർജ്ജിംഗ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ടോ?

മണലൂർ നിയോജകമണ്ഡലത്തിൽ കണ്ടശ്ശാംകടവിൽ കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരം ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും എന്നാണ് പൂർത്തീകരിച്ചതെന്നും അറിയിക്കാമോ?

ജോലി ആരംഭിച്ചത് - 10-03-2021

ജോലി പൂർത്തിയായത് - 03-01-2023

(സി) പ്രസ്തുത പ്രവൃത്തിക്ക് എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് ആകെ 31,98,039.8 രൂപ ചെലവായിട്ടുണ്ട്.

(ഡി) പ്രവൃത്തി പൂർത്തീകരിച്ചശേഷം ചാർജ്ജിംഗ് സ്റ്റേഷൻ യഥാസമയം തുറന്ന് കൊടുത്തില്ലെന്ന പരാതിയുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പരാതി ലഭിച്ചിട്ടില്ല.

(ഇ) പ്രചാരം നൽകാതെയും മുന്നറിയിപ്പില്ലാതെയും ചാർജ്ജിംഗ് സ്റ്റേഷൻ തുറക്കാനിടയായത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

2022 മേയ് മാസത്തിൽ ചാർജ്ജിംഗ് സ്റ്റേഷനുകളുടെ തൃശ്ശൂർ ജില്ലാതല ഉദ്ഘാടനം നടന്നുകഴിഞ്ഞിരുന്നു. എന്നാൽ ഈ സമയം കണ്ടശ്ശാംകടവ് ചാർജ്ജിംഗ് സ്റ്റേഷൻ പൂർത്തിയായിരുന്നില്ല. സംസ്ഥാനത്ത് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ദൗർലഭ്യം നേരിട്ടിരുന്ന സാഹചര്യത്തിലാണ് പൂർത്തിയായ സ്റ്റേഷനുകൾ എത്രയുംപെട്ടെന്ന് ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിലേയ്ക്കായി തുറന്നുകൊടുത്തത്. പിന്നീട് 03-01-2023-ന് പണി പൂർത്തീകരിച്ചപ്പോൾ കണ്ടശ്ശാംകടവ് ചാർജ്ജിംഗ് സ്റ്റേഷൻ പ്രാദേശിക അറിയിപ്പ് നൽകി പൊതുജനത്തിനുവേണ്ടി തുറന്നുകൊടുക്കുകയായിരുന്നു.

തിരുരങ്ങാടി മണ്ഡലത്തിലെ 11 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

291 (4497) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കക്കാട്, കാച്ചടി, കരിമ്പിൽ എന്നീ പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങൾക്കും വീടുകൾക്കും

മുകളിലൂടെ പോകുന്ന 11 കെ.വി. ലൈൻ മാറ്റിസ്ഥാപിക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത 11 കെ.വി. ലൈൻ എടരിക്കോട് സബ്സ്റ്റേഷനിൽനിന്ന് തിരുരങ്ങാടി, വെന്നിയൂർ പ്രദേശങ്ങളിലേയ്ക്ക് വൈദ്യുതി വിതരണം ചെയ്യുന്ന 11 കെ.വി. തിരുരങ്ങാടി ഫീഡറിന്റെ കാച്ചടി മുതൽ കക്കാട് ബോർഡർ AB വരെയുള്ള ഭാഗമാണ്. ഇതുസംബന്ധിച്ച 2020-ലെ വൈദ്യുതി അദാലത്തിലെ തീരുമാന പ്രകാരം ആറ് കീലോമീറ്റർ ദൂരം 11 കെ.വി. ലൈൻ റീ-കൺഡക്ടറിംഗ് നടത്തുകയും 28 A-Type പോസ്റ്റുകളും, 25 എണ്ണം 9 മീറ്റർ പി.എസ്.സി. പോസ്റ്റുകൾ ഉപയോഗിച്ച് കേടായ പോസ്റ്റുകൾ മാറ്റുകയും ആവശ്യമായ ഇടങ്ങളിൽ പുതിയ പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്ത് സിസ്റ്റം സ്ട്രെങ്തനിംഗാക്കി മാറ്റിയിട്ടുണ്ട്. ഈ പ്രവൃത്തി കെ.എസ്.ഇ.ബി.-യുടെ ദൃതി സ്കീമിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചതും സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത 11 കെ.വി. ലൈൻ എൻ.എച്ച്. വഴി മാറ്റുവാൻ 1100 മീറ്റർ പുതിയ ലൈൻ വലിക്കേണ്ടതായിവരും. ഇതിന് ഉദ്ദേശം 24.5 ലക്ഷം രൂപ ചെലവ് വരുന്നതുമാണ്. സ്ഥലം സന്ദർശിച്ച് ആവശ്യമായ എസ്റ്റിമേറ്റ്

തയ്യാറാക്കുകയും എസ്റ്റിമേറ്റ് തുക അടവാക്കുന്ന മുറയ്ക്ക് പ്രവൃത്തി ചെയ്യുന്നതാണെന്ന് ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ജനപ്രതിനിധികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയ നിവേദനങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പ്രസ്തുത 11 കെ.വി. ലൈൻ എൻ.എച്ച്. വഴി മാറ്റുവാൻ 1100 മീറ്റർ പുതിയ ലൈൻ വലിക്കേണ്ടതായി വരും. ഇതിന് ഉദ്ദേശം 24.5 ലക്ഷം രൂപ ചെലവ് വരുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും എസ്റ്റിമേറ്റ് തുക അടവാക്കുന്ന മുറയ്ക്ക് പ്രവൃത്തി ചെയ്യുന്നതാണെന്ന് ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും എന്നത്തേയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

ഉൾപ്പെടുത്തിയിട്ടില്ല. ഗ്രണഭോക്താക്കൾ വർക്ക് ഡെപ്പോസിറ്റ് തുക അടവാക്കുന്ന പക്ഷം ലൈൻ നാഷണൽ ഹൈവേയിലേയ്ക്ക് മാറ്റി സ്ഥാപിക്കാവുന്നതാണ്.

മണലൂർ മണ്ഡലത്തിൽ ഊർജ്ജ ഓഡിറ്റ്

292 (4498) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മണലൂർ നിയോജകമണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ഊർജ്ജ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഓഡിറ്റിന്റെ വിശദാംശം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഇ.എം.സി.-യുടെ "ഊർജ്ജയാൻ" പദ്ധതിയുടെ ഭാഗമായി മണലൂർ നിയോജകമണ്ഡലത്തിൽ താഴെക്കൊടുത്തിരിക്കുന്ന സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്:

1. മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ്

2. ഗുരുവായൂർ കോർപ്പറേഷൻ സോണൽ ഓഫീസ്

3. അരിമ്പൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്

4. മണലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്

5. വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ്

6. വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് ഓഫീസ്

7. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്

8. എളവള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ്

9. കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ്

10. ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ഓഫീസ്

മേല്പറഞ്ഞ പഞ്ചായത്ത് ഓഫീസുകളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ച് ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് അതാത് പഞ്ചായത്ത് ഓഫീസുകൾക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് കെട്ടിടങ്ങളുടെ സംക്ഷിപ്ത ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് ബഹുമാനപ്പെട്ട മണലൂർ നിയോജകമണ്ഡലം എം.എൽ.എ.-യ്ക്കും സമർപ്പിച്ചിട്ടുണ്ട്.

ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം മണലൂർ നിയോജകമണ്ഡലത്തിലെ പത്ത് പഞ്ചായത്ത് ഓഫീസുകളിലുമായി ഊർജ്ജ കാര്യക്ഷമത കുറഞ്ഞ 362 ഫാനുകളും 257 ട്യൂബ് ലൈറ്റുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും എൽ.ഇ.ഡി. ലൈറ്റുകളും സ്ഥാപിക്കുന്നത് വഴി പ്രതിവർഷം 46080 യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ സാധിക്കുന്നതാണ്.

(ബി) ഇതിന്റെ ഭാഗമായി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ഥാപനങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

"ഊർജ്ജയാൻ" പദ്ധതിയുടെ തുടർനടപടികളുടെ ഭാഗമായി മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം ഊർജ്ജ കാര്യക്ഷമമാക്കിയിട്ടുണ്ട്. പഞ്ചായത്ത് കെട്ടിടത്തിലെ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളും ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും മാറ്റി സ്ഥാപിച്ചു. മേല്പറഞ്ഞ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവ് എനർജി മാനേജ്മെന്റ് സെന്ററിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നുമാണ് ചെലവാക്കിയത്.

സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സമ്പാദ്യ പദ്ധതികൾ

293 (4499) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി സഹകരണ വകുപ്പ് സമ്പാദ്യ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നാൽപ്പത്തിമൂന്നാമത് നിക്ഷേപ സമാഹരണ യജ്ഞം, 2023-ന്റെ ഭാഗമായി സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി പ്രത്യേക നിക്ഷേപ പദ്ധതികൾ ആരംഭിക്കുന്നതിനും സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധിയിലെ എല്ലാ സ്കൂൾ വിദ്യാർത്ഥികളെയും ഈ നിക്ഷേപ

പദ്ധതിയിൽ അംഗങ്ങളാക്കുകയും ആയതിലൂടെ സഹകരണ മേഖലയുമായി ബന്ധപ്പെടുത്തുന്നതിനും ഭാവിയിലെ സഹകാരികളെ വാർത്തെടുക്കുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കുലർ നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കി വരികയുമാണ്.

സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുകയെന്ന ലക്ഷ്യത്തോടെ കേരള ബാങ്ക് ആവിഷ്കരിച്ച പ്രത്യേക നിക്ഷേപ പദ്ധതിയാണ് കേരള ബാങ്ക് വിദ്യാനിധി. 12 വയസ്സ് മുതൽ 16 വയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ സ്വന്തം പേരിൽ ഈ അക്കൗണ്ട് ആരംഭിക്കാം (7 മുതൽ 10 വരെ ക്ലാസ്സിലെ കുട്ടികൾക്ക്). കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുകയും അവരുടെ അത്യാവശ്യ പഠനാവശ്യങ്ങൾക്ക് ടി തുക ഉപയോഗിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് കേരള ബാങ്ക് വിദ്യാനിധി നിക്ഷേപ പദ്ധതി ആവിഷ്കരിച്ചത്. സമ്പാദ്യ ശീലത്തോടൊപ്പം ആധുനിക ബാങ്കിംഗ് സംവിധാനങ്ങളെക്കുറിച്ചും ബാങ്കിംഗ് ഇതര നൂതന സേവനങ്ങളെക്കുറിച്ചും കുട്ടികളിൽ അവബോധമുണ്ടാക്കാൻ ഈ പദ്ധതി സഹായകരമാകും. പദ്ധതിയിൽ അംഗങ്ങളായ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാനായി രക്ഷകർത്താവിന്

(മാതാവിന് മുൻഗണന) എല്ലാവിധ സാധാരണ ഇടപാടുകളും നടത്താൻ സാധിക്കുന്ന സ്പെഷ്യൽ/പ്രിവിലേജ് അക്കൗണ്ട് തുറക്കുന്നതിന് പ്രത്യേകം അനുവാദം നൽകുന്നതായിരിക്കും. രണ്ട് ലക്ഷം രൂപ വരെ അപകട ഇൻഷ്വറൻസ് പരിരക്ഷ ഈ അക്കൗണ്ട് ഉറപ്പാക്കും. ആദ്യ വർഷത്തെ പ്രീമിയം ബാങ്ക് നൽകുന്നതാണ്.

സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി സഹകരണ സംഘങ്ങൾ മുഖേന സംഘം നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായി ബോക്സ് കളക്ഷൻ, മൈനർ സേവിംഗ്സ്, വിദ്യാനിധി, വിദ്യാർത്ഥി നിധി, വിദ്യാർത്ഥി മിത്രം എന്നിങ്ങനെ വിവിധ പേരുകളിലായി നിക്ഷേപ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

വിരമിച്ച ഉദ്യോഗസ്ഥർക്ക് പുനർനിയമനം

294 (4500) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വകുപ്പിൽ പുനർനിയമനം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ പുനർനിയമനം ലഭിച്ച ഉദ്യോഗസ്ഥരുടെ വിശദാംശം നിയമനം നൽകിയ കാലാവധി ഉൾപ്പെടെ തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

(എ&ബി) സഹകരണ വകുപ്പിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വകുപ്പിൽ പുനർനിയമനം നൽകിയിട്ടില്ല.

സഹകരണ നയം

295 (4501) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ സമഗ്ര വികസനത്തിനായി സഹകരണ നയത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സഹകരണ നയത്തിന് രൂപം നൽകിയിട്ടുണ്ട്. 22-06-2018-ലെ സ.ഉ.(അച്ചടി)നം.73/2018/സഹ. പ്രകാരമാണ് സംസ്ഥാന സഹകരണ നയത്തിന് രൂപം നൽകിയിട്ടുള്ളത്.

(ബി) സഹകരണ നയത്തിന്റെ പൊതുസമീപനം വ്യക്തമാക്കുമോ; വിവരങ്ങൾ നൽകാമോ?

സഹകരണ നയം കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം ഉറപ്പുവരുത്തുകയെന്ന കാഴ്ചപ്പാടാണ് മുന്നോട്ടുവയ്ക്കുന്നത്. സഹകരണ മേഖലയുടെ ഭാവി വികസനത്തിനായുള്ള സംസ്ഥാന സർക്കാരിന്റെ സമീപനം സഹകരണ നയം വ്യക്തമാക്കുന്നു. സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ഏകോപിപ്പിച്ച് ശക്തവും ഊർജ്ജസ്വലവും സുസ്ഥിരവുമായി കെട്ടിപ്പടുക്കുകയും തുല്യതയാർന്ന സാമൂഹിക സാമ്പത്തിക വികസനം ഉറപ്പാക്കി സമൂഹത്തെ കൂടുതൽ ഉയരങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് പ്രാപ്തമാക്കുകയും ഇതിനായി സർക്കാരുമായി ഒത്തിണങ്ങി പ്രവർത്തിക്കുകയും ചെയ്യുക; സാമ്പത്തിക ദുർവ്യയങ്ങളേതുമില്ലാതെ ഫലപ്രദമായും കാര്യക്ഷമമായും അംഗങ്ങളുടേയും സമൂഹത്തിന്റെയും നേട്ടത്തിനായി പ്രവർത്തിക്കാൻ കെൽപ്പുള്ള സഹകരണ പ്രസ്ഥാനം കെട്ടിപ്പടുക്കുക; സമൂഹത്തിന്റെ സമഗ്രമായ പുരോഗതിയും പ്രാദേശിക സാമ്പത്തിക വികസനവും ലക്ഷ്യമാക്കി തയ്യാറാക്കുന്ന വിവിധ പദ്ധതികളുടെ ഭരണ നിർവ്വഹണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും

പ്രസ്തുത പദ്ധതികളുടെ ആസൂത്രണത്തിലും സംഘാടനത്തിലും നടത്തിപ്പിലും ജനങ്ങളെ ഉൾച്ചേർക്കുന്നതിനുമായി സഹകരണ പ്രസ്ഥാനത്തെ ഉപയുക്തമാക്കുക; സുസ്ഥിരമായ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഐക്യരാഷ്ട്രസഭയുടെ അഞ്ച് പ്രധാന വികസന ലക്ഷ്യങ്ങളായ ദാരിദ്ര്യ നിർമ്മാർജ്ജനവും പട്ടിണി ഇല്ലാതാക്കലും, ഭക്ഷ്യ സുരക്ഷ, ലിംഗസമത്വം, മാന്യതയുള്ള തൊഴിലും സാമ്പത്തിക വളർച്ചയും, കാലാവസ്ഥ വ്യതിയാനത്തിനെതിരായ പ്രതിരോധം എന്നിവയ്ക്ക് അനുസൃതമായി കേരളത്തിലെ സഹകരണ പ്രസ്ഥാനവും യോജിച്ച് പ്രവർത്തിക്കുക എന്നിവ സഹകരണ നയത്തിന്റെ പൊതുസമീപനത്തിന്റെ സവിശേഷതകളാണ്.

(സി) പ്രസ്തുത നയം മുഖേന സഹകാരികൾക്കും പൊതുജനങ്ങൾക്കും എന്തെല്ലാം സഹായ പദ്ധതികൾ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

സഹകരണ നയത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് സഹകരണ സംഘങ്ങൾ മുഖേനയും നേരിട്ടും നിരവധി ആശ്വാസ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ഏവർക്കും സുരക്ഷിതവും വിശ്വസനീയവുമായ ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സഹകരണ

ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചു.

സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിപ്പണിക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും സംരക്ഷിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല" എന്ന ഗ്രാമീണ ലഘുവായ്പ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

വിപണിയിലെ വിലക്കയറ്റം തടയാനും ഉണനിലവാരവും വിഷമുക്തവുമായ പച്ചക്കറി കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് നൽകുന്നതിനായി സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കറിൽ പച്ചക്കറി കൃഷി നടത്തി ആയത് ഗ്രാമീണ ചന്തകൾ വഴി വിതരണം ചെയ്യുന്ന "വിഷവിമുക്ത പച്ചക്കറി" പദ്ധതി നടപ്പിലാക്കി. ആശ്രയമില്ലാതെ കഴിയുന്നവർക്ക് ചികിത്സാ സൗകര്യവും പരിചരണവും ഉണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ പാലിയേറ്റീവ് കെയർ പദ്ധതിക്ക് തുടക്കം കുറിച്ചു. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവതയെ ഉൾപ്പെടുത്തി അവരുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ

അവരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമാക്കി 14 ജില്ലകളിലും ഓരോ പട്ടികജാതി, പട്ടികവർഗ്ഗ യുവജന സഹകരണ സംഘങ്ങൾ ആരംഭിച്ചു. തീരദേശ മേഖലയിലെ താഴെത്തട്ടിലുള്ള മത്സ്യ വിപണനം നടത്തുന്നവർ, മത്സ്യ അനുബന്ധ മേഖലയിലെ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ തുടങ്ങിയവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി സഹകരണ മേഖല വഴി ലളിതമായ നടപടിക്രമങ്ങളിലൂടെ പലിശരഹിത ദിന വായ്പ നൽകുന്നതിലേയ്ക്കായി "സ്നേഹതീരം" പദ്ധതി നടപ്പിലാക്കി.

സഹകരണ മേഖലയുടെ പുരോഗതിക്കും വളർച്ചയ്ക്കുംവേണ്ടി ജീവിതകാലം മുഴുവൻ പ്രയത്നിച്ചവരും നിരാലംബരുമായ സഹകാരികൾക്കുള്ള ആശ്വാസ പദ്ധതിയായ "സഹകരണം സാന്ത്വനം" നടപ്പിലാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സ്ഥിര വരുമാനം ലഭ്യമാക്കാനുമായി കേരള ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ വായ്പാ പദ്ധതി ആരംഭിച്ചു. സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി

ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക, ഗുണനിലവാര പരിശോധനാ ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടുകൂടി "ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി നടപ്പിലാക്കി.

ഭവനരഹിതരായ ജനങ്ങൾക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന കെയർ ഹോം പദ്ധതി നടന്നുവരുന്നു. മേൽപ്പറഞ്ഞ പദ്ധതികളെല്ലാം സഹകരണ നയത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കും സഹകാരികൾക്കും പ്രയോജനകരമായ പദ്ധതികളാണ്.

ചാത്തന്നൂർ മണ്ഡലത്തിൽ സഹകരണ അംഗ സമാശ്വാസ നിധി പ്രകാരമുള്ള ആനുകൂല്യം

296 (4502) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മാരക രോഗങ്ങൾ ബാധിച്ച

സഹകാരികൾക്ക് നടപ്പാക്കിവരുന്ന സഹകരണ അംഗ സമാശ്വാസ നിധി പ്രകാരം എത്ര പേർക്ക് എത്ര രൂപ സഹായധനമായി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ, മാരക രോഗങ്ങൾ ബാധിച്ച സഹകാരികൾക്ക് നടപ്പാക്കിവരുന്ന സഹകരണ അംഗ സമാശ്വാസ നിധി പ്രകാരം, ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ 350 പേർക്ക് 75,95,000/- രൂപ (എഴുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിഅയ്യായിരം രൂപ) ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ കാലയളവിൽ പ്രസ്തുത സമാശ്വാസ നിധി പ്രകാരം സഹകാരികൾക്കുള്ള ചികിത്സാ ധനസഹായം ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സഹകരണ സംഘങ്ങൾ വഴി ആർക്കെല്ലാം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ടി കാലയളവിൽ സഹകരണ അംഗ സമാശ്വാസ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.[+]

സഹകരണ മേഖലയിൽ നടപ്പാക്കുന്ന പരിഷ്കാരങ്ങൾ

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

297 (4503) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സഹകരണ മേഖലയിൽ നടപ്പാക്കുന്ന പരിഷ്കാരങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ചില പദ്ധതികൾ കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്നു.

- സംസ്ഥാന സഹകരണ സ്ഥാപനങ്ങളെ നേരായ മാർഗ്ഗത്തിലല്ലാതെ നിയന്ത്രിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതിന് മുന്നോടിയായി സംഘങ്ങളുടെ രഹസ്യ ഡാറ്റ വ്യക്തിപരമായ വിവരങ്ങൾ സഹിതം കേന്ദ്ര സർവ്വറിലേയ്ക്ക് അപ്-ലോഡ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാർ രാജ്യത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത ബൈ ലോ നടപ്പിലാക്കുന്നതിനുവേണ്ടി ബൈ ലോ എല്ലാ

സംസ്ഥാനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ ബൈ ലോ തയ്യാറാക്കാൻ അധികാരമുള്ളൂ. അതിനാൽ കേന്ദ്ര സർക്കാരിന്റെ ഇത്തരം നിയമങ്ങൾ സഹകരണ തത്വങ്ങൾക്ക് വിരുദ്ധമാണ്.

- ഡാറ്റാ ബേസ്: രാജ്യത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ഡയറി സംഘങ്ങൾ, മത്സ്യ സംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ കേന്ദ്രം തയ്യാറാക്കുന്ന ഡാറ്റാ ബേസിലേയ്ക്ക് നൽകണമെന്ന നിർദ്ദേശം കേന്ദ്ര സഹകരണ മന്ത്രാലയം നൽകിയിരുന്നു. രാജ്യത്തെ ഇത്തരം സംഘങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിലൂടെ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും ക്ഷീര കർഷകർക്കും കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലൊരു ഡാറ്റാ ബേസ് തയ്യാറാക്കുന്നത് എന്നാണ് അറിയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളുടെയും സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ പ്രസ്തുത ഡാറ്റാ ബേസിലേയ്ക്ക് നൽകുകയും ചെയ്തു.

- കേന്ദ്ര സർക്കാർ സഹകരണ മേഖലയിലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ആരംഭിക്കുന്നതിന് ദേശീയതലത്തിൽ മൂന്ന് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി

2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി

3. ജൈവ ഉൽപ്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം

എന്നിവയാണ് രൂപീകരിക്കാൻ തീരുമാനിച്ച പുതിയ സംഘങ്ങൾ. ഇവയുടെ പ്രവർത്തനം രാജ്യവ്യാപകമാണ്. ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ സംഘങ്ങൾ മൾട്ടി സ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വമെടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിലാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.

സഹകരണം ഒരു സംസ്ഥാന വിഷയമാണെന്ന് ഭരണഘടന നിഷ്കർഷിക്കുകയും സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്ന പേരിൽ

സ്ഥാപനങ്ങൾ ആരംഭിച്ച് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനങ്ങളിൽ നിയമപരമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം സമീപനങ്ങളെ നിയമപരമായും രാഷ്ട്രീയപരമായും നേരിടുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പരിഷ്കരണ നടപടികളുടെ നിയമ സാധുത പഠനവിധേയമാക്കുമോ; എങ്കിൽ വിശദമാക്കുമോ?

പ്രസ്തുത നടപടികളുടെ നിയമ സാധുത സംബന്ധിച്ച് പഠനവിധേയമാക്കുന്നത് സർക്കാർ പരിഗണിക്കുന്നതാണ്.

കളക്ഷൻ ഏജന്റുമാർക്ക് മിനിമം വേതനം

298 (4504) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ജോലി ചെയ്യുന്ന കളക്ഷൻ ഏജന്റുമാർക്ക് അനുവദിച്ചിട്ടുള്ള വേതനം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

പ്രാഥമിക സഹകരണ സംഘങ്ങളിലും അർബൻ സഹകരണ ബാങ്കുകളിലും കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന കളക്ഷൻ ഏജന്റുമാരുടെ പ്രതിമാസ വേതനം 5,000/- രൂപയായും കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന കളക്ഷൻ ഏജന്റുമാരുടെ സ്ഥിര വേതനം 4,000/- രൂപയായും നിശ്ചയിച്ച് നൽകി 06-02-2021-ലെ സ.ഉ.(സാധാ)നം.93/2021/സഹ. പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ 26-02-2021-ലെ സ.ഉ.(സാധാ)നം.167/2021/സഹ. പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്കിലെ കളക്ഷൻ ഏജന്റുമാരുടെ വേതനം പ്രതിമാസം 6,000/- രൂപയായി നിശ്ചയിച്ച് നൽകിയിട്ടുള്ളതാണ്.

(ബി) കമ്മീഷൻ ഇനത്തിൽ തുച്ഛമായ ആനുകൂല്യം മാത്രം ലഭിക്കുന്ന കളക്ഷൻ ഏജന്റുമാർക്ക് മിനിമം വേതനം നിശ്ചയിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കളക്ഷൻ ഏജന്റുമാർക്ക് മിനിമം വേതനം നിശ്ചയിച്ച് നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

സഹകരണ ബാങ്കുകളുടെ സഹായത്തോടെ പൊക്കാളി നെല്ല് സംഭരിക്കാൻ നടപടി

299 (4505) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഇടപ്പള്ളി ബ്ലോക്കിന് കീഴിൽ കടമക്കുടി ഗ്രാമപഞ്ചായത്തിലെ 110 ഹെക്ടറോളം സ്ഥലത്ത് 2022-23 വർഷത്തിൽ ഉൽപ്പാദിപ്പിച്ച 1400 ക്വിന്റലോളമുള്ള പൊക്കാളി നെല്ല് സഹകരണ ബാങ്കുകളുടെ സഹായത്തോടെ സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ ഉൾപ്പെടുന്ന കടമക്കുടി ഗ്രാമപഞ്ചായത്തിലാണ് പൊക്കാളി നെൽക്കൃഷി കൂടുതലായുള്ളത്. ഈ പ്രദേശങ്ങൾ പ്രവർത്തന പരിധിയായിട്ടുള്ള കോരമ്പാടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ-178 പൊക്കാളി നെല്ല് സംഭരിച്ച് അരി, പുട്ടുപൊടി, മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ ഗ്രാമിക എന്ന ബ്രാൻഡിൽ മാർക്കറ്റ് ചെയ്തുവരുന്നു. ബാങ്ക് ഈ വർഷം കർഷകരിൽനിന്നും കിലോയ്ക്ക് 55/- രൂപ നിരക്കിൽ 100 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്. ഗോഡൗൺ ഇല്ലാത്തതിനാൽ കൂടുതൽ നെല്ല് സംഭരിക്കുവാൻ നിലവിലെ സാഹചര്യത്തിൽ ബാങ്കിന് സാധിക്കാത്ത

അവസ്ഥയാണുള്ളത്. അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി പ്രകാരം ഗോഡൗൺ നിർമ്മാണത്തിനായി ബാങ്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഗോഡൗൺ നിർമ്മിക്കുന്നതിലൂടെ സംഭരണശേഷി വർദ്ധിപ്പിക്കുവാനും അതുവഴി കൂടുതൽ നെല്ല് സംഭരിക്കുവാനും ബാങ്കിന് സാധിക്കുന്നതാണ്.

നോർത്ത് പറവൂർ താലൂക്കിലെ പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ-2232, പറവൂർ വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ-3131, വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ-137 എന്നീ ബാങ്കുകൾ സ്വന്തം നിലയിൽ പൊക്കാളി നെൽക്കൃഷി നടത്തുകയും കർഷകരിൽനിന്നും പൊക്കാളി നെല്ല് സംഭരിക്കുകയും ചെയ്യുന്നുണ്ട്. പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്കിൽ പൊക്കാളി റൈസ് മിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ പൊക്കാളി നെൽ കർഷകർക്ക് നെല്ല് കുത്തി അരിയാക്കുന്നതിന് ഈ മില്ലിന്റെ സേവനം ലഭ്യമാണ്.

(ബി) ഇതുസംബന്ധിച്ച് സഹകരണ വകുപ്പുമന്ത്രിക്ക് സമർപ്പിച്ചിരുന്നതും തുടർനടപടി സ്വീകരിക്കുവാൻ ഇ-6688993/2022/മിൻ(കോ-ഓപ്) എന്ന നമ്പരിൽ വകുപ്പ് സെക്രട്ടറിക്ക് കൈമാറിയിരുന്നതുമായ കടമക്കുടി

ഗ്രാമപഞ്ചായത്തിന്റെ നിവേദനത്തിന്മേൽ കോ-ഓപ്പറേറ്റീവ് രജിസ്ട്രാറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് പദ്ധതി

300 (4506) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിന് കീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുന്നതിനായി ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണ സംഘങ്ങൾ ഇപ്പോൾ ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക, ദേശീയ-അന്തർദ്ദേശീയ വിപണിയിലേയ്ക്ക് ചുവടുവയ്ക്കുക, പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധനാ ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നിവയാണ് സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത സർട്ടിഫിക്കേഷൻ മാർക്ക് നല്കുന്നതിന് coopkerala എന്ന ട്രേഡ് മാർക്ക് രൂപകല്പന ചെയ്യുകയും ആയതിന് 1999-ലെ ട്രേഡ്മാർക്സ് ആക്ട് പ്രകാരം സെൻട്രൽ ഗവൺമെന്റ് ട്രേഡ്മാർക്ക് രജിസ്ട്രിയിൽനിന്നും രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതുമാണ്. സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങൾക്ക് coopkerala സർട്ടിഫിക്കേഷൻ മാർക്ക് നല്കുന്നതിനായി സർക്കാരിന്റെ അനുമതിയോടെ

ഹൈപവർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് coopkerala സർട്ടിഫിക്കേഷൻ മാർക്ക് നല്കിവരികയാണ്.

14 സഹകരണ സംഘങ്ങൾ ഇതിനകം കോപ്പ്മാർട്ടുകൾ ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ക്രമ നം.	ജില്ല	കോപ്പ്മാർട്ട് നടത്തുന്ന സംഘങ്ങൾ
1	തിരുവനന്തപുരം	കടകംപള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
2	കൊല്ലം	കരുനാഗപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1343,
3	പത്തനംതിട്ട	പറക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
4	ആലപ്പുഴ	കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1558
5	കോട്ടയം	കുമാരനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3898
6	ഇടുക്കി	തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ. 281
7	എറണാകുളം	ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
8	തൃശ്ശൂർ	കല്ലംകുന്ന് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
9	പാലക്കാട്	കണ്ണമ്പ്ര സർവ്വീസ് സഹകരണ ബാങ്ക് എഫ്. 1221
10	മലപ്പുറം	കോഡൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ F.1523
11	കോഴിക്കോട്	ചേവായൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
12	വയനാട്	വയനാട് ജില്ലാ ഡ്രൈവേഴ്സ് സഹകരണ സംഘം

		ക്ലിപ്തം നമ്പർ W.14
13	കണ്ണൂർ	കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ F.1262
14	കാസർഗോഡ്	കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.862

കോപ്പ്മാർട്ടുകളുടെ എണ്ണം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൂടുതൽ കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിന് ജില്ലകളിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളതും ആയതുപ്രകാരം പുതിയ കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്.

കേന്ദ്ര സർക്കാർ സഹകരണ മേഖലയിൽ ആവിഷ്കരിക്കുന്ന പരിഷ്കരണ നടപടികൾ

301 (4507) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സഹകരണ മേഖലയിൽ ആവിഷ്കരിക്കുന്ന പരിഷ്കരണ നടപടികൾ ഏറ്റവും കൂടുതൽ സഹകരണ സ്ഥാപനങ്ങളുള്ള സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുമോ; എങ്കിൽ ഏതെല്ലാം തരത്തിൽ എന്ന് വിശദമാക്കുമോ?

ബാധിക്കും. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം സംസ്ഥാനതലത്തിൽ നിയന്ത്രിക്കുന്നതിനായി യാതൊരു സംവിധാനങ്ങളും നിലവിലില്ല. പ്രസ്തുത സംഘങ്ങൾ ഒരു മാനദണ്ഡവുമില്ലാതെ നിക്ഷേപം സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്യുന്നു. കൂടാതെ ഇവയുടെ പ്രവർത്തനങ്ങളൊന്നുംതന്നെ സുതാര്യവുമല്ലാത്തതിനാൽ നിക്ഷേപകർക്ക് അവരുടെ നിക്ഷപം തിരികെ ലഭിക്കുമെന്ന് ഉറപ്പുനൽകുന്ന സംവിധാനങ്ങൾ നിലവിലില്ല.

താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് നിയമം പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ളത്:

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഇലക്ഷൻ നടത്തുന്നതിന് ഒരു കോ-ഓപ്പറേറ്റീവ് ഇലക്ഷൻ അതോറിറ്റി രൂപീകരിക്കുന്നതിന് ബിൽ വിഭാവനം ചെയ്യുന്നു.

2. സൊസൈറ്റികളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര വേദി രൂപീകരിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു.

3. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ രണ്ടായി പിരിക്കുന്നതിനും രണ്ട് സംഘങ്ങളെ സംയോജിപ്പിക്കുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.

4. നിർജ്ജീവാവസ്ഥയിലുള്ള സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ഒരു ഫണ്ട് രൂപീകരിക്കാൻ പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു.

മേൽ പരിഷ്കാരങ്ങളിലൂടെ സഹകരണ രംഗത്ത് ഒരു സമാന്തരപാത വെട്ടിത്തുറക്കുന്നതിനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. ഇത് നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പിനും അശാസ്ത്രീയ മത്സരത്തിനും വഴിയൊരുക്കുന്നതുമാണ്.

- സംസ്ഥാന സഹകരണ സ്ഥാപനങ്ങളെ നേരായ മാർഗ്ഗത്തിലല്ലാതെ നിയന്ത്രിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതിന് മുന്നോടിയായി സംഘങ്ങളുടെ രഹസ്യ ഡാറ്റ വ്യക്തിപരമായ വിവരങ്ങൾ സഹിതം കേന്ദ്ര സർവ്വറിലേയ്ക്ക് അപ്ലോഡ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാർ രാജ്യത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത ബൈ ലോ നടപ്പിലാക്കുന്നതിനുവേണ്ടി ഒരു ഏകീകൃത ബൈ ലോ എല്ലാ സംസ്ഥാനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സഹകരണ നിയമത്തിൽ വ്യവസ്ഥകൾ പ്രകാരം മാത്രമേ ബൈ ലോ തയ്യാറാക്കാൻ അധികാരമുള്ളൂ.

- ഡാറ്റാ ബേസ് - രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ഡയറി സംഘങ്ങൾ, മത്സ്യ സംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ കേന്ദ്രം തയ്യാറാക്കുന്ന ഡാറ്റാ ബേസിലേയ്ക്ക് നൽകണമെന്ന നിർദ്ദേശം കേന്ദ്ര സഹകരണ മന്ത്രാലയം നൽകിയിരുന്നു. രാജ്യത്തെ ഇത്തരം സംഘങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിലൂടെ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും ക്ഷീര കർഷകർക്കും കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലൊരു ഡാറ്റാ ബേസ് തയ്യാറാക്കുന്നത് എന്നാണ് അറിയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ മുഴുവൻ സംസ്ഥനങ്ങളുടെയും സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ പ്രസ്തുത ഡാറ്റാ ബേസിലേയ്ക്ക് നൽകുകയും ചെയ്തു.

- കേന്ദ്ര സർക്കാർ സഹകരണ മേഖലയിലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ആരംഭിക്കുന്നതിന് ദേശീയതലത്തിൽ മൂന്ന് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

    1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി

    2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി

    3. ജൈവ ഉൽപ്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം

എന്നിവയാണ് രൂപീകരിക്കാൻ തീരുമാനിച്ച പുതിയ സംഘങ്ങൾ. ഇവയുടെ പ്രവർത്തനം രാജ്യവ്യാപകമാണ്. ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ സംഘങ്ങൾ മൾട്ടി സ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വമെടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിലാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.

സഹകരണം ഒരു സംസ്ഥാന വിഷയമാണെന്ന് ഭരണഘടന നിഷ്കർഷിക്കുകയും സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്ന പേരിൽ

സ്ഥാപനങ്ങൾ ആരംഭിച്ച് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനങ്ങളിൽ നിയമപരമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം സമീപനങ്ങളെ നിയമപരമായും രാഷ്ട്രീയപരമായും നേരിടുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ബി) ഏകീകൃത സോഫ്റ്റ്വെയർ, ഡാറ്റാ സെന്റർ എന്നിവ നടപ്പാക്കുക വഴി ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളാണ് സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾക്കും കേരളാ ബാങ്കിനും ഉണ്ടാകാൻ പോകുന്നതെന്ന് വിശദമാക്കാമോ?

കേന്ദ്ര സർക്കാർ രാജ്യവ്യാപകമായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏകീകൃത സോഫ്റ്റ്വെയർ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം കേന്ദ്രസർക്കാർ ടെണ്ടർ നടപടികളിലൂടെ ഒരു സോഫ്റ്റ്വെയർ/ഡാറ്റാ വെൻഡറെ തെരഞ്ഞെടുക്കുകയും അവർ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ഇതിനായി ഉപയോഗിക്കുകയും ചെയ്യും. ടി പദ്ധതിയിൽ ചേരുന്ന സംസ്ഥാനങ്ങളിലെ സംഘങ്ങൾക്ക് കേന്ദ്ര സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്. സംഘങ്ങളുടെ

ഡാറ്റ കേന്ദ്ര സർക്കാരിന് ഡയറക്ട് ആക്സസ് നൽകുന്നതിന് ഇത് വഴിയൊരുക്കുന്നു. സംഘങ്ങളുടെ ഡാറ്റ വിവിധ ഏജൻസികളുടെ ആവശ്യത്തിനായി ലഭ്യമാക്കുന്നതാണെന്ന വ്യവസ്ഥ സഹകാരികളുടെയും അംഗങ്ങളുടെയും ഉത്തമതാൽപ്പര്യത്തിന് വിരുദ്ധമാണെന്ന ആശങ്ക നിലനിൽക്കുന്നു.

സംസ്ഥാനത്തിലെ നിലവിലുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ വൈവിധ്യപൂർണ്ണമായ പ്രവർത്തനങ്ങളെല്ലാം കേന്ദ്ര സോഫ്റ്റ്വെയറിൽ ലഭ്യമാകുമോയെന്നത് സംബന്ധിച്ച് നിലവിൽ വ്യക്തതയില്ല. ഈ സാഹചര്യത്തിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് നാളിതുവരെ സ്വീകരിച്ച പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) ഭരണഘടനാപരമായി സംസ്ഥാന വിഷയമായിട്ടുള്ള സഹകരണ പ്രസ്ഥാനങ്ങളുടെ മേൽ കൊണ്ടുവരുന്ന ഇത്തരം നിയന്ത്രണങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാൻ സംസ്ഥാനത്തിന് കഴിയുമോയെന്ന് വിശദമാക്കാമോ?

ഭരണഘടനാപരമായി സംസ്ഥാന വിഷയമായിട്ടുള്ള സഹകരണ പ്രസ്ഥാനങ്ങളുടെ മേൽ കൊണ്ടുവരുന്ന നിയന്ത്രണങ്ങൾ നിയമപരവും രാഷ്ട്രീയപരവുമായി നേരിടുന്നതാണ്.

പ്രാഥമിക സഹകരണ സംഘങ്ങൾ രൂപീകരിക്കാനുള്ള തീരുമാനം

302 (4508) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളെ മറികടന്ന് നേരിട്ട് പ്രാഥമിക സഹകരണ സംഘങ്ങൾ രൂപീകരിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നീക്കം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് വിശദമാക്കാമോ?

കേന്ദ്ര സർക്കാർ മൂന്ന് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി

2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി

3. ജൈവ ഉൽപ്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം

എന്നിവയാണ് രജിസ്റ്റർ ചെയ്ത പുതിയ സംഘങ്ങൾ. ഇവയുടെ പ്രവർത്തനം രാജ്യവ്യാപകമാണ്. ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ സംഘങ്ങൾ മൾട്ടിസ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വമെടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിലാക്കുന്നതിനുള്ള സാഹചര്യം ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു. സഹകരണം സംസ്ഥാന വിഷയമായതിനാൽ പ്രാഥമിക സംഘങ്ങൾ രൂപീകരിക്കാനാകില്ല. എന്നാൽ മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിക്കുന്നത് പ്രാഥമിക സംഘങ്ങൾക്ക് വെല്ലുവിളി ഉയർത്തും.

(ബി) സഹകരണ രംഗത്ത് കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന നീക്കങ്ങളെ പ്രതിരോധിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാന സഹകരണ നിയമത്തിന് വിരുദ്ധമായാണ് ബാങ്കിംഗ് ഭേദഗതി നിയമം കേന്ദ്ര സർക്കാർ പാസ്സാക്കിയത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ആർട്ടിക്കിൾ 131 പ്രകാരം സുപ്രീംകോടതിയിൽ സ്യൂട്ട്

ഫയൽ ചെയ്തിട്ടുണ്ട്. അർബൻ ബാങ്കുകൾ ആർ.ബി.ഐ. നിയന്ത്രണങ്ങൾക്കെതിരെ ഫയൽ ചെയ്തിട്ടുള്ള കേസുകൾ ഇപ്പോൾ ചെന്നൈ ഹൈക്കോടതിയുടെ പരിഗണനയിലാണ്. കേന്ദ്ര നയങ്ങൾക്കെതിരെ പ്രതിരോധം സൃഷ്ടിക്കുന്നതിനാവശ്യമായ പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതാണ്.

സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ തടയാൻ നടപടി

303 (4509) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും കാലാവധി കഴിഞ്ഞ സ്വർണ്ണപ്പണയങ്ങൾ ലേലം ചെയ്ത് നൽകുന്നതിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കൊല്ലം ജില്ലയിൽ അമ്പലത്തുംഭാഗം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.2836-ൽ സ്വർണ്ണപ്പണയങ്ങൾ ലേലം ചെയ്തതിൽ ക്രമക്കേടുകൾ

കണ്ടെത്തുകയും ആയതിൻമേൽ സഹകരണ നിയമപ്രകാരമുള്ള നടപടികൾ നടന്നുവരികയുമാണ്.

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിലെ കണ്ടല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.2166-ൽ കാലാവധി കഴിഞ്ഞ സ്വർണ്ണപ്പണയ വായ്പാ ഉരുപ്പടികൾ നടപടിക്രമങ്ങൾ പാലിക്കാതെ വില്പന നടത്തി, കൃത്യമായ പലിശ വരവ് വയ്ക്കാതെ വായ്പാ കണക്ക് അവസാനിപ്പിച്ചതായി കണ്ടെത്തുകയും ടി വിഷയം ഉൾപ്പെടുത്തി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നുവരികയുമാണ്. കൂടാതെ കുട്ടനാട് താലൂക്കിൽ ചമ്പക്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.1256-ൽ പണയ സ്വർണ്ണം ലേലം ചെയ്തതിൽ ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധനാ റിപ്പോർട്ട് പ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ താലൂക്കിലെ പറവൂർ സഹകരണ ബാങ്ക് ക്ലിപ്തം നം.1759-ൽ സ്വർണ്ണപ്പണയപണ്ട ഉരുപ്പടികൾ ലേലം ചെയ്ത അവസരത്തിൽ ഓരോ പാക്കറ്റും പ്രത്യേകം ഗുണമേന്മ പരിശോധിക്കാതെ എല്ലാ പാക്കറ്റും ഒരേ വിലയിൽ ആ സമയത്തെ മാർക്കറ്റ് വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ, ലേല നടപടിക്രമങ്ങൾ കൃത്യമായി

പാലിക്കാതെ ലേലം ചെയ്യുകയും കൂടാതെ, ലേലം ചെയ്തിട്ടും വായ്പ അവസാനിപ്പിക്കുവാൻ സാധിക്കാത്ത സാഹചര്യവുമാണുള്ളത്. ടി ജില്ലയിലെ തന്നെ കണയന്നൂർ താലൂക്കിലെ കീച്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ സ്വർണ്ണപ്പണയങ്ങൾ ലേലം നടത്തിയതുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുകയും തുടർന്ന് വകുപ്പ് 68(1) അന്വേഷണ നടപടികൾ നടത്തിയിട്ടുള്ളതും എന്നാൽ ടി അന്വേഷണത്തിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ തുടർനടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്.

(ബി) പണയ വസ്തു കൃത്യമായി ലേലം ചെയ്യാത്തതിനാൽ സഹകരണ ബാങ്കുകൾക്ക് ബാധ്യതയുണ്ടാകുന്നുണ്ടോ; വിശദമാക്കാമോ?

സ്വർണ്ണപ്പണയ വായ്പയിൽ യഥാസമയം തിരിച്ചടവുണ്ടാകാതെ വരുന്ന സാഹചര്യത്തിൽ ഈടായി സ്വീകരിച്ച സ്വർണ്ണപ്പണ്ടങ്ങൾ സമയബന്ധിതമായി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തപക്ഷം സ്വർണ്ണത്തിന് വിപണി മൂല്യം കുറയുന്ന അവസരത്തിൽ കുടിശ്ശിക വായ്പാ തുക പൂർണ്ണമായും തിരികെ

ഈടാക്കുന്നതിന് സാധിക്കാത്ത സാഹചര്യങ്ങളുണ്ടാകുകയും ആയത് സഹകരണ ബാങ്കുകൾക്ക് ബാധ്യതയുണ്ടാക്കുന്നതുമാണ്.

(സി) പണയ വസ്തു ലേലം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പണയ വസ്തു ലേലം ചെയ്യുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 28-01-2023-ലെ 2/2023 നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പ

304 (4510) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പ മൊത്തം വായ്പയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) 2022-23 സാമ്പത്തിക വർഷം ഇതിൽ എത്ര ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ടെന്നും വായ്പ ശതമാനം കുറയാനുണ്ടായ കാരണമെന്തെന്നും അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്തെ ഓരോ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘവും/ബാങ്കും മൊത്തം വായ്പയുടെ 25 ശതമാനത്തിൽ കുറയാതെ കാർഷിക വായ്പ നൽകിയിരിക്കണമെന്നും ആയത് 40 ശതമാനമായി ഉയർത്തുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം നാളിതുവരെ കാർഷിക വായ്പാ വിതരണത്തിൽ 10.61 ശതമാനം കുറവുണ്ടായിട്ടുണ്ട്. കാർഷിക വായ്പയ്ക്കാവശ്യമായ കർഷകർ/കാർഷിക ഗ്രൂപ്പുകളുടെയും അപേക്ഷകളുടെ കുറവാണ് വായ്പ വിതരണത്തിൽ കുറവ് വന്നതിന് കാരണം.

ബഡ്ജറ്റിൽ വകയിരുത്തിയ തുക

305 (4511) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ സഹകരണം, രജിസ്ട്രേഷൻ എന്നീ വകുപ്പുകൾക്ക് എത്ര രൂപയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി ഇനത്തിൽ 15583.00 ലക്ഷം രൂപയും എൻ.സി.ഡി.സി. ധനസഹായ പദ്ധതി

ഇനത്തിൽ 4040.00 ലക്ഷം രൂപയും ഉൾപ്പടെ ആകെ 19623.00 ലക്ഷം രൂപയാണ് സഹകരണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം. കൂടാതെ 188 കോടി രൂപ ബഡ്ജറ്റ് വിഹിതത്തിനുപരിയായി എൻ.സി.ഡി.സി. പദ്ധതിയിനത്തിൽ സഹകരണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി ഇനത്തിൽ 22.45 കോടി രൂപയാണ് രജിസ്ട്രേഷൻ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം.

(ബി) പ്രസ്തുത തുക മുഴുവൻ ധനകാര്യ വകുപ്പിൽനിന്ന് അനുവദിച്ച് കിട്ടിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന പദ്ധതിയിൽ 3621.10 ലക്ഷം രൂപയും എൻ.സി.ഡി.സി. പദ്ധതിയിൽ 20866.72 ലക്ഷം രൂപയും ചേർത്ത് ആകെ 24487.82 ലക്ഷം രൂപ ഇതുവരെ സഹകരണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ 8.3 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത തുക ഏതെല്ലാം മേഖലയ്ക്ക് എത്ര രൂപ വീതമാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം വകയിരുത്തിയ തുക ഏതെല്ലാം പ്രവൃത്തികൾക്ക് അനുവദിച്ചുവെന്ന് പ്രവൃത്തി, ജില്ല എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ഇ) അനുവദിച്ച തുകയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(സി-ഇ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള വായ്പാ ധനസഹായം, സംസ്കരണ സഹകരണ സംഘങ്ങൾക്ക് പ്രോൽസാഹനം, ഉപഭോക്തൃ സഹകരണ സംഘങ്ങൾ, സഹകരണ വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം, സഹകരണ പ്രചരണത്തിനുള്ള സഹായം, അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ.)യ്ക്കുള്ള സഹായം, പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാഡമിക്ക് നൽകുന്ന സഹായം (CAPE), സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം, മറ്റ് സഹകരണ സംഘങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം, മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനുമുള്ള സഹായം, ഗ്രാമീണ അടിസ്ഥാന സൗകര്യവികസന നിധി (ആർ.ഐ.ഡി.എഫ്.), റിസ്ക് ഫണ്ട്, സഹകരണ അംഗ സമാശ്വാസ നിധിയിലേയ്ക്കുള്ള ധനസഹായം എന്നീ മേഖലകളിലെ പദ്ധതികൾക്കും ഐ.സി.ഡി.പി., എൻ.സി.ഡി.സി. പദ്ധതികൾക്കുമാണ്

സഹകരണ വകുപ്പിൽ പദ്ധതി തുക അനുവദിക്കുന്നത്. പ്രസ്തുത പദ്ധതി നിർവ്വഹണ പുരോഗതി ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർമാരും താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാരും വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തുക ആവശ്യമെങ്കിൽ സഹകരണ സംഘം രജിസ്ട്രാർ തലത്തിലുള്ള ശിപാർശ പരിശോധിച്ച് അനുവദിക്കുന്നതുമാണ്.

ജില്ല	**അനുവദിച്ച തുക (ലക്ഷത്തിൽ)**
തിരുവനന്തപുരം	311.68
കൊല്ലം	120.83
പത്തനംതിട്ട	103.05
ആലപ്പുഴ	76.36
കോട്ടയം	96.08
ഇടുക്കി	676.24
എറണാകുളം	331.13
തൃശ്ശൂർ	483.26
പാലക്കാട്	1109.85
മലപ്പുറം	146.70
കോഴിക്കോട്	18984.14
വയനാട്	47.23
കണ്ണൂർ	202.55
കാസർഗോഡ്	84.84
റിസ്ക് ഫണ്ട് പദ്ധതി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, വകുപ്പിന്റെ ആധുനികവൽക്കരണം, സഹകരണ പരീക്ഷാ ബോർഡിനുള്ള സഹായം, സഹകരണ പ്രചരണം, വിവിധ പരിശീലന പരിപാടികൾ,	1713.89

SC/ST ഫെഡറേഷൻ, അംഗസമാശ്വാസ പദ്ധതി, കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE), അഗ്രിക്കൾച്ചറൽ സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) എന്നീ പദ്ധതികൾക്കുള്ള ധനസഹായം	

രജിസ്ട്രേഷൻ വകുപ്പിൽ സംസ്ഥാനാടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ കോഴ്സിന് സേ പരീക്ഷ ഏർപ്പെടുത്തുവാൻ നടപടി

306 (4512) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയൻ നടപ്പാക്കുന്ന ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (ജെ.ഡി.സി.) കോഴ്സിന് സേ പരീക്ഷ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കാമോ;

(ബി) പ്രസ്തുത കോഴ്സിന്റെ പരീക്ഷയിൽ പരാജയപ്പെടുന്നവർക്കും ആരോഗ്യപരമായ കാരണങ്ങളാൽ പരീക്ഷ എഴുതാൻ കഴിയാത്തവർക്കും

കോഴ്സിന്റെ കാലാവധിയായ ഒരു വർഷം നഷ്ടമാകുന്ന സാഹചര്യം കണക്കിലെടുത്ത് ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കാമോ?

(എ&ബി) സംസ്ഥാന സഹകരണ യൂണിയന് വേണ്ടിവരുന്ന സാമ്പത്തിക ബാധ്യതയും മറ്റ് പ്രായോഗിക ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് സേ പരീക്ഷാ മാതൃകയിൽ ജെ.ഡി.സി. കോഴ്സിന് പുനഃപരീക്ഷ നടത്താൻ നിലവിലെ സാഹചര്യത്തിൽ സാധിക്കുകയില്ല.

കുന്നത്തുനാട് മണ്ഡലത്തിലെ സഹകരണ അംഗ സമാശ്വാസ പദ്ധതി

307 (4513) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽനിന്നും സഹകരണ അംഗ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായത്തിനായി ലഭിച്ച അപേക്ഷകളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങളിൽ നിന്നും അംഗസമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ച അപേക്ഷകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

നം.	പഞ്ചായത്ത്	സംഘത്തിന്റെ പേര്	ലഭിച്ച

			അപേക്ഷകൾ
1	ഐക്കരനാട്	ഐക്കരനാട് എസ്.സി.ബി.ലി.ഇ. 172	46
		എം.ഒ.എസ്.സി. മെഡിക്കൽ കോളേജ് എംപ്ലോയീസ് സി.എസ്.ലി.ഇ. 1136	2
2	കിഴക്കമ്പലം	കിഴക്കമ്പലം എസ്.സി.ബി.ലി.ആർ. 83	30
		മലയിടംതുരുത്ത് എസ്.സി.ബി.ലി. 2794	61
3	കുന്നത്തുനാട്	കുന്നത്തുനാട് എസ്.സി.ബി.ലി.ഇ. 3	45
4	മഴുവന്നൂർ	മഴുവന്നൂർ സൈസസ് ആന്റ് മാർക്കറ്റിംഗ് സി.എസ്.ലി. 1282	4
		ഐരാപുരം എസ്.സി.ബി.ലി. 2794	34
		നെല്ലാട് വീട്ടൂർ എസ്.സി.ബി.ലി.ഇ. 332	24
		മഴുവന്നൂർ എസ്.സി.ബി.ലി.ഇ. 21	63
		ഐരാപുരം എസ്.സി.സി.എസ്.ലി.ഇ. 834	4
5	പൂതൃക്ക	പൂതൃക്ക എസ്.സി.ബി.ലി. 344	57
6	തിരുവാണിയൂർ	മാമല എസ്.സി.ബി.ലി. 2799	9
7	വടവുകോട്	വടവുകോട് എഫ്.എസ്.സി.ബി.ലി. 651	54
8	വാഴക്കുളം	വാഴക്കുളം എസ്.സി.ബി.ലി. 939	23
		മാറമ്പിള്ളി എസ്.സി.ബി.ലി.ഇ. 265	48
	ആകെ		**504**

(ബി) പ്രസ്തുത അപേക്ഷകരിൽ എത്രപേർക്ക് ധനസഹായം ലഭ്യമായിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

മേൽ 504 അപേക്ഷകളിൽ 347 അപേക്ഷകർക്കായി 67,80,000/- (അറുപത്തിയേഴ് ലക്ഷത്തി എൺപതിനായിരം രൂപ) രൂപ ലഭിച്ചിട്ടുള്ളതും ആയത് വിതരണം ചെയ്തിട്ടുള്ളതുമാണ്.

(സി) ധനസഹായം ലഭ്യമായിട്ടില്ലാത്ത അർഹരായ അപേക്ഷകർക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ധനസഹായം ലഭ്യമായിട്ടില്ലാത്ത അപേക്ഷകർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ സമർപ്പിച്ചിട്ടുള്ള 10-02-2023 വരെയുള്ള അപേക്ഷകളിൽ അർഹതാ മാനദണ്ഡം പാലിച്ചിട്ടുള്ള അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സർഫാസി ആക്ട് പ്രകാരമുള്ള ജപ്തി നടപടി

308 (4514) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി ആക്ട് പ്രകാരമുള്ള ജപ്തി നടപടികളിൽ സർക്കാരിന് ഇടപെട്ട് തിരിച്ചടവ് തുക തവണകളാക്കി സാവകാശം നൽകാൻ സാധിക്കുമോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

സർഫാസി ആക്ട് പ്രകാരമുള്ള ജപ്തി നടപടികളിൽ സർക്കാരിന് ഇടപെട്ട് തിരിച്ചടവ് തുക തവണകളാക്കി സാവകാശം നൽകുന്നതിന് സാധിക്കുകയില്ല.

(ബി) കുടിശ്ശിക തീർപ്പാക്കലിന്റെ ഭാഗമായി ഒറ്റത്തവണ ലോൺ തിരിച്ചടയ്ക്കുമ്പോൾ ഓരോ സഹകരണ സ്ഥാപനത്തിനും വായ്പക്കാരന് നൽകാൻ കഴിയുന്ന ഇളവുകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കുടിശ്ശിക തീർപ്പാക്കലിന്റെ ഭാഗമായി സംസ്ഥാനത്തെ സഹകരണ മേഖലയിൽ നവകേരളീയം കുടിശ്ശിക നിവാരണം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023) നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), ഹൗസിംഗ് സഹകരണ സംഘങ്ങൾ,

സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ ഒഴികെ സഹകരണ സംഘം രജിസ്ട്രാറിന് കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്ക് നൽകാൻ കഴിയുന്ന ഇളവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- 50,000/- രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ

1. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/-രൂപ വരെയുള്ള വായ്പകൾ ബാക്കി നിൽപ്പ് മുതൽത്തുക മാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

2. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപയ്ക്ക് മുകളിൽ 50,000/- രൂപ വരെയുള്ള വായ്പകളിൽ ബാക്കിനിൽപ്പ് മുതൽത്തുകയും പലിശയുടെ 50% ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

3. അഞ്ച് വർഷത്തിൽത്താഴെ കുടിശ്ശികയായ 25,000/- രൂപ വരെയുള്ള വായ്പകളിൽ സംഘംതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പലിശയിൽ പരമാവധി 50% വരെ ഇളവ് നൽകാവുന്നതാണ്.

4. അഞ്ച് വർഷത്തിൽത്താഴെ കുടിശ്ശികയായതും 25,000/- രൂപയ്ക്ക് മുകളിൽ 50,000/- രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 30% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.

- 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ

1. പലിശ മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പാ കണക്ക് അവസാനിപ്പിക്കേണ്ടതാണ്.

2. പലിശ മുതലിന് അധികരിക്കാത്ത കേസുകളിൽ പലിശയുടെ പരമാവധി 50% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.

- 2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/-രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ

2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/- രൂപ വരെയുള്ള വായ്പകളിന്മേൽ പരമാവധി 40% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.

പ്രസ്തുത പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കലിന്റെ ഭാഗമായി ഒറ്റത്തവണ ലോൺ തിരിച്ചടയ്ക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം

വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. അർഹരായവരുടെ വായ്പയിന്മേൽ പൂർണ്ണമായോ ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളുടെ ബാധ്യത തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നു.

<u>കേരള ബാങ്കിലെ പദ്ധതി</u>

- മരണപ്പെട്ടവർ/മാരകരോഗം ബാധിച്ചവർ, അപകടംമൂലം ശയ്യാവലംബരായവർ, നിരാലംബർ എന്നിവരുടെയും മാതാപിതാക്കളുടെ മരണംമൂലം അവർ എടുത്ത വായ്പകൾ തങ്ങളുടെ ബാധ്യത ആയിട്ടുള്ളതുമായ വായ്പകൾ

(1) വായ്പാ തുക 5 ലക്ഷം വരെയുള്ള വായ്പകളിൽ ഈടാക്കുവാനുള്ള പലിശ പൂർണ്ണമായും ഇളവ് ചെയ്ത്, മുതൽ മാത്രം അടച്ച് വായ്പാ കണക്ക് അവസാനിപ്പിക്കുവാൻ അനുവദിക്കാവുന്നതാണ്.

(2) 5 ലക്ഷത്തിന് മുകളിലും 25 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും ഈടാക്കുവാനുള്ള പലിശയുടെ 50 ശതമാനവും മാത്രം ഈടാക്കി വായ്പാ

കണക്ക് അവസാനിപ്പിക്കുവാൻ വായ്പാക്കാരുടെ അനന്തര അവകാശികളെ/വായ്പാക്കാരെ അനുവദിക്കാവുന്നതാണ്.

(3) 25 ലക്ഷത്തിന് മുകളിൽ 50 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും ഈടാക്കുവാനുള്ള പലിശയുടെ 70 ശതമാനവും മാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കുവാൻ വായ്പക്കാരുടെ അനന്തര അവകാശികളെ/വായ്പാക്കാരെ അനുവദിക്കാവുന്നതാണ്.

- <u>പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യതൊഴിലാളികൾ എന്നിവർ എടുത്തിട്ടുള്ള വായ്പകൾ</u>

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവർ എടുത്തിട്ടുള്ള 1,00,000/- (ഒരു ലക്ഷം) രൂപ വരെയുള്ള കാലാവധി കഴിഞ്ഞ വായ്പകളുടെ മുതൽ മാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

- <u>പ്രളയബാധിതരുടെ വായ്പകൾ</u>:- (സർക്കാർ ധനസഹായം 10,000/- രൂപ ലഭിച്ചിട്ടുള്ള വായ്പക്കാർക്ക് മാത്രം)

  മുതലും ഈടാക്കാനുള്ള പലിശയുടെ 50 ശതമാനവും മാത്രം അടച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

- <u>കുടിശ്ശിക വായ്പകൾ (സെക്വേർഡ് & അൺസെക്വേർഡ്)</u>

1. 25,000/-രൂപ വരെ മുതൽത്തുക ബാക്കി നിൽപ്പുള്ളതും 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായി നിൽക്കുന്നതുമായ വ്യക്തിഗത വായ്പകളിലെ പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കി കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

2. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/-രൂപയ്ക്ക് മുകളിൽ 50,000/-രൂപ വരെയുള്ള വായ്പകളിൽ ബാക്കിനിൽപ്പ് മുതൽത്തുകയും പലിശയുടെ 50 ശതമാനവും ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

- കുടിശ്ശിക വായ്പകൾ (സെക്വേർഡ്)

1. കാലാവധി പൂർത്തിയാകാത്ത കുടിശ്ശികയായ വായ്പകളിൽ കുടിശ്ശിക പൂർണ്ണമായി അടച്ചുതീർക്കുന്ന വായ്പാക്കാർക്ക് പിഴപ്പലിശ ഒഴിവാക്കി വായ്പ ക്രമപ്പെടുത്താവുന്നതാണ്.

2. കാലാവധി കഴിഞ്ഞതും/കുടിശ്ശികയായതുമായ (ക്യാഷ് ക്രെഡിറ്റ്, ഓവർ ഡ്രാഫ്റ്റ് ഒഴികെയുള്ള) വായ്പകളിൽ വായ്പ എടുത്തപ്പോഴുള്ള പലിശ നിരക്കോ (ബോണ്ട് റേറ്റ്) നിലവിലെ പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരം പലിശ കണക്കാക്കി വായ്പാ

കണക്ക് അവസാനിപ്പിക്കാവുന്നതാണ്. രണ്ട് ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും മുതലിന് തുല്യം പലിശയിലും രണ്ട് ലക്ഷത്തിന് മുകളിൽ മുതലും മുതലിന് തുല്യം പലിശയും അതിനുശേഷം മുതലിനെ അധികരിക്കുന്ന പലിശയുടെ 50 ശതമാനവും ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

ഈ പദ്ധതി കാലയളവിൽ കുടിശ്ശിക മുഴുവൻ തീർക്കുന്ന എല്ലാ വായ്പകൾക്കും പിഴപ്പലിശ ഒഴിവാക്കി താഴെപ്പറയും പ്രകാരവും ഇളവുകൾ കണക്കാക്കാവുന്നതാണ്:

കാലാവധി	**സെക്വേർഡ് വായ്പകൾക്കുള്ള പലിശയിളവ് (പലിശ തുകയുടെ)**
12 തവണ മുതൽ 36 തവണ വരെ കുടിശ്ശികയായ വായ്പകൾ	5%
36 തവണ മുതൽ 48 തവണ വരെ കുടിശ്ശികയായ വായ്പകൾ	10%
48 തവണ മുതൽ 60 തവണ വരെ കുടിശ്ശികയായ വായ്പകൾ	15%
60 തവണ മുതൽ 72 തവണ വരെ കുടിശ്ശികയായ വായ്പകൾ	20%
72 തവണയ്ക്ക് മുകളിൽ കുടിശ്ശികയായ വായ്പകൾ	25%

- <u>ക്യാഷ് ക്രെഡിറ്റ്, ഓവർ ഡ്രാഫ്റ്റ്</u>

1. കാലാവധി കഴിഞ്ഞ് 3 വർഷത്തിന് മുകളിലായ ഓവർ ഡ്രാഫ്റ്റ്, പ്രസ്തുത വായ്പകളുടെ മുതൽ എന്നാൽ എൻ.പി.എ. തീയതിയിലെ ബാക്കിനിൽപ്പ് തുകയായിരിക്കും.

2. കാലാവധി അവസാനിച്ച 2 ലക്ഷം വരെയുള്ള CC/OD വായ്പകളിൽ മുതലും മുതലിന് തുല്യം പലിശയിലും 2 ലക്ഷത്തിന് മുകളിൽ മുതലും മുതലിന് തുല്യം പലിശയും അതിനുശേഷം മുതലിനെ അധികരിക്കുന്ന പലിശയുടെ 50 ശതമാനവും ഈടാക്കിയും വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

- <u>അൺസെക്യേർഡ് വായ്പകൾ</u>

എൻ.പി.എ. ആയതും കാലാവധി കഴിഞ്ഞതും വസ്തു ജാമ്യം സ്വീകരിക്കാതെ അനുവദിച്ച് നൽകിയതുമായ വ്യാപാർ വായ്പ, കോ-ബാങ്ക് അഭയ, സമൃദ്ധി കാർഡ് വായ്പ, വാഹന വായ്പ, ഡി.സി.എ. വായ്പ, സ്യൂട്ട് ഫയൽഡ് വിഭാഗത്തിലേയ്ക്ക് മാറ്റിയ വായ്പ, കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ച മുൻജില്ലാ സഹകരണ ബാങ്കുകൾ വസ്തു ജാമ്യം സ്വീകരിക്കാതെ അനുവദിച്ചുനൽകിയ സമാനമായ വായ്പകൾ, സമൃദ്ധി വായ്പകൾ, വ്യക്തിഗത ഓവർ ഡ്രാഫ്റ്റുകൾ എന്നീ വായ്പകൾക്ക് ബാധകമായിരിക്കും.

കാലാവധി	അൺസെക്വേർഡ് വായ്പകൾക്കുള്ള പലിശയിളവ് (പലിശ തുകയുടെ)
12 തവണ മുതൽ 36 തവണ വരെ കുടിശ്ശികയായ വായ്പകൾ	10%
36 തവണ മുതൽ 48 തവണ വരെ കുടിശ്ശികയായ വായ്പകൾ	20%
48 തവണ മുതൽ 60 തവണ വരെ കുടിശ്ശികയായ വായ്പകൾ	30%
60 തവണ മുതൽ 72 തവണ വരെ കുടിശ്ശികയായ വായ്പകൾ	40%
72 തവണയ്ക്ക് മുകളിൽ കുടിശ്ശികയായ വായ്പകൾ	50%

ടി പദ്ധതിയിൽ ഉൾപ്പെടുന്ന അൺസെക്വേർഡ് വായ്പകൾ താഴെപ്പറയും പ്രകാരവും പലിശ കണക്കാക്കി തീർപ്പാക്കാവുന്നതാണ്:

A	മറ്റ് വരുമാന മാർഗ്ഗങ്ങളോ ആസ്തികളോ യാതൊന്നും തന്നെയില്ലാത്ത വിഭാഗത്തിൽപ്പെടുന്ന 6 വർഷത്തിലധികമായി കുടിശ്ശികയായി നിൽക്കുന്ന പരസ്പര ജാമ്യത്തിൽ വ്യാപാരികൾക്ക് നൽകിയ വ്യാപാർ വായ്പ (സമാനമായ വ്യവസ്ഥകളിൽ ജില്ലാ ആഫീസുകളുടെ ശാഖകൾ വിതരണം ചെയ്ത വായ്പകളും), സ്യൂട്ട് ഫയൽഡ് വിഭാഗത്തിൽപ്പെട്ട അൺസെക്വേർഡ് വായ്പകൾ, ഡി.സി.എ. വായ്പ, കോ-ബാങ്ക് അഭയ, സമൃദ്ധി കാർഡ്, വാഹന വായ്പ മുതലായ വായ്പകൾ	എൻ.പി.എ. തീയതിയിലെ മുതൽ തുക + മറ്റ് ചെലവുകൾ (കേസ് ചെലവുകൾ മുതലായവ)
B	**സാലറി സർട്ടിഫിക്കറ്റിന്റെ ജാമ്യത്തിൽ നൽകിയ വ്യക്തിഗത വായ്പകൾ (സമൃദ്ധി, വ്യക്തിഗത, ഓവർ ഡ്രാഫ്റ്റ് വായ്പകൾ)**	
	31-03-2015 വരെയുള്ള കാലയളവിൽ കാലാവധി അവസാനിച്ച ടി വായ്പകൾ	എൻ.പി.എ. തീയതിയിലെ

		മുതൽ തുക + 4% സാധാരണ പലിശ + മറ്റ് ചെലവുകൾ.
	01-04-2015 മുതൽ 31-03-2017 വരെയുള്ള കാലയളവിൽ കാലാവധി അവസാനിച്ച ടി വായ്പകൾ	എൻ.പി.എ. തീയതിയിലെ മുതൽ തുക + പരമാവധി 6% സാധാരണ പലിശ + മറ്റ് ചെലവുകൾ
	01-04-2017 മുതൽ 31-03-2020 വരെയുള്ള കാലയളവിൽ കാലാവധി അവസാനിച്ച വായ്പകൾ	എൻ.പി.എ. തീയതിയിലെ മുതൽ തുക + 9% സാധാരണ പലിശ + മറ്റ് ചെലവുകൾ
C	**വിദ്യാഭ്യാസ വായ്പ**	
	30-11-2022-ലോ അതിന് മുമ്പോ എൻ.പി.എ. ആയ വ്യക്തിഗത ജാമ്യത്തിന്മേൽ നൽകിയിട്ടുള്ള 4 ലക്ഷം രൂപവരെയുള്ള വിദ്യാഭ്യാസ വായ്പകൾ	ആകെ അനുവദിച്ച തുക + 4% സാധാരണ പലിശ + മറ്റ് ചെലവുകൾ
D	**സ്വർണ്ണപ്പണയ വായ്പകൾ**	
	ലേല നടപടികളിലൂടെ പണയ ഉരുപ്പടികൾ വിൽപ്പന നടത്തിയ ശേഷവും ബാക്കിനിൽപ്പുള്ള സ്വർണ്ണപ്പണയ വായ്പാ അക്കൗണ്ടുകളിലെ തുക ഈടാക്കുന്നതിനായി മുതൽ തുക പൂർണ്ണമായും ലഭ്യമായെങ്കിൽ ഈടാക്കുവാനുള്ള പലിശയിന്മേൽ വായ്പാക്കാരന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി വായ്പാ കണക്ക്	

	അവസാനിപ്പിക്കുന്നതിന് അദാലത്ത് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
E	**എസ്.എച്ച്.ജി./ജെ.എൽ.ജി. വായ്പകൾ** കുടിശ്ശികയായതും 100% കരുതൽ വയ്ക്കേണ്ടതുമായ എസ്.എച്ച്.ജി./ജെ.എൽ.ജി. വായ്പകൾ കുടിശ്ശിക അവസാനിപ്പിക്കുന്നപക്ഷം ബാക്കിനിൽപ്പ് പലിശയുടെ 50% വരെ ഇളവ് ചെയ്ത് നൽകാവുന്നതാണ്.
F	**അംഗസംഘങ്ങളുടെ കുടിശ്ശിക വായ്പകൾ** അംഗസംഘങ്ങൾ (നാമമാത്ര അംഗസംഘങ്ങൾ ഉൾപ്പെടെ) എടുത്തിട്ടുള്ളതും 3 വർഷത്തിലധികമായി കിട്ടാക്കടമായി നിൽക്കുന്നതുമായ വായ്പകളിൽ (ഓവർഡ്രാഫ്റ്റ്/ക്യാഷ് ക്രെഡിറ്റ് ഉൾപ്പെടെ) കുടിശ്ശിക പരിഹരിക്കുന്നതിലേയ്ക്ക് കൂടുതൽ ഇളവുകൾ ആവശ്യമെന്ന് തോന്നുന്നപക്ഷം ജില്ലാതല കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി പലിശയിൽ പരമാവധി 50% വരെയും പിഴപ്പലിശ, മറ്റ് നടപടി ചെലവുകൾ എന്നിവ പൂർണ്ണമായോ ഭാഗികമായോ ഇളവ് ചെയ്യും നൽകാവുന്നതാണ്.

<u>കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ പദ്ധതി</u>

വിവിധ വായ്പകളിൽ ഒരു വായ്പക്കാരന് പരമാവധി നൽകാവുന്ന ആനുകൂല്യം താഴെ പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു:

ക്രമ നം.	**അടച്ചു തീർക്കേണ്ട പരമാവധി തുകയിൽ കുടിശ്ശിക മുതൽ**	**നൽകാവുന്ന പരമാവധി പലിശയിളവ്**
1	1 ലക്ഷം രൂപ വരെ	പരിധിയില്ല

2	1 ലക്ഷം മുതൽ 2 ലക്ഷം വരെ	1,50,000/-
3	3 ലക്ഷം മുതൽ 5 ലക്ഷം വരെ	1,80,000/-
4	5 ലക്ഷത്തിന് മുകളിൽ	2,00,000/-

മറ്റ് ആനുകൂല്യങ്ങൾ

1. കാലാവധി കഴിഞ്ഞ ഹ്രസ്വകാല വായ്പകൾക്ക് നിൽപ്പ് മുതലും തുല്യമായി തുക പലിശയായും അടച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

2. കാലാവധി കഴിഞ്ഞ കാർഷിക കാർഷികേതര വായ്പ അനുവദിച്ച് തുക 50,000/- രൂപയോ അതിന് താഴെയോ പലിശയുടെ 25% അടച്ച് കടം അവസാനിപ്പിക്കാവുന്നതാണ്.

3. കാലാവധി കഴിഞ്ഞ വായ്പകളിൽ അനുവദിച്ച തുക 50,000/- രൂപയോ അതിന് താഴെയോ ആണെങ്കിൽ ബാക്കി നിൽപ്പ് തുക 10,000/- രൂപയോ അതിന് താഴെയോ ആണെങ്കിൽ മുതൽ മാത്രം അടച്ച് കടം കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

4. മരണമടഞ്ഞവരുടെയും വായ്പയെടുത്തതിനുശേഷം കാൻസർ, ഹൃദ്രോഗം, തളർവാതം, കിഡ്നി സംബന്ധമായ അസുഖങ്ങൾ, മാനസിക രോഗം, അപകടങ്ങൾമൂലമുണ്ടാകുന്ന പൂർണ്ണ ശാരീരിക

വൈകല്യം എന്നിങ്ങനെ മാറാരോഗം ബാധിച്ചവരുടെയും വായ്പകൾക്കും ഈ പദ്ധതിയിലൂടെ ഇളവുകൾ നൽകുന്നു.

പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽനിന്നും വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ളവരും പ്രളയ ദുരന്തം നേരിട്ടവർക്കും ഈ പദ്ധതിയിലൂടെ ഇളവുകൾ നൽകുന്നു.

ജീവനക്കാരുടെ സ്ഥലംമാറ്റം

309 (4515) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-02-2017-ലെ ജി.ഒ.(പി) 03/2017/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോ നിലവിൽ സഹകരണ വകുപ്പിൽ ജീവനക്കാരുടെ സ്ഥലംമാറ്റം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ സഹകരണ വകുപ്പിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) 25-02-2017-ലെ ജി.ഒ.(പി) 03/2017/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സഹകരണ വകുപ്പിൽ ജീവനക്കാരുടെ സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ വകുപ്പിൽ 2023 മാർച്ച് 31-നകം പൊതു സ്ഥലംമാറ്റം ഓൺലൈനായി നടപ്പിൽവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കോങ്ങാട് മണ്ഡലത്തിലെ നവകേരളീയം പദ്ധതി

310 (4516) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിൽ നവകേരളീയം പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചു; അവയിൽ എത്രയെണ്ണം തീർപ്പാക്കി; വിശദാംശം നൽകുമോ?

കോങ്ങാട് നിയോജകമണ്ഡലത്തിൽ നവ കേരളീയം പദ്ധതിയുമായി ബന്ധപ്പെട്ട് 250 അപേക്ഷകൾ ലഭിച്ചു. അവയിൽ 250 എണ്ണവും തീർപ്പാക്കിയിട്ടുണ്ട്. ബാങ്ക് തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു:

ക്രമ നം.	സംഘം/ബാങ്കിന്റെ പേര്	ലഭിച്ചതും തീർപ്പാക്കിയതുമായ അപേക്ഷകളുടെ എണ്ണം
1	പറളി സർവ്വീസ് സഹകരണ ബാങ്ക്	4
2	മങ്കര സർവ്വീസ് സഹകരണ ബാങ്ക്	15
3	നഗരിപുറം സർവ്വീസ് സഹകരണ ബാങ്ക്	65
4	മണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക്	55
5	കോങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്	10
6	തടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്	20
7	പെരിങ്ങോട് സർവ്വീസ് സഹകരണ ബാങ്ക്	81
	ആകെ	**250**

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് നവകേരളീയം പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുവെന്ന് വിശദമാക്കാമോ?

കോങ്ങാട് നിയോജകമണ്ഡലത്തിൽ നവകേരളീയം പദ്ധതിയുമായി ബന്ധപ്പെട്ട് 56 പേർക്ക് 56 വായ്പകളിലായി 9,85,569/- രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

ബാലുശ്ശേരി മണ്ഡലത്തിലെ സുഭിക്ഷ കേരളം പദ്ധതി

311 (4517) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

സഹകരണ വകുപ്പ് സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന സുഭിക്ഷ കേരളം പദ്ധതി വഴി സംസ്ഥാനത്തെ തരിശ് ഭൂമികളിൽ കൃഷി നടപ്പിലാക്കുക, ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ സംസ്ഥാനം സ്വയംപര്യാപ്തമാകുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അതുവഴി കൂടുതൽ യുവജനങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുക, അവരിൽ കൃഷിയുടെ ആവശ്യകത സംബന്ധിച്ച് ബോധവത്കരണം നടത്തുക എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടയ്ക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് മിസലേനിയസ് സംഘങ്ങൾ വഴിയും കൃഷി ചെയ്യുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നതെന്നും പ്രസ്തുത പ്രവൃത്തികൾക്ക് സഹകരണ സ്ഥാപനങ്ങൾ മുഖേന എത്ര തുക വായ്പയായി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ മുഖേന ഏഴ് മാതൃകാ കൃഷിത്തോട്ടങ്ങളും ഇതുമുഖേന 135 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ കപ്പ, ചേന, ചേമ്പ്, കരനെല്ല് എന്നീ ഇനങ്ങളിലായി 700 സെന്റ് സ്ഥലത്ത് കൃഷി നടത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം മൂന്ന് ലക്ഷം രൂപ വായ്പയും എസ്.എൽ.എഫ്. പദ്ധതി പ്രകാരം 1643 പേർക്ക് 15.48 കോടി രൂപ വായ്പയും അനുവദിച്ചിട്ടുണ്ട്.

സഹകരണ ബാങ്കുകൾ മുഖേന അനുവദിക്കുന്ന വിദ്യാഭ്യാസ വായ്പകൾ

312 (4518) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സഹകരണ ബാങ്കുകൾ മുഖാന്തരം അനുവദിച്ച വിദ്യാഭ്യാസ വായ്പയുടെ വിശദാംശം ലഭ്യമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കേരള ബാങ്ക് ശാഖകൾ മുഖേന കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വിദ്യാഭ്യാസ വായ്പകളൊന്നും അനുവദിച്ചിട്ടില്ല.

(ബി) സഹകരണ ബാങ്കുകൾ മുഖാന്തരം വിദ്യാഭ്യാസ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകൾ വഴിയും മറ്റ് സഹകരണ സ്ഥാപനങ്ങൾ വഴിയും വിദ്യാഭ്യാസ വായ്പ ലഭിക്കുവാനായി അതത് ശാഖാ മാനേജർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം അഡ്മിഷൻ ലഭിച്ചതിന്റെ രേഖകൾകൂടി സമർപ്പിക്കേണ്ടതാണ്. ടി രേഖകളും മറ്റ് അനുബന്ധ വിവരങ്ങളും പരിശോധിച്ചതിനുശേഷം ശാഖാ മാനേജർ വായ്പ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. കേരള ബാങ്കുവഴി ഇന്ത്യയിലെ പഠനത്തിന് പരമാവധി പത്ത് ലക്ഷം രൂപയും വിദേശ പഠനത്തിന് വായ്പയായി പരമാവധി ഇരുപത് ലക്ഷം രൂപ വരെയും അനുവദിക്കുന്നുണ്ട്.

കൂടാതെ ASAP (Additional Skill Acquisition Programme)-മായി സഹകരിച്ച് തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുവാനും കേരള ബാങ്ക് വായ്പ അനുവദിക്കുന്നു.

സഹകരണ സംഘങ്ങൾ വഴി പഴം, പച്ചക്കറി സംഭരണവും വിപണനവും

313 (4519) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കർഷകർക്ക് ക്യത്യമായ വില ലഭിക്കുന്നതിനുവേണ്ടി സഹകരണ സംഘങ്ങൾ വഴി പഴങ്ങളും പച്ചക്കറികളും സംഭരിച്ച് വില്പന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കാർഷിക വകുപ്പിന്റെ സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് 16 ഇനം കാർഷിക വിളകൾക്ക് അടിസ്ഥാനവില നിശ്ചയിച്ചുകൊണ്ട് ഉത്തരവായിരുന്നു. പച്ചക്കറികളുടെ വിപണിവില അടിസ്ഥാന വിലയെക്കാൾ കുറയുമ്പോൾ കർഷകരിൽനിന്നും കാർഷികോൽപ്പന്നങ്ങൾ അടിസ്ഥാനവിലയിൽ സംഭരിച്ച് വിപണനം നടത്തുന്നതിന് കാർഷികോൽപ്പന്നങ്ങളുടെ സംഭരണ ഏജൻസികളായി പ്രാഥമിക

കാർഷിക സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

നാദാപുരം മണ്ഡലത്തിലെ റിസ്ക് ഫണ്ട് പദ്ധതി

314 (4520) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാദാപുരം നിയോജകമണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന തീയതി മുതൽ 28-02-2023 വരെ നാദാപുരം നിയോജകമണ്ഡലത്തിലെ പത്ത് ബാങ്കുകളിൽ നിന്നായി 45 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നാദാപുരം മണ്ഡലത്തിൽ ലഭ്യമായിട്ടുള്ള അപേക്ഷകളിൽ ഏഴ് ബാങ്കുകളിൽ നിന്നായി 18 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ബാങ്ക് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) മേൽ അപേക്ഷകളിൽ ഇനി ആനുകൂല്യം ലഭിക്കാനുള്ളവരുടെ പേര് വിവരം ലഭ്യമാക്കാമോ; വിശദമാക്കാമോ?

ആറ് ബാങ്കുകളിൽനിന്നായി 13 അപേക്ഷകളിൽ ധനസഹായം നല്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ ബാങ്ക് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി

315 (4521) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

സർക്കാരിന്റെ നൂറുദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുവാൻ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഒരു ജില്ലയ്ക്ക് ഒരു വിള എന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സഹകരണ വകുപ്പ് സഹകരണ സ്ഥാപനങ്ങൾ മുഖേന ടി പദ്ധതി വഴി സംസ്ഥാനത്തെ തരിശ് ഭൂമികളിൽ കൃഷി നടപ്പിലാക്കുക, ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ സംസ്ഥാനം സ്വയംപര്യാപ്തമാകുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അതുവഴി കൂടുതൽ യുവജനങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുക, അവരിൽ കൃഷിയുടെ ആവശ്യകത സംബന്ധിച്ച് ബോധവത്കരണം നടത്തുക എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) 2023 ചെറുധാന്യ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ധാന്യവിളകൾക്കും പദ്ധതി പ്രാധാന്യം നൽകുന്നുണ്ട്.

(ബി) സഹകരണ പ്രസ്ഥാനത്തിന്റെ ശാക്തീകരണത്തിലൂടെ സുസ്ഥിര വികസനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തിനായി കാർഷിക മേഖലയുമായി

ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ?

സഹകരണ പ്രസ്ഥാനത്തിന്റെ ശാക്തീകരണത്തിലൂടെ സുസ്ഥിര വികസനം ഉറപ്പ് വരുത്തുകയെന്ന ലക്ഷ്യത്തിനായി കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം - കർഷക സേവന കേന്ദ്രം, ആഗ്രോ ബസാർ, വളം കീടനാശിനി ഡിപ്പോ, ജൈവ പച്ചക്കറി കൃഷി, മത്സ്യകൃഷി, ഗ്രാമീണ ചന്തകൾ, പച്ചക്കറി സംഭരണ വിപണന കേന്ദ്രങ്ങൾ, കോപ് മാർട്ടുകൾ എന്നിവ നടത്തുന്നു. കാർഷിക വായ്പ, സ്വർണ്ണപ്പണയ വായ്പ, മുറ്റത്തെ മുല്ല തുടങ്ങിയ വായ്പാ പദ്ധതികളും സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് കുടുംബശ്രീ വായ്പാ പദ്ധതിയും നടപ്പിലാക്കുന്നു.

2. കൊല്ലം- കർഷക സേവന കേന്ദ്രം, കാർഷിക സംഭരണ വിപണന കേന്ദ്രങ്ങൾ, നെൽകൃഷിക്ക് പലിശരഹിത വായ്പ, പച്ചത്തേങ്ങ സംഭരണം, വളം വിതരണം, സർക്കാരിന്റെ നൂറുദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി പദ്ധതിയുടെ ഭാഗമായി തരിശുഭൂമി ഏറ്റെടുത്ത് കൃഷിയിറക്കുക, സ്വർണ്ണപ്പണയ വായ്പ, മുറ്റത്തെ മുല്ല തുടങ്ങിയ വായ്പാ

പദ്ധതികൾ, സുഭിക്ഷ കേരളം പദ്ധതി, സ്വയംതൊഴിൽ പദ്ധതികൾ, കർഷകർക്ക് 7 ശതമാനം പലിശയിൽ കെ.സി.സി. വായ്പ എന്നിവ നടപ്പിലാക്കുന്നു.

3. പത്തനംതിട്ട - കർഷക സേവന കേന്ദ്രം നടത്തുന്നു, കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു, വളം, വിത്ത്, കാർഷിക ഉപകരണങ്ങൾ എന്നിവയുടെ വിതരണം, കാർഷിക സംഭരണ വിപണന കേന്ദ്രങ്ങൾക്കായി അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗപ്പെടുത്തി പദ്ധതി രൂപീകരിക്കൽ, നെൽകൃഷിക്ക് പലിശരഹിത വായ്പ, സർക്കാരിന്റെ നൂറുദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി പദ്ധതിയുടെ ഭാഗമായി തരിശ്ശുഭൂമി ഏറ്റെടുത്ത് കൃഷിയിറക്കുക എന്നിവ നടപ്പിലാക്കുന്നു.

4. ആലപ്പുഴ - കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ, കർഷക സേവന കേന്ദ്രം, കാർഷിക പരിശീലന കേന്ദ്രം എന്നിവ നടത്തുന്നു. ഗ്രാമീണ ചന്തകൾ നടത്തുന്നു.

5. കോട്ടയം - കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു, കർഷക സേവന കേന്ദ്രം നടത്തുന്നു. കോപ് മാർട്ടുകൾ നടത്തുന്നു. സാങ്കേതികവിദ്യാധിഷ്ഠിത കൃഷി പദ്ധതി, കാർഷിക നഴ്സറി, ഗ്രാമീണ ചന്ത എന്നിവ നടത്തുന്നു.

6. ഇടുക്കി - കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു, കർഷക സേവന കേന്ദ്രം നടത്തുന്നു. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ നടത്തുന്നു, കാർഷിക നഴ്സറി, പോളീഹൗസ് എന്നിവ നടത്തിവരുന്നു.

7. എറണാകുളം - കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതി വഴി കൃഷി നടപ്പാക്കുന്നു, അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു, കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു, കോപ് മാർട്ടുകൾ നടത്തുന്നു, കാർഷിക നഴ്സറി, ഗ്രാമീണ ചന്ത എന്നിവ നടത്തുന്നു.

8. തൃശ്ശൂർ- കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ, കർഷക സേവന കേന്ദ്രം, ഗ്രാമീണ ചന്തകൾ എന്നിവ നടത്തുന്നു.

9. പാലക്കാട് - കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു, കർഷക സേവന കേന്ദ്രം നടത്തുന്നു, ഗ്രാമീണ ചന്തകൾ, പച്ചക്കറി സംഭരണ വിപണന കേന്ദ്രങ്ങൾ, കോപ് മാർട്ടുകൾ എന്നിവ നടത്തുന്നു. കാർഷിക വായ്പ, സ്വർണ്ണപ്പണയ വായ്പ, മുറ്റത്തെ മുല്ല കൂടാതെ സർക്കാരിന്റെ നൂറുദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി പദ്ധതിയുടെ ഭാഗമായി തരിശ്ശുഭൂമി ഏറ്റെടുത്ത് കൃഷിയിറക്കുക എന്നിവ നടപ്പിലാക്കുന്നു. നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു.

10. മലപ്പുറം - നെൽക്കൃഷിക്ക് പലിശരഹിത വായ്പ, സർക്കാരിന്റെ നൂറുദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി പദ്ധതിയുടെ ഭാഗമായി തരിശ്ശുഭൂമി ഏറ്റെടുത്ത് കൃഷിയിറക്കുന്നു, കർഷക സേവന കേന്ദ്രം എന്നിവ നടത്തുന്നു.

11. വയനാട്- കർഷക സേവന കേന്ദ്രം, കാർഷിക സംഭരണ വിപണന കേന്ദ്രങ്ങൾ, നെൽക്കൃഷിക്ക് പലിശരഹിത വായ്പ, പച്ചത്തേങ്ങ സംഭരണം, വളം വിതരണം, സർക്കാരിന്റെ നൂറുദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ

സ്ഥലത്ത് കൃഷി പദ്ധതിയുടെ ഭാഗമായി തരിശ്ശുഭൂമി ഏറ്റെടുത്ത് കൃഷിയിറക്കുന്നു, ഗ്രാമീണ ചന്തകൾ നടത്തുന്നു.

12. കോഴിക്കോട് - കാർഷിക നഴ്സറി, ഗ്രാമീൺ മാർക്കറ്റ്, വളം ഡിപ്പോ, കർഷക സേവന കേന്ദ്രം എന്നിവ നടത്തുന്നു, സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കുന്നു, സംഘങ്ങൾ നാളികേര കോംപ്ലക്സ് നടത്തിവരുന്നു.

13. കണ്ണൂർ - നെൽക്കൃഷിക്ക് പലിശരഹിത വായ്പ, കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ എന്നിവ നൽകുന്നു. സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കുന്നു. സർക്കാരിന്റെ നൂറുദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി പദ്ധതിയുടെ ഭാഗമായി തരിശ്ശു ഭൂമി ഏറ്റെടുത്ത് കൃഷിയിറക്കുന്നു, ഗ്രാമീണ ചന്തകൾ നടത്തുന്നു.

14. കാസർഗോഡ് - സുഭിക്ഷ കേരളം പദ്ധതി, കർഷകർക്ക് പലിശരഹിത വായ്പ, കർഷക സേവന കേന്ദ്രം, പച്ചക്കറി സംഭരണ വിപണന കേന്ദ്രങ്ങൾ എന്നിവ നടത്തുന്നു.

(സി) കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതിയിലൂടെ എന്തൊക്കെ

പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണെന്ന് ചുവടെ വിവരിക്കുന്നു:

1. സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതിയുടെ ഭാഗമായി പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു. അതിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

നെൽകൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ

പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്വയർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം.4505 (KAPCOS) എന്ന നെല്ല് സഹകരണ സംഘം രൂപീകരിച്ചു. സംഘത്തിന്റെ അധീനതയിൽ പാലക്കാട് റൈസ് മിൽ മാതൃകയിൽ റൈസ് മിൽ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചുവരുന്നു. 2022-2023 സാമ്പത്തിക വർഷം മുതൽ ഒരു പുതിയ സംരംഭമായ "സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം (വീട്ടു പടിക്കൽ ശേഖരണം), സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ചുവടെപ്പറയുന്ന ഉപഘടകങ്ങളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്:

2. സമഗ്ര കാർഷിക വികസന പദ്ധതി (PACS വഴി) - പ്രാഥമിക സംഘങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശത്തെ പുരയിടങ്ങളെ

ഉപയോഗപ്പെടുത്തി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുംവേണ്ടി വലുതും ചെറുതുമായ പച്ചക്കറി കൃഷി, അടുക്കളത്തോട്ടം, ടെറസ് കൃഷി എന്നിവയിലൂടെ കാർഷിക വിളകളുടെ ഉൽപ്പാദനം, സംഭരണം, വിപണനം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിയും കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കിയും അതോടൊപ്പം കാർഷിക അനുബന്ധ പ്രവർത്തനങ്ങളായ മത്സ്യബന്ധനം, മൃഗസംരക്ഷണം എന്നിവയെ പരിപോഷിപ്പിച്ചുകൊണ്ടും കർഷകർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ സഹായിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

3. കാർഷിക വായ്പാ സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ - പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ജില്ലാ സഹകരണ സംഘങ്ങൾ എന്നിവയുടെ കീഴിലുള്ള നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്വയംസഹായ ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പി.എ.സി.എസ്/എഫ്.എസ്.സി.ബി./എഫ്.എസ്.സി.എസ്.-നെ പ്രോത്സാഹിപ്പിക്കുന്നതിനും കഴിഞ്ഞ വർഷം നൽകിയ മൊത്തം കാർഷിക

വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽക്കൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘത്തിനെയും പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ പദ്ധതിക്കായി തുക വകയിരുത്തിയിട്ടുള്ളത്.

ഉപഘടകത്തിന്റെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. കാർഷിക ഉൽപ്പാദനം, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ - ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വിളവെടുപ്പ് കാലത്ത് കർഷകരിൽനിന്ന് നേരിട്ട് കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് സംഭരണ-സംസ്കരണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും സംസ്കരിച്ച വസ്തുക്കൾ വിപണികളിലൂടെ ലഭ്യമാക്കുന്നതിനുമാണ് പദ്ധതി ഉദ്ദേശിക്കുന്നത്.

ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കൽ- എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുമുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി ഈ പ്രദേശത്തെ അംഗീകൃത പി.എ.സി.എസ്.-ന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെടുന്നു. അതുവഴി കർഷകർക്ക് നേരിട്ടുള്ള വിൽപ്പനയ്ക്ക് സഹായിക്കുന്ന വിപണനവേദി ഒരുക്കുന്നു. ഈ ഉപഘടക പദ്ധതിയിൽ ഗ്രാമീണ ചന്തകളെ സഹായിക്കുന്നതിനായി ഓരോ ചന്തയ്ക്കും 10.00 ലക്ഷം രൂപ വീതം നീക്കിവച്ചിരിക്കുന്നു.

ഉപഘടകത്തിന്റെ മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി 110.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം - ഓരോ ജില്ലകളിലും ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ മേഖലയെ വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തെരഞ്ഞെടുത്ത് പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉൽപ്പന്നങ്ങളെ

ആസ്പദമാക്കി ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതും കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതും പാലക്കാട് നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണ സംഘത്തിനും (PAPCOS) കേരള നെല്ല് സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘത്തിനുമുള്ള (KAPCOS) സഹായവും ഈ ഉപപദ്ധതിക്ക് കീഴിൽ വകയിരുത്തിയിട്ടുണ്ട്.

7. കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തൽ - വിളവെടുപ്പിനുശേഷമുള്ള വിവിധ കാർഷിക ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള സംഭരണവും സംസ്കരണവും വിപണനവും നിറവേറ്റുന്നതിനായി വിപണന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉപഘടകത്തിന്റെ മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രം (എഫ്.എസ്.സി.) ശക്തിപ്പെടുത്തൽ - കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രങ്ങൾ ബ്ലോക്ക് തലത്തിൽ ശക്തിപ്പെടുത്തുന്നതിനും പുതുതായി തുടങ്ങുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

അംഗ സമാശ്വാസ പദ്ധതി

316 (4522) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംഗ സമാശ്വാസ പദ്ധതി പ്രകാരം എത്ര തുക ധനസഹായം നൽകിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംഗ സമാശ്വാസ പദ്ധതി പ്രകാരം ആകെ 68,24,40,000/- രൂപ (അറുപത്തിയെട്ട് കോടി ഇരുപത്തിനാല് ലക്ഷത്തി നാൽപ്പതിനായിരം രൂപ) ധനസഹായം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ അസുഖബാധിതർക്കാണ് ധനസഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അർബുദം, വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയമായിക്കൊണ്ടിരിക്കുന്നവർ/വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഗുരുതര കരൾരോഗം ബാധിച്ചവർ, ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച്

ശയ്യാവലംബരായവർ, ഉരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ഓപ്പൺ ഹാർട്ട്/ബൈപ്പാസ് സർജറി), എച്ച്.ഐ.വി. ബാധിതർ, വാഹനാപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവരാണ് പദ്ധതിക്ക് അർഹരായിട്ടുള്ളത്.

സമഗ്ര കാർഷിക വികസന പദ്ധതി പ്രകാരം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

317 (4523) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര കാർഷിക വികസന പദ്ധതി പ്രകാരം മാവേലിക്കര നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കർഷകർക്ക് ആനുകൂല്യം ലഭിച്ചുവെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും അറിയിക്കാമോ?

(എ&ബി) സമഗ്ര കാർഷിക വികസന പദ്ധതി പ്രകാരം മാവേലിക്കര നിയോജകമണ്ഡലത്തിലെ സംഘങ്ങളിൽനിന്നും ഒരു പ്രൊപ്പോസലും ലഭിച്ചിട്ടില്ല.

ചെറുകിട സംരംഭകർക്ക് കുറഞ്ഞ പലിശയിൽ വായ്പ

318 (4524) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും കേരള ബാങ്ക് മുഖേന പ്രത്യേക വായ്പാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും കേരള ബാങ്ക് വ്യത്യസ്തങ്ങളായ എം.എസ്.എം.ഇ. വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു:

- KB മിത്ര - പരമാവധി 40 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.
- KB യുവമിത്ര - പരമാവധി 40 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.

- KB SMART - പരമാവധി 22.50 ലക്ഷം രൂപ വരെ കുറഞ്ഞ പലിശയിൽ അനുവദിച്ചുവരുന്നു.
- KB പ്രവാസി കിരൺ & KB പ്രവാസി ഭദ്രത – നോർക്ക റൂട്ട്സുമായി സഹകരിച്ച് പലിശ/ക്യാപിറ്റൽ സബ്സിഡിയോടുകൂടി അനുവദിച്ചുവരുന്നു.
- KB Skill Loan - അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ നൈപുണ്യ വികസന കോഴ്സുകളിലേയ്ക്ക് വൈദഗ്ധ്യം നേടുന്നതിന് 1,00,000/- രൂപ വരെ അനുവദിച്ചുവരുന്നുണ്ട്.

(ബി) ചെറുകിട സംരംഭകർക്ക് കുറഞ്ഞ പലിശയിൽ വായ്പ ലഭ്യമാക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ചെറുകിട കച്ചവടക്കാർ, ഓട്ടോറിക്ഷാ തൊഴിലാളികൾ, ചെറുകിട സംരംഭകർ എന്നിവർക്ക് വായ്പ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനമായി 10,000/- രൂപയും മൂലധന ചെലവുകൾക്കായി 10,000/- രൂപയുമാണ് അനുവദിക്കുന്നത്.

<u>കേരളാ ബാങ്ക്</u>

ചെറുകിട സംരംഭകർക്ക് വ്യത്യസ്ത മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുവാനായി പരമാവധി അഞ്ച് ലക്ഷം രൂപ വരെ ലഘു ജാമ്യവ്യവസ്ഥയിൽ അനുവദിക്കുന്നുണ്ട്.

KB സുവിധ പ്ലസ് - ചെറുകിട കച്ചവടക്കാർക്ക് രണ്ട് ലക്ഷം രൂപ വരെയും ഇടത്തരം സംരംഭകർക്ക് അഞ്ച് ലക്ഷം രൂപ വരെയും 10% പലിശ നിരക്കിൽ അനുവദിച്ചുവരുന്നു.

KB സ്മാർട്ട് - പുതിയതും നിലവിലുള്ളതുമായ എല്ലാ സംരംഭങ്ങൾക്കും പരമാവധി 22.50 ലക്ഷം രൂപ വരെ 9% പലിശ നിരക്കിൽ അനുവദിച്ച് വരുന്നുണ്ട്. സേവന/വ്യാപാര/ഉൽപ്പാദന മേഖലയ്ക്ക് പദ്ധതി ചെലവിന്റെ 90% വരെ അനുവദിക്കുന്നുണ്ട്. (സേവന/വ്യാപാര മേഖലയിൽ പദ്ധതി ചെലവ് 10 ലക്ഷത്തിലും ഉൽപ്പാദന മേഖലയിൽ പദ്ധതി ചെലവ് 25 ലക്ഷത്തിലും അധികരിക്കാൻ പാടില്ല)

<u>കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്</u>

ചെറുകിട സംരംഭകർക്കായി നിർമ്മാണ സേവന മേഖലകളിൽ വായ്പകൾ പ്രാഥമിക ബാങ്കുകൾ വഴി വിതരണം ചെയ്തുവരുന്നുണ്ട്.

KSCARDB നബാർഡ് പുനർവായ്പാ പദ്ധതി - നബാർഡ് നിശ്ചയിക്കുന്ന പുനർവായ്പാ നിരക്കിന് അനുസൃതമായി പ്രാഥമിക ബാങ്കുകൾക്ക് വായ്പ നൽകിവരുന്നു.

കേരള ബാങ്കിലെ കളക്ഷൻ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

319 (4525) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകൃതമായി മൂന്ന് വർഷം പിന്നിടുമ്പോഴും കളക്ഷൻ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ജീവനക്കാർക്ക് അനുകൂലമായ തീരുമാനമുണ്ടായിട്ടില്ല എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരള ബാങ്കിന്റെ കളക്ഷൻ ജീവനക്കാരെ ഉപാധികളില്ലാതെ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) 58 വയസ്സിന് മുകളിൽ പ്രായമുള്ള കളക്ഷൻ ജീവനക്കാർക്ക് കേന്ദ്ര തൊഴിൽ മന്ത്രാലയം അനുശാസിക്കുന്ന പ്രകാരമുള്ള ആശ്വാസ ധനസഹായം അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) വർഷങ്ങളായി കളക്ഷൻ ജോലി ചെയ്ത് വിരമിച്ചവർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കളക്ഷൻ ജീവനക്കാർക്ക് സബ് സ്റ്റാഫായി പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-ഇ) കേരള സംസ്ഥാന സഹകരണ ബാങ്കിലെ കളക്ഷൻ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

കേരള ബാങ്കിലെ സ്ഥിരം ജീവനക്കാർ

320 (4526) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ ആകെ എത്ര സ്ഥിരം ജീവനക്കാരാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; ജില്ലയും തസ്തികയും തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ?

കേരള ബാങ്കിൽ 31-12-2022-ലെ കണക്കുപ്രകാരം 5182 സ്ഥിരം ജീവനക്കാരാണുള്ളത്. അവയിൽ തസ്തിക തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

Sl. No.	Post	Nos.

1	Chief General Manager	3
2	General Manager	11
3	Deputy General Manager	27
4	Asst. General Manager	40
5	Senior Manager	382
6	Manager	665
7	Asst. Manager	703
8	Accountant	696
9	Clerk/Cashier/Telephone Operator	1389
10	Office facilitator	195
11	PTCS	567
12	Civil Overseer	1
13	Driver	49
14	Electrical Supervisor/electrician	2
15	Full time contingent Staff	75
16	Law Officer	1
17	Lift operator	2
18	Office Attendant	364
19	Project Specialist	1
20	Principal Public Relations Officer	1
21	Public relations officer	5
22	Watchman	3
	Total	**5182**

(ബി) പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേഡർ ഇന്റഗ്രേഷൻ പ്രകാരം സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടത് കേരള സംസ്ഥാന സഹകരണ ബാങ്കാണ്.

(സി) കേരള ബാങ്കിന് കീഴിൽ ജോലി ചെയ്യുന്ന കരാർ, താൽക്കാലിക ജീവനക്കാരുടെ ആകെ എണ്ണം ജില്ലയും തസ്തികയും തിരിച്ച് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

(ഡി) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്, കാഷ്യർ തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതി തീർപ്പാക്കിയ ഡബ്ല്യു.പി.(സി.) നം.26491/2017 കേസിൽ എന്തൊക്കെ തുടർനടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്, കാഷ്യർ തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന ഡബ്ല്യു.പി.(സി.) നം.26491/2017 കേസിലെ വിധിന്യായത്തിനെതിരെ കേരള ബാങ്ക് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂഞ്ഞാർ മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം

321 (4527) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ ആകെ 101 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ലഭ്യമായ അപേക്ഷകളിൽ 20 അപേക്ഷകൾക്ക് റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നല്കിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യമായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ആനുകൂല്യങ്ങൾ നൽകുവാൻ എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നുമുള്ള വിവരം അറിയിക്കുമോ?

സഹകരണ ബോർഡിൽ ലഭ്യമായ 101 അപേക്ഷകളിൽ 20 അപേക്ഷകൾക്ക് 25,60,575/- രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നല്കിയിട്ടുണ്ട്. പത്ത് അപേക്ഷകളിൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും ഒൻപത് അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും 29 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/ സംഘത്തിന് കത്ത് നല്കിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 33 അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) മണ്ഡലത്തിലെ അർഹരായ മുഴുവൻ പേർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ ആനുകൂല്യം വേഗത്തിൽ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹരായ മുഴുവൻ വായ്പക്കാർക്കും ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ടി മണ്ഡലത്തിൽ ഉൾപ്പെട്ട സംഘങ്ങൾ/

ബാങ്കുകളാണ് ബോർഡിലേയ്ക്ക് അയയ്ക്കേണ്ടത്. കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽനിന്നും വായ്പയെടുത്ത ശേഷം മരണപ്പെടുകയോ മാരകരോഗം പിടിപെടുകയോ ചെയ്യുന്ന അർഹരായ മുഴുവൻ വായ്പക്കാർക്കും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. മാരകരോഗം ബാധിക്കുന്ന/മരണപ്പെടുന്ന വായ്പക്കാർക്കുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/സംഘമാണ് ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടത്. സംഘം/ബാങ്കുകളിൽനിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകളുണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ചുവരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. ടി നടപടികൾക്കുശേഷവും ഉണ്ടായിട്ടുള്ള കൂടിശ്ശിക ഫയലുകളിൽ തീർപ്പ് കല്പിക്കുന്നതിനായി ബോർഡ് ഫയൽ അദാലത്തുകൾ നടത്തിവരുന്നുണ്ട്.

തൃശ്ശൂർ മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ലഭിച്ച അപേക്ഷകൾ

322 (4528) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ തൃശ്ശൂർ നിയോജകമണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ 2016 മുതൽ നാളിതുവരെ തൃശ്ശൂർ നിയോജകമണ്ഡലത്തിൽനിന്നും 205 അപേക്ഷകൾ ആനുകൂല്യത്തിനായി ലഭ്യമായിട്ടുണ്ട്. അതിൽ 174 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നല്കിയിട്ടുള്ളതും 15 അപേക്ഷകളിൽ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും ഏഴ് അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് കത്ത് നല്കിയിട്ടുള്ളതുമാണ്. ബാക്കിയുള്ള ഒൻപത് അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷിക ഗ്രാമവികസന ബാങ്കിലെ തസ്തികമാറ്റം മുഖേനയുള്ള നിയമനം

323 (4529) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ അസിസ്റ്റന്റ് തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

നേരിട്ടുള്ള നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളുടെ 50% തസ്തികകൾ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക ബാങ്കുകളിലെ ജീവനക്കാർക്കായി മാറ്റിവച്ചിട്ടുണ്ട്. പ്രാഥമിക ബാങ്കുകളിൽ കുറഞ്ഞത് മൂന്ന് വർഷക്കാലം ഏതെങ്കിലും തസ്തികയിൽ തുടർച്ചയായി സേവനമനുഷ്ഠിച്ചുവരുന്ന പ്രസ്തുത തസ്തികയിലെ നിയമനത്തിനുവേണ്ട യോഗ്യതകളുള്ള ജീവനക്കാർക്ക് ഇതിനായി അപേക്ഷിക്കാവുന്നതാണ്. ഇതിനായി വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങൾ ചുവടെപ്പറയുന്നവയാണ്:

1. പ്രസ്തുത തസ്തികയിലെ നേരിട്ടുള്ള നിയമനത്തിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത അപേക്ഷകനുണ്ടായിരിക്കണം.

2. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കിൽ കുറഞ്ഞത് മൂന്ന് വർഷക്കാലം ഏതെങ്കിലും തസ്തികയിൽ തുടർച്ചയായി സേവനം അനുഷ്ഠിച്ചിരിക്കണം. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരൻ അപേക്ഷിക്കുന്ന തീയതിയിലും നിയമനം നടത്തുന്ന തീയതിയിലും പ്രസ്തുത പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കിൽ സേവനം അനുഷ്ഠിക്കുകയായിരിക്കണം.

3. അപേക്ഷകന്റെ പരമാവധി പ്രായപരിധി 50 വയസ്സ്.

(ബി) പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിലെ ജീവനക്കാർ സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമിതരാകുമ്പോൾ അവരുടെ ദീർഘകാലത്തെ സേവനംകൂടി പരിഗണിച്ചുകൊണ്ട് നിലവിലുള്ള ശമ്പളം സംരക്ഷിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല.

പ്രാഥമിക സഹകരണ ബാങ്കുകൾക്ക് നൽകാനുള്ള കുടിശ്ശിക

324 (4530) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കാമോ?

കർഷക കടാശ്വാസ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച അവാർഡുകളിൽ പരിശോധന നടത്തി അർഹതപ്പെട്ട 8349 അപേക്ഷകളിന്മേൽ 74,83,56,933/- രൂപയുടെ കടാശ്വാസ തുക അനുവദിച്ച് ലഭിക്കുന്നതിലേയ്ക്കായി കൃഷി വകുപ്പിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും കൂടാതെ കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച 88,37,23,932/- രൂപയുടെ 11392 അപേക്ഷകൾ അർഹത പരിശോധനയ്ക്കായി ജില്ലകളിലേയ്ക്ക് അയച്ചുകൊടുത്തിട്ടുള്ളതും ആയത് പരിശോധന പൂർത്തിയാക്കി തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതുമാണ്.

(ബി) കുടിശ്ശിക ലഭിക്കാത്തതുമൂലം പ്രസ്തുത ബാങ്കുകൾ നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത തുക വിതരണം ചെയ്യാൻ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; തുക എന്നത്തേയ്ക്ക് വിതരണം ചെയ്യുമെന്ന് വെളിപ്പെടുത്തുമോ?

നടപടി സ്വീകരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

325 (4531) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ പലതും പ്രവർത്തനരഹിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്തെ 879 പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങളിൽ 434 എണ്ണം നിലവിൽ പ്രവർത്തിക്കുന്നവയാണ്. 392 പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ പ്രവർത്തനരഹിതമാണെന്ന് കണക്കാക്കിയിട്ടുണ്ട്. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി താഴെപ്പറയുന്ന വാർഷിക പദ്ധതി സ്കീമുകളിലായി ഓഹരി, സബ്സിഡി ധനസഹായങ്ങൾ നല്കിവരുന്നു:

1. സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനി പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി - 50%, ഓഹരി - 35%) ധനസഹായമായി അനുവദിക്കുന്നതാണ്. ഈ പദ്ധതി 2022-23 സാമ്പത്തിക വർഷം നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്.

2. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ (ഓഹരി - 5 ലക്ഷം രൂപ + സബ്സിഡി - 15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

3. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40 ലക്ഷം രൂപ (ഓഹരി - 10 ലക്ഷം രൂപ + സബ്സിഡി - 30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

4. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ച് അവയെ ലാഭകരമാക്കി തീർക്കുകയെന്ന ലക്ഷ്യത്തോടെ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപ (ഓഹരി - 20 ലക്ഷം രൂപ + സബ്സിഡി - 30 ലക്ഷം രൂപ) അനുവദിക്കുന്നു.

5. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് അഞ്ച് ലക്ഷം രൂപ

(ഓഹരി - 1,50,000 രൂപ + സബ്സിഡി – 3,50,000 രൂപ) അനുവദിച്ചുവരുന്നു.

6. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ ആദ്യത്തെ അഞ്ച് വർഷവും ടി അഞ്ച് വർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.

7. പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിന് ഗുണകരമായ 'റിവോൾവിംഗ് ഫണ്ട് പദ്ധതി' നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വനവിഭവങ്ങൾ ശേഖരിക്കുന്നതിന് അഡ്വാൻസായി തുക നൽകുന്നതിന് സംഘങ്ങൾക്ക് കഴിയുന്നതാണ്.

സഹകരണ ജോയിന്റ് രജിസ്ട്രാർക്ക് എതിരെയുള്ള എൻക്വയറി

326 (4532) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സഹകരണ ജോയിന്റ് രജിസ്ട്രാർ ഇസ്മയിൽ, പരശ്രുനാംകുന്നൻ എന്നയാൾക്കെതിരെ കേരള സഹകരണ സംഘം നിയമം, 1969 വകുപ്പ് 65 പ്രകാരം എൻക്വയറിക്ക് ഉത്തരവിട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; നടപടിക്രമങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

മലപ്പുറം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ, ഇസ്മയിൽ പരശ്രുനാംകുന്നൻ എന്നയാൾക്കെതിരെ കേരള സഹകരണ സംഘം നിയമം, 1969 വകുപ്പ് 65 പ്രകാരം അന്വേഷണത്തിന് ഉത്തരവിട്ടിട്ടില്ല.

(ബി) പ്രസ്തുത നിയമം, വകുപ്പ് 28 ചട്ടം 44 പ്രകാരം മൂത്തേടം സഹകരണ അർബൻ സംഘം ഒന്നാം നമ്പർ അംഗം ഇസ്മയിൽ, പരശ്രുനാംകുന്നൻ എന്നയാൾ ഭരണ സമിതി അംഗമായിരിക്കാൻ അയോഗ്യനാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഭരണ സമിതിയിൽനിന്ന് ടിയാനെ നീക്കാൻ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശവും നടപടിരേഖകളുടെ പകർപ്പും ലഭ്യമാക്കാമോ?

കേരള സഹകരണ നിയമം, വകുപ്പ് 28 ചട്ടം 44 പ്രകാരം മൂത്തേടം സഹകരണ അർബൻ സംഘം ഒന്നാം നമ്പർ അംഗം ഇസ്മയിൽ പരശ്ശനാംകുന്നൻ എന്നയാൾ ഭരണസമിതി അംഗമായിരിക്കാൻ അയോഗ്യനാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭരണസമിതിയിൽനിന്ന് ടിയാനെ നീക്കാൻ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. നടപടിരേഖയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.+

കോഴിക്കോട് ജില്ലയിലെ യുവ സഹകരണ സംഘങ്ങൾ

327 (4533) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ എത്ര യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

യുവശക്തി യുവ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി.3340, യൂത്ത് എംപവർമെന്റ് ആൻഡ് വെൽഫെയർ മൾട്ടിപർപ്പസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡി.3341, യൂത്ത് എംപവർമെന്റ് എസ്.സി. കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട് ക്ലിപ്തം നമ്പർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡി.3365 എന്നിങ്ങനെ മൂന്ന് യുവ സഹകരണ സംഘങ്ങളാണ് കോഴിക്കോട് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ഇടുക്കി ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള സഹകരണ സംഘങ്ങൾ

328 (4534) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി എത്ര സഹകരണ സംഘങ്ങളുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഘങ്ങളിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും ഇവയുടെ പുനരുജ്ജീവനത്തിനായി പ്രത്യേക പദ്ധതികൾ നിലവിലുണ്ടോയെന്നും വിശദമാക്കാമോ?

(എ&ബി) ഇടുക്കി ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി രജിസ്റ്റർ ചെയ്യപ്പെട്ട 45 സഹകരണ സംഘങ്ങളാണ് നിലവിലുള്ളത്. ഇവയുടെ താലൂക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ഇടുക്കി - 8

തൊടുപുഴ – 11

പീരുമേട് – 7

ദേവികുളം – 15

ഉടുമ്പൻചോല - 4

മേൽപ്പറഞ്ഞവയിൽ 18 എണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ്. ശേഷിക്കുന്നവയിൽ 21 എണ്ണം നിലവിൽ പ്രവർത്തനരഹിതവും ആറെണ്ണം ലിക്വിഡേഷൻ നടപടികളിലുമാണ്.

സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി താഴെപ്പറയുന്ന വാർഷിക പദ്ധതി സ്കീമുകളിലായി ഓഹരി, സബ്സിഡി ധനസഹായങ്ങൾ നല്കിവരുന്നു:

1. സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനി പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന

പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി-50%, ഓഹരി-35%) ധനസഹായമായി അനുവദിക്കുന്നതാണ്. ഈ പദ്ധതി 2022-23 സാമ്പത്തിക വർഷം നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്.

2. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ (ഓഹരി - 5 ലക്ഷം രൂപ + സബ്സിഡി - 15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

3. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40 ലക്ഷം രൂപ (ഓഹരി - 10 ലക്ഷം രൂപ + സബ്സിഡി - 30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

4. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ച് അവയെ ലാഭകരമാക്കി തീർക്കുകയെന്ന ലക്ഷ്യത്തോടെ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപ (ഓഹരി-20 ലക്ഷം രൂപ + സബ്സിഡി- 30 ലക്ഷം രൂപ) അനുവദിക്കുന്നു.

5. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് 5 ലക്ഷം രൂപ (ഓഹരി-1,50,000 രൂപ + സബ്സിഡി - 3,50,000 രൂപ) അനുവദിച്ചുവരുന്നു.

6. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ ആദ്യത്തെ അഞ്ച് വർഷവും ടി അഞ്ച് വർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.

7. പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിന് ഗുണകരമായ 'റിവോൾവിംഗ് ഫണ്ട് പദ്ധതി' നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം വനവിഭവങ്ങൾ ശേഖരിക്കുന്നതിന് അഡ്വാൻസായി തുക നൽകുന്നതിന് സംഘങ്ങൾക്ക് കഴിയുന്നതാണ്.

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ സേവന-വേതന വ്യവസ്ഥകൾ

329 (4535) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ സേവന-വേതന വ്യവസ്ഥകൾ എന്നാണ് നിലവിൽ വന്നതെന്നും പ്രസ്തുത സംഘങ്ങളിൽ അവസാനമായി ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് എന്നാണെന്നും വ്യക്തമാക്കാമോ?

29-06-2006-ലെ സ.ഉ.(അച്ചടി)നം.124/2006/സഹ. പ്രകാരമാണ് 2006-ൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ സേവന-വേതന വ്യവസ്ഥകൾ നിലവിൽ വന്നത്. ടി വർഷം മുതൽക്കുതന്നെ ടി ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ 187 സംഘങ്ങൾ ക്ലാസിഫൈ ചെയ്യുകയും അതിൽ 99 സംഘങ്ങളിൽ സ്ഥിരം ജീവനക്കാരെ നിയമിച്ച് 2006-ലെ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുമുണ്ട്.

(ബി) പ്രസ്തുത സംഘങ്ങളിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് സഹകരണ വകുപ്പിന്റെ പരിഗണനയിലുള്ള ഫയലുകൾ ഏതെല്ലാമെന്നും പ്രസ്തുത ഫയലുകളിന്മേൽ സ്വീകരിച്ച നടപടി എന്തെന്നും വിശദമാക്കാമോ?

(ബി&സി) ഉണ്ട്. 10-02-2016-ലെ സ.ഉ.(സാധാ) നം.102/16/മ.തു.വ. പ്രകാരം പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള സ്കെയിലുകളും അലവൻസുകളും പുതുക്കി നിശ്ചയിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ തീരുമാന പ്രകാരം അംഗീകൃത തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമാക്കുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട ബി1/160/2018/മ.തു.വ. നമ്പർ ഫയലിൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഫയൽ സഹകരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. ആയത് സഹകരണ വകുപ്പിന്റെ ബി1/44/2023-സഹ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

സഹകരണ സംഘങ്ങളുടെ നിഷ്ക്രിയ ആസ്തി

330 (4536) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നിഷ്ക്രിയ ആസ്തി എത്ര കോടി രൂപയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള ആകെ നിഷ്ക്രിയ ആസ്തി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

ജില്ല	**തുക (കോടിയിൽ)**
തിരുവനന്തപുരം	458.95
കൊല്ലം	172.50
പത്തനംതിട്ട	121.66
ആലപ്പുഴ	75.59
കോട്ടയം	302.10
ഇടുക്കി	185.39
എറണാകുളം	310.34
തൃശ്ശൂർ	348.94
പാലക്കാട്	125.62
മലപ്പുറം	750.72
കോഴിക്കോട്	319.57
വയനാട്	182.11
കണ്ണൂർ	288.51

കാസർഗോഡ്	200.74
കേരള സംസ്ഥാന സഹകരണ ബാങ്ക് (31-12-2022-ലെ)	10645.04 (Tentative)
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്	888.82

(ബി) നിഷ്ക്രിയ ആസ്തി സംസ്ഥാന-പ്രാദേശിക വികസനങ്ങൾക്കായി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

നിഷ്ക്രിയ ആസ്തി എന്നത് സമയക്ലിപ്തതയുടെ അടിസ്ഥാനത്തിൽ തിരിച്ചടയ്ക്കാതെ കുടിശ്ശികയാകുന്ന വായ്പകളിൽ ഈടാക്കാനുള്ള തുകയാണ്. ആയത് ഫലപ്രദമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

331 (4537) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി സഹകരണ വകുപ്പ് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുമായി സംയുക്തമായി പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വിവിധ സ്കീമുകളിൽ പ്രസ്തുത സംഘങ്ങൾക്ക് ഓഹരി, സബ്സിഡി ധനസഹായം നൽകിവരുന്നു. കൂടാതെ ടി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പുനർജ്ജനി പദ്ധതി 2022-23 മുതൽ നടപ്പാക്കുന്നു.

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹകരണ വകുപ്പും പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുമായി സംയുക്തമായി പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇതുസംബന്ധിച്ച് പട്ടികജാതി,

പട്ടികവർഗ്ഗ ക്ഷേമം, സഹകരണം വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ രണ്ട് വകുപ്പുകളുടെയും ഒരു യോഗം 08-02-2023-ന് ചേർന്നിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇതിന്റെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനും ടിയാളുകൾക്ക് നൈപുണ്യ വികസന പരിശീലനം നൽകി സംഘങ്ങളുടെ പ്രവർത്തനം പുതിയ തൊഴിൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) സഹകരണ പരിശീലന കോഴ്സ് (ജെ.ഡി.സി., എച്ച്.ഡി.സി.) വിജയിച്ച പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സഹകരണ സ്ഥാപനങ്ങളിൽ അപ്രന്റിസ്ഷിപ്പ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ ജെ.ഡി.സി., എച്ച്.ഡി.സി. പാസ്സായ ഉദ്യോഗാർത്ഥികൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും സ്റ്റൈപ്പെന്റ് നൽകിക്കൊണ്ട് രണ്ട് വർഷക്കാലയളവിൽ സഹകരണ സ്ഥാപനങ്ങളിൽ സേവനം ലഭ്യമാക്കുന്ന രീതിയിൽ ഒരു പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി-

പട്ടികവർഗ്ഗ മേഖലയിൽനിന്നുള്ള ഉദ്യോഗാർത്ഥികളുടെ നൈപുണ്യ വികസനമാണ് പ്രസ്തുത പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. അതിലൂടെ അവരെ സഹകരണ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്നതാണ്.

സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ

332 (4538) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ ഏതെല്ലാമാണ്; അവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതുതായി നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എട്ട് നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്:

ക്രമ നം.	താലൂക്ക്	സംഘത്തിന്റെ പേര്	എണ്ണം	നീതി മെഡിക്കൽ സ്റ്റോർ സ്ഥിതി

				ചെയ്യുന്ന സ്ഥലം
1.	ഒറ്റപ്പാലം	ശ്രീകൃഷ്ണപുരം എസ്.സി.ബി.	1	ശ്രീകൃഷ്ണപുരം
2.		കുലുക്കിലിയാട് എസ്.സി.ബി.	1	കോട്ടപ്പുറം
3.		ഒറ്റപ്പാലം എസ്.സി.ബി.	1	ഒറ്റപ്പാലം
4.		ശ്രീരാമകൃഷ്ണ എസ്.സി.ബി.	1	ലക്കിടി കൂട്ടുപാത
5.		അമ്പലപ്പാറ എസ്.സി.ബി.	1	അമ്പലപ്പാറ
6		ഒറ്റപ്പാലം ഹൗസിംഗ് സി.എസ്	2	കണ്ണിയംപുറം, ഈസ്റ്റ്, ഒറ്റപ്പാലം
7.	മണ്ണാർക്കാട്	ചെത്തല്ലൂർ എസ്.സി.ബി	1	കരിങ്കല്ലത്താണി
	ആകെ		**8**	

കാർഷിക ക്ഷീര സഹകരണ സംഘങ്ങൾ

333 (4539) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താകെയുള്ള സഹകരണ സംഘങ്ങളെ നിരീക്ഷിക്കുവാനുള്ള കേന്ദ്ര നീക്കം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കാർഷിക ക്ഷീര സഹകരണ സംഘങ്ങളില്ലാത്ത ഗ്രാമങ്ങളിൽ അവ രൂപീകരിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഏതെല്ലാം നൂതന മേഖലകളിലാണ് പ്രസ്തുത സംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ചില പദ്ധതികൾ കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്നു.

- സംസ്ഥാന സഹകരണ സ്ഥാപനങ്ങളെ നേരായ മാർഗ്ഗത്തിലല്ലാതെ നിയന്ത്രിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. രാജ്യത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതിന് മുന്നോടിയായി സംഘങ്ങളുടെ രഹസ്യ ഡാറ്റ വ്യക്തിപരമായ വിവരങ്ങൾ സഹിതം കേന്ദ്ര സർവ്വറിലേയ്ക്ക് അപ്ലോഡ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാർ രാജ്യത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത ബൈ ലോ നടപ്പിലാക്കുന്നതിനുവേണ്ടി ബൈ ലോ എല്ലാ സംസ്ഥാനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ ബൈ ലോ തയ്യാറാക്കാൻ അധികാരമുള്ളൂ. അതിനാൽ കേന്ദ്ര സർക്കാരിന്റെ ഇത്തരം നിയമങ്ങൾ സഹകരണ തത്വങ്ങൾക്ക് വിരുദ്ധമാണ്.

- ഡാറ്റാ ബേസ് - രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ഡയറി സംഘങ്ങൾ, മത്സ്യ സംഘങ്ങൾ എന്നിവയുടെ

അടിസ്ഥാന വിവരങ്ങൾ കേന്ദ്രം തയ്യാറാക്കുന്ന ഡാറ്റാ ബേസിലേയ്ക്ക് നൽകണമെന്ന നിർദ്ദേശം കേന്ദ്ര സഹകരണ മന്ത്രാലയം നൽകിയിരുന്നു. രാജ്യത്തെ ഇത്തരം സംഘങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിലൂടെ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും ക്ഷീര കർഷകർക്കും കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലൊരു ഡാറ്റാ ബേസ് തയ്യാറാക്കുന്നത് എന്നാണ് അറിയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളുടെയും സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ പ്രസ്തുത ഡാറ്റാ ബേസിലേയ്ക്ക് നൽകുകയും ചെയ്തു.

- കേന്ദ്ര സർക്കാർ സഹകരണ മേഖലയിലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ആരംഭിക്കുന്നതിന് ദേശീയതലത്തിൽ മൂന്ന് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി
2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി
3. ജൈവ ഉൽപ്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം

എന്നിവയാണ് രൂപീകരിക്കാൻ തീരുമാനിച്ച പുതിയ സംഘങ്ങൾ. ഇവയുടെ പ്രവർത്തനം രാജ്യവ്യാപകമാണ്. ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ സംഘങ്ങൾ മൾട്ടി സ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വമെടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിലാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.

സഹകരണം ഒരു സംസ്ഥാന വിഷയമാണെന്ന് ഭരണഘടന നിഷ്കർഷിക്കുകയും സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്ന പേരിൽ സ്ഥാപനങ്ങൾ ആരംഭിച്ച് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനങ്ങളിൽ നിയമപരമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുമാണ് കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം സമീപനങ്ങളെ നിയമപരമായും രാഷ്ട്രീയപരമായും നേരിടുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

പാലക്കാട് ജില്ലയിലെ യുവസഹകരണ സംഘങ്ങൾ

334 (4540) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെ താലൂക്കുകളിലാണെന്നും വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിൽ 5 യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സംഘങ്ങളുടെ പേരും അവ ഏതൊക്കെ താലൂക്കുകളിലാണെന്നുള്ള വിവരവും ചുവടെ ചേർക്കുന്നു:

ക്രമ നം.	**സംഘത്തിന്റെ പേര്**	**താലൂക്ക്**
1.	ചിറ്റൂർ ബ്ലോക്ക് യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1465	ചിറ്റൂർ
2.	ആലത്തൂർ താലൂക്ക് യുവ കർഷക ഉൽപ്പാദക വിപണന സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1466	ആലത്തൂർ
3.	ആലത്തൂർ യുവ സ്കിൽഡ് ആൻഡ് അൺ സ്കിൽഡ് ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ പി.1467	ആലത്തൂർ
4.	നെന്മാറ ബ്ലോക്ക് യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1468	ചിറ്റൂർ
5.	പാലക്കാട് ജില്ലാ ടൈബൽ യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1476	മണ്ണാർക്കാട്

(ബി) ഇത്തരം യുവസഹകരണ സംഘങ്ങളിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ജില്ലയിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഇത്തരം യുവസഹകരണ സംഘങ്ങളിലൂടെ ധാന്യം, പഴവർഗ്ഗങ്ങൾ എന്നിവയിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വൃക്ഷത്തൈകളുടെ വിതരണം, നഴ്സറി യൂണിറ്റുകൾ തുടങ്ങുക, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും, വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് അംഗങ്ങൾക്ക് തൊഴിൽ ഉറപ്പാക്കുക, ആദിവാസി യുവജനങ്ങൾക്കായി കൃഷി അധിഷ്ഠിത തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അവരുടെ സാമ്പത്തിക സാമൂഹിക വളർച്ചക്കായി പ്രയത്നിക്കുകയും ചെയ്യുക തുടങ്ങിയവയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

(സി) പാലക്കാട് ജില്ലയിൽ കൂടുതൽ യുവസഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പാലക്കാട് ജില്ലയിൽ കൂടുതൽ യുവസഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കും. നിലവിൽ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

ത്രിവേണി സ്റ്റോറുകൾ

335 (4541) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പഞ്ചായത്തുകൾ വാടകരഹിതമായി കെട്ടിടം കണ്ടെത്തി നൽകുന്ന മുറയ്ക്ക് ടി സ്ഥലത്തെ കച്ചവട സാധ്യത പരിശോധിച്ച് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ പുതിയ ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മാവേലിക്കര കാർഷിക വികസന ബാങ്ക് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിലവിൽ ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. പഞ്ചായത്തിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകൾ

336 (4542) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ജില്ലാ രജിസ്ട്രാർ ഓഫീസ് മുഖേന രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകൾ എത്രയെന്ന് വിശദമാക്കാമോ?

1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രറാക്കൽ ആക്ട് പ്രകാരം 1955 മുതൽ 27-02-2023 വരെ 84377 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

(ബി) ചിറയിൻകീഴ്, വർക്കല താലൂക്കുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകളുടെ പേരും വിലാസവും ലഭ്യമാക്കാമോ?

1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രറാക്കൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾ സംബന്ധിച്ച വിവരങ്ങൾ സംഘങ്ങളുടെ പേരിന്റെയോ സ്ഥലനാമത്തിന്റെയോ ക്രമത്തിലല്ല, പ്രസ്തുത രജിസ്റ്റർ നമ്പരിന്റെയും വർഷത്തിന്റെയും അടിസ്ഥാനത്തിലാണ് സൂക്ഷിച്ചുവരുന്നത്. ആകയാൽ താലൂക്ക് അടിസ്ഥാനത്തിൽ അവയെ തരം തിരിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

വഖഫ് ചെയ്യപ്പെട്ട ഭൂമിയുടെ ആധാരപ്രകാരമുള്ള വിവരം

337 (4543) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കുഴുപ്പിള്ളി, പള്ളിപ്പുറം വില്ലേജുകളിലായി സ്ഥിതി ചെയ്യുന്നതും മുഹമ്മദ് സിദ്ദിഖ് സേട്ട്, കോഴിക്കോട് ഫാറൂഖ് കോളേജ് സൊസൈറ്റിക്ക് 1950-ൽ 2115 നമ്പർ ആധാരപ്രകാരം (പഴയ സർവ്വേ 18/1-4, കുഴുപ്പിള്ളി വില്ലേജ്) വഖഫായി നൽകിയ വസ്തുവകകളുടെ വിസ്തീർണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

മുഹമ്മദ് സിദ്ദിഖ് സേട്ട് കോഴിക്കോട് ഫാറൂക്ക് കോളേജ് സൊസൈറ്റിക്ക് ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസ് മുഖേന 1950-ൽ 2115 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത നൽകിയ ആധാരത്തിൽ (സർവ്വേ നമ്പർ 18/1) 396 ഏക്കർ 24 സെന്റ് വസ്തു ഉള്ളതായി കാണുന്നു.

(ബി) മേൽ വസ്തുവകകൾ മുഹമ്മദ് സിദ്ദിഖ് സേട്ടിന് ആരിൽനിന്നും ഏതൊക്കെ വർഷങ്ങളിൽ ഏതെല്ലാം ആധാരപ്രകാരം ലഭ്യമായെന്ന് വ്യക്തമാക്കാമോ?

മേൽ വസ്തുവകകൾ മുഹമ്മദ് സിദ്ദിഖ് സേട്ടിന് കച്ചി മൈമൽ അബ്ദുൽ കരീം അബ്ദു സത്താർ സേട്ടു മകൾ ജിംബു ഭായിൽനിന്നും ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിലെ 875/1123 നമ്പർ ആധാര പ്രകാരം ലഭ്യമായിട്ടുണ്ട്.

(സി) കുഴുപ്പിള്ളി, പള്ളിപ്പുറം വില്ലേജുകളിലായി മുഹമ്മദ് സിദ്ദിഖ് സേട്ട് വഖഫായി നൽകിയ വസ്തു കൂടാതെ ടിയാളുടെ പേരിൽ എത്ര വസ്തു ഉണ്ടായിരുന്നെന്നും ഏതെല്ലാം ആധാരപ്രകാരമായിരുന്നു ഇവ ലഭ്യമായതെന്നും അറിയിക്കുമോ; പ്രസ്തുത വസ്തുവിന്റെ അവകാശികൾ നിലവിൽ ആരെല്ലാമെന്ന് വ്യക്തമാക്കാമോ?

കുഴുപ്പിള്ളി, പള്ളിപ്പുറം വില്ലേജുകൾ ഉൾപ്പെട്ടുവരുന്ന ഓഫീസിലെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൻ പ്രകാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(ഡി) വഖഫ് ചെയ്യപ്പെട്ട വസ്തുവിൽനിന്നും ഫാറൂഖ് കോളേജിന്റെ വികസന ആവശ്യത്തിലേയ്ക്കായി വസ്തു കൈമാറ്റം ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വസ്തു വിൽപ്പന ഏത് വർഷമായിരുന്നെന്നും ഏതെല്ലാം ആധാരപ്രകാരമാണെന്നും എത്ര സെന്റ് വീതമാണെന്നും വ്യക്തമാക്കാമോ?

ഉണ്ട്. താഴെ പട്ടികയായി ചേർക്കുന്നു:

ക്രമ നം.	വർഷം	കുഴുപ്പിള്ളി വില്ലേജ്	പള്ളിപ്പുറം വില്ലേജ്
		വിസ്തീർണ്ണം (സെന്റ്)	
1	1989	1487.99	

2	1990	3834.05	1311.04
3	1991	7096.84	
4	1992	32.05	228.77
5	1993	715.11	
6	1994	34.22	
7	2001	31.51	
ആകെ		**13231.77**	**1539.81**

വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.[+]

(ഇ) വഖഫ് ചെയ്യപ്പെട്ട വസ്തുവിൽനിന്നും തീരശോഷണത്താൽ കടലെടുത്ത വസ്തുവിന്റെ വിസ്തീർണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

വിവരം ലഭ്യമല്ല.

(എഫ്) വഖഫ് ചെയ്യപ്പെട്ട മേൽ വസ്തുവിൽനിന്നും 2011-2021 കാലഘട്ടത്തിൽ ക്രയവിക്രയം ചെയ്യപ്പെട്ട വസ്തുവകകളുടെ വിസ്തീർണ്ണം എത്രയാണെന്നും ആർക്കെല്ലാം ഏതെല്ലാം ആധാരപ്രകാരമാണ് നൽകിയതെന്നും വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ?

വഖഫ് ചെയ്യപ്പെട്ട മേൽ വസ്തുവിൽനിന്നും 2011-2021 കാലഘട്ടത്തിൽ ക്രയവിക്രയം ചെയ്യപ്പെട്ട വസ്തുവകകളുടെ വിസ്തീർണ്ണവും ഏതെല്ലാം ആധാരപ്രകാരം ആർക്കെല്ലാം നൽകി എന്നുള്ളത് സംബന്ധിച്ചും മേൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലയളവിലുള്ള ബാധ്യതാ സർട്ടിഫിക്കറ്റുകളും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ജി) പ്രസ്തുത വസ്തു വിൽപ്പന നടത്തിയത് എന്ത് അടിസ്ഥാനത്തിലെന്നും ഇതുമായി ബന്ധപ്പെട്ട് എടുത്ത കമ്മിറ്റി തീരുമാനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; വഖഫ് ചെയ്യപ്പെട്ട മേൽ വസ്തുവകകൾ ആർക്കെല്ലാം ഏതെല്ലാം വർഷങ്ങളിലാണ് ക്രയവിക്രയം ചെയ്തതെന്ന് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

രേഖകൾ പരിശോധിച്ചതിൽനിന്നും കോഴിക്കോട് ജില്ല ടി താലൂക്ക് വെലിപ്രം അംശം രാമനാട്ടുകരയിൽ ഓഫീസ് സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്ന, സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം എസ്.12/48 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഫറൂഖ് കോളേജ് മാനേജിംഗ് കമ്മിറ്റിക്കുവേണ്ടി, ടി കമ്മിറ്റിയുടെ സെക്രട്ടറി കോഴിക്കോട് താലൂക്ക് ഫറൂക്ക് വില്ലേജ് നല്ലൂര് ദേശത്ത് കളത്തിങ്കൽ അവറാൻകുട്ടി ഹാജി മകൻ കെ. സി. ഹസ്സൻകുട്ടിയാണ് ടി ആധാരങ്ങൾ എഴുതി കൊടുക്കുന്നത്. അതിൽ ഒ.എസ്.53/67 നമ്പർ വ്യവഹാരത്തെപ്പറ്റിയും വഹകളിൽപെട്ട സ്ഥലത്ത് 25 വർഷത്തോളമായി കൈവശംവച്ച് താമസിച്ചവർക്കുമാണ് മധ്യസ്ഥത മുഖേന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീറ് നൽകുന്നതെന്നും പ്രസ്താവിച്ചിട്ടുള്ളതായി കാണുന്നു. കമ്മിറ്റി തീരുമാനങ്ങൾ ലഭ്യമല്ല. ടി വസ്തുവകകൾ ക്രയവിക്രയം ചെയ്ത വിവരം പ്രത്യേക പട്ടികയായി (ഡി) പിരിവിന്റെ അനുബന്ധത്തിൽ ചേർക്കുന്നു.+

പേൾ സോഫ്റ്റ്വെയറിലെ സാങ്കേതിക തടസ്സം മാറ്റാൻ നടപടി

338 (4544) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ സോഫ്റ്റ്വെയറിലെ സാങ്കേതിക തടസ്സങ്ങൾ മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

1. രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ സോഫ്റ്റ്വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 05-08-2022-ന് നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പേൾ സോഫ്റ്റ്വെയർ പുതിയ സാങ്കേതിക സംവിധാനത്തിലേയ്ക്ക് മൈഗ്രേറ്റ് ചെയ്യുവാൻ എൻ.ഐ.സി.-ക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പേൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സോഫ്റ്റ്വെയർ പുതിയ സാങ്കേതിക സംവിധാനത്തിലേയ്ക്ക് മൈഗ്രേറ്റ് ചെയ്യുകയും ചെയ്തിരുന്നു.

2. സർവ്വറുകളുടെ ഓപ്പറേറ്റിംഗ് സിസ്റ്റം Redhat Enterprise Linux version 9 -ലേയ്ക്ക് ഉയർത്തിയിരുന്നു.

3. മൈഗ്രേറ്റ് ചെയ്ത പേൾ ആപ്ലിക്കേഷൻ സുരക്ഷ ഓഡിറ്റിന് വിധേയമാക്കിയതിനുശേഷം https://pearl.registration.kerala.gov.in എന്ന പുതിയ പോർട്ടലിൽ ഹോസ്റ്റ് ചെയ്യുകയുണ്ടായി.

4. രജിസ്ട്രേഷൻ വകുപ്പിന്റെ പുതിയ വെബ്സൈറ്റ് രൂപകല്പന ചെയ്യുന്നതിലേയ്ക്കായി സർക്കാർ സ്ഥാപനമായ സി-ഡിറ്റിനെ ചുമതലപ്പെടുത്തുകയും https://registration.kerala.gov.in എന്ന സൈറ്റ് അഡ്രസ്സിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു.

5. സബ് രജിസ്ട്രാർ ഓഫീസുകളിലെ ഇൻട്രാനെറ്റ് https://officepearl.kerala.gov.in എന്ന പുതിയ അഡ്രസ്സിൽ ഹോസ്റ്റ് ചെയ്യുകയുണ്ടായി.

6. ഡാറ്റാ ബാക്കപ്പ് ഡാറ്റാ സെന്ററിലെ Tape drive-ലേയ്ക്ക് മാറ്റിയിരുന്നു.

7. നിലവിൽ ഡാറ്റാ സെന്ററിൽ വകുപ്പ് co-locate ചെയ്തിരുന്ന സർവ്വറുകൾക്ക് പുറമെ കൂടുതൽ ലോഡ് കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ഡാറ്റാ സെന്ററിലെ ക്ലൗഡ് സർവ്വറുകളും വിന്യസിക്കുകയുണ്ടായി.

8. നിലവിൽ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലുമായി ബി.എസ്.എൻ.എൽ. നല്കിയിരുന്ന സർക്യൂട്ടുകൾ ഒപ്റ്റിക്കൽ ഫൈബർ സാങ്കേതികവിദ്യയിലേയ്ക്ക് മാറ്റുകയും 4MP ബാൻഡ് വിഡ്ത്തിലേയ്ക്ക് ഉയർത്തുകയും ചെയ്തിട്ടുണ്ട്.

9. നെറ്റ്വർക്ക് തകരാറുകൾമൂലം സേവനം തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അധികമായി ഒരു സർക്യൂട്ടുകൂടി സ്ഥാപിക്കുന്നതിനായി കെ-ഫോൺ നെറ്റ്വർക്കുകൂടി സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

10. പേൾ സംവിധാനത്തിന്റെ ആർക്കിടെക്ചർ സംബന്ധിച്ച് പഠനം നടത്തുന്നതിലേയ്ക്കായി സി-ഡാക്കിന്റെ സേവനം കൂടി വിനിയോഗിക്കുവാൻ തീരുമാനിച്ചു.

പ്രമാണങ്ങളുടെ പകർപ്പ് ലഭിക്കുന്നതിനുള്ള സംവിധാനം

339 (4545) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈനായി അപേക്ഷ സമർപ്പിച്ച് പ്രമാണങ്ങളുടെ പകർപ്പ് ലഭിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയത് വിജയകരമായിട്ടുണ്ടോ?

ആധാരങ്ങളുടെ പകർപ്പിന് ഓൺലൈനായി അപേക്ഷിച്ച് ഓൺലൈനായിത്തന്നെ ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുള്ള സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ചാല സബ് രജിസ്ട്രാർ ഓഫീസിലും തുടർന്ന് കൊല്ലം ജില്ലയിലെ കൊട്ടാരക്കര പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിലും നടപ്പിലാക്കിയിരുന്നു. പരീക്ഷണ പരിപാടി വിജയകരമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിലും കൊല്ലം ജില്ലയിലെ 30 സബ് രജിസ്ട്രാർ ഓഫീസുകളിലും പൂർണ്ണമായും നടപ്പിലാക്കുകയും ചെയ്തിരുന്നു. ആയത് പൊതുജനങ്ങൾക്കും ഓഫീസിലെ ജീവനക്കാർക്കും പ്രയോജനകരമാണെന്ന് ബോധ്യമായിട്ടുള്ളതുമാണ്. ആയതിനാൽ പ്രസ്തുത സംവിധാനം വിജയകരമാണെന്ന് വിലയിരുത്തുന്നു.

(ബി) പ്രമാണങ്ങളുടെ പകർപ്പ് അടിയന്തരമായി ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

2019 വർഷം മുതൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ സ്കാൻ ചെയ്ത ഡിജിറ്റൽ രൂപം സർവ്വറിൽ സൂക്ഷിച്ചുവരുന്നുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ വാർഷിക പദ്ധതി തുക വിനിയോഗിച്ചുകൊണ്ട് 2018 വരെയുള്ള വർഷങ്ങളിലെ മുന്നാധാര വിവരങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൈസ് ചെയ്യുകയും സർവ്വറിൽ സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ സ്കാനിംഗ് ജോലികൾ പൂർത്തിയാകുകയും കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ 2005 മുതൽ 2018 വരെയുള്ള സ്കാനിംഗ് ജോലികൾ പൂർത്തിയാക്കുകയും 2005 മുതൽ പുറകോട്ടുള്ള സ്കാനിംഗ് ജോലികൾ അന്തിമഘട്ടത്തിലെത്തുകയും ചെയ്തിട്ടുള്ളതാണ്. മറ്റ് ജില്ലകളിലെ മുന്നാധാര വിവരങ്ങളുടെ സ്കാനിംഗ് ജോലികൾ പുരോഗമിക്കുകയാണ്.

ഇത്തരത്തിൽ ഡിജിറ്റൈസ് ചെയ്തിട്ടുള്ള ആധാരങ്ങളുടെ പകർപ്പിന് കക്ഷികൾക്ക് നേരിട്ട് ഓൺലൈനായി അപേക്ഷിക്കാവുന്നതും പകർപ്പിനുള്ള ഫീസ്, മുദ്രപ്പത്രത്തിനുള്ള തുക എന്നിവ ഓൺലൈനായിത്തന്നെ ഒടുക്കാവുന്നതുമാണ്. ആയതിനുശേഷം സബ് രജിസ്ട്രാർ ഓഫീസിൽനിന്നും

ടി ആധാരവിവരം പരിശോധിച്ച് ആയതിന്റെ പകർപ്പ് തയ്യാറാക്കി ഡിജിറ്റലായി ഒപ്പിട്ട് ഓൺലൈനായി ഇഷ്യൂ ചെയ്യുകയും ആയത് കക്ഷികൾക്ക് എവിടെനിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതുമാണ്. ഇതിലൂടെ ഇടനിലക്കാരില്ലാതെതന്നെ പൊതുജനത്തിന് സേവനം ലഭ്യമാകുന്നതും കാലതാമസം ഒഴിവാകുന്നതുമാണ്. ഈ സൗകര്യം നിലവിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ലഭ്യമാണ്.

സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിയ സ്കീമുകൾ

340 (4546) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏതൊക്കെ സ്കീമുകൾക്കാണ് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിയിട്ടുള്ളത്?

കാലാകാലങ്ങളായി വരുന്ന സർക്കാരുകളുടെ നയപരമായ തീരുമാന പ്രകാരമാണ് ഓരോ സ്കീമുകൾക്കും സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുന്നത്. ഏതൊക്കെ സ്കീമുകൾക്കാണ് സ്റ്റാമ്പ് ഡ്യൂട്ടി ഇളവനുവദിച്ചിട്ടുള്ളതെന്നുള്ള ഉത്തരവുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) ഗ്രാമപഞ്ചായത്തുകൾ 1980-90 കാലഘട്ടത്തിൽ ഭ്രരഹിത തൊഴിലാളി പുരനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങി അനുവാദ പത്രിക നൽകുകയും പിന്നീട് സ്ഥലം ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതുമായ കേസുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ഭ്രരഹിത തൊഴിലാളി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങി അനുവാദ പത്രിക നൽകുകയും പിന്നീട് സ്ഥലം ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതുമായ കേസുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചതായി കാണുന്നില്ല.

പഞ്ചായത്ത് രാജ് നിയമം നിലവിൽ വരുന്നതിനുമുമ്പ് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന ഏഴിന പരിപാടിക്കുവേണ്ടി പഞ്ചായത്തുകൾ സ്ഥലം വാങ്ങുകയോ ആർജ്ജിക്കുകയോ ചെയ്യുമ്പോഴുള്ള ആധാര രജിസ്ട്രേഷന് 22-01-1980-ലെ G.O.(P)No.09/1980/TD (S.R.O.No.179/1980) നമ്പരായും പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പതിനൊന്നിന പരിപാടിക്കുവേണ്ടി പഞ്ചായത്തുകൾ സ്ഥലം വാങ്ങുകയോ ആർജ്ജിക്കുകയോ ചെയ്യുമ്പോഴുള്ള ആധാര രജിസ്ട്രേഷന് 20-01-1989-ലെ

G.O.(P)No.11/1989/TD (S.R.O.No.107/1989) നമ്പരായും സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. നിലവിൽ ഏഴിനപരിപാടിയും പതിനൊന്നിന പരിപാടിയും നിലവിലില്ലാത്തതിനാൽ മുദ്രവില ഇളവുകൾ അനുവദിക്കാറില്ല.

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിത തീരുമാനമെടുക്കുന്നതാണ്.

(ഡി) പറപ്പൂക്കര ഗ്രാമപഞ്ചായത്ത് വാർഡ് 9-ൽ ഇപ്രകാരം ഭൂമി രജിസ്റ്റർ ചെയ്ത് നൽകുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്ത്, ഭൂരഹിത തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഒൻപത് കുടുംബങ്ങൾക്ക് 4 സെന്റ് വീതം വീടും സ്ഥലവും അനുവദിക്കുകയും അതിൽ എട്ട് കുടുംബങ്ങൾക്ക് അവരുടെ പേരിൽ ഭൂമി രജിസ്റ്റർ ചെയ്ത് നൽകുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവനുവദിച്ചുകൊണ്ട് G.O.(P)No.22/2023/TAXES (S.R.O.No.249/2023), G.O.(P)

No.21/2023/TAXES (S.R.O.No.248/2023) എന്നീ നമ്പരുകളായി ഉത്തരവായിട്ടുള്ളതുമാണ്.

താനൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക

341 (4547) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഹമ്മദ് ഹനീഫ എന്നയാളുടെ ഉടമസ്ഥതയിലുള്ളതും 10-09-2018 മുതൽ 20-02-2020 വരെ താനൂർ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചിരുന്നതുമായ കെട്ടിടത്തിന്റെ വാടക നാളിതുവരെ ഉടമസ്ഥന് അനുവദിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ബി) അധിക ഏരിയ ഉപയോഗിച്ചതിന്റെ കാരണവും കെട്ടിടത്തിന്റെ വിശദാംശവും ഉടമസ്ഥാവകാശവും ഉൾപ്പെടെ ആവശ്യപ്പെട്ട രേഖകൾ മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽനിന്നും ലഭ്യമായിട്ടുണ്ടോ; ഇല്ലങ്കിൽ ആയത് ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസം വിശദമാക്കുമോ;

(സി) വാടക നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ പുതിയ ഉത്തരവ് പ്രകാരമുള്ള റെന്റ് സർട്ടിഫിക്കറ്റ്

ലഭ്യമായിട്ടുണ്ടോ; വാടക കുടിശ്ശിക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) താനൂർ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുവരുന്ന കെട്ടിടത്തിന്റെ വാടക നിശ്ചയിക്കുന്നതിലേയ്ക്കായി ടി കെട്ടിടത്തിന്റെ അധിക ഏരിയ ഉപയോഗിച്ചതിന്റെ കാരണവും കെട്ടിടത്തിന്റെ വിശദാംശവും ഉൾപ്പടെ റെന്റ് സർട്ടിഫിക്കറ്റ് ഒഴികെയുള്ള രേഖകൾ മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽനിന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽനിന്നുള്ള റെന്റ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ താനൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക നിശ്ചയിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(4205, 4224, 4259, 4264, 4265, 4267, 4305 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)

അനുബന്ധം II

<u>ധനാഭ്യർത്ഥന ചർച്ചയിന്മേൽ ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടിയിലെ വിശദാംശങ്ങൾ</u>

2021-22 മുതൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പ്രധാന പദ്ധതികൾ/പരിപാടികൾ

1. ഒരു സബ് രജിസ്ട്രാർ ഓഫീസിലെ ആധാരം ആ ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.

സർക്കാരിന്റെ 30-10-2020-ലെ 146/2020/Taxes ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ നിയമം വകുപ്പ് 30 പ്രകാരം ഒരു ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർമാർക്കും ആ ജില്ലയിലെ എല്ലാ ഓഫീസുകളും അധികാരപരിധിയായി നിശ്ചയിച്ചുകൊണ്ടുള്ള നിയമ ഭേദഗതിയിലൂടെയാണ് ഇത് നടപ്പിലാക്കിയത്.

2. വാണിജ്യ ബാങ്കുകളിൽനിന്നും ചെറുകിട വ്യവസായ വായ്പകളും വ്യക്തിഗത വായ്പകളും ലഭിക്കുന്നതിനാവശ്യമായ കരാറുകൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യമുപയോഗിച്ച് പൂർണ്ണമായി ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്ന ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോം:

വാണിജ്യ ബാങ്കുളിൽനിന്നും സൂക്ഷ്മ-ചെറുകിട വ്യവസായ വായ്പകളും വ്യക്തിഗത വായ്പകളും ലഭിക്കുന്നതിനാവശ്യമായ കരാറുകൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യമുപയോഗിച്ച് പൂർണ്ണമായി ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്ന പദ്ധതിയാണിത്. രജിസ്ട്രേഷൻ നിർബന്ധമല്ലാത്തതും എന്നാൽ മുദ്രവില ആവശ്യമായതുമായ വാണിജ്യ ബാങ്കുകളുമായി ബന്ധപ്പെട്ടുള്ള

പണയാധാരങ്ങൾക്കും മറ്റ് കരാറുകൾക്കുംകൂടി ഇ-സ്റ്റാമ്പിംഗ് സൗകര്യങ്ങൾ വിപുലീകരിച്ചുകൊണ്ട് വായ്പ ഇടപാടുകൾ പൂർണ്ണമായി ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുകയെന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. ഇതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ PEARL എന്ന ഡിജിറ്റൽ സംവിധാനവും ട്രഷറി വകുപ്പിന്റെ ഇ-ട്രഷറി സംവിധാനവും നാഷണൽ ഇ-ഗവേണൻസ് സർവ്വീസസ് ലിമിറ്റഡിന്റെ (NeSL) ഡിജിറ്റൽ സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ടാണ് സേവനം സാധ്യമാക്കുന്നത്. ഈ സംവിധാനം നടപ്പിലായിക്കഴിഞ്ഞാൽ അപേക്ഷകന്റെ വാസസ്ഥലത്തിരുന്നുകൊണ്ട് ബാങ്കുകൾ സന്ദർശിക്കാതെതന്നെ ബാങ്കിന്റെ പോർട്ടലിലുള്ള വിവരങ്ങൾ പരിശോധിച്ചുകൊണ്ട് കരാറിൽ ഇ-സൈൻ ചെയ്യാവുന്നതാണ്. കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്ക് ആണ് ഇ-സൈൻ സൗകര്യമൊരുക്കിയിരിക്കുന്നത്. ഈ സംവിധാനം മറ്റ് സംസ്ഥാനങ്ങളിലും നടപ്പിലാക്കിവരികയാണ്. ആദ്യഘട്ടത്തിൽ വാണിജ്യ ബാങ്കുകളും കെ.എസ്.എഫ്.ഇ., കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC), കെ.എസ്.ഐ.ഡി.സി., കേരള ബാങ്ക് എന്നീ സ്ഥാപനങ്ങളുമായി സംയോജിപ്പിച്ചുകൊണ്ടുള്ള സംവിധാനമാണ് നടപ്പിലാക്കുന്നത്. ഒപ്പ് വയ്ക്കേണ്ട കരാറിന്റെ മുദ്രവില നിർണ്ണയം രജിസ്ട്രേഷൻ വകുപ്പിന്റെ

പോർട്ടൽ മുഖേനയാണ് നടത്തുന്നത്. തുടർന്ന് ഇ-ട്രഷറി സംവിധാനത്തിലൂടെ തുക ഈടാക്കിയതിനുശേഷം NeSL സമർപ്പിച്ച കരാറിൽ ഇലക്ട്രോണിക് രൂപത്തിലുള്ള മുദ്ര രേഖപ്പെടുത്തി കരാറിന് പൂർണ്ണരൂപം നൽകുന്നു.

രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ആധാരങ്ങളുടെ എണ്ണവും ഈയിനത്തിലുള്ള നികുതി വരുമാനം സംബന്ധിച്ച വിവരങ്ങളും ക്രോഡീകരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ ഈ പുതിയ സംവിധാനം നടപ്പിലാക്കുന്നതോടെ ഇത്തരത്തിലുള്ള നികുതി വരുമാനത്തെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഇനിമുതൽ ലഭ്യമാകുന്നതാണ്. കൂടാതെ ഇത്തരം ആധാരങ്ങളുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ് പൂർണ്ണമായി ഒഴിവാക്കാനും കഴിയുന്നതാണ്. ഈ സംവിധാനം വിപുലീകരിച്ചുകൊണ്ട് ഭാവിയിൽ കൂടുതൽ സേവനങ്ങൾക്ക് ഈ ആശയം പ്രാവർത്തികമാക്കാനും ലക്ഷ്യമിടുന്നു.

3. രജിസ്ട്രേഷൻ നടപടികളുടെ ലഘൂകരണം

നിലവിലെ രജിസ്ട്രേഷൻ നടപടികൾ ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് കൂടുതൽ മികവുറ്റതാക്കുകയെന്ന ലക്ഷ്യത്തോടെ വിവിധതരം ആധാരങ്ങളുടെ മാതൃകകൾ ലളിതവൽക്കരിച്ചുകൊണ്ട് അവയ്ക്ക്

സംസ്ഥാനമൊട്ടുക്ക് ഏകീകൃതരൂപം നടപ്പിലാക്കുകയും ആധാരകക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റൽ ഉപകരണങ്ങളുടെ സഹായത്തോടെ ലഭ്യമാക്കിക്കൊണ്ട് ഒരു മികവുറ്റ പരിഷ്കാരമാണ് ലക്ഷ്യമിടുന്നത്. ഈ സൗകര്യം നടപ്പിലാക്കുന്നതോടുകൂടി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് ആധാരം രജിസ്ട്രേഷനായി ഹാജരാക്കിയ ദിവസംതന്നെ മടക്കി നൽകുകയെന്നതാണ് ഈ പരിപാടികൊണ്ട് ലക്ഷ്യമിടുന്നത്.